# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

**നാലാം സമ്മേളനം**

**2017 ഫെബ്രുവരി 28, ചൊവ്വ**

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 165 - നമ്പർ 3

വില : ₹ 50

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**
**തിരുവനന്തപുരം**

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### നാലാം സമ്മേളനം

2017 ഫെബ്രുവരി 28, ചൊവ്വ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീ. ബി. മഹേന്ദ്ര കുമാർ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

268/2019

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. 27

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 27
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 87

**II അടിയന്തരപ്രമേയം**

ഗുണ്ടാമാഫിയ അക്രമം
(അവതരണാനുമതി നിഷേധിച്ചു) .. 454

**III ശ്രദ്ധ ക്ഷണിക്കൽ**

1. വിദ്യാർത്ഥി വിരുദ്ധ നടപടികൾ തടയൽ—
ശ്രീ. എം. സ്വരാജ് .. 475
2. കസ്തൂരിരംഗൻ റിപ്പോർട്ട്—
ശ്രീ. കെ. സി. ജോസഫ് .. 479

**IV സബ്മിഷൻ**

1. വന നശീകരണം—
പ്രതിപക്ഷനേതാവ് .. 483
(ശ്രീ. രമേശ് ചെന്നിത്തല)
2. അതിവേഗ റെയിൽപ്പാത—
ശ്രീ. എം. രാജഗോപാലൻ .. 486
3. പെരിയാറിന്റെ സംരക്ഷണം—
ശ്രീ. ജോൺ ഫെർണാണ്ടസ് .. 487
4. ജിഷ്ണു പ്രണോയിയുടെ മരണം—
ശ്രീ. ഇ. കെ. വിജയൻ .. 489

*പേജ്*

5. ജൻറം വാട്ടർ സപ്ലൈ പ്രോജക്ടും സ്വീവേജ് പ്രോജക്ടും നടപ്പാക്കൽ—

ശ്രീ. കെ. മുരളീധരൻ .. 491

6. നഷ്ടപരിഹാരം—

ശ്രീ. മുരളി പെരുനെല്ലി .. 492

7. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റിന്റെ സ്വകാര്യവൽക്കരണം—

ശ്രീമതി സി. കെ. ആശ .. 494

8. വനിതാ ആർട്സ് ആന്റ് സയൻസ് കോളേജ്—

ശ്രീ. പി. ഉബൈദുള്ള .. 496

9. എൽ. എസ്. എസ്. /യു.എസ്. എസ്. തുക വർദ്ധിപ്പിക്കൽ—

ശ്രീ. എം. ഉമ്മർ .. 497

10. വന്യമൃഗ ശല്യം—

ശ്രീ. ഡി. കെ. മുരളി .. 499

**V മേശപ്പുറത്തുവച്ച കടലാസുകൾ** .. 501

**VI അറിയിപ്പ്**

ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന മാറ്റിവയ്ക്കുന്നത് സംബന്ധിച്ച് .. 529

**VII റിപ്പോർട്ട് സമർപ്പണം**

കാര്യോപദേശക സമിതിയുടെ നാലാമത് റിപ്പോർട്ട് .. 530

**VIII റിപ്പോർട്ട് പരിഗണന**

കാര്യോപദേശക സമിതിയുടെ നാലാമത് റിപ്പോർട്ട് .. 530

**IX ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)** .. 530

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### നാലാം സമ്മേളനം

*2017 ഫെബ്രുവരി 28, ചൊവ്വ*

വാല്യം 165] ഔദ്യോഗികറിപ്പോർട്ട് [നമ്പർ 3

നിയമസഭ 2017 ഫെബ്രുവരി മാസം 28-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ...... ഓർഡർ.... ചോദ്യം നമ്പർ *31.

### കൺസ്യൂമർഫെഡിന്റെ പുനരുദ്ധാരണം

1 (*31) ശ്രീ. കെ. ആൻസലൻ:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് അഴിമതിയും ധൂർത്തുംകൊണ്ട് തകർച്ചയിലായതായി ആക്ഷേപമുള്ള കൺസ്യൂമർഫെഡിനെ പുനരുദ്ധരിക്കാനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) നിലവിൽ കൺസ്യൂമർഫെഡിന്റെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം അറിയിക്കാമോ;

(സി) പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) മുൻ സർക്കാരിന്റെ കാലത്ത് ഭരണതലത്തിലും ഉദ്യോഗസ്ഥ തലത്തിലും നടന്നതായി ആക്ഷേപമുള്ള അഴിമതിയെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ,

(എ) അഴിമതിയും ധൂർത്തും കെടുകാര്യസ്ഥതയും നിമിത്തം തകർച്ചയിലായിരുന്ന കൺസ്യൂമർഫെഡിനെ കൈപിടിച്ചുയർത്തുന്നതിനുവേണ്ട പ്രവർത്തനങ്ങൾ ആരംഭിച്ചത് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി നിലവിൽ വന്നതിന് ശേഷമാണ്. ഫെഡറേഷനെ പുനരുദ്ധരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ ചുവടെ വിവരിക്കുന്നു:

**ഭരണപരം**

- കൺസ്യൂമർഫെഡിന്റെ ദൈനംദിന പ്രവർത്തനം ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി സംഘടനാ സംവിധാനത്തിന് രൂപം നൽകി.
- എല്ലാ മാസവും ഹെഡ്ഡാഫീസ് തലത്തിൽ റീജിയണൽ മാനേജർമാരുടെ റിവ്യൂ മീറ്റിംഗുകളും റീജിയണൽ തലത്തിൽ ത്രിവേണി, നീതി മെഡിക്കൽ, വിദേശമദ്യ ഷോപ്പ് എന്നിവയുടെ റിവ്യൂ മീറ്റിംഗുകളും സംഘടിപ്പിച്ചു.
- കൺസ്യൂമർഫെഡിന്റെ യൂണിറ്റുകളിലും ഗോഡൗണുകളിലും സർപ്രൈസ് ഇൻസ്പെക്ഷൻ ഏർപ്പെടുത്തി.
- ചാർട്ടേർഡ് അക്കൗണ്ടന്റ് സ്ഥാപനത്തിന്റെ സഹായത്തോടുകൂടി ഇന്റേണൽ ആഡിറ്റ് വിഭാഗത്തിന് രൂപം നൽകി.

**ധനപരം**

- പ്രാഥമിക സഹകരണ സംഘങ്ങളുടെ നിക്ഷേപങ്ങളുടെ പലിശ 12.39 കോടി രൂപയും മുതൽ 26 ലക്ഷം രൂപയും തിരിച്ചുനൽകി.
- സംസ്ഥാന സഹകരണ ബാങ്ക്, തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക് എന്നിവിടങ്ങളിലെ ഉയർന്ന പലിശ നിരക്കിൽ വാങ്ങിയ വായ്പകൾ തിരിച്ചടച്ച് പലിശ നഷ്ടം ഒഴിവാക്കി.
- പ്രാഥമിക സഹകരണ സംഘങ്ങളുടെ 12-ഉം 13-ഉം ശതമാനം പലിശയുള്ള നിക്ഷേപങ്ങൾ തിരിച്ചുനൽകി, 7.75, 8.75 ശതമാനം പലിശയുള്ള ഹ്രസ്വകാല നിക്ഷേപങ്ങളാക്കി മാറ്റി.

- കൺസ്യൂമർഫെഡിന്റെ കീഴിലുള്ള സ്ഥാപനങ്ങളെ ലാഭക്ഷമതയുടെ അടിസ്ഥാനത്തിൽ എ, ബി, സി എന്നിവയായി തരം തിരിച്ച് നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ റിവൈവ് ചെയ്യുന്നതിനുള്ള കർമ്മപദ്ധതിക്ക് രൂപം നൽകി.

**വിപണനം**

- ആവശ്യകത തിട്ടപ്പെടുത്തി ഗോഡൗണുകളെ പുനഃക്രമീകരിച്ചു. ഇതിന്റെ ഫലമായി അനാവശ്യമായി എടുത്തിരുന്ന ഗോഡൗണുകൾ ഒഴിവാക്കി.
- ഗോഡൗണുകളിൽ കെട്ടിക്കിടന്നിരുന്ന പഴകിയ സാധനങ്ങൾ സഹകരണ വകുപ്പിന്റെ സഹായത്തോടെ ലേലത്തിൽ വിറ്റഴിച്ചു.
- പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ 2000 നീതി സ്റ്റോറും 1500 നീതി മെഡിക്കൽ സ്റ്റോറും ആരംഭിക്കുന്നതിന് തീരുമാനിച്ചു. ഇതിനോടകം 700-ലേറെ നീതി സ്റ്റോറും 500 നീതി മെഡിക്കൽ സ്റ്റോറും പ്രവർത്തനസജ്ജമായി. ഇവയ്ക്കുവേണ്ട സാധനങ്ങൾ ഒന്നിച്ച് വാങ്ങുന്നതിനാൽ കുറഞ്ഞ വിലയ്ക്ക് സാധനങ്ങൾ ലഭ്യമാക്കാനായി.
- പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി പർച്ചേസ് കമ്മിറ്റി വിപുലീകരിച്ചു. ഇത് പ്രവർത്തനം ജനകീയവും സുതാര്യവുമാക്കാൻ സഹായകരമായി.
- കേന്ദ്രീകൃത പർച്ചേസ് സംവിധാനവും ഇ-ടെൻഡറും നടപ്പാക്കി.
- മരുന്ന് ഉല്പാദക കമ്പനികളുമായി ആശയവിനിമയം നടത്തി കൺസ്യൂമർഫെഡിനെ സി.ആന്റ് എഫ്. ഏജൻസിയായി പരിഗണിക്കാമെന്ന് വന്നതോടെ ഡിസ്കൗണ്ട് ഇനത്തിൽ വർദ്ധനവുണ്ടാക്കാനായി.
- വിദേശമദ്യ വിൽപ്പനയിൽ നിലനിന്നിരുന്ന അനാശാസ്യ പ്രവണതകളും ഡാമേജും കുറയ്ക്കാൻ കഴിയുകയും ഇൻസെന്റീവ് കൺസ്യൂമർഫെഡിൽ അടയ്ക്കണമെന്ന് നിഷ്കർഷിക്കുകയും ചെയ്തതിനാൽ 76,18,794 രൂപ ഈ ഇനത്തിൽ സമാഹരിക്കാനായി. പ്രവർത്തന ചെലവ് വിറ്റുവരവിന്റെ 12%-ത്തിൽ നിന്നും 9% ആയി കുറയ്ക്കാൻ കഴിഞ്ഞു. ഇതുവഴി ഈ മേഖലയിലെ ലാഭക്ഷമത വർദ്ധിപ്പിക്കാൻ കഴിഞ്ഞു.

**ജീവനക്കാരുടെ പുനർവിന്യാസം**

- ജീവനക്കാരുടെ എണ്ണം ശാസ്ത്രീയമായി തിട്ടപ്പെടുത്തി, അധികമായി നിയമിക്കപ്പെട്ട താത്കാലിക/കരാർ ജീവനക്കാരെ ഒഴിവാക്കി ബാക്കിയുള്ളവരെ പുനർവിന്യസിച്ചു.
- ലാഭകരമല്ലെന്ന് കണ്ടെത്തുകയും നഷ്ടത്തിനും ഡാമേജിനും കെടുകാര്യസ്ഥതയ്ക്കും ഇടയാക്കിയ 741 നന്മ സ്റ്റോറുകൾ ഒഴിവാക്കി.
- അഴിമതിയും ധൂർത്തും കെടുകാര്യസ്ഥതയും ഒഴിവാക്കുന്നതിന് സുതാര്യമായ നടപടിക്രമങ്ങൾക്ക് രൂപം നൽകി.
- ജീവനക്കാരുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിന് വിവിധ വിഭാഗങ്ങൾക്കായി ചിട്ടയായ പരിശീലനം നൽകുകയുണ്ടായി.

<u>ഗുണഫലങ്ങൾ</u>

- പ്രതിമാസം ഭരണ ചെലവ് വിറ്റുവരവിന്റെ 7.52 ശതമാനത്തിൽനിന്നും 6.75 ശതമാനമായി കുറയ്ക്കാനായി.
- പ്രതിമാസം പലിശ ചെലവ് 6.50 കോടി രൂപയിൽ നിന്നും 3.45 കോടി രൂപയായി കുറയ്ക്കാനായി.
- വിറ്റുവരവ് വർദ്ധിപ്പിക്കാനായി 2016 ജൂലൈ മാസം ശരാശരി വിൽപ്പന പ്രതിമാസം 152.50 കോടി രൂപയായിരുന്നത് പ്രതിമാസം 162 കോടി രൂപയായി വർദ്ധിച്ചു.
- പ്രതിദിന വിറ്റുവരവ് 4 കോടി രൂപയിൽ നിന്നും 6 കോടി രൂപയായി വർദ്ധിപ്പിക്കാനും പ്രതിമാസം 2.25 കോടി രൂപ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്നത് 8 കോടി രൂപ വീതം ലാഭം നേടാനും കഴിഞ്ഞു.

(ബി) കൺസ്യൂമർഫെഡിന്റെ പ്രവർത്തനങ്ങൾ ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ സഹകരണ സംഘം രജിസ്ട്രാർ, ആഡിറ്റ് ഡയറക്ടർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് അഞ്ച് തവണ അവലോകനം നടത്തുകയുണ്ടായി. ജോയിന്റ് രജിസ്ട്രാർമാരെയും കൺസ്യൂമർഫെഡ് പ്രതിനിധികളെയും പങ്കെടുപ്പിച്ച് സഹകരണ സംഘം രജിസ്ട്രാർ രണ്ട് തവണ യോഗം നടത്തിയിട്ടുണ്ട്. കൂടാതെ 15-2-2017-ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി കൺസ്യൂമർ ഫെഡറേഷന്റെ പ്രവർത്തനങ്ങളെ വിശകലനം ചെയ്യുന്നതിന് യോഗം വിളിക്കുകയും തുടർ പ്രവർത്തനത്തിന് മാർഗ്ഗനിർദ്ദേശം നൽകുകയുമുണ്ടായി.

(സി) സംസ്ഥാനത്ത് അരി വില വർദ്ധിക്കുന്ന സാഹചര്യത്തിൽ അരി ഉൽപ്പാദന സംസ്ഥാനങ്ങളിൽ നിന്നും കുറഞ്ഞ വിലയ്ക്ക് അരി സംഭരിച്ച് സംസ്ഥാനത്ത് വിതരണം ചെയ്യുന്നതിന് പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി കൺസോർഷ്യം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ സംസ്ഥാനത്തൊട്ടാകെ 2000 നീതി സ്റ്റോറുകൾ ആരംഭിക്കുന്നതിനും 1500 നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ ആരംഭിക്കുന്ന സ്റ്റോറുകളിലേയ്ക്ക് ആവശ്യമായ നിത്യോപയോഗ സാധനങ്ങളും മരുന്നുകളും ഫെഡറേഷൻ മുഖേന വിൽപ്പനയ്ക്ക് എത്തിക്കുന്നതാണ്. ഇതിനോടകം 700-ലേറെ നീതി സ്റ്റോറും 500 നീതി മെഡിക്കൽ സ്റ്റോറും പ്രവർത്തനസജ്ജമായി. ഇവയ്ക്കുവേണ്ട സാധനങ്ങൾ ഒന്നിച്ച് വാങ്ങുന്നതിനാൽ കുറഞ്ഞ വിലയ്ക്ക് സാധനങ്ങൾ ലഭ്യമാക്കാനായി. ഫെഡറേഷന് സ്വന്തമായുള്ള നീതി ഗ്യാസ് പ്ലാന്റിന്റെ കാര്യശേഷി കൂടുതൽ പ്രയോജനപ്പെടുത്തുന്നതിനായി കൊമേഴ്സ്യൽ ഗ്യാസ് റീഫില്ലിംഗിന് നൽകുന്ന വിഷയം പരിശോധിച്ചു വരുന്നു.

(ഡി) രണ്ട് തരത്തിലുള്ള അന്വേഷണങ്ങളാണ് ഫെഡറേഷനിൽ നടന്നുവരുന്നത്. പോലീസ് വിജിലൻസ് വിഭാഗത്തിന്റെ അന്വേഷണവും സംസ്ഥാന സഹകരണ വകുപ്പിന്റെ 65-ാം വകുപ്പ് പ്രകാരമുള്ള അന്വേഷണവും. കൺസ്യൂമർ ഫെഡറേഷന്റെ ഘടന, പ്രവർത്തനം, സാമ്പത്തിക സ്ഥിതി എന്നിവയെപ്പറ്റി 1969-ലെ സഹകരണ നിയമത്തിന്റെ 65-ാം വകുപ്പ് പ്രകാരം അന്വേഷണം നടത്തുന്നതിന് 26-9-2015-ൽ ഉത്തരവായിട്ടുള്ളതാണ്. അന്വേഷണ കാലാവധി ഒരു വർഷം പൂർത്തിയായിട്ടും അന്വേഷണം തുടരുന്നതിനെതിരെ കൺസ്യൂമർഫെഡ് മുൻ മാനേജിംഗ് ഡയറക്ടർ ഡോ. റിജി ജി. നായർ ഹൈക്കോടതിയെ സമീപിക്കുകയും അന്വേഷണത്തിന് സ്റ്റേ ലഭിച്ചതിനെത്തുടർന്ന് അന്വേഷണം നിർത്തി വച്ചിരിക്കുകയുമാണ്.

<u>ശ്രീ. കെ. ആൻസലൻ</u>: സർ, നോട്ട് പിൻവലിക്കലുമായി ബന്ധപ്പെട്ട് ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. മറ്റ് സംസ്ഥാനങ്ങളിൽനിന്നും സാധനങ്ങൾ വാങ്ങി ന്യായവില കടകൾവഴി വിതരണം ചെയ്യുന്നതിന് കൺസ്യൂമർഫെഡും അതിന്റെ മാർക്കറ്റിംഗ് സംവിധാനവും ആശ്വാസകരമാണ്. ഈ ഘട്ടത്തിൽ കൂടുതൽ സാധനങ്ങൾ വില കുറച്ച് കൊടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, രാജ്യത്താകെ, കേരളത്തിലുൾപ്പെടെ അരിവില വർദ്ധിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ അരി ഉൽപ്പാദിപ്പിക്കുന്ന സംസ്ഥാനങ്ങളിൽ നിന്ന് വാങ്ങി കൺസ്യൂമർ ഫെഡറേഷന്റെ നേതൃത്വത്തിൽ വിവിധ സഹകരണ സംഘങ്ങൾ നടത്തുന്ന നീതി സ്റ്റോറുകളിലൂടെ വിൽപ്പന നടത്താൻ വേണ്ടിയുള്ള വിപുലമായൊരു പരിപാടിയ്ക്ക് കൺസ്യൂമർഫെഡ് നേതൃത്വം നൽകുന്നുണ്ട്. ആന്ധ്രയിലും മറ്റ് സംസ്ഥാനങ്ങളിലും നമ്മൾ ഉദ്ദേശിക്കുന്ന തരത്തിൽ വില കുറച്ച് അരി ലഭിക്കാനുള്ള സാദ്ധ്യതയില്ലാത്തതിനാൽ ഇപ്പോൾ ബംഗാളിനെ സമീപിച്ചിരിക്കുകയാണ്. അവിടെ നിന്ന് കുറഞ്ഞ വിലയ്ക്ക് അരി ലഭിക്കാൻ സാദ്ധ്യതയുണ്ടെന്നാണ് മനസ്സിലാക്കുന്നത്. അവിടെ നിന്ന് അരി വാങ്ങി വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ മൊത്തവിലയ്ക്ക് വാങ്ങുന്നതിനാൽ കുറഞ്ഞ വിലയ്ക്ക് കൺസ്യൂമർ ഫെഡറേഷന്റെ സ്റ്റോറുകളിലൂടെ സാധനങ്ങൾ വിതരണം ചെയ്യാൻ സാധിക്കുന്നുണ്ട്.

ശ്രീ. കെ. ആൻസലൻ: സർ, കഴിഞ്ഞ സർക്കാർ അഴിമതിരാജ് സർക്കാരായിരുന്നു. അന്നത്തെ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിക്കെതിരെ ക്രിമിനൽ കേസ്സെടുക്കുകയും ചെയ്തിട്ടുണ്ട്. ഏതാണ്ട് 13-ഓളം ഉദ്യോഗസ്ഥർ വിവിധ അഴിമതി കേസ്സുകളിൽ ഉൾപ്പെട്ടിട്ടുണ്ട്. കോടതിയിൽ പോയി സ്റ്റേ വാങ്ങുന്ന സ്ഥിതി അവസാനിപ്പിച്ച് തീവെട്ടിക്കൊള്ള നടത്തിയിട്ടുള്ള അഴിമതിക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, കൺസ്യൂമർഫെഡ് അഴിമതിയിൽ മുങ്ങിക്കുളിച്ച ഒരു സ്ഥാപനമാണെന്ന കാര്യത്തിൽ ഈ സഭയിലുള്ള ആർക്കും അഭിപ്രായവ്യത്യാസമുണ്ടാകാൻ വഴിയില്ല. 2011 വരെയുള്ള ആഡിറ്റിംഗാണ് നടന്നിരിക്കുന്നത്. ബാക്കി ആഡിറ്റിംഗ് നടത്താൻ സാധിക്കുന്നില്ല. ആഡിറ്റിംഗിനുവേണ്ട കണക്കുകൾ, വൗച്ചറുകൾ, എഗ്രിമെന്റുകൾ എന്നിവയൊന്നും തന്നെ കൺസ്യൂമർഫെഡിലില്ല. പ്രാഥമിക അന്വേഷണത്തിൽ ഏതാണ്ട് 447 കോടി രൂപയുടെ നഷ്ടമാണ് കൺസ്യൂമർഫെഡിൽ കാണാൻ സാധിച്ചത്. അഴിമതിക്കെതിരെ കർശനമായ നിലപാട് സ്വീകരിക്കുന്നുണ്ട്. പോലീസ് അന്വേഷണവും വകുപ്പുതല അന്വേഷണവും നടക്കുന്നുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കൺസ്യൂമർഫെഡിന്റെ മാനേജിംഗ് ഡയറക്ടറായിരുന്ന ഡോ. റിജി ജി. നായർ കോടതിയെ സമീപിച്ചിരിക്കുന്ന സാഹചര്യത്തിൽ ഇടക്കാലത്തുണ്ടായിരുന്ന ഒരു നിശ്ചലത മാത്രമേയുള്ളൂ. വളരെ ശക്തമായിത്തന്നെ സർക്കാർ മുന്നോട്ട് നീങ്ങുന്നതാണ്.

ശ്രീ. ബി. ഡി. ദേവസ്സി: സർ, അഴിമതിയും കെടുകാര്യസ്ഥതയും ധൂർത്തും നഷ്ടവുംമൂലം തകർച്ചയിലായിരുന്ന കൺസ്യൂമർഫെഡിനെ കൈപിടിച്ചുയർത്താൻ അങ്ങും പുതിയ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയും നടത്തുന്ന പ്രവർത്തനങ്ങൾ ഏറെ അഭിനന്ദനാർഹമാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നന്മ സ്റ്റോറുകൾ തിന്മകളുടെ കേന്ദ്രങ്ങളായിരുന്നു. സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകളുടെ വാഹനങ്ങൾ കേടുവന്ന് ആരും തിരിഞ്ഞുനോക്കാത്ത അവസ്ഥയായിരുന്നു. തൃശ്ശൂർ ജില്ലയിൽ കേടുവന്ന വാഹനങ്ങൾ റോഡിൽ തുരുമ്പെടുത്ത് നശിച്ചുപോകുന്ന ഒരവസ്ഥയുണ്ടായിരുന്നു. നന്മ സ്റ്റോറുകൾക്ക് പകരമായി അരി ഉൾപ്പെടെയുള്ള നിത്യോപയോഗ സാധനങ്ങളുടെ വില പിടിച്ചുനിർത്താനും മാർക്കറ്റിൽ ഇടപെടാനും സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ ആരംഭിക്കാനും നടപടി സ്വീകരിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, നന്മ സ്റ്റോറുകൾ ആരംഭിച്ചത് നല്ല ലക്ഷ്യത്തോടുകൂടിയാണ്. പക്ഷേ അവസാനം അത് കൺസ്യൂമർഫെഡിനെ തന്നെ വിഴുങ്ങുന്ന ഒന്നായി മാറി. 750-ലേറെ സ്റ്റോറുകൾ സംസ്ഥാനത്തുടനീള മുണ്ടായിരുന്നതിൽ പ്രതിമാസം 5000 രൂപയിൽ കൂടുതൽ വ്യാപാരം നടക്കുന്ന ഒരെണ്ണം പോലുമുണ്ടായിരുന്നില്ല. കേവലം 500 രൂപയിൽ താഴെ പ്രതിമാസ വിൽപ്പന നടത്തുന്ന സ്റ്റോറുകളുമുണ്ടായിരുന്നു. അവിടെയൊക്കെ രണ്ടും മൂന്നും ജീവനക്കാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ടായിരുന്നു. ഇവരുടെ ശമ്പളം, വൈദ്യുതി ബിൽ, ടെലിഫോൺ ബിൽ, യാത്രാപ്പടി തുടങ്ങിയ ഇനങ്ങളിൽ പ്രതിമാസം ഏതാണ്ട് 20,000 രൂപയുടെ ചെലവുണ്ടായിരുന്നു. സബ്സിഡിയുള്ള എന്തെങ്കിലും സാധനങ്ങളുണ്ടെങ്കിൽ അവ വാങ്ങുന്നതിന് നന്മ സ്റ്റോറിൽ ആളുകൾ വരുമെന്നല്ലാതെ മറ്റാരും തന്നെ അവിടേക്ക് വരുന്ന സ്ഥിതിയുണ്ടായിരുന്നില്ല. അതിന്റെ കണക്കുകൾ കൈവശമുണ്ട്; വേണമെങ്കിൽ മേശപ്പുറത്ത് വയ്ക്കാം. കെടുകാര്യസ്ഥതയുടേയും സൂക്ഷ്മക്കുറവിന്റേയും ഫലമായി വാങ്ങിക്കൂട്ടിയ സാധനങ്ങൾ വിൽക്കാതെ കേടുവന്ന് വിവിധ ഗോഡൗണുകളിൽ കെട്ടിക്കിടന്ന് അഴുകിനാറി പാരിസ്ഥിതിക പ്രശ്നം സൃഷ്ടിച്ച് പരിസരവാസികൾക്ക് താമസിക്കാൻ സാധിക്കാത്ത അവസ്ഥയായിരുന്നു. ഇത് വലിയ വ്യാപാര നഷ്ടത്തിനിടയാക്കി യിട്ടുണ്ട്. 5 കോടിയിലേറെ രൂപയുടെ സാധനങ്ങളാണ് വിവിധ ഗോഡൗണുകളിൽ അഴുകിപ്പോകുന്ന അവസ്ഥയിൽ കെട്ടിക്കിടന്നത്. അവയെല്ലാം പരിശോധിച്ച് പ്രവർത്തനക്ഷമമല്ലാത്ത നന്മ സ്റ്റോറുകൾ ഒഴിവാക്കി കൺസ്യൂമർ ഫെഡറേഷന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. കെ. വി. വിജയദാസ് : സർ, പൊതുപണം എങ്ങനെയെല്ലാം ദുർവ്യയം ചെയ്യാമെന്നതിന്റെ ഉത്തമ ഉദാഹരണമായിരുന്ന യു.ഡി.എഫ്. ഭരണം അവസാനിച്ചപ്പോഴുള്ള കൺസ്യൂമർഫെഡിന്റെ സ്ഥിതി. ആ സ്ഥിതി മാറ്റി വിലക്കയറ്റം പോലുള്ള ദുർവ്യയത്തിൽനിന്നും സാധാരണക്കാരെ മോചിപ്പിക്കുന്നതിനും

വിപണിയിൽ ഇടപെടുന്നതിനും കൺസ്യൂമർഫെഡിനെ സജ്ജമാക്കാൻ സാധിക്കുമോ; അതോടൊപ്പം മദ്യവില്പനയിലൂടെ കോടിക്കണക്കിന് രൂപയുടെ അഴിമതി അന്ന് കുപ്രസിദ്ധിയാർജ്ജിച്ചിരുന്നു. അതുസംബന്ധിച്ച കേസ്സിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ്?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, കൺസ്യൂമർഫെഡിനെ പുനഃസംഘടിപ്പിച്ച് സാധാരണ ജനങ്ങൾക്ക് ന്യായവിലയ്ക്ക് ഭക്ഷ്യവസ്തുക്കൾ ലഭ്യമാക്കാൻ സാധിക്കുന്ന ഒരു സ്ഥാപനമായി മാറ്റാൻ കഴിയുമെന്ന ആത്മവിശ്വാസമാണ് സർക്കാരിനുള്ളത്. കെടുകാര്യസ്ഥത, അഴിമതി, കൊള്ളരുതായ്മ, തീവെട്ടിക്കൊള്ള എന്നിവമൂലമാണ് കൺസ്യൂമർഫെഡ് തകർച്ചയെ അഭിമുഖീകരിച്ചത്. 'കാട്ടിലെ തടി, തേവരുടെ ആന വലിയെടാ വലി' എന്നുള്ള നില കൺസ്യൂമർഫെഡിൽ നടമാടിയിരുന്നതിന്റെ ഭാഗമായി ജനങ്ങൾക്ക് പ്രയോജനകരമാകേണ്ട ആ സ്ഥാപനം സമ്പൂർണ്ണമായി തകർച്ചയിലേയ്ക്ക് പോയി. ഏതാണ്ട് 447 കോടി രൂപയുടെ നഷ്ടം വന്നു എന്നത് അഴിമതി തന്നെയാണ്. ആ നിലയിലായിരുന്ന കൺസ്യൂമർഫെഡിന്റെ കെടുകാര്യസ്ഥത അവസാനിപ്പിച്ച് കഴിഞ്ഞ ആറ് മാസക്കാലംകൊണ്ട് പ്രവർത്തന ലാഭത്തിലേയ്ക്ക് കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. കൺസ്യൂമർഫെഡിനെ ഫലപ്രദമായി പ്രവർത്തിപ്പിക്കാനാവശ്യമായ ഭരണ സംവിധാനവും മോണിറ്ററിംഗും സർക്കാർ കൃത്യമായി നിർവ്വഹിക്കുന്നതാണ്.

ശ്രീ. ആന്റണി ജോണിനുവേണ്ടി ശ്രീ. വി. ജോയി: സർ, സർവ്വനാശത്തിന്റെ വക്കിൽനിൽക്കുന്ന കൺസ്യൂമർ ഫെഡറേഷനെ അതിജീവനത്തിലേയ്ക്ക് നയിക്കുന്ന എൽ.ഡി.എഫ്. സർക്കാരിനെ അഭിനന്ദിക്കുക യാണ്. അഴിമതിയിൽ മുങ്ങി നഷ്ടത്തിലായിരുന്ന കൺസ്യൂമർഫെഡ് ഇപ്പോൾ 23.48 കോടി രൂപ ലാഭത്തിലാണ്; പക്ഷേ 447 കോടി രൂപ സഞ്ചിതനഷ്ടത്തിലാണ്. ഈ നഷ്ടത്തിനുത്തരവാദികളായവരെ കണ്ടെത്തുന്നതിനും മാതൃകാപരമായി ശിക്ഷിക്കു ന്നതിനും അങ്ങ് നടപടി സ്വീകരിക്കുമോ? യു.ഡി.എഫ്. സർക്കാർ എപ്പോഴെല്ലാം അധികാരത്തിൽ വന്നിട്ടുണ്ടോ അപ്പോഴെല്ലാം അഴിമതി കൊടികുത്തി വാഴുകയാണ്. 2000 നീതി സ്റ്റോറുകളും 1500 നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിക്കുമെന്ന് പറഞ്ഞിരുന്നു. അതിന്റെ പ്രവർത്തനങ്ങൾ ഏതുവരെയായി?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അഴിമതിക്കെതിരെ കർശന നിലപാട് സ്വീകരിക്കുന്ന സർക്കാരാണിതെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. അഴിമതി നടത്തിയ ആരെയും വെറുതെ വിടാൻ പോകുന്നില്ല. പോലീസ് തലത്തിലും വകുപ്പുതലത്തിലും അന്വേഷണം നടക്കുന്നുണ്ട്. രണ്ട് അന്വേഷണങ്ങളും വേഗത്തിൽ നടത്തി ഖജനാവ് കട്ടുമുടിച്ചവരെ, ജനങ്ങളെ കൊള്ളയടിച്ചവരെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

ശ്രീ. അനിൽ അക്കര: സർ, കൺസ്യൂമർഫെഡിന്റെ ഏറ്റവും പ്രധാനപ്പെട്ട വരുമാനങ്ങളിലൊന്നാണ് വിദേശമദ്യ വില്പനശാലകളിൽ നിന്നുള്ള വരുമാനം. സുപ്രീംകോടതിയുടെ വിധിയനുസരിച്ച് കൺസ്യൂമർഫെഡിന്റെ വിദേശമദ്യ വില്പനശാലകൾ സ്റ്റേറ്റ് ഹൈവേകളിൽ നിന്നും മാറ്റുന്നതുമായി ബന്ധപ്പെട്ട് തർക്കങ്ങൾ നിലനിൽക്കുകയാണ്. വടക്കാഞ്ചേരി മണ്ഡലത്തിലെ നഗരത്തിനകത്തുള്ള കൺസ്യൂമർഫെഡിന്റെ മദ്യവില്പനശാല ഗ്രാമപ്രദേശത്തുള്ള രണ്ട് സ്കൂളുകളുടെ മധ്യത്തിലേയ്ക്ക് മാറ്റുന്നതുമായി ബന്ധപ്പെട്ട തർക്കവും നിലനില്ക്കുകയാണ്. കൺസ്യൂമർഫെഡിന് നല്ല വരുമാനം ലഭിക്കുന്നതിന് ഏറ്റവും കൂടുതൽ സഹായിച്ചത് മദ്യശാലയാണെന്നുള്ള കാര്യത്തിൽ തർക്കമില്ല. ജനവാസ കേന്ദ്രങ്ങളിലേയ്ക്കും സ്കൂൾ മധ്യത്തിലേയ്ക്കും മദ്യശാലകൾ മാറ്റുന്നത് തടയാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, പ്രാദേശികമായി ജനപ്രതിനിധികളുടെ അഭിപ്രായം മാനിച്ച് ജനവാസം കൂടുതലില്ലാത്ത പ്രദേശങ്ങളിലേയ്ക്ക് മദ്യശാലകൾ മാറ്റി സ്ഥാപിക്കാം. മദ്യം വാങ്ങുന്നവർ ആളൊഴിഞ്ഞ സ്ഥലത്തായാലും മലമുകളിലായാലും വാങ്ങും. അങ്ങനെയുള്ള സ്ഥലങ്ങളിലേയ്ക്ക് മാറ്റി സ്ഥാപിക്കാനുള്ള നിർദ്ദേശം കൊടുക്കാം.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, കൺസ്യൂമർഫെഡ് നടത്തുന്ന സ്റ്റോറുകളിലേയ്ക്ക് ജനങ്ങളെ ആകർഷിക്കാൻ സ്ഥിരമായി സർക്കാർ സബ്സിഡി നൽകി അരി, പഞ്ചസാര, മണ്ണെണ്ണ തുടങ്ങിയ മൂന്നോ നാലോ അവശ്യ സാധനങ്ങളെങ്കിലും വിതരണം ചെയ്യാൻ തയ്യാറാകുമോ; അതോടൊപ്പം കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പ്രോജക്ടുകളുടെ ഭാഗമായി അംഗൻവാടികളിലും സ്കൂളുകളിലും നടപ്പാക്കുന്ന ഉച്ചഭക്ഷണ വിതരണ പരിപാടിയ്ക്കാവശ്യമായ സാധനങ്ങൾ നൽകുന്നതിന് കൺസ്യൂമർഫെഡിനെയും സഹകരണ സ്ഥാപനങ്ങളെയും ചുമതലപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, അക്കാര്യം തന്നെയാണ് സർക്കാർ ആലോചിക്കുന്നത്. ജനങ്ങൾക്കാവശ്യമായ നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നതിനായി കഴിഞ്ഞ സാമ്പത്തികവർഷം 63.385 കോടി രൂപയാണ് സബ്സിഡിയായി സർക്കാർ അനുവദിച്ചത്. അതിൽ 45 കോടി രൂപ ലഭിച്ചു. ഇനി 18 കോടി രൂപ കിട്ടാനുണ്ട്. ഏറ്റവും പ്രധാനപ്പെട്ട സാധനങ്ങൾക്ക് സബ്സിഡി നൽകണമെന്നാണ് സർക്കാർ ആലോചിക്കുന്നത്. അതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. സി. എഫ്. തോമസ് : സർ, വിലക്കയറ്റം രൂക്ഷമാകുമ്പോൾ കുറഞ്ഞ നിരക്കിൽ നിത്യോപയോഗ സാധനങ്ങൾ നൽകുക എന്നുള്ളതാണ് കൺസ്യൂമർ ഫെഡിന് ചെയ്യാവുന്ന ഏറ്റവും വലിയ സേവനം. കഴിഞ്ഞ സർക്കാരിന്റെ അഴിമതിയൊക്കെ

നിങ്ങൾക്ക് അന്വേഷിക്കാം. അധികാരത്തിൽ വന്ന് ഒൻപത് മാസമായിട്ടും ഇതുതന്നെയാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. 45 രൂപയാണ് ഇപ്പോൾ അരിയുടെ വില. ഭരണപക്ഷത്തുള്ള എല്ലാ ചോദ്യകർത്താക്കളും ഇക്കാര്യം പറഞ്ഞു. ആന്ധ്രയിൽ നിന്ന് അരി ലഭിക്കാത്തതിനാൽ ബംഗാളിൽ നിന്ന് അരി കൊണ്ടുവരാൻ പോകുന്നുവെന്നാണ് പറയുന്നത്. ഇത്തരമൊരു സാഹചര്യത്തിൽ അരിയുടെയും നിത്യോപയോഗ സാധനങ്ങളുടെയും വില കുറച്ചുകൊണ്ടുവരാനുള്ള അടിയന്തര നടപടി സമയബന്ധിതമായി സ്വീകരിക്കുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u> : സർ, അരിവില താങ്ങാനാകാത്ത തരത്തിൽ ഉയരുകയാണ്. ഇത് കേരളത്തിലെ മാത്രം സ്ഥിതിവിശേഷമല്ല. അരി ഉല്പാദിപ്പിക്കുന്ന ആന്ധ്രയിൽ അരിയുടെ വില 46 മുതൽ 49 രൂപയും ഗുജറാത്തിൽ 30 മുതൽ 34 രൂപ വരെയും ഉത്തർപ്രദേശിൽ 29 മുതൽ 32 രൂപവരെയുമാണ്. കുറുവ അരിക്ക് ആന്ധ്രയിൽ കിലോയ്ക്ക് 32 മുതൽ 36 രൂപ വരെയും തമിഴ്നാട്ടിൽ 29 മുതൽ 32 രൂപ വരെയും ബംഗാളിൽ 29 മുതൽ 31 രൂപ വരെയുമാണ്. കർണ്ണാടകത്തിൽ 28 മുതൽ 33 രൂപ വരെയാണ് മട്ട അരിയുടെ വില. മസൂരി ഇനങ്ങൾക്ക് ആന്ധ്രാപ്രദേശിൽ 25 മുതൽ 30 രൂപവരെയാണ് വില. അഖിലേന്ത്യാ അടിസ്ഥാനത്തിലുള്ള കണക്കാണ് പറയുന്നത്. ഇൻഡ്യയുടെ ഭാഗമാണ് കേരളവും. അതുകൊണ്ടാണ് ഒരു ടീം പശ്ചിമ ബംഗാളിൽ പോയത്. പരമാവധി കുറഞ്ഞ വിലയ്ക്ക് അരി വാങ്ങാനുള്ള സംവിധാനമാണ് ഏർപ്പെടുത്തുന്നത്. വില കുറച്ച് അരി കൊടുക്കാനുള്ള നടപടികൾ സർക്കാർ കൺസ്യൂമർഫെഡ് വഴി സ്വീകരിക്കും. അതുപോലെ ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയോട് (......ബഹളം........)

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മിനിസ്റ്റർ, അങ്ങ് ചെയറിനെ നോക്കി സംസാരിക്കണം. ആരെങ്കിലും കമന്റ് പറയുന്നതിന് മറുപടി പറയാൻ നിൽക്കണ്ട.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u> : സർ, അഖിലേന്ത്യാടിസ്ഥാനത്തിൽ എല്ലാ കാലത്തും അരിയുടെ വില കുറഞ്ഞ സംസ്ഥാനം തമിഴ്നാടാണ്. തമിഴ്നാട്ടിൽ പോലും അരിക്ക് വില കൂടുതലാണ്. ആന്ധ്രയിലും കർണ്ണാടകത്തിലും വില കൂടുതലാണ്. അവിടെ നിന്നാണ് നമ്മൾ അരി വാങ്ങുന്നത്. .....(ബഹളം).......

<u>മി. സ്പീക്കർ</u>: പ്ലീസ്...പ്ലീസ്....മന്ത്രി മറുപടി പറയട്ടെ. ചോദ്യം ചോദിച്ചാൽ മറുപടി പറയണ്ടേ.......അംഗങ്ങൾ സീറ്റിൽ ഇരിക്കണം. ശ്രീ. സി. എഫ്. തോമസിന്റെ ചോദ്യത്തിന് ഉത്തരം പറയണ്ടേ? പ്ലീസ്....ഇരിക്കു.......... (ബഹളം).......

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, പ്രതിപക്ഷം വിഷമിച്ചിട്ട് കാര്യമില്ല. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് വാങ്ങിയ അരിയുടെ വില കൊടുക്കാത്തതിനാൽ

അരി വിറ്റവർ കയറിയിറങ്ങി നടക്കുകയാണ്. നമ്മുടെ സംസ്ഥാനത്തോട് കച്ചവടക്കാർക്കുള്ള വിശ്വാസ്യത നഷ്ടപ്പെടുത്തിയവരാണ് പ്രതിപക്ഷം. അതിനാൽ മറ്റ് സംസ്ഥാനങ്ങൾ അരി തരാൻ തയ്യാറല്ല.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, സംസ്ഥാനത്ത് വിലക്കയറ്റം രൂക്ഷമാകുമ്പോൾ കൺസ്യൂമർഫെഡിനെ സംബന്ധിച്ചുള്ള ചോദ്യം പ്രസക്തമാണ്. കൺസ്യൂമർഫെഡിലെ കഴിഞ്ഞകാല ചെയ്തികളെക്കുറിച്ചും അഴിമതിയെക്കുറിച്ചും അന്വേഷിക്കുന്നതിൽ ആർക്കും എതിർപ്പില്ല. അന്വേഷിച്ച് നടപടിയെടുക്കാം..... .......(ബഹളം).......

മി.സ്പീക്കർ: മറുപടി മന്ത്രിമാർ പറയും. താങ്കൾ ചോദ്യം ചോദിക്കു. പ്രതിപക്ഷം അസഹിഷ്ണുത കാണിക്കേണ്ട.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇവിടെ ഉന്നയിച്ചിട്ടുള്ള ചോദ്യം വളരെ പ്രസക്തമാണ്. ഇത് രാജ്യത്തെ പട്ടിണിപ്പാവങ്ങളുടെ കാര്യമാണ്. ഈ നിലയിൽ പോയാൽ അരിവില 60-70 രൂപ വരെയാകും. ഇത്തരം ഘട്ടങ്ങളിൽ കൺസ്യൂമർഫെഡ് പോലുള്ള സ്ഥാപനങ്ങൾ മാർക്കറ്റ് ഇന്റർവെൻഷൻ നടത്തേണ്ടതാണ്. ......(ബഹളം)....... കാര്യം പറയുമ്പോൾ ഭരണപക്ഷം അസഹിഷ്ണുത കാണിക്കുന്നത് ശരിയാണോ? അരി ഉൾപ്പെടെയുള്ള അവശ്യ സാധനങ്ങളുടെ വില വർദ്ധിക്കുന്ന പശ്ചാത്തലത്തിൽ നടപടിയുണ്ടാകുമെന്ന് വകുപ്പുമന്ത്രി പറയുന്നു. എന്താണ് നടപടി; കൺസ്യൂമർഫെഡ് പോലുള്ള സ്ഥാപനങ്ങളിലൂടെ എങ്ങനെ മാർക്കറ്റ് ഇന്റർവെൻഷൻ നടത്താനാണ് ഉദ്ദേശിക്കുന്നത് എന്നീ കാര്യങ്ങൾ വ്യക്തമാക്കാമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, കേരളത്തിന്റെ അഭിമാനമായ കൺസ്യൂമർഫെഡ് ഉണ്ടാക്കിയ പേരുദോഷം ചെറുതല്ല. ഇത്രയും പേരുദോഷമുണ്ടാക്കിയ മറ്റൊരു സ്ഥാപനം സംസ്ഥാനത്ത് വേറെയില്ല. വിതരണക്കാർ അരി തരാൻ തയ്യാറാകാത്ത സാഹചര്യമുണ്ടെന്ന് പ്രതിപക്ഷം മനസ്സിലാക്കണം. മുൻകാലങ്ങളിൽ തമിഴ്നാട്, ആന്ധ്ര, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ നിന്നും അരി വാങ്ങിയതിൽ വൻ തുക വർഷങ്ങളായി കടമുള്ള സാഹചര്യം നിലവിലുണ്ട്. അതുകൊണ്ട് മില്ലുകളോ, ഇടത്തട്ടുകാരോ കേരളത്തിലേയ്ക്ക് അരി നൽകുന്നതിന് സന്നദ്ധരല്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കൺസ്യൂമർഫെഡ് 241 അരി വിതരണക്കാർക്കായി 52 കോടി രൂപ നൽകി. ഈ ഇനത്തിൽ 157 കോടി രൂപകൂടി കൊടുക്കാനുണ്ടെന്നാണ് കണ്ടെത്തിയിരിക്കുന്നത്. അതുകൂടി കൊടുക്കാനുള്ള നടപടി സ്വീകരിച്ചു വരികയാണ്. ഇവയെല്ലാം യു.ഡി.എഫ്. വരുത്തിയ കുഴപ്പങ്ങളാണ്. ഒരു കണക്കുമില്ല എന്നതാണ് പ്രധാനപ്പെട്ട പ്രശ്നം. ഇതുസംബന്ധിച്ച് എന്തെങ്കിലും രേഖയുണ്ടോ എന്ന് ചോദിച്ചപ്പോൾ രേഖയൊന്നും കയ്യിലില്ല, ഫോണിൽ

ബന്ധപ്പെട്ടാണ് അരി നൽകിയതെന്നാണ് മറുപടി പറഞ്ഞത്. എന്ത് തരം ഭരണമാണ് നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷക്കാലം നടന്നത്? ഇങ്ങനെ പട്ടാപ്പകൽ കൊള്ളയടിക്കാമോ? എന്തായാലും ഈ വിഷയത്തിൽ ഞങ്ങൾ ഇടപെടുകയാണ്. .....(ബഹളം).......

മി. സ്പീക്കർ: അങ്ങ് മറുപടി പറഞ്ഞ് അവസാനിപ്പിക്കു.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഇപ്പോൾ കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ 26 പ്രാഥമിക സഹകരണ സംഘങ്ങളെ ഉൾപ്പെടുത്തി കൺസോർഷ്യത്തിന് രൂപം നൽകി. കൺസോർഷ്യത്തിന് സീഡ് ക്യാപ്പിറ്റൽ എന്ന നിലയിൽ 100 കോടി രൂപ ശേഖരിക്കാൻ തീരുമാനിച്ചു. കൺസോർഷ്യം രൂപീകരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സീഡ് ക്യാപ്പിറ്റൽ ഫോർമേഷൻ ഉടൻ ആരംഭിക്കുന്നതാണ്. കൺസോർഷ്യം പ്രതിനിധികൾ ആന്ധ്രയിലെ മില്ലുടമകൾ, ഹോൾസെയിൽ ഡീലർ, എഫ്.സി.ഐ. ജനറൽ മാനേജർ എന്നിവരുമായി നേരിട്ട് സംസാരിച്ച് സ്ഥിതിഗതികൾ വിലയിരുത്തിയിട്ടുണ്ട്. ആന്ധ്രയിൽ അരി ലഭ്യമല്ലെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ആകെ ലഭ്യമാകുന്നത് സുവർണ്ണ അരി മാത്രമാണ്. ഏപ്രിൽ അവസാനം കൊയ്ത്തിനുശേഷം മാത്രമേ അരി ലഭ്യമാക്കാൻ കഴിയൂ. കൺസോർഷ്യം പ്രതിനിധികൾ പശ്ചിമബംഗാളിലെ പ്രധാന മില്ലുടമകളുമായും ഹോൾസെയിൽ ഡീലർമാരുമായും ആശയവിനിമയത്തിന് പുറപ്പെട്ടിട്ടുണ്ട്. ഇന്നും നാളെയും മറ്റന്നാളുമായി ഈ പ്രക്രിയ പൂർത്തീകരിക്കും. കേരളത്തിലെ അവരുടെ ഏജന്റുമാരുടെയും പവിഴം പോലുള്ള മില്ലുടമകളുടെയും സഹായത്തോടുകൂടി മാർച്ച് 10-നകം കേരളത്തിൽ അരി എത്തിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. എൻ.സി.ഡി.ഇ.എക്സ്. വഴി അരിക്കുള്ള ടെണ്ടർ നോട്ടിഫിക്കേഷൻ നടത്തിയിട്ടുണ്ട്. മാർച്ച് 3- ാം തീയതി നെഗോസിയേഷൻ പൂർത്തിയാക്കി അളവും വിലയും തിട്ടപ്പെടുത്താൻ കഴിയും. ഇത്രയും നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. ജനങ്ങളെ സഹായിക്കാനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, നീതി മെഡിക്കൽ സ്റ്റോറുകളും വിദേശമദ്യ ഔട്ട്ലെറ്റുകളും ലാഭകരമായി പ്രവർത്തിക്കുന്നുണ്ട്. എന്നാൽ 'നന്മ' പോലുള്ള സഞ്ചരിക്കുന്ന സ്റ്റോറുകൾ കൺസ്യൂമർഫെഡിനെ നഷ്ടത്തിലാക്കിയവയാണ്. കൺസ്യൂമർഫെഡിനെ നഷ്ടത്തിലാക്കിയ തീരുമാനങ്ങൾ പുനഃപരിശോധിക്കാൻ സർക്കാരിന് ഉദ്ദേശ്യമുണ്ടോ; ഉണ്ടെങ്കിൽ അതെന്താണെന്ന് വിശദീകരിക്കാമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, കൺസ്യൂമർഫെഡ് നഷ്ടത്തിലായതിന് പ്രധാന കാരണം നന്മ സ്റ്റോറുകളുടെ പ്രവർത്തനങ്ങളാണ്. പ്രതിമാസം 500 രൂപപോലും കച്ചവടമില്ലാത്ത സ്ഥാപനങ്ങളാണ് യു.ഡി.എഫ്. തുടങ്ങിയത്.

അവിടെ മൂന്ന് ആളുകളെയും നിയമിച്ചു. അതിലെന്താണ് നടന്നതെന്ന് സർക്കാർ അന്വേഷിക്കുന്നുണ്ട്. ആളുകളെ നിയമിക്കുക മാത്രമാണ് അവിടെ നടന്നത്. അതെല്ലാം സർക്കാർ പരിഹരിച്ച് കൺസ്യൂമർഫെഡിനെ കേരളത്തിലെ ഉത്തമ സ്ഥാപനമാക്കും.

മി.സ്പീക്കർ: 32-ാം നമ്പർ ചോദ്യവുമായി 43-ാം നമ്പർ ചോദ്യം ക്ലബ്ബ് ചെയ്യുന്നതിന് ശ്രീ. എൽദോസ് കുന്നപ്പിള്ളി നോട്ടീസ് നൽകിയിട്ടുണ്ട്. അതിൽ ഹെഡ്ഡിംഗിൽ മാത്രമേ സാമ്യമുള്ളൂ, ചോദ്യങ്ങൾ വ്യത്യസ്തമാണ്. അതിനാൽ ക്ലബ്ബിംഗ് അനുവദിക്കുന്നില്ല.

## ചരക്ക് സേവന നികുതി

2 (*32) ശ്രീ. ഇ. പി. ജയരാജൻ:
ശ്രീ. കാരാട്ട് റസാഖ് :
പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നികുതി രജിസ്ട്രേഷന്റെ പുരോഗതി അറിയിക്കാമോ;

(ബി) ജി.എസ്.ടി. നടപ്പാക്കുന്നതിനായി വേണ്ട നെറ്റ്‌വർക്ക് സിസ്റ്റം തയ്യാറായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഒന്നരക്കോടി രൂപ വരെ വിറ്റുവരവുള്ള വ്യാപാരികളുടെ മേൽ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ഇരട്ട നിയന്ത്രണം സംബന്ധിച്ചും പുറംകടൽ വ്യാപാരം സംബന്ധിച്ചും ജി.എസ്.ടി. കൗൺസിലിൽ തീരുമാനമുണ്ടായിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് ആകെ എത്ര വ്യാപാരികൾ ഉണ്ടെന്നതിനും അതിൽ 20 ലക്ഷം രൂപയ്ക്ക് മുകളിൽ വിറ്റുവരവുള്ളവരും ഒന്നരക്കോടി രൂപയ്ക്ക് മുകളിൽ വിറ്റുവരവുള്ളവരും എത്രയെന്നതിന് കണക്കുണ്ടോ; ഇതിൽ എത്ര ശതമാനം ജി.എസ്.ടി. രജിസ്ട്രേഷൻ നേടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, (എ) നിലവിൽ വാണിജ്യ നികുതി വകുപ്പിൽ രജിസ്ട്രേഷനുള്ള എല്ലാ വ്യാപാരികൾക്കും ജി.എസ്.ടി. രജിസ്ട്രേഷൻ നൽകാൻ തീരുമാനിച്ചിട്ടുണ്ട്. അതിനുവേണ്ടിയുള്ള എൻറോൾമെന്റ് പ്രക്രിയ 2017 ജനുവരി 1 മുതൽ ആരംഭിച്ചിട്ടുണ്ട്. ഇതുവരെ provisional Id ലഭിച്ചിട്ടുള്ള 2,55,036 വ്യാപാരികളിൽ, 21-2-2017 വരെ 152474 പേർ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിക്കഴിഞ്ഞു.

ബാക്കിയുള്ള വ്യാപാരികൾ സമയബന്ധിതമായി രജിസ്ട്രേഷൻ പൂർത്തിയാക്കുന്നതിനുവേണ്ട ഊർജ്ജിത ശ്രമങ്ങൾ വകുപ്പ് തലത്തിൽ നടത്തി വരുന്നു. GSTN രജിസ്ട്രേഷൻ നടപടികൾ അഖിലേന്ത്യാടിസ്ഥാനത്തിൽ നവംബർ 8-നാണ് ആരംഭിച്ചതെങ്കിലും കേരളത്തിലെ വ്യാപാരികൾക്ക് അതിനുള്ള അവസരം ജനുവരി 1-ാം തീയതി മുതലാണ് നൽകിയത്. രജിസ്ട്രേഷനാവശ്യമായ രേഖകൾ ഡിജിറ്റൽ ഒപ്പ് സഹിതം സമർപ്പിച്ചാൽ മാത്രമേ ജി.എസ്.ടി. രജിസ്ട്രേഷൻ ലഭിക്കുകയുള്ളൂ. അങ്ങനെ ഡിജിറ്റൽ ഒപ്പ് സഹിതം രേഖകൾ സമർപ്പിച്ച വ്യാപാരികളുടെ എണ്ണത്തിൽ കേരളമാണ് ഒന്നാമത്.

(ബി) ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലെയും വ്യാപാരികൾക്ക് ജി.എസ്.ടി. രജിസ്ട്രേഷൻ എടുക്കുന്നതിനും റിട്ടേൺ ഫയൽ ചെയ്യുന്നതിനും e-payment നടത്തുന്നതിനുംവേണ്ട common portal GSTN എന്ന കമ്പനി തയ്യാറാക്കി വരുന്നു. എന്നാൽ സംസ്ഥാന തലത്തിൽ Assessment, Audit, Appeal, Enforcement മുതലായ കാര്യങ്ങൾ നടപ്പിലാക്കുന്നതിനായി backend module തയ്യാറാക്കേണ്ടതുണ്ട്. അതിനുവേണ്ട software applications തയ്യാറാക്കൽ നല്ല രീതിയിൽ പുരോഗമിക്കുന്നു. സെർവ്വർ വാങ്ങുന്നതിനുള്ള അനുമതി നൽകുകയും ഇതിനുള്ള ടെണ്ടർ പ്രസിദ്ധീകരിക്കുന്നതിന് വകുപ്പ് തലത്തിൽ നടപടികൾ തുടങ്ങുകയും ചെയ്തിട്ടുണ്ട്.

(സി) ഒന്നരക്കോടി രൂപ വരെ വിറ്റുവരവുള്ള വ്യാപാരികളുടെ ഫയലുകൾ 9:1 എന്ന അനുപാതത്തിൽ സംസ്ഥാന-കേന്ദ്ര സർക്കാരുകൾക്ക് അഡ്മിനിസ്റ്റർ ചെയ്യാനുള്ള അധികാരം നല്കുന്നതിന് ജി.എസ്.ടി. കൗൺസിൽ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. തീരക്കടലിൽ നടക്കുന്ന ക്രയവിക്രയങ്ങൾക്ക് അതത് സംസ്ഥാനങ്ങൾക്ക് നികുതി ചുമത്താനുള്ള അധികാരം നല്കുവാൻ ജി.എസ്.ടി. കൗൺസിൽ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് ആകെ 255129 വ്യാപാരികൾ ഉള്ളതിൽ 115072 വ്യാപാരികൾക്ക് 20 ലക്ഷത്തിന് മുകളിൽ വാർഷിക വിറ്റുവരവുണ്ട്. അതിൽ 31214 വ്യാപാരികളുടെ വാർഷിക വിറ്റുവരവ് ഒന്നരക്കോടി രൂപയാണ്. ജി.എസ്.ടി. രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയവരുടെ എണ്ണം വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ലഭ്യമല്ല.

ശ്രീ. ഇ.പി. ജയരാജനുവേണ്ടി (ശ്രീ. വി. കെ. സി. മമ്മത് കോയ): സർ, ചരക്കുസേവന നികുതി നടപ്പിൽ വരുമ്പോൾ 5, 12, 20, 28 എന്നീ നാല് സ്ലാബുകളുണ്ടാകുമെന്നാണ് മനസ്സിലാക്കുന്നത്. കഴിഞ്ഞ കാലത്തെപ്പോലെ,

എച്ച്.എസ്.എൻ. കോഡിൽ ഉൾപ്പെടാത്ത പല വസ്തുക്കളും ഉണ്ടാകാനിടയുണ്ട്. ഇപ്പോൾ 'വാറ്റ്' പ്രകാരം അങ്ങനെയുള്ള വസ്തുക്കൾക്ക് നിബന്ധന വന്നാൽ ഏറ്റവും കൂടിയ നികുതിയാണ് ചുമത്തിക്കൊണ്ടിരിക്കുന്നത്. നമ്മുടെ പരിഗണനയിൽ വരാത്ത പല വസ്തുക്കളും ഈ സമ്പ്രദായത്തിലുണ്ടാകും. ഉദാഹരണമായി, റബ്ബർ പാൽ എടുക്കാൻ ഉപയോഗിക്കുന്ന കപ്പ്, കപ്പ് ഹാങ്കർ, ടാപ്പിംഗ് കത്തിപോലുള്ള അപ്രധാനമായ പല സാധനങ്ങളുമുണ്ടാകും. ഇവയ്ക്ക് ഏറ്റവും ഉയർന്ന നികുതി ചുമത്തുന്ന സമ്പ്രദായമാണ് നിലവിലുള്ളത്. ഇത് പലപ്പോഴും വലിയ പ്രയാസമുണ്ടാക്കുന്നുണ്ട്. ഇതൊഴിവാക്കാൻ എച്ച്.എസ്.എൻ. കോഡിൽ ഉൾപ്പെടാതെ വരുന്ന സാധനങ്ങൾക്ക് ഏറ്റവും കുറഞ്ഞ നികുതി; ഉദാഹരണമായി, 5 ശതമാനമാണ് ഏറ്റവും കുറഞ്ഞ നികുതിയെങ്കിൽ വ്യാപാരികൾക്ക് ബുദ്ധിമുട്ടില്ലാത്ത തരത്തിൽ അത്തരം സാധനങ്ങൾക്കുമേലുള്ള നികുതി 5 ശതമാനമാക്കി നിജപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇതിനുള്ള പരിഹാരം എച്ച്.എസ്.എൻ. കോഡ് സമഗ്രമാക്കുകയാണ്. ഇപ്പോൾ അഖിലേന്ത്യാടിസ്ഥാനത്തിൽ ഏതൊക്കെ ഉൽപ്പന്നങ്ങൾ ഏതൊക്കെ നിരക്കിൽ വരുമെന്നുള്ള ചർച്ചകൾ ആരംഭിക്കാൻ പോകുന്നതേയുള്ളൂ. എത്ര സമഗ്രമാക്കിയാലും പിന്നീട് പുതിയ ഉൽപ്പന്നങ്ങൾ വന്നേക്കാം, ചിലതിന് സംശയങ്ങളും ഉയർന്നുവന്നേക്കാം. ഏത് നിരക്കിലാണ് ഈടാക്കേണ്ടതെന്നുള്ളത് സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങളും കൂടി പരിഗണിക്കാം. ഞാനിപ്പോൾ അതിന് കൃത്യമായ അഭിപ്രായം പറയുന്നില്ല. ഇതുസംബന്ധിച്ച് സംസ്ഥാനത്തിന് ഒറ്റയ്ക്ക് തീരുമാനമെടുക്കാൻ സാധിക്കില്ല. അത് ജി.എസ്.ടി. കൗൺസിലിന് മാത്രമേ കഴിയുകയുള്ളൂ.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, നിലവിൽ ചില ഉൽപ്പന്നങ്ങൾക്ക് നിശ്ചിത തുക നികുതി അടയ്ക്കുകയും വർഷങ്ങൾക്കുശേഷം ആഡിറ്റ് വിഭാഗം നടത്തുന്ന കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ വലിയ തുക നികുതി ചുമത്തുകയും ചെയ്യുന്ന സമ്പ്രദായം നിലവിലുണ്ട്. ഉദ്യോഗസ്ഥർ അംഗീകരിച്ചുകൊണ്ടാണ് ഈ നികുതി അടയ്ക്കുന്നതെങ്കിൽപ്പോലും വീണ്ടും ആഡിറ്റ് വിഭാഗം കണ്ടെത്തി വലിയ തുക നികുതി ചുമത്തുമ്പോൾ വ്യാപാരികൾക്ക് വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുണ്ട്. പലർക്കും ഈ നികുതി അടയ്ക്കാൻ കഴിയാതെ സ്ഥാപനങ്ങൾ അടച്ചുപൂട്ടേണ്ട സ്ഥിതിയും കിടപ്പാടം വിൽക്കേണ്ട സാഹചര്യവും ആത്മഹത്യ ചെയ്യേണ്ട അവസ്ഥയും ഉണ്ടാകുന്നുണ്ട്. ഇതിന്റെ പേരിൽ നടപടിയും ജപ്തി ഭീഷണിയും നേരിടേണ്ട സ്ഥിതി അവർക്കുണ്ടാകുന്നുണ്ട്. അതിൽ തെറ്റായ നികുതിയാണ് കാണിക്കുന്നതെങ്കിൽ ആ മാസംതന്നെ അത് സ്വീകരിക്കാതെ

റിജക്ട് ചെയ്യുന്ന രീതിയിലുള്ള സോഫ്റ്റ്‌വെയർ തയ്യാറാക്കിയാൽ ഇത്തരം പ്രശ്നങ്ങൾക്ക് തീർപ്പുണ്ടാക്കാൻ സാധിക്കും. ഇതിനുവേണ്ടി പുതിയ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ തയ്യാറാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇപ്പോൾ ഇത്തരത്തിലുള്ള പ്രശ്നങ്ങളുണ്ട്. ആഡിറ്റ് വേണ്ടെന്ന് വയ്ക്കാൻ കഴിയില്ല, suppression കണ്ടുപിടിച്ചാൽ നടപടി സ്വീകരിക്കേണ്ടിവരും. ഇന്ന രീതിയിൽ വേണമെന്ന് പിന്നീട് സ്പഷ്ടീകരണം കൊടുക്കുകയാണ് ചെയ്യുന്നത്. നേരത്തെ അങ്ങനെയല്ല ധാരണ. മുൻകാല പ്രാബല്യത്തോടെ നികുതി ഈടാക്കുമ്പോൾ പ്രശ്നങ്ങളുണ്ടാകുന്നുണ്ട്. അതിനൊക്കെ എങ്ങനെ പരിഹാരം കാണാൻ സാധിക്കുമെന്നത് സംബന്ധിച്ചും പുതിയ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനെ സംബന്ധിച്ചും ആലോചിക്കാവുന്നതാണ്. ഇപ്പോൾ ഇ-ഫയലിംഗുണ്ടെങ്കിലും വളരെ പരിമിതമായ വാലിഡേഷൻ ക്ലാസ്സുകൾ മാത്രമേ സിസ്റ്റത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. അതുകൊണ്ട് ഇപ്പോൾ സിസ്റ്റത്തിലൂടെ പരിശോധിക്കാൻ സാധ്യമല്ല. ഉദ്യോഗസ്ഥർ സമയം കിട്ടുമ്പോൾ പരിശോധിക്കുകയാണ് ചെയ്യുന്നത്. ഇ-ഫയലിംഗ് നടത്തുമ്പോൾ അത് consistent അല്ലെങ്കിൽ കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ സ്വീകരിക്കില്ല. അതിനുപറ്റുന്ന വാലിഡേഷൻ ക്ലാസ്സുകൾ കമ്പ്യൂട്ടർ സോഫ്റ്റ്‌വെയറിൽ കൊണ്ടുവരാൻ കഴിയും. ഏറ്റവും ഉയർന്ന രീതിയിലുള്ളതായിരിക്കും ചരക്കുസേവന നികുതിയിൽ വരുന്നത്. നികുതിവരുമാനത്തിൽ എന്തെങ്കിലും തെറ്റ് കണ്ടുപിടിച്ചിട്ടുണ്ടെങ്കിലോ അടുത്ത മാസത്തെ കണക്ക് നോക്കുമ്പോൾ കൂടുതലായി നികുതി അടച്ചിട്ടുണ്ടെങ്കിലോ ഔട്ട്പുട്ടിൽ കാണിച്ചിട്ടില്ലെങ്കിലോ ഓട്ടോമാറ്റിക്കായി സിസ്റ്റം അപ്പോൾ കറക്ട് ചെയ്യുന്നതാണ്. പിന്നീട് മറ്റൊരു മാസത്തേയ്ക്ക് മാറ്റിവയ്ക്കാൻ സാധിക്കില്ല. ഏതാണ്ട് ഒന്നുരണ്ട് മാസത്തേയ്ക്ക് മാത്രമേ ഉദ്യോഗസ്ഥരെ കബളിപ്പിക്കാൻ സാധിക്കുകയുള്ളൂ. അറിയാതെ തെറ്റ് പറ്റുന്നതാണെങ്കിൽ അത് സിസ്റ്റം ഓട്ടോമാറ്റിക്കായി കണ്ടുപിടിക്കുന്ന രീതിയിലുള്ള സംവിധാനമാണ്.

ശ്രീ. കാരാട്ട് റസാഖ്: സർ, ചരക്കുസേവന നികുതിയുടെ ഭാഗമായി സേവന നികുതി പിരിച്ചെടുക്കുന്ന കാര്യത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തമ്മിൽ ധാരണയിലെത്തിയിട്ടുണ്ടോ; ചരക്കുസേവന നികുതി നിയമം നിലവിൽ വരുമ്പോൾ സംസ്ഥാനത്തിനുണ്ടാകുന്ന നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, കേന്ദ്ര സർക്കാരിനും സംസ്ഥാന സർക്കാരിനും നഷ്ടമുണ്ടാകില്ലെന്നുള്ള അനുമാനത്തിലാണ് നിരക്കുകൾ നിശ്ചയിച്ചിട്ടുള്ളത്. ഇതാണ് Revenue Neutral Rate. സംസ്ഥാന സർക്കാരിന്

ഇതിൽനിന്നുള്ള വരുമാനം ഗണ്യമായി വർദ്ധിക്കുമെന്നാണ് വിലയിരുത്തൽ. കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമായതിനാൽ ലാഭവും ഉൽപ്പാദക സംസ്ഥാനങ്ങൾക്ക് നഷ്ടവുമാണ് ഉണ്ടാകുന്നത്. ഉദാഹരണമായി, ഒരു രാജ്യത്തിന് പുറത്തുനിന്നും ഉൽപ്പന്നം വാങ്ങിയാൽ ഇന്റർ സ്റ്റേറ്റ് വിൽപ്പനയ്ക്ക് ഇന്റർ സ്റ്റേറ്റ് വിൽപ്പന നികുതി ചുമത്തും. ഏത് സംസ്ഥാനത്ത് നിന്നാണോ വാങ്ങുന്നത് ആ സംസ്ഥാനത്തിനാണ് അതിന്റെ നികുതി പോകുന്നത്. ഇപ്പോൾ ആ രീതിയല്ല. തമിഴ്നാട്ടിൽനിന്നും സാധനം വാങ്ങുമ്പോൾ അവിടെ നികുതി അടച്ചിട്ടുണ്ടെങ്കിൽ അതിന്റെ ബിൽ കേരളത്തിൽ ട്രാൻസ്ഫർ ചെയ്യുതരും. ഇതിന്റെ ഫലമായി ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് നികുതി വരുമാനത്തിൽ വലിയ വർദ്ധനവാണുണ്ടാകുന്നത്.

<u>പ്രൊഫ. കെ. യു. അരുണൻ</u>: സർ, ഒന്നരക്കോടി രൂപവരെ വിറ്റുവരവുള്ള ഒരു വ്യാപാരിക്ക് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ഇരട്ട നിയന്ത്രണം സംബന്ധിച്ചും പുറംകടൽ വ്യാപാരം സംബന്ധിച്ചും ജി.എസ്.ടി. കൗൺസിലിൽ തീരുമാന-മെടുത്തിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, എങ്ങനെയാണ് നികുതി ചുമത്തുക എന്നുള്ള തർക്കമാണ് ജി.എസ്.ടി. കൗൺസിലിൽ ഉയർന്നുവന്നത്. 75 ശതമാനത്തോളം വ്യാപാരികളും ഏതാണ്ട് ഒന്നരക്കോടി രൂപയിൽ താഴെ വിറ്റുവരവുമുള്ളവരാണ്. കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും ഒരുമിച്ച് വ്യാപാരികളെ സമീപിച്ചാൽ വലിയ പ്രതിഷേധത്തിനിടയാക്കും. അതിൽ സംസ്ഥാനത്തിനായിരിക്കണം മുൻഗണന എന്ന നിലപാടാണ് കേരളം സ്വീകരിച്ചത്. ഒന്നരക്കോടി രൂപയ്ക്ക് മുകളിൽ വിറ്റുവരവുള്ളവരിൽനിന്ന് നികുതി പിരിച്ച് കേന്ദ്ര സർക്കാരിനും സംസ്ഥാന സർക്കാരിനും വീതിച്ചെടുക്കാം. അതിനുതാഴെ വിറ്റുവരവുള്ളവരിൽനിന്ന് സംസ്ഥാനത്തിനുമാത്രമേ നികുതി പിരിക്കാൻ സാധിക്കുകയുള്ളൂ. അതിന്റെ ഫലമായി 85 ശതമാനം വ്യാപാരികളും സംസ്ഥാനത്തിന്റെ പരിധിയിൽ ഉൾപ്പെടുകയും ഇത് പറ്റില്ലെന്നുള്ള നിലപാട് കേന്ദ്ര സർക്കാർ സ്വീകരിക്കുകയും ചെയ്തു. ഇത് രൂക്ഷമായ തർക്കങ്ങൾക്കും വിവാദങ്ങൾക്കും ഇടയാക്കി. ഒന്നരക്കോടി രൂപയിൽ താഴെ വിറ്റുവരവുള്ള വ്യാപാരികളിൽ 10 ശതമാനത്തിൽ 9 ശതമാനം സംസ്ഥാനത്തിനും ഒരാൾ കേന്ദ്ര സർക്കാരിനും നികുതി ഒടുക്കണമെന്നുള്ള രീതിയിലായിരിക്കും കണക്കാക്കുന്നത് എന്നാണ് ഇതിന് തീർപ്പുണ്ടാക്കിയിരിക്കുന്നത്. ഒന്നരക്കോടി രൂപയ്ക്ക് മുകളിൽ വരുമാനമാർഗ്ഗമുള്ളവർ 50 ശതമാനം കേന്ദ്ര സർക്കാരിനും 50 ശതമാനം

സംസ്ഥാന സർക്കാരിനുമാണ് നികുതി ഒടുക്കേണ്ടത്. സംസ്ഥാനം നികുതി ചുമത്തുമ്പോൾ കേന്ദ്ര സർക്കാരിന്റെ നികുതി കൂടി ചുമത്തി ആ വിഹിതം കേന്ദ്ര സർക്കാരിന് കൊടുക്കും. കേന്ദ്ര സർക്കാർ നികുതി പിരിക്കുമ്പോൾ സംസ്ഥാന സർക്കാരിന്റെ നികുതി കൂടി പിരിച്ചശേഷം ആ തുക സംസ്ഥാന സർക്കാരിന് നൽകുകയാണ് ചെയ്യുന്നത്. ഇങ്ങനെയുള്ള ഒരു സംവിധാനം പിന്തുടരാമെന്ന തീരുമാനത്തിലാണ് എത്തിച്ചേർന്നിരിക്കുന്നത്.

ശ്രീ. പി. ഉണ്ണി: സർ, സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട വാളയാർ ചെക്ക്പോസ്റ്റ് മറികടന്ന് പല ചരക്കുവാഹനങ്ങളും ഊടുവഴികളിൽക്കൂടി കേരളത്തിലേയ്ക്ക് കടക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വാളയാർ ചെക്ക്പോസ്റ്റിൽ ഒരു സംയോജിത ചെക്ക്പോസ്റ്റ് സ്ഥാപിക്കുമെന്നതിനാവശ്യമായ സ്ഥലമെടുപ്പ് നടന്നിട്ടുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ചെക്ക്പോസ്റ്റ് വെട്ടിച്ച് വ്യാപകമായി ചരക്കുകൾ കേരളത്തിലേയ്ക്ക് കൊണ്ടുവരുന്നുണ്ട്. ഒരു ക്രിമിനൽ സ്വഭാവമാണ് ഇതിൽ കൈക്കൊണ്ടിരിക്കുന്നത്. സംഘടിത മാഫിയകൾ, ക്വട്ടേഷനുകൾ തുടങ്ങിയവർക്ക് കേരളത്തിലേയ്ക്ക് ചരക്കുവാഹനം കടത്തിക്കൊണ്ടു വരാനുള്ള ഏർപ്പാടുണ്ടാക്കിക്കൊടുക്കുന്ന പ്രത്യേക ക്വട്ടേഷൻ ടീം സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ചരക്കുസേവന നികുതി നിലവിൽ വരുമ്പോൾ വാണിജ്യ നികുതി ചെക്ക്പോസ്റ്റിന്റെ ആവശ്യമില്ല. കാരണം, കേരളത്തിലേയ്ക്ക് ചരക്ക് വാങ്ങിച്ചുകൊണ്ടിരിക്കുന്ന ഒരു വ്യാപാരി വിൽക്കുമ്പോൾ കിട്ടുന്ന പണത്തിന് മുഴുവൻ സർക്കാരിന് നികുതി കൊടുക്കേണ്ട. വാങ്ങിയപ്പോൾ കൊടുത്ത നികുതി കിഴിച്ച് ബാക്കി നൽകിയാൽ മതിയാകും. ആ നികുതി കിഴിക്കണമെങ്കിൽ ബിൽ വേണം. അതുകൊണ്ട് അന്തർസംസ്ഥാന വ്യാപാരത്തിന് തുടക്കം മുതൽ അവസാനം വരെ കൃത്യമായി ബിൽ വാങ്ങേണ്ടി വരും. അതുകൊണ്ട് അടിസ്ഥാനപരമായി ഇങ്ങനെയൊരു ചെക്ക്പോസ്റ്റ് വേണ്ടെന്നാണ് സർക്കാരിന്റെ തീരുമാനം. പക്ഷേ ഇതിലൊരപകടമുണ്ട്. ഒരു വ്യാപാരി തമിഴ്നാട്ടിൽനിന്നും സാധനം വാങ്ങുമ്പോൾ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് വേണ്ടെന്ന് തീരുമാനിച്ചാൽ അയാൾക്ക് നല്ല ലാഭമാണുണ്ടാകുന്നത്.

മി. സ്പീക്കർ: വ്യാജ 'സി' ഫോം ഉണ്ടാക്കിയതുപോലെ വ്യാജ ബില്ലും ഉണ്ടാക്കാൻ സാധിക്കില്ലേ?

ഡോ. ടി. എം. തോമസ് ഐസക്: സർ, അങ്ങനെ ചെയ്യാൻ കഴിയില്ല. ബിൽ എഴുതിയാലും ഇതെല്ലാം കമ്പ്യൂട്ടറൈസ്ഡാണ്. ഒരു മാസം ഏകദേശം 360 കോടി ഇടപാടുകൾ കൈകാര്യം ചെയ്യാനായി പരസ്പരം ബന്ധപ്പെടുത്താൻ പര്യാപ്തമായ, പ്രതിമാസം ഏകദേശം 500 കോടി രൂപ ചെലവ് വരുന്ന കമ്പ്യൂട്ടർ സംവിധാനത്തിലാണ് ഇതുസംബന്ധിച്ച കണക്കുകൾ സൂക്ഷിക്കുന്നത്. ഒരു വ്യാജ ബിൽ കൊണ്ടുവരുമ്പോൾ കൊണ്ടുവന്ന ആളിന്റെ ബില്ലുണ്ടോ എന്ന് കമ്പ്യൂട്ടറിൽ തന്നെ പരിശോധിക്കാം. ഉല്പന്നങ്ങൾ വാങ്ങുമ്പോഴും വിൽക്കുമ്പോഴും ബിൽ എഴുതാതിരിക്കുക എന്നതാണ് കേരളത്തിൽ നികുതി വെട്ടിക്കാനുള്ള ഏക മാർഗ്ഗം. ഇതിന് പരിഹാരമായി സർവൈലൻസ് ക്യാമറകൾ സ്ഥാപിക്കാവുന്നതാണ്. ഏത് ചരക്കുവണ്ടി വന്നാലും നമ്പർ നോട്ട് ചെയ്യാൻ സാധിക്കും. അപ്പോൾത്തന്നെ ജി.എസ്.ടി.എൻ.-ലേയ്ക്ക് ഇൻവോയ്സ് അപ്‌ലോഡ് ചെയ്തിട്ടുണ്ടോയെന്ന് കമ്പ്യൂട്ടറിൽ പരിശോധിക്കണം. ഇത്തരം സംവിധാനം പ്രായോഗികമാണോയെന്ന് പരിശോധിക്കാനായി വാളയാർ, പാലക്കാട് മേഖലയിലെ എല്ലാ ഊടുവഴികളിലും അടുത്ത മാസം മുതൽ സർവൈലൻസ് ക്യാമറകൾ സ്ഥാപിക്കുന്നതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ജി.എസ്.ടി. കൗൺസിലിൽ സംസ്ഥാനത്തിന്റെ അഭിപ്രായം പ്രകടിപ്പിക്കുന്നതിനായി ഒരു സർവ്വകക്ഷി യോഗം ചേരാമെന്ന് അങ്ങ് കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ പറഞ്ഞിരുന്നു. എന്നാൽ അങ്ങനെയൊരു യോഗം ചേർന്നിട്ടില്ല. ഇപ്പോൾ ജി.എസ്.ടി. കൗൺസിലിൽ സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരുമായുള്ള തർക്കത്തിൽ ഏതെല്ലാം വിഷയങ്ങളാണ് അവശേഷിക്കുന്നത്; അതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങൾ എന്തെല്ലാമാണ്; എത്ര ശതമാനം വരെ ടാക്സ് ഈടാക്കാമെന്നത് സംബന്ധിച്ച് ധാരണയായിട്ടുണ്ടോ; അതുസംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, എത്ര ശതമാനം വരെ നികുതിയാകാമെന്നത് പ്രധാനപ്പെട്ട ഒരു പ്രശ്നമായിരുന്നു. നികുതി നിരക്ക് കുറയ്ക്കണമെന്ന് ശക്തമായ അഭിപ്രായമുണ്ടായിരുന്നു. ആഡംബര വസ്തുക്കൾക്ക് എക്സൈസ് നികുതിയും സർവ്വീസ് ടാക്സും വാറ്റുമുൾപ്പെടെ 40 മുതൽ 50 ശതമാനം വരെ നികുതിയാണ് ചുമത്തുന്നത്. ആഡംബര ഉൽപ്പന്നങ്ങൾക്ക് എന്തിനാണ് നികുതിയിൽ കുറവുവരുത്തുന്നത്? ആഡംബര ഉൽപ്പന്നങ്ങളുടെ നികുതി കുറച്ചുകഴിഞ്ഞാൽ അരിയുടെ മേൽ നികുതി ഏർപ്പെടുത്തിയാൽപ്പോലും റവന്യൂ ന്യൂട്രലാവുകയില്ല. ആഡംബര വസ്തുക്കൾക്ക് നികുതി കുറയ്ക്കുകയും അവശ്യ വസ്തുക്കൾക്ക് നികുതി കൂട്ടുകയും ചെയ്യുന്നത് അനീതിയായിരിക്കും. കേരളമാണ് ഇക്കാര്യത്തിൽ തുടക്കം മുതൽ ഏറ്റവും ശക്തമായ നിലപാട് സ്വീകരിച്ചത്. അതിന്റെ ഫലമായി ഏറ്റവും കുറഞ്ഞ നികുതിനിരക്കായ 6 ശതമാനം 5 ശതമാനമായി കുറച്ചു. കൂടിയ നിരക്ക് 28 ശതമാനമായി വർദ്ധിപ്പിച്ചു. ഇപ്പോൾ

28 ശതമാനമാണ് അംഗീകൃതമായിട്ടുള്ളത്. നഷ്ടപരിഹാരം കൊടുക്കാനായി ചുരുങ്ങിയത് 55000 കോടി രൂപ ഒരു വർഷം വേണ്ടിവരും. അതിനുള്ള തുക കണ്ടെത്താനായി ആഡംബര വസ്തുക്കളുടെമേൽ സർചാർജ് കൂടി ചുമത്താൻ കേന്ദ്ര സർക്കാർ അനുവാദം കൊടുത്തിട്ടുണ്ട്. അതിനാൽ സാധാരണ ജനങ്ങളുടെ ജീവിതത്തെ ഇത് ബാധിക്കുകയില്ല. മറ്റ് അടിസ്ഥാനപരമായ തർക്കങ്ങളൊന്നും നിലനിൽക്കുന്നില്ല. സ്വർണ്ണത്തിൻമേലുള്ള നികുതിയുടെ തർക്കം മാത്രമാണ് ഇപ്പോഴുള്ളത്. സ്ട്രക്ചർ നിശ്ചയിച്ചെങ്കിലും ഓരോ ഉൽപ്പന്നവും ഏതിലാണ് ഉൾപ്പെടുത്തേണ്ടതെന്നത് സംബന്ധിച്ച് ശ്രീനഗറിൽ ചേരുന്ന സമ്മേളനത്തിലായിരിക്കും ചർച്ച നടത്തുന്നത്.

ശ്രീ. പി. സി. ജോർജ്: സർ, ജി.എസ്.ടി. വന്നതോടുകൂടി കേരളം രക്ഷപ്പെട്ടുവെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞതിൽ വളരെ സന്തോഷം. ഓരോ സെയിൽസ് ടാക്സ് ഓഫീസിന്റെയും കീഴിൽ ഇത്ര ലക്ഷം രൂപ പിരിക്കണമെന്ന് സെയിൽസ് ടാക്സ് കമ്മീഷണർ ഉത്തരവ് കൊടുക്കുകയാണ്. കഴിഞ്ഞ വർഷം 5 ലക്ഷം രൂപ പിരിച്ചിട്ടുണ്ടെങ്കിൽ ഈ വർഷം 10 ലക്ഷം രൂപ പിരിക്കണമെന്ന് പറയുമ്പോൾ സെയിൽസ് ടാക്സ് ഉദ്യോഗസ്ഥർ വഴിയിൽവച്ച് ആളുകളെ പിടിച്ചുപറിക്കുകയാണ്. മോട്ടോർ സൈക്കിളിൽ തുണിക്കച്ചവടം നടത്തുന്ന പാവപ്പെട്ടവന് 30000 രൂപ ടാക്സ് ചുമത്തിയാൽ എന്തുചെയ്യാൻ കഴിയും; ബഹുമാനപ്പെട്ട മന്ത്രി അറിയാതെയാണോ ഇങ്ങനെ ചെയ്യുന്നത്; ടാക്സ് കണക്കാക്കുന്നതിന്റെ മാനദണ്ഡം എന്താണ്? സെയിൽസ് ടാക്സ് ഉദ്യോഗസ്ഥർ ഇത്ര രൂപ പിരിക്കണമെന്ന് മേലുദ്യോഗസ്ഥൻ തീരുമാനിക്കുന്നതിന്റെ മാനദണ്ഡമെന്താണ്; ഇങ്ങനെ നിർദ്ദേശം നൽകുന്നതിൽ ബഹുമാനപ്പെട്ട മന്ത്രിക്ക് എന്തെങ്കിലും ഉത്തരവാദിത്വമുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട അംഗം ഈ വിഷയത്തിന്റെ ഒരു വശം മാത്രമേ മനസ്സിലാക്കിയിട്ടുള്ളൂ. അദ്ദേഹം മനസ്സിലാക്കാത്ത മറ്റൊരു വശം കൂടിയുണ്ട്. മൂന്നുനാലു വർഷമായി 10 ശതമാനം മാത്രമേ നികുതി വരുമാനം വർദ്ധിക്കുന്നുള്ളൂ. കേരളത്തിലെ ജനങ്ങളുടെ വരുമാനത്തിന്റെയും വിലക്കയറ്റത്തിന്റെയും തോതിന്റെ പകുതി വേഗതയിലാണ് നികുതി വരുമാനം വളരുന്നത്. നികുതി ചോർച്ചയുണ്ടാകുന്നുവെന്ന കാര്യത്തിൽ സംശയമില്ല. നികുതി വെട്ടിക്കുന്നവരെ പിടികൂടണം. നിയമസഭ അംഗീകരിക്കുന്ന ബജറ്റിൽ 20 ശതമാനം നികുതി വരുമാനം വർദ്ധിക്കണമെന്ന് പറഞ്ഞാൽ അടുത്ത വർഷം 20 ശതമാനം വർദ്ധിക്കണമെന്ന് കമ്മീഷണർ പറയും. തെറ്റായ രീതിയിൽ നികുതി പിരിവ് നടത്തുന്നുണ്ടെങ്കിൽ നിശ്ചയമായും അത് പരിശോധിച്ച് പരിഹാരം

കണ്ടെത്തിയിരിക്കും. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലുള്ള കാര്യങ്ങളുണ്ടെങ്കിൽ അത് ശ്രദ്ധയിൽക്കൊണ്ടുവരികയാണെങ്കിൽ സർക്കാർ പരിഹാര നടപടി സ്വീകരിക്കും.

## വൈദ്യുതി നിരക്ക് വർദ്ധന

3 (*33) ശ്രീ. മഞ്ഞളാംകുഴി അലി :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :

ശ്രീ. ടി. വി. ഇബ്രാഹിം:

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി നിരക്ക് വർദ്ധന പരിഗണനയിലുണ്ടോ; എങ്കിൽ പരിഷ്കരണം ആവശ്യമാക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ വൈദ്യുതി നിരക്കുകളിലുണ്ടായ വർദ്ധന സംബന്ധിച്ച വിവരം വെളിപ്പെടുത്തുമോ;

(സി) ഈ കാലയളവിൽ വൈദ്യുതി ബോർഡിന്റെ ലാഭനഷ്ടങ്ങൾ നിരക്ക് പരിഷ്കരണത്തിന് കാരണമായിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ ലാഭനഷ്ടക്കണക്കും നിരക്ക് പരിഷ്കരണവും സംബന്ധിച്ചുള്ള അനുപാതം എതുവിധത്തിലാണെന്ന് വ്യക്തമാക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി) : സർ,

(എ) വൈദ്യുതി നിരക്ക് വർദ്ധനവ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ പരിഗണനയിലുണ്ട്. വൈദ്യുതി ബോർഡിന്റെ വരവ് ചെലവ് കണക്കുകൾ പരിശോധിച്ച് റവന്യൂ വിടവ് തിട്ടപ്പെടുത്തിയാണ് റെഗുലേറ്ററി കമ്മീഷൻ താരിഫ് പരിഷ്കരണം നടത്തേണ്ടത്. ഇതിന് പരിഗണിക്കേണ്ട ഘടകങ്ങൾ കേന്ദ്ര നിയമമായ വൈദ്യുതി നിയമം 2003-ലും മറ്റു നയങ്ങളിലും നിർവ്വചിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഓരോ വർഷത്തേയും റവന്യൂ വിടവിനോടൊപ്പം മുൻ വർഷങ്ങളിലെ സഞ്ചിത വിടവും താരിഫ് പരിഷ്കരണത്തിൽ പരിഗണിക്കേണ്ടതുണ്ട്. വൈദ്യുതി ഉപഭോഗം വർദ്ധിച്ചുവരുന്നതും മഴക്കുറവുമൂലം വൈദ്യുതി ഉൽപ്പാദനം കുറഞ്ഞതും വൈദ്യുതി വാങ്ങൽ ചെലവ് കൂട്ടുന്നതിന് കാരണമായിട്ടുള്ളതും താരിഫ് പരിഷ്കരണത്തിൽ പരിഗണിക്കേണ്ടതുണ്ട്.

(ബി) കഴിഞ്ഞ സർക്കാരിന്റെ അഞ്ച് വർഷത്തിനിടയ്ക്ക് 3 പ്രാവശ്യം വൈദ്യുതി നിരക്ക് പരിഷ്കരിച്ചിട്ടുണ്ട്. 2012-13-ൽ 1-7-2012-ൽ നടപ്പിലാക്കിയ നിരക്ക് വർദ്ധനവ് 24 ശതമാനവും 2013-14-ൽ 1-5-2013-ൽ നടപ്പിലാക്കിയ നിരക്ക് വർദ്ധനവ് 9.1 ശതമാനവും 2014-15-ൽ 16-8-2014-ൽ നടപ്പാക്കിയ നിരക്ക് വർദ്ധനവ് 6.7 ശതമാനവുമായിരുന്നു.

(സി) വൈദ്യുതി ബോർഡിലെ നിരക്കുപരിഷ്കരണം, അതിന്റെ ലാഭ-നഷ്ടക്കണക്കിനെ മാത്രം ആശ്രയിച്ചല്ല കണക്കാക്കുന്നത്. ആയതിനാൽ ലാഭനഷ്ടക്കണക്കും നിരക്ക് പരിഷ്കരണവും തമ്മിൽ അനുപാതം നിർണ്ണയിക്കാൻ കഴിയില്ല. എന്നാൽ, കമ്മീഷൻ നിരക്ക് വർദ്ധന പരിഗണിക്കുമ്പോൾ ലാഭനഷ്ട കണക്ക് കൂടി കണക്കിലെടുത്താണ് അന്തിമ തീരുമാനം കൈക്കൊള്ളുന്നത്.

വൈദ്യുതി നിയമം 2003 പ്രാബല്യത്തിൽ വന്നതിനുശേഷം വൈദ്യുതി ബോർഡിന്റെ നിരക്ക് പരിഷ്കരണം നടത്തുന്നത് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനാണ്. വൈദ്യുതി ബോർഡിന്റെ വരവ് ചെലവുകൾ പരിഗണിച്ചാണ് നിരക്ക് നിശ്ചയിക്കുന്നത്. ടി നിരക്ക് നിശ്ചയിക്കുന്നതിന് കേന്ദ്ര നിയമം അനുശാസിക്കുന്ന മാനദണ്ഡങ്ങളുമുണ്ട്.

വൈദ്യുതി ബോർഡിന്റെ മുൻവർഷങ്ങളിലെ ആഡിറ്റ് ചെയ്ത കണക്കനുസരിച്ച് സമർപ്പിച്ചിട്ടുള്ള ട്രൂയിംഗ് അപ്പ് പെറ്റീഷനുംകൂടി പരിഗണിച്ചാണ് നിരക്ക് നിശ്ചയിക്കേണ്ടത്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, വൈദ്യുതി ഉപഭോഗം വർദ്ധിച്ചുവരുന്നതും മഴക്കുറവുമൂലം വൈദ്യുതി ഉൽപ്പാദനം കുറഞ്ഞതും വൈദ്യുതി വാങ്ങൽച്ചെലവ് കൂടുന്നതിന് കാരണമായിട്ടുണ്ടെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ പറയുന്നത്. ഇതിനൊരു പരിഹാരമെന്ന നിലയിൽ, വീടിന് ഒരു സൗരോർജ്ജ പാനൽ എന്ന നയം പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം സഹായങ്ങളാണ് സർക്കാർ ചെയ്യാനുദ്ദേശിക്കുന്നത്; സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലും സ്കൂളുകളിലും സ്ട്രീറ്റ് ലൈറ്റുകളിലും സൗരോർജ്ജ പാനൽ നിർബന്ധമാക്കുമോ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. എം. എം. മണി: സർ, ഇപ്പോൾ കേന്ദ്ര സർക്കാർ സൗരോർജ്ജ പാനൽ സ്ഥാപിക്കുന്നതിന് അനുകൂലമായ നിലപാട് സ്വീകരിക്കുകയും സബ്സിഡി നൽകുകയും ചെയ്തിട്ടുണ്ട്. സൗരോർജ്ജ പാനൽ വീടുകളിലോ ഓഫീസുകളിലോ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുന്ന നിലപാടാണ് കെ.എസ്.ഇ.ബി.-ക്കുള്ളത്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, വിതരണച്ചെലവിലുണ്ടായ വർദ്ധനവിന് ആനുപാതികമായ നിരക്ക് വർദ്ധനവാണോ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ ശിപാർശ ചെയ്തിട്ടുള്ളത്; വിതരണച്ചെലവിൽ ക്രമാതീത വർദ്ധനവ് ഉണ്ടാകുന്നതുമൂലം ബി.പി.എൽ. വിഭാഗങ്ങൾക്ക് നിരക്ക് താങ്ങാനാകാത്ത സ്ഥിതിവിശേഷമുണ്ടാകുമോ; എങ്കിൽ ഇതിൽനിന്നും ഈ വിഭാഗത്തിനെ സംരക്ഷിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

ശ്രീ. എം. എം. മണി: സർ, നിലവിൽ നിരക്ക് വർദ്ധനവ് ബോർഡിന്റെ ശ്രദ്ധയിലോ, സർക്കാരിന്റെ ശ്രദ്ധയിലോ റെഗുലേറ്ററി കമ്മീഷൻ കൊണ്ടുവന്നിട്ടില്ല. അതുകൊണ്ട് ഇതുസംബന്ധിച്ച് വ്യക്തമായ ഉത്തരം നൽകാൻ നിർവ്വാഹമില്ല.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, വൈദ്യുതി ബോർഡ് വരവുചെലവ് കണക്ക് അവതരിപ്പിക്കാത്തതിനാൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ സ്വമേധയാ വരവുചെലവ് കണക്ക് തയ്യാറാക്കുന്ന അവസ്ഥാവിശേഷമുണ്ടോ?

ശ്രീ. എം. എം. മണി: സർ, വൈദ്യുതി ബോർഡിന്റെ വരവുചെലവ് കണക്ക് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ കയ്യിലുണ്ട്. ഇന്ത്യയിൽ നിലനിൽക്കുന്ന കേന്ദ്ര നിയമമാണ് അതിന് സാധൂകരണം നൽകുന്നത്. അതുകൊണ്ട് ആവശ്യപ്പെട്ടാൽ വരവുചെലവ് കണക്ക് നൽകാൻ വൈദ്യുതി ബോർഡ് ബാദ്ധ്യസ്ഥമാണെന്നതാണ് നിയമം. അത് തടയാൻ ആർക്കും കഴിയില്ല.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, വൈദ്യുതിക്ഷാമം രൂക്ഷമാകുന്ന സന്ദർഭത്തിൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വൈദ്യുതി വാങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; അങ്ങനെ വാങ്ങുകയാണെങ്കിൽ കഴിഞ്ഞ പ്രാവശ്യത്തേക്കാളും കൂടിയ റേറ്റിനാണോ വാങ്ങുന്നത്; ഇപ്പോൾ അതിന്റെ സാദ്ധ്യത എന്താണ്?

ശ്രീ. എം. എം. മണി: സർ, കഴിഞ്ഞ സർക്കാരുകൾ ഇതുസംബന്ധിച്ച് ദീർഘ-ഹ്രസ്വകാല കരാറുകളുണ്ടാക്കിയിട്ടുണ്ട്. നിലവിലും അത്തരം കരാറുകളുണ്ട്. മുമ്പ് 25 വർഷക്കാലാവധിക്കുവരെ കരാറുണ്ടാക്കിയിട്ടുണ്ട്. വിശദമായി പരിശോധിച്ച്, ഹ്രസ്വകാല കരാറനുസരിച്ച് വൈദ്യുതി വാങ്ങാൻ സാദ്ധ്യതയുണ്ടെങ്കിൽ വാങ്ങുന്നതിൽ ബോർഡിന് വിരോധമില്ല; ആവശ്യമെങ്കിൽ വാങ്ങും.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, 1980 വരെ വൈദ്യുതിരംഗത്ത് സംസ്ഥാനം മിച്ച സംസ്ഥാനമായിരുന്നെങ്കിലും ഇന്നത്തെ അവസ്ഥ വളരെ ദയനീയമാണ്. നമുക്ക് ആവശ്യമായതിന്റെ 85 ശതമാനം വൈദ്യുതിയും പുറത്തുനിന്നും വാങ്ങേണ്ടി വരികയാണ്. നമ്മുടെ മനോഭാവത്തിൽ മാറ്റമുണ്ടാക്കുകയാണ് ഇതിന്

പരിഹാരം. പ്രധാനമായി തെർമൽ പ്ലാന്റിനോടുള്ള വിമുഖത മാറണം. വലിയ പദ്ധതികൾ സംസ്ഥാനത്ത് വന്നാൽ മാത്രമേ ഇതിന് ശാശ്വത പരിഹാരം കാണാൻ സാധിക്കുകയുള്ളൂ. സോളാർ പ്ലാന്റ് ഫലപ്രദമല്ല. അതിനാൽ വലിയ പദ്ധതികൾ കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എം. എം. മണി: സർ, നിശ്ചയമായും വലിയ പദ്ധതികൾ കൊണ്ടുവരും. നമ്മുടേത് വൈദ്യുതി മിച്ച സംസ്ഥാനമാണെന്ന് പറയുന്നത് ശരിയല്ല. നമുക്ക് ആവശ്യമുള്ളതിന്റെ 30 ശതമാനം വൈദ്യുതിയാണ് ഉല്പാദിപ്പിച്ചിരുന്നത്. ഇത്തവണത്തെ മഴക്കുറവുകൂടി പരിഗണിച്ചാൽ അതിലും കുറയാനുള്ള സാദ്ധ്യതയുണ്ട്. അതിനാൽ കൂടുതൽ വൈദ്യുതി പുറത്തുനിന്നും വാങ്ങേണ്ടി വരുമെന്ന കാര്യത്തിൽ സംശയമില്ല. പുതിയതായി ജലവൈദ്യുതി, സോളാർ, കാറ്റ്, താപനിലയം തുടങ്ങിയ പദ്ധതികൾ ആരംഭിക്കാൻ കഴിയുമോയെന്നും തർക്കം നിലനിൽക്കുന്ന അതിരപ്പിള്ളി പദ്ധതിയുടെ കാര്യത്തിൽ സമവായമുണ്ടാക്കാൻ സാധിക്കുമോയെന്നുമുള്ള കാര്യം ഭാവിയിൽ പരിഗണിക്കാവുന്നതാണ്.

ശ്രീ. മുരളി പെരുനെല്ലി: സർ, വൈദ്യുതി പ്രസരണ നഷ്ടംമൂലം കെ.എസ്.ഇ.ബി.-ക്ക് വൻതോതിൽ നഷ്ടം സംഭവിക്കുന്നുണ്ട്. ഇത് കുറയ്ക്കാനാവശ്യമായ എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ; അതുപോലെ വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനാവശ്യമായ ബോധവൽക്കരണം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എം. എം. മണി: സർ, വൈദ്യുതി ഉപഭോഗം കുറയ്ക്കാനുള്ള വിപുലമായ ക്യാമ്പയിൻ നടത്താൻ ബോർഡ് ആലോചിക്കുന്നുണ്ട്. ഒരു മണിക്കൂറെങ്കിലും വൈദ്യുതി ഉപഭോഗം കുറച്ചാൽ അതിന്റെ പ്രയോജനമുണ്ടാകും. അതിനായി വിപുലമായ പ്രചരണ പരിപാടികൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. സണ്ണി ജോസഫ്: സർ, പട്ടികവർഗ്ഗ കോളനികളിൽ വൈദ്യുതി കണക്ഷൻ നൽകിയെങ്കിലും കുടിശ്ശികയുടെയും മറ്റ് പല കാര്യങ്ങളുടെയും പേരിൽ ഫ്യൂസ് ഊരുന്നുവെന്ന പരാതി വ്യാപകമായുണ്ട്. കണ്ണൂർ ജില്ലാ വികസന സമിതി പലതവണ ഇക്കാര്യം ചർച്ച ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗ കോളനികളുടെ കുടിശ്ശിക എഴുതിത്തള്ളുന്നതിനോ ഒറ്റത്തവണ തീർപ്പാക്കലിലൂടെ പരിഹരിക്കുന്നതിനോ ഉള്ള നടപടി സ്വീകരിച്ച്, വിച്ഛേദിച്ച കണക്ഷൻ എത്രയുംവേഗം പുനഃസ്ഥാപിക്കുമോ?

ശ്രീ. എം. എം. മണി: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം ബോർഡിന് രേഖാമൂലം നൽകിയാൽ പരിഗണിക്കാവുന്നതാണ്. 2017 മാർച്ച് 31-ഓടുകൂടി കേരളത്തിലെ മുഴുവൻ വീടുകളിലും വൈദ്യുതി എത്തിക്കുക എന്നതാണ് ഈ സർക്കാരിന്റെ നയം. അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ കേരളത്തിൽ സജീവമായി നടന്നുവരുന്നു. പട്ടികജാതി-പട്ടികവർഗ്ഗ കോളനികളും അതിലുൾപ്പെടും.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, സോളാറും കാറ്റും ചേർത്തുള്ള ഹൈബ്രിഡ് ടെക്നോളജി സാർവ്വത്രികമാക്കുകയാണെങ്കിൽ പകൽ സോളാറിൽ നിന്നും രാത്രി കാറ്റിൽ നിന്നും വൈദ്യുതി ലഭിക്കാനുള്ള സാദ്ധ്യതയുണ്ട്. ഇത് പ്രായോഗികമാക്കാൻ സാധിക്കുമോ?

ശ്രീ. എം. എം. മണി: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം പ്രായോഗികമാണോയെന്ന് പരിശോധിക്കാവുന്നതാണ്.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി എല്ലാ സ്ഥലത്തും എം.എൽ.എ. ഫണ്ട് കൂടി നൽകണമെന്നാണ് പറഞ്ഞിട്ടുള്ളത്. എന്റെ മണ്ഡലത്തിലും അങ്ങയുടെ മണ്ഡലത്തിലും ആദിവാസികൾ കൂടുതലുണ്ട്. എന്റെ മണ്ഡലത്തിലെ കോട്ടൂർ മേഖലയിൽ വൈദ്യുതി എത്തിക്കണമെങ്കിൽ ഏകദേശം 5.5 കോടി രൂപയുടെ ചെലവ് വരും. അതിനാൽ ഇതുപോലുള്ള പ്രദേശങ്ങളിൽ കൂടുതൽ തുക നൽകാൻ കെ.എസ്.ഇ.ബി. തയ്യാറാകുമോ?

ശ്രീ. എം. എം. മണി: സർ, കെ.എസ്.ഇ.ബി. ഏതാണ്ട് 175 കോടി രൂപ മുതൽമുടക്കാനാണ് തയ്യാറായിട്ടുള്ളത്. എം.എൽ.എ., എം.പി. ഫണ്ട് കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സഹായിച്ചാൽ മാത്രമേ ഇത് പൂർണ്ണമായും വിജയിപ്പിക്കാൻ സാധിക്കുകയുള്ളൂ. ഇതിനായി എം.എൽ.എ.-മാർ നൽകിയിട്ടുള്ള ഫണ്ട് ഭാവിയിൽ സമർപ്പിക്കുന്നതിന് വിരോധമില്ലെന്ന് അറിയിക്കുകയാണ്.

ശ്രീ. ഇ. കെ. വിജയൻ: സർ, കയ്യമംഗലം മണ്ഡലത്തിലെ പെരിങ്ങലത്ത് സമ്പൂർണ്ണ സൗരോർജ്ജ പദ്ധതി നടപ്പിലാക്കിയതായി വായിച്ചു. അങ്ങനെ നടപ്പിലാക്കുന്ന പഞ്ചായത്തുകൾക്ക് ബോർഡ് പ്രത്യേകമായി എന്ത് സഹായമാണ് നൽകുന്നത്?

ശ്രീ. എം. എം. മണി: സർ, ഇക്കാര്യം പരിശോധിച്ച് പറയാം.

ശ്രീ. എ. പി. അനിൽ കുമാർ: സർ, സമ്പൂർണ്ണ വൈദ്യുതീകരണത്തെക്കുറിച്ച് സൂചിപ്പിച്ചതിനെ സ്വാഗതം ചെയ്യുന്നു. പല വീടുകളിലും വയറിംഗ് നടത്തുന്നതിനാവശ്യമായ പണമില്ലാത്ത സാഹചര്യമുണ്ടെന്നുള്ളതാണ് സമ്പൂർണ്ണ വൈദ്യുതീകരണത്തിന് തടസ്സമായി നിൽക്കുന്നത്. ഇക്കാര്യം റിപ്പോർട്ട് ചെയ്തിട്ടുള്ളത് അങ്ങേയ്ക്കും അറിയുന്നതാണ്. ഇതിനായി കുറഞ്ഞത് 5000 രൂപ പഞ്ചായത്തുകൾക്ക് കൊടുക്കാവുന്നതാണെന്ന് കെ.എസ്.ഇ.ബി. ഉത്തരവിറക്കിയതായി അറിയുന്നു. വയറിംഗ് നടത്തുന്നതിന് പഞ്ചായത്തുകൾക്ക് സഹായം നൽകാമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിക്ക് ഉത്തരവിറക്കാൻ കഴിയുമോ?

ശ്രീ. എം. എം. മണി : സർ, അതുസംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉത്തരവ് എല്ലാ പഞ്ചായത്തുകൾക്കും സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്.

ശ്രീ. വി. പി. സജീന്ദ്രൻ : സർ, കൊച്ചിൻ റിഫൈനറിയുടെ പ്രോജക്ട് പൂർത്തിയാകുമ്പോൾ petcoke എന്ന ബൈപ്രോഡക്ട് കിട്ടുന്നുണ്ട്. കഴിഞ്ഞ സർക്കാർ കൊച്ചിൻ റിഫൈനറിയോട് ചേർന്നുള്ള എഫ്.എ.സി.ടി.-യുടെ സ്ഥലമേറ്റെടുത്ത് അവിടെ petcoke ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള നടപടി സ്വീകരിച്ചിരുന്നു. ഇടുക്കി ഡാമിൽനിന്ന് ഇപ്പോൾ ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ പകുതിയോളം വൈദ്യുതി petcoke ഉപയോഗിച്ച് ഉല്പാദിപ്പിക്കാൻ കഴിയുമെന്നാണ് ആദ്യപഠനത്തിൽ കണ്ടെത്തിയത്. ആ നടപടി തുടരുമോ?

ശ്രീ. എം. എം. മണി : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ രീതിയിൽ മാത്രമല്ല, മറ്റേതെങ്കിലും സാദ്ധ്യതയിൽക്കൂടി വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുമെന്നത് പരിശോധിക്കുന്ന കാര്യത്തിൽ തുറന്ന മനസ്സാണ് സർക്കാരിനും വൈദ്യുതി വകുപ്പിനുമുള്ളത്.

ശ്രീ. പുരുഷൻ കടലുണ്ടി : സർ, രൂക്ഷമായ ജലക്ഷാമം നേരിടാൻ പോകുന്ന സാഹചര്യത്തിൽ ഊർജ്ജ പ്രതിസന്ധി തരണം ചെയ്യാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. എം. എം. മണി : സർ, മഴക്കുറവുമൂലം ജലക്ഷാമമുള്ളതിനാൽ ജലവൈദ്യുതിയുടെ കാര്യത്തിലും പ്രതിസന്ധിയുണ്ട്. എങ്കിലും ഉള്ള സാദ്ധ്യത പൂർണ്ണമായും ഉപയോഗിക്കുക, സോളാർ പദ്ധതി വിപുലീകരിക്കുക, കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള സാദ്ധ്യത പരിശോധിക്കുക, താപനിലയം സ്ഥാപിച്ച് വൈദ്യുതി ഉല്പാദനം നടത്താൻ കഴിയുമോയെന്ന് പരിശോധിക്കുക തുടങ്ങിയ എല്ലാവിധ സാദ്ധ്യതകളും ഇക്കാര്യത്തിൽ ആലോചിക്കാവുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### നോട്ട് നിരോധനം സമ്പദ്ഘടനയിൽ ഏൽപ്പിച്ച ആഘാതം

4 (*34) ശ്രീ. യു. ആർ. പ്രദീപ് :

ശ്രീ. എ. എം. ആരിഫ് :

ശ്രീ. കെ. ദാസൻ :

ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ട് നിരോധനം സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ ഏൽപ്പിച്ച ഹ്രസ്വകാല, ദീർഘകാല ആഘാതങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) നോട്ട് നിരോധനം വിവിധ മേഖലകളിൽ ഏൽപ്പിച്ച ആഘാതം കൊണ്ടുണ്ടായ നഷ്ടത്തിന് പരിഹാരമായി കേന്ദ്ര സർക്കാരിൽ നിന്നും പ്രത്യേക പാക്കേജുകളും ധനസഹായവും ആവശ്യപ്പെടുമോ;

(സി) സംസ്ഥാനത്തെ നികുതി വരുമാനത്തിലുണ്ടായ ഇടിവും അത് വികസന ക്ഷേമ പ്രവർത്തനങ്ങളെ എങ്ങനെയെല്ലാം ബാധിക്കുമെന്നും വ്യക്തമാക്കുമോ; മാന്ദ്യം മറികടക്കാനായി ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ.ടി. എം. തോമസ് ഐസക്):

(എ) നോട്ട് നിരോധനം സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ ഏൽപ്പിച്ച ഹ്രസ്വകാല ദീർഘകാല ആഘാതങ്ങൾ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നല്കുന്നതിന് സംസ്ഥാന ആസൂത്രണ ബോർഡ് ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് ലഭ്യമാക്കിയിട്ടുണ്ട്.

(ബി) നോട്ട് നിരോധനം സംസ്ഥാനത്തിന്റെ സമസ്ത മേഖലകളിലും കനത്ത ആഘാതമാണ് ഏൽപ്പിച്ചിരിക്കുന്നത്. തൻനിമിത്തം ഓരോ മേഖലയിലും ഉണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടം സംബന്ധിച്ച അന്തിമ കണക്കുകൾ ലഭ്യമാകുന്ന മുറയ്ക്ക് കേന്ദ്ര സർക്കാരിൽനിന്നും നഷ്ടപരിഹാരം ആവശ്യപ്പെടുന്ന കാര്യം സർക്കാർ ആലോചിക്കുന്നതാണ്.

(സി) നോട്ട് അസാധുവാക്കൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ ഉണ്ടാക്കിയ ഇടിവ് എത്രത്തോളമുണ്ടെന്ന് കൃത്യമായി തിട്ടപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായ

31-12-2016 വരെയുള്ള താല്ക്കാലിക കണക്കുകൾ പ്രകാരം 2016 നവംബറിൽ സംസ്ഥാന എക്സൈസ് നികുതി വളർച്ച മുൻവർഷത്തെ അപേക്ഷിച്ച് 3.15 ശതമാനം കുറവ് രേഖപ്പെടുത്തിയപ്പോൾ ഡിസംബറിൽ രജിസ്ട്രേഷൻ നികുതിയിൽ 34.63 ശതമാനത്തിന്റെ ഇടിവുണ്ടായി. 2016 ഒക്ടോബറിൽ 19.8 ശതമാനം വളർച്ച രേഖപ്പെടുത്തിയ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം ഡിസംബറിൽ കുറിച്ചത് (17.45 ശതമാനം താഴ്ന്ന്) 2.35 ശതമാനം വളർച്ച മാത്രമാണ്. 2016 ഒക്ടോബറിനെ അപേക്ഷിച്ച് നവംബറിൽ രജിസ്ട്രേഷൻ നികുതിയിൽ 30.26 ശതമാനത്തിന്റേയും ഡിസംബറിൽ വിൽപ്പന നികുതിയിൽ 17.43 ശതമാനത്തിന്റേയും രജിസ്ട്രേഷൻ നികുതിയിൽ 26.40 ശതമാനത്തിന്റേയും വാഹന നികുതിയിൽ 11.44 ശതമാനത്തിന്റേയും ആകെ തനത് വരുമാനത്തിൽ 16.33 ശതമാനത്തിന്റേയും കുറവ് ഉണ്ടായിട്ടുണ്ട്.

നോട്ട് അസാധുവാക്കലിന്റെ ഫലമായി കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സ്ഥിതി ദുർബ്ബലപ്പെടുന്നത് സംസ്ഥാനങ്ങൾക്കുള്ള ഗ്രാന്റുകളെ ബാധിക്കും. ഇതിനുപുറമേ, ആസന്നമായ സാമ്പത്തിക വളർച്ചയിലുണ്ടാകുന്ന ഇടിവ് കേന്ദ്രസർക്കാരിന്റെ നികുതി വരുമാനത്തെ പ്രതികൂലമായി സ്വാധീനിക്കും. തന്മൂലം ഇത് സംസ്ഥാനത്തിലേയ്ക്കുള്ള നികുതി കൈമാറ്റം കുറയുന്നതിനുള്ള സാഹചര്യ-ത്തിനിടയാക്കും. നോട്ട് റദ്ദാക്കലിന് ശേഷമുള്ള, സാമ്പത്തിക പ്രവർത്തനത്തി-ലുണ്ടായ മന്ദത, സ്റ്റാമ്പ് നികുതി സമാഹരണത്തിൽ വന്ന കുറവ്, റിയൽ എസ്റ്റേറ്റ് മേഖലയിലുണ്ടായ തളർച്ച, മോട്ടോർ വാഹന നികുതി വരുമാനത്തിൽ വന്ന കുറവ് എന്നിവ കാരണം തനത് നികുതി വരുമാനത്തിൽ പ്രതീക്ഷിച്ചിരുന്ന 19 ശതമാനം വളർച്ച കൈവരിക്കാനുള്ള സാധ്യത കുറവാണ്. ചുരുക്കത്തിൽ നോട്ട് റദ്ദാക്കൽ കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയെ രൂക്ഷമായി ബാധിക്കുന്നുണ്ട്. ഇതിനെല്ലാം പുറമേ നോട്ട് റദ്ദാക്കലിന് ശേഷം ദൈനംദിന ആവശ്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് വേണ്ടുന്ന കറൻസിയുടെ ലഭ്യതക്കുറവും വലിയ വെല്ലുവിളി ഉയർത്തി.

നോട്ട് അസാധുവാക്കൽ സംസ്ഥാനത്തിന്റെ സമസ്ത മേഖലകളെയും നിശ്ചലാവസ്ഥയിലാക്കുകയും സമ്പദ്‌വ്യവസ്ഥയെ മാന്ദ്യത്തിലേയ്ക്ക് തള്ളിയിടുകയും ചെയ്തിട്ടുള്ളതാണ്. പ്രസ്തുത മാന്ദ്യം തരണം ചെയ്യുന്നതിന് സർക്കാർ പദ്ധതികളി ലൂടെയുള്ള ചെലവഴിക്കൽ വർദ്ധിപ്പിക്കുകയെന്നത് അത്യന്താപേക്ഷിതമായി കാണുന്നു. എന്നാൽ നോട്ട് അസാധുവാക്കൽ നികുതി വരുമാനത്തിലുണ്ടാക്കിയ വൻ ഇടിവ് മേൽദിശയിലുള്ള പ്രവർത്തനത്തിന്റെ വ്യാപ്തിയെ സാരമായി ബാധിച്ചിട്ടുണ്ട്. പക്ഷേ ഈ പരിമിതമായ സാഹചര്യത്തിലും പരമാവധി പൊതുപണം സമ്പദ്ഘടനയിലേയ്ക്ക് ഒഴുക്കുന്നതിന് ആത്മാർത്ഥവും

ഊർജ്ജിതവുമായ പരിശ്രമം സർക്കാർ നടത്തിയിരുന്നു. എന്നാൽ റിസർവ് ബാങ്കിന്റെ നിയന്ത്രണങ്ങൾമൂലം ട്രഷറിയിലെ ക്രയവിക്രയങ്ങൾക്ക് തടസ്സം നേരിട്ടു. ട്രഷറി ഇടപാടുകൾക്ക് ഏർപ്പെടുത്തിയ നിയന്ത്രണംമൂലം സംസ്ഥാനത്തിന്റെ പദ്ധതി പ്രവർത്തനങ്ങളുടെ വേഗത മന്ദീഭവിക്കുകയും സംസ്ഥാനത്തിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങളെ മൊത്തത്തിൽ പിന്നോട്ടടിക്കുകയും ചെയ്തിട്ടുണ്ട്. എന്നിരുന്നാലും നിലവിലെ പ്രതിസന്ധി മറികടക്കുന്നതിന് ഹ്രസ്വകാല, ദീർഘകാല അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണ് സർക്കാർ കൈക്കൊണ്ടുവരുന്നത്.

ഹ്രസ്വകാല അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ

1. നോട്ട് അസാധുവാക്കലിനോടനുബന്ധിച്ച് ട്രഷറി ഇടപാടുകൾക്കുണ്ടായിരുന്ന പ്രതിബന്ധങ്ങൾ പരിഹരിക്കുന്നതിന്, റിസർവ് ബാങ്ക് പുറപ്പെടുവിച്ച ഉത്തരവുകൾക്ക് വിധേയമായി, അടിയന്തിര നടപടികൾ സ്വീകരിച്ചിരുന്നു. നോട്ട് പിൻവലിച്ചതിന്റെ ഫലമായുണ്ടായ കറൻസി ക്ഷാമം ലഘൂകരിക്കുവാൻ ഇതുമൂലം സാധിച്ചു.

2. നോട്ട് റദ്ദാക്കലിന്റെ ദുരിതം ലഘൂകരിക്കുന്നതിനായി പ്ലാന്റേഷൻ തൊഴിലാളികളുടെ കൂലി ട്രഷറി സേവിംഗ്സ് ബാങ്കിലൂടെ നൽകുന്നതിനായി ജില്ലാ കളക്ടർമാർക്ക് പലിശ രഹിത പ്രത്യേക റ്റി.എസ്.ബി അക്കൗണ്ട് തുറന്ന് കൊണ്ട് പ്ലാന്റേഷൻ തൊഴിലാളികളുടെ കൂലി നൽകുന്നതിന് നിർദ്ദേശം നൽകി.

3. പ്രാഥമിക സഹകരണ സംഘങ്ങളിൽ അക്കൗണ്ട് ഉള്ളവർക്ക് പണം പിൻവലിക്കാൻ കഴിയാതെ വന്നതിന് താൽക്കാലിക പരിഹാരമുണ്ടാക്കാനായി എല്ലാ പ്രാഥമിക സഹകരണ സംഘം അംഗങ്ങൾക്കും ഓരോ മിറർ അക്കൗണ്ട് ബന്ധപ്പെട്ട ജില്ലാ സഹകരണ ബാങ്കിൽ തുറക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കി.

4. സർക്കാരിന്റെ നയപരമായ നടപടികളിലൂടെ ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനോടൊപ്പം, സർക്കാർ സ്വതന്ത്രമായ ഇടപെടലിലൂടെ കറൻസി രഹിത ധന വ്യവഹാരങ്ങൾ വാണിജ്യ ബാങ്കുകളിലും സഹകരണ ബാങ്കുകളിലും വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തി.

ദീർഘകാല അടിസ്ഥാനത്തിൽ സ്വീകരിച്ച് വരുന്ന നടപടികൾ

1. കറൻസി പിൻവലിക്കൽ ബജറ്റിന്മേൽ സൃഷ്ടിച്ച പ്രത്യാഘാതങ്ങൾ പരിഹരിക്കുന്ന തരത്തിൽ പദ്ധതി ചെലവുകൾ നിശ്ചിത ലക്ഷ്യത്തിൽ നിലനിർത്താനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

2. നോട്ടുനിരോധനത്തിന്റെ ഫലമായുള്ള സാമ്പത്തിക മാന്ദ്യം മറികടക്കുന്നതിനായി സംസ്ഥാനത്തിന്റെ പശ്ചാത്തല വികസന മേഖലയിൽ സ്തംഭനാവസ്ഥയിലായിരുന്ന പല പ്രമുഖ പദ്ധതികളും അതിവേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ബോർഡിന്റെ (കെ.ഐ.ഐ.എഫ്.ബി.) നാലായിരത്തിലധികം കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകി.

3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കി വരുന്നു.

4. സംസ്ഥാന ട്രഷറിയിൽ ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (ഐ.എഫ്.എം.എസ്.) നടപ്പിലാക്കി. അടുത്ത സാമ്പത്തിക വർഷം മുതൽ ഇത് പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകും. ട്രഷറി സേവിംഗ്സ് ബാങ്കിംഗിനായുള്ള കോർബാങ്കിംഗ് സിസ്റ്റം എല്ലാ ട്രഷറികളിലും പൂർത്തിയാക്കി.

5. നിലവിലെ തൊഴിൽ ക്ഷാമം പരിഹരിക്കുവാൻ പ്രതിവർഷം നേരിട്ടും അല്ലാതെയുമുള്ള 1000-ന് മേൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ഏറ്റവും കുറഞ്ഞത് 1000 സൂക്ഷ്മ വ്യവസായ സംരംഭങ്ങൾ വർഷംതോറും കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ മുഖേന ആരംഭിക്കുന്നതിന് ഒരു സമഗ്ര പദ്ധതി ആലോചനയിലാണ്.

6. കോർ-ബാങ്കിംഗ് നെറ്റ്‌വർക്ക് ഉൾപ്പെടെയുള്ള എല്ലാ ആധുനിക ബാങ്കിംഗ് സൗകര്യങ്ങളോടുകൂടി വരുംവർഷം കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള ശ്രമത്തിലാണ്. സഹകരണ മേഖലയിൽ ഡിജിറ്റൽ ഇടപാടുകൾ പ്രോത്സാസാഹിപ്പിക്കും. സഹകരണ മേഖലയിൽ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നത് തുടരുകയും നിക്ഷേപങ്ങൾക്ക് ഗ്യാരണ്ടി ലഭ്യമാക്കുന്നത് പരിഗണിക്കുന്നതുമാണ്.

**കൈത്തറി-ഖാദി വ്യവസായ വികസന പദ്ധതികൾ**

5 (*35) ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. രാജു എബ്രഹാം :
ശ്രീ. എം. സ്വരാജ് :
ശ്രീ. ജെയിംസ് മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിസന്ധി നേരിടുന്ന കൈത്തറി-ഖാദി വ്യവസായം രക്ഷപ്പെടുത്താനായി ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് സൗജന്യമായി കൈത്തറി യൂണിഫോം തയ്ച്ച് നൽകാനുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; ഉല്പാദന വർദ്ധനവിനോടൊപ്പം ഉല്പാദകർക്ക് ന്യായമായ വില ലഭ്യമാക്കാനും സാധിക്കുമോ;

(സി) ഈ മേഖലയിൽ ഉല്പാദനക്ഷമതയും ഗുണ നിലവാരവും വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ഡി) ഇരുന്നൂറ് ദിവസമെങ്കിലും തൊഴിൽ ലഭ്യമാകുന്ന രീതിയിൽ കൈത്തറി-ഖാദി വ്യവസായം വികസിപ്പിക്കാനും വേതന വർദ്ധനവ് ലഭ്യമാക്കാനും സാധ്യമാകുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) പ്രതിസന്ധി നേരിടുന്ന കൈത്തറി വ്യവസായത്തെ രക്ഷപ്പെടുത്താനായി സർക്കാർ, സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 8 വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് 2 ജോഡി കൈത്തറി യൂണിഫോം സൗജന്യമായി നൽകുന്ന ഒരു പുതിയ പദ്ധതി രൂപീകരിച്ചു. ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്ക് യൂണിഫോം നൽകുക എന്നതിന് പുറമേ കൈത്തറി മേഖലയിലെ നെയ്ത്തുകാർക്ക് വർഷത്തിൽ കുറഞ്ഞത് 200 ദിവസമെങ്കിലും ജോലി നൽകി അവരുടെ വേതനം വർദ്ധിപ്പിക്കാനും ലക്ഷ്യമിട്ടിരിക്കുന്നു. 2017-18 അദ്ധ്യയന വർഷത്തിന്റെ ആരംഭത്തിൽ യൂണിഫോം തുണി വിദ്യാർത്ഥികൾക്ക് നൽകുന്നതിന് വേണ്ട തുണി കുറഞ്ഞ സമയം കൊണ്ട് ഉൽപ്പാദിപ്പിക്കാൻ വേണ്ട തറികൾ ലഭ്യമാകാത്ത സാഹചര്യത്തിൽ, പദ്ധതി, 1 മുതൽ 5 വരെയുള്ള സർക്കാർ സ്കൂളിലെ കുട്ടികൾക്കായി നിജപ്പെടുത്തിയിരിക്കുന്നു. ഈ പദ്ധതിയിലേയ്ക്ക് രണ്ടായിരത്തിലധികം നെയ്ത്തുകാർ ചേർന്നിട്ടുണ്ട്.

ഖാദി മേഖലയിലേയ്ക്ക് കൂടുതൽ തൊഴിലാളികളെ ആകർഷിക്കുന്നതിനായി മിനിമം കൂലി, വരുമാന താങ്ങ് പദ്ധതി, ഉൽപ്പാദന ഇൻസെന്റീവ്, ഉത്സവ ബത്ത, ഇ.എസ്.ഐ., ക്ഷേമനിധി എന്നിവ നടപ്പിലാക്കി വരുന്നുണ്ട്. മിനിമം കൂലി കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. 10000 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന ഖാദി ഗ്രാമം പദ്ധതി, ഉൽപ്പാദന കേന്ദ്രങ്ങളുടെ പശ്ചാത്തല സൗകര്യ വികസനത്തിന് മതിയായ പദ്ധതി വിഹിതം അനുവദിയ്ക്കുന്നത്, അഖിലേന്ത്യാ ഖാദി കമ്മീഷന്റെ ധനസഹായത്തോടെയുള്ള വർക്ക് ഷെഡ് പദ്ധതി മുതലായവ ഈ മേഖലയെ രക്ഷപ്പെടുത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളാണ്.

(ബി) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് 2 ജോഡി കൈത്തറി യൂണിഫോം തുണി സൗജന്യമായി നൽകുക മാത്രമേ പദ്ധതി ലക്ഷ്യമാക്കുന്നുള്ളൂ. തയ്ച്ച് നൽകുവാൻ ഉദ്ദേശിക്കുന്നില്ല.

(സി) കൈത്തറി മേഖലയിൽ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി തറി ആധുനികവൽക്കരണത്തിനുള്ള പദ്ധതികളും നെയ്ത്തുകാർക്കുള്ള പ്രചോദന പരിപാടിയും, വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി വിൽപ്പന പ്രദർശനങ്ങൾ എന്നിവയും ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ ഹാന്റ്‌ലൂം മാർക്കിന്റെ പ്രചരണത്തിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.

സ്കൂൾ യൂണിഫോം പദ്ധതി വരുംവർഷങ്ങളിൽ പൂർണ്ണതോതിൽ സജ്ജമാക്കുവാൻ സാധിക്കുന്നതരത്തിൽ ഈ മേഖലയിലെ 75%-ത്തിലധികം നെയ്ത്തുകാരെയും ഈ പദ്ധതിയിലേയ്ക്ക് ആകർഷിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി തൊഴിലാളിക്ക് കിട്ടേണ്ടുന്ന ആനുകൂല്യങ്ങൾ (ഇൻകം സപ്പോർട്ട് മുതലായവ) കുടിശ്ശികയില്ലാതെ അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ പരിശീലന പരിപാടികൾ, ഗുണ നിലവാരം വർദ്ധിപ്പിക്കുന്നതിനുവേണ്ടി മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള പരിശീലനവും അസംസ്കൃത സാധനങ്ങളുടെ ലഭ്യതയും ഉറപ്പുവരുത്തുന്ന പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്.

ഖാദി മേഖലയിൽ മിനിമം കൂലി, വരുമാന താങ്ങ് പദ്ധതി, ഉൽപ്പാദന ഇൻസെന്റീവ്, ഉത്സവ ബത്ത, ഇ.എസ്.ഐ., ക്ഷേമനിധി എന്നിവ നടപ്പിലാക്കി. 10000 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന ഖാദി ഗ്രാമം പദ്ധതി, ഉൽപ്പാദന കേന്ദ്രങ്ങളുടെ പശ്ചാത്തല സൗകര്യ വികസനത്തിന് മതിയായ പദ്ധതി വിഹിതം അനുവദിയ്ക്കുന്നത്, അഖിലേന്ത്യാ ഖാദി കമ്മീഷന്റെ ധനസഹായ ത്തോടെയുള്ള വർക്ക് ഷെഡ് പദ്ധതി മുതലായവ ഈ മേഖലയെ രക്ഷപ്പെടുത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളാണ്. കൂടാതെ വ്യാജ ഖാദി തടയുന്നതിന് ഈ മേഖലയിൽ പരിശോധന ശക്തമാക്കിയിട്ടുണ്ട്. കഴിഞ്ഞ ഓണം ഉത്സവ കാലത്ത് വിൽപ്പനയിൽ വൻ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. അംഗീകൃത ഖാദി സ്ഥാപനങ്ങൾ വഴി മാത്രം ഖാദി വിൽപ്പന പ്രോത്സാഹിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) കൈത്തറി മേഖലയിൽ വർഷം മുഴുവൻ തൊഴിൽ ലഭ്യമാക്കുന്നതിനായി ലക്ഷ്യമിട്ട സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കിവരുന്നു. ഇത്തരത്തിലുള്ള പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുന്നപക്ഷം നെയ്ത്തുകാർക്ക് കൂടുതൽ തൊഴിൽ നൽകി വരുമാനം വർദ്ധിപ്പിക്കാൻ സാധിക്കും.

സ്കൂൾ യൂണിഫോം പദ്ധതി വരുംവർഷങ്ങളിൽ പൂർണ്ണതോതിൽ സജ്ജമാക്കുവാൻ കഴിഞ്ഞാൽ കൈത്തറി മേഖലയിലെ ഓരോ നെയ്ത്തുതൊഴിലാളിക്കും പ്രതിവർഷം 200 ദിവസത്തിനുമേൽ തൊഴിൽ ലഭിക്കുന്നതിനുള്ള സാഹചര്യം സംജാതമാകുന്നതാണ്.

ഖാദി മേഖലയിലെ വേതനം പരിഷ്കരിക്കുന്നതിനുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

**വൈദ്യുതി മേഖലയിൽ പുതിയ പദ്ധതികൾ**

6 (*36) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. കെ. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി മേഖലയിൽ അടുത്ത വർഷം നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) വൈദ്യുതോല്പാദന മേഖലയിൽ നിലവിൽ ആവിഷ്കരിച്ചിട്ടുള്ള പുതിയ പദ്ധതികളും അതിലൂടെ ലക്ഷ്യമിടുന്ന ഭൗതിക നേട്ടവും വിശദമാക്കുമോ;

(സി) എല്ലാ വീട്ടിലും വൈദ്യുതിയെന്ന പദ്ധതി സഫലമാക്കാനായി ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; നിലവിലെ വൈദ്യുതി ക്ഷാമം, പദ്ധതി നടത്തിപ്പിനെ ബാധിക്കാനിടയുണ്ടോ;

(ഡി) സമ്പൂർണ്ണ ഭവന വൈദ്യുതീകരണത്തിനായി ഇനിയും എത്ര വീടുകളിൽ വൈദ്യുതി എത്തിക്കേണ്ടതായിട്ടുണ്ട്; ഈ പരിപാടിക്ക് പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണെന്ന് അറിയിക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) സംസ്ഥാനത്തെ വൈദ്യുതി മേഖലയിൽ അടുത്ത വർഷം കെ.എസ്.ഇ.ബി. ടെണ്ടർ ചെയ്യാനുദ്ദേശിക്കുന്ന പുതിയ ജലവൈദ്യുത പദ്ധതികൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1. | ചിന്നാർ ജലവൈദ്യുത പദ്ധതി | 24 മെഗാവാട്ട് |
| 2. | ലാഡ്രം ജലവൈദ്യുത പദ്ധതി | 3.5 മെഗാവാട്ട് |
| 3. | മാർമ്മല ജലവൈദ്യുത പദ്ധതി | 7 മെഗാവാട്ട് |

| | | |
|---|---|---|
| 4. | അപ്പർചെങ്കുളം ജലവൈദ്യുത പദ്ധതി | 24 മെഗാവാട്ട് |
| 5. | ഒലിക്കൽ ജലവൈദ്യുത പദ്ധതി | 5 മെഗാവാട്ട് |
| 6. | പൂവാരംതോട് ജലവൈദ്യുത പദ്ധതി | 3 മെഗാവാട്ട് |
| 7. | ചെമ്പുക്കടവ്-III ജലവൈദ്യുത പദ്ധതി | 7.5 മെഗാവാട്ട് |
| 8. | മരിപ്പുഴ ജലവൈദ്യുത പദ്ധതി | 6 മെഗാവാട്ട് |
| 9. | മാലൻതോട് ജലവൈദ്യുത പദ്ധതി | 7.5 മെഗാവാട്ട് |
| | ആകെ | 87.5 മെഗാവാട്ട് |

സൗരോർജ്ജ മേഖലയിൽ കെ.എസ്.ഇ.ബി. നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| i. കെ.എസ്.ഇ.ബി.എൽ. നേരിട്ട് നടപ്പിലാക്കുന്നത് | 5.22 MW |
| ii. സ്വകാര്യ സംരംഭകരിൽ നിന്നും | 10 MW |
| iii. പുരപ്പുറം സോളാർ പദ്ധതി (ബി.പി.എൽ.) | 5 MW |
| iv. കാസർഗോഡ് സൗരോർജ്ജ പാർക്കിൽ നിന്നും | 50 MW |
| v. പവ്വർ പർച്ചേസ് എഗ്രിമെന്റ് വഴി സ്വകാര്യ സംരംഭകരിൽ നിന്നും | 175 MW |
| ആകെ | 245.22 MW |

കെ.എസ്.ഇ.ബി.- യുടെ കാറ്റിൽ നിന്നുള്ള പദ്ധതികൾ

| | |
|---|---|
| i. പൂവാറിലെ ചെറു കാറ്റാടിപ്പാടം | 1 MW |
| ii. കഞ്ചിക്കോട് സ്ഥാപിത ശേഷി | 2.625 MW |
| iii. കഞ്ചിക്കോട് പുതിയ പദ്ധതി | 2.5 MW |
| ആകെ | 6.125 MW |

2017-18 സാമ്പത്തിക വർഷത്തിൽ വിവിധ വോൾട്ടേജിലുള്ള 33 സബ്സ്റ്റേഷനുകളുടെയും അനുബന്ധ ലൈനുകളുടെയും നിർമ്മാണം പൂർത്തീകരിക്കുവാൻ കെ.എസ്.ഇ.ബി. ലക്ഷ്യമിടുന്നു. ഇവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| വോൾട്ടേജ് | സബ് സ്റ്റേഷനുകളുടെ എണ്ണം | ലൈനിന്റെ ദൈർഘ്യം (ckm) |
|---|---|---|
| 220 കെ.വി. | 1 | 44 |
| 110 കെ.വി. | 16 | 506.53 |
| 66 കെ.വി. | 4 | 30.00 |
| 33 കെ.വി. | 12 | 116.66 |
| ആകെ | 33 | 697.19 |

കൂടാതെ വിവിധ സബ്സ്റ്റേഷനുകളിലെ ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കാനും പഴക്കമേറിയ ലൈനുകൾ റീ കണക്ടിംഗ് നടത്തി നവീകരിക്കുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്.

എല്ലാ ഉപഭോക്താക്കൾക്കും സെക്ഷൻ ഓഫീസിൽ എത്താതെ തന്നെ സേവനങ്ങൾ ലഭ്യമാക്കുവാൻ ഓൺലൈൻ സംവിധാനം വിപുലപ്പെടുത്തും. വൈദ്യുതി കണക്ഷനുകൾ ലഭിക്കാനുള്ള നടപടികൾ കൂടുതൽ ലഘൂകരിച്ച്, കൂടുതൽ വേഗത്തിൽ വൈദ്യുത കണക്ഷനുകൾ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കും.

ഇതുകൂടാതെ അടുത്ത വർഷത്തെ (2017-18) വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഉദ്ദേശം മൂന്നുലക്ഷം പുതിയ വൈദ്യുത കണക്ഷനുകൾ നൽകാനും, 2725 km ഹൈടെൻഷൻ ലൈനും, 2594 km ലോടെൻഷൻ ലൈനും (415/230 V) നിർമ്മിക്കാനും, 1754 km സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റാനും, നിലവിലുള്ള 1005 km ഹൈടെൻഷൻ ലൈനും (11/22/33 KV), 7519 km ലോടെൻഷൻ ലൈനും (415/230 V) മെച്ചപ്പെട്ട ചാലകശേഷിയുള്ള കമ്പിയുപയോഗിച്ച് മാറ്റി വലിക്കാനും, 2508 ട്രാൻസ്ഫോർമറുകൾ പുതുതായി സ്ഥാപിക്കാനും കെ.എസ്.ഇ.ബി.എൽ. ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ ചെലവ് 727.40 കോടി രൂപ വരുമെന്ന് പ്രതീക്ഷിക്കുന്നു.

വൈദ്യുത മേഖലയിൽ, വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് കെ.എസ്.ഇ.ബി. അടുത്ത വർഷം താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഉദ്ദേശിക്കുന്നു:

1. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് പട്ടണങ്ങളിൽ സ്കാഡ കൺട്രോൾ സെന്റർ പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കാനുള്ള പദ്ധതി.
2. സ്മാർട്ട് സിറ്റി പ്രദേശത്ത് സ്മാർട്ട് ഗ്രിഡ് സംവിധാനം നടപ്പിലാക്കാനുള്ള പദ്ധതി ആരംഭിക്കും.

3. 22 ടൗണുകളിൽ ഫേസ്-II ഐ.ടി. പദ്ധതികൾ നടപ്പിൽ വരുത്തുന്ന പദ്ധതി ആരംഭിക്കും.

4. എച്ച്.ടി./ഇ.എച്ച്.ടി. ഉപഭോക്താക്കൾക്കായി ഓട്ടോമേറ്റഡ് മീറ്റർ റീഡിംഗ് (എ.എം.ആർ.) സംവിധാനം നടപ്പിലാക്കാനുള്ള പദ്ധതി.

5. തെരഞ്ഞെടുത്ത ഉപഭോക്താക്കൾക്കായി സ്മാർട്ട് മീറ്റർ സംവിധാനം നടപ്പിലാക്കാനുള്ള പദ്ധതി.

6. എനർജി ഓഡിറ്റിംഗ് ലക്ഷ്യമാക്കി സംസ്ഥാനമൊട്ടാകെ എച്ച്.റ്റി. ഫീഡറുകളിലും ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളിലും എ.എം.ആർ. മീറ്ററുകൾ സ്ഥാപിക്കാനുള്ള പദ്ധതി.

7. നാഷണൽ ഇൻഫർമേഷൻ ഇൻഫ്രാസ്ട്രക്ചർ (NII) ഭാഗമായി ഗവൺമെന്റ് ഓഫീസുകളെ ഒപ്റ്റിക്കൽ ഫൈബർ കേബിൾ വഴി ബന്ധിപ്പിക്കാനുള്ള പദ്ധതി.

8. വൈദ്യുതി ബിൽ അടയ്ക്കാനുള്ള സംവിധാനത്തോടെയുള്ള മൊബൈൽ ആപ്ലിക്കേഷൻ ഉപഭോക്താക്കൾക്കായി സമർപ്പിക്കുന്ന പദ്ധതി.

9. എന്റർപ്രൈസസ് റിസോഴ്സ് പ്ലാനിംഗ് (ഇ.ആർ.പി.) നടപ്പിൽ വരുത്തുന്ന പദ്ധതി.

2017-18 സാമ്പത്തിക വർഷം അനെർട്ട് മുഖേന സോളാർ പി.വി. പവർ പ്ലാന്റ് സിസ്റ്റംസ്, വിന്റ് ഹൈബ്രിഡ് സംവിധാനങ്ങൾ എന്നിവ പരസ്യ പ്രചരണങ്ങൾ, സൗജന്യ ഇൻഷ്വറൻസ്, ഇൻസെന്റീവുകൾ എന്നിവ നൽകി വ്യാപകമായ തോതിൽ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നു. 19.80 കോടി രൂപ ഇതിനായി വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നു.

(ബി) വൈദ്യുതി ഉൽപ്പാദന മേഖലയിൽ നിലവിൽ 16 പുതിയ ജലവൈദ്യുത പദ്ധതികൾ കെ.എസ്.ഇ.ബി. ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതികൾ നടപ്പാക്കുന്നതുവഴി 156.5 മെഗാവാട്ട് സ്ഥാപിതശേഷി വർദ്ധനവാണ് ലക്ഷ്യമിടുന്നത്. പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.* കൂടാതെ 163 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. ഇവ കൂടാതെ നിർമ്മാണം നടന്നുവരുന്ന 6 ജലവൈദ്യുത പദ്ധതികൾ പൂർത്തിയാകുന്നതുവഴി 59 മെഗാവാട്ട് സ്ഥാപിതശേഷി വർദ്ധനവും, മുടങ്ങിക്കിടക്കുന്ന 3 ജലവൈദ്യുത പദ്ധതികൾ പുനരാരംഭിച്ച് പൂർത്തിയാകുന്ന മുറയ്ക്ക് 106 മെഗാവാട്ട് സ്ഥാപിതശേഷി വർദ്ധനവുമാണ് ലഭിക്കുന്നത്. ഈ പദ്ധതിയുടെ ലിസ്റ്റും അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പാരമ്പര്യേതര ഊർജ്ജം പരമാവധി ഉത്പാദിപ്പിച്ച് പരിസ്ഥിതിയ്ക്ക് കോട്ടം തട്ടാത്ത ഒരു ഭൗതിക സാഹചര്യം രൂപപ്പെടുത്തുന്ന നയമാണ് സ്വീകരിച്ചിട്ടുള്ളത്. ഈ ദിശയിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നേരിട്ടും മറ്റ് സ്ഥാപനങ്ങൾ വഴിയും സൗരോർജ്ജത്തിൽ നിന്നും 245.22 MW-ഉം കാറ്റിൽ നിന്നും 6.125MW-ഉം സ്ഥാപിതശേഷിയുള്ള പദ്ധതികൾ വിഭാവന ചെയ്തിട്ടുണ്ട്.

2016-17 വർഷത്തെ പദ്ധതിയുടെ ഭാഗമായി 2 കിലോവാട്ട് മുതൽ 100 കിലോവാട്ട് വരെ ശേഷിയുള്ള ശൃംഖലാ ബന്ധിത സോളാർ പവർ പ്ലാന്റുകൾ (ആകെ ശേഷി: 5000 കിലോവാട്ട്) കേന്ദ്ര സംസ്ഥാന സർക്കാർ സബ്സിഡിയോടെ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സ്ഥാപിച്ച് നൽകാനും 1 കിലോവാട്ട് മുതൽ 5 കിലോവാട്ട് വരെ ശേഷിയുള്ള ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ (ആകെ ശേഷി: 6400 കിലോവാട്ട്) കേന്ദ്ര സംസ്ഥാന സർക്കാർ സബ്സിഡിയോടെ സ്ഥാപിച്ച് നൽകുന്നതിനും അനെർട്ട് ലക്ഷ്യമിടുന്നു. കൂടാതെ ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിലെ ഒറ്റപ്പെട്ട വിദൂരസ്ഥമായ വീടുകളിൽ സോളാർ വൈദ്യുതീകരണം നടത്താനും ഉദ്ദേശിക്കുന്നു. ആകെ 2000 വീടുകളാണ് ഇത്തരത്തിൽ വൈദ്യുതീകരിക്കാൻ അനെർട്ട് ലക്ഷ്യമിടുന്നത്.

(സി) 2017 മാർച്ച് മാസത്തോടുകൂടി കേരളത്തിലെ എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുക എന്ന ലക്ഷ്യത്തോടെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിനായി ഗുണഭോക്താക്കളെ കണ്ടെത്തുക, ധനസ്രോതസ്സുകൾ കണ്ടെത്തുക, വിതരണ ശൃംഖല വിപുലീകരിക്കാൻ സാധ്യമായ സ്ഥലങ്ങളിലെല്ലാം ആ വിധത്തിലും, ആയത് സാധ്യമാകാത്ത സ്ഥലങ്ങളിൽ വികേന്ദ്രീകൃത വൈദ്യുതി ഉത്പാദനവും വിതരണവും വഴിയും വൈദ്യുതി എത്തിക്കുക, വയറിംഗ് പൂർത്തിയാക്കാൻ പണം കണ്ടെത്താനാകാത്ത ഗുണഭോക്താക്കൾക്ക് ആയതിനുള്ള ധനസ്രോതസ്സ് കണ്ടെത്താൻ സഹായിക്കുക, വയറിംഗ് പൂർത്തിയാക്കുന്ന മുറയ്ക്ക് വൈദ്യുതി കണക്ഷൻ നൽകുക എന്നിങ്ങനെ സാമൂഹിക ഉന്നമനത്തിനായി ഒരു ബൃഹത് പദ്ധതിയാണ് സമ്പൂർണ്ണ വൈദ്യുതീകരണം കൊണ്ട് ഉദ്ദേശിക്കുന്നത്.

കേരളത്തിലെ എല്ലാ ഭവനങ്ങളിലും വൈദ്യുതി എത്തിക്കുന്നതിന്റെ ആദ്യ ഘട്ടം ഗുണഭോക്താക്കളെ കണ്ടെത്തുകയായിരുന്നു. ലഘുവായ ഒരു അപേക്ഷ ഫാറം മുഖാന്തിരം സെക്ഷൻ ഓഫീസിൽ നേരിട്ടും ജനപ്രതിനിധികൾവഴിയും കെ.എസ്.ഇ.ബി.-യുടെ "Customer Care Centre" വഴിയും അപേക്ഷ സമർപ്പിക്കാൻ അവസരം ഒരുക്കിയിരുന്നു. പദ്ധതിയ്ക്ക് വേണ്ടി കെ.എസ്.ഇ.ബി. വഹിക്കുന്ന തുക കൂടാതെയുള്ള ഫണ്ട് തദ്ദേശ സ്വയംഭരണ വകുപ്പ്, പട്ടിക ജാതി,

പട്ടിക വർഗ്ഗ ക്ഷേമ വകുപ്പുകൾ, നിയമസഭാംഗങ്ങളുടെ പ്രത്യേക വികസന ഫണ്ട്, ആസ്തി വികസന ഫണ്ട്, സന്നദ്ധ സംഘടനകൾ നൽകുന്ന തുക, ഇവയിൽ നിന്നാണ് കണ്ടെത്തുന്നത്. വനത്തിലൂടെ വൈദ്യുതി ലൈൻ വലിക്കുന്നതിനായി വനം വകുപ്പിന്റെയും സ്വകാര്യ വസ്തുക്കളിൽ കൂടി ലൈൻ വലിക്കുമ്പോഴുള്ള തർക്ക പരിഹാരത്തിനായി റവന്യൂ വകുപ്പിന്റെയും സഹകരണം ലഭ്യമാക്കിയിട്ടുണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സ്വന്തമായി വീട് വയറിംഗ് നടത്താൻ പ്രാപ്തിയില്ലാത്തവരുടെ വീടുകൾ വയറിംഗ് നടത്തി നൽകുന്നതിനായി കെ.എസ്.ഇ.ബി. തദ്ദേശ സ്വയംഭരണ, പട്ടിക ജാതി, പട്ടിക വർഗ്ഗ ക്ഷേമ വകുപ്പുകളുടെയും, REC, NTPC, PFC എന്നീ സ്ഥാപനങ്ങളുടെയും സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്.

കടുത്ത വരൾച്ചയെ തുടർന്ന് ഈ വേനൽക്കാലത്ത് വൈദ്യുതി ലഭ്യതയിൽ കുറവ് വന്നിട്ടുണ്ടെങ്കിലും, സമ്പൂർണ്ണ വൈദ്യുതീകരണം ലക്ഷ്യമിടുന്നത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഗാർഹിക ഉപഭോക്താക്കളെ ആണെന്നതിനാലും, മെച്ചപ്പെട്ടതും വൈദ്യുത ഉപഭോഗം കുറച്ച മാത്രം ആവശ്യമുള്ള LED ബൾബുകളും മറ്റും ഗുണഭോക്താക്കൾ ഉപയോഗിക്കുമെന്ന് പ്രതീക്ഷിക്കുന്നതിനാലും, പ്രസ്തുത പദ്ധതിമൂലം വരുന്ന അധിക വൈദ്യുത ഉപഭോഗം താരതമ്യേന കുറവായിരിക്കുമെന്നും അതിനാൽ വൈദ്യുത ലഭ്യതയിൽ വന്ന കുറവ് പദ്ധതിയെ പ്രതികൂലമായി ബാധിക്കുകയില്ലെന്നുമാണ് കരുതുന്നത്. വൈദ്യുതി ലഭ്യമല്ലാത്ത ഒറ്റപ്പെട്ട ഉൾനാടൻ ഗ്രാമങ്ങളിലും ആദിവാസി കോളനികളിലും വൈദ്യുതി ലൈൻ വഴി വൈദ്യുതി എത്തിക്കുന്നതിന് സാധ്യമല്ലാത്ത 447 വീടുകൾ കണ്ടെത്തിയിട്ടുണ്ട്. ടി വീടുകളിൽ MNRE എംപാനൽ ചെയ്ത കരാറുകാരിൽ നിന്നും ലിമിറ്റഡ് ടെണ്ടർ വഴി വൈദ്യുതീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിലെ ഒറ്റപ്പെട്ട, പ്രസരണ വൈദ്യുതിയെത്താത്ത വീടുകൾ സൗരോർജ്ജ വൈദ്യുതി ഉപയോഗിച്ച് വൈദ്യുതീകരിക്കാൻ അനെർട്ട് ഉദ്ദേശിക്കുന്നു. ഇപ്രകാരം 2000 വീടുകളിൽ സൗരവൈദ്യുതി എത്തിക്കുന്നതിന്, നിലവിലെ പ്രസരണ വൈദ്യുതി ആവശ്യമില്ലാത്തതിനാൽ, വൈദ്യുതിക്ഷാമം പദ്ധതി നടത്തിപ്പിനെ ബാധിക്കുകയില്ല.

(ഡി) പദ്ധതിയിൽ രജിസ്റ്റർ ചെയ്ത 127000-ഓളം അപേക്ഷകരിൽ 72,000-ത്തോളം വീടുകളിൽ കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഇനി 54148 വീടുകളിൽക്കൂടി വൈദ്യുതി എത്തിക്കേണ്ടതായിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിനായി

174 കോടി രൂപയുടെ ചെലവാണ് പ്രതീക്ഷിക്കുന്നത്. ഇതിൽ വീടുകളുടെ വയറിംഗ് നടത്തുന്നതിനായുള്ള തുക ഉൾപ്പെടുത്തിയിട്ടില്ല.

സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി വൈദ്യുതി എത്തിയിട്ടില്ലാത്ത ഉൾനാടൻ ഗ്രാമങ്ങളിൽ വൈദ്യുതി എത്തിക്കുന്നതിനായി 447 ഗാർഹിക ഉപഭോക്താക്കളുണ്ടെന്ന് ഇതിനോടകം കണ്ടെത്തിയിട്ടുണ്ട്. ഇതിനായി ഉദ്ദേശം 2.8247 കോടി രൂപ ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ട്.

**കേരള ബാങ്ക്**

7 (*37) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കറൻസി രഹിതയിടപാട് പ്രോത്സാഹിപ്പിക്കുന്ന കേന്ദ്ര നയമുത്തിന്റെ പശ്ചാത്തലത്തിൽ സഹകരണ മേഖല നേരിടുന്ന പ്രതിസന്ധി കൂടി കണക്കിലെടുത്ത് കേരള ബാങ്ക് യാഥാർത്ഥ്യമാക്കാൻ ദ്രുതഗതിയിലുള്ള നടപടിയുണ്ടാകുമോ;

(ബി) ബാങ്ക് രൂപീകരണം സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഏൽപ്പിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) വൈദ്യനാഥൻ കമ്മീഷൻ, ബക്ഷി കമ്മിറ്റി റിപ്പോർട്ടുകൾ നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തെ സഹകരണ മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ കേരള ബാങ്ക് രൂപീകരണം വഴി എത്രമാത്രം സാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാദ്ധ്യതകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു വിദഗ്ദ്ധ കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

(ബി) ഇല്ല. കമ്മിറ്റിയുടെ കാലാവധി 27-4-2017 വരെ വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്.

(സി) വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള കേന്ദ്രസർക്കാരിന്റെ സാമ്പത്തിക പാക്കേജും, ബക്ഷി കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകളും നടപ്പിലാക്കാൻ കേരള സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടില്ല. ബക്ഷി കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ നിർബന്ധമായും നടപ്പിലാ-ക്കേണ്ടതില്ലെന്ന് നബാർഡ് അറിയിച്ചിട്ടുണ്ട്. കേരള സഹകരണ ബാങ്ക് രൂപീകരണം മുഖേന ത്രിതല വായ്പ മേഖലയിലെ ഒരു തട്ട് ഒഴിവാകുന്നതോടെ വായ്പാക്കാർക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകാൻ കഴിയുമെന്നും, ടി ബാങ്കിന് ബാങ്കിംഗ് രംഗത്ത് മത്സരക്ഷമത ഉറപ്പുവരുത്താൻ ഉതകുന്ന ആധുനിക സൗകര്യങ്ങളും സേവനങ്ങളും നൽകാൻ കഴിയുമെന്നും ഗ്രാമീണ ജനതയുടെ വികസന സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കുന്ന ശക്തമായ പ്രാഥമിക സഹകരണ സംഘങ്ങൾ എന്ന ലക്ഷ്യം കൈവരിക്കാൻ കഴിയുമെന്നും വിലയിരുത്തുന്നു.

## ഉത്തരവാദിത്ത ടൂറിസം പദ്ധതി

8 *(38) ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. വി. ജോയി :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2007-ൽ ആരംഭിച്ച ഉത്തരവാദിത്ത ടൂറിസം പദ്ധതിയെക്കുറിച്ച് അവലോകനം നടത്തിയിരുന്നോയെന്നും പദ്ധതി സംബന്ധിച്ച് മുംബൈ ഐ.ഐ.റ്റി.യുടെ പഠന റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെ-യാണെന്നും വിശദമാക്കുമോ;

(ബി) ഈ പദ്ധതി വ്യാപിപ്പിക്കാൻ പരിപാടിയുണ്ടോ; വിശദമാക്കുമോ;

(സി) പ്രദേശവാസികൾക്ക് കൂടുതൽ തൊഴിലും വരുമാനവും ലഭ്യമാക്കുന്ന-തോടൊപ്പം ആയുർവേദ സെന്ററുകൾ, റെസ്റ്റോറന്റുകൾ, ഹോട്ടലുകൾ, ഹൗസ് ബോട്ടുകൾ തുടങ്ങിയ സേവനദാതാക്കൾ വ്യാപകമായി നടത്തുന്ന ചൂഷണം അവസാനിപ്പിച്ച് ഈ പദ്ധതി ടൂറിസം പ്രൊമോഷന് പ്രയോജനപ്രദമാക്കാൻ സഹായകരമായിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) അവലോകനം നടത്തിയിട്ടുണ്ട്. മുംബൈ ഐ.ഐ.റ്റി.-യുടെ പഠന റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഉത്തരവാദിത്ത ടൂറിസം പദ്ധതി ഇപ്പോൾ തെരഞ്ഞെടുക്കപ്പെട്ട 7 ഡെസ്റ്റിനേഷനുകളിലാണ് നടന്നുവരുന്നത്. ഇത് സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കുന്നതിനായി ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്. കേരളത്തിലെ 50 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഉത്തരവാദിത്ത ടൂറിസം വിപുലീകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 'ദൈവത്തിന്റെ സ്വന്തം നാട്, ജനങ്ങളുടെ സ്വന്തം ടൂറിസം' പദ്ധതിയിൽ ഉൾപ്പെടുത്തി 112 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉത്തരവാദിത്ത ടൂറിസം വ്യാപിപ്പിക്കുവാൻ തീരുമാനിച്ചു. ഇതിന്റെ ഭാഗമായി 7 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം നടന്നുവരുന്നു.

(സി) പ്രദേശവാസികൾക്ക് കൂടുതൽ തൊഴിലും വരുമാനവും ലഭ്യമാക്കുന്നതിനുവേണ്ടി തെരഞ്ഞെടുക്കപ്പെട്ട ഉത്തരവാദിത്ത ടൂറിസം കേന്ദ്രങ്ങളിൽ ടൂറിസം വ്യവസായത്തിന് ആവശ്യമായ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് പരിശീലനം നൽകി വരുന്നുണ്ട്. കൂടാതെ ഇത്തരം ഉൽപ്പന്നങ്ങൾ ഹോട്ടലുകളുമായി ബന്ധിപ്പിക്കുന്നതിനുള്ള ശൃംഖലയും പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയിട്ടുണ്ട്. തദ്ദേശവാസികൾക്ക് പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട ജോലി ലഭിക്കുന്നതിന് വേണ്ടി വില്ലേജ് ലൈഫ് എക്സ്പീരിയൻസ് എസ്കോർട്ട്, നാച്വറലിസ്റ്റ് തുടങ്ങിയ മേഖലയിൽ പരിശീലനം നൽകിയിട്ടുണ്ട്. ആയുർവേദ സെന്ററുകൾ, റെസ്റ്റോറന്റുകൾ, ഹോട്ടലുകൾ, ഹൗസ് ബോട്ടുകൾ തുടങ്ങിയവ ഉത്തരവാദിത്വത്തോടെ പ്രവർത്തിക്കുന്നതിനും ടൂറിസ്റ്റുകളെ ചൂഷണം ചെയ്യുന്നത് ഒഴിവാക്കുന്നതിനുമായി ഉത്തരവാദിത്ത ടൂറിസം ക്ലാസിഫിക്കേഷൻ സ്കീം പ്രസ്തുത മേഖലകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ടൂറിസം പ്രൊമോഷന് സഹായകരമായ വിധത്തിൽ ഉത്തരവാദിത്ത ടൂറിസത്തെ മാറ്റിയെടുക്കാനായിട്ടുണ്ട്. ഇന്ന് ലോക ടൂറിസം മാർക്കറ്റിൽ ഏറ്റവും അധികം കേരളത്തിന്റെ പേര് ചർച്ച ചെയ്യുന്നതിന് കാരണമായിട്ടുള്ളത് ഉത്തരവാദിത്ത ടൂറിസത്തിന് ലഭിച്ചിട്ടുള്ള അവാർഡുകളാണ്. 2013-ൽ പദ്ധതിക്ക് ലഭിച്ച "UNWTO ഉല്ലീസിസ് അവാർഡ്" കേരളത്തെ സുസ്ഥിര ടൂറിസം വികസനത്തിന്റെ മാതൃകയായി ആഗോളതലത്തിൽ പ്രതിഷ്ഠിക്കുന്നതിന് സഹായകരമായിട്ടുണ്ട്. ഇതിനുപുറമേ ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായ വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജുകൾ ടൂറിസം വിപണിയിൽ ചർച്ച ചെയ്യപ്പെടുന്ന പാക്കേജുകളിലൊന്നാണ്.

**ടെക്സ്റ്റൈൽ മേഖലയുടെ പുനരുദ്ധാരണം**

9 (*39) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടെക്സ്റ്റൈൽ മേഖല നേരിടുന്ന ഗുരുതരമായ സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടെക്സ്റ്റൈൽ മേഖലയുടെ പുനരുദ്ധാരണത്തിന് എന്തൊക്കെ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്;

(സി) ടെക്സ്റ്റൈൽ കോർപ്പറേഷന്റെ അധീനതയിലുള്ള പൂട്ടിക്കിടക്കുന്ന തുണിമില്ലുകൾ തുറക്കുവാനുള്ള നടപടികൾ എത് ഘട്ടത്തിലാണ്;

(ഡി) സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി ടെക്സ്റ്റൈൽ കോർപ്പറേഷന്റെ മില്ലുകൾക്ക് പുതുജീവൻ നൽകുവാൻ ഉപയുക്തമാകുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ എത്ര കോടി രൂപയ്ക്കുള്ള സ്കൂൾ യൂണിഫോം തുണികൾക്കാണ് പ്രസ്തുത മില്ലുകൾക്ക് ഓർഡർ ലഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ടെക്സ്ഫെഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന 7 സഹകരണ സ്പിന്നിംഗ് മില്ലുകൾക്കും 2 ടെക്സ്റ്റൈൽ മില്ലുകൾക്കും 4 സംയോജിത യന്ത്രത്തറി സഹകരണ സംഘങ്ങൾക്കും താഴെപ്പറയുന്ന പദ്ധതികൾ വിഭാവന ചെയ്തിട്ടുണ്ട്.

1. ആധുനികവത്ക്കരണം
2. പുനരുദ്ധാരണം
3. സാങ്കേതികവിദ്യ ഉദ്ഗ്രഥനം
4. സംയോജിത യന്ത്രത്തറി സംഘങ്ങളുടെ ആധുനികവൽക്കരണം

കൂടാതെ പ്രാഥമിക പവ്വർലൂം സഹകരണ സംഘങ്ങൾക്കുള്ള സർക്കാർ ഓഹരി പങ്കാളിത്തം, നെയ്ത്തുകാർക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി തുടങ്ങിയവയും, പവ്വർലൂം ബിസിനസ്സ് ഇൻകുബേറ്റർ/യന്ത്രത്തറി വ്യവസായത്തിൽ പരിശീലനത്തിനുള്ള സഹായവും സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള മാർജിൻ മണി സഹായവും നൽകിവരുന്നുണ്ട്.

(സി) കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെ കീഴിലുള്ള മില്ലുകൾ തുറന്ന് പ്രവർത്തിക്കുന്നതിനുള്ള നൂൽ വാങ്ങുവാൻ അടിയന്തര ധനസഹായം സർക്കാർ നൽകുകയും ഇതിനോടകം തന്നെ മില്ലുകളിൽ താഴെ പറയുന്നവ തുറന്ന് പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

എ. മലബാർ സ്പിന്നിംഗ് & വീവിംഗ് മിൽസ്, കോഴിക്കോട്

ബി. കോട്ടയം ടെക്സ്റ്റൈൽസ്, വേദഗിരി

സി. ഇടരിക്കോട് ടെക്സ്റ്റൈൽസ്, മലപ്പുറം

ഡി. പ്രഭുറാം മിൽസ്, ചെങ്ങന്നൂർ

ഇ. കോമളപുരം സ്പിന്നിംഗ് & വീവിംഗ് മിൽ, ആലപ്പുഴ

(ഡി) ഉണ്ട്. സൗജന്യ യൂണിഫോം പദ്ധതി 2018 അദ്ധ്യയന വർഷം മുതൽ പൂർണ്ണതോതിൽ പ്രാവർത്തികമാക്കുമ്പോൾ സംസ്ഥാനത്തെ പൊതുമേഖലയിൽ പ്രവർത്തിക്കുന്ന സ്പിന്നിംഗ് മില്ലുകൾക്ക് പുതുജീവൻ നൽകാൻ കഴിയുന്നതാണ്. സ്കൂൾ യൂണിഫോമിന് ആവശ്യമുള്ള നൂൽ ഈ മില്ലുകൾ ഉൽപ്പാദിപ്പിക്കുന്ന പക്ഷം ഈ മില്ലുകളിൽ നിന്നും വാങ്ങാവുന്നതാണ്. എന്നാൽ കൈത്തറി തുണി തന്നെ നിഷ്കർഷിച്ചിരിക്കുന്നതിനാൽ തുണി ഉൽപ്പാദനം കോർപ്പറേഷൻ മില്ലുകൾക്ക് നൽകാൻ സാധിക്കില്ല. (യന്ത്രത്തുണി ആയതിനാൽ). ഇപ്പോൾ പൊതുമേഖലയിലുള്ള ടെക്സ്റ്റൈൽ മില്ലുകളിൽ നിന്നും സ്കൂൾ യൂണിഫോം തുണിക്ക് ഓർഡർ നൽകിയിട്ടില്ല.

**സഹകരണ ബാങ്കുകളുടെ വിശ്വാസ്യത വീണ്ടെടുക്കുന്നതിനുള്ള നടപടി**

10 (*40) ശ്രീ. വി. ടി. ബൽറാം :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണക്കിൽപ്പെടാത്ത പണം കൈവശം വച്ചിട്ടുള്ളവർക്ക് അത് നിക്ഷേപിച്ച് ശിക്ഷാനടപടികളിൽ നിന്നൊഴിവാകാൻ കേന്ദ്രസർക്കാർ പ്രഖ്യാപിച്ച പ്രധാനമന്ത്രി ഗരീബ് കല്യാൺ യോജനയിൽനിന്നും സഹകരണ ബാങ്കുകളെ ഒഴിവാക്കിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കള്ളപ്പണം വെളുപ്പിക്കുവാൻ സഹകരണ ബാങ്കുകൾ കൂട്ടുനിന്നു എന്ന ആദായനികുതി വകുപ്പിന്റെ കണ്ടെത്തലിനെ തുടർന്നാണ് പ്രസ്തുത പദ്ധതിയിൽ നിന്നും സഹകരണ ബാങ്കുകളെ ഒഴിവാക്കിയതെന്നത് വസ്തുതയാണോ;

(സി) സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ കള്ളപ്പണം വെളുപ്പിക്കുവാൻ കൂട്ടുനിന്നതായ ഏതെങ്കിലും പരാതി 2016 നവംബർ എട്ടിനുശേഷം ഉണ്ടായിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ സംസ്ഥാനത്തെ സഹകരണ ബാങ്കുകളെ ഈ പദ്ധതിയിൽ നിന്നും ഒഴിവാക്കിയതിലുള്ള പ്രതിഷേധം കേന്ദ്രസർക്കാരിനെ അറിയിക്കുവാനും സംസ്ഥാന സഹകരണ ബാങ്കുകളുടെ വിശ്വാസ്യത വീണ്ടെടുക്കുന്നതിനുമുള്ള നടപടി കൈക്കൊള്ളുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) ഉണ്ട്.

(ബി) കേന്ദ്ര സർക്കാരിന്റെയോ റിസർവ് ബാങ്കിന്റെയോ ഈ പദ്ധതിയുമായി ബന്ധപ്പെട്ട നോട്ടിഫിക്കേഷനുകളിൽ സഹകരണ ബാങ്കുകളെ ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

(സി) സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ കള്ളപ്പണം വെളുപ്പിക്കാൻ കൂട്ടുനിന്നതായുള്ള പരാതികൾ ലഭിച്ചിട്ടില്ല.

(ഡി) നോട്ടുനിരോധനത്തിന് അനുബന്ധമായി സംസ്ഥാനത്തെ സഹകരണ ബാങ്കുകളോട് കാണിച്ച വേർതിരിവിനെ സംബന്ധിച്ച് അതൊഴിവാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ സംസ്ഥാനത്തെ സഹകരണ ബാങ്കുകളെ ഗരീബ് കല്യാൺ യോജനയിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാരിനോടാവശ്യപ്പെടാനുള്ള നിർദ്ദേശം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. കേരളത്തിലെ സഹകരണ ബാങ്കുകളുടെ വിശ്വാസ്യത വീണ്ടെടുക്കുന്നതിനായി 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 10 വരെ സഹകരണ മേഖല സംരക്ഷണ ക്യാമ്പയിൻ സംഘടിപ്പിച്ചു. 2016 ഡിസംബർ 18 സഹകരണ മേഖല സംരക്ഷണ ദിനമായി ആചരിച്ചു. സഹകരണ ബാങ്കുകളിലെ നിക്ഷേപം സുരക്ഷിതമാണെന്നുൾപ്പെടെയുള്ള സർക്കാർ പരസ്യം മാധ്യമങ്ങളിലൂടെ നൽകിയിരുന്നു.

## ചരക്ക് സേവന നികുതി

11 (*41) ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നികുതി നടപ്പിലാക്കുന്നതിൽ സംസ്ഥാനങ്ങൾക്ക് വിപുലമായ അധികാരങ്ങൾ ഉറപ്പാക്കുവാൻ സർക്കാർ ഇടപെടൽ കൊണ്ട് കഴിഞ്ഞിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെ അധികാരങ്ങളാണ് ഉറപ്പാക്കുവാൻ സാധിച്ചതെന്നും ഇതുമൂലം സംസ്ഥാനത്തിന് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാ മാണെന്നും വിശദമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ&ബി) ചരക്ക് സേവന നികുതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനങ്ങളുടെ ധനകാര്യ മന്ത്രിമാർക്ക് അഭിപ്രായം രേഖപ്പെടുത്തേണ്ട വേദിയായ ജി.എസ്.റ്റി. കൗൺസിലിൽ കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ ശക്തമായ സമ്മർദ്ദത്തെ തുടർന്ന്, കേന്ദ്ര സർക്കാർ ആദ്യ നിലപാട് മാറ്റുകയും ഒന്നരക്കോടി രൂപയിൽ താഴെ വിറ്റുവരവുള്ള ഡീലർമാരുടെ ഫയലുകൾ 9:1 എന്ന അനുപാതത്തിൽ സംസ്ഥാന കേന്ദ്ര സർക്കാരുകൾക്കും ഒന്നരക്കോടി രൂപയ്ക്ക് മുകളിൽ വിറ്റുവരവുള്ള വ്യാപാരികളുടെ ഫയലുകൾ 1:1 എന്ന അനുപാതത്തിൽ സംസ്ഥാന-കേന്ദ്ര സർക്കാരുകൾക്കും അഡ്മിനിസ്റ്റർ ചെയ്യാനുള്ള അധികാരം നല്കാമെന്ന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ സി.ജി.എസ്.റ്റി. (CGST), ജി.എസ്.റ്റി. (GST), എസ്.ജി.എസ്.റ്റി. (SGST), ഐ.ജി.എസ്.റ്റി. (IGST) ഫയലുകൾ കൈകാര്യം ചെയ്യാനുള്ള അധികാരം സംസ്ഥാനങ്ങൾക്കും വേണമെന്ന ആവശ്യവും കേരളം മറ്റ് സംസ്ഥാനങ്ങൾക്കൊപ്പം ശക്തമായി ഉന്നയിച്ചിട്ടുണ്ട്. നിയമനിർമ്മാണവുമായി ബന്ധപ്പെട്ട തുടർ ചർച്ച നടന്നുവരുന്നു.

## വൈദ്യുതി പ്രതിസന്ധി

12 (*42) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. ആന്റണി ജോൺ :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) വരൾച്ചമൂലമുള്ള ജലദൗർലഭ്യം വൈദ്യുതോൽപ്പാദനത്തെ സാരമായി ബാധിക്കുമെന്നതിനാൽ വൈദ്യുതി പുറത്തുനിന്നും വാങ്ങേണ്ടതായി വരുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ഇപ്രകാരമുള്ള സാഹചര്യങ്ങളിൽ വൈദ്യുതിയുടെ ഉപഭോഗം കുറയ്ക്കുന്നതിനുള്ള ബോധവൽക്കരണം നടത്തുവാൻ എന്തെല്ലാം നടപടി സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) സംസ്ഥാനത്ത് നിലവിൽ വൈദ്യുതി പ്രതിസന്ധികളൊന്നുമില്ല. എന്നാൽ കാലവർഷവും തുലാവർഷവും ദുർബ്ബലമായിരുന്നതിനാൽ ജലവൈദ്യുതിയിലുണ്ടായ കുറവ് പരിഹരിക്കാൻ നടപടികളെടുത്തിട്ടുണ്ട്. കാലവർഷത്തിന്റെ കുറവുകാരണം ആഭ്യന്തര വൈദ്യുതി ഉൽപ്പാദനത്തിൽ 45 ശതമാനം കുറവ് വന്നിട്ടുണ്ട്. ഇത് കാരണം ഉണ്ടായേക്കാവുന്ന വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് കേരളത്തിന് പുറത്തുനിന്ന് വൈദ്യുതി കൊണ്ടുവരുന്നതിനുള്ള ദീർഘകാല-ഹ്രസ്വകാല കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. 865 മെഗാവാട്ടിന്റെ ദീർഘകാല കരാറും 300 മെഗാവാട്ട് റൗണ്ട് ദ ക്ലോക്ക് അടിസ്ഥാനത്തിലും 100 മെഗാവാട്ട് പീക്ക് സമയത്തും ഹ്രസ്വകാല കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതിൽ 315 മെഗാവാട്ട് വൈദ്യുതി ദീർഘകാലാടിസ്ഥാനത്തിൽ 6-12-2016-ൽ ലഭിച്ചു തുടങ്ങി. മാർച്ച് മുതൽ ലഭിക്കേണ്ട 200 മെഗാവാട്ട്, ഹ്രസ്വകാല കരാർ അനുസരിച്ച് വൈദ്യുതി കൊണ്ടുവരാനുള്ള ഇടനാഴിയും ലഭിച്ചിട്ടുണ്ട്. കൂടാതെ മാർച്ച് മാസത്തിൽ 85 മെഗാവാട്ട് വൈദ്യുതി വൈകുന്നേരം 6 മണിമുതൽ 12 മണിക്കൂർ കൊണ്ടുവരാനുള്ള ഇടനാഴിയും ലഭ്യമായിട്ടുണ്ട്. ഇത് കഴിഞ്ഞുള്ള വൈദ്യുതികമ്മി പവർ എക്സ്ചേഞ്ച്, അൺഷെഡ്യൂൾഡ് ഇന്റർചേഞ്ച്, കപ്പാസിറ്റർ അഡ്ജസ്റ്റ്മെന്റ് എന്നിവ വഴി നികത്താനാണ് ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനായി ജലവൈദ്യുത ഉൽപ്പാദനം ക്രമീകരിച്ച് പരമാവധി ജലം സംഭരിക്കാൻ 2016 ജൂൺ മാസം മുതൽ തന്നെ നടപടികളെടുത്തിട്ടുണ്ട്. മദ്ധ്യകാല ദീർഘകാല കരാറുകൾ മുഖേനയും DBFOO പ്രകാരം 2016 ഡിസംബർ മുതൽ ലഭ്യമാക്കേണ്ടിയിരുന്ന വൈദ്യുതി ജൂൺ മുതൽ ലഭ്യമാക്കുക വഴിയും ജലവൈദ്യുത ഉൽപ്പാദനം കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. ഇപ്രകാരം സംഭരണികളിലെ വെള്ളം വരുംമാസങ്ങളിലേയ്ക്ക് സംഭരിക്കാനും സാധിച്ചിട്ടുണ്ട്. 2017 മാർച്ച് മുതൽ ജൂൺ വരെയുള്ള കാലയളവിലെ ഉപഭോഗം പ്രതീക്ഷിച്ച് ഡിപ്പ്-ഇ-ബിഡ്ഡിംഗ് വഴി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതുകൂടാതെ

ഇപ്പോഴത്തെ സ്ഥിതിഗതികൾ പരിഗണിച്ച് കൂടുതൽ വൈദ്യുതി പവർ എക്സ്ചേഞ്ചിൽ നിന്ന് വാങ്ങുവാനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തിന് പുറത്തുനിന്ന് കൂടുതൽ വൈദ്യുതി കൊണ്ടുവരുന്നതിന് കോറിഡോർ ലഭ്യത ഉറപ്പാക്കാൻ 400 കെ.വി. അരിക്കോട് സബ്സ്റ്റേഷനിൽ മൂന്നാമത്തെ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള അനുവാദം സി.ഇ.എ.യിൽനിന്നും ലഭ്യമായിട്ടുണ്ട്. ഇത് സ്ഥാപിക്കാൻ കൂടുതൽ സമയം വേണ്ടി വരുന്നതിനാൽ അരിക്കോട് സബ്സ്റ്റേഷനിൽ താൽക്കാലിക സംവിധാനം പവർഗ്രിഡ് ഒരുക്കുന്നുണ്ട്. അതിനായുള്ള അധിക തുകയായ 3 കോടി രൂപ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് പവർഗ്രിഡിന് നൽകിയിട്ടുണ്ട്. 2017 മാർച്ച് മാസം ആദ്യവാരത്തോടുകൂടി താൽക്കാലിക സംവിധാനത്തിന്റെ പണികൾ തീർക്കുമെന്ന് പവർഗ്രിഡ് ഉറപ്പ് നൽകിയിട്ടുണ്ട്. ഗാർഹിക ഉപഭോക്താക്കൾക്ക് സൗജന്യ നിരക്കിൽ 1.5 കോടി 9w LED ബൾബുകൾ നൽകുന്നതിനുള്ള പദ്ധതി കേന്ദ്ര സ്ഥാപനമായ ഇ.ഇ.എസ്.എൽ. വഴി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. ഇതിൽ ആദ്യഘട്ടമെന്ന നിലയിൽ 75 ലക്ഷം ബൾബുകൾ വിതരണം ചെയ്തുകഴിഞ്ഞു. രണ്ടാം ഘട്ടമായി 25 ലക്ഷം ബൾബുകൾ ഇപ്പോൾ വിതരണം ചെയ്തുവരുന്നു. ഇതുവഴി ഇപ്പോഴത്തെ ഊർജ്ജ പ്രതിസന്ധി ഒരു പരിധിവരെ നികത്താവുന്നതാണ്. 2009-2010 സാമ്പത്തിക വർഷം വാങ്ങിയതിൽ വിതരണം ചെയ്യാനായി കെ.എസ്.ഇ.ബി.-യുടെ വിവിധ സ്റ്റോറുകളിലുള്ള CFL ബൾബുകൾ സ്കൂളുകൾ/റസിഡന്റ്സ് അസോസിയേഷനുകൾ വഴി സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. ഇതുവഴിയും ഇപ്പോഴത്തെ ഊർജ്ജ പ്രതിസന്ധി ഒരു പരിധിവരെ നികത്താവുന്നതാണ്. ഊർജ്ജ സംരക്ഷണ സന്ദേശം സംസ്ഥാനത്തുടനീളം എത്തിക്കുന്ന പൊതുബോധവത്കരണ പരിപാടികൾ സർക്കിൾ തലത്തിലും ഡിവിഷൻ തലത്തിലും സ്വീകരിച്ച് ഊർജ്ജ പ്രതിസന്ധി ഒരളവുവരെ കുറയ്ക്കാവുന്നതാണ്.

ഇപ്പോൾ നിർമ്മാണം നടന്നുവരുന്ന സൗരോർജ്ജ നിലയങ്ങളുടെ നിർമ്മാണം ത്വരിതഗതിയിൽ പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കേരളത്തിലെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനായി ഗാർഹിക മേഖലയിലും വ്യവസായ മേഖലയിലും വാണിജ്യ മേഖലയിലും വിവിധ പരിപാടികൾ ഇ.എം.സി. ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്.

(ബി) വരൾച്ചമൂലമുള്ള ജലദൗർലഭ്യം വൈദ്യുതി ഉൽപ്പാദനത്തെ സാരമായി ബാധിച്ചിട്ടുള്ളതിനാൽ പുറത്തുനിന്നും കൂടുതൽ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) വൈദ്യുതിയുടെ ഉപഭോഗം കുറയ്ക്കുന്നതിനായി വിവിധ പത്ര-ദൃശ്യ മാധ്യമങ്ങൾ വഴി ബോധവൽക്കരണത്തിനായുള്ള പ്രചാരങ്ങൾ സംഘടിപ്പിക്കാവുന്നതാണ്. പ്രമുഖ ഉത്സവ നഗരികളിൽ ഊർജ്ജ സംരക്ഷണ ബോധവൽക്കരണ പ്രദർശനങ്ങൾ സംഘടിപ്പിക്കുകയും ആ പ്രദർശന ശാലകളിലൂടെ ഊർജ്ജ സംരക്ഷണത്തിനായുള്ള ലഘുലേഖകൾ വിതരണം ചെയ്യാവുന്നതാണ്. ദൃശ്യ മാധ്യമങ്ങൾ വഴി അതിപ്രശസ്തരായ സിനിമാ താരങ്ങളെ അണിനിരത്തി ഊർജ്ജ സംരക്ഷണ സന്ദേശം സംപ്രേഷണം ചെയ്യാവുന്നതാണ്.

നാഷണൽ സർവ്വീസ് സ്കീം, എനർജി കൺസർവേഷൻ സൊസൈറ്റി, വിവിധ റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവരുമായി ഒത്തുചേർന്ന് സംസ്ഥാനമൊട്ടാകെ വിവിധ പരിപാടികൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഊർജ്ജ സംരക്ഷണത്തെക്കുറിച്ചുള്ള അവബോധം ജനങ്ങളിൽ ഉണ്ടാക്കിയെടുക്കുന്നതിനായി സൈക്കിൾ റാലി, എല്ലാ സർക്കിൾ ആസ്ഥാനങ്ങളുടെയും നേതൃത്വത്തിൽ സ്കൂളുകൾ, കോളേജുകൾ, വിവിധ റസിഡന്റ് അസോസിയേഷനുകൾ എന്നിവരെ ഉൾപ്പെടുത്തി ജീവനക്കാരുടെ നേതൃത്വത്തിൽ ക്ലാസ്സുകൾ മുതലായവ പതിവായി നടത്തിവരികയാണ്.

വീട്ടമ്മമാർക്കായി എനർജി ക്ലിനിക് വോളണ്ടിയർമാർ മുഖേനയും വിദ്യാർത്ഥികൾക്കിടയിൽ സ്മാർട്ട് എനർജി പ്രോഗ്രാം (എസ്.ഇ.പി.) വഴിയും പൊതുജനങ്ങൾക്കിടയിൽ എൻ.ജി.ഒ.-കൾ വഴിയും ഊർജ്ജ സംരക്ഷണ ബോധവൽക്കരണത്തിനായി ഊർജ്ജ കിരൺ പരിപാടി നടപ്പിലാക്കിവരുന്നു.

(ഡി) വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കുന്നതിനായി പുതിയ സബ്സ്റ്റേഷനുകളും ലൈനുകളും നിർമ്മിക്കുക, നിലവിലുള്ള സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും ശേഷി വർദ്ധിപ്പിക്കുക, സബ്സ്റ്റേഷനുകളിലെ ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കുക തുടങ്ങിയ നടപടികളാണ് സ്വീകരിച്ചുവരുന്നത്.

വിതരണ നഷ്ടം കുറയ്ക്കുന്നതിനും വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനുമായി ലൈനുകൾ, ട്രാൻസ്ഫോർമറുകൾ അനുബന്ധ പ്രതിഷ്ഠാപനങ്ങൾ എന്നിവ നിശ്ചിത നിലവാരം പുലർത്തുന്ന രീതിയിൽ സ്ഥാപിക്കുന്നത് ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. നിലവിലുള്ള ലൈനുകളിൽ മുട്ടിനിൽക്കുന്ന വൃക്ഷ ശിഖരങ്ങൾ നീക്കം ചെയ്യുക, ചാലകശേഷി കുറഞ്ഞ ലൈനുകൾ മാറ്റി മെച്ചപ്പെട്ട കമ്പികൾ ഉപയോഗിക്കുക, നിലവിലുള്ള ഇൻസുലേഷൻ ഇല്ലാത്ത എൽ.റ്റി.എച്ച്.റ്റി. ലൈനുകൾ മാറ്റി Aerial bunched കേബിളുകൾ അഥവാ എ.ബി.സി. ഉപയോഗിക്കുക,

ട്രാൻസ്ഫോർമർ ലോഡ് ബാലൻസ് ചെയ്യുക, ലോഡിന് അനുസൃതമായ ട്രാൻസ്ഫോർമറുകൾ മാത്രം സ്ഥാപിക്കുക, മെച്ചപ്പെട്ട കാര്യക്ഷമതയുള്ള ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, കേടായ മീറ്ററുകൾ മാറ്റി പുതിയ ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കുക, വൈദ്യുതി മോഷണം തടയുന്നതിനുള്ള നടപടികൾ കൂടുതൽ കാര്യക്ഷമമാക്കുക എന്നിങ്ങനെയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**നോട്ട് അസാധുവാക്കൽ**

13 (*43) ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ട് അസാധുവാക്കൽ തീരുമാനം സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയെ ഏതൊക്കെ തരത്തിൽ ബാധിച്ചുവെന്ന് വിശദമാക്കുമോ;

(ബി) നോട്ട് അസാധുവാക്കലിന് ശേഷം സംസ്ഥാനത്തിന്റെ നികുതി വരുമാനം എത്ര കണ്ട് കുറഞ്ഞുവെന്ന് വ്യക്തമാക്കുമോ;

(സി) ഏതൊക്കെ മേഖലകളിലാണ് നോട്ട് അസാധുവാക്കൽ തീരുമാനം ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കിയതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സ്ഥിതിവിശേഷം തരണം ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി.എം. തോമസ് ഐസക്):

(എ) സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ പ്രധാന പങ്ക് വഹിക്കുന്ന പരമ്പരാഗത മേഖലകളായ മത്സ്യബന്ധനം, കയർ, കൈത്തറി, കശുവണ്ടി, കൃഷി, തോട്ടങ്ങൾ തുടങ്ങിയ പല മേഖലകളിലും പൂർണ്ണമായും കറൻസി വിനിമയം നിലനിൽക്കുന്നതിനാൽ ഇവയിൽ നിന്നുള്ള വരുമാനത്തെ ആശ്രയിച്ച് കഴിയുന്ന ലക്ഷക്കണക്കിനാളുകളെ നോട്ട് നിരോധനം സാരമായി ബാധിച്ചു. നോട്ട് ലഭ്യത കൂടുതൽ ആവശ്യമായ മേഖലകളായ ചെറുകിട വ്യാപാരം, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ഗതാഗതം എന്നിവ കേരള സമ്പദ്ഘടനയുടെ 40 ശതമാനത്തിന് മുകളിൽ വരുമാനം പ്രദാനം ചെയ്യുന്നവയാണ്. പ്രാഥമിക മേഖലയാവട്ടെ 16 ശതമാനവും. അങ്ങനെ 56 ശതമാനം വരുമാനം സംഭാവന ചെയ്യുന്ന സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖല നോട്ട് പിൻവലിക്കലിന്റെ ആഘാതം

നേരിടുകയാണ്. കഴിഞ്ഞ കുറച്ച് വർഷങ്ങളായി മാന്ദ്യം നേരിടുകയായിരുന്ന കാർഷിക മേഖല ഈ നയം മാറ്റത്തിന്റെ നേരിട്ടുള്ള ആഘാതമേറ്റു കൊണ്ടിരിക്കുകയാണ്. നിർമ്മാണ-ഗതാഗത-സംഭരണ മേഖലകളുടെ തിരിച്ചുവരവ് ഇനിയും താമസിച്ചേക്കാം. ഉയർന്ന വളർച്ച പ്രകടമാക്കിയ വ്യാപാര/ഹോട്ടൽ മേഖലകളും നോട്ട് പിൻവലിക്കലിന്റെ ആഘാതത്തിലാണ്. നവംബർ 8-നുശേഷം റിസർവ് ബാങ്ക് പുറത്തിറക്കിയ അറിയിപ്പുകൾ, പ്രത്യേകിച്ചും നവംബർ 14-ലെ സഹകരണ ബാങ്കുകളെയും സംഘങ്ങളെയും നോട്ട് കൈമാറ്റ പ്രക്രിയയിൽ നിന്ന് വിലക്കിക്കൊണ്ടുള്ള ഉത്തരവ്, കേരളത്തെ വളരെയധികം പ്രതികൂലമായി ബാധിച്ചു. നോട്ടുകൾ മാറ്റി നൽകാനുള്ള അവകാശം പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നൽകാത്തതിനാൽ അവയുടെ പ്രവർത്തനത്തെയും തദ്വാരാ സംസ്ഥാനത്തിലെ മൊത്തം ധനകാര്യ ഇടപെടലുകളെയും അവതാളത്തിലാക്കി. കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സ്ഥിതി ദുർബ്ബലപ്പെടുന്നത് സംസ്ഥാനങ്ങൾക്കുള്ള ഗ്രാന്റുകളെ ബാധിക്കും. ഇതിനുപുറമേ, ആസന്നമായ സാമ്പത്തിക വളർച്ചയിലുണ്ടാകുന്ന ഇടിവ് കേന്ദ്രസർക്കാരിന്റെ നികുതി വരുമാനത്തെ പ്രതികൂലമായി സ്വാധീനിക്കും. തന്മൂലം ഇത് സംസ്ഥാനത്തിലേയ്ക്കുള്ള നികുതി കൈമാറ്റം കുറയുന്നതിനുള്ള സാഹചര്യത്തിനിടയാക്കും. നോട്ട് റദ്ദാക്കലിന് ശേഷമുള്ള, സാമ്പത്തിക പ്രവർത്തനത്തിലുണ്ടായ മന്ദത, സ്റ്റാമ്പ് നികുതി സമാഹരണത്തിൽ വന്ന കുറവ്, റിയൽ എസ്റ്റേറ്റ് മേഖലയിലുണ്ടായ തകർച്ച, മോട്ടോർ വാഹന നികുതി വരുമാനത്തിൽ വന്ന കുറവ് എന്നിവ കാരണം തനത് നികുതി വരുമാനത്തിൽ പ്രതീക്ഷിച്ചിരുന്ന 19 ശതമാനം വളർച്ച കൈവരിക്കാനുള്ള സാധ്യത കുറവാണ്. ചുരുക്കത്തിൽ നോട്ട് റദ്ദാക്കൽ കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയെ രൂക്ഷമായി ബാധിക്കുന്നുണ്ട്. ഇതിനെല്ലാം പുറമെ നോട്ട് റദ്ദാക്കലിന് ശേഷം ദൈനംദിന ആവശ്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് വേണ്ടുന്ന കറൻസിയുടെ ലഭ്യതക്കുറവും വലിയ വെല്ലുവിളി ഉയർത്തി.

(ബി) നോട്ട് അസാധുവാക്കൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ ഉണ്ടാക്കിയ ഇടിവ് എത്രത്തോളമുണ്ടെന്ന് കൃത്യമായി തിട്ടപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. അക്കൗണ്ടന്റ് ജനറലിൽനിന്നും ലഭ്യമായ 31-12-2016 വരെയുള്ള താൽക്കാലിക കണക്കുകൾ പ്രകാരം 2016 നവംബറിൽ സംസ്ഥാന എക്സൈസ് നികുതി വളർച്ച മുൻവർഷത്തെ അപേക്ഷിച്ച് 3.15 ശതമാനം കുറവ് രേഖപ്പെടുത്തിയപ്പോൾ ഡിസംബറിൽ രജിസ്ട്രേഷൻ നികുതിയിൽ 34.63 ശതമാനത്തിന്റെ ഇടിവുണ്ടായി. 2016 ഒക്ടോബറിൽ 19.8 ശതമാനം വളർച്ച രേഖപ്പെടുത്തിയ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം ഡിസംബറിൽ

കുറിച്ചത് (17.45 ശതമാനം താഴ്ന്ന്) 2.35 ശതമാനം വളർച്ച മാത്രമാണ്. 2016 ഒക്ടോബറിനെ അപേക്ഷിച്ച് നവംബറിൽ രജിസ്ട്രേഷൻ നികുതിയിൽ 30.26 ശതമാനത്തിന്റേയും ഡിസംബറിൽ വിൽപ്പന നികുതിയിൽ 17.43 ശതമാന ത്തിന്റേയും രജിസ്ട്രേഷൻ നികുതിയിൽ 26.40 ശതമാനത്തിന്റേയും വാഹന നികുതിയിൽ 11.44 ശതമാനത്തിന്റേയും ആകെ തനത് വരുമാനത്തിൽ 16.33 ശതമാനത്തിന്റേയും കുറവ് ഉണ്ടായിട്ടുണ്ട്.

നോട്ട് അസാധുവാക്കലിന്റെ ഫലമായി കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സ്ഥിതി ദുർബ്ബലപ്പെടുന്നത് സംസ്ഥാനങ്ങൾക്കുള്ള ഗ്രാന്റുകളെ ബാധിക്കും. ഇതിനുപുറമേ, ആസന്നമായ സാമ്പത്തിക വളർച്ചയിലുണ്ടാകുന്ന ഇടിവ് കേന്ദ്രസർക്കാരിന്റെ നികുതി വരുമാനത്തെ പ്രതികൂലമായി സ്വാധീനിക്കും. തന്മൂലം ഇത് സംസ്ഥാനത്തിലേയ്ക്കുള്ള നികുതി കൈമാറ്റം കുറയുന്നതിനുള്ള സാഹചര്യ ത്തിനിടയാക്കും. നോട്ട് റദ്ദാക്കലിന് ശേഷമുള്ള, സാമ്പത്തിക പ്രവർത്തന ത്തിലുണ്ടായ മന്ദത, സ്റ്റാമ്പ് നികുതി സമാഹരണത്തിൽ വന്ന കുറവ് റിയൽ എസ്റ്റേറ്റ് മേഖലയിലുണ്ടായ തളർച്ച, മോട്ടോർ വാഹന നികുതി വരുമാനത്തിൽ വന്ന കുറവ് എന്നിവ കാരണം തനത് നികുതി വരുമാനത്തിൽ പ്രതീക്ഷിച്ചിരുന്ന 19 ശതമാനം വളർച്ച കൈവരിക്കാനുള്ള സാധ്യത കുറവാണ്.

(സി) സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ പ്രധാന പങ്ക് വഹിക്കുന്ന പരമ്പരാഗത മേഖലകളായ മത്സ്യബന്ധനം, കയർ, കൈത്തറി, കശുവണ്ടി, കൃഷി, തോട്ടങ്ങൾ തുടങ്ങിയ പല മേഖലകളിലും കറൻസി വിനിമയം നിലനിൽക്കുന്നതിനാൽ ഇവയിൽ നിന്നുള്ള വരുമാനത്തെ ആശ്രയിച്ച് കഴിയുന്ന ലക്ഷക്കണക്കിനാളുകളെ നോട്ട് നിരോധനം സാരമായി ബാധിച്ചു. ടൂറിസത്തിൽ നിന്നുള്ള വരുമാനം കേരളത്തിന്റെ ആഭ്യന്തര വരുമാനത്തിൽ പ്രധാന പങ്ക് വഹിക്കുന്നു. കറൻസിക്കായുള്ള നെട്ടോട്ടം ടൂറിസം മേഖലയെ സാരമായി ബാധിച്ചു. നോട്ട് ലഭ്യത കൂടുതലാവശ്യമായ ചെറുകിട വ്യാപാരം, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ഗതാഗതം എന്നീ മേഖലകളിൽ നോട്ട് നിരോധനം കനത്ത ആഘാതമേൽപ്പിച്ചു.

(ഡി) നോട്ട് അസാധുവാക്കൽ സംസ്ഥാനത്തിന്റെ സമസ്ത മേഖലകളെയും നിശ്ചലാവസ്ഥയിലാക്കുകയും സമ്പദ്‌വ്യവസ്ഥയെ മാന്ദ്യത്തിലേയ്ക്ക് തള്ളിയിടുകയും ചെയ്തിട്ടുള്ളതാണ്. പ്രസ്തുത മാന്ദ്യം തരണം ചെയ്യുന്നതിന് സർക്കാർ പദ്ധതികളി- ലൂടെയുള്ള ചെലവഴിക്കൽ വർദ്ധിപ്പിക്കുകയെന്നത് അത്യന്താപേക്ഷിതമായി കാണുന്നു. എന്നാൽ നോട്ട് അസാധുവാക്കൽ നികുതി വരുമാനത്തിലുണ്ടാക്കിയ വൻ ഇടിവ് മേൽ ദിശയിലുള്ള പ്രവർത്തനത്തിന്റെ വ്യാപ്തിയെ സാരമായി ബാധിച്ചിട്ടുണ്ട്. പക്ഷേ ഈ പരിമിതമായ സാഹചര്യത്തിലും പരമാവധി പൊതുപണം സമ്പദ്ഘടനയിലേയ്ക്ക് ഒഴുക്കുന്നതിന് ആത്മാർത്ഥവും ഊർജ്ജിതവുമായ

പരിശ്രമം സർക്കാർ നടത്തിയിരുന്നു. എന്നാൽ റിസർവ് ബാങ്കിന്റെ നിയന്ത്രണങ്ങൾ ട്രഷറിയിലെ ക്രയവിക്രയങ്ങളെ പ്രതികൂലമായി ബാധിച്ചു. ട്രഷറി ഇടപാടുകൾക്ക് ഏർപ്പെടുത്തിയ നിയന്ത്രണംമൂലം സംസ്ഥാനത്തിന്റെ പദ്ധതി പ്രവർത്തനങ്ങളുടെ വേഗത മന്ദീഭവിക്കുകയും സംസ്ഥാനത്തിന്റെ വികസന ക്ഷേമപ്രവർത്തനങ്ങളെ മൊത്തത്തിൽ പിന്നോട്ടടിക്കുകയും ചെയ്തിട്ടുണ്ട്. എന്നിരുന്നാലും നിലവിലെ പ്രതിസന്ധി മറികടക്കുന്നതിന് ഹ്രസ്വകാല, ദീർഘകാല അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണ് സർക്കാർ കൈക്കൊണ്ടുവരുന്നത്.

ഹ്രസ്വകാല അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ

1. നോട്ട് അസാധുവാക്കലിനോടനുബന്ധിച്ച് ട്രഷറി ഇടപാടുകൾക്കുണ്ടായിരുന്ന പ്രതിബന്ധങ്ങൾ പരിഹരിക്കുന്നതിന്, റിസർവ് ബാങ്ക് പുറപ്പെടുവിച്ച ഉത്തരവുകൾക്ക് വിധേയമായി, അടിയന്തര നടപടികൾ സ്വീകരിച്ചിരുന്നു. നോട്ട് പിൻവലിച്ചതിന്റെ ഫലമായുണ്ടായ കറൻസി ക്ഷാമം ലഘൂകരിക്കുവാൻ ഇതുമൂലം സാധിച്ചു.

2. നോട്ട് റദ്ദാക്കലിന്റെ ദുരിതം ലഘൂകരിക്കുന്നതിനായി പ്ലാന്റേഷൻ തൊഴിലാളികളുടെ കൂലി ട്രഷറി സേവിംഗ്സ് ബാങ്കിലൂടെ നൽകുന്നതിനായി ജില്ലാ കളക്ടർമാർക്ക് പലിശരഹിത പ്രത്യേക റ്റി.എസ്.ബി. അക്കൗണ്ട് തുറന്നുകൊണ്ട് പ്ലാന്റേഷൻ തൊഴിലാളികളുടെ കൂലി നൽകുന്നതിന് നിർദ്ദേശം നൽകി.

3. പ്രാഥമിക സഹകരണ സംഘങ്ങളിൽ അക്കൗണ്ടുള്ളവർക്ക് പണം പിൻവലിക്കാൻ കഴിയാതെ വന്നതിന് താൽക്കാലിക പരിഹാരമുണ്ടാക്കാനായി എല്ലാ പ്രാഥമിക സഹകരണ സംഘം അംഗങ്ങൾക്കും ഓരോ മിറർ അക്കൗണ്ട് ബന്ധപ്പെട്ട ജില്ലാ സഹകരണ ബാങ്കിൽ തുറക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കി.

4. സർക്കാരിന്റെ നയപരമായ നടപടികളിലൂടെ ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനോടൊപ്പം, സർക്കാർ സ്വതന്ത്രമായ ഇടപെടലിലൂടെ കറൻസിരഹിത ധന വ്യവഹാരങ്ങൾ വാണിജ്യ ബാങ്കുകളിലും സഹകരണ ബാങ്കുകളിലും വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തി.

ദീർഘകാല അടിസ്ഥാനത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ

1. കറൻസി പിൻവലിക്കൽ ബജറ്റിന്മേൽ സൃഷ്ടിച്ച പ്രത്യാഘാതങ്ങൾ പരിഹരിക്കുന്ന തരത്തിൽ പദ്ധതി ചെലവുകൾ നിശ്ചിത ലക്ഷ്യത്തിൽ നിലനിർത്താനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

2. നോട്ട് നിരോധനത്തിന്റെ ഫലമായുള്ള സാമ്പത്തിക മാന്ദ്യം മറികടക്കുന്നതിനായി സംസ്ഥാനത്തിന്റെ പശ്ചാത്തല വികസന മേഖലയിൽ സ്തംഭനാവസ്ഥയിലായിരുന്ന പല പ്രമുഖ പദ്ധതികളും അതിവേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ബോർഡിന്റെ (കെ.ഐ.ഐ.എഫ്.ബി.) നാലായിരത്തിലധികം കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകി.

3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കി വരുന്നു.

4. സംസ്ഥാന ട്രഷറിയിൽ ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (ഐ.എഫ്.എം.എസ്.) നടപ്പിലാക്കി. അടുത്ത സാമ്പത്തിക വർഷം മുതൽ ഇത് പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകും. ട്രഷറി സേവിംഗ്സ് ബാങ്കിംഗിനായുള്ള കോർബാങ്കിംഗ് സിസ്റ്റം എല്ലാ ട്രഷറികളിലും പൂർത്തിയാക്കി.

5. നിലവിലെ തൊഴിൽക്ഷാമം പരിഹരിക്കുവാൻ പ്രതിവർഷം നേരിട്ടും അല്ലാതെയുമുള്ള ഏറ്റവും കുറഞ്ഞത് 1000 സൂക്ഷ്മ വ്യവസായ സംരംഭങ്ങൾ വർഷംതോറും കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ മുഖേന ആരംഭിക്കുന്നതിന് ഒരു സമഗ്ര പദ്ധതി ആലോചനയിലാണ്.

6. കോർ-ബാങ്കിംഗ് നെറ്റ്വർക്ക് ഉൾപ്പെടെയുള്ള എല്ലാ ആധുനിക ബാങ്കിംഗ് സൗകര്യങ്ങളോടുകൂടി വരും വർഷം കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള ശ്രമത്തിലാണ്. സഹകരണ മേഖലയിൽ ഡിജിറ്റൽ ഇടപാടുകൾ പ്രോത്സാഹിപ്പിക്കും. സഹകരണ മേഖലയിൽ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നത് തുടരുകയും നിക്ഷേപങ്ങൾക്ക് ഗ്യാരണ്ടി ലഭ്യമാക്കുന്നത് പരിഗണിക്കുന്നതുമാണ്.

**കിഫ്ബി പദ്ധതി**

14 (*44) ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കെ. കൃഷ്ണൻകുട്ടി:
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ പ്രവൃത്തികൾ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം; വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ വകുപ്പുകളുടെ പ്രവൃത്തികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി തുക നൽകുന്നത്;

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ സ്വഭാവം വ്യക്തമാക്കുമോ;

(ഡി) 2016-17 വർഷത്തെ ബജറ്റിൽ ഏതൊക്കെ പ്രവൃത്തികളാണ് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(ഇ) ഒരു പ്രവൃത്തി കിഫ്ബി-യുടെ പരിഗണനയ്ക്ക് സമർപ്പിക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി.എം. തോമസ് ഐസക്):

(എ) 2016-17-ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളാണ് നിലവിൽ കിഫ്ബി മുഖേന ധനസഹായത്തിനായി പരിഗണിക്കുന്നത്. ഇതുസംബന്ധിച്ച മാർഗ്ഗരേഖ (8-8-2016-ലെ സ.ഉ.(കൈ.) നമ്പർ 315/2016/ധന.) കിഫ്ബിയുടെ വെബ്സൈറ്റിൽ (www.kiifb.kerala.gov.in) പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അതിന്റെ വിവിധ ഘട്ടങ്ങൾ താഴെപ്പറയും വിധമാണ്:

1. വകുപ്പുകൾ അവരുടെ കീഴിൽ വരുന്ന പദ്ധതികൾ ഏതൊക്കെയെന്ന് തിരിച്ചറിയുക എന്നതാണ് ആദ്യ നടപടി. തുടർന്ന്, 8-8-2016-ലെ സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്ന പ്രകാരം ഭരണവകുപ്പിന്റെ അനുമതി അനിവാര്യമാണ്. 100 കോടി രൂപയ്ക്ക് മുകളിൽ വരുന്ന പദ്ധതികൾക്കായിരിക്കും KIIFB മുഖേന ധനസഹായം നൽകുന്നത്. 10 കോടി രൂപയിൽ കുറയാത്ത അടങ്കലുള്ള, സമാന സ്വഭാവമുള്ള പദ്ധതികൾ സംയോജിപ്പിച്ച് ആകെ 100 കോടി രൂപയ്ക്ക് മുകളിൽ മതിപ്പ് തുക വരുന്ന പദ്ധതികളാക്കിയും പരിഗണിക്കുന്നതാണ്.

2. പദ്ധതി നിർവ്വഹണത്തിനായി വകുപ്പുകൾ SPV (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ)-യെ നിയമിക്കുക എന്നതാണ് അടുത്ത നടപടി. പ്രത്യേക ഉദ്ദേശ്യ ലക്ഷ്യങ്ങൾക്കായി വിഭാവന ചെയ്യുന്ന താൽക്കാലിക സംരംഭങ്ങളോ സംവിധാനങ്ങളോ ആണ് SPV എന്നതുകൊണ്ടുദ്ദേശിക്കുന്നത്. വകുപ്പുകൾക്ക് നിലവിലുള്ള സർക്കാർ അംഗീകൃത എസ്.പി.വി.-കളെ ഉപയോഗിക്കുകയോ പദ്ധതിയുടെ ആവശ്യങ്ങൾക്ക് അനുയോജ്യമായ SPV-യെ വിഭാവന ചെയ്യുകയോ ചെയ്യാവുന്നതാണ്.

3. എസ്.പി.വി.-കൾക്ക് പദ്ധതി നടത്തിപ്പിനായി ആവശ്യമെങ്കിൽ പുറമെനിന്നും വിദഗ്ദ്ധ ഉപദേഷ്ടാക്കളെ (Consultants) നിയമിക്കാവുന്നതാണ്. അതിനായി ഒരു Request for Proposal (RfP) തയ്യാറാക്കുക എന്നത് എസ്.പി.വി.-കളുടെ ചുമതലയാണ്. ഇതു നടപ്പാക്കുന്നതിന് എസ്.പി.വി.-കൾക്ക് പരിമിതികൾ നേരിടുന്നപക്ഷം KIIFB തയ്യാറാക്കിയിട്ടുള്ള General RFP മാതൃക അവലംബിക്കാവുന്നതാണ്. ഇ-ടെന്ററിംഗ് വഴിയുള്ള Consultant നിയമനം ഉറപ്പുവരുത്തേണ്ടതുമാണ്. ഇങ്ങനെ നിയമിക്കുന്ന Consultants-ന്റെ സഹായത്തോടെ ഫീസിബിലിറ്റി സ്റ്റഡി, പ്രിലിമിനറി പ്രോജക്ട് റിപ്പോർട്ട് (PPR), ഡീറ്റെയ്ൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR), ഫിനാൻഷ്യൽ പ്രൊപ്പോസൽ തുടങ്ങിയവ തയ്യാറാക്കുകയും KIIFB-യിൽ സമർപ്പിക്കുകയുമാണ് അടുത്ത നടപടി.

4. ഇപ്രകാരം സ്വീകരിക്കുന്ന പദ്ധതികൾ KIIF ആക്റ്റിലേയും സ്കീമിലേയും വ്യവസ്ഥകൾക്ക് വിധേയമായി സൂക്ഷ്മപരിശോധന നടത്തി, ബഹു.മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള ബോർഡിന്റെ അംഗീകാരം ലഭിക്കുന്ന പക്ഷം KIIFB ധനസഹായം നൽകുന്നതാണ്. മേൽ സൂചിപ്പിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ പരാമർശിച്ചിട്ടുള്ള വകുപ്പുകളുമായി ബന്ധപ്പെട്ട പദ്ധതികളാണ് നിലവിൽ കിഫ്ബി മുഖേന ധനസഹായത്തിനായി പരിഗണിക്കുന്നത്. എന്നാൽ 08.08.2016-ലെ സ.ഉ.(കൈ)നം. 315/2016/ധന ഉത്തരവുപ്രകാരം പ്രത്യേക നിക്ഷേപ പദ്ധതിയിലുൾപ്പെട്ടിട്ടില്ലാത്ത പദ്ധതികൾ ബഹു. മുഖ്യമന്ത്രിയുടെ അംഗീകാരത്തോടെ മന്ത്രിസഭായോഗം പരിഗണിച്ച് അനുമതി നൽകുന്ന പക്ഷം ബോർഡിന്റെ അംഗീകാരത്തിന് വിധേയമായി കിഫ്ബി ധനസഹായം നൽകുന്നതാണ്. കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി (ഭേദഗതി) ആക്റ്റ്, 2016-ലെ രണ്ടാം പട്ടികയിൽ ഉൾപ്പെട്ട 23 മേഖലകളിലെ അടിസ്ഥാന സൗകര്യ പ്രോജക്ടുകളാണ് കിഫ്ബി വഴി നടപ്പിലാക്കാവുന്നത്. ടി പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(സി) ഭേദഗതി ചെയ്ത കിഫ് ആക്റ്റ്, 2016 -ലെ ഖണ്ഡിക 3 എ പ്രകാരം 100 കോടി രൂപയ്ക്കു മുകളിൽ വരുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായിരിക്കും KIIFB മുഖേന ധനസഹായം നൽകുന്നത്. 10 കോടി രൂപയിൽക്കുറയാത്ത അടങ്കലുള്ള, സമാനസ്വഭാവമുള്ള പദ്ധതികൾ സംയോജിപ്പിച്ച് ആകെ 100 കോടി രൂപയ്ക്ക് മുകളിൽ മതിപ്പു തുക വരുന്ന പദ്ധതികളാക്കിയും പരിഗണിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) 2016-17-ലെ ബജറ്റിൽ രണ്ടാം മാന്ദ്യ വിരുദ്ധ പാക്കേജിന്റെ ഭാഗമായി പ്രഖ്യാപിച്ചിട്ടുള്ള പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളാണ് നിലവിൽ കിഫ്ബി ധനസഹായം വഴി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്. അപ്രകാരം പ്രഖ്യാപിച്ച 104 പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഇ) 2016-17-ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളാണ് നിലവിൽ കിഫ്ബി മുഖേന ധനസഹായത്തിനായി പരിഗണിക്കുന്നത്. 8-8-2016-ലെ സ.ഉ.(കൈ.)നമ്പർ 315/2016/ധന. ഉത്തരവുപ്രകാരം പദ്ധതികളുടെ നടത്തിപ്പിലേയ്ക്കായുള്ള ഭരണാനുമതി, വിശദമായ പ്രോജക്റ്റ് റിപ്പോർട്ട്, കോസ്റ്റ് ബെനിഫിറ്റ് അനാലിസിസ് എന്നിവ കിഫ്ബിയുടെ പരിഗണനയ്ക്കായി ഓൺലൈനായി www.kiifb.kerala.gov.in എന്ന വെബ്സൈറ്റിൽ സമർപ്പിക്കേണ്ടതുണ്ട്. ടി നടപടിക്രമങ്ങൾ വിശദീകരിച്ചുകൊണ്ട് 8-8-2016 തീയതിയായി സ.ഉ.(കൈ.) നമ്പർ 315/16/ധന. ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. (അനുബന്ധമായി ചേർത്തിട്ടുണ്ട് *)

## വ്യവസായ വളർച്ചയ്ക്ക് അനുകൂലമായ സാഹചര്യം സൃഷ്ടിക്കാനുള്ള പദ്ധതികൾ

15 (*45) ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. വി. ജോയി :
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വളർച്ചയ്ക്ക് അനുകൂലമായ സാഹചര്യം സൃഷ്ടിക്കാനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്; വ്യവസായ നയത്തിന് രൂപം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സാമ്പത്തിക വർഷം, സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ രംഗത്ത് ആരംഭിക്കാൻ ലക്ഷ്യമിട്ട 15000 യൂണിറ്റുകളിൽ എത്രയെണ്ണം പ്രാവർത്തികമായി എന്ന് അറിയിക്കുമോ;

(സി) വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള അതിവേഗ അനുമതിക്കായി ആരംഭിച്ച ഏക ജാലക സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോ;

(ഡി) പാരിസ്ഥിതികനാശം ഉണ്ടാക്കാത്ത വ്യവസായങ്ങളുടെ പ്രോത്സാഹനത്തിനായി പരിപാടി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) സംസ്ഥാനത്ത് വ്യവസായ വളർച്ചയ്ക്ക് അനുകൂലമായ സാഹചര്യം സൃഷ്ടിക്കുന്നതിനായി 24 പദ്ധതികൾ നിലവിലുണ്ട്. ഇതിൽ തുടർന്ന് വരുന്ന 19 പദ്ധതികളും 2016-17 സാമ്പത്തിക വർഷം മുതൽ ആരംഭിച്ച 5 പദ്ധതികളുമാണുള്ളത്.

വ്യവസായ നയത്തിന് രൂപം നൽകുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ഈ സാമ്പത്തിക വർഷം, സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ രംഗത്ത് ആരംഭിക്കാൻ ലക്ഷ്യമിട്ട 15000 യൂണിറ്റുകളിൽ നാളിതുവരെ 13052 യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) പാരിസ്ഥിതിക നാശം താരതമ്യേന കുറഞ്ഞ വ്യവസായങ്ങളായ കാർഷിക ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾ, റെഡിമെയ്ഡ് വസ്ത്രങ്ങൾ, ജൈവ സാങ്കേതിക വ്യവസായങ്ങൾ, ജൈവവള വ്യവസായം, പ്ലാസ്റ്റിക് പുനഃചംക്രമണ വ്യവസായങ്ങൾ, പാരമ്പര്യേതര ഊർജ്ജ ഉൽപ്പാദനത്തിനുള്ള യന്ത്രങ്ങളും ഉപകരണങ്ങളും നിർമ്മിക്കുന്ന വ്യവസായം, ജൈവ വിഘടന പ്ലാസ്റ്റിക് വ്യവസായങ്ങൾ എന്നിവയെ സംരംഭകത്വ വികസന സഹായ പദ്ധതി പ്രകാരം മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തി 10% അധിക സബ്സിഡി പരമാവധി 10 ലക്ഷം രൂപ വരെ അധിക സഹായമായി നൽകിവരുന്നു.

**നോട്ട് അസാധുവാക്കൽമൂലം വിനോദസഞ്ചാര മേഖല നേരിടുന്ന പ്രതിസന്ധി**

16 (*46) ശ്രീ. ബി. സത്യൻ :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സമ്പദ്ഘടനയിൽ നിർണ്ണായക പങ്കുള്ള വിനോദസഞ്ചാര മേഖലയിൽ, നോട്ട് അസാധുവാക്കിയ നടപടിയും പണവിനിമയത്തിൽ ഏർപ്പെടുത്തിയ നിയന്ത്രണവും ഏല്പിച്ച ആഘാതത്തിന്റെ വ്യാപ്തി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രതിസന്ധി മറികടക്കാനായി സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(സി) പ്രതിസന്ധി നേരിടുന്ന വിനോദ സഞ്ചാര മേഖലയെ കരകയറ്റാനായി പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) 2016 നവംബർ 8 അർദ്ധരാത്രി മുതൽ നിലവിൽ വന്ന 500-ന്റെയും 1000-ന്റെയും നോട്ട് അസാധുവാക്കൽ നടപടി ടൂറിസം മേഖലയെ എത്രത്തോളം ബാധിച്ചുവെന്ന് മനസ്സിലാക്കുന്നതിലേയ്ക്കായി ഒരു "ക്വിക്ക് സർവ്വേ" 2016 ഡിസംബർ 1-ന് വകുപ്പ് തലത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത സർവ്വേയിൽ ഹോട്ടൽ, ഹൗസ് ബോട്ട്, ടൂർ ഓപ്പറേറ്റർ എന്നിവർ ഉൾപ്പെട്ട സാമ്പിളുകളിൽ നിന്നും വിവരശേഖരണം നടത്തുകയുണ്ടായി. പ്രസ്തുത പഠനത്തിന്റെ കണ്ടെത്തലുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) നോട്ട് നിരോധനം വിനോദസഞ്ചാരികൾക്ക് സൃഷ്ടിച്ച പ്രതിസന്ധി മറികടക്കാനായി ടൂറിസം വകുപ്പ് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു:

- ടൂർ ഓപ്പറേറ്റർമാരുമായി സഹകരിച്ച് വിദേശ സഞ്ചാരികൾക്ക് പണലഭ്യത ഉറപ്പ് വരുത്താൻ ശ്രമം നടത്തി.
- ഹോട്ടലിയേഴ്സിനെയും മറ്റും ഇക്കാര്യത്തിൽ ബോധവൽക്കരണം നടത്തി.
- ടൂറിസവുമായി ബന്ധപ്പെട്ട കൗണ്ടറുകളിൽ ക്യാഷ്‌ലെസ് പണമിടപാടുകൾക്ക് സൗകര്യങ്ങളൊരുക്കാൻ നടപടി ആരംഭിച്ചു.
- ടൂറിസം ഇൻഫർമേഷൻ സെന്ററുകളിൽ ഹെൽപ്പ് ഡെസ്ക് സ്ഥാപിച്ചു.

(സി) ശക്തമായ വിപണന തന്ത്രങ്ങൾവഴി വിനോദസഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനുള്ള ശ്രമം നടത്തിവരുന്നു.

**കയർ നയം**

17 (*47) ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ കയർ നയം പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ മേഖലകൾക്കാണ് പ്രസ്തുത നയത്തിൽ ഊന്നൽ നൽകാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) സംസ്ഥാനത്ത് കയർ സർവ്വേ നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ ഏത് ഏജൻസിയെയാണ് സർവ്വേ നടത്തുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത് ;

(സി) കയർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് എന്തൊക്കെ നടപടികളാണ് ഉദ്ദേശിക്കുന്നത്;

(ഡി) തൊണ്ട് ശേഖരണത്തിന് എന്തെങ്കിലും പുതിയ പദ്ധതികൾ ആലോചിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) ഇല്ല. യന്ത്രവൽക്കരണത്തിലൂടെ കയർ വ്യവസായ മേഖല ആധുനിക വത്കരിക്കുന്നതിനാണ് കയർ വകുപ്പ് ലക്ഷ്യം വയ്ക്കുന്നത്. ഇതിലൂടെ വരുമാന വർദ്ധനവ് ഉറപ്പാക്കി തൊഴിൽ സംരക്ഷിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. എന്നാൽ ഈ സാഹചര്യത്തിലും പരമ്പരാഗത കയർ തൊഴിലാളികൾക്ക് 200 ദിവസത്തെ തൊഴിലും മിനിമം കൂലിയും ഉറപ്പാക്കുന്നതിന് സർക്കാർ ലക്ഷ്യം വയ്ക്കുന്നു. ഈ ലക്ഷ്യം നിറവേറ്റുന്നതിനായി പ്രാഥമിക കയർ സംഘങ്ങൾ ഉത്പാദിപ്പിക്കുന്ന കയർ മുഴുവനും കയർഫെഡ് മിനിമം കൂലി ഉറപ്പുവരുത്തി സംഭരിക്കുന്നതിനും ടി കയർ ഉപയോഗിച്ച് ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന ചെറുകിട ഉൽപ്പാദകരുടെ ഉൽപ്പന്നങ്ങൾ കയർ കോർപ്പറേഷൻ ക്രയവില സ്ഥിരത പദ്ധതി വഴി സംഭരിച്ച് ഡിസ്കൗണ്ട് നൽകി വിറ്റഴിക്കുന്നതിനും ഉദ്ദേശിക്കുന്നു.

(ബി) ഉണ്ട്. കയർ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിലാണ് നടത്തിയിട്ടുള്ളത്.

(സി)

1. കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം സ്ഥിര/പ്രവർത്തന മൂലധനം നൽകുന്നു.
2. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള ധനസഹായം നൽകി വരുന്നു.
3. കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (50% സംസ്ഥാന വിഹിതം) (എം.ഡി.എ.) നൽകി വരുന്നു.
4. കയർ മേഖലയിലെ സംരംഭകർക്ക് മാർജിൻ മണി വായ്പ നൽകുന്നു.

5. പ്രത്യേക നിക്ഷേപ സഹായ പദ്ധതിയിലൂടെ (Special Investment Subsidy) സബ്സിഡി നൽകിവരുന്നു.
6. കയർ വ്യവസായത്തിൽ നിയന്ത്രിത യന്ത്രവത്ക്കരണം നടപ്പിലാക്കുന്നു.
7. ഉത്പാദനവും വിപണന പ്രചോദനവും (പി.എം.ഐ.) പദ്ധതിയിലൂടെ ആനുകൂല്യം നൽകി വരുന്നു.
8. വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള ഫണ്ട് നൽകിവരുന്നു.
9. കയർ മേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കിവരുന്നു.
10. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം നൽകുന്നു.
11. കയർജിയോ ടെക്സ്റ്റയിൽസ് വികസന പരിപാടി നടപ്പിലാക്കുന്നു.
12. ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കിവരുന്നു.
13. കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കിവരുന്നു.
14. ഉത്സവ കാലത്തിൽ കയറുൽപ്പന്നങ്ങൾക്ക് റിബേറ്റ് നൽകിയിരുന്നു.

(ഡി) കയർ മേഖലയിലെ സഹകരണ സംഘങ്ങൾക്ക് അസംസ്കൃത വസ്തുവായ ചകിരി ലഭ്യമാക്കുക, പാഴാക്കിക്കളയുന്ന തൊണ്ട്, തൊഴിലാളികൾ സംഭരിച്ച് കൂടുതൽ തൊഴിൽദിനങ്ങളും വേതനവും ഉറപ്പാക്കുക, നാളികേര കർഷകർക്ക് കൂടുതൽ വില ലഭ്യമാക്കുക, കയർ ഉൽപ്പാദനവും വിറ്റുവരവും വർദ്ധിപ്പിച്ച് കയർ യൂണിറ്റുകളെ ലാഭകരമാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടുകൂടിയാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. ഈ പദ്ധതി പ്രകാരം തൊണ്ടു സംഭരണത്തിനും ചകിരി ഉൽപ്പാദനത്തിനും താഴെപ്പറയുന്ന ആനുകൂല്യങ്ങൾ നൽകി വരുന്നു:

| തൊണ്ട് സംഭരണം | | |
|---|---|---|
| ക്രമ നമ്പർ | **തൊണ്ട് സംഭരണം** | തുക |
| 1 | തൊണ്ട് സംഭരിച്ച് എത്തിക്കുന്നവർക്ക് ഇൻസെന്റീവ് | |
| | പച്ചത്തൊണ്ടിന് | 25 പൈസ |
| | ഉണക്കത്തൊണ്ടിന് | 15 പൈസ |

| | | |
|---|---|---|
| 60/80 ഗ്രാമിന് താഴെ ചകിരി ലഭിക്കുന്ന തൊണ്ടാണെങ്കിൽ പച്ചത്തൊണ്ട് 20 പൈസ നിരക്കിലും, ഉണക്കത്തൊണ്ട് 10 പൈസ നിരക്കിലും ഇൻസെന്റീവ് ലഭ്യമാക്കുന്നു. | | |
| 2 | കയർമേഖലയിലെ സഹകരണ സംഘങ്ങൾ തൊണ്ട് സംഭരിക്കുമ്പോൾ (നേരിട്ടോ/ ഏജൻസികൾ മുഖേനയോ) 5000 തൊണ്ടിന് വാഹന വാടക, കൂടുതലായി സംഭരിക്കുന്ന ഓരോ 1000 തൊണ്ടിനും 50 രൂപ | 250 രൂപ |
| 3 | ചെറുകിട ഡീഫൈബറിംഗ് യൂണിറ്റുകൾക്ക് തൊഴിലാളികൾ തൊണ്ട് സംഭരിച്ച് നൽകുമ്പോൾ പ്രതിദിന വേതനമായി 400 പച്ചത്തൊണ്ടിന് | 160 രൂപ |
| | കൂടുതലായി സംഭരിക്കുന്ന ഓരോ 50 പച്ചത്തൊണ്ടിനും | 20 രൂപ വീതം |
| | ഉണക്കത്തൊണ്ടാണെങ്കിൽ 600 എണ്ണം | 150 രൂപ വീതം |
| | കൂടുതലായുള്ള ഓരോ 100 ഉണക്കത്തൊണ്ടിനും | 25 രൂപ വീതം |
| **ചകിരി ഉൽപ്പാദനം** | | |
| 1 | പച്ചത്തൊണ്ടിൽ നിന്നും ചകിരി ഉൽപ്പാദിപ്പിക്കുമ്പോൾ ഒരു കിലോയ്ക്ക് | 3 രൂപ സബ്സിഡി |
| | ഉണക്കത്തൊണ്ടിൽ നിന്ന് ചകിരി ഉൽപ്പാദിപ്പിക്കുമ്പോൾ ഒരു കിലോയ്ക്ക് | 2 രൂപ സബ്സിഡി |
| **മെയിന്റനൻസ് ഗ്രാന്റ്** | | |
| 1 | വലിയ ഡീഫൈബറിംഗ് മെഷീൻ ഉപയോഗിക്കുന്ന സംഘങ്ങൾക്ക് പ്രതിവർഷം | 50000 രൂപ |
| 2 | മിനി ഡീഫൈബറിംഗ് മെഷീൻ ഉപയോഗിക്കുന്ന സംഘങ്ങൾക്ക് പ്രതിവർഷം | 10000 രൂപ |

## കേന്ദ്ര ബജറ്റിലെ പദ്ധതികൾ

18 (*48) ശ്രീ. പി. ടി. എ. റഹീം :

ശ്രീ. ജെയിംസ് മാത്യു :

ശ്രീ. ആർ. രാജേഷ് :

ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റെയിൽവേ, എയിംസ് ഉൾപ്പെടെയുള്ള ഏതൊക്കെ പ്രധാന വികസനാവശ്യങ്ങളാണ് കേന്ദ്ര ബജറ്റിൽ ഉൾപ്പെടുത്തണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടതെന്ന് വ്യക്തമാക്കുമോ;

(ബി) അതിൽ ഏതൊക്കെ പദ്ധതികൾ പരിഗണിച്ചു എന്നും ബജറ്റിൽ എത്ര തുക നിർദ്ദേശിച്ചിട്ടുണ്ടെന്നും അറിയിക്കുമോ;

(സി) എയിംസ് ഉൾപ്പെടെയുള്ള അടിയന്തരാവശ്യങ്ങൾ നേടിയെടുക്കുന്നതിനായി ഇനി എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) & (ബി) റെയിൽവേ, എയിംസ്, ഫാക്ടിന്റെ പുനരുജ്ജീവനം ഉൾപ്പെടെ കേന്ദ്ര ബജറ്റിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാർ സമർപ്പിച്ച പ്രധാന പദ്ധതികളും ആവശ്യങ്ങളും അനുബന്ധമായി ചേർക്കുന്നു.* സംസ്ഥാനത്തിന്റെ വിവിധ പദ്ധതി നിർദ്ദേശങ്ങൾ കേന്ദ്രത്തിന് യഥാസമയം സമർപ്പിച്ചിരുന്നുവെങ്കിലും ഇതിന് വേണ്ടത്ര പരിഗണന ലഭിച്ചിട്ടില്ല. ഈ വിഷയങ്ങൾ വിവിധ ഘട്ടങ്ങളിലായി കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(സി) കോഴിക്കോട് ജില്ലയിലെ കിനാലൂർ, തിരുവനന്തപുരം ജില്ലയിലുള്ള നെട്ടുകാൽത്തേരി, കോട്ടയം മെഡിക്കൽ കോളേജ് ക്യാമ്പസ്, എറണാകുളം ജില്ലയിലെ കളമശ്ശേരി എന്നിവിടങ്ങളിൽ എയിംസ് (AIIMS) സ്ഥാപിക്കുന്നതിനായി അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി കേന്ദ്ര ആരോഗ്യ-കുടുംബക്ഷേമ മന്ത്രാലയത്തിന്റെ പരിഗണനയ്ക്കും അനന്തര നടപടികൾക്കുമായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തിന്റെ സുപ്രധാന ആവശ്യങ്ങൾ നേടിയെടുക്കുന്നതിന് മന്ത്രിതലത്തിലും ഉദ്യോഗസ്ഥതലത്തിലും വേണ്ട നടപടികൾ തുടർന്നും സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വികസന രംഗത്ത് സഹകരണ മേഖലയുടെ പങ്ക്

19 (*49) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. സി. കൃഷ്ണൻ:
ശ്രീ. ജോർജ്ജ് എം. തോമസ് :
ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വികസന രംഗത്ത് സഹകരണ മേഖലയുടെ പങ്ക് വ്യക്തമാക്കാമോ;

(ബി) നോട്ട് നിരോധനത്തിന്റെ മറവിൽ സംസ്ഥാനത്തെ സഹകരണ രംഗം തകർക്കാനായി ശ്രമിച്ച ശക്തികൾ ഏതൊക്കെയെന്ന് വെളിപ്പെടുത്താമോ;

(സി) റിസർവ് ബാങ്ക് സഹകരണ സംഘങ്ങളിൽ നടത്തിയ പരിശോധന സംഘങ്ങൾക്കെതിരെയുള്ള ദുഷ് പ്രചരണത്തിന്റെ മുനയൊടിക്കുന്നതായിരുന്നുവെങ്കിലും സഹകരണ പ്രസ്ഥാനത്തോടുള്ള റിസർവ് ബാങ്കിന്റെ സമീപനം മാറാതിരുന്നത് രാഷ്ട്രീയ പകപോക്കൽ മൂലമാണെന്ന് കരുതുന്നുണ്ടോ; ഇതുമൂലമുണ്ടായ പ്രതിസന്ധിയുണ്ടാക്കിയ പ്രത്യാഘാതം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെയും ഇടപാടുകാരുടെയും താല്പര്യം സംരക്ഷിക്കുന്നതിനായി സർക്കാർ നടത്തിയ ഇടപെടലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) ഇന്ത്യയ്ക്കാകെ മാതൃകയായ ഒരു സഹകരണ പ്രസ്ഥാനമാണ് കേരളത്തിലുള്ളത്. ജനജീവിതത്തിന്റെ സമസ്തമേഖലകളിലും ഗുണപരമായ മാറ്റങ്ങൾക്ക് നേതൃത്വം നൽകുന്ന തരത്തിൽ സഹകരണ പ്രസ്ഥാനം കരുത്താർജ്ജിച്ചു കഴിഞ്ഞു. സംസ്ഥാനത്ത് സഹകരണ പ്രസ്ഥാനത്തിന്റെ സാന്നിദ്ധ്യം ഇല്ലാത്ത ഒരു മേഖലയും ഇന്നില്ല. കാർഷിക, കാർഷികേതര രംഗത്തും, ഉപഭോക്തൃ മേഖലയിലും, ക്ഷീരവികസനരംഗത്തും, കൈത്തറി, ഖാദി, കയർ, കശുവണ്ടി, മത്സ്യബന്ധനം, കളിമൺ വ്യവസായം തുടങ്ങിയ പരമ്പരാഗത മേഖലകളിലും പ്രൊഫഷണൽ വിദ്യാഭ്യാസം ഉൾപ്പെടെയുള്ള വിദ്യാഭ്യാസ മേഖലയിലും, സാംസ്കാരിക രംഗത്തും, ആരോഗ്യമേഖലയിലും, പട്ടികജാതി/പട്ടികവർഗ്ഗ വികസനം, വനിതാക്ഷേമം തുടങ്ങിയ മേഖലയിലും സഹകരണ പ്രസ്ഥാനങ്ങൾ ഇന്ന് കരുത്തുറ്റ സാന്നിദ്ധ്യമാണ്.

കേരളത്തിലെ കാർഷിക മേഖലയിൽ സഹകരണ സംഘങ്ങൾ ഒരു നിർണ്ണായക ശക്തിയാണ്. സംസ്ഥാന സഹകരണ ബാങ്കും 14 ജില്ലാ സഹകരണ ബാങ്കുകളും 1611 സർവ്വീസ് സഹകരണ ബാങ്കുകളും ചേർന്നതാണ് കേരളത്തിലെ

സഹകരണ വായ്പാ ശൃംഖല. ദേശീയതലത്തിൽ കേരളത്തിലെ സഹകരണ മേഖല ശ്രദ്ധിക്കപ്പെടുന്നത് പ്രധാനമായി നിക്ഷേപ വായ്പാ രംഗത്തെ മികച്ച പ്രവർത്തനം കൊണ്ടാണ്. സഹകരണ മേഖലയിൽ 31-1-2017-ലെ കണക്കുപ്രകാരം 1,34,245.12 കോടി രൂപയുടെ അറ്റനിക്ഷേപമാണുള്ളത്.

സ്വകാര്യ പണമിടപാടുകാരുടേയും ബ്ലേഡ് മാഫിയകളുടേയും ചൂഷണത്തിൽ നിന്നും കേരളത്തിലെ സാധാരണക്കാരായ ജനങ്ങളെ സംരക്ഷിക്കുന്നതിന് സഹകരണ മേഖല വലിയ പങ്ക് വഹിക്കുന്നുണ്ട്. അതോടൊപ്പംതന്നെ സംഘങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന വായ്പേതര പ്രവർത്തനങ്ങളും പ്രാദേശികമായ വികസനത്തിന് ഗണ്യമായ സംഭാവന നൽകുന്നുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിന് സർക്കാർ ഫണ്ടിന്റെ അപര്യാപ്തതയുള്ള സംസ്ഥാനത്ത് സഹകരണ ബാങ്കുകളുടെ പ്രവർത്തനം എടുത്തുപറയത്തക്ക നേട്ടമാണ്.

പൊതുവിപണിയിൽ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനും ഉത്സവകാല വിപണികൾ നടത്തുന്നതിനും സഹകരണ ഉപഭോക്തൃ മേഖല വഹിച്ചുവരുന്ന പങ്ക് വളരെ വലുതാണ്. മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സഹകരണ ആശുപത്രികൾ കുറഞ്ഞ ചെലവിൽ ആരോഗ്യ പരിപാലനം ഉറപ്പുവരുത്തുന്നു. പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്ത് CAPE-ന്റേയും മറ്റ് വിദ്യാഭ്യാസ സഹകരണ സംഘങ്ങളുടെയും നേതൃത്വത്തിൽ സർക്കാരിന്റെ നയങ്ങൾക്കനുസൃതമായി നിരവധി സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. യൂണിവേഴ്സിറ്റി അഫിലിയേഷനോടുകൂടിയ കോഴ്സുകളും വിദ്യാഭ്യാസ സഹകരണ സംഘങ്ങൾ നടത്തിവരുന്നുണ്ട്. സംസ്കരണ-വിപണന രംഗത്തെ പ്രവർത്തനങ്ങൾ, ഹൗസിംഗ്, ടൂറിസം, ലേബർ കോൺട്രാക്ട് സംഘങ്ങളുടെ പ്രവർത്തനങ്ങൾ എന്നിവ സംസ്ഥാനത്തിന്റെ വികസന പ്രക്രിയയിൽ വലിയ പങ്ക് വഹിക്കുന്നു. ദുർബല ജനവിഭാഗത്തിന്റെ ക്ഷേമവുമായി ബന്ധപ്പെട്ട് സഹകരണ സംഘങ്ങളും വനിതാ സഹകരണ സംഘങ്ങളും സഹകരണ സംഘങ്ങളുടെ നേതൃത്വത്തിലുള്ള സ്വാശ്രയ ഗ്രൂപ്പുകളും പ്രവർത്തിച്ചുവരുന്നു.

ഏഷ്യയിലെ എഴുത്തുകാരുടെ ആദ്യത്തെ കൂട്ടായ്മയായ സാഹിത്യപ്രവർത്തക സഹകരണ സംഘം മലയാളികളുടെ സാഹിത്യ സാംസ്കാരിക ജീവിതത്തിലെ നാഴികക്കല്ലാണ്.

പരിയാരം മെഡിക്കൽകോളേജ്, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം, കൺസ്യൂമർ ഫെഡ്, ഹാന്റെക്സ്, മിൽമ, റബ്കോ, കയർഫെഡ് തുടങ്ങിയവ കേരളീയർക്ക് സുപരിചിതങ്ങളായ നാമധേയങ്ങളാണ്.

ഇപ്രകാരം, സംസ്ഥാനത്തിന്റെ സാമൂഹിക സാമ്പത്തിക മേഖലയുടെ വികസനത്തിന് സഹകരണമേഖല ഗണ്യമായ പങ്ക് വഹിച്ചുവരികയാണ്. പ്രത്യക്ഷമായും പരോക്ഷമായും ലക്ഷക്കണക്കിനാളുകൾക്ക് തൊഴിൽ നൽകുന്നതിന് സഹകരണ പ്രസ്ഥാനങ്ങൾക്ക് കഴിയുന്നുണ്ട്. മാറിവരുന്ന സമ്പ്രദായങ്ങൾക്കും

നൂതന ആശയങ്ങൾക്കും അനുസൃതമായി സഹകരണ മേഖലയും മാറിക്കൊണ്ടിരിക്കുന്നു. സാമൂഹികവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി പ്രവർത്തിക്കാൻ സഹകരണ മേഖലയ്ക്ക് കഴിയുന്നുണ്ടെന്നത് എടുത്തുപറയത്തക്ക നേട്ടമാണ്.

(ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചിട്ടില്ല.

(സി) നോട്ട് പിൻവലിക്കലിനെ തുടർന്ന് പിൻവലിക്കപ്പെട്ട 500, 1000 രൂപാ നോട്ടുകൾ നിക്ഷേപമായി സ്വീകരിക്കുന്നതിനോ, കൈമാറ്റം ചെയ്യുന്നതിനോ ജില്ലാ സഹകരണ ബാങ്കുകളേയും, പ്രാഥമിക സംഘങ്ങളേയും ഒഴിവാക്കിയ കേന്ദ്രസർക്കാർ/റിസർവ് ബാങ്ക് സമീപനം ഇന്ത്യയിലെ എല്ലാ സഹകരണ ബാങ്കുകൾക്കും ബാധകമായിരുന്നു. ഇത് സഹകരണ മേഖലയിലെ നിക്ഷേപങ്ങളെ സംബന്ധിച്ച് ആശങ്കയുണ്ടാക്കി. നിക്ഷേപകർ പലരും ന്യൂജനറേഷൻ ബാങ്കുകളിലേയ്ക്ക് നിക്ഷേപം മാറ്റുന്ന സ്ഥിതിവന്നു. ഇതുമൂലമുണ്ടായ പ്രത്യാഘാതം ദൂരവ്യാപകമാണ്.

(ഡി) സഹകരണ മേഖലയോടുള്ള സമീപനം തിരുത്തണമെന്ന് പ്രത്യേക നിയമസഭാ സമ്മേളനം ചേർന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുകയും സർവ്വകക്ഷി നിവേദക സംഘത്തെ കേന്ദ്രത്തിലേയ്ക്ക് അയയ്ക്കുന്നതിന് തീരുമാനിക്കുകയും ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സെൻട്രൽ ബാങ്ക് കോൺഫറൻസ് ചേർന്ന് സഹകരണ മേഖലയിൽ സ്വീകരിക്കേണ്ട നടപടികൾ തീരുമാനിക്കുകയും ചെയ്തു.

നോട്ട് പിൻവലിച്ച ശേഷം സഹകരണ മേഖലയിലെ ഇടപാടുകാർ നേരിട്ട ആശങ്ക പരിഹരിക്കുന്നതിലേയ്ക്കായി സഹകരണ മേഖലയിലെ നിക്ഷേപകർക്ക് സുരക്ഷിതത്വം ഉറപ്പാക്കുംവിധം നടപടികൾ സ്വീകരിച്ചു. 500, 1000 രൂപാ നോട്ടുകൾ അസാധുവാക്കിയതുമായി ബന്ധപ്പെട്ട് സഹകരണ മേഖലയിൽ ഉടലെടുത്തിട്ടുള്ള പ്രതിസന്ധി കറൻസി ലഭ്യതയുമായി മാത്രം ബന്ധപ്പെട്ടുള്ളതും താൽക്കാലികം മാത്രമാണെന്നും നിക്ഷേപ തുക യാതൊരു കാരണവശാലും നഷ്ടമാകില്ലെന്നും ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളിലെ നിക്ഷേപങ്ങൾക്ക് റിസർവ് ബാങ്കിന്റെ കീഴിലുള്ള ഡെപ്പോസിറ്റ് ഇൻഷ്വറൻസ് ആന്റ് ക്രെഡിറ്റ് ഗ്യാരന്റി കോർപ്പറേഷന്റെ നിക്ഷേപ സുരക്ഷാ സ്കീം ബാധകമാണെന്നും പ്രാഥമിക സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് കേരള സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ നിക്ഷേപ സുരക്ഷാ സ്കീം ബാധകമാണെന്നും ആയതിനാൽ കറൻസി അസാധുവാക്കിയത് മുഖേന സമ്പദ്ഘടനയുടെ പ്രത്യേകിച്ച് കാർഷിക, ചെറുകിട വ്യാപാര മേഖലയിലുണ്ടായ മാന്ദ്യം മറികടക്കുന്നതിന് കേരള സർക്കാർ ബദൽ മാർഗ്ഗങ്ങൾ ആലോചിക്കുകയും, കറൻസി അസാധുവാക്കൽമൂലമുണ്ടായ പ്രതിസന്ധി മറികടക്കുന്നതിന് സഹകരണ പ്രസ്ഥാനത്തോടൊപ്പം ഉറച്ചുനിൽക്കണമെന്ന് കേരളീയ സമൂഹത്തോട് അഭ്യർത്ഥിക്കുകയുമുണ്ടായി.

നിക്ഷേപകരുടെ വിശ്വാസം ആർജ്ജിക്കുന്നതിനും നിക്ഷേപം സമാഹരിക്കുന്നതിനുമായി 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 10 വരെയുള്ള ഒരു മാസക്കാലം സഹകരണ മേഖല സംരക്ഷണ ക്യാമ്പയിൻ സംഘടിപ്പിച്ചു. 2016 ഡിസംബർ 18 സഹകരണ മേഖലാ സംരക്ഷണ ദിനമായി ആചരിച്ചു. ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും താലൂക്ക് തലത്തിലും സംഘം തലത്തിലും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചു. ക്യാമ്പയിന്റെ ഭാഗമായി സഹകാരികൾ കേരളത്തിലെ 1720682 ഭവനങ്ങൾ സന്ദർശിച്ചു. 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 31 വരെ നിക്ഷേപ സമാഹരണ യജ്ഞം നടത്തി. നോട്ട് അസാധുവാക്കിയതുമൂലം ജനങ്ങൾക്കുണ്ടായ അസൗകര്യം ലഘൂകരിക്കുന്നതിനായി 2017 മാർച്ച് 31 വരെ റവന്യൂ റിക്കവറി/ജപ്തി ഉൾപ്പെടെയുള്ള നടപടികൾക്ക് സർക്കാർ മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്.

2016-17 സാമ്പത്തിക വർഷം യഥാക്രമം വായ്പ തീർപ്പാക്കുന്ന ഇടപാടുകാർക്ക് പ്രസ്തുത സാമ്പത്തിക വർഷം തിരിച്ചടച്ച പലിശയുടെ 10% ഇളവ് അനുവദിക്കുകയും, കുടിശ്ശിക വായ്പക്കാർക്ക് ഇളവുകൾ നൽകുകയും ചെയ്യുന്ന "നവ കേരളീയം കുടിശ്ശിക നിവാരണ പദ്ധതി 2017" , നടപ്പാക്കുകയുണ്ടായി. ഇത് സഹകരണ മേഖലയുടെ വിശ്വാസ്യത വർദ്ധിപ്പിക്കുന്നതിനും കൂടുതൽ ബാങ്കിടപാടുകൾ സാധ്യമാക്കുന്നതിനും ഉപകരിച്ചിട്ടുണ്ട്.

## വ്യവസായ വളർച്ചയ്ക്ക് അനുകൂലമായ സാഹചര്യം

20 (*50) ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വളർച്ചയ്ക്ക് അനുകൂലമായ സാഹചര്യം പ്രയോജനപ്പെടുത്തുന്നതിനും സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുന്നതിനുമുള്ള നടപടികൾ ലളിതമാക്കുന്നതിനും ആവശ്യമായ നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇത് സംബന്ധിച്ച് വിവിധ വകുപ്പുകളുമായി കൂടിയാലോചന നടത്തിയിട്ടുണ്ടോ;

(സി) വ്യവസായ വകുപ്പിൽ ഇ-ഗവേണൻസ് പദ്ധതി വ്യാപകമാക്കുന്നതിന്റെ ഭാഗമായി വെബ്സൈറ്റ് നവീകരിച്ചിട്ടുണ്ടോ;

(ഡി) സംരംഭക സഹായക പദ്ധതി ഓൺലൈൻ വഴി നടപ്പാക്കൽ, ഏകജാലകം, ബിസിനസ്സ് ഇൻക്യൂബേഷൻ സെന്റർ സംബന്ധിച്ച വിവരങ്ങൾ തുടങ്ങിയവ നവീകരിച്ച വെബ്സൈറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ & ബി) ഉണ്ട്.

(സി&ഡി) ഉണ്ട്. സംരംഭക സഹായക പദ്ധതി, ബിസിനസ്സ് ഇൻക്യൂബേഷൻ സെന്റർ, വ്യവസായ ഏകജാലകം എന്നിവ ഉൾപ്പെടുത്തി നിലവിലുണ്ടായിരുന്ന വെബ്സൈറ്റ് കാലോചിതമായ മാറ്റങ്ങൾ വരുത്തി www.industry.kerala.gov.in എന്ന പേരിലാക്കി മാറ്റി പരിഷ്കരിച്ചിട്ടുണ്ട്.

**വിനോദസഞ്ചാര മേഖലയ്ക്കുണ്ടായ തിരിച്ചടി**

21 (*51) ശ്രീ. കെ. എം. ഷാജി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. സി. മമ്മൂട്ടി :
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ട് നിരോധനം സംസ്ഥാനത്തിന്റെ വിനോദസഞ്ചാര സാദ്ധ്യതകളെ ഏതെല്ലാം വിധത്തിൽ ബാധിച്ചിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ ടൂറിസം സീസൺ ആരംഭിച്ചശേഷം വിദേശ സഞ്ചാരികളുടെ എണ്ണത്തിൽ മുൻ വർഷത്തേക്കാൾ എത്രത്തോളം കുറവുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) വിനോദസഞ്ചാര മേഖലയ്ക്ക് ഉണ്ടായ തിരിച്ചടിയിൽ തകർന്നുപോയ സംരംഭകർക്കുണ്ടായ സാമ്പത്തികഭാരത്തിന് ആശ്വാസം പകരാൻ നികുതി ഇളവുകൾ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) 2016 നവംബർ 8 അർദ്ധരാത്രി മുതൽ നിലവിൽ വന്ന 500-ന്റെയും 1000-ന്റെയും നോട്ട് അസാധുവാക്കൽ നടപടി ടൂറിസം മേഖലയെ എത്രത്തോളം ബാധിച്ചു എന്ന് മനസ്സിലാക്കുന്നതിലേയ്ക്കായി ഒരു "ക്വിക്ക് സർവ്വേ" 2016

ഡിസംബർ 1-ന് വകുപ്പ് തലത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത സർവ്വേയിൽ ഹോട്ടൽ, ഹൗസ് ബോട്ട്, ടൂർ ഓപ്പറേറ്റർ എന്നിവർ ഉൾപ്പെട്ട സാമ്പിളുകളിൽ നിന്നും വിവരശേഖരണം നടത്തുകയുണ്ടായി. പ്രസ്തുത പഠനത്തിന്റെ കണ്ടെത്തലുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സംസ്ഥാനത്തെ ടൂറിസം സീസൺ ആരംഭിച്ച ശേഷം (ഒക്ടോബർ 2016 മുതൽ) വിദേശ സഞ്ചാരികളുടെ എണ്ണത്തിൽ കുറവ് സംഭവിച്ചിട്ടില്ല. എന്നാൽ ഈ സീസണിൽ പ്രതീക്ഷിച്ച വളർച്ചാനിരക്ക് കൈവരിക്കാൻ സാധിച്ചിട്ടില്ല. ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ നവംബർ മാസത്തിൽ മുൻവർഷത്തേക്കാൾ കുറവ് സംഭവിച്ചിട്ടുണ്ട്. 2015, 2016 എന്നീ വർഷങ്ങളിലെ ടൂറിസ്റ്റുകളുടെ വരവിന്റെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) വിനോദസഞ്ചാര വകുപ്പിന് നിലവിൽ പദ്ധതികളില്ല.

## വൈദ്യുതി പ്രതിസന്ധി

22 (*52) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രൂക്ഷമായ വരൾച്ചയുടെ സാഹചര്യത്തിൽ സംസ്ഥാനം നേരിടുന്ന വൈദ്യുതി പ്രതിസന്ധി നേരിടാൻ സർക്കാർ കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ ജലസംഭരണികളിൽ എത്ര ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള വെള്ളമാണ് ശേഷിക്കുന്നത്;

(സി) സംസ്ഥാനത്തിന്റെ പ്രതിദിന ശരാശരി ഉപഭോഗം ഇപ്പോൾ എത്ര ദശലക്ഷം യൂണിറ്റാണ്; മാർച്ച്-ഏപ്രിൽ മാസങ്ങളിൽ പ്രതിദിന ഉപഭോഗം ശരാശരി എത്രയായിരിക്കും എന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഡി) പ്രതിസന്ധി മറികടക്കുവാൻ സംസ്ഥാനത്തിന് പുറത്തുനിന്നും വൈദ്യുതി വാങ്ങുന്നതിന് ഉദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) പുറമേനിന്നും വൈദ്യുതി കൊണ്ടുവരുവാനുള്ള ഇടമൺ-കൊച്ചി 400 കെ.വി. ട്രാൻസ്മിഷൻ ലൈനിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്; എന്നത്തേയ്ക്ക് പണി പൂർത്തിയാക്കുവാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്;

(എഫ്) വൈദ്യുതി പ്രതിസന്ധി നേരിടാൻ കേന്ദ്ര വിഹിതം വർദ്ധിപ്പിക്കണമെന്ന് അപേക്ഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിലുള്ള കേന്ദ്ര നിലപാട് അനുകൂലമാണോ; ഇതുമൂലം എത്ര വൈദ്യുതി അധികമായി ലഭിക്കും എന്ന് വ്യക്തമാക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) സംസ്ഥാനത്തെ കടുത്ത ജല ദൗർലഭ്യംമൂലം ഉണ്ടാകാനിടയുള്ള ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിനായി പുറമേ നിന്ന് കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമായ സമയങ്ങളിൽ വൈദ്യുതി വാങ്ങി ജലവൈദ്യുതിയുടെ ഉല്പാദനം ക്രമീകരിച്ച് പരമാവധി ജലം സംഭരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിരുന്നു. കഴിഞ്ഞ വർഷം ജൂൺ മുതൽ തന്നെ പരമാവധി ജലം സംഭരിക്കുവാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇതനുസരിച്ച് 2016-17 സാമ്പത്തിക വർഷത്തിൽ ആഭ്യന്തര താപനിലയങ്ങളിൽ നിന്നുള്ള വിലകൂടിയ ഉല്പാദനം പൂർണ്ണമായി ഒഴിവാക്കിയും അണക്കെട്ടുകൾ കവിഞ്ഞു പോകാത്ത രീതിയിൽ ജല സംഭരണം നടത്തിയുമാണ് ഉല്പാദനം ക്രമീകരിച്ചിരിക്കുന്നത്.

മദ്ധ്യകാല-ദീർഘകാല കരാർ മുഖേനയും ഡി.ബി.എഫ്.ഒ.ഒ. പ്രകാരം 2016 ഡിസംബർ മുതൽ ലഭ്യമാക്കേണ്ടിയിരുന്ന വൈദ്യുതി ജൂൺ മുതൽ ലഭ്യമാക്കുക വഴിയും ജല വൈദ്യുതി ഉല്പാദനം കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. കാലവർഷത്തിന്റെ കുറവ് കാരണം ആഭ്യന്തര വൈദ്യുതി ഉല്പാദനത്തിൽ 45 ശതമാനം കുറവ് വന്നിട്ടുണ്ട്. ഇത് കാരണം ഉണ്ടായേക്കാവുന്ന വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് കേരളത്തിന് പുറത്തുനിന്ന് വൈദ്യുതി കൊണ്ടുവരുന്നതിനുള്ള ദീർഘകാല-ഹ്രസ്വകാല കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. 865 മെഗാവാട്ടിന്റെ ദീർഘകാല കരാറും 300 മെഗാവാട്ട് റൗണ്ട് ദ ക്ലോക്ക് അടിസ്ഥാനത്തിലും 100 മെഗാവാട്ട് പീക്ക് സമയത്തും ഹ്രസ്വകാല കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതിൽ 315 മെഗാവാട്ട് വൈദ്യുതി ദീർഘകാലാടിസ്ഥാനത്തിൽ 6-12-2016-ൽ ലഭിച്ചു തുടങ്ങി. മാർച്ച് മുതൽ ലഭിക്കേണ്ട 200 മെഗാവാട്ട് ഹ്രസ്വകാല കരാർ അനുസരിച്ച് വൈദ്യുതി കൊണ്ടുവരാനുള്ള ഇടനാഴിയും ലഭിച്ചിട്ടുണ്ട്. കൂടാതെ മാർച്ച് മാസത്തിൽ 85 മെഗാവാട്ട് വൈദ്യുതി വൈകുന്നേരം 6 മണി മുതൽ 12 മണിക്കൂർ

കൊണ്ടുവരാനുള്ള ഇടനാഴിയും ലഭ്യമായിട്ടുണ്ട്. ഇത് കഴിഞ്ഞുള്ള വൈദ്യുതി കമ്മി പവർ എക്സ്ചേഞ്ച്, അൺഷെഡ്യൂൾഡ് ഇന്റർചേഞ്ച്, കപ്പാസിറ്റർ അഡ്ജസ്റ്റ്മെന്റ് എന്നിവ വഴി നികത്താനാണ് ഉദ്ദേശിക്കുന്നത്.

ഇപ്രകാരം സംഭരണികളിലെ ജലം വരുംമാസങ്ങളിലേയ്ക്ക് സംഭരിക്കാനും സാധിച്ചിട്ടുണ്ട്. 2017 മാർച്ച് മുതൽ ജൂൺ വരെയുള്ള കാലയളവിലെ ഉപഭോഗം പ്രതീക്ഷിച്ച് ഡീപ്പ്-ഇ-ബിഡ്ഡിംഗ് വഴി 200 മെഗാവാട്ട് വൈദ്യുതി വാങ്ങുന്നതിനുള്ള കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതുകൂടാതെ 2017 മാർച്ച് മുതൽ മേയ് വരെ ഹ്രസ്വകാല കരാർ പ്രകാരം 100 മെഗാവാട്ട് മുഴുവൻ സമയവും 100 മെഗാവാട്ട് പീക്ക് സമയത്ത് മാത്രമായും വൈദ്യുതി വാങ്ങുന്നതിനുള്ള കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇപ്പോഴത്തെ സ്ഥിതിഗതികൾ പരിഗണിച്ച് ലഭ്യതയ്ക്കനുസരിച്ച് കൂടുതൽ വൈദ്യുതി പവർ എക്സ്ചേഞ്ചിൽ നിന്ന് വാങ്ങുവാനും തീരുമാനിച്ചിട്ടുണ്ട്. ഗാർഹിക ഉപഭോക്താക്കൾക്ക് സൗജന്യ നിരക്കിൽ ഒന്നരക്കോടി 9 വാട്ട് എൽ.ഇ.ഡി ബൾബ് നൽകുന്നതിനുള്ള പദ്ധതി കേന്ദ്ര സ്ഥാപനമായ ഇ.ഇ.എസ്.എൽ.-മായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. ഇതിൽ ആദ്യഘട്ടമെന്ന നിലയിൽ 75 ലക്ഷം ബൾബുകൾ വിതരണം ചെയ്തു കഴിഞ്ഞു. രണ്ടാം ഘട്ടമായി 25 ലക്ഷം ബൾബുകൾ ഇപ്പോൾ വിതരണം ചെയ്തു വരുന്നു. ഇതുവഴി ഇപ്പോഴത്തെ ഊർജ്ജ പ്രതിസന്ധി ഒരു പരിധി വരെ നികത്താനാവുന്നതാണ്.

2009-10 സാമ്പത്തിക വർഷം വാങ്ങിയതിൽ വിതരണം ചെയ്യാനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ വിവിധ സ്റ്റോറുകളിലുള്ള സി.എഫ്.എൽ. ബൾബുകൾ സ്കൂൾ/റസിഡന്റ്സ് അസോസിയേഷനുകളിൽ സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. ഇതുവഴിയും ഇപ്പോഴത്തെ ഊർജ്ജ പ്രതിസന്ധി ഒരു പരിധി വരെ നികത്താനാവുന്നതാണ്.

ഊർജ്ജ സംരക്ഷണ സന്ദേശം സംസ്ഥാനത്തുടനീളം എത്തിക്കുന്ന പൊതു ബോധവത്കരണ പരിപാടികൾ സർക്കിൾ തലത്തിലും ഡിവിഷൻ തലത്തിലും സ്വീകരിച്ച് ഊർജ്ജ പ്രതിസന്ധി ഒരളവ് വരെ കുറയ്ക്കാവുന്നതാണ്.

ഇപ്പോൾ നിർമ്മാണം നടന്നുവരുന്ന സൗരോർജ്ജ നിലയങ്ങളുടെ നിർമ്മാണം ത്വരിതഗതിയിൽ പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. (വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 2017 ഫെബ്രുവരി 21-ാം തീയതിയിലെ കണക്ക് പ്രകാരം 1646.71 മില്യൻ യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള വെള്ളം ശേഷിക്കുന്നുണ്ട്. 2016 ഫെബ്രുവരി 21-ാം തീയതി 2246.81 മില്യൻ യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പി-ക്കാനുള്ള വെള്ളമാണ് ഉണ്ടായിരുന്നത്. അതായത് കഴിഞ്ഞ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ ഇപ്പോഴത്തേത് 14.50 ശതമാനം കുറവാണ്.

(സി) 2017 ഫെബ്രുവരി 19-ാം തീയതിയിലെ കണക്ക് പ്രകാരം സംസ്ഥാനത്തിന്റെ പ്രതിദിന ശരാശരി ഉപഭോഗം 65.716 മില്യൻ യൂണിറ്റ് ആണ്. ഏപ്രിൽ, മേയ് മാസങ്ങളിൽ പ്രതീക്ഷിക്കുന്ന പ്രതിദിന ശരാശരി ഉപഭോഗം 76 മില്യൻ യൂണിറ്റാണ്. പ്രതീക്ഷിക്കുന്ന ഉയർന്ന ഊർജ്ജ ആവശ്യകത 4200 മെഗാവാട്ട്.

(ഡി) വൈദ്യുതി പ്രതിസന്ധി മറികടക്കുന്നതിനായി സംസ്ഥാനത്തിന്റെ പുറമേ നിന്നും കൂടുതൽ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ബോർഡ് സ്വീകരിച്ചിട്ടുണ്ട്. കൂടുതൽ വൈദ്യുതി കൊണ്ടുവരുന്നതിന് കോറിഡോറിന്റെ ലഭ്യത ആവശ്യമാണ്. അതിനായി അരീക്കോട് 400 കെ.വി. സബ്സ്റ്റേഷനിൽ മൂന്നാമത്തെ ട്രാൻസ്ഫോർമർ താൽക്കാലികമായി വച്ച് 2017 മാർച്ച്, ഏപ്രിൽ മാസങ്ങളിൽ തന്നെ കൂടുതൽ വൈദ്യുതി എത്തിക്കാനുള്ള നടപടികൾ പി.ജി.സി.ഐ.എൽ. എടുത്തിട്ടുണ്ട്.

(ഇ) കേരളത്തിലേയ്ക്ക് വൈദ്യുതി എത്തിക്കുന്നതിലേയ്ക്കായി തിരുനെൽവേലിയിൽ നിന്നും കൊച്ചി വരെ പവർഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ നിർമ്മിക്കുന്ന 400 കെ.വി. ലൈനിന്റെ ഒന്നാം ഘട്ടം തിരുനെൽവേലി മുതൽ ഇടമൺ വരെ പൂർത്തിയായിട്ടുണ്ട്. രണ്ടാം ഘട്ടമായ ഇടമൺ മുതൽ കൊച്ചി വരെ 149 കിലോമീറ്റർ നീളമുള്ള ലൈനിന്റെ 36 ശതമാനം ടവർ ഫൗണ്ടേഷനും 20 ശതമാനം ടവർ ഇറക്ഷനും 7 ശതമാനം സ്ട്രിംഗിംഗും 2010-ൽ പൂർത്തിയായിട്ടുണ്ട്. പുതുക്കിയ നഷ്ടപരിഹാര പാക്കേജ് നൽകുന്നതിനുവേണ്ടിയുള്ള ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രോപ്പർട്ടി സർവ്വേ 123 കിലോമീറ്റർ പൂർത്തിയായിട്ടുണ്ട്. നിലവിൽ പൂർത്തിയായിട്ടുള്ള 159 ടവർ ഫൗണ്ടേഷനിൽ 70 എണ്ണത്തിന്റെ ഡി.വി.എസ്. തയ്യാറാക്കി നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് ജില്ലാ കളക്ടർമാർ അനുമതി നൽകിയിട്ടുണ്ട്.

നിർമ്മാണ ജോലികളുടെ ചുമതല പവർഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡിനാണ്. ലൈനിന്റെ നിർമ്മാണം 2018 ഡിസംബറിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(എഫ്) താരതമ്യേന വിലക്കുറവുള്ള വൈദ്യുതി വാങ്ങൽ കരാറുള്ളതിനാൽ അധിക കേന്ദ്ര വിഹിതം ആവശ്യപ്പെട്ടിട്ടില്ല.

**നാഷണൽ ഗെയിംസ് താരങ്ങൾക്ക് ജോലി**

23 (*53) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നാഷണൽ ഗെയിംസിൽ നേട്ടം കൈവരിച്ച താരങ്ങൾക്ക് നാളിതുവരെ സർക്കാർ ജോലി നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(സി) എത്ര കായിക താരങ്ങൾക്കാണ് ജോലിയ്ക്ക് അർഹതയുള്ളത്; ഇവരുടെ പേരുവിവരം വിശദമാക്കുമോ; അവർക്ക് എത്രയും വേഗം ജോലി നൽകാൻ നടപടി സ്വീകരിക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) ഉണ്ട്.

(ബി) സംസ്ഥാന ടീമിന്റെ മികച്ച പ്രകടനം കണക്കിലെടുത്ത് 35-ാമത് ദേശീയ ഗെയിംസിൽ വ്യക്തിഗത ഇനങ്ങളിൽ മെഡൽ നേടിയവർക്കും ടീം ഇനങ്ങളിൽ സ്വർണ്ണമെഡൽ നേടിയവരുമായ താരങ്ങൾക്ക് വിവിധ വകുപ്പുകളിലെ സ്പോർട്സ് ക്വാട്ടാ നിയമന വിഭാഗത്തിൽ നിയമനം നൽകുന്നതിന് എൽ.ഡി. ക്ലാർക്ക് തസ്തികയുടെ 68 സൂപ്പർ ന്യൂമററി തസ്തികകൾ അധികമായി സൃഷ്ടിച്ചുകൊണ്ട് 16-2-2016 ലെ സ.ഉ (കൈ) 15/16/കാ.യു.വ. പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ടി കായിക താരങ്ങൾക്ക് പ്രസ്തുത തസ്തികകളിൽ നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

കൂടാതെ ടീമിനങ്ങളിൽ വെള്ളി, വെങ്കല മെഡലുകൾ നേടിയ 83 കായിക താരങ്ങൾക്ക് ലാഭത്തിൽ പ്രവർത്തിക്കുന്ന സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നൽകുന്ന വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്. ഇതുസംബന്ധിച്ച് 21-2-2017-ൽ ബഹു. വ്യവസായവും കായിക യുവജനകാര്യവും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. തുടർ നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചു വരികയാണ്.

35-ാമത് ദേശീയ ഗെയിംസിൽ സംസ്ഥാന ടീമിനുവേണ്ടി ഒളിമ്പിക് നിലവാരം പുലർത്തുന്ന പ്രകടനം കാഴ്ചവച്ച കുമാരി അനിൽഡ തോമസ്, കുമാരി അനു ആർ. എന്നിവർക്ക് നിയമനം നൽകുന്നതിനായി വനം വന്യജീവി വകുപ്പിൽ സീനിയർ സൂപ്രണ്ടുമാരുടെ 2 (രണ്ട്) സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കുന്നതിന് 4-3-2016-ലെ സ.ഉ (കൈ)29/16/കാ.യു.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. ഇവർക്ക് നിയമനം നൽകുന്ന നടപടികൾ പ്രസ്തുത ഭരണ വകുപ്പ് സ്വീകരിച്ച് വരികയാണ്.

ഒളിമ്പിക് നിലവാരത്തിലുള്ള പ്രകടനം കാഴ്ചവച്ച മറ്റ് രണ്ട് കായിക താരങ്ങളായ ശ്രീ. സജ്ജൻ പ്രകാശ്, ശ്രീമതി എലിസബത്ത് സൂസൻ കോശി എന്നിവർക്ക് ആംഡ് പോലീസ് ഇൻസ്പെക്ടർ തസ്തികയിൽ നിയമനം നൽകിക്കൊണ്ട് 27-10-2016-ലെ സ.ഉ. (കൈ) 272/16/ആഭ്യന്തരം, 19-11-2016-ലെ സ.ഉ. (കൈ) 296/16/ആഭ്യന്തരം എന്നിവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) 155. പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.* ഇത് സംബന്ധിച്ച നടപടികൾ സത്വരമായി സ്വീകരിച്ച് വരുന്നു.

## നോട്ട് നിരോധനംമൂലം സഹകരണ മേഖല നേരിടുന്ന പ്രശ്നങ്ങൾ

24 (*54) ശ്രീ. എസ്. ശർമ്മ:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ നോട്ട് നിരോധനംമൂലം പ്രതിസന്ധിയിലായ സഹകരണ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) വായ്പകളുടെ തിരിച്ചടവിനും വായ്പകൾ നൽകുന്നതിനും പ്രധാന ഏജൻസികളിൽ നിന്നുള്ള സബ്സിഡി തുക വിതരണം ചെയ്യുന്നതിനും നോട്ട് നിരോധനം സൃഷ്ടിച്ച പ്രതിസന്ധി പരിഹരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) നോട്ട് പിൻവലിക്കലിന്റെ ഫലമായി ഉണ്ടായ പ്രതിസന്ധി മറികടക്കുന്നതിന് സഹകരണ സംഘങ്ങളെ ആധുനികവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) സഹകരണ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ & ബി) കേന്ദ്ര സർക്കാരിന്റെ നോട്ട് നിരോധനംമൂലം പ്രതിസന്ധിയിലായ സഹകരണ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് 3-12-2016-ലെ സഹകരണ (ബി) വകുപ്പിന്റെ സ.ഉ. (കൈ.) നമ്പർ 48/16/സഹ. നമ്പർ ഉത്തരവുപ്രകാരം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാറുടെ 46/16 നമ്പർ സർക്കുലർ പ്രകാരം ജില്ലാ സഹകരണ ബാങ്കുകൾക്കും പ്രാഥമിക സഹകരണ സംഘങ്ങൾക്കും മാർഗ്ഗനിർദ്ദേശം നൽകിയിരുന്നു. അവ ചുവടെ ചേർക്കുന്നു.

പ്രാഥമിക സഹകരണ സംഘത്തിൽ/ബാങ്കിൽ അക്കൗണ്ടുള്ള ഇടപാടുകാരന് കെ.വൈ.സി. (ഇടപാടുകാരെ അറിയൽ) മാനദണ്ഡം പാലിച്ച് അടുത്തുള്ള ജില്ലാ സഹകരണ ബാങ്കിന്റെ ശാഖയിൽ (പ്രാഥമിക സഹകരണ സംഘത്തിന് അക്കൗണ്ടുള്ള ശാഖയിൽ) സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും, പ്രാഥമിക സഹകരണ സംഘത്തിൽ ഇടപാടുകാരനുള്ള അക്കൗണ്ടിൽ നിന്നും അക്കൗണ്ട് ഉടമ ആവശ്യപ്പെടുന്ന തുക ജില്ലാ സഹകരണ ബാങ്കിലുള്ള അയാളുടെ അക്കൗണ്ടിലേക്ക് നൽകി, ആഴ്ചയിൽ 24,000 രൂപയോ, റിസർവ് ബാങ്ക് നിഷ്കർഷിക്കുന്ന പരിധിയിലുള്ള തുകയോ ഇടപാടുകാരന് പിൻവലിക്കാവുന്നതും ചെക്ക്, ഡ്രാഫ്റ്റ് ഇടപാടുകളും ഇലക്ട്രോണിക് ട്രാൻസ്ഫർ സംവിധാനങ്ങളായ ആർ.ടി.ജി.എസ്., എൻ.ഇ.എഫ്.റ്റി. എന്നിവ ഉപയോഗിച്ച് ആവശ്യമായ തുക ഇടപാടുകാർ നിർദ്ദേശിക്കുന്ന വ്യക്തിക്ക്/സംഘത്തിന് നൽകുന്നതിനും കർഷകർക്ക് ആവശ്യമായ കാർഷിക വായ്പകൾ തുടർന്നും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേന അനുവദിക്കുന്നതിനും കർഷകർക്ക് അനുവദിക്കുന്ന വായ്പാ തുക മേൽ വിവരിച്ച രീതിയിൽ ആരംഭിച്ചിട്ടുള്ള ജില്ലാ സഹകരണ ബാങ്കിലുള്ള പ്രാഥമിക സംഘത്തിലെ അംഗങ്ങളുടെ/കർഷകരുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകുന്നതിനും അംഗങ്ങളെ/ കർഷകരെ അതിൽ നിന്നും പിൻവലിക്കുന്നതിന് അനുവദിക്കുന്നതിനും, പ്രാഥമിക സംഘങ്ങളിൽ നിലവിലുള്ള അക്കൗണ്ടിലൂടെ അംഗങ്ങൾക്ക് തുടർന്നും ഇടപാടുകൾ നടത്തുന്നതിനും നിക്ഷേപം സ്വീകരിക്കുന്നതിനും, വായ്പാ തിരിച്ചടവ്

നടത്തുന്നതിനും അനുവദിക്കുന്നതിനും ഇപ്രകാരം ജില്ലാ സഹകരണ ബാങ്കിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘത്തിലെ ഇടപാടുകാരന് അക്കൗണ്ട് തുടങ്ങുന്നതിന് വേണ്ടിവരുന്ന ചെലവ് ജില്ലാ സഹകരണ ബാങ്ക് വഹിക്കേണ്ട താണെന്നും ഈ സംവിധാനം പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ നേരിടുന്ന കറൻസി ദൗർലഭ്യം പരിഹരിക്കുന്നതിനുള്ള താൽക്കാലിക സംവിധാനമായിരിക്കുമെന്നും നിർദ്ദേശം നൽകി.

(സി) സഹകരണ സംഘങ്ങളെ ആധുനികവൽക്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണവുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു സ്റ്റിയറിംഗ് കമ്മിറ്റിയും ഒരു ടെക്നിക്കൽ കമ്മിറ്റിയും പ്രവർത്തിക്കുന്നുണ്ട്. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ കോർബാങ്കിംഗ് പൂർത്തീകരിക്കുന്നതിനും അടിയന്തിരമായി Rupay Kissan Credit Card വിതരണം ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) നന്നായി പ്രവർത്തിക്കുന്ന പ്രാഥമിക സംഘങ്ങളുടെ നേതൃത്വത്തിൽ കാർഷിക, സേവന, ചെറുകിട വ്യവസായ മേഖലകളിലായി അനുബന്ധ യൂണിറ്റുകൾ ആരംഭിച്ച് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ സാധിക്കുന്നതാണ്.

**നോട്ട് നിരോധനംമൂലം സഹകരണ ഇടപാടുകാർ നേരിട്ട പ്രശ്നങ്ങൾ**

25 (*55) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ട് നിരോധനത്തിന്റെ മറവിൽ സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനത്തെ തകർക്കാൻ കേന്ദ്ര സർക്കാർ നടത്തിയ നീക്കം സഹകരണ മേഖലയിൽ ഉണ്ടാക്കിയിട്ടുള്ള പ്രതിസന്ധിയുടെ വ്യാപ്തി വ്യക്തമാക്കുമോ;

(ബി) ഇടപാടുകാർ നേരിട്ട പ്രശ്നങ്ങൾ പരിഹരിക്കാനായി സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(സി) നിക്ഷേപകരുടെ വിശ്വാസം ആർജ്ജിക്കാനും നിക്ഷേപം സമാഹരിക്കാനുമായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) 8-11-2016 അർദ്ധരാത്രി മുതൽ സഹകരണ സംഘങ്ങൾക്ക് അവരുടെ പക്കലുള്ള 500, 1000 രൂപ കറൻസികൾ കൈമാറ്റം ചെയ്യാൻ സാധിക്കാത്ത അവസ്ഥ സംജാതമായി. 9-11-2016-ന് സഹകരണ സംഘങ്ങളിൽ സാമ്പത്തിക ഇടപാടുകൾ നടന്നിട്ടില്ല. 10-11-2016 മുതൽ 14-11-2016 വരെ പ്രാഥമിക സഹകരണ സംഘങ്ങൾ സ്വീകരിച്ച 500, 1000 കറൻസികൾ ജില്ലാ സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കാൻ കഴിയാത്ത അവസ്ഥയുണ്ടായി. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും ഒരാഴ്ചയിൽ 24,000 രൂപ മാത്രമേ ഒരു അക്കൗണ്ടിൽനിന്നും പിൻവലിക്കാൻ കഴിഞ്ഞുള്ളൂ. സഹകരണ മേഖലയിലെ 1.90 കോടി ഇടപാടുകാരുടെ ദൈനംദിന ആവശ്യങ്ങൾ നിറവേറ്റുന്നതിന് തുച്ഛമായ ഈ തുക തികച്ചും അപര്യാപ്തമായിരുന്നു. ഒരു പ്രാഥമിക സംഘത്തിൽ ശരാശരി 10,000-ത്തോളം ഇടപാടുകാരുണ്ട്. സാധുവായ കറൻസി ഉപയോഗിച്ച് (പുതിയ 2,000 നോട്ടുൾപ്പെടെ) നാമമാത്രമായ ഇടപാടുകൾ മാത്രമേ സംഘങ്ങളിൽ നടന്നുള്ളൂ. സംഘങ്ങളുടെ പ്രധാന ബിസിനസ്സായ വായ്പാ വിതരണവും തിരിച്ചടവും, നിക്ഷേപമുൾപ്പെടെയുള്ള ഇടപാടുകൾ തടസ്സപ്പെട്ടു. വായ്പേതര പ്രവർത്തനങ്ങൾ ഉൾപ്പെടെ (കൺസ്യൂമർ സ്റ്റോർ, നീതി സ്റ്റോർ, നീതി മെഡിക്കൽ സ്റ്റോർ, വളം ഡിപ്പോ, ക്ലിനിക്കൽ ലാബ് തുടങ്ങിയവ) പ്രാഥമിക സംഘങ്ങൾ നടത്തുന്ന ദൈനംദിന പ്രവർത്തനങ്ങൾ എല്ലാം ബുദ്ധിമുട്ടിലായി. വിവാഹം, ചികിത്സ തുടങ്ങിയ ആവശ്യങ്ങൾക്ക് സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്ത ആളുകൾക്ക് വായ്പാ തുക യഥാസമയം നൽകുവാൻ സാധിച്ചില്ല. കെട്ടിട നിർമ്മാണം, വിദ്യാഭ്യാസം എന്നീ ആവശ്യങ്ങൾക്കായി സംഘങ്ങളിൽ നിന്നും നിക്ഷേപ തുക പിൻവലിക്കാനാകാതെ വന്നത് സാധാരണക്കാരുടെ ദുരിതം വർദ്ധിപ്പിച്ചു. കാർഷിക വായ്പാ വിതരണവും തിരിച്ചടവും പൂർണ്ണമായും നിലച്ചത് കർഷകരെയും ദുരിതത്തിലാക്കി. പ്രാഥമിക സഹകരണ സംഘങ്ങളിൽ അക്കൗണ്ടുള്ള അംഗങ്ങൾ അവരുടെ എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ച നിരോധിച്ച കറൻസി ജില്ലാ സഹകരണ ബാങ്കിലെ കറന്റ് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ട സാഹചര്യം വന്നു. ഇത് പ്രാഥമിക സംഘങ്ങൾക്ക് പലിശ നഷ്ടത്തിന് കാരണമായി. സഹകരണ ബാങ്കിലെ സ്വർണ്ണപണയം ഉൾപ്പെടെയുള്ള വായ്പകൾക്ക് പണം നൽകാൻ സഹകരണ സംഘങ്ങൾക്ക് കഴിഞ്ഞില്ല. ദൈനംദിന സാമ്പത്തിക ആവശ്യങ്ങൾക്ക് സഹകരണ ബാങ്കുകളെ ആശ്രയിച്ചിരുന്ന ഗ്രാമീണ ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാൻ കഴിയാത്തതിനാൽ ജനജീവിതം ദുരിത പൂർണ്ണമായിതീർന്നു.

(ബി) ഇടപാടുകാർ നേരിട്ട പ്രശ്നങ്ങൾ പരിഹരിക്കാനായി സംസ്ഥാന സർക്കാർ സത്വര നടപടികൾ സ്വീകരിച്ചു. പ്രാഥമിക സഹകരണ സംഘത്തിൽ/ബാങ്കിൽ അക്കൗണ്ടുള്ള ഇടപാടുകാരന് കെ.വൈ.സി. (ഇടപാടുകാരെ അറിയൽ) മാനദണ്ഡം പാലിച്ച് അടുത്തുള്ള ജില്ലാ സഹകരണ ബാങ്കിന്റെ ശാഖയിൽ (പ്രാഥമിക സഹകരണ സംഘത്തിന് അക്കൗണ്ടുള്ള ശാഖയിൽ) സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കാൻ അനുവദിച്ചു. പ്രാഥമിക സഹകരണ സംഘത്തിൽ ഇടപാടുകാരനുള്ള അക്കൗണ്ടിൽ നിന്നും അക്കൗണ്ട് ഉടമ ആവശ്യപ്പെടുന്ന തുക ജില്ലാ സഹകരണ ബാങ്കിലുള്ള അയാളുടെ അക്കൗണ്ടിലേക്ക് നൽകി, ആഴ്ചയിൽ 24,000 രൂപയോ, റിസർവ് ബാങ്ക് നിഷ്കർഷിക്കുന്ന പരിധിയിലുള്ള തുകയോ ഇടപാടുകാരന് പിൻവലിക്കാവുന്നതും ചെക്ക്, ഡ്രാഫ്റ്റ് ഇടപാടുകളും ഇലക്ട്രോണിക് ട്രാൻസ്ഫർ സംവിധാനങ്ങളായ ആർ.ടി.ജി.എസ്., എൻ.ഇ.എഫ്.റ്റി. എന്നിവ ഉപയോഗിച്ച് ആവശ്യമായ തുക ഇടപാടുകാർ നിർദ്ദേശിക്കുന്ന വ്യക്തിക്ക്/സ്ഥാപനങ്ങൾക്ക് നൽകാൻ നിർദ്ദേശം നൽകി. കർഷകർക്കാവശ്യമായ കാർഷിക വായ്പകൾ തുടർന്നും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേന അനുവദിക്കുകയും കർഷകർക്ക് അനുവദിക്കുന്ന വായ്പാ തുക മേൽ വിവരിച്ച രീതിയിൽ ആരംഭിച്ചിട്ടുള്ള ജില്ലാ സഹകരണ ബാങ്കിലുള്ള പ്രാഥമിക സംഘത്തിലെ അംഗങ്ങളുടെ/കർഷകരുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകുകയും അംഗങ്ങളെ/കർഷകരെ അതിൽ നിന്നും പിൻവലിക്കുന്നതിന് അനുവദിക്കുന്നതിനും തീരുമാനിച്ചു. പ്രാഥമിക സംഘങ്ങളിൽ നിലവിലുള്ള അക്കൗണ്ടിലൂടെ അംഗങ്ങൾക്ക് തുടർന്നും ഇടപാടുകൾ നടത്തുന്നതിനും നിക്ഷേപം സ്വീകരിക്കുന്നതിനും, വായ്പാ തിരിച്ചടവ് നടത്തുന്നതിനും അനുവദിച്ചു. ഇപ്രകാരം ജില്ലാ സഹകരണ ബാങ്കിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘത്തിലെ ഇടപാടുകാരന് അക്കൗണ്ട് തുടങ്ങുന്നതിന് വേണ്ടിവരുന്ന ചെലവ് ജില്ലാ സഹകരണ ബാങ്ക് വഹിക്കുവാൻ തീരുമാനിച്ചു. ഈ സംവിധാനം പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ നേരിടുന്ന കറൻസി ദൗർലഭ്യം പരിഹരിക്കുന്നതിനുള്ള താൽക്കാലിക സംവിധാനമായിരിക്കുമെന്നും നിർദ്ദേശം നൽകി.

ഉയർന്ന മൂല്യമുള്ള നോട്ട് കേന്ദ്രസർക്കാർ അസാധുവാക്കിയതുവഴി സഹകരണ ബാങ്കിംഗ് മേഖലയിൽ വായ്പാ തിരിച്ചടവിനുള്ള പ്രായോഗിക തടസ്സം സാധാരണ ജനങ്ങളെ ദോഷകരമായി ബാധിക്കാതിരിക്കുന്നതിന് സഹകരണ സംഘങ്ങളിൽ/സഹകരണ ബാങ്കുകളിൽ നിന്നും വിതരണം ചെയ്തിട്ടുള്ള വായ്പാ കുടിശ്ശികകളിന്മേൽ റവന്യൂ റിക്കവറി/ജപ്തി മുതലായ നിർബന്ധിത നടപടികൾ ആരംഭിച്ചിട്ടുള്ള വായ്പകൾക്ക് 2017 മാർച്ച് 31 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചു.

(സി) നിയമസഭയുടെ പ്രത്യേക സമ്മേളനം ചേർന്നു. സഹകരണ നിക്ഷേപം സുരക്ഷിതമാണെന്ന പ്രഖ്യാപനം നടത്തി. നിക്ഷേപകരുടെ വിശ്വാസം ആർജ്ജിക്കുന്നതിനും നിക്ഷേപം സമാഹരിക്കുന്നതിനുമായി 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 10 വരെയുള്ള ഒരു മാസക്കാലം സഹകരണ മേഖല സംരക്ഷണ ക്യാമ്പയിൻ സംഘടിപ്പിച്ചു. 2016 ഡിസംബർ 18 സഹകരണ മേഖല സംരംക്ഷണ ദിനമായി ആചരിച്ചു. ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാന തലത്തിലും, ജില്ലാ തലത്തിലും, താലൂക്ക് തലത്തിലും, സംഘം തലത്തിലും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചു. ക്യാമ്പയിന്റെ ഭാഗമായി സഹകാരികൾ കേരളത്തിലെ 1720682 ഭവനങ്ങൾ സന്ദർശിച്ചു. 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 31 വരെ നിക്ഷേപ സമാഹരണ യജ്ഞം നടത്തി. സഹകരണ നിക്ഷേപ ഗ്യാരണ്ടി ഫണ്ട് ബോർഡ് വിപുലമായ പ്രചരണ പ്രവർത്തനങ്ങൾ നടത്തി.

## നോട്ട് നിരോധനം

26 (*56) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ട് നിരോധനംമൂലം സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയിൽ (ജി.ഡി.പി.) എത്രമാത്രം കുറവ് സംഭവിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ പൊതുമേഖലാ ബാങ്കുകൾക്ക് വായ്പ അനുബന്ധ ബിസിനസ്സ് ഇനങ്ങളിലായി എത്ര കോടി രൂപയുടെ നഷ്ടമാണ് നോട്ട് നിരോധനം മൂലം ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) കേന്ദ്ര സർക്കാർ 2016 നവംബർ 8 ന് 500, 1000 രൂപ നോട്ടുകൾ അസാധുവാക്കാൻ തീരുമാനിച്ചതിന്റെ ഫലമായി കേരള സമ്പദ്ഘടനയ്ക്ക് സംഭവിച്ച പ്രത്യാഘാതങ്ങളെക്കുറിച്ച് പഠനം നടത്തുന്നതിന് കേരള സംസ്ഥാന ആസൂത്രണ ബോർഡ് 2016 നവംബർ 23-ന് ഒരു കമ്മിറ്റിയെ നിയമിച്ചിരുന്നു. നോട്ട് നിരോധനം സമ്പദ് വ്യവസ്ഥയുടെ വിവിധ മേഖലകൾക്കുണ്ടാക്കിയ പ്രത്യാഘാതങ്ങളെ സംബന്ധിച്ച് ഒരു ഇടക്കാല റിപ്പോർട്ടും 2017 ഫെബ്രുവരിയിൽ അന്തിമ റിപ്പോർട്ടും സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. 2011-12 മുതൽ 2014-15 വരെയുള്ള വാർഷിക മൊത്ത ആഭ്യന്തര ഉത്പാദന വളർച്ചാനിരക്ക് 14.9 ശതമാനം ആയിരുന്നു. എന്നാൽ നോട്ട് റദ്ദാക്കലിനുശേഷം കേരളത്തിന്റെ മൊത്ത ആഭ്യന്തര ഉത്പാദന വളർച്ചാ നിരക്ക് 14.9 ശതമാനത്തെക്കാളും വളരെ കുറവാകാനാണ് സാദ്ധ്യതയെന്ന് പ്രസ്തുത റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്.

കേരള സമ്പദ്‌വ്യവസ്ഥയുടെ ചില സവിശേഷതകൾ നോട്ട് റദ്ദാക്കലിന്റെ ഫലമായി കൂടുതൽ പ്രത്യാഘാതങ്ങൾക്കിടയാക്കി. സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ പ്രധാന പങ്ക് വഹിക്കുന്ന പരമ്പരാഗത മേഖലകളായ മത്സ്യബന്ധനം, കയർ, കൈത്തറി, കശുവണ്ടി, കൃഷി, തോട്ടങ്ങൾ തുടങ്ങിയ പല മേഖലകളും കറൻസി വിനിമയത്തിൽ അധിഷ്ഠിതമായതിനാൽ ഇവയിൽ നിന്നുള്ള വരുമാനത്തെ ആശ്രയിച്ച് കഴിയുന്ന ലക്ഷക്കണക്കിനാളുകളെ നോട്ട് നിരോധനം സാരമായി ബാധിച്ചു. നോട്ട് ലഭ്യത കൂടുതലാവശ്യമായ ചെറുകിട വ്യാപാരം, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ഗതാഗതം എന്നിവ കേരള സമ്പദ്‌വ്യവസ്ഥയുടെ 40 ശതമാനത്തിന് മുകളിൽ വരുമാനം പ്രദാനം ചെയ്യുന്നവയാണ്. പ്രാഥമിക മേഖലയാകട്ടെ 16 ശതമാനവും. അങ്ങനെ 56 ശതമാനം വരുമാനം സംഭാവന ചെയ്യുന്ന സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖല നോട്ട് പിൻവലിക്കലിന്റെ ആഘാതം നേരിടുകയാണ്. കഴിഞ്ഞ കുറച്ച് വർഷങ്ങളായി മാന്ദ്യം നേരിടുകയായിരുന്ന കാർഷികമേഖല ഈ നയംമാറ്റത്തിന്റെ നേരിട്ടുള്ള ആഘാതമേറ്റു കൊണ്ടിരിക്കുകയാണ്. നിർമ്മാണ-ഗതാഗത സംഭരണ മേഖലകളുടെ തിരിച്ചുവരവ് ഇനിയും താമസിച്ചേക്കാം. ഉയർന്ന വളർച്ച പ്രകടമാക്കിയ വ്യാപാര/ഹോട്ടൽ മേഖലകളും നോട്ട് പിൻവലിക്കലിന്റെ ആഘാതത്തിലാണ്. നവംബർ 8-ന് ശേഷം റിസർവ് ബാങ്ക് പുറത്തിറക്കിയ അറിയിപ്പുകൾ, പ്രത്യേകിച്ചും നവംബർ 14-ലെ സഹകരണ ബാങ്കുകളെയും സംഘങ്ങളെയും നോട്ട് കൈമാറ്റ പ്രക്രിയയിൽ നിന്ന് വിലക്കിക്കൊണ്ടുള്ള ഉത്തരവ് കേരളത്തെ വളരെയധികം പ്രതികൂലമായി ബാധിച്ചു. നോട്ടുകൾ മാറ്റി നൽകാനുള്ള അവകാശം പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നൽകാത്തതിനാൽ അവയുടെ പ്രവർത്തനത്തെയും തദ്വാരാ സംസ്ഥാനത്തിലെ മൊത്തം ധനകാര്യ ഇടപാടുകളെയും അവതാളത്തിലാക്കി. കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സ്ഥിതി ദുർബ്ബലപ്പെടുന്നത് സംസ്ഥാനങ്ങൾക്കുള്ള ഗ്രാന്റുകളെ ബാധിക്കും. ഇതിനുപുറമേ, ആസന്നമായ സാമ്പത്തിക വളർച്ചയിലുണ്ടാകുന്ന ഇടിവ് കേന്ദ്ര സർക്കാരിന്റെ നികുതി വരുമാനത്തെ പ്രതികൂലമായി ബാധിക്കും. തന്മൂലം ഇത് സംസ്ഥാനങ്ങളിലേയ്ക്കുള്ള നികുതി കൈമാറ്റം കുറയുന്നതിനുള്ള സാഹചര്യത്തിനിടയാക്കും. നോട്ട് റദ്ദാക്കലിന് ശേഷമുള്ള സാമ്പത്തിക പ്രവർത്തനത്തിലുണ്ടായ മന്ദത, സ്റ്റാമ്പ് നികുതി സമാഹരണത്തിൽ വന്ന കുറവ്, റിയൽ എസ്റ്റേറ്റ് മേഖലയിലുണ്ടായ തളർച്ച, മോട്ടോർ വാഹന നികുതി സമാഹരണത്തിൽ വന്ന കുറവ് എന്നിവ കാരണം തനത് നികുതി വരുമാനത്തിൽ പ്രതീക്ഷിച്ചിരുന്ന 19 ശതമാനം വളർച്ച കൈവരിക്കാനുള്ള സാദ്ധ്യത കുറവാണ്. ചുരുക്കത്തിൽ നോട്ട് റദ്ദാക്കൽ കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയെ രൂക്ഷമായി ബാധിക്കുന്നുണ്ട്. ഇതിനെല്ലാം പുറമേ നോട്ട് റദ്ദാക്കലിന് ശേഷം ദൈനംദിന ആവശ്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് വേണ്ടുന്ന കറൻസിയുടെ ലഭ്യതക്കുറവും വലിയ വെല്ലുവിളി ഉയർത്തി.

(ബി) സംസ്ഥാനത്തെ പൊതുമേഖലാ ബാങ്കുകൾക്ക് നോട്ട് നിരോധനംമൂലം വായ്പ അനുബന്ധ ബിസിനസ്സ് ഇനങ്ങളിലായി ഉണ്ടായിട്ടുള്ള നഷ്ടത്തിന്റെ കണക്ക് സംസ്ഥാനതല ബാങ്കേഴ്സ് സമിതി തിട്ടപ്പെടുത്തിയിട്ടില്ല.

**ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി**

27 (*57) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. കെ.സുരേഷ് കുറുപ്പ് :
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കടുത്ത ജലദൗർലഭ്യംമൂലം ഉണ്ടാകാനിടയുള്ള ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെല്ലാം മുൻകരുതൽ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഊർജ്ജ പ്രതിസന്ധി തരണംചെയ്യുന്നതിനായി സന്നദ്ധ സംഘടനകൾ, മറ്റ് സർക്കാർ, സർക്കാരിതര സ്ഥാപനങ്ങൾ എന്നിവ മുഖേന ഊർജ്ജ സംരക്ഷണ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) സംസ്ഥാനത്ത് വൈദ്യുതോല്പാദനം കുറയുന്ന സാഹചര്യത്തിലും ഊർജ്ജ ഉപഭോഗം വർഷം തോറും വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിലും പാരമ്പര്യേതര ഊർജ്ജ പദ്ധതികളുടെ സാധ്യതയെക്കുറിച്ച് കൂടുതൽ പഠനം നടത്തുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) സംസ്ഥാനത്ത് കാലവർഷത്തിലുണ്ടായ കുറവ് സംസ്ഥാനത്തെ വൈദ്യുതി ഉല്പാദനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം ജൂൺ മാസം മുതൽ തന്നെ പരമാവധി ജലം സംഭരിക്കുവാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇതനുസരിച്ച് 2016-17 സാമ്പത്തിക വർഷത്തിൽ ആഭ്യന്തര താപനിലയങ്ങളിൽ നിന്നുള്ള വിലകൂടിയ വൈദ്യുതി ഉല്പാദനം പൂർണ്ണമായും ഒഴിവാക്കിയും അണക്കെട്ടുകൾ കവിഞ്ഞു പോകാത്ത രീതിയിൽ ജലസംഭരണം നടത്തിയുമാണ് ഉൽപ്പാദനം ക്രമീകരിച്ചിരിക്കുന്നത്. കാലവർഷത്തിലുണ്ടായ വലിയ കുറവ് കാരണം നാളിതുവരെയുള്ള കണക്ക് പ്രകാരം പ്രതീക്ഷിച്ചിരുന്ന നീരൊഴുക്കിന്റെ 55% മാത്രമേ ലഭിച്ചിട്ടുള്ളൂ. കാലവർഷക്കുറവുമൂലം ഉണ്ടായേക്കാവുന്ന വൈദ്യുതി പ്രതിസന്ധി തരണം ചെയ്യുവാനായി മദ്ധ്യകാല-ദീർഘകാല കരാറുകൾ മുഖേന 2016 ഡിസംബർ മുതൽ ലഭ്യമാക്കേണ്ടിയിരുന്ന വൈദ്യുതി ജൂൺ മുതൽ

ലഭ്യമാക്കുകവഴി വെള്ളം വരുംമാസങ്ങളിലേക്ക് സംഭരിക്കാൻ സാധിച്ചിട്ടുണ്ട്. ഇതുകൂടാതെ, സംസ്ഥാനത്തിന് പുറത്തു നിന്നും വൈദ്യുതി കൊണ്ടുവരുന്നതിനുള്ള ദീർഘകാല-ഹ്രസ്വകാല കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. 865 മെഗാവാട്ടിന്റെ ദീർഘകാല കരാറും 300 മെഗാവാട്ട് റൗണ്ട് ദ ക്ലോക്ക് അടിസ്ഥാനത്തിലും 100 മെഗാവാട്ട് പീക്ക് സമയത്തും ഹ്രസ്വകാല കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതിൽ 315 മെഗാവാട്ട് വൈദ്യുതി ദീർഘകാലാടിസ്ഥാനത്തിൽ 6-12-2016-ൽ ലഭിച്ചു തുടങ്ങി. മാർച്ച് മുതൽ ലഭിക്കേണ്ട 200 മെഗാവാട്ട് ഹ്രസ്വകാല കരാർ അനുസരിച്ച് വൈദ്യുതി കൊണ്ടുവരാനുള്ള ഇടനാഴിയും ലഭിച്ചിട്ടുണ്ട്. കൂടാതെ മാർച്ച് മാസത്തിൽ 85 മെഗാവാട്ട് വൈദ്യുതി വൈകുന്നേരം 6 മണി മുതൽ രാത്രി 12 മണിവരെ കൊണ്ടു വരാനുള്ള ഇടനാഴിയും അധിക വില കൊടുത്ത് ലഭ്യമാക്കിയിട്ടുണ്ട്. ഇത് കഴിഞ്ഞുള്ള വൈദ്യുതി കമ്മി പവർ എക്സ്ചേഞ്ച്, അൺഷെഡ്യൂൾഡ് ഇന്റർചേഞ്ച്, കപ്പാസിറ്റർ അഡ്ജസ്റ്റ്മെന്റ് എന്നിവ വഴി നികത്താനാണ് ഉദ്ദേശിക്കുന്നത്. ഇപ്രകാരം സംഭരണികളിലെ ജലം വരുംമാസങ്ങളിലേക്ക് സംഭരിക്കാനും സാധിച്ചിട്ടുണ്ട്. 2017 മാർച്ച് മുതൽ ജൂൺ വരെയുള്ള കാലയളവിലെ ഉപഭോഗം പ്രതീക്ഷിച്ച് ഡീപ്പ്-ഇ-ബിഡ്ഡിംഗ് വഴി 200 മെഗാവാട്ട് വൈദ്യുതി വാങ്ങുന്നതിനുള്ള കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇപ്പോഴത്തെ സ്ഥിതിഗതികൾ പരിഗണിച്ച് ലഭ്യതയ്ക്കനുസരിച്ച് കൂടുതൽ വൈദ്യുതി പവർ എക്സ്ചേഞ്ചിൽ നിന്ന് വാങ്ങുവാനും തീരുമാനിച്ചിട്ടുണ്ട്. അധികമായി വൈദ്യുതി പുറത്തുനിന്ന് കൊണ്ടു വരുന്നതിന് കോറിഡോറിന്റെ ലഭ്യത ആവശ്യമാണ്. അതിനുവേണ്ടി അരീക്കോട് 400 കെ.വി. സബ് സ്റ്റേഷനിൽ മൂന്നാമത്തെ ട്രാൻസ്ഫോർമർ താൽക്കാലികമായി വച്ച് 2017 മാർച്ച്, ഏപ്രിൽ മാസങ്ങളിൽ തന്നെ കൂടുതൽ വൈദ്യുതി എത്തിക്കാനുള്ള നടപടികൾ പവർ ഗ്രിഡ് എടുത്തിട്ടുണ്ട്. ഇതിനായി 3 കോടി രൂപ ബോർഡ് പവർ ഗ്രിഡിന് നൽകിയിട്ടുണ്ട്. കൂടാതെ കേരളത്തിലെ വൈദ്യുതി ഉപഭോഗത്തിന്റെ പകുതിയും ഗാർഹിക മേഖലയിലായതിനാൽ ഗാർഹിക ഉപഭോക്താക്കൾക്ക് വിവിധ ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. പല ലഘുരേഖകൾ, പോസ്റ്ററുകൾ എന്നിവ ബോധവൽക്കരണ പരിപാടികളിൽ വിതരണം ചെയ്യുന്നതിനുപുറമേ പഞ്ചായത്തുകൾ, സ്കൂളുകൾ എന്നിവിടങ്ങളിൽ അയച്ചുകൊടുക്കുന്നുണ്ട്.

(ബി) ഉണ്ട്. നാഷണൽ സർവ്വീസ് സൊസൈറ്റി, എനർജി കൺസർവേഷൻ സൊസൈറ്റി, ഇ.എം.സി, സീം (സൊസൈറ്റി ഓഫ് എനർജി എഞ്ചിനീയേഴ്സ് & മാനേജേഴ്സ്) ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എഞ്ചിനീയേഴ്സ്, വിവിധ റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവരുമായി ചേർന്ന് സംസ്ഥാനമൊട്ടാകെ വിവിധ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. പൊതുജനങ്ങളിൽ ഊർജ്ജ സംരക്ഷണ അവബോധം വളർത്തുന്നതിനായി കേരളമൊട്ടാകെ `ഊർജ്ജ കിരൺ' പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

സൈക്കിൾ റാലി, എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും മാസ്സ് റാലി, വിവിധ സ്ഥലങ്ങളിൽ എക്സിബിഷനുകൾ, സിഗ്നേച്ചർ ക്യാമ്പയിൻ, വിവിധ പഠന ക്ലാസ്സുകൾ, സ്കൂളുകൾ കേന്ദ്രീകരിച്ചുള്ള ബോധവൽക്കരണ ക്ലാസ്സുകൾ തുടങ്ങിയവ സംസ്ഥാനമൊട്ടാകെ നടപ്പിലാക്കിയിട്ടുണ്ട്.

(സി) കേരളത്തിൽ കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനായി 790 MW സാധ്യതയുണ്ടെന്ന് ഇതുവരെയുള്ള പഠനങ്ങളിൽ നിന്നും കണ്ടെത്തിയിട്ടുണ്ട്. പാരമ്പര്യേതര ഊർജ്ജ പദ്ധതികളുടെ സാധ്യതാ പഠനം നടത്തുന്നതിനും ഊർജ്ജോത്പാദനം സാധ്യമാക്കുന്നതിനുമായി ചീഫ് എൻജിനീയറുടെ നേതൃത്വത്തിൽ റിന്യൂവബിൾ എനർജി, എനർജി സേവിംഗ്സ് എന്ന വിഭാഗം പ്രവർത്തിച്ചു വരുന്നു. 2022-ഓടുകൂടി സ്ഥാപിതശേഷി 1104.17 മെഗാവാട്ടായി ഉയർത്തുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഈ വർഷം 77 മെഗാവാട്ടിന്റെ പദ്ധതികൾ ഗ്രിഡുമായി ബന്ധിപ്പിക്കും. നാളിതുവരെ 14 സൗരോർജ്ജ പദ്ധതികളിൽ നിന്നായി 9.36 മെഗാവാട്ടിന്റെ പദ്ധതികൾ ചുരുങ്ങിയ സമയത്തിനുള്ളിൽ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ, 10.3 മെഗാവാട്ട് ശേഷിയുള്ള 13 സൗരോർജ്ജ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. 4.71 മെഗാവാട്ട് ശേഷിയുള്ള 6 പദ്ധതികളുടെ ദർഘാസ് നടപടികൾ പുരോഗമിക്കുന്നു.

0.3 കിലോ വാട്ട് ശേഷിയുള്ള 3 കാറ്റാടി യന്ത്രങ്ങൾ തിരുവനന്തപുരം വൈദ്യുതി ഭവനത്തിന്റെ മേൽക്കൂരയിൽ പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിച്ചിട്ടുണ്ട്. 2.625 മെഗാവാട്ട് ശേഷിയുള്ള കാറ്റാടി യന്ത്രങ്ങൾ കഞ്ചിക്കോട് സ്ഥാപിക്കുന്നതിനുള്ള ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. പൂവാർ കടൽത്തീരത്ത് 20 കിലോവാട്ട് ശേഷിയുള്ള 50 കാറ്റാടി യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ ദർഘാസ് നടപടികൾ പുരോഗമിക്കുന്നു.

കൂടാതെ, ജില്ലാ പഞ്ചായത്തുകളുടെ അധീനതയിലുള്ള കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സോളാർ പദ്ധതികൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്തി വരുന്നു. കേന്ദ്ര നവനവീകരണ ഊർജ്ജ മന്ത്രാലയം വിവിധ സംസ്ഥാനങ്ങളിൽ നടപ്പിലാക്കുന്ന സോളാർ പാർക്ക് പദ്ധതി പ്രകാരം കേരളത്തിൽ കാസർഗോഡ് ജില്ലയിൽ 200 മെഗാവാട്ട് പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതിയിൽ നിന്നും നടപ്പുവർഷം 50 മെഗാവാട്ട് പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്. ശേഷിക്കുന്നതിൽ 50 മെഗാവാട്ട് 2017-18-ലും 100 മെഗാവാട്ട് 2018-19-ലും പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ, കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ 200 മെഗാവാട്ട് ശേഷിയുള്ള സോളാർ പാർക്ക് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഇതിനുപുറമേ 11.14 മെഗാവാട്ട് ശേഷി ലക്ഷ്യമിട്ടുകൊണ്ട് സോളാർ സ്മാർട്ട്, സോളാർ കണക്ട് എന്നീ 2 സൗരോർജ്ജ വൈദ്യുതി പദ്ധതികൾ അനെർട്ട് വഴി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നു. Demonstration scheme-ലും deposit work scheme-ലും technical consultancy scheme-ലും ഉൾപ്പെടുത്തി നിരവധി സൗരോർജ്ജ പവർ പ്ലാന്റുകൾ സർക്കാർ കെട്ടിടങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്.

കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനായി സ്വകാര്യ മേഖലയിൽ 25 MW സാങ്കേതിക അനുമതി നൽകിയതിന് പുറമേ 10 MW സാങ്കേതിക അനുമതി നൽകാനായുള്ള നടപടികൾ പുരോഗമിക്കുന്നു.

**നോട്ട് അസാധുവാക്കൽ**

28 (*58) ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീമതി ഇ.എസ്. ബിജിമോൾ:
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ട് അസാധുവാക്കൽ സംസ്ഥാനത്തിന്റെ പദ്ധതി പ്രവർത്തനങ്ങളെ എത്രത്തോളം ബാധിച്ചുവെന്ന് വിശദമാക്കുമോ;

(ബി) ബജറ്റ് വിഹിതത്തിലുള്ള പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതികളും മുടങ്ങിയതുവഴി എത്ര കോടി രൂപയുടെ നഷ്ടമാണ് ഉണ്ടായതെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതി പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ & ബി) നോട്ട് നിരോധനംമൂലം പദ്ധതി പ്രവർത്തനങ്ങളിൽ ബാധിച്ച പ്രശ്നങ്ങളേയും ബജറ്റ് വിഹിതത്തിലുള്ള പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതികളും മുടങ്ങിയതുവഴി ഉണ്ടായ നഷ്ടത്തെയും സംബന്ധിച്ച് സർക്കാർ വിശദമായ കണക്കുകൂട്ടൽ നടത്തിയിട്ടില്ല. എന്നാൽ നോട്ട് നിരോധനംമൂലം കേരള സമ്പദ്‌വ്യവസ്ഥയ്ക്ക് സംഭവിച്ച ആഘാതത്തെക്കുറിച്ച് പഠിക്കാൻ സംസ്ഥാന ആസൂത്രണ ബോർഡ് നിയമിച്ച കമ്മിറ്റിയുടെ പഠന റിപ്പോർട്ടിൽ വിവിധ മേഖലകൾക്ക് സംഭവിച്ച ആഘാതത്തിന്റെ സംഗ്രഹം ചുവടെ ചേർക്കുന്നു:

1. സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ പ്രധാന പങ്ക് വഹിക്കുന്ന പരമ്പരാഗത മേഖലകളായ മത്സ്യബന്ധനം, കയർ, കൈത്തറി, കശുവണ്ടി, കൃഷി, തോട്ടങ്ങൾ തുടങ്ങിയ പല മേഖലകളിലും കറൻസി വിനിമയം നിലനിൽക്കുന്നതിനാൽ ഇവയിൽ നിന്നുള്ള വരുമാനത്തെ ആശ്രയിച്ച് കഴിയുന്ന ലക്ഷക്കണക്കിനാളുകളെ നോട്ട് നിരോധനം സാരമായി ബാധിച്ചു.

2. ടൂറിസത്തിൽ നിന്നുള്ള വരുമാനം കേരളത്തിന്റെ ആഭ്യന്തര വരുമാനത്തിൽ പ്രധാന പങ്ക് വഹിക്കുന്നു. കറൻസിക്കായുള്ള നെട്ടോട്ടം ടൂറിസം മേഖലയെ സാരമായി ബാധിച്ചു.

3. നോട്ട് ലഭ്യത കൂടുതലാവശ്യമായ ചെറുകിട വ്യാപാരം, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ഗതാഗതം എന്നീ മേഖലകളിൽ നോട്ട് നിരോധനം കനത്ത ആഘാതമേൽപ്പിച്ചു.

4. നോട്ട് നിരോധനം സഹകരണ മേഖലയിലെ പണമിടപാടുകൾ സ്തംഭനാവസ്ഥയിലെത്തിച്ചു.

(സി) പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും അവ യഥാസമയം നിരീക്ഷിക്കുന്നതിനും സർക്കാർ തലത്തിൽ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വകുപ്പ് സെക്രട്ടറിമാരുടെ യോഗം ഓരോ മാസവും പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നുണ്ട്. പദ്ധതി പ്രവർത്തനങ്ങളിൽ കാണുന്ന ന്യൂനതകൾ പരിഹരിക്കുന്നതിനും ഈ യോഗം വേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും പദ്ധതി പുരോഗതി വിലയിരുത്തുന്നുണ്ട്. സംസ്ഥാന ആസൂത്രണ ബോർഡിൽ പ്ലാൻ സ്പേസ് എന്ന ഓൺലൈൻ സംവിധാനത്തിലൂടെ ഓരോ പദ്ധതിയുടെയും ചെലവിന്റെ പുരോഗതി യഥാസമയം നിരീക്ഷിക്കുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാർക്ക് പദ്ധതി പുരോഗതിയുടെ ഓരോ മാസത്തെയും റിപ്പോർട്ട് നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ 2017-18 സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ പദ്ധതികൾക്ക് ഭരണാനുമതി നൽകിക്കൊണ്ട് സമയബന്ധിതമായി നടപ്പാക്കുന്നതിനുവേണ്ടി പ്രധാനപ്പെട്ട പദ്ധതികൾ ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പദ്ധതി നടത്തിപ്പിനാവശ്യമായ ഫണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനുവേണ്ടി ഗ്രീൻ ബുക്കിൽ ഉൾപ്പെടുന്ന പദ്ധതികൾ ട്രഷറി നിയന്ത്രണത്തിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

### പണമിടപാടുകൾ ഡിജിറ്റലൈസ് ചെയ്യാനുള്ള നടപടി

29 (*59) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പണമിടപാടുകൾ ഡിജിറ്റലൈസ് ചെയ്യാനുള്ള കേന്ദ്ര സർക്കാർ നയം സംസ്ഥാനത്തെ പണമിടപാട് മേഖലയിൽ ഉണ്ടാക്കാവുന്ന പ്രത്യാഘാതങ്ങളെ കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഡിജിറ്റലൈസ് ചെയ്യുന്നതുകൊണ്ട് സർക്കാരിന്റെ വരുമാനത്തിൽ ഉണ്ടാകാവുന്ന മാറ്റം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) വിദ്യാസമ്പന്നർ ഏറെയുള്ള സംസ്ഥാനത്ത് എ.റ്റി.എം. ഇടപാടുകൾക്കു പോലും ജനം സജ്ജരല്ലാത്തതും ഈ മേഖലയിൽ ഉണ്ടാകാവുന്ന തട്ടിപ്പുകളുടെയും സാഹചര്യത്തിൽ ഇക്കാര്യത്തിൽ സർക്കാരിന്റെ നയം വെളിപ്പെടുത്തുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) പണമിടപാടുകൾ ഡിജിറ്റലൈസ് ചെയ്യാനുള്ള കേന്ദ്ര സർക്കാർ തീരുമാനം സംസ്ഥാനത്തെ പണമിടപാടുകളെ സാരമായി ബാധിക്കുന്നതാണ്. സംസ്ഥാനത്തെ ജനങ്ങളെയാണ് ഇത് കൂടുതൽ ബുദ്ധിമുട്ടിലാക്കുന്നത്. സംസ്ഥാനത്തെ ട്രഷറികളിലും, വിവിധ വകുപ്പുകളിലും ഇ-പേയ്മെന്റ് സംവിധാനം വഴി പണമിടപാടുകൾ നടത്തുവാനുള്ള സൗകര്യം നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ജനങ്ങളുടെ ദൈനംദിന ഇടപാടുകളുടെ സിംഹഭാഗവും നേരിട്ടുള്ള പണം കൈമാറ്റത്തിലൂടെയാണ് നടന്നുവരുന്നത്. അവശ്യ വസ്തുക്കൾ ഉൾപ്പെടെയുള്ള നിത്യോപയോഗ സാധനങ്ങൾ വാങ്ങുന്നതിനും, വിവാഹം, മരണം, ചികിത്സ തുടങ്ങിയ അടിയന്തര ഘട്ടങ്ങളിൽ പണമിടപാടുകൾ നടത്തുന്നതിനും പുതിയ നിയന്ത്രണങ്ങൾ വലിയ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നതാണ്. എ.ടി.എം, ഇന്റർനെറ്റ് ബാങ്കിംഗ്, മൊബൈൽ ബാങ്കിംഗ് തുടങ്ങിയ സംവിധാനങ്ങൾ ഉപയോഗിക്കുവാൻ പ്രാപ്തരല്ലാത്ത സാധാരണക്കാരായ ജനങ്ങൾക്കും പ്രായമായവർക്കും കാര്യമായ ബുദ്ധിമുട്ടുകൾ ഇതുമൂലം നേരിടേണ്ടി വരുന്നതാണ്.

ഭീമമായ തുക ചെലവഴിക്കേണ്ടിവരുന്ന നിർമ്മാണ മേഖലയിലെ പണമിടപാടുകളെയും ഇത് പ്രതികൂലമായി ബാധിക്കുന്നതാണ്. തൊഴിൽ സ്തംഭനം, തൊഴിൽ നഷ്ടപ്പെടൽ എന്നിവമൂലം നിർമ്മാണ മേഖല കടുത്ത മാന്ദ്യത്തിലേയ്ക്ക് വഴുതിവീഴാനുള്ള സാദ്ധ്യതയുമുണ്ട്. വലിയ തുക കൈമാറ്റം ചെയ്യപ്പെടുന്ന വസ്തു വില്പന മേഖലയിലും കടുത്ത പ്രതിസന്ധിയ്ക്ക് പണമിടപാടുകളുടെ ഡിജിറ്റലൈ-സേഷൻ കാരണമായേക്കാവുന്നതാണ്. ഈ മേഖലയിലുണ്ടാകുന്ന പ്രത്യാഘാതം സംസ്ഥാനത്തെ നികുതി വരുമാനത്തിലും വലിയ ഇടിവുണ്ടാക്കുന്നതാണ്. സാധാരണ ജനങ്ങൾ കൂടുതൽ ആശ്രയിക്കുന്ന ചെറുകിട കച്ചവട മേഖലയേയും ഇത് സാരമായി ബാധിക്കുന്നതാണ്.

(ബി) സംസ്ഥാന ട്രഷറികളിലും പ്രധാന വകുപ്പുകളിലും ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കിയിട്ടുള്ളതിനാൽ നികുതികൾ ഓൺലൈനായി സ്വീകരിക്കാൻ വകുപ്പുകൾ സജ്ജമാണെങ്കിലും ഇപ്രകാരമുള്ള ഇടപാടുകൾ നടത്തുന്നതിൽ ജനങ്ങൾക്കുള്ള അറിവില്ലായ്മയും പരിചയക്കുറവുംമൂലം നികുതി

വരുമാനത്തിൽ കുറവുണ്ടാകാൻ സാധ്യത നിലനിൽക്കുന്നുണ്ട്. എന്നാൽ, ജനങ്ങൾ ഇപ്രകാരമുള്ള ഇടപാടുകൾക്ക് പ്രാപ്തരാകുന്ന മുറയ്ക്ക് നികുതി ശേഖരണം ത്വരിതപ്പെടുന്നതും ക്രമേണ നികുതി വർദ്ധനവുണ്ടാകുന്നതുമാണ്. ഇക്കാരണത്താൽ നികുതി വകുപ്പ്, റവന്യൂ വകുപ്പ്, രജിസ്ട്രേഷൻ വകുപ്പ് തുടങ്ങിയ വകുപ്പുകളിലെ നികുതി വരുമാനത്തിൽ ഇടിവുണ്ടാകാനുള്ള സാദ്ധ്യതയാണ് വരും വർഷങ്ങളിൽ നിലനിൽക്കുന്നത്.

(സി) പണമിടപാടുകളിൽ ഡിജിറ്റലൈസേഷൻ നടപ്പിലാക്കുന്നതിനും, ഇ-പേയ്മെന്റ് വഴിയും online transfer വഴിയും പണമിടപാടുകൾ നടത്തുന്നതിനും അനുകൂല നിലപാടാണ് സർക്കാരിനുള്ളത്. എന്നാൽ, ഈ സംവിധാനം ഘട്ടംഘട്ടമായി നടപ്പിലാക്കണമെന്നതാണ് സർക്കാരിന്റെ നയം. കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്താതെ ഇപ്രകാരമുള്ള ഡിജിറ്റൽ ഇടപാടുകൾക്ക് ജനങ്ങളെ പ്രാപ്തരാക്കിയ ശേഷം പടിപടിയായി മാത്രം ഇത് നടപ്പിലാക്കുന്നതാണ് അഭികാമ്യമെന്നാണ് സർക്കാരിന്റെ കാഴ്ചപ്പാട്. ഈ മേഖലയിലുണ്ടായേക്കാവുന്ന തട്ടിപ്പുകളെക്കുറിച്ചും ആയതിനെ പ്രതിരോധിക്കുന്നതിനെക്കുറിച്ചും ജനങ്ങൾ ബോധവാന്മാരാകേണ്ടതും അത്യാവശ്യമാണ്.

## ലോഡ് ഷെഡ്ഡിംഗ്

30 (*60) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ച രൂക്ഷമായ സാഹചര്യത്തിൽ സംസ്ഥാനത്ത് ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ജലസംഭരണികളിൽ ഉള്ള ജലത്തിന്റെ അളവ് ക്രമാതീതമായി കുറയുന്ന സാഹചര്യത്തിൽ ലോഡ് ഷെഡ്ഡിംഗ് എപ്രകാരം ഒഴിവാക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) പരീക്ഷക്കാലത്ത് ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തുന്നത് വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുമെന്നതിനാൽ ബദൽ മാർഗ്ഗങ്ങൾ ആലോചിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) കാലവർഷത്തിലുണ്ടായ വലിയ കുറവ് സംസ്ഥാനത്തെ വൈദ്യുതി ഉൽപ്പാദനത്തെ വളരെയധികം ബാധിക്കുകയും ഉപഭോഗം വർദ്ധിക്കുകയും ചെയ്തത് വൈദ്യുതി മേഖലയിൽ പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. എങ്കിലും സംസ്ഥാനത്ത് ലോഡ് ഷെഡ്ഡിംഗോ പവർക്കട്ടോ കൂടാതെ വൈദ്യുതി വിതരണം നടത്താനാണ് ഉദ്ദേശിക്കുന്നത്.

(ബി & സി) 21-2-2017-ന്റെ കണക്കനുസരിച്ച് ജലസംഭരണികളിൽ 1646 മില്യൺ യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള വെള്ളമാണുള്ളത്. ഈ വർഷമുണ്ടായ മഴക്കുറവുമൂലം ജലസംഭരണികളിൽ പ്രതീക്ഷിച്ചിരുന്ന നീരൊഴുക്കിന്റെ 55% മാത്രമേ ലഭിച്ചിട്ടുള്ളൂ. എങ്കിലും ഈ സ്ഥിതി മുൻകൂട്ടി കണ്ട് വൈദ്യുതി ഉത്പാദനം ക്രമീകരിക്കുകയും പുറത്തുനിന്ന് വാങ്ങുന്ന വൈദ്യുതിയുടെ അളവ് കൂട്ടുകയും ചെയ്ത് പ്രതിസന്ധി മറികടക്കാൻ വേണ്ട ഇടപെടലുകൾ നടത്തുകയുണ്ടായി. മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ ഉണ്ടാകുന്ന വർദ്ധിച്ച ഉപഭോഗം കൂടി കണക്കിലെടുത്ത് പുറത്തുനിന്നും കൂടുതൽ വൈദ്യുതി വാങ്ങുന്നതിനും പവർ എക്സ്ചേഞ്ച് മറ്റു സാധ്യതകൾ എന്നിവയിൽ നിന്ന് കൂടുതൽ വൈദ്യുതി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ച് വരുന്നു. ഇതിനാവശ്യമായ പ്രസരണ കോറിഡോർ ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഇങ്ങനെ വൈദ്യുതി ലഭ്യത വർദ്ധിപ്പിക്കുന്നതിനോടൊപ്പം ഊർജ്ജ സംരക്ഷണ ക്യാമ്പയിനിലൂടെ ഉപഭോഗം പരമാവധി കുറയ്ക്കുന്നതിന് പ്രോത്സാഹനം നൽകിയും ലോഡ്ഷെഡ്ഡിംഗും പവർക്കട്ടും ഒഴിവാക്കാനാണ് ഉദ്ദേശിക്കുന്നത്. പരീക്ഷാക്കാലത്ത് വൈദ്യുതി നിയന്ത്രണങ്ങൾ ഇല്ലാതെ കൊണ്ടുപോകാനാണ് ഉദ്ദേശിക്കുന്നത്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### അനോമലി പരിഹാരം

1 (403) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയൽ നമ്പർ 229127/ARC1/2016/ധന എന്ന ഫയലിൽ തീരുമാനം എടുത്തിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ എത്രയും പെട്ടെന്ന് തീരുമാനം കൈക്കൊള്ളുമോ;

(സി) പ്രസ്തുത ഫയലിൽ അനോമലി പരിഹരിക്കുന്നത് സംബന്ധിച്ച ശിപാർശ എന്താണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നടപടി കൈക്കൊണ്ടുവരുന്നു. തീരുമാനം എടുത്തിട്ടില്ല.

(ബി) നിയമസഭാ സെക്രട്ടേറിയറ്റിൽനിന്നും ധനകാര്യ വകുപ്പ് ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ ലഭിക്കുന്ന മുറയ്ക്ക് തീരുമാനം എടുക്കുന്നതാണ്.

(സി) നിയമസഭാ ലൈബ്രറിയിലെ കാറ്റലോഗ് അസിസ്റ്റന്റ്, അസിസ്റ്റന്റ് ലൈബ്രേറിയൻ എന്നീ തസ്തികകൾക്ക് സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിലെ യഥാക്രമം ലൈബ്രേറിയൻ ഗ്രേഡ് III, ഗ്രേഡ് II തസ്തികകൾക്ക് തുല്യമായ ശമ്പള സ്കെയിലുകൾ അനുവദിക്കണമെന്നതാണ് ശിപാർശ.

**നികുതി വരുമാനത്തിലെ വർദ്ധനവ്**

2 (404) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നികുതി വരുമാനത്തിൽ എത്ര ശതമാനം വർദ്ധനവാണ് 2016-17-ലെ പുതുക്കിയ ബജറ്റിൽ ലക്ഷ്യമിട്ടത്;

(ബി) ഈ സാമ്പത്തിക വർഷം 2017 ജനുവരി 31 വരെ നികുതി വരുമാനത്തിൽ എത്ര വളർച്ച നേടുവാൻ കഴിഞ്ഞു ; ബജറ്റിൽ ലക്ഷ്യമിട്ടിരുന്ന വളർച്ച നേടുവാൻ കഴിയാതിരുന്നതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(സി) നോട്ട് അസാധുവാക്കിയ 2016 നവംബർ മാസത്തിനുശേഷം നികുതി വരുമാനത്തിൽ ഓരോ മാസവുമുണ്ടായ വളർച്ച എത്രയാണ്;

(ഡി) നോട്ട് അസാധുവാക്കുന്നതിന് മുമ്പിലുള്ള ഓരോ മാസവും നികുതി വരുമാനത്തിലുണ്ടായ വർദ്ധനവ് എത്ര ശതമാനമായിരുന്നു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2015-16 സാമ്പത്തിക വർഷത്തെ ബജറ്റ് എസ്റ്റിമേറ്റിനെ അപേക്ഷിച്ച് 2016-17 സാമ്പത്തിക വർഷം അവതരിപ്പിച്ച പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാനത്തെ തനത് നികുതി വരുമാനത്തിൽ 4.81% വർദ്ധനവ് ലക്ഷ്യമിട്ടിട്ടുണ്ട്.

(ബി) അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2016 ഡിസംബർ 31 വരെയുള്ള സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ മുൻ വർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 8.98% വളർച്ച നേടുവാൻ കഴിഞ്ഞു. സമ്പദ് വ്യവസ്ഥയിൽ പൊതുവിൽ നിലനിൽക്കുന്ന മാന്ദ്യവും നോട്ട് അസാധുവാക്കൽ നടപടിയെ തുടർന്ന് ഉടലെടുത്ത പ്രതിസന്ധിയും നികുതി വരുമാനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം ഡിസംബർ മാസം വരെയുള്ള നികുതി വരുമാനത്തിലുള്ള വളർച്ചാ നിരക്ക് ശരാശരി 8.98% ആണെങ്കിലും ഡിസംബർ മാസത്തെ വളർച്ചാ നിരക്ക് 2.35% ആയി കുറഞ്ഞിട്ടുണ്ട്. നോട്ട് അസാധുവാക്കൽ പ്രതിസന്ധിയാണ് വളർച്ചാ നിരക്ക് കുറയുന്നതിനുള്ള കാരണമായി വിലയിരുത്തുന്നത്.

(സി & ഡി) അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം മുൻ വർഷത്തെ ഇതേ കാലയളവുമായി താരതമ്യപ്പെടുത്തുമ്പോൾ 2016-17 സാമ്പത്തിക വർഷത്തിൽ ഡിസംബർ 31 വരെ ഓരോ മാസത്തിലും നികുതി വരുമാനത്തിൽ ഉണ്ടായ വർദ്ധനവിന്റെ ശതമാന കണക്ക് ചുവടെ ചേർക്കുന്നു:

| മാസം | ശതമാനം |
|---|---|
| ഏപ്രിൽ | -13.20 |
| മേയ് | -36.38 |
| ജൂൺ | 69.12 |
| ജൂലൈ | 6.35 |
| ആഗസ്റ്റ് | 10.47 |
| സെപ്റ്റംബർ | -23.75 |
| ഒക്ടോബർ | 19.80 |
| നവംബർ | 50.23 |
| ഡിസംബർ | 2.35 |

**ബജറ്റ് നിർദ്ദേശങ്ങളിൽ നടപ്പാക്കിയവ**

3 (405) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 സാമ്പത്തിക വർഷത്തെ പുതിയ ബജറ്റ് നിർദ്ദേശങ്ങളിൽ നടപ്പിലാക്കാൻ സാധിക്കാതിരുന്നതും നടപ്പിലാക്കിയവയും ഏതൊക്കെയെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

**സംസ്ഥാന പദ്ധതി അടങ്കൽ തുക**

4 (406) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റ് അനുസരിച്ച് സംസ്ഥാന പദ്ധതി അടങ്കൽ തുക കേന്ദ്ര വിഹിതമുൾപ്പെടെ ആകെ എത്രയാണ്; വ്യക്തമാക്കുമോ;

(ബി) ഇതിൽ എസ്.സി./എസ്.ടി. വിഭാഗത്തിനായി നീക്കിവച്ചിട്ടുള്ളത് എന്ത് തുകയാണ്;

(സി) ഇതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നീക്കിവച്ചിട്ടുള്ള തുക എത്ര; വ്യക്തമാക്കാമോ;

(ഡി) ഈ സാമ്പത്തിക വർഷത്തിൽ ഇതുവരെ എസ്.സി./എസ്.ടി. മേഖലയ്ക്ക് വേണ്ടി എന്തു തുക ചെലവഴിച്ചുവെന്നും ഇത് ആകെ അനുവദിച്ച തുകയുടെ എത്ര ശതമാനമാണെന്നും വിശദമാക്കാമോ?

ഉത്തരം

(എ) നടപ്പ് സാമ്പത്തികവർഷത്തെ പുതുക്കിയ ബജറ്റ് അനുസരിച്ച് സംസ്ഥാനത്തെ പദ്ധതി അടങ്കൽ തുക കേന്ദ്ര വിഹിതമുൾപ്പെടെ ആകെ 30,570.17 കോടി രൂപയാണ്.

(ബി) ഇതിൽ എസ്.സി. വിഭാഗത്തിനായി 1,746.42 കോടി രൂപയും എസ്. ടി. വിഭാഗത്തിനായി 591.46 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്.

(സി) ഇതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി 5500 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

(ഡി) ഈ സാമ്പത്തിക വർഷത്തിൽ ജനുവരി 31 വരെ എസ്.സി. മേഖലയ്ക്ക് വേണ്ടി 871.22 കോടി രൂപയും എസ്.ടി. മേഖലയ്ക്ക് വേണ്ടി 277.18 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. ഇത് യഥാക്രമം ആകെ അനുവദിച്ച തുകയുടെ 50%, 47% വീതമാണ്.

**കിഫ്ബിയിൽ നിർദ്ദേശിച്ച പ്രവൃത്തികൾ**

5 (407) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'കിഫ്ബി'-യിൽ നിർദ്ദേശിച്ച എത്ര പ്രോജക്ടുകളുടെ നിർവ്വഹണം ആരംഭിച്ചിട്ടുണ്ട്; ഇവ മൊത്തം നിർദ്ദേശിച്ച പ്രോജക്ടുകളുടെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ;

(ബി) 'കിഫ്ബി'-യിൽ നിർദ്ദേശിച്ച പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കാൻ ഏത് തരം സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) പൊതുമരാമത്ത് വകുപ്പ് മുഖാന്തരം 'കിഫ്ബി'-യിൽ എത്ര പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) തലശ്ശേരി നിയോജക മണ്ഡലത്തിൽ എത്ര പ്രോജക്ടുകൾ 'കിഫ്ബി' മുഖാന്തരം നിർവ്വഹണത്തിന് നിർദ്ദേശിച്ചിട്ടുണ്ട്; അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 7-11-2016-ൽ കൂടിയ കിഫ് ബോർഡിന്റെ 27-ാമത് ബോർഡ് യോഗം (പുനഃസംഘടിപ്പിച്ചതിനുശേഷമുള്ള ആദ്യ യോഗം) 2016-17-ലെ പുതുക്കിയ ബജറ്റ് പ്രഖ്യാപനമനുസരിച്ച് ഭരണവകുപ്പ് നിർദ്ദേശിച്ച എഴുപത്തിനാല് പദ്ധതികളിൽ നടപടിക്രമങ്ങൾ പൂർത്തീകരിച്ച 48 പദ്ധതികൾക്ക് അംഗീകാരം നൽകുകയും 4,004.86 കോടി രൂപയുടെ ധനസഹായം അനുവദിക്കുകയും ചെയ്തു. ഇത് നിർദ്ദേശിച്ച പദ്ധതികളുടെ അറുപത്തിനാല് ശതമാനം വരും. ഇരുപത്തിയേഴാമത് ബോർഡ് അംഗീകാരം നൽകിയ പ്രോജക്ടുകളുടെ നിർവ്വഹണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരികയാണ്. വകുപ്പുതിരിച്ചുള്ള പുരോഗതി റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.*

(ബി) 2016-17 വർഷത്തെ പുതുക്കിയ ബജറ്റ് പ്രസംഗത്തിലെ രണ്ടാം മാന്ദ്യ വിരുദ്ധ പാക്കേജിൽ ഉൾപ്പെട്ടിട്ടുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികളാണ് കിഫ്ബിയിലൂടെ നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നത്. പദ്ധതി നിർദ്ദേശം തയ്യാറാക്കുന്നതും സമർപ്പിക്കുന്നതും നിർവ്വഹിക്കുന്നതും സംബന്ധിച്ച മാനദണ്ഡങ്ങൾ താഴെപ്പറയുംവിധമാണ്.

(1) വകുപ്പുകൾ അവരുടെ കീഴിൽ വരുന്ന പദ്ധതികൾ ഏതൊക്കെയെന്ന് തിരിച്ചറിയുക എന്നതാണ് ആദ്യ നടപടി. തുടർന്ന്, ബന്ധപ്പെട്ട വകുപ്പിൽ നിന്നുള്ള ഭരണാനുമതി അനിവാര്യമാണ്. 100 കോടി രൂപയ്ക്ക് മുകളിൽ വരുന്ന പദ്ധതികൾ-ക്കായിരിക്കും KIIFB മുഖേന ധനസഹായം നൽകുന്നത്. 10 കോടി രൂപയിൽ കുറയാത്ത അടങ്കലുള്ള, സമാന സ്വഭാവമുള്ള പദ്ധതികൾ സംയോജിപ്പിച്ച് ആകെ 100 കോടി രൂപയ്ക്ക് മുകളിൽ മതിപ്പ് തുക വരുന്ന പദ്ധതികളാക്കിയും പരിഗണിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(2) പദ്ധതി നിർവ്വഹണത്തിനായി വകുപ്പുകൾ SPV (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ)-യെ നിയമിക്കുക എന്നതാണ് അടുത്ത നടപടി. പ്രത്യേക ഉദ്ദേശ ലക്ഷ്യങ്ങൾക്കായി വിഭാവനം ചെയ്യുന്ന താൽക്കാലിക സംരംഭങ്ങളോ സംവിധാനങ്ങളോ ആണ് SPV എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. വകുപ്പുകൾക്ക് നിലവിലുള്ള സർക്കാർ അംഗീകൃത SPV-കളെ ഉപയോഗിക്കുകയോ പദ്ധതിയുടെ ആവശ്യങ്ങൾക്ക് അനുയോജ്യമായ എസ്.പി.വി.-യെ വിഭാവനം ചെയ്യുകയോ ചെയ്യാവുന്നതാണ്.

(3) എസ്.പി.വി.-കൾ പദ്ധതി നടത്തിപ്പിനായി ആവശ്യമെങ്കിൽ പുറമേ നിന്നും വിദഗ്ദ്ധ ഉപദേഷ്ടാക്കളെ (Consultants) നിയമിക്കാവുന്നതാണ്. അതിനായി ഒരു Request for Proposal (RFP) തയ്യാറാക്കുകയെന്നത് എസ്.പി.വി.-കളുടെ ചുമതലയാണ്. ഇത് തയ്യാറാക്കുന്നതിന് എസ്.പി.വി.-കൾക്ക് പരിമിതികൾ നേരിടുന്നപക്ഷം KIIFB തയ്യാറാക്കിയിട്ടുള്ള General RFP മാതൃക അവലംബിക്കാവുന്നതാണ്. ഇ.ടെന്ററിംഗ് വഴിയുള്ള Consultant നിയമനം ഉറപ്പ് വരുത്തേണ്ടതുമാണ്. ഇങ്ങനെ നിയമിക്കുന്ന കൺസൾട്ടന്റിന്റെ സഹായത്തോടെ ഫീസിബിലിറ്റി സ്റ്റഡി, പ്രിലിമിനറി പ്രോജക്ട് റിപ്പോർട്ട് (PPR), ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR), ഫിനാൻഷ്യൽ പ്രൊപ്പോസൽ തുടങ്ങിയവ തയ്യാറാക്കുകയും KIIFB-യിൽ സമർപ്പിക്കുകയുമാണ് അടുത്ത നടപടി.

(4) ഇപ്രകാരം സ്വീകരിക്കുന്ന പദ്ധതികൾ KIIF ആക്റ്റിലേയും സ്കീമിലേയും വ്യവസ്ഥകൾക്ക് വിധേയമായി സൂക്ഷ്മപരിശോധന നടത്തി, ബഹു.മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള ബോർഡിന്റെ അംഗീകാരം ലഭിക്കുന്ന പക്ഷം KIIFB ധനസഹായം നൽകുന്നതും, എസ്.പി.വി. വഴി പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുകയും ചെയ്യുന്നു.

(സി) 2016-17-ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിലെ പ്രത്യേക നിക്ഷേപ പദ്ധതിയിലും ബജറ്റിന്റെ മറുപടി പ്രസംഗത്തിലും ഉൾപ്പെട്ടിട്ടുള്ള പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് നാളിതുവരെ 109-ഓളം പദ്ധതി നിർദ്ദേശങ്ങൾ ഭരണവകുപ്പ് കിഫ്ബിയുടെ വെബ്സൈറ്റിൽ സമർപ്പിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാന സർക്കാരിന്റെ 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികളാണ് കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇതൊരു പ്രത്യേക നിയോജക മണ്ഡലത്തെയോ ജില്ലയെയോ മാത്രം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളല്ല. സംസ്ഥാനത്തിന്റെ സമഗ്രമായ അടിസ്ഥാന സൗകര്യവികസനമാണ് ഈ പാക്കേജിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. പൊതുമരാമത്ത്, ജലവിഭവം, ഐ.ടി., ആരോഗ്യം, ഊർജ്ജം തുടങ്ങിയ വകുപ്പുകളുടെ വിശദമായ പദ്ധതി നിർദ്ദേശങ്ങൾ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

## കിഫ്ബിയിൽ ഉൾപ്പെടുത്തിയ പദ്ധതികൾ

6 (408) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'കിഫ്ബി' യിൽ ഉൾപ്പെടുത്തി 2016 നവംബറിൽ അംഗീകാരം നൽകിയ 4004 (നാലായിരത്തി നാല്) കോടി രൂപയുടെ പദ്ധതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) കിഫ്ബിയിൽ പദ്ധതികൾ ഉൾപ്പെടുത്തുന്നതിന് പ്രധാനമായും കണക്കാക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണ് എന്ന് വിശദമാക്കാമോ;

(സി) ഈ വർഷം ഏതൊക്കെ മേഖലകളിൽ നിന്നുള്ള പദ്ധതികൾക്കാണ് മുൻഗണന നൽകുക;

(ഡി) ഈ വർഷം എത്ര തുക ഇതിനായി വിനിയോഗിക്കുമെന്നറിയിക്കാമോ;

(ഇ) ഈ വർഷത്തെ പദ്ധതികൾക്ക് എന്നത്തേയ്ക്ക് അംഗീകാരം നൽകാനാകും എന്ന് വെളിപ്പെടുത്താമോ;

(എഫ്) കഴിഞ്ഞ തവണ പരിഗണിക്കാത്ത മണ്ഡലങ്ങളിൽ നിന്നുള്ള പ്രവൃത്തികൾ ഇത്തവണത്തെ പദ്ധതിയിൽ പരിഗണിക്കുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

### ഉത്തരം

(എ) 7-11-2016-ൽ കൂടിയ ബോർഡിന്റെ 27-ാമത് യോഗം (ബോർഡ് പുനഃസംഘടിപ്പിച്ചതിനുശേഷമുള്ള ആദ്യ ബോർഡ് യോഗം) 48 പദ്ധതികൾക്കായി 4004.86 കോടി രൂപയുടെ ധനസഹായത്തിനായി അംഗീകാരം നൽകിയിട്ടുണ്ട്. ഈ പദ്ധതികളുടെ വിശദാംശങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(ബി) 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളാണ് നിലവിൽ കിഫ്ബി മുഖേന ധനസഹായത്തിനായി പരിഗണിക്കുന്നത്. ഇതുസംബന്ധിച്ച മാർഗ്ഗരേഖ (8-8-2016-ലെ സ.ഉ.(കൈ.) നമ്പർ 315/2016/ധന.) കിഫ്ബിയുടെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അതിന്റെ വിവിധ ഘട്ടങ്ങൾ താഴെപ്പറയുംവിധമാണ്.

(1) വകുപ്പുകൾ അവരുടെ കീഴിൽ വരുന്ന പദ്ധതികൾ ഏതൊക്കെയെന്ന് തിരിച്ചറിയുക എന്നതാണ് ആദ്യ നടപടി. തുടർന്ന്, ബന്ധപ്പെട്ട വകുപ്പിൽനിന്നുള്ള

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഭരണാനുമതി അനിവാര്യമാണ്. 100 കോടി രൂപയ്ക്ക് മുകളിൽ വരുന്ന പദ്ധതികൾക്കായിരിക്കും KIIFB മുഖേന ധനസഹായം നൽകുന്നത്. 10 കോടി രൂപയിൽ കുറയാത്ത അടങ്കലുള്ള, സമാന സ്വഭാവമുള്ള പദ്ധതികൾ സംയോജിപ്പിച്ച് ആകെ 100 കോടിക്ക് മുകളിൽ മതിപ്പ് തുക വരുന്ന പദ്ധതികളാക്കിയും പരിഗണിക്കുന്നതാണ്.

(2) പദ്ധതി നിർവ്വഹണത്തിനായി വകുപ്പുകൾ SPV (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ)-യെ നിയമിക്കുക എന്നതാണ് അടുത്ത നടപടി. പ്രത്യേക ഉദ്ദേശ ലക്ഷ്യങ്ങൾക്കായി വിഭാവനം ചെയ്യുന്ന താൽക്കാലിക സംരംഭങ്ങളോ സംവിധാനങ്ങളോ ആണ് SPV എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. വകുപ്പുകൾക്ക് നിലവിലുള്ള സർക്കാർ അംഗീകൃത SPV -കളെ ഉപയോഗിക്കുകയോ പദ്ധതിയുടെ ആവശ്യങ്ങൾക്ക് അനുയോജ്യമായ എസ്.പി.വി.-യെ വിഭാവനം ചെയ്യുകയോ ചെയ്യാവുന്നതാണ്.

(3) എസ്.പി.വി.-കൾ പദ്ധതി നടത്തിപ്പിനായി ആവശ്യമെങ്കിൽ പുറമേനിന്നും വിദഗ്ദ്ധ ഉപദേഷ്ടാക്കളെ (Consultants)നിയമിക്കാവുന്നതാണ്. അതിനായി ഒരു Request for Proposal (RfP) തയ്യാറാക്കുകയെന്നത് എസ്.പി.വി.-കളുടെ ചുമതലയാണ്. ഇത് നടപ്പാക്കുന്നതിന് എസ്.പി.വി.-കൾക്ക് പരിമിതികൾ നേരിടുന്നപക്ഷം KIIFB തയ്യാറാക്കിയിട്ടുള്ള General RfP മാതൃക അവലംബിക്കാവുന്നതാണ്. ഇ. ടെന്ററിംഗ് വഴിയുള്ള Consultant നിയമനം ഉറപ്പുവരുത്തേണ്ടതുമാണ്. ഇങ്ങനെ നിയമിക്കുന്ന കൺസൾട്ടിന്റ്സിന്റെ സഹായത്തോടെ ഫീസിബിലിറ്റി സ്റ്റഡി, പ്രിലിമിനറി പ്രോജക്ട് റിപ്പോർട്ട് (PPR), ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR), ഫിനാൻഷ്യൽ പ്രൊപ്പോസൽ തുടങ്ങിയവ തയ്യാറാക്കുകയും KIIFB -യിൽ സമർപ്പിക്കുകയുമാണ് അടുത്ത നടപടി.

(4) ഇപ്രകാരം സ്വീകരിക്കുന്ന പദ്ധതികൾ KIIF ആക്റ്റിലേയും സ്കീമിലേയും വ്യവസ്ഥകൾക്ക് വിധേയമായി സൂക്ഷ്മപരിശോധന നടത്തി, ബഹു.മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള ബോർഡിന്റെ അംഗീകാരം ലഭിക്കുന്ന പക്ഷം KIIFB ധനസഹായം നൽകുന്നതാണ്. മേൽ സൂചിപ്പിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധം ആയി* ചേർത്തിട്ടുണ്ട്.

(സി) 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രഖ്യാപനമനുസരിച്ച് പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളാണ് കിഫ്ബി മുഖേന നടപ്പിലാക്കുന്നത്. ഇതൊരു പ്രത്യേക മേഖലയെ മാത്രം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളല്ല. സംസ്ഥാനത്തിന്റെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനമാണ് ഈ പാക്കേജിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. 8-8-2016-ലെ സ.ഉ.(കൈ) നമ്പർ 315/16/ധന ഉത്തരവുപ്രകാരം കിഫ്ബിയുടെ വെബ്സൈറ്റിൽ ഭരണവകുപ്പ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സമർപ്പിച്ചിട്ടുള്ള പദ്ധതികളുടെ സൂക്ഷ്മപരിശോധനയ്ക്കുശേഷം യോഗ്യമായവയെ ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

(ഡി & ഇ) അടുത്ത മാസം കൂടുന്ന കിഫ്ബോർഡിന്റെ ഇരുപത്തിയെട്ടാമത് ബോർഡ് യോഗത്തിന്റെ അംഗീകാരത്തിന് സമർപ്പിക്കുന്നതിനായി ഭരണവകുപ്പ് കിഫ് ബോർഡിന്റെ വെബ്സൈറ്റിൽ സമർപ്പിച്ച പദ്ധതി നിർദ്ദേശങ്ങളുടെ സൂക്ഷ്മപരിശോധന നടന്നുവരികയാണ്. ബോർഡ് അംഗീകാരത്തിനുശേഷം മാത്രമെ ഈ വർഷം പദ്ധതികൾക്കായി വിനിയോഗിക്കുന്ന തുകയെ കുറിച്ചുള്ള വ്യക്തതയുണ്ടാകൂ.

(എഫ്) സംസ്ഥാന സർക്കാരിന്റെ 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികളാണ് കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇതൊരു പ്രത്യേക മണ്ഡലത്തെയോ ജില്ലയെയോ മാത്രം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളല്ല. സംസ്ഥാനത്തിന്റെ സമഗ്രമായ അടിസ്ഥാന സൗകര്യവികസനമാണ് ഈ പാക്കേജിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. മേൽപ്പറഞ്ഞ പ്രത്യേക നിക്ഷേപ പദ്ധതിയിലുൾപ്പെട്ട വിവിധ മേഖലകളിൽ നിന്നുള്ള പദ്ധതികളെ 8-8-2016-ലെ സ.ഉ.(കൈ) നമ്പർ 315/2016/ധന. ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി യോഗ്യമായവയെ ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്.

**കിഫ്ബിയിൽ അനുമതി ലഭിച്ചതും പരിശോധിക്കുന്നതുമായ പദ്ധതികൾ**

7 (409) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'കിഫ്ബി'-യിൽ ഇതുവരെ ഭരണാനുമതി ലഭിച്ച ഏതൊക്കെ പദ്ധതികളുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഭരണാനുമതി ലഭിക്കുന്നതിനായി കോഴിക്കോട് ജില്ലയിൽ പരിഗണിക്കുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 8-8-2016-ലെ സ.ഉ.(കൈ.) നമ്പർ 315/16/ധന. ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങളനുസരിച്ച് വിശദമായ പ്രോജക്ട് അവലോകനം, കോസ്റ്റ് ബെനിഫിറ്റ് അനാലിസിസ്, ഭരണാനുമതി എന്നിവ ഉൾപ്പെടെ കിഫ്ബിയുടെ വെബ്സൈറ്റിൽ ഓൺലൈനായി സമർപ്പിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങളിൽ 48 പദ്ധതികൾ

7-11-2016-ന് കൂടിയ കിഫ് ബോർഡിന്റെ 27-ാമത് ബോർഡ് യോഗം (പുനഃസംഘടിപ്പിച്ചതിനുശേഷമുള്ള ആദ്യ ബോർഡ് യോഗം) അംഗീകരിച്ചു. ഈ പദ്ധതികളുടെ പട്ടിക അനുബന്ധമായി *ചേർക്കുന്നു.

(ബി) സംസ്ഥാന സർക്കാരിന്റെ 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികളാണ് കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇതൊരു പ്രത്യേക നിയോജകമണ്ഡലത്തെയോ ജില്ലയെയോ മാത്രം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളല്ല. സംസ്ഥാനത്തിന്റെ സമഗ്രമായ അടിസ്ഥാന സൗകര്യവികസനമാണ് ഈ പാക്കേജിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്.

**കിഫ്ബിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ**

8 (410) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ലെ ബഡ്ജറ്റിൽ 'കിഫ്ബി-'യിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾക്ക് തുക അനുവദിച്ചിട്ടുണ്ടോ; പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ബി) മങ്കട നിയോജകമണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ;

(സി) കിഫ്ബിയിൽ ലഭിച്ചിട്ടുള്ള ഫണ്ടുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളാണ് കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട്, കോസ്റ്റ് ബെനിഫിറ്റ് അനാലിസിസ് എന്നിവ പരിശോധിച്ച് 7-11-2016-ൽ കൂടിയ 27-ാമത് കിഫ് ബോർഡ് യോഗം 4004.86 കോടി രൂപയുടെ 48 പദ്ധതികൾക്ക് അംഗീകാരം നൽകി. ടി പദ്ധതികൾക്ക് ധനസഹായം അനുവദിക്കുന്നതിന് പദ്ധതി നിർവ്വഹണ ഏജൻസികൾ അഥവാ എസ്.പി.വി. പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട വിശദ വിവരങ്ങൾ ഓൺലൈനായി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കിഫ്ബിക്ക് സമർപ്പിക്കേണ്ടതുണ്ട്. ഈ സംവിധാനമനുസരിച്ച് പ്രോജക്ട് നിർവ്വഹണ ചെലവുകൾ നിശ്ചയിക്കപ്പെട്ടിട്ടുള്ള ഘട്ടങ്ങളിൽ നേരിട്ട് സപ്ലയർ, കോൺട്രാക്ടർ, സേവനദാതാവ് മുതലായവരുടെ നിശ്ചിത ബാങ്ക് അക്കൗണ്ടിൽ നേരിട്ട് ലഭ്യമാക്കാനുള്ള ഡയറക്ട് ബെനിഫിറ്റ് സംവിധാനം കിഫ്ബിയിൽ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. കിഫ് ബോർഡിന്റെ ഇരുപത്തിയേഴാമത് ബോർഡ് യോഗം അംഗീകരിച്ച പദ്ധതികൾക്കാവശ്യമായ തുക നിലവിലെ ഫണ്ടിൽനിന്നും കണ്ടെത്തുവാൻ കിഫ്ബി പ്രാപ്തമാണ്. കൂടാതെ 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രഖ്യാപനമനുസരിച്ച് കിഫ്ബിക്ക് ലഭ്യമാക്കി യിട്ടുള്ള പത്ത് ശതമാനം മോട്ടോർ വാഹന നികുതിയും പെട്രോളിന്മേലുള്ള സെസ്സും കിഫ്ബി അക്കൗണ്ടിൽ ലഭ്യമാക്കിയിട്ടുണ്ട്. നൂതന സംവിധാനമനുസരിച്ചുള്ള നടപടിക്രമങ്ങൾ പദ്ധതി നിർവ്വഹണ ഏജൻസികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് കിഫ്ബി ധനസഹായം നൽകുന്നതാണ്. ടി പദ്ധതികളുടെ വകുപ്പുതിരിച്ചുള്ള പ്രവർത്തന പുരോഗതി അനുബന്ധമായി ചേർക്കുന്നു. *

(ബി) സംസ്ഥാന സർക്കാരിന്റെ 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളാണ് കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇതൊരു പ്രത്യേക നിയോജക മണ്ഡലത്തെയോ ജില്ലയെയോ മാത്രം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളല്ല. സംസ്ഥാനത്തിന്റെ സമഗ്രമായ അടിസ്ഥാന സൗകര്യവികസനമാണ് ഈ പാക്കേജിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. പൊതുമരാമത്ത്, ജലവിഭവം, ആരോഗ്യം, ടൂറിസം തുടങ്ങി വിവിധ വകുപ്പുകളിൽനിന്നും ലഭിച്ച പദ്ധതി നിർദ്ദേശങ്ങളിൽ നിന്നും 8-8-2016-ലെ സ.ഉ.(കൈ) നമ്പർ 315/2016/ധന. ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം യോഗ്യമായവയെ കിഫ് ആക്ടിലെയും സ്കീമിലെയും വ്യവസ്ഥകൾക്ക് വിധേയമായി സൂക്ഷ്മപരിശോധന നടത്തി കിഫ് ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്ന നടപടിയാണ് സ്വീകരിച്ചു വരുന്നത്. തുടർന്ന് കിഫ് ബോർഡിന്റെ അംഗീകാരം ലഭിക്കുന്ന പദ്ധതികൾക്ക് കിഫ്ബി ധനസഹായം നൽകുന്നു. ബോർഡ് അംഗീകരിച്ചിട്ടുള്ള പദ്ധതികളുടെ പട്ടിക കിഫ്ബി വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) 2015-16 വർഷത്തെ ബഡ്ജറ്റിൽ വൻകിട വികസന പദ്ധതികളുടെ നടത്തിപ്പിനായി 5475-00-800-92 (പ്ലാൻ) ശീർഷകത്തിൽ ഉൾപ്പെടുത്തിയിരുന്ന 2,000 കോടി രൂപയിൽ അവശേഷിച്ച 873.85 കോടി രൂപ, പുനഃസംഘടിപ്പിക്കപ്പെട്ട കിഫ്ബി വഴിയുള്ള പ്രവർത്തന സാക്ഷാത്കാരത്തിന്റെ ആദ്യ നടപടി എന്ന

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

നിലയിൽ കിഫ്ബിക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ മേൽ സൂചിപ്പിച്ച ഭേദഗതി ചെയ്ത കിഫ് ആക്ടിലെ ഖണ്ഡിക 7 പ്രകാരം മുൻ വർഷത്തെ മോട്ടോർ വാഹന നികുതിയുടെ 10 ശതമാനമായ 281.4 കോടിയിൽ 28.14 കോടി രൂപയും പെട്രോളിയം ഉൽപ്പന്നങ്ങളിന്മേലുള്ള മുഴുവൻ സെസ്സ് തുകയായ 448.1 കോടി രൂപയും ഉൾപ്പെടെ ആകെ 1350.09 കോടി രൂപ കിഫ്ബിയുടെ അക്കൗണ്ടിൽ ലഭ്യമായിട്ടുണ്ട്. ഇതിനുപുറമേ മോട്ടോർ വാഹന നികുതിയുടെ 10 ശതമാനത്തിൽ ശേഷിച്ച തുകയായ 253.29 കോടി രൂപ കൂടി കിഫ്ബിക്ക് അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമെ ജനറൽ ഒബ്ലിഗേഷൻ ബോണ്ട്സ്, റവന്യൂ ഒബ്ലിഗേഷൻ ബോണ്ട്സ്, വാണിജ്യ/സഹകരണ ബാങ്കുകളിൽ നിന്ന് ടേം ലോൺ എന്നിവ വഴി ധനസമാഹരണത്തിനുള്ള ശ്രമങ്ങളും കിഫ്ബിയുടെ പരിഗണനയിലാണ്.

**ഇ.പി.എഫ്. പെൻഷൻ വാങ്ങുന്നവർക്ക് ക്ഷേമ പെൻഷൻ**

9 (411) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.പി.എഫ്. പെൻഷൻ വാങ്ങുന്നവരെ ക്ഷേമ പെൻഷൻ വാങ്ങുന്നതിൽ നിന്നും വിലക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഇതിനുണ്ടായ സാഹചര്യ മെന്തായിരുന്നു;

(ബി) മുൻ സർക്കാരിന്റെ കാലത്ത് 2014-ൽ ഒരു ലക്ഷം രൂപയിൽ താഴെ വരുമാനമുള്ളവർക്ക് ക്ഷേമ പെൻഷൻ വാങ്ങുന്നതിന് അനുമതി നൽകിയിരുന്നു; പ്രസ്തുത ഉത്തരവ് ഇപ്പോൾ നിലവിലുണ്ടോ;

(സി) ഇന്ദിര ഗാന്ധി ദേശീയ അംഗപരിമിത പെൻഷൻ വാങ്ങുന്നവർക്ക് മറ്റേതെങ്കിലും ക്ഷേമ പെൻഷന് അർഹതയുണ്ടോ;

(ഡി) വ്യാപകമായ പ്രതിഷേധത്തെ തുടർന്ന് ഇ.പി.എഫ്. പെൻഷൻകാർക്ക് ക്ഷേമ പെൻഷൻ കൂടി വാങ്ങുവാൻ കഴിയുന്ന വിധത്തിൽ ഉത്തരവ് പരിഷ്കരിച്ചിട്ടുണ്ടോ; പരിഷ്കരിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) അത് ഒഴിവാക്കിയിട്ടുണ്ട്.

(ബി & സി) ഉണ്ട്.

(ഡി) 21-1-2017-ലെ സ.ഉ. (എം.എസ്.) 34/2017/ധന ഉത്തരവ് പ്രകാരം ഇ.പി.എഫ്. പെൻഷൻകാർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ അല്ലെങ്കിൽ ക്ഷേമപെൻഷന് അർഹതയുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

### ഐ.എച്ച്.ആർ.ഡി. ജീവനക്കാരുടെ ശമ്പളപരിഷ്കരണം

10 (412) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം ശമ്പള പരിഷ്കരണത്തിന്റെ ശിപാർശകൾ ഐ.എച്ച്.ആർ.ഡി. കോളേജ് ജീവനക്കാർക്ക് നടപ്പാക്കുന്ന കാര്യം ആലോചിക്കുമോ ;

(ബി) ഒൻപതാം ശമ്പള പരിഷ്കരണം ഐ.എച്ച്.ആർ.ഡി. ജീവനക്കാർക്ക് നടപ്പാക്കിയപ്പോൾ കുടിശ്ശിക നാളിതുവരെ നൽകാതിരുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(സി) കുടിശ്ശിക നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പത്താം ശമ്പളപരിഷ്കരണത്തിന്റെ ശിപാർശകൾ ഐ.എച്ച്.ആർ.ഡി. കോളേജ് ജീവനക്കാർക്ക് നടപ്പിലാക്കുന്നത് സംബന്ധിച്ച ശിപാർശകളൊന്നും ധനവകുപ്പിന്റെ പരിഗണനയ്ക്കായി വന്നിട്ടില്ല.

(ബി) ധന വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

### കെ. എസ്. ഇ. ബി.-യുടെ തോപ്പുംപടി സെക്ഷൻ ഓഫീസ്

11 (413) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നിയോജകമണ്ഡലത്തിലെ തോപ്പുംപടിയിൽ കെ.എസ്.ഇ.ബി.-യുടെ സെക്ഷൻ ഓഫീസ് നിർമ്മിക്കുന്നതിനായി ആസ്തി വികസന പദ്ധതിയിൽ നിന്നും 80 ലക്ഷം രൂപയ്ക്ക് 2015-ൽ ഭരണാനുമതി നല്കിയിട്ടും പ്രസ്തുത തുക കെ.എസ്.ഇ.ബി.-ക്ക് ലഭ്യമാകാത്തതിനാൽ പ്രവൃത്തി നാളിതുവരെ ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തുക ലഭ്യമാകുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്നും ലഭ്യമാകാത്തതിന്റെ കാരണമെന്തെന്നും വ്യക്തമാക്കാമോ; ഈ തുക എന്നത്തേയ്ക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) & (ബി) ആസ്തി വികസന ഫണ്ടുപയോഗിച്ച് കൊച്ചി നിയോജക മണ്ഡലത്തിൽ കെ.എസ്.ഇ.ബി.-യുടെ സെക്ഷൻ ഓഫീസ് നിർമ്മിക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. കെ.എസ്.ഇ.ബി. മുഖേന deposit work ആയാണ് പ്രസ്തുത പ്രവൃത്തിയ്ക്ക് അനുമതി നൽകിയിട്ടുള്ളത്. Deposit work-കൾക്ക് പ്രവർത്തന പുരോഗതി അനുസരിച്ച് തവണകളായാണ് തുക അനുവദിക്കുന്നത്.

പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുകയായ 80 ലക്ഷം രൂപയുടെ 20% ആയ 16 ലക്ഷം രൂപ അഡ്വാൻസായി കെ. എസ്. ഇ. ബി-യ്ക്ക് ഡെപ്പോസിറ്റ് ചെയ്തു നൽകുന്നതിന് ഊർജ്ജ വകുപ്പിന് അനുമതി നൽകിയിട്ടുണ്ട്. പ്രവർത്തന പുരോഗതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് ബാക്കി തുക അനുവദിച്ച് നൽകുന്നതാണ്.

## എം.എൽ.എ. ആസ്തി വികസന പദ്ധതി

12 (414) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന സ്കീമിൽ ഉൾപ്പെടുത്തി നിർമ്മാണം നടത്തുന്നതിനുള്ള വൈപ്പിൻ നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ സംബന്ധിച്ച പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ എന്നാണ് പ്രവൃത്തികളുടെ ലിസ്റ്റ് ലഭിച്ചതെന്ന വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികളുടെ ഡി.പി.ആർ. സർക്കാരിൽ ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ പ്രവൃത്തികൾ നടപ്പാക്കുന്നതിനായി സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ?

### ഉത്തരം

(എ-സി) 2016-17 സാമ്പത്തിക വർഷത്തിൽ ആസ്തി വികസന പദ്ധതിയിൻ കീഴിൽ വൈപ്പിൻ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കാനായി സമർപ്പിച്ചിട്ടുള്ള 16 പ്രവൃത്തികൾക്കുള്ള ശിപാർശ (ആകെ അടങ്കൽ തുക 499.83 ലക്ഷം രൂപ) ഇതിനോടകം ലഭ്യമായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ ഭരണ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവയിൽ വൈപ്പിൻ നിയോജകമണ്ഡലത്തിൽ പുതുതായി ആരംഭിക്കുന്ന ഗവൺമെന്റ് കോളേജിന് കെട്ടിട നിർമ്മാണത്തിനായി സമർപ്പിച്ച ശിപാർശയുടെ വിശദമായ എസ്റ്റിമേറ്റ് (ഡി.പി.ആർ.) ധനകാര്യ വകുപ്പിൽ ലഭിച്ചിട്ടുണ്ടെങ്കിലും ഉചിതമായ തലത്തിൽ ശിപാർശ ചെയ്ത് അയയ്ക്കുന്നതിനായി ഭരണ വകുപ്പിന് തിരികെ നൽകിയിരിക്കുകയാണ്. ബന്ധപ്പെട്ട ഭരണ വകുപ്പുകൾ വിശദമായ എസ്റ്റിമേറ്റും അനുബന്ധരേഖകളും സമർപ്പിക്കുന്ന മുറയ്ക്ക് പദ്ധതികൾക്ക് ധനാനുമതി നൽകി വരുന്നുണ്ട്. പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

## എം.എൽ.എ. ആസ്തി വികസന ഫണ്ട്

13 (415) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന ഫണ്ട് മുഖാന്തിരം നടപ്പാക്കുന്ന പ്രവൃത്തിയുടെ ടെണ്ടർ തുകയിൽ നിന്നും കുറച്ച് വിളിക്കുന്ന അവസരത്തിൽ അധികം വരുന്ന തുക വരുംവർഷങ്ങളിൽ ഉപയോഗിക്കുവാൻ കഴിയുന്ന തരത്തിൽ ആസ്തി വികസന ഫണ്ടിലേക്ക് തിരികെ വകയിരുത്താൻ ധനകാര്യ വകുപ്പ് നടപടി സ്വീകരിക്കുമോ; ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുമോ; വിശദമായ വിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) ടെണ്ടർ സേവിംഗ്സും ടെണ്ടർ എക്സസും ടെണ്ടർ പ്രക്രിയയിലെ സാധാരണ പ്രതിഭാസമായതിനാൽ, ഓരോ നിയോജകമണ്ഡലത്തിലെയും ടെണ്ടർ സേവിംഗ്സും ടെണ്ടർ എക്സസും മണ്ഡലാടിസ്ഥാനത്തിൽ കണക്കാക്കി ആസ്തി വികസന ഫണ്ടിന്റെ വാർഷിക വകയിരുത്തലിൽ വീണ്ടും അനുവദിക്കുന്നത്/കുറവ് ചെയ്യുന്നത് തികച്ചും അപ്രായോഗികമാണ്. 4-12-2013-ലെ സർക്കുലർ നമ്പർ 97/2013/ ധന. പ്രകാരം ആസ്തി വികസന പദ്ധതിയിൻകീഴിലെ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഏറ്റവും പുതിയ SoRs/CPWD റേറ്റ് പ്രകാരം ആയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ ടെണ്ടർ സേവിംഗ്സും ടെണ്ടർ എക്സസും മണ്ഡലാടിസ്ഥാനത്തിൽ പ്രതിവർഷം വകയിരുത്തിയിട്ടുള്ള ആസ്തി വികസന ഫണ്ടിന്റെ ആകെ തുകയെ ബാധിക്കില്ല. സർക്കുലറിന്റെ പകർപ്പ് ഉള്ളടക്കം* ചെയ്യുന്നു.

**ഗവ. പോളിടെക്നിക്ക്, ഗവ.ഐ.റ്റി.ഐ., ഗവ. കോളേജ് വിദ്യാർത്ഥികൾക്ക് ബസ് വാങ്ങുന്നതിനുള്ള നടപടി**

14 (416) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് ഗവൺമെന്റ് പോളിടെക്നിക്, ഗവൺമെന്റ് ഐ.റ്റി.ഐ., ഗവൺമെന്റ് കോളേജ് എന്നിവിടങ്ങളിലെ വിദ്യാർത്ഥി കൾക്കായി ബസ്സുകൾ വാങ്ങി നൽകുന്നതിന് നിലവിൽ അനുമതിയുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ, ആയതിന് അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല. സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിനായി 9-2-2016-ലെ സ.ഉ.(പി) നമ്പർ 178/2016/ധന. പ്രകാരം ബന്ധപ്പെട്ട ജില്ലാ പൊതു വിദ്യാഭ്യാസ ഉപഡയറക്ടർ സാക്ഷ്യപ്പെടുത്തുന്ന

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ആവശ്യകതാ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും വാഹനം വാങ്ങുന്നതിനായി നിലവിലെ മാനദണ്ഡങ്ങൾ പാലിക്കണമെന്നും വാങ്ങുന്ന വാഹനത്തിന്റെ ആവർത്തന/പരിപാലന ചെലവുകൾ സർക്കാർ വഹിക്കുന്നതല്ല എന്നീ നിബന്ധന-കളോടുകൂടി ആസ്തി വികസന ഫണ്ടിൽനിന്നും സ്കൂൾ ബസ് വാങ്ങുന്നതിന് മാത്രമാണ് അനുമതിയുള്ളത്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**ഓരോ വകുപ്പിനും ബഡ്ജറ്റിൽ അനുവദിച്ച തുക**

15 (417) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് 2016-17 സാമ്പത്തിക വർഷം ഓരോ വകുപ്പിനും ധനാഭ്യർത്ഥനയിലൂടെ ബജറ്റിൽ ചെലവഴിക്കാൻ അനുവദിച്ച തുക എത്ര വീതമായിരുന്നുവെന്ന് വിശദമാക്കാമോ;

(ബി) 15-1-2017 വരെയുള്ള കണക്കുകൾ പ്രകാരം ഓരോ വകുപ്പും ചെലവഴിച്ച തുക എത്ര വീതമാണെന്നും ചെലവഴിച്ച തുക വകയിരുത്തപ്പെട്ട തുകയുടെ എത്ര ശതമാനമാണെന്നും വിശദമാക്കുമോ?

ഉത്തരം

(എ & ബി) 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രകാരം വിവിധ വകുപ്പുകൾക്കായി ധനാഭ്യർത്ഥനയിലൂടെ വകയിരുത്തിയ തുകയും അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2016 ഡിസംബർ 31 വരെയുള്ള ചെലവും, ചെലവഴിച്ച തുകയുടെ ശതമാനത്തിലുള്ള കണക്കും സംബന്ധിച്ച വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

**കിഫ്ബി വഴി ഏറ്റെടുത്ത പദ്ധതികളുടെ പുരോഗതി**

16 (418) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. സി. എഫ്. തോമസ്:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം കിഫ്ബി വഴി ഏറ്റെടുത്ത പദ്ധതികളുടെ പുരോഗതി വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) കിഫ്ബി വഴി ഏറ്റെടുത്ത പദ്ധതികൾക്ക് ഏതൊക്കെ ധനകാര്യ സ്ഥാപനങ്ങളാണ് വായ്പ ലഭ്യമാക്കിയതെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്രകാരം ധനകാര്യ സ്ഥാപനങ്ങൾ വഴി സമാഹരിച്ച തുക, നൽകേണ്ട പലിശ, തിരിച്ചടവ് എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) 2017-18 സാമ്പത്തിക വർഷം കിഫ്ബി വഴി ഏതെല്ലാം മേഖലയിലാണ് ധനം വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നതെന്നും എത്ര തുകയാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കിഫ്ബി ഏറ്റെടുത്ത പദ്ധതികളുടെ വകുപ്പുതിരിച്ചുള്ള പുരോഗതി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് അനുബന്ധമായി* ചേർക്കുന്നു.

(ബി) കിഫ്ബി ഏറ്റെടുത്ത പദ്ധതികൾക്കായി നാളിതുവരെ വായ്പകൾ ഒന്നും തന്നെ എടുത്തിട്ടില്ല. ബോർഡിന്റെ തനത് ഫണ്ടിന്റെ ലഭ്യതയും പദ്ധതികൾക്ക് വേണ്ടിവരുന്ന ചെലവും വിലയിരുത്തി ആവശ്യത്തിനനുസരിച്ച് മാത്രമാണ് വായ്പയെടുക്കാൻ ഉദ്ദേശിക്കുന്നത്. ഇപ്പോൾ ലഭ്യമായ ഫണ്ട് അംഗീകാരം നൽകിയ പ്രവൃത്തികളുടെ ആദ്യ ഗഡു നൽകുന്നതിന് പര്യാപ്തമാണ്.

(സി) ബി പിരിവിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(ഡി) 2016-17- ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പാക്കേജിൽ പ്രഖ്യാപിച്ച പദ്ധതികളാണ് കിഫ്ബി വഴി നടപ്പിലാക്കി വരുന്നത്. ഇവ കൂടാതെ ഭരണ വകുപ്പ് കിഫ്ബി വഴി നടപ്പാക്കുന്നതിന് ഭരണാനുമതി നൽകിയ മറ്റ് പദ്ധതികളും നടപ്പിലാക്കുന്നതാണ്. 8-8-2016-ലെ സ.ഉ.(കൈ) 315/2016/ധന. ഉത്തരവിൽ ഈ വ്യവസ്ഥകൾ വിശദീകരിച്ചിട്ടുണ്ട്. ഈ ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിച്ച് കിഫ്ബിക്ക് സമർപ്പിച്ച 4004.86 കോടി രൂപ മുതൽമുടക്കുള്ള 48 പദ്ധതികൾ 7-11-2016-ൽ കൂടിയ കിഫ് ബോർഡ് യോഗം അംഗീകരിച്ചിട്ടുണ്ട്. 2017-18 സാമ്പത്തികവർഷം കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ഈ വരുന്ന ബഡ്ജറ്റ് പ്രഖ്യാപനത്തിലൂടെയേ വ്യക്തമാവൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**നീതി ആയോഗ് രൂപീകരണം**

17 (419) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീതി ആയോഗിന്റെ രൂപീകരണത്തിന്റെ ഫലമായി സംസ്ഥാനത്തിന് ലഭിക്കേണ്ട കേന്ദ്ര വിഹിതത്തിൽ വന്നു ചേർന്നിട്ടുള്ള കുറവും ന്യൂനതകളും എന്തെല്ലാമാണ്; വിശദവിവരം നൽകുമോ;

(ബി) ജി.എസ്.ടി. നടപ്പിലാക്കുന്നതോടുകൂടി കേരളത്തിന് നേട്ടമാണോ അതോ കോട്ടമാണോ സംഭവിക്കുക; വിശദവിവരം നൽകുമോ?

ഉത്തരം

(എ) നീതി ആയോഗിന്റെ രൂപീകരണത്തിന്റെ ഫലമായി കേന്ദ്ര വിഹിതത്തിൽ കുറവുണ്ടായിട്ടില്ല. എന്നാൽ പതിനാലാം ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം കേന്ദ്ര നികുതിയിനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും സംസ്ഥാനങ്ങൾക്കുള്ള പദ്ധതി ധനസഹായത്തിൽ കേന്ദ്ര സർക്കാർ ആനുപാതികമായ കുറവ് വരുത്തിയിട്ടുണ്ട്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്ര സംസ്ഥാന വിഹിതാനുപാതത്തിൽ മാറ്റം വരുത്തിയത് സംസ്ഥാനത്തിന് കൂടുതൽ സാമ്പത്തിക ബാദ്ധ്യതയ്ക്ക് ഇടയാക്കുകയും ചെയ്തിട്ടുണ്ട്. മുൻ പ്ലാനിംഗ് കമ്മീഷൻ നിർവ്വഹിച്ചിരുന്ന സംസ്ഥാന വാർഷിക പദ്ധതികളുടെ അംഗീകാരം നൽകുന്നതും സംസ്ഥാന പദ്ധതികളുടെ ധനസഹായം നിശ്ചയിക്കുന്നതും നീതി ആയോഗിന്റെ രൂപീകരണത്തോടെ ഇല്ലാതായിട്ടുണ്ട്. ഇതിലൂടെ സംസ്ഥാനങ്ങൾക്ക് വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കാത്ത സാഹചര്യം സംജാതമായിട്ടുണ്ട്. കൂടാതെ നീതി ആയോഗിന്റെ ഭാഗത്തുനിന്നും സംസ്ഥാനങ്ങൾക്ക് യാതൊരു വിധത്തിലുമുള്ള സാമ്പത്തികസഹായം അനുവദിക്കാത്തത് വലിയൊരു ന്യൂനതയായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

(ബി) 1-7-2017 മുതൽ രാജ്യത്ത് ജി.എസ്.ടി. നികുതി സമ്പ്രദായം നടപ്പാക്കുകയാണ്. ഡെസ്റ്റിനേഷൻ പ്രിൻസിപ്പിളിനെ അടിസ്ഥാനമാക്കിയുള്ള ജി.എസ്.ടി.-യുടെ വരവോടെ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തെപ്പോലുള്ള സംസ്ഥാനങ്ങളിൽ നികുതി വരുമാനം വർദ്ധിക്കുമെന്ന് കണക്കാക്കപ്പെടുന്നു. എന്നാൽ സേവന നികുതിയുടെ നിരക്ക് ഉയർന്നതായതിനാൽ സേവനങ്ങളുടെ ചെലവ് അധികരിക്കും; മരുന്നുകൾക്ക് നിലവിലുള്ള നിരക്കിനേക്കാൾ ഉയർന്ന സ്ലാബായതിനാൽ മരുന്നുകളുടെ വിലയും വർദ്ധിക്കാൻ സാദ്ധ്യതയുണ്ടെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്. ജി.എസ്.ടി. പൂർണ്ണമായും നടപ്പിലാക്കിക്കഴിഞ്ഞാൽ മാത്രമേ ഇത് സംസ്ഥാനത്തിന് പ്രയോജനകരമാണോയെന്ന് തിട്ടപ്പെടുത്താൻ സാധിക്കുകയുള്ളൂ.

## വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾ

18 (420) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എത്ര സർക്കാർ ഓഫീസുകൾ ധനകാര്യ വകുപ്പ് പരിശോധിച്ചിട്ടുണ്ട്; എങ്കിൽ വകുപ്പ് തിരിച്ച് വിശദാംശം വെളിപ്പെടുത്താമോ;

(ബി) ഒരു സാമ്പത്തിക വർഷം എത്ര തുക വാടകയിനത്തിൽ ചെലവിടുന്നുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ലഭ്യമായ രേഖകൾ പ്രകാരം വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പതിനാറ് സർക്കാർ ഓഫീസുകൾ ധനകാര്യ വകുപ്പ് പരിശോധിച്ചിട്ടുണ്ട്. വകുപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്:

| വകുപ്പ് | എണ്ണം |
|---|---|
| കൃഷി വകുപ്പ് | 3 |
| സാമൂഹ്യ നീതി വകുപ്പ് | 4 |
| രജിസ്ട്രേഷൻ വകുപ്പ് | 1 |
| ക്ഷീരവികസന വകുപ്പ് | 1 |
| വ്യവസായ വകുപ്പ് | 1 |
| റവന്യൂ വകുപ്പ് | 2 |
| വിദ്യാഭ്യാസ വകുപ്പ് | 1 |
| പട്ടികജാതി വികസന വകുപ്പ് | 1 |
| ഗതാഗത വകുപ്പ് | 1 |
| ലീഗൽ മെട്രോളജി വകുപ്പ് | 1 |
| ആകെ | 16 |

(ബി) സാമ്പത്തിക വർഷം വാടകയിനത്തിൽ ശരാശരി 35.94 കോടി രൂപ ചെലവിടുന്നുണ്ട്.

**കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ്**

19 (421) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെൻറ് ഫണ്ട് ബോർഡിന്റെ ഡയറക്ടർ ബോർഡ് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തവണ യോഗം കൂടുകയുണ്ടായി; എന്നൊക്കെ; വ്യക്തമാക്കുമോ;

(ബി) ഈ യോഗങ്ങളിൽ വച്ച് നാളിതുവരെ എന്ത് തുകയ്ക്കുള്ള പദ്ധതികൾക്കാണ് അംഗീകാരം നൽകിയത് ;

(സി) ഇപ്രകാരം അംഗീകാരം നൽകിയ എത്ര പദ്ധതികൾ ഇതിനകം ആരംഭിച്ചിട്ടുണ്ട് ; ഓരോ പദ്ധതിയുടെയും ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളാ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ ഡയറക്ടർ ബോർഡ് ഒരു തവണ യോഗം ചേരുകയുണ്ടായി. ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കേരള നിയമസഭയുടെ V-ഡി കോൺഫറൻസ് ഹാളിൽ 7-11-2016-നാണ് യോഗം ചേർന്നത്.

(ബി) ടി യോഗത്തിൽ വച്ച് 4004.86 കോടി രൂപയ്ക്കുള്ള പദ്ധതികൾക്കാണ് അംഗീകാരം നൽകിയത്. ആരോഗ്യം, വനം, വ്യവസായം, വിവരസാങ്കേതികം, പൊതുമരാമത്ത്, ജലസേചനം എന്നീ മേഖലകളിലായി ആകെ 48 പദ്ധതികൾക്കാണ് അംഗീകാരം നൽകിയത്. ബോർഡ് അംഗീകരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം ആയി* ചേർക്കുന്നു.

(സി) കിഫ് ബോർഡ് അംഗീകരിച്ച പദ്ധതികളുടെ നിലവിലുള്ള പ്രവർത്തന പുരോഗതി ഭരണ വകുപ്പുകളിൽ നിന്നും ലഭ്യമായിട്ടുണ്ട്. ഇത് അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ആസ്തി വികസന ഫണ്ട്

20 (422) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ പുതുക്കിയ ബജറ്റിൽ മണ്ഡലം ആസ്തി വികസന ഫണ്ടായി ഓരോ മണ്ഡലത്തിലും എത്ര കോടി രൂപ വീതം അനുവദിക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്;

(ബി) പ്രസ്തുത ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾക്ക് നാളിതുവരെ എത്ര തുകയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇതിൽ വാട്ടർ അതോറിറ്റി, വിദ്യാഭ്യാസം, പൊതുമരാമത്ത്, ആരോഗ്യം എന്നീ മേഖലകളിൽ ഭരണാനുമതി നൽകിയതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സാമ്പത്തിക വർഷം ആസ്തി വികസന ഫണ്ടായി നോമിനേറ്റഡ് എം.എൽ.എ. ഉൾപ്പെടെ ഓരോ നിയോജകമണ്ഡലത്തിനും അഞ്ച് കോടി രൂപ വീതം അനുവദിച്ചിട്ടുണ്ട്.

(ബി &സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

## ആസ്തി വികസന ഫണ്ട് വിനിയോഗം

21 (423) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടിൽ എത്ര കോടി രൂപയ്ക്ക് ഇതിനകം ഭരണാനുമതി നൽകിയിട്ടുണ്ട്;

(ബി) നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച കണക്ക് വ്യക്തമാക്കുമോ;

(സി) 2017 മാർച്ച് 31-ന് മുമ്പ് ചെലവഴിക്കപ്പെടാത്ത തുക അടുത്ത സാമ്പത്തിക വർഷത്തിൽ ചെലവഴിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ;

(ഡി) ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കി എം.എൽ.എ.-മാർ ഉദ്ദേശിച്ച പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽനിന്നും ഭരണാനുമതി നൽകിയിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ശേഖരിച്ചുനൽകുന്നതാണ്.

(ബി) വിശദാംശങ്ങൾ ശേഖരിച്ചുനൽകുന്നതാണ്.

(സി) ഒരു സാമ്പത്തിക വർഷം വകയിരുത്തുന്ന തുകയ്ക്കുള്ള ധനാനുമതിയും ഭരണാനുമതിയും പ്രസ്തുത വർഷം തന്നെ പുറപ്പെടുവിക്കേണ്ടതാണ്.

(ഡി) 22-7-2015-ലെ സർക്കുലർ നമ്പർ 67/2015/ ധന. പ്രകാരം ആസ്തി വികസന പദ്ധതിയിൻകീഴിൽ ശിപാർശ ചെയ്യുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*)

**ആസ്തിവികസന ഫണ്ട് ഉപയോഗിച്ചുള്ള കെട്ടിട നിർമ്മാണം**

22 (424) ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. സി. എഫ്. തോമസ്:
ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ള ഖാദി ബോർഡിന് വ്യവസായ വകുപ്പിന്റെ സ്ഥലത്ത് എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് വർക്ക് ഷെഡ്ഡുകൾ നിർമ്മിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ;

(ബി) ഖാദി ബോർഡിന്റെ തന്നെ എഞ്ചിനീയറിംഗ് വിഭാഗത്തെ പ്രസ്തുത ജോലികൾ ഏൽപ്പിക്കുന്നതിന് തടസ്സമുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) സർക്കാർ ഉടമസ്ഥതയിൽ മൂലധന സ്വഭാവമുള്ള, ദീർഘകാലം നിലനിൽക്കുന്ന പൊതുജനോപകാരപ്രദമായ ആസ്തികളുടെ സൃഷ്ടിയാണ് ആസ്തി വികസന പദ്ധതി ലക്ഷ്യമിടുന്നത്. ആയതിനാൽ ഖാദി ബോർഡിന് ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി വർക്ക് ഷെഡ്ഡുകൾ നിർമ്മിക്കുന്നതിന് അനുമതി നൽകാനാവില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ആസ്തി വികസന ഫണ്ടിൽ നിർദ്ദേശിക്കപ്പെട്ട പ്രൊപ്പോസലുകൾക്ക് ഭരണാനുമതി

23 (425) <u>ശ്രീ. അടൂർ പ്രകാശ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ പുതുക്കിയ ബജറ്റിൽ നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽ നിർദ്ദേശിക്കപ്പെട്ട പ്രൊപ്പോസലുകൾ ഭരണാനുമതി ലഭിക്കുന്നതിനായി ഭരണ വകുപ്പിൽ നിന്നും ധനകാര്യ വകുപ്പിൽ എത്തുമ്പോൾ വളരെ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ കാലതാമസം ഒഴിവാക്കാൻ മതിയായ ഉദ്യോഗസ്ഥരെ നിയമിക്കുമോ;

(സി) ധനകാര്യ വകുപ്പിൽ എത്തുന്ന ഇത്തരം ഫയലുകളിൽ പരമാവധി എത്ര ദിവസം കൊണ്ട് തീരുമാനം എടുക്കപ്പെടുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിനകം ധനകാര്യ വകുപ്പിലെത്തിയ എല്ലാ പ്രൊപ്പോസലുകൾക്കും അംഗീകാരം നൽകുമെന്ന് ഉറപ്പുവരുത്തുമോ?

<u>ഉത്തരം</u>

(എ) ഇല്ല

(ബി & സി) 22-7-2015-ലെ സർക്കുലർ നമ്പർ 67/2015/ ധന. പ്രകാരം ആസ്തി വികസന പദ്ധതിയിൻകീഴിൽ ശിപാർശ ചെയ്യുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*)

(ഡി) ഈ സാമ്പത്തിക വർഷം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിനായി 2016 ഡിസംബർ 31-ന് മുമ്പായി എം.എൽ.എ.-മാരുടെ ശിപാർശകൾ ധനവകുപ്പിൽ സമർപ്പിക്കേണ്ടതാണെന്ന് 7-9-2016- ലെ സർക്കുലർ നമ്പർ 74/2016/ധന. പ്രകാരം കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. അപ്രകാരം പദ്ധതിയുടെ മാനദണ്ഡങ്ങൾ പ്രകാരം സമർപ്പിച്ചിട്ടുള്ള ശിപാർശകൾക്ക് വിശദമായ എസ്റ്റിമേറ്റ് ഭരണ വകുപ്പിലെ ശിപാർശയോടുകൂടി ലഭ്യമാകുന്ന മുറയ്ക്ക് സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പ് തന്നെ ധനാനുമതിയും ഭരണാനുമതിയും പുറപ്പെടുവിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി ഹൈമാസ്റ്റ് ലൈറ്റുകൾ

24 (426) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 എൽ. എ. സി.- എ. ഡി. എസ്.-ൽ ഉൾപ്പെടുത്തി ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കാനുള്ള എത്ര പ്രൊപ്പോസലുകൾ സർക്കാരിന് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയ്ക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് പുതിയ നടപടിക്രമങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) നാൽപ്പത്തിരണ്ട് എണ്ണം

(ബി) ഇല്ല

(സി) ഉണ്ട്. വിവിധ ചീഫ് എഞ്ചിനീയർമാരുമായി കൂടിയാലോചിച്ച് ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പൊതുവായ സ്പെസിഫിക്കേഷൻ രൂപീകരിക്കുന്ന കാര്യം പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു.

## ക്ഷേമപെൻഷൻ പദ്ധതി

25 (427) ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കി വരുന്ന ക്ഷേമ പെൻഷൻ പദ്ധതിയിൽ ഏതെങ്കിലും വിധത്തിലുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഏതെങ്കിലും വിധത്തിലുള്ള പരിശോധനകളോ വിവരശേഖരണമോ ഇക്കാര്യത്തിൽ നടത്തിയിട്ടുണ്ടോയെന്നത് സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ;

(സി) ഒന്നിലേറെ ക്ഷേമ പെൻഷനുകൾ കൈപ്പറ്റുന്നവരുണ്ടോ; ഉണ്ടെങ്കിൽ അവർക്ക് ഒരു പെൻഷൻ എന്ന രീതിയിൽ നിയന്ത്രണം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സാമൂഹ്യ സുരക്ഷാ പെൻഷനുകളും ക്ഷേമപെൻഷനുകളും വർദ്ധിപ്പിച്ച നിരക്കിൽ കൃത്യമായി വിതരണം ചെയ്യപ്പെടുന്നു എന്ന് ഉറപ്പ് വരുത്താനും അറുപത് വയസ്സ് കഴിഞ്ഞ എല്ലാവർക്കും ഏതെങ്കിലും ഒരു പെൻഷൻ ലഭ്യമാക്കുവാനുമാണ് സർക്കാർ ശ്രദ്ധിക്കുന്നത്. ഒന്നിലധികം പെൻഷൻ വാങ്ങുന്നവർക്ക് ഒരെണ്ണം വർദ്ധിപ്പിച്ച നിരക്കിലും ഒന്ന് പഴയ നിരക്കിലും ലഭ്യമാക്കണമെന്നതാണ് സർക്കാർ തീരുമാനം. ഇത് സംബന്ധമായി ഇറക്കിയ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി * ചേർത്തിരിക്കുന്നു.

(ബി)സാർവ്വത്രിക സാമൂഹ്യ സുരക്ഷാ പെൻഷൻ നടപ്പിലാക്കുന്നതിന്റെ ഭാഗമായും പെൻഷൻ വിതരണം കുറ്റമറ്റ രീതിയിൽ ഏറ്റവും വേഗത്തിൽ നടപ്പിലാക്കുന്നതിനുമായി പെൻഷൻകാരുടെ ആധാർ ഐഡന്റിറ്റി വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു. കൂടാതെ സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്നവർക്ക് ഒന്നിലധികം സാമൂഹ്യ സുരക്ഷാ പെൻഷനുകളോ മറ്റ് പെൻഷനുകളോ സർവ്വീസ് പെൻഷനുകളോ ലഭിക്കുന്നുണ്ടോയെന്നും ഇവർ ആദായ നികുതി അടയ്ക്കുന്നവരോ രണ്ടേക്കറിൽ കൂടുതൽ സ്ഥലം ഉള്ളവരാണോയെന്നത് സംബന്ധിച്ച വിവരവും ശേഖരിച്ചുവരുന്നു.

(സി) ഉണ്ട്. 'എ' പിരിവിന്റെ ഉത്തരം കാണുക.

**ക്ഷേമ പെൻഷൻ**

26 (428) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമനിധിയിൽ അംഗമായി വിഹിതം അടച്ച് പെൻഷൻ ലഭിക്കുന്ന ആൾക്ക് മറ്റ് ക്ഷേമ പെൻഷന് അർഹതയുണ്ടോ ;

(ബി) ഏതൊക്കെ ക്ഷേമനിധികളിൽ അംഗങ്ങളായിട്ടുള്ളവർക്കാണ് മറ്റ് ക്ഷേമ പെൻഷന് അർഹതയുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മറ്റ് ക്ഷേമ പെൻഷനുകൾക്ക് അർഹതയുണ്ടാകില്ല. എന്നാൽ നിബന്ധനകൾക്ക് വിധേയമായി സാമൂഹിക സുരക്ഷാ പെൻഷൻ ലഭിക്കും.

(ബി) ക്ഷേമ പെൻഷനുകൾ (സാമൂഹ്യ സുരക്ഷാ പെൻഷൻ) ലഭിക്കുന്നതിനുവേണ്ടി നിശ്ചയിക്കപ്പെട്ടിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം അർഹതയുള്ള എല്ലാവർക്കും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതാണ്. ക്ഷേമനിധികളിൽ നിന്ന് ആയിരം രൂപാ നിരക്കിൽ പെൻഷൻ കൈപ്പറ്റുന്നവർക്ക് ഇതിനോടകം ലഭിച്ചുകൊണ്ടിരുന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകളിൽ ഒരെണ്ണം അറുന്നൂറ് രൂപ നിരക്കിൽ തുടർന്നും ലഭിക്കും. രണ്ടാമത്തെ പെൻഷൻ ഇനി പുതിയതായി അനുവദിക്കുന്നതല്ല.

**കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക**

27 (429) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ, പി.ഡബ്ല്യൂ.ഡി. തുടങ്ങിയ വകുപ്പുകളിലെ കരാറുകാർക്ക് സർക്കാർ കൊടുത്തുതീർക്കാനുള്ള കുടിശ്ശിക ഏറ്റവും ഒടുവിലത്തെ കണക്കനുസരിച്ച് എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത കുടിശ്ശികകൾ കൊടുത്തുതീർക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇറിഗേഷൻ, പി.ഡബ്ല്യൂ.ഡി. തുടങ്ങിയ വകുപ്പുകളിലെ കരാറുകാർക്ക് കൊടുത്തു തീർക്കാനുള്ള കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| വകുപ്പ് | കുടിശ്ശിക തുക (കോടിയിൽ ) |
|---|---|
| പൊതുമരാമത്ത് (നിരത്ത്, പാലം) വകുപ്പ് | 937.08 |
| പൊതുമരാമത്ത് (കെട്ടിടം)വകുപ്പ് | 238.93 |
| ഇറിഗേഷൻ വകുപ്പ് | 155.19 |
| ആകെ | 1331.2 |

(ബി) കുടിശ്ശിക സമയബന്ധിതമായി കൊടുത്തുതീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കരാറുകാർക്ക് ജൂലൈ 2016 വരെയുള്ള ബില്ലുകൾ ഡിസ്കൗണ്ട് ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.

## വിവിധ വകുപ്പുകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പദ്ധതി വിഹിതം

28 (430) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ വകുപ്പുകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പദ്ധതി വിഹിത വിനിയോഗം സംബന്ധിച്ച കണക്കുകൾ വെളിപ്പെടുത്തുമോ;

(ബി) സാമ്പത്തിക വർഷാവസാനമായിട്ടും പല വകുപ്പുകളും പദ്ധതിവിഹിതം പകുതി പോലും ചെലവഴിച്ചില്ലെന്ന കാര്യം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന്റെ കാരണം വെളിപ്പെടുത്തുമോ;

(സി) പദ്ധതി വിഹിതം ചെലവഴിക്കാതെ ലാപ്സാവുന്ന സാഹചര്യം ഒഴിവാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) പ്രാദേശിക സർക്കാരുകൾക്ക് ഡെവലൃൂഷൻ വഴി ഇക്കൊല്ലം വകയിരുത്തിയിട്ടുള്ള തുക മാർച്ച് 31-നകം ചെലവഴിച്ചിട്ടില്ലെങ്കിൽ ബാക്കി തുക അടുത്ത സാമ്പത്തിക വർഷം വകയിരുത്തി നൽകുന്നതാണ്.

## കിഫ്ബി

29 (431) ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. കെ. മുരളീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'കിഫ്ബി'യിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിൽ എന്തെല്ലാം പദ്ധതികളാണ് ഈ വർഷം നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഇവയിൽ ഏതെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത് ;

(സി) 'കിഫ്ബി'-യിൽ മതിയായ ഫണ്ട് സ്വരൂപിക്കാൻ കാലതാമസം ഉണ്ടാകുന്നതുമൂലം മേൽപ്പറഞ്ഞ പദ്ധതികളുടെ നടത്തിപ്പിന് കാലതാമസം ഉണ്ടാകാൻ സാധ്യതയുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ &ബി) സംസ്ഥാന സർക്കാരിന്റെ 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളാണ് കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇതൊരു പ്രത്യേക നിയോജക മണ്ഡലത്തെയോ ജില്ലയെയോ മാത്രം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളല്ല. സംസ്ഥാനത്തിന്റെ സമഗ്രമായ അടിസ്ഥാന സൗകര്യവികസനമാണ് ഈ പാക്കേജിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. പൊതുമരാമത്ത്, ജലവിഭവം, ആരോഗ്യം, ടൂറിസം തുടങ്ങി വിവിധ വകുപ്പുകളിൽനിന്നും ലഭിച്ച പദ്ധതി നിർദ്ദേശങ്ങളിൽനിന്നും 8-8-2016-ലെ സ.ഉ.(കൈ.) നമ്പർ 315/16/ധന. ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം യോഗ്യമായവയെ കിഫ് ആക്ടിലെയും സ്കീമിലെയും വ്യവസ്ഥകൾക്ക് വിധേയമായി സൂക്ഷ്മപരിശോധന നടത്തി കിഫ് ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്ന നടപടിയാണ് സ്വീകരിച്ചുവരുന്നത്. തുടർന്ന് കിഫ് ബോർഡിന്റെ അംഗീകാരം ലഭിക്കുന്ന പദ്ധതികൾക്ക് കിഫ്ബി ധനസഹായം നൽകുന്നു. 7-11-2016-ൽ കൂടിയ കിഫ് ബോർഡിന്റെ 27-ാമത് യോഗം അംഗീകരിച്ച 4004.86 കോടി രൂപയുടെ 48 പ്രോജക്ടുകളുടെ പട്ടിക അനുബന്ധമായി* ചേർക്കുന്നു.

(സി) കിഫ് ബോർഡിന്റെ 27-ാമത് ബോർഡ് യോഗത്തിൽ 48 പദ്ധതികളാണ് അംഗീകരിച്ചത്. ടി പദ്ധതികൾക്ക് 4004.84 കോടി രൂപയാണ് ആവശ്യമായിട്ടുള്ളത്. 2015-16 സാമ്പത്തിക വർഷത്തിൽ സർക്കാർ കിഫ്ബിക്ക് അനുവദിച്ച വിഹിതം 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രഖ്യാപന മനുസരിച്ച് അനുവദിച്ചിട്ടുള്ള പത്ത് ശതമാനം മോട്ടോർ വാഹന നികുതി, പെട്രോളിയം ഉൽപ്പന്നങ്ങളിന്മേലുള്ള സെസ്സ് എന്നിവ ഉപയോഗിച്ച് പദ്ധതി നടത്തിപ്പിനാവശ്യമായ ആദ്യ ഗഡു അനുവദിക്കുന്നതിന് സാധിക്കുന്നതാണ്. ആകയാൽ അംഗീകരിക്കപ്പെട്ട പദ്ധതികൾ തടസ്സമില്ലാതെ നടപ്പിലാക്കാൻ കിഫ്ബിയുടെ നിലവിലെ ഫണ്ട് പര്യാപ്തമാണ്. ഇതിനുപുറമേ പദ്ധതികൾ കാലതാമസം കൂടാതെ നടപ്പിലാക്കു-ന്നതിനായി പ്രോജക്ട് നിർവ്വഹണ ചെലവുകൾ നിശ്ചയിക്കപ്പെട്ടിട്ടുള്ള ഘട്ടങ്ങളിൽ നേരിട്ട് സപ്ലൈയർ, കോൺട്രാക്ടർ, സേവനദാതാവ് മുതലായവരുടെ നിശ്ചിത ബാങ്ക് അക്കൗണ്ടിൽ നേരിട്ട് ലഭ്യമാക്കാനുള്ള ഡയറക്ട് ബെനിഫിറ്റ് സംവിധാനവും കിഫ്ബിയിൽ ഏർപ്പെടുത്തുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കിഫ്ബി വഴി മെഗാ പദ്ധതികൾ

30 (432) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ മെഗാ പദ്ധതികൾ പ്രഖ്യാപി-ക്കാതിരുന്നത് അത് കിഫ്ബി വഴി നടപ്പിലാക്കാം എന്നുള്ളതുകൊണ്ടായിരുന്നോ എന്ന് വ്യക്തമാക്കാമോ;

(ബി) 2016-17-ൽ കിഫ്ബി വഴി നടപ്പിലാക്കിയ വിവിധ മെഗാ പദ്ധതികൾ ഏതൊക്കെയാണ് എന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതികൾക്കായി നീക്കിവച്ച തുക എത്രയെന്നും ഇതുവരെ ചെലവഴിച്ച തുക എത്രയെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ & ബി) സംസ്ഥാനത്തെ മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി "5475-00-800-92-മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ (പ്ലാൻ)" എന്ന ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതം അനുവദിച്ചുവരുന്നു. നടപ്പുസാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ 2536.07 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇക്കാര്യം 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ ഖണ്ഡിക 138-ൽ പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. ബഡ്ജറ്റിൽ വിഹിതം അനുവദിച്ചിട്ടുള്ള പദ്ധതികൾക്ക് നിലവിൽ കിഫ്ബി വഴി ധനസഹായം അനുവദിക്കുന്നില്ല.

(സി) 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ "പ്രത്യേക നിക്ഷേപ പദ്ധതിയിൽ" ഉൾപ്പെടുത്തി പ്രഖ്യാപിച്ച പദ്ധതികൾക്കാണ് കിഫ്ബി വഴി ധനസഹായം അനുവദിക്കുന്നത്. കിഫ്ബിയുടെ ജനറൽ ബോർഡ് ഇതുവരെ അംഗീകരിച്ച പദ്ധതികളുടെ പട്ടിക അനുബന്ധമായി* ലഭ്യമാക്കുന്നു. കിഫ്ബി ഡയറക്ടർ ബോർഡ് അംഗീകരിച്ച പദ്ധതികൾക്ക് ധനസഹായം അനുവദിക്കുന്നതിന് പദ്ധതി നിർവ്വഹണ ഏജൻസികൾ (എസ്.പി.വി.)പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട വിശദ വിവരങ്ങൾ ഓൺലൈനായി കിഫ്ബിക്ക് സമർപ്പിക്കേണ്ടതുണ്ട്. ഈ സംവിധാനമനുസരിച്ച് പ്രോജക്ട് നിർവ്വഹണ ചെലവുകൾ നിശ്ചയിക്ക-പ്പെട്ടിട്ടുള്ള ഘട്ടങ്ങളിൽ നേരിട്ട് സപ്ലയർ, കോൺട്രാക്ടർ, സേവനദാതാവ് മുതലായവരുടെ നിശ്ചിത ബാങ്ക് അക്കൗണ്ടിൽ നേരിട്ട് ലഭ്യമാക്കാനുള്ള ഡയറക്ട്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ബെനിഫിറ്റ് സംവിധാനം കിഫ്ബിയിൽ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. നൂതന സംവിധാനമനുസരിച്ചുള്ള നടപടിക്രമങ്ങൾ പദ്ധതി നിർവ്വഹണ ഏജൻസികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് കിഫ്ബി ധനസഹായം നൽകുന്നതാണ്.

**ചരക്ക് സേവന നികുതി**

31 (433) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നികുതി (ജി.എസ്.ടി.) നിയമം നടപ്പിലാക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ എന്തെല്ലാം നിർദ്ദേശങ്ങളാണ് മുന്നോട്ട് വച്ചിട്ടുള്ളതെന്നും ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം എന്താണെന്നും വ്യക്തമാക്കുമോ ;

(ബി) നിയമം നടപ്പാക്കുന്നതുമൂലം സംസ്ഥാനത്തിനുണ്ടാകുന്ന വരുമാന നഷ്ടം നികത്താൻ എന്തെങ്കിലും പ്രത്യേക പാക്കേജ് നിർദ്ദേശിച്ചിട്ടുണ്ടോ ;

(സി) ജി.എസ്.ടി.-യിൽ ഒരു പങ്ക് നിശ്ചയിക്കാനുള്ള സംസ്ഥാന സർക്കാരുകളുടെ അവകാശം ഉറപ്പുവരുത്തിയിട്ടുണ്ടോ ;

(ഡി) ജി.എസ്.ടി. നടപ്പിലാക്കാൻ എന്തെങ്കിലും നിയമനിർമ്മാണം നടത്തേണ്ടതുണ്ടോ; ഉണ്ടെങ്കിൽ അത് എന്നത്തേയ്ക്ക് കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) തീരക്കടലിൽ നടക്കുന്ന സപ്ലൈകൾ കേന്ദ്ര നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരണമെന്ന നിർദ്ദേശം ഉണ്ടായി. കൂടാതെ നിലവിലുള്ള സേവന നികുതി ദാതാക്കളുടെയും അന്തർ സംസ്ഥാന സപ്ലൈകളുള്ള ഡീലർമാരുടെയും ഭരണ നിർവ്വഹണം കേന്ദ്രത്തിന് മാത്രമായി വിട്ടുനൽകണമെന്നും കേന്ദ്രം അഭിപ്രായപ്പെടുകയുണ്ടായി. ഇതിനെ കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ശക്തമായി എതിർക്കുകയും ഇതിന്റെ ഫലമായി ഒന്നര കോടി രൂപ വരെ വിറ്റുവരവുള്ള ഫയലുകൾ 9:1 എന്ന അനുപാതത്തിൽ സംസ്ഥാന കേന്ദ്ര സർക്കാരുകളും അതിനുമുകളിലുള്ളവ 1:1 എന്ന അനുപാതത്തിലും വീതം വയ്ക്കാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ സഹകരണ മേഖലയെ ചരക്ക് സേവന നികുതിയിൽ നിന്ന് പൂർണ്ണമായും ഒഴിവാക്കണമെന്ന് കേരളം ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ജി.എസ്.ടി. നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന വരുമാന നഷ്ടം കേന്ദ്രം നികത്തണമെന്ന് സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങളുടെ ഈ ആവശ്യം തത്വത്തിൽ അംഗീകരിക്കുകയും ജി.എസ്.ടി. നടപ്പിലാക്കിയതിന് ശേഷമുള്ള ആദ്യത്തെ അഞ്ച് വർഷത്തേയ്ക്ക് സംസ്ഥാനങ്ങൾക്ക് ഉണ്ടാകാവുന്ന വരുമാന നഷ്ടം കേന്ദ്രം നികത്തേണ്ടതാണെന്ന വ്യവസ്ഥ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(സി) ചരക്ക് സേവന നികുതി നടപ്പിലാക്കുന്നതിനുവേണ്ടി പാസ്സാക്കിയ 101-ാം ഭരണഘടനാ ഭേദഗതി നിയമപ്രകാരം ഇതിനുവേണ്ടിയുള്ള നിയമനിർമ്മാണം ചട്ടങ്ങൾ, നടപടിക്രമങ്ങൾ എന്നിവ ജി.എസ്.ടി. കൗൺസിലിന്റെ ശിപാർശ പ്രകാരം ആയിരിക്കും. ജി.എസ്.ടി. കൗൺസിലിൽ കേന്ദ്ര ധനകാര്യ മന്ത്രിയും സംസ്ഥാന-യൂണിയൻ ടെറിട്ടറീസ് ധനമന്ത്രിമാരും അംഗങ്ങളാണ്. കേന്ദ്ര ധനകാര്യ മന്ത്രിക്ക് 1/3 വോട്ടിംഗ് വെയിറ്റേജും ബാക്കിയുള്ളവർക്കെല്ലാം കൂടി 2/3 വോട്ടിംഗ് വെയിറ്റേജുമാണ് നിശ്ചയിച്ചിട്ടുള്ളത്. വോട്ടിംഗ് വേണ്ടിവന്നാൽ പാസ്സാക്കുന്നത് 3/4 വോട്ടിംഗ് വെയിറ്റേജിലാണ്.

(ഡി) ജി.എസ്.ടി. നടപ്പിലാക്കാൻ സംസ്ഥാനങ്ങൾ SGST നിയമവും കേന്ദ്രം CGST, IGST നിയമങ്ങളും പാസ്സാക്കേണ്ടതുണ്ട്. SGST കരട് നിയമം GST Council അംഗീകരിച്ചാലുടനെ സംസ്ഥാന നിയമം പാസ്സാക്കുന്നതാണ്. CGST, IGST നിയമം പാർലമെന്റും പാസ്സാക്കേണ്ടതുണ്ട്.

## ചരക്ക് സേവന നികുതി നടപ്പാക്കൽ

32 (434) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചരക്ക് സേവന നികുതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ചരക്കുസേവന നികുതി നടപ്പിലാക്കുന്നതുമൂലം സംസ്ഥാനത്തെ സമ്പദ്ഘടനയിൽ ഉണ്ടാകുന്ന വ്യത്യാസങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) 2017 ജൂലൈ 1 മുതൽ ചരക്ക് സേവന നികുതി (GST) നിലവിൽ വരണമെന്ന ഉദ്ദേശത്തോടുകൂടിയാണ് നടപടികൾ പുരോഗമിക്കുന്നത്. ഇതിനായി CGST, IGST and SGST നിയമങ്ങളുടെ കരട് തയ്യാറാക്കി കഴിഞ്ഞു. ഇതോടൊപ്പം പ്രസ്തുത നിയമം നടപ്പിലാക്കുന്നതിനാവശ്യമായ back-end IT

ചട്ടക്കൂട്ടുകളുടെ സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിനായി വിവര സാങ്കേതിക വിദഗ്ധരെ നിയമിക്കുകയും NIC-യുടെ സഹകരണത്തോടെ പ്രവർത്തനം പുരോഗമിച്ചുവരികയും ചെയ്യുന്നു.

ഇതിനുപുറമേ Model GST നിയമത്തെപ്പറ്റി വകുപ്പ് ജീവനക്കാർക്ക് പരിശീലനം നടത്തി വരുന്നു.

GST-യുടെ സാങ്കേതികവിദ്യയെപ്പറ്റിയുള്ള പരിശീലനത്തിന്റെ ഭാഗമായി വാണിജ്യ നികുതി വകുപ്പിൽനിന്നും 50 ഉദ്യോഗസ്ഥരെ Master Trainees ആയി ശിപാർശ ചെയ്യുകയും ഇവർക്ക് GSTN പരിശീലനവും നടത്തിവരുന്നു. ഇവർ വകുപ്പിലെ മറ്റ് ജീവനക്കാർക്ക് സാങ്കേതിക പരിശീലനം നൽകും.

(ബി) ചരക്കുസേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാനമായതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഇത് അനുകൂലമാണ്. ഇതിനുപുറമേ സേവനങ്ങൾക്കുമേലുള്ള നികുതിയും സംസ്ഥാനത്തിന് ലഭ്യമാകും. ബാങ്കിംഗ്, ധനകാര്യം, ടെലികോം ഇൻഷ്വറൻസ് തുടങ്ങിയ സേവനങ്ങളുടെ കേരളത്തിലെ ഉപഭോഗ നിരക്ക് നമ്മുടെ രാജ്യത്തെ ഉയർന്ന നിരക്കുകളിൽ ഒന്നാണ്. ഇതിലൂടെ സംസ്ഥാനത്തിന് നേട്ടമുണ്ടാകുമെന്നാണ് വിലയിരുത്തപ്പെടുന്നത്.

ജി.എസ്.ടി. നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന വരുമാനനഷ്ടം കേന്ദ്രം നികത്തണമെന്ന് സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങളുടെ ഈ ആവശ്യം തത്വത്തിൽ അംഗീകരിക്കുകയും ജി.എസ്.ടി. നടപ്പിലാക്കിയ ശേഷമുള്ള ആദ്യത്തെ അഞ്ച് വർഷത്തേയ്ക്ക് സംസ്ഥാനങ്ങൾക്ക് ഉണ്ടാകാവുന്ന വരുമാന നഷ്ടം നികത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതുകൊണ്ട് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ ജി.എസ്.ടി. പ്രതികൂലമായി ബാധിക്കുകയില്ലെന്നാണ് കരുതുന്നത്.

**കിഫ്ബി മുഖേന ഭരണാനുമതി നൽകിയിട്ടുള്ള പദ്ധതികൾ**

33 (435) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന ഭരണാനുമതി നൽകിയിട്ടുള്ള പദ്ധതികളുടെ വിശദ വിവരം നൽകാമോ;

(ബി) കോങ്ങാട് മണ്ഡലത്തിൽ ഏതെല്ലാം കിഫ്ബി പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ രണ്ടാം മാന്ദ്യ വിരുദ്ധ പാക്കേജിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളാണ് കിഫ്ബിയിലൂടെ നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നത്. 8-8-2016-തീയതിയിലെ സ.ഉ.(കൈ) നമ്പർ 315/16/ ധന. ഉത്തരവ് അനുസരിച്ച് കിഫ്ബിയിലേക്ക് പദ്ധതികൾ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ ഭരണാനുമതി ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 100 കോടി രൂപയ്ക്ക് മുകളിൽ വരുന്ന പദ്ധതികൾക്കായിരിക്കും KIIFB മുഖേന ധനസഹായം നൽകുന്നത്. 10 കോടി രൂപയിൽ കുറയാത്ത അടങ്കലുള്ള, സമാന സ്വഭാവമുള്ള പദ്ധതികൾ സംയോജിപ്പിച്ച് ആകെ 100 കോടി രൂപയ്ക്ക് മുകളിൽ മതിപ്പ് തുക വരുന്ന പദ്ധതികളാക്കിയും പരിഗണിക്കുന്നതാണ്. ഇത്തരം പദ്ധതികൾ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി 8-8-2016-ലെ സ.ഉ.(കൈ.) നമ്പർ 315/16/ധന ഉത്തരവ് പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശങ്ങളനുസരിച്ച് ബന്ധപ്പെട്ട ഭരണവകുപ്പ് അതാത് പദ്ധതികൾക്ക് ഭരണാനുമതി നൽകേണ്ടതും വിശദമായ പദ്ധതി റിപ്പോർട്ട് ഉൾപ്പെടെ കിഫ്ബിക്ക് സമർപ്പിക്കേണ്ടതുമാണ്. ബന്ധപ്പെട്ട ഭരണവകുപ്പ് ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളതും കിഫ് ബോർഡ് അംഗീകരിച്ചിട്ടുള്ളതുമായ പദ്ധതികളുടെ പട്ടിക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.* 8-8-2016 തീയതിയിലെ സ.ഉ.(കൈ) നമ്പർ 315/16/ധന ഉത്തരവ് പ്രകാരം യോഗ്യമായ പദ്ധതികൾക്ക് 7-11-2016-ൽ കിഫ് ബോർഡിന്റെ 27-ാമത് യോഗം ഒന്നാംഘട്ടമായി അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാന സർക്കാരിന്റെ 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികളെയാണ് കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇതൊരു പ്രത്യേക നിയോജക മണ്ഡലത്തെയോ ജില്ലയെയോ മാത്രം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളല്ല. സംസ്ഥാനത്തിന്റെ സമഗ്രമായ അടിസ്ഥാന സൗകര്യവികസനമാണ് ഈ പാക്കേജിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. പൊതുമരാമത്ത്, ജലവിഭവം, ഐ.ടി., ആരോഗ്യം, ഊർജ്ജം തുടങ്ങിയ വകുപ്പുകളുടെ വിശദമായ പദ്ധതി നിർദ്ദേശങ്ങൾ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ബോർഡ് അംഗീകരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ടി പട്ടികയിൽ ലഭ്യമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കിഫ്ബി പദ്ധതി

34 (436) ശ്രീ. കെ. സി. ജോസഫ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. ഹൈബി ഈഡൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽപ്പെടുത്തി ഭരണാനുമതി നൽകിയ പദ്ധതികൾ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(ബി) കിഫ്ബിയിൽ ഇതിനോടകം എത്ര കോടി രൂപ സമാഹരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) നബാർഡിൽ നിന്നും കിഫ്ബിക്ക് എന്തെങ്കിലും സഹായമോ സഹായ വാഗ്ദാനമോ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലെ രണ്ടാം മാന്ദ്യ വിരുദ്ധ പാക്കേജിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളാണ് കിഫ്ബിയിലൂടെ നടപ്പിലാക്കി വരുന്നത്. 8-8-2016-ലെ സ.ഉ.(കൈ) നമ്പർ 315/16/ധന പ്രകാരം കിഫ്ബിയിലേക്ക് പദ്ധതികൾ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ മാനദണ്ഡങ്ങൾ പൂർത്തീകരിച്ച് ഭരണ വകുപ്പ് ലഭ്യമാക്കിയിട്ടുള്ള പദ്ധതികൾക്ക് 27-11-2016-ൽ കൂടിയ കിഫ് ബോർഡിന്റെ 27-ാമത് യോഗം അംഗീകാരം നൽകിയിട്ടുണ്ട്. വിശദവിവരം ഇതോടൊപ്പം ഉള്ളടക്കം *ചെയ്യുന്നു.

(ബി) 2015-16 വർഷത്തെ ബഡ്ജറ്റിൽ വൻകിട വികസന പദ്ധതികളുടെ നടപ്പിലാക്കലിനായി 5475-00-800-92(പ്ലാൻ) ശീർഷകത്തിൽ ഉൾപ്പെടുത്തിയിരുന്ന 2000 കോടി രൂപയിൽ അവശേഷിച്ച 873.85 കോടി രൂപ, പുനഃസംഘടി-പ്പിക്കപ്പെട്ട കിഫ്ബി വഴിയുള്ള പ്രവർത്തന സാക്ഷാത്കാരത്തിന്റെ ആദ്യ നടപടി എന്ന നിലയിൽ കിഫ്ബിക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ മേൽസൂചിപ്പിച്ച ഭേദഗതി ചെയ്ത കിഫ് ആക്ടിലെ ഖണ്ഡിക 7 പ്രകാരം മുൻ വർഷത്തെ മോട്ടോർ വാഹന നികുതിയുടെ 10 ശതമാനമായ 281.4 കോടിയിൽ 28.14 കോടി രൂപയും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പെട്രോളിയം ഉൽപ്പന്നങ്ങളിന്മേലുള്ള മുഴുവൻ സെസ് തുകയായ 448.1 കോടി രൂപയും ഉൾപ്പെടെ ആകെ 1350.09 കോടി രൂപ കിഫ്ബിയുടെ അക്കൗണ്ടിൽ ലഭ്യമായിട്ടുണ്ട്. ഇതിനുപുറമേ മോട്ടോർ വാഹന നികുതിയുടെ 10 ശതമാനത്തിൽ ശേഷിച്ച തുകയായ 253.29 കോടി രൂപ കൂടി കിഫ്ബിക്ക് അനുവദിച്ചു. ഇതിനുപുറമേ ജനറൽ ഒബ്ലിഗേഷൻ ബോണ്ട്സ്, റവന്യൂ ഒബ്ലിഗേഷൻ ബോണ്ട്സ്, വാണിജ്യ/ സഹകരണ ബാങ്കുകളിൽ നിന്ന് ടേം ലോൺ എന്നിവ വഴി ധനസമാഹരണത്തിനുള്ള ശ്രമങ്ങളും കിഫ്ബിയുടെ പരിഗണനയിലാണ്.

(സി) കിഫ് ബോർഡിന്റെ യോഗ തീരുമാനമനുസരിച്ച് നബാർഡിൽനിന്നും കണക്ടിവിറ്റി ആന്റ് അഗ്രികൾച്ചറുമായി ബന്ധപ്പെട്ട പദ്ധതികൾക്കായി നാലായിരം കോടി രൂപ ധനസഹായം കിഫ്ബിക്ക് വാഗ്ദാനം ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 27-ാമത് ബോർഡ് അംഗീകരിച്ച പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന പദ്ധതികളുടെ പട്ടിക നബാർഡിന് സമർപ്പിച്ചിട്ടുണ്ട്. ആയത് നബാർഡിന്റെ പരിഗണനയിലാണ്.

**നിയോജകമണ്ഡലം ആസ്തി വികസന ഫണ്ട്**

35 (437) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടിൽ പ്രവൃത്തി ടെണ്ടർ ചെയ്യുമ്പോൾ ലഭ്യമാകുന്ന ടെണ്ടർ സേവിംഗ്സ് തുക ഉപയോഗിച്ച് അഡീഷണൽ പ്രവൃത്തി നിർദ്ദേശിക്കുന്നതിന് അനുമതി നൽകുന്ന വിഷയം പരിഗണിക്കാമോ ;

(ബി) ഇത് സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ ?

<u>ഉത്തരം</u>

(എ & ബി) ടെണ്ടർ സേവിംഗ്സും ടെണ്ടർ എക്സസും ടെണ്ടർ പ്രക്രിയയിലെ സാധാരണ പ്രതിഭാസമായതിനാൽ, ഓരോ നിയോജകമണ്ഡലത്തിലെയും ടെണ്ടർ സേവിംഗ്സും ടെണ്ടർ എക്സസും മണ്ഡലാടിസ്ഥാനത്തിൽ കണക്കാക്കി ആസ്തി വികസന ഫണ്ടിന്റെ വാർഷിക വകയിരുത്തലിൽ വീണ്ടും അനുവദിക്കുന്നത്/കുറവ് ചെയ്യുന്നത് തികച്ചും അപ്രായോഗികമാണ്. 4-12-2013-ലെ സർക്കുലർ നമ്പർ 97/2013/ ധന. പ്രകാരം ആസ്തി വികസന പദ്ധതിയിൻ കീഴിലെ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഏറ്റവും പുതിയ SoRs/CPWD റേറ്റ് പ്രകാരം ആയിരിക്കണമെന്ന്

നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ ടെണ്ടർ സേവിംഗ്സും ടെണ്ടർ എക്സസും മണ്ഡലാടിസ്ഥാനത്തിൽ പ്രതിവർഷം വകയിരുത്തിയിട്ടുള്ള ആസ്തി വികസന ഫണ്ടിന്റെ ആകെ തുകയെ ബാധിക്കില്ല. സർക്കുലറിന്റെ പകർപ്പ് ഉള്ളടക്കം *ചെയ്യുന്നു.

**നോട്ട് നിരോധനം**

36 (438) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ടുനിരോധനം സംസ്ഥാനത്തിന്റെ സാമ്പത്തിക വ്യവസ്ഥയെ ഏതെല്ലാം രീതിയിലാണ് ബാധിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ ;

(ബി) പ്രസ്തുത പ്രതിസന്ധി മറികടക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സംസ്ഥാനം സ്വീകരിച്ചിട്ടുള്ളത്; ഇതിന്റെ ഫലം കണ്ടു തുടങ്ങിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിൽ പ്രധാന പങ്ക് വഹിക്കുന്ന പരമ്പരാഗത മേഖലകളായ മത്സ്യബന്ധനം, കയർ, കൈത്തറി, കശുവണ്ടി, കൃഷി, തോട്ടങ്ങൾ തുടങ്ങിയ പല മേഖലകളിലും പൂർണ്ണമായും കറൻസി വിനിമയം നിലനിൽക്കുന്നതിനാൽ ഇവയിൽ നിന്നുള്ള വരുമാനത്തെ ആശ്രയിച്ച് കഴിയുന്ന ലക്ഷക്കണക്കിനാളുകളെ നോട്ട് നിരോധനം സാരമായി ബാധിച്ചു. നോട്ട് ലഭ്യത കൂടുതൽ ആവശ്യമായ മേഖലകളായ ചെറുകിട വ്യാപാരം, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ഗതാഗതം എന്നിവ കേരള സമ്പദ് ഘടനയുടെ നാൽപ്പത് ശതമാനത്തിന് മുകളിൽ വരുമാനം പ്രദാനം ചെയ്യുന്നവയാണ്. പ്രാഥമിക മേഖലയാവട്ടെ പതിനാറ് ശതമാനവും അങ്ങനെ അമ്പത്തിയാറ് ശതമാനം വരുമാനം സംഭാവന ചെയ്യുന്ന സംസ്ഥാനത്തിന്റെ സാമ്പത്തികമേഖല നോട്ട് പിൻവലിക്കലിന്റെ ആഘാതം നേരിടുകയാണ്. കഴിഞ്ഞ കുറച്ച് വർഷങ്ങളായി മാന്ദ്യം നേരിടുകയായിരുന്ന കാർഷിക മേഖല ഈ നയം മാറ്റത്തിന്റെ നേരിട്ടുള്ള ആഘാതമേറ്റുകൊണ്ടിരിക്കുകയാണ്. നിർമ്മാണ-ഗതാഗത-സംഭരണ മേഖലകളുടെ തിരിച്ചുവരവ് ഇനിയും താമസിച്ചേക്കാം. ഉയർന്ന വളർച്ച പ്രകടമാക്കിയ വ്യാപാര-ഹോട്ടൽ മേഖലകളും നോട്ട് പിൻവലിക്കലിന്റെ ആഘാതത്തിലാണ്. നവംബർ എട്ടിന് ശേഷം റിസർവ് ബാങ്ക് പുറത്തിറക്കിയ അറിയിപ്പുകൾ, പ്രത്യേകിച്ചും നവംബർ പതിനാലിലെ സഹകരണ ബാങ്കുകളെയും സംഘങ്ങളെയും നോട്ട് കൈമാറ്റ പ്രക്രിയയിൽ നിന്ന് വിലക്കിക്കൊണ്ടുള്ള ഉത്തരവ്, കേരളത്തെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വളരെയധികം പ്രതികൂലമായി ബാധിച്ചു. നോട്ടുകൾ മാറ്റി നല്കാനുള്ള അവകാശം പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നൽകാത്തതിനാൽ അവയുടെ പ്രവർത്തനത്തെയും തദ്വാരാ സംസ്ഥാനത്തിലെ മൊത്തം ധനകാര്യ ഇടപെടലുകളെയും അവതാളത്തിലാക്കി. കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സ്ഥിതി ദുർബ്ബലപ്പെടുന്നത് സംസ്ഥാനങ്ങൾക്കുള്ള ഗ്രാന്റുകളെ ബാധിക്കും. ഇതിനുപുറമേ, ആസന്നമായ സാമ്പത്തിക വളർച്ചയിലുണ്ടാകുന്ന ഇടിവ് കേന്ദ്ര സർക്കാരിന്റെ നികുതി വരുമാനത്തെ പ്രതികൂലമായി സ്വാധീനിക്കും. തന്മൂലം ഇത് സംസ്ഥാനത്തിലേക്കുള്ള നികുതി കൈമാറ്റം കുറയുന്നതിനുള്ള സാഹചര്യത്തിനിടയാക്കും. നോട്ട് റദ്ദാക്കലിന് ശേഷമുള്ള, സാമ്പത്തിക പ്രവർത്തനത്തിലുണ്ടായ മന്ദത, സ്റ്റാമ്പ് നികുതി സമാഹരണത്തിൽ വന്ന കുറവ്, റിയൽ എസ്റ്റേറ്റ് മേഖലയിലുണ്ടായ തളർച്ച, മോട്ടോർ വാഹന നികുതി വരുമാനത്തിൽ വന്ന കുറവ് എന്നിവ കാരണം തനത് നികുതി വരുമാനത്തിൽ പ്രതീക്ഷിച്ചിരുന്ന പത്തൊമ്പത് ശതമാനം വളർച്ച കൈവരിക്കാനുള്ള സാധ്യത കുറവാണ്. ചുരുക്കത്തിൽ നോട്ട് റദ്ദാക്കൽ കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയെ രൂക്ഷമായി ബാധിക്കുന്നുണ്ട്. ഇതിനെല്ലാം പുറമെ നോട്ട് റദ്ദാക്കലിന് ശേഷം ദൈനംദിന ആവശ്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് വേണ്ടുന്ന കറൻസിയുടെ ലഭ്യതക്കുറവും വലിയ വെല്ലുവിളി ഉയർത്തി. നോട്ട് അസാധുവാക്കൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ ഉണ്ടാക്കിയ ഇടിവ് എത്രത്തോളമുണ്ടെന്ന് കൃത്യമായി തിട്ടപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായ 31-12-2016 വരെയുള്ള താൽക്കാലിക കണക്കുകൾ പ്രകാരം 2016 നവംബറിൽ സംസ്ഥാന എക്സൈസ് നികുതി വളർച്ച മുൻവർഷത്തെ അപേക്ഷിച്ച് 3.15% കുറവ് രേഖപ്പെടുത്തിയപ്പോൾ ഡിസംബറിൽ രജിസ്ട്രേഷൻ നികുതിയിൽ 34.63%-ന്റെ ഇടിവുണ്ടായി. 2016 ഒക്ടോബറിൽ 19.8% വളർച്ച രേഖപ്പെടുത്തിയ സംസ്ഥാനത്തിന്റെ തനത് നികുതിവരുമാനം ഡിസംബറിൽ കുറിച്ചത് (17.45% താഴ്ന്ന്) 2.35% വളർച്ച മാത്രമാണ്. 2016 ഒക്ടോബറിനെ അപേക്ഷിച്ച് നവംബറിൽ രജിസ്ട്രേഷൻ നികുതിയിൽ 30.26%-ന്റെയും ഡിസംബറിൽ വിൽപ്പന നികുതിയിൽ 17.43%-ന്റെയും രജിസ്ട്രേഷൻ നികുതിയിൽ 26.40%-ന്റെയും വാഹന നികുതിയിൽ 11.44%-ന്റെയും ആകെ തനത് വരുമാനത്തിൽ 16.33%-ന്റെയും കുറവുണ്ടായിട്ടുണ്ട്.

(ബി) നോട്ട് അസാധുവാക്കൽ സംസ്ഥാനത്തിന്റെ സമസ്ത മേഖലകളെയും നിശ്ചലാവസ്ഥയിലാക്കുകയും സമ്പദ് വ്യവസ്ഥയെ മാന്ദ്യത്തിലേക്ക് തള്ളിയിടുകയും ചെയ്തിട്ടുള്ളതാണ്. പ്രസ്തുത മാന്ദ്യം തരണം ചെയ്യുന്നതിന് സർക്കാർ പദ്ധതികളിലൂടെയുള്ള ചെലവഴിക്കൽ വർദ്ധിപ്പിക്കുകയെന്നത് അത്യന്താപേക്ഷിതമായി കാണുന്നു. എന്നാൽ നോട്ട് അസാധുവാക്കൽ നികുതി വരുമാനത്തിലുണ്ടാക്കിയ വൻ ഇടിവ്

മേൽദിശയിലുള്ള പ്രവർത്തനത്തിന്റെ വ്യാപ്തിയെ സാരമായി ബാധിച്ചിട്ടുണ്ട്. പക്ഷെ ഈ പരിമിതമായ സാഹചര്യത്തിലും പരമാവധി പൊതുപണം സമ്പദ്ഘടനയിലേക്ക് ഒഴുക്കുന്നതിന് ആത്മാർത്ഥവും ഊർജ്ജിതവുമായ പരിശ്രമം സർക്കാർ നടത്തിയിരുന്നു. എന്നാൽ റിസർവ് ബാങ്കിന്റെ നിയന്ത്രണങ്ങൾമൂലം ട്രഷറിയിലെ ക്രയവിക്രയം ഒരു പരിധിവരെ തടസ്സപ്പെട്ടിരുന്നു. ട്രഷറി ഇടപാടുകൾക്ക് ഏർപ്പെടുത്തിയ നിയന്ത്രണംമൂലം സംസ്ഥാനത്തിന്റെ പദ്ധതിപ്രവർത്തനങ്ങളുടെ വേഗത മന്ദീഭവിക്കുകയും സംസ്ഥാനത്തിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങളെ മൊത്തത്തിൽ പിന്നോട്ടടിക്കുകയും ചെയ്തിട്ടുണ്ട്. എന്നിരുന്നാലും നിലവിലെ പ്രതിസന്ധി മറികടക്കുന്നതിന് ഹ്രസ്വകാല, ദീർഘകാല അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണ് സർക്കാർ കൈക്കൊണ്ടുവരുന്നത്.

### ഹ്രസ്വകാല അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ

1. നോട്ട് അസാധുവാക്കലിനോടനുബന്ധിച്ച് ട്രഷറി ഇടപാടുകൾക്കുണ്ടായിരുന്ന പ്രതിബന്ധങ്ങൾ പരിഹരിക്കുന്നതിന്, റിസർവ് ബാങ്ക് പുറപ്പെടുവിച്ച ഉത്തരവുകൾക്ക് വിധേയമായി, അടിയന്തര നടപടികൾ സ്വീകരിച്ചിരുന്നു. നോട്ട് പിൻവലിച്ചതിന്റെ ഫലമായുണ്ടാകുന്ന കറൻസി ക്ഷാമം ലഘൂകരിക്കാൻ ഇതുമൂലം സാധിച്ചു.

2. നോട്ട് റദ്ദാക്കലിന്റെ ദുരിതം ലഘൂകരിക്കുന്നതിനായി പ്ലാന്റേഷൻ തൊഴിലാളികളുടെ കൂലി ട്രഷറി സേവിംഗ്സ് ബാങ്കിലൂടെ നൽകുന്നതിനായി ജില്ലാ കളക്ടർമാർക്ക് പലിശ രഹിത പ്രത്യേക റ്റി. എസ്.ബി. അക്കൗണ്ട് തുറന്നുകൊണ്ട് പ്ലാന്റേഷൻ തൊഴിലാളികളുടെ കൂലി നൽകുന്നതിന് നിർദ്ദേശം നൽകി.

3. പ്രാഥമിക സഹകരണ സംഘങ്ങളിൽ അക്കൗണ്ടുള്ളവർക്ക് പണം പിൻവലിക്കാൻ കഴിയാതെ വന്നതിന് താൽക്കാലിക പരിഹാരമുണ്ടാക്കാനായി എല്ലാ പ്രാഥമിക സഹകരണ സംഘം അംഗങ്ങൾക്കും ഓരോ മിറർ അക്കൗണ്ട് ബന്ധപ്പെട്ട ജില്ലാ സഹകരണ ബാങ്കിൽ തുറക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കി.

4. സർക്കാരിന്റെ നയപരമായ നടപടികളിലൂടെ ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനോടൊപ്പം, സർക്കാർ സ്വതന്ത്രമായ ഇടപെടലിലൂടെ കറൻസി രഹിത ധനവ്യവഹാരങ്ങൾ വാണിജ്യ ബാങ്കുകളിലും സഹകരണ ബാങ്കുകളിലും വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തി.

**ദീർഘകാല അടിസ്ഥാനത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ**

1. കറൻസി പിൻവലിക്കൽ ബഡ്ജറ്റിന്മേൽ സൃഷ്ടിച്ച പ്രത്യാഘാതങ്ങൾ പരിഹരിക്കുന്ന തരത്തിൽ പദ്ധതി ചെലവുകൾ നിശ്ചിത ലക്ഷ്യത്തിൽ നിലനിർത്താനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

2. നോട്ട് നിരോധനത്തിന്റെ ഫലമായുള്ള സാമ്പത്തിക മാന്ദ്യം മറികടക്കുന്നതിനായി സംസ്ഥാനത്തിന്റെ പശ്ചാത്തല വികസന മേഖലയിൽ സ്തംഭനാവസ്ഥയിലായിരുന്ന പല പ്രമുഖ പദ്ധതികളും അതിവേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ബോർഡിന്റെ (കെ.ഐ.ഐ.എഫ്.ബി.) നാലായിരത്തിലധികം കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകി.

3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കിവരുന്നു.

4. സംസ്ഥാന ട്രഷറിയിൽ ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (ഐ.എഫ്.എം.എസ്.) നടപ്പിലാക്കി. അടുത്ത സാമ്പത്തിക വർഷം മുതൽ ഇത് പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകും. ട്രഷറി സേവിംഗ്സ് ബാങ്കിംഗിനായുള്ള കോർബാങ്കിംഗ് സിസ്റ്റം എല്ലാ ട്രഷറികളിലും പൂർത്തിയാക്കി.

5. നിലവിലെ തൊഴിൽക്ഷാമം പരിഹരിക്കുവാൻ പ്രതിവർഷം നേരിട്ടും അല്ലാതെയുമുള്ള ആയിരത്തിന് മേൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ഏറ്റവും കുറഞ്ഞത് ആയിരം സൂക്ഷ്മ വ്യവസായ സംരംഭങ്ങൾ വർഷംതോറും കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ മുഖേന ആരംഭിക്കുന്നതിന് ഒരു സമഗ്ര പദ്ധതി ആലോചനയിലാണ്.

6. കോർ-ബാങ്കിംഗ് നെറ്റ് വർക്ക് ഉൾപ്പെടെയുള്ള എല്ലാ ആധുനിക ബാങ്കിംഗ് സൗകര്യങ്ങളോടുംകൂടി വരുംവർഷം കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള ശ്രമത്തിലാണ്. സഹകരണ മേഖലയിൽ ഡിജിറ്റൽ ഇടപാടുകൾ പ്രോത്സാഹിപ്പിക്കും. സഹകരണ മേഖലയിൽ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നത് തുടരുകയും നിക്ഷേപങ്ങൾക്ക് ഗ്യാരന്റി ലഭ്യമാക്കുന്നത് പരിഗണിക്കുന്നതുമാണ്.

നോട്ട് റദ്ദാക്കിയതുമൂലമുള്ള അടിയന്തര സാഹചര്യങ്ങൾ നേരിടുന്നതിന് ഹ്രസ്വകാല നടപടികൾകൊണ്ട് സാധിച്ചിട്ടുണ്ട്. ദീർഘകാല നടപടികളുടെ ഗുണഫലം വരുംദിനങ്ങളിൽ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**നോട്ട് നിരോധനം**

37 (439) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ട് നിരോധനംമൂലം സംസ്ഥാനത്ത് വ്യാപാരമേഖലയിൽ ഉണ്ടായ പ്രതിസന്ധി നിമിത്തം റവന്യൂ വരുമാനത്തിൽ എത്ര കോടി രൂപയുടെ കുറവുണ്ടായി എന്നാണ് കണക്കാക്കുന്നത്;

(ബി) റവന്യൂ വരുമാനത്തിൽ അപ്രതീക്ഷിതമായി ഉണ്ടായ കുറവ് നികത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) റവന്യൂ വരുമാനത്തിൽ ഉണ്ടായ കുറവ് നികത്തുന്നതിന് കേന്ദ്ര ഗവൺമെന്റിൽ നിന്നും അധിക സാമ്പത്തിക സഹായം ലഭിച്ചിരുന്നുവോ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) നോട്ട് അസാധുവാക്കൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ ഉണ്ടാക്കിയ ഇടിവ് എത്രത്തോളമുണ്ടെന്ന് കൃത്യമായി തിട്ടപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായ 31-12-2016 വരെയുള്ള താൽക്കാലിക കണക്കുകൾ പ്രകാരം 2016 നവംബറിൽ സംസ്ഥാന എക്സൈസ് നികുതി വളർച്ച മുൻവർഷത്തെ അപേക്ഷിച്ച് 3.15% കുറവ് രേഖപ്പെടുത്തിയപ്പോൾ ഡിസംബറിൽ രജിസ്ട്രേഷൻ നികുതിയിൽ 34.63%-ന്റെ ഇടിവുണ്ടായി. 2016 ഒക്ടോബറിൽ 19.8% വളർച്ച രേഖപ്പെടുത്തിയ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം ഡിസംബറിൽ കുറിച്ചത് (17.45% താഴ്ന്ന്) 2.35% വളർച്ച മാത്രമാണ്. 2016 ഒക്ടോബറിനെ അപേക്ഷിച്ച് നവംബറിൽ രജിസ്ട്രേഷൻ നികുതിയിൽ 30.26%-ന്റെയും ഡിസംബറിൽ വിൽപ്പന നികുതിയിൽ 17.43%-ന്റെയും രജിസ്ട്രേഷൻ നികുതിയിൽ 26.40%-ന്റെയും വാഹന നികുതിയിൽ 11.44%-ന്റെയും ആകെ തനത് വരുമാനത്തിൽ 16.33%-ന്റെയും കുറവ് ഉണ്ടായിട്ടുണ്ട്.

നോട്ട് അസാധുവാക്കലിന്റെ ഫലമായി കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സ്ഥിതി ദുർബ്ബലപ്പെടുന്നത് സംസ്ഥാനങ്ങൾക്കുള്ള ഗ്രാന്റുകളെ ബാധിക്കും. ഇതിനുപുറമെ, ആസന്നമായ സാമ്പത്തിക വളർച്ചയിലുണ്ടാകുന്ന ഇടിവ് കേന്ദ്ര സർക്കാരിന്റെ നികുതി വരുമാനത്തെ പ്രതികൂലമായി സ്വാധീനിക്കും. തന്മൂലം ഇത്

സംസ്ഥാനത്തിലേയ്ക്കുള്ള നികുതി കൈമാറ്റം കുറയുന്നതിനുള്ള സാഹചര്യത്തിനിടയാക്കും. നോട്ട് റദ്ദാക്കലിന് ശേഷമുള്ള, സാമ്പത്തിക പ്രവർത്തനത്തിലുണ്ടായ മന്ദത, സ്റ്റാമ്പ് നികുതി സമാഹരണത്തിൽ വന്ന കുറവ്, റിയൽ എസ്റ്റേറ്റ് മേഖലയിലുണ്ടായ തളർച്ച, മോട്ടോർ വാഹന നികുതി വരുമാനത്തിൽ വന്ന കുറവ് എന്നിവ കാരണം തനത് നികുതി വരുമാനത്തിൽ പ്രതീക്ഷിച്ചിരുന്ന പത്തൊമ്പത് ശതമാനം വളർച്ച കൈവരിക്കാനുള്ള സാധ്യത കുറവാണ്.

അതേസമയം, സംസ്ഥാനത്തിന്റെ നികുതിയേതര വരുമാനത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് 2016 നവംബറിൽ 23.33%-ന്റെയും ഡിസംബറിൽ 16.67%-ന്റെയും കുറവ് സംഭവിച്ചിട്ടുണ്ട്. 2016 ഒക്ടോബറിൽ 17.43% വളർന്ന നികുതിയേതര വരുമാനം നവംബറിൽ മുൻ മാസത്തെ അപേക്ഷിച്ച് 46.95%-വും ഡിസംബറിൽ 59.16%-വും ഇടിവ് രേഖപ്പെടുത്തുകയുണ്ടായി. നിലവിലെ പ്രതിസന്ധി മറികടക്കുന്നതിന് ഹ്രസ്വകാല, ദീർഘകാല അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണ് സർക്കാർ കൈക്കൊണ്ടുവരുന്നത്.

**ഹ്രസ്വകാല അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ**

1. നോട്ട് അസാധുവാക്കലിനോടനുബന്ധിച്ച് ട്രഷറി ഇടപാടുകൾക്കുണ്ടായിരുന്ന പ്രതിബന്ധങ്ങൾ പരിഹരിക്കുന്നതിന്, റിസർവ് ബാങ്ക് പുറപ്പെടുവിച്ച ഉത്തരവുകൾക്ക് വിധേയമായി, അടിയന്തിര നടപടികൾ സ്വീകരിച്ചിരുന്നു. നോട്ട് പിൻവലിച്ചതിന്റെ ഫലമായുണ്ടായ കറൻസി ക്ഷാമം ലഘൂകരിക്കാൻ ഇതുമൂലം സാധിച്ചു.

2. സർക്കാരിന്റെ നയപരമായ നടപടികളിലൂടെ ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനോടൊപ്പം, സർക്കാർ സ്വതന്ത്രമായ ഇടപെടലിലൂടെ കറൻസി രഹിത ധന വ്യവഹാരങ്ങൾ വാണിജ്യ ബാങ്കുകളിലും സഹകരണ ബാങ്കുകളിലും വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തി.

**ദീർഘകാല അടിസ്ഥാനത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ**

1. സംസ്ഥാനത്തിന്റെ തനത് നികുതികൾ ഇ-പേയ്മെന്റ് സംവിധാനം മുഖേന സ്വീകരിക്കുന്നതിനുള്ള നടപടികൾ അടിയന്തിര പ്രാധാന്യത്തോടെ ഏർപ്പെടുത്തിവരുന്നു.

2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കിവരുന്നു.

3. സംസ്ഥാന ട്രഷറിയിൽ ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (ഐ.എഫ്.എം.എസ്.) നടപ്പിലാക്കി. അടുത്ത സാമ്പത്തിക വർഷം മുതൽ ഇത് പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകും. ട്രഷറി സേവിംഗ്സ് ബാങ്കിംഗിനായുള്ള കോർബാങ്കിംഗ് സിസ്റ്റം എല്ലാ ട്രഷറികളിലും പൂർത്തിയാക്കി.

(സി & ഡി) നോട്ട് നിരോധനം സംസ്ഥാനത്തിന്റെ സമസ്ത മേഖലകളിലും കനത്ത ആഘാതമാണ് ഏൽപ്പിച്ചിരിക്കുന്നത്. തൻനിമിത്തം ഓരോ മേഖലയിലും ഉണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടം സംബന്ധിച്ച അന്തിമ കണക്കുകൾ ലഭ്യമാകുന്ന മുറയ്ക്ക് കേന്ദ്ര സർക്കാരിൽനിന്നും നഷ്ടപരിഹാരം ആവശ്യപ്പെടുന്ന കാര്യം സർക്കാർ ആലോചിക്കുന്നതാണ്.

**നോട്ട് നിരോധനം**

38 (440) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നോട്ടു നിരോധനം നിലവിൽ വന്നതിനുശേഷം സംസ്ഥാനത്ത് നികുതി വരുമാനത്തിൽ വന്നിട്ടുള്ള കുറവിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

നോട്ടുനിരോധനം നിലവിൽ വന്നതിന് ശേഷം സംസ്ഥാനത്ത് നികുതി വരുമാനത്തിൽ വന്നിട്ടുള്ള കുറവിന്റെ വകുപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

**വാണിജ്യ നികുതി**

2016-17 സാമ്പത്തിക വർഷത്തിൽ വാണിജ്യ നികുതിയിൽ 19% വർദ്ധനവ് ലഭിക്കുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ നോട്ട് നിരോധനം വന്നതിനു ശേഷം 2016 ഡിസംബർ മാസത്തിൽ 2% കുറവും 2017 ജനുവരി മാസത്തിൽ 19% വർദ്ധനവും ഉണ്ടായിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| മാസം | 2015-16 വർഷം ലഭിച്ചത് (തുക കോടി രൂപയിൽ) | 2016-17 വർഷം ലഭിച്ചത് (തുക കോടി രൂപയിൽ | വളർച്ചാനിരക്ക് ശതമാനത്തിൽ |
|---|---|---|---|
| ഡിസംബർ | 2578.76 | 2535.27 | -2 |
| ജനുവരി | 2482.91 | 2944.11 | +19 |
| ആകെ | 5061.67 | 5479.38 | +8 |

## ലാന്റ് റവന്യൂ വകുപ്പ്

നോട്ടുനിരോധനം നിലവിൽ വന്നതിനുശേഷം ഡിസംബർ, ജനുവരി മാസങ്ങളിൽ ലാന്റ് റവന്യൂ ഇനങ്ങളിൽ മുൻ വർഷത്തെ അപേക്ഷിച്ച് കുറവ് സംഭവിച്ചിട്ടുണ്ട്. ലാന്റ് റവന്യൂ, റവന്യൂ റിക്കവറി ഇനങ്ങളിൽ പ്രസ്തുത കാലയളവിൽ മുൻവർഷത്തേതുമായി താരതമ്യം ചെയ്യുമ്പോൾ വന്ന വ്യതിയാനം ചുവടെ ചേർക്കുന്നു:

(തുക കോടി രൂപയിൽ)

| മാസം | ലാന്റ് റവന്യൂ | | റവന്യൂ റിക്കവറി | |
|---|---|---|---|---|
| | 2015-16 | 2016-17 | 2015-16 | 2016-17 |
| നവംബർ | 20.6 | 25.82 | 48.51 | 48.93 |
| ഡിസംബർ | 23.78 | 21.47 | 65.2 | 51.16 |
| ജനുവരി | 25.41 | 25.37 | 63.16 | 57.81 |

## എക്സൈസ്

നോട്ടുനിരോധനം നിലവിൽ വന്നതിനുശേഷം 2016 നവംബർ മുതൽ 2017 ജനുവരി 31 വരെ പ്രതീക്ഷിച്ച നികുതി വരുമാനം 541.22 കോടി രൂപയും ഈ കാലയളവിൽ നികുതി വരുമാനയിനത്തിൽ ലഭിച്ച തുക 439.65 കോടി രൂപയുമാണ്. ടി കാലയളവിൽ നികുതി വരുമാനത്തിൽ 101.57 കോടി രൂപയുടെ കുറവുണ്ടായി.

## രജിസ്ട്രേഷൻ

നോട്ട് നിരോധനം നിലവിൽ വന്നതിനുശേഷം രജിസ്ട്രേഷൻ വകുപ്പിൽ 2016 നവംബർ മുതൽ 2017 ജനുവരി മാസം വരെ നികുതി വരുമാനത്തിൽ 839.4055 കോടി രൂപ ലക്ഷ്യമിട്ടതിൽ 527.6 കോടി രൂപയുടെ നികുതി വരുമാനം ലഭിച്ചു. ലക്ഷ്യമിട്ട വരുമാനത്തിൽ നിന്നും 311.8055 കോടി രൂപയുടെ കുറവുണ്ട് .

## ട്രാൻസ്പോർട്ട്

മോട്ടോർ വാഹന വകുപ്പിൽ നോട്ട് നിരോധനം വന്നതിനുശേഷം ഡിസംബർ മാസത്തെ വാഹന രജിസ്ട്രേഷനിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 10.5% കുറവുണ്ട്.

ഡിസംബർ 2015 - 61653 വാഹനങ്ങൾ

ഡിസംബർ 2016 - 55152 വാഹനങ്ങൾ

ജനുവരി 2017-ലെ വാഹന രജിസ്ട്രേഷനിലും മുൻവർഷത്തെ അപേക്ഷിച്ച് 8.75% കുറവുണ്ടായിട്ടുണ്ട്.

ജനുവരി 2016 - 80427 വാഹനങ്ങൾ

ജനുവരി 2017 - 73435 വാഹനങ്ങൾ

തന്മൂലം വകുപ്പിന്റെ രജിസ്ട്രേഷൻ മുഖേനയുള്ള വരുമാനത്തിൽ കുറവ് വന്നിട്ടുണ്ട്. ഡിസംബർ 2016-ൽ പ്രതീക്ഷിത വരുമാനത്തിൽ 11.59% കുറവും ജനുവരി 2017-ൽ 1.6% കുറവും വന്നിട്ടുണ്ട്.

**നോട്ട് നിരോധനംമൂലം വരുമാന നഷ്ടം**

39 (441) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ട് നിരോധനംമൂലം സംസ്ഥാനത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത് പദ്ധതി നടത്തിപ്പിനെ ബാധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്തിന് നികുതി ഇനത്തിൽ ലഭിക്കേണ്ട തുക മുഴുവൻ പിരിച്ചെടുക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) നോട്ട് അസാധുവാക്കൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ ഉണ്ടാക്കിയ ഇടിവ് എത്രത്തോളമുണ്ടെന്ന് കൃത്യമായി തിട്ടപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായ 31-12-2016 വരെയുള്ള താൽക്കാലിക കണക്കുകൾ പ്രകാരം 2016 നവംബറിൽ സംസ്ഥാന എക്സൈസ് നികുതി വളർച്ച മുൻവർഷത്തെ അപേക്ഷിച്ച് 3.15% കുറവ് രേഖപ്പെടുത്തിയപ്പോൾ ഡിസംബറിൽ രജിസ്ട്രേഷൻ നികുതിയിൽ 34.63%-ന്റെ ഇടിവുണ്ടായി. 2016 ഒക്ടോബറിൽ 19.8% വളർച്ച രേഖപ്പെടുത്തിയ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം ഡിസംബറിൽ കുറിച്ചത് (17.45% താഴ്ന്ന്) 2.35% വളർച്ച മാത്രമാണ്. 2016 ഒക്ടോബറിനെ അപേക്ഷിച്ച് നവംബറിൽ രജിസ്ട്രേഷൻ നികുതിയിൽ 30.26%-ന്റെയും ഡിസംബറിൽ വിൽപ്പന നികുതിയിൽ 17.43%-ന്റെയും രജിസ്ട്രേഷൻ നികുതിയിൽ 26.40%-ന്റെയും വാഹന നികുതിയിൽ 11.44%-ന്റെയും ആകെ തനത് വരുമാനത്തിൽ 16.33%-ന്റെയും കുറവ് ഉണ്ടായിട്ടുണ്ട്.

നോട്ട് അസാധുവാക്കലിന്റെ ഫലമായി കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സ്ഥിതി ദുർബ്ബലപ്പെടുന്നത് സംസ്ഥാനങ്ങൾക്കുള്ള ഗ്രാന്റുകളെ ബാധിക്കും. ഇതിനുപുറമെ, ആസന്നമായ സാമ്പത്തിക വളർച്ചയിലുണ്ടാകുന്ന ഇടിവ് കേന്ദ്ര സർക്കാരിന്റെ നികുതി വരുമാനത്തെ പ്രതികൂലമായി സ്വാധീനിക്കും. തന്മൂലം ഇത് സംസ്ഥാനത്തിലേക്കുള്ള നികുതി കൈമാറ്റം കുറയുന്നതിനുള്ള സാഹചര്യത്തിനിടയാക്കും. നോട്ട് റദ്ദാക്കലിന് ശേഷമുള്ള, സാമ്പത്തിക പ്രവർത്തനത്തിലുണ്ടായ മന്ദത, സ്റ്റാമ്പ് നികുതി സമാഹരണത്തിൽ വന്ന കുറവ്, റിയൽ എസ്റ്റേറ്റ് മേഖലയിലുണ്ടായ തളർച്ച, മോട്ടോർ വാഹന നികുതി വരുമാനത്തിൽ വന്ന കുറവ് എന്നിവ കാരണം തനത് നികുതി വരുമാനത്തിൽ പ്രതീക്ഷിച്ചിരുന്ന 19 ശതമാനം വളർച്ച കൈവരിക്കാനുള്ള സാധ്യത കുറവാണ്.

(ബി) നോട്ട് അസാധുവാക്കൽ സംസ്ഥാനത്തിന്റെ സമസ്ത മേഖലകളെയും നിശ്ചലാവസ്ഥയിലാക്കുകയും സമ്പദ് വ്യവസ്ഥയെ മാന്ദ്യത്തിലേക്ക് തള്ളിയിടുകയും ചെയ്തിട്ടുള്ളതാണ്. പ്രസ്തുത മാന്ദ്യം തരണം ചെയ്യുന്നതിന് സർക്കാർ പദ്ധതികളിലൂടെയുള്ള ചെലവഴിക്കൽ വർദ്ധിപ്പിക്കുകയെന്നത് അത്യന്താപേക്ഷിതമായി കാണുന്നു. എന്നാൽ നോട്ട് അസാധുവാക്കൽ നികുതി വരുമാനത്തിലുണ്ടാക്കിയ വൻ ഇടിവ് മേൽ ദിശയിലുള്ള പ്രവർത്തനത്തിന്റെ വ്യാപ്തിയെ സാരമായി ബാധിച്ചിട്ടുണ്ട്. പക്ഷേ ഈ പരിമിതമായ സാഹചര്യത്തിലും പരമാവധി പൊതുപണം സമ്പദ്ഘടനയിലേക്ക് ഒഴുക്കുന്നതിന് ആത്മാർത്ഥവും ഊർജ്ജിതവുമായ പരിശ്രമം സർക്കാർ നടത്തിയിരുന്നു. എന്നാൽ റിസർവ് ബാങ്കിന്റെ നിയന്ത്രണങ്ങൾമൂലം ട്രഷറിയിലെ ക്രയവിക്രയങ്ങൾക്ക് തടസ്സം നേരിട്ടു. സംസ്ഥാനത്തിന്റെ വരുമാനത്തിലുണ്ടായ കുറവ് നിമിത്തമുള്ള സാമ്പത്തിക ഞെരുക്കവും ട്രഷറി ഇടപാടുകൾക്ക് ഏർപ്പെടുത്തിയിരുന്ന നിയന്ത്രണവുംമൂലം സംസ്ഥാനത്തിന്റെ പദ്ധതി പ്രവർത്തനങ്ങളുടെ വേഗത മന്ദീഭവിക്കുകയും സംസ്ഥാനത്തിന്റെ വികസന ക്ഷേമപ്രവർത്തനങ്ങളെ ഇത് മൊത്തത്തിൽ പിന്നോട്ടടിക്കുകയും ചെയ്തിട്ടുണ്ട്. കറൻസി പിൻവലിക്കൽ ബഡ്ജറ്റിന്മേൽ സൃഷ്ടിച്ച പ്രത്യാഘാതങ്ങൾ പരിഹരിക്കുന്ന തരത്തിൽ പദ്ധതി ചെലവുകൾ നിശ്ചിത ലക്ഷ്യത്തിൽ നിലനിർത്താനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) അക്കൗണ്ടന്റ് ജനറലിന്റെ 31-12-2016 വരെയുള്ള കാലയളവിലെ താൽക്കാലിക കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റിന്റെ 63.46%-വും ആകെ നികുതി വരുമാനം 64.27 ശതമാനവുമാണ്. കഴിഞ്ഞ സാമ്പത്തിക വർഷം ഇതേ കാലയളവിൽ ഇത് യഥാക്രമം 61.03 ശതമാനവും 61.76 ശതമാനവുമായിരുന്നു.

**പദ്ധതി അടങ്കൽ**

40 (442) ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കൽ എത്ര കോടി രൂപയുടേതാണ്;

(ബി) ഏറ്റവുമൊടുവിൽ മന്ത്രിസഭായോഗം അംഗീകരിച്ച 2017-18-ലെ വാർഷിക പദ്ധതി എത്ര കോടി രൂപയുടേതാണ്;

(സി) ഇതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതമെത്രയാണ്;

(ഡി) 2015-16 വർഷത്തെ അടങ്കലും അത് മുൻവർഷത്തേക്കാൾ എത്ര ശതമാനം വർദ്ധനയോടുകൂടിയതാണെന്നും വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ;

(ഇ) വാർഷിക പദ്ധതിയിൽ അനുവദിച്ച പണം മുൻവർഷങ്ങളിൽ പാഴാക്കി യതിന്റെ പേരിൽ ഏതെല്ലാം വകുപ്പുകളുടെ 2016-17-ലെ അടങ്കലിൽ എത്ര ശതമാനം വീതം കുറവുവരുത്തുകയുണ്ടായി;

(എഫ്) വിലവർദ്ധനവും മറ്റുംമൂലം പദ്ധതി നിർവ്വഹണച്ചെലവിൽ ഉണ്ടാകാവുന്ന സ്വഭാവിക വർദ്ധനകൂടി പരിഗണിച്ചാൽ ഫലത്തിൽ പദ്ധതി അടങ്കലിൽ വർദ്ധന ഉണ്ടാകുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) പഞ്ചവൽസര പദ്ധതിയുടെ ഭാഗമായി 2016-17 സാമ്പത്തികവർഷത്തെ പദ്ധതി അടങ്കൽ 24,000 കോടി രൂപയാണ്.

(ബി) ഏറ്റവുമൊടുവിൽ മന്ത്രിസഭായോഗം അംഗീകരിച്ച 2017-18-ലെ സംസ്ഥാന വാർഷിക പദ്ധതി 26,500 കോടി രൂപയുടേതാണ്.

(സി) 2017-18-ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 6,227.50 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

(ഡി) വിശദാംശം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ഇ) വാർഷിക പദ്ധതിയിൽ അനുവദിച്ച പണം മുൻ വർഷങ്ങളിൽ പാഴാക്കിയതിന്റെ പേരിൽ ഒരു വകുപ്പിന്റെയും അടങ്കലിൽ കുറവ് വരുത്തിയിട്ടില്ല.

(എഫ്) പദ്ധതി ചെലവ്, പുതിയ പദ്ധതികളുടെ സാദ്ധ്യതകൾ വരും വർഷങ്ങളിലെ പദ്ധതി ചെലവ് തുടങ്ങിയവയുടെ വിശകലനങ്ങൾക്ക് വിധേയമാക്കി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സംസ്ഥാന ആസൂത്രണ ബോർഡിൽ വിവിധ തലങ്ങളിൽ നിർവ്വഹണ ഉദ്യോഗസ്ഥർ, വകുപ്പുതല മേധാവികൾ, സെക്രട്ടറിമാർ, മന്ത്രിമാർ, തുടങ്ങിയവരുമായുള്ള ചർച്ചയുടേയും പദ്ധതി അവലോകനത്തിന്റെയും അടിസ്ഥാനത്തിലാണ് ഓരോ വർഷവും പദ്ധതി അടങ്കലിൽ വർദ്ധനവ് വരുത്തി വാർഷിക പദ്ധതി തയ്യാറാക്കുന്നത്.

**കിഫ്ബി പദ്ധതികൾ**

41 (443) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരം ഏറ്റശേഷം കിഫ്ബിയിൽ ഉൾപ്പെടുത്തി അംഗീകരിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇതുവരെ ഈ പദ്ധതികൾക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(സി) പദ്ധതികളുടെ ശേഷിക്കുന്ന പ്രവർത്തനത്തിന് ഇനി എന്ത് തുക ആവശ്യമുണ്ട് എന്നും ആയത് എന്നത്തേക്ക് പദ്ധതി നിർവ്വഹണ ഏജൻസികൾക്ക് കൈമാറുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റെടുത്ത ശേഷം കിഫ് ബോർഡിന്റെ 27-ാമത് ബോർഡ് യോഗം (കിഫ് ബോർഡ് പുനഃസംഘടിപ്പിച്ചതിനുശേഷമുള്ള ആദ്യ ബോർഡ് യോഗം) 7-11-2016-ൽ ചേരുകയും 4004.86 കോടി രൂപയുടെ ധനസഹായം ഒന്നാം ഘട്ട പദ്ധതികൾക്കായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതികളുടെ വിശദാംശങ്ങൾ* ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

(ബി & സി) ഭേദഗതി ചെയ്ത കിഫ് ആക്ട് 2016 പ്രകാരം ബോർഡ് അംഗീകരിച്ച പദ്ധതികൾക്കുള്ള ധനസഹായം അനുവദിക്കുന്നതിന് പദ്ധതി നിർവ്വഹണ ഏജൻസികൾ (എസ്.പി.വി.) പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട വിശദ വിവരങ്ങൾ ഓൺലൈനായി കിഫ്ബിക്ക് സമർപ്പിക്കേണ്ടതുണ്ട്. ഈ സംവിധാനമനുസരിച്ച് പ്രോജക്ട് നിർവ്വഹണ ചെലവുകൾ നിശ്ചയിക്കപ്പെട്ടിട്ടുള്ള ഘട്ടങ്ങളിൽ നേരിട്ട് സപ്ലയർ, കോൺട്രാക്ടർ, സേവനദാതാവ് മുതലായവരുടെ നിശ്ചിത ബാങ്ക് അക്കൗണ്ടിൽ ലഭ്യമാക്കാനുള്ള ഡയറക്ട് ബെനിഫിറ്റ് സംവിധാനം കിഫ്ബിയിൽ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. കിഫ് ബോർഡിന്റെ ഇരുപത്തിയേഴാമത് ബോർഡ് യോഗം അംഗീകരിച്ച പദ്ധതികളുടെ നടത്തിപ്പിന് ആദ്യഘട്ടത്തിൽ ആവശ്യമായ തുക നിലവിലെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഫണ്ടിൽനിന്നും കണ്ടെത്തുവാൻ കിഫ്ബി പ്രാപ്തമാണ്. കൂടാതെ 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രഖ്യാപനമനുസരിച്ച് കിഫ്ബിക്ക് ലഭ്യമാക്കിയിട്ടുള്ള പത്ത് ശതമാനം മോട്ടോർ വാഹന നികുതിയും പെട്രോളിയം ഉത്പന്നങ്ങളിന്മേലുള്ള സെസ്സും കിഫ്ബി അക്കൗണ്ടിൽ ലഭ്യമാക്കിയിട്ടുണ്ട്. നൂതന സംവിധാനമനുസരിച്ചുള്ള നടപടിക്രമങ്ങൾ പദ്ധതി നിർവ്വഹണ ഏജൻസികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് കിഫ്ബി ധനസഹായം നൽകുന്നതാണ്.

## നികുതി വെട്ടിപ്പ് തടയുവാൻ നടപടികൾ

42 (444) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നികുതി വെട്ടിപ്പ് തടയുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

### ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നികുതി വെട്ടിപ്പ് തടയുവാൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1. വാണിജ്യ നികുതി വകുപ്പിലെ വിവിധ അതിർത്തി ചെക്ക്പോസ്റ്റുകളുടെ പരിസരത്ത് ഇന്റലിജൻസ് സ്ക്വാഡുകളെ വിന്യസിച്ച് നിരീക്ഷണം ശക്തമാക്കിയിട്ടുണ്ട്. ചെക്ക്പോസ്റ്റ് കടന്നുവരുന്ന വാഹനങ്ങളെ ഓവർ ചെക്ക് ചെയ്യുന്നതിനും സ്ക്വാഡുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

2. നികുതിവെട്ടിപ്പിനുള്ള ഒരു പ്രധാന മാർഗ്ഗമാണ് റെയിൽവേ വഴിയുള്ള കള്ളക്കടത്ത്. ഇത്തരം ചരക്കുകടത്ത് തടയുന്നതിനായി റെയിൽവേ സ്റ്റേഷനുകൾ കേന്ദ്രീകരിച്ചുള്ള ഇന്റലിജൻസ് സ്ക്വാഡുകളുടെ പരിശോധന ശക്തമാക്കിയിട്ടുണ്ട്.

3. റെയിൽവേ വഴി സംസ്ഥാനത്തിന് പുറത്തേക്ക് കൊണ്ടുപോകുന്ന ചരക്കുകൾക്കും ഇ-ഡിക്ലറേഷൻ നിർബന്ധമാക്കിയിട്ടുണ്ട്.

4. ബിൽ പരിശോധന, ഗോഡൗൺ പരിശോധന, ടൂറിസ്റ്റ് ബസ്സുകൾ വഴിയുള്ള കള്ളക്കടത്ത് തടയുന്നതിനുള്ള പരിശോധന എന്നിവ പതിവായി നടത്തുന്നുണ്ട്.

5. വാളയാർ ചെക്ക്പോസ്റ്റിൽ ആധുനിക ക്യാമറകൾ സ്ഥാപിച്ച് ചരക്കുനീക്കം നിരീക്ഷിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

6. ഇറച്ചിക്കോഴി കള്ളക്കടത്ത് തടയുന്നതിനായി ഇന്റലിജൻസ് സ്ക്വാഡുകൾക്കും ചെക്ക്പോസ്റ്റുകൾക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

7. മെറ്റൽ ക്രഷർ യൂണിറ്റുകൾ, മറ്റ് നിർമ്മാണ യൂണിറ്റുകൾ രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി മലിനീകരണ നിയന്ത്രണ ബോർഡ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മൈനിംഗ് ആന്റ് ജിയോളജി വകുപ്പ്, ഇൻകംടാക്സ് വകുപ്പ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നിവിടങ്ങളിൽനിന്നും വിവരങ്ങൾ ശേഖരിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

8. അന്തർസംസ്ഥാന വിൽപ്പനയുടെ കാര്യത്തിൽ സി.ഫോം വെരിഫൈ ചെയ്യുന്നതിനായി ഒരു പ്രത്യേക ടീമിനെ നിയോഗിച്ച് പരിശോധന നടത്തുകയും വ്യാജ ഫോമുകൾ കണ്ടെത്തുന്ന കേസുകളിൽ ഉയർന്ന നിരക്കിൽ നികുതി ഈടാക്കുവാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

9. ഇ-റിട്ടേണുകളിലും മറ്റ് രേഖകളിലുമുള്ള പൊരുത്തക്കേടുകൾ കണ്ടുപിടിക്കുന്നതിനുള്ള സോഫ്റ്റ്‌വെയറിന്റെ വികസനം അവസാന ഘട്ടത്തിലാണ്.

10. ഓൺലൈൻ തട്ടിപ്പുകളിലൂടെയുള്ള നികുതിവെട്ടിപ്പ് തടയുന്നതിനായുള്ള സൈബർ ഫോറൻസിക് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

**കിഫ്ബി മുഖേനയുള്ള പദ്ധതികൾ**

43 (445) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഡയറക്ടർ ബോർഡ് അംഗീകാരം നൽകിയിട്ടുള്ള വിവിധ പദ്ധതികൾക്ക് നാളിതുവരെ എത്ര തുക അനുവദിച്ചു;

(ബി) ഈ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് വിവിധ ഏജൻസികൾക്ക് അനുവദിച്ച തുകയിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കിഫ് ബോർഡ് പുനഃസംഘടിപ്പിച്ചതിനുശേഷമുള്ള ആദ്യ ബോർഡ് യോഗം 7-11-2016-ൽ ചേരുകയും 4004.86 കോടി രൂപയുടെ ധനസഹായം ഒന്നാം ഘട്ട പദ്ധതികൾക്കായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കിഫ് ഡയറക്ടർ ബോർഡ് അംഗീകരിച്ച പദ്ധതികൾക്ക് ധനസഹായം അനുവദിക്കുന്നതിന് പദ്ധതി നിർവ്വഹണ ഏജൻസികൾ (എസ്.പി.വി.) പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട വിശദ വിവരങ്ങൾ ഓൺലൈനായി കിഫ്ബിക്ക് സമർപ്പിക്കേണ്ടതുണ്ട്. ഈ സംവിധാനമനുസരിച്ച് പ്രോജക്ട് നിർവ്വഹണ ചെലവുകൾ നിശ്ചയിക്കപ്പെട്ട ഘട്ടങ്ങളിൽ നേരിട്ട് സപ്ലൈയർ, കോൺട്രാക്ടർ,

സേവനദാതാവ് മുതലായവരുടെ നിശ്ചിത ബാങ്ക് അക്കൗണ്ടിൽ നേരിട്ട് ലഭ്യമാക്കാനുള്ള ഡയറക്ട് ബെനിഫിറ്റ് സംവിധാനം കിഫ്ബിയിൽ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. നൂതന സംവിധാനമനുസരിച്ചുള്ള നടപടിക്രമങ്ങൾ പദ്ധതി നിർവ്വഹണ ഏജൻസികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് കിഫ്ബി ധനസഹായം നൽകുന്നതാണ്.

## അസറ്റ് ഡെവലപ്മെന്റ് പോർട്ടൽ

44 (446) ഡോ. എൻ. ജയരാജ്:

ശ്രീ. റോഷി അഗസ്റ്റിൻ:

ശ്രീ. മോൻസ് ജോസഫ്:

ശ്രീ. സി. എഫ്. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ട് ചെലവഴിക്കുന്നതിന് തയ്യാറാക്കിയ വെബ്സൈറ്റിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഉദ്യോഗസ്ഥർക്ക് ഇത് സംബന്ധിച്ച് എത്ര ദിവസത്തെ പരിശീലനമാണ് നൽകിയത്; ഇത് പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) വിഭാവനം ചെയ്ത പ്രകാരം, ഒരു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് എടുക്കുന്നതിന് പൂർണ്ണമായും ഓൺലൈനായി പ്രോസസ് ചെയ്യാൻ സാധിക്കുന്നുണ്ടോ; ഏതൊക്കെ വകുപ്പിൽ ഇത്തരം പ്രോസ്സസിംഗ് സാധ്യമാകുന്നുണ്ട്; വ്യക്തമാക്കാമോ;

(ഡി)എല്ലാ വകുപ്പുകളും പൂർണമായും ഓൺലൈൻ സംവിധാനത്തിൽ വരാതെ പ്രസ്തുത സംവിധാനം എത്രത്തോളം വിജയകരമാക്കുവാൻ സാധിക്കുമെന്നാണ് കരുതുന്നത്; വ്യക്തമാക്കാമോ;

(ഇ) എല്ലാ വകുപ്പുകളും പൂർണമായും ഓൺലൈനിൽ ഫയൽ പ്രോസ്സസിംഗ് നടത്തുന്നതിനുള്ള ക്രമീകരണം അടിയന്തരമായി ഏർപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്

(ബി) ഉദ്യോഗസ്ഥർക്ക് ബാച്ചുകളിലായി അഞ്ച് തവണ പരിശീലനം നൽകിയിട്ടുണ്ട്. പരിശീലനം പര്യാപ്തമാണെന്ന് കരുതുന്നു. ആവശ്യകത അനുസരിച്ച് പരിശീലനം തുടർന്നും നൽകുന്നതാണ്.

(സി) എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള 'PRICE സോഫ്റ്റ്‌വെയറിലാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത്. ആസ്തി വികസനത്തിന്റെ പോർട്ടലിൽ എസ്റ്റിമേറ്റ് സഹിതം ലഭ്യമാകുന്ന ശിപാർശകളാണ് പരിശോധിക്കുന്നത്.

(ഡി & ഇ) ആസ്തി വികസന ഫണ്ടിന്റെ ഫയലുകൾ കൈകാര്യം ചെയ്യുന്ന ഓൺലൈൻ സോഫ്റ്റ്‌വെയർ സംവിധാനം ഇപ്പോൾ അതിന്റെ ആരംഭ ദശയിലാണ്. ധനകാര്യ വകുപ്പിലും പദ്ധതികൾ നടപ്പാക്കുന്ന ഭരണ വകുപ്പുകളിലും സോഫ്റ്റ്‌വെയർ സംവിധാനം ഉപയോഗിച്ചാണ് ഇപ്പോൾ ഫയലുകൾ കൈകാര്യം ചെയ്തുവരുന്നത്. ഘട്ടംഘട്ടമായി നിർവ്വഹണ വകുപ്പുകളിലേയ്ക്കും ഓൺലൈൻ സോഫ്റ്റ്‌വെയർ സംവിധാനം ഏർപ്പെടുത്തുന്നതാണ്.

## ചെക്ക്പോസ്റ്റുകൾ വഴി നികുതി വെട്ടിപ്പ് നിയന്ത്രിക്കാൻ നടപടികൾ

45 (447) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അമരവിളയിൽ സമാന്തര ചെക്ക്പോസ്റ്റുകൾ വഴി നികുതി വെട്ടിച്ച് വലിയ വാഹനങ്ങൾ പോകുന്നത് നിയന്ത്രിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ചരക്ക് വാഹനങ്ങൾ ഒരു പ്രത്യേക ചെക്ക് പോസ്റ്റുവഴി മാത്രമേ പോകാവൂയെന്ന് നിഷ്കർഷിക്കാൻ നിയമം അനുവദിക്കുന്നില്ല. അമരവിള ചെക്ക്പോസ്റ്റിന് സമീപമുള്ള സമാന്തര പാതകളിൽ സാറ്റലൈറ്റ് ചെക്ക് പോസ്റ്റുകൾ സ്ഥാപിച്ച് നികുതി വെട്ടിപ്പിനുള്ള പഴുതുകൾ അടച്ചിട്ടുണ്ട്. കൂടാതെ, അതിർത്തി ചെക്ക്പോസ്റ്റുകളിൽ നിരീക്ഷണം നടത്തുന്നതിന് വാണിജ്യ നികുതി വകുപ്പിന്റെ ഇന്റലിജൻസ് സ്ക്വാഡുകൾ സദാ ജാഗരൂകരാണ്.

## എയ്ഡഡ് സ്കൂളുകളിൽ ലാട്രിനും പാചകപ്പുരയും നിർമ്മിച്ചു കൊടുക്കുന്നതിന് എം.എൽ.എ. ഫണ്ട്

46 (448) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിൽ ലാട്രിനും, പാചകപ്പുരയും നിർമ്മിച്ചു കൊടുക്കുന്നതിന് എം.എൽ.എ. ഫണ്ട് ഉപയോഗിക്കാം എന്ന ഉത്തരവുണ്ടെങ്കിലും ഈ ലാട്രിനും, പാചകപ്പുരയ്ക്കും ആവശ്യമായ ജലവിതരണ സംവിധാനം ഒരുക്കുന്നതിന് എം.എൽ.എ. ഫണ്ടുപയോഗിക്കുന്നതിന് സാങ്കേതിക തടസ്സങ്ങളുള്ളത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) എയ്ഡഡ് സ്കൂളുകളിലെ ജലവിതരണ സംവിധാനങ്ങൾക്ക് എം.എൽ.എ. ഫണ്ട് ഉപയോഗിക്കുന്നതിനുള്ള അനുമതി നൽകുന്നതിന് പുതിയ ഉത്തരവ് നൽകുമോ എന്നറിയിക്കാമോ;

(സി) അടുക്കളയിലേക്കുള്ള ഫർണിച്ചറും, ലാട്രിനിലേക്കാവശ്യമായ സാമഗ്രികളും വാങ്ങുന്നതിന് എം.എൽ.എ. ഫണ്ട് ഉപയോഗിക്കുവാൻ കഴിയുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) പാചകപ്പുര, ലാട്രിൻ എന്നിവയുടെ നിർമ്മാണത്തിനായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ പാചകപ്പുരയിലേയ്ക്കും ലാട്രിനിലേയ്ക്കും ആവശ്യമായ അനുബന്ധ സൗകര്യങ്ങളായ വൈദ്യുതി, വെള്ളം എന്നിവ ലഭ്യമാക്കുന്നതിനാവശ്യമായ തുക കൂടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തേണ്ടതാണ്.

(ബി) പരിശോധിക്കുന്നതാണ്.

(സി) ഇല്ല.

**നോട്ട് നിരോധനത്തിന്റെ ഫലമായി സാമ്പത്തിക നഷ്ടം**

47 (449) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ നോട്ട് നിരോധനത്തിന്റെ ഫലമായി സംസ്ഥാന ത്തിനുണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ ;

(ബി) നോട്ട് നിരോധനത്തിന്റെ ഭാഗമായി സംസ്ഥാനത്ത് സാമ്പത്തിക മാന്ദ്യം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് മറികടക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) നോട്ട് അസാധുവാക്കലിന്റെ ഫലമായി സംസ്ഥാനത്തിനുണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടം കൃത്യമായി തിട്ടപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായ 31-12-2016 വരെയുള്ള താൽക്കാലിക കണക്കുകൾ പ്രകാരം 2016 നവംബറിൽ സംസ്ഥാന എക്സൈസ് നികുതി വളർച്ച മുൻവർഷത്തെ അപേക്ഷിച്ച് 3.15% കുറവ് രേഖപ്പെടുത്തിയപ്പോൾ ഡിസംബറിൽ രജിസ്ട്രേഷൻ നികുതിയിൽ 34.63%- ന്റെ ഇടിവുണ്ടായി. 2016 ഒക്ടോബറിൽ 19.8% വളർച്ച രേഖപ്പെടുത്തിയ സംസ്ഥാനത്തിന്റെ തനത് നികുതിവരുമാനം ഡിസംബറിൽ

കുറിച്ചത് (17.45% താഴ്ന്ന്) 2.35% വളർച്ച മാത്രമാണ്. 2016 ഒക്ടോബറിനെ അപേക്ഷിച്ച് നവംബറിൽ രജിസ്ട്രേഷൻ നികുതിയിൽ 30.26%-ന്റെയും ഡിസംബറിൽ വിൽപ്പന നികുതിയിൽ 17.43%-ന്റെയും രജിസ്ട്രേഷൻ നികുതിയിൽ 26.40%-ന്റെയും വാഹന നികുതിയിൽ 11.44%-ന്റെയും ആകെ തനത് വരുമാനത്തിൽ 16.33%-ന്റെയും കുറവ് ഉണ്ടായിട്ടുണ്ട്.

നോട്ട് റദ്ദാക്കലിന് ശേഷമുള്ള, സാമ്പത്തിക പ്രവർത്തനത്തിലുണ്ടായ മന്ദത, സ്റ്റാമ്പ് നികുതി സമാഹരണത്തിൽ വന്ന കുറവ്, റിയൽ എസ്റ്റേറ്റ് മേഖലയിലുണ്ടായ തളർച്ച, മോട്ടോർ വാഹന നികുതി വരുമാനത്തിൽ വന്ന കുറവ് എന്നിവ കാരണം തനത് നികുതി വരുമാനത്തിൽ പ്രതീക്ഷിച്ചിരുന്ന പത്തൊമ്പത് ശതമാനം വളർച്ച കൈവരിക്കാനുള്ള സാധ്യത കുറവാണ്.

(ബി) നോട്ട് അസാധുവാക്കൽ സംസ്ഥാനത്തിന്റെ സമസ്ത മേഖലകളെയും നിശ്ചലാവസ്ഥയിലാക്കുകയും സമ്പദ് വ്യവസ്ഥയെ മാന്ദ്യത്തിലേക്ക് തള്ളിയിടുകയും ചെയ്തിട്ടുള്ളതാണ്. പ്രസ്തുത മാന്ദ്യം തരണം ചെയ്യുന്നതിന് സർക്കാർ പദ്ധതികളി-ലൂടെയുള്ള ചെലവഴിക്കൽ വർദ്ധിപ്പിക്കുകയെന്നത് അത്യന്താപേക്ഷിതമായി കാണുന്നു. എന്നാൽ നോട്ട് അസാധുവാക്കൽ നികുതി വരുമാനത്തിലുണ്ടാക്കിയ വൻ ഇടിവ് മേൽ ദിശയിലുള്ള പ്രവർത്തനത്തിന്റെ വ്യാപ്തിയെ സാരമായി ബാധിച്ചിട്ടുണ്ട്. പക്ഷെ ഈ പരിമിതമായ സാഹചര്യത്തിലും പരമാവധി പൊതുപണം സമ്പദ്ഘടനയിലേക്ക് ഒഴുക്കുന്നതിന് ആത്മാർത്ഥവും ഊർജ്ജിതവുമായ പരിശ്രമം സർക്കാർ നടത്തിയിരുന്നു. എന്നാൽ റിസർവ് ബാങ്കിന്റെ നിയന്ത്രണങ്ങൾമൂലം ട്രഷറിയിലെ ക്രയവിക്രയം ഒരു പരിധിവരെ തടസ്സപ്പെട്ടിട്ടുണ്ട്. ട്രഷറി ഇടപാടുകൾക്ക് ഏർപ്പെടുത്തിയ നിയന്ത്രണംമൂലം സംസ്ഥാനത്തിന്റെ പദ്ധതി പ്രവർത്തനങ്ങളുടെ വേഗത മന്ദീഭവിക്കുകയും സംസ്ഥാനത്തിന്റെ വികസന ക്ഷേമപ്രവർത്തനങ്ങളെ മൊത്തത്തിൽ പിന്നോട്ടടിക്കുകയും ചെയ്തിട്ടുണ്ട്. എന്നിരുന്നാലും നിലവിലെ പ്രതിസന്ധി മറികടക്കുന്നതിന് ഹ്രസ്വകാല, ദീർഘകാല അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണ് സർക്കാർ കൈക്കൊണ്ടുവരുന്നത്.

**ഹ്രസ്വകാല അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ**

1. നോട്ട് അസാധുവാക്കലിനോടനുബന്ധിച്ച് ട്രഷറി ഇടപാടുകൾക്കുണ്ടായിരുന്ന പ്രതിബന്ധങ്ങൾ പരിഹരിക്കുന്നതിന്, റിസർവ് ബാങ്ക് പുറപ്പെടുവിച്ച ഉത്തരവുകൾക്ക് വിധേയമായി, അടിയന്തിര നടപടികൾ സ്വീകരിച്ചിരുന്നു. നോട്ട് പിൻവലിച്ചതിന്റെ ഫലമായുണ്ടായ കറൻസി ക്ഷാമം ലഘൂകരിക്കാൻ ഇതുമൂലം സാധിച്ചു.

2. നോട്ട് റദ്ദാക്കലിന്റെ ദുരിതം ലഘൂകരിക്കുന്നതിനായി പ്ലാന്റേഷൻ തൊഴിലാളികളുടെ കൂലി ട്രഷറി സേവിംഗ്സ് ബാങ്കിലൂടെ നൽകുന്നതിനായി ജില്ലാ കളക്ടർമാർക്ക് പലിശ രഹിത പ്രത്യേക റ്റി.എസ്.ബി. അക്കൗണ്ട് തുറന്നുകൊണ്ട് പ്ലാന്റേഷൻ തൊഴിലാളികളുടെ കൂലി നൽകുന്നതിന് നിർദ്ദേശം നൽകി.

3. പ്രാഥമിക സഹകരണ സംഘങ്ങളിൽ അക്കൗണ്ടുള്ളവർക്ക് പണം പിൻവലിക്കാൻ കഴിയാതെ വന്നതിന് താൽക്കാലിക പരിഹാരമുണ്ടാക്കാനായി എല്ലാ പ്രാഥമിക സഹകരണ സംഘം അംഗങ്ങൾക്കും ഓരോ മിറർ അക്കൗണ്ട് ബന്ധപ്പെട്ട ജില്ലാ സഹകരണ ബാങ്കിൽ തുറക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കി.

4. സർക്കാരിന്റെ നയപരമായ നടപടികളിലൂടെ ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനോടൊപ്പം, സർക്കാർ സ്വതന്ത്രമായ ഇടപെടലിലൂടെ കറൻസി രഹിത ധന വ്യവഹാരങ്ങൾ വാണിജ്യ ബാങ്കുകളിലും സഹകരണ ബാങ്കുകളിലും വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തി.

**ദീർഘകാല അടിസ്ഥാനത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ**

1. കറൻസി പിൻവലിക്കൽ ബഡ്ജറ്റിന്മേൽ സൃഷ്ടിച്ച പ്രത്യാഘാതങ്ങൾ പരിഹരിക്കുന്ന തരത്തിൽ പദ്ധതി ചെലവുകൾ നിശ്ചിത ലക്ഷ്യത്തിൽ നിലനിർത്താനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

2. നോട്ട് നിരോധനത്തിന്റെ ഫലമായുള്ള സാമ്പത്തിക മാന്ദ്യം മറികടക്കുന്ന-തിനായി സംസ്ഥാനത്തിന്റെ പശ്ചാത്തല വികസന മേഖലയിൽ സ്തംഭനാവസ്ഥ-യിലായിരുന്ന പല പ്രമുഖ പദ്ധതികളും അതിവേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ബോർഡിന്റെ (കെ.ഐ.ഐ.എഫ്.ബി.) നാലായിരത്തിലധികം കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകി.

3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കിവരുന്നു.

4. സംസ്ഥാന ട്രഷറിയിൽ ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (ഐ.എഫ്.എം.എസ്.) നടപ്പിലാക്കി. അടുത്ത സാമ്പത്തിക വർഷം മുതൽ ഇത് പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകും. ട്രഷറി സേവിംഗ്സ് ബാങ്കിംഗിനായുള്ള കോർബാങ്കിംഗ് സിസ്റ്റം എല്ലാ ട്രഷറികളിലും പൂർത്തിയാക്കി.

5. നിലവിലെ തൊഴിൽക്ഷാമം പരിഹരിക്കുവാൻ പ്രതിവർഷം നേരിട്ടും അല്ലാതെയുമുള്ള ആയിരത്തിന് മേൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ഏറ്റവും കുറഞ്ഞത് ആയിരം സൂക്ഷ്മ വ്യവസായ സംരംഭങ്ങൾ വർഷംതോറും കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ മുഖേന ആരംഭിക്കുന്നതിന് ഒരു സമഗ്ര പദ്ധതി ആലോചനയിലാണ്.

6. കോർ-ബാങ്കിംഗ് നെറ്റ് വർക്ക് ഉൾപ്പെടെയുള്ള എല്ലാ ആധുനിക ബാങ്കിംഗ് സൗകര്യങ്ങളോടുംകൂടി വരുംവർഷം കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള ശ്രമത്തിലാണ്. സഹകരണ മേഖലയിൽ ഡിജിറ്റൽ ഇടപാടുകൾ പ്രോത്സാഹിപ്പിക്കും. സഹകരണ മേഖലയിൽ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നത് തുടരുകയും നിക്ഷേപങ്ങൾക്ക് ഗ്യാരന്റി ലഭ്യമാക്കുന്നത് പരിഗണിക്കുന്നുമാണ്.

**നോട്ട് അസാധുവാക്കലിനെ തുടർന്നുള്ള സാമ്പത്തിക മാന്ദ്യം**

48 (450) <u>ശ്രീ. കെ. സി. ജോസഫ്</u> :
<u>ശ്രീ. എ. പി. അനിൽ കുമാർ</u> :
<u>ശ്രീ. അടൂർ പ്രകാശ്</u> :
<u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ട് അസാധുവാക്കലിനെ തുടർന്നുള്ള സാമ്പത്തിക മാന്ദ്യം സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ എന്ത് ആഘാതം ഏൽപ്പിച്ചു;

(ബി) സംസ്ഥാനത്തിന്റെ സാമ്പത്തിക ആസൂത്രണ പ്രവർത്തനങ്ങളെ താളം തെറ്റിക്കുന്ന നിലയിലാണ് ഇതുകൊണ്ടുണ്ടായ റവന്യൂ വരുമാനനഷ്ടമെന്ന് കണ്ടെത്തിയിട്ടുണ്ടോ ;

(സി) സംസ്ഥാനത്തിന്റെ വാർഷിക പദ്ധതിയെയും, തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയെയും നോട്ട് അസാധുവാക്കൽ എപ്രകാരമാണ് ബാധിച്ചിട്ടുള്ളതെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) വാറ്റിതര നികുതിയിൽ 2015 ഡിസംബറിനെ അപേക്ഷിച്ച് 2016 ഡിസംബറിലുണ്ടായ കുറവെത്രയാണ് ;

(ഇ) നോട്ട് അസാധുവാക്കലിനെ തുടർന്നുള്ള സാമ്പത്തിക മാന്ദ്യം മറികടക്കുന്നതിന് സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; സർക്കാരിന്റെ കടമെടുപ്പ് പരിധി ആഭ്യന്തര മൊത്ത ഉത്പാദനത്തിന്റെ നാല് ശതമാനം ആയി ഉയർത്തിയാൽ സാമ്പത്തിക മാന്ദ്യം മറികടക്കുവാൻ സാധിക്കുമോ ?

<u>ഉത്തരം</u>

(എ) നോട്ട് അസാധുവാക്കൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ ഉണ്ടാക്കിയ ഇടിവ് എത്രത്തോളമുണ്ടെന്ന് കൃത്യമായി തിട്ടപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായ

31-12-2016 വരെയുള്ള താൽക്കാലിക കണക്കുകൾ പ്രകാരം 2016 നവംബറിൽ സംസ്ഥാന എക്സൈസ് നികുതി വളർച്ച മുൻവർഷത്തെ അപേക്ഷിച്ച് 3.15% കുറവ് രേഖപ്പെടുത്തിയപ്പോൾ ഡിസംബറിൽ രജിസ്ട്രേഷൻ നികുതിയിൽ 34.63%-ന്റെ ഇടിവുണ്ടായി. 2016 ഒക്ടോബറിൽ 19.8% വളർച്ച രേഖപ്പെടുത്തിയ സംസ്ഥാനത്തിന്റെ തനത് നികുതിവരുമാനം ഡിസംബറിൽ കുറിച്ചത് (17.45% താഴ്ച) 2.35% വളർച്ച മാത്രമാണ്. 2016 ഒക്ടോബറിനെ അപേക്ഷിച്ച് നവംബറിൽ രജിസ്ട്രേഷൻ നികുതിയിൽ 30.26%-ന്റെയും ഡിസംബറിൽ വിൽപ്പന നികുതിയിൽ 17.43%-ന്റെയും രജിസ്ട്രേഷൻ നികുതിയിൽ 26.40%-ന്റെയും വാഹന നികുതിയിൽ 11.44%-ന്റെയും ആകെ തനത് വരുമാനത്തിൽ 16.33%-ന്റെയും കുറവ് ഉണ്ടായിട്ടുണ്ട്.

നോട്ട് അസാധുവാക്കലിന്റെ ഫലമായി കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സ്ഥിതി ദുർബ്ബലപ്പെടുന്നത് സംസ്ഥാനങ്ങൾക്കുള്ള ഗ്രാന്റുകളെ ബാധിക്കും. ഇതിനുപുറമെ, ആസന്നമായ സാമ്പത്തിക വളർച്ചയിലുണ്ടാകുന്ന ഇടിവ് കേന്ദ്ര സർക്കാരിന്റെ നികുതി വരുമാനത്തെ പ്രതികൂലമായി സ്വാധീനിക്കും. തന്മൂലം ഇത് സംസ്ഥാനത്തിലേക്കുള്ള നികുതി കൈമാറ്റം കുറയുന്നതിനുള്ള സാഹചര്യത്തിനിടയാക്കും. നോട്ട് റദ്ദാക്കലിന് ശേഷമുള്ള, സാമ്പത്തിക പ്രവർത്തനത്തിലുണ്ടായ മന്ദത, സ്റ്റാമ്പ് നികുതി സമാഹരണത്തിൽ വന്ന കുറവ്, റിയൽ എസ്റ്റേറ്റ് മേഖലയിലുണ്ടായ തളർച്ച, മോട്ടോർ വാഹന നികുതി വരുമാനത്തിൽ വന്ന കുറവ് എന്നിവ കാരണം തനത് നികുതി വരുമാനത്തിൽ പ്രതീക്ഷിച്ചിരുന്ന പത്തൊമ്പത് ശതമാനം വളർച്ച കൈവരിക്കാനുള്ള സാധ്യത കുറവാണ്.

അതേസമയം, സംസ്ഥാനത്തിന്റെ നികുതിയേതര വരുമാനത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് 2016 നവംബറിൽ 23.33%-ന്റെയും ഡിസംബറിൽ 16.67%-ന്റെയും കുറവ് സംഭവിച്ചിട്ടുണ്ട്. 2016 ഒക്ടോബറിൽ 17.43% വളർന്ന നികുതിയേതര വരുമാനം നവംബറിൽ മുൻ മാസത്തെ അപേക്ഷിച്ച് 46.95%-വും ഡിസംബറിൽ 59.16%-വും ഇടിവ് രേഖപ്പെടുത്തുകയുണ്ടായി.

(ബി & സി) നോട്ട് അസാധുവാക്കൽ സംസ്ഥാനത്തിന്റെ സമസ്ത മേഖലകളെയും നിശ്ചലാവസ്ഥയിലാക്കുകയും സമ്പദ് വ്യവസ്ഥയെ മാന്ദ്യത്തിലേക്ക് തള്ളിയിടുകയും ചെയ്തിട്ടുള്ളതാണ്. പ്രസ്തുത മാന്ദ്യം തരണം ചെയ്യുന്നതിന് സർക്കാർ പദ്ധതികളിലൂടെയുള്ള ചെലവഴിക്കൽ വർദ്ധിപ്പിക്കുകയെന്നത് അത്യന്താപേക്ഷിതമായി കാണുന്നു. എന്നാൽ നോട്ട് അസാധുവാക്കൽ നികുതി വരുമാനത്തിലുണ്ടാക്കിയ വൻ ഇടിവ് മേൽ ദിശയിലുള്ള പ്രവർത്തനത്തിന്റെ വ്യാപ്തിയെ സാരമായി ബാധിച്ചിട്ടുണ്ട്. പക്ഷെ ഈ പരിമിതമായ സാഹചര്യത്തിലും പരമാവധി പൊതുപണം സമ്പദ്ഘടനയിലേക്ക് ഒഴുക്കുന്നതിന് ആത്മാർത്ഥവും ഊർജ്ജിതവുമായ

പരിശ്രമം സർക്കാർ നടത്തിയിരുന്നു. എന്നാൽ റിസർവ് ബാങ്കിന്റെ നിയന്ത്രണങ്ങൾമൂലം ട്രഷറിയിലെ ക്രയവിക്രയങ്ങൾക്ക് തടസ്സം നേരിട്ടു. ട്രഷറി ഇടപാടുകൾക്ക് ഏർപ്പെടുത്തിയ നിയന്ത്രണംമൂലം സംസ്ഥാനത്തിന്റെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും പദ്ധതി പ്രവർത്തനങ്ങളുടെ വേഗത മന്ദീഭവിക്കുകയും സംസ്ഥാനത്തിന്റെ വികസന ക്ഷേമപ്രവർത്തനങ്ങളെ ഇത് മൊത്തത്തിൽ പിന്നോട്ടടിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) അക്കൗണ്ടന്റ് ജനറലിന്റെ 31-12-2016 വരെയുള്ള താൽക്കാലിക കണക്കുകൾ പ്രകാരം വിൽപ്പന നികുതി കൂടാതെയുള്ള സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ 2016 ഡിസംബറിൽ 2015 ഡിസംബറിനെ അപേക്ഷിച്ച് 4.37 %-ന്റെ കുറവ് ഉണ്ടായിട്ടുണ്ട്.

(ഇ) നോട്ട് അസാധുവാക്കലിനെ തുടർന്നുള്ള നിലവിലെ പ്രതിസന്ധി മറികടക്കുന്നതിന് ഹ്രസ്വകാല, ദീർഘകാല അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണ് സർക്കാർ കൈക്കൊണ്ടുവരുന്നത്.

**ഹ്രസ്വകാല അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ**

1. നോട്ട് അസാധുവാക്കലിനോടനുബന്ധിച്ച് ട്രഷറി ഇടപാടുകൾക്കുണ്ടായിരുന്ന പ്രതിബന്ധങ്ങൾ പരിഹരിക്കുന്നതിന്, റിസർവ് ബാങ്ക് പുറപ്പെടുവിച്ച ഉത്തരവുകൾക്ക് വിധേയമായി, അടിയന്തിര നടപടികൾ സ്വീകരിച്ചിരുന്നു. നോട്ട് പിൻവലിച്ചതിന്റെ ഫലമായുണ്ടായ കറൻസി ക്ഷാമം ലഘൂകരിക്കാൻ ഇതുമൂലം സാധിച്ചു.

2. നോട്ട് റദ്ദാക്കലിന്റെ ദുരിതം ലഘൂകരിക്കുന്നതിനായി പ്ലാന്റേഷൻ തൊഴിലാളികളുടെ കൂലി ട്രഷറി സേവിംഗ്സ് ബാങ്കിലൂടെ നൽകുന്നതിനായി ജില്ലാ കളക്ടർമാർക്ക് പലിശ രഹിത പ്രത്യേക റ്റി.എസ്.ബി. അക്കൗണ്ട് തുറന്നുകൊണ്ട് പ്ലാന്റേഷൻ തൊഴിലാളികളുടെ കൂലി നൽകുന്നതിന് നിർദ്ദേശം നൽകി.

3. പ്രാഥമിക സഹകരണ സംഘങ്ങളിൽ അക്കൗണ്ടുള്ളവർക്ക് പണം പിൻവലിക്കാൻ കഴിയാതെ വന്നതിന് താൽക്കാലിക പരിഹാരമുണ്ടാക്കാനായി എല്ലാ പ്രാഥമിക സഹകരണ സംഘം അംഗങ്ങൾക്കും ഓരോ മിറർ അക്കൗണ്ട് ബന്ധപ്പെട്ട ജില്ലാ സഹകരണ ബാങ്കിൽ തുറക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കി.

4. സർക്കാരിന്റെ നയപരമായ നടപടികളിലൂടെ ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനോടൊപ്പം, സർക്കാർ സ്വതന്ത്രമായ ഇടപെടലിലൂടെ കറൻസി രഹിത ധന വ്യവഹാരങ്ങൾ വാണിജ്യ ബാങ്കുകളിലും സഹകരണ ബാങ്കുകളിലും വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തി.

**ദീർഘകാല അടിസ്ഥാനത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ**

1. കറൻസി പിൻവലിക്കൽ ബഡ്ജറ്റിന്മേൽ സൃഷ്ടിച്ച പ്രത്യാഘാതങ്ങൾ പരിഹരിക്കുന്ന തരത്തിൽ പദ്ധതി ചെലവുകൾ നിശ്ചിത ലക്ഷ്യത്തിൽ നിലനിർത്താനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

2. നോട്ട് നിരോധനത്തിന്റെ ഫലമായുള്ള സാമ്പത്തിക മാന്ദ്യം മറികടക്കുന്നതിനായി സംസ്ഥാനത്തിന്റെ പശ്ചാത്തല വികസന മേഖലയിൽ സ്തംഭനാവസ്ഥയിലായിരുന്ന പല പ്രമുഖ പദ്ധതികളും അതിവേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ബോർഡിന്റെ (കെ.ഐ.ഐ.എഫ്.ബി.) നാലായിരത്തിലധികം കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകി.

3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കിവരുന്നു.

4. സംസ്ഥാന ട്രഷറിയിൽ ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (ഐ.എഫ്.എം.എസ്.) നടപ്പിലാക്കി. അടുത്ത സാമ്പത്തിക വർഷം മുതൽ ഇത് പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകും. ട്രഷറി സേവിംഗ്സ് ബാങ്കിംഗിനായുള്ള കോർബാങ്കിംഗ് സിസ്റ്റം എല്ലാ ട്രഷറികളിലും പൂർത്തിയാക്കി.

5. നിലവിലെ തൊഴിൽക്ഷാമം പരിഹരിക്കുവാൻ പ്രതിവർഷം നേരിട്ടും അല്ലാതെയുമുള്ള ആയിരത്തിന് മേൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ഏറ്റവും കുറഞ്ഞത് ആയിരം സൂക്ഷ്മ വ്യവസായ സംരംഭങ്ങൾ വർഷംതോറും കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ മുഖേന ആരംഭിക്കുന്നതിന് ഒരു സമഗ്ര പദ്ധതി ആലോചനയിലാണ്.

6. കോർ-ബാങ്കിംഗ് നെറ്റ്‌വർക്ക് ഉൾപ്പെടെയുള്ള എല്ലാ ആധുനിക ബാങ്കിംഗ് സൗകര്യങ്ങളോടുംകൂടി വരുംവർഷം കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള ശ്രമത്തിലാണ്. സഹകരണ മേഖലയിൽ ഡിജിറ്റൽ ഇടപാടുകൾ പ്രോത്സാഹിപ്പിക്കും. സഹകരണ മേഖലയിൽ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നത് തുടരുകയും നിക്ഷേപങ്ങൾക്ക് ഗ്യാരന്റി ലഭ്യമാക്കുന്നത് പരിഗണിക്കുന്നതുമാണ്.

സർക്കാരിന്റെ കടമെടുപ്പ് പരിധി ആഭ്യന്തര മൊത്ത ഉത്പാദനത്തിന്റെ നാല് ശതമാനമായി ഉയർത്തിയാലും ആയത് നികുതി വരുമാനത്തിലുണ്ടായ ഇടിവിന്റെ ഫലമായ സാമ്പത്തിക ഞെരുക്കത്തിന് താൽക്കാലിക ആശ്വാസമാകുമെങ്കിലും നോട്ട് അസാധുവാക്കലിന്റെ ഫലമായുള്ള കറൻസി ക്ഷാമമടക്കമുള്ള സമ്പദ് മേഖലയ്ക്ക് ഏൽപ്പിച്ചിട്ടുള്ള ഗുരുതര പ്രത്യാഘാതങ്ങൾ പരിഹരിക്കുവാൻ പര്യാപ്തമല്ല.

## ധനകമ്മി

49 (451) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ധനകമ്മി സംബന്ധിച്ച വിശദാംശം 2011 മുതൽ 2016 വരെയുള്ള വർഷങ്ങളിലേത് വ്യക്തമാക്കുമോ ;

(ബി) മുൻ സർക്കാർ അധികാരമൊഴിയുമ്പോൾ സർക്കാരിന്റെ പൊതുകടം എത്രയായിരുന്നു; 2016 മാർച്ച് 31-ലെ കണക്ക് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(ഡി) 2011 മുതൽ 2016 വരെയുള്ള വർഷങ്ങളിലെ നികുതി വരുമാനത്തിന്റെ കണക്ക് വാർഷികാടിസ്ഥാനത്തിൽ ഓരോ നികുതിയും ഇനം തിരിച്ച് നൽകാമോ?

ഉത്തരം

(എ) 2011 മുതൽ 2016 വരെയുള്ള സംസ്ഥാനത്തിന്റെ ധനകമ്മി ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

| വർഷം | ധനകമ്മി | വർഷം | ധനകമ്മി |
|---|---|---|---|
| 2010-11 | 7730.45 | 2013-14 | 16944.12 |
| 2011-12 | 12814.77 | 2014-15 | 18641.73 |
| 2012-13 | 15002.46 | 2015-16 | 17818.39 |

(ബി) മുൻ സർക്കാർ അധികാരമൊഴിയുമ്പോൾ സർക്കാരിന്റെ പൊതുകടം 2016 മാർച്ച് 31-ലെ അക്കൗണ്ടന്റ് ജനറലിന്റെ കണക്കുപ്രകാരം 157370.32 കോടി രൂപയാണ്.

(സി) അധിക വിഭവ സമാഹരണത്തിലൂടെയും അനാവശ്യ ചെലവ് നിയന്ത്രണത്തിലൂടെയും നികുതി പിരിവ് ഊർജ്ജിതമാക്കിയും അടിയന്തിര പ്രാധാന്യമുള്ള വികസന ക്ഷേമപ്രവർത്തനങ്ങൾക്ക് പണം കണ്ടെത്താൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. വൻകിട ഇൻഫ്രാസ്ട്രക്ചർ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനായി 1999-ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐ.-യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ

ഉപയോഗപ്പെടുത്തുവാൻ കേരളാ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കിയിട്ടുണ്ട്. കിഫ്ബിയുടെ കീഴിൽ പൊതുമരാമത്ത്, ആരോഗ്യം, ഉന്നതവിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലായി 15,000 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 20,000 കോടി രൂപയുടെ മറ്റ് വൻകിട പദ്ധതികൾ കിഫ്ബിയുടെ പരിഗണനയിലാണ്. നിലവിലുള്ള നികുതി സമാഹരണ സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടി സർക്കാരിലേക്കുള്ള പണമൊടുക്കലും സർക്കാരിൽനിന്നുള്ള പണവിതരണം ഓൺലൈനായി നിർവ്വഹിക്കുന്നതിനുള്ള ഇ-ട്രഷറി സംവിധാനം നടപ്പിലാക്കി-ക്കഴിഞ്ഞു. ഇതുവഴി ഉപഭോക്താക്കൾക്ക് എപ്പോൾ വേണമെങ്കിലും സർക്കാരിലേക്ക് പണം അടയ്ക്കുന്നതിന് സൗകര്യമേർപ്പെടുത്തിയിട്ടുണ്ട്. ധനകാര്യവകുപ്പ്, മറ്റ് വകുപ്പുകൾ, ബഡ്ജറ്റ്, ഭാരതീയ റിസർവ് ബാങ്ക്, അക്കൗണ്ടന്റ് ജനറൽ, വിവിധ ബാങ്കുകൾ, വിവിധ ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർമാർ തുടങ്ങിയ എല്ലാവരെയും ഒരു കുടക്കീഴിൽ സംയോജിപ്പിച്ച് ഇടപാടുകൾ പരസ്പരം ഓൺലൈനായി നടത്തുന്നതിനായി ഒരു ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (IFMS) നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) വിശദവിവരം അനുബന്ധമായി *ചേർത്തിരിക്കുന്നു.

## മണലൂർ മണ്ഡലം ആസ്തി വികസന ഫണ്ടിലേയ്ക്ക് ശിപാർശ ചെയ്യപ്പെട്ട പ്രവൃത്തികൾ

50 (452) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലം എം.എൽ.എ. യുടെ 2016-17-ലെ ആസ്തി വികസന ഫണ്ടിലേക്ക് ശിപാർശ ചെയ്യപ്പെട്ട പ്രവൃത്തികളിൽ എത്ര പ്രവൃത്തികളുടെ ഡി.പി.ആർ. ധനകാര്യ വകുപ്പിന് ലഭിച്ചിട്ടുണ്ട്;

(ബി) ഏതെല്ലാം പ്രവൃത്തികൾക്ക് ധനാനുമതി നൽകിയിട്ടുണ്ട്;

(സി) ഏതെങ്കിലും പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) മണലൂർ നിയോജകമണ്ഡലം എം.എൽ.എ.യുടെ 2016-17-ലെ ആസ്തി വികസന ഫണ്ടിലേക്ക് ശിപാർശ ചെയ്യപ്പെട്ട 13 പ്രവൃത്തികളിൽ 'എളവള്ളി ഗ്രാമ പഞ്ചായത്തിലെ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന് പുതിയ കെട്ടിട

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നിർമ്മാണം, "മണലൂർ മണ്ഡലത്തിലെ 11 സ്ഥലങ്ങളിൽ LED High mast Light സ്ഥാപിക്കൽ" എന്നീ പ്രവൃത്തികളുടെ ഡി.പി.ആർ. ധനകാര്യ വകുപ്പിന് ലഭിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി * ചേർക്കുന്നു.

(ബി) "എളവള്ളി ഗ്രാമപഞ്ചായത്തിലെ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന് പുതിയ കെട്ടിട നിർമ്മാണം" എന്ന പ്രവൃത്തിക്ക് 115 ലക്ഷം രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്.

(സി) ഒരു പ്രവൃത്തിക്കും ഭരണാനുമതി നൽകിയിട്ടില്ല.

**കേന്ദ്ര നികുതി വിഹിതം**

51 (453) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റ് അവതരിപ്പിച്ചിട്ടുള്ള 2017-18-ലെ ബജറ്റ് കണക്കുകൾ അനുസരിച്ച് കേരളത്തിന്റെ നികുതി വിഹിതത്തിൽ കുറവ് സംഭവിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ഇനത്തിൽ ഈ വർഷം കുറവ് അനുഭവപ്പെടുമെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെങ്കിലും ഇനത്തിൽ ഈ വർഷം നികുതികൾ കൂടുതൽ പ്രതീക്ഷിക്കാമോ; എങ്കിൽ എത്ര വീതമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) കേന്ദ്ര സർക്കാർ അവതരിപ്പിച്ച 2017-18-ലെ ബഡ്ജറ്റ് കണക്കുകൾ അനുസരിച്ച് സംസ്ഥാനത്തിനുള്ള കേന്ദ്ര നികുതി വിഹിതത്തിൽ കുറവ് സംഭവിച്ചതായി കാണുന്നില്ല. 2017-18 കേന്ദ്ര സർക്കാരിന്റെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം ഓരോ ഇനത്തിലും പ്രതീക്ഷിക്കുന്ന തുക ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

| | |
|---|---|
| കോർപ്പറേഷൻ നികുതി | 4984.75 |
| ആദായ നികുതി | 4357.96 |
| സമ്പത്ത് നികുതി | 0.15 |
| ചുങ്കം | 2379.19 |
| കേന്ദ്ര എക്സൈസ് തീരുവകൾ | 2486.93 |
| സേവന നികുതി | 2683.07 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ചരക്ക് സേവന നികുതി (GST) നടപ്പിലാക്കുന്നതോടെ 2017-18 സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്ന കേന്ദ്ര നികുതി വിഹിതത്തിൽ മാറ്റം വന്നേക്കാം.

**സംസ്ഥാന പദ്ധതി അടങ്കൽ തുക**

52 (454) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16, 2016-17 എന്നീ സാമ്പത്തിക വർഷങ്ങളിലെ സംസ്ഥാന പദ്ധതി അടങ്കൽ എത്ര കോടി രൂപ വീതമായിരുന്നു; ഇതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ളത് എത്ര കോടി ആയിരുന്നു;

(ബി) 2015-16-ലെ പദ്ധതിച്ചെലവ് എ.ജി.യുടെ കണക്കനുസരിച്ച് എത്ര കോടി ആയിരുന്നു; ഇതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ യഥാർത്ഥ പദ്ധതിച്ചെലവ് എത്രയായിരുന്നു?

<u>ഉത്തരം</u>

(എ) 2015-16, 2016-17 എന്നീ സാമ്പത്തിക വർഷങ്ങളിലെ സംസ്ഥാന പദ്ധതി അടങ്കൽ തുക യഥാക്രമം 20,000, 24,000 കോടി രൂപ വീതമാണ്. ഇതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടങ്കൽ തുക യഥാക്രമം 4,800, 5,500 കോടി രൂപ വീതമാണ്.

(ബി) അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കനുസരിച്ച് 2015-16 സാമ്പത്തിക വർഷത്തെ പദ്ധതിച്ചെലവ് 15,632.38 കോടി രൂപയാണ്. ഇതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിച്ചെലവ് 2,820.97 കോടി രൂപയാണ്.

**നെന്മാറ നിയോജകമണ്ഡലത്തിലെ ആസ്തി വികസന പദ്ധതികൾ**

53 (455) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കേണ്ട വികസന പദ്ധതികളിൽ ഏതിനെല്ലാമാണ് ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നതിനായി 2016-17 സാമ്പത്തിക വർഷത്തിലേക്ക് 9 പ്രവൃത്തികളാണ് എം.എൽ.എ. ശിപാർശ ചെയ്തിട്ടുള്ളത്. ടി പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് ലഭ്യമാക്കുവാൻ ബന്ധപ്പെട്ട ഭരണ വകുപ്പുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇവയിൽ വിശദമായ എസ്റ്റിമേറ്റ് സഹിതം ഭരണ വകുപ്പ് ശിപാർശ ചെയ്ത് ലഭ്യമാക്കിയ 'നെന്മാറ നിയോജകമണ്ഡലം-സമ്പൂർണ്ണ വൈദ്യുതീകരണം' എന്ന പ്രവൃത്തിക്ക് ധനാനുമതി ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി 22-7-2015, 20-5-2016 എന്നീ തീയതികളിലെ നമ്പർ 67/2015/ധന. നമ്പർ. 48/2016/ധന സർക്കുലറുകൾ പ്രകാരവും 1-9-2015 തീയതിയിലെ സ.ഉ.(സാധാ.) നമ്പർ 7791/2015/ധന. പ്രകാരവും ഭരണ വകുപ്പുകൾക്കും നിർവ്വഹണ ഏജൻസികൾക്കും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ടി ഉത്തരവുകൾ അനുബന്ധമായി *ചേർക്കുന്നു.

**ധനകാര്യ അസ്ഥിരത സംബന്ധിച്ച് സി.ആന്റ് എ.ജി.-യുടെ വെളിപ്പെടുത്തൽ**

54 (456) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം ധനകാര്യ അസ്ഥിരതയിലാണെന്ന സി.ആന്റ് എ.ജി.-യുടെ വെളിപ്പെടുത്തലിനോട് യോജിക്കുന്നുണ്ടോ; ആയതിന്മേലുള്ള നിലപാട് വ്യക്തമാക്കുമോ;

(ബി) 2016 മാർച്ച് 31-ലെ കണക്കനുസരിച്ച് സംസ്ഥാന വരുമാനത്തിന്റെ എത്ര ശതമാനമായിരുന്നു കടബാധ്യത; ഇതിന്റെ തോത് ഇപ്പോൾ എത്ര ശതമാനമായി കുറയുകയുണ്ടായി എന്നും വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തിന്റെ കടബാദ്ധ്യതയും വരുമാനവും തമ്മിലുള്ള തോത് 2010-11 മുതൽ 2014-15 വരെയുള്ള വർഷങ്ങളിൽ എത്ര ശതമാനം വീതമായിരുന്നു എന്ന് വ്യക്തമാക്കാമോ;

(ഡി) ധന ഉത്തരവാദിത്ത നിയമപ്രകാരം കടബാദ്ധ്യതകൾ സംസ്ഥാന വരുമാനത്തിന്റെ എത്ര ശതമാനം വരെയാകാം; സംസ്ഥാനത്തിന്റെ കടബാദ്ധ്യത ഇപ്പോൾ നിയന്ത്രണവിധേയമാണോ; വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(ബി) 2016 മാർച്ച് 31-ലെ കണക്കനുസരിച്ച് സംസ്ഥാനത്തിന്റെ കടബാദ്ധ്യത റവന്യൂ വരുമാനത്തിന്റെ 227.96 ശതമാനമായിരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കനുസരിച്ച് ഇത് 31-12-2016-ൽ 345.77 ശതമാനമാണ്.

(സി) 2010-11 മുതൽ 2014-15 വരെയുള്ള സംസ്ഥാനത്തിന്റെ കടബാദ്ധ്യതയും റവന്യൂ വരുമാനവും തമ്മിലുള്ള അനുപാതം ചുവടെ ചേർക്കുന്നു:

(ശതമാനത്തിൽ)

| | 2010-11 | 2011-12 | 2012-13 | 2013-14 | 2014-15 |
|---|---|---|---|---|---|
| കടബാദ്ധ്യത/ റവന്യൂ വരുമാന അനുപാതം | 253.86 | 235.25 | 234.63 | 242.00 | 233.72 |

(ഡി) 13-ാം ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം കടബാദ്ധ്യത സംസ്ഥാന റവന്യൂ വരുമാനത്തിന്റെ 300 ശതമാനത്തിനുള്ളിൽ നിർത്തേണ്ടതുണ്ട്. 2015-16-ൽ സംസ്ഥാനത്തിന്റെ കടബാദ്ധ്യത റവന്യൂ വരുമാനത്തിന്റെ 227.97 ശതമാനമായി നിലനിർത്താൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ ധന ഉത്തരവാദിത്ത നിയമപ്രകാരം 2015-16-ൽ കടബാദ്ധ്യത ജി.എസ്.ടി.പി.-യുടെ 31.34 ശതമാനത്തിൽ നിർത്തേണ്ടതുണ്ട്. 2015-16-ലെ യഥാർത്ഥ കണക്കനുസരിച്ച് കടബാദ്ധ്യത ജി.എസ്.ടി.പി.-യുടെ 26.75 ശതമാനമായി കുറച്ചുകൊണ്ടുവരുവാൻ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്.

**സംസ്ഥാന ഖജനാവിൽനിന്ന് നേരിട്ട് ശമ്പളം പറ്റുന്ന ജീവനക്കാർ**

55 (457) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഖജനാവിൽ നിന്ന് നേരിട്ട് ശമ്പളം പറ്റുന്ന അദ്ധ്യാപക-രുൾപ്പെടെയുള്ള സർക്കാർ ജീവനക്കാരുടെ നിലവിലെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) 1-4-2016 മുതൽ 31-1-2017 വരെ അദ്ധ്യാപകർ ഉൾപ്പെടെയുള്ള സർക്കാർ ജീവനക്കാർക്ക്, ശമ്പളവും അലവൻസുകളും യാത്രാപ്പടി ഉൾപ്പെടെയുള്ള മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ പ്രതിമാസാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(സി) 1-4-2016 മുതൽ 31-3-2017 വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ മുഴുവൻ സർക്കാർ സ്ഥാപനങ്ങളുടേയും വാടക, വൈദ്യുതി ചാർജ്ജ്, വെള്ളക്കരം ഉൾപ്പെടെയുള്ള നടത്തിപ്പ് ചെലവ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) സംസ്ഥാനത്തെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി 1-4-2016 മുതൽ 31-1-2017 വരെ ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാനത്തിന്റെ കടം വീട്ടുന്നതിനും പലിശ തിരിച്ചടക്കുന്നതിനുമായി എത്ര തുക 1-4-2016 മുതൽ 31-1-2017 വരെയുള്ള കാലയളവിൽ ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ;

(എഫ്) 1-4-2016 മുതൽ 31-1-2017 വരെയുള്ള കാലത്ത് സർവ്വീസിൽ നിന്നും വിരമിച്ചവരുടെ ആനുകൂല്യങ്ങൾ നൽകിയ വകയിൽ എത്ര തുകയാണ് ചെലവഴിച്ചത്; വിശദാംശം നൽകുമോ;

(ജി) 1-4-2016 മുതൽ 31-1-2017 വരെയുള്ള കാലയളവിൽ വിവിധ ഇനങ്ങളിലായി സർക്കാരിന്റെ മൊത്തം വരുമാനം എത്രയാണെന്ന് വ്യക്തമാക്കുമോ ; ഈ കാലയളവിൽ സർക്കാരിന്റെ ആകെ ചെലവ് എത്രയെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 2016-17 ബഡ്ജറ്റ് രേഖകൾ പ്രകാരം സംസ്ഥാന ഖജനാവിൽനിന്ന് നേരിട്ട് ശമ്പളം പറ്റുന്ന അദ്ധ്യാപകരുൾപ്പെടെയുള്ള സർക്കാർ ജീവനക്കാരുടെ എണ്ണം 508808 ആണ്.

(ബി) അക്കൗണ്ടന്റ് ജനറലിൽനിന്ന് ലഭ്യമായ പ്രാരംഭ കണക്കുകൾ പ്രകാരം 1-4-2016 മുതൽ 31-12-2016 വരെ അദ്ധ്യാപകരുൾപ്പെടെയുള്ള സർക്കാർ ജീവനക്കാർക്ക് ശമ്പളവും അലവൻസുകളും നൽകുന്നതിനായി ആകെ 21079.80 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| മാസം | തുക (കോടി) |
|---|---|
| ഏപ്രിൽ | 2446.89 |
| മേയ് | 2105.35 |
| ജൂൺ | 2369.13 |
| ജൂലൈ | 2274.49 |
| ആഗസ്റ്റ് | 2266.30 |

| | |
|---|---|
| സെപ്റ്റംബർ | 2895.43 |
| ഒക്ടോബർ | 2271.09 |
| നവംബർ | 2178.57 |
| ഡിസംബർ | 2272.55 |
| ആകെ | 21079.80 |

യാത്രാപ്പടി സംബന്ധിച്ചുള്ള കണക്കുകൾ ലഭ്യമായിട്ടില്ല.

(സി) നടപ്പുസാമ്പത്തിക വർഷം സംസ്ഥാനത്തെ മുഴുവൻ സർക്കാർ സ്ഥാപനങ്ങളിലെയും വാടകയിനത്തിൽ 37.79 കോടി രൂപയും വൈദ്യുതി ചാർജ്ജ് ഇനത്തിൽ 115.25 കോടി രൂപയും വെള്ളക്കരം ഇനത്തിൽ 37.11 കോടി രൂപയും നടത്തിപ്പ് ചെലവുകൾക്കായി വകയിരുത്തിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി 1-4-2016 മുതൽ 31-12-2016 വരെയുള്ള കാലയളവിൽ ആകെ 36311.05 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഇ) 1-4-2016 മുതൽ 31-12-2016 വരെ കടം വീട്ടുന്നതിനായി 4684.82 കോടി രൂപയും പലിശ തിരിച്ചടയ്ക്കുന്നതിനായി 7104.15 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

(എഫ്) 1-4-2016 മുതൽ 31-12-2016 വരെയുള്ള കാലത്ത് സർവ്വീസിൽ നിന്നും വിരമിച്ചവരുടെ ആനുകൂല്യങ്ങൾ നൽകിയ വകയിൽ 11108.95 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ജി) 1-4-2016 മുതൽ 31-12-2016 വരെയുള്ള കാലയളവിലെ ആകെ വരുമാനം 50407.49 കോടി രൂപയും ആകെ ചെലവ് 64147.21 കോടി രൂപയുമാണ്.

**ഇടക്കാല ബഡ്ജറ്റിലെ പദ്ധതികൾ**

56 (458) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ അവസാന കാലത്ത് അവതരിപ്പിച്ച ഇടക്കാല ബഡ്ജറ്റിൽ പറഞ്ഞ പദ്ധതികൾ ഈ സർക്കാർ ഉപേക്ഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇടക്കാല ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ ഒന്നും പുതിയ സർക്കാർ റദ്ദ് ചെയ്യുകയില്ലെന്ന് നിയമസഭയിൽ ബഹു. ധനകാര്യ മന്ത്രി പ്രഖ്യാപനം നടത്തിയിട്ടുണ്ടോ;

(ഡി) കഴിഞ്ഞ സർക്കാരിന്റെ ഇടക്കാല ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ള കാസർഗോഡ് നഗര വികസനത്തിനുള്ള 5 കോടി (ബഡ്ജറ്റ് പ്രസംഗം പേജ് നമ്പർ:19), ഇൻഡോർ സ്റ്റേഡിയം 2 കോടി (പേജ് നമ്പർ:53), കാസർഗോഡ് സിന്തറ്റിക്ക് സ്റ്റേഡിയം പത്ത് കോടി (ബഡ്ജറ്റ് പ്രസംഗം പേജ് നമ്പർ:53), എന്നീ പ്രവൃത്തികൾക്കുള്ള ഭരണാനുമതി എപ്പോൾ നൽകുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) ഇടക്കാല ബഡ്ജറ്റിൽ തുക ഉൾക്കൊള്ളിച്ചിട്ടുള്ള പദ്ധതികളൊന്നും ഉപേക്ഷിച്ചിട്ടില്ല. എന്നാൽ ഇടക്കാല ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ പരിശോധിച്ചശേഷം ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. വിവിധ പദ്ധതികളുടെ പൂർത്തീകരണം സംബന്ധിച്ച് ചീഫ് സെക്രട്ടറി തലത്തിൽ നിരീക്ഷണം നടക്കുന്നുണ്ട്. കൂടാതെ സാമ്പത്തിക ആസൂത്രണ വകുപ്പും ആസൂത്രണ ബോർഡും പദ്ധതി നടത്തിപ്പ് നിരീക്ഷിക്കുന്നുമുണ്ട്.

(സി) ഇല്ല.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

**കേന്ദ്ര സർക്കാർ വിഹിതം മടക്കി നൽകുന്ന പദ്ധതികൾ**

57 (459) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന പദ്ധതികളിൽ പദ്ധതി വിഹിതം പൂർണ്ണമായും കേന്ദ്രം മടക്കി നൽകുന്നവ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) 2016-17-ൽ ഇപ്രകാരമുള്ള ഓരോ പദ്ധതിയിലും വകയിരുത്തിയ തുകയെത്രയെന്നും അതിലെത്ര തുക 2017 ജനുവരി 31 വരെ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) സംസ്ഥാനത്ത് നടപ്പിലാക്കുന്ന പദ്ധതികളിൽ പദ്ധതി വിഹിതം പൂർണ്ണമായും കേന്ദ്രം മടക്കിനൽകുന്നവയിൽ വകയിരുത്തിയ തുകയും 2017 ജനവരി 31 വരെ ചെലവഴിച്ച തുകയും ഉൾക്കൊള്ളുന്ന പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

**കറൻസി പിൻവലിക്കൽ**

58 (460) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ കറൻസി പിൻവലിച്ച 2016 നവംബർ 8-ന് ശേഷം നാളിതുവരെ സംസ്ഥാന സർക്കാർ കണക്കുകൾ പ്രകാരം പ്രതീക്ഷിച്ച നികുതി വരുമാനം എത്ര എന്നും ഇതുവരെ നികുതി വരുമാനയിനത്തിൽ എത്ര തുക ലഭിച്ചു എന്നും എത്ര തുകയുടെ കുറവുണ്ടായി എന്നും വ്യക്തമാക്കുമോ;

(ബി) സംസ്ഥാന വരുമാനം വർദ്ധിപ്പിക്കാൻ നികുതിയേതര മാർഗ്ഗങ്ങൾ എന്തെങ്കിലും സ്വീകരിച്ചുവോ; എങ്കിൽ എന്ത് മാർഗ്ഗമാണ് സ്വീകരിച്ചത് എന്നും ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കുമോയെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത കാലയളവിൽ സർക്കാർ പ്രതീക്ഷിച്ചിരുന്ന വാറ്റ് നികുതി വരുമാനം എത്രയെന്നും വാറ്റ് ഇതര നികുതികൾ ഏതെല്ലാമെന്നും അവയിൽ പ്രതീക്ഷിച്ചത് എത്രയെന്നും പ്രത്യേകിച്ച് റവന്യൂ വരുമാനം പ്രതീക്ഷിച്ചത്, എക്സൈസ്, രജിസ്ട്രേഷൻ, ഗതാഗത നികുതികൾ, ലോട്ടറി, മോട്ടോർ വാഹന രജിസ്ട്രേഷൻ എന്നിവയിൽ എത്ര പ്രതീക്ഷിച്ചു എന്നും വ്യക്തമാക്കാമോ ; ഇവകളിൽ ഓരോന്നിലും പിരിഞ്ഞു കിട്ടിയ നികുതി തുക എത്രയെന്നും എത്ര തുകയുടെ കുറവുണ്ടായി എന്നും വ്യക്തമാക്കുമോ;

(ഡി) ഇത്തരത്തിൽ സർക്കാർ നടത്തിപ്പിനായി വേണ്ടിവരുന്നതും ലഭിക്കേണ്ടതുമായ നികുതി തുകകളിൽ വന്ന കുറവ്, സർക്കാരിനെ എത്തരത്തിൽ ബാധിച്ചു എന്നും ഇതിൽ നിന്നും ജനങ്ങളെ രക്ഷിക്കാൻ സർക്കാർ എന്ത് നടപടികൾ സ്വീകരിച്ചു വരുന്നു എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാർ കറൻസി പിൻവലിച്ച ശേഷം ഓരോ വകുപ്പും പ്രതീക്ഷിച്ച നികുതി വരുമാനത്തിൽ വന്ന കുറവ് ചുവടെ ചേർക്കുന്നു:-

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വാണിജ്യനികുതി വകുപ്പ് ഡിസംബർ-ജനുവരി മാസങ്ങളിൽ പ്രതീക്ഷിച്ച ആകെ നികുതി വരുമാനം 6329 കോടി രൂപയായിരുന്നു. എന്നാൽ 5479.39 കോടി രൂപയാണ് ലഭ്യമായിട്ടുള്ളത്. പ്രസ്തുത കാലയളവിൽ എക്സൈസ് വകുപ്പ് പ്രതീക്ഷിച്ച നികുതി വരുമാനം 541.22 കോടി രൂപയായിരുന്നു. എന്നാൽ ഈ കാലയളവിൽ ലഭിച്ച തുക 439.65 കോടി രൂപയാണ്. പ്രതീക്ഷിച്ച നികുതി വരുമാനത്തിൽ 101.57 കോടി രൂപയുടെ കുറവുണ്ടായി. രജിസ്ട്രേഷൻ വകുപ്പിൽ ഈ കാലയളവിൽ പ്രതീക്ഷിച്ച നികുതി വരുമാനം 839.40 കോടി രൂപയായിരുന്നു. എന്നാൽ 527.6 കോടി രൂപയാണ് നികുതി വരുമാനമായി ലഭിച്ചത്. അതായത് 311.80 കോടി രൂപയുടെ കുറവുണ്ട്. ലാന്റ് റവന്യൂ ഇനത്തിൽ 90 കോടി രൂപയും റവന്യൂ റിക്കവറി ഇനത്തിൽ 205.14 കോടി രൂപയും പ്രതീക്ഷിച്ചതിൽ യഥാക്രമം 72.66 കോടി രൂപയും 157.90 കോടി രൂപയും മാത്രമേ പിരിച്ചെടുക്കാൻ സാധിച്ചിട്ടുള്ളൂ. മോട്ടോർ വാഹന വകുപ്പ് പ്രസ്തുത കാലയളവിൽ പ്രതീക്ഷിച്ച നികുതി വരുമാനം 722.04 കോടി രൂപയായിരുന്നു. അതിൽ 605.56 കോടി രൂപയാണ് പിരിച്ചെടുത്തിട്ടുള്ളത്. 116.48 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്.

(ബി) വാണിജ്യ നികുതി, ലാന്റ് റവന്യൂ, രജിസ്ട്രേഷൻ എന്നീ വകുപ്പുകൾ വരുമാനം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി നികുതിയേതര മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടില്ല. എക്സൈസ് വകുപ്പ് വഴിയുള്ള നികുതിയേതര വരുമാനം പ്രധാനമായും അബ്കാരി കുറ്റകൃത്യങ്ങളുടെ കോമ്പൗണ്ടിംഗ്, കേസുകളിൽ പിടിച്ചെടുത്ത വാഹനങ്ങളുടെ വില്പന മുതലായ ഇനങ്ങളിലാണ് ലഭിക്കുന്നത്. എക്സൈസ് വകുപ്പിന്റെ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഈ ഇനങ്ങളിലുള്ള വരുമാന വർദ്ധനവിന് കാരണമായിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിൽ വാഹന പരിശോധന, റവന്യൂ റിക്കവറി, സേവനങ്ങൾക്കുള്ള സർവ്വീസ് ചാർജ്ജ് എന്നിവയിലൂടെ റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) വാണിജ്യ നികുതി വകുപ്പ് പ്രതീക്ഷിച്ച വാറ്റ് വരുമാനം 3238 കോടി രൂപയായിരുന്നു. ഇതിൽ 2832.6 കോടി രൂപയുടെ വരുമാനം ലഭിച്ചു. 405.40 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. ടി കാലയളവിൽ പ്രതീക്ഷിച്ച വാറ്റ് ഇതര നികുതി വരുമാനം 3091 കോടി രൂപയായിരുന്നു. എന്നാൽ ലഭിച്ച നികുതി വരുമാനം 2646.79 കോടി രൂപയാണ്. ഈ ഇനത്തിൽ 444.21 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പ് പ്രസ്തുത കാലയളവിൽ പ്രതീക്ഷിച്ച നികുതി വരുമാനം 722.04 കോടി രൂപയായിരുന്നു. അതിൽ 605.56 കോടി രൂപയാണ് പിരിച്ചെടുത്തിട്ടുള്ളത്. 116.48 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. പ്രസ്തുത കാലയളവിൽ എക്സൈസ് വകുപ്പ് പ്രതീക്ഷിച്ച നികുതി വരുമാനം 541.22 കോടി രൂപയായിരുന്നു. എന്നാൽ ഈ കാലയളവിൽ ലഭിച്ച തുക

439.65 കോടി രൂപയാണ്. പ്രതീക്ഷിച്ച നികുതി വരുമാനത്തിൽ 101.57 കോടി രൂപയുടെ കുറവുണ്ടായി. രജിസ്ട്രേഷൻ വകുപ്പിൽ ഈ കാലയളവിൽ പ്രതീക്ഷിച്ച നികുതി വരുമാനം 839.40 കോടി രൂപയായിരുന്നു. എന്നാൽ 527.6 കോടി രൂപയാണ് നികുതി വരുമാനമായി ലഭിച്ചത്. അതായത് 311.80 കോടി രൂപയുടെ കുറവുണ്ട്. ലാന്റ് റവന്യൂ ഇനത്തിൽ 90 കോടി രൂപയും റവന്യൂ റിക്കവറി ഇനത്തിൽ 205.14 കോടി രൂപയും പ്രതീക്ഷിച്ചതിൽ യഥാക്രമം 72.66 കോടി രൂപയും 157.90 കോടി രൂപയും മാത്രമേ പിരിച്ചെടുക്കാൻ സാധിച്ചിട്ടുള്ളൂ. സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ 2016-17 സാമ്പത്തിക വർഷം നവംബർ മുതൽ ഫെബ്രുവരി വരെ പ്രതീക്ഷിച്ച വരുമാനം 2973 കോടി രൂപയായിരുന്നു. ഇതിൽ 21-2-2017 വരെ ലഭിച്ച വരുമാനം 1895.79 കോടി രൂപയാണ്. അതായത് 1077.21 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്.

(ഡി) നോട്ട് നിരോധനംമൂലം സർക്കാരിന് ലഭിക്കേണ്ട നികുതി വരുമാനത്തിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. എന്നാൽ ഇത് ജനങ്ങളെ പ്രതികൂലമായി ബാധിക്കാതിരിക്കുന്നതിന് പരമാവധി ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.

## കേന്ദ്ര ഗവൺമെന്റിൽ സമർപ്പിച്ച പദ്ധതികൾ

59 (461) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പ്രത്യേക സാമ്പത്തിക സഹായം അനുവദിച്ചുകിട്ടുന്നതിനായി കേന്ദ്ര ഗവൺമെന്റിൽ സമർപ്പിച്ച പദ്ധതികളുടെ വകുപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഏതെല്ലാം പ്രൊപ്പോസലുകൾ കേന്ദ്ര ഗവൺമെന്റ് പരിഗണിക്കുകയും സഹായം അനുവദിക്കുകയും ചെയ്യുകയുണ്ടായി; വകുപ്പ് തിരിച്ച് ലഭ്യമായ തുകയുടെ വിശദാംശങ്ങൾ നൽകുമോ?

### ഉത്തരം

(എ) 1. ധന ഉത്തരവാദിത്ത ബഡ്ജറ്റ് മാനേജ്മെന്റ് (FRBM) നിയമം ഭേദഗതി വരുത്തിക്കൊണ്ട് നിലവിലെ കടമെടുപ്പ് പരിധി 3%-ൽ നിന്നും 4% ആയി വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

2. നോട്ട് പിൻവലിക്കൽമൂലം അസംഘടിത മേഖലയിൽ ധാരാളം പേർക്ക് തൊഴിൽ നഷ്ടപ്പെടുകയുണ്ടായി. നിലവിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ 40 മുതൽ 50 ദിവസംവരെ തൊഴിൽ

നൽകുന്നതിനുള്ള ഫണ്ട് മാത്രമേ കേന്ദ്രത്തിൽനിന്ന് അനുവദിക്കുന്നുള്ളൂ. ആയതിനാൽ 100 ദിവസത്തേയ്ക്കും തൊഴിൽ നൽകുന്നതിനാവശ്യമായ തുക വർദ്ധിപ്പിച്ച് നൽകുവാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGA) യിൻകീഴിൽ തൊഴിൽ ദിനം 100 ദിവസമായി ഉയർത്തുന്നതിനായി ഫണ്ട് വർദ്ധിപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

3. നോട്ട് പിൻവലിക്കൽമൂലം സംസ്ഥാനത്തിന്റെ സഹകരണ മേഖല സ്തംഭനാവസ്ഥയിലായി. സഹകരണ മേഖലയെ പൂർവ്വസ്ഥിതിയിലാക്കുന്നതിന് നടപടി കൈക്കൊള്ളണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

4. വിലതകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി റബ്ബറിന് മിനിമം വില ഉറപ്പുവരുത്തുന്നതിനായി ഒരു റബ്ബർ വിലസ്ഥിരതാ പദ്ധതിയുടെ സഹായത്തിനായി ആവശ്യപ്പെട്ടിട്ടുണ്ട്.

5. നോട്ട് പിൻവലിക്കൽ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തെ വളരെയധികം ദോഷകരമായി ബാധിച്ചതിനാൽ കേന്ദ്രാവിഷ്കൃത പദ്ധതിയിനത്തിലും സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര സഹായയിനത്തിലുമുള്ള വിഹിതത്തിൽ വർദ്ധന യുണ്ടാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

6. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ FACT-ന് കൂടുതൽ വിഹിതം നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) വിലയിടിവിൽനിന്നും റബ്ബർ കർഷകരെ സഹായിക്കുന്നതിനായി സംസ്ഥാനത്ത് പാലക്കാട് ജില്ലയ്ക്കായി ഒരു റവന്യൂ ഇൻഷ്വറൻസ് സ്കീം 2017-18 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നതിനായി കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്.

**പബ്ലിക് ലൈബ്രറികൾക്ക് കെട്ടിടനിർമ്മാണം**

60 (462) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് സംസ്ഥാന ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പബ്ലിക് ലൈബ്രറികൾക്ക് കെട്ടിട നിർമ്മാണത്തിന് ഏതെങ്കിലും തടസ്സങ്ങളുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് ഒഴിവാക്കി എം.എൽ.എ ആസ്തി വികസന ഫണ്ടിൽ നിന്നും ഗ്രന്ഥശാലകൾക്ക് കെട്ടിടം പണിയാൻ ഫണ്ട് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) പൊതു ഇടങ്ങൾ ഇല്ലാതാവുന്ന പുതിയ കാലത്ത് നാട്ടിലെ ഏറ്റവും മികച്ച പൊതു ഇടമായ ഗ്രന്ഥശാലകളുടെ കാര്യത്തിൽ എം.പി. ഫണ്ട്/എം.എൽ.എ. ഫണ്ട് വിനിയോഗിക്കുന്നതിൽ കൂടുതൽ ഇളവ് അനുവദിക്കുമോ?

ഉത്തരം

(എ) സർക്കാർ ഉടമസ്ഥതയിൽ മൂലധനസ്വഭാവമുള്ള ദീർഘകാലം നിലനിൽക്കുന്ന ആസ്തികളുടെ നിർമ്മാണമാണ് ആസ്തി വികസന പദ്ധതി വിഭാവന ചെയ്യുന്നത്. പഞ്ചായത്ത് ലൈബ്രറികൾക്ക് ആസ്തി വികസന ഫണ്ടുപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിവരുന്നുണ്ട്. എന്നാൽ സംസ്ഥാന ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പല ലൈബ്രറികളുടെയും ഉടമസ്ഥാവകാശം അവ രജിസ്റ്റർ ചെയ്തിട്ടുള്ള സൊസൈറ്റികൾക്കാണ്. അത്തരം ലൈബ്രറികളുടെ കെട്ടിട നിർമ്മാണത്തിന് ആസ്തി വികസന പദ്ധതിയിൽനിന്നും ധനസഹായം അനുവദനീയമല്ല.

(ബി & സി) ആസ്തി വികസന പദ്ധതിയുടെ മാനദണ്ഡങ്ങളിൽ ഇളവുവരുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**കറൻസി പിൻവലിക്കലിലൂടെ ഉണ്ടായ നഷ്ടം**

61 (463) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നികുതിയേതര വരുമാനങ്ങൾ ഏതെല്ലാം മേഖലയിൽ നിന്നും ലഭിക്കുന്നു എന്നും കറൻസി പിൻവലിക്കൽ പ്രഖ്യാപിച്ചതുമൂലം ഈ മേഖലയിൽ വന്നിട്ടുള്ള വരുമാനത്തിലെ കുറവ് ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ എന്തെല്ലാമാണെന്നും അത് സർക്കാരിനെയും സംസ്ഥാനത്തെയും എത്തരത്തിൽ ബാധിച്ചുവെന്നും വ്യക്തമാക്കാമോ;

(ബി) ലോട്ടറി വരുമാനത്തെയും പ്രസ്തുത മേഖലയിലെ പ്രവർത്തനത്തെയും അത് എങ്ങനെ ബാധിച്ചു എന്ന വിശദാംശം ലഭ്യമാക്കാമോ;

(സി) സംസ്ഥാന സഹകരണ ബാങ്ക് ഉൾപ്പെടെ സഹകരണമേഖലയെയും, കാർഷിക/വ്യവസായ മേഖലകളിലെ സഹകരണ സംഘങ്ങളെയും പ്രസ്തുത കേന്ദ്ര സർക്കാർ പ്രഖ്യാപനവും നടപടികളും എത്തരത്തിൽ ബാധിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) കെ.എസ്.എഫ്.ഇ. പോലുള്ള പൊതുമേഖലാ ധനകാര്യ സ്ഥാപനങ്ങളെയും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളെയും ഈ പ്രഖ്യാപനവും നടപടികളും എത്തരത്തിൽ ബാധിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഇ) കേന്ദ്ര സർക്കാരിന്റെ നോട്ട് പിൻവലിക്കൽ നടപടിയിലൂടെ പ്രവർത്തനം മന്ദീഭവിച്ച ഇത്തരം സ്ഥാപനങ്ങളെ രക്ഷിക്കാനും സംസ്ഥാന സർക്കാർ വരുമാനം വർദ്ധിപ്പിക്കുവാനും എന്ത് തുടർ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ നികുതിയേതര വരുമാനം ലഭിക്കുന്ന മേഖലകൾ അനുബന്ധമായി ചേർക്കുന്നു.* 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം നികുതിയേതര വരുമാനത്തിൽ 27 ശതമാനം വളർച്ചയാണ് പ്രതീക്ഷിച്ചിരുന്നത്. 2016 ഒക്ടോബർ 31 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം നികുതിയേതര വരുമാനത്തിൽ 25 ശതമാനം വളർച്ച രേഖപ്പെടുത്തുകയുണ്ടായി. എന്നാൽ കറൻസി പിൻവലിക്കൽ പ്രഖ്യാപിച്ചതിനു ശേഷം 2016 ഡിസംബർ 31 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം ഇത് 16 ശതമാനത്തിലേക്ക് ഇടിയുകയുണ്ടായി. സംസ്ഥാനത്തിന്റെ നികുതിയേതര വരുമാനത്തിന്റെ സിംഹഭാഗവും ലഭിക്കുന്നത് ലോട്ടറിയിൽനിന്നാണ്. കേന്ദ്ര സർക്കാർ 8-11-2016 മുതൽ 500, 1000 രൂപ നോട്ടുകൾ അസാധുവായി പ്രഖ്യാപിച്ചതിനെ തുടർന്ന് ഭാഗ്യക്കുറി ഏജന്റുമാർക്ക് ലോട്ടറി ഓഫീസുകളിൽനിന്നും ടിക്കറ്റുകൾ വാങ്ങാൻ സാധിക്കാതെ വരികയും തന്മൂലം സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകളുടെ വില്പനയിലും വരുമാനത്തിലും ഗണ്യമായ കുറവുണ്ടായി.

(ബി) കേന്ദ്ര സർക്കാർ കറൻസി പിൻവലിച്ച 2016 നവംബർ 8-ന് ശേഷം നാളിതുവരെ (ഫെബ്രുവരി 21) ലോട്ടറി വിൽപ്പനയിൽ താഴെപ്പറയുംവിധം വരുമാനത്തിൽ കുറവുണ്ടായി:

| മാസം | പ്രതീക്ഷിച്ച വരുമാനം (കോടി രൂപയിൽ) | ലഭിച്ച വരുമാനം (കോടി രൂപയിൽ) |
|---|---|---|
| നവംബർ 2016 | 740 | 372.70 |
| ഡിസംബർ 2016 | 743 | 521.46 |
| ജനുവരി 2017 | 745 | 564.74 |
| ഫെബ്രുവരി 2017 | 745 | 436.89 (21-2-2017 വരെ) |

നവംബർ മാസത്തിൽ 8 നറുക്കെടുപ്പുകൾ റദ്ദാക്കുകയും 10 നറുക്കെടുപ്പുകൾ <u>നീട്ടിവയ്ക്കുകയും ചെയ്തിട്ടുണ്ട്. കറൻസി പിൻവലിക്കുന്നതിനുമുമ്പ് 30 രൂപ മുഖവിലയുള്ള</u>

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

അക്ഷയ, ഭാഗ്യനിധി എന്നീ ഭാഗ്യക്കുറികൾ 87.5 ലക്ഷം ടിക്കറ്റുകൾ വീതവും 50 രൂപ മുഖവിലയുള്ള സ്ത്രീശക്തി, കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ഭാഗ്യക്കുറികൾ 40 ലക്ഷം ടിക്കറ്റുകൾ വീതവുമാണ് അച്ചടിച്ചിരുന്നത്. നോട്ട് അസാധുവാക്കലിനെ-ത്തുടർന്ന് ഏജന്റുമാർക്ക് ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിൽനിന്ന് ടിക്കറ്റുകൾ വാങ്ങാൻ സാധ്യമാകാത്തതിനെ തുടർന്ന് 30 രൂപ ഭാഗ്യക്കുറികളുടെ അച്ചടി 60 ലക്ഷമായും 50 രൂപ ഭാഗ്യക്കുറികളുടെ അച്ചടി 30 ലക്ഷമായും കുറച്ചിരുന്നു.

(സി) 8-11-2016 അർദ്ധരാത്രി മുതൽ സഹകരണ സംഘങ്ങൾക്ക് അവരുടെ പക്കലുള്ള 500, 1000 രൂപ കറൻസികൾ കൈമാറ്റം ചെയ്യാൻ സാധിക്കാത്ത അവസ്ഥ സംജാതമായി. 9-11-2016-ന് സഹകരണ സംഘങ്ങളിൽ സാമ്പത്തിക ഇടപാടുകൾ നടന്നിട്ടില്ല. 10-11-2016 മുതൽ 14-11-2016 വരെ മേൽപ്പറഞ്ഞ പ്രാഥമിക സഹകരണ സംഘങ്ങൾ സ്വീകരിച്ച 500, 1000 കറൻസികൾ ജില്ലാ സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കാൻ കഴിയാത്ത അവസ്ഥയുണ്ടായി. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ജില്ലാ സഹകരണ ബാങ്കുകളിൽനിന്നും ഒരാഴ്ചയിൽ 24,000 രൂപ മാത്രമേ ഒരു അക്കൗണ്ടിൽനിന്നും പിൻവലിക്കാൻ കഴിഞ്ഞുള്ളൂ. സഹകരണ മേഖലയിലെ 1.90 കോടി ഇടപാടുകാരുടെ ദൈനംദിന ആവശ്യങ്ങൾ നിറവേറ്റുന്നതിന് തുച്ഛമായ ഈ തുക തികച്ചും അപര്യാപ്തമായിരുന്നു. ഒരു പ്രാഥമിക സംഘത്തിൽ ശരാശരി 10,000-ത്തോളം ഇടപാടുകാരുണ്ട്. സാധുവായ കറൻസി ഉപയോഗിച്ച് (പുതിയ 2000 നോട്ടുൾപ്പെടെ) നാമമാത്രമായ ഇടപാടുകൾ മാത്രമേ സംഘങ്ങളിൽ നടന്നുള്ളൂ. സംഘങ്ങളുടെ പ്രധാന ബിസിനസ്സായ വായ്പാ വിതരണവും തിരിച്ചടവും നിക്ഷേപവുമുൾപ്പെടെയുള്ള ഇടപാടുകൾ തടസ്സപ്പെട്ടു. വായ്പേതര പ്രവർത്തനങ്ങൾ (കൺസ്യൂമർ സ്റ്റോർ, നീതി സ്റ്റോർ, നീതി മെഡിക്കൽ സ്റ്റോർ, വളം ഡിപ്പോ, ക്ലിനിക്കൽ ലാബ് തുടങ്ങിയവ) പ്രാഥമിക സംഘങ്ങൾ നടത്തുന്ന ദൈനംദിന പ്രവർത്തനങ്ങൾ എല്ലാം മുടങ്ങി. വിവാഹം, ചികിത്സ തുടങ്ങിയ ആവശ്യങ്ങൾക്ക് സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്ത ആളുകൾക്ക് വായ്പാ തുക യഥാസമയം നൽകുവാൻ സാധിച്ചില്ല. കെട്ടിടനിർമ്മാണം, വിദ്യാഭ്യാസം എന്നീ ആവശ്യങ്ങൾക്കായി സംഘങ്ങളിൽനിന്നും നിക്ഷേപ തുക പിൻവലിക്കാനാകാതെ വരുന്നത് സാധാരണക്കാരുടെ ദുരിതം വർദ്ധിപ്പിച്ചു. കാർഷിക വായ്പാ വിതരണവും തിരിച്ചടവും പൂർണ്ണമായി നിലച്ചത് കർഷകരെയും ദുരിതത്തിലാക്കി. പ്രാഥമിക സഹകരണ സംഘങ്ങളിൽ അക്കൗണ്ടുള്ള അംഗങ്ങൾ അവരുടെ എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ച തുക ജില്ലാ സഹകരണ ബാങ്കിലെ കറണ്ട് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ട സാഹചര്യം വന്നു. ഇത് പ്രാഥമിക സംഘങ്ങൾക്ക് നഷ്ടത്തിന് കാരണമായി. സഹകരണ ബാങ്കിലെ സ്വർണ്ണപ്പണയം ഉൾപ്പെടെയുള്ള വായ്പകൾക്ക് പണം നൽകാൻ

സഹകരണ സംഘങ്ങൾക്ക് കഴിഞ്ഞില്ല. ദൈനംദിന സാമ്പത്തിക ആവശ്യങ്ങൾക്ക് സഹകരണ ബാങ്കുകളെ ആശ്രയിച്ചിരുന്ന ഗ്രാമീണ ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാൻ കഴിയാത്തതിനാൽ ജനജീവിതം ദുരിതപൂർണ്ണമായിത്തീർന്നു.

(ഡി) കെ.എസ്.എഫ്.ഇ. പോലുള്ള ധനകാര്യ സ്ഥാപനങ്ങളെയും മറ്റു പൊതുമേഖലാ സ്ഥാപനങ്ങളെയും ഈ പ്രഖ്യാപനങ്ങളും നടപടികളും വലിയ രീതിയിൽ ബാധിച്ചിട്ടുണ്ട്. കെ.എസ്.എഫ്.ഇ.-യെ സംബന്ധിച്ചിടത്തോളം പണമടയ്ക്കൽ, ചിട്ടി തവണകളുടെ ദിവസ പിരിവ്, ലോൺ തിരിച്ചടയ്ക്കൽ, കുടിശ്ശിക തിരിച്ചടയ്ക്കൽ എന്നിവയിന്മേലുള്ള പണമിടപാട് ഈ പ്രഖ്യാപനത്തിനുശേഷമുള്ള ആദ്യ ആഴ്ചയിൽ 40 ശതമാനത്തിലേറെ കുറഞ്ഞിരുന്നു. കെ.എസ്.എഫ്.ഇ.-യുടെ നവംബർ മാസത്തെ കളക്ഷനിൽ ഒക്ടോബർ 2016-നെ അടിസ്ഥാനമാക്കി നോക്കുമ്പോൾ 21.97 ശതമാനത്തിന്റെ കുറവുണ്ടായിട്ടുണ്ട്.

(ഇ) വിദേശ മലയാളികളുടെകൂടി പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് കെ.എസ്.എഫ്.ഇ. പോലെയുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ കാതലായ മാറ്റം വരുത്തിക്കൊണ്ട് നിലവിലുള്ള മാന്ദ്യം മറികടക്കാൻ ആലോചിക്കുന്നു. കൂടാതെ ഇത്തരം പൊതു ധനകാര്യ സ്ഥാപനങ്ങൾ ഇ-പേയ്മെന്റ് ഉൾപ്പെടെയുള്ള ഡിജിറ്റൽ സാധ്യതകൾ ഉപയോഗിച്ചുകൊണ്ട് ബിസിനസ്സ് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരികയാണ്.

**സ്കൂൾ വിദ്യാർത്ഥികളുടെ സമ്പാദ്യശീലം വളർത്തുന്നതിന് പദ്ധതികൾ**

62 (464) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികളുടെ സമ്പാദ്യശീലം വളർത്തുന്നതിന് വേണ്ടി ഏതെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; വിശദീകരിക്കുമോ;

(ബി) കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിന്റെ ശാഖകൾ വഴി സ്കൂൾ വിദ്യാർത്ഥികളുടെ സമ്പാദ്യ പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ;

(സി) സംസ്ഥാന ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള ഏതെങ്കിലും സ്ഥാപനങ്ങൾ ഇപ്പോൾ ഈ പദ്ധതി നടപ്പിലാക്കിവരുന്നുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) സ്കൂൾ വിദ്യാർത്ഥികളുടെ സമ്പാദ്യശീലം വളർത്തുന്നതിനുവേണ്ടി 'എഡ്യൂ കെയർ ചിട്ടി' എന്ന പദ്ധതി നിലവിലുണ്ടായിരുന്നു. എന്നാൽ ഉദ്ദേശിച്ച രീതിയിലുള്ള പ്രതികരണം ലഭിക്കാത്തതുമൂലം ഇപ്പോൾ ഈ പദ്ധതിയിൽ അംഗങ്ങളെ ചേർക്കുന്നില്ല.

(സി) ഇല്ല.

**പ്രത്യേക വികസന നിധി, ആസ്തി വികസന നിധി എന്നിവയുടെ വിനിയോഗം**

63 (465) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. യുടെ പ്രത്യേക വികസന നിധി (എസ്.ഡി.എഫ്.) യിൽ ഒരു വർഷത്തേയ്ക്ക് അനുവദിക്കുന്ന തുക അതേ വർഷം തന്നെ വിനിയോഗിക്കണമെന്നുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ചുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) ഇല്ലെങ്കിൽ അടുത്ത വർഷം ആ ഫണ്ട് ഉപയോഗിക്കാമോ ;

(ഡി) ഒരു എം.എൽ.എ. യുടെ കാലാവധിയായ 5 വർഷം തനിക്ക് അനുവദിക്കപ്പെട്ട സ്പെഷ്യൽ വികസന നിധി (എസ്.ഡി.എഫ്.) വിനിയോഗിക്കാൻ കഴിഞ്ഞില്ലെങ്കിൽ അടുത്ത 5 വർഷത്തേയ്ക്ക് എം.എൽ.എ. ആയി തിരഞ്ഞെടുക്കുന്ന വ്യക്തിക്ക് ആ ഫണ്ട് വിനിയോഗിക്കാൻ സാധിക്കുമോ; ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ഇ) എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടിൽ ഒരു വർഷത്തേയ്ക്ക് അനുവദിക്കുന്ന തുക അതേ വർഷം തന്നെ വിനിയോഗിക്കണം എന്നുണ്ടോ;

(എഫ്) എങ്കിൽ ഇതു സംബന്ധിച്ചുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ജി) ഇല്ലെങ്കിൽ അടുത്ത വർഷം ആ ഫണ്ട് ഉപയോഗിക്കാമോ; ഒരു എം.എൽ.എ. യുടെ കാലാവധിയായ 5 വർഷം തനിക്ക് അനുവദിക്കപ്പെട്ട ആസ്തി വികസന നിധി വിനിയോഗിക്കാൻ കഴിഞ്ഞില്ലെങ്കിൽ അടുത്ത 5 വർഷത്തേയ്ക്ക് എം.എൽ.എ. ആയി തിരഞ്ഞെടുക്കുന്ന വ്യക്തിക്ക് ആ ഫണ്ട് വിനിയോഗിക്കാൻ സാധിക്കുമോ ; ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

<u>ഉത്തരം</u>

(എ-സി) അതാത് സാമ്പത്തിക വർഷത്തേയ്ക്കായി അനുവദിക്കുന്ന തുക വിനിയോഗിക്കുന്നതിനായി പ്രസ്തുത സാമ്പത്തിക വർഷംതന്നെ ശിപാർശകൾ കളക്ടറേറ്റുകളിൽ സമർപ്പിക്കേണ്ടതാണ്. ഇതുസംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ.(പി) നമ്പർ 247/2004/ധന. തീയതി 27-5-2004-ൽ പരാമർശിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ഡി) അതെ. 27-12-2011-ലെ 87/2011/ധന നമ്പർ സർക്കുലറിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ഇ & എഫ്) അതെ. അതാത് സാമ്പത്തിക വർഷത്തേയ്ക്കായി അനുവദിക്കുന്ന തുക വിനിയോഗിക്കുന്നതിനായി പ്രസ്തുത സാമ്പത്തിക വർഷം തന്നെ ശിപാർശകൾ ധനകാര്യ വകുപ്പിൽ സമർപ്പിക്കേണ്ടതാണ്. ഇതുസംബന്ധിച്ചുള്ള വിശദവിവരങ്ങൾ 11-6-2012-ലെ സ.ഉ.(പി) നമ്പർ 332/2012/ധന. 7-9-2016-ലെ സർക്കുലർ നമ്പർ 74/2016/ധന എന്നിവയിൽ പ്രതിപാദിച്ചിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു*

(ജി) 13-ാം കേരള നിയമസഭയിലെ അംഗങ്ങൾക്ക് 2012-13 സാമ്പത്തിക വർഷം മുതൽ ആരംഭിച്ച ആസ്തി വികസന പദ്ധതിയുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച് 12-4-2016-ലെ സർക്കുലർ നമ്പർ 33/2016/ധന. പ്രകാരം 2016-17 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതത്തിൽനിന്നും 1-4-2016-ന് ശേഷം 2012-2013 മുതൽ 2015-16 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ അവശേഷിക്കുന്ന ഫണ്ട് കൂടി ഉൾപ്പെടുത്തി നിർദ്ദേശിക്കുന്ന പ്രവൃത്തികൾ അനുവദിക്കുന്നതല്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

**വാർഷിക പദ്ധതിയിലെ ചെലവ്**

64 (466) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുസാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ വാർഷിക പദ്ധതിക്കായി എത്ര കോടി രൂപയാണ് നീക്കിവെച്ചതെന്ന് വെളിപ്പെടുത്തുമോ;

(ബി) വാർഷിക പദ്ധതിയിൽ നാളിതുവരെ എത്ര കോടി രൂപ ഓരോ വകുപ്പുകളും ചെലവഴിച്ചുവെന്ന് വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) വാർഷിക പദ്ധതിയിൽ ജനുവരി 31-നകം എന്തു തുക ചെലവിടണമെന്നാണ് നിഷ്കർഷിച്ചിരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) വാർഷിക പദ്ധതിയുടെ ചെലവ് കൂട്ടാൻ ഏതെങ്കിലും പ്രത്യേക ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത ഉത്തരവുകളിലെ പ്രധാന നിർദ്ദേശങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) നടപ്പ് സാമ്പത്തികവർഷം സംസ്ഥാനത്തിന്റെ വാർഷിക പദ്ധതിക്കായി 30,570.17 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്.

(ബി) വാർഷിക പദ്ധതിയിൽ ജനുവരി 31 വരെ ഓരോ വകുപ്പും ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) വാർഷിക പദ്ധതിയിൽ ജനുവരി 31-നകം എത്ര തുക ചെലവഴിക്കണമെന്ന് നിഷ്കർഷിച്ചിട്ടില്ല. ത്രൈമാസാടിസ്ഥാനത്തിലാണ് ടാർജറ്റ് നിശ്ചയിച്ചിരിക്കുന്നത്.

(ഡി&ഇ) 12-1-2017-ലെ 2/2017/ധന. നമ്പർ സർക്കുലർ പ്രകാരം കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ചെലവ് വർദ്ധിപ്പിക്കുന്നതിനായി കേന്ദ്ര വിഹിതം ലഭ്യമാകുന്നതുവരെ കാത്തുനിൽക്കാതെ സംസ്ഥാന വിഹിതം റിലീസ് ചെയ്ത് നൽകുന്നതിനുള്ള നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*)

**കാർഷിക മേഖലയ്ക്കും കാർഷികേതര മേഖലയ്ക്കുമായുള്ള നിർദ്ദേശങ്ങൾ**

65 (467) ശ്രീ. കെ. കൃഷ്ണൻകുട്ടി:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. സി. കെ. നാണു:
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-2018 വർഷത്തെ കേന്ദ്ര സർക്കാർ ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ സംസ്ഥാന സർക്കാർ സമർപ്പിച്ച കാർഷികമേഖലയ്ക്കും കാർഷികേതര മേഖലയ്ക്കുമായുള്ള നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) 2017-2018 കേന്ദ്ര ബഡ്ജറ്റിൽ സംസ്ഥാനത്തെ പ്രതികൂലമായി ബാധിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) 2017-2018 കേന്ദ്ര ബഡ്ജറ്റിൽ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി വകയിരുത്തിയിരിക്കുന്ന കേന്ദ്രവിഹിതം എത്രയാണെന്ന വിവരങ്ങൾ തരം തിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര സർക്കാർ ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ സംസ്ഥാന സർക്കാർ സമർപ്പിച്ച കാർഷിക മേഖലയ്ക്കായുള്ള നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്:

1. ASEAN രാജ്യങ്ങളുമായുള്ള പ്രാദേശിക സമഗ്ര സാമ്പത്തിക പങ്കാളിത്ത പ്രശ്നങ്ങളെ സംബന്ധിച്ചുള്ള കൂടിയാലോചനകളിൽ സംസ്ഥാന പ്രതിനിധിയെക്കൂടി ഉൾപ്പെടുത്തൽ.

2. റബ്ബർ കർഷകർക്ക് മിനിമം താങ്ങുവില ഉറപ്പാക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന റബ്ബർ വിലസ്ഥിരതാ പദ്ധതിക്ക് വേണ്ടുന്ന കേന്ദ്രസഹായത്തിനുള്ള നിർദ്ദേശം

കേന്ദ്ര സർക്കാർ ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ സംസ്ഥാന സർക്കാർ സമർപ്പിച്ച കാർഷികേതര മേഖലയ്ക്കായുള്ള നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്:

1. സംസ്ഥാനത്തിന് AIIMS അനുവദിക്കുന്നതിനായി കോഴിക്കോട് ജില്ലയിലെ കിനാലൂർ, തിരുവനന്തപുരം ജില്ലയിലുള്ള നെട്ടുകാൽത്തേരി, കോട്ടയം മെഡിക്കൽ കോളേജ് ക്യാമ്പസ്, എറണാകുളം ജില്ലയിലെ കളമശ്ശേരി എന്നിവിടങ്ങളിൽ സ്ഥലങ്ങൾ കണ്ടെത്തി കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചു.
2. ഇടപ്പള്ളി-അരൂർ-ചേർത്തല പാതകളെ ദേശീയപാതാ വികസന പദ്ധതികളുടെ ഭാഗമാക്കി മാറ്റണമെന്ന നിർദ്ദേശം
3. പാലക്കാട് റെയിൽ കോച്ച് ഫാക്ടറി സ്ഥാപിക്കൽ.
4. തിരുവനന്തപുരം-ചെങ്ങന്നൂർ സബർബൻ റെയിൽ സർവ്വീസ്.
5. ഗുരുവായൂർ-തിരുനാവായ റെയിൽപാതയുടെ നിർമ്മാണത്തിനുള്ള നിർദ്ദേശം.
6. കൊച്ചിൻ അന്താരാഷ്ട്ര വിമാനത്താവളത്തിൽ പൂർണ്ണ രൂപത്തിലുള്ള റെയിൽവേ സ്റ്റേഷൻ സ്ഥാപിക്കൽ.
7. കൊച്ചി-മധുരൈ റെയിൽപാതാ നിർമ്മാണത്തിനുള്ള നിർദ്ദേശം.
8. തലശ്ശേരി-മൈസൂർ റെയിൽവേ പാതയുടെ സാധ്യതാ പഠനത്തിനുള്ള നിർദ്ദേശം.

9. 2011-12-ൽ കേന്ദ്ര റെയിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള ചേർത്തലയിലെ വാഗൺ നിർമ്മാണ ഫാക്ടറി.

10. പുനലൂർ-ചെങ്കോട്ട റെയിൽവേ ഗേജ് മാറ്റം പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശം.

11. തിരുവനന്തപുരത്ത് ലൈഫ് സയൻസ് പാർക്ക് സ്ഥാപിക്കൽ.

12. കണ്ണൂർ ജില്ലയിലെ മട്ടന്നൂരിൽ അഡ്വാൻസ്ഡ് ടെക്നോളജി സെന്റർ സ്ഥാപിക്കൽ.

13. പൊതുവിതരണ സംവിധാനംവഴി മീൻപിടുത്തത്തിനായി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് നൽകിവരുന്ന മണ്ണെണ്ണയുടെ അളവ് നിലവിലുള്ള 2525 KL ആയി തന്നെ നിലനിർത്തുന്നതിനുള്ള നടപടി സ്വീകരിക്കൽ.

14. മത്സ്യഫെഡിന്റെ കീഴിലെ നിലവിലുള്ള 15 ബങ്കുകളിൽ ആവശ്യമായ അളവിൽ കൃത്യസമയത്ത് മണ്ണെണ്ണ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കൽ.

15. ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡിനെ സ്വതന്ത്ര സംരംഭമാക്കുന്നതിനും പ്രസ്തുത സംരംഭത്തിന്റെ കടബാദ്ധ്യത തീർക്കുന്നതിനും നവീകരണത്തിനും ആവശ്യമായ നടപടി സ്വീകരിക്കൽ.

16. തിരുവനന്തപുരത്ത് പ്ലാസ്റ്റിക് പാർക്ക് സ്ഥാപിക്കൽ.

17. കൊച്ചിയിൽ ഫാർമാ പാർക്ക് സ്ഥാപിക്കൽ.

18. കൊച്ചിയിൽ പെട്രോ കെമിക്കൽ പാർക്ക് സ്ഥാപിക്കൽ.

19. ഫാക്ട് (FACT)-നെ ശക്തിപ്പെടുത്തുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനുമായി ഫലപ്രദവും ചെലവുകുറഞ്ഞതുമായ യൂറിയ പ്ലാന്റ് സ്ഥാപിക്കൽ.

20. കൊച്ചിയിൽ HOCL (Hindustan Organic Chemicals Ltd.) യൂണിറ്റ് നിർത്തലാക്കാനുള്ള തീരുമാനം പുനഃപരിശോധിക്കൽ.

21. ഡിജിറ്റൽ ലിറ്ററസി ക്യാമ്പെയിൻ, സ്കൂളുകളിലെ ഇലക്ട്രോണിക് ആന്റ് ഐ.ടി. ഇന്നവേഷൻ ലബോറട്ടറികൾ എന്നിവയ്ക്ക് വേണ്ടുന്ന കേന്ദ്ര സഹായത്തിനുള്ള നിർദ്ദേശം.

22. FRBM Act ഭേദഗതി ചെയ്തുകൊണ്ട് വായ്പാപരിധി സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ നിലവിലെ 3%-ൽ നിന്നും 4% ആയി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കൽ.

23. നോട്ട് അസാധുവാക്കലിന്റെ ഫലമായി മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ വളർച്ചയിലുണ്ടായ മുരടിപ്പ് കണക്കിലെടുത്തുകൊണ്ട് സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ പദ്ധതികളുടെ നിക്ഷേപത്തിനായി ഒരു സാമ്പത്തിക ഉദ്ദീപന പാക്കേജ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കൽ.

24. നോട്ട് അസാധുവാക്കലിന്റെ ഫലമായി സംസ്ഥാനത്തിന്റെ അസംഘടിത സഹകരണ മേഖലകളിലുണ്ടായ തളർച്ചയെ നേരിടുന്നതിനും പ്രസ്തുത മേഖലകളെ സാധാരണഗതിയിലാക്കുന്നതിനുമുള്ള നടപടി കൈക്കൊള്ളൽ.

25. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREG) വിഹിതം 100 പ്രവൃത്തി ദിനങ്ങളിലേക്ക് ഉയർത്തുന്നതിനുള്ള നടപടി കൈക്കൊള്ളൽ

26. കേന്ദ്രാവിഷ്കൃത പദ്ധതികൾ, സംസ്ഥാനത്ത് നടപ്പിലാക്കുന്ന മറ്റ് കേന്ദ്രസഹായ പദ്ധതികൾ എന്നിവയ്ക്കുള്ള കേന്ദ്ര വിഹിതം സമയബന്ധിതമായി അനുവദിക്കുന്നതിനും പ്രസ്തുത പദ്ധതികളിലെ വ്യവസ്ഥകൾ സംസ്ഥാനത്തിന് അനുയോജ്യമായ രീതിയിൽ ലഘൂകരിക്കുന്നതിനുമായുള്ള നടപടി സ്വീകരിക്കൽ.

(ബി) കേന്ദ്ര ബഡ്ജറ്റിൽ സംസ്ഥാനത്തെ പ്രതികൂലമായി ബാധിക്കുന്ന കാര്യങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചുവരുന്നു. സംസ്ഥാനത്തിന്റെ വിവിധ പദ്ധതി നിർദ്ദേശങ്ങൾ കേന്ദ്രത്തിന് സമർപ്പിച്ചിരുന്നെങ്കിലും വേണ്ടത്ര പരിഗണന ലഭിക്കുകയുണ്ടായില്ല. സംസ്ഥാനത്തെ പ്രതികൂലമായി ബാധിക്കുന്ന കാര്യങ്ങ-ളുണ്ടെങ്കിൽ അതുൾപ്പെടെയുള്ള വിഷയങ്ങൾ വിവിധ ഘട്ടങ്ങളിലായി കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

(സി) സംസ്ഥാനത്ത് നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി വകയിരുത്തിയിരിക്കുന്ന കേന്ദ്രവിഹിതം സംബന്ധിച്ച തരംതിരിച്ചുള്ള കണക്കുകൾ 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വെളിപ്പെടുത്തുന്നതാണ്.

**ഒറ്റൂർ-ആലംകോട്-കിളിമാനൂർ റോഡിന്റെ അനുമതി**

66 (468) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 സാമ്പത്തിക വർഷം കിഫ്ബിയിൽപ്പെടുത്തി 25 കോടി അനുവദിച്ച ഒറ്റൂർ-ആലംകോട്-കിളിമാനൂർ റോഡിന്റെ അനുമതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഒറ്റൂർ-ആലംകോട്-കിളിമാനൂർ റോഡ് 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി

പ്രഖ്യാപിച്ചിട്ടുള്ളതാണ്. പ്രസ്തുത റോഡ് പദ്ധതിയുടെ വിശദാംശങ്ങൾ കിഫ്ബി വെബ്സൈറ്റിൽ ഭരണ വകുപ്പ് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ 23-11-2016-ലെ സ.ഉ. (സാധാ.) 1619/2016/പൊ.മ.വ. ഉത്തരവ് പ്രകാരം കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന എല്ലാ പൊതുമരാമത്ത് പ്രവൃത്തികൾക്കും ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ്സ് തയ്യാറാക്കിയിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഒറ്റൂർ-ആലംകോട്-കിളിമാനൂർ റോഡ് പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ്സ് നാളിതുവരെ പൂർത്തിയായിട്ടില്ല. ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ്സ് പൂർത്തിയാക്കി ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതി കിഫ് ബോർഡിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതാണ്.

**പ്രാദേശിക വികസന ഫണ്ട്**

67 (469) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.മാരുടെ പ്രാദേശിക വികസന ഫണ്ട് പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാ-മാണെന്ന് വ്യക്തമാക്കുമോ;

(ബി) ജില്ലാ കളക്ടേറ്റുകളിൽ ഓരോ മണ്ഡലത്തിനും പ്രത്യേകമായി ട്രഷറി/ബാങ്ക് അക്കൗണ്ടുകളുണ്ടോ ;

(സി) ഇല്ലെങ്കിൽ മണ്ഡലാടിസ്ഥാനത്തിൽ ട്രഷറി/ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ട് പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് 27-5-2004-ലെ സ.ഉ.(പി) നമ്പർ 247/2004/ ധന. ഉത്തരവിൽ വിശദമായ മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 20-11-2009-ലെ സ.ഉ.(പി) നമ്പർ 518/2009/ധന. പ്രകാരം ജില്ലാ കളക്ടറും നിർവ്വഹണ ഏജൻസികളുടെ പ്രതിനിധികളും അംഗങ്ങളായിട്ടുള്ള ഒരു കൺസൾട്ടേറ്റീവ് കമ്മിറ്റി ജില്ലാതലത്തിൽ രൂപവത്കരിക്കുകയും പ്രവൃത്തികളുടെ പുരോഗതി മേൽനോട്ടം നടത്തുകയും ചെയ്യണമെന്ന് ഉത്തരവായിട്ടുണ്ട്. 21-6-2012-ലെ സർക്കുലർ നമ്പർ 40/2012/ധന. പ്രകാരം പ്രതിമാസ ചെലവ് സ്റ്റേറ്റ്മെന്റ് അടുത്ത മാസം 5-ാം തീയതിക്ക് മുമ്പുതന്നെ ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പിന് സമർപ്പിക്കേണ്ടതാണെന്നും 4-6-2013-ലെ സർക്കുലർ നമ്പർ 50/2013/ധന.

പ്രകാരം എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികളെ സംബന്ധിച്ച് ജില്ലാ ധനകാര്യ പരിശോധനാ സ്ക്വാഡുകൾ നാല് മാസത്തിലൊരിക്കൽ അതാത് ജില്ലകളിൽ പരിശോധന നടത്തി പരിശോധനാ റിപ്പോർട്ട് ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പിന് സമർപ്പിക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇല്ല.

(സി) ഒരു ജില്ലയിലെ എല്ലാ മണ്ഡലങ്ങൾക്കുമായി എം.എൽ.എ. എസ്.ഡി.എഫ്.-ൽ അനുവദിക്കുന്ന തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് ജില്ലാ കളക്ടറുടെ പേരിൽ ഒരു റ്റി.എസ്.ബി. അക്കൗണ്ടാണ് ആരംഭിച്ചിട്ടുള്ളത്. ഓരോ എം.എൽ.എ.-യ്ക്കും പ്രത്യേകം പ്രത്യേകം രജിസ്റ്ററുകൾ എല്ലാ ജില്ലാ കളക്ടറേറ്റുകളിലും സൂക്ഷിക്കുന്നുണ്ട്. മണ്ഡലാടിസ്ഥാനത്തിൽ റ്റി.എസ്.ബി. അക്കൗണ്ട് ആരംഭിക്കുന്നത് പ്രായോഗികമല്ല.

**പെൻഷൻ ബാധ്യത**

68 (470) <u>ശ്രീ. സണ്ണി ജോസഫ്</u>:
<u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ ഒരു വർഷത്തെ പെൻഷൻ ബാധ്യത എത്ര കോടി രൂപയാണെന്ന് വിശദമാക്കുമോ;

(ബി) 2017-18 സാമ്പത്തിക വർഷം സർക്കാർ സർവ്വീസിൽ നിന്നും എത്ര പേർ വിരമിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പെൻഷൻ പ്രായം 56-ൽ നിന്നും 57 ആയി ഉയർത്തുവാൻ ധനകാര്യ വകുപ്പ് ശിപാർശ ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇക്കാര്യത്തിലുള്ള സർക്കാർ നിലപാട് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2015-16 സാമ്പത്തിക വർഷത്തിൽ 13062.86 കോടി രൂപ പെൻഷൻ ഇനത്തിൽ ചെലവായിട്ടുണ്ട്.

(ബി) 2017-18 സാമ്പത്തിക വർഷം സർക്കാർ സർവ്വീസിൽനിന്നും 22661 പേർ വിരമിക്കുന്നുണ്ട്.

(സി) ഇല്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**പുതുക്കിയ ബഡ്ജറ്റ് പ്രകാരം പ്രതീക്ഷിച്ച വരുമാനം**

69 (471) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം പുതുക്കിയ ബജറ്റ് പ്രകാരം സംസ്ഥാനം പ്രതീക്ഷിച്ച വരുമാനം ഏതെല്ലാം സ്രോതസ്സുകളിൽ നിന്നും എത്ര കോടി രൂപ വീതമായിരുന്നു; കേന്ദ്ര ഗവൺമെന്റിൽ നിന്നുള്ളവയും സംസ്ഥാനത്ത് നിന്നുള്ളവയും ഓരോ ഇനവും എത്ര വീതമായിരുന്നു;

(ബി) പ്രതീക്ഷിച്ച വരുമാനത്തിൽ കേന്ദ്ര ഗവൺമെന്റിൽ നിന്നും സംസ്ഥാനത്തുനിന്നും തന്നാണ്ടിൽ 2017 ജനുവരി 31 വരെ ലഭിച്ച തുക ഓരോ ഇനത്തിലും എത്ര വീതമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ & ബി) 2016-17 സാമ്പത്തിക വർഷം അവതരിപ്പിച്ച പുതുക്കിയ ബഡ്ജറ്റ് പ്രകാരം വിവിധ സ്രോതസ്സുകളിൽനിന്നും പ്രതീക്ഷിക്കുന്ന വരുമാനവും അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2016 ഡിസംബർ 31 വരെ ഓരോ ഇനത്തിലും ലഭിച്ച തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)

| | 2016-17-ൽ പ്രതീക്ഷിക്കുന്നത് | 2016 ഡിസംബർ 31 വരെ ലഭിച്ചത് |
|---|---|---|
| സംസ്ഥാനത്തിന്റെ തനത് വരുമാനം | 47613.61 | 30214.66 |
| സംസ്ഥാനത്തിന്റെ നികുതിയേതര വരുമാനം | 11359.52 | 5277.54 |
| കേന്ദ്ര നികുതി വിഹിതം | 14282.00 | 9567.59 |
| കേന്ദ്ര ധനസഹായം | 11361.72 | 5347.70 |

## പുതുക്കിയ വാർഷിക പദ്ധതിയിൽ തദ്ദേശസ്ഥാപനങ്ങൾക്കായി അനുവദിച്ച തുക

70 (472) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം പുതുക്കിയ വാർഷിക പദ്ധതിയിൽ തദ്ദേശ സ്ഥാപനങ്ങൾക്കായി എത്ര കോടി രൂപയാണ് നീക്കിവച്ചിരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സാമ്പത്തിക വർഷം അവസാനിക്കാൻ ദിവസങ്ങൾ മാത്രം അവശേഷിക്കെ ഇതിൽ എത്ര ശതമാനം ചെലവഴിക്കപ്പെട്ടു എന്നും ഇത് പദ്ധതി ചെലവിനായി നിശ്ചിയിച്ചിരുന്ന ലക്ഷ്യത്തിന്റെ അടുത്ത് എത്തിയോ എന്നും വ്യക്തമാക്കുമോ;

(സി) സാമ്പത്തിക വർഷത്തിന്റെ അവസാനമാസത്തിൽ പണത്തിന്റെ ഭൂരിഭാഗവും തിരക്കിട്ട് ചെലവാക്കുന്ന രീതി പദ്ധതി പ്രവർത്തനങ്ങളുടെ സുതാര്യതയും കാര്യക്ഷമതയും ഇല്ലാതാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്ന- തിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാമോ?

ഉത്തരം

(എ) 5724.76 കോടി രൂപ

(ബി) 2017 ജനുവരി 31 വരെ 23% ചെലവഴിക്കപ്പെട്ടു.

(സി) ഇക്കാര്യം ഗൗരവപൂർവ്വം പരിശോധിക്കുന്നതാണ്.

## ആവർത്തന ചെലവുകൾ

71 (473) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ പ്രതിമാസ വരവും ചെലവും എത്ര വീതമെന്ന് വ്യക്തമാക്കുമോ ;

(ബി) 2016-17-ലെ വാർഷിക പദ്ധതിക്ക് വേണ്ടി വാങ്ങിയ വായ്പകൾ ആവർത്തന ചെലവുകൾക്കായി വകമാറ്റേണ്ടി വന്നിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ 31-12-2016 വരെയുള്ള താൽക്കാലിക കണക്കുകൾ പ്രകാരം ഈ സാമ്പത്തിക വർഷത്തിലെ (2016-17) ശരാശരി പ്രതിമാസ റവന്യൂ വരവ് 5600.83 കോടി രൂപയും ശരാശരി പ്രതിമാസ റവന്യൂ ചെലവ് 7142.31 കോടി രൂപയുമാണ്.

(ബി) വാർഷിക പദ്ധതിക്കായി വായ്പയെടുക്കുന്ന തുകയിൽ ഒരു ഭാഗം ആവർത്തന ചെലവുകൾക്കായി ചെലവഴിക്കാറുണ്ട്. വായ്പയെടുത്ത മുഴുവൻ തുകയും സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. സഞ്ചിതനിധിയിൽ മറ്റു വരുമാനങ്ങൾകൂടി ഉൾപ്പെടുന്നതിനാൽ വായ്പയെടുത്ത തുക ഏതൊക്കെ ചെലവുകൾക്കായി എത്രവീതം വിനിയോഗിക്കപ്പെട്ടെന്ന് വേർതിരിക്കാനാവില്ല.

**പഴയങ്ങാടി സബ്ട്രഷറി കെട്ടിടനിർമ്മാണം**

72 (474) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 27-1-2011-ൽ ഭരണാനുമതി ലഭിച്ചതും ഇൻകെൽ ഉപേക്ഷിച്ചതുമായ പഴയങ്ങാടി സബ്ട്രഷറി കെട്ടിട നിർമ്മാണം പുതിയ ഏജൻസിയെ എല്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ട്രഷറി കെട്ടിട നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയും; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. 15-11-2016-ലെ സ.ഉ.(സാധാ.) നമ്പർ 8959/2016/ധന. പ്രകാരം പഴയങ്ങാടി സബ്ട്രഷറി കെട്ടിട നിർമ്മാണം ഇൻകെൽ വഴി കിഫ്ബി നിക്ഷേപം ഉപയോഗിച്ച് നിർവ്വഹിക്കുവാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(ബി) കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ (കിഫ്ബി) ധനസഹായം ലഭ്യമാകുന്നതിന് പഴയങ്ങാടി സബ്ട്രഷറി കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് ഉൾപ്പെടുന്ന പ്രോജക്ട് റിപ്പോർട്ട് കിഫ്ബിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയുടെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിക്കുവാൻ കഴിയുന്നതാണ്.

**ബഡ്ജറ്റിൽ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും**

73 (475) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി 2014-15, 2015-16 സാമ്പത്തിക വർഷത്തിൽ ബജറ്റിൽ വകയിരുത്തപ്പെട്ട തുകയും യഥാർത്ഥത്തിൽ ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) മേൽപ്പറഞ്ഞ ഓരോ സാമ്പത്തിക വർഷവും പഞ്ചായത്തുകൾ, ബ്ലോക്കുകൾ, ജില്ലാ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവ വഴി ചെലവഴിക്കാൻ ബജറ്റിൽ വകയിരുത്തപ്പെട്ട തുക എത്ര വീതമായിരുന്നു; പദ്ധതി നിർവ്വഹണം നടന്നിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ മാത്രം ഇവ ഓരോന്നും വഴി ചെലവഴിച്ച തുക എത്ര വീതം എന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുകയും അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം സഞ്ചിതനിധിയിൽനിന്ന് ചെലവഴിച്ച തുകയും താഴെ പറയും പ്രകാരമാണ്:

| സാമ്പത്തിക വർഷം | ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുക (ഉപധനാഭ്യർത്ഥനകൾ ഉൾപ്പെടെ) | സഞ്ചിത നിധിയിൽനിന്നും ചെലവഴിച്ച തുക (തുക കോടിയിൽ) |
|---|---|---|
| 2014-15 | 7507.48 | 7453.64 |
| 2015-16 | 7664.78 | 5028.92 |

(ബി) 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുകയും അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം സഞ്ചിത നിധിയിൽനിന്നും ചെലവഴിച്ച തുകയും സംബന്ധിച്ച വിവരങ്ങൾ ചുവടെ പറയുംപ്രകാരമാണ്:

| തദ്ദേശ സ്വയംഭരണ സ്ഥാപനം | 2014-15 | | 2015-16 | |
|---|---|---|---|---|
| | ബജറ്റിൽ വകയിരുത്തിയ തുക (ഉപധനാഭ്യർത്ഥനകൾ ഉൾപ്പെടെ) | സഞ്ചിത നിധിയിൽ നിന്നും ചെലവഴിച്ച തുക | ബഡ്ജറ്റിൽ വകയിരുത്തിയ തുക (ഉപധനാഭ്യർത്ഥനകൾ ഉൾപ്പെടെ) | സഞ്ചിത നിധിയിൽ നിന്നും ചെലവഴിച്ച തുക |
| | | | | (തുക കോടിയിൽ) |
| 1 | 2 | 3 | 4 | 5 |
| ഗ്രാമ പഞ്ചായത്തുകൾ | 4424.89 | 4382.14 | 4476.31 | 2995.70 |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്തുകൾ | 717.71 | 717.16 | 730.61 | 580.57 |
| ജില്ലാ പഞ്ചായത്തുകൾ | 935.92 | 935.92 | 1023.08 | 495.38 |
| മുനിസിപ്പാലിറ്റികൾ | 776.88 | 766.35 | 779.79 | 577.28 |
| കോർപ്പറേഷനുകൾ | 652.07 | 652.07 | 654.98 | 379.99 |

**നിലമ്പൂർ സബ്ട്രഷറിക്ക് വേണ്ട കെട്ടിടങ്ങളും സൗകര്യങ്ങളും**

74 (476) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനർ ഇറിഗേഷൻ വകുപ്പ് വിട്ടുനൽകിയ സ്ഥലത്ത് നിലമ്പൂർ സബ്-ട്രഷറിക്ക് വേണ്ട കെട്ടിടങ്ങളും സൗകര്യങ്ങളും നിർമ്മിക്കുന്നതിനുള്ള നടപടിയെ സംബന്ധിച്ച് വിശദമാക്കാമോ;

(ബി) സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ ഇപ്പോൾ ഏത് ഓഫീസിലാണ് ഉള്ളതെന്നും നിർമ്മാണത്തിനുള്ള കാലതാമസത്തിന്റെ കാരണമെന്തെന്നും വിശദമാക്കാമോ;

(സി) ട്രഷറി ഓഫീസുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ധനകാര്യ വകുപ്പിന്റെ കൈവശം എത്ര രൂപ നീക്കിയിരിപ്പുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) നിലമ്പൂരിൽ സബ് ട്രഷറി നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) മൈനർ ഇറിഗേഷൻ വകുപ്പിന്റെ സ്ഥലം ട്രഷറി വകുപ്പിന് കൈമാറിക്കിട്ടിയിട്ടില്ല. ആയതിനുവേണ്ടിയുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ ഇപ്പോൾ നിലമ്പൂർ താലൂക്ക് ഓഫീസിലാണുള്ളത്. സ്ഥലം ട്രഷറി വകുപ്പിന് കൈമാറി ലഭിക്കാത്തതിനാലാണ് കെട്ടിട നിർമ്മാണം വൈകുന്നത്.

(സി) '2054-00-095-96 അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തലും എ.ടി.എം. -ഉം സെൻട്രൽ സർവ്വർ സമ്പ്രദായം നടപ്പാക്കലും' എന്ന ശീർഷകത്തിൽ 7.35 കോടി രൂപ നീക്കിയിരിപ്പുണ്ട്.

(ഡി) നിലമ്പൂർ ട്രഷറി നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

**ചരക്ക് സേവന നികുതി**

75 (477) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നികുതി നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ കുറവ് വരുന്നത് ഏത് രീതിയിൽ പരിഹരിക്കപ്പെടുമെന്നാണ് കരുതുന്നത്;

(ബി) സംസ്ഥാനത്തിന്റെ വാർഷിക നികുതി വർദ്ധനവ് അനുസരിച്ചുള്ള നികുതി വരുമാനം ജി.എസ്.ടി. വഴി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ;

(സി) കേന്ദ്രസർക്കാരിൽ നിന്നും സംസ്ഥാനത്തിന്റെ നികുതി നഷ്ടത്തിന് പരിഹാരമായി തുക ലഭിക്കാനിടയുണ്ടോ; എങ്കിൽ ഇത് കേന്ദ്രസർക്കാർ ഏത് രീതിയിൽ നൽകണമെന്നത് സംബന്ധിച്ച് സർക്കാർ ഏതെങ്കിലും നിർദ്ദേശം കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തിന്റെ പരിധിയിൽ വരുന്ന ഏതെല്ലാം വിഷയങ്ങൾ ജി.എസ്.ടി.യിൽ നിന്നും ഒഴിവാക്കാനാണ് സർക്കാർ കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുള്ളത്?

ഉത്തരം

(എ-സി) ചരക്ക് സേവന നികുതി നടപ്പിലാക്കുമ്പോൾ 2015-16-ലെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14% വർദ്ധനവ് വർഷംതോറും കണക്കാക്കി ആദ്യ അഞ്ചുവർഷത്തേയ്ക്ക് സംസ്ഥാനങ്ങൾക്ക് പൂർണ്ണമായി നഷ്ടപരിഹാരം നൽകുന്നതാണെന്ന വ്യവസ്ഥ GST Compensation Act-ൽ ഉൾപ്പെടുത്തണമെന്ന് ജി.എസ്.ടി. കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്.

ജി.എസ്.ടി. പ്രാപ്യസ്ഥാനാധിഷ്ഠിത നികുതിയായതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് നേട്ടം പ്രതീക്ഷിക്കുന്നു. കൂടാതെ സേവന മേഖലയിലും സംസ്ഥാനത്തിന് നികുതി ചുമത്താം. ആയതിനാൽ കേരളത്തിന് നികുതി വർദ്ധനവ് ഉണ്ടാവുമെന്നുതന്നെയാണ് പ്രതീക്ഷ.

(ഡി) ലോട്ടറിയെ ജി.എസ്.ടി.-യിൽനിന്നും ഒഴിവാക്കണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഈ ആവശ്യം അംഗീകരിക്കപ്പെട്ടിട്ടില്ല.

**നികുതിയേതര വരുമാനം**

76 (478) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ 2016-17 സാമ്പത്തിക വർഷത്തെ നികുതിയേതര വരുമാനം 2017 ജനുവരി 31 വരെ എത്രയാണ്; വിശദാംശം നൽകുമോ;

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ പ്രതീക്ഷിച്ച നികുതിയേതര വരുമാനം പൂർണ്ണമായും പിരിച്ചെടുക്കാൻ സാധിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കുമോ;

(ഡി) 2017-18 സാമ്പത്തികവർഷം നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദാംശം നൽകുമോ?

ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 2016 ഡിസംബർ 31 വരെയുള്ള നികുതിയേതര വരുമാനം 5277,53,89,189 രൂപയാണ്. (2017 ജനുവരി മാസത്തെ കണക്കുകൾ ഔദ്യോഗികമായി പുറപ്പെടുവിച്ചിട്ടില്ല.)

(ബി) അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തികവർഷം പ്രതീക്ഷിത വരുമാനത്തിന്റെ 46.46% 2016 ഡിസംബർ 31 വരെ ലഭിച്ചിട്ടുണ്ട്.

(സി) നോട്ട് പിൻവലിച്ചതുമൂലം നടപ്പുസാമ്പത്തികവർഷം മുൻ വർഷങ്ങളെ അപേക്ഷിച്ച് ലഭിച്ചുകൊണ്ടിരുന്ന നികുതിയേതര വരുമാനത്തിൽ പ്രതീക്ഷിച്ച വർദ്ധനവിൽ കുറവുണ്ടായിട്ടുണ്ട്. നികുതി വരുമാന വളർച്ചാനിരക്കിലും കുറവുണ്ടായിട്ടുണ്ട്.

(ഡി) 23-9-2014-ലെ സ.ഉ.(പി) നമ്പർ 409/2014/ധന പ്രകാരമാണ് അവസാനമായി നികുതിയേതര നിരക്കുകൾ പുതുക്കി നിശ്ചയിച്ചത്. നിലവിലെ നിരക്കുകൾ പുനഃപരിശോധിക്കേണ്ട സാഹചര്യം നിലവിലില്ല.

## നികുതിയേതര വരുമാനം വർദ്ധിപ്പിക്കാൻ നടപടി

77 (479) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം നികുതിയേതര വരുമാനം വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) നികുതിയേതര വരുമാനത്തിൽ ഈ വർഷം ഇതുവരെ എത്ര ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) നോട്ട് പിൻവലിച്ചതുമൂലം ഖജനാവിന് എത്ര കോടി രൂപയുടെ വരുമാന നഷ്ടമുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 23-9-2014-ലെ സ.ഉ.(പി) നമ്പർ 409/2014/ധന. പ്രകാരമാണ് അവസാനമായി നികുതിയേതര നിരക്കുകൾ പുതുക്കി നിശ്ചയിച്ചത്. നിലവിലെ നിരക്കുകൾ പുനഃപരിശോധിക്കേണ്ട സാഹചര്യം നിലവിലില്ല.

(ബി & സി) അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷത്തെ ഡിസംബർ 31 വരെയുള്ള സമാഹരണവുമായി താരതമ്യം ചെയ്യുമ്പോൾ നടപ്പ് സാമ്പത്തിക വർഷം ഡിസംബർ 31 വരെ 16.46% തുക കൂടുതലായി സമാഹരിച്ചിട്ടുണ്ട്. എങ്കിലും നോട്ട് പിൻവലിച്ചതുമൂലം നടപ്പുസാമ്പത്തിക വർഷം മുൻവർഷങ്ങളെ അപേക്ഷിച്ച് ലഭിച്ചുകൊണ്ടിരുന്ന നികുതിയേതര വരുമാനത്തിൽ പ്രതീക്ഷിച്ച വർദ്ധനവിൽ കുറവുണ്ടായിട്ടുണ്ട്. നികുതി വരുമാന വളർച്ചാനിരക്കിലും ഇടിവുണ്ടായിട്ടുണ്ട്.

## ഒറ്റപ്പാലം ബൈപ്പാസ് റോഡ് നിർമ്മാണം

78 (480) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം ബൈപ്പാസ് റോഡ് നിർമ്മാണത്തിനായി 2016-17 വർഷത്തെ ബജറ്റിൽ എത്ര തുകയാണ് നീക്കി വച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ബൈപ്പാസ് റോഡ് നിർമ്മിക്കുന്നതിനായി ഭരണവകുപ്പ് ധനകാര്യവകുപ്പിന് പ്രോപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പ്രൊപ്പോസൽ ധനകാര്യവകുപ്പ് പരിശോധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഒറ്റപ്പാലം ബൈപ്പാസ് റോഡ് നിർമ്മാണത്തിനായി മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ 15 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി & സി) ഒറ്റപ്പാലം ബൈപ്പാസ് റോഡിന്റെ നിർമ്മാണം കിഫ്ബിയുടെ പ്രവൃത്തികളിൽ ഉൾപ്പെടുത്തി 15 കോടി രൂപയ്ക്ക് 27-9-2016-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1324/2016/പൊതുമരാമത്ത് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കിഫ്ബിയുടെ പദ്ധതികൾ**

79 (481) ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ പ്രഥമ ഡയറക്ടർ ബോർഡ് യോഗത്തിൽ വിവിധ വകുപ്പുകൾക്ക് വ്യത്യസ്ത പദ്ധതികൾ നടപ്പിലാക്കുന്നതിനായി അനുവദിച്ച തുകയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇതിൽ എന്ത് തുക ഓരോ വകുപ്പിനും നൽകി;

(സി) അനുവദിച്ച പദ്ധതികളുടെ നിലവിലുള്ള അവസ്ഥയെന്തെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) കിഫ് ബോർഡ് പുനഃസംഘടിപ്പിച്ചതിനുശേഷമുള്ള ആദ്യ ബോർഡ് യോഗം 7-11-2016-ൽ ചേരുകയും 4004.86 കോടി രൂപയുടെ ധനസഹായം ഒന്നാം ഘട്ട പദ്ധതികൾക്കായി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.* ബോർഡ് അംഗീകരിച്ച പദ്ധതികൾക്ക് ധനസഹായം അനുവദിക്കുന്നതിന് പദ്ധതി നിർവ്വഹണ ഏജൻസികൾ (SPV) പദ്ധതി പ്രവൃത്തികൾ ടെൻഡർ ചെയ്യുകയും തുടർന്ന് കോൺട്രാക്ട് ഒപ്പിടുന്നതോടൊപ്പം പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട Work Breakdown Structure (WBS) ഓൺലൈനായി കിഫ്ബിക്ക് സമർപ്പിക്കേണ്ടതുമുണ്ട്. ഈ സംവിധാനമനുസരിച്ച് പ്രോജക്ട് നിർവ്വഹണ ചെലവുകൾ നിശ്ചയിക്കപ്പെട്ടിട്ടുള്ള ഘട്ടങ്ങളിൽ നേരിട്ട് സപ്ലൈയർ, കോൺട്രാക്ടർ, സേവന ദാതാവ് മുതലായവരുടെ നിശ്ചിത ബാങ്ക് അക്കൗണ്ടിൽ നേരിട്ട് ലഭ്യമാക്കാനുള്ള ഡയറക്ട് ബെനിഫിറ്റ് സംവിധാനം കിഫ്ബി-യിൽ ഏർപ്പെടുത്തുന്നതിനുള്ള

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നടപടികൾ സമാന്തരമായി പുരോഗമിച്ച് അന്തിമ ഘട്ടത്തിലാണ്. ഈ സംവിധാനമനുസരിച്ചുള്ള നടപടിക്രമങ്ങൾ പാലിച്ച് പദ്ധതി നിർവ്വഹണ ഏജൻസികൾ നിർവ്വഹണ പ്രക്രിയ ആരംഭിച്ച് കോൺട്രാക്ടർ, സപ്ലൈയർ, സേവന ദാതാവ് എന്നിവരുടെ ബില്ലുകൾ പ്രകാരം പേയ്മെന്റ് നിർദ്ദേശിക്കുന്ന മുറയ്ക്ക് കിഫ്ബി ധനസഹായം നൽകിത്തുടങ്ങുന്നതാണ്.

(സി) കിഫ് ബോർഡ് അംഗീകരിച്ച പദ്ധതികളുടെ വകുപ്പുതിരിച്ചുള്ള പ്രവർത്തന പുരോഗതി അനുബന്ധമായി ചേർത്തിരിക്കുന്നു.*

## സാമ്പത്തിക ക്രമക്കേട് കേസ്സുകളിൽ അന്വേഷണം

80 (482) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര സാമ്പത്തിക ക്രമക്കേട് കേസ്സുകൾ ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി; വ്യക്തമാക്കുമോ;

(ബി) ഈ കേസ്സുകളിൽ ഏതിലെല്ലാം ധനകാര്യ വകുപ്പ് അന്വേഷണം നടത്തിയെന്നും ക്രമക്കേടുകൾക്ക് ഉത്തരവാദികളായിട്ടുള്ളവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു എന്നും വിശദമാക്കുമോ;

(സി) സാമ്പത്തിക ക്രമക്കേടുകൾ നടത്തുന്നവർക്കെതിരെ സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ; സ്ഥാനമാന പരിഗണനകൾ കൂടാതെ സാമ്പത്തിക കുറ്റവാളികൾക്കെതിരെ നടപടിയെടുക്കുമോ എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട 106 പരാതികൾ ധനകാര്യ വകുപ്പിൽ ലഭിച്ചു.

(ബി) ഈ കേസുകളുമായി ബന്ധപ്പെട്ട് 64 ഓഫീസുകളിൽ ധനകാര്യ പരിശോധനാ വിഭാഗം അന്വേഷണം നടത്തുകയുണ്ടായി. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

അന്വേഷണം നടത്തി പരിശോധനാ റിപ്പോർട്ടുകൾ അംഗീകരിച്ചവ സ.ഉ. (പി) നമ്പർ 506/92/ധന. തീയതി 20-8-1992, സ.ഉ.(പി) നമ്പർ 2981/98/ധന. തീയതി 25-11-1998, സർക്കുലർ നമ്പർ 56/FIW-ജി1/08/ധന. തീയതി 30-8-2008 എന്നിവയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി തുടർനടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) സാമ്പത്തിക ക്രമക്കേടുകൾ നടത്തുന്നവർക്കെതിരെ സ്ഥാനമാന പരിഗണനകൾ കൂടാതെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**മാവേലിക്കര മണ്ഡലത്തിലെ പ്രവൃത്തികളുടെ വിശദാംശം**

81 (483) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തിയ മാവേലിക്കര മണ്ഡലത്തിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) മാവേലിക്കര മണ്ഡലത്തിൽ 2016-17 വർഷക്കാലത്തെ ബജറ്റിൽ ഉൾപ്പെടുത്തിയ വേട്ടമുക്ക്-താമരക്കുളം റോഡ് അടിയന്തരമായി കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളെയാണ് കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇത് ഒരു പ്രത്യേക നിയോജക മണ്ഡലത്തെയോ ജില്ലയെയോ മാത്രം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളല്ല. സംസ്ഥാനത്തിന്റെ സമഗ്രമായ അടിസ്ഥാന വികസനമാണ് ഈ പാക്കേജിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. പൊതുമരാമത്ത്, വാട്ടർ അതോറിറ്റി, ആരോഗ്യം, ടൂറിസം തുടങ്ങി വിവിധ വകുപ്പുകളിൽനിന്നും ലഭിച്ച പദ്ധതി നിർദ്ദേശങ്ങളിൽനിന്നും 8-8-2016-ലെ സ.ഉ.(കൈ.) നമ്പർ 315/2016/ധന. ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം യോഗ്യമായവയെ കിഫ് ആക്ടിലേയും സ്കീമിലേയും വ്യവസ്ഥകൾക്ക് വിധേയമായി സൂക്ഷ്മ പരിശോധന നടത്തി കിഫ് ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്ന നടപടിയാണ് സ്വീകരിച്ചുവരുന്നത്. തുടർന്ന് കിഫ് ബോർഡിന്റെ അംഗീകാരം നൽകുന്ന പദ്ധതിക്ക് കിഫ്ബി ധനസഹായം നൽകുന്നു. ബോർഡ് ഇതുവരെ അംഗീകാരം നൽകിയ പദ്ധതികളുടെ ലിസ്റ്റ് കിഫ്ബിയുടെ വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) മാവേലിക്കര മണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ള വേട്ടമുക്ക്-താമരക്കുളം റോഡ് 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ചിട്ടുള്ളതാണ്. പ്രസ്തുത റോഡ് പദ്ധതിയുടെ വിശദാംശങ്ങൾ കിഫ്ബി വെബ്സൈറ്റിൽ ഭരണ വകുപ്പ് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ 23-11-2016-ലെ സ.ഉ.(സാധാ) 1619/2016/പൊ.മ.വ. ഉത്തരവ് പ്രകാരം കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന എല്ലാ

പൊതുമരാമത്ത് പ്രവൃത്തികൾക്കും ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ്സ് തയ്യാറാക്കിയിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വേട്ടമുക്ക്-താമരക്കുളം റോഡ് പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് നാളിതുവരെ പൂർത്തിയായിട്ടില്ല. ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ്സ് പൂർത്തിയാക്കി ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതി കിഫ്ബോർഡിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതാണ്.

## കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പദ്ധതികൾ

82 (484) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കിഫ്ബിയിൽ ഉൾപ്പെടുത്തി ഇത് വരെ ഭരണാനുമതി നൽകിയിട്ടുള്ള പദ്ധതികൾ ഏതെല്ലാം; ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) പദ്ധതികൾ കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിന്റെ നടപടിക്രമങ്ങൾ വിശദമാക്കുമോ;

(സി) കിഫ്ബിയിൽ ഭരണാനുമതി നൽകുന്നതിനായി പരിഗണിക്കുന്ന പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള കോഴിക്കോട് ജില്ലയിലെ പദ്ധതികൾ ഏതെല്ലാം; വിശദമാക്കാമോ?

ഉത്തരം

(എ-സി) 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ രണ്ടാം മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളാണ് നിലവിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നത്. ഇതിനനുസൃതമായി സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസനത്തിന് ധനസമാഹരണം നടത്തുന്നതിനുള്ള ഒരു കേന്ദ്രീകൃത ഏജൻസിയായാണ് കിഫ്ബി പ്രവർത്തിക്കുന്നത്. 8-8-2016-ലെ സ.ഉ.(കൈ.) നമ്പർ 315/16/ധന. ഉത്തരവ് പ്രകാരം മേൽ സൂചിപ്പിച്ച പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളുടെയും കിഫ്ബി മുഖേന നടപ്പാക്കുന്നതിന് ഭരണ വകുപ്പ് ഭരണാനുമതി നൽകിയ പദ്ധതികളുടെയും വിശദമായ പ്രോജക്ട് അവലോകനം, കോസ്റ്റ് ബെനിഫിറ്റ് അനാലിസിസ്, ഭരണാനുമതി എന്നിവ ഉൾപ്പെടെയാണ് ഭരണവകുപ്പ് പദ്ധതി നിർദ്ദേശങ്ങൾ കിഫ്ബിക്ക് ഓൺലൈനായി സമർപ്പിക്കേണ്ടത്. കിഫ്ബിയിലൂടെ നടപ്പിലാക്കുന്ന പദ്ധതികൾ ഒരു പ്രത്യേക നിയോജകമണ്ഡലത്തെയോ ജില്ലയെയോ മാത്രം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളല്ല. സംസ്ഥാനത്തിന്റെ സമഗ്രമായ അടിസ്ഥാന സൗകര്യവികസനമാണ് ഈ പാക്കേജിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. കിഫ്ബിയുടെ ബോർഡ് നിലവിൽ അംഗീകരിച്ചിട്ടുള്ള പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ**

83 (485) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ മിക്കതും നടപ്പാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികളുടെ പൂർത്തീകരണം കൃത്യമായി മോണിറ്റർ ചെയ്യുന്നതിന് എന്ത് സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ നടപടി സ്വീകരിച്ചവയും ഒരു നടപടിയും സ്വീകരിക്കാത്തവയും ഏതൊക്കെയെന്ന് വിശദമാക്കുമോ;

(ഡി) ബഡ്ജറ്റ് പ്രഖ്യാപനങ്ങൾ നടപ്പാക്കുന്നതിൽ ബന്ധപ്പെട്ട വകുപ്പുകൾ കാണിക്കുന്ന അലംഭാവം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; നിയമസഭ അംഗീകരിച്ചവ എന്ന നിലയിൽ പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഭൂരിഭാഗം പദ്ധതികളും നടപ്പിലാക്കിവരുന്നു.

(ബി) വിവിധ പദ്ധതികളുടെ പൂർത്തീകരണം സംബന്ധിച്ച് ചീഫ് സെക്രട്ടറി തലത്തിൽ നിരീക്ഷണം നടക്കുന്നുണ്ട്. കൂടാതെ സാമ്പത്തിക ആസൂത്രണ വകുപ്പും ആസൂത്രണ ബോർഡും പദ്ധതി നടത്തിപ്പ് നിരീക്ഷിക്കുന്നുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) അലംഭാവം ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

**കടപത്രങ്ങൾ**

84 (486) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കടപ്പത്രങ്ങൾ വഴിയും മറ്റും എന്ത് തുക വായ്പയെടുത്തു ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതേവരെ സർക്കാർ വായ്പ എടുത്ത തുക, കടബാധ്യതകൾ തീർക്കുന്നതിന് വേണ്ടി ചെലവഴിക്കുകയുണ്ടായോ; എങ്കിൽ എത്ര തുക മറ്റാവശ്യങ്ങൾക്കായി ചെലവഴിക്കുകയുണ്ടായി ;

(സി) ഈ സർക്കാർ പുറപ്പെടുവിച്ച ധവളപത്രത്തിൽ കടം എടുത്ത തുക നിത്യനിദാന ചെലവുകൾക്ക് ഉപയോഗിക്കുന്നതിനെ വിമർശിച്ചിരുന്നുവോ ;

(ഡി) എങ്കിൽ ധവളപത്രത്തിലൂടെ മുൻസർക്കാരിനെതിരെ നടത്തിയ വിമർശനങ്ങൾ പിൻവലിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റെടുത്തതിനുശേഷം 20-2-2017 വരെ കടപ്പത്രങ്ങൾ വഴി 11600 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ 31-12-2016 വരെയുള്ള താൽക്കാലിക കണക്കുകൾ പ്രകാരം 1-5-2016 മുതൽ 31-12-2016 വരെ കടപ്പത്രങ്ങൾ മുഖേന സമാഹരിച്ചതടക്കം 13574.64 കോടി രൂപ വായ്പയായി എടുത്തിട്ടുണ്ട്.

(ബി) വായ്പയെടുക്കുന്ന തുകയിൽ ഒരു ഭാഗം കടബാദ്ധ്യതകൾ തീർക്കുന്നതിനായി വിനിയോഗിക്കാറുണ്ട്. വായ്പയെടുത്ത മുഴുവൻ തുകയും സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. സഞ്ചിതനിധിയിൽ മറ്റുവരുമാനങ്ങൾ കൂടി ഉൾപ്പെടുന്നതിനാൽ വായ്പയെടുത്ത തുക ഏതൊക്കെ ചെലവുകൾക്കായി എത്രവീതം വിനിയോഗിക്കപ്പെട്ടെന്ന് വേർതിരിക്കാനാവില്ല.

(സി &ഡി) ഇല്ല.

**മൂലധനച്ചെലവ്**

85 (487) ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുസാമ്പത്തിക വർഷത്തെ മൂലധനച്ചെലവ് മുൻവർഷത്തെ അപേക്ഷിച്ച് എത്ര ശതമാനം കൂടുതലായിരിക്കണം എന്നായിരുന്നു ബജറ്റിൽ പ്രതീക്ഷിച്ചിരുന്നത് ;

(ബി) കഴിഞ്ഞ ഏഴ് സാമ്പത്തിക വർഷങ്ങളിൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ ആകെ ചെലവിന്റെ എത്ര ശതമാനം തുക മൂലധനച്ചെലവുണ്ടായി എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) നടപ്പ് സാമ്പത്തിക വർഷത്തെ മൂലധനച്ചെലവ് മുൻ വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റിനെ അപേക്ഷിച്ച് 3.83% കൂടുതലായിരിക്കുമെന്നാണ് ഈ സർക്കാർ അവതരിപ്പിച്ച പുതുക്കിയ ബഡ്ജറ്റിൽ പ്രതീക്ഷിച്ചിരുന്നത്.

(ബി) കഴിഞ്ഞ 7 സാമ്പത്തിക വർഷങ്ങളിൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ ആകെ ചെലവിലെ മൂലധന ചെലവിന്റെ ശതമാന കണക്ക് ചുവടെ ചേർക്കുന്നു:

| | |
|---|---|
| 2009-10 | 6.04 |
| 2010-11 | 8.67 |
| 2011-12 | 7.57 |
| 2012-13 | 7.77 |
| 2013-14 | 6.48 |
| 2014-15 | 5.54 |
| 2015-16 | 8.62 |

**നികുതി വരുമാനം**

86 (488) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-16 കാലയളവിൽ നികുതിയിനത്തിൽ സംസ്ഥാന സർക്കാരിന് ലഭിച്ച തുകയുടെ വിശദവിവരം സാമ്പത്തിക വർഷം തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം നികുതി വരുമാനത്തിലുണ്ടായ വർദ്ധനവ് എത്ര ശതമാനമാണെന്നും നികുതിവരുമാനത്തിന്റെ വിശദാംശങ്ങളും ലഭ്യമാക്കുമോ?

ഉത്തരം

(എ & ബി) അക്കൗണ്ടന്റ് ജനറലിന്റെ കണക്ക് പ്രകാരം 2011-12 മുതൽ 2016 ഡിസംബർ വരെയുള്ള സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം ചുവടെ ചേർക്കുന്നു:

| സാമ്പത്തിക വർഷം | ലഭിച്ച തുക (തുക കോടി രൂപയിൽ) |
|---|---|
| 2011-12 | 25,718.60 |
| 2012-13 | 30,076.61 |
| 2013-14 | 31,995.02 |
| 2014-15 | 35,232.50 |
| 2015-16 | 38,995.15 |
| 2016 ഡിസംബർ വരെ | 30,214.67 |

അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2016 ഡിസംബർ 31 വരെയുള്ള സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ മുൻവർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 8.98% വളർച്ച നേടുവാൻ കഴിഞ്ഞു. വകുപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ഈ സർക്കാർ അധികാരമേറ്റശേഷം 31-1-2017-ലെ കണക്കനുസരിച്ച് വാണിജ്യ നികുതി വരുമാനത്തിൽ 9% വർദ്ധനവുണ്ടായിട്ടുണ്ട്. 31-1-2016 വരെയുള്ള കാലയളവിൽ ആകെ നികുതിവരുമാനം 24,661.53 കോടി രൂപയായിരുന്ന സ്ഥാനത്ത് 2016-17 സാമ്പത്തിക വർഷം ഇതേ കാലയളവിലെ ആകെ നികുതി വരുമാനം 26974.46 കോടി രൂപയാണ്.

രജിസ്ട്രേഷൻ ഇനത്തിൽ ഈ സർക്കാർ അധികാരമേറ്റശേഷം 2016 ജൂൺ മുതൽ ജനുവരി മാസംവരെ ആകെ 0.006% വർദ്ധനവുണ്ടായിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം ജൂൺ മുതൽ ജനുവരി വരെ രജിസ്ട്രേഷൻ ഫീസിനത്തിൽ ലഭിച്ച ആകെ നികുതി വരുമാനം 1679.33 കോടി രൂപ ആയിരുന്ന സ്ഥാനത്ത് 2016-17 സാമ്പത്തിക വർഷം ഇതേ കാലയളവിൽ ഈയിനത്തിലുള്ള നികുതി വരുമാനം 1679.90 കോടി രൂപയാണ്.

2016 ജൂൺ മാസം മുതൽ 2017 ജനുവരി വരെ എക്സൈസ് വകുപ്പ് മുഖേനയുള്ള ആകെ വരുമാനം 1355.51 കോടി രൂപയാണ്. 2015-16 സാമ്പത്തിക വർഷത്തിൽ സമാന കാലയളവിലെ വരുമാനത്തെ അപേക്ഷിച്ച് 13.12% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

ലാന്റ് റവന്യൂ, റവന്യൂ റിക്കവറി ഇനങ്ങളിൽ 2017 ജനുവരി 31 വരെയുള്ള കണക്ക് പരിശോധിക്കുമ്പോൾ ലാന്റ് റവന്യൂ ഇനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 38.04 കോടി രൂപയുടെ കുറവും റവന്യൂ റിക്കവറി ഇനത്തിൽ 1.04 കോടി രൂപയുടെ വർദ്ധനവും ഉണ്ടായിട്ടുണ്ട്.

മോട്ടോർ വാഹന വകുപ്പിൽ 2016 മേയ് മുതൽ 2017 ജനുവരി 31 വരെയുള്ള നികുതി വരുമാനം 1948.87 കോടി രൂപയാണ്. ഇത് കഴിഞ്ഞ സാമ്പത്തിക വർഷത്തെ ഇതേ കാലയളവിലെ വരുമാനത്തേക്കാൾ 14.16% കൂടുതലാണ്.

## മൂല്യവർദ്ധിത നികുതി സമ്പ്രദായത്തിൽനിന്നും ചരക്കു-സേവന നികുതി സമ്പ്രദായത്തിലേയ്ക്ക് മാറ്റുമ്പോഴുള്ള നേട്ടങ്ങളും നഷ്ടങ്ങളും

87 (489) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂല്യവർദ്ധിത നികുതി സമ്പ്രദായത്തിൽ നിന്നും ചരക്കു-സേവന നികുതി സമ്പ്രദായത്തിലേയ്ക്ക് മാറ്റുമ്പോൾ സംസ്ഥാനത്തിനുണ്ടാകുന്ന നേട്ടങ്ങളും നഷ്ടങ്ങളും സംബന്ധിച്ച ധനകാര്യ വകുപ്പിന്റെ വിശദമായ വിലയിരുത്തൽ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ടുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്ന നഷ്ടങ്ങൾ പരിഹരിക്കുവാൻ സംസ്ഥാനതലത്തിൽ ദീർഘകാലാടിസ്ഥാനത്തിലും ഹ്രസ്വകാലാ-ടിസ്ഥാനത്തിലും കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ചരക്കുസേവന നികുതി (ജി.എസ്.ടി.) പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാനമായതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഇത് അനുകൂലമാണ്. ഇതിനുപുറമേ സേവനങ്ങൾക്കുമേലുള്ള നികുതിയും സംസ്ഥാനത്തിന് ലഭ്യമാകും. ബാങ്കിംഗ്, ധനകാര്യം, ടെലികോം, ഇൻഷ്വറൻസ് തുടങ്ങിയ സേവനങ്ങളുടെ കേരളത്തിലെ ഉപഭോഗ നിരക്ക് രാജ്യത്തെ ഉയർന്ന നിരക്കുകളിൽ ഒന്നാണ്. ഇതിലൂടെ സംസ്ഥാനത്തിന് നേട്ടമുണ്ടാകുമെന്നാണ് വിലയിരുത്തപ്പെടുന്നത്.

ജി.എസ്.ടി. നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന വരുമാന നഷ്ടം നികത്തണമെന്ന് സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങളുടെ ഈ ആവശ്യം തത്വത്തിൽ അംഗീകരിക്കുകയും ജി.എസ്.ടി. നടപ്പിലാക്കിയശേഷമുള്ള ആദ്യത്തെ അഞ്ച് വർഷത്തേക്ക് സംസ്ഥാനങ്ങൾക്ക് ഉണ്ടാകാവുന്ന വരുമാന നഷ്ടം കേന്ദ്രം നികത്തേണ്ടതാണെന്ന് വ്യവസ്ഥ വരുത്തുകയും ചെയ്തതിനാൽ സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ ജി.എസ്.ടി. പ്രതികൂലമായി ബാധിക്കുകയില്ലെന്നാണ് കരുതുന്നത്.

## 'ഡെപ്യൂട്ടേഷൻ കാലാവധി'

88 (490) ഡോ. എൻ. ജയരാജ് :

ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലിചെയ്യുന്നവർ കാലാവധി കഴിഞ്ഞും തുടരുന്നതിൽ ധന. വകുപ്പ് പുറപ്പെടുവിച്ച സർക്കുലർ (42/2013/ധന. തീയതി 10-2-2013) ഇപ്പോഴും പ്രാബല്യത്തിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കുലറിന്റെ ഉദ്ദേശ്യശുദ്ധി എന്തെന്ന് വ്യക്തമാക്കാമോ;

(സി) ഡെപ്യൂട്ടേഷൻ കാലാവധി തീരുന്നതിന് 6 മാസങ്ങൾക്ക് മുമ്പേ കാലാവധി ദീർഘിപ്പിക്കാൻ അപേക്ഷിച്ചിട്ടും ഭരണപരമായ കാലതാമസംമൂലം പ്രസ്തുത കാലാവധിക്കുശേഷം തുടരേണ്ടി വരുന്നവർക്ക് ഇത് ബാധകമാണോ;

(ഡി) ഭരണപരമായ കാലതാമസം അപേക്ഷകന്റെ തെറ്റല്ലാത്തതിനാൽ കാലാവധിയ്ക്കും 6 മാസം മുമ്പേ അപേക്ഷിച്ചവർക്കെങ്കിലും ഇതിൽനിന്നും ഒഴിവാകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രാബല്യത്തിലുണ്ട്.

(ബി) സർക്കാർ അനുമതി കൂടാതെ ഉദ്യോഗസ്ഥൻമാർ ഡെപ്യൂട്ടേഷനിൽ തുടരുന്ന പ്രവണത തടയുന്നതിനുവേണ്ടിയാണ് ഇത്തരത്തിൽ സർക്കുലർ പുറപ്പെടുവിച്ചത്.

(സി) ബാധകമാണ്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

## കടമെടുക്കാവുന്ന തുക

89 (491) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി വരുമാനം ഗണ്യമായി കുറഞ്ഞ സാഹചര്യത്തിൽ, സംസ്ഥാനത്തിന് കടമെടുക്കാവുന്ന തുകയുടെ പരിധി വർദ്ധിപ്പിച്ച് നൽകണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ നിലവിലുള്ള പരിധി എത്ര ശതമാനമായി വർദ്ധിപ്പിക്കണമെന്നാണ് ആവശ്യപ്പെട്ടത് ; ഇത് സംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ പ്രതികരണം ലഭ്യമായോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ & ബി) ധനഉത്തരവാദിത്ത ബഡ്ജറ്റ് മാനേജ്മെന്റ് (FRBM) നിയമം ഭേദഗതി വരുത്തിക്കൊണ്ട് നിലവിലെ കടമെടുപ്പ് പരിധി 3%-ൽ നിന്നും 4%-മായി വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**സംസ്ഥാനത്തിന്റെ പൊതുകടം**

90 (492) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പൊതുകടം നിലവിൽ എത്രയെന്ന് വിശദമാക്കുമോ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ ഖജനാവിന് എത്രകോടി രൂപയാണ് കടബാധ്യത വരുത്തിയതെന്ന് വിശദമാക്കുമോ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ സാധാരണക്കാർക്കും പാവപ്പെട്ടവർക്കും പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനുമായുള്ള കാര്യങ്ങൾ/പദ്ധതികൾ അടുത്ത ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ 2016 ഡിസംബർ വരെയുള്ള താൽക്കാലിക കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ കടബാദ്ധ്യത (പൊതുകടം) 1,74,294.08 കോടി രൂപയാണ്.

(ബി) കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്തെ 2016 മാർച്ച് 31 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം കടബാദ്ധ്യത 78697.08 കോടി രൂപയായിരുന്നു.

(സി) സംസ്ഥാനത്തെ സാധാരണക്കാർക്കും പാവപ്പെട്ടവർക്കുമായി നിരവധി പദ്ധതികളും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനുമായുള്ള പദ്ധതികളും സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി വരാറുണ്ട്.

**സംസ്ഥാനത്തിന്റെ വരവും ചെലവും തമ്മിലുള്ള അന്തരം**

91 (493) ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2015-16, 2016-17 വർഷങ്ങളിലെ ഓരോ മാസത്തെയും സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം, കേന്ദ്ര വിഹിതം, നികുതിയേതര വരുമാനം, ചെലവ്, മൊത്തം വരുമാനവും ചെലവും തമ്മിലുള്ള അന്തരം എന്നിവ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

2015-16-ലെയും 2016-17 ഡിസംബർ വരെയുമുള്ള (താൽക്കാലിക കണക്ക്) ഓരോ മാസത്തെയും സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം, കേന്ദ്ര വിഹിതം, നികുതിയേതര വരുമാനം, ചെലവ്, മൊത്തം വരുമാനവും ചെലവും തമ്മിലുള്ള അന്തരം എന്നിവ സംബന്ധിച്ച് അക്കൗണ്ടന്റ് ജനറലിൽനിന്നും ലഭിച്ച കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.*

**സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി**

92 (494) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. അടൂർ പ്രകാശ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി എത്ര കോടി രൂപയായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ബി) 2017 ജനുവരി 31 വരെ ആകെ പദ്ധതി ചെലവ് എത്ര ശതമാനമായിരുന്നു;

(സി) ത്രിതല പഞ്ചായത്തുകൾക്ക് ഈ കാലയളവിൽ എത്ര കോടി രൂപയാണ് മാറ്റിവച്ചതെന്നും ഇതിൽ 2017 ജനുവരി 31 വരെ ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളുടെയും നഗരസഭകളുടെയും കോർപ്പറേഷനുകളുടെയും പദ്ധതി ചെലവ് എത്രയാണെന്നും വെളിപ്പെടുത്തുമോ;

(ഡി) കറൻസി പിൻവലിക്കൽ നടപടി പദ്ധതി ചെലവിനെ എങ്ങനെ ബാധിച്ചുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി 30,570.17 കോടി രൂപയാണ്.

(ബി) 2017 ജനുവരി 31 വരെ ആകെ പദ്ധതി ചെലവ് 43 ശതമാനമാണ്.

(സി) ത്രിതല പഞ്ചായത്തുകൾക്ക് ഈ കാലയളവിൽ മാറ്റിവച്ചതുക, ഇതിൽ 2017 ജനുവരി 31 വരെ ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളുടെയും നഗരസഭകളുടെയും കോർപ്പറേഷനുകളുടെയും പദ്ധതി ചെലവ് എന്നിവ ചുവടെ ചേർത്തിരിക്കുന്നു:

(രൂപ കോടിയിൽ)

| തദ്ദേശസ്വയംഭരണ സ്ഥാപനം (LSGIs) | ആകെ അടങ്കൽ | 31-1-2017 വരെയുള്ള ചെലവ് |
|---|---|---|
| ഗ്രാമ പഞ്ചായത്ത് | 2573.34 | 716.17 |
| ബ്ലോക്ക് പഞ്ചായത്ത് | 571.12 | 163.15 |
| ജില്ലാ പഞ്ചായത്ത് | 821.12 | 128.95 |
| മുനിസിപ്പാലിറ്റി | 743.99 | 148.23 |
| കോർപ്പറേഷൻ | 790.43 | 91.99 |
| ആകെ | 5500 | 1248.49 |

(ഡി) നോട്ട് നിരോധനംമൂലം പദ്ധതി പ്രവർത്തനങ്ങളിൽ ബാധിച്ച പ്രശ്നങ്ങളെയും ബഡ്ജറ്റ് വിഹിതത്തിലുള്ള പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതികളും മുടങ്ങിയതുവഴിയുണ്ടായ നഷ്ടത്തെയും സംബന്ധിച്ച് സർക്കാർ വിശദമായ കണക്കുകൂട്ടലുകൾ നടത്തിയിട്ടില്ല.

**സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി**

93 (495) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി വെളിപ്പെടുത്തുമോ;

(ബി) നടപ്പ് സാമ്പത്തിക വർഷം ഏതെല്ലാം ഇനങ്ങളിൽ എന്തു തുക വീതം വരവുണ്ടായിയെന്നും ഏതെല്ലാം ഇനങ്ങളിൽ എന്തു തുക വീതം ചെലവുണ്ടായി എന്നും അറിയിക്കുമോ;

(സി) ഈ സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ സമാഹൃത വിഭവങ്ങളിൽ വികസനത്തിനുവേണ്ടി ചെലവഴിച്ചത് എത്ര കോടി വീതമാണെന്ന് വ്യക്തമാക്കുമോ;

(ഡി) 2016-17-ലെ മൂലധനച്ചെലവ് പ്രതീക്ഷിച്ചത് എത്രയാണെന്നും യഥാർത്ഥത്തിൽ ഇതുവരെ ഉണ്ടായ മൂലധനച്ചെലവ് എത്രയെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം 31-12-2016 വരെയുള്ള കാലയളവിലെ നികുതി വരുമാനത്തിലെ വളർച്ച മുൻവർഷത്തെ അപേക്ഷിച്ച് 10.02 ശതമാനമാണ്. സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 8.98 ശതമാനം വളർച്ച രേഖപ്പെടുത്തിയപ്പോൾ സംസ്ഥാനത്തിന്റെ നികുതിയേതര വരുമാനത്തിന് 16.47 ശതമാനം വളർച്ചയുണ്ടായി. ഈ കാലയളവിൽ സർക്കാരിന്റെ ആകെ ചെലവ് മുൻവർഷത്തെ അപേക്ഷിച്ച് 13.32 ശതമാനം കൂടിയിട്ടുണ്ട്. 31-12-2016-ലെ റവന്യൂ കമ്മി 8901 കോടി രൂപയും ധനക്കമ്മി 13739.72 കോടി രൂപയുമാണ്.

(ബി) 31-12-2016 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ തനത് വരുമാനം 30214.66 കോടി രൂപയും നികുതിയേതര വരുമാനം 5277.54 കോടി രൂപയും കേന്ദ്ര നികുതി വിഹിതം 9567.59 കോടി രൂപയും കേന്ദ്ര ധനസഹായം 5347.70 കോടി രൂപയുമാണ്. 1-4-2016 മുതൽ 31-12-2016 വരെയുള്ള കാലയളവിലെ ആകെ റവന്യൂ ചെലവ് 59308.49 കോടി രൂപയും മൂലധന ചെലവ് 4535.63 കോടി രൂപയും വായ്പാ ചെലവ് 303.09 കോടി രൂപയുമാണ്.

(സി) സംസ്ഥാനത്തെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി 1-4-2016 മുതൽ 31-12-2016 വരെയുള്ള കാലയളവിൽ 36311.05 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രകാരം പ്രതീക്ഷിച്ച മൂലധന ചെലവ് 9572.92 കോടി രൂപയും 31-12-2016 വരെയുള്ള കാലയളവിലെ ചെലവ് 4535.63 കോടി രൂപയുമാണ്.

**മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതി മുഖേന സഹായം**

94 (T* 496) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതി പ്രകാരം സഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം പ്രസ്തുത പദ്ധതി പ്രകാരം എത്ര പേർക്ക് സഹായം അനുവദിച്ചു എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാരിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പകളുടെ തിരിച്ചടവിൽ വീഴ്ച വരുത്തിയതിനാൽ ജപ്തിഭീഷണി നേരിടുന്ന ആളുകൾക്കാണ് വായ്പാ പലിശ/പിഴപ്പലിശയിളവും കടാശ്വാസവും അനുവദിക്കുന്നതിനായി 20-8-2016-ലെ സ.ഉ.(പി) നമ്പർ 118/2016/ധന. പ്രകാരം രൂപീകരിച്ചിട്ടുള്ള ഒറ്റത്തവണ കടാശ്വാസ പദ്ധതി പ്രകാരം സഹായം ലഭിക്കുന്നത്.

അനുബന്ധമായി* ചേർത്തിട്ടുള്ള പദ്ധതി മാർഗ്ഗരേഖയ്ക്ക് വിധേയമായി അഞ്ച് ലക്ഷം രൂപ വരെയുള്ള വായ്പകളിൽ മുതലും പലിശയും പിഴപ്പലിശയും ചേർത്ത് മുതലിന്റെ ഇരട്ടിയെങ്കിലും തിരിച്ചടച്ചവരുടെ വായ്പകളാണ് എഴുതിത്തള്ളുന്നത്. ഇതിനുപുറമേ മുതലിന്റെ ഒന്നര ഇരട്ടിയെങ്കിലും തിരിച്ചടച്ചുകഴിഞ്ഞിട്ടും ജപ്തിഭീഷണി നേരിടുന്ന സാധാരണക്കാർക്ക് പലിശയിളവും പിഴപ്പലിശയിളവും അനുവദിച്ചുകൊണ്ട് ബാക്കി വായ്പാതുക രണ്ട് വർഷംകൊണ്ട് തിരിച്ചടയ്ക്കാവുന്ന വിധം പുനഃക്രമീകരിച്ചും നൽകുന്നതാണ്.

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, പട്ടികജാതി, പട്ടികവർഗ്ഗ, പിന്നോക്കക്ഷേമ കോർപ്പറേഷനുകൾ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ എന്നീ സർക്കാർ സ്ഥാപനങ്ങളിൽനിന്നും റവന്യൂ വകുപ്പിൽനിന്നും വായ്പ ലഭ്യമാക്കിയവർക്കാണ് കടാശ്വാസവും പലിശയിളവും ലഭിക്കുന്നത്.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം പ്രസ്തുത പദ്ധതി പ്രകാരം സഹായം അനുവദിച്ചവരുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 271 |
| കൊല്ലം | 106 |
| പത്തനംതിട്ട | 27 |
| ആലപ്പുഴ | 90 |
| കോട്ടയം | 56 |
| ഇടുക്കി | 19 |
| എറണാകുളം | 26 |
| തൃശ്ശൂർ | 37 |
| പാലക്കാട് | 39 |
| മലപ്പുറം | 23 |
| കോഴിക്കോട് | 216 |
| വയനാട് | 56 |
| കണ്ണൂർ | 35 |
| കാസർഗോഡ് | 21 |

**മുഖ്യമന്ത്രിയുടെ ജനസാന്ത്വന ഫണ്ട്**

95 (T*497) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസാന്ത്വന ഫണ്ട് എന്ന പേരിൽ എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ വ്യക്തമാക്കുമോ;

(സി) ഒരേ വ്യക്തിക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും മുഖ്യമന്ത്രിയുടെ ജനസാന്ത്വന ഫണ്ടിൽ നിന്നും ആനുകൂല്യം ലഭിക്കുമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) 31-10-2016-ലെ ജി.ഒ.(പി) നമ്പർ 165/2016/ധന. ഉത്തരവ് പ്രകാരം മുഖ്യമന്ത്രിയുടെ ജനസാന്ത്വന ഫണ്ട് എന്ന പേരിൽ ഒരു പൊതു ക്ഷേമഫണ്ട് ആരംഭിച്ചിട്ടുണ്ട്.

(ബി) മുഖ്യമന്ത്രിയുടെ ജനസാന്ത്വന പദ്ധതിയുടെ മാർഗ്ഗരേഖകൾ [ജി.ഒ.(പി) 1/2017/ധന. തീയതി 4-1-2017] ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

(സി) ഒരേ വ്യക്തിക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ജനസാന്ത്വന ഫണ്ടിൽനിന്നും ആനുകൂല്യം ലഭിക്കുന്നതിന് നിലവിൽ തടസ്സങ്ങളില്ല.

**എസ്റ്റിമേറ്റിൽ കോൺട്രാക്ടർക്കുള്ള ലാഭം**

96 (498) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുതലായവ മരാമത്ത് പണികൾ ടെണ്ടർ ചെയ്ത് കൊടുക്കുമ്പോൾ എസ്റ്റിമേറ്റിൽ കോൺട്രാക്ടർക്കുള്ള ലാഭം ഉൾപ്പെടുത്താറുണ്ടോയെന്ന് വിശദമാക്കാമോ:

(ബി) എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും മരാമത്ത് പണികൾ ടെണ്ടർ ചെയ്തു കൊടുക്കുമ്പോൾ എസ്റ്റിമേറ്റിൽ കോൺട്രാക്ടർക്കുള്ള ലാഭം ഉൾപ്പെടുത്തേണ്ട എന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; എന്തുകൊണ്ടാണ് ഇത്തരത്തിൽ നിർദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മരാമത്ത് പണികൾക്കുള്ള എസ്റ്റിമേറ്റിൽ കോൺട്രാക്ടർക്കുള്ള ലാഭം ഉൾപ്പെടുത്താവുന്നതാണ്.

(ബി) 29-2-2016-ലെ സ.ഉ.(പി) നമ്പർ 30/2016/ധന പ്രകാരം ഉപഭോക്തൃ സമിതി (ബെനിഫിഷറി കമ്മിറ്റി) മുഖേന നടത്തപ്പെടുന്ന മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ കോൺട്രാക്ടർക്കുള്ള ലാഭം ഉൾപ്പെടുത്തേണ്ട എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഉപഭോക്തൃ സമിതികൾ ലാഭേച്ഛയോടെയല്ല പ്രവൃത്തികൾ ഏറ്റെടുക്കുന്നത് എന്നതുകൊണ്ടാണ് ഇങ്ങനെ നിർദ്ദേശിച്ചിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വിദ്യാർത്ഥികൾക്ക് യാത്രാ സൗകര്യം ഏർപ്പെടുത്തുന്നതിന് എം.എൽ.എ. ഫണ്ട്

97 (499) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പൊതു വിദ്യാലയങ്ങളിൽ പഠിക്കുന്ന നിർദ്ധനരായ വിദ്യാർത്ഥികൾക്ക് യാത്രാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾവഴി വാഹനങ്ങൾ വാങ്ങി നൽകുന്നതിന് എം.എൽ.എ. ഫണ്ട് ഉപയോഗിക്കുന്നതിന് പുതിയ പ്രത്യേക ഉത്തരവ് ഇറക്കുന്നതിനെ സംബന്ധിച്ച് ആലോചിച്ചിട്ടുണ്ടോ;

(ബി) വാഹനങ്ങളുടെ ആവർത്തനച്ചെലവുകളെല്ലാം സ്കൂൾ പി.ടി.എ. യും, വികസന സമിതികളും ഏറ്റെടുക്കാൻ തയ്യാറാകുന്ന പഞ്ചായത്തുകൾക്കെങ്കിലും വാഹനങ്ങൾ വാങ്ങി നൽകുന്നതിന് എം.എൽ.എ. ഫണ്ട് ഉപയോഗിക്കാൻ കഴിയുമോ എന്നറിയിക്കാമോ?

ഉത്തരം

(എ & ബി) 15-11-2010-ലെ സ.ഉ.(പി) നമ്പർ 583/2010/ധന., 9-2-2016-ലെ സ.ഉ.(പി) നമ്പർ 178/2016/ധന. എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ സ്കൂളുകളിലെ കുട്ടികളുടെ യാത്രാസൗകര്യം വർദ്ധിപ്പിക്കുന്നതിന് വാഹനം വാങ്ങുന്നതിനായി എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയും ആസ്തി വികസന നിധിയും വിനിയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ആസ്തി വികസന ഫണ്ടിൽ വാഹനം വാങ്ങുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുന്ന ആവശ്യകതാ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും വാഹനം വാങ്ങുന്നതിനായി നിലവിലെ മാനദണ്ഡങ്ങൾ പാലിക്കണമെന്നും വാങ്ങുന്ന വാഹനത്തിന്റെ ആവർത്തന/പരിപാലന ചെലവുകൾ സർക്കാർ വഹിക്കുന്നതല്ല എന്നീ നിബന്ധനകളോടുകൂടിയാണ് അനുമതി നൽകിയിട്ടുള്ളത്. പ്രത്യേക വികസനനിധിയിലും മേൽ നിബന്ധനകൾക്ക് വിധേയമായി അതാത് ജില്ലാ കളക്ടർമാരാണ് എം.എൽ.എ.-മാരുടെ നിർദ്ദേശ പ്രകാരം സ്കൂളുകൾക്ക് വാഹനം അനുവദിച്ചുനൽകുന്നത്. ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സിഡ്കോയിൽനിന്നും ബിറ്റുമിൻ വാങ്ങാൻ അനുമതി

98 (500) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവൃത്തി ഏറ്റെടുക്കുന്ന കരാറുകാരോ ഗുണഭോക്തൃ സമിതിയോ സിഡ്കോയിൽ നിന്ന് ചില്ലറയായി വാങ്ങുന്ന ബിറ്റുമിനുള്ള ബിൽ സ്വീകാര്യമല്ലെന്ന നിലപാട് ധനകാര്യവകുപ്പ് സ്വീകരിച്ചിട്ടുണ്ടോ;

(ബി) ചുരുങ്ങിയ അളവിൽ മാത്രം ബിറ്റുമിൻ ആവശ്യമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉൽപ്പാദകരിൽ നിന്നും അത് വാങ്ങുന്നത് പ്രായോഗികമല്ലാത്ത സാഹചര്യത്തിൽ സിഡ്കോയിൽ നിന്നും വാങ്ങുവാൻ അനുമതി നൽകുമോ ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും അവർ നേരിട്ട് ഉൽപ്പാദിപ്പിക്കുന്ന വസ്തുക്കൾ വാങ്ങാനാണ് സർക്കാർ അനുമതിയുള്ളത്. SIDCO ബിറ്റുമിൻ ഉൽപ്പാദിപ്പിക്കുന്ന സ്ഥാപനമല്ല. SIDCO-യിൽ നിന്നും വാങ്ങുന്ന ബിറ്റുമിനുള്ള ബില്ല് സ്വീകരിക്കുന്നത് സംബന്ധിച്ച ശിപാർശ ധനവകുപ്പിൽ ലഭിച്ചതായി കാണുന്നില്ല.

(ബി) സിഡ്കോ ബിറ്റുമിൻ ഉൽപ്പാദിപ്പിക്കുന്ന സ്ഥാപനമല്ലാത്തതിനാൽ അവരിൽനിന്നും ബിറ്റുമിൻ വാങ്ങാവുന്നതല്ല. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇക്കാര്യത്തിൽ എന്തെങ്കിലും ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിക്കുന്നതാണ്.

## 2011-2012 മുതൽ 2015-2016 വരെയുള്ള റവന്യൂ ചെലവ്

99 (501) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2012 മുതൽ 2015-2016 വരെയുള്ള അഞ്ച് സാമ്പത്തിക വർഷങ്ങളിൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ ആകെ റവന്യൂ ചെലവിന്റെ എത്ര ശതമാനം തുക മൂലധന ആസ്തികൾ സൃഷ്ടിക്കുന്നതിന് ഗ്രാന്റുകൾ നൽകുന്നതിനായി വിനിയോഗിച്ചിട്ടുണ്ട് ;

(ബി) ഓരോ വർഷവും മൂലധന ആസ്തികൾ സൃഷ്ടിക്കുന്നതിനായി വിനിയോഗിച്ച തുകയുടെ കണക്ക് ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ & ബി) 2011-2012 മുതൽ 2015-2016 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന്റെ ആകെ റവന്യൂ ചെലവിൽ മൂലധന ആസ്തികൾ സൃഷ്ടിക്കുന്നതിന് വിനിയോഗിച്ച തുകയും ആയതിന്റെ ശതമാനത്തിലുള്ള കണക്കും ചുവടെ ചേർക്കുന്നു:

| | മൂലധന ആസ്തികൾ സൃഷ്ടിക്കുന്നതിന് വിനിയോഗിച്ച തുക (തുക കോടിയിൽ) | മൂലധന ആസ്തികൾ സൃഷ്ടിക്കുന്നതിന് വിനിയോഗിച്ച തുക ആകെ റവന്യൂ ചെലവിന്റെ ശതമാനത്തിൽ |
|---|---|---|
| 2011-12 | 2629.31 | 5.71 |
| 2012-13 | 3100.37 | 5.80 |
| 2013-14 | 3815.13 | 6.31 |
| 2014-15 | 4983.35 | 6.95 |
| 2015-16 | 2946.90 | 3.74 |

ഇതിൽ പ്രധാനമായും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആസ്തി വികസനത്തിനുവേണ്ടി അനുവദിക്കുന്ന ഗ്രാന്റുകളാണ്.

## 2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ

100 (502) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികൾ ഏതെല്ലാം ;

(ബി) ഇതിൽ നാളിതുവരെ ഭരണാനുമതി നൽകിയിട്ടില്ലാത്ത പദ്ധതികൾ ഏതെല്ലാം ;

(സി) ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയവ എത്രയാണ് ;

(ഡി) ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിക്കുകയും നിർവ്വഹണം ആരംഭിക്കാതിരിക്കുകയും ചെയ്ത പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി - ഡി) വിവരം ശേഖരിച്ചുവരുന്നു.

## 2016-17-ലെ പ്രതീക്ഷിത റവന്യൂ വരുമാനം

101 (503) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത റവന്യൂ വരുമാനം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ തനത് നികുതി വരുമാനം എത്രയാണെന്നും നികുതിയേതര വരുമാനം എത്രയാണെന്നും അറിയിക്കുമോ ;

(സി) കേന്ദ്ര നികുതി വിഹിതം എത്രയെന്നും ഗ്രാന്റ്-ഇൻ-എയ്ഡ് വരുമാനം എത്രയെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) 2016-17 വർഷം അവതരിപ്പിച്ച പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം പ്രതീക്ഷിത റവന്യൂ വരുമാനം 84616.85 കോടി രൂപയാണ്. ഇതിൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനവും നികുതിയേതര വരുമാനവും യഥാക്രമം 47613.61 കോടി രൂപയും 11359.52 കോടി രൂപയുമാണ്. കേന്ദ്ര നികുതി വിഹിതം, ഗ്രാന്റ്-ഇൻ-എയ്ഡ് എന്നീയിനങ്ങളിൽ യഥാക്രമം 14282 കോടി രൂപയും 11361.72 കോടി രൂപയുമാണ് പ്രതീക്ഷിക്കുന്നത്.

## കേന്ദ്ര ബഡ്ജറ്റ് - 2017-18

102 (504) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷത്തേക്കുള്ള കേന്ദ്ര ബഡ്ജറ്റ് പ്രകാരം സംസ്ഥാനത്തിന് 2017-18-ൽ ലഭിക്കുമെന്ന് കരുതാവുന്ന തുക ഓരോ ഇനത്തിലും എത്ര വീതമാണെന്ന് വിശദമാക്കുമോ;

(ബി) കേന്ദ്ര നികുതികളുടെയും ഗ്രാന്റുകളുടെയും 2017-18-ൽ പ്രതീക്ഷിക്കുന്ന സംസ്ഥാനവിഹിതം ഓരോ ഇനത്തിലും എത്ര കോടി രൂപ വീതമായിരിക്കുമെന്ന് വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) 2017-18-ൽ കേന്ദ്ര ബജറ്റിലെ പ്രൊവിഷൻ അനുസരിച്ച് സംസ്ഥാനം പ്രതീക്ഷിച്ചിരുന്ന ഗ്രാൻറുകളിലും നികുതികളിലും കുറവുണ്ടാകുന്ന ഇനങ്ങൾ ഏതെല്ലാമെന്നും വർദ്ധന ഉണ്ടാകാൻ സാദ്ധ്യതയുള്ള ഇനങ്ങൾ ഏതെല്ലാമെന്നും അറിയിക്കുമോ;

(ഡി) 2016-17-ൽ സംസ്ഥാനം കേന്ദ്രത്തിൽ നിന്നും പ്രതീക്ഷിച്ചിരുന്ന തുക ഓരോ ഇനത്തിലും എത്രയായിരുന്നു; അതിൽ കുറവ് വന്നതും കൂടുതൽ ലഭിച്ചതും ഏതെല്ലാം ഇനത്തിൽ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2017-18 സാമ്പത്തിക വർഷത്തെ കേന്ദ്ര ബഡ്ജറ്റ് പ്രകാരം സംസ്ഥാനത്തിനുള്ള കേന്ദ്ര നികുതി വിഹിതമായി 16891.75 കോടി രൂപയും പതിനാലാം ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്തിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ധനസഹായം, സംസ്ഥാന ദുരന്ത നിവാരണ നിധിയിലേക്കുള്ള ധനസഹായം, റവന്യൂ കമ്മി നികത്തുന്നതിനുള്ള ധനസഹായം എന്നീ ഇനങ്ങളിലായി 3189.36 കോടി രൂപയുമാണ് പ്രതീക്ഷിക്കുന്നത്. ഇതിനുപുറമേ സംസ്ഥാനത്ത് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള വിഹിതവും ലഭ്യമാകുന്നതാണ്.

(ബി&സി) കേന്ദ്ര നികുതികളിലും ഗ്രാന്റുകളിലും പ്രതീക്ഷിക്കുന്ന കേന്ദ്രസഹായത്തിന്റെ ഇനം തിരിച്ചുള്ള കണക്കുകൾ 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വെളിപ്പെടുത്തുന്നതാണ്.

(ഡി) 2016-17 സാമ്പത്തിക വർഷം ഡിസംബർ മാസം വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭകണക്കുകൾ പ്രകാരം കേന്ദ്ര നികുതിയിനത്തിൽ 9567.59 കോടി രൂപയും വിവിധ ഇനങ്ങളിൽ കേന്ദ്ര ധനസഹായമായി 5347.70 കോടി രൂപയും ലഭ്യമായിട്ടുണ്ട്. 2016-17 സാമ്പത്തികവർഷം പൂർത്തിയായാൽ മാത്രമേ കേന്ദ്ര വിഹിതങ്ങളിലുണ്ടായ കൂടുതൽ കുറവ് സംബന്ധിച്ച കണക്കുകൾ തിട്ടപ്പെടുത്താനാവുകയുള്ളൂ.

**വാറ്റ് കുടിശ്ശിക പിരിച്ചെടുക്കൽ നടപടി**

103 (505) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാറ്റ് കുടിശ്ശികയായി വ്യാപാരികളിൽ നിന്നും എത്ര തുക ലഭിക്കാനുണ്ട്; വിശദമാക്കുമോ;

(ബി) ചരക്ക് സേവന നികുതി (ജി.എസ്.ടി.) നടപ്പിലാക്കുന്നതിന്റെ മുന്നോടിയായി വാറ്റ് കുടിശ്ശിക പിഴയും പലിശയും ഒഴിവാക്കി പിരിച്ചെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വാറ്റ് കുടിശ്ശികയായി വ്യാപാരികളിൽനിന്നും 31-1-2017-ലെ കണക്കനുസരിച്ച് 2544.55 കോടി രൂപ ലഭിക്കാനുണ്ട്.

(ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**വാണിജ്യ നികുതി പിരിവ്**

104 (506) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16-ൽ കേരളത്തിലെ വാണിജ്യ നികുതി പിരിവ് സംസ്ഥാനത്തിന്റെ മൊത്തം വാർഷിക വരുമാനത്തിന്റെ എത്ര ശതമാനമായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) 2016-17 (ജനുവരി 31 വരെ) വാണിജ്യനികുതി പിരിവ് എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ; ഇത് കഴിഞ്ഞ സാമ്പത്തിക വർഷത്തെ നികുതി പിരിവിനേക്കാൾ കുറവാണോ; എങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) നികുതി സമാഹരണം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മ പരിപാടികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 2015-16-ൽ കേരളത്തിലെ വാണിജ്യ നികുതി പിരിവ് 31152.07 കോടി രൂപയായിരുന്നു. ആയത് സംസ്ഥാനത്തിന്റെ മൊത്തം വാർഷിക വരുമാനത്തിന്റെ 46.39% ആണ്.

(ബി) 2016-17 (ജനുവരി 31 വരെ) വാണിജ്യനികുതി പിരിവ് 26974.45 കോടി രൂപയാണ്. മുൻവർഷവുമായി താരതമ്യം ചെയ്യുമ്പോൾ വർദ്ധനവ് 9% ആണ്. നികുതി പിരിവിൽ കുറവ് സംഭവിച്ചിട്ടില്ല.

(സി) നികുതി സമാഹരണം മെച്ചപ്പെടുത്തുന്നതിന് ആവിഷ്കരിച്ച കർമ്മ പരിപാടികൾ ചുവടെ ചേർക്കുന്നു:

1. കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സെർവ്വർ സ്ഥാപിക്കുകയും സിസ്റ്റം സ്കൂട്ടിനി സാധ്യമാകുന്ന സോഫ്റ്റ്വെയർ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.

2. ഉപഭോക്താക്കൾ ബില്ല് ചോദിച്ച് വാങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ സ്വീകരിച്ചു. അതുപോലെ തന്നെ കമ്പ്യൂട്ടർ ബില്ലിംഗ് ഉള്ള വ്യാപാരികൾ അവരുടെ ബില്ലുകൾ തത്സമയംതന്നെ അപ്‍ലോഡ് ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

4. അപ്പീൽ കേസുകളും കോടതി കേസുകളും എത്രയും വേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു.

5. റിട്ടേൺ സ്ക്രൂട്ടിനി, കുടിശ്ശിക അസെസ്സ്മെന്റ് എന്നിവ കാര്യക്ഷമമാക്കി.

6. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി.

7. നികുതി ചോർച്ച തടയുന്നതിന് കർശന നടപടികൾ സ്വീകരിച്ചു.

8. ഓഡിറ്റ് വിസിറ്റ് വിഭാഗത്തെക്കൂടി ഉൾപ്പെടുത്തി ഇന്റേണൽ ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തി.

9. നികുതി ഉപദേശക സേവന യൂണിറ്റ് ആരംഭിച്ചു.

10. 60 ലക്ഷം രൂപയേക്കാൾ കൂടുതൽ വിറ്റുവരവുള്ള അനുമാന നികുതി ദായകർക്ക് ആംനെസ്റ്റി പദ്ധതി നടപ്പിലാക്കി.

## വാളയാർ ചെക്ക്പോസ്റ്റ്

105 (507) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽ നിന്നും കേരളത്തിലേക്ക് വാളയാർ ചെക്ക്പോസ്റ്റ് മുഖേന തടി, ഫർണിച്ചർ, ഇരുമ്പുരുക്ക് തുടങ്ങിയവ നികുതി വെട്ടിച്ച് അനധികൃതമായി കടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) 1-7-2016 മുതൽ 31-1-2017 വരെ വാണിജ്യ നികുതി വകുപ്പ് പാലക്കാട് ജില്ലയിൽ നടത്തിയ വാഹന പരിശോധനയിൽ എത്ര കേസുകൾ കണ്ടെത്തുകയുണ്ടായി; എത്ര രൂപയുടെ പിഴ ചുമത്തുകയുണ്ടായി; എത്ര വാഹനങ്ങൾ കണ്ടുകെട്ടി; വിശദാംശം ലഭ്യമാക്കാമോ;

(സി) പുകയില ഉൽപ്പന്നങ്ങൾ, സ്പിരിറ്റ് മുതലായവയുടെ അനധികൃത കടത്ത് തടയുന്നതിനായി വാളയാർ ചെക്ക്പോസ്റ്റിൽ എന്തെല്ലാം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പാലക്കാട് ജില്ലയിലെ വിവിധ ചെക്ക്പോസ്റ്റുകളിൽ വാണിജ്യനികുതി ഉദ്യോഗസ്ഥർ നടത്തിയ വാഹന പരിശോധനയിൽ 9309 കേസ്സുകൾ കണ്ടെത്തുകയും 1273.75 ലക്ഷം രൂപ ജാമ്യത്തുകയായി ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ക്രമക്കേടുകൾ കണ്ടെത്തുന്ന എല്ലാ വാഹനങ്ങളും ജാമ്യത്തുക അടയ്ക്കുന്നതുവരെ ചെക്ക്പോസ്റ്റുകളിൽ തടഞ്ഞുവയ്ക്കുകയും ചെയ്തിട്ടുണ്ട്.

(സി) നിരോധിത പുകയില ഉല്പന്നങ്ങൾ, സ്പിരിറ്റ് തുടങ്ങിയവ കടത്തുന്നത് തടയുന്നതിനായി വാളയാർ ചെക്ക്പോസ്റ്റിൽ വാണിജ്യനികുതി വകുപ്പും എക്സൈസ് വകുപ്പും വാഹനങ്ങൾ പരിശോധിക്കുകയും നിയമപ്രകാരമുള്ള നടപടികൾ എടുക്കാറുമുണ്ട്.

അതിർത്തി പ്രദേശങ്ങളിൽ എക്സൈസ് വകുപ്പിന്റെ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹന പരിശോധന നടത്തുന്നുണ്ട്. എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും അതിർത്തി പ്രദേശത്ത് പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തിവരുന്നുണ്ട്. ചെക്ക്പോസ്റ്റുകൾ മറികടന്ന് സമാന്തരപാതകളിലൂടെ കള്ളക്കടത്ത് നടത്തുവാൻ സാധ്യതയുള്ള റോഡുകളിലും ദേശീയ പാതകളിലും വാഹന പരിശോധന നടത്തിവരുന്നു.

**പെട്രോൾ, ഡീസൽ വില വർദ്ധന**

106 (508) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം പെട്രോൾ, ഡീസൽ വിലയിൽ എത്ര രൂപയുടെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്;

(ബി) ഈ വില വർദ്ധനമൂലം സംസ്ഥാനത്തിന് അധിക വിൽപ്പന നികുതിയിനത്തിൽ എന്ത് തുക ഇതുവരെ ലഭിച്ചു; ഓരോ പ്രാവശ്യവും വർദ്ധനവ് വരുത്തിയപ്പോൾ സംസ്ഥാനത്തിന് ലഭിച്ച അധിക നികുതി എത്രയായിരുന്നു;

(സി) മുൻ ഗവൺമെന്റിന്റെ കാലത്ത് ഇപ്രകാരം ലഭിച്ച അധിക വിൽപ്പന നികുതി ഉപേക്ഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുമൂലം സർക്കാരിന് എത്ര കോടി രൂപയുടെ നികുതി നഷ്ടമുണ്ടായി എന്ന് വെളിപ്പെടുത്താമോ ;

(ഡി) വിലവർദ്ധനവിന്റെ ഭാരം കുറയ്ക്കുവാൻ മുൻ സർക്കാർ അധിക നികുതി വേണ്ടെന്ന് വച്ച നടപടി ഈ സർക്കാരും പിൻതുടരുമോ?

ഉത്തരം

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം പെട്രോളിന് ലിറ്ററിന് 8.39 രൂപയുടെയും ഡീസലിന് ലിറ്ററിന് 7.39 രൂപയുടെയും വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്.

(ബി) ഈ വിലവർദ്ധനമൂലം സംസ്ഥാനത്തിന് പെട്രോളിൽനിന്നും 60.20 കോടി രൂപയും ഡീസലിന് 167.52 കോടി രൂപയും ലഭിച്ചു.

(സി) മുൻഗവൺമെന്റിന്റെ കാലത്ത് ഇപ്രകാരം ലഭിച്ച അധിക വില്പന നികുതി ഉപേക്ഷിച്ചിട്ടുണ്ട്. ഇതുമൂലം സർക്കാരിന് 619.17 കോടി രൂപയുടെ വരുമാന നഷ്ടമുണ്ടായിട്ടുണ്ട്.

(ഡി) നിലവിൽ പരിഗണനയിലില്ല.

**നികുതിയിനത്തിൽ പിരിച്ചെടുത്ത തുക**

107 (509) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷത്തിൽ 2017 ജനുവരി 31 വരെ നികുതിയിനത്തിൽ പിരിച്ചെടുത്ത തുക തരംതിരിച്ച് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സാമ്പത്തിക വർഷം എത്ര കോടി രൂപയാണ് പിരിച്ചെടുക്കുവാൻ ഉദ്ദേശിച്ചിരുന്നതെന്ന് വിശദമാക്കുമോ;

(സി) നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച വന്നതായി കരുതുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ ;

(ഡി) തമിഴ്നാട്ടിൽ നിന്നും നികുതി വെട്ടിച്ച് സാധനങ്ങൾ കൊണ്ടുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ ചെക്ക്പോസ്റ്റുകളിൽ എന്തൊക്കെ ക്രമീകരണങ്ങൾ നടത്തുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കനുസരിച്ച് 2016 ഡിസംബർ 31 വരെ സംസ്ഥാനത്തിന്റെ തനത് നികുതിയിനത്തിൽ പിരിച്ചെടുത്ത തുകയുടെ തരംതിരിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

(തുക കോടി രൂപയിൽ)

| | | |
|---|---|---|
| 1 | കാർഷികാദായ നികുതി | 1.28 |
| 2 | ഭൂനികുതി | 88.95 |
| 3 | മുദ്രപ്പത്രങ്ങളും രജിസ്ട്രേഷൻ ഫീസും | 2125.10 |
| 4 | കൃഷിഭൂമി ഒഴികെയുള്ള സ്ഥാവര വസ്തുവിന്മേലുള്ള നികുതികൾ | 92.45 |
| 5 | സംസ്ഥാന എക്സൈസ് | 1524.10 |
| 6 | വില്പന നികുതി | 23925.09 |
| 7 | വാഹന നികുതികൾ | 2253.54 |
| 8 | ചരക്കുകളുടെയും യാത്രക്കാരുടെയും മേലുള്ള നികുതികൾ | 0.008 |
| 9 | വിദ്യുച്ഛക്തിയിന്മേലുള്ള നികുതികളും തീരുവകളും | 48.01 |
| 10 | ക്രയ വസ്തുക്കളെയും സേവനങ്ങളെയും സംബന്ധിച്ച മറ്റ് നികുതികളും തീരുവകളും | 156.12 |
| ആകെ | | 30214.65 |

(ബി) 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാനത്തിന്റെ തനത് നികുതി ഇനത്തിൽ 47613.61 കോടി രൂപയാണ് പിരിച്ചെടുക്കുവാൻ ഉദ്ദേശിച്ചിരുന്നത്.

(സി) ഇല്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കള്ളക്കടത്ത് സംഘങ്ങൾക്കെതിരെ നടപടി സ്വീകരിക്കാൻ പോലീസിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സർവെയലൻസ് ക്യാമറകൾ ഊടുവഴികളിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു.

**കാർഷികാദായ നികുതി**

108 (510) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷികാദായ നികുതി ആരിൽ നിന്നെല്ലാമാണ് ഈടാക്കി വരുന്നത്; എത്ര ശതമാനം വീതമാണ് ഈടാക്കിവരുന്നത് ;

(ബി) സ്വകാര്യ വ്യക്തികളിൽ നിന്നോ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളിൽ നിന്നോ കാർഷികാദായ നികുതി ഈടാക്കുന്നുണ്ടോ; എങ്കിൽ എത്ര ശതമാനം വീതമാണ്; ഈടാക്കുന്നില്ലെങ്കിൽ എന്നാണ് ഇത് ഒഴിവാക്കിയത്;

(സി) 2016-ലെ ധനകാര്യ ബിൽ പ്രകാരം കാർഷികാദായ നികുതി നിയമത്തിൽ എന്തെങ്കിലും ഭേദഗതി വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് ഭേദഗതിയാണ് വരുത്തിയത്; ഭേദഗതി പ്രകാരം കാർഷികാദായ നികുതി നിയമത്തിലെ പട്ടികയിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ;

(ഡി) കാർഷികാദായ നികുതി നിയമത്തിന്റെ പട്ടികയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് ഇപ്പോഴും നികുതി നിലവിലുള്ളതായി സൂചിപ്പിച്ചിട്ടുണ്ടോ; എങ്കിൽ നികുതി ഒഴിവാക്കുകയും ബന്ധപ്പെട്ട നിയമത്തിൽ അതിനനുസൃതമായ മാറ്റം വരുത്താതിരിക്കുകയും ചെയ്യുന്നത് ഭരണപരമായ ബുദ്ധിമുട്ട് സൃഷ്ടിക്കുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഈ അപാകത പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കേരള കാർഷികാദായ നികുതി നിയമപ്രകാരം കാർഷികാദായ നികുതി അടയ്ക്കാനുള്ള ബാദ്ധ്യത നിലവിൽ തദ്ദേശീയവും വിദേശീയവുമായ കമ്പനികൾക്ക് മാത്രമാണുള്ളത്. 30 ശതമാനമാണ് നികുതി നിരക്ക്.

(ബി) ഈടാക്കുന്നില്ല. 1-4-2013 മുതൽ സ്വകാര്യ വ്യക്തികളേയും കോ-ഓപ്പറേറ്റീവ് സൊസൈറ്റികളെയും കാർഷികാദായ നികുതിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

(സി) 2016-ലെ ധനകാര്യ നിയമപ്രകാരം കാർഷികാദായ നികുതി നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. തദ്ദേശ കമ്പനികളുടെ നികുതി നിരക്കും വിദേശ കമ്പനികളുടെ നികുതി നിരക്കും നിലവിലെ ആദായ നികുതി നിരക്കായ 30 ശതമാനമായി ഏകീകരിച്ചു. കാർഷികാദായ നികുതി നിയമത്തിലെ പട്ടികയിൽ മേല്പറഞ്ഞ ഭേദഗതി വരുത്തിയിട്ടുണ്ട്.

(ഡി) കാർഷികാദായ നികുതി നിയമത്തിന്റെ 3-ാം വകുപ്പിന്റെ പ്രൊവൈസോ പ്രകാരം 1-4-2013 മുതൽ കമ്പനി നിയമം, 1956 അനുസരിച്ച് രജിസ്റ്റർ ചെയ്ത കമ്പനികളിൽ നിന്നല്ലാതെ മറ്റൊരു വ്യക്തിയിൽ നിന്നും നികുതി ഈടാക്കുകയില്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ, പട്ടികയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്കും വ്യക്തികൾക്കും നികുതി നിരക്ക് സൂചിപ്പിച്ചിരിക്കുന്നത് ഭരണപരമായ ബുദ്ധിമുട്ട് സൃഷ്ടിക്കുമെന്ന് കരുതുന്നില്ല.

**കോർബാങ്കിംഗ് ശൃംഖല**

109 (511) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര ട്രഷറികളെ കോർബാങ്കിംഗ് ശൃംഖലയുമായി ബന്ധിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) എത്ര ട്രഷറികളെ കൂടി കോർ-ബാങ്കിംഗ് ശൃഖലയുമായി ബന്ധിപ്പിക്കാനുണ്ട് ; അതിന് സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ;

(സി) സർക്കാർ ഓഫീസുകളിൽ കറൻസിരഹിത ഇടപാടുകൾ പ്രോത്സാഹിപ്പിക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ 222 ട്രഷറികളെയും കോർബാങ്കിംഗ് ശൃംഖലയുമായി ബന്ധിപ്പിച്ചുകഴിഞ്ഞു. ട്രഷറിയിൽ അക്കൗണ്ടുള്ളവർക്ക് സംസ്ഥാനത്തെ എല്ലാ ട്രഷറികൾവഴിയും ഇടപാടുകൾ നടത്തുന്നതിന് ഇതുവഴി സാധിക്കുന്നു.

(ബി) സംസ്ഥാനത്തെ എല്ലാ ട്രഷറികളെയും കോർബാങ്കിംഗ് ശൃംഖലയുമായി ബന്ധിപ്പിച്ചിട്ടുണ്ട്.

(സി) ട്രഷറികളിൽ സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനം (IFMS) ഏർപ്പെടുത്തിയതോടെ സർക്കാരിൽനിന്നും നൽകേണ്ട ആനുകൂല്യങ്ങളും, ശമ്പളം, പെൻഷൻ എന്നിവയും ഇടപാടുകാരുടെ അക്കൗണ്ടുകളിലേയ്ക്ക് നേരിട്ട് എത്തിക്കുന്ന രീതി ഇതിനോടകം തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്. സർക്കാരിലേയ്ക്കുള്ള പണമൊടുക്കലുകൾ ഓൺലൈനായി നടത്തുന്നതിനുള്ള സൗകര്യവും ഇ-ട്രഷറി സംവിധാനത്തിലൂടെ ഇതിനോടകം സാധ്യമാക്കിയിട്ടുണ്ട്.

**ട്രഷറികളിൽ എ.ടി.എം. സംവിധാനം**

110 (512) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറികളിൽ എ.ടി.എം. സംവിധാനം ഏർപ്പെടുത്താൻ തീരുമാനം എടുത്തിരുന്നോ;

(ബി) എങ്കിൽ എന്നാണ് തീരുമാനം എടുത്തത്;

(സി) സംസ്ഥാനത്തെ ട്രഷറികളിൽ അക്കൗണ്ട് ഉള്ളവർക്ക് എ.ടി.എം. കാർഡ് നൽകുകയും, പ്രസ്തുത കാർഡുപയോഗിച്ച് മറ്റ് ദേശസാൽകൃത ബാങ്കുകളിലെ എ.ടി.എം. മുഖാന്തിരം പൈസ പിൻവലിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ 4 ട്രഷറികളിൽ എ.ടി.എം. സംവിധാനം ഏർപ്പെടുത്താൻ തീരുമാനമെടുത്തിരുന്നു.

(ബി) 14-12-2012-ലെ സർക്കാർ ഉത്തരവ് നമ്പർ 10460/12/ധന പ്രകാരം സംസ്ഥാനത്തെ 4 ട്രഷറികളിൽ എ.ടി.എം. സംവിധാനം ഏർപ്പെടുത്താൻ സർക്കാർ ഭരണാനുമതി ഉത്തരവ് നൽകിയിരുന്നു.

(സി) നിലവിൽ പരിഗണനയിലില്ല. എന്നാൽ ട്രഷറി അക്കൗണ്ടുകളിലുള്ള പണം അക്കൗണ്ട് ഉടമകൾക്ക് യഥേഷ്ടം ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് മാറ്റുന്നതിനും അതുവഴി ബാങ്ക് എ.ടി.എം.-ലൂടെ തുക പിൻവലിക്കുന്നതിനുള്ള സൗകര്യം നടപ്പിലാക്കാനുമുള്ള നിർദ്ദേശം ഈ സർക്കാരിന്റെ പരിഗണനയിലുണ്ട്.

**വെള്ളറടയിൽ സബ് ട്രഷറി**

111 (513) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളറടയിൽ ഒരു സബ് ട്രഷറി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് മുൻ സർക്കാരിന്റെ കാലത്ത് കൈക്കൊണ്ട തീരുമാനം നടപ്പിലാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) സബ് ട്രഷറി അടിയന്തരമായി സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ കൈക്കൊള്ളുമോ?

<u>ഉത്തരം</u>

(എ) വെള്ളറടയിൽ ഒരു സബ് ട്രഷറി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് മുൻ സർക്കാരിന്റെ കാലത്ത് ലഭിച്ച നിവേദനങ്ങൾ സർക്കാർ പരിശോധിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ ട്രഷറികളുടെ കമ്പ്യൂട്ടർവത്ക്കരണവും ആധുനികവത്ക്കരണവും പൂർത്തിയാകുന്നതോടെ നിലവിലെ ട്രഷറികളുടെ പ്രവർത്തനം വളരെയധികം മെച്ചപ്പെടുമെന്നതിനാൽ വെള്ളറട ആസ്ഥാനമാക്കി പുതിയ ട്രഷറി അനുവദിക്കണമെന്ന നിർദ്ദേശം പരിഗണിക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനമെടുത്തിരുന്നു.

(ബി) ഈ വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

## കൊഴിഞ്ഞാമ്പാറ സബ്ട്രഷറി

112 (514) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ ചിറ്റൂർ കേന്ദ്രമായി ഒരു സബ് ട്രഷറി സ്ഥാപിക്കുന്നതിനായി നിവേദനം ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം മേൽ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

ഉത്തരം

പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറയിൽ സബ് ട്രഷറി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് നിവേദനം ലഭിക്കുകയും കൊഴിഞ്ഞാമ്പാറയിലെയും അതിന് ചുറ്റുമുള്ള സ്ഥലങ്ങളിലെയും ട്രഷറി ഇടപാടുകൾ നിലവിലുള്ള ചിറ്റൂർ ട്രഷറിയിൽത്തന്നെ കൈകാര്യം ചെയ്യാമെന്നതിനാൽ കൊഴിഞ്ഞാമ്പാറ ആസ്ഥാനമാക്കി സബ്ട്രഷറി ആരംഭിക്കുന്ന കാര്യം പരിഗണിക്കേണ്ടതില്ലായെന്ന് സർക്കാർ തീരുമാനിക്കുകയും ചെയ്തിരുന്നു.

## വ്യാജ ലോട്ടറി വിപണനം

113 (515) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജ ലോട്ടറി ടിക്കറ്റുകൾ വിപണനം നടത്തുന്നുണ്ടെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) സംസ്ഥാന ലോട്ടറിയുടെ വിശ്വാസ്യത നിലനിർത്തുന്നതിനും ലോട്ടറി ടിക്കറ്റുകളിൽ സുരക്ഷാമാനദണ്ഡങ്ങൾ കർശനമാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള സംസ്ഥാന ലോട്ടറി ടിക്കറ്റുകളുടെ സമ്മാന നമ്പരുകൾ തിരുത്തിയും കളർ ഫോട്ടോകോപ്പികൾ ഉപയോഗിച്ചും ചെറുകിട ലോട്ടറി കച്ചവടക്കാരെ കബളിപ്പിക്കുന്നതുമായ പരാതികളും കേരള സംസ്ഥാന ഭാഗ്യക്കുറി ഫലങ്ങളുടെ മറവിൽ ഒരക്ക/മൂന്നക്ക നമ്പർ ചൂതാട്ടം നടത്തുന്നുവെന്ന പരാതികളും

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനധികൃത ലോട്ടറി വില്പന നിയന്ത്രിക്കുന്നതിനായി ഇന്റലിജൻസ് എ.ഡി.ജി.പി.-യുടെ നേതൃത്വത്തിൽ സംസ്ഥാനതല ലോട്ടറി മോണിറ്ററിംഗ് സമിതിയും അതാത് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാതല ലോട്ടറി മോണിറ്ററിംഗ് സമിതികളും രൂപീകരിച്ചിട്ടുണ്ട്. എഴുത്ത് ലോട്ടറി സംബന്ധിച്ച് അന്വേഷിക്കാൻ പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിക്കുകയും ചെയ്തു. ലോട്ടറി സംബന്ധിച്ച് ശ്രദ്ധയിൽപ്പെടുന്ന പരാതികൾ അനന്തര നടപടികൾക്കായി സംസ്ഥാന/ജില്ലാതല ലോട്ടറി മോണിറ്ററിംഗ് സമിതികൾക്ക് അയച്ചുകൊടുക്കുകയും തുടർന്ന് പോലീസ് കേസ് രജിസ്റ്റർ ചെയ്ത് തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

(ബി) ഭാഗ്യക്കുറി ടിക്കറ്റുകളിൽ സുരക്ഷാ സംവിധാനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഗവൺമെന്റ് നിയോഗിച്ച അഞ്ചംഗ ടെക്നിക്കൽ കമ്മിറ്റി 11-2-2017-ൽ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സുരക്ഷാ മാനദണ്ഡങ്ങൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## കാരുണ്യ ബെനവലന്റ് പദ്ധതി

114 (516) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് പദ്ധതി മുഖേന ഓരോ കുടുംബത്തിനും നല്കുന്ന തുക വർദ്ധിപ്പിക്കുന്നതിനും ഈ പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) മംഗലാപുരത്തെ പ്രശസ്തമായ ആശുപത്രികളിൽ നിന്നും ചികിത്സ നേടുന്ന രോഗികൾക്ക് കാരുണ്യ ബെനവലന്റ് പദ്ധതി വഴി ധനസഹായം നല്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

(എ) പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

(ബി) ഇതര സംസ്ഥാനങ്ങളിലെ ആശുപത്രികളെ ഇപ്പോൾ കാരുണ്യ പദ്ധതിയിൽ പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്.

**കാരുണ്യ ചികിത്സാ ധനസഹായം**

115 (517) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിൽനിന്നും കാരുണ്യ ചികിത്സാ ധനസഹായം ചോദിച്ചുകൊണ്ട് നൽകിയ ശ്രീ. അജിത് കുമാർ പി. എൻ, ശ്രീശൈലം വീട്, ഉദയനാപുരം, വൈക്കം, കോട്ടയം, ശ്രീ. മധു. കെ. എൻ, കൊച്ചുപറമ്പിൽ വീട്, കാട്ടാമ്പാക്ക്, ഞീഴൂർ, വൈക്കം, കോട്ടയം, ശ്രീമതി സൗമിനി സ്റ്റീഫൻ, പാറാശ്ശേരിയിൽ വീട്, കാട്ടാമ്പാക്ക്, ഞീഴൂർ, വൈക്കം, കോട്ടയം എന്നീ രോഗികൾ നൽകിയ അപേക്ഷയിൽ സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) മുകളിൽ സൂചിപ്പിച്ച അപേക്ഷകളിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് രോഗികളെ വിവരം അറിയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അവർക്ക് വിവരം നൽകാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത അപേക്ഷ ശിപാർശ കത്തോടെ കൈമാറിയ സ്ഥലം എം.എൽ.എ.-ക്ക് ഇതു സംബന്ധിച്ച് വിവരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) 11-1-2017-ൽ ചേർന്ന കാരുണ്യയുടെ 27-ാമത് സംസ്ഥാനതല കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ശ്രീ. അജിത് കുമാർ പി.എൻ.-ന് 60,000 രൂപയും ശ്രീ. മധു കെ. എൻ.-ന് 2,00,000 രൂപയും ചികിത്സാ രേഖകൾ ലഭ്യമാക്കുന്ന മുറയ്ക്ക് അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനതല കമ്മിറ്റിയുടെയും ഡോക്ടേഴ്സ് സബ് കമ്മിറ്റിയുടെ ശിപാർശയുടെയും അടിസ്ഥാനത്തിൽ ശ്രീമതി സൗമിനി സ്റ്റീഫന്റെ അപേക്ഷ നിരസിക്കുകയും വിവരം രോഗിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഇതുസംബന്ധിച്ച വിവരം ബന്ധപ്പെട്ട സ്ഥലം എം.എൽ.എ.-യെ അറിയിച്ചിട്ടുണ്ട്.

**കാരുണ്യ ബെനവലന്റ് ഫണ്ട്**

116 (518) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്ന് ചികിത്സാ ധനസഹായത്തിന് അപേക്ഷിച്ച്, ധനസഹായം ലഭിക്കുന്നതിനുമുൻപ് ഓപ്പറേഷൻ ചെയ്ത് ഡിസ്ചാർജ്ജ് ആയ എത്ര പേർക്ക് ധനസഹായം നൽകാനുണ്ട്;

(ബി) പരിയാരം മെഡിക്കൽ കോളേജിൽ നിന്ന് ഹൃദയ ശസ്ത്രക്രിയയ്ക്ക് മാത്രം എത്ര തുക ഈ ഇനത്തിൽ നൽകാനുണ്ടെന്ന് വിശദമാക്കാമോ;

(സി) ധനസഹായം ലഭിക്കാനുള്ളവരുടെ പേരും തുകയും വ്യക്തമാക്കാമോ?

ഉത്തരം

(എ) റീ-ഇംബേഴ്സ്മെന്റിനായി ലഭിച്ച അപേക്ഷകൾ പ്രകാരം 825 പേർക്ക് ധനസഹായം നൽകുവാനുണ്ട്.

(ബി & സി) പരിയാരം മെഡിക്കൽ കോളേജിന് ഹൃദയ ശസ്ത്രക്രിയയ്ക്കായി മാത്രം ആകെ 179 പേർക്ക് തുക അനുവദിക്കാനുണ്ട്. ഇവരുടെ റീ-ഇംബേഴ്സ്മെന്റ് അപേക്ഷയും ബില്ലുകളും വിശദമായി പരിശോധിച്ച് അനുവദനീയമായ തുക കണക്കാക്കിവരുന്നു. ഇവരുടെ പേരുവിവരം അനുബന്ധമായി* ചേർക്കുന്നു.

**കാരുണ്യ ബെനവലന്റ് ഫണ്ട് മുഖേനയുള്ള സഹായം**

117 (519) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സകൾ ലഭ്യമല്ലാത്ത കാസർഗോഡ് ജില്ലയിലെ ജനങ്ങൾ പ്രധാനമായും ആശ്രയിക്കുന്ന മംഗലാപുരം കേന്ദ്രീകരിച്ചുള്ള സ്വകാര്യ ആശുപത്രികളിലെ ചികിത്സയ്ക്ക് കൂടി കാരുണ്യ ബെനവലന്റ് ഫണ്ട് മുഖേനയുള്ള ധനസഹായം ലഭ്യമാക്കാൻ നടപടികൾ ഉണ്ടാകുമോ;

(ബി) മാരക രോഗങ്ങൾക്ക് കാരുണ്യവഴി നൽകുന്ന സഹായധനം വർദ്ധിപ്പിക്കാൻ നടപടികൾ ഉണ്ടാകുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇതര സംസ്ഥാനങ്ങളിലെ ആശുപത്രികളെ ഇപ്പോൾ കാരുണ്യ പദ്ധതിയിൽ പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്.

(ബി) പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീമിൽ ലിസ്റ്റ് ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികൾ

118 (520) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീമിൽ ലിസ്റ്റ് ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളുടെ പട്ടിക ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഈ ആശുപത്രികൾക്ക് രോഗികളെ ചികിത്സിച്ച ഇനത്തിൽ എത്ര തുകയാണ് നൽകുവാനുള്ളത് ; അവയുടെ ജില്ല തിരിച്ചുള്ള പട്ടികയും തുകയും ലഭ്യമാക്കാമോ;

(സി) കാരുണ്യയുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പല സ്വകാര്യ ആശുപത്രികളും ഇപ്പോൾ കാരുണ്യ ബെനവലന്റ് പദ്ധതിയുടെ അപേക്ഷയിൽ നടപടി സ്വീകരിക്കാതിരിക്കുകയും രോഗികളുടെ സൗജന്യ ചികിത്സ നിഷേധിക്കുകയും ചെയ്യുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കാരുണ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മുഴുവൻ സ്വകാര്യ ആശുപത്രികളിലും രണ്ടുലക്ഷം രൂപ വരെ ചികിത്സാ സൗജന്യം ലഭിക്കുന്നു എന്ന് ഉറപ്പുവരുത്താൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ജില്ലകൾ തോറും പരിശോധിക്കുന്നതിനായി മോണിട്ടറിംഗ് സമിതികളെ ചുമതലപ്പെടുത്തുന്നതിനും അവയുടെ നേതൃത്വത്തിൽ സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീമിൽ ലിസ്റ്റ് ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളുടെ ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധം* ആയി ചേർക്കുന്നു.

(ബി) സ്വകാര്യ ആശുപത്രികൾക്ക് 25,67,06,225 (ഇരുപത്തിയഞ്ച് കോടി അറുപത്തിയേഴ് ലക്ഷത്തി ആറായിരത്തി ഇരുന്നൂറ്റി ഇരുപത്തിയഞ്ച്) രൂപ നൽകാനുണ്ട്. ജില്ല തിരിച്ചുള്ള പട്ടികയും തുകയും അനുബന്ധം * ആയി ചേർക്കുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പദ്ധതിയിൽ ഉൾപ്പെട്ട സ്വകാര്യ ആശുപത്രികളിൽ ചികിത്സാ പാക്കേജ് അനുസരിച്ചാണ് ചികിത്സ നടത്തുന്നത്. 2 ലക്ഷം രൂപവരെ ചികിത്സാതുക ആവശ്യമായ അവസരത്തിൽ ടി തുക നൽകുമ്പോൾ ചികിത്സാ സൗജന്യം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നൽകുന്നുവെന്ന് ഉറപ്പുവരുത്തുന്നുണ്ട്. ബില്ലുകളുടെയും ചികിത്സാ രേഖകളുടെയും അടിസ്ഥാനത്തിൽ മാത്രമേ തുക സ്വകാര്യ ആശുപത്രികൾക്ക് നൽകുകയുള്ളൂ.

(ഇ) പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

**കാരുണ്യ ചികിത്സാ പദ്ധതി**

119 (521) ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. കെ. എം. ഷാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ചികിത്സാപദ്ധതിയുടെ കാര്യത്തിൽ ഈ സർക്കാരിന്റെ നയം എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഘടനയിലോ രീതിയിലോ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കുമോ ;

(സി) പദ്ധതിയുടെ സാമ്പത്തിക സ്രോതസ്സായ കാരുണ്യ ലോട്ടറിക്ക് സേവന നികുതി ഏർപ്പെടുത്തിയ കേന്ദ്ര നയത്തിന്റെ കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കാരുണ്യ ചികിത്സാ ധനസഹായ പദ്ധതി നിലവിൽ ഈ സർക്കാർ കാര്യക്ഷമമായി തുടർന്നുവരുന്നു.

(ബി) ഇപ്പോൾ ഇല്ല.

(സി) സംസ്ഥാന സർക്കാർ നടത്തിവരുന്ന എല്ലാ ഭാഗ്യക്കുറികൾക്കും കേന്ദ്രസർക്കാരിന് സേവന നികുതി നൽകിവരുന്നു. ആയതിനാൽ കാരുണ്യ ലോട്ടറിയുടെ കാര്യം മാത്രം പ്രത്യേകം പരിശോധിച്ചിട്ടില്ല.

**നിർമ്മൽ ലോട്ടറി**

120 (522) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മൽ ലോട്ടറി നടത്തിപ്പിലൂടെ സമാഹരിക്കുന്ന തുക വിനിയോഗിച്ച് എന്തെല്ലാം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് പദ്ധതിയിട്ടിരിക്കുന്നുവെന്ന് വിശദീകരിക്കുമോ;

(ബി) ഈ പദ്ധതിയിലൂടെ നാളിതുവരെ എത്ര തുക സമാഹരിച്ചുവെന്ന് വ്യക്തമാക്കുമോ; സമാഹരിച്ച തുക വിനിയോഗിക്കുന്നതിന് ഏതെല്ലാം ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ ലോട്ടറി നടത്തിപ്പിലൂടെ ലഭിക്കുന്ന തുക വിതരണം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) നിർമ്മൽ ഭാഗ്യക്കുറിയിലൂടെ സമാഹരിക്കുന്ന തുക നിലവിൽ ട്രഷറി വഴി സർക്കാർ ഖജനാവിലേയ്ക്കാണ് ഒടുക്കുന്നത്. ടി തുക വിനിയോഗിച്ച് മറ്റ് പ്രവർത്തനങ്ങൾ നടത്തുന്നതിന് നിലവിൽ പദ്ധതിയിട്ടിട്ടില്ല. എന്നാൽ നിർമ്മൽ ഭാഗ്യക്കുറിയുടെ ടിക്കറ്റുകളിലും പരസ്യങ്ങളിലും ശുചിത്വ സന്ദേശങ്ങൾ നൽകുന്നുണ്ട്.

(ബി) നിർമ്മൽ ബൈവീക്കിലി ലോട്ടറിയുടെ വില്പനയിലൂടെ ഇതുവരെ 76.38 കോടി രൂപ (വിറ്റുവരവ്) സമാഹരിച്ചിട്ടുണ്ട്. ടി തുക വിനിയോഗിക്കുന്നതിന് നിലവിൽ ഏജൻസികളെ ഏല്പിച്ചിട്ടില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**ഭാഗ്യക്കുറിയിൽ നിന്നുള്ള നികുതി വരുമാനം**

121 (523) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കേരള സംസ്ഥാന ഭാഗ്യക്കുറിയിൽ നിന്ന് ഓരോ മാസവും ലഭിച്ചിരുന്ന നികുതി വരുമാനം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) നോട്ട് നിരോധനത്തിന്റെ ഭാഗമായി നികുതി വരുമാനത്തിൽ കുറവ് വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) നികുതി വരുമാനം വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന ഭാഗ്യക്കുറിയിൽ നിന്നും വകുപ്പിന് നികുതിയിനത്തിൽ വരുമാനമൊന്നും ലഭിക്കുന്നില്ല. മറിച്ച് ഭാഗ്യക്കുറി വകുപ്പ് പ്രതിവാര ഭാഗ്യക്കുറികൾക്ക് 50 ലക്ഷം രൂപ വീതവും ബമ്പർ ഭാഗ്യക്കുറികൾക്ക് ഒരുകോടി രൂപ വീതവും നറുക്കെടുപ്പിന്മേലുള്ള മുൻകൂർ നികുതിയിനത്തിൽ വാണിജ്യ നികുതി വകുപ്പിലേയ്ക്ക് ഒടുക്കുന്നുണ്ട്.

ഈ സർക്കാർ അധികാരമേറ്റശേഷം ഓരോ മാസവും ഒടുക്കിയ മുൻകൂർ നികുതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| മാസം & വർഷം | തുക (രൂപയിൽ) |
|---|---|
| മേയ് 2016 | 16,50,00,000 |
| ജൂൺ 2016 | 15,00,00,000 |
| ജൂലൈ 2016 | 15,50,00,000 |
| ആഗസ്റ്റ് 2016 | 15,00,00,000 |
| സെപ്റ്റംബർ 2016 | 17,00,00,000 |
| ഒക്ടോബർ 2016 | 16,50,00,000 |
| നവംബർ 2016 | 17,00,00,000 |
| ഡിസംബർ 2016 | 15,00,00,000 |
| ജനുവരി 2017 | 17,50,00,000 |
| ഫെബ്രുവരി 2017 | 16,00,00,000 |

(ബി) നോട്ട് നിരോധനത്തിന്റെ ഭാഗമായി വാണിജ്യ നികുതി വരുമാനത്തിൽ 2016 ഡിസംബർ മാസത്തിൽ 2 ശതമാനത്തിന്റെ കുറവും 2017 ജനുവരി മാസത്തിൽ 19 ശതമാനം വർദ്ധനവും ഉണ്ടായിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു:

(തുക കോടി രൂപയിൽ)

| മാസം | 2015-16 വർഷം ലഭിച്ചത് | 2016-17 വർഷം ലഭിച്ചത് | വളർച്ചാനിരക്ക് ശതമാനത്തിൽ |
|---|---|---|---|
| ഡിസംബർ | 2578.76 | 2535.27 | -2 |
| ജനുവരി | 2482.91 | 2944.11 | +19 |
| ആകെ | 5061.67 | 5479.38 | +8 |

(സി) 1. കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സെർവ്വർ സ്ഥാപിക്കുകയും സിസ്റ്റം സ്റ്റെബിലിറ്റി സാധ്യമാകുന്ന സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.

2. ഉപഭോക്താക്കൾ ബില്ല് ചോദിച്ച് വാങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ സ്വീകരിച്ചു.

അതുപോലെതന്നെ കമ്പ്യൂട്ടർ ബില്ലിംഗ് ഉള്ള വ്യാപാരികൾ അവരുടെ ബില്ലുകൾ തത്സമയം തന്നെ അപ്‌ലോഡ് ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

3. കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

4. അപ്പീൽ കേസുകളും കോടതി കേസുകളും എത്രയും വേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു.

5. റിട്ടേൺ സ്ക്രൂട്ടിനി, കുടിശ്ശിക അസെസ്സ്മെന്റ് എന്നിവ കാര്യക്ഷമമാക്കി.

6. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി.

7. നികുതി ചോർച്ച തടയുന്നതിന് കർശന നടപടികൾ സ്വീകരിച്ചു.

8. ഓഡിറ്റ് വിസിറ്റ് വിഭാഗത്തെക്കൂടി ഉൾപ്പെടുത്തി ഇന്റേണൽ ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തി.

9. 60 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള അനുമാന നികുതിദായകർക്ക് ആംനസ്റ്റി പദ്ധതി നടപ്പിലാക്കി.

**തീർപ്പാകാതെ കിടക്കുന്ന എൻഡോവ്മെന്റുകൾ**

122 (524) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര എൻഡോവ്മെന്റുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിൽ തീർപ്പാകാതെ കിടക്കുന്നു എന്നറിയിക്കാമോ ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക സർക്കാർ ട്രഷറിയിലാണോ സൂക്ഷിക്കുന്നത് എന്നറിയിക്കാമോ; ആയതിന്റെ മൊത്തം തുകയും പലിശയും അറിയിക്കാമോ;

(സി) എൻഡോവ്മെന്റുകൾ കൃത്യ സമയത്തിന് വിതരണം ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാമോ; സംസ്ഥാന ഓഡിറ്റ് വകുപ്പ് ക്ലിയർ ചെയ്ത എത്ര എൻഡോവ്മെന്റുകൾ 2016-17 സാമ്പത്തിക വർഷം ഉണ്ട് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) 2016-17 സാമ്പത്തിക വർഷത്തിൽ 10 എൻഡോവ്മെന്റുകൾ തീർപ്പാകാനുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ പറയുന്നു:

| ക്രമ നമ്പർ | ജില്ല | എൻഡോവ്മെന്റ് വിവരം | തുക (രൂപ) |
|---|---|---|---|
| 1 | തിരുവനന്തപുരം | ഈശ്വരൻ പോറ്റി മെഡൽ എൻഡോവ്മെന്റ് | 2,500 |
| 2 | തിരുവനന്തപുരം | ഡോ. രാഗിണി മെമ്മോറിയൽ എൻഡോവ്മെന്റ് | 2,00,000 |
| 3 | തിരുവനന്തപുരം | കെ. പത്മാവതി മെമ്മോറിയൽ എൻഡോവ്മെന്റ് | 30,000 |
| 4 | കൊല്ലം | ശ്രീമതി കെ. എൻ. ജാനകിഅമ്മ എൻഡോവ്മെന്റ് | 5,001 |
| 5 | കോട്ടയം | കാഥികൻ കെ.കെ.തോമസ് മെമ്മോറിയൽ എൻഡോവ്മെന്റ് | 2,50,000 |
| 6 | കോട്ടയം | വി. രാമകൃഷ്ണ അയ്യർ സയൻസ് അവാർഡ് | 23,100 |
| 7 | പാലക്കാട് | എ.എസ്. നാരായണൻ മെമ്മോറിയൽ എൻഡോവ്മെന്റ് | 2,000 |
| 8 | പാലക്കാട് | ഡോ. പി. രാമനുണ്ണി (MD) പാലക്കാട് എൻഡോവ്മെന്റ് | 1,00,000 |
| 9 | പാലക്കാട് | മാടശ്ശേരി ജാനകിയമ്മ | 1,15,500 |
| 10 | കോഴിക്കോട് | ഡോ. ഗീതാദേവി മെമ്മോറിയൽ പ്രൈസ് | 18,000 |
| | | ആകെ | 7,46,101 |

(ബി) മൊത്തം തുകയായ 7,46,101 രൂപ സർക്കാർ ട്രഷറിയിലാണ് സൂക്ഷിക്കുന്നത്. പലിശരഹിത അക്കൗണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നത്.

(സി) എൻഡോവ്മെന്റ് അഡ്മിനിസ്ട്രേറ്റർമാർ ആവശ്യപ്പെടുന്ന പ്രകാരം കൃത്യസമയത്തുതന്നെ വിതരണം ചെയ്യുന്നുണ്ട്. 2016-17 സാമ്പത്തിക വർഷം ചാരിറ്റബിൾ എൻഡോവ്മെന്റ് ട്രഷറർ (സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ) ക്ലിയർ ചെയ്ത 1323 എൻഡോവ്മെന്റുകളുണ്ട്.

**കെ.എസ്.എഫ്.ഇ.-യിലെ പെൻഷൻ പ്രായം**

123 (525) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യിലെ പെൻഷൻ പ്രായം 58 ആയി നിജപ്പെടുത്തി യിരിക്കെ, സർക്കാരിന്റെ നയത്തിന് വിരുദ്ധമായി പെൻഷൻ പ്രായം കഴിഞ്ഞ നിരവധി ജീവനക്കാർ കെ.എസ്.എഫ്.ഇ.-യിൽ തുടരുന്നത് കാരണം തൊഴിൽരഹിതരായ യുവജനങ്ങൾക്ക് ഉണ്ടാകുന്ന ആശങ്ക പരിഹരിക്കുമോ;

(ബി) പെൻഷൻ പ്രായം കഴിഞ്ഞിട്ടും ജീവനക്കാർ തുടരുന്നതുമൂലം നഷ്ടപ്പെടുന്ന വേക്കൻസികൾ അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുള്ള നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ & ബി) കെ.എസ്.എഫ്.ഇ.-യിലെ എൻട്രി കേഡർ തസ്തികകളായ അസിസ്റ്റന്റ്, ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകളിലെ ഒഴിവുകൾ കണക്കാക്കുന്നത് ആറുമാസത്തിലൊരിക്കൽ നടത്തപ്പെടുന്ന ബിസിനസ് പുനരവലോകനം ആധാര മാക്കിയാണ്. ഓരോ ബിസിനസ്സ് പുനരവലോകന പ്രകാരവും ആവശ്യമായ ജീവനക്കാരുടെ എണ്ണം, ലഭ്യമായ ജീവനക്കാരുടെ എണ്ണം, ഒഴിവ് എന്നിങ്ങനെ വേർതിരിച്ച് കണക്കാക്കുകയും പുതിയ ഒഴിവുകൾ കണ്ടെത്തുന്നപക്ഷം ആയത് സമയബന്ധിതമായി തന്നെ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നതുമാണ് നടപടിക്രമം. ബഹു. കോടതി ഉത്തരവുകളുടെ ബലത്തിൽ അൻപത്തെട്ട് വയസ്സിനുശേഷം സർവ്വീസിൽ തുടരുന്നവരെ ഒഴിവാക്കിയാണ് മേൽ സൂചിപ്പിച്ച തരത്തിൽ ലഭ്യമായ ജീവനക്കാരുടെ എണ്ണം നാളിതുവരെ കണക്കാക്കിയിട്ടുള്ളത്. കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്സിലെ പെൻഷൻ പ്രായം ഉയർത്തേണ്ടതില്ല എന്നാണ് സർക്കാർ നയം. ഈ നയത്തിന് അനുസൃതമായ വിശദമായ ഉത്തരവ് പുറപ്പെടുവിക്കുകയും പ്രസ്തുത ഉത്തരവ് കോടതിയിൽ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിലെത്തിയശേഷം കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്സിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം 608 അസിസ്റ്റന്റു മാരേയും 153 ഓഫീസ് അറ്റൻഡന്റുമാരേയും നിയമിച്ചിട്ടുണ്ട്. ഇതു കൂടാതെ 243 അസിസ്റ്റന്റുമാരേയും 30 ഓഫീസ് അറ്റൻഡന്റുമാരേയും നിയമനത്തിനായി പി.എസ്.സി. അഡ്വൈസ് ചെയ്തിട്ടുണ്ട്. ഇവർക്കും ഉടൻ നിയമനം നൽകുന്നതാണ്.

## കെ.എസ്.എഫ്.ഇ.-യിൽ ആശ്രിത നിയമനം

124 (526) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യിൽ ആശ്രിത നിയമനം സംബന്ധിച്ച് ശ്രീ. അശ്വിൻ സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ബി) എച്ച് 2/62/2015/ടാക്സസ് എന്ന ഫയലിന്റെ പുരോഗതി അറിയിക്കാമോ; ഫയൽ ഉത്തരവാകുന്നതിന് ഉണ്ടായിട്ടുള്ള കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ ;

(സി) ഫയലിന്റെ തപാൽ നമ്പരും കമ്പ്യൂട്ടർ നമ്പരും അറിയിക്കാമോ; ഫയലിൽ എത്രയും വേഗം തീരുമാനം കൈക്കൊള്ളുന്നതിന് നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ-സി) കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്സിൽ ആശ്രിത നിയമനം ലഭിക്കുന്നതിന് ശ്രീ. അശ്വിൻ 14-9-2015-ൽ സമർപ്പിച്ച അപേക്ഷ കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് മാനേജിംഗ് ഡയറക്ടർ 15-9-2015-ലെ 4103 നമ്പർ കത്ത് മുഖേന സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷ ഇ-ഫയൽ നമ്പർ TAXES/H2/62/2015 (തപാൽ നമ്പർ 21084) പ്രകാരം പരിശോധിക്കുകയും ആയതോടൊപ്പം പിൻതുടർച്ചാവകാശികളുടെ സമ്മതപത്രം ഹാജരാക്കിയിട്ടില്ലാത്തതിനാൽ അത് സമർപ്പിക്കുന്നതിന് 3-12-2015-ൽ അപേക്ഷകനെ അറിയിച്ചു. ടിയാൻ പ്രസ്തുത രേഖ ഹാജരാക്കിയതിനെത്തുടർന്ന് 19-1-2016-ൽ കോട്ടയം ജില്ലാ കളക്ടറുടെ റിപ്പോർട്ട് തേടുകയും ജില്ലാ കളക്ടർ റിപ്പോർട്ട് ലഭ്യമാക്കുകയുമുണ്ടായി. ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ അപേക്ഷ പരിശോധിച്ചതിൽ ടിയാന്റെ വരുമാന പരിധി ആശ്രിത നിയമന വ്യവസ്ഥ പ്രകാരം നിയമനം നൽകുന്നതിന് സ.ഉ.(പി)നമ്പർ 28/2010/പ്ലാനിംഗ് തീയതി 5-6-2010-ൽ നിഷ്കർഷിച്ചിട്ടുള്ള വരുമാന പരിധിയേക്കാൾ ഉയർന്നതാണെന്ന് കണ്ടെത്തിയതിനെത്തുടർന്ന് ടിയാന്റെ അപേക്ഷ നിരസിച്ച് 3-8-2016-ൽ അപേക്ഷകന് മറുപടി നൽകി. 28-9-2016-ൽ ഇതേ വിഷയം പുനഃപരിശോധിക്കുന്നതിനുവേണ്ടി ടിയാൻ വീണ്ടും അപേക്ഷ സമർപ്പിച്ചു. ടിയാന്റെ വാർഷിക വരുമാനം, ആശ്രിത നിയമന വ്യവസ്ഥ പ്രകാരം നിയമനം നൽകുന്നതിന് ഇപ്പോൾ ബാധകമായിട്ടുള്ള സ.ഉ.(പി) നമ്പർ 01/2016/പ്ലാനിംഗ് തീയതി 3-1-2016-ൽ നിഷ്കർഷിച്ചിട്ടുള്ള വരുമാന പരിധിക്കുള്ളിലാണ്. ടി ഫയൽ അഭിപ്രായത്തിനായി

ആസൂത്രണ സാമ്പത്തിക കാര്യ (ബി.പി.ഇ.) വകുപ്പിന് 10-1-2017-ൽ അയച്ചിട്ടുണ്ട്. നിലവിലെ തപാൽ നമ്പർ 894775/16/TAXES (കമ്പ്യൂട്ടർ നമ്പർ TAXES/H2/62/15) ആണ്. ആ വകുപ്പിൽനിന്ന് ഫയൽ ലഭ്യമാക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

**കെ.എസ്.എഫ്.ഇ. വായ്പാകുടിശ്ശിക ഇളവ്**

125 (527) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യിൽ നിന്ന് വായ്പയെടുത്തതിന്റെ കുടിശ്ശികയടയ്ക്കാനാകാതെ പ്രയാസപ്പെടുന്നവർക്ക് എന്തെല്ലാം ആശ്വാസനടപടികൾ നിലവിലുണ്ട് എന്ന് വിശദമാക്കാമോ;

(ബി) മുതലിനെക്കാൾ കൂടുതൽ പലിശ അടച്ചവരുടെ വായ്പ എഴുതിത്തള്ളുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 'ഇളവ് 2017' എന്ന പേരിൽ പ്രത്യേക കുടിശ്ശിക തീർപ്പാക്കൽ പദ്ധതി പ്രാബല്യത്തിലുണ്ട്. 1-1-2017 മുതൽ 31-3-2017 വരെയാണ് ടി പദ്ധതിയുടെ കാലാവധി. ഈ പദ്ധതി പ്രകാരം 31-3-2011-ന് മുൻപ് കുടിശ്ശികയായ കേസുകളിൽ പലിശയിൽ പരമാവധി 6% വരെ ഇളവും, 1-4-2011 മുതൽ 31-3-2013 വരെയുള്ള കാലയളവിൽ കുടിശ്ശികയായിട്ടുള്ള കേസുകളിൽ പലിശയിൽ പരമാവധി 4% വരെ ഇളവും, 1-4-2013 മുതൽ 31-3-2016 വരെയുള്ള കാലയളവിൽ കുടിശ്ശികയായിട്ടുള്ള കേസുകളിൽ പലിശയിൽ പരമാവധി 3% വരെ ഇളവും അനുവദിക്കുന്നതാണ്.

(ബി) ഭവന വായ്പ ഒഴികെയുള്ള അക്കൗണ്ടുകളിൽ മുതലിന് തുല്യമായ തുക പലിശയായി ലഭിച്ചാൽ 'ഇളവ് 2017' പ്രകാരം പ്രസ്തുത അക്കൗണ്ട് തീർപ്പാക്കുന്നതാണ്. ഈ പലിശ കണക്കാക്കുമ്പോൾ മുൻപ് അടച്ചിട്ടുള്ള പിഴപ്പലിശയും (Penal interest) മറ്റ് ആകസ്മിക ചെലവുകളും (Incidental charges) കൂടി പരിഗണിക്കുന്നതാണ്.

**കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകളിൽ പണം അടയ്ക്കുവാനുള്ള സംവിധാനം**

126 (528) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകളിൽ സ്വന്തം ബ്രാഞ്ചുകളിലേയും മറ്റ് ബ്രാഞ്ചുകളിലേയും പണം അടയ്ക്കുവാൻ സാങ്കേതിക തകരാർ കാരണം ജനങ്ങൾക്ക് കൂടുതൽ സമയം ചെലവഴിക്കേണ്ടിവരുന്ന കാര്യം ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ കെ.എസ്.എഫ്.ഇ.-യിൽ ഏതെങ്കിലും സോഫ്റ്റ്‌വെയർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഈ സംവിധാനം തകരാറിലാകുന്ന കാര്യം പരിശോധിച്ച് സോഫ്റ്റ്‌വെയർ സംവിധാനം ശരിയാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) കെ.എസ്.എഫ്.ഇ.-യിൽ ജനങ്ങൾക്ക് കൂടുതൽ നല്ല രീതിയിൽ സേവനം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കെ.എസ്.എഫ്.ഇ.-യുടെ മുഴുവൻ ശാഖകളെയും തമ്മിൽ ബന്ധിപ്പിക്കുന്ന കോർസൊല്യൂഷൻ സോഫ്റ്റ്‌വെയർ ആയ CASBA (Core Application Software for Business Accounting) നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ തുടർന്നുവരികയാണ്. ടി സോഫ്റ്റ്‌വെയർ നടപ്പിൽ വരുത്തുന്നതുമായി ബന്ധപ്പെട്ട് സമീപ ദിവസങ്ങളിലുണ്ടായ സാങ്കേതിക തകരാറുകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും നല്ലൊരളവിൽ പരിഹരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇടപാടുകാർക്ക് കൂടുതൽ മികച്ച സേവനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മങ്കട നിയോജക മണ്ഡലത്തിൽ കെ.എസ്.എഫ്.ഇ. ശാഖകൾ**

127 (529) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. ശാഖകൾ ഇല്ലാത്ത സ്ഥലങ്ങളിൽ അവ തുടങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) മങ്കട നിയോജക മണ്ഡലത്തിലെ മങ്കട, മൂർക്കനാട് എന്നീ പഞ്ചായത്തുകളിൽ മങ്കട, കൊളത്തൂർ എന്നീ സ്ഥലങ്ങൾ കേന്ദ്രമാക്കി കെ.എസ്.എഫ്.ഇ.-യുടെ ശാഖകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഇത് സംബന്ധിച്ച് കെ.എസ്.എഫ്.ഇ. സ്വീകരിച്ചുവരുന്ന നടപടികൾ സംബന്ധിച്ച വിവരം വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.എസ്.എഫ്.ഇ. ശാഖകൾ ഇല്ലാത്ത സ്ഥലങ്ങളിൽ സാദ്ധ്യതാ പഠനം നടത്തിയതിനുശേഷം അനുയോജ്യമാണെങ്കിൽ പുതിയ ശാഖകൾ ആരംഭിക്കുന്നതാണ്.

(ബി &സി) മങ്കട, കൊളത്തൂർ ശാഖകൾ തുടങ്ങുന്നതിന് പ്രായോഗികതാ പഠനം നടത്തുവാൻ മലപ്പുറം റീജിയണൽ അസിസ്റ്റന്റ് ജനറൽ മാനേജരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പഠന റിപ്പോർട്ട് ലഭിച്ചതിനുശേഷം ഉചിതമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

**മാവേലിക്കര തഴക്കരയിൽ കെ.എസ്.എഫ്.ഇ.-യുടെ ബ്രാഞ്ച്**

128 (530) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര തഴക്കരയിൽ കെ.എസ്.എഫ്.ഇ.യുടെ ഒരു ബ്രാഞ്ച് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

മാവേലിക്കര തഴക്കരയിൽ കെ.എസ്.എഫ്.ഇ.-യുടെ ഒരു ബ്രാഞ്ച് ആരംഭിക്കുന്നത് സംബന്ധിച്ച ബിസിനസ്സ് പ്രായോഗികതാ വിലയിരുത്തലിനുശേഷം ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**പൂതക്കുളത്ത് കെ.എസ്.എഫ്.ഇ. ശാഖ ആരംഭിക്കാൻ നടപടി**

129 (531) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലുൾപ്പെട്ട പൂതക്കുളത്ത് കെ.എസ്.എഫ്.ഇ. ശാഖ ആരംഭിക്കുന്നതിലേക്കായി ബഹു. മന്ത്രിക്ക് നൽകിയ നിവേദനം പരിശോധിച്ച് ഫയൽ സമർപ്പിക്കാൻ കെ.എസ്.എഫ്.ഇ.യുടെ എം.ഡി.-ക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ബ്രാഞ്ച് ആരംഭിക്കുന്നതിനായി എം.ഡി. ഫയൽ സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും എന്ന് സ്ഥാപനം ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ചാത്തന്നൂർ നിയോജകമണ്ഡലത്തിലുൾപ്പെട്ട പൂതക്കുളം പഞ്ചായത്തിൽ പൂതക്കുളം കേന്ദ്രമാക്കി കെ.എസ്.എഫ്.ഇ.-യുടെ ഒരു ശാഖ

ആരംഭിക്കുന്നതിനാവശ്യമായ സാദ്ധ്യതാ പഠനം കമ്പനിയുടെ കൊല്ലം റീജിയണൽ അസിസ്റ്റന്റ് ജനറൽ മാനേജർ നടത്തുകയുണ്ടായി. കെ.എസ്.എഫ്.ഇ.-യുടെ ഒരു ശാഖ വേണമെന്ന താല്പര്യം സ്ഥലവാസികൾ പ്രകടിപ്പിക്കുകയുണ്ടായെങ്കിലും പൂതക്കുളത്തിന് 6 കി.മീ. മാത്രം അകലെ പ്രവർത്തിക്കുന്ന കമ്പനിയുടെ പരവൂർ ശാഖയിലെ ബിസിനസ്സിനെ കൂടി ബാധിക്കുമെന്നതിനാൽ പൂതക്കുളത്ത് ഒരു ശാഖ തുടങ്ങുന്നത് ആശാസ്യമല്ലെന്ന് കണ്ടെത്തുകയുണ്ടായി.

## ജി.ഐ.എസ്., എസ്.എൽ.ഐ. എന്നീ ഇൻഷ്വറൻസ് സ്കീമുകളിലെ പാസ്ബുക്ക്/സ്റ്റേറ്റ്മെന്റ്

130 (532) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കുള്ള ജി.ഐ.എസ്, എസ്.എൽ.ഐ എന്നീ ഇൻഷ്വറൻസ് സ്കീമുകളിലെ ക്ലോഷർ ബെനിഫിറ്റ്/റിട്ടയർമെന്റ് ആനുകൂല്യം ലഭിക്കുന്നതിന് സബ്സ്ക്രിപ്ഷൻ ഡീറ്റെയിൽസ് രേഖപ്പെടുത്തിയ പാസ് ബുക്ക്/ സ്റ്റേറ്റ്മെന്റ് ഹാജരാക്കേണ്ട ആവശ്യമുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ ഓഫീസുകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിനെയും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും ജീവനക്കാരുടെ ജി.ഐ.എസ്., എസ്.എൽ.ഐ. പാസ്ബുക്ക്/സ്റ്റേറ്റ്മെന്റ് വിവരങ്ങൾ സ്പാർക്ക് മുഖേന സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) അക്കൗണ്ടന്റ് ജനറൽ പ്രോവിഡന്റ് ഫണ്ടിന്റെ സ്റ്റേറ്റ്മെന്റ് നൽകുന്നതു പോലെ എല്ലാ വർഷവും സാമ്പത്തിക വർഷ അവസാനം ജീവനക്കാർക്ക് ജി.ഐ.എസ്., എസ്.എൽ.ഐ. എന്നിവയുടെ വാർഷിക സ്റ്റേറ്റ്മെന്റ് നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ഡി) പാസ് ബുക്ക് ഉപയോഗവും അച്ചടിയും നിർത്തലാക്കാൻ കഴിയുന്നതിലൂടെ സാമ്പത്തികമായ ലാഭമുണ്ടാകുമെന്നതിനാൽ ആയത് നടപ്പിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാർ ജീവനക്കാർക്കായുള്ള എസ്.എൽ.ഐ./ജി.ഐ.എസ്. പദ്ധതികളിൽ നിന്നുള്ള ക്ലോഷർ/റിട്ടയർമെന്റ് ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് നിലവിലെ സാഹചര്യത്തിൽ വരിസംഖ്യ കിഴിവ് രേഖപ്പെടുത്തിയ പാസ്ബുക്ക്/ സ്റ്റേറ്റ്മെന്റ് ഹാജരാക്കേണ്ടതാണ്.

(ബി) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പും പൂർണ്ണമായും കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനുള്ള നടപടികളുടെ അന്തിമഘട്ടത്തിലാണ്. എസ്.എൽ.ഐ./ജി.ഐ.എസ്. വരിസംഖ്യ കിഴിവ് വിവരങ്ങൾ 'സ്പാർക്ക്' മുഖേന സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സോഫ്റ്റ്വെയർ പൂർണ്ണമായും പ്രവർത്തനക്ഷമമാകുമ്പോൾ മാത്രമേ ഈ വിവരങ്ങൾ പരസ്പരം ബന്ധിപ്പിക്കുവാൻ സാധിക്കുകയുള്ളൂ.

(സി) വർഷാവർഷം ജീവനക്കാർക്ക്/വരിക്കാർക്ക് തങ്ങളുടെ എസ്.എൽ.ഐ./ ജി.ഐ.എസ്. വാർഷിക സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുന്ന വിധത്തിലാണ് വകുപ്പിൽ പുതിയ സോഫ്റ്റ്വെയർ വികസിപ്പിച്ചുകൊണ്ടിരിക്കുന്നത്.

(ഡി) പൂർണ്ണമായും സോഫ്റ്റ്വെയറിനെ മാത്രം ആശ്രയിച്ച് വകുപ്പിന്റെ ഇടപാടുകൾ നടത്തുന്ന ഘട്ടത്തിൽ പാസ്ബുക്കിന്റെ ഉപയോഗവും അച്ചടിയും നിർത്തലാക്കാൻ കഴിയുന്നതാണ്.

## ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി

131 (533) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതിയിൽ എല്ലാ സർക്കാർ ജീവനക്കാരും അംഗങ്ങളാണോയെന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ രണ്ട് വർഷങ്ങളിൽ ഈ ഇനത്തിൽ എത്ര രൂപ ലഭിച്ചിട്ടുണ്ടെന്നും എത്ര ക്ലെയിം ഉണ്ടായിരുന്നുവെന്നും ക്ലെയിമിന് എന്ത് തുക നൽകിയിരുന്നുവെന്നും വിശദമാക്കുമോ;

(സി) പദ്ധതിയുടെ വരിസംഖ്യ 400 രൂപയായി വർദ്ധിപ്പിക്കുവാൻ ഇടയായ സാഹചര്യമെന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) എല്ലാ ജീവനക്കാരും അപേക്ഷാ ഫോറവും നോമിനേഷൻ ഫോറവും പൂരിപ്പിച്ച നൽകിയിട്ടുണ്ടോയെന്നും ഇല്ലായെങ്കിൽ അവ പൂരിപ്പിച്ച വാങ്ങാൻ നടപടി സ്വീകരിക്കുമോയെന്നും വിശദമാക്കുമോ?

### ഉത്തരം

(എ) 23-11-2010-ലെ സ.ഉ. (അച്ചടി)നമ്പർ 616/2010/ധന പ്രകാരം എല്ലാ സർക്കാർ ജീവനക്കാരും ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളാകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) 2015 സാമ്പത്തിക വർഷത്തിൽ ജി.പി.എ.ഐ.എസ്. പ്രീമിയം ഇനത്തിൽ 18,35,58,557 രൂപ ലഭിക്കുകയും 174 ക്ലെയിമുകൾ ലഭിച്ചതിൽ

102 ക്ലെയിമുകൾ 10,20,00,000 രൂപ നൽകി തീർപ്പാക്കുകയും 2016 സാമ്പത്തിക വർഷത്തിൽ ജി.പി.എ.ഐ.എസ്. പ്രീമിയം ഇനത്തിൽ 18,35,92,700 രൂപ ലഭിക്കുകയും 130 ക്ലെയിമുകൾ ലഭിച്ചതിൽ 35 ക്ലെയിമുകൾ 3,50,00,000 രൂപ നൽകി തീർപ്പാക്കുകയും ചെയ്തു.

(സി) മുൻ വർഷങ്ങളിൽ ആകെ ലഭിച്ച പ്രീമിയം തുകയുടേയും ക്ലെയിം തുകയുടെയും അനുപാതം, നടപ്പുസാമ്പത്തിക വർഷം സർവ്വീസ് ടാക്സ് 15 ശതമാനമായി വർദ്ധിപ്പിച്ചത് എന്നിവ കണക്കിലെടുത്താണ് പ്രീമിയം 400 രൂപയായി വർദ്ധിപ്പിച്ചത്.

(ഡി) ജി.പി.എ.ഐ.എസ്.-ൽ ചേരുന്നതിന് പ്രത്യേക അപേക്ഷ ഫാറം ഇല്ല. ഓരോ ജീവനക്കാരന്റെയും നവംബർ മാസത്തെ ശമ്പളത്തിൽ നിന്നും പ്രീമിയം കിഴിവ് നടത്തി ഈ സ്കീമിൽ അംഗമാക്കിവരുന്നു. നോമിനേഷൻ ഫാറം എല്ലാ ജീവനക്കാരും കൃത്യമായി സമർപ്പിച്ചിട്ടുണ്ടെന്ന് വകുപ്പുതലവന്മാർ ഉറപ്പാക്കേണ്ടതാണെന്ന് 30-9-2016-ലെ സ.ഉ. (അച്ചടി) നമ്പർ 144/2016/ധന. ഉത്തരവ് നിഷ്കർഷിക്കുന്നുണ്ട്.

## കയർ തൊഴിലാളി ക്ഷേമം

132 (534) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത് എന്ന് വിശദമാക്കാമോ ;

(ബി) കയർ തൊഴിലാളികൾക്ക് ലഭിക്കുന്ന ചികിത്സാസഹായം ഉൾപ്പെടെയുള്ള ക്ഷേമനിധി ആനുകൂല്യങ്ങൾ വളരെ കുറവാണ് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ തുക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) പരമ്പരാഗത തൊഴിലാളികളുടെ തൊഴിലിനെയോ വരുമാനത്തെയോ ബാധിക്കാത്ത വിധത്തിൽ യന്ത്രവൽക്കരണം നടത്തി കയർ മേഖലയെ ആധുനിക വത്ക്കരിക്കുക എന്നുള്ളതാണ് സർക്കാർ നയം. സഹകരണ സംഘങ്ങൾ ഉല്പാദിപ്പിക്കുന്ന മുഴുവൻ കയറും മിനിമം കൂലി ഉറപ്പുവരുത്തി കയർഫെഡ് സംഭരിക്കുകയും ഈ കയർ ഉപയോഗിച്ച് നെയ്യുന്ന ചെറുകിട ഉല്പാദകരുടെ ഉല്പന്നം മുഴുവനും കയർ കോർപ്പറേഷൻ അംഗീകൃത വിലയ്ക്ക് സംഭരിക്കുകയും ചെയ്യുന്നുണ്ട്. ഇതിനായി ക്രയവില സ്ഥിരതാഫണ്ട് പദ്ധതിയിൽ നിലവിൽ വകയിരുത്തിയിട്ടുള്ള

77 കോടി രൂപയിൽനിന്നും കയർഫെഡിന് 16,98,36,938 രൂപയും കയർ കോർപ്പറേഷന് 26,62,00,000 രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ കയർ കോർപ്പറേഷനും കയർഫെഡിനുംകൂടി 2017 ഫെബ്രുവരിവരെ ആകെ 43,60,36,938 രൂപ നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. തൻമൂലം കയറിന്റെ സംഭരണം കയർഫെഡ് വഴിയും ഉല്പന്നങ്ങളുടെ സംഭരണം കയർ കോർപ്പറേഷൻ വഴിയും നടത്തുന്നതിന് കഴിയുന്നു.

(ബി) ക്ഷേമനിധി ബോർഡ് മുഖേന കയർ തൊഴിലാളികൾക്ക് ചികിത്സാ സഹായം ഉൾപ്പെടെയുള്ള വിവിധ ധനസഹായങ്ങൾ നൽകുന്നതിനായി ക്ഷേമനിധി ബോർഡിന് മാച്ചിംഗ് ഗ്രാന്റ് നൽകിവരുന്നു. പെൻഷൻ ഇനത്തിൽ 86,57,50,000 രൂപ വിതരണം ചെയ്തുകഴിഞ്ഞു.

ക്ഷേമനിധി ബോർഡ് നൽകുന്ന ചികിത്സാ സഹായം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**കയർ മേഖലയുടെ ക്ഷേമം**

133 (535) ശ്രീ. എ. എം. ആരിഫ്:
ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. കെ. ദാസൻ:
ശ്രീ. കെ. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) കെട്ടിക്കിടക്കുന്ന കയർ ഉൽപ്പന്നങ്ങൾ കയർ കോർപ്പറേഷൻ മുഖേനയും കയർഫെഡ് മുഖേനയും ഏറ്റെടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇതിനായി എത്രകോടി രൂപയാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) കയർ വില സ്ഥിരതാ പദ്ധതി പ്രകാരം നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ് ;

(ഇ) ചകിരി ഉൽപ്പാദന യൂണിറ്റുകൾക്ക് 50 ശതമാനം ഇൻവെസ്റ്റ്മെന്റ് സബ്സിഡി പ്രഖ്യാപിച്ചിട്ടുണ്ടോ;

(എഫ്) പുതിയ യന്ത്രവൽകൃത ഫാക്ടറികൾക്ക് കയർ ബോർഡിന്റെ സബ്സിഡിയ്ക്ക് പുറമേ സർക്കാർ സബ്സിഡി പ്രഖ്യാപിച്ചിട്ടുണ്ടോ ; വിശദാംശം നൽകാമോ ?

<u>ഉത്തരം</u>

(എ) പരമ്പരാഗത തൊഴിലാളികളുടെ തൊഴിലിനെയോ വരുമാനത്തെയോ ബാധിക്കാത്ത വിധത്തിൽ യന്ത്രവൽക്കരണം നടത്തി കയർ മേഖലയെ ആധുനികവൽക്കരിക്കുക എന്നുള്ളതാണ് സർക്കാർ നയം. സഹകരണ സംഘങ്ങൾ ഉല്പാദിപ്പിക്കുന്ന മുഴുവൻ കയറും മിനിമം കൂലി ഉറപ്പുവരുത്തി കയർഫെഡ് സംഭരിക്കുകയും ഈ കയർ ഉപയോഗിച്ച് നെയ്യുന്ന ചെറുകിട ഉല്പാദകരുടെ ഉല്പന്നം മുഴുവനും കയർ കോർപ്പറേഷൻ അംഗീകൃത വിലയ്ക്ക് സംഭരിക്കുകയും ചെയ്യുന്നുണ്ട്. ഇതിനായി ക്രയവില സ്ഥിരതാ ഫണ്ട് പദ്ധതിയിൽ നിലവിൽ വകയിരുത്തിയിട്ടുള്ള 77 കോടി രൂപയിൽ നിന്നും കയർഫെഡിന് 16,98,36,938 രൂപയും കയർ കോർപ്പറേഷന് 26,62,00,000 രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ കയർ കോർപ്പറേഷനും കയർഫെഡിനുംകൂടി 2017 ഫെബ്രുവരി വരെ ആകെ 43,60,36,938 രൂപ നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. തൻമൂലം കയറിന്റെ സംഭരണം കയർഫെഡ് വഴിയും ഉല്പന്നങ്ങളുടെ സംഭരണം കയർ കോർപ്പറേഷൻ വഴിയും നടത്തുന്നതിന് കഴിയുന്നു.

(ബി &സി) ഉണ്ട്. കയർഫെഡ് 16,98,36,938 രൂപയും കയർ കോർപ്പറേഷൻ 26,62,00,000 രൂപയും കൂട്ടി ആകെ മൊത്തം 43,60,36,938 രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) കയർ വില സ്ഥിരതാ പദ്ധതി പ്രകാരം അഡീഷണൽ വർക്കിംഗ് ക്യാപ്പിറ്റൽ, റിബേറ്റ്, റീഇംബേഴ്സ്മെന്റ് എന്നിവ അനുവദിച്ചിട്ടുണ്ട്. കയറ്റുമതിയ്ക്കായുള്ള വിലക്കിഴിവ് 7.5%, സഹകരണ സംഘങ്ങൾക്കുള്ള നടത്തിപ്പ് ചെലവ് 3%, കയർ കോർപ്പറേഷന് നടത്തിപ്പ് ചെലവ് 3% എന്നീ നിരക്കിൽ നൽകിവരുന്നു.

(ഇ) ചകിരി ഉല്പാദന യൂണിറ്റുകൾക്ക് 50 ശതമാനം ഇൻവെസ്റ്റ്മെന്റ് സബ്സിഡിയായി പരമാവധി 5 ലക്ഷം രൂപവരെ നൽകുന്ന പദ്ധതി നിലവിലുണ്ട്.

(എഫ്) ബഡ്ജറ്റിൽ സർക്കാർ സബ്സിഡി പ്രഖ്യാപിച്ചിട്ടുണ്ട്.

**കയർ സംഘങ്ങളുടെ പ്രവർത്തനം**

134 (536) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ ജില്ലയിലും എത്ര കയർ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഓരോ ജില്ലയിലും 2011 മുതൽ നാളിതുവരെ എത്രമാത്രം കയറുല്പന്നങ്ങൾ ശേഖരിച്ച് വിപണനം നടത്തിയിട്ടുണ്ട് എന്നതിന്റെ വിശദാംശങ്ങൾ വർഷം തിരിച്ച് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിൽ 10 കയർ പ്രോജക്ട് ഓഫീസുകളുടെ നിയന്ത്രണത്തിലാണ് കയർ സംഘങ്ങൾ പ്രവർത്തിക്കുന്നത്. അതിനെ അടിസ്ഥാനമാക്കിയുള്ള സംഘങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| പ്രോജക്ട് ഓഫീസ് | സംഘങ്ങളുടെ എണ്ണം |
|---|---|
| ചിറയിൻകീഴ് | 42 |
| കൊല്ലം | 83 |
| ആലപ്പുഴ | 145 |
| വൈക്കം | 35 |
| നോർത്ത് പറവൂർ | 14 |
| തൃശ്ശൂർ | 17 |
| പൊന്നാനി | 12 |
| കോഴിക്കോട് | 58 |
| കായംകുളം | 128 |
| കണ്ണൂർ | 31 |

(ബി) 10 പ്രോജക്ടുകളിലായി സംഘങ്ങൾ ഉല്പാദിപ്പിച്ച കയറിന്റെയും കയറുല്പന്നങ്ങളുടെയും വിവരം അനുബന്ധമായി ചേർക്കുന്നു*.

**കയർ വ്യവസായത്തെ സംരക്ഷിക്കുവാൻ നടപടി**

135 (537) <u>ശ്രീ. അടൂർ പ്രകാശ്</u>:
<u>ശ്രീ. കെ.മുരളീധരൻ</u>:
<u>ശ്രീ. ഹൈബി ഈഡൻ</u>:
<u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലഘട്ടത്തിനനുസൃതമായുള്ള മാറ്റങ്ങൾക്ക് വിധേയമാക്കി കയർ വ്യവസായത്തെയും അതിൽ ഏർപ്പെട്ട് കഴിയുന്ന തൊഴിലാളികളെയും സംരക്ഷിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കഴിഞ്ഞ ഒമ്പത് മാസത്തിനിടയിൽ ഈ മേഖലയിൽ കൊണ്ടുവന്ന മാറ്റങ്ങൾ എന്തൊക്കെയാണ്; ഇതുമൂലം ഉല്പാദനത്തിലും തൊഴിലാളികളുടെ ജീവിത നിലവാരത്തിലും ഉണ്ടായിട്ടുള്ള വ്യത്യാസം എന്തൊക്കെയാണ്;

(സി) കയറുല്പന്നമേഖലയിൽ സംസ്ഥാനത്തിനുണ്ടായിരുന്ന ആധിപത്യം തിരിച്ചുപിടിക്കുന്നതിനും ഈ മേഖലയെ ശക്തിപ്പെടുത്തുന്നതിനും പുതിയ തലമുറയെ ഈ വ്യവസായത്തിലേയ്ക്ക് ആകർഷിക്കുന്നതിനും എന്തെങ്കിലും നൂതന പദ്ധതികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശമുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ-സി) കാലഘട്ടത്തിനനുസൃതമായിട്ടുള്ള മാറ്റങ്ങൾക്ക് വിധേയമായി കയർ വ്യവസായത്തെയും അതിൽ ഏർപ്പെട്ട് കഴിയുന്ന തൊഴിലാളികളെയും സംരക്ഷിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കയർ മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്നായ ചകിരി ദൗർലഭ്യം പരിഹരിക്കുന്നതിന് നിലവിലുള്ള പദ്ധതിയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടുള്ള തൊണ്ടുസംഭരണവും ചകിരി ഉല്പാദനവും എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. കയർ മേഖലയെയും തൊഴിലാളികളെയും സംരക്ഷിക്കുന്നതിന് താഴെപ്പറയുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം സ്ഥിര/പ്രവർത്തനമൂലധനം നൽകുന്നു.
2. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള ധനസഹായം നൽകിവരുന്നു.
3. കയറും കയറുല്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (എം.ഡി.എ.) നൽകിവരുന്നു.
4. കയർ മേഖലയിലെ സംരംഭകർക്ക് മാർജിൻ മണി വായ്പ നൽകുന്നു.
5. പ്രത്യേക നിക്ഷേപ സഹായ പദ്ധതിയിലൂടെ (സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് സബ്സിഡി) നൽകിവരുന്നു.
6. കയർ വ്യവസായത്തിൽ യന്ത്രവൽക്കരണം നടപ്പിലാക്കുന്നു.
7. ഉല്പാദനവും വിപണന പ്രചോദനവും (പി.എം.ഐ.) പദ്ധതിയിലൂടെ ആനുകൂല്യം നൽകിവരുന്നു.
8. വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള ഫണ്ട് 17 കോടി രൂപയിൽനിന്നും 77 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

9. കയർ മേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കിവരുന്നു.

10. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം നൽകുന്നു.

11. കയർ ജിയോ ടെക്സ്റ്റൈൽസ് വിനിയോഗം തദ്ദേശ ഭരണ സ്ഥാപനങ്ങൾവഴി വിപുലീകരിക്കുന്നതിന് പരിപാടി നടപ്പിലാക്കുന്നു.

12. കയർപിരി/ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർതന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കിവരുന്നു.

13. കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കിവരുന്നു.

14. കയർ സഹകരണ സംഘങ്ങൾക്ക് മാനേജീരിയൽ സബ്സിഡി നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചുവരുന്നു.

അംഗസംഘങ്ങൾ ഉല്പാദിപ്പിക്കുന്ന കയർ കയർഫെഡ് ന്യായവില നൽകി സംഭരിച്ചുവരുന്നു. കയറുല്പന്നങ്ങൾ ന്യായവില നൽകിക്കൊണ്ട് കയർ കോർപ്പറേഷനും സംഭരിക്കുന്നുണ്ട്. കയർഫെഡിനും കയർ കോർപ്പറേഷനുംകൂടി ഈ സാമ്പത്തിക വർഷം 43,60,36,938 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതുവഴി സംഘങ്ങളിൽ മുടക്കം കൂടാതെ തൊഴിലാളികൾക്ക് ജോലിയും സ്ഥിരവരുമാനവും ലഭിച്ചുവരുന്നു. മേൽ പരാമർശിച്ചിട്ടുള്ള വിവിധ പദ്ധതികളിലൂടെ ഉല്പാദനത്തിലും തൊഴിലാളികളുടെ ജീവിത നിലവാരത്തിലും പുരോഗതി ഉണ്ടായിട്ടുണ്ട്.

ഇത്തരം പദ്ധതികളിലൂടെ കയറുല്പന്ന മേഖലയിൽ സംസ്ഥാനത്തിനുണ്ടായിരുന്ന ആധിപത്യം തിരിച്ചുപിടിക്കാനും പുതിയ തലമുറയെ ഈ മേഖലയിലേയ്ക്ക് ആകർഷിച്ച് കയർ വ്യവസായത്തെ സംരക്ഷിക്കാമെന്നും സർക്കാർ ഉദ്ദേശിക്കുന്നു.

**അടച്ചുപൂട്ടിയ പൊതുമേഖലാ സ്ഥാപനങ്ങൾ**

136 (538) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഇവയിൽ ഏതൊക്കെ സ്ഥാപനങ്ങൾ ഈ സർക്കാർ തുറന്ന് പ്രവർത്തിപ്പിക്കാൻ ശ്രമിക്കുമെന്ന് അറിയിക്കുമോ;

(സി) കഴിഞ്ഞ സർക്കാർ അടച്ചുപൂട്ടിയ ഏതൊക്കെ സ്ഥാപനങ്ങൾ ഇതുവരെ തുറന്ന് പ്രവർത്തിപ്പിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിൽ പ്രവർത്തിച്ചിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളൊന്നും അടച്ചുപൂട്ടിയിട്ടില്ല.

എന്നാൽ പരമ്പരാഗത വ്യവസായ രംഗത്ത് പുനരുജ്ജീവനത്തിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## ബി.ഇ.എം.എൽ. പൊതുമേഖലയിൽ നിലനിർത്തൽ

137 (539) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഞ്ചിക്കോട് പ്രവർത്തിക്കുന്ന ബി. ഇ. എം. എൽ. സ്വകാര്യവൽക്കരിക്കുന്നതിനുള്ള നടപടികൾ കേന്ദ്രസർക്കാർ സ്വീകരിച്ചുവരുന്ന സാഹചര്യത്തിൽ ആയത് പൊതുമേഖലയിൽ തന്നെ നിലനിർത്തുന്നതിന് എന്തെല്ലാം നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ ;

(ബി) ബി. ഇ. എം. എൽ. പോലെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മറ്റ് കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങളും അപ്രകാരം നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദവിവരം നൽകുമോ ?

ഉത്തരം

(എ & ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പല കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കുന്നതിനുള്ള നീക്കം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവയെ പൊതുമേഖലയിൽത്തന്നെ നിലനിർത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുവാൻ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ബി.ഇ.എം.എൽ. സ്വകാര്യവൽക്കരിക്കുന്നത് സംബന്ധിച്ച് കേന്ദ്രസർക്കാരിൽ നിന്നും ഔദ്യോഗികമായ അറിയിപ്പൊന്നും ലഭിച്ചിട്ടില്ല.

## കെ.പി.പി. നമ്പ്യാർ സ്മാരക മ്യൂസിയം ആരംഭിക്കാൻ നടപടി

138 (540) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ 1 കോടി രൂപ വകയിരുത്തിയ കെൽട്രോൺ സ്ഥാപക ചെയർമാനും മാനേജിംഗ് ഡയറക്ടറുമായിരുന്ന കെ.പി.പി.നമ്പ്യാരുടെ സ്മാരക മ്യൂസിയം കല്ല്യാശ്ശേരി കെൽട്രോണിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ;

(ബി) അത് സംബന്ധിച്ച് വ്യവസായ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) കെ.പി.പി. നമ്പ്യാരുടെ സ്മാരക മ്യൂസിയം കല്ല്യാശ്ശേരി കെൽട്രോൺ കംപോണന്റ് കോംപ്ലക്സിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കെ.പി.പി. നമ്പ്യാർ തുടങ്ങിവച്ച ഇലക്ട്രോണിക്സ് വ്യവസായ രംഗം കെൽട്രോണിന്റെ പരിധിയ്ക്ക് പുറത്ത് സംസ്ഥാനത്തിന് മൊത്തത്തിൽ പ്രത്യേകിച്ച് ഇലക്ട്രോണിക്സ് മേഖലയിൽ വൈദഗ്ദ്ധ്യം നേടിയിട്ടുള്ള യുവാക്കൾക്ക് തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്ന സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള അവസരമായി രൂപപ്പെടുത്തുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഇതിന്റെ ഭാഗമായി കെ.പി.പി. നമ്പ്യാർ ഫൗണ്ടേഷൻ രൂപീകരിക്കുന്നതിനുവേണ്ടി കെൽട്രോൺ സമർപ്പിച്ച പദ്ധതിയുടെ രൂപരേഖ സർക്കാർ പരിശോധിച്ചുവരികയാണ്.

**കെ.എസ്.ഐ.ഇ.-യിലെ എം.ഡി. നിയമനം**

139 (541) ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർ സ്ഥാനത്തേയ്ക്ക് റിയാബ് ഷോർട്ട് ലിസ്റ്റ് ചെയ്തിരുന്ന ആരെയെങ്കിലും കെ.എസ്.ഐ.ഇ.യുടെ എം.ഡി. സ്ഥാനത്തേയ്ക്ക് നിയമിക്കണമെന്ന് നിർദ്ദേശം നൽകിയിരുന്നോ; എങ്കിൽ ആരെയെന്നും അദ്ദേഹത്തിന്റെ വിദ്യാഭ്യാസ യോഗ്യത എന്തായിരുന്നുവെന്നും വെളിപ്പെടുത്തുമോ ;

(ബി) കെ.എസ്.ഐ.ഇ.-യുടെ എം. ഡി. ആയി നിയമിതനായ ശ്രീ. സുധീർ നമ്പ്യാരുടെ പരീക്ഷാ യോഗ്യത എന്തൊക്കെയാണ്; റിയാബ് ഷോർട്ട് ലിസ്റ്റ് ചെയ്ത വ്യക്തികളിൽനിന്നും സുധീറിനുള്ള അധിക യോഗ്യത എന്തായിരുന്നു ;

(സി) സുധീറിന്റെ നിയമനം റദ്ദ് ചെയ്തുകൊണ്ടുള്ള കത്ത് മുൻ വ്യവസായമന്ത്രി എന്നാണ് നൽകിയത് ; പ്രസ്തുത കത്തിന്റെ വെളിച്ചത്തിൽ സുധീറിന്റെ നിയമന ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചത് എന്നാണ്; ഇക്കാര്യത്തിൽ കാലതാമസം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർ സ്ഥാനത്തേയ്ക്ക് റിയാബ് ഷോർട്ട് ലിസ്റ്റ് ചെയ്തിരുന്ന ആരെയും കെ.എസ്.ഐ.ഇ.-യുടെ എം.ഡി. സ്ഥാനത്തേയ്ക്ക് നിയമിക്കണമെന്ന് നിർദ്ദേശം നൽകിയിരുന്നില്ല.

(ബി &സി) ശ്രീ. സുധീറിന് കെ.എസ്.ഐ.ഇ.-യിൽ മാനേജിംഗ് ഡയറക്ടറായി നിയമനം നൽകിയതുമായി ബന്ധപ്പെട്ട ഫയൽ (വ്യവ-ബി1/307/16-വ്യവ.) അന്വേഷണാർത്ഥം വിജിലൻസ് വകുപ്പിന് കൈമാറിയിരിക്കുന്നതിനാൽ പ്രസ്തുത വിവരങ്ങൾ ഈ വകുപ്പിൽ ലഭ്യമല്ല.

**കേരള ആട്ടോ മൊബൈൽസിന്റെ സാമ്പത്തിക ബാധ്യത ഏറ്റെടുക്കൽ**

140 (542) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകരയിലെ പൊതുമേഖലാ സ്ഥാപനമായ കേരള ആട്ടോ മൊബൈൽസിന്റെ സാമ്പത്തിക ബാദ്ധ്യത സർക്കാർ ഏറ്റെടുക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ ആട്ടോ മൊബൈൽസ് അനുബന്ധ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കേരള ആട്ടോ മൊബൈൽസിൽ പുതിയ എം.ഡി.യെ നിയമിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(ഡി) അമരവിളയിലെ സിഡ്കോ ടൈൽ ഫാക്ടറി അടച്ച് പൂട്ടി പകരം ആ സ്ഥലത്ത് ചെറുകിട വ്യവസായം ആരംഭിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) നെയ്യാറ്റിൻകര ആറാലുംമൂട്ടിലുള്ള കേരള ആട്ടോ മൊബൈൽസ് ലിമിറ്റഡ് എന്ന പൊതുമേഖലാ സ്ഥാപനം കഴിഞ്ഞ കുറേ വർഷങ്ങളായി നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. തുടർച്ചയായ നഷ്ടംമൂലം പ്രവർത്തന മൂലധനം പൂർണ്ണമായും ശോഷിച്ച അവസ്ഥയിലാണ്.

കേരള ആട്ടോ മൊബൈൽസിന്റെ ഇപ്പോഴത്തെ സ്ഥിതിയും പ്രവർത്തനവും ഉല്പാദന സൗകര്യങ്ങളും വിശദമായി പരിശോധിച്ച് ഇപ്പോഴുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതുൾപ്പെടെ സ്ഥാപനത്തിന്റെ സുസ്ഥിരമായ ഭാവിയ്ക്കനുയോജ്യമായ പദ്ധതികൾ ആരംഭിക്കുന്നതിനുള്ള സാധ്യതകൾ സർക്കാർ അടിയന്തര ശ്രദ്ധ നൽകി പരിശോധിക്കുന്നതാണ്. ഇതിന്റെ ഭാഗമായി സാമ്പത്തിക ബാധ്യതകൾ തീർപ്പാക്കുന്ന നടപടികളും സർക്കാർ പരിശോധിക്കുന്നതാണ്. കമ്പനിയുടെ അത്യാവശ്യമുള്ള പ്രവർത്തന മൂലധനസഹായത്തിനായി 2016-17-ലെ ബഡ്ജറ്റിൽ പൊതുമേഖലാ സ്ഥാപനങ്ങൾക്കായി പ്രത്യേകം വകയിരുത്തിയിട്ടുള്ള 100 കോടി രൂപയിൽനിന്നും ഇതിനോടകം 200 ലക്ഷം രൂപ സർക്കാർ കേരള ആട്ടോമൊബൈൽസിന് നൽകിയിട്ടുണ്ട്. കൂടാതെ ധനസഹായമായി 300 ലക്ഷം രൂപകൂടി നൽകുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള ആട്ടോ മൊബൈൽസിൽ മാനേജിംഗ് ഡയറക്ടറെ പുതിയതായി നിയമിച്ചിരുന്നു. എന്നാൽ അദ്ദേഹം ദീർഘകാല അവധിയിൽ പ്രവേശിച്ചതിനാൽ വന്ന ഒഴിവിലേയ്ക്ക് താൽക്കാലിക ചുമതല നൽകിയിട്ടുണ്ട്.

(ഡി) അമരവിളയിലെ സിഡ്കോ ടൈൽ ഫാക്ടറി നിലവിൽ പ്രവർത്തിക്കുന്നില്ല. 11-11-2014-ലെ ജി.ഒ.(എം.എസ്.)നമ്പർ 151/2014/ഐ.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സിഡ്കോയുടെ കീഴിലുള്ള അമരവിളയിലെ 2.5 ഏക്കർ സ്ഥലം ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (അസാപ്)ന്റെ കമ്മ്യൂണിറ്റി സ്കിൽ പാർക്ക് തുടങ്ങുന്നതിനുവേണ്ടി കൈമാറാൻ ഉത്തരവായിരുന്നു. പിന്നീട് നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ 20,000 സ്ക്വയർഫീറ്റ് കെട്ടിടം നിർമ്മിക്കാൻ 2.5 ഏക്കർ സ്ഥലം അധികമാണെന്നും ആയതിനാൽ 1.5 ഏക്കർ സ്ഥലം ഉന്നത വിദ്യാഭ്യാസ വകുപ്പിന് കൈമാറാനും ബാക്കി ഒരേക്കർ സിഡ്കോയുടെ വികസന പ്രവർത്തനങ്ങൾക്കായി നൽകാനും തീരുമാനമായിരുന്നു. മേൽ തീരുമാനമനുസരിച്ച് വിശദമായ സ്കെച്ചും ഇരുകൂട്ടരുടെ സ്ഥലം അതിരടയാളം ചെയ്തുകൊണ്ടുള്ള സൈറ്റ് പ്ലാനും ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

## പുതിയ വ്യവസായങ്ങൾ

141 (543) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ സാഹചര്യങ്ങൾക്കനുസരിച്ച് പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിന് നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) പ്രവാസി മലയാളികൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയുമായി സഹകരിച്ച് പുതിയ വ്യവസായങ്ങൾ തുടങ്ങാൻ നടപടി സ്വീകരിയ്ക്കുമോ ?

### ഉത്തരം

(എ) കേരളത്തിന്റെ സാഹചര്യങ്ങൾക്കനുസരിച്ച് പുതിയ വ്യവസായ സംരംഭങ്ങൾ കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ സർക്കാർ നടപ്പിലാക്കിവരികയാണ്. ആയതിൻ പ്രകാരം ചില വ്യവസായങ്ങളെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തി സംരംഭക സഹായ പദ്ധതിവഴി അവയ്ക്ക് അധിക സാമ്പത്തിക സഹായം നൽകിവരുന്നു. വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനായി എല്ലാ ജില്ലകളിലും Investors Meet, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം തുടങ്ങിയ പരിപാടികളും നടത്തിവരുന്നു.

കൂടാതെ സ്കൂൾ-കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ.ഡി. ക്ലബ്ബുകൾ) വഴി ധനസഹായവും നൽകിവരുന്നു. പുതിയ വ്യവസായ സംരംഭങ്ങളെ സഹായിക്കുവാനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാനും എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നുമുണ്ട്.

ബോധവൽക്കരണ ക്ലാസ്സുകൾ, സംരംഭകത്വ വികസന പരിശീലന പരിപാടികൾ, നിക്ഷേപകരുടെ മേളകൾ, എം.എസ്.എം.ഇ. ഉല്പന്ന വിപണന മേളകൾ, മെഷിനറി എക്സിബിഷൻ, ടെക്നോളജി ക്ലിനിക്കുകൾ, സ്കിൽ ഡെവലപ്മെന്റ് പരിശീലനം, ഊർജ്ജിത വ്യവസായവൽക്കരണ പദ്ധതി എന്നിവ ബ്ലോക്ക്, താലൂക്ക്, മുനിസിപ്പാലിറ്റി, ജില്ലാതലങ്ങളിലായി നടത്തിവരുന്നു. കൂടാതെ ബിസിനസ്സ് ടു ബിസിനസ്സ് മീറ്റ് സംസ്ഥാനതലത്തിൽ മെഷിനറി എക്സിബിഷൻ തുടങ്ങിയ പരിപാടികൾവഴി സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വ്യവസായികൾക്ക് കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനും കേരളത്തിലെ ചെറുകിട വ്യവസായികൾക്ക് ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വിപണന അവസരങ്ങൾ കണ്ടെത്താനും അവസരമൊരുക്കിയിട്ടുമുണ്ട്.

സംസ്ഥാനത്ത് ചെറുകിട ഇടത്തരം വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള പുതിയ വ്യവസായ നയത്തിന്റെ കരട് വ്യവസായ വാണിജ്യ വകുപ്പ് തയ്യാറാക്കിയത് സർക്കാരിന്റെ പരിഗണനയിലാണ്. കെ-ബിപ്പ് വഴി കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായികളുടെ വിപണി ലഭ്യമാക്കുന്നതിനായി കേരള ബിസിനസ്സ് ടു ബിസിനസ്സ് മീറ്റുകൾ, ദേശീയ അന്തർദ്ദേശീയ മേളകളിൽ പങ്കെടുപ്പിക്കൽ തുടങ്ങിയ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. വിപണന പ്രോത്സാഹനാർത്ഥം ജില്ലാതലത്തിലും സംസ്ഥാനതലത്തിലും വ്യവസായ ഉല്പന്നങ്ങളുടെ പ്രദർശന മേളകൾ സംഘടിപ്പിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്തെ വ്യവസായ വികസനം ത്വരിതപ്പെടുത്തുന്നതിനായി ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ കൗൺസിൽ, ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡ്, ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ബോർഡ് മുതലായവ രൂപീകരിച്ചിട്ടുണ്ട്.

(ബി) പ്രവാസി മലയാളികൾക്കും സഹകരണ സ്ഥാപനങ്ങൾക്കും കേരളത്തിൽ നിയമവിധേയമായി ഏത് വ്യവസായം തുടങ്ങുവാനും നിലവിൽ സാഹചര്യമുണ്ട്. അത്തരം വ്യവസായ സംരംഭങ്ങൾക്ക് സാമ്പത്തികവും സാമ്പത്തികേതരവുമായ എല്ലാ സഹായ സഹകരണങ്ങളും സർക്കാർ നൽകിവരുന്നു. കൂടാതെ പ്രവാസികളായ കേരളീയർ വിദേശത്തുനിന്നും വരുമ്പോൾ അവർക്ക് തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനും അവരുടെ പുനരധിവാസം, പരിശീലനം എന്നിവയ്ക്കുവേണ്ട എല്ലാ സഹായങ്ങൾ നൽകുന്നതിനും ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ 5% അവർക്ക് റിസർവ് ചെയ്യുന്നതിനുമുള്ള പദ്ധതി വ്യവസായ വാണിജ്യ വകുപ്പിന്റെ പുതിയ വ്യവസായ നയത്തിന്റെ കരടിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്.

**കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ**

142 (544) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട, കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ നിലവിലുള്ള കടബാധ്യത പരിഹരിച്ച് മിൽ തുറന്ന് പ്രവർത്തിപ്പിക്കാൻ ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനം നവീകരിച്ച് തൊഴിലാളികളുടെ ജോലിസ്ഥിരത ഉറപ്പ് വരുത്തുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വ്യക്തമാക്കുമോ;

(സി) മിൽ നവീകരിക്കുന്നതിലേയ്ക്കായി റിവൈസ്ഡ് പ്രോജക്ട് അംഗീകരിച്ച് എൻ.സി.ഡി.സി. അനുവദിച്ച 45.19 കോടി രൂപ ചെലവഴിച്ച് ഈ സ്ഥാപനത്തിൽ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത നവീകരണ പ്രവർത്തനങ്ങളുടെ പുരോഗതിയും തുടർനടപടികളും വിശദമാക്കാമോ?

ഉത്തരം

(എ) 2016 ഡിസംബർ മുതൽ ലേ-ഓഫ് ചെയ്തിരുന്ന കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന് സർക്കാരിന്റെ അടിയന്തരമായ ഇടപെടലിനെത്തുടർന്ന് അസംസ്കൃത വസ്തുക്കൾ സെൻട്രലൈസ്ഡ് പർച്ചേസ് കമ്മിറ്റിവഴി വാങ്ങുന്നതിനായി 160 ലക്ഷം രൂപ അനുവദിച്ചു. കൂടാതെ വൈദ്യുതി കുടിശ്ശിക അടയ്ക്കുന്നതിന് സാവകാശം അനുവദിക്കുകയും ചെയ്തു. ആയതിന്റെ ഫലമായി മിൽ തുറന്നുപ്രവർത്തനം തുടങ്ങിയിട്ടുണ്ട്. എൻ.സി.ഡി.സി. അനുവദിച്ച തുകയിൽനിന്ന് 135 ലക്ഷം രൂപ മില്ലിന്റെ ദൈനംദിന പ്രവർത്തനത്തിനായി അനുവദിച്ചിട്ടുണ്ട്.

(ബി) കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ നവീകരണത്തിനായി എൻ.സി.ഡി.സി. സഹായത്തോടെ സർക്കാർ പദ്ധതി ആവിഷ്കരിച്ച് മില്ലിന്റെ നവീകരണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മിൽ നവീകരണം പൂർത്തിയാകുന്നതോടുകൂടി ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മയുള്ള നൂൽ ഉല്പാദിപ്പിക്കുന്നതിനും സാധിക്കുന്നതാണ്. തൽഫലമായി തൊഴിലാളികൾക്ക് ജോലിസ്ഥിരത ഉറപ്പുവരുത്തുന്നതിനും മിൽ ലാഭകരമായി പ്രവർത്തിക്കുന്നതിനും സാധിക്കുന്നതാണ്.

(സി&ഡി) കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ നവീകരിക്കുന്നതിലേയ്ക്കായി 57.39 കോടി രൂപയുടെ പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് സർക്കാർ എൻ.സി.ഡി.സി.-ക്ക് സമർപ്പിക്കുകയും ആയതിന് എൻ.സി.ഡി.സി.-യുടെ അംഗീകാരം ലഭിക്കുകയും 45.19 കോടി രൂപ എൻ.സി.ഡി.സി. സർക്കാരിലേയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൽ 15 കോടി രൂപ സർക്കാർ മില്ലിന് നൽകിയിട്ടുണ്ട്. നവീകരണ പ്രവർത്തനത്തിലേയ്ക്കായി പുതിയ മെഷിനറികൾ വാങ്ങേണ്ടതും പഴയ മെഷിനറികൾ വിൽക്കേണ്ടതുമുണ്ട്. ആയതിന്റെ ഇ-ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്.

**മദ്രസാ നവീകരണ പദ്ധതി**

143 (545) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്രസാ നവീകരണ പദ്ധതിയുടെ ഭാഗമായി സിഡ്കോ എത്ര രൂപയുടെ ഉപകരണങ്ങളാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സിഡ്കോ ഈ ഉപകരണങ്ങൾ ഏത് സ്ഥാപനത്തിൽ നിന്നാണ് വാങ്ങിയത്; ഈ സ്ഥാപനങ്ങളെ എം. പാനൽ ചെയ്തിട്ടുണ്ടോ;എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളാണ് എം.പാനലിൽ ഉണ്ടായിരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) എം.പാനൽ ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെ ഉടമസ്ഥർ ആരെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) 498,366,006 രൂപയുടേത്.

(ബി) സിഡ്കോ ഈ ഉപകരണങ്ങൾ വാങ്ങിയ സ്ഥാപനങ്ങളുടെ വിവരം താഴെ ചേർത്തിരിക്കുന്നു.

- ശ്രീകുമാർ ലബോറട്ടറീസ്, തിരുവനന്തപുരം, കൊല്ലം
- പ്രണവം ഏജൻസീസ്, തിരുവനന്തപുരം, കൊല്ലം
- മൈക്രോസൈന്റിഫിക്, കൊല്ലം
- എസ്.ആർ.എസ്., സിഡ്കോ സിസ്റ്റംസ്, ഡ്യൂറോസിൽ മൈക്രോ സയന്റിഫിക്, തിരുവനന്തപുരം.
- ഇൻമാക്സ് ഇൻഫോ സൊല്യൂഷൻ, തിരുവനന്തപുരം

- അസോസിയേറ്റഡ് സയന്റിഫിക്, തിരുവനന്തപുരം
- ട്രെയിറ്റ് ട്രേഡ് ലിങ്ക്സ് ഹൈപ്പർ ടെക് സിസ്റ്റംസ്, കൊല്ലം.
- വിൻടെക് സിസ്റ്റംസ് , തിരുവനന്തപുരം, കൊല്ലം, തിരുവല്ല.
- ലോജിക് സിസ്റ്റംസ്, ബൂൺ ഇന്നവേഷൻസ്, ആലപ്പുഴ
- പ്രൊവേഴ്സ് മാർക്കറ്റിംഗ്, എറണാകുളം, ഒല്ലൂർ & കണ്ണൂർ
- സതേൺ അസോസിയേറ്റഡ്, സിറ്റി കമ്പ്യൂട്ടർ കെയർ, ഒല്ലൂർ.
- ഡിജിറ്റൽ വേ, അക്ഷര എന്റർപ്രൈസസ്, ബൂൺ ഇന്നവേഷൻസ്, പാലക്കാട്
- പെന്റ്റോൺ ഇൻഫോ സിസ്റ്റംസ്, മഞ്ചേരി
- പെന്റാസ്മൾട്ടിബ്രാൻഡഡ് കമ്പ്യൂട്ടർ മാൾ, ബെസ്റ്റ് ഇൻഡ്, മഞ്ചേരി
- കോർബിസ് കമ്പ്യൂട്ടേഴ്സ്, ബൈ & സെൽ, റ്റി.ബി.എസ്. സി.എൽ.റ്റി., സ്റ്റുഡൻസ് മേറ്റ്, ലേൺസ് കാന്റീൻ,ഡ്യൂറോസിൽ മഞ്ചേരി
- ബെസ്റ്റ് ഇൻഡ്, കോർബിസ് കമ്പ്യൂട്ടേഴ്സ് പെന്റാസ്, മൈക്രോ കെമിക്കൽസ്, ലാബ്കോ, ബൂൺ പെന്റ്റോൺ ഡ്യൂറോസിൽ കോഴിക്കോട്.
- കവനാൽ ഇന്റർ നാഷണൽ സാൻ കമ്പ്യൂട്ടേഴ്സ്, സ്പെക്ട്ര ലാബ് എക്യൂപ്മെന്റ്സ് & കെമിക്കൽസ്, കണ്ണൂർ
- ഗ്രേപ് സോഫ്റ്റ് , ബ്ലൂമൂൺ, എഡ്യൂമാർട്ട്, കാസർഗോഡ്
- എസ്.എം. സോഫ്റ്റ്, പാം എഡ്യൂമാർട്ട് വയനാട്

ഈ സ്ഥാപനങ്ങളെ എം പാനൽ ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്.

## കൊല്ലം നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ഭൂമി

144 (546) <u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഇതിൽ വിവിധ ആവശ്യങ്ങൾക്കായി വിനിയോഗിച്ചിട്ടുള്ള ഭൂമിയുടെ വിവരം, ഏത് സ്ഥാപനം, എത്ര ഭൂമി എന്നീ വിശദാംശങ്ങൾ സഹിതം വ്യക്തമാക്കുമോ;

(സി) ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ) കൊല്ലം നിയോജക മണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ അധീനതയിൽ മുണ്ടയ്ക്കൽ വ്യവസായ വികസന ഏരിയായിൽ 20.67 ഏക്കർ ഭൂമിയുണ്ട്.

(ബി) 20.67 ഏക്കർ ഭൂമിയിൽ 2.58 ഏക്കർ ഭൂമി റോഡ്, മറ്റ് പൊതുസൗകര്യങ്ങൾ എന്നിവയ്ക്കായി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ബാക്കിയുള്ള 18.09 ഏക്കർ ഭൂമി 53 യൂണിറ്റുകൾക്കായി നൽകിയിട്ടുണ്ട്. ഇവയെ സംബന്ധിച്ച വിവരം അനുബന്ധമായി *ചേർക്കുന്നു.

(സി) 53 യൂണിറ്റുകൾക്ക് ഭൂമി അനുവദിച്ചതിൽ 3 യൂണിറ്റുകൾ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. എന്നാൽ പ്രസ്തുത സംരംഭകർ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്ത് സ്റ്റേ അനുവദിച്ചിരിക്കുന്നതിനാൽ ഭൂമി തിരിച്ചെടുക്കൽ നടപടികൾ തടസ്സപ്പെട്ടിരിക്കുകയാണ്.

**വ്യവസായ ബൃഹത് സോണുകൾ**

145 (547) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കേരളത്തിൽ അഞ്ച് വ്യവസായ ബൃഹത് സോണുകൾ ആരംഭിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ആദ്യഘട്ടത്തിൽ എവിടെയൊക്കെയാണ് ഇത്തരത്തിൽ വ്യവസായ സോണുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിന്റെ ഭാഗമായി മങ്കട നിയോജകമണ്ഡലത്തിൽ 500 ഏക്കർ സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ഡി) എത്ര സമയം കൊണ്ട് സോൺ പൂർത്തീകരിക്കുവാൻ സാധിക്കും; ഇത് സംബന്ധിച്ച് കിൻഫ്ര എന്തെങ്കിലും പഠന റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ലഭ്യമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ & ബി) ഉണ്ട്. കിൻഫ്ര മുഖേന വ്യവസായ സോണുകൾ ആരംഭിക്കുന്നതിലേയ്ക്കായി ഇടുക്കി ജില്ലയിലെ തൊടുപുഴ താലൂക്കിലെ കരിക്കോട്-ആലക്കോട് വില്ലേജുകളിലെ 920 ഏക്കർ ഭൂമിയും മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ താലൂക്കിലെ മങ്കട വില്ലേജിൽപ്പെട്ട 690 ഏക്കർ ഭൂമിയും പത്തനംതിട്ട ജില്ലയിലെ കോന്നി താലൂക്കിലെ കലഞ്ഞൂരിലെ 38.80 ഏക്കർ ഭൂമിയും അടൂർ താലൂക്കിലെ ഏഴംകുളം വില്ലേജിൽ 37 ഏക്കർ ഭൂമിയും നെഗോഷിയേറ്റഡ് പർച്ചേസ് വ്യവസ്ഥകൾ പാലിച്ച് ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഭൂമി ലഭ്യമാക്കുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കാനാണ് കിൻഫ്ര ഉദ്ദേശിക്കുന്നത്.

(സി) റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഭൂമി കിൻഫ്രക്ക് കൈമാറിക്കഴിഞ്ഞാൽ ഉടൻ അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങാനും പൂർത്തിയാക്കാനുമാണ് കിൻഫ്ര ഉദ്ദേശിക്കുന്നത്. ഇതുസംബന്ധിച്ച് കിൻഫ്ര പഠന റിപ്പോർട്ടുകളൊന്നും തയ്യാറാക്കിയിട്ടില്ല.

**ഗെയിൽ പ്രകൃതി വാതക പൈപ്പ്ലൈൻ പദ്ധതി**

146 (548) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗെയിൽ പ്രകൃതി വാതക പൈപ്പ് ലൈൻ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള പുരോഗതി വിശദമാക്കാമോ;

(ബി) കണ്ണൂർ ജില്ലയിൽ പ്രസ്തുത പൈപ്പ്ലൈനുകൾ കടന്നുപോകുന്ന പ്രദേശങ്ങളിലെ ജനങ്ങളുടെ ആശങ്കകൾ ദൂരീകരിക്കുന്നതിനും അവർക്ക് മതിയായ നഷ്ടപരിഹാരം നല്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഗെയിൽ പ്രകൃതി വാതക പൈപ്പ്ലൈൻ പദ്ധതിക്കുവേണ്ടി P&MP Act പ്രകാരം 6 (1) ഗസറ്റ് നോട്ടിഫിക്കേഷൻ പൂർത്തിയാക്കി സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലായി 503 കി.മീ. ദൈർഘ്യമുള്ള പൈപ്പ്ലൈൻ ശൃംഖലയാണ് പദ്ധതിയുടെ ഭാഗമായി സ്ഥാപിക്കേണ്ടത്. എറണാകുളം, തൃശ്ശൂർ ജില്ലകളിൽ പൈപ്പ്ലൈൻ നിർമ്മാണത്തിനുള്ള കരാർ നൽകുകയും ജോലികൾ പുരോഗമിച്ചു വരികയും ചെയ്യുന്നു. കാസർഗോഡ് ജില്ലയിൽ കരാർ നൽകുകയും പ്രാരംഭ

നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി ജില്ലകളിൽ കരാർ നൽകുന്നതിനുള്ള ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിലാണ്. നിർമ്മാണ പ്രവർത്തനത്തിനുള്ള പൈപ്പുകൾ മുതലായ സാമഗ്രികൾ യാർഡുകളിൽ സ്റ്റോക്ക് ചെയ്തിട്ടുണ്ട്. മലപ്പുറം, കോഴിക്കോട് ഒഴികെയുള്ള ബാക്കി ജില്ലകളിലെ പഞ്ചനാമ തയ്യാറാക്കുന്ന ജോലി പൂർത്തിയായിട്ടുണ്ട്. പൈപ്പ്‌ലൈൻ പദ്ധതി 2018 ഡിസംബർ മാസത്തോടെ പൂർത്തീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) പത്രപരസ്യങ്ങളിലൂടെയും ലഘുലേഖകളിലൂടെയും എഫ്.എം. റേഡിയോ പരസ്യങ്ങൾ മുഖേനയും പൈപ്പ്‌ലൈൻ സംബന്ധിച്ച ജനങ്ങളുടെ ആശങ്കകൾ ദൂരീകരിക്കുവാനുള്ള ബോധവത്ക്കരണം നടത്തിയിട്ടുണ്ട്. ജില്ലാ കൃഷി ഓഫീസർ നിശ്ചയിക്കുന്ന ആയുഷ്കാല വിളവിന്റെ പശ്ചാത്തലത്തിലാണ് വിളകളുടെ നഷ്ടപരിഹാരം നിശ്ചയിക്കുന്നത്. നാണ്യവിളകളുടെ വില കണക്കാക്കുന്നത് Kerala Statistics & Economics Department-ന്റെ വാർഷിക വിലനിലവാര കണക്കുകൾ അനുസരിച്ചാണ്. വിളകൾക്ക് താരതമ്യേന ന്യായമായ നഷ്ടപരിഹാരം ലഭിക്കുന്നുണ്ട്. RoU സ്ഥലവിലയുടെ നഷ്ടപരിഹാരം, 1962-ലെ P&MP Act അനുസരിച്ച് മാർക്കറ്റ് വിലയുടെ 10 ശതമാനമാണ് നൽകേണ്ടത്. എന്നാൽ ഇത് താരതമ്യേന തുച്ഛമായതിനാൽ ന്യായവിലയുടെ 50 ശതമാനമായി നൽകുവാനാണ് തീരുമാനിച്ചിട്ടുള്ളത്.

**ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങളുടെ പുരോഗതി**

147 (549) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പുതിയ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങളുടെ പുരോഗതിക്കായി ഏതെല്ലാം പുതിയ പദ്ധതികൾ നടപ്പിലാക്കിയെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതിയുടെയും വിശദാംശം നൽകുമോ;

(സി) ചെറുകിട ഇടത്തരം വ്യവസായ സംരംഭകരുടെ സഹായത്തിനായി ഇ-ഗവേണൻസ് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ?

ഉത്തരം

(എ&ബി) ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങളുടെ പുരോഗതിയ്ക്കായി നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(സി) ഉണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**വ്യവസായ വാണിജ്യ വകുപ്പിന്റെ സേവനങ്ങൾ കാര്യക്ഷമമാക്കാൻ പദ്ധതി**

148 (550) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. ബി. സത്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വാണിജ്യ വകുപ്പിന്റെ സേവനങ്ങൾ വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ കാര്യക്ഷമമാക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ ഭാഗമായി വ്യവസായ ജാലകം-കേരള എം.എസ്.എം.ഇ. ജിയോ പോർട്ടൽ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ ;

(സി) വ്യവസായ സംരംഭങ്ങളുടെ വിവരശേഖരണം, സംരംഭ സഹായ പദ്ധതി, അപേക്ഷകളുടെ ഓൺലൈൻ സമർപ്പണം തുടങ്ങിയവയ്ക്കായി എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വ്യവസായ വാണിജ്യ വകുപ്പിന്റെ സേവനങ്ങൾ വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി കാര്യക്ഷമമാക്കാൻ നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി "വ്യവസായ ജാലകം" എന്ന MSME Geo-Portal പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. അതിനുവേണ്ടി ജില്ലകളിലെ ഫീൽഡ്തല ഓഫീസർമാർക്ക് Tablet Computer വിതരണം ചെയ്ത് അതിനുള്ള പരിശീലനവും നൽകിയിട്ടുണ്ട്.

സംരംഭങ്ങളുടെ വിവരശേഖരണവും സംരംഭങ്ങൾക്ക് ഉണ്ടാകുന്ന പ്രതിബന്ധങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിനുമാണ് ഇത്തരം പദ്ധതികൾകൊണ്ട് ഉദ്ദേശിക്കുന്നത്. ഇതുപ്രകാരം വ്യവസായ വികസന ഉദ്യോഗസ്ഥർ സംരംഭങ്ങൾ നേരിട്ട് സന്ദർശിച്ചും ജി.പി.എസ്. സംവിധാനം ഉപയോഗപ്പെടുത്തിയും വിവരശേഖരണം നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഒരു വ്യവസായ ഭൂപടം തയ്യാറാക്കുകയും ചെയ്യുന്നു. വരുംവർഷങ്ങളിലെ പദ്ധതികൾ തയ്യാറാക്കുന്നതിനും തൊഴിലാളികളുടെ സ്ഥിതി വിവരശേഖരണത്തിനും ക്ലസ്റ്റർ അടിസ്ഥാനത്തിൽ വിവിധ പൊതുസേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും മറ്റ് സർക്കാർ വകുപ്പുകളുടെ പ്രവർത്തനത്തിനും ഇത് സഹായകമാകും. ഇത് കൂടാതെ സംരംഭക സഹായ പദ്ധതിക്ക് ഓൺലൈൻ സംവിധാനം ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്. അപേക്ഷ സമർപ്പിക്കുന്നതുമുതൽ ഫണ്ട് അനുവദിക്കുന്നത് വരെയുള്ള എല്ലാ നടപടിക്രമങ്ങളും ഈ സംവിധാനത്തിലൂടെ ലഭ്യമാകുന്നുണ്ട്. വ്യവസായ വകുപ്പിന്റെ നവീകരിച്ച വെബ്സൈറ്റിൽ ഇതിനുള്ള ലിങ്ക് ലഭ്യമാണ്.

**റബ്ബർ പാർക്ക്**

149 (551) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നിയിൽ മുൻ സർക്കാരുകൾ പ്രഖ്യാപിച്ച റബ്ബർ പാർക്ക്,കിൻഫ്രയുടെ അപ്പാരൽ പാർക്ക് എന്നിവയുടെ പ്രവർത്തനം ഇതേവരെ ആരംഭിക്കാൻ കഴിഞ്ഞില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവയുടെ പ്രവർത്തനം ആരംഭിക്കാതിരിക്കാനുണ്ടായ സാഹചര്യം വിശദമാക്കുമോ;

(സി) നിരവധി പേർക്ക് തൊഴിലും സംസ്ഥാനത്തിന് വരുമാനവും ലഭിക്കുംവിധം ഇവയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) കിൻഫ്രയും റബർ ബോർഡും സംയുക്തമായി റാന്നിയിൽ ഒരു റബ്ബർ പാർക്ക് സ്ഥാപിക്കുന്നതിന് പദ്ധതി ഇട്ടിരുന്നുവെങ്കിലും അതിനാവശ്യമായ ഭൂമി ലഭിക്കാത്തതുകൊണ്ട് ഇത് വേണ്ടെന്ന് വയ്ക്കാൻ 24-7-2014-ൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന 64-ാമത് കിൻഫ്ര ബോർഡ് തീരുമാനിക്കുകയുണ്ടായി. തുടർന്ന് 8-2-2017-ൽ ബഹു. വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ റബ്ബർ പാർക്ക് സ്ഥാപിക്കുന്നതിനായി M/s. AVT-യുടെ കൈവശമുള്ള ഭൂമിയുടെ സ്ഥലപരിശോധന നടത്തി കിൻഫ്രയുടെ കീഴിൽ റബ്ബർ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അപ്പാരൽ പാർക്കിന്റെ നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല.

**വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ**

150 (552) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ എത്ര എണ്ണം 2015-16-ൽ പ്രവർത്തന ലാഭത്തിലായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) 2015-16-ൽ പ്രവർത്തന നഷ്ടത്തിലുണ്ടായിരുന്നവ എത്രയാണ്;

(സി) 2016-17-ൽ ഉണ്ടായ പുരോഗതി വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) 2015-16 സാമ്പത്തിക വർഷത്തിലെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള 10 പൊതുമഖലാ സ്ഥാപനങ്ങൾ ലാഭത്തിലും 31 പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലുമാണ് പ്രവർത്തിച്ചത്. ഇവയുടെ പേരുവിവരവും ലാഭനഷ്ടക്കണക്കുകളും അനുബന്ധമായി* ചേർക്കുന്നു.

സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമഖലാ സ്ഥാപനങ്ങളുടെ 2016-17 കാലയളവിലെ അർദ്ധവാർഷിക പ്രവർത്തന റിപ്പോർട്ട് (ഏപ്രിൽ-സെപ്റ്റംബർ 2016) പ്രകാരം 11 സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചുവരുന്നു. ഇവയുടെ പേരുവിവരം അനുബന്ധം* ആയി ചേർക്കുന്നു.

**വ്യവസായ വകുപ്പിൽ ഇ-ഗവേണൻസ്**

151 (553) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീമതി ഗീതാ ഗോപി:
ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിൽ ഇ-ഗവേണൻസ് വ്യാപകമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം പദ്ധതികളാണ് ഇതിന്റെ ഭാഗമായുള്ളത് എന്നറിയിക്കുമോ ;

(ബി) ഇ-ഗവേണൻസ് വ്യാപകമാക്കുന്നത് മുഖേനയുണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(സി) ജില്ലാ വ്യവസായ കേന്ദ്രങ്ങളെ നെറ്റ്‌വർക്ക് മുഖേന ബന്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) വ്യവസായ വകുപ്പിൽ ഇ-ഗവേണൻസ് പദ്ധതി ആരംഭിച്ചിട്ടുണ്ട്.

ഇതിന്റെ ഭാഗമായി വ്യവസായ വകുപ്പിന്റെ വെബ്സൈറ്റ് സംവിധാനം, കേരള എം.എസ്.എം.ഇ. ജിയോ പോർട്ടൽ സംവിധാനം, വൈഡ് ഏരിയ നെറ്റ് വർക്കിംഗ് (KSWAN), ലാന്റ് മാനേജ്മെന്റ് സിസ്റ്റം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട സംരംഭങ്ങളുടെ വിവരശേഖരണത്തിനാണ് ജിയോ പോർട്ടൽ സംവിധാനം. സംരംഭങ്ങളെ സംബന്ധിച്ച വിവരങ്ങൾ നേരിട്ട് ശേഖരിച്ച് ഗ്ലോബൽ പൊസിഷനിംഗ് സംവിധാനം (ജി.പി.എസ്.) ഉപയോഗിച്ച് അവയുടെ സ്ഥാനം രേഖപ്പെടുത്തി വ്യവസായ ഭൂപടം സജ്ജീകരിക്കും. ജില്ലാ വ്യവസായ കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് നെറ്റ്‌വർക്കിംഗ് സംവിധാനത്തിലാക്കുന്നതിനാണ് KSWAN എന്ന പദ്ധതി. വ്യവസായ വകുപ്പിന്റെ വ്യവസായ എസ്റ്റേറ്റുകളിലെ ഭൂമിയുടെ വിതരണവും വിനിയോഗവും ഓൺലൈൻ സംവിധാനത്തിലാക്കുന്നതാണ് ലാന്റ് മാനേജ്മെന്റ് സിസ്റ്റം കൊണ്ടുദ്ദേശിക്കുന്നത്.

(ബി) വകുപ്പിന്റെ ഉപയോക്താക്കൾക്ക് മെച്ചപ്പെട്ടതും സുതാര്യവും കാര്യക്ഷമവുമായ സേവനം നൽകുവാനും അഴിമതിരഹിതമായ സേവനം ഉറപ്പുവരുത്താനും കഴിയും.

(സി) ഉണ്ട്.

**മാവൂർ ഗ്വാളിയോർ റയൺസിന്റെ സ്ഥലത്ത് പുതിയ വ്യവസായം**

152 (554) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവൂർ ഗ്വാളിയോർ റയൺസ് (ഗ്രാസിം) പ്രവർത്തിച്ചിരുന്ന സ്ഥലത്ത് പരിസ്ഥിതി സൗഹൃദവും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുമായ പുതിയ വ്യവസായം ആരംഭിക്കുന്നതിന് ഏന്തെല്ലാം നടപടിയാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

മാവൂർ ഗ്വാളിയോർ റയൺസ് പ്രവർത്തിച്ചിരുന്ന സ്ഥലത്ത് ഒരു പുതുതലമുറ വ്യവസായം സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. എന്നാൽ സർക്കാർ ഇക്കാര്യത്തിൽ പൂർണ്ണമായും നയപരമായ തീരുമാനമെടുത്തിട്ടില്ല. പുത്തൻ വ്യവസായ മേഖലകൾ സ്ഥാപിക്കുമ്പോൾ പരിസ്ഥിതി സൗഹൃദവും തൊഴിലവസരങ്ങളുടെ വർദ്ധനവുമടക്കമുള്ള വിഷയങ്ങൾ ആഴത്തിൽ പരിശോധിച്ച മാത്രമേ മേൽനടപടികൾ സ്വീകരിക്കുകയുള്ളൂ. ഇക്കാര്യങ്ങൾ പരിശോധിക്കുന്നതിനായി 25-2-2017-ലെ ജി.ഒ.(ആർ.ടി.)നമ്പർ 285/2017/വ്യവ. നമ്പർ ഉത്തരവ് പ്രകാരം സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്.

**വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് സഹായം**

153 (555) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലാകമാനം അഭ്യസ്തവിദ്യരായ അനേകം യുവതീയുവാക്കൾ തൊഴിൽരഹിതരായുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവർക്ക് പല തരത്തിലുള്ള വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ അറിവും വിദ്യയും നൽകുന്നതിനും, ബാങ്കുകളിൽ നിന്നും ന്യായമായ പലിശ നിരക്കിൽ ലോൺ ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കാമോ;

(ബി) ഇപ്പോൾ ഏതൊക്കെ വിധത്തിലുള്ള തൊഴിൽ/ബിസിനസ്സ് പദ്ധതികളാണ് നിലവിലുള്ളതെന്നും ഇതിന് ലോൺ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. അഭ്യസ്തവിദ്യരായ തൊഴിൽരഹിത യുവതീയുവാക്കൾക്ക് വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ വിവരങ്ങൾ നൽകുന്നതിനും ബാങ്കിൽ നിന്ന് ലോൺ ലഭിക്കുന്നതിനുമുള്ള നടപടികൾ ഇപ്പോൾതന്നെ നിലവിലുണ്ട്.

(ബി) സംരംഭകത്വ സഹായ പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതിയായ Prime Minister's Employment Guarantee Programme (PMEGP) എന്നീ പദ്ധതികൾ മുഖേന സംസ്ഥാനത്തെ വ്യവസായ മേഖലയിലെ സമഗ്ര വികസനത്തിനും സംരംഭകരെ സഹായിക്കുന്നതിനുമായി വ്യവസായ വകുപ്പ് മുഖേന സഹായങ്ങൾ നൽകിവരുന്നു. ഈ പദ്ധതികൾപ്രകാരം ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന ഗ്രാമ-നഗര വ്യത്യാസമില്ലാതെ, ഉല്പന്നങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട വ്യവസായ സംരംഭങ്ങൾക്ക് 25 ലക്ഷം രൂപവരെയും സേവനമേഖലയിൽ 10 ലക്ഷം രൂപവരെയുള്ള പദ്ധതികൾക്ക് സഹായം നൽകിവരുന്നു. ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേരുന്ന ജില്ലാതല ടാസ്ക് ഫോഴ്സ് കമ്മിറ്റി കൂടിക്കാഴ്ചയിലൂടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ പ്രസ്തുത കമ്മിറ്റിയുടെ കൺവീനറായിരിക്കും.

ഗുണഭോക്താവ് സമർപ്പിച്ചിട്ടുള്ള പദ്ധതിയുടെ സാങ്കേതികവും സാമ്പത്തികവുമായ വശങ്ങൾ പരിശോധിച്ച് വായ്പ നൽകുന്നതിനായി നിർദ്ദേശിച്ചിട്ടുള്ള ബാങ്ക് അംഗീകാരം നൽകുന്ന മുറയ്ക്ക് പദ്ധതി ചെലവിന്റെ 90-95 ശതമാനംവരെ ബാങ്ക് വായ്പ നൽകുന്നു. സാധാരണ വിഭാഗത്തിൽപ്പെട്ടവർ പദ്ധതി ചെലവിന്റെ 10 ശതമാനവും ദുർബ്ബല വിഭാഗത്തിൽപ്പെട്ടവർ 5 ശതമാനവും തുക സ്വന്തം മുതൽമുടക്കായി കണ്ടെത്തേണ്ടതാണ്.

ഗുണഭോക്താക്കൾ സംരംഭകത്വ വികസന പരിശീലനം പൂർത്തിയാക്കുന്ന മുറയ്ക്ക് വായ്പയുടെ ആദ്യ ഗഡു ബാങ്ക് ലഭ്യമാക്കുകയും പദ്ധതിപ്രകാരമുള്ള സബ്സിഡിക്കായി ദേശീയ നോഡൽ ഏജൻസിയായ ഖാദി ഗ്രാമ വ്യവസായ കമ്മിഷന് അയയ്ക്കുകയും ചെയ്യുന്നു. ഗ്രാമീണ മേഖലയിലെ ജനറൽ കാറ്റഗറിയിൽപ്പെട്ട ഗുണഭോക്താക്കൾക്ക് പദ്ധതി ചെലവിന്റെ 25 ശതമാനം, സ്പെഷ്യൽ കാറ്റഗറിക്ക് 35 ശതമാനം, നഗര മേഖലയിൽ യഥാക്രമം 15 ശതമാനം, 25 ശതമാനം എന്നീ നിരക്കിൽ വായ്പയും (മാർജിൻ മണി) ലഭ്യമാക്കുന്നു.

## കൊരട്ടി കിൻഫ്രയുടെ വികസനം

154 (556) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടി കിൻഫ്രയുടെ വികസനത്തിനായി സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം വികസന പദ്ധതികളാണ് കൊരട്ടി കിൻഫ്രയുടെ വികസനത്തിനായി സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്;

(സി) കൊരട്ടി കിൻഫ്രയുടെ വികസനത്തിനായി കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള ഗവൺമെന്റ് ഓഫ് ഇന്ത്യാ പ്രസ്സിന്റെ അധികമുള്ള സ്ഥലം ലഭ്യമാക്കുന്ന തിനായി സർക്കാർ നടപടി സ്വീകരിക്കുമോ;

(ഡി) കൊരട്ടി കിൻഫ്രയിൽ നിലവിലുള്ള തൊഴിലാളികൾക്ക് ഷിഫ്റ്റിന് മുൻപും പിൻപുമായി വിശ്രമത്തിനായി ഒരു റെസ്റ്റ് റൂം നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ?

### ഉത്തരം

(എ&ബി) ഉണ്ട്. കൊരട്ടിയിലെ കിൻഫ്ര പാർക്കിന്റെ വികസനത്തിനായി സർക്കാർ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ തുടർ നടപടികൾ കിൻഫ്ര സ്വീകരിച്ചുവരുന്നു.

(സി) കൊരട്ടിയിലെ കിൻഫ്രാ പാർക്കിനോട് ചേർന്നുള്ള കേന്ദ്ര നഗര വികസന വകുപ്പിന്റെ കീഴിലുള്ള ഗവൺമെന്റ് പ്രസ്സിന്റെ കൈവശമുള്ള ഭൂമി ലഭ്യമാക്കണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ഡി) സംരംഭകർ അവരുടെ ഫാക്ടറിയിലെ തൊഴിലാളികൾക്കാവശ്യമായ അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

**വ്യവസായ-വ്യാപാര സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ്**

155 (557) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ-വ്യാപാര സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ് ഏർപ്പെടുത്തുവാൻ എന്തെങ്കിലും പരിപാടി വ്യവസായ വകുപ്പ് ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ചെറുകിട വ്യവസായ സ്ഥാപനങ്ങളെ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

ഉത്തരം

(എ) വ്യവസായ-വ്യാപാര സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ് ഏർപ്പെടുത്തുവാനുള്ള നടപടികളൊന്നുംതന്നെ ഇപ്പോൾ നിലവിലില്ല.

(ബി) ബാധകമല്ല.

**പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇൻകം ടാക്സ്**

156 (558) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന് കീഴിലുള്ള വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ നിയമാനുസരണം ഇൻകം ടാക്സ് അടയ്ക്കാത്തതിനാൽ വലിയ തുക പലിശ ഇനത്തിൽ കൂടി നൽകേണ്ടി വരുന്ന അവസ്ഥ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദീകരിക്കാമോ ;

(ബി) ഇത്തരത്തിൽ സ്ഥാപനങ്ങൾ വീഴ്ച വരുത്തുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; ഇതിന് കാരണക്കാരായവർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കുമോ?

ഉത്തരം

(എ & ബി) ഇൻകം ടാക്സ് നിയമാനുസൃതമായി സമയബന്ധിതമായി അടയ്ക്കേണ്ട ഒരു തീരുവയാണ്. സമയബന്ധിതമായി തീരുവ അടയ്ക്കാത്തതുകാരണം ഉണ്ടാകുന്ന അധിക ബാധ്യതകൾ ഇന്റേണൽ ആഡിറ്റ്, അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ്, സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് എന്നിവയിലൂടെ കണ്ടെത്തി അത് പരിഹരിക്കുന്നതിനുള്ള നടപടികൾ നിർദ്ദേശിക്കുകയും ചെയ്യാറുണ്ട്. ഇത്തരം തിരിച്ചടവുകൾ നിയമാനുസൃത മായതിനാൽ അനുബന്ധ ബാധ്യതകൾക്ക് അതത് ആക്ട് പ്രകാരം നിയമ നടപടി നേരിടേണ്ടിവരും.

## പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ

157 (559) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിൽ ചെറുതും വലുതുമായ എത്ര വ്യവസായ സ്ഥാപനങ്ങളാണ് പാലക്കാട് ജില്ലയിൽ ലാഭത്തിൽ പ്രവർത്തിക്കുന്നത് ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) ഒറ്റപ്പാലം കിൻഫ്ര വ്യവസായ പാർക്കിൽ ഏതെല്ലാം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് ; വിശദാംശം നൽകുമോ;

(സി) പ്രസ്തുത പാർക്കിൽ വ്യവസായം തുടങ്ങുവാൻ താത്പര്യമുള്ള സ്ഥാപനങ്ങളെ സംബന്ധിച്ച വിശദാംശം നൽകാമോ ;

(ഡി) എല്ലാ വ്യവസായ സംരംഭകർക്കും സ്ഥലം അനുവദിക്കാൻ കഴിയുമോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) 11371 യൂണിറ്റുകൾ ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഈ മാസം ആരംഭിച്ച ടാബ് സർവ്വേ പൂർത്തിയായാൽ മാത്രമേ വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ

(ബി) ഒറ്റപ്പാലം കിൻഫ്ര വ്യവസായ പാർക്കിൽ മെ. ബ്ലിസ്സ്ഫുൾ ഗാർമെന്റ്സ് (പ്രൈ) ലിമിറ്റഡ്, മെ. സ്റ്റൈനിക്ക് ഇന്റർനെറ്റ് ബിസിനസ്സ് സൊല്യൂഷൻസ് ആന്റ് സർവ്വീസസ്, മെ. മൈക്രോ ക്ലൗഡ്സ് എന്നീ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(സി) പ്രസ്തുത പാർക്കിൽ വ്യവസായം തുടങ്ങുവാൻ താല്പര്യം പ്രകടിപ്പിക്കുകയും ഭൂമി അലോട്ട് ചെയ്യുകയും ചെയ്ത സംരംഭകർ:

1. അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം

2. ശ്രീ. സുബിൻ കെ. എൻ.

3. ശ്രീ. വിനീത് കുമാർ

4. ശ്രീ. സുരേഷ് കുമാർ പി.

(ഡി) നിലവിൽ വ്യവസായം തുടങ്ങുവാൻ അപേക്ഷ നൽകിയ സംരംഭകർക്ക് ഭൂമി നൽകിയിട്ടുണ്ട്. അപേക്ഷകർ കൂടുതലുണ്ടെങ്കിൽ വ്യക്തമായ മാനദണ്ഡങ്ങളോടെ പദ്ധതിയുടെ വിശദാംശങ്ങൾ വിലയിരുത്തിയേ ഭൂമി അനുവദിക്കുകയുള്ളൂ.

## പൊതുമേഖലാ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിനുള്ള നടപടികൾ

158 (560) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) നിലവിൽ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ; നഷ്ടത്തിൽ പ്രവർത്തിച്ച് വരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുൾപ്പെടെയുള്ള എല്ലാ സ്ഥാപനങ്ങളുടെയും പ്രവർത്തനം അവലോകനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഉല്പാദന സംവിധാനങ്ങളുടെയും സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, വിപുലീകരണം എന്നീ നടപടികളിലൂടെ സ്ഥാപനങ്ങളെ അഭിവൃത്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി നിലവിലുള്ള വിറ്റുവരവ് ഘട്ടംഘട്ടമായി ഉയർത്തുന്നതിനുള്ള വികസന പദ്ധതികൾക്കാണ് ഇപ്പോൾ പ്രാമുഖ്യം നൽകിവരുന്നത്. 2016-17 സാമ്പത്തിക വർഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ നവീകരണത്തിനും പുനരുജ്ജീവനത്തിനുമായി 100 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തി നൽകിവരുന്നു.

സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ 2016-17 കാലയളവിലെ അർദ്ധവാർഷിക പ്രവർത്തന റിപ്പോർട്ട് (ഏപ്രിൽ-സെപ്റ്റംബർ 2016) പ്രകാരം 11 സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചു വരുന്നു. വിശദവിവരം അനുബന്ധം* ആയി ചേർത്തിട്ടുണ്ട്. കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡ്, മലബാർ സിമന്റ്സ് ലിമിറ്റഡ്, കേരളാ സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് കെൽട്രോൺ, ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളുടെ വിപുലീകരണത്തിനും ഉല്പാദന വൈവിദ്ധ്യവൽക്കരണത്തിനുമുള്ള പദ്ധതികൾക്ക്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രഥമ പരിഗണന നൽകി 2017-18 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതിനായുള്ള ധനസഹായം 2017-18-ലെ ബഡ്ജറ്റ് വിഹിതത്തിനുപുറമേ അനുവദിക്കുമെന്നും തത്വത്തിൽ തീരുമാനമായിട്ടുണ്ട്.

## പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് തിരിച്ചറിയൽ കാർഡുകൾ

159 (561) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് തിരിച്ചറിയൽ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്;

(ബി) തിരിച്ചറിയൽ കാർഡ് ഇല്ലാത്തതുകാരണം സെക്രട്ടേറിയറ്റ് അടക്കമുള്ള സർക്കാർ, കേന്ദ്രസർക്കാർ ഓഫീസുകളിൽ ഔദ്യോഗിക ആവശ്യങ്ങൾക്കായി പോകുന്ന ജീവനക്കാർക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സർക്കാർ ഓഫീസുകളിലെ പാർട്ട്ടൈം ജീവനക്കാർക്കടക്കം സ്ഥാപനത്തിൽനിന്നും തിരിച്ചറിയൽ കാർഡുകൾ ലഭ്യമാക്കിയിട്ടുള്ള സാഹചര്യത്തിൽ പൊതുമേഖലാ സ്ഥാപനമായ കേരള സിഡ്കോയിലെ ജീവനക്കാർക്ക് തിരിച്ചറിയൽ കാർഡ് ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വ്യവസായ വകുപ്പിന് കീഴിൽ തിരിച്ചറിയൽ കാർഡ് വിതരണം ചെയ്തിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സിഡ്കോയിൽ ജീവനക്കാർക്ക് തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ലാഭകരമായി പ്രവർത്തിക്കുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ

160 (562) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിൽ നിലവിൽ എത്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളാണ് ലാഭകരമായി പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്യാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇതിലേയ്ക്കായി ഏതെങ്കിലും ഏജൻസികൾ മുഖേന പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വ്യവസായ വകുപ്പിന് കീഴിൽ നിലവിൽ 11 പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ലാഭകരമായി പ്രവർത്തിച്ചുവരുന്നു.

(ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുൾപ്പെടെയുള്ളവയുടെ പ്രവർത്തനം അവലോകനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതികവിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, വിപുലീകരണം എന്നീ നടപടികളിലൂടെ സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി നിലവിലുള്ള വിറ്റുവരവ് ഘട്ടംഘട്ടമായി ഉയർത്തുന്നതിനുള്ള വികസന പദ്ധതികൾക്കാണ് ഇപ്പോൾ പ്രാമുഖ്യം നൽകിവരുന്നത്. ഈ പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശവും തുടർന്നുള്ള അവലോകനവും റിയാബ് മുഖേന നടപ്പിലാക്കിവരുന്നു.

ഇതിന്റെ അടിസ്ഥാനത്തിൽ കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്, മലബാർ സിമന്റ്സ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്, ട്രാവൻകൂർ-കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, കെൽട്രോൺ, ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളുടെ വിപുലീകരണത്തിനും, ഉൽപ്പാദന വൈവിദ്ധ്യവൽക്കരണത്തിനുമുള്ള പദ്ധതികൾക്ക് പ്രഥമ പരിഗണന നൽകി 2017-18 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ഇതിന്റെ ഭാഗമായി സ്ഥാപനത്തിന്റെ ഇപ്പോഴത്തെ അവസ്ഥ വിശകലനം ചെയ്തുകൊണ്ട് വിപണിയെ സംബന്ധിച്ച വിശദമായ പഠനം നടത്തിയതിനുശേഷമുള്ള പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കി സമർപ്പിക്കുവാൻ അതാത് സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആവശ്യമെങ്കിൽ ഇതിനായി വിദഗ്ദ്ധ ഏജൻസികളുടെ സഹായം സുതാര്യമായ നടപടിക്രമങ്ങളിലൂടെ സ്വീകരിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

ഇതിനായുള്ള ധനസഹായം 2017-18 ലെ ബഡ്ജറ്റ് വിഹിതത്തിനുപുറമേ അനുവദിക്കുമെന്നും തത്വത്തിൽ തീരുമാനമായിട്ടുണ്ട്.

## മങ്കടയിൽ വ്യവസായ സോൺ

161 (563) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ലെ പുതുക്കിയ ബജറ്റിൽ മങ്കട മണ്ഡലത്തിലെ മങ്കടയിൽ 500 ഏക്കർ ഏറ്റെടുത്ത് വ്യവസായ സോൺ ആരംഭിക്കുമെന്ന് പ്രഖ്യാപിക്കുകയും ആയത് പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(ബി) സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ആയത് പ്രകാരം വ്യവസായ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(സി) ഇതിനായി സ്ഥലം ഏറ്റെടുക്കുന്നതിനായി റവന്യൂ വകുപ്പിന് അറിയിപ്പ് നൽകിയിട്ടുണ്ടോ;

(ഡി) റവന്യൂ വകുപ്പ് ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികളെ സംബന്ധിച്ച് വിശദീകരിക്കാമോ?

### ഉത്തരം

(എ) ഉണ്ട്. മലപ്പുറം ജില്ലയിലെ മങ്കട വില്ലേജിൽ കിൻഫ്രയുടെ ഡെവലപ്മെന്റ് സോൺ സ്ഥാപിക്കുന്നതിന് 690 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പിന്റെ 2-3-2016-ലെ G.O.(Rt.)No.209/16/Rev. പ്രകാരം ഉത്തരവായിരുന്നു. പകർപ്പ് ഉള്ളടക്കം* ചെയ്യുന്നു.

(ബി) സ്ഥലം ഏറ്റെടുത്ത് നൽകാൻ മലപ്പുറം ജില്ലാ കളക്ടറോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) ഉണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പും കിൻഫ്ര അധികൃതരും സംയുക്ത സ്ഥലപരിശോധന നടത്തുകയുണ്ടായി.

(ഡി) വ്യവസായ വകുപ്പിന്റെ കത്തിനെ തുടർന്ന് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട റവന്യൂ ഉദ്യോഗസ്ഥരും കിൻഫ്ര അധികൃതരും സംയുക്ത യോഗം ചേർന്ന് എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഭൂമിയുടെ രജിസ്റ്റർ സംബന്ധിച്ച വിവരങ്ങൾ ആരാഞ്ഞുവെങ്കിലും കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ പ്രസ്തുത വില്ലേജിലോ താലൂക്കിലോ ഭൂമി രജിസ്റ്റർ ചെയ്തിട്ടില്ല എന്ന് കണ്ടെത്തുകയുണ്ടായി. ഈ സാഹചര്യത്തിൽ നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ അനുമതി നൽകുകയുണ്ടായി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ

162 (564) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെ എത്ര പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്; അവ ഏതൊക്കെയാണ്;

(ബി) കഴിഞ്ഞ സർക്കാർ അധികാരമൊഴിയുമ്പോൾ ലാഭത്തിൽ പ്രവർത്തിച്ച പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും വാർഷിക ലാഭം എത്രയാണെന്നും വിശദമാക്കുമോ;

(സി) കഴിഞ്ഞ സർക്കാർ അധികാരമൊഴിയുമ്പോൾ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും വാർഷിക നഷ്ടം എത്രയാണെന്നും വിശദമാക്കുമോ;

(ഡി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിൽ ഒരു സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനടക്കം 42 പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. ഇവയുടെ ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു.

(ബി) & (സി) പൊതുമേഖല സ്ഥാപനങ്ങളിലെ 2015-16-ലെ ആഡിറ്റിന് മുൻപുള്ള കണക്കുപ്രകാരം ലാഭത്തിലും നഷ്ടത്തിലും പ്രവർത്തിച്ചവയുടെ വിവരം അനുബന്ധമായി* ചേർക്കുന്നു.

(ഡി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുൾപ്പെടെയുള്ളവയുടെ പ്രവർത്തനം അവലോകനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ അവയുടെ ഉത്പാദന സംവിധാനം, സാങ്കേതികവിദ്യ എന്നിവയിൽ കാലാനുസൃതമായ നവീകരണം, വിപണന സാദ്ധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്കരണം തുടങ്ങിയ നടപടികളിലൂടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2016-17-ൽ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ നവീകരിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനുമായി 100 കോടി രൂപ വകയിരുത്തി ചെലവഴിച്ചുവരുന്നു. കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡ്,

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മലബാർ സിമന്റ്സ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്, ട്രാവൻകൂർ-കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, കെൽട്രോൺ, ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളുടെ വൈവിദ്ധ്യവത്കരണത്തിന് പ്രഥമ പരിഗണന നൽകി വ്യവസായ ധനകാര്യ മന്ത്രിമാരുടെ തലത്തിൽ ജനുവരി 6-ന് യോഗം കൂടുകയും 2017-18 വർഷം മുതൽ വൈവിദ്ധ്യവത്കരണം നടപ്പിലാക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ഇതിനായി തുടർനടപടികളും സ്വീകരിച്ചിട്ടുണ്ട്.

**നിലമ്പൂർ മണ്ഡലത്തിൽ വ്യവസായ പാർക്ക്**

163 (565) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിൽ വ്യവസായപാർക്ക് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ആലോചനായോഗങ്ങൾ നടന്നിരുന്നോ; ഉണ്ടെങ്കിൽ ഏത് തരത്തിലുള്ള തുടർ നടപടിയാണ് ഉണ്ടായിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത മണ്ഡലത്തിൽ കേരള ബാംബൂ കോർപ്പറേഷൻ, ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ എന്നീ വ്യവസായങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ ;

(സി) മണ്ഡലത്തിൽ നൂറ് ഏക്കറോളം സ്ഥലം ലഭിക്കുവാൻ സാധ്യത യുള്ളതിനാൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുമോ ?

<u>ഉത്തരം</u>

(എ) നിലമ്പൂർ മണ്ഡലത്തിൽ വ്യവസായ വികസനവുമായി ബന്ധപ്പെട്ട സാധ്യതകൾ ചർച്ച ചെയ്യുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുന്നതിനുമായി മണ്ഡലം എം.എൽ.എ. ചെയർമാനും മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറുമായ ഒരു കമ്മിറ്റി 11-10-2016-ന് രൂപീകരിച്ച് യോഗം ചേർന്നിരുന്നു. ഇതുമായി ബന്ധപ്പെട്ട പദ്ധതികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) മണ്ഡലത്തിൽ കേരള ബാംബൂ കോർപ്പറേഷൻ, ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ എന്നിവർ ഇതുമായി ബന്ധപ്പെട്ട വ്യവസായം ആരംഭിക്കുന്നത് പരിഗണിക്കാമെന്ന് ആലോചനാ യോഗത്തിൽ അറിയിച്ചിട്ടുണ്ട്.

(സി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

**പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കാൻ നടപടി**

164 (566) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുന്ന സമയത്ത് എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലായിരുന്നുവെന്നും എത്രയെണ്ണം ലാഭത്തിലായിരുന്നുവെന്നും അറിയിക്കുമോ;

(ബി) ഇവയുടെ നഷ്ടം നികത്തി ലാഭത്തിലാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചുവരുന്നു എന്നും അവ കാരണം ഉണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുന്ന സമയത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള 10 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലും 31 പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലുമാണ് പ്രവർത്തിച്ചത്.

(ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുൾപ്പെടെയുള്ളവയുടെ പ്രവർത്തനം അവലോകനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, വിപുലീകരണം എന്നീ നടപടികളിലൂടെ സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി നിലവിലുള്ള വിറ്റുവരവ് ഘട്ടംഘട്ടമായി ഉയർത്തുന്നതിനുള്ള വികസന പദ്ധതികൾക്കാണ് ഇപ്പോൾ പ്രാമുഖ്യം നൽകിവരുന്നത്. ഈ പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശവും തുടർന്നുള്ള അവലോകനവും റിയാബ് മുഖേന നടപ്പിലാക്കിവരുന്നു.

ഇതിന്റെ അടിസ്ഥാനത്തിൽ കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡ്, മലബാർ സിമന്റ്സ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്, ട്രാവൻകൂർ-കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, കെൽട്രോൺ, ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളുടെ വിപുലീകരണത്തിനും, ഉൽപ്പാദന വൈവിദ്ധ്യവൽക്കരണത്തിനുമുള്ള പദ്ധതികൾക്ക് പ്രഥമ പരിഗണന നൽകി 2017-18 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

2016-17 സാമ്പത്തിക വർഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണത്തിനും പുനരുജ്ജീവനത്തിനുമായി 100 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തി നൽകിവരുന്നു.

## പൊതുമേഖലാ സ്ഥാപനങ്ങളിലെ എം.ഡി. നിയമനം

165 (567) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാരെ നിയമിക്കുന്നതിനായി 2016 ജൂൺ 27-ൽ പുറത്തിറക്കിയ ഉത്തരവ് പ്രകാരം അപേക്ഷിക്കുന്നവരുടെ യോഗ്യത, പ്രായം എന്നിവ സംബന്ധിച്ച നിബന്ധന എന്തായിരുന്നുവെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത അപേക്ഷ പ്രകാരം റിയാബ് എത്ര പേരെ ഷോർട്ട് ലിസ്റ്റ് ചെയ്തിട്ടുണ്ട് ; അതിൽ എത്ര പേർക്ക് നിയമനം നൽകി ;

(സി) ഈ നിയമനത്തിൽ സംവരണ തത്വം പാലിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് നിയമനം നൽകിയെന്നും ഏതൊക്കെ സ്ഥാപനങ്ങളിലാണ് നിയമനം നൽകിയതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലേക്ക് മാനേജിംഗ് ഡയറക്ടർമാരെ സുതാര്യമായ നടപടികളിലൂടെ നിയമിക്കുന്നതിന്റെ ഭാഗമായി 30-6-2016-ൽ നൽകിയ സർക്കാർ അനുമതി പ്രകാരം മാനേജിംഗ് ഡയറക്ടർമാരെ തെരഞ്ഞെടുക്കുന്നതിനായി സർക്കാർ അംഗീകരിച്ച യോഗ്യത, പ്രായം എന്നിവ സംബന്ധിച്ച വിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) പത്രപ്പരസ്യം മുഖേന ലഭിച്ച അപേക്ഷകളിൽ നിന്നും 80 പേരെ ഇന്റർവ്യൂ ചെയ്യാൻ തെരഞ്ഞെടുക്കുകയും ഇതിൽനിന്നും 39 പേരെ മാനേജിംഗ് ഡയറക്ടർമാരായി നിയമിക്കുന്നതിനായി ഇന്റർവ്യൂ കമ്മിറ്റി ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ 15 സ്ഥാപനങ്ങളിൽ മാനേജിംഗ് ഡയറക്ടർമാരെ നിയമിച്ചുകൊണ്ട് സർക്കാർ ഉത്തരവിറക്കുകയും ചെയ്തിരുന്നു. ഇതിൽ 11 പേർ ഇതുവരെ ചുമതലയെടുത്തിട്ടുണ്ട്. വിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) സർക്കാർ ഉത്തരവ് G.O.(Ms) No.100/2006/IND dated 7-10-2006 [point No.5 Annexure-3] അനുസരിച്ച് മാനേജിംഗ് ഡയറക്ടർമാരുടെ നിയമനത്തിൽ സംവരണതത്വം ബാധകമാക്കിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കെൽട്രോൺ മൂടാടി ലൈറ്റിംഗ് ഡിവിഷന്റെ വികസനം

166 (568) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിൽ മൂടാടി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കെൽട്രോൺ സബ്സിഡിയറി യൂണിറ്റായ മൂടാടി ലൈറ്റിംഗ് ഡിവിഷന്റെ വികസനമാവശ്യപ്പെട്ട് സർക്കാരിന് ലഭിച്ച നിവേദനങ്ങളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) ഒട്ടേറെ വികസന സാധ്യതയുള്ള കെൽട്രോണിന്റെ ഈ യൂണിറ്റിന്റെ വികസനത്തിനായി ആവിഷ്കരിക്കുന്ന പദ്ധതികൾ വിശദമാക്കുമോ;

(സി) പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ലെങ്കിൽ മുന്തിയ പരിഗണന നൽകി ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൊയിലാണ്ടി മണ്ഡലത്തിൽ മൂടാടി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കെൽട്രോൺ സബ്സിഡിയറി യൂണിറ്റായ മൂടാടി ലൈറ്റിംഗ് ഡിവിഷന്റെ വികസനമാവശ്യപ്പെട്ട് കെൽട്രോൺ മാനേജിംഗ് ഡയറക്ടർ നിവേദനം നൽകിയിട്ടുണ്ട്. ആയതിന്മേൽ നടപടി സ്വീകരിച്ചുവരുന്നു.

(ബി&സി) ഒട്ടേറെ വികസന സാധ്യതയുള്ള കെൽട്രോണിന്റെ മൂടാടി യൂണിറ്റിന്റെ വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു:

മൂടാടി യൂണിറ്റിനെ കെൽട്രോൺ ലൈറ്റിങ്ങ് ഡിവിഷനായി നവീകരിച്ച് എൽ.ഇ.ഡി. ട്യൂബ് ലൈറ്റുകളും സ്ട്രീറ്റ് ലൈറ്റുകളും ഇവിടെ നിന്ന് ഉൽപ്പാദിപ്പിക്കുന്നു. എൽ.ഇ.ഡി. വിളക്കുകളുടെ നിർമ്മാണത്തിനും ഗുണപരിശോധനയ്ക്കും ആവശ്യമായ ആധുനിക സൗകര്യങ്ങളെല്ലാം, ഏകദേശം രണ്ടരക്കോടി രൂപയോളം മുടക്കി കെൽട്രോൺ ടി യൂണിറ്റിൽ ഒരുക്കിയിട്ടുണ്ട്.

കേന്ദ്ര ഇലക്ട്രോണിക്സ് & ഐ.ടി. മന്ത്രാലയത്തിൽ നിന്നുള്ള സഹായത്തോടെ സി-ഡാക് വികസിപ്പിച്ച ഡിജിറ്റൽ ഹിയറിങ്ങ് എയ്ഡുകളുടെ സാങ്കേതികവിദ്യ കെൽട്രോൺ ടി.ഒ.ടി. അടിസ്ഥാനത്തിൽ സ്വായത്തമാക്കി മൂടാടി യൂണിറ്റിൽ നിർമ്മിച്ചുവരികയാണ്. ഡിജിറ്റൽ പ്രോഗ്രാമബിൾ ഹിയറിങ്ങ് എയ്ഡ്, ഡിജിറ്റൽ നോൺ-പ്രോഗ്രാമബിൾ ഹിയറിങ്ങ് എയ്ഡ് എന്നിങ്ങനെ രണ്ട് ഉപകരണങ്ങളാണ് ഇവിടെ നിർമ്മിക്കുന്നത്. മറ്റ് ബ്രാൻഡുകളെ അപേക്ഷിച്ച് കുറഞ്ഞ വിലയ്ക്ക് ഗുണമേന്മയുള്ള ഹിയറിങ്ങ് എയ്ഡുകളാണ് മൂടാടിയിൽ നിർമ്മിക്കുന്നത്.

കേന്ദ്ര സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള ആർട്ടിഫിഷ്യൽ ലിമ്പ്സ് മാനുഫാക്ച്ചറിങ്ങ് കോർപ്പറേഷൻ ഓഫ് ഇന്ത്യയ്ക്കുവേണ്ടി ഡിജിറ്റൽ ഹിയറിങ്ങ് എയ്ഡുകളുടെ ഓർഡറുകൾ കെൽട്രോണിന് കിട്ടിയിട്ടുണ്ട്.

## കിൻഫ്രയുടെ ആഭിമുഖ്യത്തിൽ വ്യവസായ പാർക്കുകൾ

167 (569) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ കിൻഫ്രയുടെ ആഭിമുഖ്യത്തിൽ എത്ര വ്യവസായ പാർക്കുകൾ പ്രവർത്തിക്കുന്നുവെന്നും, അവയുടെ പുരോഗതി സംബന്ധിച്ച വിവരവും വിശദമാക്കാമോ ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്നുള്ള വിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ) & (ബി) കൊല്ലം ജില്ലയിലെ പിറവന്തുരിൽ ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസിന്റെ 64 ഏക്കർ ഭൂമി കിൻഫ്രയ്ക്ക് കൈമാറിയിട്ടുണ്ട്. ഇവിടെ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള ഒന്നാംഘട്ട പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമി കസ്തൂരിരംഗൻ റിപ്പോർട്ട് പ്രകാരമുള്ള പാരിസ്ഥിതിക ദുർബ്ബല പ്രദേശമായതിനാൽ അലോട്ട്മെന്റ് നടപടികൾ ആരംഭിച്ചിട്ടില്ല.

## ചങ്ങനാശ്ശേരി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

168 (570) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ആകെ എത്ര യൂണിറ്റുകളാണ് പ്രവർത്തിക്കുന്നത്;

(ബി) ഏതെങ്കിലും യൂണിറ്റുകൾ പ്രവർത്തനരഹിതമാണോ;

(സി) ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലുള്ള കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററിൽ ടെക്നോളജിക്കൽ ഇൻകുബേഷൻ സെന്റർ സ്ഥാപിച്ചിട്ടുണ്ടോ;

(ഡി) കേരളത്തിൽ ടെക്നോളജിക്കൽ ഇൻകുബേഷൻ സെന്റർ ചങ്ങനാശ്ശേരിയിലാണോ ആദ്യം സ്ഥാപിച്ചത്;

(ഇ) ഈ സെന്റർ എന്നാണ് പ്രവർത്തനം ആരംഭിച്ചത്;

(എഫ്) ഈ സെന്റർ സ്ഥാപിക്കുവാൻ എന്ത് മുതൽമുടക്ക് ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ജി) ഇതുവരെ എത്ര വ്യവസായ സംരംഭകർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്; കൂടുതൽ പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുവാൻ ആവശ്യമായ പ്രചരണം നൽകുമോ?

<u>ഉത്തരം</u>

(എ) 71 യൂണിറ്റുകൾ

(ബി) 2 യൂണിറ്റുകൾ പ്രവർത്തനരഹിതമാണ്.

(സി) ഉണ്ട്.

(ഡി) അതെ.

(ഇ) 2016 ഫെബ്രുവരി 29-ന്

(എഫ്) സി.എഫ്.സി.-യിലെ നിലവിലുള്ള അടിസ്ഥാന സൗകര്യം പ്രയോജനപ്പെടുത്തി മെഷീണറികൾക്കും അനുബന്ധ ഉപകരണങ്ങൾക്കുമായി 53 ലക്ഷം രൂപ മുതൽമുടക്കിയിട്ടുണ്ട്.

(ജി) 221 സംരംഭകർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്. വർക്ക്ഷോപ്പ്/ സെമിനാർ, എക്സിബിഷനുകൾ, ജില്ലാ വ്യവസായ കേന്ദ്രങ്ങൾ, വെബ്സൈറ്റ് തുടങ്ങിയവ മുഖേന പ്രചരണം നടത്തിവരുന്നുണ്ട്.

**മൈലാട്ടിയിൽ ഉദ്ഘാടനം ചെയ്ത ടെക്സ്റ്റൈൽ മിൽ പ്രവർത്തനം**

169 (571) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മൈലാട്ടിയിൽ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ആരംഭിച്ചതും കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ കാലത്ത് പൂട്ടിയിട്ടതുമായ ടെക്സ്റ്റൈൽ മിൽ തുറന്ന് പ്രവർത്തിക്കാൻ സർക്കാരിന് കഴിയാതെ വന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ മിൽ എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; മില്ലിൽ അവശ്യമായി വരുന്ന തൊഴിലാളികളെ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ കാലത്ത് നിയമിച്ചത് നിലനിർത്താൻ നടപടികളുണ്ടാകുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ)കാസർഗോഡ് ജില്ലയിലെ മൈലാട്ടിയിൽ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിൽ ആരംഭിച്ച ഉദുമ ടെക്സ്റ്റൈൽസ് തുറന്ന് പ്രവർത്തിപ്പിക്കാൻ കഴിയാതെ വന്നതിനുള്ള കാരണങ്ങൾ താഴെ പറയുന്നവയാണ്.

(1) പദ്ധതിക്ക് ആവശ്യമായ തൊഴിലാളികളെയും ജീവനക്കാരെയും നിയമിക്കുന്നതിന് സാധിച്ചിട്ടില്ല. ഇതുസംബന്ധിച്ച് ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസുകളും, നേരത്തെ തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് റദ്ദ് ചെയ്യപ്പെട്ടതും, അതിനെ തുടർന്നുണ്ടായ കേസുകളും നിയമനങ്ങൾക്ക് തടസ്സമായി.

(2) എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 16 കോടി രൂപയുടെ അടങ്കൽ തുക പ്രതീക്ഷിച്ചുകൊണ്ട് നടപ്പിലാക്കാൻ ഉദ്ദേശിച്ച പദ്ധതിക്ക് കോസ്റ്റ് ഓവർ റൺ ഉണ്ടായതിനാൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2012 മേയ് മാസം പുതുക്കിയ അടങ്കൽ തുകയ്ക്ക് (21.09 കോടി രൂപ) ഭരണാനുമതിക്ക് സമർപ്പിച്ചു. 2015 ജൂൺ മാസമാണ് ഭരണാനുമതി ലഭിച്ചത്. വീണ്ടും കാലതാമസം വന്നതുകൊണ്ട് 33.94 കോടി അടങ്കൽ തുകയ്ക്കുള്ള പുതുക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ട് വീണ്ടും തയ്യാറാക്കി.

(ബി) പുതുക്കിയ പ്രോജക്ട് റിപ്പോർട്ടിന് ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് മില്ലിന്റെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്നും ഹൈക്കോടതിയിലെ കേസുകളിന്മേൽ തീരുമാനമുണ്ടാകുന്നമുറയ്ക്ക് ആവശ്യമായ ജീവനക്കാരെ നിയമിക്കുവാൻ സാധിക്കുമെന്നു പ്രതീക്ഷിക്കുന്നു.

**കയറ്റുമതിയിൽ കേരളത്തിന്റെ പങ്ക്**

170 (572) <u>ശ്രീ. എ. പ്രദീപ്കുമാർ</u>:
<u>ശ്രീ. വി. അബ്ദുറഹിമാൻ</u>:
<u>ശ്രീ. എം. നൗഷാദ്</u>:
<u>ശ്രീ. കെ. വി.വിജയദാസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത് അഞ്ച് വർഷത്തിനകം ഇന്ത്യയുടെ കയറ്റുമതിയിൽ കേരളത്തിന്റെ പങ്ക് അഞ്ച് ശതമാനത്തിലേയ്ക്ക് ഉയർത്തുന്നത് ലക്ഷ്യമിട്ടുള്ള പഠന റിപ്പോർട്ട് കെ.എസ്.ഐ.ഡി.സി. സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(ബി) നിലവിൽ കയറ്റുമതിയിൽ കേരളത്തിന്റെ സ്ഥാനം എത്രയാണ്;

(സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കയറ്റുമതി വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) സമുദ്രോത്പന്നങ്ങൾ പ്ലൈവുഡ്, വസ്ത്രം, റബർ, ചികിത്സാ ഉപകരണങ്ങൾ ഭക്ഷ്യോത്പന്നങ്ങൾ എന്നീ മേഖലകളിൽ വൈവിദ്ധ്യവൽക്കരണം നടപ്പാക്കി ഇവയുടെ കയറ്റുമതിയിൽ നേട്ടം കൊയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കയറ്റുമതി രംഗത്ത് കേരളത്തിലെ നിലവിലെ സ്ഥിതിയും മത്സരക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളും അടങ്ങിയ പഠന റിപ്പോർട്ട് കെ.എസ്.ഐ.ഡി.സി. സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) 2015-16 സാമ്പത്തിക വർഷത്തിലെ കണക്കനുസരിച്ച് 4.8 ബില്യൺ യു.എസ്. ഡോളറുമായി കയറ്റുമതി രംഗത്ത് രാജ്യത്തിൽ 7-ാം സ്ഥാനമാണ് കേരളത്തിനുള്ളത്.

(സി&ഡി) ചില കാർഷിക ഉൽപ്പന്നങ്ങളുടെ കയറ്റുമതിയിൽ കേരളത്തിനുണ്ടായിരുന്ന മേൽകൈ നഷ്ടമായി വരുന്ന സാഹചര്യത്തിലാണ് കെ.എസ്.ഐ.ഡി.സി.-യും ഈ മേഖലയിൽതന്നെ പ്രമുഖരായ ഫെഡറേഷൻ ഓഫ് ഇന്ത്യൻ എക്സ്പോർട്ട് ഓർഗനൈസേഷനുമായി സഹകരിച്ച് ഇത്തരത്തിൽ ഒരു പഠനം നടത്തിയത്. ഉൽപ്പന്നങ്ങളെ വളർച്ചയുടെ അടിസ്ഥാനത്തിൽ മൂന്നായി തിരിച്ച് നടത്തിയ പഠനത്തിൽ ആഗോളതലത്തിൽ ഓരോന്നിനുമുള്ള ആവശ്യകതയും, നിലവിൽ സംസ്ഥാനത്തിന് ഈ ഉൽപ്പന്നങ്ങളിലുള്ള മൽസരക്ഷമതയുമാണ് പരിഗണിച്ചത്. കൂടുതൽ സാദ്ധ്യതയുള്ള ഉൽപ്പന്നങ്ങളെ ശാക്തീകരിക്കാനും, കയറ്റുമതിയിലെ കേരളത്തിന്റെ ദൗർബല്യങ്ങൾ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങളും പഠന റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്.

സംസ്ഥാന കയറ്റുമതിയിലെ മത്സരക്ഷമത വർദ്ധിപ്പിക്കുന്നതിനായി പ്രത്യേക നയത്തിന്റെ രൂപീകരണം, സമുദ്രോത്പന്നങ്ങൾ, പ്ലൈവുഡ്, വസ്ത്രം, റബർ, ചികിത്സാ ഉപകരണങ്ങൾ, ഭക്ഷ്യോത്പന്നങ്ങൾ എന്നീ മേഖലകളിൽ വൈവിദ്ധ്യവൽക്കരണം സാധ്യമാക്കി അവയുടെ കയറ്റുമതിയെ പ്രോത്സാഹിപ്പിക്കൽ, കയറ്റുമതിയിലെ മത്സരക്ഷമത വർദ്ധിപ്പിക്കുന്നതിനായി തൊഴിൽ ശേഷിയിലും സാങ്കേതികത്വത്തിലുമുള്ള ആധുനികവൽക്കരണം, ആഗോളതലത്തിൽ ആവശ്യം വർദ്ധിച്ചുവരുന്ന ഇലക്ട്രോണിക്, ഇലക്ട്രിക്കൽ എഞ്ചിനീയറിങ്ങ് മേഖലകളിൽ നിന്നുള്ള ഉൽപ്പന്നങ്ങളെ ഉൾപ്പെടുത്തി കയറ്റുമതിരംഗത്ത് വികസനം തുടങ്ങിയവയാണ് പ്രസ്തുത പഠന റിപ്പോർട്ടിലെ മറ്റ് പ്രധാനപ്പെട്ട ശിപാർശകൾ. ഇവ സർക്കാരിന്റെ പരിഗണനയിലാണ്.

## ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ അടിസ്ഥാന സൗകര്യ വികസനം

171 (573) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത് എന്ന് വിശദീകരിക്കുമോ;

(ബി) ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലെ പ്രവർത്തിക്കാത്ത സ്ഥാപനങ്ങൾ സർക്കാർ ഏറ്റെടുത്ത് സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾക്കായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കാമോ;

(സി) സംസ്ഥാനത്ത് ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ച് സംരംഭകർക്ക് നൽകുന്നതിന് പദ്ധതിയുണ്ടോ; വിശദീകരിക്കുമോ ;

(ഡി) ഐ.ടി. അധിഷ്ഠിത വ്യവസായങ്ങൾക്ക് പ്രാമുഖ്യം നൽകുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള വികസന ഏരിയ/ പ്ലോട്ടുകളിൽ അടിസ്ഥാന സൗകര്യങ്ങളായ ആന്തരിക റോഡുകൾ, വൈദ്യുതി, ജലം, ഖര-ദ്രവ്യ മാലിന്യ സംസ്കരണം, ചുറ്റുമതിൽ, കോൺഫറൻസ് ഹാൾ തുടങ്ങിയവയ്ക്കായി വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഭൂമി ലഭ്യത കുറവായതിനാൽ കൂടുതൽ വ്യവസായ യൂണിറ്റുകൾ ഉൾകൊള്ളിക്കുന്നതിനായി ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായി 20 കോടി രൂപ നടപ്പുവർഷം സംസ്ഥാന വിഹിതമായി വകയിരുത്തി പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

(ബി) ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലെ പ്രവർത്തിക്കാത്ത സ്ഥാപനങ്ങളുടെ ഭൂമി തിരിച്ചെടുത്ത് പുതിയ സംരംഭകർക്ക് നൽകുന്നുണ്ട്. ഇങ്ങനെയുള്ള സ്ഥലം സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾക്ക് നൽകുന്ന കാര്യത്തിൽ തീരുമാനം എടുത്തിട്ടില്ല.

(സി) ഉണ്ട്.

എറണാകുളം ജില്ലയിൽ എടയാറിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

തൃശ്ശൂരിൽ പുഴയ്ക്കൽപ്പാടത്ത് ബഹുനില വ്യവസായ സമുച്ചയം പൂർത്തിയായി കഴിഞ്ഞു. ഇവിടെ രണ്ടാമത്തെ പദ്ധതിക്ക് ഭരണാനുമതിയും നൽകിയിട്ടുണ്ട്. വരവൂരിൽ ഇപ്രകാരം പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

മലപ്പുറം, പാലക്കാട് ജില്ലകളിൽ യഥാക്രമം മഞ്ചേരിയിലും പുതുശ്ശേരിയിലും നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

തിരുവനന്തപുരത്ത് വേളിയിൽ രണ്ട് പദ്ധതികൾക്കുള്ള പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.

പാലക്കാട്, ആലപ്പുഴ ജില്ലകളിൽ യഥാക്രമം ഷൊർണ്ണൂർ, പുന്നപ്ര എന്നീ പദ്ധതികൾക്ക് ഭരണാനുമതിയും നൽകികഴിഞ്ഞു.

വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖല സ്ഥാപനമായ കിൻഫ്ര നെല്ലാട്, തലശ്ശേരി, നാടുകാണി (കണ്ണൂർ), പിറവണ്ണൂർ, പാലക്കാട്, കൊരട്ടി, ഒറ്റപ്പാലം, അപ്പാരൽ പാർക്ക് (തിരുവനന്തപുരം), രാജകുമാരി (ഇടുക്കി) എന്നിവിടങ്ങളിൽ വ്യവസായ സമുച്ചയങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്.

കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ കണ്ണൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ വ്യവസായ സമുച്ചയ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ചേർത്തല, പാലക്കാട് എന്നിവിടങ്ങളിൽ നിർമ്മാണം പുരോഗമിക്കുന്നു.

(ഡി) നൽകും. കിൻഫ്ര, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവയുടെ വ്യവസായ സമുച്ചയങ്ങൾ ഐ.ടി. അധിഷ്ഠിത വ്യവസായങ്ങൾക്ക് പ്രാമുഖ്യം നൽകുന്നുണ്ട്.

## "വ്യാപാർ 2017 "

172 (574) ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ:
ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായങ്ങളുടെ വളർച്ച ത്വരിതപ്പെടുത്തുന്നതിനും നിക്ഷേപകരിൽ താൽപ്പര്യം സൃഷ്ടിക്കുന്നതിനും അതുവഴി സാമ്പത്തിക വളർച്ച വർദ്ധിപ്പിക്കുന്നതിനുമായി വ്യാപാർ 2017 എന്ന പേരിൽ ബിസിനസ്സ് മീറ്റ് സംഘടിപ്പിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) ഏതെല്ലാം മേഖലകളിലെ ഉൽപ്പന്നങ്ങളും സാങ്കേതികവിദ്യയുമാണ് ഇതിലൂടെ പരിപോഷിപ്പിക്കപ്പെടുന്നതെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത ബിസിനസ് മീറ്റിലേക്ക് സംരംഭകരെ ആകർഷിക്കുന്നതിനും മികച്ച സംരംഭകരെ തെരഞ്ഞെടുക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) സംസ്ഥാനത്തിന്റെ വ്യാവസായിക ഉൽപ്പാദനക്ഷമത പ്രദർശിപ്പിക്കുക, ബ്രാൻഡ് ചെയ്തതും അല്ലാത്തതുമായ ഉൽപ്പന്നങ്ങളെ വിപണിയിൽ അവതരിപ്പിക്കുക, നിലവിലുള്ള വ്യവസായങ്ങളെ നിലനിർത്തുകയും വളർച്ച ത്വരിതപ്പെടുത്തുകയും ചെയ്യുക, നിക്ഷേപകരിൽ താല്പര്യം സൃഷ്ടിക്കുക, സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി ഭക്ഷ്യ സംസ്കരണം, കൈത്തറി/ടെക്സ്റ്റൈൽസ് & ഗാർമെന്റ്സ്, റബ്ബർ, കയർ ഉൽപ്പന്നങ്ങൾ, ആയുർവേദ & ഹെർബൽ, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, കരകൗശലം/മുള പോലുള്ള പരമ്പരാഗത മേഖല എന്നിങ്ങനെയുള്ള ഏഴ് മേഖലകളിലെ വ്യാവസായിക ഉല്പന്നങ്ങളുടേയും സാങ്കേതിക വിദ്യകളുടെയും പ്രദർശനം ഉൾപ്പെടുത്തി 2017 ഫെബ്രുവരി 2 മുതൽ 4 വരെ 'വ്യാപാർ 2017' എന്ന പേരിൽ ബിസിനസ്സ് ടു ബിസിനസ്സ് മീറ്റ് കൊച്ചിയിൽ സംഘടിപ്പിച്ചു.

(ഡി) വ്യാപാർ 2017-ൽ പങ്കാളികളായ സംരംഭങ്ങളെ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴിയാണ് തെരഞ്ഞെടുത്തത്. അതത് ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി സംസ്ഥാനത്തിനകത്തെ വിവിധ ജില്ലകളിൽ നിന്നും തെരഞ്ഞെടുത്ത ചെറുകിട വ്യവസായ യൂണിറ്റുകളുടെ രജിസ്ട്രേഷനും പങ്കാളിത്തവും വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് ഉറപ്പ് വരുത്തുകയും, വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ അദ്ധ്യക്ഷനായ തെരഞ്ഞെടുപ്പ് സമിതി ഈ ഏഴ് മേഖലയിൽ നിന്നും വ്യാപാർ 2017 മീറ്റിലേയ്ക്ക് 200 ചെറുകിട വ്യവസായ യൂണിറ്റുകളെ തെരഞ്ഞെടുക്കുകയും ചെയ്തു.

**മണൽ ഇറക്കുമതി**

173 (575) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന് പുറത്തുനിന്നും മണൽ ഇറക്കുമതി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനുള്ള അപേക്ഷ ആരെങ്കിലും സിഡ്കോ മുഖേന സമർപ്പിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വിദേശത്തുനിന്നും നിയമവിധേയമായി മണൽ കൊണ്ടുവരുന്നുണ്ട്. ഇതിന്റെ വിൽപ്പനയ്ക്ക് ഡീലേഴ്സ് ലൈസൻസ് അനുവദിച്ചുവരുന്നുണ്ട്.

(ബി & സി) ഉണ്ട്. സംസ്ഥാനത്തിന് പുറത്ത് നിന്ന് മണൽ കൊണ്ടുവന്ന് സംഭരിച്ച് വിപണനം നടത്തുന്നതിന് സിഡ്കോ മുഖേന ശ്രീ. മുഹമ്മദ് സാബീർ, മെസ്സെഴ്സ് ഷാ ട്രേഡേഴ്സ് & മിനറൽസ്, 1111/535, പൊയിനാച്ചി, തെക്കിൻഫെറി, കാസർഗോഡ് എന്നയാൾ മൈനിംഗ് & ജിയോളജി വകുപ്പിന്റെ പാലക്കാട് ജില്ലാ ആഫീസിൽ അപേക്ഷ സമർപ്പിച്ചിരുന്നു. ആയത് പാലക്കാട് ജില്ലയിൽ പട്ടാമ്പി താലൂക്കിൽപ്പെട്ട കപ്പൂർ വില്ലേജിൽ സർവ്വേ നമ്പർ 318/3-ൽപ്പെട്ട 0.4047 ഹെക്ടർ സ്ഥലത്തേയ്ക്കാണ്. 73/15-16/DOP/2619/2015/A1/Depot നമ്പരായി 14-12-2015 തീയതിയിൽ 31-3-2016 കാലാവധിയോട് കൂടി ഡിപ്പോ രജിസ്ട്രേഷനും 59/DOP/DL/2721/2015/A1/OS നമ്പരായി 21-12-2015 തീയതിയിൽ 20-12-2016 വരെ കാലാവധിയോട് കൂടി 10000 മെട്രിക് ടൺ സാധാരണ മണൽ സംഭരിച്ച് വിപണനം നടത്തുന്നതിന് ഡീലേഴ്സ് ലൈസൻസും ടിയാൾക്ക് അനുവദിച്ചിരുന്നു. കൂടാതെ പ്രസ്തുത സ്ഥാപനത്തിന് മലപ്പുറം ജില്ലാ ആഫീസിൽ നിന്നും 11-7-2016 മുതൽ 10-7-2017 വരെ കാലാവധിയിൽ സാധാരണ മണലിന് ഒരു ഡീലേഴ്സ് ലൈസൻസ് കൂടി അനുവദിച്ചിട്ടുണ്ട്.

**പട്ടയഭൂമിയിൽ ഖനനത്തിന് അനുമതി**

174 (576) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി ആവശ്യത്തിന് സർക്കാർ പാട്ടത്തിന് നൽകിയ ഭൂമിയിൽ ഖനനത്തിന് അനുമതി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) കൃഷി ആവശ്യത്തിന് സർക്കാർ പാട്ടത്തിന് നൽകിയ ഭൂമിയിൽ ഖനനാനുമതി നൽകാമോയെന്ന വിഷയം റവന്യൂ വകുപ്പ് പരിശോധിച്ച് വരികയാണ്. ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ബി) ഇത് സംബന്ധിച്ച് പ്രത്യേക പഠനമൊന്നും നടത്തിയിട്ടില്ല.

**സർക്കാരിന്റെ ഖനന നയം**

175 (577) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. അബ്ദുൽ ഹമീദ്. പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖനനപ്രവർത്തനങ്ങളുടെ കാര്യത്തിൽ സർക്കാരിന്റെ നയം വ്യക്തമാക്കുമോ;

(ബി) ഖനനം സ്വകാര്യ മേഖലയ്ക്ക് തുറന്നുകൊടുക്കുന്ന കാര്യത്തിൽ നിയന്ത്രണം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) കാർഷിക-പാരിസ്ഥിതിക മേഖലകൾക്ക് ദോഷമുണ്ടാക്കാനിടയുള്ള തരത്തിൽ ചെളി പ്രദേശങ്ങളിൽ ഖനന പ്രവർത്തനങ്ങൾക്ക് അനുമതി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിശദവിവരം നൽകുമോ?

ഉത്തരം

(എ) കേരളത്തിലെ ഖനിജങ്ങൾ പ്രത്യേകിച്ച് സർക്കാർ പുറമ്പോക്ക് ഭൂമിയിലെ ധാതുക്കൾ പൊതു ഉടമസ്ഥതയിലാക്കുവാനുള്ള സാധ്യതകൾ വിലയിരുത്തി ഖനനം ശക്തമായ സാമൂഹ്യ നിയന്ത്രണ സംവിധാനത്തിന്റെ കീഴിൽ കൊണ്ടുവരും. ആവശ്യമായ പാരിസ്ഥിതിക സംരക്ഷണം ഉറപ്പുവരുത്തി ആസൂത്രിതമായി സമഗ്ര വീക്ഷണത്തോടുകൂടി കടൽത്തീരത്തെ കരിമണൽ ഖനനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കും. റിസർവോയറിലെ മണൽ വാരൽ പ്രോത്സാഹിപ്പിക്കും. പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തും. ഒരു നാച്ചറൽ റിസോഴ്സ് കോർപ്പറേഷൻ രൂപീകരിക്കുന്നതിനായുള്ള സാദ്ധ്യത പരിശോധിക്കും. നദീതട മണലിന്റെ അമിത ചൂഷണം ഒഴിവാക്കുന്നതിനായി ശേഷി പഠനവും നിയന്ത്രണവും കൊണ്ടുവരും. കേരള നെൽവയൽ നീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽപ്പെടാത്ത സ്ഥലങ്ങളിലെ കളിമൺ ഖനനത്തിന്റെ സാധ്യത പരിശോധിക്കും.

(ബി) ഉണ്ട്.

(സി) പുതിയ ഖനനാനുമതികൾക്ക് പാരിസ്ഥിതികാനുമതി നിർബന്ധമാണ്. അതിനാൽ കാർഷിക പാരിസ്ഥിതിക മേഖലകൾക്ക് ദോഷമുണ്ടാകാനിടയുള്ള ചെളി പ്രദേശങ്ങളിൽ ഖനനാനുമതി ലഭിക്കാനുള്ള സാദ്ധ്യത കുറവാണ്.

**ഉപയോഗശൂന്യമായ ക്വാറികളിലെ അപകടങ്ങൾ**

176 (578) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉപയോഗശൂന്യമായ ക്വാറികളിൽ നിരന്തരമായി ഉണ്ടാകുന്ന അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇത്തരത്തിൽ ഉപയോഗശൂന്യമായ ക്വാറികൾക്ക് സംരക്ഷണ മതിൽ നിർമ്മിക്കണമെന്ന ബാലാവകാശ കമ്മീഷന്റെ നിർദ്ദേശം നടപ്പിലാക്കാൻ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) അപകടങ്ങൾ പരമാവധി കുറയ്ക്കുന്നതിനായി ക്വാറികൾക്കും പാറമടകൾക്കും അനുമതി നല്കുന്നതോടൊപ്പം തന്നെ, ക്വാറികൾക്കും പാറമടകൾക്കും സമീപം അപായ സൂചന നൽകുന്ന ബോർഡുകൾ സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിൽ പഞ്ചായത്ത് വകുപ്പുമായി സംയോജിച്ച് പ്രവർത്തിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഇല്ല. ഉപേക്ഷിക്കപ്പെട്ട ക്വാറികളിൽ കുളിക്കാനായി ഇറങ്ങുന്നവർക്ക് അപകടം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-ഡി) 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 65-ൽ ഉപേക്ഷിക്കപ്പെട്ട ക്വാറികൾ വേലികെട്ടി സംരക്ഷിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ ആവശ്യത്തിലേക്കായി ക്വാറി സേഫ്റ്റി ഫണ്ട് എന്ന നിലയിൽ ക്വാറി ഉടമകളിൽ നിന്നും റോയൽറ്റിയുടെ 10% തുക ഈടാക്കി ജില്ലാ കളക്ടറുടെ റ്റി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ബാലാവകാശ കമ്മീഷന്റെ നിർദ്ദേശത്തെ തുടർന്ന് പഞ്ചായത്തുകളിൽ നിന്നും ഉപയോഗശൂന്യമായ ക്വാറികളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അത്തരം ക്വാറികൾക്ക് ചുറ്റും ഫെൻസിങ് നിർമ്മിക്കുന്നതിന് സ്ഥലമുടമകൾക്ക് നിർദ്ദേശം നൽകുന്നതിനും ക്വാറികൾക്കും പാറമടകൾക്കും സമീപം അപായസൂചന നൽകുന്ന ബോർഡുകൾ സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കൈത്തറി വ്യവസായം പുനരുജ്ജീവിപ്പിക്കാൻ പദ്ധതി**

177 (579) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൈത്തറി വ്യവസായം പുനരുജ്ജീവിപ്പിക്കാൻ പദ്ധതികൾ ആലോചനയിലുണ്ടോ ;

(ബി) സർക്കാർ/എയ്ഡഡ് മേഖലയിലെ വിദ്യാർത്ഥികൾക്ക് കൈത്തറി യൂണിഫോം നൽകാൻ പദ്ധതി ആലോചനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൈത്തറി മേഖലയെ സംരക്ഷിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനും ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

(1) കൈത്തറി മേഖലയുടെ ഉൽപ്പാദനവും വിപണനവും വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി.

(2) നെയ്ത്തുകാർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതിനുള്ള പദ്ധതി.

(3) നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രചോദന പരിപാടി

(4) കൈത്തറി തൊഴിലാളികൾക്കുള്ള പ്രോത്സാഹന ധനസഹായ പദ്ധതി.

(5) കൈത്തറി സംഘങ്ങളുടെ ആധുനികവൽക്കരണവും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിനുമുള്ള പദ്ധതി.

(6) വിപണന കയറ്റുമതി പ്രോത്സാഹന പദ്ധതി.

സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് 2 ജോഡി കൈത്തറി യൂണിഫോം സൗജന്യമായി നൽകുന്ന ഒരു പുതിയ പദ്ധതി സർക്കാർ രൂപീകരിച്ചു. ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്ക് യൂണിഫോം നൽകുക എന്നതിനുപുറമേ കൈത്തറി മേഖലയിലെ നെയ്ത്തുകാർക്ക് വർഷത്തിൽ കുറഞ്ഞത് 200 ദിവസമെങ്കിലും ജോലി നൽകി അവരുടെ വേതനം വർദ്ധിപ്പിക്കാനും ലക്ഷ്യമിട്ടിരിക്കുന്നു.

(ബി) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ ഒന്ന് മുതൽ അഞ്ച് വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് 2 ജോഡി കൈത്തറി യൂണിഫോം തുണി സൗജന്യമായി ഒന്നാം ഘട്ടം 2017-18 അദ്ധ്യയന വർഷത്തിൽ നൽകുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതിന് ആവശ്യമായ തുണി വിവിധ ജില്ലകളിലെ കൈത്തറി സംഘങ്ങളിൽ നെയ്തുവരുന്നുണ്ട്. രണ്ടാംഘട്ടം 1 മുതൽ 8 വരെയുള്ള വിദ്യാർത്ഥികൾക്ക് (സർക്കാർ-എയ്ഡഡ് സ്കൂളുകൾ) 2018-19 അദ്ധ്യയന വർഷം മുതൽ നൽകുവാനും പദ്ധതി വിഭാവന ചെയ്യുന്നു.

**കോട്ടയം ടെക്സ്റ്റൈൽസ് തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് നടപടി**

178 (580) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിക്കുടിശ്ശികയുടെ പേരിൽ അടച്ചുപൂട്ടിയ കോട്ടയം ടെക്സ്റ്റൈൽസ് തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ച് മാസമായി അടഞ്ഞുകിടക്കുന്ന കോട്ടയം ടെക്സ്റ്റൈൽസിലെ തൊഴിലാളികളുടെയും അവരുടെ കുടുംബങ്ങളുടെയും പട്ടിണി മാറ്റുവാൻ സൗജന്യ റേഷനും ധനസഹായവും നൽകുന്ന കാര്യം ഗൗരവമായി പരിശോധിക്കുമോ;

(സി) കമ്പനി തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് വ്യവസായ വകുപ്പും വൈദ്യുതി വകുപ്പും ഇതുവരെ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയിൽ എത്തിച്ച് അടിയന്തിര തീരുമാനം എടുക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) കോട്ടയം ടെക്സ്റ്റൈൽസിലെ വൈദ്യുതി കുടിശ്ശിക സംബന്ധിച്ച് 10-1-2017-ന് ബഹു. വൈദ്യുതി വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന യോഗത്തിലെ തീരുമാനപ്രകാരം 17-2-2017-ന് കോട്ടയം ടെക്സ്റ്റൈൽസിലെ വിച്ഛേദിച്ച വൈദ്യുതി ബന്ധം പുനഃസ്ഥാപിക്കുകയും 2017 ഫെബ്രുവരി 20 മുതൽ മിൽ വീണ്ടും പ്രവർത്തിച്ചുതുടങ്ങുകയും ചെയ്തിട്ടുണ്ട്.

(ബി) കോട്ടയം ടെക്സ്റ്റൈൽസിന്റെ പ്രവർത്തനം താൽക്കാലികമായി നിർത്തിവയ്ക്കേണ്ടി വന്നതിനാൽ 2016 സെപ്റ്റംബർ മാസത്തെ ശമ്പളവും, 2016 ഒക്ടോബർ, നവംബർ, ഡിസംബർ, 2017 ജനുവരി മാസങ്ങളിലെ ലേ-ഓഫ് വേതനവും കുടിശ്ശികയായി. സർക്കാരിൽ നിന്നുമുള്ള ധനസഹായത്തെ തുടർന്ന് 2016 സെപ്റ്റംബർ, ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലെ ശമ്പളം/ലേ-ഓഫ് വേതനം ഉൾപ്പെടെയുള്ള തുകയുടെ 50% എന്നിവ നൽകുവാൻ നടപടിയെടുത്തിട്ടുണ്ട്. സൗജന്യ റേഷനും ധനസഹായവും നൽകുന്ന കാര്യം പരിഗണനയിലില്ല.

(സി) വൈദ്യുതി കുടിശ്ശിക സംബന്ധിച്ച് വ്യവസായ വകുപ്പും വൈദ്യുതി വകുപ്പും തമ്മിൽ 10-1-2017 തീയതിയിലുണ്ടായ യോഗത്തിലെ തീരുമാനപ്രകാരം മില്ലുകളുടെ 2017 ജനുവരി-ഫെബ്രുവരി മാസങ്ങളിലെ വൈദ്യുതി ബിൽ 2017 മാർച്ച് മാസം അടയ്ക്കുവാനുള്ള സാവകാശവും, നിലവിലുള്ള കുടിശ്ശിക 2017 ജൂൺ മുതൽ 12 തവണകളായി അടയ്ക്കുന്നതിനുള്ള സാവകാശവും ലഭിച്ചിട്ടുണ്ട്.

**കോട്ടൺ സെൻട്രൽ പർച്ചേസിംഗ് കമ്മിറ്റി**

179 (581) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സഹകരണ പൊതുമേഖലാ സ്പിന്നിംഗ് മില്ലുകളിലേക്കുള്ള അസംസ്കൃത വസ്തുക്കളുടെ വാങ്ങൽ ഏകീകരിക്കുന്നതിന് രൂപവൽക്കരിച്ച കോട്ടൺ സെൻട്രൽ പർച്ചേസിംഗ് കമ്മിറ്റി (CCPC) യുടെ ആദ്യ ഇടപാടുകൾ തന്നെ വിവാദമാവുകയും സർക്കാരിന് നഷ്ടം വരികയും ചെയ്ത സാഹചര്യം പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പൊതുമേഖലാ സ്ഥാപനമായ കോട്ടൺ കോർപ്പറേഷൻ വഴി കോട്ടൺ കുറഞ്ഞ നിരക്കിൽ ലഭ്യമായിട്ടും സ്വകാര്യ ഏജൻസികൾക്ക് ഓർഡർ നൽകാനുള്ള തീരുമാനമെടുക്കാൻ കാരണമെന്താണ്;

(സി) ഇത് പുനഃപരിശോധിക്കുവാൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) പൊതുമേഖലയിലും സഹകരണമേഖലയിലുമുള്ള മില്ലുകൾ സെൻട്രലൈസ്ഡ് കോട്ടൺ പർച്ചേസ് കമ്മിറ്റി സംവിധാനത്തിലൂടെയാണ് 2009 ജൂൺ മുതൽ കോട്ടൺ പർച്ചേസ് നടത്തിവരുന്നത്. കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻഫോർമാറ്റിക് സെന്ററിന്റെ ഇ-പോർട്ടൽ ആയ ഇ-പ്രൊക്യൂർമെന്റ് സംവിധാനം മുഖേനയാണ് കമ്മിറ്റി ഈ പ്രാവശ്യവും കോട്ടൺ വാങ്ങിയത്. കമ്മിറ്റി തീരുമാനം എടുത്തത് മേൽ പറഞ്ഞ ടെണ്ടർ സംവിധാനത്തിലെ വ്യവസ്ഥകൾക്ക് വിധേയമായാണ്. ആയതിനാൽ സ്ഥാപനത്തിനോ സർക്കാരിനോ നഷ്ടമുണ്ടായിട്ടില്ല.

(ബി) ഇ-പ്രൊക്യൂർമെന്റ് സംവിധാനം മുഖേന കോട്ടൺ വാങ്ങുന്നതിനാൽ ടെണ്ടർ പ്രക്രിയയിൽ പങ്കെടുത്തവർക്കാണ് ഓർഡർ നൽകിയിട്ടുള്ളത്.

(സി) ബാധകമല്ല.

**പരമ്പരാഗത വ്യവസായങ്ങൾ പുനരുജ്ജീവിപ്പിക്കാൻ നടപടി**

180 (582) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങൾ ഏതെല്ലാമാണെന്നും അവയെ പുനരുജ്ജീവിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ ;

(ബി) പരമ്പരാഗത വ്യവസായമായ കൈത്തറി തുണികൾക്ക് 2% വാറ്റ് നികുതി ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ ആയത് പിൻവലിക്കാൻ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(സി) കൈത്തറി എന്ന വ്യാജേന വരുന്ന യന്ത്രവത്കൃത ഉൽപ്പന്നങ്ങൾ തടയുന്നതിനും ഇത്തരം വ്യാജൻമാരെ കണ്ടെത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(ഡി) കൈത്തറിത്തൊഴിലാളികളുടെയും മറ്റും ആനുകൂല്യങ്ങൾ നേടിയെടുക്കുന്ന വ്യാജ നിർമ്മാതാക്കളെ കണ്ടെത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) കൈത്തറി, കശുവണ്ടി, കയർ, കരകൗശലം, ഈറ്റ-പനമ്പ്, ഖാദി-ഗ്രാമവ്യവസായങ്ങൾ എന്നിവയെ പരമ്പരാഗത വ്യവസായങ്ങളായി കണക്കാക്കിവരുന്നു.

പരമ്പരാഗത വ്യവസായങ്ങളെ പുനഃരുജ്ജീവിപ്പിക്കുന്നതിനായി ക്രിയാത്മക നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. കൈത്തറി മേഖലയിൽ ഉൽപ്പാദനവും വിപണനവും വർദ്ധിപ്പിക്കുന്നതിനുള്ള നടപടി, നെയ്ത്തുകാർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതിനുള്ള പദ്ധതി, നെയ്ത്തുകാർക്കും മറ്റ് അനുബന്ധതൊഴിലാളികൾക്കുമുള്ള പ്രോത്സാഹന സഹായ പദ്ധതി, കൈത്തറി സംഘങ്ങളുടെ ആധുനിക വൽക്കരണവും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിനുമുള്ള പദ്ധതി, വിപണി കയറ്റുമതി പ്രോത്സാഹനപദ്ധതി തുടങ്ങിയവ നടപ്പാക്കിയിട്ടുണ്ട്. കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ നൽകുന്നതിനും അവരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി സർക്കാർ സ്കൂളുകളിലെ ഒന്ന് മുതൽ അഞ്ച് വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് കൈത്തറി യൂണിഫോം സൗജന്യമായി നൽകുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ട്.

കരകൗശല മേഖലയിൽ തൊഴിലാളികൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് 'ASHA' എന്ന പദ്ധതി, വ്യവസായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി പദ്ധതി, കരകൗശല ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി, പൊതു സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി എന്നിവ നടപ്പാക്കിവരുന്നു. കരകൗശല തൊഴിലാളികളുടെ പ്രോത്സാഹനത്തിനായി ദേശീയ അവാർഡിന്റെ മാതൃകയിൽ സംസ്ഥാന അവാർഡുകൾ നൽകുന്ന പദ്ധതിയും നടപ്പാക്കിവരുന്നു. കരകൗശല മേഖലയിൽ ക്ലസ്റ്റർ പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

ഈറ്റ-പനമ്പ് നെയ്ത്ത് മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി ഈ മേഖലയിലെ പൊതുമേഖലാസ്ഥാപനമായ കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ മുഖേന സാമൂഹ്യ യന്ത്രവൽകൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങളുടെ ശാക്തീകരണം, സ്ലീവറിംഗ് യൂണിറ്റുകളുടെ സ്ഥാപനം, ഫീഡർ യൂണിറ്റുകൾ/പ്രീ-പ്രോസസ്സിംഗ് യൂണിറ്റുകൾ പുനഃക്രമീകരിച്ച് ശക്തിപ്പെടുത്തൽ, മൂല്യാധിഷ്ഠിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം എന്നിവയ്ക്കായി നടപടികൾ സ്വീകരിച്ചുവരുന്നു. ഖാദി ഗ്രാമവ്യവസായ മേഖലയിൽ വായ്പാപദ്ധതികൾ നടപ്പാക്കിവരുന്നു.

(ബി) ഒരു കോടി രൂപയ്ക്കുമേൽ തുണിത്തരങ്ങളിൽ വിറ്റുവരവുള്ള വ്യാപാരികളുടെ മേൽ 2014-15 സാമ്പത്തിക വർഷം മുതൽ 2% വിറ്റുവരവ് നികുതി കേരള മൂല്യവർദ്ധിത നികുതി നിയമത്തിന്റെ 6 എ വകുപ്പ് പ്രകാരം ഏർപ്പെടുത്തിയിരുന്നു. ടേണോവർ ടാക്സ് ഈടാക്കുന്നതിൽ നിന്നും കൈത്തറി, ഖാദി തുണിത്തരങ്ങളെ ഒഴിവാക്കിയിട്ടുണ്ടായിരുന്നു. എന്നാൽ മിക്ക വ്യാപാരികളും മറ്റ് ടെക്സ്റ്റൈൽ ഇനങ്ങളെ കൂടി കൈത്തറി ഖാദി തുണിത്തരങ്ങളായി തെറ്റായി വർഗ്ഗീകരിച്ച് നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവായിരുന്നു. ഇപ്രകാരം തെറ്റായ വർഗ്ഗീകരണം കണ്ടെത്തുക ഏറെ ആയാസകരമായതിനാൽ 1-4-2015 മുതൽ ടേൺഓവർ ടാക്സ് പിൻവലിക്കുകയും കൈത്തറി ഉൾപ്പെടെ എല്ലാ തുണിത്തരങ്ങൾക്കും 1% മൂല്യവർദ്ധിത നികുതി ഏർപ്പെടുത്തുകയും ചെയ്തിരുന്നു. ഈ നിരക്ക് 1-4-2016 മുതൽ രണ്ട് ശതമാനമായി വർദ്ധിപ്പിച്ചിട്ടുണ്ട്. നികുതി വർദ്ധനവ് പിൻവലിക്കുന്നത് റവന്യൂ വരുമാനത്തെ പ്രതികൂലമായി ബാധിക്കുന്നതാണ്.

(സി) കൈത്തറിയിൽ മാത്രം ഉൽപ്പാദിപ്പിക്കുന്നതിനായി സംവരണം ചെയ്തിട്ടുള്ള 11 ഉൽപ്പന്നങ്ങൾ പവർലൂം മേഖലയിൽ ഉൽപ്പാദിപ്പിക്കുന്നത് തടയുന്നതിന് കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തിവരികയും നിയമലംഘനങ്ങൾ എന്തെങ്കിലും കണ്ടെത്തിയാൽ നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു.

(ഡി) കൃത്യമായ പരിശോധന നടത്തി ഇത്തരത്തിൽ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന നിർമ്മാതാക്കളെ കണ്ടെത്തി ഉൽപ്പാദന സ്ഥലത്ത് ചെന്ന് നിർമ്മാണം തടയുകയും നിയമാനുസൃത തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

**കുന്നത്തറ ടെക്സ്റ്റൈൽസ്**

181 (583) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ കുന്നത്തറ ടെക്സ്റ്റൈൽസ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) കുന്നത്തറയിൽ പുതിയ തൊഴിലധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങാൻ പദ്ധതിയുണ്ടോ ;

(സി) ഇതിനായി ഏതെങ്കിലും പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) കുന്നത്തറ ടെക്സ്റ്റൈൽസിന്റെ ഇപ്പോഴത്തെ കടബാധ്യത കൃത്യമായി കണക്കാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് അറിയിക്കുമോ ?

ഉത്തരം

(എ-ഡി) കുന്നത്തറ ടെക്സ്റ്റൈൽസിന്റെ ആകെ ആസ്തിയും ബാദ്ധ്യതയും തിട്ടപ്പെടുത്തി പരിശോധിച്ചതിനുശേഷം നടപടികൾ സ്വീകരിക്കുന്നതാണ്.

## കാസർഗോഡ് ജില്ലയിലെ ഉദുമ സ്പിന്നിങ്ങ് മിൽസ്

182 (584) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഉദുമ സ്പിന്നിങ്ങ് മിൽസ് ഏത് സർക്കാരിന്റെ കാലത്താണ് സ്ഥാപിച്ചത് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) പ്രസ്തുത സ്പിന്നിങ്ങ് മിൽസ് തുറന്ന് പ്രവർത്തിക്കുന്നതിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നുവോ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രസ്തുത സ്ഥാപനം തുറന്ന് പ്രവർത്തിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ഡി) സ്ഥാപനം എന്ന് തുറന്ന് പ്രവർത്തിക്കാൻ കഴിയും എന്ന് അറിയിക്കാമോ ?

ഉത്തരം

(എ) എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 2010-11 ബഡ്ജറ്റ് പ്രഖ്യാപനത്തിലൂടെ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിൽ വന്ന പ്രോജക്ടാണ് ഉദുമ ടെക്സ്റ്റൈൽ മിൽ. ഈ സ്ഥാപനത്തിന്റെ ഉദ്ഘാടനം 2011 ജനുവരി 28-നാണ് നിർവ്വഹിക്കപ്പെട്ടത്.

(ബി) എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 16 കോടി രൂപയുടെ അടങ്കൽ തുക പ്രതീക്ഷിച്ചുകൊണ്ട് നടപ്പിലാക്കാൻ ഉദ്ദേശിച്ച പദ്ധതിക്ക് കോസ്റ്റ് ഓവർ റൺ ഉണ്ടായതിനാൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പുതുക്കിയ അടങ്കൽ തുകയ്ക്ക് (21.09 കോടി രൂപ) ഭരണാനുമതിക്ക് 2012 മേയ് മാസം സമർപ്പിക്കുകയും 2015 ജൂൺ മാസം ഭരണാനുമതി ലഭിക്കുകയും ചെയ്തിരുന്നു. കാലതാമസം വന്നതുകൊണ്ട് പുതുക്കിയ അടങ്കൽ തുകയ്ക്കുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് വീണ്ടും തയ്യാറാക്കുന്നതിന് നടപടികളെടുത്തു.

(സി) ഈ സർക്കാരിന്റെ കാലത്താണ് 33.94 കോടി രൂപയുടെ പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി, 2016 ആഗസ്റ്റിൽ ഭരണാനുമതിക്ക് സമർപ്പിച്ചിട്ടുള്ളത്. മിൽ തുറക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. ധനകാര്യവകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നിയമസഭാ മന്ദിരത്തിൽ വച്ച് 12-7-2016-ൽ യോഗം ചേരുകയും കൂടാതെ ഉദ്ദമ സ്പിന്നിംഗ് മില്ലിൽ വച്ച് 9-10-2016-ന് ഒരു ഉന്നതതലയോഗം കൂടുകയും ചെയ്തിരുന്നു. നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പുതുക്കിയ പ്രോജക്ട് റിപ്പോർട്ടിന് ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് മില്ലിന്റെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്നും ഹൈക്കോടതിയിലെ കേസുകളിന്മേൽ തീരുമാനം ഉണ്ടാകുന്ന മുറയ്ക്ക് ആവശ്യമായ ജീവനക്കാരെ നിയമിക്കുവാൻ സാധിക്കുമെന്നും പ്രതീക്ഷിക്കുന്നു.

## കേരളത്തിലെ സ്പിന്നിംഗ് മില്ലുകൾ

183 (585) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലയിലും സഹകരണ മേഖലയിലും ആകെ എത്ര സ്പിന്നിംഗ് മില്ലുകൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അടച്ചുപൂട്ടിയവ ഏതെല്ലാമെന്നും അതിന്റെ കാരണമെന്തെന്നും വ്യക്തമാക്കുമോ;

(സി) കേരള ടെക്സ്റ്റൈൽ കോർപ്പറേഷന് കീഴിലുള്ള ജീവനക്കാർക്ക് അഞ്ച് മാസമായി ശമ്പളമില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ശമ്പളം വിതരണം ചെയ്യാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ?

### ഉത്തരം

(എ) കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിൽ താഴെ പറയുന്ന 7 യൂണിറ്റുകളാണുള്ളത്.

1. പ്രഭുറാം മിൽസ്, കോട്ട പി.ഒ., ചെങ്ങന്നൂർ, ആലപ്പുഴ.
2. കോട്ടയം ടെക്സ്റ്റൈൽസ്, വേദഗിരി, ഏറ്റുമാനൂർ, കോട്ടയം.
3. എടരിക്കോട് ടെക്സ്റ്റൈൽസ്, എടരിക്കോട്, മലപ്പുറം.
4. മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ്, തിരുവണ്ണൂർനട, കോഴിക്കോട്.

പുതിയ പ്രോജക്ടുകൾ

5. കോമളപുരം സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ്, ആലപ്പുഴ (ആദ്യഘട്ട പ്രവർത്തനം തുടങ്ങി)
6. ഹൈടെക് വീവിംഗ് മിൽസ്, പിണറായി, കണ്ണൂർ (പ്രവർത്തനം തുടങ്ങിയിട്ടില്ല)
7. ഉദുമ ടെക്സ്റ്റൈൽസ് മിൽസ്, മൈലാട്ടി, കാസർഗോഡ് (പ്രവർത്തനം തുടങ്ങിയിട്ടില്ല)

ടെക്സ്ഫെഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന 8 സഹകരണ സ്പിന്നിംഗ് മില്ലുകൾ താഴെ പറയുന്നവയാണ്.

1. കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ
2. ആലപ്പി സഹകരണ സ്പിന്നിംഗ് മിൽ
3. പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മിൽ
4. തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ
5. മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ
6. മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽസ് ലിമിറ്റഡ്
7. കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ
8. കെ. കരുണാകരൻ മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ യൂണിറ്റുകൾ, വൈദ്യുതി കുടിശ്ശികയുടെ പേരിൽ വൈദ്യുതി ബന്ധം വിച്ഛേദിച്ചതുമൂലവും സ്റ്റാറ്റ്യൂട്ടറി ഡ്യൂസും, പ്രവർത്തന മൂലധനമില്ലായ്മയും, കോട്ടൺ ലഭിക്കാത്തതിനാലും 2016 ഒക്ടോബർ, നവംബർ, ഡിസംബർ, 2017 ജനുവരി, ഫെബ്രുവരി മാസം പകുതിവരെ താൽക്കാലികമായി പ്രവർത്തനം നിർത്തിവയ്ക്കേണ്ടിവന്നു. വൈദ്യുതി കുടിശ്ശിക സംബന്ധിച്ച് വൈദ്യുതി മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 10-1-2017 തീയതിയിലുണ്ടായ യോഗ തീരുമാനപ്രകാരം 2017 ഫെബ്രുവരി മാസം പ്രസ്തുത മില്ലുകൾക്ക് വൈദ്യുതി കണക്ഷൻ വീണ്ടും ലഭിച്ചു. ആവശ്യമായ പ്രവർത്തന മൂലധനം നൽകി മില്ലുകൾ 2017 ഫെബ്രുവരി 20, 22 തീയതികളിൽ വീണ്ടും പ്രവർത്തിപ്പിച്ചുതുടങ്ങിയിട്ടുണ്ട്. ടെക്സ്ഫെഡിന്റെ കീഴിലുള്ള സ്പിന്നിംഗ് മില്ലുകളായ കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ

കഴിഞ്ഞ രണ്ടരമാസമായും, തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ ഒന്നരമാസമായും ആവശ്യമായ പ്രവർത്തനമൂലധന അഭാവത്താലും, വൈദ്യുതി കുടിശ്ശികമൂലം വൈദ്യുതി വിച്ഛേദിച്ചതിനാലും മാസങ്ങളായി കോട്ടൺ ലഭ്യമല്ലാത്തതിനാലും അടച്ചിടുകയായിരുന്നു. എന്നാൽ സർക്കാരിന്റെ അടിയന്തിര ഇടപെടലിനെ ത്തുടർന്ന് ഈ മില്ലുകൾക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ സെൻട്രലൈസ്ഡ് കോട്ടൺ പർച്ചേസ് കമ്മിറ്റി മുഖേന വാങ്ങുന്നതിന് പണം അനുവദിക്കുകയും ആയതിന്റെ ഫലമായി ഈ മില്ലുകൾ തുറന്നുപ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്. കേരള ടെക്സ്റ്റൈൽസ് കോർപ്പറേഷന് കീഴിലുള്ള ജീവനക്കാർക്ക് 2016 സെപ്റ്റംബർ മുതൽ 2017 ജനുവരി മാസം വരെ ശമ്പളം/ലേ-ഓഫ് വേതനം കുടിശ്ശികയായി. സർക്കാരിൽനിന്നുമുള്ള ധനസഹായത്തെ തുടർന്ന് 2016 സെപ്റ്റംബർ, ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലെ ശമ്പളം/ലേ-ഓഫ് വേതനം ഉൾപ്പെടെയുള്ള തുകയുടെ 50% എന്നിവ നൽകുവാൻ നടപടിയെടുത്തിട്ടുണ്ട്.

## കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ കുടിശ്ശിക വരുത്തിയവർക്ക് റവന്യൂ റിക്കവറി

184 (586) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഖാദി ഗ്രാമവ്യവസായ ബോർഡിൽ നിന്നും വായ്പയെടുത്തവരിൽ എത്ര പേർക്കെതിരെയാണ് റവന്യൂ റിക്കവറി നടപടികൾ നിലവിലുള്ളത്;

(ബി) ഈ ബോർഡിൽ നിന്നും വായ്പയെടുത്ത് കുടിശ്ശിക വരുത്തിയവരിൽ നിന്നും പിഴയും പിഴപ്പലിശയും ഇനത്തിൽ ഭീമമായ തുകയാണ് ഈടാക്കി വരുന്നതെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഖാദി ഗ്രാമവ്യവസായ രംഗത്തുണ്ടായ തകർച്ചയാണ് ഈ തൊഴിലാളികൾക്ക് വായ്പാതുക യഥാസമയം ഒടുക്കാൻ കഴിയാത്തതിന് കാരണമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ കുടിശ്ശികക്കാർക്ക് വായ്പാ തുക, പിഴപ്പലിശ ഒഴിവാക്കി ഒറ്റത്തവണയായി ഒടുക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇത്തരം ഒരു പദ്ധതി നടപ്പിലാക്കുന്നത് ഇവർക്ക് പ്രയോജനപ്രദമായിരിക്കുമെന്ന കാര്യം പരിഗണിച്ച് ഒറ്റത്തവണ തീർപ്പാക്കലിന് അവസരം നൽകുമോ?

<u>ഉത്തരം</u>

(എ) 1387 പേർ.

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) ഉണ്ട്. പാറ്റേൺ പദ്ധതിക്ക് മാത്രമാണ് നിലവിൽ ഒറ്റത്തവണ പദ്ധതി പ്രകാരം വായ്പാ തുക അടയ്ക്കാൻ കഴിയുന്നത്. ഈ പദ്ധതി പ്രകാരം പിഴപ്പലിശ ഇനത്തിൽ മാത്രമാണ് ഇളവ് അനുവദിക്കുന്നത്. സി.ബി.സി. പദ്ധതിയിൽ ഒറ്റത്തവണ തീർപ്പാക്കൽ 20-6-2016-ന് കാലാവധി കഴിഞ്ഞിരിക്കുകയാണ്. പുതിയ ബോർഡ് സി.ബി.സി. പദ്ധതിയിലും പിഴപ്പലിശ ഒഴിവാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**പനംചക്കര സൊസൈറ്റികളുടെ പുനരുദ്ധാരണം**

185 (587) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഖാദിഗ്രാമവ്യവസായ വകുപ്പിന് കീഴിൽ എത്ര പനംചക്കര സൊസൈറ്റികൾ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കുമോ;

(ബി) നിലവിൽ പ്രവർത്തനരഹിതമായ ഇത്തരം സ്ഥാപനങ്ങളുടെ സ്ഥലവും കെട്ടിടവും സംരക്ഷിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) ഇത്തരം സ്ഥാപനങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് പ്രത്യേക പാക്കേജ് നടപ്പിലാക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഒരു സൊസൈറ്റി പ്രവർത്തിക്കുന്നുണ്ട്.

(ബി) സംഘം വക സ്വത്ത് അന്യാധീനപ്പെട്ടുപോകാതിരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇത് സംബന്ധിച്ച ശിപാർശ സർക്കാരിൽ ലഭിച്ചിട്ടില്ല.

**മാവേലിക്കര പല്ലാരിമംഗലം ഖാദി സൗഭാഗ്യയ്ക്ക് കെട്ടിടം**

186 (588) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ തെക്കേക്കര പല്ലാരിമംഗലം ഖാദി സൗഭാഗ്യയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി മുൻ സർക്കാരിന്റെ കാലത്ത് ഭരണാനുമതി നല്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭരണാനുമതി ലഭിച്ച പ്രസ്തുത പ്രവൃത്തിയുടെ തുക വ്യവസായ വകുപ്പ് വകമാറ്റി ചെലവഴിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് പുതിയ പ്രോജക്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നല്കാം എന്ന് വ്യവസായ വകുപ്പ് ഉറപ്പ് നല്കിയിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഈ സാമ്പത്തിക വർഷത്തിൽ പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തുക അനുവദിക്കുമോ; ഭരണാനുമതി ലഭ്യമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രസ്തുത പ്രവൃത്തിക്ക് 1-11-2014 ലെ G.O.(Rt.) No.1226/2014/ID സർക്കാർ ഉത്തരവുപ്രകാരം 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.

(ബി-ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രസ്തുത പദ്ധതിക്ക് 4851-105-97-LAC-ADC എന്ന ശീർഷകത്തിൽ നിന്ന് തുക ചെലവഴിക്കാൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ ആ പ്രസ്തുത ഹെഡ് ഓഫ് അക്കൗണ്ടിൽ ആവശ്യമായ തുക ലഭ്യമല്ലാത്തതിനാലും Re-appropriation നടത്താൻ കഴിയാത്തതിനാലും തുക draw ചെയ്ത് പൊതുമരാമത്ത് വകുപ്പിന് നൽകാൻ കഴിഞ്ഞിട്ടില്ല. നടപ്പുസാമ്പത്തിക വർഷം തുക അനുവദിക്കുന്നതിനായി ആവശ്യമായ പ്രൊപ്പോസൽ ലഭ്യമാക്കാൻ വ്യവസായ വാണിജ്യ ഡയറക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ലഭിക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

**കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ**

187 (589) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ തലം മുതൽ കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) നിലവിൽ എന്തെല്ലാം പദ്ധതികൾ നടപ്പാക്കിവരുന്നുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സ്കൂൾതലം മുതൽ കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിന് കേരളത്തിന്റെ കായിക രംഗം മികവുറ്റതാക്കുന്നതിന്, കേരളത്തിൽ സമ്പൂർണ്ണ സാക്ഷരത കൈവരിക്കുന്നതിനുവേണ്ടി കേരള സാക്ഷരത മിഷൻ ആരംഭിച്ചതുപോലെ അതേ മാതൃകയിൽ കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായികക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിന് വേണ്ടി "കേരള കായികക്ഷമത മിഷൻ" ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കേരള കായികക്ഷമത മിഷൻ ആരംഭിക്കുന്നതിന് മുന്നോടിയായി നഴ്സറി തലം മുതൽ ഏഴാം ക്ലാസ്സുവരെയും, എട്ടാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെയും പ്ലസ് ടു മുതൽ കോളേജ് തലം വരെയും, യുവജനങ്ങൾ മുതൽ മുതിർന്ന പൗരന്മാർ വരെയുള്ള എല്ലാ ജനവിഭാഗങ്ങൾക്കുമായുള്ള കായികക്ഷമത പദ്ധതി നിലവിൽ രൂപീകരിച്ചുവരുന്നു. പ്രസ്തുത പദ്ധതി തുടങ്ങിക്കഴിഞ്ഞാൽ ആരോഗ്യമുള്ള ഒരു ജനത എന്ന ലക്ഷ്യ സാക്ഷാത്ക്കാരത്തിലേയ്ക്ക് എത്തിച്ചേരുവാൻ കഴിയും.

(ബി) വർദ്ധിച്ചുവരുന്ന മുങ്ങിമരണങ്ങളിൽ നിന്നും രക്ഷ നേടുന്നതിനായി സ്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി സ്വിം & സർവൈവ് പദ്ധതി, സ്കൂൾ തലത്തിലുള്ള കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനായി പ്ലേ എ ഗെയിം, പ്ലേ ഫോർ ഫൺ, പ്ലേ ഫോർ ഹെൽത്ത് എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

## സ്പോർട്സ് കോംപ്ലക്സ്

188 (590) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചിറ്റൂർ ഗവൺമെന്റ് കോളേജിൽ സ്പോർട്സ് കോംപ്ലക്സ് സ്ഥാപിക്കുന്നതിന് സമർപ്പിച്ച വിശദമായ പദ്ധതി രേഖയിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

ചിറ്റൂർ ഗവൺമെന്റ് കോളേജിൽ സ്പോർട്സ് കോംപ്ലക്സ് സ്ഥാപിക്കുന്നതിനുള്ള വിശദമായ പദ്ധതിരേഖ കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

## സ്പോർട്സ് കൗൺസിൽ പദ്ധതികൾ

189 (591) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, സ്പോർട്സ് കൗൺസിൽ സഹായത്തോടെ പൊതുവിദ്യാലയങ്ങൾ, കലാലയങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ കേന്ദ്രീകരിച്ച് നീന്തൽ കുളങ്ങൾ, സ്പോർട്സ് കോംപ്ലക്സ് എന്നിവ നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) കോഴിക്കോട് ജില്ലയിൽ എവിടെയെങ്കിലും സ്പോർട്സ് കൗൺസിലിന്റെ പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ പൊതുവിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് എൽ.കെ.ജി. ക്ലാസ്സ് മുതൽ 4-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് കായികക്ഷമത ഉണ്ടാക്കുവാനുള്ള പദ്ധതിയും, 5-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് കായികക്ഷമത പരിശോധനയും നടപ്പിലാക്കുന്നതിനുള്ള പദ്ധതികളും തയ്യാറാക്കിവരുന്നു. കൂടാതെ കേരളത്തിൽ സമ്പൂർണ്ണ സാക്ഷരത കൈവരിക്കുന്നതിനുവേണ്ടി കേരള സാക്ഷരത മിഷൻ ആരംഭിച്ചതുപോലെ അതേ മാതൃകയിൽ കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായികക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിനുവേണ്ടി "കായികക്ഷമത മിഷൻ" ആരംഭിക്കുന്ന തിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. 8-7-2016-ൽ ബഹു. ധനകാര്യ വകുപ്പുമന്ത്രി പുതുക്കിയ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് നടത്തിയ ബഡ്ജറ്റ് പ്രസംഗത്തിൽ സംസ്ഥാനത്ത് കായിക വികസനത്തിനായി എല്ലാ പഞ്ചായത്തിലും ഒരു കളിക്കളം തയ്യാറാക്കുന്നതിനുള്ള വിശദമായ ഡി.പി.ആർ. സ്പോർട്സ് വകുപ്പ് തയ്യാറാക്കി ഘട്ടംഘട്ടമായി നടപ്പിലാക്കുമെന്നും, തുടക്കമെന്ന നിലയിൽ 25 കേന്ദ്രങ്ങളിൽ മിനി സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് 135 കോടി രൂപയും 14 ജില്ലകളിലും ഓരോ മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് 500 കോടി രൂപയും പ്രത്യേക നിക്ഷേപ പദ്ധതിയിൽ (KIIFB) നിന്നും കണ്ടെത്തുന്നതാണെന്നും പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 6 സ്റ്റേഡിയം, സ്പോർട്സ് കോംപ്ലക്സ്, 18 കേന്ദ്രങ്ങളിൽ മിനി സ്റ്റേഡിയങ്ങൾ/ കളിസ്ഥലങ്ങൾ, 6 സ്പോർട്സ് ഇൻഫ്രാസ്ട്രക്ച്ചർ പദ്ധതികൾ എന്നിവയ്ക്ക് ഭരണാനുമതിയും നൽകിയിട്ടുണ്ട്.

(ബി) കോഴിക്കോട് ജില്ലയിലെ ഒളിമ്പ്യൻ റഹ്മാൻ ഇൻഡോർ സ്റ്റേഡിയം സ്പോർട്സ് കൗൺസിലിന്റെ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതാണ്.

**സ്റ്റേഡിയം നിർമ്മാണ പ്രവർത്തനങ്ങൾ**

190 (592) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗെയിംസിന്റെ വേദികൾ ഇല്ലാതിരുന്ന 7 ജില്ലകളെ നോൺ നാഷണൽ ഗെയിംസ് ജില്ലകളായി വേർതിരിച്ചതിന്റെ അടിസ്ഥാനത്തിൽ മലബാർ മേഖലയിൽ കോഴിക്കോട്ടും മദ്ധ്യകേരളത്തിൽ കോട്ടയത്തും ഗ്രീൻഫീൽഡ് സ്റ്റേഡിയം അടക്കം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതാണ് എന്ന മന്ത്രിസഭാ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അതിന്റെ അടിസ്ഥാനത്തിൽ കോട്ടയം നെഹ്റു സ്റ്റേഡിയത്തിൽ തിരുവനന്തപുരം ഗ്രീൻ ഫീൽഡ് സ്റ്റേഡിയത്തിന്റെ മാതൃകയിൽ പുതിയ സ്പോർട്സ് സമുച്ചയം നിർമ്മിക്കുവാനുള്ള നടപടി എന്തായി എന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ & ബി) ഉണ്ട്. ദേശീയ ഗെയിംസ് കേരളത്തിലെ 7 ജില്ലകളിലായാണ് നടന്നത്. അതിൽ കോഴിക്കോട്ടും ഉൾപ്പെട്ടിരുന്നു. 2016-17 പുതുക്കിയ ബഡ്ജറ്റിൽ കേരളത്തിലെ എല്ലാ ജില്ലകളിലുമായി ആധുനിക രീതിയിലുള്ള 14 ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് 500 കോടി രൂപയുടെ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ എല്ലാ ജില്ലകളിലും നിലവിലുള്ള സ്റ്റേഡിയങ്ങളുടെ നവീകരണം അല്ലെങ്കിൽ പുതിയ സ്റ്റേഡിയം നിർമ്മാണം എന്നിവയുൾപ്പെട്ട 31 പുതിയ പദ്ധതികൾക്കായി 2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ 195 കോടി രൂപയും പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കിവരുന്നു.

കോട്ടയം നാഗമ്പടം സ്റ്റേഡിയം, തിരുവനന്തപുരം ഗ്രീൻഫീൽഡ് സ്റ്റേഡിയം മാതൃകയിൽ DBOT വ്യവസ്ഥയിൽ വികസിപ്പിക്കുന്നതിന് 3-3-2014-ൽ ദർഘാസ് ക്ഷണിച്ചുവെങ്കിലും നീട്ടിയ കാലാവധിയിൽപോലും ഒരു ദർഘാസും ലഭിച്ചിട്ടില്ല.

**അത്‌ലറ്റിക് ഗ്രൗണ്ടുകളും ഗെയിംസ് കോർട്ടുകളും നിർമ്മിക്കാനുള്ള ഫണ്ട്**

191 (593) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളിൽ കായിക പരിശീലനത്തിനാവശ്യമായ അത്‌ലറ്റിക് ഗ്രൗണ്ടുകളും, ഗെയിംസിനുള്ള കോർട്ടുകളും നിർമ്മിക്കാനുള്ള ഫണ്ടുകൾ ഏതെല്ലാം മാർഗ്ഗത്തിലൂടെയാണ് സ്വരൂപിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ സർക്കാർ -എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മേൽ സൂചിപ്പിച്ച പ്രവൃത്തികൾക്ക് ഫണ്ട് അനുവദിക്കുന്നതിന് നിയമ തടസ്സങ്ങളുണ്ടോ;

(സി) ഇത്തരം ഫണ്ട് അനുവദിക്കുമ്പോൾ ഒരു സർക്കാർ വിദ്യാലയം പോലുമില്ലാത്ത പഞ്ചായത്തുകളിൽ ഗ്രാമപഞ്ചായത്ത് എയ്ഡഡ് സ്കൂളുകൾക്ക് വിട്ടുനൽകിയ വിദ്യാലയങ്ങളിൽ പ്രസ്തുത ഫണ്ട് വിനിയോഗിക്കുന്നതിന് പ്രത്യേക പരിഗണന നൽകുവാൻ തയ്യാറാകുമോ?

<u>ഉത്തരം</u>

(എ & ബി) വിദ്യാലയങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ അധികാര പരിധിയിലുള്ളവയാണ്. എന്നാൽ സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളിൽ കായികപരിശീലനത്തിനാവശ്യമായ അത്‍ലറ്റിക് ഗ്രൗണ്ടുകളും ഗെയിംസിനുള്ള കോർട്ടുകളും നിർമ്മിക്കാനുള്ള ഫണ്ടുകൾ വിദ്യാഭ്യാസ വകുപ്പ് സ്വരൂപിക്കുന്നില്ല. സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കാണ് കൗൺസിൽ മുൻഗണന നൽകുന്നത്.

(സി) പരിഗണിക്കാവുന്നതാണ്.

**ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി**

192 (594) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 'ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം' പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇതിനായി മങ്കട നിയോജകമണ്ഡലത്തിൽ ഏതെങ്കിലും ഒരു പഞ്ചായത്തിനെ തെരഞ്ഞെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 8-7-2016-ൽ ബഹു. ധനകാര്യ വകുപ്പുമന്ത്രി പുതുക്കിയ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് നടത്തിയ ബഡ്ജറ്റ് പ്രസംഗത്തിൽ സംസ്ഥാനത്ത് കായിക വികസനത്തിനായി എല്ലാ പഞ്ചായത്തിലും ഒരു കളിക്കളം തയ്യാറാക്കുന്നതിനുള്ള വിശദമായ ഡി.പി.ആർ. സ്പോർട്സ് വകുപ്പ് തയ്യാറാക്കി ഘട്ടംഘട്ടമായി

നടപ്പിലാക്കുമെന്നും തുടക്കമെന്ന നിലയിൽ 25 കേന്ദ്രങ്ങളിൽ മിനി സ്റ്റേഡിയങ്ങൾ (അനുബന്ധം*) നിർമ്മിക്കുന്നതിന് 135 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ (KIIFB) നിന്നും കണ്ടെത്തുന്നതാണെന്നും പ്രഖ്യാപിച്ചിരുന്നു. ആദ്യഘട്ടമെന്ന നിലയിൽ 18 പഞ്ചായത്തുകളിൽ 100 കോടി രൂപയ്ക്ക് സ.ഉ.(സാധാ.) നമ്പർ 33/2017/കാ.യു.വ. തീയതി 13-2-2017 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) നിലവിൽ ഉൾപ്പെടുത്തിയിട്ടില്ല.

## കേരള ഹോക്കി-ക്രിക്കറ്റ് താരം ശ്രീ. ഐവാൻ ഡിക്രൂസ്

193 (595) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ഹോക്കി-ക്രിക്കറ്റ് താരം ശ്രീ. ഐവാൻ ഡിക്രൂസ് വയോജന മന്ദിരത്തിൽ അഭയം തേടിയെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏത് സാഹചര്യത്തിലാണ് അദ്ദേഹം വയോജനമന്ദിരത്തിലായതെന്നും ദേശീയ ചാമ്പ്യൻഷിപ്പിൽ കേരളത്തെ പ്രതിനിധീകരിച്ച ഈ താരത്തിനുവേണ്ടി സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വിശദീകരിക്കാമോ?

ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## മിനി സ്റ്റേഡിയം നിർമ്മാണം

194 (596) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന എളങ്കുന്നപ്പുഴ സാന്താക്രൂസ് ഗ്രൗണ്ട് മിനി സ്റ്റേഡിയം നിർമ്മാണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) 25 പഞ്ചായത്തുകളിൽ സ്റ്റേഡിയം നിർമ്മിക്കുന്ന പദ്ധതിയിൽ എളങ്കുന്നപ്പുഴ സാന്താക്രൂസ് ഗ്രൗണ്ട് മിനി സ്റ്റേഡിയം ഉൾപ്പെടുത്തിയിട്ടുണ്ട്. KIIFB യിൽ ഉൾപ്പെടുത്തുന്നതിനുള്ള ആദ്യഘട്ട ലിസ്റ്റിൽ ഈ സ്റ്റേഡിയം ഉൾപ്പെടുത്തിയിട്ടില്ല. DPR ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കായിക നയം**

195 (597) ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. എൽദോസ് കുന്നപ്പിള്ളി:
ശ്രീ. വി. ടി. ബൽറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായിക നയം പ്രഖ്യാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) കായിക രംഗത്തെ വളർച്ചയ്ക്ക് എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ;

(സി) പ്രസ്തുത നയം എപ്പോൾ പ്രഖ്യാപിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-സി) സംസ്ഥാനത്ത് സമഗ്രമായ കായികനയം രൂപീകരിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

**ദേശീയ ഗെയിംസിലെ മെഡൽ ജേതാക്കൾക്ക് സർക്കാർ ജോലി**

196 (598) ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ദേശീയ ഗെയിംസിൽ മെഡൽ നേടിയ എത്ര കേരള കായിക താരങ്ങൾക്ക് സർക്കാർ വാഗ്ദാനം നൽകിയ ജോലി ലഭ്യമാക്കി എന്ന് വ്യക്തമാക്കാമോ;

(ബി) എത്രപേർക്കാണ് ജോലി ലഭ്യമാകാത്തത് എന്നറിയിക്കാമോ; ഇവർക്ക് വാഗ്ദാനം ചെയ്ത ജോലി നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ഇവർക്ക് എന്ന് ജോലി നൽകുവാനാകും എന്നും അറിയിക്കുമോ?

ഉത്തരം

(എ) 2 (രണ്ട്). ശ്രീ. സജൻ പ്രകാശ്, കുമാരി എലിസബത്ത് സൂസൻ കോശി എന്നിവർക്ക് പോലീസ് വകുപ്പിൽ ആംഡ് പോലീസ് ഇൻസ്പെക്ടർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

(ബി) 153 പേർക്കാണ് ജോലി ലഭ്യമാകാത്തത്. ഇതിൽ ഒളിമ്പിക് നിലവാരം പുലർത്തിയ കായികതാരങ്ങളായ കുമാരി അനിൽഡ തോമസിനും കുമാരി അനു ആർ.നും വനം വന്യജീവി വകുപ്പിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ നിയമനം നൽകുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചുവരികയാണ്.

കൂടാതെ, 35-ാമത് ദേശീയ ഗെയിംസിലെ സംസ്ഥാന ടീമിന്റെ മികച്ച പ്രകടനം കണക്കിലെടുത്ത് വ്യക്തിഗത ഇനങ്ങളിൽ മെഡൽ നേടിയവർക്കും ടീം ഇനങ്ങളിൽ സ്വർണ്ണമെഡൽ നേടിയവരുമായ താരങ്ങൾക്ക് വിവിധ വകുപ്പുകളിലെ സ്പോർട്സ് ക്വാട്ടാ നിയമന വിഭാഗത്തിൽ നിയമനം നൽകുന്നതിന് എൽ.ഡി. ക്ലാർക്ക് തസ്തികയുടെ 68 സൂപ്പർ ന്യൂമററി തസ്തികകൾ അധികമായി സൃഷ്ടിച്ചുകൊണ്ട് 16-2-2016-ലെ സ.ഉ.(കൈ) 15/16/കാ.യു.വ. പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ടി കായിക താരങ്ങൾക്ക് പ്രസ്തുത തസ്തികകളിൽ നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരിയാണ്.

ടീമിനങ്ങളിൽ വെള്ളി, വെങ്കല മെഡലുകൾ നേടിയ 83 കായിക താരങ്ങൾക്ക് ലാഭത്തിൽ പ്രവർത്തിക്കുന്ന സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്. ഇത് സംബന്ധിച്ച 21-2-2017-ൽ ബഹു. വ്യവസായവും കായിക യുവജനകാര്യവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരികയാണ്.

**കായിക മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ**

197 (599) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ കായിക മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം പദ്ധതികളാണ് കായിക മേഖലയുടെ വളർച്ചയ്ക്കായി നടത്തുവാൻ തീരുമാനിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ ;

(സി) കായിക മികവ് കണ്ടെത്തുന്നതിനും വളർത്തുന്നതിനും സ്കൂളുകളിലും കോളേജുകളിലും സ്പോർട്സ് കൗൺസിലിൽ നിന്ന് കോച്ചുകളെ ലഭ്യമാക്കുമോ?

ഉത്തരം

(എ & ബി) കേരളത്തിലെ കായികരംഗം മികവുറ്റതാക്കുന്നതിന് കേരളത്തിൽ സമ്പൂർണ്ണ സാക്ഷരത കൈവരിക്കുന്നതിനുവേണ്ടി കേരള സാക്ഷരത മിഷൻ ആരംഭിച്ച മാതൃകയിൽ കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായികക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിനുവേണ്ടി 'കായികക്ഷമത മിഷൻ' ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2024-ലെ ഒളിമ്പിക്സിൽ മെഡൽ നേടുന്നതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കായികതാരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ തെരഞ്ഞെടുത്ത ആർച്ചറി, അത്‌ലറ്റിക്സ്, ബാഡ്മിന്റൺ, ബോക്സിംഗ്, കനോയിംഗ്, കയാക്കിംഗ്, സൈക്ലിംഗ്, ഫെൻസിംഗ്, റോവിംഗ്, ഷൂട്ടിംഗ്, സ്വിമ്മിംഗ്, റസ്‌ലിംഗ് എന്നീ കായിക ഇനങ്ങളിൽ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ഒരു പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

8-7-2016-ൽ ബഹു. ധനകാര്യ വകുപ്പുമന്ത്രി പുതുക്കിയ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് നടത്തിയ ബഡ്ജറ്റ് പ്രസംഗത്തിൽ സംസ്ഥാനത്ത് കായികവികസനത്തിനായി എല്ലാ പഞ്ചായത്തിലും ഒരു കളിക്കളം തയ്യാറാക്കുന്നതിനുള്ള വിശദമായ ഡി.പി.ആർ. സ്പോർട്സ് വകുപ്പ് തയ്യാറാക്കി ഘട്ടംഘട്ടമായി നടപ്പിലാക്കുമെന്നും തുടക്കമെന്ന നിലയിൽ 25 കേന്ദ്രങ്ങളിൽ മിനി സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് 135 കോടി രൂപയും 14 ജില്ലകളിലും ഓരോ മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് 500 കോടി രൂപയും പ്രത്യേക നിക്ഷേപ പദ്ധതയിൽ (KIIFB) നിന്നും കണ്ടെത്തുന്നതാണെന്നും പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 6 സ്റ്റേഡിയം/സ്പോർട്സ് കോംപ്ലക്സ്, 18 കേന്ദ്രങ്ങളിൽ മിനി സ്റ്റേഡിയങ്ങൾ/കളിസ്ഥലങ്ങൾ, 6 സ്പോർട്സ് ഇൻഫ്രാസ്ട്രക്ച്ചർ പദ്ധതികൾ എന്നിവയ്ക്ക് ഭരണാനുമതിയും നൽകിയിട്ടുണ്ട്.

മുപ്പത്തിയഞ്ചാമത് ദേശീയ ഗെയിംസിന്റെ ഭാഗമായി കേരളത്തിൽ പുതുതായി നിർമ്മിച്ച സ്റ്റേഡിയങ്ങൾ, ഇൻഡോർ സ്റ്റേഡിയങ്ങൾ, നീന്തൽ കുളം എന്നിവയും കൗൺസിലിന്റെ അധീനതയിലുള്ള സ്റ്റേഡിയങ്ങളും കായിക പരിശീലനത്തിനായി വിനിയോഗിക്കുന്നതാണ്.

(സി) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ മേൽനോട്ടത്തിൽ സ്പോർട്സ് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്ന സ്കൂൾ, കോളേജുകളിൽ കൗൺസിലിൽ നിന്നുള്ള പരിശീലകരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പരിശീലകരുടെ അപര്യാപ്തതമൂലം മറ്റ് സ്കൂൾ കോളേജുകളിൽ ആവശ്യാനുസരണം പരിശീലകരെ നിയമിക്കുവാൻ സാധിച്ചിട്ടില്ല.

### കായിക താരങ്ങൾക്ക് പ്രത്യേക ക്വാട്ട വഴി നിയമനം

198 (600) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കായിക താരങ്ങൾക്ക് പ്രത്യേക ക്വാട്ട വഴി സർക്കാർ സർവ്വീസിൽ നിയമനം നൽകിയിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) എങ്കിൽ നിയമനം ലഭിച്ച വ്യക്തികൾ, തസ്തിക, വകുപ്പ് തുടങ്ങിയ കാര്യങ്ങൾ വിശദമാക്കാമോ;

(സി) 2017-18 വർഷത്തിൽ ഈ വിഭാഗത്തിൽ എത്ര പേർക്ക് ജോലി നൽകാൻ കഴിയുമെന്ന കാര്യം നിജപ്പെടുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) കായിക യുവജനകാര്യ വകുപ്പിൽ നിന്നും കായികതാരങ്ങൾക്ക് പ്രത്യേക ക്വാട്ട വഴി സർക്കാർ സർവ്വീസിൽ നിയമനം നൽകിയിട്ടില്ല.

(ബി) ബാധകമല്ല.

(സി) 2017-18 വർഷത്തിൽ ഈ വിഭാഗത്തിൽ എത്ര പേർക്ക് ജോലി നൽകാൻ കഴിയുമെന്ന കാര്യം നിജപ്പെടുത്തിയിട്ടില്ല.

**എല്ലാ പഞ്ചായത്തിലും കളിക്കളം നിർമ്മാണം**

199 (601) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 ബഡ്ജറ്റ് പ്രസംഗത്തിൽ എല്ലാ പഞ്ചായത്തിലും ഒരു കളിക്കളം നിർമ്മിക്കുന്നതിനുള്ള വിശദമായ ഡി.പി.ആർ. തയ്യാറാക്കുമെന്ന പ്രഖ്യാപനത്തിന്റെ തുടർ പ്രവർത്തനങ്ങൾ എത്രത്തോളമായെന്ന് വിശദമാക്കാമോ;

(ബി) ഗ്രാമപഞ്ചായത്തുകളുടെ അധീനതയിലുള്ള മിനി സ്റ്റേഡിയങ്ങളുടെ നവീകരണവും വികസനവും ഈ പദ്ധതിയിലൂടെ സാധ്യമാക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) 2016-17 ബഡ്ജറ്റ് പ്രസംഗത്തിൽ എല്ലാ പഞ്ചായത്തിലും ഒരു കളിക്കളം നിർമ്മിക്കുന്നതിനുള്ള പദ്ധതിയ്ക്കായി ഡി.പി.ആർ. തയ്യാറാക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു. 135 കോടി രൂപയാണ് പഞ്ചായത്തുകളിൽ കളിസ്ഥലം നിർമ്മിക്കുന്നതിനായി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത്. ഇതിൽ 100 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറായിക്കഴിഞ്ഞു. ഗ്രാമപഞ്ചായത്തുകളുടെ അധീനതയിലുള്ള മിനി സ്റ്റേഡിയങ്ങളുടെ നവീകരണവും വികസനവും ഈ പദ്ധതിയിലൂടെ സാധ്യമാക്കാവുന്നതാണ്.

**കായിക താരങ്ങൾക്ക് സർക്കാർ ജോലി**

200 (602) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുപ്പത്തിയഞ്ചാമത് ദേശീയ ഗെയിംസിൽ മെഡൽ പട്ടികയിൽ ഒന്നാമതെത്തിയ സംസ്ഥാനത്തെ കായിക താരങ്ങൾക്ക് സർക്കാർ ജോലി നൽകാമെന്ന വാഗ്ദാനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

35-ാമത് ദേശീയ ഗെയിംസിലെ സംസ്ഥാന ടീമിന്റെ മികച്ച പ്രകടനം കണക്കിലെടുത്ത് വ്യക്തിഗത ഇനങ്ങളിൽ മെഡൽ നേടിയവർക്കും ടീം ഇനങ്ങളിൽ സ്വർണ്ണമെഡൽ നേടിയവരുമായ താരങ്ങൾക്ക് വിവിധ വകുപ്പുകളിലെ സ്പോർട്സ് ക്വാട്ട നിയമന വിഭാഗത്തിൽ നിയമനം നൽകുന്നതിന് എൽ.ഡി. ക്ലാർക്ക് തസ്തികയുടെ 68 സൂപ്പർ ന്യൂമററി തസ്തികകൾ അധികമായി സൃഷ്ടിച്ചുകൊണ്ട് 16-2-2016-ലെ സ.ഉ.(കൈ.) 15/16/കാ.യു.വ. പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ടി കായിക താരങ്ങൾക്ക് പ്രസ്തുത തസ്തികകളിൽ നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

കൂടാതെ ടീമിനങ്ങളിൽ വെള്ളി, വെങ്കല മെഡലുകൾ നേടിയ 83 കായിക താരങ്ങൾക്ക് ലാഭത്തിൽ പ്രവർത്തിക്കുന്ന സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്. ഇത് സംബന്ധിച്ച് 21-2-2017-ൽ ബഹു. വ്യവസായവും കായിക യുവജനകാര്യവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നുണ്ട്.

ഗെയിംസിൽ ഒളിമ്പിക് നിലവാരം പുലർത്തിയ കായിക താരങ്ങളായ ശ്രീ. സജൻ പ്രകാശ്, കുമാരി എലിസബത്ത് സൂസൻ കോശി എന്നിവർക്ക് പോലീസ് വകുപ്പിൽ ആംഡ് പോലീസ് ഇൻസ്പെക്ടർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. പ്രസ്തുത നിലവാരം പുലർത്തിയ മറ്റ് രണ്ട് കായികതാരങ്ങളായ കുമാരി അനിൽഡ തോമസിനും കുമാരി അനു. ആർ.-നും വനം വന്യ ജീവി വകുപ്പിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ നിയമനം നൽകുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചുവരികയുമാണ്.

**മലബാർ റിവർ ഫെസ്റ്റിന്റെ സംഘാടനം**

201 (604) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാഹസിക ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി തുഷാരഗിരിയിൽ വച്ചുനടന്ന മലബാർ റിവർ ഫെസ്റ്റ് സംഘാടക സമിതിയ്ക്ക് നൽകാനുള്ള പണം അനുവദിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് അനുവദിക്കാതിരുന്നതെന്ന കാര്യം വ്യക്തമാക്കുമോ;

(സി) പണം അനുവദിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) അനുവദിച്ചിട്ടുണ്ട്.

(ബി & സി) ബാധകമല്ല.

**ഹോക്കി സ്റ്റേഡിയം**

202 (605) <u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് കൗൺസിലിന് കീഴിൽ എത്ര ഹോക്കി ഹോസ്റ്റലുകളാണ് പ്രവർത്തിച്ചു വരുന്നത് ; പ്രസ്തുത ഹോസ്റ്റൽ ട്രെയിനികൾക്ക് കൊല്ലം ആശ്രാമം ഹോക്കി സ്റ്റേഡിയത്തിൽ ലഭ്യമായിട്ടുള്ള അന്താരാഷ്ട്ര നിലവാരത്തിലുള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ആശ്രാമം ഹോക്കി സ്റ്റേഡിയത്തിൽ ഹോക്കി ഹോസ്റ്റൽ/ഹോക്കി അക്കാദമി ആരംഭിക്കുന്നതിനുള്ള പദ്ധതി സ്പോർട്സ് കൗൺസിലിന്റെ പരിഗണനയിലുണ്ടോ ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ ?

<u>ഉത്തരം</u>

(എ) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അധീനതയിൽ നാല് ഹോക്കി കോളേജ് ഹോസ്റ്റലുകൾ പ്രവർത്തിച്ചുവരുന്നു.

1. യു.സി. കോളേജ്, ആലുവ.

2. മാർത്തോമ കോളേജ്, തിരുവല്ല.

3. സെന്റ് മേരീസ് കോളേജ്, തൃശ്ശൂർ

4. എസ്.എൻ. കോളേജ്, ചെമ്പഴന്തി

ദേശീയ ഹോക്കി ചാമ്പ്യൻഷിപ്പുകൾക്ക് മുന്നോടിയായിട്ടുള്ള സംസ്ഥാന ടീമിന്റെ കോച്ചിംഗ് ക്യാമ്പുകൾ ആശ്രാമം ഹോക്കി സ്റ്റേഡിയത്തിൽ സംഘടിപ്പിയ്ക്കാറുണ്ട്. ഇതിൽ ഹോസ്റ്റലിലെ കായിക താരങ്ങളും ഉൾപ്പെടുന്നു.

(ബി) പരിഗണനയിലുണ്ട്.

### മാവൂർ കൽപ്പള്ളിയിലെ സ്പോർട്സ് കോംപ്ലക്സ്

203 (606) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ കൽപ്പള്ളിയിലെ പൊതുമരാമത്ത് വകുപ്പ് സ്ഥലം ഉപയോഗപ്പെടുത്തി ഒരു സ്പോർട്സ് കോംപ്ലക്സ് നിർമ്മിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ & ബി) ഉണ്ട്. പ്രസ്തുത സ്ഥലം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് കൈമാറുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

### ശ്രീപാദം സ്റ്റേഡിയത്തിലെ അടിസ്ഥാന സൗകര്യങ്ങൾ

204 (607) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിലെ അടിസ്ഥാന സൗകര്യങ്ങളുടെ പരിമിതികൊണ്ട് കായിക പരിശീലനത്തിന് തടസ്സം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പരിശീലനത്തിന് അടിസ്ഥാന സൗകര്യം ഏർപ്പെടുത്താൻ നടപടി കൈക്കൊള്ളുമോ; ഇതിനായി എന്തെല്ലാം ചെയ്യാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് കായിക ഉപകരണങ്ങൾ, കളിസ്ഥലം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിന് ഏതെല്ലാം പദ്ധതികൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇത്തരം പദ്ധതികളുടെ ആസൂത്രണത്തിലും നടത്തിപ്പിലും സ്കൂൾ അധികൃതർ, തദ്ദേശ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ എന്നിവരെ പങ്കെടുപ്പിക്കുന്നുണ്ടോ എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം നവീകരിക്കുന്നതിന്റെ ഭാഗമായി സ്റ്റേഡിയത്തിൽ സിന്തറ്റിക് ട്രാക്ക് നിർമ്മിക്കുന്നതിനായി 4.99 കോടി രൂപയുടെ ഭരണാനുമതിയും, നാച്വറൽ ടർഫ് നിർമ്മിക്കുന്നതിനായി 1,56,00,000 രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. ആയതിന്റെ തുടർനടപടികൾ കൈക്കൊള്ളുന്നതിനായി കായിക യുവജനകാര്യ എഞ്ചിനീയറിംഗ് വിംഗിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാനത്ത് സർക്കാർ/എയ്ഡഡ് സ്കൂളുകൾക്ക് കായിക ഉപകരണങ്ങൾ/ഫിറ്റ്നെസ് ട്രെയിനിംഗ് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും ദേശീയ നിലവാരം പുലർത്തുന്ന കായികതാരങ്ങൾക്ക് ടൂർണമെന്റിൽ പങ്കെടുക്കുന്നതിനും കായിക ഉപകരണങ്ങൾ വാങ്ങുന്നതിനും കോച്ചിംഗ് ക്യാമ്പിൽ പങ്കെടുക്കുന്നതിനും സർക്കാർ എയ്ഡഡ് സ്കൂളുകളിൽ കായികവികസനത്തിനായി ട്രെയിനിംഗ്, കോച്ചിംഗ് ക്യാമ്പ് എന്നിവ സംഘടിപ്പിക്കുന്നതിനും ധനസഹായം അനുവദിച്ചുവരുന്നുണ്ട്. അപേക്ഷ ക്ഷണിച്ച് അർഹരായ സ്കൂളുകളെ കണ്ടെത്തിയാണ് ധനസഹായം നൽകിവരുന്നത്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള സ്റ്റേഡിയങ്ങൾ, ഇൻഡോർ സ്റ്റേഡിയങ്ങൾ, നീന്തൽ കുളങ്ങൾ, ജിംനേഷ്യങ്ങൾ എന്നിവിടങ്ങളിൽ കായിക പരിശീലനം നൽകിവരുന്നുണ്ട്. സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ വിവിധ ജില്ലകളിലായി സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റലുകൾ, സ്കൂൾ, കോളേജ് സ്പോർട്സ് ഹോസ്റ്റലുകൾ, ഡേ ബോർഡിംഗ് സെന്ററുകൾ, സ്പോർട്സ് ട്രെയിനിംഗ് സെന്ററുകൾ എന്നിവ പ്രവർത്തിച്ചുവരുന്നു. ആയവയ്ക്ക് സാമ്പത്തിക സഹായവും പരിശീലകരുടെ സേവനവും കൗൺസിലിൽ നിന്നും നൽകിവരുന്നു. സ്പോർട്സ് ഹോസ്റ്റലുകളിലെ കായികതാരങ്ങൾക്ക് കായിക ഉപകരണങ്ങൾ, സ്പോർട്സ് കിറ്റ് എന്നിവയും നൽകിവരുന്നുണ്ട്. സ്കൂൾ, കോളേജ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ കളിസ്ഥല വികസനത്തിനായും നവീകരണത്തിനായും ധനസഹായവും അനുവദിക്കുന്നുണ്ട്. കൂടാതെ കൗൺസിൽ അംഗീകരിച്ച അസോസിയേഷനുകൾക്ക് കായിക ഉപകരണങ്ങളും വാങ്ങി നൽകുന്നുണ്ട്.

(ഡി) പരിഗണിക്കാവുന്നതാണ്.

### ഫുട്ബോൾ ഗ്രൗണ്ടിനെ വിപുലമായ സ്റ്റേഡിയമായി വികസിപ്പിക്കൽ

205 (608) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിലേക്ക് സന്തോഷ് ട്രോഫി ഫുട്ബോൾ മത്സരത്തിൽ 8 താരങ്ങളെ അയച്ചത് നെയ്യാറ്റിൻകര മണ്ഡലത്തിലെ പൊഴിയൂർ തീരദേശ മേഖലയിൽ നിന്നായതിനാൽ, ഫുട്ബോൾ കായിക താരങ്ങളെ വളർത്തിയെടുക്കാൻ എന്തെങ്കിലും സഹായങ്ങൾ ഈ മേഖലയിൽ അനുവദിച്ചിട്ടുണ്ടോ;

(ബി) പൊഴിയൂരിലെ നിലവിലെ ഫുട്ബോൾ ഗ്രൗണ്ടിനെ വിപുലമായ സ്റ്റേഡിയമായി വികസിപ്പിക്കാൻ ആവശ്യമായ തീരുമാനം എടുക്കുമോ;

(സി) സ്കൂളുകൾ കേന്ദ്രീകരിച്ച് നിലവിലെ കളിസ്ഥലങ്ങൾ നവീകരിക്കാനും സ്പോർട്സ് രംഗത്ത് വിദ്യാർത്ഥികൾക്ക് അഭിവൃദ്ധിയുണ്ടാക്കാനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി & സി) പരിശോധിക്കാവുന്നതാണ്.

### കായികരംഗം മികവുറ്റതാക്കുവാൻ നടപടി

206 (609) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ കായികരംഗം മികവുറ്റതാക്കുന്നതിന് എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ;

(ബി) അന്തർദ്ദേശീയ നിലവാരത്തിൽ കായിക പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കാൻ നടപടി ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിന്റെ കായിക രംഗം മികവുറ്റതാക്കുന്നതിന് കേരളത്തിൽ സമ്പൂർണ്ണ സാക്ഷരത കൈവരിക്കുന്നതിനുവേണ്ടി കേരള സാക്ഷരതാ മിഷൻ രൂപീകരിച്ച മാതൃകയിൽ കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായിക ക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിന് വേണ്ടി "കായികക്ഷമത മിഷൻ" ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

2020-2024-ലെ ഒളിമ്പിക്സിൽ മെഡൽ നേടുന്നതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കായികതാരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ തെരഞ്ഞെടുത്ത ആർച്ചറി, അത്‌ലറ്റിക്സ്, ബാഡ്മിന്റൺ, ബോക്സിംഗ്, കനോയിംഗ് കയാക്കിംഗ്, സൈക്ലിംഗ്, ഫെൻസിംഗ്, റോവിംഗ്, ഷൂട്ടിംഗ്, സ്വിമ്മിംഗ്, റസ്‌ലിംഗ് എന്നീ കായിക ഇനങ്ങളിൽ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള പദ്ധതികളും, കൂടാതെ സ്പോർട്സ് യൂണിവേഴ്സിറ്റി തുടങ്ങുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. 8-7-2016-ൽ ബഹു. ധനകാര്യ വകുപ്പുമന്ത്രി പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ സംസ്ഥാനത്ത് കായിക വികസനത്തിനായി എല്ലാ പഞ്ചായത്തിലും ഒരു കളിക്കളം തയ്യാറാക്കുന്നതിനുള്ള വിശദമായ ഡി.പി.ആർ. സ്പോർട്സ് വകുപ്പ് തയ്യാറാക്കി ഘട്ടംഘട്ടമായി നടപ്പിലാക്കുമെന്നും തുടക്കമെന്ന നിലയിൽ 25 കേന്ദ്രങ്ങളിൽ മിനിസ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് 135 കോടി രൂപയും 14 ജില്ലകളിലും ഓരോ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് 500 കോടി രൂപയും പ്രത്യേക നിക്ഷേപ പദ്ധതിയിൽ (KIIFB) നിന്നും കണ്ടെത്തുന്നതാണെന്നും പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 6 സ്റ്റേഡിയം/സ്പോർട്സ് കോംപ്ലക്സ്, 18 കേന്ദ്രങ്ങളിൽ മിനി സ്റ്റേഡിയങ്ങൾ/കളിസ്ഥലങ്ങൾ, 6 സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ പദ്ധതികൾ എന്നിവയ്ക്ക് ഭരണാനുമതിയും നൽകിയിട്ടുണ്ട്.

(ബി) അന്തർദ്ദേശീയ നിലവാരത്തിൽ കായിക പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

## മൂന്നാറിലെ എച്ച്.എ.റ്റി.സി. ഗ്രൗണ്ടിന്റെ സ്ഥിതി

207 (610) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജക മണ്ഡലത്തിൽ മൂന്നാറിലെ എച്ച്. എ. റ്റി. സി. ഗ്രൗണ്ടിന്റെ ഇപ്പോഴത്തെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്;

(സി) നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ ആവശ്യമായ നടപടി ഉടൻ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്നുള്ള ഒരു സബ് കമ്മിറ്റി മൂന്നാർ എച്ച്.എ.റ്റി.സി. സന്ദർശിക്കുകയും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്.

**അഡ്വഞ്ചർ അക്കാഡമി**

208 (611) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് അഡ്വഞ്ചർ അക്കാഡമി എവിടെയൊക്കെ പ്രവർത്തിക്കുന്നുണ്ടെന്നും അക്കാഡമിയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ ?

<u>ഉത്തരം</u>

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നിയന്ത്രണത്തിൽ ഇടുക്കി ജില്ലയിലെ ദേവികുളത്ത് ദേശീയ സാഹസിക അക്കാഡമിയും കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് ദേശീയ സാഹസിക അക്കാഡമിയുടെ ഒരു ഉപകേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്. യുവാക്കളിൽ സാഹസിക മനോഭാവം വളർത്തുക, സാഹസിക കർമ്മശേഷി ജനനന്മയ്ക്ക് വിനിയോഗിക്കുക എന്നീ ലക്ഷ്യങ്ങളോടുകൂടി സാഹസിക അക്കാഡമിയുടെ നേതൃത്വത്തിൽ, വർഷം തോറും യുവാക്കൾക്കായി സാഹസിക പരിശീലന പരിപാടികൾ, അഡ്വഞ്ചർ കാർണിവലുകൾ, പാരാസെയിലിംഗ് പരിശീലനം, ആർച്ചറി പരിശീലനം, മൺസൂൺ ട്രക്കിംഗ്, ഫ്രീ ഹാന്റ് ക്ലൈമ്പിംഗ്, റോപ്പ് ക്ലൈമ്പിംഗ്, റിവർ ക്രോസ്സിംഗ്, വാൾ ക്ലൈമ്പിംഗ്, ജല സാഹസിക പരിപാടികൾ എന്നിവ സംഘടിപ്പിച്ചുവരുന്നു.

**സ്റ്റേഡിയം നിർമ്മാണ പ്രവർത്തനങ്ങൾ**

209 (612) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.എം.എസ്. സ്റ്റേഡിയം, എം.ആർ.സി. കൃഷ്ണൻ ഇൻഡോർ സ്റ്റേഡിയം എന്നിവ കഴിഞ്ഞ വർഷത്തെ ബജറ്റ് (2016-17) പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടും ഇതുവരെ പ്രസ്തുത സ്ഥലം വകുപ്പ് അധികൃതർ പരിശോധിച്ച് ഡി.പി.ആർ. തയ്യാറാക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവയുടെ നിർമ്മാണ പ്രവർത്തനം എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) നിലേശ്വരം ഇ.എം.എസ്. സ്റ്റേഡിയം നിർമ്മാണത്തിനുള്ള ഡി.പി.ആർ. ഈ വകുപ്പിന്റെ എഞ്ചിനീയറിംഗ് വിംഗ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. എ.ആർ.സി. കൃഷ്ണൻ ഇൻഡോർ സ്റ്റേഡിയം നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ ലഭിക്കാത്തതിനാൽ കിഫ്ബിയിൽ ഉൾപ്പെടുത്തുന്നതിനുള്ള ആദ്യഘട്ട ലിസ്റ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

(ബി) കിഫ്ബിയുടെ മാനദണ്ഡപ്രകാരം ഇതിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ**

210 (613) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനം സംബന്ധിച്ച് പഠിക്കുന്നതിന് നിയോഗിച്ച സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) ഹോസ്റ്റൽ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള എന്തൊക്കെ നടപടികളാണ് പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിൽ ഉള്ളതെന്നും ആയതിൽ എന്ത് നടപടി സ്വീകരിച്ചു എന്നും അറിയിക്കാമോ ?

ഉത്തരം

(എ & ബി) ഉണ്ട്. ടി റിപ്പോർട്ട് പരിശോധിച്ചുവരുകയാണ്.

**സ്പോർട്സ് ഹോസ്റ്റലുകളുടെ നടത്തിപ്പ്**

211 (614) ശ്രീ. റോജി എം. ജോൺ:
ശ്രീ. വി. ടി. ബൽറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് ഹോസ്റ്റലുകളുടെ നടത്തിപ്പിൽ എന്തെങ്കിലും ക്രമക്കേട് സംസ്ഥാന സ്പോർട്സ് കൗൺസിൽ നിയോഗിച്ച വിദഗ്ദ്ധ സമിതി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം തരത്തിലുള്ള ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) സ്പോർട്സ് കൗൺസിലിന് കീഴിൽ എത്ര സ്പോർട്സ് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ട് എന്നും അതിൽ എത്ര ഹോസ്റ്റലുകളാണ് പൂട്ടുവാൻ തീരുമാനിച്ചിട്ടുള്ളത് എന്നും അറിയിക്കുമോ;

(സി) സ്പോർട്സ് ഹോസ്റ്റലുകളുടെ നിയന്ത്രണം ആർക്കാണ് എന്ന് വ്യക്തമാക്കുമോ;

(ഡി) ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ പരിശോധന ശക്തമാക്കി സ്പോർട്സ് ഹോസ്റ്റലുകളുടെ നടത്തിപ്പ് മെച്ചപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ക്രമക്കേടുകൾ കണ്ടെത്തിയിട്ടില്ല. എന്നാൽ ഹോസ്റ്റലുകളിലെ പ്രവർത്തനത്തിലെ പോരായ്മകൾ സംബന്ധിച്ച് വിദഗ്ധ സമിതി പരിശോധിക്കുകയും വിശദമായ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി)

| ഹോസ്റ്റൽ | എണ്ണം | കുട്ടികളുടെ എണ്ണം |
|---|---|---|
| സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ | 24 | 873 |
| കോളേജ് സ്പോർട്സ് ഹോസ്റ്റൽ | 52 | 1231 |
| സ്കൂൾ സ്പോർട്സ് ഹോസ്റ്റൽ | 24 | 489 |

നിലവിൽ സ്പോർട്സ് ഹോസ്റ്റലുകൾ പൂട്ടുന്നത് സംബന്ധിച്ച തീരുമാനം കൈക്കൊണ്ടിട്ടില്ല.

(സി) സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റലുകളുടെ നടത്തിപ്പും മേൽനോട്ടവും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിനും സ്കൂൾ, കോളേജ് സ്പോർട്സ് ഹോസ്റ്റലുകളുടെ നടത്തിപ്പ് അതാത് സ്കൂൾ, കോളേജ് മാനേജ്മെന്റുകൾക്കുമാണ്.

(ഡി) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അധീനതയിൽ പ്രവൃത്തിക്കുന്ന എല്ലാ സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനവും നടത്തിപ്പും കർശനമായി പരിശോധിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, ജില്ലാ സ്പോർട്സ് കൗൺസിലുകൾ പ്രസ്തുത ഹോസ്റ്റലുകൾ നേരിട്ട് പരിശോധിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

## സ്പോർട്സ് താരങ്ങളുടെ ഉന്നമനത്തിനായി ആനുകൂല്യങ്ങൾ

212 (615) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സ്പോർട്സ് ഗെയിംസ് വിഭാഗത്തിൽ ഇന്ത്യയിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന സംസ്ഥാനം കേരളമാണ് എന്നിരിക്കേ, ഈ നേട്ടം കൈവരിക്കുന്ന സ്പോർട്സ് താരങ്ങളുടെ ഉന്നമനത്തിനായി മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കാര്യമായ യാതൊരുവിധ ആനുകൂല്യങ്ങളും സ്കോളർഷിപ്പുകളും ജോലികളും നൽകുന്നില്ലായെന്ന കാര്യം മനസ്സിലാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ & ബി) കേരളത്തിലെ കായിക താരങ്ങൾക്ക് അവരവരുടെ കായിക നിലവാരം മെച്ചപ്പെടുത്തുന്നതിനാവശ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

ദേശീയ/അന്തർദ്ദേശീയ മത്സരങ്ങളിൽ പങ്കെടുത്ത് മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന കായിക താരങ്ങൾക്ക് അവരുടെ കായിക മികവുകളുടെ അടിസ്ഥാനത്തിൽ മാനദണ്ഡപ്രകാരം സംസ്ഥാന സർക്കാർ സർവ്വീസിൽ സ്പോർട്സ് ക്വാട്ടയിൽ ഓരോ വർഷവും 50 പേർക്ക് വീതം നിയമനം നൽകിവരുന്നു. ദേശീയ/അന്തർദ്ദേശീയ തലത്തിൽ നേട്ടങ്ങൾ കൈവരിക്കുന്നവർക്ക് സംസ്ഥാന സർക്കാർ ഓരോ വർഷവും ക്യാഷ് അവാർഡ് നൽകുന്നുണ്ട്.

35-ാം ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡൽ നേടിയ കായിക താരങ്ങൾക്കും ടീം ഇനത്തിൽ സ്വർണ്ണ മെഡൽ നേടിയ കായിക താരങ്ങൾക്കും നിലവിൽ ജോലിയില്ലാത്തവർക്ക് കേരള സർക്കാർ സർവ്വീസിൽ ജോലി നൽകുന്നതിന് സർക്കാർ ഉത്തരവായിരുന്നു. ടീം ഇനത്തിൽ വെള്ളി, വെങ്കല മെഡൽ കരസ്ഥമാക്കിയ കായിക താരങ്ങളിൽ നിലവിൽ ജോലിയില്ലാത്തവർക്ക് സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി നൽകുന്നതിന് ശിപാർശ ചെയ്യുന്നതിനും സർക്കാർ ഉത്തരവായിരുന്നു. ഗസറ്റഡ് തസ്തികയിൽ ശ്രീ. സാജൻ പ്രകാശിനും കുമാരി എലിസബത്ത് സൂസൻ കോശിയ്ക്കും പോലീസ് വകുപ്പിൽ ആംഡ് പോലീസ് ഇൻസ്പെക്ടർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. കുമാരി അനിൽഡാ തോമസിനും കുമാരി അനു രാഘവനും വനം വകുപ്പിൽ ഗസറ്റഡ് തസ്തികയിൽ നിയമനം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

35-ാമത് നാഷണൽ ഗെയിംസിൽ പങ്കെടുത്ത് വ്യക്തിഗത/ടീമിനത്തിൽ മെഡൽ നേടിയ കായിക താരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകിയിട്ടുണ്ട്.

പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുള്ള സർക്കാർ അംഗീകൃത കോഴ്സുകളിൽ കായിക താരങ്ങളെ സ്പോർട്സ് ക്വാട്ട അഡ്മിഷനുവേണ്ടി മാനദണ്ഡപ്രകാരം ശിപാർശ ചെയ്തുവരുന്നുണ്ട്.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അന്തർദ്ദേശീയ മത്സരങ്ങളിൽ മെഡൽ നേടുന്നതിന് കേരളീയ കായിക താരങ്ങളെ സജ്ജരാക്കുന്നതിനായി അത്‌ലറ്റിക്സ്, വോളിബോൾ, ഫെൻസിംഗ് എന്നീ കായികയിനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്.

അന്തർദ്ദേശീയ മത്സരങ്ങളിൽ ഇന്ത്യയെ പ്രതിനിധീകരിക്കുന്ന കായിക താരങ്ങൾക്ക് കിറ്റ് അലവൻസ് നൽകിവരുന്നു. കൂടാതെ ജോലിയില്ലാത്ത കായിക താരങ്ങൾക്ക് അന്തർദ്ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് കേന്ദ്ര സർക്കാർ നോ കോസ്റ്റ് ബേസിസിൽ അനുമതി നൽകിയാൽ ആകെ ചെലവിന്റെ 50% ധനസഹായം അനുവദിച്ചുവരുന്നുണ്ട്.

ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് കായിക താരങ്ങളുടെ എല്ലാ ചെലവുകളും സ്പോർട്സ് കൗൺസിൽ വഹിച്ചുവരുന്നുണ്ട്.

## കോട്ടുക്കൽ സ്പോർട്സ് വകുപ്പിന്റെ ഭൂമിയിൽ നടപ്പിലാക്കാൻ നിശ്ചയിച്ചിട്ടുള്ള പദ്ധതികൾ

213 (616) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചടയമംഗലം കോട്ടുക്കൽ സ്പോർട്സ് വകുപ്പിന്റെ കൈവശമുള്ള ഭൂമിയിൽ കായിക വകുപ്പ് നടപ്പിലാക്കാൻ നിശ്ചയിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്താമോ; ഈ സാമ്പത്തിക വർഷം തന്നെ ഇതിനുവേണ്ടിയുള്ള ഭരണനടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

കൊല്ലം ജില്ലയിലെ ചടയമംഗലത്ത് സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ (സായി)-യുടെ കീഴിൽ ഒരു വനിതാ സ്പോർട്സ് അക്കാദമി സ്ഥാപിക്കുന്നതിനായി കൊല്ലം ജില്ലാ കൃഷി ഫാമിന്റെ കോട്ടുക്കൽ കൃഷി ഫാമിൽ നിന്നും 20 ഏക്കർ ഭൂമി 2009-ൽ ഇട്ടിവാ ഗ്രാമപഞ്ചായത്ത് കായിക യുവജനകാര്യ ഡയറക്ടർക്ക് 30 വർഷത്തെ പാട്ടത്തിന് 20-12-2008-ലെ സ.ഉ.(കൈ) നമ്പർ 438/08/റവ.

പ്രകാരം അനുവദിച്ച് നൽകിയിരുന്നു. എന്നാൽ വനിതകൾക്ക് മാത്രമായി സ്പോർട്സ് അക്കാദമി തുടങ്ങുന്നത് പ്രായോഗികമല്ലഎന്ന് 'സായി' സർക്കാരിനെ അറിയിച്ചതിനെത്തുടർന്ന് ടി സ്ഥലത്ത് സായിയുടെ ആഭിമുഖ്യത്തിൽ ഒരു മൾട്ടി സ്പോർട്സ് അക്കാദമി സ്ഥാപിക്കുന്നതിന് ശിപാർശ ചെയ്ത് കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയത്തിനെ 29-8-2014-ലെ 804/എ 2/10/കാ.യു.വ. കത്ത് പ്രകാരം ഈ വകുപ്പിൽനിന്നും അറിയിച്ചിരുന്നുവെങ്കിലും 27-10-2015-ലെ സായിയുടെ SAI/KER/STC women/CHDLM/68/2012-13/2143-ാം നമ്പർ കത്ത് മുഖേന അടിസ്ഥാന സൗകര്യമുള്ള സ്ഥലത്തുമാത്രമേ സ്പോർട്സ് കോംപ്ലക്സ് സ്ഥാപിക്കാൻ കഴിയൂവെന്ന് കായിക വകുപ്പ് ഡയറക്ടറെ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ സായി-യുടെ ആഭിമുഖ്യത്തിൽ ചടയമംഗലം മണ്ഡലത്തിലെ ഇട്ടിവാ ഗ്രാമപഞ്ചായത്തിലെ കോട്ടുക്കലിൽ പൊതു സ്പോർട്സ് പരിശീലന കേന്ദ്രം അനുവദിക്കുന്നതിനുള്ള പദ്ധതി നിർദ്ദേശം നിലവിൽ പരിഗണിക്കാനാവില്ല.

**സ്പോർട്സ് കൗൺസിലിന്റെ ക്രമക്കേടുകൾ**

214 (617) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സ്പോർട്സ് കൗൺസിലിൻെറ കഴിഞ്ഞ പതിനഞ്ചു വർഷത്തെ ക്രമക്കേടുകൾ അന്വേഷിക്കാൻ ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തി യിരുന്നതെന്ന് വിശദമാക്കാമോ;

(ബി) ആ ഏജൻസി അതിൻെറ പ്രാഥമിക അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) പ്രാഥമിക റിപ്പോർട്ടിൽ ക്രമക്കേടുകൾ നടന്നതായി രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകളുടെ വിശദവിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ-സി) സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കഴിഞ്ഞ 15 വർഷത്തെ ക്രമക്കേടുകൾ അന്വേഷിക്കുവാൻ ഒരു ഏജൻസിയെയും ചുമതലപ്പെടുത്തിയിട്ടില്ല.

**സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ട്**

215 (618) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായിക താരങ്ങളെ ആധുനിക രീതിയിൽ പരിശീലിപ്പിക്കുന്നതിന് പുതിയ സ്ഥാപനം ആരംഭിക്കുവാനായി ചിങ്ങവനം ഇലക്ട്രോ കെമിക്കൽസിന് സമീപം ഏറ്റെടുത്ത പാട്ടക്കരാർ പൂർത്തിയായ 11 ½ ഏക്കർ സ്ഥലത്ത് സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഇപ്പോഴത്തെ സ്ഥിതി എന്തെന്ന് വിശദീകരിക്കാമോ ?

ഉത്തരം

കായിക താരങ്ങളെ ആധുനിക രീതിയിൽ പരിശീലിപ്പിക്കുന്നതിന് പുതിയ സ്ഥാപനം ആരംഭിക്കുവാനായി ചിങ്ങവനം ഇലക്ട്രോ കെമിക്കൽസിന് സമീപം ഏറ്റെടുത്ത പാട്ടക്കരാർ പൂർത്തിയായ 11½ ഏക്കർ സ്ഥലത്ത് സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ട് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് പ്രാരംഭ ഘട്ടമെന്നനിലയിൽ ഡയറക്ടർ, പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ എന്നിവരുടെ ഓരോ തസ്തികകളും രണ്ട് അസിസ്റ്റന്റ് തസ്തികകളും ഉൾപ്പെടെ ആകെ 5 തസ്തികകൾ സൃഷ്ടിക്കുകയും പ്രസ്തുത സ്ഥലത്ത് ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റിൽനിന്നും ലഭിച്ച 3 പ്രീഫാബ് യൂണിറ്റുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ഇൻസ്റ്റിറ്റ്യൂട്ടിനായി കോട്ടയം താലൂക്കിലെ നാട്ടകം വില്ലേജിൽ 234.04 ആർ സ്ഥലം 2013-ലെ പൊന്നുംവില നിയമം പ്രകാരം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സ്റ്റേഡിയം നിർമ്മാണ പ്രവർത്തനങ്ങൾ**

216 (619) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേഡിയങ്ങളുടെ അപര്യാപ്തതയും പരിശീലന കേന്ദ്രങ്ങളുടെ കുറവുംമൂലം കായിക കേരളത്തിന് വളരാനാവാത്ത സാഹചര്യം നിലവിലുള്ളത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(ബി) കായിക പരിശീലനത്തിനായി എന്തൊക്കെ പദ്ധതികളാണ് പുതിയതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) എല്ലാ വിദ്യാലയങ്ങളിലും കളിസ്ഥലം ഉണ്ടെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഓരോ പഞ്ചായത്തിലും മിനിസ്റ്റേഡിയങ്ങൾ നിർമ്മിക്കാനും പരിപാലിക്കാനുമുള്ള നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 8-7-2016-ൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പുതുക്കിയ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് നടത്തിയ ബഡ്ജറ്റ് പ്രസംഗത്തിൽ സംസ്ഥാനത്ത് കായിക വികസനത്തിനായി എല്ലാ പഞ്ചായത്തിലും ഒരു കളിക്കളം തയ്യാറാക്കുന്നതിനുള്ള വിശദമായ ഡി.പി.ആർ. സ്പോർട്സ് വകുപ്പ് തയ്യാറാക്കി ഘട്ടംഘട്ടമായി നടപ്പിലാക്കുമെന്നും തുടക്കമെന്ന നിലയിൽ 25 കേന്ദ്രങ്ങളിൽ മിനിസ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് 135 കോടി രൂപയും 14 ജില്ലകളിലും ഓരോ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് 500 കോടി രൂപയും പ്രത്യേക നിക്ഷേപ പദ്ധതിയിൽ (KIIFB) നിന്നും കണ്ടെത്തുന്നതാണെന്നും പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 6 സ്റ്റേഡിയം/സ്പോർട്സ് കോംപ്ലക്സ്, 18 കേന്ദ്രങ്ങളിൽ മിനിസ്റ്റേഡിയങ്ങൾ/കളിസ്ഥലങ്ങൾ, 6 സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ പദ്ധതികൾ എന്നിവയ്ക്ക് ഭരണാനുമതിയും നൽകിയിട്ടുണ്ട്.

(സി) പരിശോധിക്കാവുന്നതാണ്.

(ഡി) എല്ലാ പഞ്ചായത്തുകളിലും മിനിസ്റ്റേഡിയം നിർമ്മിക്കുന്നതിന്റെ ആദ്യപടിയായി 5 കോടി രൂപ നിരക്കിൽ 23 പഞ്ചായത്തുകളിലും 10 കോടി രൂപ നിരക്കിൽ 2 പഞ്ചായത്തുകളിലും സ്റ്റേഡിയം നിർമ്മിക്കുന്നതിനായി ആകെ 135 കോടി രൂപ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആദ്യഘട്ടമെന്ന നിലയിൽ 18 പഞ്ചായത്തുകളിൽ 100 കോടി രൂപയ്ക്ക് സ.ഉ.(സാധാ.) നമ്പർ 33/2017/കാ.യു.വ. തീയതി 13-2-2017 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

**യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ**

217 (620) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ ;

(സി) യൂത്ത് സെന്ററുകൾ മുഖേന എന്തൊക്കെ പരിപാടികൾ നടപ്പിലാക്കുന്നുവെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) കേരളോത്സവം, ഗോത്രായനം, ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ, ദേശീയോദ്ഗ്രഥന ക്യാമ്പ്, ജോബ് ഫെസ്റ്റ്, അക്ഷരയുവത്വം, യുവ മാധ്യമ പ്രവർത്തക ക്യാമ്പ്, ഇന്റർനാഷണൽ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം, ചലച്ചിത്ര ക്യാമ്പ്, യൂത്ത് എക്സിബിഷൻ, സാഹസിക പ്രവർത്തനങ്ങൾ, വനിതാ ശിൽപ്പശാല, ഡി.റ്റി.പി./പി.എസ്.സി. ഓൺലൈൻ പരിശീലനം, പരിസ്ഥിതി ദിനാചരണം, പേപ്പർബാഗ് നിർമ്മാണം, മഴക്കാല ബോധവൽക്കരണം, യുവജന ദിനാചരണം, സംരംഭകത്വ പരിശീലനം, സാഹസിക ഫോട്ടോഗ്രാഫി അവാർഡ്, യൂത്ത് അവാർഡ്, സ്ത്രീ സുരക്ഷാ പരിശീലനം, നാടൻ കലാമേള, കളരിപ്പയറ്റ് പഠനം, സ്വയം തൊഴിൽ ബോധവൽക്കരണ ക്യാമ്പെയിനുകൾ, ക്യാമ്പസ് ലീഡേഴ്സ് ക്യാമ്പ്, പ്രീഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം, വ്യക്തിത്വ വികസന പരിശീലന ക്യാമ്പ്, ഇശൽ പെരുമ, ഗോത്രവർഗ്ഗ യുവതികൾക്കായുള്ള ശിൽപ്പശാല, സിവിൽ സർവ്വീസ് ഓറിയന്റേഷൻ പ്രോഗ്രാം, ചിത്രസൂത്ര, യൂത്ത് ലീഡർഷിപ്പ് ക്യാമ്പ്, സകർമ്മ, സ്പോർട്സ് കിറ്റ് വിതരണം, ജീവദായനി തുടങ്ങിയ പദ്ധതികളാണ് ബോർഡിന്റെ ആഭിമുഖ്യത്തിൽ നടന്നുവരുന്ന പ്രധാന പ്രവർത്തനങ്ങൾ.

(ബി) ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി ചുവടെ പറയുന്ന നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു:

i. ബോർഡിന്റെ കീഴിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള യൂത്ത് ക്ലബ്ബുകളെ ശാക്തീകരിക്കുകയും ബോർഡിന്റെ പ്രവർത്തനങ്ങളിൽ അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യുക.

ii. പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ യൂത്ത് ക്ലബ്ബുകളെ ഗ്രേഡ് ചെയ്യുകയും പുതിയ യൂത്ത് ക്ലബ്ബുകളെ ബോർഡിലേക്ക് അഫിലിയേറ്റ് ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിക്കുക.

iii. കേരളോത്സവം പോലുള്ള ബോർഡിന്റെ പ്രധാന പരിപാടികളിൽ യൂത്ത് ക്ലബ്ബുകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി പുതിയ പദ്ധതികൾ ആവിഷ്കരിക്കുക.

iv. യുവജനങ്ങളുടെ ശാരീരികവും മാനസികവുമായ വികസനത്തിന് ഊന്നൽ നൽകിക്കൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഗ്രാമപ്രദേശങ്ങളിൽ പുതിയ പദ്ധതികൾക്ക് രൂപം നൽകുക.

v. മാലിന്യ വിമുക്ത കേരളം എന്ന ആശയത്തിന് അധിഷ്ഠിതമായി സർക്കാരിന്റെ വിവിധ ഏജൻസികളുമായി സഹകരിച്ച് വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

vi. ഹരിതകേരളത്തിന് മുൻതൂക്കം നൽകി കോർപ്പറേഷനുകളിലേയും മുനിസിപ്പാലിറ്റികളിലേയും പഞ്ചായത്തുകളിലേയും യൂത്ത് ക്ലബ്ബുകളെ പങ്കെടുപ്പിച്ചുകൊണ്ട് ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക.

vii. യുവാക്കളെ തൊഴിലന്വേഷകർ എന്നതിലുപരി തൊഴിൽദായകരാക്കുക എന്ന ലക്ഷ്യത്തോടുകൂടി സർക്കാരിന്റെ വിവിധ ഏജൻസികളുമായി സഹകരിച്ച് സംരംഭകത്വ വികസന പദ്ധതി നടപ്പിലാക്കുക.

(സി) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള യൂത്ത് ക്ലബ്ബുകളെ ഏകോപിപ്പിച്ച് അവരുടെ പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുന്നതിന് യൂത്ത് സെന്ററുകൾ മുൻകൈ എടുത്തുവരുന്നു. കൂടാതെ കേരളോത്സവം ഉൾപ്പെടെയുള്ള ബോർഡിന്റെ എല്ലാ പരിപാടികളിലും യൂത്ത് ക്ലബ്ബുകളുടെ പങ്കാളിത്തവും സഹകരണവും ഉറപ്പുവരുത്തുന്നതിനായി ഒരു ചാലക ശക്തിയായി യൂത്ത് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

**വൈദ്യുത പ്രതിസന്ധി**

218 (621) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം വരൾച്ച നേരിടുന്നതിന്റെ ഭാഗമായി ജലവൈദ്യുത പദ്ധതികൾ മുഖേന ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയിൽ എത്ര മെഗാവാട്ടിന്റെ കുറവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ബി) വൈദ്യുതി ഉൽപ്പാദനത്തിലെ കുറവും, വേനൽക്കാലത്തെ അധിക ആവശ്യവും എങ്ങനെ പരിഹരിക്കാം എന്നാണ് കെ.എസ്.ഇ.ബി. കണക്കാക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ;

(സി) എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷാക്കാലത്ത് പവർകട്ടും ലോഡ് ഷെഡ്ഡിംഗും ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 2016 ജൂൺ മുതൽ 2017 ജനുവരി വരെയുള്ള കാലയളവിലെ പ്രതീക്ഷിച്ചിരുന്ന നീരൊഴുക്ക് 6387 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കുവാനുള്ള വെള്ളമാണ്. എന്നാൽ 3200 ദശലക്ഷം യൂണിറ്റിനുള്ള ജലം മാത്രമേ ലഭിച്ചിട്ടുള്ളൂ. ഏകദേശം 3187 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കുവാനുള്ള വെള്ളത്തിൽ കുറവുണ്ടായിട്ടുണ്ട്. ഇത് മെഗാവാട്ടിൽ കണക്കാക്കിയാൽ ഏകദേശം 360 മെഗാവാട്ടിന്റെ കുറവുണ്ടായിട്ടുണ്ട്.

(ബി) കാലവർഷത്തിന്റെ കുറവ് കാരണം ആഭ്യന്തര ജലവൈദ്യുത ഉത്പാദത്തിൽ 45 ശതമാനം കുറവ് വന്നിട്ടുണ്ട്. ഇത് കാരണം ഉണ്ടായേക്കാവുന്ന വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് കേരളത്തിന് പുറത്തുനിന്ന് വൈദ്യുതി കൊണ്ടുവരുന്നതിനുള്ള ദീർഘകാല ഹ്രസ്വകാല കരാറുകളിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഏർപ്പെട്ടിട്ടുണ്ട്. 865 മെഗാവാട്ടിന്റെ ദീർഘകാല കരാറും 300 മെഗാവാട്ട് റൗണ്ട് ദ ക്ലോക്ക് അടിസ്ഥാനത്തിലും 100 മെഗാവാട്ട് പീക്ക് സമയത്തും ഹ്രസ്വകാല കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതിൽ 315 മെഗാവാട്ട് വൈദ്യുതി ദീർഘകാലാടിസ്ഥാനത്തിൽ 6-12-2016-ൽ ലഭിച്ചുതുടങ്ങി. മാർച്ച് മുതൽ ലഭിക്കേണ്ട 200 മെഗാവാട്ട് ഹ്രസ്വകാല കരാർ അനുസരിച്ച് വൈദ്യുതി കൊണ്ടുവരാനുള്ള ഇടനാഴിയും ലഭിച്ചിട്ടുണ്ട്. മാർച്ച് മാസം പരീക്ഷാകാലമായതിനാൽ ഈ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് 85 മെഗാവാട്ട് വൈദ്യുതി രാത്രി 12 മണിക്കൂർ കൊണ്ടുവരുന്നതിനുള്ള ഇടനാഴി അധികവില കൊടുത്ത് ഉറപ്പാക്കിയിട്ടുണ്ട്. ഇത് കഴിഞ്ഞുള്ള വൈദ്യുതി കമ്മി പവർ എക്സ്ചേഞ്ച്, അൺഷെഡ്യൂൾഡ് ഇന്റർചേഞ്ച് എന്നിവ വഴി നികത്താനാണ് ഉദ്ദേശിക്കുന്നത്. ഇടനാഴിയുടെ അപര്യാപ്തത മനസ്സിലാക്കിയപ്പോൾ അടിയന്തര സാഹചര്യം ഉണ്ടായാൽ കേരളത്തിലുള്ള കായംകുളം, കെ.ഡി.പി.പി., ബിഡി.പി.പി. എന്നീ താപവൈദ്യുത നിലയങ്ങളിൽ നിന്നുള്ള അധിക വിലയുള്ള ആഭ്യന്തര ഉൽപ്പാദനം കൂട്ടി വൈദ്യുതി കമ്മി പരിഹരിക്കാനുള്ള ശ്രമവും പരിഗണനയിലുണ്ട്. ആയതിനാൽ പരീക്ഷാക്കാലത്ത് വൈദ്യുതി പ്രതിസന്ധി പ്രതീക്ഷിക്കുന്നില്ല.

(സി) എസ്.എസ്.എൽ.സി., പ്ലസ്-ടു പരീക്ഷാക്കാലത്ത് പവർകട്ടും ലോഡ് ഷെഡ്ഡിംഗും ഒഴിവാക്കുന്നതിനുവേണ്ടി പരമാവധി വൈദ്യുതി പുറമേനിന്ന് വാങ്ങുന്നതിനും 2017 ജൂൺ മാസത്തിലേക്ക് നീക്കിവച്ചിരുന്ന ജലശേഖരം ഭാഗീകമായി ഉപയോഗിച്ച് കൂടുതൽ ജലവൈദ്യുതി ഉൽപ്പാദനം നടത്തുവാനും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

## നിലമ്പൂർ മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണം

219 (622) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള, ജലസേചന പദ്ധതികളുടെ പേരിലുള്ള എത്ര വൈദ്യുതി കണക്ഷനുകൾ നിലമ്പൂർ നിയോജകമണ്ഡലത്തിൽ വിച്ഛേദിച്ചിട്ടുണ്ട്; ഈ ഇനത്തിൽ എത്ര തുകയാണ് വൈദ്യുതി ബോർഡിന് പിരിഞ്ഞ് കിട്ടുവാനുള്ളത്; പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള കുടിശ്ശിക തുക വിശദമാക്കാമോ;

(ബി) നിലമ്പൂർ മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട് പൂർത്തീകരിക്കേണ്ട കണക്ഷനുകളുടെ എണ്ണവും അതിന് വേണ്ടിവരുന്ന ചെലവും പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ;

(സി) നിലമ്പൂർ നിയോജകമണ്ഡലം സമ്പൂർണ്ണമായി വൈദ്യുതീകരിക്കുന്നതിനായി ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും (പഞ്ചായത്ത്/ മുനിസിപ്പാലിറ്റി) നൽകിയ തുക എത്രയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) നിലമ്പൂർ മണ്ഡലത്തിൽ ആകെ 13 കുടിവെള്ള, ജലസേചന കണക്ഷനുകൾ ആണ് വിച്ഛേദിച്ചിട്ടുള്ളത്. നിലമ്പൂർ (6,321 രൂപ), അമരമ്പലം (68,843 രൂപ), ചുങ്കത്തറ (9,973 രൂപ), കരുളായി (917 രൂപ), പോത്തുകല്ല് (2,579 രൂപ) എന്നീ അഞ്ച് പഞ്ചായത്തുകളിലായി ആകെ പിരിഞ്ഞുകിട്ടാനുള്ള തുക 88633 രൂപ.

(ബി) 22-2-2017-ലെ കണക്കുകൾ പ്രകാരം സമ്പൂർണ്ണ വൈദ്യുത പദ്ധതിയിൽ ആകെ 1254 കണക്ഷനുകളാണ് നിലമ്പൂർ മണ്ഡലത്തിൽ രജിസ്റ്റർ ചെയ്തിരിക്കുന്നത്. ഇതിൽ നാന്നൂറോളം കണക്ഷനുകൾ ഇതിനകം നൽകിയിട്ടുണ്ട്. കോളനികളുടെ വൈദ്യുതീകരണം ഉൾപ്പെടെ ആകെ പ്രതീക്ഷിക്കുന്ന ചെലവ് 3.97 കോടി രൂപ. പഞ്ചായത്ത് അടിസ്ഥാനത്തിലെ കണക്കുകൾ ചുവടെ ചേർക്കുന്നു:

| പഞ്ചായത്ത് | കണക്ഷനുകളുടെ എണ്ണം | എസ്റ്റിമേറ്റ് തുക |
|---|---|---|
| വഴിക്കടവ് | 238 | 2,17,23,388 |
| നിലമ്പൂർ | 131 | 12,05,000 |
| കരുളായി | 146 | 91,23,207 |
| അമരമ്പലം | 134 | 19,83,012 |
| ചുങ്കത്തറ | 175 | 26,14,156 |
| എടക്കര | 100 | 6,57,515 |
| മൂത്തേടം | 157 | 13,49,798 |
| പോത്തുകല്ല് | 173 | 10,17,670 |
| ആകെ | 1254 | 3,96,73,746 |

(സി) നിലമ്പൂർ മണ്ഡലത്തിൽ മൂത്തേടം പഞ്ചായത്തിൽ നിന്നുള്ള ആറുലക്ഷം രൂപ മാത്രമാണ് സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്കായി ബോർഡിന്റെ അക്കൗണ്ടിൽ ഇതുവരെ ലഭിച്ചിട്ടുള്ളത്.

**കെ.എസ്.ഇ.ബി. കരാർ ജീവനക്കാരുടെ വേതനം**

220 (623) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദിവസവേതനത്തിന് കരാർ അടിസ്ഥാനത്തിൽ കെ. എസ്. ഇ. ബി.-യിൽ ജോലിചെയ്തു വരുന്ന മീറ്റർ റീഡർ, ഓപ്പറേറ്റർമാർ, ഷിഫ്റ്റ് അസിസ്റ്റന്റ് എന്നിവർക്ക് ലഭിക്കുന്ന വേതനം നിലവിലുള്ളതിന്റെ പകുതി മാത്രമാണെന്നുള്ളത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(ബി) ബഹു. സുപ്രീം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി ജീവനക്കാരുടെ വേതനം സ്ഥിര ജീവനക്കാരുടെ വേതനത്തിനു തുല്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ;

(സി) പ്രസ്തുത ജീവനക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ പുരോഗതി വിശദമാക്കാമോ ?

ഉത്തരം

(എ) കെ.എസ്.ഇ.ബി.എൽ.-ൽ കരാറടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കാറില്ല. എന്നാൽ ചില ജോലികൾ വർക്ക് കോൺട്രാക്ട് അടിസ്ഥാനത്തിൽ ചെയ്യിക്കാറുണ്ട്. ഇപ്രകാരം ജോലി ചെയ്യുന്നവരുടെ വേതനം കോൺട്രാക്ട് എടുക്കുന്ന ആളാണ് നൽകുന്നത്.

(ബി) ബഹുമാനപ്പെട്ട സുപ്രീം കോടതി വിധി കെ.എസ്.ഇ.ബി.-യിലെ കരാർ ജോലി വേതനവുമായി ബന്ധപ്പെട്ടതല്ലാത്തതിനാൽ അതുസംബന്ധിച്ച നടപടികളൊന്നും തന്നെ നിലവിൽ കൈക്കൊണ്ടിട്ടില്ല.

(സി) കരാർ അടങ്കൽ തുക 3 ലക്ഷം രൂപയിലധികം വരുന്ന പ്രവൃത്തികളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് കരാറുകാരൻ മുഖാന്തരം ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

## കെ.എസ്.ഇ.ബി.-യിൽ ജീവനക്കാരുടെ സ്ഥലംമാറ്റം

221 (624) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിൽ ജീവനക്കാരുടെ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട ആശങ്ക പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) നിലവിലുള്ള സ്ഥലംമാറ്റ മാനദണ്ഡ പ്രകാരം അംഗീകൃത സംഘടനയിൽപ്പെട്ടവർക്ക് ലഭിക്കുന്ന സംരക്ഷണം കെ. എസ്. ഇ. ബി. യിൽ ബാധകമാണോ ;

(സി) സീനിയർ അസിസ്റ്റന്റ് തസ്തികയിൽ ജോലി നോക്കുന്ന കരാറുകാരുടെ എണ്ണം എത്രയെന്ന് സെക്ഷൻ ഓഫീസ് തിരിച്ച് വ്യക്തമാക്കാമോ ;

(ഡി) ഓഫീസ് തസ്തികയിലുള്ള ജീവനക്കാർക്ക് സ്ഥലംമാറ്റ സംരക്ഷണത്തിന് അർഹത ഉണ്ടോ ;

(ഇ) പി. ഡി. എ. മെഷീൻ സംവിധാനം എത്ര സെക്ഷൻ ഓഫീസിൽ തുടങ്ങി എന്ന വിവരം വ്യക്തമാക്കാമോ ?

### ഉത്തരം

(എ) കെ.എസ്.ഇ.ബി. ജീവനക്കാരുടെ സ്ഥലം മാറ്റം കുറ്റമറ്റതാക്കുവാൻ ഫലപ്രദമായ ഗൈഡ്‌ലൈൻസ് രൂപീകരിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയായിവരുന്നു. ഇതുമായി ബന്ധപ്പെട്ട് ജീവനക്കാർക്ക് ഏതെങ്കിലും തരത്തിലുള്ള ആശങ്കകൾ ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിലേയ്ക്കായി ബോർഡിലെ അംഗീകൃത യൂണിയനുകളുമായി വിശദമായ ചർച്ചകൾ നടത്തുകയും ജീവനക്കാരിൽ നിന്നും ഓൺലൈനിൽ നിർദ്ദേശങ്ങൾ ക്ഷണിച്ചുകൊണ്ടുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) അംഗീകൃത സംഘടനകളുടെ ഭാരവാഹികൾക്കായി പരമാവധി 100 വരെ പേർക്ക് സ്ഥലം മാറ്റത്തിൽനിന്നും സംരക്ഷണം നൽകാൻ വ്യവസ്ഥയുണ്ട്. റഫറണ്ടത്തിൽ യൂണിയനുകൾക്ക് ലഭിച്ച പ്രാതിനിധ്യത്തിന്റെ അനുപാതത്തിൽ ഇത് വിഭജിക്കപ്പെടുന്നതാണ്.

(സി) കരാർ അടിസ്ഥാനത്തിൽ സീനിയർ അസിസ്റ്റന്റുമാരെ നിയമിക്കാറില്ല.

(ഡി) ഉണ്ട്.

(ഇ) പി.ഡി.എ. മെഷീൻ സംവിധാനം 763 സെക്ഷൻ ഓഫീസിൽ തുടങ്ങിയിട്ടുണ്ട്.

## കെ.എസ്.ഇ.ബി.-യിൽ ആശ്രിത നിയമനം

222 (625) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി-യിൽ ആശ്രിതനിയമനം നിലവിലുണ്ടോ; എങ്കിൽ ആശ്രിതനിയമന പദ്ധതി പ്രകാരം 2016 മേയ് 25-ന് ശേഷം എത്രപേർക്ക് നിയമനം നൽകി;

(ബി) ഇപ്പോൾ എത്ര അപേക്ഷകളിൽ തീരുമാനം എടുക്കുവാൻ ശേഷിക്കുന്നു.;

(സി) 2011-2016-ലെ സർക്കാരിന്റെ കാലത്ത് ആശ്രിതനിയമനപദ്ധതി അനുസരിച്ച് കെ.എസ്.ഇ.ബി.-യിൽ എത്ര പേർക്ക് നിയമനം നൽകി എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. 37 പേർക്ക് നിയമനം നൽകി.

(ബി) ഇപ്പോൾ 34 അപേക്ഷകളിൽ തീരുമാനം എടുക്കാൻ ശേഷിക്കുന്നു.

(സി) 311 പേർക്ക് നിയമനം നൽകി.

## കെ.എസ്.ഇ.ബി.-യുടെ കീഴിലുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾ

223 (626) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. നേരിട്ട് നടത്താനുദ്ദേശിക്കുന്ന മിനി ഹൈഡൽ പ്രോജക്ടുകൾ അനന്തമായും അനിശ്ചിതമായും നീണ്ടുപോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കാലതാമസത്തിനുള്ള കാരണം വിശദമാക്കുമോ;

(സി) കാലതാമസം ഒഴിവാക്കുന്നതിന് എന്ത് നടപടികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി & സി) ബാധകമല്ല.

## കെ.എസ്.ഇ.ബി.-യുടെ നിലവിലുള്ള കടബാദ്ധ്യത

224 (627) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ നിലവിലുള്ള കടബാദ്ധ്യത എത്ര കോടി രൂപയാണെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ എത്ര കോടി രൂപ കെ.എസ്.ഇ.ബി.-ക്ക് പിരിഞ്ഞു കിട്ടാനുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) പിരിഞ്ഞുകിട്ടാനുള്ള തുക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച ഊർജ്ജിത നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 31-1-2017-ലെ കണക്ക് പ്രകാരം ബാങ്കുകളിൽനിന്നും ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ ഇനത്തിലുള്ള കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കടബാദ്ധ്യത സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| | തുക കോടിയിൽ |
|---|---|
| ഓവർഡ്രാഫ്റ്റ് | 1953.96 |
| ഹ്രസ്വകാല വായ്പ | 2775.00 |
| ദീർഘകാല വായ്പ | 2019.23 |
| ആകെ | 6748.19 |

(ബി) 31-12-2016-ൽ അവസാനിക്കുന്ന ത്രൈമാസ കണക്കുപ്രകാരം ആകെ (പലിശ ഉൾപ്പെടുത്താതെ) 2044.78 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട്.

(സി) സപ്ലൈ കോഡ് 2014-ൽ പരാമർശിച്ചിട്ടുള്ള സമയപരിധി അനുസരിച്ച് കുടിശ്ശിക വരുത്തുന്ന ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കൽ, കണക്ഷൻ അഴിച്ചുമാറ്റൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. അതിനുശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽനിന്നും കുടിശ്ശിക വകയിരുത്താറുണ്ട്. ഇതിൽ നിന്നും വകയിരുത്താൻ കഴിയാത്ത തുക റവന്യൂ റിക്കവറി നടപടികൾക്കായി നൽകാറുണ്ട്. ദീർഘകാല കുടിശ്ശികയുള്ള ഉപഭോക്താക്കളിൽ നിന്നും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടി ആവിഷ്കരിച്ചിട്ടുണ്ട്.

## കെ.എസ്.ഇ.ബി.-യിൽ ഓൺലൈൻ പേയ്മെന്റ് സംവിധാനം

225 (628) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിൽ എന്നു മുതലാണ് ഓൺലൈൻ പേയ്മെന്റ് വഴി വൈദ്യുതി ചാർജ് അടയ്ക്കുന്ന സംവിധാനം നിലവിൽ വന്നത്;

(ബി) കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ എത്ര ശതമാനം ആളുകൾ ഓൺലൈൻ പേയ്മെന്റ് മുഖേന പണം അടച്ചു എന്ന് വ്യക്തമാക്കുമോ;

(സി) കെ.എസ്.ഇ.ബി.-യിൽ നേരിട്ട് പണം അടയ്ക്കുന്ന സി. ഡി. എം. (ക്യാഷ് ഡെപ്പോസിറ്റ് മെഷീൻ) സംവിധാനം എന്നു മുതലാണ് ആരംഭിച്ചത്; എത്ര സി. ഡി. എമ്മുകൾ ആണ് ഇതു വരെ സ്ഥാപിച്ചിട്ടുള്ളത്;

(ഡി) സി. ഡി. എം. വഴി എത്ര ശതമാനം പേരാണ് നിലവിൽ പണമടയ്ക്കുന്നത്;

(ഇ) മറ്റെന്തൊക്കെ സംവിധാനങ്ങളാണ് ഇത്തരത്തിൽ കെ.എസ്.ഇ.ബി. യിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്ന സംവിധാനം 6-7-2011 മുതൽ എച്ച്.റ്റി./ഇ.എച്ച്.റ്റി. വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കൾക്ക് ലഭ്യമാക്കി. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ മുഴുവൻ വൈദ്യുതി ഉപഭോക്താക്കൾക്കും വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം 23-4-2013 മുതൽ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ ഏകദേശം 4.6 ശതമാനം ആളുകൾ ഓൺലൈൻ പേയ്മെന്റ് മുഖേന പണം അടച്ചിട്ടുണ്ട്.

(സി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നേരിട്ട് പണം അടയ്ക്കുന്ന സി.ഡി.എം. (ക്യാഷ് ഡെപ്പോസിറ്റ് മെഷീൻ) സംവിധാനം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ആസ്ഥാനമന്ദിരമായ തിരുവനന്തപുരം വൈദ്യുതി ഭവനിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത കസ്റ്റമർ കെയർ സെന്ററിനോടനുബന്ധിച്ച് 4-1-2016 മുതൽ പ്രവർത്തിച്ചുവരുന്നു. ഇത്തരം 5 മെഷീനുകൾ കൂടി ഫോർട്ട് സെക്ഷൻ (തിരുവനന്തപുരം), കന്റോൺമെന്റ് സെക്ഷൻ (കൊല്ലം), സെൻട്രൽ സെക്ഷൻ (എറണാകുളം), വിയ്യൂർ സെക്ഷൻ (തൃശ്ശൂർ), കോവൂർ സെക്ഷൻ (കോഴിക്കോട്) എന്നിവിടങ്ങളിൽ പ്രവർത്തനക്ഷമ മാക്കാനുള്ള നടപടികൾ എടുത്തുവരികയാണ്.

(ഡി) സി.ഡി.എം. (ക്യാഷ് ഡെപ്പോസിറ്റ് മെഷീൻ) സംവിധാനം വഴി ഏകദേശം 2600 പേരാണ് നിലവിൽ ഇതുവരെ പണം അടച്ചിട്ടുള്ളത്.

(ഇ)

1. പേ.റ്റി.എം. (പേ ത്രൂ മൊബൈൽ) എന്ന ഇ-വാലറ്റ് വഴി വൈദ്യുതി ബില്ലുകൾ അടയ്ക്കുവാനുള്ള സൗകര്യം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. ഉപഭോക്താക്കൾക്ക് തങ്ങളുടെ മൊബൈൽ വഴി വൈദ്യുതി ബിൽ തുക പേ.റ്റി.എം. എന്ന മൊബൈൽ ആപ്പ് ഉപയോഗിച്ച് അടയ്ക്കാൻ കഴിയും.

2. അപ്പാ സി.എസ്.സി. എന്ന ദേശീയ പൊതു സേവന കേന്ദ്രവും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡുമായി യോജിച്ച് ഇന്ത്യയിലെ ഏത് ജനസേവനകേന്ദ്രം വഴിയും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് വൈദ്യുതി ബിൽ തുക അടയ്ക്കുന്നതിനുള്ള സൗകര്യം ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്.

3. ഉപഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽനിന്ന് ഓട്ടോമാറ്റിക്കായി പണമടയ്ക്കുവാൻ കഴിയുന്ന എൻ.എ.സി.എച്ച്. (NACH) എന്ന സംവിധാനം എൻ.സി.പി.ഐ. (NCPI)-യുമായി സഹകരിച്ചുകൊണ്ട് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ ഉടൻ തന്നെ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് വിഭജനം

226 (629) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് വിഭജിച്ച് പോട്ടയിലും, കൊരട്ടി സെക്ഷൻ ഓഫീസ് വിഭജിച്ച് കാടുകുറ്റിയിലും പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

ചാലക്കുടി സെക്ഷൻ ഓഫീസ് വിഭജിച്ച് പോട്ടയിലും കൊരട്ടി, അന്നമനട എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് കാടുകുറ്റിയിലും സെക്ഷൻ ഓഫീസുകൾ രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പരിശോധിച്ചിരുന്നു. നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000-ൽ

അധികമാവുകയോ അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികം ആവുകയോ ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണഗതിയിൽ ബോർഡ് നിലവിലുള്ള സെക്ഷൻ വിഭജിച്ച് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. എന്നാൽ സെക്ഷൻ വിഭജനത്തിനുള്ള മുകളിൽ പരാമർശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ചാലക്കുടി, കൊരട്ടി, അന്നമനട എന്നീ സെക്ഷനുകളുടെ കാര്യത്തിൽ പാലിക്കപ്പെടാത്തതിനാൽ ചാലക്കുടി സെക്ഷൻ ഓഫീസ് വിഭജിച്ച് പോട്ടയിലും കൊരട്ടി, അന്നമനട എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് കാടുകുറ്റിയിലും പുതിയ സെക്ഷൻ ഓഫീസുകൾ രൂപീകരിക്കുന്നത് ഇപ്പോൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പരിഗണനയിലില്ല.

**കെ.എസ്.ഇ.ബി. നടപ്പിലാക്കിയ സേവനങ്ങൾ**

227 (630) ശ്രീ. എം. മുകേഷ്:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവരസാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് കെ.എസ്.ഇ.ബി. നടപ്പിലാക്കിയ സേവനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) വൈദ്യുതി വിതരണത്തിൽ ഉണ്ടാകാനിടയുള്ള തടസ്സങ്ങൾ ഉപഭോക്താക്കളെ മുൻകൂട്ടി അറിയിക്കുന്നതിനുള്ള പദ്ധതി നിലവിൽ വന്നിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വൈദ്യുതി സംബന്ധിച്ച പരാതികൾ അറിയിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന ടോൾ ഫ്രീ നമ്പർ നിലവിൽ വന്നിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ഡി) പരാതികൾ വാട്സ്ആപ് വഴി രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനമുണ്ടോ; എങ്കിൽ നമ്പർ ലഭ്യമാക്കാമോ?

ഉത്തരം

(എ) വിവരസാങ്കേതികവിദ്യയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് കെ.എസ്.ഇ.ബി. ലിമിറ്റഡ് താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്:

1. കെ.എസ്.ഇ.ബി.എൽ.-ന്റെ ഔദ്യോഗിക വെബ്സൈറ്റ് ആയ www.kseb.in മുഖേന പ്രമുഖ ബാങ്കുകൾ വഴി നെറ്റ് ബാങ്കിംഗിലൂടെയും വിസാ/മാസ്റ്റർ കാർഡ് തുടങ്ങിയ ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകൾ മുഖേനയും ഇന്റർനെറ്റ് വഴി ഓൺലൈനായി വൈദ്യുതി ചാർജ് അടയ്ക്കുന്നതിനുള്ള സൗകര്യം.

2. കേരളത്തിലെ എല്ലാ ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിലും അക്ഷയ സെന്ററുകളിലും വൈദ്യുതി ചാർജ് ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള സംവിധാനം.

3. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, സൗത്ത് ഇന്ത്യൻ ബാങ്ക്, ഫെഡറൽ ബാങ്ക്, കാനറാ ബാങ്ക്, ഐ.സി.ഐ.സി.ഐ. ബാങ്ക് എന്നീ ബാങ്കുകൾ മുഖേന ഡയറക്ട് നെറ്റ് ബാങ്കിംഗ് സൗകര്യം.

4. ഉപഭോക്താക്കൾക്ക് വൈദ്യുതി സംബന്ധമായ സംശയനിവാരണത്തിനും പരാതികൾ പരിഹരിക്കുന്നതിനും അപകടങ്ങളും മറ്റ് അടിയന്തര സാഹചര്യങ്ങളും അറിയിക്കുന്നതിനും വേണ്ടി 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവന സംവിധാനവുമായി ബന്ധപ്പെടാൻവേണ്ടി 1912 എന്ന ടോൾ ഫ്രീ നമ്പർ സംവിധാനവും ഓൺലൈൻ വെബ് സെൽഫ് സർവ്വീസ് (www.wss.kseb.in) സംവിധാനവും.

5. മുഴുവൻ വൈദ്യുതി ഉപഭോക്താക്കൾക്കും വൈദ്യുതി ചാർജ് ഏത് സെക്ഷൻ ഓഫീസിലും അടയ്ക്കുവാനുള്ള സൗകര്യം.

6. വൈദ്യുതി ബിൽ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ്., മൊബൈൽ ആപ്ലിക്കേഷൻ, ഇ-മെയിൽ എന്നിവ മുഖേന തത്സമയം ഉപഭോക്താക്കളിൽ എത്തിക്കുന്ന 'ഊർജ്ജ സൗഹൃദ' പദ്ധതി.

7. വൈദ്യുതി തടസ്സം സംബന്ധിച്ച വിവരങ്ങൾ ഉപഭോക്താക്കളിൽ എസ്.എം.എസ്. മുഖേന എത്തിക്കുന്ന 'ഊർജ്ജ-ദൂത്' പദ്ധതി.

8. സ്പോട്ട് ബില്ലിംഗ് മെഷീനുകൾ (പി.ഡി.എ.) സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുന്ന പദ്ധതി.

9. പുതിയ കണക്ഷനുവേണ്ടി ഉപഭോക്താക്കളിൽ നിന്ന് ഓൺലൈനായി അപേക്ഷകൾ സ്വീകരിക്കുവാനുള്ള സംവിധാനം.

10. എനർജി ഓഡിറ്റിംഗ് ലക്ഷ്യമാക്കി സംസ്ഥാനമൊട്ടാകെ എച്ച്.റ്റി. ഫീഡറുകളിലും ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളിലും എ.എം.ആർ. മീറ്ററുകൾ സ്ഥാപിക്കാനുള്ള പദ്ധതി.

11. പേ.റ്റി.എം. (പേ ത്രൂ മൊബൈൽ) എന്ന ഇ-വാലറ്റ് വഴി വൈദ്യുതി ബില്ലുകൾ അടയ്ക്കുവാനുള്ള സൗകര്യം.

12. അപ്ലാ സി.എസ്.സി. എന്ന ദേശീയ പൊതു സേവന കേന്ദ്രവുമായി യോജിച്ച് പ്രവർത്തിക്കുന്ന ഇന്ത്യയിലെ എത് ജനസേവനകേന്ദ്രം വഴിയും വൈദ്യുതി ബിൽ ഓൺലൈനായി അടയ്ക്കുവാനുള്ള സൗകര്യം.

13. Whats App എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനം.

14. സ്മാർട്ട് (സേഫ്റ്റി മോണിറ്ററിംഗ് & ആക്സിഡന്റ് റിപ്പോർട്ടിംഗ് ടൂൾ) സോഫ്റ്റ്‌വെയർ മുഖേന വൈദ്യുത അപകടങ്ങൾ റിപ്പോർട്ട് ചെയ്യാനും സുരക്ഷാ ഉപകരണങ്ങളുടെ ലഭ്യതയും അവസ്ഥയും അതാത് ഓഫീസുകളിലും ഉന്നത ഓഫീസുകളിലും വിലയിരുത്തി തുടർനടപടി കൈക്കൊള്ളാനും അപകടസാദ്ധ്യതയുള്ള വൈദ്യുതി പ്രതിഷ്ഠാപനങ്ങളെക്കുറിച്ച് ബോർഡിന്റെ സേഫ്റ്റി ഓഫീസർമാർക്ക് റിപ്പോർട്ട് ചെയ്ത് തുടർനടപടിക്ക് ആരംഭം കുറിക്കാനുള്ള സംവിധാനം

15. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രവർത്തനത്തെക്കുറിച്ചുള്ള മാനേജ്മെന്റിന്റെ നിരീക്ഷണങ്ങളും മെച്ചപ്പെട്ട കാര്യനിർവ്വഹണത്തിനും ഉപഭോക്തൃ സേവനത്തിനും വേണ്ടിയുള്ള നിർദ്ദേശങ്ങളും നേരിട്ട് ഉദ്യോഗസ്ഥതലത്തിലെത്തിക്കുവാനുള്ള ഇ-ലെറ്റർ എന്ന സംവിധാനം.

(ബി) വിവരസാങ്കേതികവിദ്യ അടിസ്ഥാനമാക്കി വൈദ്യുതി തടസ്സം സംബന്ധിച്ച വിവരങ്ങൾ ഉപഭോക്താക്കളിൽ എസ്.എം.എസ്. മുഖേന എത്തിക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതിയാണ് ഊർജ്ജ-ദൂത്. വൈദ്യുതി ശൃംഖലയിൽ മുൻകൂട്ടി ആസൂത്രണം ചെയ്യുന്ന ചില അറ്റകുറ്റപ്പണികൾ മൂലമുണ്ടാകുന്ന വൈദ്യുതി തടസ്സങ്ങൾ പത്ര-ശ്രവ്യ മാധ്യമങ്ങൾ വഴി ഉപഭോക്താക്കളെ അറിയിക്കുന്ന സംവിധാനവും ഇപ്പോൾ നിലവിലുണ്ട്. ഇത്തരം തടസ്സങ്ങൾ മുൻകൂട്ടി അറിയിക്കാൻ കഴിയുന്നവ അപ്രകാരവും അടിയന്തരഘട്ടങ്ങളിൽ ഉണ്ടാകുന്നവ അതേസമയത്തും ഉപഭോക്താക്കളെ അറിയിക്കുന്നതിനാണ് ഊർജ്ജ-ദൂത് പദ്ധതി. ആകസ്മികമായി വൈദ്യുതി തടസ്സങ്ങൾ ഉണ്ടാകുമ്പോൾ ഉപഭോക്താക്കൾക്കുണ്ടാകുന്ന ആശങ്കയും എപ്പോൾ വൈദ്യുതി തിരികെ ലഭിക്കുമെന്ന സംശയവും മറ്റും ദൂരീകരിക്കാൻ ഈ പദ്ധതിക്കാകും.

(സി) ഉപഭോക്താക്കൾക്ക് വൈദ്യുതി സംബന്ധമായ പരാതികൾ അറിയിക്കുന്നതിനുവേണ്ടി 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവന സംവിധാനവുമായി ബന്ധപ്പെടാൻവേണ്ടി 1912 എന്ന ടോൾഫ്രീ നമ്പർ നിലവിൽ വന്നിട്ടുണ്ട്. 1912-ൽ വിളിച്ച് IVRS (Interactive Voice Response System) മുഖേനയോ കാൾ സെന്റർ ജീവനക്കാരന്റെ സഹായത്തോടെയോ പരാതികൾ രജിസ്റ്റർ ചെയ്യാം. തത്സമയം തന്നെ ഇവ അതാത് സെക്ഷൻ ഓഫീസ് ജീവനക്കാർക്ക് കൈമാറുകയും പരാതികൾ ഉടനടി പരിഹരിച്ച് വീണ്ടും കസ്റ്റമർ കെയർ സംവിധാനത്തിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. പരാതികൾ രജിസ്റ്റർ ചെയ്യുമ്പോഴും പരിഹരിച്ചുകഴിയുമ്പോഴും ഉപഭോക്താവിന്റെ മൊബൈൽ നമ്പറിൽ എസ്.എം.എസ്. ലഭിക്കുന്നു. ഈ സംവിധാനത്തിലൂടെ രജിസ്റ്റർ ചെയ്ത പരാതിയുടെ നിലവിലെ സ്ഥിതി അറിയുവാനും ഉപഭോക്താവിന് സാധിക്കുന്നു.

(ഡി) സോഷ്യൽ മീഡിയ സംവിധാനമായ Whats App വഴി 9496001912 എന്ന നമ്പറിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

## കെ.എസ്.ഇ.ബി.-ക്ക് കിട്ടാനുള്ള വൈദ്യുതി തുക കുടിശ്ശിക

228 (631) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സ്ഥാപനങ്ങളിൽനിന്നും കെ.എസ്.ഇ.ബി.-ക്ക് കിട്ടാനുള്ള വൈദ്യുതി തുക കുടിശ്ശിക സംബന്ധിച്ച വിവരം ലഭ്യമാക്കുമോ; അവയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) സർക്കാർ വകുപ്പുകൾ ഉൾപ്പെടെ വരുത്തിയിട്ടുള്ള ഇത്തരം കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 31-12-2016-ൽ അവസാനിക്കുന്ന ത്രൈമാസ കണക്കുപ്രകാരം വിവിധ സ്ഥാപനങ്ങളിൽനിന്നും കെ.എസ്.ഇ.ബി. ലിമിറ്റഡിന് പിരിഞ്ഞുകിട്ടാൻ ഉണ്ടായിരുന്ന വൈദ്യുതി കുടിശ്ശിക തുക സംബന്ധിച്ച് ജില്ലതിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സപ്ലൈ കോഡ് 2014-ൽ പരാമർശിച്ചിട്ടുള്ള സമയപരിധി അനുസരിച്ച് കുടിശ്ശിക വരുത്തുന്ന ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കൽ, കണക്ഷൻ അഴിച്ചുമാറ്റൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. അതിനുശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽനിന്നും കുടിശ്ശിക വകയിരുത്താറുണ്ട്. ഇതിൽനിന്നും വകയിരുത്താൻ കഴിയാത്ത തുക റവന്യൂ റിക്കവറി നടപടികൾക്കായി നൽകാറുണ്ട്. ദീർഘകാല കുടിശ്ശികയുള്ള ഉപഭോക്താക്കളിൽനിന്നും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടി ആവിഷ്കരിച്ചിട്ടുണ്ട്. സർക്കാർ വകുപ്പുകളിൽ നിന്നുള്ള കുടിശ്ശിക ഈടാക്കുന്നതിന് വകുപ്പുകൾ തമ്മിൽ ആശയവിനിമയം നടത്തിവരുന്നു.

**ബി.എസ്.ഇ.എസ്. ലിമിറ്റഡിൽനിന്നും വൈദ്യുതി വാങ്ങുന്നതിനുള്ള കരാർ**

229 (632) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിവർഷം 1100 ലക്ഷം യൂണിറ്റ് ഉത്പാദനശേഷിയുള്ള കളമശ്ശേരി ഏലൂരിലെ ബി.എസ്.ഇ.എസ്. പവർ ലിമിറ്റഡിൽനിന്നും വൈദ്യുതി വാങ്ങുന്നതിനുള്ള കരാർ പുതുക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) വ്യവസായ സിരാകേന്ദ്രത്തിൽ സ്ഥിതി ചെയ്യുന്നതുകൊണ്ടും പ്രസരണ നഷ്ടം കൂടാതെ വൈദ്യുതി ലഭ്യമാകുന്നതുകൊണ്ടും ഈ താപ വൈദ്യുതി നിലയത്തെ പ്രകൃതി വാതകത്തിലേക്ക് പരിവർത്തനപ്പെടുത്തി നിലനിർത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) കെ.എസ്.ഇ.ബി. യുമായുള്ള കരാർ പ്രകാരം വാങ്ങി സൂക്ഷിച്ചിട്ടുള്ള 6500 ടൺ നാഫ്ത അപകടകാരിയായതിനാൽ ലേ ഓഫും അടച്ചുപൂട്ടലും ഒഴിവാക്കി തുടർന്ന് പ്രവർത്തിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ആയതിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ബി.എസ്.ഇ.എസ്. ഏലൂർ നിലയത്തിൽ നാഫ്ത എന്ന ഇന്ധനം ഉപയോഗിച്ചാണ് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നത്. ഇപ്പോൾ നാഫ്തയുടെ വില വളരെ കൂടുതലാണ്. അതിനാൽ ഇവിടെ നിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ നിരക്ക് മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി വിലയേക്കാൾ വളരെ കൂടുതലാണ്. ഇക്കാരണത്താൽ തന്നെ കരാർ കാലയളവിൽപോലും അടിയന്തരഘട്ടങ്ങളിൽ മാത്രമേ ഈ നിലയത്തിൽനിന്നും വൈദ്യുതി ഉല്പാദിപ്പിച്ചിരുന്നുള്ളൂ. കൂടാതെ

ഫിക്സഡ് ചാർജ്ജ് ഇനത്തിൽ ഭീമമായ തുക നൽകേണ്ടതും ഉണ്ടായിരുന്നു. ദീർഘകാലാടിസ്ഥാനത്തിൽ വില കുറഞ്ഞ വൈദ്യുതി ലഭ്യമാക്കുവാൻ ബോർഡ് കരാറുകളിലും മറ്റും ഏർപ്പെട്ടുവരികയാണ്. അതുകൊണ്ടാണ് ഇവിടെ നിന്നുള്ള വൈദ്യുതി വാങ്ങുന്ന കാര്യം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പരിഗണിക്കാത്തത്. ബി.എസ്.ഇ.എസ്.-മായുള്ള വൈദ്യുതി വാങ്ങൽ സംബന്ധിച്ച് കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 26-10-2016-ലെ ഉത്തരവ് അനുസരിച്ചും ഇപ്പോൾ വൈദ്യുതി മേഖലയിൽ സംസ്ഥാനത്ത് നിലവിലുള്ള സാഹചര്യങ്ങളും ഫിക്സഡ് ചാർജ്ജ് നൽകേണ്ട സാമ്പത്തിക ബാദ്ധ്യതയും കണക്കിലെടുത്തുമാണ് ബി.എസ്.ഇ.എസ്. പവർ ലിമിറ്റഡിൽനിന്നും വൈദ്യുതി വാങ്ങുന്നതിനുള്ള കരാർ പുതുക്കേണ്ടതില്ല എന്ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് തീരുമാനിച്ചത്.

(ബി) ബി.എസ്.ഇ.എസ്. എന്ന കമ്പനിയുമായി നിലവിൽ കരാർ ഇല്ലാത്തതിനാലും അവിടെ നിന്നുള്ള വൈദ്യുതി സാമ്പത്തികമായി ലാഭകരമല്ല എന്നതുകൊണ്ടുമാണ് ഈ ഉല്പാദനനിലയം പ്രകൃതിവാതകത്തിലേക്ക് പരിവർത്തനപ്പെടുത്തുന്ന വിഷയം ഇപ്പോൾ പരിഗണിക്കാത്തത്.

(സി & ഡി) ഇപ്പോൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡും ബി.എസ്.ഇ.എസ്.-മായി ഉണ്ടായിരുന്ന വൈദ്യുതി വാങ്ങൽ കരാറിന്റെ കാലാവധി കഴിഞ്ഞിരിക്കുകയാണ്. ഏലൂരിൽ സൂക്ഷിച്ചിട്ടുള്ള നാഫ്ത നീക്കം ചെയ്യേണ്ടതും അപകടം ഒഴിവാക്കേണ്ടതും ബി.എസ്.ഇ.എസ്. കമ്പനിയുടെ ഉത്തരവാദിത്വമാണ്. ഇപ്പോൾ സൂക്ഷിച്ചിട്ടുള്ള ഇന്ധനം ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിച്ച് മറ്റൊരു കമ്പനിക്ക് വിൽക്കുന്നതിനോ ഇന്ധനം ഓയിൽ കമ്പനിക്ക് മടക്കി നൽകുന്നതിനോ മൂന്നാമതൊരാൾക്ക് വിൽക്കുന്നതിനോ ബി.എസ്.ഇ.എസ്.-ന് നിയമപരമായ തടസ്സങ്ങളില്ല. ബി.എസ്.ഇ.എസ്. കേരള പവർ ലിമിറ്റഡ് പാട്ടത്തിൽ എടുത്തിരിക്കുന്ന TCCL-ന്റെ 20 ഏക്കർ സ്ഥലം കെ.എസ്.ഇ.ബി. എൽ.-ന് വൈദ്യുതി കുടിശ്ശിക തീർപ്പാക്കുന്നതിനായി കൈമാറുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചു വരികയാണ്.

**കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് പിരിഞ്ഞുകിട്ടേണ്ട കുടിശ്ശിക തുക**

230 (633) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് കഴിഞ്ഞ സർക്കാർ അധികാരമൊഴിയുമ്പോൾ പിരിഞ്ഞുകിട്ടേണ്ട കുടിശ്ശിക തുക എത്ര എന്നും 2016 ഡിസംബർ മാസം ഇത് എത്ര എന്നും വ്യക്തമാക്കുമോ;

(ബി) ഇവയിൽ വിവിധ സർക്കാർ വകുപ്പുകൾ, വാട്ടർ അതോറിറ്റി, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ, കേന്ദ്ര സർക്കാർ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും, യൂണിവേഴ്സിറ്റികൾ തുടങ്ങിയ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ ഓരോ വിഭാഗവും 2016 ഡിസംബർ വരെ അടയ്ക്കേണ്ട കുടിശ്ശിക തുക എത്ര എന്ന് വ്യക്തമാക്കുമോ;

(സി) സ്വകാര്യ വ്യക്തികൾ, സ്ഥാപനങ്ങൾ, വൻകിട ചെറുകിട വ്യവസായ സ്ഥാപനങ്ങൾ, ഫ്ലാറ്റുകൾ, കെട്ടിടസമുച്ചയങ്ങൾ, വൻകിട കച്ചവട സ്ഥാപനങ്ങൾ തുടങ്ങിയ ഓരോ വിഭാഗം അടയ്ക്കേണ്ട കുടിശ്ശിക തുക എത്ര, വിശദാംശം വ്യക്തമാക്കുമോ;

(ഡി) കുടിശ്ശികയിനത്തിൽ എത്ര തുകയുടെ പിരിച്ചെടുക്കലിൽ കോടതികളിൽ കേസ്സുകൾ നിലവിലുണ്ട്;

(ഇ) പ്രസ്തുത കുടിശ്ശിക തുക പിരിച്ചെടുക്കാനും കഴിഞ്ഞ സർക്കാർ ഈ ഇനത്തിൽ നല്കിയ സ്റ്റേകൾ പിൻവലിക്കാനും കോടതികേസുകൾ യഥാവിധി കൈകാര്യം ചെയ്ത് തീർപ്പുണ്ടാക്കാനും എന്തു നടപടികൾ സ്വീകരിച്ചുവരുന്നു എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ സർക്കാർ അധികാരമൊഴിയുന്നതിനു മുൻപുള്ള 31-3-2016-ൽ അവസാനിക്കുന്ന ത്രൈമാസ കണക്കുപ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക 1796.63 കോടി രൂപയാണ്. 31-12-2016-ൽ അവസാനിക്കുന്ന ത്രൈമാസ കണക്കുപ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക പലിശ കൂടാതെ 2044.78 കോടി രൂപയാണ്.

(ബി) 2016 ഡിസംബർ വരെ അടയ്ക്കേണ്ട കുടിശ്ശിക തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

| | |
|---|---|
| സർക്കാർ വകുപ്പുകൾ | 135.50 കോടി രൂപ<br>(ഇതിൽ പലിശ ഉൾപ്പെടുത്തിയിട്ടില്ല) |
| കേരള വാട്ടർ അതോറിറ്റി | 935.56 കോടി രൂപ<br>(ഇതിൽ പലിശ ഉൾപ്പെടുത്തിയിട്ടില്ല) |
| പൊതുമേഖലാ സ്ഥാപനങ്ങൾ | 241.57 കോടി രൂപ<br>(ഇതിൽ പലിശ ഉൾപ്പെടുത്തിയിട്ടില്ല) |

| | |
|---|---|
| തദ്ദേശഭരണ സ്ഥാപനങ്ങൾ | 5.50 കോടി രൂപ<br>(ഇതിൽ പലിശ ഉൾപ്പെടുത്തിയിട്ടില്ല) |
| കേന്ദ്ര സർക്കാർ വകുപ്പുകൾ | 0.32 കോടി രൂപ<br>(ഇതിൽ പലിശ ഉൾപ്പെടുത്തിയിട്ടില്ല) |
| കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങൾ | 41.94 കോടി രൂപ<br>(ഇതിൽ പലിശ ഉൾപ്പെടുത്തിയിട്ടില്ല) |

(സി)

| | |
|---|---|
| ഗാർഹിക ഉപഭോക്താക്കൾ | 69.99 കോടി രൂപ<br>(ഇതിൽ പലിശ ഉൾപ്പെടുത്തിയിട്ടില്ല) |
| സ്ഥാപനങ്ങൾ, വൻകിട ചെറുകിട വ്യവസായ സ്ഥാപനങ്ങൾ, ഫ്ലാറ്റുകൾ, കെട്ടിടസമുച്ചയങ്ങൾ, വൻകിട കച്ചവട സ്ഥാപനങ്ങൾ | 596.48 കോടി രൂപ<br>(ഇതിൽ പലിശ ഉൾപ്പെടുത്തിയിട്ടില്ല) |

(ഡി) 366.07 കോടി രൂപയുടെ കുടിശ്ശികയ്ക്ക് കോടതിയിൽ കേസ്സുകൾ നിലവിലുണ്ട്.

(ഇ) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരവും അദാലത്തുകൾ മുഖേനയും കോടതിക്കേസ്സുകളിൽ ഉൾപ്പെട്ടുകിടക്കുന്ന തുകകൾ പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ നടത്തിവരുന്നു. ഇത്തരത്തിൽ തീർപ്പാകാത്ത കേസ്സുകളിൽ കോടതി വ്യവഹാരം ത്വരിതപ്പെടുത്തി തീർപ്പാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

**പുതിയ ജലവൈദ്യുത പദ്ധതികൾ**

231 (634) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ജലവൈദ്യുത പദ്ധതികൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) താഴെപ്പറയുന്ന ജലവൈദ്യുത പദ്ധതികളാണ് തുടങ്ങുവാൻ ഉദ്ദേശിക്കുന്നത്:

| | | |
|---|---|---|
| 1 | പെരുവണ്ണാമൂഴി SHEP | 6 MW (30-9-2016-ൽ ടെണ്ടർ ചെയ്തു.) |
| 2 | പഴശ്ശിസാഗർ SHEP | 7.5 MW (7-12-2016-ൽ ടെണ്ടർ ചെയ്തു.) |
| 3 | ചിന്നാർ SHEP | 24 MW സ്ഥലമേറ്റെടുപ്പ് നടന്നുവരുന്നു. |
| 4 | മാങ്കുളം SHEP | 40 MW സ്ഥലമേറ്റെടുപ്പ് നടന്നുവരുന്നു. |
| 5 | ലാഡ്രം SHEP | 3.5 MW സ്ഥലമേറ്റെടുപ്പ് നടന്നുവരുന്നു. |
| 6 | മാർമല SHEP | 7 MW സ്ഥലമേറ്റെടുപ്പ് നടന്നുവരുന്നു. |
| 7 | പീച്ചാട് SHEP | 3 MW സ്ഥലമേറ്റെടുപ്പ് നടന്നുവരുന്നു. |
| 8 | വെസ്റ്റേൺ കല്ലാർ SHEP | 5 MW സ്ഥലമേറ്റെടുപ്പ് നടന്നുവരുന്നു. |
| 9 | അപ്പർ ചെങ്കുളം SHEP | 24 MW സ്ഥലമേറ്റെടുപ്പ് നടന്നുവരുന്നു. |
| 10 | ഒലിക്കൽ SHEP | 5 MW സ്ഥലമേറ്റെടുപ്പ് നടന്നുവരുന്നു. |
| 11 | പൂവാരംതോട് SHEP | 3 MW സ്ഥലമേറ്റെടുപ്പ് നടന്നുവരുന്നു. |
| 12 | ചെമ്പുകടവ് SHEP | 7.5 MW സ്ഥലമേറ്റെടുപ്പ് നടന്നുവരുന്നു. |
| 13 | മരിപ്പുഴ SHEP | 6 MW സ്ഥലമേറ്റെടുപ്പ് നടന്നുവരുന്നു. |
| 14 | വാലന്തോട് SHEP | 7.5 MW സ്ഥലമേറ്റെടുപ്പ് നടന്നുവരുന്നു. |
| 15 | ആതിരപ്പിള്ളി | 163 MW സ്ഥലമേറ്റെടുപ്പ് നടന്നുവരുന്നു. |
| | ആകെ | 312 MW |

കൂടാതെ വടക്കേപ്പുഴ എക്സ്റ്റൻഷൻ സ്കീം 0.7 Mu ഇ.എം.സി. മുഖാന്തരം ആരംഭിക്കാനിരിക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**പ്രസരണ നഷ്ടം**

232 (635) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ലൈനിൽ നിന്നുള്ള പ്രസരണ നഷ്ടം കണക്കാക്കിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) ഇത്തരം പ്രസരണ നഷ്ടത്തിന്റെ മൂല്യം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് തടയുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) പ്രസരണ നഷ്ടം ഒഴിവാക്കുന്നതിന് യു.ജി.കേബിൾ സംവിധാനം നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; ആയത് നടപ്പിലാക്കുന്നതിന് നിലവിലുള്ള പ്രായോഗിക തടസ്സങ്ങൾ വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് 2015-16 സാമ്പത്തിക വർഷത്തിലെ പ്രസരണ വിതരണ നഷ്ടം 14.37 ശതമാനമാണ്.

(ബി) സംസ്ഥാനത്ത് 2015-16 സാമ്പത്തിക വർഷത്തിലെ പ്രസരണ വിതരണ നഷ്ടം 3267 ദശലക്ഷം യൂണിറ്റാണ്. 2015-16-ലെ വൈദ്യുതി വാങ്ങൽ വില കണക്കിലെടുത്താൽ പ്രസരണ വിതരണ നഷ്ടത്തിന്റെ മൂല്യം 1303.53 കോടി രൂപയാണ്.

പ്രസരണ വിതരണ നഷ്ടം പൂർണ്ണമായി ഇല്ലാതാക്കുവാൻ കഴിയുകയില്ല. എന്നാൽ ഇത് ഘട്ടംഘട്ടമായി കുറച്ചുകൊണ്ടുവരാൻ കഴിയും. പ്രസരണ വിതരണ നഷ്ടം കുറയ്ക്കുന്നതിന് താഴെപ്പറയുന്ന വിവിധ പദ്ധതികളാണ് ബോർഡ് നടപ്പിലാക്കിവരുന്നത്:

- കൂടുതൽ എച്ച്.റ്റി. ലൈനുകൾ സ്ഥാപിച്ച് എച്ച്.റ്റി./എൽ.റ്റി. അനുപാതം മെച്ചപ്പെടുത്തുക.
- കൂടുതൽ വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് എൽ.റ്റി. ലൈനുകളിലുള്ള ഊർജ്ജനഷ്ടം കുറയ്ക്കുക.
- എച്ച്.റ്റി. ലൈനുകളിലും എൽ.റ്റി. ലൈനുകളിലും പഴയ കണ്ടക്ടർ മാറ്റി പുതിയ കണ്ടക്ടർ സ്ഥാപിക്കുക.
- സിസ്റ്റം പവർ ഫാക്ടർ മെച്ചപ്പെടുത്തുക.

- കൂടുതൽ സബ്സ്റ്റേഷനുകളും പ്രസരണ ലൈനുകളും സ്ഥാപിക്കുക.
- കേടായ മീറ്ററുകളും ഇലക്ട്രോ മെക്കാനിക്കൽ മീറ്ററുകളും മാറ്റി പുതിയ ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കുക.
- ബോർഡിന്റെ ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് കൂടുതൽ കാര്യക്ഷമമാക്കുക.

ഉപഭോക്താക്കളുടെ ബിൽ നൽകുന്നതും റവന്യൂ കളക്ഷനും കമ്പ്യൂട്ടർവത്കരിക്കുക, എനർജി ഓഡിറ്റ് (ഫീഡർ തലത്തിലും ട്രാൻസ്ഫോർമർ തലത്തിലും) കൂടുതൽ വ്യാപകമാക്കുക.

(സി) നിലവിലുള്ള എല്ലാ ലൈനുകളും മാറ്റി ഭൂഗർഭ കേബിൾ ഇടുന്നത് വൻസാമ്പത്തിക ബാദ്ധ്യത ഉണ്ടാകുമെന്നതിനാൽ പ്രായോഗികമല്ല. Railway, PWD, NH, BSNL, KWA എന്നീ വകുപ്പുകളിൽനിന്നും ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭിക്കുന്നതിനും ബുദ്ധിമുട്ടുകളുണ്ട്. എന്നിരുന്നാലും R-APDRP, IPDS പദ്ധതികളിൽപ്പെടുത്തി പ്രധാനപ്പെട്ട നഗരങ്ങളിൽ ഓവർ ഹെഡ് ലൈനുകൾ മാറ്റി ഭൂഗർഭ കേബിൾ ആക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരുന്നു. കൂടാതെ ഉയർന്ന വോൾട്ടതയിലുള്ള നീളം കൂടിയ കേബിൾ ലൈനുകൾ വലിക്കുന്നതിന് സാങ്കേതിക ബുദ്ധിമുട്ടുകളും നിലവിലുണ്ട്.

**പീച്ചി ഇറിഗേഷൻ ക്വാർട്ടേഴ്സുകളുടെ വൈദ്യുതി ചാർജ്ജ്**

233 (636) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിലെ പീച്ചി ഇറിഗേഷൻ ക്വാർട്ടേഴ്സുകളിൽ താമസിക്കുന്ന ജീവനക്കാരിൽനിന്നും വാണിജ്യ നിരക്കിൽ വൈദ്യുതി ചാർജ്ജ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് ഗാർഹിക നിരക്കിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല. നിലവിൽ പീച്ചിയിലുള്ള കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ക്വാർട്ടേഴ്സുകളിലേയ്ക്കുള്ള വൈദ്യുതി വിതരണം Kerala Engineering Research Institute നേരിട്ടാണ് നടത്തുന്നത്. ഇവിടേയ്ക്ക് ഒരു കോളനി കണക്ഷനാണ് കെ.എസ്.ഇ.ബി.ലിമിറ്റഡ് കൊടുത്തിട്ടുള്ളത്. കോളനി കണക്ടഡ് "LT-II Colonies"-ന്റെ നിരക്കിലാണ് വൈദ്യുതി ചാർജ്ജ് ഈടാക്കുന്നത്.

(ബി) കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ കോളനിയിൽ നിലവിലുള്ള എൽ.റ്റി. വിതരണ ശൃംഖല ബോർഡ് ഏറ്റെടുക്കണമെന്ന ആവശ്യത്തിന്മേൽ നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു.

**ആലംകോട് പുതിയ സെക്ഷൻ ഓഫീസ്**

234 (637) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്താക്കളുടെയും പ്രദേശത്തിന്റെയും വൈപുല്യം പരിഗണിച്ച് ആറ്റിങ്ങൽ സെക്ഷൻ ഓഫീസ് പരിധിയിൽ ആലംകോട് കേന്ദ്രമാക്കി പുതിയ സെക്ഷൻ ആഫീസ് ആരംഭിക്കുമോ ; അടിസ്ഥാന സൗകര്യം ലഭ്യമാക്കാമെന്ന നഗരസഭയുടെ അറിയിപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആറ്റിങ്ങൽ അവനവഞ്ചേരിയിലെ സബ് സ്റ്റേഷന്റെ ആധുനികവൽക്കരണം ഏതു ഘട്ടത്തിലാണ്; ആയതിന്റെ പ്രവർത്തനം എന്ന് ആരംഭിക്കുമെന്ന് അറിയിക്കുമോ ;

(സി) ചരിത്ര നഗരങ്ങളുടെ വൈദ്യുതീകരണം പദ്ധതിയിൽ ഉൾപ്പെടുത്തി ആറ്റിങ്ങൽ നഗരസഭയിൽ വൈദ്യുതീകരണത്തിനായി ഏതെല്ലാം പദ്ധതികളിൽ എത്ര തുക വകയിരുത്തിയെന്നും എത്ര തുക ചെലവഴിച്ചുവെന്നും വിശദമാക്കുമോ ;

(ഡി) ജില്ലയിലെ സമ്പൂർണ്ണ വൈദ്യുതീകരണം ഏത് ഘട്ടത്തിലാണ് ; വിശദമാക്കുമോ;

(ഇ) ഇതിനായി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും കെ.എസ്.ഇ.ബി.യും നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ; കേന്ദ്ര ഫണ്ട് ലഭിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ആറ്റിങ്ങൽ സെക്ഷൻ വിഭജിച്ച് കല്ലമ്പലം, വക്കം, കടയ്ക്കാവൂർ, നഗരൂർ എന്നീ സെക്ഷനുകളിൽപ്പെടുന്ന കുറച്ച് ഉപഭോക്താക്കളെ കൂടി ഉൾപ്പെടുത്തി നിലവിലുള്ള ആലംകോട് ഓവർസിയർ ഓഫീസ് സെക്ഷൻ ഓഫീസായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ ബോർഡ് പരിശോധിച്ചിരുന്നു. ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള വാടകക്കെട്ടിടത്തിലാണ് ആലംകോട് ഓവർസിയർ ഓഫീസ് പ്രവർത്തിക്കുന്നത്. സെക്ഷൻ ഓഫീസ് തുടങ്ങുന്നതിനാവശ്യമായ അധിക സ്ഥല സൗകര്യം പ്രസ്തുത കെട്ടിടത്തിൽ തന്നെ വാടകയ്ക്ക് ലഭ്യമാക്കാമെന്ന് നഗരസഭ അറിയിച്ചിട്ടുണ്ട്. എന്നാൽ നിലവിലുള്ള സെക്ഷൻ

ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20,000-ൽ അധികം ആവുകയോ ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണഗതിയിൽ ബോർഡ് നിലവിലുള്ള സെക്ഷൻ വിഭജിച്ച് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. സെക്ഷൻ വിഭജനത്തിനുള്ള ടി മാനദണ്ഡങ്ങൾ മേൽപ്പറഞ്ഞ സെക്ഷനുകളുടെ കാര്യത്തിൽ പാലിക്കപ്പെടാത്തതിനാൽ ടി സെക്ഷനുകൾ വിഭജിച്ച് നിലവിലുള്ള ആലംകോട് ഓവർസിയർ ഓഫീസ് സെക്ഷൻ ഓഫീസായി ഉയർത്തുന്നത് ഇപ്പോൾ ബോർഡിന്റെ പരിഗണനയിലില്ല.

(ബി) അവനവഞ്ചേരിയിൽ സ്ഥിതി ചെയ്യുന്ന ആറ്റിങ്ങൽ 110 കെ.വി. സബ് സ്റ്റേഷന്റെ ആധുനികവൽക്കരണവുമായി ബന്ധപ്പെട്ട പ്രവൃത്തികളൊന്നും നിർദ്ദേശിക്കപ്പെട്ടിട്ടില്ല.

(സി) RAPDRP പദ്ധതിയിൽപ്പെടുത്തി ആറ്റിങ്ങൽ തിരുവാറാട്ട് ക്ഷേത്രം, ആറ്റിങ്ങൽ കൊട്ടാരം എന്നിവിടങ്ങളിൽ വകയിരുത്തിയ 176.7 ലക്ഷം രൂപ ചെലവഴിച്ച് പ്രവൃത്തികൾ ചെയ്തു.

(ഡി) തിരുവനന്തപുരം ജില്ലയിൽ വൈദ്യുതി കണക്ഷനുവേണ്ടി രജിസ്റ്റർ ചെയ്ത അപേക്ഷരുടെ എണ്ണം 14260 ആണ്. ഇതിൽ 10851 കണക്ഷനുകൾ നാളിതുവരെ നൽകിയിട്ടുണ്ട്. കഴക്കൂട്ടം മണ്ഡലം സമ്പൂർണ്ണമായി വൈദ്യുതീകരിച്ച മണ്ഡലമായി പ്രഖ്യാപിച്ചുകഴിഞ്ഞു. മറ്റ് മണ്ഡലങ്ങളിലെ വൈദ്യുതീകരണ പ്രവൃത്തികൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു.

(ഇ) സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ആദ്യപടിയായി ഇനിയും വൈദ്യുതി എത്താത്ത വീടുകൾ കണ്ടെത്തേണ്ടതുണ്ടായിരുന്നു. ഇതിന് കെ.എസ്.ഇ.ബി.എൽ.-ഉം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വിപുലമായ സംവിധാനങ്ങൾ ഏർപ്പെടുത്തി യിരുന്നു. ജനപ്രതിനിധികൾ ഉൾപ്പെടുന്ന വിവിധ കമ്മിറ്റികൾക്കായിരുന്നു ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന്റെ ചുമതല. ഇപ്രകാരം തിരുവനന്തപുരം ജില്ലയിൽ പതിനാലായിരത്തിലധികം ഗുണഭോക്താക്കൾ 23-2-2017-വരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. തുടർന്ന് ബോർഡ് ഉദ്യോഗസ്ഥർ എല്ലാ ഗുണഭോക്താക്കൾക്കും വൈദ്യുതി എത്തിക്കുന്നതിനുവേണ്ട എസ്റ്റിമേറ്റ് തയ്യാറാക്കുകയും ആയതിനുള്ള ഫണ്ടുകൾ കണ്ടെത്തുവാനും ശ്രമങ്ങളും തുടങ്ങി. ശേഷം ബോർഡിന്റെ ചുമതലയിൽ വൈദ്യുതി വിതരണ ശൃംഖല വിപുലീകരിക്കുന്ന പണി ഏറ്റെടുത്തു പൂർത്തിയാക്കിയും വയറിംഗ് പൂർത്തീകരിച്ച വീടുകൾക്ക് കണക്ഷൻ നൽകിയും വരുന്നു.

വീടിന്റെ വയറിംഗ് പൂർത്തിയാക്കാൻ സാമ്പത്തികമായി പ്രാപ്തിയില്ലാത്തവർക്ക് ആയതിനുള്ള സാമ്പത്തിക സഹായം ഒരുക്കുന്നതിനായി തദ്ദേശസ്വയം ഭരണ വകുപ്പ്, പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ വകുപ്പുകൾ, വിവിധ സന്നദ്ധ സംഘടനകൾ/ വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവയുമായും ബോർഡ് ബന്ധപ്പെടുന്നുണ്ട്. വയറിംഗിനുള്ള സാമ്പത്തിക സഹായം നൽകുന്നതിൽ ബോർഡിലെ ജീവനക്കാർ, സംഘടനകൾ എന്നിവരും പങ്ക് ചേരുന്നുണ്ട്.

സമ്പൂർണ്ണ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ അനുവദിച്ചുകൊണ്ടും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുള്ള വയറിംഗ് ഗ്രാന്റ് 5,000 രൂപ ആക്കി ഉയർത്തിക്കൊണ്ടും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കേന്ദ്ര പദ്ധതിയായ DDUGJY നിലവിലുള്ള പ്രദേശങ്ങളിൽ വിതരണ ശൃംഖല വിപുലീകരിക്കുന്നതിനും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഗുണഭോക്താക്കൾക്ക് വൈദ്യുത കണക്ഷൻ നൽകുന്നതിനും കേന്ദ്ര ഫണ്ട് ലഭിക്കുന്നതാണ്.

**ദൈനംദിന വൈദ്യുതി ഉപയോഗം**

235 (638) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ദൈനംദിന വൈദ്യുതി ഉപയോഗം എത്ര യൂണിറ്റാണെന്നും ഇതിൽ സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന വൈദ്യുതി എത്ര യൂണിറ്റാണെന്നും ഇത് ഏതൊക്കെ മേഖലകളിൽ നിന്നാണ് ഉത്പാദിപ്പിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ബി) വൈദ്യുതി പ്രതിസന്ധി മറികടക്കാൻ വരും മാസങ്ങളിൽ ലോഡ് ഷെഡ്ഡിംങ്, പവ്വർ കട്ട് ഉടങ്ങിയവ നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) 2016-17-ലെ നാളിതുവരെയുള്ള കണക്കനുസരിച്ച് (20-2-2017 വരെ) സംസ്ഥാനത്തെ ശരാശരി ദൈനംദിന ഉപഭോഗം 65.24 ദശലക്ഷം യൂണിറ്റാണ്. ടി ഉപഭോഗം നിറവേറ്റുന്നതിനായി വിവിധ സ്രോതസ്സുകളിൽനിന്നും ഉത്പാദിപ്പിച്ചിട്ടുള്ളതും വാങ്ങിയതുമായ വൈദ്യുതിയുടെ കണക്കുകൾ താഴെ പട്ടികയിൽ ചേർത്തിരിക്കുന്നു:

| സ്രോതസ്സ് | വൈദ്യുതി ഉത്പാദനം/ വാങ്ങൽ (ദശലക്ഷം യൂണിറ്റിൽ) |
|---|---|
| തനത് ഉത്പാദനം | |
| ജലവൈദ്യുത പദ്ധതി | 11.598 |
| ദ്രവ ഇന്ധന നിലയങ്ങൾ | 0.128 |
| കാറ്റാടി നിലയങ്ങൾ | 0.004 |
| സൗരോർജ്ജ നിലയങ്ങൾ | 0.006 |
| ആകെ | 11.736 |
| ക്യാപ്റ്റീവ് ഉത്പാദകർ | 0.224 |
| വൈദ്യുതി വാങ്ങൽ | |
| സംസ്ഥാനത്തിനകത്തുള്ള സ്വകാര്യ ഉത്പാദകർ | 0.450 |
| സംസ്ഥാനത്തിന് പുറത്തുള്ള കേന്ദ്ര വൈദ്യുതി നിലയങ്ങൾ | 27.809 |
| സംസ്ഥാനത്തിന് പുറത്തുനിന്നും ദീർഘകാല/ഹ്രസ്വ കാല കരാറിലൂടെയും വൈദ്യുതി വ്യാപാരികൾ/ എക്സ്ചേഞ്ച് മുഖേന | 23.920 |
| ഉപഭോക്താക്കൾ ഓപ്പൺ ആക്സസിലൂടെ സംസ്ഥാനത്തിന് പുറത്തുനിന്നും വാങ്ങിയ വൈദ്യുതി | 1.100 |
| ആകെ | 65.239 |

(ബി) വൈദ്യുതി പ്രതിസന്ധി മറികടക്കാൻ ലോഡ്ഷെഡ്ഡിംഗ്, പവർ കട്ട് തുടങ്ങിയവ ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലില്ല.

**അണ്ടർഗ്രൗണ്ട് കേബിൾവഴി വൈദ്യുതി വിതരണം**

236 (639) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം നഗരങ്ങളിലാണ് അണ്ടർഗ്രൗണ്ട് കേബിൾ വഴി വൈദ്യുതി വിതരണം നടത്തുന്നതെന്ന് വിശദമാക്കുമോ;

(ബി) അണ്ടർഗ്രൗണ്ട് കേബിൾവഴി വൈദ്യുതി വിതരണം നടത്തുന്നതിലൂടെ വൈദ്യുത മേഖലയിലുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) മലപ്പുറം നഗരത്തിൽ അണ്ടർഗ്രൗണ്ട് കേബിൾവഴി വൈദ്യുതി വിതരണം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) APDRP പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ പട്ടണങ്ങളിൽ അണ്ടർഗ്രൗണ്ട് കേബിൾ വഴി വൈദ്യുതി വിതരണം നടത്തുന്നുണ്ട്. RAPDRP പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ പട്ടണങ്ങളിലും കാഞ്ഞങ്ങാട്, കായംകുളം എന്നീ നഗരങ്ങളിലും അണ്ടർഗ്രൗണ്ട് കേബിൾ വഴി വൈദ്യുതി വിതരണം നടത്തുണ്ട്. ചങ്ങനാശ്ശേരി, ചേർത്തല, ചൊക്ലി, കണ്ണൂർ, കോട്ടയം, മട്ടന്നൂർ, പാപ്പിനിശ്ശേരി, മലപ്പുറം, തളിപ്പറമ്പ, തൃശ്ശൂർ, തൊടുപുഴ, വടകര എന്നീ നഗരങ്ങളിലും അണ്ടർഗ്രൗണ്ട് കേബിൾ പ്രവൃത്തികൾ നടന്നുവരുന്നു.

(ബി) ഇതുമൂലം വൈദ്യുതി മേഖലയ്ക്കുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ ചുവടെ ചേർക്കുന്നു:

- പ്രാരംഭ ചെലവുകൾ കൂടുതലാണെങ്കിലും കാലാകാലമുള്ള അറ്റകുറ്റപ്പണികളുടെ ചെലവ് കുറവാണ്.
- വൈദ്യുതി മോഷണം, നഷ്ടം ഇവ കുറയുന്നു.
- ശക്തമായ കാറ്റ്, ഇടിമിന്നൽ എന്നിവ മൂലമുണ്ടാകുന്ന വൈദ്യുതി തടസ്സം കുറയുന്നു.
- വിശ്വാസയോഗ്യമായ വൈദ്യുതി വിതരണം ലഭ്യമാകുന്നു.
- പരിസ്ഥിതി സൗന്ദര്യവൽക്കരണം

(സി) മലപ്പുറം നഗരത്തിൽ RAPDRP പദ്ധതിയിൽ ഉൾപ്പെടുത്തി അണ്ടർഗ്രൗണ്ട് കേബിൾ വലിക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

## മലബാർ മേഖലയിലെ വൈദ്യുതി പ്രതിസന്ധി

237 (640) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലബാർ മേഖലയിലെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

മലബാർ മേഖലയിലെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനായി താഴെപ്പറയുന്ന ചെറുകിട ജലവൈദ്യുത പദ്ധതികൾ പുതുതായി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു:

| | | | |
|---|---|---|---|
| 1 | പെരുവണ്ണാമൂഴി | 6 മെഗാവാട്ട് | 24.70 ദശലക്ഷം യൂണിറ്റ് |
| 2 | പഴശ്ശിസാഗർ | 7.5 മെഗാവാട്ട് | 25.18 ദശലക്ഷം യൂണിറ്റ് |
| 3 | ഓലിക്കൽ | 5 മെഗാവാട്ട് | 10.26 ദശലക്ഷം യൂണിറ്റ് |
| 4 | പൂവാരംതോട് | 3 മെഗാവാട്ട് | 5.88 ദശലക്ഷം യൂണിറ്റ് |
| 5 | ചെമ്പുകടവ് III | 7.5 മെഗാവാട്ട് | 17.715 ദശലക്ഷം യൂണിറ്റ് |
| 6 | മാരിപ്പുഴ | 6 മെഗാവാട്ട് | 15.31 ദശലക്ഷം യൂണിറ്റ് |
| 7 | വാലന്തോട് | 7.5 മെഗാവാട്ട് | 15.291 ദശലക്ഷം യൂണിറ്റ് |
| | ആകെ | 42.5 മെഗാവാട്ട് | 114.336 ദശലക്ഷം യൂണിറ്റ് |

കൂടാതെ നിർമ്മാണത്തിലിരിക്കുന്ന കക്കയം ചെറുകിട ജലവൈദ്യുത പദ്ധതി (3 മെഗാവാട്ട്) പൂർത്തിയാകുമ്പോൾ 10.39 ദശലക്ഷം യൂണിറ്റ് കൂടി പ്രതിവർഷം അധികമായി ഉല്പാദിപ്പിക്കുവാൻ സാധിക്കും.

സോളാർ പാർക്ക് പദ്ധതി പ്രകാരം 200 മെഗാവാട്ട് പദ്ധതി കാസർഗോഡ് ജില്ലയിൽ എസ്.ഇ.സി.ഐ. വഴി നടപ്പിലാക്കിവരുന്നു. ടി പദ്ധതിയിൽനിന്നും നടപ്പുവർഷം 50 മെഗാവാട്ട് പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. ശേഷിക്കുന്ന 50 മെഗാവാട്ട് 2017-18-ലും 100 മെഗാവാട്ട് 2018-19-ലും പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ 200 മെഗാവാട്ടിന്റെ സോളാർ പാർക്ക് നടപ്പിലാക്കുവാനായി സംസ്ഥാനഗവൺമെന്റ് കേന്ദ്രഗവൺമെന്റ് അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

കണ്ണൂർ ജില്ലയിൽ ബാരാപ്പോൾ ജലവൈദ്യുത പദ്ധതി പ്രദേശത്ത് 4 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ നിലയം പൂർത്തിയായിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂരിൽ 0.65 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ നിലയത്തിന്റെ നിർമ്മാണം അവസാനഘട്ടത്തിലാണ്.

പാലക്കാട് ജില്ലയിൽ 2 മെഗാവാട്ട് ഗ്രൗണ്ട് മൗണ്ടഡ് സോളാർ പദ്ധതിയും (കഞ്ചിക്കോട് 1 മെഗാവാട്ട്, കൊല്ലംകോട് 1 മെഗാവാട്ട്) കേന്ദ്രഗവൺമെന്റ് അനുവദിച്ച ഡി.ഡി.ജി. പദ്ധതി പ്രകാരം 7 കോളനികളിലായി 75 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പദ്ധതിയും അഗളി ആദിവാസി കോളനികളുടെ മേൽക്കൂരകളിലായി 96 കിലോവാട്ട് ശേഷി സൗരോർജ്ജ നിലയവും സ്ഥാപിച്ചിട്ടുണ്ട്. നെന്മാറ 66 കെ.വി. സബ്സ്റ്റേഷൻ പരിസരത്ത് 1.5 മെഗാവാട്ട് സോളാർ പദ്ധതിയുടെ നിർമ്മാണം പുരോഗമിക്കുന്നു.

വയനാട് ജില്ലയിലെ പടിഞ്ഞാറത്തറ ഡാമിന് മുകളിൽ 440 കിലോവാട്ടിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

മലപ്പുറം ജില്ലയിലെ പൊന്നാനി, കുറ്റിപ്പുറം (0.5 മെഗാവാട്ട് വീതം) എന്നീ സബ്സ്റ്റേഷനുകളുടെ പരിസരത്തായി ആകെ ഒരു മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജനിലയത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു.

കാസർഗോഡ് മഞ്ചേശ്വരം സബ്സ്റ്റേഷന്റെ പരിസരത്ത് ഒരു മെഗാവാട്ടിന്റെ പദ്ധതിയുടെ നിർമ്മാണം പുരോഗമിക്കുന്നു. കൂടാതെ ടി ജില്ലയിൽ മൈലാട്ടി സബ്സ്റ്റേഷൻ പരിസരത്ത് 0.5 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയത്തിന്റെ ടെണ്ടർ നടപടികൾ അവസാനഘട്ടത്തിലാണ്.

തൃശ്ശൂർ ജില്ലയിൽ 1.5 മെഗാവാട്ട് ശേഷിയുള്ള സോളാർ നിലയം മാടക്കത്തറ ചൂളിശ്ശേരി സബ്സ്റ്റേഷന്റെ പരിസരങ്ങളിലായി സ്ഥാപിക്കുന്നതിനുള്ള ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടികൾ പ്രാരംഭദിശയിലാണ്.

ഇവ കൂടാതെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ അധീനതയിലുള്ള 14 കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ 580 Kwp ശേഷിയുള്ള സോളാർ നിലയങ്ങളുടെ നിർമ്മാണം അവസാനഘട്ടത്തിലാണ്.

കൂടാതെ 40 കെട്ടിടങ്ങളുടെ മേൽക്കൂരകളിലായി 1.25 മെഗാവാട്ട് ശേഷിയുള്ള സോളാർ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള ദർഘാസ് നടപടികൾ പുരോഗമിക്കുന്നു.

കൂടാതെ ജില്ലാ പഞ്ചായത്തുകളുടെ അധീനതയിലുള്ള കെട്ടിടങ്ങളുടെ മേൽക്കൂരകളിലായി സോളാർ പദ്ധതികൾ സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതാപഠനം നടത്തിവരുന്നു.

പ്രസരണ വിഭാഗത്തിന്റെ കീഴിൽ ഉത്തര മേഖലയിൽ വിവിധ വോൾട്ടേജിലുള്ള പതിമൂന്നോളം സബ്സ്റ്റേഷനുകളുടെയും അനുബന്ധ ലൈനുകളുടെയും നിർമ്മാണം പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു. കൂടാതെ വിവിധ സബ്സ്റ്റേഷനുകളിൽ

ട്രാൻസ്ഫോർമർ സ്ഥാപിച്ച് ശേഷി വർദ്ധിപ്പിക്കുവാനും ഉദ്ദേശിക്കുന്നു. മേൽപ്പറഞ്ഞതു കൂടാതെ 110 കെ.വി. മലാപറമ്പ്-രാമപുരം, 110 കെ.വി. മലപ്പുറം-തിരൂർ, 110 കെ.വി. കൊയിലാണ്ടി-വടകര, മൈലാട്ടി-വിദ്യാനഗർ ലൈനിന്റെയും അറ്റൻഗോളി-തവിടുഗോളി ലൈനിന്റെയും ലൈൻ ഇരട്ടിപ്പിക്കൽ മുതലായ ജോലികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**നാഷണൽ ഗെയിംസിൽ മെഡൽ നേടിയ കായികതാരങ്ങൾക്ക് പ്രൊമോഷനും ഇൻക്രിമെന്റും**

238 (641) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ നാഷണൽ ഗെയിംസിൽ മെഡൽ നേടിയ ടീമിലെ അംഗങ്ങളും വൈദ്യുതി വകുപ്പിലെ ജീവനക്കാരുമായ കായികതാരങ്ങൾക്ക് പ്രഖ്യാപിച്ചിരുന്ന പ്രൊമോഷനും ഇൻക്രിമെന്റും അനുവദിച്ചു നൽകുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

35-ാം ദേശീയ ഗെയിംസിൽ സംസ്ഥാന ടീമിനുവേണ്ടി മെഡലുകൾ നേടിയ സർക്കാർ/എയ്ഡഡ് സ്ഥാപനത്തിലെ ജീവനക്കാരായ കായിക താരങ്ങൾക്ക് 9-2-2016-ലെ സ.ഉ.(കൈ.) നമ്പർ 11/16/കാ.യു.വ. നമ്പർ സർക്കാർ ഉത്തരവു പ്രകാരം അഡ്വാൻസ് ഇൻക്രിമെന്റ് നൽകുന്നതിന് ഉത്തരവിട്ടിരുന്നു. മേൽ ആനുകൂല്യം 35-ാം ദേശീയ ഗെയിംസിൽ സംസ്ഥാന ടീമിനുവേണ്ടി മെഡൽ നേടിയ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ബാധകമാക്കുന്നതിന് ശിപാർശ ചെയ്തിരുന്നു.

അതേത്തുടർന്ന്, പ്രസ്തുത ശിപാർശ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് കണക്കിലെടുക്കുകയും ബോർഡിലെ നിലവിലെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് 35-ാം ദേശീയ ഗെയിംസിൽ സംസ്ഥാന ടീമിനുവേണ്ടി മെഡൽ കരസ്ഥമാക്കിയ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ കായികതാരങ്ങൾക്ക് അഡ്വാൻസ് ഇൻക്രിമെന്റിന് തുല്യമായ തുക ക്യാഷ് അവാർഡായി നൽകുന്നതിന് ഉത്തരവിടുകയും പ്രസ്തുത അവാർഡ് തുക നൽകുകയും ചെയ്തിട്ടുണ്ട്.

**വൈദ്യുത പദ്ധതികൾ പുനരാരംഭിക്കൽ**

239 (642) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ രൂക്ഷമായ വൈദ്യുതി പ്രതിസന്ധി കണക്കിലെടുത്ത് പുതിയ വൻകിട, ചെറുകിട വൈദ്യുത പദ്ധതികൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) മുൻപ് തുടങ്ങിയതും കേന്ദ്ര അനുമതി ലഭിച്ചതുമായ അതിരപ്പിള്ളി വൈദ്യുത പദ്ധതി പുനരാരംഭിക്കുമോ ;

(സി) പള്ളിവാസൽ ഉൾപ്പെടെയുള്ള ചെറുകിട വൈദ്യുത പദ്ധതികൾ പുനരാരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. താഴെപ്പറയുന്ന ചെറുകിട, വൻകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു:

| | | | |
|---|---|---|---|
| 1. | പെരുവണ്ണാമൂഴി | SHEP | 6 MW (30-9-2016-ൽ ടെണ്ടർ ചെയ്തു.) |
| 2. | പഴശ്ശിസാഗർ | SHEP | 7.5 MW (7-12-2016-ൽ ടെണ്ടർ ചെയ്തു.) |
| 3. | ചിന്നാർ | SHEP | 24 MW |
| 4. | മാങ്കുളം | HEP | 40 MW |
| 5. | ലാഡ്യം | SHEP | 3.5 MW |
| 6. | മാർമ്മല | SHEP | 7 MW |
| 7. | പീച്ചാട് | SHEP | 3 MW |
| 8. | വെസ്റ്റേൺ കല്ലാർ | SHEP | 5 MW |
| 9. | അപ്പർ ചെങ്കുളം | SHEP | 24 MW |
| 10. | ഒലിക്കൽ | SHEP | 5 MW |
| 11. | പൂവാരംതോട് | SHEP | 3 MW |
| 12. | ചെമ്പുകടവ് | SHEP | 7.5 MW |
| 13. | മാരിപ്പുഴ | SHEP | 6 MW |
| 14. | വാലന്തോട് | SHEP | 7.5 MW |
| 15. | അതിരപ്പിള്ളി | HEP | 163 MW |
| | | | 312 MW |

കൂടാതെ വടക്കേപ്പുഴ എക്സ്റ്റൻഷൻ സ്കീം 0.7Mu.

(ബി) കേന്ദ്ര അനുമതി ലഭിച്ച അതിരപ്പിള്ളി വൈദ്യുത പദ്ധതി പുനരാരംഭിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

(സി) പള്ളിവാസൽ ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം പുനരാരംഭിക്കു വാനുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതിനാൽ കെ.എസ്.ഇ.ബി.എൽ. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഫറോക്ക് കേന്ദ്രമായി സെക്ഷൻ ഓഫീസ്**

240 (643) വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഫറോക്ക് കേന്ദ്രമായി പുതിയ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഉണ്ട്. നിലവിലുള്ള ഫറോക്ക്, രാമനാട്ടുകര, കടലുണ്ടി എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് ഫറോക്ക് ഗ്രാമപഞ്ചായത്തിൽ ഒരു പുതിയ സെക്ഷൻ ഓഫീസ് സ്ഥാപിക്കുന്നതിനും നിലവിലുള്ള ഫറോക്ക് സെക്ഷൻ ഓഫീസ് ചെറുവണ്ണൂർ എന്ന് പുനർനാമകരണം ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ കേരള സ്റ്റേറ്റ് ഇലക്ട്രിക്കൽ ബോർഡ് പരിശോധിച്ചിരുന്നു. നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികം ആവുകയോ ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണഗതിയിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് നിലവിലുള്ള സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. എന്നാൽ സെക്ഷൻ വിഭജനത്തിനുള്ള മുകളിൽ പരാമർശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ഫറോക്ക്, രാമനാട്ടുകര, കടലുണ്ടി എന്നീ സെക്ഷനുകളുടെ കാര്യത്തിൽ പാലിക്കപ്പെടാത്തതിനാൽ ടി സെക്ഷൻ ഓഫീസുകൾ വിഭജിച്ച് ഫറോക്ക് കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

**ചേലക്കര മണ്ഡലത്തിന്റെ സമ്പൂർണ്ണ വൈദ്യുതീകരണം**

241 (644) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിന്റെ സമ്പൂർണ്ണ വൈദ്യുതീകരണ ത്തിനായുള്ള പ്രവൃത്തികൾ ഏതു ഘട്ടത്തിലാണ്;

(ബി) ഈ പദ്ധതി പ്രകാരം എത്ര ഗുണഭോക്താക്കൾക്ക് ഇതിനകം വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്; ഇനി എത്ര പേർക്ക് കണക്ഷൻ നൽകാനുണ്ട്;

(സി) ആകെ എസ്റ്റിമേറ്റ് തുക എത്രയാണ്; ഇതിൽ കെ.എസ്.ഇ.ബി.യുടെ വിഹിതം എത്രയെന്നും എം.എൽ.എ. ഫണ്ട് വിഹിതം എത്രയെന്നും വ്യക്തമാക്കുമോ;

(ഡി) വയറിങ്ങ് നടത്താൻ സാമ്പത്തിക ശേഷിയില്ലാത്ത കുടുംബങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഉത്തരവുപ്രകാരം ഗ്രാമപഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി വയറിങ്ങ് നടത്തി അവർക്കു കൂടി സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഗുണഫലം ലഭ്യമാക്കുന്നതിന് ഏതെല്ലാം ഗ്രാമപഞ്ചായത്തുകളാണ് തയ്യാറായിട്ടുള്ളത്; അവയുടെ പേരുവിവരം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ചേലക്കര നിയോജകമണ്ഡലത്തിന്റെ സമ്പൂർണ്ണ വൈദ്യുതീകരണത്തിനായുള്ള പ്രവൃത്തികൾ 65 % പൂർത്തിയായിട്ടുണ്ട്.

(ബി) 21-2-2017-ലെ കണക്കുകൾ പ്രകാരം ഈ പദ്ധതി അനുസരിച്ച് 903 പേർക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. 495 പേർക്ക് വൈദ്യുതി കണക്ഷൻ നൽകുവാനുണ്ട്.

(സി) പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള ആകെ എസ്റ്റിമേറ്റ് തുക 1,38,30,000 രൂപയുമാണ്. അതിൽ കെ.എസ്.ഇ.ബി.എൽ-ന്റെ വിഹിതം 69,15,000 രൂപയും എം.എൽ.എ. വിഹിതം 69,15,000 രൂപയുമാണ്.

(ഡി) വരവൂർ, മുള്ളൂർക്കര, പാഞ്ഞാൾ, വള്ളത്തോൾ നഗർ, കൊണ്ടാഴി, ചേലക്കര, പഴയന്നൂർ, തിരുവില്വാമല എന്നീ ഗ്രാമപഞ്ചായത്തുകളാണ് നിലവിൽ പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി വയറിംഗ് പൂർത്തിയാക്കാൻ തയ്യാറായിട്ടുള്ളത്.

## മണലൂർ മണ്ഡലത്തിന്റെ സമ്പൂർണ്ണ വൈദ്യുതീകരണം

242 (645) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര കണക്ഷനുകൾ നൽകുകയുണ്ടായി; ഇനി എത്ര കണക്ഷനുകൾ നൽകുവാനുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) മണ്ഡലം സമ്പൂർണ്ണ വൈദ്യുതീകരണം നേടിയതായി പ്രഖ്യാപിക്കുന്നതിന് അവശേഷിക്കുന്ന കണക്ഷനുകൾ അടിയന്തരമായി നൽകുവാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം മണലൂർ നിയോജക മണ്ഡലത്തിൽ 624 ഗുണഭോക്താക്കൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണ പ്രവൃത്തികൾ 77 % പൂർത്തിയായിട്ടുണ്ട്.

(ബി) 21-2-2017-ലെ കണക്കനുസരിച്ച് ഈ പദ്ധതിയുമായി ബന്ധപ്പെട്ട് 480 പേർക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. 144 പേർക്ക് കണക്ഷൻ നൽകാനുണ്ട്.

(സി) അവശേഷിക്കുന്ന കണക്ഷനുകൾ നൽകാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വയറിംഗ് പൂർത്തിയാക്കാത്ത അപേക്ഷകരുടെ വയറിംഗ് നടത്തുന്നതിനായി ആവശ്യമായ തുക കണക്കാക്കി, എസ്റ്റിമേറ്റ് എല്ലാ പഞ്ചായത്തുകളിലും സമർപ്പിച്ചിട്ടുണ്ട്.

## വ്യവസായ സ്ഥാപനങ്ങളിലെ ജനറേറ്ററുകൾ വ്യാപകമായി ഉപയോഗിക്കുവാനുള്ള പദ്ധതി

243 (646) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉപഭോഗം കൂടി നിൽക്കുന്ന ഈ കൊടുംവരൾച്ചയിൽ അന്യ സംസ്ഥാനത്ത് നിന്നുള്ള വൈദ്യുതിയെ മാത്രം ആശ്രയിക്കാതെ നമ്മുടെ സംസ്ഥാനത്ത് വാണിജ്യ, വ്യവസായ സ്ഥാപനങ്ങളിലെ ജനറേറ്ററുകൾ വ്യാപകമായി ഉപയോഗിക്കുവാനുള്ള പദ്ധതി നടപ്പാക്കുന്ന കാര്യം ആലോചിക്കുമോ;

(ബി) ഏറ്റവും കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളിൽ 18w സി.എഫ്.എൽ.-കൾ മാറ്റി 9w എൽ.ഇ.ഡികൾ ആക്കുന്നതിന് വ്യാപക പ്രചാരണവും നടപടിയും സ്വീകരിക്കുമോ;

(സി) സൗരോർജ്ജം അടക്കമുള്ള പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ പ്രയോജനപ്പെടുത്തുന്ന പദ്ധതികൾ കൂടുതലായി നടപ്പിലാക്കുന്ന കാര്യം ആലോചിക്കുമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല. ഇപ്രകാരമുള്ള വൈദ്യുതിയുടെ വില അധികമാണ്.

(ബി) ഏറ്റവും കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക മേഖലയിൽപ്പെട്ട ഉപഭോക്താക്കൾക്ക് രണ്ട് 9 W LED വീതം സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്ന ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം (ഡെൽപ്പ്) എന്ന പദ്ധതി കെ.എസ്.ഇ.ബി.-യിൽ നടപ്പിലാക്കിവരുന്നു.

(സി) പാരമ്പര്യേതര ഊർജ്ജ പദ്ധതികൾ സാദ്ധ്യതാപഠനം നടത്തുന്നതിനും ഊർജ്ജോത്പാദനം സാദ്ധ്യമാക്കുന്നതിനുമായി ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ റിന്യൂവബിൾ എനർജി & എനർജി സേവിംഗ്സ് എന്ന വിഭാഗം പ്രവർത്തിച്ചുവരുന്നു. 2022-ഓടുകൂടി പാരമ്പര്യേതര വൈദ്യുതോല്പാദന സ്ഥാപിത ശേഷി 1104.17 Mw ആയി ഉയർത്തുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഈ വർഷം 77 Mw-ന്റെ പദ്ധതികൾ ഗ്രിഡുമായി ബന്ധിപ്പിക്കാം. നാളിതുവരെ 14 സൗരോർജ്ജ പദ്ധതികളിൽ നിന്നായി 9.36 Mw-ന്റെ പദ്ധതികൾ ചുരുങ്ങിയ സമയത്തിനുള്ളിൽ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 10.3 Mw ശേഷിയുള്ള 13 സൗരോർജ്ജ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. 4.71 Mw ശേഷിയുള്ള 6 പദ്ധതികളുടെ ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. 0.3 kw ശേഷിയുള്ള 3 കാറ്റാടിയന്ത്രങ്ങൾ തിരുവനന്തപുരം വൈദ്യുതി ഭവന്റെ മേൽക്കൂരയിൽ പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിച്ചിട്ടുണ്ട്. 2.625 Mw ശേഷിയുള്ള കാറ്റാടിയന്ത്രങ്ങൾ കഞ്ചിക്കോട് സ്ഥാപിക്കുന്നതിനുള്ള ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. പൂവാർ കടൽതീരത്ത് 20 kw ശേഷിയുള്ള 50 കാറ്റാടിയന്ത്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. കൂടാതെ ജില്ലാ പഞ്ചായത്തുകളുടെ അധീനതയിലുള്ള കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സോളാർ പദ്ധതികൾ സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതാപഠനം നടത്തിവരുന്നു.

കേന്ദ്ര നവ നവീകരണ ഊർജ്ജ മന്ത്രാലയം വിവിധ സംസ്ഥാനങ്ങളിൽ നടപ്പിലാക്കുന്ന സോളാർ പാർക്ക് പദ്ധതിപ്രകാരം കേരളത്തിൽ കാസർഗോഡ് ജില്ലയിൽ 200 Mw പദ്ധതി നടപ്പിലാക്കിവരുന്നു. ടി പദ്ധതിയിൽ നിന്നും നടപ്പുവർഷം 50 Mw പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്. ശേഷിക്കുന്നതിൽ 50 Mw 2017-18-ലും 100 Mw 2018-19-ലും പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ 200 Mw സോളാർ പാർക്ക് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വൈദ്യുതി മോഷണം

244 (647) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി മോഷണം തടയാനും ബോർഡിന്റെ നഷ്ടം കുറയ്ക്കാനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര വൻകിട, ചെറുകിട വൈദ്യുതി മോഷണ കേസ്സുകൾ ചാർജ്ജ് ചെയ്തു ; ഫൈൻ ഇനത്തിൽ ഇതുവരെ എന്തു തുക ഖജനാവിൽ എത്തിയെന്ന് വ്യക്തമാക്കാമോ ;

(സി) വൈദ്യുതി ബോർഡിന് നിലവിൽ പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക എത്രയാണ്; ആയത് പിരിച്ചെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ;

(ഡി) വൈദ്യുതി ബോർഡിന്റെ പ്രസരണ നഷ്ടം കുറയ്ക്കുന്നതിനും വിതരണ ശൃംഖല കൂടുതൽ കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) സംസ്ഥാനത്ത് വൈദ്യുതി മോഷണം തടയുന്നതിനും ബോർഡിന്റെ നഷ്ടം കുറയ്ക്കുന്നതിനുമായി വൈദ്യുതി ബോർഡ് ലിമിറ്റഡിൽ ആവശ്യം വേണ്ട സജ്ജീകരണങ്ങളോടുകൂടി ചീഫ് വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ 14 ആന്റി പവർ തെഫ്റ്റ് സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമെ സെക്ഷൻ തലത്തിലും ഡിവിഷൻ തലത്തിലും പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് നിരന്തരം പരിശോധനകൾ നടത്തിവരുന്നുണ്ട്. സെക്ഷൻ ഓഫീസുകളിൽ വൈദ്യുതി മോഷണം ഉൾപ്പെടെയുള്ള ക്രമക്കേടുകൾ അറിയിക്കുന്നതിനായി ബന്ധപ്പെട്ട ടെലിഫോൺ നമ്പറുകൾ പ്രദർശിപ്പിച്ചിട്ടുണ്ട്. കൂടാതെ പത്രമാധ്യമങ്ങൾ മുഖേന വൈദ്യുതി മോഷണം സംബന്ധിച്ച് പൊതുജനങ്ങൾക്ക് വിവരങ്ങൾ വിളിച്ച് അറിയിക്കുന്നതിനുള്ള ബന്ധപ്പെട്ട നമ്പറുകൾ പ്രസിദ്ധപ്പെടുത്തി പ്രചാരം നൽകുന്നുണ്ട്.

ഇതുകൂടാതെ വൈദ്യുതി മോഷണം തടയുന്നതിനായി ഉപഭോക്താവ് മീറ്ററിൽ കൃത്രിമം നടത്തിയാൽ ആയത് സൂചിപ്പിക്കുവാൻ കഴിയുന്ന മീറ്ററുകൾ സ്ഥാപിക്കുകയും മീറ്ററിന്റെ കവർ ഇളക്കിമാറ്റി വൈദ്യുതി മോഷണം നടത്തുന്നത് തടയുന്നതിനായി പോളികാർബണേറ്റ് സീലുകൾ ഉപയോഗിക്കുകയും ചെയ്തുവരുന്നു.

എ.പി.റ്റി. സ്ക്വാഡുകൾക്ക് വൈദ്യുതി മോഷണം കണ്ടുപിടിക്കുന്നതിന് സഹായകമായി ആധുനിക സംവിധാനങ്ങളുള്ള അക്യുചെക്ക്, കോമൺ മീറ്റർ റീഡിംഗ് ഉപകരണം, ടോങ്ങ് ടെസ്റ്റർ, മൾട്ടി മീറ്റർ തുടങ്ങിയ ഉപകരണങ്ങളും നൽകിയിട്ടുണ്ട്.

കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെ നഷ്ടം കുറച്ച് ലാഭത്തിലാക്കാൻ സാമ്പത്തിക വിഭാഗത്തിൽ ചുവടെ ചേർക്കുന്ന നടപടികൾ കൈക്കൊള്ളുന്നതാണ്.

i. മുൻകാലങ്ങളിലെന്നപോലെ ഉയർന്ന നിരക്കിലുള്ള വായ്പകൾ തിരിച്ചടച്ച് കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പയെടുക്കുന്നതാണ്.

ii. കേന്ദ്രസർക്കാർ 20-11-2015-ൽ പ്രഖ്യാപിച്ച 'ഉദയ്' പദ്ധതിയുടെ പ്രവർത്തന മികവ് വർദ്ധിപ്പിക്കുന്ന ഭാഗത്തിൽ പങ്കാളിയാകുന്നതിന് നടപടിയെടുത്തു. പ്രസ്തുത പദ്ധതി പ്രകാരം AT&C loss കുറയ്ക്കുന്നതിനും റവന്യൂ ഗ്യാപ്പ് കുറയ്ക്കുന്നതിനും നടപടിയെടുക്കുന്നതാണ്.

കൂടാതെ മിതമായ വിലയിൽ ഹ്രസ്വ-ദീർഘകാലാടിസ്ഥാനത്തിലുള്ള കരാറുകൾ വഴി വൈദ്യുതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും പ്രവർത്തന മികവ് കൂട്ടുതൽ മെച്ചപ്പെടുത്തുന്നതിലൂടെയും ബോർഡിന്റെ നഷ്ടം കുറച്ചുകൊണ്ട് വരാനാണ് ശ്രമിക്കുന്നത്.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷനിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് സമർപ്പിച്ചിട്ടുള്ള വരവ് ചെലവ് കണക്കുകൾ അംഗീകരിച്ച തദനുസരണമായ നടപടികൾ സ്വീകരിക്കുന്നതിലൂടെയും കേരള സംസ്ഥാന വാട്ടർ അതോറിറ്റിയിൽ നിന്നും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുമായി വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടേണ്ട 1200 കോടി രൂപ ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതിലൂടെയും ബോർഡിന്റെ സാമ്പത്തിക ബാദ്ധ്യത ഗണ്യമായി കുറയുന്നതാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 145 വൻകിട-ചെറുകിട വൈദ്യുതി മോഷണ കേസ്സുകൾ കണ്ടെത്തുകയും ഫൈൻ ഇനത്തിൽ 1,07,38,530 രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

2016-17 സാമ്പത്തിക വർഷത്തിൽ ഏപ്രിൽ മുതൽ ഡിസംബർ വരെ 'കോമ്പൗണ്ടിംഗ് ചാർജ്ജ്' ഇനത്തിൽ ഏകദേശം 21.62 ലക്ഷം രൂപ കെ.എസ്.ഇ.ബി. ലിമിറ്റഡിന് ലഭിച്ചിട്ടുണ്ട്.

(സി) 31-12-2016-ൽ അവസാനിക്കുന്ന ത്രൈമാസ കണക്കുപ്രകാരം വൈദ്യുതി ബോർഡ് ലിമിറ്റഡിനു പിരിഞ്ഞു കിട്ടേണ്ട പലിശ ഉൾപ്പെടുത്താതെയുള്ള വൈദ്യുതി കുടിശ്ശിക 2044.78 കോടി രൂപയാണ്.

സപ്ലൈ കോഡ് 2014-ൽ പരാമർശിച്ചിട്ടുള്ള സമയപരിധി അനുസരിച്ച് കുടിശ്ശിക വരുത്തുന്ന ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കൽ, കണക്ഷൻ അഴിച്ചുമാറ്റൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. അതിനുശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും കുടിശ്ശിക വകയിരുത്താറുണ്ട്. ഇതിൽ നിന്നും വകയിരുത്താൻ കഴിയാത്ത തുക റവന്യൂ റിക്കവറി നടപടികൾക്കായി നൽകാറുണ്ട്. ദീർഘകാല കുടിശ്ശികയുള്ള ഉപഭോക്താക്കളിൽ നിന്നും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടി ആവിഷ്കരിച്ചിട്ടുണ്ട്. കേരള പോലീസ്, കേരള വാട്ടർ അതോറിറ്റി, സർക്കാർ ആശുപത്രികൾ, കോടതി വ്യവഹാരങ്ങൾ നിലനിൽക്കുന്നവ എന്നിവ ഒഴിച്ചുള്ള വൈദ്യുത കണക്ഷനുകളാണ് സാധാരണഗതിയിൽ വിച്ഛേദിക്കാറുള്ളത്. ഇത്തരം ഉപഭോക്താക്കൾക്ക് കുടിശ്ശിക വിവരങ്ങൾ വ്യക്തമാക്കുന്ന നോട്ടീസ് നൽകാറുണ്ട്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഉപയുക്തമാക്കാനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.

(ഡി) 2015-16 സാമ്പത്തിക വർഷത്തിലെ പ്രസരണ വിതരണ നഷ്ടം 14.37 ശതമാനമാണ്. സംസ്ഥാനത്ത് വൈദ്യുതി വിതരണ ശൃംഖലയിലുള്ള നഷ്ടത്തിനെ 'ടെക്നിക്കൽ ലോസ്സെന്നും' 'കൊമേഴ്സ്യൽ ലോസ്സെന്നും' രണ്ടായി തരം തിരിച്ചിരിക്കുന്നു. വൈദ്യുതി പ്രസരണ വിതരണ ലൈനുകളിലൂടെയും ട്രാൻസ്ഫോർമറുകളിലൂടെയും വൈദ്യുതി പ്രസരിക്കുമ്പോഴുണ്ടാകുന്ന നഷ്ടത്തെയാണ് ടെക്നിക്കൽ ലോസായി കണക്കാക്കുന്നത്. വൈദ്യുതി മോഷണം, കേടായ എനർജി മീറ്ററുകൾ തുടങ്ങിയവ കാരണവും യഥാർത്ഥ വൈദ്യുത ഉപയോഗം കണക്കാക്കാൻ കഴിയാറില്ല. ടി കാരണങ്ങൾ കൊണ്ടും ബില്ലിംഗിൽ വരുന്ന തെറ്റുകളും കൊണ്ടുമുള്ള നഷ്ടത്തെയാണ് കൊമേഴ്സ്യൽ ലോസ് (Commercial loss) ആയി കണക്കാക്കുന്നത്.

ടെക്നിക്കൽ ലോസ് കുറയ്ക്കുന്നതിന് താഴെപ്പറയും വിവിധ പദ്ധതികളാണ് ബോർഡ് നടപ്പിലാക്കിവരുന്നത്:

1. കൂടുതൽ എച്ച്.റ്റി. ലൈനുകൾ സ്ഥാപിച്ച് എച്ച്.റ്റി/എൽ.റ്റി. അനുപാതം മെച്ചപ്പെടുത്തുക.

2. കൂടുതൽ വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് എൽ.റ്റി. ലൈനുകളിലുള്ള ഊർജ്ജ നഷ്ടം കുറയ്ക്കുക.

3. എച്ച്.റ്റി. ലൈനുകളിലും എൽ.റ്റി. ലൈനുകളിലും പഴയ കണ്ടക്ടർ മാറ്റി പുതിയ കണ്ടക്ടർ സ്ഥാപിക്കുക.

4. സിസ്റ്റം പവർ ഫാക്ടർ മെച്ചപ്പെടുത്തുക.

5. കൂടുതൽ സബ്സ്റ്റേഷനുകളും പ്രസരണ ലൈനുകളും സ്ഥാപിക്കുക.

വിതരണ ശൃംഖലയിലുള്ള കൊമേഴ്സ്യൽ ലോസ് കുറയ്ക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികളാണ് ബോർഡ് നടപ്പിലാക്കിവരുന്നത്:

1. കേടായ മീറ്ററുകളും ഇലക്ട്രോ മെക്കാനിക്കൽ മീറ്ററുകളും മാറ്റി പുതിയ ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കുക.
2. ബോർഡിന്റെ ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് കൂടുതൽ കാര്യക്ഷമമാക്കുക.
3. ഉപഭോക്താക്കളുടെ ബിൽ നൽകുന്നതും റവന്യൂ കളക്ഷനും കമ്പ്യൂട്ടർവത്കരിക്കുക.
4. എനർജി ഓഡിറ്റ് (ഫീഡർ തലത്തിലും ട്രാൻസ്ഫോർമർ തലത്തിലും) കൂടുതൽ വ്യാപകമാക്കുക.

വൈദ്യുതി പ്രസരണ വിതരണ നഷ്ടം കുറയ്ക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന നടപടികൾ 2002-03 മുതൽ വൈദ്യുതി ബോർഡ് സ്വീകരിച്ചിട്ടുണ്ട്:

i. 2002-03 മുതൽ 2015-16 വരെയുള്ള കാലയളവിൽ 2727 സർക്യൂട്ട് കിലോമീറ്ററോളം ഇ.എച്ച്.റ്റി. ലൈനുകളും 189 സബ്സ്റ്റേഷനുകളും 26034 സർക്യൂട്ട് കിലോമീറ്റർ എച്ച്.റ്റി. ലൈനുകളും 72344-ഓളം സർക്യൂട്ട് കിലോമീറ്റർ എൽ.റ്റി. ലൈനുകളും 40823-ഓളം വിതരണ ട്രാൻസ്ഫോർമറുകളും സ്ഥാപിച്ചിട്ടുണ്ട്.

ii. കൂടാതെ 2002-03 മുതൽ 2015-16 വരെയുള്ള കാലയളവിൽ വൈദ്യുതി ബോർഡ് 94 ലക്ഷം കേടായ മീറ്ററുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ഈ കാലയളവിൽ ഏകദേശം 161 കോടിയോളം രൂപ വൈദ്യുതി മോഷണം നടത്തിയ വകയിൽനിന്നും പിഴയായി എ.പി.റ്റി.എസ്. വസൂലാക്കിയിട്ടുണ്ട്.

സംസ്ഥാനത്തിന്റെ പ്രസരണ വിതരണ നഷ്ടം 2001-02-ൽ 30.76 ശതമാന മായിരുന്നു. എന്നാൽ ഇത് 2015-16-ൽ 14.37 ശതമാനത്തിലേക്ക് എത്തിക്കുന്നതിന് വൈദ്യുതി ബോർഡിന് സാധിച്ചിട്ടുണ്ട്. കൂടുതൽ സബ്സ്റ്റേഷനുകൾ സ്ഥാപിച്ചും വിതരണ ലൈനുകൾ വലിച്ചും കൂടുതൽ വിതരണ ലൈനുകൾ വലിച്ചും കൂടുതൽ വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചും കേടായ മീറ്ററുകൾ മാറ്റിയും വൈദ്യുതി മോഷണം തടയുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കിയും വൈദ്യുതി ബോർഡ് സംസ്ഥാനത്തിലെ പ്രസരണ വിതരണ നഷ്ടം 2001-02 മുതൽ 2015-16 വരെ (15 വർഷം കൊണ്ട്) 16.39 ശതമാനം കണ്ട് കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. ഇതുവഴി 2015-16-ൽ മാത്രം ഏകദേശം 5341 ദശലക്ഷം യൂണിറ്റ് വൈദ്യുതി വാങ്ങുന്നത് ഒഴിവാക്കുന്നതിനും അതുവഴി 1869 കോടിയോളം രൂപ വൈദ്യുതി വാങ്ങൽ വിലയിൽ ലാഭിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

നടപ്പുസാമ്പത്തിക വർഷം വൈദ്യുതി പ്രസരണ വിതരണ നഷ്ടം 14.10 ശതമാനത്തിലേക്ക് എത്തിക്കുന്നതിനാണ് സംസ്ഥാന വൈദ്യുതി ബോർഡ് ലക്ഷ്യമിടുന്നത്. ഇതിനുവേണ്ടി 18 പുതിയ സബ്സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനും 367 സർക്യൂട്ട് കിലോമീറ്ററോളം പുതിയ ഇ.എച്ച്.റ്റി. ലൈനുകളും 3050 കിലോമീറ്ററോളം എച്ച്.റ്റി. ലൈനുകളും 3300 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളും 3500 കിലോമീറ്റർ പുതിയ എൽ.റ്റി. ലൈനുകളും 14 ലക്ഷം കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതിനും ബോർഡ് ലക്ഷ്യമിട്ടിട്ടുണ്ട്.

## വൈദ്യുതി ക്ഷാമം

245 (648) ശ്രീ. കെ. സി. ജോസഫ്:
ശ്രീ. പി. ടി. തോമസ്:
ശ്രീ. അനിൽ അക്കര:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം അഭിമുഖീകരിക്കുന്ന വൈദ്യുതി ക്ഷാമം നേരിടുന്നതിന് എന്തൊക്കെ മുൻ കരുതലുകളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തിന് പുറത്ത് നിന്നും കൂടുതൽ വൈദ്യുതി കൊണ്ടുവരുന്നതിനുള്ള ലൈനുകളുടെ ശേഷി ഉയർത്താൻ പവർ ഗ്രിഡ് കോർപ്പറേഷൻ അനുമതി നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പുറത്തുനിന്നും വൈദ്യുതി വാങ്ങുന്നതിന് പ്രതിമാസം എന്ത് തുകയാണ് വൈദ്യുതി ബോർഡ് ഇപ്പോൾ ചിലവാക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്തിന് കേന്ദ്രവിഹിതമായി ഇപ്പോൾ ലഭിക്കുന്ന വൈദ്യുതി എത്രയാണെന്നും അധികവൈദ്യുതി ലഭ്യമാക്കുന്നതിന് ഏതെങ്കിലും കരാറിൽ ഒപ്പുവച്ചിട്ടുണ്ടോയെന്നും വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) കാലവർഷത്തിന്റെ കുറവ് കാരണം ആഭ്യന്തര ജലവൈദ്യുതി ഉത്പാദത്തിൽ 45 ശതമാനം കുറവ് വന്നിട്ടുണ്ട്. ഇത് കാരണം ഉണ്ടായേക്കാവുന്ന വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് കേരളത്തിന് പുറത്തുനിന്ന് വൈദ്യുതി കൊണ്ടുവരുന്നതിനുള്ള ദീർഘകാല ഹ്രസ്വകാല കരാറുകളിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഏർപ്പെട്ടിട്ടുണ്ട്. 865 മെഗാവാട്ടിന്റെ ദീർഘകാല കരാറും 300 മെഗാവാട്ട് റൗണ്ട് ദ ക്ലോക്ക് അടിസ്ഥാനത്തിലും 100 മെഗാവാട്ട് പീക്ക് സമയത്തും ഹ്രസ്വകാല കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതിൽ 315 മെഗാവാട്ട്

വൈദ്യുതി ദീർഘകാലാടിസ്ഥാനത്തിൽ 6-12-2016-ൽ ലഭിച്ചുതുടങ്ങി. മാർച്ച് മുതൽ ലഭിക്കേണ്ട 200 മെഗാവാട്ട് ഹ്രസ്വകാല കരാർ അനുസരിച്ച് വൈദ്യുതി കൊണ്ടുവരാനുള്ള ഇടനാഴിയും ലഭിച്ചിട്ടുണ്ട്. കൂടാതെ മാർച്ച് മാസത്തിൽ 85 മെഗാവാട്ട് വൈദ്യുതി വൈകുന്നേരം 6 മണി മുതൽ രാത്രി 12 വരെ കൊണ്ടുവരാനുള്ള ഇടനാഴിയും ലഭ്യമായിട്ടുണ്ട്. ഇത് കഴിഞ്ഞുള്ള വൈദ്യുതി കമ്മി പവർ എക്സ്ചേഞ്ച്, അൺഷെഡ്യൂൾഡ് ഇന്റർചേഞ്ച് എന്നിവ വഴി നികത്താനാണ് ഉദ്ദേശിക്കുന്നത്.

(ബി) സംസ്ഥാനത്തിന് പുറത്തുനിന്നും അധിക വൈദ്യുതി കൊണ്ടുവരുന്നതിനായി നിലവിലുള്ള ലൈനുകളുടെ മുഴുവൻ ശേഷിയും പ്രയോജനപ്പെടുത്തുന്നതിനായി അരീക്കോട് സബ് സ്റ്റേഷനിൽ മൂന്നാമത്തെ ട്രാൻസ്ഫോർമർ താൽക്കാലിക സംവിധാനമൊരുക്കി സ്ഥാപിക്കുന്നതിനുള്ള നടപടികൾ പവർ ഗ്രിഡ് സ്വീകരിച്ചുവരുന്നു. 2017 മാർച്ച് ആദ്യവാരം ട്രാൻസ്ഫോർമർ പ്രവർത്തനക്ഷമ മാകുമെന്ന് പവർ ഗ്രിഡ് അറിയിച്ചിട്ടുണ്ട്.

(സി) വൈദ്യുതി വാങ്ങിയ വകയിൽ വൈദ്യുതി ബോർഡിന് 2016 ഡിസംബർ മാസം 704.58 കോടി രൂപ ചെലവായിട്ടുണ്ട്.

(ഡി) 2017 ഫെബ്രുവരി 21 തീയതിയിലെ കണക്ക് പ്രകാരം പ്രതിദിന ശരാശരി കേന്ദ്രവിഹിതമായി 30.5224 ദശലക്ഷം യൂണിറ്റ് വൈദ്യുതി ലഭ്യമായിട്ടുണ്ട്. അധിക കേന്ദ്രവിഹിതം ലഭ്യമാക്കുന്നതിനുള്ള കരാറുകളിൽ ഇപ്പോൾ ഏർപ്പെട്ടിട്ടില്ല.

**വൈദ്യുതി ക്ഷാമം പരിഹരിക്കാൻ നടപടി**

246 (649) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവൈദ്യുതിയുടെ ലഭ്യതയിലുണ്ടായ കുറവ് നേരിടാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) വീടുകളിൽ എൽ.ഇ.ഡി. ബൾബിന്റെ ഉപയോഗം വർദ്ധിപ്പിക്കാൻ സമയബന്ധിതമായി ഇടപെടുമോ; ഇതിനായി എന്തെങ്കിലും കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) വീടുകളിൽ എൽ.ഇ.ഡി. ബൾബ് വിതരണം ചെയ്ത്, ബൾബിന് ചെലവായ തുക ഉപഭോക്താക്കളിൽ നിന്ന് ഗഡുക്കളായി ഈടാക്കുന്ന രീതി ആവിഷ്കരിക്കുമോ?

<u>ഉത്തരം</u>

(എ) കാലവർഷത്തിന്റെ കുറവ് കാരണം ആഭ്യന്തര ജലവൈദ്യുത ഉത്പാദത്തിൽ 45 ശതമാനം കുറവ് വന്നിട്ടുണ്ട്. ഇത് കാരണം ഉണ്ടായേക്കാവുന്ന വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് കേരളത്തിന് പുറത്തുനിന്ന് വൈദ്യുതി കൊണ്ടുവരുന്നതിനുള്ള ദീർഘകാല ഹ്രസ്വകാല കരാറുകളിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഏർപ്പെട്ടിട്ടുണ്ട്. 865 മെഗാവാട്ടിന്റെ ദീർഘകാല കരാറും 300 മെഗാവാട്ട് റൗണ്ട് ദ ക്ലോക്ക് അടിസ്ഥാനത്തിലും 100 മെഗാവാട്ട് പീക്ക് സമയത്തും ഹ്രസ്വകാല കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതിൽ 315 മെഗാവാട്ട് വൈദ്യുതി ദീർഘകാലാടിസ്ഥാനത്തിൽ 6-12-2016-ൽ ലഭിച്ചുതുടങ്ങി. മാർച്ച് മുതൽ ലഭിക്കേണ്ട 200 മെഗാവാട്ട് ഹ്രസ്വകാല കരാർ അനുസരിച്ച് വൈദ്യുതി കൊണ്ടുവരാനുള്ള ഇടനാഴിയും ലഭിച്ചിട്ടുണ്ട്. കൂടാതെ മാർച്ച് മാസത്തിൽ 85 മെഗാവാട്ട് വൈദ്യുതി വൈകുന്നേരം 6 മണി മുതൽ രാത്രി 12 മണിക്കൂർ കൊണ്ടുവരാനുള്ള ഇടനാഴിയും ലഭ്യമായിട്ടുണ്ട്. ഇത് കഴിഞ്ഞുള്ള വൈദ്യുതി കമ്മി പവർ എക്സ്ചേഞ്ച്, അൺഷെഡ്യൂൾഡ് ഇന്റർചേഞ്ച് എന്നിവ വഴി നികത്താനാണ് ഉദ്ദേശിക്കുന്നത്.

അധിക വൈദ്യുതി കൊണ്ടുവരുന്ന 400 കെ.വി. അരീക്കോട് സബ് സ്റ്റേഷനിൽ മൂന്നാമത്തെ ട്രാൻസ്ഫോർമറിനുവേണ്ടി താൽക്കാലിക സംവിധാനമൊരുക്കുന്നുണ്ട്. 2017 മാർച്ച് ആദ്യവാരം ട്രാൻസ്ഫോർമർ പ്രവർത്തനക്ഷമമാകുമെന്ന് പവർ ഗ്രിഡ് അറിയിച്ചിട്ടുണ്ട്. ജലവൈദ്യുതിയുടെ കുറവ് നേരിടാൻ എന്ന ലക്ഷ്യത്തോടെ പ്രത്യേക പദ്ധതി ഒന്നും അനെർട്ട് ഏറ്റെടുത്തിട്ടില്ല. എന്നാൽ നടപ്പുസാമ്പത്തിക വർഷം അനെർട്ട് നടപ്പിലാക്കുന്ന ചുവടെ ചേർക്കുന്ന പദ്ധതികൾ മുഖേന സൗരോർജ്ജ വൈദ്യുതി ഉത്പാദനം സാദ്ധ്യമാണ്.

2016-17 വർഷത്തെ പദ്ധതിയുടെ ഭാഗമായി 2 കിലോവാട്ട് മുതൽ 100 കിലോവാട്ട് വരെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർപ്ലാന്റുകൾ (ആകെ ശേഷി : 5000 കിലോവാട്ട്) കേന്ദ്ര സംസ്ഥാന സബ്സിഡിയോടെ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സ്ഥാപിച്ചുനൽകാനും ഒരു കിലോവാട്ട് മുതൽ 5 കിലോ വാട്ട് വരെ ശേഷിയുള്ള ഓഫ് ഗ്രിഡ് സോളാർ പവർപ്ലാന്റുകൾ (ആകെ ശേഷി : 6400 കിലോവാട്ട്) കേന്ദ്ര-സംസ്ഥാന സർക്കാർ സബ്സിഡിയോടെ സ്ഥാപിച്ചു നൽകുന്നതിനും ലക്ഷ്യമിടുന്നു. കൂടാതെ ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിലെ ഒറ്റപ്പെട്ട വിദൂരസ്ഥമായ വീടുകളിൽ സോളാർ വൈദ്യുതീകരണം നടത്താനും ഉദ്ദേശിക്കുന്നു. ആകെ 2000 വീടുകളാണ് ഇത്തരത്തിൽ വൈദ്യുതീകരിക്കാൻ ലക്ഷ്യമിടുന്നത്. ഈ പദ്ധതികളുടെ നടത്തിപ്പിനായി 2898 ലക്ഷം രൂപ വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നു.

(ബി) ഉണ്ട്. വീടുകളിൽ എൽ.ഇ.ഡി. ബൾബുകളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം (ഡെൽപ്) എന്ന പദ്ധതി കെ.എസ്.ഇ.ബി.-യിൽ നടപ്പിലാക്കി വരുന്നു. പദ്ധതി പ്രകാരം രണ്ട് ബൾബുകൾ വീതം ഗാർഹിക ഉപഭോക്താക്കൾക്ക് സൗജന്യ നിരക്കിൽ നൽകുക വഴി 75 ലക്ഷം ഉപഭോക്താക്കൾക്ക് സൗജന്യ നിരക്കിൽ നൽകുകവഴി 75 ലക്ഷം ഉപഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നു. ഇതുവരെ ഒരു കോടിയിൽപ്പരം ബൾബുകൾ പദ്ധതി പ്രകാരം ലഭ്യമായിട്ടുണ്ട്. കേന്ദ്ര സ്ഥാപനമായ ഇ.ഇ.എസ്.എൽ. ആണ് പദ്ധതിയ്ക്ക് വേണ്ട ബൾബുകൾ ലഭ്യമാക്കുന്നത്. ഇവർ നാഷണൽ എൽ.ഇ.ഡി.മിഷൻ എന്ന കേന്ദ്ര പദ്ധതിയിലെ പങ്കാളികളാണ്.

(സി) ഡെൽപ്പ് പദ്ധതി പ്രകാരം രണ്ട് എൽ.ഇ.ഡി. ബൾബുകളുടെ സൗജന്യ നിരക്കിലുള്ള വില ഒരുമിച്ച് ഈടാക്കുന്ന രീതിയാണ് നിലവിലുള്ളത്.

## വൈദ്യുതി തുകയുടെ കുടിശ്ശിക

247 (650) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഭീമമായ വൈദ്യുതി തുക കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളിൽനിന്നും ആയത് പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

(ബി) കഴിഞ്ഞ യു.ഡി.എഫ്. ഭരണ കാലത്ത് വൈദ്യുതി തുക കുടിശ്ശിക വരുത്തിയ പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമാണ് ?

### ഉത്തരം

(എ) സപ്ലൈ കോഡ് 2014-ൽ പരാമർശിച്ചിട്ടുള്ള സമയപരിധി അനുസരിച്ച്, കുടിശ്ശിക വരുത്തുന്ന ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കൽ, കണക്ഷൻ അഴിച്ചുമാറ്റൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. അതിനുശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽനിന്നും കുടിശ്ശിക വകയിരുത്താറുണ്ട്. ഇതിൽനിന്നും വകയിരുത്താൻ കഴിയാത്ത തുക റവന്യൂ റിക്കവറി നടപടികൾക്കായി നൽകാറുണ്ട്. ദീർഘകാല കുടിശ്ശികയുള്ള ഉപഭോക്താക്കളിൽ നിന്നും ഒറ്റത്തവണ തീർപ്പാകാത്ത പദ്ധതിവഴി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടി ആവിഷ്കരിച്ചിട്ടുണ്ട്. കേരള പോലീസ്, കേരള വാട്ടർ അതോറിറ്റി, സർക്കാർ ആശുപത്രികൾ, കോടതി വ്യവഹാരങ്ങൾ നിലനിൽക്കുന്നവ എന്നിവ

ഒഴിച്ചുള്ള വൈദ്യുത കണക്ഷനുകളാണ് സാധാരണഗതിയിൽ വിച്ഛേദിക്കാറുള്ളത്. ഇത്തരം ഉപഭോക്താക്കൾക്ക് കുടിശ്ശിക വിവരങ്ങൾ വ്യക്തമാക്കുന്ന നോട്ടീസ് നൽകാറുണ്ട്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഉപയുക്തമാക്കാനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.

31-3-2017 വരെ കാലയളവിലേക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പലിശ ഇളവോടുകൂടി നടപ്പിലാക്കി വരുന്നു. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിലേയ്ക്കായി ജില്ലാ കളക്ടർ വിളിച്ചു ചേർക്കുന്ന മീറ്റിംഗുകളിൽ പങ്കെടുത്ത് നടപടികൾ സ്വീകരിക്കുന്നതിനായി സംസ്ഥാനതല നോഡൽ ഓഫീസറെ ചുമതലപ്പെടുത്തുകയുണ്ടായി.

വിവിധ കോടതികളിൽ കേസ്സുകളിൽപ്പെട്ട് പിരിച്ചെടുക്കുവാൻ കഴിയാതെ തടസ്സപ്പെട്ടു കിടക്കുന്ന കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) യു.ഡി.എഫ്. ഭരണത്തിന്റെ അവസാന പാദമായ 31-3-2016-ൽ അവസാനിക്കുന്ന ത്രൈമാസ കണക്കുപ്രകാരം വൈദ്യുതി തുക കുടിശ്ശിക വരുത്തിയ പൊതുമേഖല സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. *

## കായംകുളം താപനിലയം

248 (651) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുത പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ കായംകുളം താപനിലയത്തിൽനിന്ന് വൈദ്യുതി ഉല്പാദനം പുനരാരംഭിക്കാൻ ആലോചനയുണ്ടോ;

(ബി) കായംകുളം താപനിലയത്തിൽനിന്ന് വൈദ്യുതി ലഭ്യമാക്കിയാൽ വൈദ്യുതിയുടെ വില എത്രയാകുമെന്നും അത് എങ്ങനെയാണ് നിശ്ചയിക്കുന്നതെന്നും അറിയിക്കുമോ;

(സി) താപനിലയം അടച്ചിട്ടിരുന്നാൽ ഫിക്സഡ് കോസ്റ്റ് ഇനത്തിൽ പ്രതിമാസം എത്രകോടി രൂപയാണ് നൽകേണ്ടിവരുന്നത്?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) കായംകുളം താപനിലയത്തിൽ നാഫ്ഥ എന്ന ഇന്ധനം ഉപയോഗിച്ചാണ് വൈദ്യുതി ഉത്പാദിപ്പിക്കുന്നത്. നാഫ്ഥയുടെ വില ഇപ്പോൾ വളരെ കൂടുതലാണ്. അതിനാൽ ഇവിടെനിന്നും ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ നിരക്ക് 7 രൂപയ്ക്ക് മുകളിലാണ്. ഇക്കാരണത്താൽതന്നെ കഴിഞ്ഞ നിരവധി വർഷങ്ങളായി ഈ നിലയത്തിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിച്ച് ഉപയോഗിച്ചിരുന്നില്ല. ഇപ്പോൾ സംസ്ഥാനത്തിനു പുറത്ത് കുറഞ്ഞ വിലയ്ക്ക് വൈദ്യുതി ലഭിക്കുന്ന സാഹചര്യത്തിൽ അത്തരം വൈദ്യുതി ലഭ്യമാക്കി പ്രതിസന്ധി നേരിടാനാണ് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ശ്രമിച്ച് വരുന്നത്. അതിനാൽ കായംകുളം വൈദ്യുത നിലയത്തിൽ നിന്നുള്ള വൈദ്യുതി ഉപയോഗിക്കുവാൻ തൽക്കാലം ഉദ്ദേശിച്ചിട്ടില്ല. വളരെ അടിയന്തരഘട്ടങ്ങളിൽ മാത്രമേ കായംകുളം താപവൈദ്യുതി ഉപയോഗിക്കാനായി ഉദ്ദേശിക്കുന്നുള്ളൂ.

(ബി) കായംകുളം താപനിലയത്തിൽനിന്നും ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ വില, ഇപ്പോഴത്തെ നാഫ്ഥയുടെ വിലയനുസരിച്ച യൂണിറ്റിന് 7 രൂപ 27 പൈസ വരും. നാഫ്ഥയുടെ വിലയനുസരിച്ച് വൈദ്യുതിയുടെ വിലയിൽ വ്യത്യാസം വരുന്നതാണ്.

(സി) കായംകുളം താപനിലയത്തിന് ഇപ്പോൾ പ്രതിമാസം ഫിക്സ്ഡ് ചാർജ്ജായി 17.26 കോടി രൂപയാണ് നൽകിവരുന്നത്.

**വൈദ്യുതി പ്രതിസന്ധി**

249 (652) ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. കെ. ബാബു:
ശ്രീമതി യു. പ്രതിഭ ഹരി:
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിടുന്ന കടുത്ത വരൾച്ച കാരണം ജലവൈദ്യുതോല്പാദനം കുറയുകയും ഉപഭോഗം ക്രമാതീതമായി വർദ്ധിക്കുകയും ചെയ്യുന്നത് വൈദ്യുതി പ്രതിസന്ധിയിലേക്ക് നയിക്കാനിടയുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഹ്രസ്വകാലാടിസ്ഥാനത്തിൽ പുറമെനിന്നും വൈദ്യുതി വാങ്ങാൻ സാധിക്കുമോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ആവശ്യത്തിന് വൈദ്യുതി എത്തിക്കാനുള്ള പ്രസരണ ലൈൻ ശേഷിയുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(സി) വൈദ്യുതി ഉപയോഗം കുറയ്ക്കുവാനായി ഹ്രസ്വകാല പദ്ധതികൾ സാധ്യമാണോ;

(ഡി) കായംകുളം താപവൈദ്യുത നിലയത്തിൽനിന്നും വൈദ്യുതി ലഭ്യമാക്കാനായി എൻ.ടി.പി.സി.യെ സമീപിച്ചിരുന്നോ എന്നും പ്രതികരണ മെന്തായിരുന്നു എന്നും വ്യക്തമാക്കാമോ ;

(ഇ) കേന്ദ്ര സർക്കാർ കൂടുതൽ വൈദ്യുതി വാഗ്ദാനം ചെയ്തിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. പക്ഷേ വൈദ്യുതി പ്രതിസന്ധി നേരിടാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി & സി) ഉണ്ട്. വൈദ്യുതി പ്രതിസന്ധി നേരിടുന്നതിന്റെ ഭാഗമായി 300 മെഗാവാട്ട് റൗണ്ട് ദ ക്ലോക്ക് അടിസ്ഥാനത്തിലും 100 മെഗാവാട്ട് പീക്ക് സമയത്തും പുറമേ നിന്നുള്ള വൈദ്യുതി വാങ്ങുന്നതിന് പവർ ട്രേഡർമാരുമായി ഹ്രസ്വകാല കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. മാർച്ച് മുതൽ ലഭിക്കേണ്ട 200 മെഗാവാട്ട് ഹ്രസ്വകാല കരാർ അനുസരിച്ച് വൈദ്യുതി കൊണ്ടുവരാനുള്ള ഇടനാഴിയും ലഭിച്ചിട്ടുണ്ട്. കൂടാതെ മാർച്ച് മാസത്തിൽ 85 മെഗാവാട്ട് വൈദ്യുതി വൈകുന്നേരം 6 മണി മുതൽ 12 മണിക്കൂർ കൊണ്ടുവരാനുള്ള ഇടനാഴിയും ലഭ്യമായിട്ടുണ്ട്.

കൂടുതൽ വൈദ്യുതി എത്തിക്കാൻ 400 കെ.വി. അരീക്കോട് സബ്സ്റ്റേഷനിൽ മൂന്നാമത്തെ ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കാൻ അനുവാദം കിട്ടിയിട്ടുണ്ട്. ഇതിന് കാലതാമസം വരുമെന്നതിനാൽ താൽക്കാലിക സംവിധാനമൊരുക്കി മൂന്നാമത്തെ ട്രാൻസ്ഫോർമർ സ്ഥാപിക്കാനുള്ള നടപടികൾ പവർ ഗ്രിഡ് സ്വീകരിച്ചുവരുന്നു. 2017 മാർച്ച് ആദ്യവാരം തന്നെ ഇത് പ്രവർത്തന സജ്ജമാകുമെന്ന് പവർ ഗ്രിഡ് അറിയിച്ചിട്ടുണ്ട്. ഈ വർഷത്തെ (2017) ആവശ്യകതയ്ക്ക് വേണ്ട വൈദ്യുതി എത്തിക്കാനുള്ള ശേഷി പ്രസരണ ശൃംഖലയ്ക്കുണ്ട്. അടുത്ത വർഷത്തേയ്ക്ക് (2018) തിരുനെൽവേലി-കൊച്ചി (ഇടമൺ-കൊച്ചി ഭാഗം) ലൈനിന്റെ പണി പൂർത്തിയാ ക്കേണ്ടതുണ്ട്. വൈദ്യുതിയുടെ ഉപഭോഗം കുറയ്ക്കുന്നതിനുള്ള ബോധവൽക്കരണ പരിപാടികൾ നടത്തുന്നുണ്ട്.

(ഡി) കായംകുളം താപനിലയത്തിൽ നിന്നുള്ള വൈദ്യുതിക്ക് ഇപ്പോഴത്തെ കണക്കനുസരിച്ച് യൂണിറ്റിന് 7.27 രൂപ ആകയാൽ പ്രസ്തുത നിലയത്തിൽനിന്ന് വൈദ്യുതി വാങ്ങുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ഇ) കേന്ദ്ര സർക്കാരിൽ നിന്നും രേഖാമൂലമുള്ള വാഗ്ദാനമൊന്നും ലഭിച്ചിട്ടില്ല. നിയമപ്രകാരം ടെണ്ടർ വിളിച്ചാണ് വൈദ്യുതി അധികമായി വാങ്ങുന്നത്.

**വൈദ്യുതി പ്രതിസന്ധി**

250 (653) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം വരൾച്ചയിലേക്ക് പോകുന്നു എന്ന മുന്നറിയിപ്പ് ലഭിച്ച സാഹചര്യത്തിൽ വൈദ്യുതി പ്രതിസന്ധി ഉണ്ടാകാതിരിക്കാൻ എന്തൊക്കെ മുൻകരുതലുകൾ സ്വീകരിച്ചു വരുന്നു എന്ന് വിശദമാക്കാമോ ;

(ബി) കുറ്റ്യാടി ജല വൈദ്യുത പദ്ധതിയിൽ ദിനംപ്രതി എത്ര മെഗാ വാട്സ് വൈദ്യുതി ഉത്പാദിപ്പിക്കുന്നുണ്ട് എന്ന് വിശദീകരിക്കാമോ ;

(സി) ഇപ്പോൾ എത്ര ഘനയടി വെള്ളം സംഭരിക്കപ്പെട്ടിട്ടുണ്ട് ;

(ഡി) ഈ പ്രോജക്ട് നവീകരിക്കാൻ പദ്ധതിയുണ്ടോ?

<u>ഉത്തരം</u>

(എ) കാലവർഷത്തിന്റെ കുറവ് കാരണം ആഭ്യന്തര ജലവൈദ്യുത ഉത്പാദത്തിൽ 45 ശതമാനം കുറവ് വന്നിട്ടുണ്ട്. ഇത് കാരണം ഉണ്ടായേക്കാവുന്ന വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് കേരളത്തിന് പുറത്തുനിന്ന് വൈദ്യുതി കൊണ്ടുവരുന്നതിനുള്ള ദീർഘകാല ഹ്രസ്വകാല കരാറുകളിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഏർപ്പെട്ടിട്ടുണ്ട്. 865 മെഗാവാട്ടിന്റെ ദീർഘകാല കരാറും 300 മെഗാവാട്ട് റൗണ്ട് ദ ക്ലോക്ക് അടിസ്ഥാനത്തിലും 100 മെഗാവാട്ട് പീക്ക് സമയത്തും ഹ്രസ്വകാല കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതിൽ 315 മെഗാവാട്ട് വൈദ്യുതി ദീർഘകാലാടിസ്ഥാനത്തിൽ 6-12-2016-ൽ ലഭിച്ചുതുടങ്ങി. മാർച്ച് മുതൽ ലഭിക്കേണ്ട 200 മെഗാവാട്ട് ഹ്രസ്വകാല കരാർ അനുസരിച്ച് വൈദ്യുതി കൊണ്ടുവരാനുള്ള ഇടനാഴിയും ലഭിച്ചിട്ടുണ്ട്. കൂടാതെ മാർച്ച് മാസത്തിൽ 85 മെഗാവാട്ട് വൈദ്യുതി വൈകുന്നേരം 6 മണി മുതൽ 12 മണിക്കൂർ കൊണ്ടുവരാനുള്ള ഇടനാഴിയും ലഭ്യമായിട്ടുണ്ട്. ഇത് കഴിഞ്ഞുള്ള വൈദ്യുതി കമ്മി പവർ എക്സ്ചേഞ്ച്, അൺഷെഡ്യൂൾഡ് ഇന്റർചേഞ്ച് എന്നിവ വഴി നികത്താനാണ് ഉദ്ദേശിക്കുന്നത്.

(ബി) 21-2-2017 വരെയുള്ള കണക്കനുസരിച്ച് കുറ്റ്യാടി പദ്ധതിയിൽ നിന്നും പ്രതിദിന ശരാശരി ഉല്പാദനം 1.2250 ദശലക്ഷം യൂണിറ്റാണ്. പീക് സമയത്ത് ഏകദേശം 210 മെഗാവാട്ട് വരെ ഉല്പാദിപ്പിക്കുന്നുണ്ട്.

(സി) കുറ്റ്യാടി ജലസംഭരണിയിൽ ഏകദേശം 119 ദശലക്ഷം ക്യൂബിക് മീറ്റർ (4217 ദശലക്ഷം ഘനയടി) വെള്ളം സംഭരിക്കപ്പെട്ടിട്ടുണ്ട്.

(ഡി) കുറ്റ്യാടി ജലവൈദ്യുത പദ്ധതി (3x25 MW) നവീകരിക്കാൻ പദ്ധതിയുണ്ട്. അതനുസരിച്ച് ഇലക്ട്രിക്കൽ ജോലികളുടെ നവീകരണത്തിനുള്ള ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

## നാദാപുരം മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം

251 (654) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ സമ്പൂർണ വൈദ്യുതീകരണ പദ്ധതിയുടെ പ്രവർത്തനം വിശദീകരിക്കാമോ;

(ബി) സമ്പൂർണ വൈദ്യുതീകരണത്തിനായി പ്രസ്തുത മണ്ഡലത്തിലെ അപേക്ഷകളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് എത്രയാണ് എന്ന് വിശദമാക്കാമോ;

(സി) നാദാപുരം മണ്ഡലത്തെ സമ്പൂർണ്ണമായി വൈദ്യുതീകരിച്ച മണ്ഡലമായി എന്ന് പ്രഖ്യാപിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം നാദാപുരം നിയോജക മണ്ഡലത്തിൽ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് വിപുലമായ സംവിധാനങ്ങൾ കെ.എസ്.ഇ.ബി. ഏർപ്പെടുത്തിയിരുന്നു. ഇതനുസരിച്ച് പ്രസ്തുത മണ്ഡലത്തിൽ 727 ഗുണഭോക്താക്കൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 357 പേർക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. ബാക്കിയുള്ള കണക്ഷൻ നൽകുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിച്ച് വരികയാണ്.

(ബി) പഞ്ചായത്തുതല റിപ്പോർട്ട്

| പഞ്ചായത്ത് | അപേക്ഷകൾ |
|---|---|
| 1 | 2 |
| ചെക്കിയാട് | 65 |
| നാദാപുരം | 98 |
| നരിപ്പറ്റ | 95 |

| 1 | 2 |
|---|---|
| തൂണേരി | 78 |
| വളയം | 69 |
| കാവിലുംപാറ | 44 |
| കായക്കൊടി | 71 |
| മരുതോങ്കര | 54 |
| എടച്ചേരി | 94 |
| വാണിമേൽ | 59 |

(സി) ലഭിച്ച അപേക്ഷകളിൽ മുഴുവൻ പേർക്കും വൈദ്യുതി നൽകിക്കൊണ്ട് മാർച്ച് 2017-ഓടുകൂടി നാദാപുരം മണ്ഡലം സമ്പൂർണ്ണമായി വൈദ്യുതീകരിച്ച മണ്ഡലമായി പ്രഖ്യാപിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**വടക്കൻ കോയിക്കൽ പ്രദേശത്ത് ഭൂഗർഭ കേബിൾ**

252 (655) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം അസംബ്ലി മണ്ഡലത്തിൽ കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന വടക്കൻ കോയിക്കൽ ക്ഷേത്രത്തിലെ ഉത്സവത്തോടനുബന്ധിച്ച് കെട്ടുകാഴ്ചകൾ കടന്നു വരുന്ന വാർഡ് 1,2,3,4,5,6,15 എന്നീ പ്രദേശങ്ങളിലെ വൈദ്യുത ലൈനുകൾ അഴിച്ചുമാറ്റുന്നതുമൂലം ഉത്സവദിനങ്ങളിൽ പ്രസ്തുത പ്രദേശം മുഴുവൻ ഇരുട്ടിലാകുന്നതിനാൽ ഈ പ്രദേശത്ത് ഭൂഗർഭ കേബിൾ സ്ഥാപിച്ച് പ്രശ്നത്തിന് പരിഹാരം കാണുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

നിലവിലുള്ള ഓവർഹെഡ് ലൈനുകൾ മാറ്റി പകരം ഭൂഗർഭ കേബിളുകൾ ഉൾപ്പെടെയുള്ള മറ്റ് സംവിധാനങ്ങൾ ഏർപ്പെടുത്താനാവശ്യമായ ചെലവ് ഡെപ്പോസിറ്റ് അടിസ്ഥാനത്തിൽ ലഭ്യമാകുകയാണെങ്കിൽ പകരം സംവിധാനം ഏർപ്പെടുത്താവുന്നതാണ്.

## വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ നടപടി

253 (656) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ വൈദ്യുതി പ്രതിസന്ധിയുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഏതെങ്കിലും പുതിയ വൈദ്യുത പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) വൈദ്യുതി ക്ഷാമം പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്നും ഇനി എന്തൊക്കെയാണ് സ്വീകരിക്കാൻ പോകുന്നതെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കാലവർഷം കുറഞ്ഞത് കാരണം ഉണ്ടായ വൈദ്യുതി പ്രതിസന്ധി തരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ വൈദ്യുത പദ്ധതികളെ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1 | പെരുവണ്ണാമൂഴി<br>എസ്.എച്ച്.ഇ.പി. | 6 മെഗാവാട്ട്<br>(30-9-2016-ൽ ടെണ്ടർ ചെയ്തു.) |
| 2 | പഴശ്ശിസാഗർ<br>എസ്.എച്ച്.ഇ.പി. | 7.5 മെഗാവാട്ട്<br>(7-12-2016-ൽ ടെണ്ടർ ചെയ്തു.) |
| 3 | ചിന്നാർ<br>എസ്.എച്ച്.ഇ.പി. | 24 മെഗാവാട്ട്<br>(സ്ഥലമേറ്റെടുപ്പ് നടന്നുവരുന്നു) |
| 4. | മാങ്കുളം<br>എച്ച്.ഇ.പി. | 40 മെഗാവാട്ട്<br>(സ്ഥലമേറ്റെടുപ്പ് നടന്നുവരുന്നു) |
| 5 | ലാഡ്രം<br>എസ്.എച്ച്.ഇ.പി. | 3.5 മെഗാവാട്ട്<br>(സ്ഥലമേറ്റെടുപ്പ് നടന്നുവരുന്നു) |
| 6 | മാർമ്മല<br>എസ്.എച്ച്.ഇ.പി. | 7 മെഗാവാട്ട്<br>(സ്ഥലമേറ്റെടുപ്പ് നടന്നുവരുന്നു) |
| 7 | പീച്ചാട്<br>എസ്.എച്ച്.ഇ.പി. | 3 മെഗാവാട്ട്<br>(സ്ഥലമേറ്റെടുപ്പ് നടന്നുവരുന്നു) |

| | | |
|---|---|---|
| 8 | വെസ്റ്റേൺ കല്ലാർ എസ്.എച്ച്.ഇ.പി. | 5 മെഗാവാട്ട് (സ്ഥലമേറ്റെടുപ്പ് നടന്നുവരുന്നു) |
| 9 | അപ്പർ ചെങ്കുളം എസ്.എച്ച്.ഇ.പി. | 24 മെഗാവാട്ട് (സ്ഥലമേറ്റെടുപ്പ് നടന്നുവരുന്നു) |
| 10 | ഓലിക്കൽ എസ്.എച്ച്.ഇ.പി. | 5 മെഗാവാട്ട് (സ്ഥലമേറ്റെടുപ്പ് നടന്നുവരുന്നു) |
| 11 | പൂവാരംതോട് എസ്.എച്ച്.ഇ.പി. | 3 മെഗാവാട്ട് (സ്ഥലമേറ്റെടുപ്പ് നടന്നുവരുന്നു) |
| 12 | ചെമ്പുകടവ് III എസ്.എച്ച്.ഇ.പി. | 7.5 മെഗാവാട്ട് |
| 13 | മാരിപ്പുഴ എസ്.എച്ച്.ഇ.പി. | 6 മെഗാവാട്ട് |
| 14. | വാലന്തോട് എസ്.എച്ച്.ഇ.പി. | 7.5 മെഗാവാട്ട് |
| 15. | അതിരപ്പിള്ളി | 163 മെഗാവാട്ട് |
| | ആകെ | 312 മെഗാവാട്ട് |

കൂടാതെ വടക്കേപ്പുഴ എക്സ്റ്റൻഷൻ സ്കീം പ്രകാരം (0.7 MU)വും കൂടി പുതിയതായി തുടങ്ങുവാൻ ഉദ്ദേശിക്കുന്നു.

(സി) സംസ്ഥാനത്തെ വൈദ്യുതി ആവശ്യകത നിറവേറ്റാൻ കൂടുതൽ വൈദ്യുതപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതുണ്ട്. നിർമ്മാണം നടന്നുവരുന്ന 6 ജല വൈദ്യുത പദ്ധതികൾ (ആകെ 59 മെഗാവാട്ട്) സമയബന്ധിതമായി പൂർത്തിയാക്കുകയും മുടങ്ങിക്കിടക്കുന്ന 3 ജലവൈദ്യുത പദ്ധതികളും (106 മെഗാവാട്ട്) പുനരാരംഭിച്ച് സമയബന്ധിതമായി പൂർത്തിയാക്കുക, ഭരണാനുമതി ലഭിച്ച 15 ജലവൈദ്യുത പദ്ധതികൾ (ആകെ 149 മെഗാവാട്ട്) സ്ഥലമെടുപ്പ് പൂർത്തിയാക്കി ടെണ്ടർ ചെയ്തു നിർമ്മാണം പൂർത്തിയാക്കുക എന്നിവയാണ് ഉദ്ദേശിച്ചിട്ടുള്ളത്. കൂടാതെ ദേവിയാർ (24 മെഗാവാട്ട്) പദ്ധതി, കേന്ദ്ര-വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ച ആനക്കയം ചെറുകിട ജലവൈദ്യുത പദ്ധതിയും (7.5 മെഗാവാട്ട്) വനഭൂമി വിട്ടുകിട്ടുകയും ടണൽ നിർമ്മാണത്തിനുവേണ്ടി പാറപൊട്ടിക്കാനുള്ള കർശന നിബന്ധനകൾ ഒഴിവാക്കി കിട്ടുന്ന മുറയ്ക്ക് ആനക്കയം പദ്ധതി ആരംഭിക്കാവുന്നതാണ്. 163 മെഗാവാട്ടിന്റെ ആതിരപ്പിള്ളി പദ്ധതിക്ക് എതിരെയുള്ള എതിർപ്പുകൾ സമവായത്തിലൂടെ പരിഹരിച്ചാൽ പദ്ധതി നടപ്പാക്കാൻ കഴിയുമോ എന്ന് ശ്രമിക്കും.

## പാറശ്ശാല മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം

254 (657) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ രൂക്ഷമായ വോൾട്ടേജ് ക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ അടിയന്തരമായി ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) കെ.എസ്.ഇ.ബി.-യിൽ കരാർ ജോലിയിൽ ഏർപ്പെട്ടിരുന്ന തൊഴിലാളികളിൽ വൈദ്യുതാഘാതമേറ്റ് മരിച്ചവർക്ക് ആശ്രിത നിയമനം നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(സി) ഇത്തരത്തിൽ ആർക്കെങ്കിലും നിയമനം നൽകിയിട്ടുണ്ടോയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) പാറശ്ശാല മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ഈ സാമ്പത്തിക വർഷം 8 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചുകഴിഞ്ഞു. 2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 12 ട്രാൻസ്ഫോർമറുകൾ കൂടി സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇല്ല. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷയുടെ അടിസ്ഥാനത്തിലാണ് നിയമനങ്ങൾ നടത്തിവരുന്നത്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ സ്ഥിരം ജീവനക്കാരായിരിക്കെ മരണമടയുന്നവരുടെ ആശ്രിതർക്ക് മാത്രമായി ആശ്രിതനിയമനത്തിലെ വ്യവസ്ഥകൾ പ്രകാരം സ്ഥിരനിയമനം പരിമിതപ്പെടുത്തിയിരിക്കുന്നു.

(സി) ശബരിഗിരി ജലവൈദ്യുത പദ്ധതിയുടെ പവർഹൗസിൽ പുനരുദ്ധാരണ ജോലികൾ നടക്കവെ 16-5-2008-ന് ജനറേറ്റർ പൊട്ടിത്തെറിച്ചുണ്ടായ അപകടത്തിൽ മരണപ്പെട്ട കരാർ ജീവനക്കാരനായ ശ്രീ. അനിൽകുമാറിന്റെ സഹോദരൻ ശ്രീ. സതീഷ് കുമാറിന് 27-5-2008-ലെ സർക്കാർ ഉത്തരവ് നമ്പർ 14/2008 ഊ.വ. മുൻനിർത്തി 9-12-2013-ലെ ബോർഡ് ഉത്തരവ് (FTM) No. 2628/2013 (Estt.II/5218/2010) പ്രകാരം ഇലക്ട്രിസിറ്റി വർക്കർ/മസ്ദൂർ തസ്തികയിൽ

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിയമനം നല്കിയിട്ടുണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കീഴിൽ കരാർ ജീവനക്കാരനായി കൊട്ടിയം ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ ജോലി നോക്കിവന്നിരുന്ന ശ്രീ. സുനിൽകുമാർ വൈദ്യുതാഘാതത്താൽ മരണപ്പെട്ടതിനെത്തുടന്ന് ടിയാൻ അപകടത്തിൽപ്പെടുന്നതിനുമുമ്പ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പരീക്ഷയിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലേയ്ക്ക് നിയമനത്തിനായി അഡ്വൈസ് ചെയ്തത് പരിഗണിച്ച് 23-08-2014-ലെ നമ്പർ ജി.ഒ.(എം.എസ്.) നമ്പർ 29/14/പി.ഡി. പ്രകാരമുള്ള സർക്കാർ ഉത്തരവ് മുൻനിർത്തി 15-5-2015-ലെ ബോർഡ് ഉത്തരവ് (FTD) No.1214/2015 (Estt.II/2566/2015) പ്രകാരം ടിയാന്റെ ഭാര്യ ശ്രീമതി എസ്. രജനിക്ക് ഓഫീസ് അറ്റൻഡന്റ്-II തസ്തികയിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിയമനം നൽകിയിട്ടുണ്ട്.

മേൽ സൂചിപ്പിച്ചിട്ടുള്ള അപകടമരണങ്ങൾ ആയത് സംഭവിക്കാനിടയാക്കിയ അപൂർവ്വ സാഹചര്യം കണക്കിലെടുത്ത് സ്പെഷ്യൽ കേസ്സായി പരിഗണിച്ച് മാനുഷിക പരിഗണനയ്ക്ക് മുൻതൂക്കം നൽകി, കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ്, 1988-ലെ Part 2, Rule-39 പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിലനിന്നു വരുന്ന നിയമന ചട്ടങ്ങളിൽ ഇളവ് വരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാൽ മാത്രം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിയമനം നൽകുന്നതിന് പരിഗണിച്ചിട്ടുള്ളവയാണ്.

**മസ്ദൂർ തസ്തികയിൽ കൊല്ലം ജില്ലയിൽ നിയമനം**

255 (658) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മസ്ദൂർ തസ്തികയിൽ കൊല്ലം ജില്ലയിൽ നിയമനം നടത്തുന്നതിനുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ; പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്ന് എത്ര പേർക്ക് നാളിതുവരെ നിയമനം നൽകിയിട്ടുണ്ട് ;

(ബി) കോൺട്രാക്ട് വ്യവസ്ഥയിൽ ജോലി ചെയ്ത എത്രപേർക്ക് 2011-ന് ശേഷം നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) നിലവിൽ എത്ര ഒഴിവുകൾ ജില്ലയിലുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല. എന്നാൽ 2013 സെപ്റ്റംബർ മാസം നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ നിന്നും 37 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) നിയമനം നൽകിയിട്ടില്ല.

(സി) ഒഴിവുകൾ ഇല്ല.

**വൈദ്യുതി വകുപ്പുമായി ബന്ധപ്പെട്ട് വൈപ്പിൻ മണ്ഡലത്തിലെ വിഷയങ്ങൾ**

256 (659) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വകുപ്പുമായി ബന്ധപ്പെട്ട് അതത് മണ്ഡലങ്ങളിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സർക്കാർ വിളിച്ചുചേർത്ത എം.എൽ.എ.-മാരുടെ യോഗത്തിൽ വൈപ്പിൻ നിയോജക മണ്ഡലത്തിൽനിന്നും ഉന്നയിക്കപ്പെട്ട വിഷയങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) ഇക്കാര്യങ്ങളിൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) തീരദേശ സംരക്ഷണ നിയമം ലംഘിച്ചിട്ടുള്ള കേസ്സുകളിൽ ഇലക്ട്രിക് കണക്ഷൻ ലഭിക്കാൻ കാലതാമസം വരാറുണ്ട് എന്നും കനാലോരം, കായലോരം, കടലോരം, പുറമ്പോക്ക് എന്നിവിടങ്ങളിൽ താമസിക്കുന്നവർക്ക് റേഷൻ കാർഡിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി കണക്ഷൻ അനുവദിക്കണമെന്നും ദാരിദ്ര്യരേഖയ്ക്ക് മുകളിൽ വരുന്നവരും എന്നാൽ സാമ്പത്തികമായി മെച്ചമല്ലാത്തവർക്കും അധിക ഭാരമില്ലാതെ വൈദ്യുതി കണക്ഷൻ ലഭ്യമാക്കണമെന്നും, പട്ടയം ലഭ്യമാകാത്ത വീടുകൾക്കും വൈദ്യുതി കണക്ഷൻ ലഭ്യമാക്കണമെന്നും ബഹുമാനപ്പെട്ട എം.എൽ.എ. ആവശ്യപ്പെട്ടിരുന്നു.

വൈദ്യുതി വകുപ്പുമായി ബന്ധപ്പെട്ട് അതത് മണ്ഡലങ്ങളിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സർക്കാർ വിളിച്ചുചേർത്ത എം.എൽ.എ.-മാരുടെ യോഗത്തിൽ പ്രസരണ വിഭാഗത്തിൽ 1998-ൽ തുടങ്ങിയ ചെറായി സബ്സ്റ്റേഷന്റെ പണി ഇനിയും പൂർത്തീകരിച്ചിട്ടില്ലെന്നും ആകെയുള്ള 12 കിലോമീറ്റർ ദൂരത്തിൽ കേവലം 1½ കിലോമീറ്റർ ഭാഗത്തായി 22 കേസ്സുകൾ നിലവിലുണ്ടെന്നും ഇത് പരിഹരിക്കാൻ ഒരു അദാലത്ത് സംഘടിപ്പിക്കുവാൻ ജില്ലാ ഭരണകൂടം നടപടിയെടുക്കണമെന്നും അല്ലെങ്കിൽ ഈ ഭാഗത്ത് ഓവർഹെഡ് ലൈനിനുപകരം ഭൂഗർഭ കേബിൾ ആക്കി പ്രശ്നം പരിഹരിക്കാൻ ശ്രമിക്കണമെന്നും ഉന്നയിച്ചു.

(ബി) ഗാർഹിക കണക്ഷൻ ലഭ്യമാക്കുന്നത് സംബന്ധിച്ച എല്ലാ ആവശ്യങ്ങളും സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുമായി ബന്ധപ്പെട്ട് സർവ്വീസ് കണക്ഷൻ നടപടിക്രമങ്ങളുടെ ലഘൂകരണത്തോടെ പരിഹരിച്ചിട്ടുണ്ട്.

നിർദ്ദിഷ്ട 110 കെ.വി. ചെറായി ലൈൻ റൂട്ടിൽ നിലവിലുള്ള 22 കേസ്സുകൾ എല്ലാം അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ പരിഗണനയിലാണ്. പ്രസ്തുത കേസ്സുകളിൽ എ.ഡി.എം. ഉത്തരവ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് അനുകൂലമാകുകയും പുതിയ കേസ്സുകൾ ഉണ്ടാകാതിരിക്കുകയുമാണെങ്കിൽ രണ്ടുവർഷത്തിനകം ലൈൻ നിർമ്മാണം പൂർത്തിയാക്കി 110 കെ.വി. ചെറായി സബ്സ്റ്റേഷൻ കമ്മീഷൻ ചെയ്യുവാനാകും.

## മീറ്റർ റീഡർമാരുടെ ഒഴിവുകൾ

257 (660) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ മീറ്റർ റീഡർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) അതിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) ശേഷിക്കുന്ന ഒഴിവുകൾ കൂടി അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഐ.എം.എം. നടത്തിയ ഏതെങ്കിലും പഠനത്തിന്റെ വെളിച്ചത്തിൽ മീറ്റർ റീഡർമാരുടെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യേണ്ട എന്ന് തീരുമാനിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) 551 ഒഴിവുകളുണ്ട്.

(ബി-ഡി) റിപ്പോർട്ട് ചെയ്തിട്ടില്ല. വൈദ്യുതി ബോർഡിലെ വിവിധ തസ്തികകൾ പുനഃക്രമീകരിക്കുന്നത് സംബന്ധിച്ച് കോഴിക്കോട് ഐ.ഐ.എം. നടത്തിയ പഠന റിപ്പോർട്ട് അനുസരിച്ച് മീറ്റർ റീഡർ തസ്തികയിലും മാറ്റങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. മീറ്റർ റീഡിംഗിന് പി.ഡി.എ. (PDA) നടപ്പാക്കിയ സാഹചര്യത്തിൽ മീറ്റർ റീഡർമാരുടെ ജോലിഭാരത്തിൽ വന്ന കുറവ് അനുസരിച്ച് വർക്ക്നോം പുനഃക്രമീകരിക്കേണ്ടതുമുണ്ട്. ഇക്കാര്യങ്ങൾ പരിശോധിച്ച് ഒഴിവുകൾ പുനർ നിശ്ചയിച്ചശേഷം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

## വൈദ്യുതി ചാർജ്ജിനത്തിലുള്ള കുടിശ്ശിക

258 (661) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-ക്ക് 2016 ഡിസംബർ 31 വരെ വൈദ്യുതി ചാർജ്ജ് കുടിശ്ശികയിനത്തിൽ എന്ത് തുക പിരിഞ്ഞു കിട്ടുവാനുണ്ട്;

(ബി) ഇതിൽ പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും കുടിശ്ശികയായി പിരിഞ്ഞുകിട്ടുവാനുള്ള തുകയെത്രയാണ്;

(സി) കേന്ദ്രസർക്കാർ സ്ഥാപനങ്ങളും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളും എന്ത് തുക കുടിശ്ശികയിനത്തിൽ നൽകുവാനുണ്ട്;

(ഡി) കുടിശ്ശിക തുക ഈടാക്കുവാനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഇ) ജനറേറ്റർ സംവിധാനമടക്കം സൗകര്യമുള്ള സ്വകാര്യ സ്ഥാപനങ്ങൾ കുടിശ്ശിക വരുത്തിയ വൈദ്യുതി തുക ഈടാക്കുവാൻ കർശന നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 31-12-2016-ൽ അവസാനിക്കുന്ന ത്രൈമാസ കണക്കുപ്രകാരം കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന് കുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക പലിശ ഒഴികെ 2044.78 കോടി രൂപയാണ്.

(ബി) പൊതുമേഖലാ (സഹകരണ സ്ഥാപനങ്ങൾ ഉൾപ്പെടെ) സ്ഥാപനങ്ങളിൽനിന്നും പിരിഞ്ഞുകിട്ടുവാനുള്ള കുടിശ്ശിക പലിശ ഒഴികെ 1177.13 കോടി രൂപയാണ്.

(സി) കേന്ദ്ര സർക്കാർ/കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും പലിശ ഒഴികെ 42.26 കോടി രൂപയാണ് കുടിശ്ശിക ഇനത്തിൽ ലഭിക്കാനുള്ളത്.

(ഡി & ഇ) സപ്ലൈ കോഡ് 2014-ൽ പരാമർശിച്ചിട്ടുള്ള സമയ പരിധി അനുസരിച്ച് കുടിശ്ശിക വരുത്തുന്ന ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കൽ, കണക്ഷൻ അഴിച്ചുമാറ്റൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. അതിനുശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽനിന്നും കുടിശ്ശിക വകയിരുത്താറുണ്ട്. ഇതിൽനിന്നും വകയിരുത്താൻ കഴിയാത്ത തുക റവന്യൂ റിക്കവറി നടപടികൾക്കായി നൽകാറുണ്ട്. ദീർഘകാല കുടിശ്ശികയുള്ള ഉപഭോക്താക്കളിൽനിന്നും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടി ആവിഷ്കരിച്ചിട്ടുണ്ട്. കേരള പോലീസ്, കേരള വാട്ടർ അതോറിറ്റി, സർക്കാർ ആശുപത്രികൾ, കോടതി വ്യവഹാരങ്ങൾ നിലനിൽക്കുന്നവ

എന്നിവ ഒഴിച്ചുള്ള വൈദ്യുതി കണക്ഷനുകളാണ് സാധാരണഗതിയിൽ വിച്ഛേദിക്കാറുള്ളത്. ഇത്തരം ഉപഭോക്താക്കൾക്ക് കുടിശ്ശിക വിവരങ്ങൾ വ്യക്തമാക്കുന്ന നോട്ടീസ് നൽകാറുണ്ട്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഉപയുക്തമാക്കാനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.

**കാറ്റിൽനിന്ന് വൈദ്യുതി**

259 (662) ശ്രീ. ഇ. പി. ജയരാജൻ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വേനൽ രൂക്ഷമാകുന്നതുമൂലമുണ്ടാകുന്ന ജല ദൗർലഭ്യം വൈദ്യുതോൽപ്പാദനത്തെ എപ്രകാരം ബാധിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ ;

(സി) പ്രശ്നത്തിന് പരിഹാരമെന്ന നിലയിൽ കാറ്റിൽ നിന്നുള്ള വൈദ്യുതോൽപ്പാദനത്തിന്റെ സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ഡി) ഇപ്രകാരമുള്ള എത്ര വൈദ്യുത പദ്ധതികളാണ് നിലവിൽ പൂർത്തിയായിട്ടുള്ളത് ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് വേനൽ രൂക്ഷമായത് ജലവൈദ്യുതി ഉല്പാദനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ പ്രതിദിന ഉപഭോഗത്തിന്റെ 11 ശതമാനത്തോളം (2017 ഫെബ്രുവരി 21 വരെയുള്ള കണക്ക് അനുസരിച്ച്) വൈദ്യുതി മാത്രമാണ് ജലവൈദ്യുതി നിലയങ്ങളിൽനിന്ന് ലഭ്യമാകുന്നത്. കഴിഞ്ഞ വർഷം ഈ കാലയളവിൽ ഇത് 29 ശതമാനം ആയിരുന്നു.

(ബി) ഈ പ്രശ്നം പരിഹരിക്കുന്നതിനായി സംസ്ഥാനത്തിന് പുറത്തുനിന്നും വൈദ്യുതി കൊണ്ടുവരുന്നതിനുള്ള ദീർഘകാല-ഹ്രസ്വകാല കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. 865 മെഗാവാട്ടിന്റെ ദീർഘകാല കരാറും 300 മെഗാവാട്ട് റൗണ്ട്-ദ-ക്ലോക്ക് അടിസ്ഥാനത്തിലും 100 മെഗാവാട്ട് പീക്ക് സമയത്തും ഹ്രസ്വകാല കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

ഇതിൽ 315 മെഗാവാട്ട് വൈദ്യുതി ദീർഘകാലാടിസ്ഥാനത്തിൽ 6-12-2016-ൽ ലഭിച്ചുതുടങ്ങി. മാർച്ച് മുതൽ ലഭിക്കേണ്ട 200 മെഗാവാട്ട് ഹ്രസ്വകാല കരാർ അനുസരിച്ച് വൈദ്യുതി കൊണ്ടുവരാനുള്ള ഇടനാഴിയും ലഭിച്ചിട്ടുണ്ട്. കൂടാതെ

മാർച്ച് മാസത്തിൽ 85 മെഗാവാട്ട് വൈദ്യുതി വൈകുന്നേരം 6 മണി മുതൽ രാത്രി 12 മണിവരെ കൊണ്ടുവരാനുള്ള ഇടനാഴിയും അധിക വില കൊടുത്ത് ലഭ്യമാക്കിയിട്ടുണ്ട്. ഇത് കഴിഞ്ഞുള്ള വൈദ്യുതി കമ്മി പവർ എക്സ്ചേഞ്ച്, അൺഷെഡ്യൂൾഡ് ഇന്റർചേഞ്ച് എന്നിവ വഴി നികത്താനാണ് ഉദ്ദേശിക്കുന്നത്.

(സി) സാദ്ധ്യതാ പഠനം നടത്തിവരുന്നു. ഇതിനായി ചുരുങ്ങിയത് ഒരു വർഷം കാലദൈർഘ്യം വേണ്ടതാണ്.

ഇതുകൂടാതെ കാറ്റിൽ നിന്നുള്ള വൈദ്യുതി ഉല്പാദനം വ്യാപകമാക്കുന്നത് ലക്ഷ്യമിട്ട് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. കേരളത്തിന്റെ കടൽതീരങ്ങളിൽ ചെറുകാറ്റാടികൾ സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന്റെ പ്രാരംഭ പദ്ധതിയായി പൂവാർ കടൽതീരത്ത് ഒരു മെഗാവാട്ട് ശേഷിയുള്ള ചെറു കാറ്റാടിപ്പാടം സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

2. കേരളത്തിൽ ലഭ്യമായ മിതമായ കാറ്റിൽനിന്നും പരമാവധി വൈദ്യുതോല്പാദനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ വിവിധ സ്ഥലങ്ങളിൽ ചെറു കാറ്റാടികൾ സ്ഥാപിച്ച് പ്രായോഗികത വിലയിരുത്താനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.

(ഡി) നിലവിൽ 43.3 മെഗാവാട്ട് വൈദ്യുതി കാറ്റിൽനിന്നും ഉത്പാദിപ്പിക്കുന്നുണ്ട്. ഇപ്രകാരം പൂർത്തിയായിക്കഴിഞ്ഞ പദ്ധതികൾ ചുവടെ ചേർക്കുന്നു:

<u>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള പദ്ധതികൾ:</u>

1. കഞ്ചിക്കോട് - 225 കിലോവാട്ട് ശേഷിയുള്ള 9 കാറ്റാടികൾ

(ആകെ - 9 X 225KW = 2.025 മെഗാവാട്ട്)

<u>സ്വകാര്യ ഉടമസ്ഥതയിലുള്ള പദ്ധതികൾ:</u>

1. രാമക്കൽമേട് - 750 കിലോവാട്ട് ശേഷിയുള്ള 19 കാറ്റാടികൾ

(ആകെ ശേഷി -19X750KW= 14.25 മെഗാവാട്ട്)

2. അഗളി - 600 കിലോവാട്ട് ശേഷിയുള്ള 31 കാറ്റാടികൾ

(ആകെ ശേഷി -31X600KW= 18.60 മെഗാവാട്ട്)

3. കഞ്ചിക്കോട് - 2.10 മെഗാവാട്ട് ശേഷിയുള്ള 4 കാറ്റാടികൾ

(ആകെ ശേഷി - 4 X 2.10 MW = 8.40 മെഗാവാട്ട്)

## കാറ്റിൽനിന്ന് വൈദ്യുതി

260 (663) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ നിയോജകമണ്ഡലത്തിൽ കാറ്റിൽനിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് ഏതൊക്കെ കമ്പനികൾക്കാണ് അനുമതി നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിന് എന്തെങ്കിലും പാരിസ്ഥിതിക, ആരോഗ്യപരമായ ദോഷവശങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) അഹല്യ എന്ന കമ്പനിക്ക് 2.10 എം.ഡബ്ല്യു. വീതം സ്ഥാപിത ശേഷിയുള്ള നാല് കാറ്റാടികൾ (ആകെ 8.40 എം.ഡബ്ല്യു.) സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ. അനുമതി നൽകിയിട്ടുണ്ട്.

(ബി) ഇത്തരം പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ഇടമലയാർ വൈദ്യുത പദ്ധതി ഹൈഡൽ ടൂറിസം മേഖലയായി പ്രഖ്യാപിക്കുന്നതിന് നടപടികൾ

261 (664) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോതമംഗലം മണ്ഡലത്തിലെ ഇടമലയാർ വൈദ്യുത പദ്ധതി മേഖല, ഹൈഡൽ ടൂറിസം മേഖലയായി പ്രഖ്യാപിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

കോതമംഗലം മണ്ഡലത്തിലെ ഇടമലയാർ വൈദ്യുത പദ്ധതി മേഖലയിൽ ഹൈഡൽ ടൂറിസം സെന്ററിന്റെ ടൂറിസ്റ്റ് കേന്ദ്രം തുടങ്ങുന്നതിനാവശ്യമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കിവരുന്നു. ബോട്ടിംഗ്, ഗാർഡൻ തുടങ്ങിയ പ്രവർത്തനങ്ങളാണ് തുടക്കത്തിൽ ഉദ്ദേശിക്കുന്നത്.

## പാലക്കാട് ജില്ലയിലെ സമ്പൂർണ്ണ വൈദ്യുതീകരണം

262 (665) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി പാലക്കാട് ജില്ലയിൽ ഇനിയും എത്ര വീടുകൾക്ക് വൈദ്യുതി നൽകാനുണ്ടെന്ന് അറിയിക്കാമോ;

(ബി) ജില്ലയിൽ വൈദ്യുതി നൽകാനുള്ള വീടുകളുടെ എണ്ണം, നിയോജക മണ്ഡലം അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

ഉത്തരം

(എ) സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി പാലക്കാട് ജില്ലയിൽ രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കളിൽ 6948 പേർക്ക് വൈദ്യുതി നൽകാനുണ്ട്.

(ബി) പാലക്കാട് ജില്ലയിൽ പ്രധാനമായും 12 മണ്ഡലങ്ങളാണ് ഉൾപ്പെടുന്നത്. ഇവിടങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ വൈദ്യുതി നൽകാനുള്ള വീടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| മണ്ഡലം | ഇനി വൈദ്യുതി നൽകാനുള്ള വീടുകളുടെ എണ്ണം |
|---|---|
| തൃത്താല | 296 |
| പട്ടാമ്പി | 182 |
| ഷൊർണ്ണൂർ | 335 |
| ഒറ്റപ്പാലം | 376 |
| കോങ്ങാട് | 552 |
| മണ്ണാർക്കാട് | 834 |
| മലമ്പുഴ | 1168 |
| പാലക്കാട് | 61 |
| തരൂർ | 466 |
| ചിറ്റൂർ | 1117 |
| നെന്മാറ | 880 |
| ആലത്തൂർ | 681 |
| ആകെ | 6948 |

## വൈദ്യുതി ഉത്പാദനത്തിലെ കുറവ്

263 (666) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മഴയുടെ അഭാവംമൂലം വൈദ്യുതി ഉത്പാദനത്തിൽ എത്രത്തോളം കുറവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ബി) ഈ കുറവ് മറികടക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചു വരുന്നുവെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ 2016-17-ലെ വൈദ്യുതി ഉപഭോഗം ഏകദേശം 24065 മില്യൺ യൂണിറ്റാണ് എന്നാണ് കണക്കാക്കപ്പെട്ടിരുന്നത്. ഇതിൽ 7000 മില്യൺ യൂണിറ്റ് കേരളത്തിലെ ജലവൈദ്യുത പദ്ധതികളിൽ നിന്നാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ കടുത്ത വരൾച്ച കാരണം ജല വൈദ്യുത പദ്ധതികളിലേക്കുള്ള നീരൊഴുക്ക് പ്രതീക്ഷിച്ചതിലും വളരെ കുറഞ്ഞു. 2016 ജൂൺ മുതൽ 2017 ജനുവരി വരെയുള്ള കാലയളവിലെ പ്രതീക്ഷിച്ചിരുന്ന നീരൊഴുക്ക് 6387.22 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള വെള്ളമാണ്. എന്നാൽ 3200 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള വെള്ളം മാത്രമേ ലഭിച്ചിട്ടുള്ളൂ. ഏകദേശം 3187 യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള വെള്ളത്തിന്റെ കുറവുണ്ടായിട്ടുണ്ട്. ഇതുകാരണം വേനൽക്കാലത്ത് ശരാശരി 10 മില്യൺ യൂണിറ്റിന്റെ വൈദ്യുതി കമ്മി ദിവസവും പ്രതീക്ഷിക്കുന്നു.

(ബി) പ്രശ്നം പരിഹരിക്കുന്നതിനായി സംസ്ഥാനത്തിന് പുറത്തുനിന്നും വൈദ്യുതി കൊണ്ടുവരുന്നതിനുള്ള ദീർഘകാല-ഹ്രസ്വകാല കരാറുകളിൽ കെ.എസ്.ഇ.ബി.എൽ. ഏർപ്പെട്ടിട്ടുണ്ട്. 865 മെഗാവാട്ടിന്റെ ദീർഘകാല കരാറും 300 മെഗാവാട്ട് റൗണ്ട്-ദ-ക്ലോക്ക് അടിസ്ഥാനത്തിലും 100 മെഗാവാട്ട് പീക്ക് സമയത്തും ഹ്രസ്വകാല കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതിൽ 315 മെഗാവാട്ട് വൈദ്യുതി ദീർഘകാലാടിസ്ഥാനത്തിൽ 6-12-2016-ൽ ലഭിച്ചുതുടങ്ങി. മാർച്ച് മുതൽ ലഭിക്കേണ്ട 200 മെഗാവാട്ട് ഹ്രസ്വകാല കരാർ അനുസരിച്ച് വൈദ്യുതി കൊണ്ടുവരാനുള്ള ഇടനാഴിയും ലഭിച്ചിട്ടുണ്ട്. കൂടാതെ മാർച്ച് മാസത്തിൽ 85 മെഗാവാട്ട് വൈദ്യുതി വൈകുന്നേരം 6 മണി മുതൽ രാത്രി 12 മണിക്കൂർ കൊണ്ടുവരാനുള്ള ഇടനാഴിയും അധികവില കൊടുത്ത് ലഭ്യമാക്കിയിട്ടുണ്ട്. ഇത് കഴിഞ്ഞുള്ള വൈദ്യുതി കമ്മി പവർ എക്സ്ചേഞ്ച്, അൺഷെഡ്യൂൾഡ് ഇന്റർചേഞ്ച് എന്നിവ വഴി നികത്താനാണ് ഉദ്ദേശിക്കുന്നത്.

## വൈദ്യുതി വാങ്ങുന്നതിന് റെഗുലേറ്ററി കമ്മീഷൻ അനുമതി

264 (667) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. സംസ്ഥാനത്തിന് പുറത്ത് നിന്ന് എത്ര മെഗാവാട്ട് വൈദ്യുതി വാങ്ങുന്നതിനാണ് റെഗുലേറ്ററി കമ്മീഷനിൽ അനുമതിക്കായി അപേക്ഷ നൽകിയത്;

(ബി) വൈദ്യുതി വാങ്ങുന്നതിന് അനുമതി ലഭിച്ചിരുന്നോ; എങ്കിൽ എത്ര മെഗാവാട്ട് വൈദ്യുതി എവിടെ നിന്നെല്ലാം എന്ത് നിരക്കിൽ വാങ്ങാൻ തീരുമാനമായി എന്നും ഇപ്രകാരം വൈദ്യുതി വാങ്ങി വിതരണം ചെയ്ത് തുടങ്ങിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(സി) റെഗുലേറ്ററി കമ്മീഷന്റെ അനുമതി ലഭിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ?

ഉത്തരം

(എ & ബി) കേന്ദ്രഗവൺമെന്റ് പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ലൈസൻസികൾ, സുതാര്യമായ ടെണ്ടർ നടപടികൾ പ്രകാരം വാങ്ങുന്ന വൈദ്യുതിയുടെ താരിഫ് അതത് കമ്മീഷനുകളുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്. ഇതിൻപ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡ് താഴെ പറയുന്ന വൈദ്യുതി വ്യാപാരികളിൽനിന്നും ജനറേറ്റിംഗ് കമ്പനികളിൽനിന്നും വാങ്ങാൻ കരാറാക്കിയിട്ടുള്ള വൈദ്യുതിയുടെ താരിഫ് അംഗീകരിക്കുന്നതിനായി റഗുലേറ്ററി കമ്മീഷനെ സമീപിച്ചിട്ടുണ്ടായിരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* ഇതിൽ മൈത്തോൺ പവർ ലിമിറ്റഡിൽനിന്നും ദാമോദർ വാലി കോർപ്പറേഷനിൽനിന്നും പി.റ്റി.സി. ഇന്ത്യാ ലിമിറ്റഡിൽനിന്നും റ്റാറ്റാ പവർ ട്രേഡിംഗ് കമ്പനി ലിമിറ്റഡിൽനിന്നും വൈദ്യുതി വാങ്ങുന്നതിനായി കരാറിലേർപ്പെട്ടിട്ടുള്ള മുഴുവൻ വൈദ്യുതിക്കും റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരം ലഭ്യമായിട്ടുണ്ട്. എന്നാൽ കേന്ദ്ര സർക്കാർ മാർഗ്ഗ നിർദ്ദേശപ്രകാരം കരാറിലേർപ്പെട്ടിട്ടുള്ള (ബിഡ്-1, അനുബന്ധം ക്രമനമ്പർ-4 പ്രകാരം) 315 മെഗാവാട്ട് വൈദ്യുതിയിൽ, ജിൻഡാൽ പവർ ലിമിറ്റഡുമായി കരാറിലേർപ്പെട്ടിട്ടുള്ള 200 മെഗാവാട്ടിനും [അനുബന്ധം ക്രമനമ്പർ 4(a)], ബിഡ്-2 പ്രകാരം കരാറിലേർപ്പെട്ടിട്ടുള്ള (അനുബന്ധം ക്രമനമ്പർ-4) 550 മെഗാവാട്ട് വൈദ്യുതിയിൽ ഭാരത് അലുമിനിയം കമ്പനിയുമായി കരാറിലേർപ്പെട്ടിട്ടുള്ള 115 മെഗാവാട്ടിനും [അനുബന്ധം ക്രമനമ്പർ-5 (a)] മാത്രമേ സംസ്ഥാന വൈദ്യുതി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

റെഗുലേറ്ററി കമ്മീഷന് അനുമതി നൽകിയിരുന്നുള്ളൂ. തുടർന്ന് 30-11-2016-ലെ ഉത്തരവ് നമ്പർ 238/2016/ഊ.വ. പ്രകാരം മേൽപ്പറഞ്ഞ രീതിയിൽ ജാബുവ പവർ ലിമിറ്റഡിൽ നിന്നും 115 മെഗാവാട്ട് വൈദ്യുതി 1-12-2016 മുതൽ വാങ്ങുന്നതിന് കെ.എസ്.ഇ.ബി. ലിമിറ്റഡിന് അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിലും നിബന്ധനകൾക്കും വിധേയമായും (അതായത് ഇന്ത്യാ ഗവൺമെന്റിന്റെ അനുമതിയ്ക്ക് വിധേയമായും) ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയിൽ നിലവിലുള്ള കേസ്സിലെ അന്തിമ വിധിക്കു വിധേയമായും സംസ്ഥാന റഗുലേറ്ററി കമ്മീഷൻ 22-12-2016-ലെ ഉത്തരവുപ്രകാരം ജാബുവാ പവർ ലിമിറ്റഡിൽനിന്നും വൈദ്യുതി വാങ്ങുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്.

മുകളിൽ സൂചിപ്പിച്ചിട്ടുള്ള അനുമതി ലഭ്യമായ ഓരോ സ്രോതസ്സിൽനിന്നും വൈദ്യുതി ലഭ്യമായി തുടങ്ങിയ തീയതി താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു:

| ക്രമ നമ്പർ | സ്രോതസ്സ് | ലഭ്യമായ തീയതി |
|---|---|---|
| 1 | മൈത്തോൺ പവർ ലിമിറ്റഡ് I | 17-12-2015 |
| 2 | DBFOO (Bid 1)<br>(a) ജിൻഡാൽ പവർ ലിമിറ്റഡ്<br>(b) ജാബുവ പവർ ലിമിറ്റഡ് | 6-12-2016 |
| 3 | ദാമോദർ വാലി കോർപ്പറേഷൻ<br>(a)മേജാ ബങ്കുരാ TPS<br>(b) രഘുനാഥ്പൂർ TPS | <br>4-3-2016<br>1-4-2016 |
| 4 | മൈത്തോൺ പവർ ലിമിറ്റഡ്(II) | 1-6-2016 |

(സി) കേന്ദ്ര ഗവൺമെന്റിന്റെ മാർഗ്ഗരേഖകളിൽനിന്നും വ്യതിചലിച്ചാണ് ടെണ്ടർ നടപടികൾ പൂർത്തീകരിച്ചതെന്ന് ചൂണ്ടിക്കാണിച്ച് DBFOO പ്രകാരമുള്ള 565 MW-ന് കമ്മീഷൻ അനുമതി നിഷേധിച്ചിരുന്നു. എന്നാൽ ഇത് ക്രമവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ചാലക്കുടി, പെരിങ്ങൽക്കുത്ത് ഹൈഡൽ ടൂറിസം**

265 (668) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പെരിങ്ങൽക്കുത്ത് ഡാമിനോട് ചേർന്ന് ഹൈഡൽ ടൂറിസത്തിന്റെ ഭാഗമായി നടത്തിയിരുന്ന ബോട്ടിംഗ് പുനഃരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

ഉത്തരം

വനം വകുപ്പിന്റെ നിർദ്ദേശമനുസരിച്ചാണ് പെരിങ്ങൽകുത്തിൽ ബോട്ടിംഗ് നിർത്തി വയ്ക്കേണ്ടിവന്നത്. ബോട്ടിംഗ് പുനഃരാരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട വനം-വൈദ്യുതി മന്ത്രിമാരുടെ സാന്നിധ്യത്തിൽ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ തത്ത്വത്തിൽ ബോട്ടിംഗ് പുനരാരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച നിർദ്ദേശം വനം വകുപ്പിന്റെ പരിഗണനയിലാണ്. വനംവകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് ബോട്ടിംഗ് പുനരാരംഭിക്കുന്നതാണ്.

## കാട്ടാക്കട മിനി വൈദ്യുതി ഭവൻ

266 (669) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട കെ. എസ്. ഇ. ബി. സബ് സ്റ്റേഷനുൾപ്പെടെ മിനി വൈദ്യുതി ഭവൻ നിർമ്മിക്കുന്നതിന്റെ നടപടി ഏത് ഘട്ടം വരെയായെന്ന് വിശദീകരിക്കാമോ ; ആയതിന്റെ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കുമോ ?

ഉത്തരം

കാട്ടാക്കട 220 കെ. വി. സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തികൾ പൂർത്തിയായിട്ടുണ്ട്.

കാട്ടാക്കട കെ.എസ്.ഇ.ബി. മിനി വൈദ്യുതി ഭവൻ നിർമ്മിക്കുന്നതിന്റെ ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണം

267 (670) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കുമോ;

(ബി) കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ വൈദ്യുതീകരണ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(സി) കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ ഓരോ പഞ്ചായത്ത്/ മുൻസിപ്പാലിറ്റിയിലും സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി നൽകിയ കണക്ഷനുകൾ, നൽകാനുദ്ദേശിക്കുന്ന കണക്ഷനുകൾ എന്നിവ എസ്റ്റിമേറ്റ് സഹിതം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനു വിപുലമായ സംവിധാനങ്ങൾ KSEB കൈക്കൊണ്ടിരുന്നു. ഇതനുസരിച്ച് നിലവിൽ 1.27 ലക്ഷം ഗുണഭോക്താക്കൾ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മാർച്ച് 2017 വരെ പുതുതായി രജിസ്റ്റർ ചെയ്യുന്ന ഗുണഭോക്താക്കളെയും പദ്ധതിയിൽ പരിഗണിക്കുന്നതാണ്. കണ്ടെത്തിയ ഗുണഭോക്താക്കൾക്ക് വൈദ്യുതി എത്തിക്കുന്നതിനായി വിതരണ ശൃംഖല വിപുലീകരിക്കുന്നതിന്റെയും, വയറിംഗ് പൂർത്തിയാക്കുന്ന മുറയ്ക്ക് വൈദ്യുതകണക്ഷനുകൾ നൽകുന്നതിന്റെയും പണികൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. 23-2-2017-ലെ കണക്ക് പ്രകാരം 76,000-ൽ പരം കണക്ഷനുകൾ നൽകിക്കഴിഞ്ഞു. മാർച്ച് 2017 ഓടുകൂടി സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) കൊണ്ടോട്ടി മണ്ഡലത്തിലും അർഹരായ ഉപഭോക്താക്കളെ കണ്ടെത്തി ഭവനങ്ങളുടെ സമീപത്തേയ്ക്ക് ലൈൻ വലിക്കുന്ന പ്രവർത്തി പൂർത്തീകരണത്തോടടുക്കുന്നു. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് കണക്ഷൻ നൽകിവരുന്നുണ്ട്. വയറിംഗ് ചെയ്യുവാൻ സാമ്പത്തികമായി പ്രയാസം അനുഭവിക്കുന്നവരുടെ വീടുകൾ കെ.എസ്.ഇ.ബി.എൽ. ജീവനക്കാരുടെയും, സന്നദ്ധ സംഘടനകളുടെയും സഹായത്തോടുകൂടി വയറിങ്ങ് പൂർത്തീകരിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

(സി) കൊണ്ടോട്ടി മണ്ഡലത്തിൽ നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 947 ഉപഭോക്താക്കൾ കണക്ഷൻ നൽകുന്നതിനുള്ള estimate ഉം നിലവിൽ നൽകിയ കണക്ഷനുകളും സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*. മാർച്ച് 2017 വരെ പുതുതായി രജിസ്റ്റർ ചെയ്യുന്ന കണക്ഷനുകളും സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതായിട്ടുണ്ട്.

**കാസർകോഡ് ജില്ലയിലെ കെ.എസ്.ഇ.ബി. സോളാർ പ്ലാന്റ്**

268 (671) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോഡ് ജില്ലയിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് കെ.എസ്.ഇ.ബി. സോളാർ പ്ലാന്റ് സ്ഥാപിക്കുന്നത്;

(ബി) ഇവിടങ്ങളിൽനിന്ന് എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉൽപാദിപ്പിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) നിലവിൽ പ്രസ്തുത പ്ലാന്റിൽ നിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) 220 കെ. വി. മൈലാട്ടി സബ്സ്റ്റേഷന്റെ മേൽക്കൂരയിൽ 30 KWP സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള ജോലികൾ പുരോഗമിക്കുന്നു. കൂടാതെ മൈലാട്ടി സബ്സ്റ്റേഷൻ പരിസരത്ത് 1 മെഗാവാട്ട് നിലയം സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ ദർഘാസ് നടപടികൾ പുരോഗമിക്കുന്നു.

110 കെ. വി. മഞ്ചേശ്വരം സബ്സ്റ്റേഷൻ പരിസരത്ത് 0.5 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ നിലയത്തിന്റെ ജോലികൾ പുരോഗമിക്കുന്നു. കൂടാതെ സബ്സ്റ്റേഷന്റെ മേൽക്കൂരയിൽ 20 കിലോവാട്ട് നിലയം സ്ഥാപിക്കുന്ന പദ്ധതിയുടെ ദർഘാസ് നടപടികൾ പുരോഗമിക്കുന്നു.

110 കെ. വി. കാഞ്ഞങ്ങാട് സബ്സ്റ്റേഷൻ മേൽക്കൂരയിൽ 20 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ നിലയം സ്ഥാപിക്കുന്ന പദ്ധതിയുടെ ദർഘാസ് നടപടികൾ പുരോഗമിക്കുന്നു.

(ബി) 220 കെ.വി. സബ്സ്റ്റേഷൻ മൈലാട്ടി മേൽക്കൂരയിൽനിന്നും 0.03 മെഗാവാട്ടും, സബ്സ്റ്റേഷൻ പരിസരത്തു നിന്നുള്ള നിലയത്തിൽനിന്നും 1 മെഗാവാട്ടും, 110 കെ.വി. മഞ്ചേശ്വരം സബ്സ്റ്റേഷന്റെ മേൽക്കൂരയിൽനിന്നും 0.02 മെഗാവാട്ടും, സബ്സ്റ്റേഷൻ പരിസരത്തുനിന്നും 0.5 മെഗാവാട്ടും, കാഞ്ഞങ്ങാട് 110 കെ.വി. സബ്സ്റ്റേഷന്റെ മേൽക്കൂരയിൽനിന്നും 0.02 മെഗാവാട്ടും വൈദ്യുതി ഉൽപ്പാദനമാണ് ലക്ഷ്യമിടുന്നത്.

(സി) കാസർകോഡ് സോളാർ പാർക്കിൽനിന്നും 200 മെഗാവാട്ട് ഗ്രിഡുമായി ബന്ധിപ്പിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നു.

**കാസർഗോഡ് വൈദ്യുതിഭവൻ**

269 (672) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് വൈദ്യുതിഭവന്റെ നിർമ്മാണം എപ്പോൾ തുടങ്ങുമെന്ന് വ്യക്തമാക്കാമോ;

(ബി) വൈദ്യുതിഭവൻ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം ഏത് മണ്ഡലത്തിലെ ഏത് പഞ്ചായത്തിലാണെന്നും സ്ഥലത്തിന്റെ വിസ്തീർണ്ണം എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) വൈദ്യുതിഭവൻ നിർമ്മാണത്തിന് എത്ര തുകയാണ് വിനിയോഗിക്കുന്നത്; ഈ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) നിർദ്ദിഷ്ട വൈദ്യുതിഭവനിൽ ഏതെല്ലാം ഓഫീസുകളാണ് പ്രവർത്തിക്കുക എന്ന് വ്യക്തമാക്കുമോ;

(ഇ) വൈദ്യുതിഭവൻ യാഥാർത്ഥ്യമാകുന്നതിലൂടെ ഇപ്പോൾ വിവിധ ഓഫീസുകൾക്ക് വാടക ഇനത്തിൽ ചെലവാക്കുന്ന എത്ര തുക ലാഭിക്കാൻ കഴിയുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് വൈദ്യുതി ഭവന്റെ നിർമ്മാണം 2017 ഏപ്രിൽ മാസത്തിൽ തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

(ബി) വൈദ്യുതി ഭവൻ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം കാസർഗോഡ് മണ്ഡലത്തിലെ ചെങ്കള പഞ്ചായത്തിലാണ്. ടി സ്ഥലത്തിന്റെ വിസ്തീർണ്ണം 50 സെന്റ് ആണ്.

(സി) കാസർഗോഡ് വൈദ്യുതി ഭവന്റെ നിർമ്മാണത്തിന് 4.2 കോടി രൂപയാണ് വിനിയോഗിക്കുവാൻ ഉദ്ദേശിക്കുന്നത്. ഇതിന് ഫണ്ട് അനുവദിച്ചിട്ടുള്ളതും ഭരണാനുമതി ലഭിച്ചിട്ടുള്ളതുമാകുന്നു. ഭരണാനുമതിയുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) നിർദ്ദിഷ്ട വൈദ്യുതിഭവനിൽ താഴെ പറയുന്ന ഓഫീസുകളാണ് ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്:

1. ഇലക്ട്രിക്കൽ സർക്കിൾ, കാസർഗോഡ്
2. ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കാസർഗോഡ്
3. സബ്സ്റ്റേഷൻ സബ്ഡിവിഷൻ, കാസർഗോഡ്
4. ഡിസ്ട്രിബ്യൂഷൻ സർക്കിൾ സ്റ്റോർ, കാസർഗോഡ്
5. എ.പി.റ്റി.എസ്. ഓഫീസ്, കാസർഗോഡ്
6. മീറ്റർ ടെസ്റ്റിംഗ് യൂണിറ്റ്, കാസർഗോഡ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

7. RAO ഓഫീസ്, കാസർഗോഡ്

8. TMR സബ് ഡിവിഷൻ, കാസർഗോഡ്

9. ട്രാൻസ്മിഷൻ ഡിവിഷൻ, കാസർഗോഡ്.

(ഇ) വൈദ്യുതിഭവൻ യാഥാർത്ഥ്യമാകുന്നതിലൂടെ വാടക ഇനത്തിലുള്ള 96,272 രൂപ പ്രതിമാസം ലാഭിക്കാൻ സാധിക്കുമെന്ന് കണക്കാക്കുന്നു.

**പയ്യന്നൂർ സെക്ഷൻ ഓഫീസ്**

270 (673) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. പയ്യന്നൂർ സെക്ഷൻ ഓഫീസിൽ നിലവിൽ എത്ര ഉപഭോക്താക്കളാണുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സെക്ഷന്റെ പരിധി എത്ര സ്ക്വയർ കി.മി. ആണെന്ന് അറിയിക്കാമോ ;

(സി) ഒരു സെക്ഷനിലെ ഉപഭോക്താക്കളുടെ പരമാവധി എണ്ണം നിശ്ചയിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) പയ്യന്നൂർ സെക്ഷന്റെ കീഴിൽ ഉപഭോക്താക്കൾ കൂടുതലാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ഇ) ഇതുമൂലം ജീവനക്കാരും ഉപഭോക്താക്കളും പ്രയാസപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; സെക്ഷൻ വിഭജിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഇ) പയ്യന്നൂർ ഇലക്ട്രിക്കൽ സെക്ഷന്റെ വിസ്തൃതി 44.965 ചതുരശ്ര കിലോമീറ്ററും നിലവിലുള്ള ഉപഭോക്താക്കളുടെ എണ്ണം 24,283-ഉം ആണ്. സെക്ഷൻ വിഭജിക്കുന്നതിന് ഉപഭോക്താക്കളുടെ എണ്ണം മാത്രമല്ല മാനദണ്ഡം. നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികമാവുകയോ ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണഗതിയിൽ ബോർഡ് നിലവിലുള്ള സെക്ഷൻ വിഭജിച്ച് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. ടി മാനദണ്ഡങ്ങൾ പയ്യന്നൂർ സെക്ഷൻ ഓഫീസിന്റെ കാര്യത്തിൽ പാലിക്കപ്പെടാത്തതിനാൽ ടി സെക്ഷന്റെ വിഭജനം ഇപ്പോൾ

കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പരിഗണനയിലില്ല. പുതിയ ഓഫീസ് ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും ഇപ്പോൾ പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിക്കുന്നത് പ്രായോഗികമല്ല. കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണം പരിശോധിച്ചുവരികയാണ്. അതോടൊപ്പം ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനുള്ള സംവിധാനങ്ങളും നടപ്പിലാക്കുന്നുണ്ട്.

**തിരുവമ്പാടി മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണം**

271 (674) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി തിരുവമ്പാടി മണ്ഡലത്തിൽ ഇതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രവൃത്തി പൂർത്തീകരിച്ച് എന്ന് പ്രഖ്യാപനം നടത്താൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം തിരുവമ്പാടി മണ്ഡലത്തിൽ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് വിപുലമായ സംവിധാനങ്ങൾ കെ.എസ്.ഇ.ബി.എൽ. ഏർപ്പെടുത്തിയിരുന്നു. ഇതനുസരിച്ച് തിരുവമ്പാടി മണ്ഡലത്തിൽ 1200-ൽ പരം ഗുണഭോക്താക്കൾ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 21-2-2017 വരെ 576 വൈദ്യുതി കണക്ഷൻ നൽകിക്കഴിഞ്ഞു. ഇതിനായി 14.57 കി.മീ. LT ലൈൻ വലിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു.

(ബി) 2017 മാർച്ചോടുകൂടി സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

**സമ്പൂർണ്ണ വൈദ്യുതീകരണം**

272 (675) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര അസംബ്ലി മണ്ഡലങ്ങൾ സമ്പൂർണ്ണ വൈദ്യുതീകരണം നടത്തിയതായി പ്രഖ്യാപിച്ചിട്ടുണ്ട് ;

(ബി) സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി എന്ന് പ്രഖ്യാപിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(സി) എല്ലാ മണ്ഡലങ്ങളിലുമായി ആകെ എത്ര ഗാർഹിക കണക്ഷൻ നൽകേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(ഡി) ഇതിന് എത്ര കോടി രൂപ ചെലവുവരുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഇ) കടുത്ത വൈദ്യുതി പ്രതിസന്ധി നേരിടുന്ന സമയത്ത് സമ്പൂർണ്ണ വൈദ്യുതീകരണത്തിനുള്ള അധിക വൈദ്യുതി കെ.എസ്.ഇ.ബി.-യ്ക്ക് കണ്ടെത്താനാകുമോ ;

(എഫ്) അധിക വൈദ്യുതി കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എറണാകുളം, അമ്പലപ്പുഴ, ആലപ്പുഴ, കോഴിക്കോട് (നോർത്ത്), കോഴിക്കോട് (സൗത്ത്), തിരൂരങ്ങാടി, തലശ്ശേരി, കായംകുളം, തൃക്കാക്കര, മാവേലിക്കര, ചേർത്തല, കഴക്കൂട്ടം, മൂവാറ്റുപുഴ എന്നീ 13 മണ്ഡലങ്ങൾ പൂർണ്ണമായി വൈദ്യുതീകരിച്ചതായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) മാർച്ച് 2017-ഓടെ കേരളത്തെ സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി പ്രഖ്യാപിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) ഇതുവരെ അപേക്ഷ സമർപ്പിച്ച ഉപഭോക്താക്കളുടെ കണക്കനുസരിച്ച് 1,27,000-ഓളം കണക്ഷനുകൾ നൽകേണ്ടിവരുമെന്നാണ് കണക്കാക്കുന്നത്.

(ഡി) അപേക്ഷ സമർപ്പിച്ച എല്ലാ ഉപഭോക്താക്കൾക്കും വൈദ്യുതി എത്തിക്കുന്നതിനായി 174 കോടി രൂപയുടെ ചെലവാണ് പ്രതീക്ഷിക്കുന്നത്. ഇതിൽ വീടുകളുടെ വയറിങ് നടത്തുന്നതിനായുള്ള തുക വകയിരുത്തിയിട്ടില്ല.

(ഇ) കടുത്ത വരൾച്ചയെ തുടർന്ന് ഈ വേനൽക്കാലത്ത് വൈദ്യുതി ലഭ്യതയിൽ കുറവ് വന്നിട്ടുണ്ടെങ്കിലും, സമ്പൂർണ്ണ വൈദ്യുതീകരണം ലക്ഷ്യമിടുന്നത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഗാർഹിക ഉപഭോക്താക്കളെ ആണെന്നതിനാലും, മെച്ചപ്പെട്ടതും വൈദ്യുത ഉപഭോഗം കുറച്ചുമാത്രം ആവശ്യമുള്ള എൽ.ഇ.ഡി. ബൾബുകളും മറ്റും ഉപഭോക്താക്കൾ ഉപയോഗിക്കുമെന്ന് പ്രതീക്ഷിക്കുന്നതിനാലും, പ്രസ്തുത പദ്ധതിമൂലം വരുന്ന അധിക വൈദ്യുത ഉപഭോഗം താരതമ്യേന കുറവായിരിക്കുമെന്നും ആയതിനാൽ വൈദ്യുതി ലഭ്യതയിലെ കുറവ് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിക്ക് വിഘാതമാകുമെന്ന് കരുതുന്നില്ല.

(എഫ്) അധിക വൈദ്യുതിയുടെ ആവശ്യകത ഉണ്ടാകുന്ന മുറയ്ക്ക് പുതിയ കരാറുകളിൽ ഏർപ്പെടേണ്ടിവരുന്നതാണ്.

## സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ വൈദ്യുതി കുടിശ്ശിക

273 (676) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഇ. ബി. ലിമിറ്റഡ് ഇപ്പോൾ ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത് ;

(ബി) ബോർഡിന് എത്ര കോടി രൂപ വൈദ്യുതി കുടിശ്ശിക ഇനത്തിൽ കിട്ടാനുണ്ടെന്ന് വിശദമാക്കാമോ ;

(സി) ഏതൊക്കെ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളാണ് കുടിശ്ശിക വരുത്തിയതെന്നും ഇവരുടെ കുടിശ്ശിക തുക എത്ര വീതമാണെന്നും വെളിപ്പെടുത്തുമോ ;

(ഡി) കുടിശ്ശിക പിരിക്കാൻ നാളിതുവരെ ബോർഡ് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട് ;

(ഇ) കോടികൾ കുടിശ്ശികയുള്ള സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളുടെ കറണ്ട് കണക്ഷൻ വിച്ഛേദിക്കാത്തതെന്തുകൊണ്ടെന്ന് വിശദമാക്കാമോ ;

(എഫ്) കുടിശ്ശിക അടയ്ക്കുവാനുള്ള സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾക്കെതിരെ അടിയന്തര നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡ് നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

2015-16 സാമ്പത്തിക വർഷത്തെ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നഷ്ടം 313.29 കോടി രൂപയാണ്.

(ബി) 2015-16 സാമ്പത്തിക വർഷാവസാനം കെ.എസ്.ഇ.ബി. ലിമിറ്റഡിന് വൈദ്യുതി ചാർജ്ജിനത്തിൽ ഏകദേശം 2121.46 കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ട്.

(സി) കുടിശ്ശിക വരുത്തിയിട്ടുള്ള സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളുടെ പൂർണ്ണ വിവരം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.* സർക്കാർ സ്ഥാപനങ്ങൾ 135.40 കോടി രൂപയും സഹകരണ സ്ഥാപനങ്ങൾ ഉൾപ്പെടെ പൊതുമേഖലാ സ്ഥാപനങ്ങൾ പലിശ ഉൾപ്പെടുത്താതെ 1177.13 കോടി രൂപയുമാണ് കുടിശ്ശിക വരുത്തിയിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) സപ്ലൈ കോഡ് 2014-ൽ പരാമർശിച്ചിട്ടുള്ള സമയപരിധി അനുസരിച്ച് കുടിശ്ശിക വരുത്തുന്ന ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കൽ, കണക്ഷൻ അഴിച്ചുമാറ്റൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. അതിനുശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽനിന്നും കുടിശ്ശിക വകയിരുത്തി യിട്ടുണ്ട്. ഇതിൽനിന്നും വകയിരുത്താൻ കഴിയാത്ത തുക റവന്യൂ റിക്കവറി നടപടികൾക്കായി നൽകാറുണ്ട്. ദീർഘകാല കുടിശ്ശികയുള്ള ഉപഭോക്താക്കളിൽ നിന്നും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിവഴി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ഇ & എഫ് ) കേരള പോലീസ്, കേരള വാട്ടർ അതോറിറ്റി, സർക്കാർ ആശുപത്രികൾ, കോടതി വ്യവഹാരങ്ങൾ നിലനിൽക്കുന്നവ എന്നിവ ഒഴിച്ചുള്ള വൈദ്യുതി കണക്ഷനുകളാണ് സാധാരണ ഗതിയിൽ വിച്ഛേദിക്കാറുള്ളത്. കേരള പോലീസ്, കേരള വാട്ടർ അതോറിറ്റി, സർക്കാർ ആശുപത്രികൾ എന്നിവയുടെ വൈദ്യുതി കണക്ഷനുകൾ വിച്ഛേദിക്കുന്നത് ജനങ്ങളുടെ ദൈനംദിന ജീവിതത്തെ ദോഷകരമായി ബാധിക്കുമെന്നതിനാൽ ഇത്തരം ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ ഉടനടി വിച്ഛേദിക്കാൻ സാധിക്കില്ല. എന്നാൽ ഇവർക്ക് കുടിശ്ശിക വിവരങ്ങൾ വ്യക്തമാക്കുന്ന നോട്ടീസ് നൽകാറുണ്ട്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഉപയുക്തമാക്കാനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.

**ചങ്ങനാശ്ശേരി കെ.എസ്.ഇ.ബി. ഡിവിഷൻ ഓഫീസ് കെട്ടിടം**

274 (677) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി കെ.എസ്.ഇ.ബി. ഡിവിഷൻ ഓഫീസിന് സ്വന്തമായ കെട്ടിടം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ചങ്ങനാശ്ശേരി കവലയിൽ പ്രവർത്തിക്കുന്ന സെക്ഷൻ ഓഫീസ് കോമ്പൗണ്ടിൽ ഇതിന് ആവശ്യമായ സ്ഥലം ലഭ്യമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത സ്ഥലത്ത് ഡിവിഷണൽ ഓഫീസ് നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ഉണ്ട്. പ്രസ്തുത സ്ഥലത്ത് ചങ്ങനാശ്ശേരി ഡിവിഷൻ ഓഫീസിന് വേണ്ടി ഒരു പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**ടെക്നിക്കൽ അറിവ് ഇല്ലാത്ത ജീവനക്കാർ**

275 (678) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ ടെക്നിക്കൽ അറിവ് ഇല്ലാത്ത ജീവനക്കാരെ തരം താഴ്ത്തിയ നടപടി ഉണ്ടായിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഡിപ്ലോമ ഉള്ള ജീവനക്കാർ സ്ഥാനക്കയറ്റത്തിന് വേണ്ടി ഐ.ടി.ഐ. സർട്ടിഫിക്കറ്റ് നേടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത് സംബന്ധിച്ച് കേന്ദ്ര വൈദ്യുതി ചട്ടം നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ഡി) ഡിഗ്രി യോഗ്യതയുള്ള ജീവനക്കാർ ഡിപ്ലോമയും ഡിപ്ലോമയുള്ള ജീവനക്കാർ ഐ.ടി.ഐ. സർട്ടിഫിക്കറ്റും നേടിയത് സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ & ബി) ഇല്ല.

(സി) കേന്ദ്ര വൈദ്യുത ചട്ടം 6-ഉം 7-ഉം പ്രകാരം താപ വൈദ്യുത നിലയത്തിന്റെയും, ജലവൈദ്യുത നിലയത്തിന്റെയും അനുബന്ധ സബ്ബ് സ്റ്റേഷനുകളുടേയും പ്രവർത്തനവും പരിപാലനവും നടത്തുന്ന എഞ്ചിനിയേഴ്സ്/സൂപ്പർവൈസർമാർക്ക് അംഗീകൃത സർവ്വകലാശാലയിൽനിന്ന് എഞ്ചിനീയറിങ്ങിൽ ബിരുദം/അംഗീകൃത ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് ഇലക്ട്രിക്കൽ എഞ്ചിനീയറിങ്ങിൽ ഡിപ്ലോമയോ ഉണ്ടാകണം.

കൂടാതെ പ്രസരണ, വിതരണ വിഭാഗങ്ങളിലെ എഞ്ചിനീയർ/സൂപ്പർവൈസർമാർക്ക് അംഗീകൃത യൂണിവേഴ്സിറ്റി/ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് എഞ്ചിനീയറിങ്ങിൽ ഇലക്ട്രിക്കൽ, മെക്കാനിക്കൽ, ഇലക്ട്രോണിക്സും ഇൻസ്ട്രുമെൻറ്റേഷനിൽ ബിരുദമോ അല്ലെങ്കിൽ ഡിപ്ലോമയോ ഉണ്ടാകണം.

(ഡി) ഇത്തരം കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പെരുന്തേനരുവി ചെറുകിട ജലവൈദ്യുത പദ്ധതി**

276 (679) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുന്തേനരുവി ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്; എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തിയാക്കിയത്;

ഇനി ഏതൊക്കെ പൂർത്തിയാക്കാനുണ്ട്; നിർമ്മാണം പൂർത്തിയാക്കാൻ എന്തെങ്കിലും തടസ്സം ഉണ്ടോ ; ഉണ്ടെങ്കിൽ തടസ്സം എന്തെന്ന് വിശദമാക്കാമോ ;

(ബി) നിർമ്മാണം പൂർത്തിയാക്കി പദ്ധതി എന്ന് കമ്മീഷൻ ചെയ്യാൻ കഴിയും എന്ന് അറിയിക്കുമോ; പദ്ധതിയിൽനിന്നും എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉൽപ്പാദിപ്പിക്കുന്നത് ; ഇവിടെ ഉൽപാദിപ്പിക്കുന്ന വൈദ്യുതിയുടെ വിതരണം സംബന്ധിച്ച് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) പെരുന്തേനരുവി ചെറുകിട ജല വൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ് (ഏകദേശം 95 ശതമാനം പണികൾ പൂർത്തീകരിച്ചിട്ടുണ്ട്). ഇലക്ട്രോ മെക്കാനിക്കൽ ഇറക്ഷനും, അവസാനഘട്ട പണികളുമാണ് ഇനി പൂർത്തീകരിക്കാനുള്ളത്. ഇലക്ട്രോ മെക്കാനിക്കൽ ഉപകരണങ്ങൾ സ്ഥാപിക്കുന്ന പണികൾ പുരോഗമിക്കുന്നു. യന്ത്രങ്ങളുടെ കാര്യക്ഷമത പരിശോധിക്കുന്നതിനാവശ്യമായ ജലത്തിന്റെ ദൗർലഭ്യം മാത്രമാണ് നിലവിലുള്ള തടസ്സം.

(ബി) 2017 മാർച്ച് അവസാനത്തോടെ നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിടുന്നു.

6 മെഗാവാട്ട് വൈദ്യുതിയാണ് ഇവിടെ ഉല്പാദിപ്പിക്കുന്നത്. ഈ വൈദ്യുതി റാന്നി 110 കെ.വി. സബ്സ്റ്റേഷന്റെയും, റാന്നി-പെരിനാട് 33 കെ.വി. സബ്സ്റ്റേഷന്റെയും പരിധിയിൽ വരുന്ന വെച്ചൂച്ചിറ, നാറാണംമൂഴി, റാന്നി-പെരിനാട്, റാന്നി - പഴവങ്ങാടി, റാന്നി-അങ്ങാടി പഞ്ചായത്തുകളിൽ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു.

**വികേന്ദ്രീകൃത സോളാർ പദ്ധതികൾ**

277 (680) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വികേന്ദ്രീകൃത സോളാർ പദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇതിനായി കെ.എസ്.ഇ.ബി. യുടെ സ്ഥലങ്ങൾ ഉപയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ;

(സി) ഇത്തരം പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി ബോർഡുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി എല്ലാ ഭവനങ്ങളിലും 31-3-2017-മുമ്പ് വൈദ്യുതി എത്തിക്കുന്ന യത്നവുമായി കേരള സർക്കാർ മുന്നോട്ട് പോകുകയാണ്. വൈദ്യുതി എത്തിച്ചേരാത്ത വിദൂര പ്രദേശങ്ങളിൽ 447 ഗാർഹിക ഉപഭോക്താക്കൾ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇവർക്ക് വൈദ്യുതി കണക്ഷൻ നൽകുന്ന പദ്ധതിയിൽ 300Wp സോളാർ പാനൽ, 120Ah-ന്റെ 2 ബാറ്ററികൾ, 300 VA ഇൻവെർട്ടർ, അനുബന്ധ മീറ്ററിങ്ങ് ഉപകരണങ്ങൾ, 6W-ന്റെ മൂന്ന് LED ബൾബുകൾ, മൊബൈൽ ചാർജ്ജിംഗ് പോയിന്റ് എന്നിവ ഉൾപ്പെടുന്നു. സോളാർ പാനലുകൾ വ്യത്യസ്ത തരത്തിലുള്ള മേൽക്കൂരകളിൽ സ്ഥാപിക്കുന്നതിനായി രണ്ട് തരം മൗണ്ടിംഗ് സ്ട്രക്ചറുകൾ രൂപകല്പന ചെയ്തിട്ടുണ്ട്. ഒരു ഉപഭോക്താവിന് 58,000 രൂപ അടിസ്ഥാന ചെലവായി കണക്കാക്കിയിരിക്കുന്നു. ഇതിന് പുറമേയാണ് മൗണ്ടിംഗ് സ്ട്രക്ച്ചറുകൾക്ക് ആവശ്യമായിവരുന്ന തുക 447 ഉപഭോക്താക്കൾക്കുമായി 2.8247 കോടി രൂപ ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ട്. MNRE പദ്ധതി പ്രകാരമുള്ള സാങ്കേതിക വിവരണ പ്രകാരമുള്ളതാണ് മേൽ പദ്ധതി.

അനെർട്ട് നടപ്പുസാമ്പത്തികവർഷം നടപ്പിലാക്കിവരുന്ന റൂഫ് ടോപ്പ് സോളാർ പദ്ധതിയിൽ ശ്യംഖലാബന്ധിതമായ പദ്ധതികൾ വഴി 5 MW സ്ഥാപിത ശേഷിയും ശ്യംഖലാബന്ധിതമല്ലാത്ത പദ്ധതികൾ വഴി 6.4 MW സ്ഥാപിത ശേഷിയുമാണ് ലക്ഷ്യമിടുന്നത്.

അനെർട്ടിന്റെ കൺസൾട്ടൻസി സ്കീമിൽ ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്ത് വിവിധ സർക്കാർ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്നതനുസരിച്ച് സോളാർ പദ്ധതികൾ നടപ്പിലാക്കി വരുന്നുമുണ്ട്.

(ബി & സി) ഇല്ല.

**ട്രാവൻകൂർ സിമന്റ്സിന് ധനസഹായം**

278 (681) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിന്റെ (റ്റി.സി.എൽ.) വൈദ്യുതി വിച്ഛേദിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വൈദ്യുതി കുടിശ്ശിക ഇനത്തിൽ എത്ര തുകയാണ് റ്റി.സി.എൽ. വൈദ്യുതി ബോർഡിന് നൽകുവാനുള്ളത്; പ്രസ്തുത സ്ഥാപനത്തെ സഹായിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കോട്ടയം ട്രാവൻകൂർ സിമന്റ്സിന് എത്ര കോടി രൂപയുടെ ധനസഹായം നൽകി;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷം എത്ര തുക നൽകി എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. വൈദ്യുതി ചാർജ്ജ് ഇനത്തിലെ കുടിശ്ശിക യഥാസമയം അടയ്ക്കാത്തതിനാൽ 2-2-2017-ന് റ്റി.സി.എൽ.-ന്റെ വൈദ്യുതി ബന്ധം വിച്ഛേദിക്കുകയുണ്ടായി. എന്നാൽ 4-2-2017-ൽ പത്ത് ലക്ഷം രൂപ അടച്ചതിനാൽ വൈദ്യുതി ബന്ധം പുനഃസ്ഥാപിക്കുകയും ചെയ്തു.

വൈദ്യുതി കുടിശ്ശിക ഇനത്തിൽ ആകെ 2,04,53,674 രൂപയാണ് വൈദ്യുതി ബോർഡിന് നൽകുവാനുള്ളത്.

| | |
|---|---|
| മുതൽ | 77,53,102 |
| പലിശ | 1,27,00,572 |
| ആകെ | 2,04,53,674 |

കുടിശ്ശിക തുകയായ 2,04,53,674 (രണ്ട് കോടി നാല് ലക്ഷത്തി അൻപത്തി മൂവായിരത്തി അറുനൂറ്റി എഴുപത്തിനാല് രൂപ) അടച്ചുതീർക്കുന്നതിനായി വൈദ്യുതി ബോർഡിൽ ഇപ്പോൾ നിലവിലുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ 6 ശതമാനം പലിശയിളവ് ഉൾപ്പെടെയുള്ള നടപടികളെപ്പറ്റി അറിയിപ്പ് നൽകിയിട്ടുണ്ട്.

(ബി) 18 കോടി 43 ലക്ഷം രൂപയുടെ ധനസഹായം നൽകി.

(സി) 146 ലക്ഷം രൂപ.

**തൃക്കളത്തൂർ കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ്**

279 (682) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ നിയമസഭാ മണ്ഡലത്തിലെ തൃക്കളത്തൂർ കേന്ദ്രമാക്കി ഒരു പുതിയ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉപഭോക്താക്കളുടെ എണ്ണത്തിലുള്ള വർദ്ധനവ് കണക്കിലെടുത്ത് തൃക്കളത്തൂർ കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്. വെള്ളൂർക്കുന്നം, വളയൻചിറങ്ങര എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് തൃക്കളത്തൂർ കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ കെ.എസ്.ഇ.ബി.എൽ. പരിശോധിച്ചിരുന്നു. നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000 ൽ അധികം ആവുകയോ ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണ ഗതിയിൽ ബോർഡ് നിലവിലുള്ള സെക്ഷൻ വിഭജിച്ച് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. എന്നാൽ സെക്ഷൻ വിഭജനത്തിനുള്ള മുകളിൽ പരാമർശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വെള്ളൂർക്കുന്നം, വളയൻചിറങ്ങര എന്നീ സെക്ഷനുകളുടെ കാര്യത്തിൽ പാലിക്കപ്പെടാത്തതിനാൽ ടി സെക്ഷൻ ഓഫിസുകൾ വിഭജിച്ച് തൃക്കളത്തൂർ കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നത് ഇപ്പോൾ കെ.എസ്.ഇ.ബി.എൽ.-ന്റെ പരിഗണനയിലില്ല.

**ഷൊർണ്ണൂർ ഇലക്ട്രിക്കൽ സർക്കിൾ**

280 (683) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ഷൊർണ്ണൂർ ഇലക്ട്രിക്കൽ സർക്കിളിനു കീഴിലുള്ള വാണിയംകുളം, ഷൊർണ്ണൂർ, കോതകുറുശ്ശി സെക്ഷൻ ഓഫീസുകളിലേക്ക് ജീപ്പ് ഓടുന്നതിനു വേണ്ടിയുള്ള ടെണ്ടറിലെ അഴിമതികളും, ടെണ്ടർ പരസ്യം മേഖലയിലെ പ്രചാരമുള്ള മുഖ്യ മലയാളം പത്രങ്ങളിൽ നൽകാതെയും, അറിഞ്ഞവർ നൽകിയ ക്വട്ടേഷനുകളിൽ ഉയർന്ന നിരക്കു ക്വോട്ടു ചെയ്തവർക്ക് നൽകുകയും ചെയ്തതു സംബന്ധിച്ച് ശ്രീ. കെ. പി. സുധീർ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ചീഫ് വിജിലൻസ് ഓഫീസർ തുടങ്ങിയവർക്കു നൽകിയ പരാതിയിന്മേൽ നാളിതുവരെ എന്തു നടപടികൾ സ്വീകരിച്ചു;

(ബി) പ്രസ്തുത ടെണ്ടർ നൽകാനായി എത്ര പേർ ഫാറം വാങ്ങി; എത്ര തുക നിരക്കുകളായി അവർ രേഖപ്പെടുത്തി; അവർ ആരെല്ലാം എന്നും ടെണ്ടർ ഫാറം വാങ്ങിയതിലും സമർപ്പിച്ചവരിലുമായി ആരെയൊക്കെ ഒഴിവാക്കി എന്നും അതിന് കാരണം എന്തെന്നും വ്യക്തമാക്കുമോ;

(സി) ചുരുങ്ങിയ സംഖ്യക്ക് വാഹനം നൽകാൻ തയ്യാറായ വ്യക്തിയെ ഒഴിവാക്കിയതു മൂലം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനുണ്ടായ നഷ്ടം എത്ര എന്നും പ്രസ്തുത നഷ്ടം ടെണ്ടർ അംഗീകരിച്ചു നൽകിയ ഉദ്യോഗസ്ഥരിൽനിന്നും ഈടാക്കാനും മറ്റു ശിക്ഷാ നടപടികൾ സ്വീകരിക്കാനും അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(ഡി) ഇപ്പോൾ ഉറപ്പിച്ചു നൽകിയതും പരാതിക്കാധാരമായതുമായ ടെണ്ടർ റദ്ദാക്കാനും പുതിയ ടെണ്ടർ ക്ഷണിച്ച് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് ലാഭകരമായ തരത്തിൽ ടെണ്ടർ ഉറപ്പിക്കാനും എന്തു നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഷൊർണ്ണൂർ ഇലക്ട്രിക്കൽ സർക്കിളിന്റെ കീഴിലുള്ള വാണിയംകുളം, ഷൊർണ്ണൂർ, കോതക്കുറിശ്ശി എന്നീ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിലേയ്ക്ക് ടാക്സി ജീപ്പ് കരാർ അടിസ്ഥാനത്തിൽ നൽകുന്നതിനുള്ള ദർഘാസ് 10-9-2016-ലെ 'മാധ്യമം' ദിനപത്രത്തിൽ പരസ്യം ചെയ്തിരുന്നു.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ഷോർണ്ണൂർ ഇലക്ട്രിക്കൽ സർക്കിളിനു കീഴിലുള്ള വാണിയംകുളം, ഷൊർണ്ണൂർ, കോതക്കുറിശ്ശി സെക്ഷൻ ഓഫീസുകളിലേയ്ക്ക് ജീപ്പ് ഓടുന്നതിനുവേണ്ടിയുള്ള ടെൻഡറിലെ അഴിമതികളെക്കുറിച്ച് ശ്രീ. കെ. പി. സുധീർ, കെ.എസ്.ഇ.ബി. ലിമിറ്റഡ് ചീഫ് വിജിലൻസ് ഓഫീസർക്ക് നൽകിയ പരാതിയിന്മേൽ അന്വേഷണം നടന്നുവരികയാണ്. ആയത് പൂർത്തിയായിട്ടില്ല.

(ബി) വാണിയംകുളം, ഷൊർണ്ണൂർ, കോതക്കുറിശ്ശി എന്നീ സെക്ഷൻ ഓഫീസുകളിലേയ്ക്ക് മൂന്ന് പേർ വീതം ടെണ്ടർ ഫോം വാങ്ങി, ടെണ്ടറിൽനിന്നും ആരെയും ഒഴിവാക്കിയിരുന്നില്ല. ഷൊർണ്ണൂർ, കോതക്കുറിശ്ശി എന്നീ സെക്ഷൻ ഓഫീസുകളിലേയ്ക്ക് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ആൾ ടെണ്ടർ നിബന്ധന പ്രകാരം ആവശ്യമായ എല്ലാ രേഖകളും സമർപ്പിക്കാതിരുന്നതിനാൽ റീ-ടെണ്ടർ ചെയ്യുവാൻ തീരുമാനിച്ച് ഉത്തരവിട്ടു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി &ഡി) വിജിലൻസിന്റെ അന്വേഷണ റിപ്പോർട്ട് ലഭിച്ചതിനുശേഷം റിപ്പോർട്ടിലെ ശിപാർശകളുടേയും പരാതിക്കാധാരമായ വിഷയത്തിൽ ശ്രീ. രഞ്ജിത്ത് ആർ., രശ്മി നിലയം, അമ്പലവട്ടം, പനമണ്ണ-679 501 എന്ന ആൾ കൊടുത്ത ഹൈക്കോടതിയുടെ പരിഗണനയിലുള്ള കേസിന്റെ വിധിയ്ക്കനുസരിച്ചും ഉചിതമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ഊർജ്ജക്കമ്മി**

281 (684) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ വിവിധ ഊർജ്ജ സ്രോതസ്സുകളിൽ നിന്നായി എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുന്നത് ;

(ബി) സംസ്ഥാനത്തിന്റെ ആകെ വൈദ്യുതി ഉപഭോഗം കണക്കാക്കിയിട്ടുണ്ടോ ;

(സി) ഊർജ്ജക്കമ്മി പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2017 ഫെബ്രുവരി 21-ാം തീയതിയിലെ കണക്കനുസരിച്ച് പീക് സമയത്ത് സംസ്ഥാനത്തിലെ വിവിധ ഊർജ്ജ സ്രോതസ്സുകളിൽ നിന്നായി 1200 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിച്ചിട്ടുണ്ട്.

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ മൊത്തം ഉപഭോഗം 23955 ദശലക്ഷം യൂണിറ്റ് ആകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. 2016-17-ൽ 20-2-2017 വരെ സംസ്ഥാനത്തെ മൊത്തം ഉപഭോഗം 21268 ദശലക്ഷം യൂണിറ്റ് ആണ്.

(സി) കാലവർഷത്തിന്റെ കുറവ് കാരണം ആഭ്യന്തര ജല വൈദ്യുത ഉല്പാദനത്തിൽ 45 ശതമാനം കുറവ് വന്നിട്ടുണ്ട്. ഇത് കാരണം ഉണ്ടായേക്കാവുന്ന വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് കേരളത്തിന് പുറത്തു നിന്ന് വൈദ്യുതി കൊണ്ടു വരുന്നതിനുള്ള ദീർഘകാല - ഹ്രസ്വകാല കരാറുകളിൽ കെ.എസ്.ഇ.ബി. ഏർപ്പെട്ടിട്ടുണ്ട്. 865 മെഗാവാട്ടിന്റെ ദീർഘകാല കരാറും 300 മെഗാവാട്ട് റൗണ്ട് ദ ക്ലോക്ക് അടിസ്ഥാനത്തിലും 100 മെഗാവാട്ട് പീക്ക് സമയത്തും ഹ്രസ്വകാല കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതിൽ 315 മെഗാവാട്ട് വൈദ്യുതി ദീർഘകാലാടിസ്ഥാനത്തിൽ 6-12-2016-ൽ ലഭിച്ചുതുടങ്ങി. മാർച്ച് മുതൽ ലഭിക്കേണ്ട 200 മെഗാവാട്ട് ഹ്രസ്വകാല കരാർ അനുസരിച്ച് വൈദ്യുതി കൊണ്ടുവരാനുള്ള ഇടനാഴിയും ലഭിച്ചിട്ടുണ്ട്. കൂടാതെ മാർച്ച് മാസത്തിൽ 85 മെഗാവാട്ട് വൈദ്യുതി വൈകുന്നേരം 6 മണി മുതൽ 12 മണിക്കൂർ കൊണ്ടുവരാനുള്ള ഇടനാഴിയും ലഭ്യമായിട്ടുണ്ട്. ഇത് കഴിഞ്ഞുള്ള വൈദ്യുതി കമ്മി പവർ എക്സ്ചേഞ്ച്, അൺഷെഡ്യൂൾഡ് ഇന്റർചേഞ്ച് എന്നിവ വഴി നികത്താനാണ് ഉദ്ദേശിക്കുന്നത്.

സംസ്ഥാനത്തിന് പുറത്ത് നിന്ന് കൂടുതൽ വൈദ്യുതി കൊണ്ടുവരുന്നതിനുള്ള കോറിഡോർ ലഭ്യത കൂട്ടുന്നതിനുമായി അരീക്കോട് 400 കെ. വി. സബ്സ്റ്റേഷനിൽ മൂന്നാമത്തെ ട്രാൻസ്ഫോർമർ താൽക്കാലികാടിസ്ഥാനത്തിൽ സ്ഥാപിച്ച് 2017 മാർച്ച്, ഏപ്രിൽ മാസങ്ങളിൽ കൂടുതൽ വൈദ്യുതി കൊണ്ടുവരാനായി പവർ ഗ്രിഡ് മുഖാന്തിരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ഇലക്ട്രിസിറ്റി ലൈൻ വലിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി

282 (685) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇലക്ട്രിസിറ്റി ലൈൻ വലിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമുള്ള സാഹചര്യത്തിലും വിദൂര കോളനികളിലും വൈദ്യുതി ശൃംഖല എത്തിക്കാൻ ഡി.ഡി.ജി.എം. (ഡിസെൻട്രലൈസ്ഡ് ഡിസ്ട്രിബ്യൂട്ടഡ് ജനറേഷൻ ആൻഡ് മൈക്രോ ഗ്രിഡ്) സംവിധാനം ഉപയോഗിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകുമോ ;

(സി) ഡി. ഡി. ജി. എം. സംവിധാനം ഉപയോഗിക്കാൻ കഴിയാത്ത സ്ഥലങ്ങളിൽ വനം വകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ & ബി) ഉണ്ട്. വൈദ്യുതി എത്തിക്കാനായി സോളാർ പാനൽ സ്ഥാപിച്ച് വിദൂര കോളനികളിൽ ഡി.ഡി.ജി.എം. (ഡിസെൻട്രലൈസ്ഡ് ഡിസ്ട്രിബ്യൂട്ടഡ് ജനറേഷൻ ആന്റ് മൈക്രോ ഗ്രിഡ്) സംവിധാനം ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ ലൈൻ വലിക്കുന്നതിനായി ഈ സ്കീമിൽ പ്രവൃത്തി ചെയ്തിട്ടില്ല.

(സി) വനാവകാശം ബാധകമായിട്ടുള്ള സാഹചര്യങ്ങളിൽ (ഒരു ഹെക്ടറിൽ താഴെ വനഭൂമി ആവശ്യമുള്ളതും 75-ൽ താഴെ മരങ്ങൾ മുറിച്ച് മാറ്റപ്പെടേണ്ട സന്ദർഭങ്ങളിൽ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ബന്ധപ്പെട്ട DFO/Wild Life Warden-ന് അപേക്ഷ സമർപ്പിക്കുകയും, DFO/Wild Life Warden സ്ഥലപരിശോധന നടത്തി അനുമതി നൽകുകയും ചെയ്യും. വനാവകാശം ബാധകമല്ലാത്ത സാഹര്യങ്ങളിലും ഒരു ഹെക്ടറിൽ കൂടുതൽ വനഭൂമി ആവശ്യമുള്ളതോ 75-ൽ കൂടുതൽ മരങ്ങൾ മുറിച്ച് മാറ്റപ്പെടേണ്ടതോ ആയ സന്ദർഭങ്ങളിലും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് വനം വകുപ്പിന്റെ ഓൺലൈൻ പോർട്ടലിൽ അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. അപേക്ഷ സ്വീകരിച്ചു കഴിഞ്ഞാൽ DFO/CCF

തുടങ്ങിയവർ സ്ഥല പരിശോധന നടത്തി അവർ നൽകുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഒരു ഹെക്ടറിൽ താഴെ വനഭൂമി ആവശ്യമുള്ള പ്രവൃത്തികൾക്ക് സംസ്ഥാന സർക്കാരും, ഒരു ഹെക്ടറിൽ കൂടുതൽ ആവശ്യമുള്ള പ്രവൃത്തികൾക്ക് കേന്ദ്ര സർക്കാരും അനുമതി നൽകുന്നതാണ്. മേൽപ്പറഞ്ഞ നടപടിക്രമങ്ങൾക്കു പുറമേ വനഭൂമി ഉപയോഗിക്കുന്നതിന് പകരം വനവത്കരണത്തിനായുള്ള ഭൂമി നൽകാനും (Afforestation) ഉപയോഗിക്കുന്ന ഭൂമിയ്ക്ക് ആനുപാതികമായി വനം വകുപ്പിന് പണം നൽകാനും (Net Present Value) വ്യവസ്ഥയുണ്ട്. ഈ വ്യവസ്ഥകൾ പാലിച്ചു കൊണ്ട് വനം വകുപ്പുമായി ബന്ധപ്പെട്ട് വേഗത്തിൽ അനുമതി ലഭിക്കാവാനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

**വിളവൂർക്കൽ കേന്ദ്രീകരിച്ച് കെ.എസ്.ഇ.ബി. സബ് സെന്റർ**

283 (686) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ പേയാട് സബ് സെന്ററിൽ ഉപഭോക്താക്കൾ കൂടുതലായതിനാൽ വിളവൂർക്കൽ കേന്ദ്രീകരിച്ച് കെ. എസ്. ഇ. ബി. സബ് സെന്റർ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിൽ ഉണ്ടോ;

(ബി) ഇല്ലെങ്കിൽ ആയത് പരിഗണിക്കുമോ?

ഉത്തരം

(എ & ബി) വിളവൂർക്കൽ കേന്ദ്രീകരിച്ച് സബ് സെന്ററിനുള്ള പ്രൊപ്പോസലുകൾ ഒന്നും നിലവിലില്ല. നിലവിലുള്ള പേയാട്, മലയിൻകീഴ് എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് വിളവൂർക്കൽ കേന്ദ്രീകരിച്ച് ഒരു പുതിയ സെക്ഷൻ ഓഫീസ് തുടങ്ങുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിരുന്നു. നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികം ആവുകയോ ചെയ്യുന്ന സാഹചര്യത്തിൽ ആണ് സാധാരണ ഗതിയിൽ ബോർഡ് നിലവിലുള്ള സെക്ഷൻ വിഭജിച്ച് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. സെക്ഷൻ വിഭജനത്തിനുള്ള മുകളിൽ പരാമർശിച്ചിട്ടുള്ള മനാദണ്ഡങ്ങൾ പേയാട്, മലയിൻകീഴ് എന്നീ സെക്ഷനുകളുടെ കാര്യത്തിൽ നിലവിൽ പാലിക്കപ്പെടുന്നില്ല.

പുതിയ ഓഫീസ് ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും ഇപ്പോൾ പുതിയ ഓഫീസുകൾ അനുവദിക്കുന്നത് പ്രായോഗികമല്ല. കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണം ബോർഡ് പരിശോധിച്ചു വരികയാണ്. അതോടൊപ്പം ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനുള്ള സംവിധാനങ്ങളും നടപ്പിലാക്കുന്നുണ്ട്.

**പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിന്റെ സമ്പൂർണ്ണ വൈദ്യുതീകരണം**

284 (687) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിനായി എന്ത് തുക ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്; ഇത്എപ്രകാരം കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത് ;

(സി) ആസ്തി വികസന ഫണ്ടിൽനിന്നും വകയിരുത്തിയിട്ടുള്ള തുകയ്ക്ക് എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടോ ; ഇതിൻെറ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി ഇതിന് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് വിപുലമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിരുന്നു. ഇതനുസരിച്ച് പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ 22-2-2017 വരെ 966 ഗുണഭോക്താക്കൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അർഹരായ ഉപഭോക്താക്കളെ കണ്ടെത്തി വീടുകളിൽ വൈദ്യുതി എത്തിക്കുന്നതിനായി വൈദ്യുത ലൈൻ വലിക്കുന്ന പ്രവൃത്തി പൂർത്തീകരണത്തോടടുക്കുന്നു. നിലവിൽ (22-2-2017 വരെ) 664 കണക്ഷനുകൾ നൽകിയിട്ടുണ്ട്. വയറിങ് ചെയ്യാൻ സാമ്പത്തികമായി പ്രാപ്തി ഇല്ലാത്തവരുടെ വീടുകൾ കെ.എസ്.ഇ.ബി. ജീവനക്കാരുടെയും സന്നദ്ധ സംഘടനകളുടെയും സഹായത്തോടുകൂടി വയറിങ് ചെയ്തുവരുന്നു. കൂടാതെ ഇതിനായി തദ്ദേശ സ്വയംഭരണ, പട്ടിക ജാതി/പട്ടിക വർഗ്ഗ വകുപ്പുകളുടെയും സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി) പെരിന്തൽമണ്ണ മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി 1,31,40,000 രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. ഇതിന്റെ 50 ശതമാനം തുക കെ.എസ്.ഇ.ബി.-യും, 30,00,000 രൂപ പെരിന്തൽമണ്ണ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും ബാക്കി തുക തദ്ദേശ സ്വയംഭരണ, പട്ടിക ജാതി/പട്ടിക വർഗ്ഗ വകുപ്പുകളുടെ ഫണ്ടിൽനിന്നും കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്.

(സി) ലഭിച്ചിട്ടുണ്ട്. ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ഇടക്കൊച്ചിയിൽ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്**

285 (688) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമ കൊച്ചിയിൽ ഭൂമിയുടെ ദൗർലഭ്യവും ഉയർന്ന കെട്ടിടവാടകയുംമൂലം 24-2-2016-ലെ ഉത്തരവ് പ്രകാരം ഇടക്കൊച്ചിയിൽ അനുവദിച്ച സെക്ഷൻ ഓഫീസ് ആരംഭിക്കുവാൻ സാധിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മേൽസാഹചര്യം കണക്കിലെടുത്ത് പ്രസ്തുത നിർദ്ദേശം ഭേദഗതി ചെയ്യുന്നതിനായി 12-7-2016-ൽ സമർപ്പിച്ച കത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചു ;

(സി) സെക്ഷൻ ഓഫീസ് എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) ഉണ്ട്. ബോർഡ് ചെലവിൽ കെട്ടിടം നിർമ്മിക്കാനുതകുന്ന 10 സെന്റ് ഭൂമി സൗജന്യമായി ലഭിക്കുന്നതോ അല്ലെങ്കിൽ വാടകരഹിത കെട്ടിടമോ ലഭിക്കുന്ന മുറക്ക് മാത്രമേ ഇടക്കൊച്ചി ഉൾപ്പെടെയുള്ള പുതിയ സെക്ഷൻ ഓഫീസുകളുടെ പ്രവർത്തനം ആരംഭിക്കേണ്ടതുള്ളൂ എന്ന് ബോർഡ് തീരുമാനിക്കുകയും ടി തീരുമാനത്തിൽ ഭേദഗതി വരുത്തുന്നതിനായി സമർപ്പിച്ച 12-7-2016-ലെ കത്ത് പരിശോധിച്ചു. പുതിയ ഓഫീസുകൾ തുടങ്ങുമ്പോൾ അതിലേക്ക് ആവശ്യമായ ഫർണിച്ചർ, കമ്പ്യൂട്ടറുകൾ ഉൾപ്പെടെയുള്ള ഓഫീസ് ഉപകരണങ്ങൾ, നെറ്റ് വർക്കിംഗ് സംവിധാനം, വാഹന സൗകര്യം എന്നിവ ഒരുക്കേണ്ടതുണ്ട്. ഇതിന്റെയെല്ലാം ചെലവ് കെ.എസ്.ഇ.ബി.എൽ. തന്നെയാണ് വഹിക്കുന്നത്. ഇത്തരത്തിലുള്ള ചെലവുകൾ കൂടാതെ സെക്ഷൻ ഓഫീസുകൾക്കുള്ള കെട്ടിട വാടകകൂടി ഏറ്റെടുക്കേണ്ടിവന്നാൽ സാമ്പത്തിക ബാദ്ധ്യതയേറും. ഇത് ബോർഡിന്റെ വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ സെക്ഷൻ ഓഫീസിനുള്ള കെട്ടിടം സംബന്ധിച്ച നിബന്ധനകളിൽ ഭേദഗതി വരുത്താൻ നിർവ്വാഹമില്ല. മുകളിൽ പരാമർശിച്ചിട്ടുള്ള രീതിയിൽ വാടക രഹിത കെട്ടിടമോ സ്ഥലമോ ലഭ്യമാകുന്ന മുറയ്ക്ക് ഇടക്കൊച്ചിയിൽ സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുന്നതാണ്.

**തോപ്പുംപടിയിൽ കെ.എസ്.ഇ.ബി.-യുടെ സെക്ഷൻ ഓഫീസ്**

286 (689) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നിയോജകമണ്ഡലത്തിലെ തോപ്പുംപടിയിൽ കെ. എസ്. ഇ. ബി.-യുടെ സെക്ഷൻ ഓഫീസ് നിർമ്മിക്കുന്നതിനായി ആസ്തി വികസന പദ്ധതിയിൽ നിന്നും 2015-ൽ 80 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടും പ്രസ്തുത തുക കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് ലഭ്യമാകാത്തതിനാൽ പ്രവൃത്തി നാളിതുവരെ ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തുക ലഭ്യമാകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ഈ തുക എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) ഭരണാനുമതി നൽകിയ 80 ലക്ഷം രൂപയുടെ 20% ആയ 16 ലക്ഷം രൂപ കെ.എസ്.ഇ.ബി.എൽ.-ന് അനുവദിക്കുന്നതിലേക്കായി re-appropriation വഴി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ചങ്ങനാശ്ശേരിയിലെ ഊർജ്ജിത ഊർജ്ജ വികസന പദ്ധതി**

287 (690) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജിത ഊർജ്ജ വികസന പദ്ധതി അനുസരിച്ച് ചങ്ങനാശ്ശേരിയിൽ ഏതൊക്കെ ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട് ;

(ബി) ഇനിയും ഏതൊക്കെ ജോലികൾ പൂർത്തിയാക്കാനുണ്ട് ; ഈ ജോലികൾ എന്നത്തേക്ക് പൂർത്തീകരിക്കും ;

(സി) പദ്ധതിയിലൂടെ ചങ്ങനാശ്ശേരി ടൗണിലെ ഉപഭോക്താക്കൾക്ക് എന്തൊക്കെ പ്രയോജനമാണ് ലഭിക്കുന്നത് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ)ചങ്ങനാശ്ശേരിയിലെ ആർ.എ.പി.ഡി.ആർ.പി. പദ്ധതിയിൽ താഴെപ്പറയുന്ന ജോലികൾ പൂർത്തിയായിട്ടുണ്ട്.

- 11 കെ. വി. ലൈൻ -38.79 കിലോമീറ്റർ.

- 3.74 കിലോമീറ്റർ ഭൂഗർഭ കേബിൾ.
- 16.6 കിലോമീറ്റർ 11 കെ.വി. കമ്പി മാറ്റി പുതിയ കമ്പി സ്ഥാപിക്കുന്നത്.
- 32 ട്രാൻസ്ഫോർമർ ഘടിപ്പിച്ചിട്ടുണ്ട്.
- 12 ട്രാൻസ്ഫോർമറിന്റെ കപ്പാസിറ്റി ഉയർത്തി.
- 47.88 കിലോമീറ്റർ സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആക്കി.
- 116.32 കിലോമീറ്റർ പഴയ എൽ.റ്റി. കമ്പി മാറ്റി പുതിയ കമ്പി സ്ഥാപിച്ചു.
- കേടായ 9949 മീറ്റർ മാറ്റി പുതിയ സിംഗിൾ ഫേസ് മീറ്ററും, 1325 എണ്ണം 3 ഫേസ് മീറ്ററും സ്ഥാപിച്ചു.
- വഴിവിളക്കുകളുടെ ഉപഭോഗം മീറ്റർ വഴിയാക്കുന്നതിന് 250 സ്ട്രീറ്റ് ലൈറ്റ് മീറ്റർ സ്ഥാപിച്ചു.
- 3250 മീറ്ററുകൾ സുരക്ഷിതമായി മാറ്റി സ്ഥാപിച്ചു.
- 67 ട്രാൻസ്ഫോർമർ സ്റ്റേഷൻ നവീകരിച്ചു.

(ബി) ആർ.എ.പി.ഡി.ആർ.പി. പദ്ധതിയിൽ പൂർത്തിയാക്കാനുള്ള ജോലികൾ ചുവടെ ചേർക്കുന്നു:

1. 7.54 കിലോമീറ്റർ 11 കെ.വി. ലൈൻ വലിക്കേണ്ടതുണ്ട്.
2. 5.56 കിലോമീറ്റർ ഭൂഗർഭ കേബിൾ ഇടുന്നത്.
3. 2.62 കിലോമീറ്റർ സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ലൈൻ ആക്കുന്നത്.
4. 41.4 കിലോമീറ്റർ എൽ.റ്റി.എ.ബി.സി. കേബിളും 16.1 കിലോമീറ്റർ എച്ച്.റ്റി.എ.ബി.സി. കേബിളും ഇടേണ്ടതുണ്ട്.

ഈ പദ്ധതി 31-3-2017-ന് മുമ്പ് പൂർത്തിയാക്കും.

(സി) 1. ഡിസ്ട്രിബ്യൂഷൻ നഷ്ടം 15 ശതമാനം ആയി താഴും.

2. മീറ്ററിംഗ് ഓട്ടോമാറ്റിക് സിസ്റ്റത്തിലേയ്ക്ക് മാറും.

3. വൈദ്യുതി തടസ്സം കുറയും.

4. ഗുണമേന്മയുള്ള വൈദ്യുതി ലഭ്യമാകും.

5. വൈദ്യുതി സുരക്ഷ വർദ്ധിക്കും.

## വൈദ്യുതീകരിക്കാത്ത വീടുകൾ

288 (691) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ വൈദ്യുതീകരിക്കാത്ത എത്ര വീടുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ; പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വീടുകൾ വൈദ്യുതീകരിക്കുന്നതിന് എത്ര തുക ആവശ്യമുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ;വിശദമാക്കുമോ ?

ഉത്തരം

(എ & ബി) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി വൈദ്യുതീകരിക്കുന്നതിനായി വർക്കല മണ്ഡലത്തിൽ 1084 ഗുണഭോക്താക്കൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇതിനായി 99,00,000 രൂപ ആവശ്യമുള്ളതായി കണക്കാക്കിയിട്ടുണ്ട്. ഇതിനോടകം 760 വീടുകൾ വൈദ്യുതീകരിച്ചിട്ടുണ്ട്. ഇനി 324 വീടുകൾ വൈദ്യുതീകരിക്കാനുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ, പ്രസ്തുത വീടുകൾക്ക് വൈദ്യുതി എത്തിക്കുന്നതിനായുള്ള തുക ഉൾപ്പെടെ, ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| നാവായിക്കുളം പഞ്ചായത്ത് | 95 എണ്ണം | 16,25,632 രൂപ |
| ചെമ്മരുതി പഞ്ചായത്ത് | 62 എണ്ണം | 7,58,736 രൂപ |
| ഇളകമൺ പഞ്ചായത്ത് | 55 എണ്ണം | 5,63,740 രൂപ |
| മടവൂർ പഞ്ചായത്ത് | 34 എണ്ണം | 2,83,200 രൂപ |
| ഇടവ പഞ്ചായത്ത് | 30 എണ്ണം | 2,28,180 രൂപ |
| വെട്ടൂർ പഞ്ചായത്ത് | 25 എണ്ണം | 3,60,052 രൂപ |
| വർക്കല മുനിസിപ്പാലിറ്റി | 23 എണ്ണം | 2,21,560 രൂപ |

## വഴിവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കാൻ പദ്ധതി

289 (692) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവർത്തനക്ഷമമല്ലാത്ത വഴിവിളക്കുകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വൈദ്യുതി ചാർജ്ജ് അടക്കേണ്ടിവരുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) വഴിവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കാനുള്ള പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) മീറ്റർ ഘടിപ്പിച്ചിട്ടില്ലാത്ത തെരുവ് വിളക്കുകൾക്ക് അവയുടെ എണ്ണവും, എത്രനേരം തെളിയിക്കുന്നുണ്ടെന്നതും കണക്കിലെടുത്ത് നിശ്ചിത തുക അടയ്ക്കുകയാണ് ചെയ്യുന്നത്. ഇങ്ങനെയുള്ള തെരുവു വിളക്കുകൾ ഒരു നിശ്ചിത കാലയളവിൽ കേടായിരുന്നാലും മുൻ നിശ്ചയപ്രകാരം കറന്റ് ചാർജ് അടയ്ക്കേണ്ടതായി വരുന്നുണ്ട്. തെരുവുവിളക്കുകളെല്ലാം തന്നെ മീറ്ററിംഗ് സംവിധാനത്തിലേയ്ക്ക് മാറിയാൽ ഈ പ്രശ്നം പരിഹരിക്കാനാകും. നിലവിലുള്ള നിയമപ്രകാരം പുതുതായി സ്ഥാപിക്കുന്ന എല്ലാ തെരുവുവിളക്കുകൾക്കും മീറ്ററിംഗ് സംവിധാനം ഉണ്ടായിരിക്കേണ്ടതും, നിലവിൽ മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടില്ലാത്ത തെരുവുവിളക്കുകൾക്ക് നിശ്ചിത കാലയളവിൽ മീറ്ററിംഗ് ഏർപ്പെടുത്തേണ്ടതുമാണ്. നിശ്ചിത തീയതിക്കുള്ളിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് മുഖേന മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ചില അധിക ഇളവുകൾ അനുവദിച്ചുകൊണ്ട് ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇത് പ്രകാരം നിശ്ചിത തീയതിയ്ക്കുള്ളിൽ മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്താനുള്ള പണമടയ്ക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് എസ്റ്റിമേറ്റ് തുകയുടെ 50% ഇളവ് അനുവദിച്ചിരുന്നു.

## വൈദ്യുതി ഉൽപ്പാദനത്തിലെ പ്രതിസന്ധി

290 (693) ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. എൽദോ എബ്രഹാം:
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴലഭ്യതക്കുറവ് കാരണം വൈദ്യുതിയുല്പാദനത്തിനുള്ള ഡാമുകളിലെ ജലത്തിന്റെ അളവ് എത്രത്തോളം കുറഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ജലലഭ്യതക്കുറവുമൂലം പ്രതിദിന വൈദ്യുതി ഉല്പാദനത്തിൽ എത്രത്തോളം കുറവാണ് വരുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) ജലലഭ്യതക്കുറവുമൂലം വൈദ്യുതി ഉല്പാദനത്തിലുണ്ടായ പ്രതിസന്ധി തരണം ചെയ്യുന്നതിന് എന്തൊക്കെ മാർഗ്ഗങ്ങളാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2016 ജൂൺ മുതൽ 2017 ജനുവരി വരെയുള്ള കാലയളവിലെ പ്രതീക്ഷിച്ചിരുന്ന നീരൊഴുക്ക് 6387 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള ജലമാണ്. എന്നാൽ 3,200 എം.യു. വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള ജലം മാത്രമാണ് ലഭ്യമായത്. 2017 ഫെബ്രുവരി 21-ാം തീയതിയിലെ കണക്കുപ്രകാരം 1646.71 എം.യു. വൈദ്യുതിയുല്പാദിപ്പിക്കുന്നതിനുള്ള ജലം ശേഷിക്കുന്നുണ്ട്. 2016 ഫെബ്രുവരി 21-ാം തീയതി 2246.81 മില്യൻ യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള വെള്ളമാണ് ഉണ്ടായിരുന്നത്. അതായത് കഴിഞ്ഞ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ ഇപ്പോഴത്തേത് 14.50 ശതമാനം കുറവാണ്. വിവിധ ജല സംഭരണികളിലുള്ള ജലത്തിന്റെ തോത് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 2016-17 ARR കണക്കുകൾ പ്രകാരം 2017 ഫെബ്രുവരി മാസത്തിൽ പ്രതീക്ഷിച്ചിരുന്ന പ്രതിദിന ജല വൈദ്യുത ഉൽപ്പാദനം 17.11 എം.യു. ആണ്. എന്നാൽ 2017 ഫെബ്രുവരി 21-ാം തീയതി വരെയുള്ള പ്രതിദിന ശരാശരി ഉൽപ്പാദനം 7.3796 എം.യു. ആണ്. അതായത് 9.73 എം.യു.ന്റെ കുറവ് ഈ മാസത്തിൽ ഉണ്ടായിട്ടുണ്ട്.

(സി) സംസ്ഥാനത്തെ കടുത്ത ജല ദൗർലഭ്യംമൂലം ഉണ്ടാകാനിടയുള്ള ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിനായി പുറമെനിന്ന് കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമായ സമയങ്ങളിൽ വൈദ്യുതി വാങ്ങി ജല വൈദ്യുതിയുടെ ഉല്പാദനം ക്രമീകരിച്ച് പരമാവധി ജലം സംഭരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിരുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ വിലകൂടിയ ആഭ്യന്തര താപനിലയങ്ങളിൽ നിന്നുള്ള ഉൽപ്പാദനം പൂർണ്ണമായി ഒഴിവാക്കിയും അണക്കെട്ടുകൾ കവിഞ്ഞുപോകാത്ത രീതിയിൽ ജലസംഭരണം നടത്തിയുമാണ് ഉൽപ്പാദനം ക്രമീകരിച്ചിരിക്കുന്നത്.

കാലവർഷത്തിലുണ്ടായ വലിയ കുറവ് കാരണം നാളിതുവരെയുള്ള കണക്ക് പ്രകാരം പ്രതീക്ഷിച്ചിരുന്ന നീരൊഴുക്കിന്റെ 55 ശതമാനം മാത്രമേ ലഭിച്ചിട്ടുള്ളൂ. കാലവർഷക്കുറവുമൂലം ഉണ്ടായേക്കാവുന്ന വൈദ്യുതി പ്രതിസന്ധി തരണം ചെയ്യുവാനായി മദ്ധ്യകാല ദീർഘകാല കരാറുകൾ മുഖേന 2016 ഡിസംബർ മുതൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ലഭ്യമാക്കേണ്ടിയിരുന്ന വൈദ്യുതി ജൂൺ മുതൽ മുൻകൂർ ലഭ്യമാക്കുകവഴി വെള്ളം വരുംമാസങ്ങളിലേക്ക് സംഭരിക്കാൻ സാധിച്ചിട്ടുണ്ട്. ഇതു കൂടാതെ സംസ്ഥാനത്തിന് പുറത്തുനിന്നും വൈദ്യുതി കൊണ്ടുവരുന്നതിനുള്ള ദീർഘകാല ഹ്രസ്വകാല കരാറുകളിലും ഏർപ്പെട്ടിട്ടുണ്ട്. 865 മെഗാ വാട്ടിന്റെ ദീർഘകാല കരാറും 300 മെഗാ വാട്ട് റൗണ്ട്-ദ-ക്ലോക്ക് അടിസ്ഥാനത്തിലും 100 മെഗാ വാട്ട് പീക്ക് സമയത്തും ഹ്രസ്വകാല കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതിൽ 315 മെഗാ വാട്ട് വൈദ്യുതി ദീർഘകാലാടിസ്ഥാനത്തിൽ 6-12-2016-ൽ ലഭിച്ചു തുടങ്ങി. മാർച്ച് മുതൽ ലഭിക്കേണ്ട 200 മെഗാ വാട്ട് ഹ്രസ്വകാല കരാർ അനുസരിച്ച് വൈദ്യുതി കൊണ്ടുവരാനുള്ള ഇടനാഴിയും ലഭിച്ചിട്ടുണ്ട്. കൂടാതെ മാർച്ച് മാസത്തിൽ 85 മെഗാ വാട്ട് വൈദ്യുതി വൈകുന്നേരം 6 മണി മുതൽ രാത്രി 12 മണിവരെ കൊണ്ടുവരാനുള്ള ഇടനാഴിയും അധിക വില കൊടുത്ത് ലഭ്യമാക്കിയിട്ടുണ്ട്. ഇത് കഴിഞ്ഞുള്ള വൈദ്യുതി കമ്മി പവർ എക്സ്ചേഞ്ച്, അൺഷെഡ്യൂൾഡ് ഇന്റർചേഞ്ച് എന്നിവ വഴി നികത്താനാണ് ഉദ്ദേശിക്കുന്നത്.

മദ്ധ്യകാല, ദീർഘകാല കരാർ മുഖേനയും ഡി.ബി.എഫ്.ഒ.ഒ. പ്രകാരം 2016 ഡിസംബർ മുതൽ ലഭ്യമാക്കേണ്ടിയിരുന്ന വൈദ്യുതി ജൂൺ മുതൽ ലഭ്യമാക്കുക വഴിയും ജലവൈദ്യുതി ഉൽപ്പാദനം കുറയ്ക്കാനും സംഭരണികളിലെ ജലം വരും മാസങ്ങളിലേക്ക് സംഭരിക്കാനും സാധിച്ചിട്ടുണ്ട്. 2017 മാർച്ച് മുതൽ ജൂൺ വരെയുള്ള കാലയളവിലെ ഉപഭോഗം പ്രതീക്ഷിച്ച് ഡീപ്പ്-ഈ-ബിഡ്ഡിംഗ് വഴി 200 MW വൈദ്യുതി വാങ്ങുന്നതിനുള്ള കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതുകൂടാതെ 2017 മാർച്ച് മുതൽ മേയ് വരെ ഹ്രസ്വകാല കരാർ പ്രകാരം 100 എം.ഡബ്ല്യു. മുഴുവൻ സമയവും 100MW പീക്ക് സമയത്ത് മാത്രമായും വൈദ്യുതി വാങ്ങുന്നതിനുള്ള കാരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇപ്പോഴത്തെ സ്ഥിതിഗതികൾ പരിഗണിച്ച് ലഭ്യതയ്ക്കനുസരിച്ച് കൂടുതൽ വൈദ്യുതി പവർ എക്സ്ചേഞ്ചിൽനിന്ന് വാങ്ങുവാനും തീരുമാനിച്ചിട്ടുണ്ട്.

### ചെറായി 110 കെ.വി. സബ് സ്റ്റേഷൻ നിർമ്മാണം

291 (694) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറായി 110 കെ.വി. സബ് സ്റ്റേഷൻ നിർമ്മാണത്തിന്റെ തടസ്സം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി സംബന്ധിച്ച് നിലവിലുള്ള പരാതികൾ കേൾക്കുന്നതിനും തുടർനടപടി സ്വീകരിക്കുന്നതിനുമായി എറണാകുളം എ.ഡി.എം.-നെ ചുമതലപ്പെടുത്തി യിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിലുള്ള തുടർനടപടി സംബന്ധിച്ച് വൈദ്യുതി വകുപ്പ് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) നിർമ്മാണം എന്നത്തേക്ക് പുനരാരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ചെറായി 110 കെ.വി. സബ് സ്റ്റേഷൻ നിർമ്മാണത്തിന്റെ തടസ്സം പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട എ.ഡി.എം.-ന് പരാതി ഫയൽ ചെയ്യുകയും കാലാകാലങ്ങളിൽ follow-up നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. പ്രസ്തുത ലൈനിന്റെ 11.2 കി.മീ. ദൂരത്തിൽ 1.50 കി.മീ. ഭാഗത്തായി ഏകദേശം 22 കേസുകളാണ് നിലവിലുള്ളത്. ഈ കേസുകൾ എല്ലാം ഇപ്പോൾ എ.ഡി.എം.-ന്റെ പരിഗണനയിലാണ്.

(ബി) ഉണ്ട്. പരിഗണനയിലുള്ള നിരവധി പരാതികൾ തീർപ്പാക്കുന്നതിന്റെ ഭാഗമായി 21-10-2016, 17-11-2016 എന്നീ തീയതികളിൽ ബഹുമാനപ്പെട്ട എ.ഡി.എം. ഒറിജിനൽ റൂട്ട്, ആൾട്ടർനേറ്റ് റൂട്ട് എന്നിവ വിശദമായി പരിശോധിക്കുകയുണ്ടായി. തുടർന്ന് എ.ഡി.എം.-ന്റെ നിർദ്ദേശപ്രകാരം കെടാമംഗലം എസ്.എൻ.കോളേജ് കാമ്പസിന്റെ പുറത്തുകൂടി ലൈൻ വലിക്കുന്നതിനായുള്ള ഒരു പ്രൊപ്പോസൽ 24-12-2016-ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ട്രാൻസ്മിഷൻ സബ്ഡിവിഷൻ കുറുമശേരിയുടെ ഓഫീസിൽനിന്നും നൽകിയിട്ടുണ്ട്. കൂടാതെ 2-2-2017-ൽ ശ്രീമതി മീന, ശ്രീമതി ഷെമി കരീം, ശ്രീ. മുഹമ്മദ് സാലി മജീദ് എന്നീ പരാതിക്കാരുമായുള്ള ഒരു ഹിയറിംഗ് ബഹുമാനപ്പെട്ട എ.ഡി.എം. കളക്ടറേറ്റിൽ വച്ച് നടത്തുകയുണ്ടായി. അവിടെ വച്ച് എ.ഡി.എം.-ൽ നിന്നും ലഭിച്ച നിർദ്ദേശപ്രകാരം ശ്രീമതി മീന, ശാന്തിവനത്തിന്റെ വസ്തുവിൽ കൂടി കടന്നുപോകുന്ന ലൈനിന്റെ ഡീവിയേറ്റഡ് റൂട്ട് പ്രൊപ്പോസൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്ന് 10-2-2017-ൽ എ.ഡി.എം.-ന് സമർപ്പിച്ചിട്ടുണ്ട്.

(സി) പ്രസ്തുത കേസുകളിൽ എ.ഡി.എം.-ന്റെ ഉത്തരവ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് അനുകൂലമാവുകയും പുതിയ കേസുകൾ ഒന്നും തന്നെ ഉടലെടുക്കാതിരിക്കുകയും ചെയ്താൽ കേസുകൾ തീർപ്പായി രണ്ടു വർഷത്തിനകം തന്നെ ലൈൻ നിർമ്മാണം പൂർത്തിയാക്കി 110 കെ.വി. ചെറായി സബ് സ്റ്റേഷൻ കമ്മീഷൻ ചെയ്യാൻ സാധിക്കുന്നതാണ്.

**നെയ്യാറ്റിൻകര സബ് സ്റ്റേഷൻ 110 കെ.വി. ആയി ഉയർത്താൻ പദ്ധതി**

292 (695) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര സബ് സ്റ്റേഷൻ 110 കെ.വി. സബ് സ്റ്റേഷനായി ഉയർത്തുന്ന പ്രവൃത്തികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ; ഈ പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കുമോ;

(ബി) അതിയന്നൂർ പഞ്ചായത്തിലെ നെല്ലിമൂട് കേന്ദ്രീകരിച്ച് ഇലക്ട്രിസിറ്റി ബോർഡിന്റെ സബ് ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കുമോ;

(സി) 20000-ൽ അധികം ഉപഭോക്താക്കൾ ഉള്ള നെയ്യാറ്റിൻകര ഡിവിഷൻ വിഭജിച്ച് പെരുമ്പഴുതൂരിൽ പുതിയ ഡിവിഷൻ തുടങ്ങുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ;

(ഡി) നെയ്യാറ്റിൻകര ടൗണിൽ യു.ജി. കേബിൾ സ്ഥാപിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ) നെയ്യാറ്റിൻകര സബ് സ്റ്റേഷൻ 110 കെ.വി. സബ് സ്റ്റേഷനായി ഉയർത്തുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്. ഈ പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) അതിയന്നൂർ പഞ്ചായത്തിലെ നെല്ലിമൂട് കേന്ദ്രീകരിച്ച് കാഞ്ഞിരംകുളം ഇലക്ട്രിക്കൽ സെക്ഷനുകീഴിൽ 31-12-2005 മുതൽ ഒരു സബ് എഞ്ചിനീയർ ഓഫീസ് പ്രവർത്തിച്ചുവരുന്നു.

(സി) നെയ്യാറ്റിൻകര ഇലക്ട്രിക്കൽ ഡിവിഷൻ വിഭജിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഒന്നും നിലവിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പരിഗണനയിൽ ഇല്ല.

(ഡി) IPDS പദ്ധതിയിൽ ഉൾപ്പെടുത്തി നെയ്യാറ്റിൻകര ടൗണിൽ ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്; പ്രസ്തുത പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതാണ്.

**കൊയിലാണ്ടിയിൽ 110 K.V. സബ്സ്റ്റേഷൻ**

293 (696) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നഗരത്തിൽ അനുഭവപ്പെടുന്ന വൈദ്യുതി തടസ്സത്തിന് പരിഹാരം കാണുന്നതിനും ട്രാൻസ്മിഷൻ മെച്ചപ്പെടുത്തുന്നതിനും കൊയിലാണ്ടിയിൽ 110 K.V. സബ്സ്റ്റേഷൻ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ് എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ സാധ്യത KSEB അധികൃതർ പരിശോധിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും പ്രൊപ്പോസൽ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കൊയിലാണ്ടിയിൽ ഒരു സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് അനുയോജ്യമായതും, ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ളതുമായ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി.എൽ.-ൽ പുരോഗമിച്ചുവരുന്നു.

**കേപ്പ്-ന് കീഴിലുള്ള സ്ഥാപനങ്ങളിലെ നിയമനം**

294 (697) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'കേപ്പ്'-ന് കീഴിൽ എത്ര എഞ്ചിനീയറിംഗ് കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഈ എഞ്ചിനീയറിംഗ് കോളേജുകളിൽ എത്ര സ്ഥിരം തസ്തികകൾ നിലവിലുണ്ട്; വിശദാംശങ്ങൾ തസ്തിക തിരിച്ച് ലഭ്യമാക്കുമോ;

(സി) സ്ഥിരം തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ഡി) ഒഴിവുകളിലേക്കുള്ള നിയമനത്തിന് റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; ഇതിൽനിന്ന് ഇതുവരെ എത്രപേരെ നിയമിച്ചു;

(ഇ) നിയമനം ആരംഭിച്ചിട്ടില്ല എങ്കിൽ എന്താണ് ഇതിന് തടസ്സമായി നിൽക്കുന്നത്;

(എഫ്) 'കേപ്പ്'-ൻെറ കീഴിലുള്ള സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സി. മുഖാന്തിരം നടത്തുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) 9 എഞ്ചിനീയറിംഗ് കോളേജുകൾ പ്രവർത്തിക്കുന്നു.

(ബി) 887 സ്ഥിരം തസ്തികകൾ ഉണ്ട്.

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 308 ഒഴിവുകൾ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ചില തസ്തികകളിൽ ഒഴിവുകളിലേക്കുള്ള നിയമനത്തിന് റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. ടി ലിസ്റ്റിൽനിന്നും 60 പേരെ നിയമിച്ചിട്ടുണ്ട്.

(ഇ) ട്രേഡ്സ്മാൻ, ഇലക്ട്രിക്കൽ ഗ്രേഡ് II എന്നിവയിലെ റാങ്ക് ലിസ്റ്റ് തയ്യാറാക്കിയതിൽ അപാകതയുള്ളതായി അക്ഷേപമുള്ള സാഹചര്യത്തിൽ ഭരണസമിതി തീരുമാനപ്രകാരം പുനഃപരിശോധന നടന്നുവരുകയാണ്.

(എഫ്) പരിഗണിക്കാവുന്നതാണ്.

**ഗേറ്റ് വേ ഓഫ് നിലമ്പൂർ പ്രോജക്ട്**

295 (698) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ പ്രൊജക്ട് ആയ 'ഗേറ്റ് വേ ഓഫ് നിലമ്പൂർ'-ന്റെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്; ഇതിൽ പദ്ധതി പൂർത്തീകരിച്ച് ഡി.റ്റി.പി.സി. ഏറ്റെടുത്ത പ്രവർത്തികൾ ഏവ;

(ബി) 'ഗേറ്റ് വേ ഓഫ് നിലമ്പൂർ 'പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച (വടപുറം പാലത്തിനടുത്ത്) കിയോസ്കുകളിൽ കച്ചവടം നടത്താൻ അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരാണ് അനുമതി നൽകിയത്;

(സി) കച്ചവടം നടത്തുന്നയാളിന്റെ പേരും വിലാസവും ടിയാൻ അടച്ച നികുതിയുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ;

(ഡി) ടി കിയോസ്കുകളിൽ കച്ചവടം നടത്തുന്നത് അനധികൃതമാണെങ്കിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ വീഴ്ചവരുത്തിയവർക്കെതിരെ നടപടി എടുക്കുമോ ; അനധികൃത കച്ചവടത്തിനെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 'ഗേറ്റ് വേ ഓഫ് നിലമ്പൂർ' പ്രോജക്ടിന്റെ ഭാഗമായി ഷെൽട്ടർ കം കിയോസ്ക് (2 എണ്ണം), സൈഡ് റീട്ടെയിനിംഗ് വാൾ, എർത്ത് ഫില്ലിംഗ്, കോൺക്രീറ്റ് പില്ലർ ഫെൻസിംഗ്, റാമ്പ് എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഡി.റ്റി.പി.സി. മുഖാന്തിരം പ്രവൃത്തികൾ നിർവ്വഹിക്കപ്പെട്ടിട്ടില്ല.

(ബി - ഡി) അനുമതി നൽകിയിട്ടില്ല.

## കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ്

296 (699) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാർഡാമിൽ പ്രവർത്തിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് കോളേജ് നവീകരിക്കുന്നതിനും പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും നിലവിലെ പശ്ചാത്തല, അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

സ്വീകരിക്കുന്നതാണ്.

## സഹകരണ ബാങ്ക് വായ്പ പലിശ

297 (700) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽനിന്നും ഹ്രസ്വകാല വായ്പ എടുത്ത കർഷകരുടെ 2016-നവംബർ, ഡിസംബർ മാസത്തെ പലിശ എഴുതിത്തള്ളുവാൻ കേന്ദ്രസർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുമൂലം കർഷകർക്ക് എത്ര കോടി രൂപയുടെ ആനുകൂല്യമാണ് ലഭിക്കുകയെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പലിശ മൊറട്ടോറിയം, കർഷകർക്ക് എന്നുവരെയാണ് അനുവദിച്ചത് ; ഇതിനകം പലിശ അടച്ച കർഷകർക്ക് പ്രസ്തുത തുക തിരിച്ച് നൽകുമോ ?

ഉത്തരം

(എ) സഹകരണ സംഘങ്ങൾ/ബാങ്കുകൾ 7 ശതമാനം പലിശ നിരക്കിൽ 1-4-2016 മുതൽ 30-9-2016 വരെ വിതരണം ചെയ്തിരുന്ന 3 ലക്ഷം രൂപ വരെയുള്ള കാർഷിക വായ്പകളിൽ 1-11-2016 മുതൽ 31-12-2016 വരെയുള്ള കാലയളവിൽ ബാക്കി നിൽക്കുന്ന വായ്പകൾക്ക് 1-11-2016 മുതൽ 31-12-2016 വരെയുള്ള 2 മാസക്കാലയളവിലെ പലിശ എഴുതിത്തള്ളുവാൻ നബാർഡ് മുഖാന്തിരം നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച നടപടിക്രമങ്ങൾ സംഘങ്ങൾ 28-2-2017-ന് മുമ്പായി പൂർത്തിയാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുള്ളതിനാൽ ആയതിന് ശേഷമേ കർഷകർക്ക് ലഭ്യമായ ആനുകൂല്യം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാവുകയുള്ളൂ.

(ബി) നോട്ട് അസാധുവാക്കിയതുമൂലം ജനങ്ങൾക്കുണ്ടായ അസൗകര്യം ലഘൂകരിക്കുന്നതിനായി 2017 മാർച്ച് 31 വരെ റവന്യൂ റിക്കവറി/ജപ്തി ഉൾപ്പെടെയുള്ള നിർബന്ധിത നടപടികൾക്ക് സർക്കാർ മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്.

**സഹകരണ ബാങ്ക് ജീവനക്കാരുടെ പ്രൊമോഷൻ**

298 (701) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിലെ ജീവനക്കാർക്ക് പ്രൊമോഷൻ ലഭിക്കുന്നതിനായി 10+2+3 പാറ്റേണിൽ ബിരുദം വേണമെന്നുള്ള സർക്കാർ ഉത്തരവ് നിലവിലുണ്ടോ ;

(ബി) നിലവിൽ പ്രസ്തുത പാറ്റേണിൽ അല്ലാതെ നേരിട്ടുള്ള ബിരുദം നേടിയ ജീവനക്കാർക്ക് പ്രൊമോഷൻ ലഭിക്കുന്നതിനായി ഇളവുകൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 10+2+3 പാറ്റേൺ പ്രകാരം അല്ലാതെ ബിരുദം നേടിയ ജീവനക്കാർക്ക് പ്രൊമോഷൻ ലഭിക്കുന്നതിന് ഇളവ് നൽകുവാൻ 1969-ലെ കേരള സഹകരണ സംഘം നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ല. എന്നാൽ ഉദ്യോഗക്കയറ്റത്തിന് ബിരുദ യോഗ്യതയിൽ നിന്നും ഇളവ് നൽകുന്നതിന് ചട്ടത്തിൽ വ്യവസ്ഥയുണ്ട്.

**സഹകരണ സംരക്ഷണ ക്യാമ്പയിൻ**

299 (702) <u>ശ്രീ. സി. കൃഷ്ണൻ</u>:
<u>ശ്രീ. ആർ. രാജേഷ്</u>:
<u>പ്രൊഫ. കെ. യു. അരുണൻ</u>:
<u>ശ്രീ. കാരാട്ട് റസാഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ സംരക്ഷണ ക്യാമ്പയിൻ സംഘടിപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) സഹകരണ മേഖലയുടെ ഉന്നമനത്തിന് ഇത് എങ്ങനെയെല്ലാം പ്രയോജനകരമാകുമെന്നാണ് കരുതുന്നത് ; ആരെല്ലാമാണ് പ്രസ്തുത ക്യാമ്പയിനിൽ പങ്കെടുക്കുന്നത് ;

(ഡി) ക്യാമ്പയിൻ കാലയളവിൽ നിക്ഷേപ സമാഹരണയജ്ഞവും സംഘടിപ്പിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 2016 ഡിസംബർ 10 മുതൽ 2017 ജനവരി 10 വരെയുള്ള ഒരു മാസക്കാലം സഹകരണ മേഖല സംരക്ഷണ ക്യാമ്പയിൻ സംഘടിപ്പിച്ചു.

(ബി) സഹകരണ മേഖല സംരക്ഷണ ക്യാമ്പയിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

1. 500, 1,000 രൂപ നോട്ടുകൾ പിൻവലിച്ചതിനെത്തുടർന്ന് സഹകരണ മേഖലയിലുണ്ടായ പ്രതിസന്ധി മറികടക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക.

2. സഹകരണ മേഖലയുടെ പ്രസക്തിയെയും പ്രാധാന്യത്തെയുംകുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുക.

3. സഹകരണ മേഖലയിലെ നിക്ഷേപകരുടെ വിശ്വാസം ആർജ്ജിക്കുക.

4. ജനങ്ങളുടെ ആശങ്ക ദൂരീകരിക്കുക.

5. ഭവന സന്ദർശനം നടത്തി സഹകരണ ബാങ്കുകളും ജനങ്ങളുമായുള്ള ബന്ധം കൂടുതൽ ശക്തിപ്പെടുത്തുക.

6. സഹകാരികളെ പുതിയ നിക്ഷേപം നടത്തുന്നതിന് പ്രേരിപ്പിക്കുക.

(സി) സഹകരണ മേഖലയിലെ നിക്ഷേപകരുടെ വിശ്വാസം ആർജ്ജിക്കുന്നതിനും പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനും സഹകരണ മേഖലയുടെ വിശ്വാസ്യത നിലനിർത്തുന്നതിനും ക്യാമ്പയിൻ പ്രയോജനകരമാകുമെന്നാണ് കരുതുന്നത്. സഹകാരികളും സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരും സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥന്മാരുമാണ് ക്യാമ്പയിനിൽ പങ്കെടുത്തിട്ടുള്ളത്.

(ഡി) ക്യാമ്പയിൻ കാലയളവിൽ നിക്ഷേപ സമാഹരണ യജ്ഞം സംഘടിപ്പിച്ചിട്ടുണ്ട്.

**സഹകരണ മേഖലയിലെ പ്രതിസന്ധി**

300 (703) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. കെ. രാജൻ:
ശ്രീ. മുഹമ്മദ് മുഹസിൻ പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ട് അസാധുവാക്കൽ തീരുമാനം സഹകരണ മേഖലയെ എത്രത്തോളം പ്രതികൂലമായി ബാധിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) സഹകരണ ബാങ്കുകളുടെ പ്രവർത്തനം മന്ദീഭവിച്ചതുമൂലം ഏതൊക്കെ തരത്തിലുള്ള ബുദ്ധിമുട്ടുകളാണ് ഉണ്ടായതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പ്രതിസന്ധി സഹകരണ മേഖലയെ ദുർബലപ്പെടുത്താതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് ജില്ലാ സഹകരണ ബാങ്കുകളിൽനിന്നും ഒരാഴ്ചയിൽ 24,000 രൂപ മാത്രമേ ഒരു അക്കൗണ്ടിൽനിന്നും പിൻവലിക്കാൻ കഴിഞ്ഞിരുന്നുള്ളൂ. സഹകരണ മേഖലയിലെ 1.90 കോടി ഇടപാടുകാരുടെ ദൈനംദിന ആവശ്യങ്ങൾ നിറവേറ്റുന്നതിന് തുച്ഛമായ ഈ തുക അപര്യാപ്തമായിരുന്നു. സാധുവായ കറൻസി ഉപയോഗിച്ച് നാമമാത്രമായ ഇടപാടുകൾ മാത്രമേ സംഘങ്ങളിൽ നടന്നുള്ളൂ. സംഘങ്ങളുടെ വായ്പാ വിതരണവും തിരിച്ചടവും നിക്ഷേപവുമുൾപ്പെടെ ഇടപാടുകൾ തടസ്സപ്പെട്ടു. വായ്പേതര പ്രവർത്തനങ്ങൾ നടത്തുന്ന പ്രാഥമിക സംഘങ്ങളിലെ ദൈനംദിന പ്രവർത്തനങ്ങൾ മുടങ്ങി. പ്രാഥമിക സംഘങ്ങളിൽ അക്കൗണ്ടുള്ള അംഗങ്ങൾ അവരുടെ എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ച തുക ജില്ലാ സഹകരണ ബാങ്കിലെ കറന്റ് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ട സാഹചര്യം പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നഷ്ടത്തിന് കാരണമായി. സഹകരണ മേഖലയെ ആശ്രയിക്കുന്ന ഗ്രാമീണ ജനതയുടെ ദൈനംദിന സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റാൻ കഴിയാതെ വന്നു.

(സി) പ്രാഥമിക സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് കേരള സർക്കാരിന്റെ നിക്ഷേപ സുരക്ഷാ സ്കീം ബാധകമാക്കി. പ്രാഥമിക സഹകരണ സംഘത്തിൽ അക്കൗണ്ടുള്ള ഇടപാടുകാരന് കെ.വൈ.സി. (ഇടപാടുകാരെ അറിയൽ) മാനദണ്ഡം പാലിച്ച് അടുത്തുള്ള ജില്ലാ സഹകരണ ബാങ്കിന്റെ ശാഖയിൽ പ്രാഥമിക സംഘത്തിന് അക്കൗണ്ടുള്ള ശാഖയിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുവാൻ അനുവദിച്ച് ഇടപാടുകൾ നടത്തുന്നതിന് നിർദ്ദേശം നൽകി. നിക്ഷേപകരുടെ വിശ്വാസം ആർജ്ജിക്കുന്നതിനും നിക്ഷേപം സമാഹരിക്കുന്നതിനുമായി 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 10 വരെയുള്ള ഒരു മാസക്കാലം സഹകരണ മേഖല സംരക്ഷണ ക്യാമ്പയിൻ സംഘടിപ്പിച്ചു. 2016 ഡിസംബർ 18 സഹകരണ മേഖല സംരക്ഷണ ദിനമായി ആചരിച്ചു. ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും താലൂക്ക് തലത്തിലും സംഘം തലത്തിലും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചു. ക്യാമ്പയിന്റെ ഭാഗമായി സഹകാരികൾ കേരളത്തിലെ 1720682 ഭവനങ്ങൾ

സന്ദർശിച്ചു. 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 31 വരെ നിക്ഷേപ സമാഹരണ യജ്ഞം നടത്തി. നോട്ട് അസാധുവാക്കിയതുമൂലം ജനങ്ങൾക്കുണ്ടായ അസൗകര്യം ലഘൂകരിക്കുന്നതിനായി 2017 മാർച്ച് 31 വരെ റവന്യൂ റിക്കവറി/ ജപ്തി ഉൾപ്പെടെയുള്ള നിർബന്ധിത നടപടികൾക്ക് സർക്കാർ മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്.

2016-17 സാമ്പത്തിക വർഷം വായ്പ ക്രമപ്രകാരം തീർപ്പാക്കുന്ന ഇടപാടുകാർക്ക് പ്രസ്തുത സാമ്പത്തിക വർഷം തിരിച്ചടച്ച പലിശ തുകയുടെ 10% ഇളവ് അനുവദിക്കുകയും കുടിശ്ശിക വായ്പക്കാർക്ക് ഇളവുകൾ നൽകുകയും ചെയ്യുന്ന "നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതി 2017" നടപ്പാക്കുകയുണ്ടായി. ഇത് സഹകരണ മേഖലയുടെ വിശ്വാസ്യത വർദ്ധിപ്പിക്കുന്നതിനും കൂടുതൽ ബാങ്കിടപാടുകൾ സാധ്യമാക്കുന്നതിനും ഉപകരിച്ചിട്ടുണ്ട്.

## സഹകരണ മേഖലയിലെ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ ആഡിറ്റർ തസ്തികകൾ

301 (704) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ വകുപ്പിൽ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികയിൽ റെഗുലർ, കെ.എസ്.ആർ-144, കെ.എസ്.ആർ.-156 എന്നീ വിഭാഗങ്ങളിലായി അനുവദിച്ചിരിക്കുന്ന ആകെ തസ്തികകളുടെ എണ്ണം എത്രയാണ്; ഈ വിഭാഗങ്ങളിലായി നിലവിൽ എത്ര പേർ ജോലിചെയ്തുവരുന്നു;

(ബി) സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികയിൽ റഗുലർ, കെ.എസ്.ആർ-144, കെ.എസ്.ആർ- 156 എന്നീ വിഭാഗങ്ങളിലായി അനുവദിച്ചിരിക്കുന്ന ആകെ തസ്തികകളുടെ എണ്ണം എത്രയാണ്;

(സി) പുതുതായി രൂപീകരിക്കുന്ന 12 താലൂക്കുകളിൽ സഹകരണ വകുപ്പിന്റെ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), അസിസ്റ്റന്റ് രജിസ്ട്രാർ (ആഡിറ്റ്) എന്നീ ഓഫീസുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിന് ആവശ്യമായ തസ്തികകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര നിയമനങ്ങൾ നടന്നിട്ടുണ്ട്; എത്ര ഒഴിവുകൾ നിലവിലുണ്ട്; വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സഹകരണ വകുപ്പിൽ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികയിൽ റെഗുലർ കെ.എസ്.ആർ. 144, കെ.എസ്.ആർ. 156 എന്നീ വിഭാഗങ്ങളിലായി 1228 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ഈ വിഭാഗങ്ങളിലായി നിലവിൽ 1003 പേർ ജോലിചെയ്തുവരുന്നു.

(ബി) സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികയിൽ റഗുലർ കെ.എസ്.ആർ. 144, കെ.എസ്.ആർ. 156 എന്നീ വിഭാഗങ്ങളിലായി 1228 തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

(സി) പുതുതായി രൂപീകരിക്കുന്ന 12 താലൂക്കുകളിൽ സഹകരണ വകുപ്പിന്റെ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) എന്നീ ഓഫീസുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിന് ആവശ്യമായ തസ്തികകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ 293 നിയമനം നടത്തിയിട്ടുണ്ട്. 255 ഒഴിവുകൾ നിലവിലുണ്ട്. നേരിട്ടുള്ള നിയമനം 158, വില്ലേജ് എക്സ്റ്റെൻഷൻ ആഫീസർമാരിൽനിന്നും തസ്തികമാറ്റം വഴിയുള്ള നിയമനം 28, യു.ഡി. ക്ലാർക്ക്/യു.ഡി. ടൈപ്പിസ്റ്റ്മാരിൽ നിന്നും തസ്തികമാറ്റം വഴിയുള്ള നിയമനം 39.

**സഹകരണ വകുപ്പിലെ ഫയലുകളിൽ നടപടി**

302 (705) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണവകുപ്പിൻ കീഴിലെ 9368/C3/15 dt. 7-10-2015, C3/190/2016 എന്നീ ഫയലുകളിൽ നാളിതുവരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സെക്ഷനിൽ 2017 ഫെബ്രുവരി വരെ എത്ര ഫയലുകൾ തീരുമാനമാകാതെ കിടക്കുന്നുണ്ട്; ഇക്കാര്യം മേലുദ്യോഗസ്ഥരും വകുപ്പ് തലവന്മാരും പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത സെക്ഷനിലെ ഫയലുകളിൽ തീരുമാനമെടുക്കുന്നതിൽ വരുന്ന കാലതാമസം എന്തു കാരണത്താലാണെന്ന് അറിയിക്കുമോ ;

(സി) മേൽപ്പറഞ്ഞ ഫയലുകളിലെ നടപടിക്രമങ്ങൾ എപ്പോൾ പൂർത്തീകരിക്കും എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പ്രസ്തുത ഫയലുകൾ സർക്കാരിന്റെ വിവിധ തലത്തിലുള്ള പരിശോധനയിലാണ്. അവയിൽ അന്തിമ തീരുമാനമായിട്ടില്ല.

(ബി & സി) സഹകരണ (സി3) സെക്ഷനിൽ 2017 ഫെബ്രുവരി വരെ 424 ഫയലുകൾ തീർപ്പാക്കാതെ കിടക്കുന്നുണ്ട്. വകുപ്പുതല റിവ്യൂ മീറ്റിംഗുകളിൽ തീരുമാനമാകാതെ കിടക്കുന്ന ഫയലുകളെ സംബന്ധിച്ച് പൊതുവിൽ ചർച്ച ചെയ്യാറുണ്ട്. സഹകരണ (സി3) അസിസ്റ്റന്റ് തസ്തിക 5-12-2016 മുതൽ 16-1-2017 വരെ ഒഴിഞ്ഞുകിടക്കുകയായിരുന്നു. 17-1-2017-ന് ജോയിൻ ചെയ്ത അസിസ്റ്റന്റ് സർക്കാർ സർവ്വീസിൽ പുതുതായി പ്രവേശിച്ച യാളാണ്. കൂടാതെ സഹകരണ (സി) വകുപ്പിലെ കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തിക 9-1-2017 മുതൽ നാളിതുവരെ ഒഴിഞ്ഞുകിടക്കുകയാണ്. അപര്യാപ്തതകൾ പരിഹരിച്ച് ഫയലുകളിൽ അടിയന്തരമായി തീർപ്പുകല്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**സഹകരണ സംഘങ്ങളുടെ ആർ.ബി.ഐ. അഫിലിയേഷൻ**

303 (706) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബാങ്കിംഗ് ഇടപാട് നടത്തുന്ന എത്ര സഹകരണ സംഘങ്ങൾ ആർ.ബി.ഐ.-യിൽ അഫിലിയേഷൻ നേടിയിട്ടുണ്ട് ; വിശദമാക്കുമോ ;

(ബി) ഈ സംഘങ്ങളിലെ ഇടപാടുകൾക്ക് പാൻകാർഡ് നിർബന്ധ മാക്കിയിട്ടുണ്ടോ ;

(സി) എത്ര സംഘങ്ങൾക്ക് ആർ.ബി.ഐ.-യിൽ അഫിലിയേഷൻ ഇല്ലെന്ന് വ്യക്തമാക്കുമോ ;

(ഡി) ആർ.ബി.ഐ.-യിൽ അഫിലിയേഷൻ ഇല്ലാത്ത സംഘങ്ങൾ ഇടപാടുകൾക്ക് പാൻകാർഡ് നിർബന്ധമാക്കുന്നുണ്ടോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ബാങ്കിംഗ് ഇടപാട് നടത്തുന്ന 75 സഹകരണ ബാങ്കുകൾ ആർ.ബി.ഐ. ലൈസൻസ് നേടിയിട്ടുണ്ട്. സംസ്ഥാന സഹകരണ ബാങ്ക്, 14 ജില്ലാ സഹകരണ ബാങ്കുകൾ, 60 അർബൻ സഹകരണ ബാങ്കുകൾ എന്നിവയാണ് ആർ.ബി.ഐ. ലൈസൻസ് നേടിയിട്ടുള്ളത്.

(ബി) ഈ സഹകരണ ബാങ്കുകളിലെ ചുവടെ ചേർക്കുന്ന ഇടപാടുകൾക്ക് പാൻകാർഡ് ആദായനികുതി വകുപ്പ് നിർബന്ധമാക്കിയിട്ടുണ്ട്:

1. ഒരു ദിവസം അൻപതിനായിരം രൂപയിൽ കൂടുതലുള്ള ക്യാഷ് ഡെപ്പോസിറ്റ് നടത്തുന്നതിന്
2. ക്യാഷ് ഉപയോഗിച്ച് അൻപതിനായിരം രൂപയിൽ കൂടുതൽ ഡ്രാഫ്റ്റ്, പേ ഓർഡർ, ബാങ്കേഴ്സ് ചെക്ക് എന്നിവ എടുക്കുന്നതിന്
3. സഹകരണ ബാങ്കുകളിൽ സ്ഥിര കാലാവധി ഡെപ്പോസിറ്റ് നടത്തുന്നതിന്
4. ജൻധൻ അക്കൗണ്ട്, ബേസിക്ക് ബാങ്ക് ഡെപ്പോസിറ്റ് അക്കൗണ്ട് എന്നിവ ഒഴികെയുള്ള അക്കൗണ്ട് ആരംഭിക്കുന്നതിന്.

(സി) അംഗങ്ങളുമായി മാത്രം ഇടപാടുകൾ നടത്തുന്ന 1337 പ്രൈമറി വായ്പാ സഹകരണ സംഘങ്ങൾക്ക് ആർ.ബി.ഐ. ലൈസൻസി ഇല്ല.

(ഡി) ആർ.ബി.ഐ.-യുടെ ലൈസൻസി ഇല്ലാത്ത സംഘങ്ങളിലെ ഇടപാടുകാർക്ക് പാൻകാർഡ് നിർബന്ധമാക്കി ആദായനികുതി വകുപ്പ് നിർദ്ദേശം പുറപ്പെടുവിക്കുമ്പോൾ ഇക്കാര്യം പരിശോധിക്കുന്നതാണ്.

**കേരള ബാങ്കിന്റെ രൂപീകരണം**

304 (707) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിന്റെ രൂപീകരണത്തിന് നോട്ടു പ്രതിസന്ധി തടസ്സമായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകുമോ;

(ബി) കേരള ബാങ്ക് രൂപീകരണം എന്നത്തേക്ക് പൂർത്തീകരിയ്ക്കുവാൻ കഴിയും; ഇതു സംബന്ധിച്ച നടപടിക്രമങ്ങളുടെ വിശദ വിവരങ്ങൾ നൽകുമോ;

(സി) നോട്ടു പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ കേരള ബാങ്ക് രൂപീകരണത്തിൽനിന്ന് സർക്കാർ പിന്നോട്ടു പോയിട്ടുണ്ടോ; വിശദ വിവരം നൽകുമോ?

ഉത്തരം

(എ) കേരള സഹകരണ ബാങ്കിന്റെ രൂപീകരണം സംബന്ധിച്ച സാധ്യതകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കാർ ഒരു വിദഗ്ദ്ധ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. നോട്ടുപ്രതിസന്ധി ഇപ്രകാരം നിയോഗിച്ച കമ്മിറ്റിയുടെ പ്രവർത്തനത്തിന് തടസ്സമായിട്ടില്ല.

(ബി) വിദഗ്ധ സമിതി റിപ്പോർട്ട് സമർപ്പിച്ചശേഷം സർക്കാർ ഇക്കാര്യം പരിശോധിച്ച് വിദഗ്ധ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരള സഹകരണ ബാങ്കിന്റെ രൂപീകരണം സംബന്ധിച്ച നടപടിക്രമങ്ങൾ നിശ്ചയിക്കുന്നതാണ്.

(സി) നോട്ടുപ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ കേരള ബാങ്ക് രൂപീകരണ ത്തിനായുള്ള പ്രവർത്തനങ്ങളിൽ നിന്നും സർക്കാർ പിന്നോട്ടുപോയിട്ടില്ല.

**സഹകരണ ബാങ്കുകളിലെ നിക്ഷേപം**

305 (708) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലെ ആകെ നിക്ഷേപം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ബി) നിക്ഷേപകരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് എന്തെല്ലാം കരുതൽ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കണക്കാക്കിയിട്ടുണ്ട്.

(ബി) ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളിലെ നിക്ഷേപങ്ങൾ റിസർവ് ബാങ്കിന്റെ കീഴിലുള്ള ഡിപ്പോസിറ്റ് ഇൻഷ്വറൻസ് ആന്റ് ക്രെഡിറ്റ് ഗ്യാരന്റി കോർപ്പറേഷന്റെ നിക്ഷേപ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രാഥമിക സഹകരണ സംഘങ്ങളിലെ നിക്ഷേപകരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് കേരള സർക്കാർ നിക്ഷേപ സുരക്ഷാ സ്കീം 2012 ആവിഷ്കരിച്ചിട്ടുണ്ട്. ഈ സ്കീമിന്റെ സുഗമമായ നടത്തിപ്പിനായി കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു.

**സഹകരണ ബാങ്കുകൾക്ക് ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം**

306 (709) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. സി. എഫ്. തോമസ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ സഹകരണ ബാങ്കുകളെയും ഒരു ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനത്തിന് കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) ഇപ്രകാരം സംവിധാനം ഏർപ്പെടുത്തുക വഴി സഹകരണ ബാങ്കിംഗ് മേഖലയിൽ ഗുണപരമായ എന്തെല്ലാം മാറ്റങ്ങളുണ്ടാക്കാൻ സാധിക്കുമെന്നും കോർബാങ്കിംഗ് സംവിധാനം പ്രാവർത്തികമാക്കാൻ സാധിക്കുമോ എന്നും വ്യക്തമാക്കുമോ;

(സി) സഹകരണ ബാങ്കിംഗ് മേഖലയിൽ പ്രസ്തുത സംവിധാനം ഉടനടി ഏർപ്പെടുത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളിൽ നിലവിലുള്ള സോഫ്റ്റ് വെയറുകൾ ഏത് ഏജൻസിയാണ് തയ്യാറാക്കിയിട്ടുള്ളത്; പുതിയ സോഫ്റ്റ് വെയറിന്റെ നിർമ്മാണം ഏത് ഏജൻസിയെ ചുമതലപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ എല്ലാ സഹകരണ ബാങ്കുകളേയും ഒരു ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനത്തിന് കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ഒരു ഏകീകൃത സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിന്റെ സാധ്യതകൾ പരിശോധിക്കാനായി 9 അംഗങ്ങൾ അടങ്ങിയ ഒരു ടെക്നിക്കൽ കമ്മിറ്റിയെ ചുമതലപ്പെടുത്തി IFTAS (Indian Financial Technology and Allied Services)മായി ചർച്ച നടത്തി അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.

ഏകീകൃത സോഫ്റ്റ്‌വെയറിലേക്ക് എല്ലാ ജില്ലാ സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കിനെയും എത്തിക്കുന്നതിലേയ്ക്കായി സഹകരണ സംഘം രജിസ്ട്രാർ കൺവീനറായി 9 അംഗങ്ങൾ അടങ്ങിയ ഒരു സ്റ്റിയറിംഗ് കമ്മിറ്റിയെ നിയമിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം ഏർപ്പെടുത്തുകവഴി കോർബാങ്കിംഗ് സംവിധാനം പ്രാവർത്തികമാക്കാൻ സാധിക്കും. കോർബാങ്കിംഗ് ഏർപ്പെടുത്തുകവഴി സഹകരണ ബാങ്കിംഗ് മേഖലയിൽ താഴെപ്പറയുന്ന ഗുണപരമായ മാറ്റങ്ങളുണ്ടാക്കാൻ സാധിക്കും:

- എല്ലാ സഹകരണ ബാങ്കുകൾക്കും അവരുടെ ഇടപാടുകാർക്ക് ഒരേ തരത്തിലുള്ള സേവനങ്ങൾ ലഭ്യമാക്കാൻ സാധിക്കും.

• ബാങ്കുകൾക്കും നബാർഡ്, ആർ.ബി.ഐ., സഹകരണ സംഘം രജിസ്ട്രാർ തുടങ്ങിയ മോണിറ്ററിംഗ് ഏജൻസികൾക്കും ആവശ്യമായ റിപ്പോർട്ടുകൾ ഇത്തരം സോഫ്റ്റ്‌വെയർവഴി വേഗത്തിൽ ലഭ്യമാകും.

• സോഫ്റ്റ്‌വെയറിന്റെ സെക്യൂരിറ്റി സംവിധാനം ശക്തമായിരിക്കുന്നതിനാൽ ഡാറ്റയിൽ അനാവശ്യമായ മാറ്റങ്ങൾ വരുത്താൻ സാധിക്കില്ല. ബാങ്കിന്റെ ഇടപാടുകളെ സംബന്ധിച്ച് കൃത്യതയുണ്ടാകും.

• ബാങ്കുകളുടെ സോഫ്റ്റ്‌വെയർ കമ്പ്യൂട്ടർവത്ക്കരണ ചെലവ് ഗണ്യമായി കുറയും.

• എല്ലാ സഹകരണ ബാങ്കുകളുടെയും പ്രവർത്തനത്തിന് ഏകോപനമുണ്ടാകും.

(സി) സഹകരണ ബാങ്കിംഗ് മേഖലയിൽ ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി കൈക്കൊണ്ടുവരികയാണ്.

(ഡി) സംസ്ഥാന സഹകരണ ബാങ്കിലും ജില്ലാ സഹകരണ ബാങ്കുകളിലും നിലവിലുള്ള സോഫ്റ്റ്‌വെയറുകൾ തയ്യാറാക്കിയിട്ടുള്ള ഏജൻസികളുടെ പേരുവിവരം അനുബന്ധമായി* ചേർക്കുന്നു.

പുതിയ സോഫ്റ്റ്‌വെയറിന്റെ നിർമ്മാണം ഏത് ഏജൻസിയെ ചുമതലപ്പെടുത്തണം എന്നത് സംബന്ധിച്ചുള്ള തീരുമാനം കൈക്കൊണ്ടിട്ടില്ല.

**സഹകരണ ബാങ്കുകൾക്ക് പൊതുവായ ബാങ്കിംഗ് സോഫ്റ്റ്‌വെയർ**

307 (710) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകൾക്ക് പൊതുവായ ബാങ്കിംഗ് സോഫ്റ്റ്‌വെയർ ഏർപ്പെടുത്തുവാൻ ആലോചിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ ;

(സി) സോഫ്റ്റ്‌വെയർ ഉപയോഗിച്ചുള്ള പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കും എന്ന് അറിയിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കായി ഒരു കോമൺ സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിന്റെ സാധ്യതകൾ പരിശോധിക്കാനായി 9 അംഗങ്ങൾ അടങ്ങിയ ഒരു ടെക്നിക്കൽ കമ്മിറ്റിയെ ചുമതലപ്പെടുത്തി 'IFTAS' (Indian Financial Technology and Allied Services)മായി ചർച്ച നടത്തി അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. കോമൺ പ്ലാറ്റ്ഫോമിലേയ്ക്ക് എല്ലാ ജില്ലാ സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കിനെയും എത്തിക്കുന്നതിലേയ്ക്കായി സഹകരണ സംഘം രജിസ്ട്രാർ കൺവീനറായി 9 അംഗങ്ങളടങ്ങിയ ഒരു കമ്മിറ്റിയെ നിയമിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.

(സി) മേല്പറഞ്ഞ കമ്മിറ്റികളുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഏകീകൃത സോഫ്റ്റ്‌വെയർ സംബന്ധിച്ച് അനന്തര നടപടി സ്വീകരിക്കാവുന്നതാണ്.

**സഹകരണ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ എഴുതിത്തള്ളൽ**

308 (711) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൻസർ, പരാലിസിസ്, വൃക്ക സംബന്ധമായ രോഗങ്ങൾ തുടങ്ങിയവ മൂലം യാതന അനുഭവിക്കുന്നവർ സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള വായ്പ എഴുതിത്തള്ളുന്നതിന് നിലവിൽ വ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത രോഗങ്ങൾമൂലം മരണമടഞ്ഞവരുടെ വായ്പ എഴുതിത്തള്ളുന്നതിന് നിലവിൽ വ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) കാൻസർ ബാധിതർ, വൃക്ക സംബന്ധമായ രോഗംമൂലം ഡയാലിസിസിന് വിധേയരായവർ, പക്ഷാഘാതംമൂലമോ അപകടംമൂലമോ ശരീരം തളർന്ന് കിടപ്പിലായവർ, എയ്ഡ്സ് രോഗം ബാധിച്ചവർ, ലിവർ സിറോസിസ് ബാധിച്ചവർ, ക്ഷയരോഗം ബാധിച്ചവർ എന്നിവർ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പയുടെ മുതലിൽ 75,000 രൂപ എഴുതിത്തള്ളുന്നതിന് കേരള റിസ്ക് ഫണ്ട് പദ്ധതി നിലവിലുണ്ട്. വായ്പക്കാരൻ വായ്പ എടുക്കുന്ന

അവസരത്തിൽ ഈ പദ്ധതി പ്രകാരമുള്ള വിഹിതം ബാങ്കിൽ ഒടുക്കണം. ആനുകൂല്യം ലഭിക്കുന്നതിന് ചികിത്സാ സർട്ടിഫിക്കറ്റും അനുബന്ധ ചികിത്സാ രേഖകളും സഹിതമുള്ള അപേക്ഷ അതത് ബാങ്കുകൾ, ഈ പദ്ധതി നടപ്പിലാക്കുന്ന കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ നൽകണം.

(ബി) പ്രസ്തുത രോഗങ്ങൾമൂലമോ അല്ലാതെയോ മരണപ്പെട്ടവരുടെ വായ്പ എഴുതിത്തള്ളുന്നതിന് കേരള സഹകരണ റിസ്ക് ഫണ്ട് സ്കീമിൽ വ്യവസ്ഥയുണ്ട്. വായ്പ എടുത്ത അംഗം വായ്പാ കാലാവധിയിലോ വായ്പ കാലാവധി കഴിഞ്ഞ് 6 മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേദിവസം ബാക്കി നിൽക്കുന്ന ഒന്നര ലക്ഷം രൂപവരെയുള്ള മുതലും അതിന്റെ പലിശയും എഴുതിത്തള്ളും. ഈ പദ്ധതി നിലവിൽ വന്ന 2008-ന് ശേഷം വായ്പ എടുത്തിട്ടുള്ളവർക്കും റിസ്ക്ഫണ്ട് വിഹിതം ബാങ്കിൽ ഒടുക്കിയവർക്കുമാണ് ആനുകൂല്യത്തിന് അർഹതയുള്ളത്.

## സഹകരണ സ്ഥാപനങ്ങളിലും ക്രെഡിറ്റ് സൊസൈറ്റികളിലും സ്പെഷ്യൽ റൂൾസ്

309 (712) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സഹകരണ സ്ഥാപനങ്ങളും ക്രെഡിറ്റ് സൊസൈറ്റികളും പ്രവർത്തിക്കുന്നുണ്ട് ;

(ബി) ഇവയിൽ എത്ര സ്ഥാപനങ്ങളിൽ സ്പെഷ്യൽ റൂൾസ് നടപ്പിലാക്കിയിട്ടുണ്ട് ; അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) സ്പെഷ്യൽ റൂൾസ് നിലവിലില്ലാത്ത സ്ഥാപനങ്ങളിൽ സമയബന്ധിതമായി ആയത് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് സഹകരണ രജിസ്ട്രാറിന് കീഴിൽ 11908 സഹകരണ സ്ഥാപനങ്ങളും 3631 ക്രെഡിറ്റ് സൊസൈറ്റികളും പ്രവർത്തിക്കുന്നുണ്ട്.

(ബി) സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള 19 സ്ഥാപനങ്ങളിൽ പി.എസ്.സി. മുഖേന നിയമനം നടത്തുന്നതിനുള്ള റിക്രൂട്ട്മെന്റ് റൂൾസ് (സ്പെഷ്യൽ റൂൾസ്) നടപ്പിലാക്കിയിട്ടുണ്ട്. കേരള സംസ്ഥാന സഹകരണ ബാങ്ക്, 14 ജില്ലാ സഹകരണ ബാങ്കുകൾ, കേരള സ്റ്റേറ്റ് കൺസ്യൂമർ ഫെഡറേഷൻ (കൺസ്യൂമർഫെഡ്), കേരള സ്റ്റേറ്റ് ഫെഡറേഷൻ ഓഫ് ഷെഡ്യൂൾഡ്

കാസ്റ്റ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ് ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് (എസ്.സി./എസ്.റ്റി. ഫെഡറേഷൻ) കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ (ഹൗസ് ഫെഡ്), കേരള സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ (റബ്ബർ മാർക്ക്) എന്നീ സ്ഥാപനങ്ങളുടെ റിക്രൂട്ട്മെന്റ് റൂൾസ് ആണ് പി.എസ്.സി. അംഗീകരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. അപ്പക്സ് സഹകരണ സംഘങ്ങളും ജില്ലാ സഹകരണ ബാങ്കുകളും ഒഴികെയുള്ള സഹകരണ സ്ഥാപനങ്ങളിൽ സഹകരണ പരീക്ഷാ ബോർഡ് റിക്രൂട്ട്മെന്റാണ് നിലവിലുള്ളത്.

(സി) നിയമനം പി.എസ്.സി.-ക്ക് വിട്ടുകൊടുത്തിട്ടുള്ള സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള മറ്റ് സഹകരണ സ്ഥാപനങ്ങളിൽ റിക്രൂട്ട്മെന്റ് റൂൾസ് തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ ലോണുകൾ എഴുതിത്തള്ളൽ**

310 (713) ശ്രീ. ബി. സത്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽനിന്നും പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് അനുവദിച്ചിട്ടുള്ള ലോണുകളിൽ ഏതു വർഷം വരെയുള്ള ലോണുകൾ എഴുതിത്തള്ളിയിട്ടുണ്ട്; ഇപ്പോൾ ഏതു വർഷം വരെ എഴുതിത്തള്ളാൻ തീരുമാനിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) സഹകരണ ബാങ്കുകളിൽ ലോൺ ബാദ്ധ്യതയുള്ള പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗക്കാർ മരണപ്പെട്ടാൽ വായ്പ എഴുതിത്തള്ളാൻ പദ്ധതികൾ നിലവിൽ ഉണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഒന്നര ലക്ഷം രൂപവരെ വാർഷിക വരുമാനമുള്ള പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽനിന്നും എടുത്തിരുന്നതും 31-3-2006-ൽ കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ 25,000 രൂപ വരെയുള്ള വായ്പകൾ എഴുതിത്തള്ളിയിട്ടുണ്ട്.

ഇതേ പദ്ധതിയിൻകീഴിൽ പട്ടികജാതി വിഭാഗക്കാർ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽനിന്നും എടുത്തിരുന്നതും 31-3-2006-ൽ കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ 50,000 രൂപവരെയുള്ള വായ്പകൾ എഴുതിത്തള്ളി യിട്ടുണ്ട്. കൂടാതെ ഇതേ പദ്ധതിയിൻകീഴിൽ പട്ടികജാതി വിഭാഗക്കാർ സഹകരണ

സംഘങ്ങളിൽ ബാങ്കുകളിൽനിന്നും എടുത്തിരുന്നതും 31-3-2010-ൽ കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ ഒരു ലക്ഷം രൂപവരെയുള്ള വായ്പകളും എഴുതിത്തള്ളിയിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗക്കാർ സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ളതും 1-4-2006 മുതൽ 31-3-2014 വരെയുള്ള കാലയളവിൽ തിരിച്ചടവ് കാലാവധി തീർന്ന് കുടിശ്ശികയായിട്ടുള്ളതുമായ ഒരു ലക്ഷം രൂപവരെയുള്ള വായ്പകൾ പലിശയും പിഴപ്പലിശയും അടക്കം എഴുതിത്തള്ളുന്നതിനുള്ള നടപടി പുരോഗമിച്ചുവരികയാണ്.

(ബി) ഇപ്രകാരമുള്ള പദ്ധതി ഇപ്പോൾ നിലവിലില്ല. എന്നാൽ വായ്പക്കാരൻ സഹകരണ റിസ്ക് ഫണ്ട് സ്കീമിൽ ചേർന്നിട്ടുള്ള ആളാണെങ്കിൽ പ്രസ്തുത സ്കീം അർഹത പ്രകാരം 1.50 ലക്ഷം രൂപ വരെ ആനുകൂല്യം ലഭിക്കാൻ അർഹതയുണ്ട്.

## നെല്ല് സംഭരണത്തിന് സഹകരണ സംഘങ്ങളെ ഉൾപ്പെടുത്തുന്നതിനുള്ള നടപടി

311 (714) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരണത്തിന് സഹകരണ സംഘങ്ങളെ കൂടി ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ബി) നെല്ലിന്റെ സംഭരണ വില കൃഷിക്കാർക്ക് സഹകരണ ബാങ്കുകൾ വഴി കൊടുത്തിരുന്ന സമ്പ്രദായം നിർത്തലാക്കിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത രീതി പുനസ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

### ഉത്തരം

(എ) സർക്കാരിന്റെ നേതൃത്വത്തിൽ കൺസ്യൂമർഫെഡ് മുഖാന്തിരം നെല്ല് സംഭരിച്ച് അരിയാക്കി വിതരണം ചെയ്യുന്നതിന് (ഒരു കൺസോർഷ്യം രൂപീകരിച്ച്) പ്രാഥമിക നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി)ബാധകമല്ല.

**നോട്ട് പിൻവലിക്കൽ നടപടി-സഹകരണ ബാങ്കുകൾക്കുണ്ടായ നഷ്ടം**

312 (715) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ട് പിൻവലിക്കൽ നടപടിയെ തുടർന്ന് സഹകരണ ബാങ്കുകളുടെ പണമിടപാടുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയതുമൂലം സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾക്ക് നഷ്ടം സംഭവിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവയുടെ വ്യാപ്തി വിലയിരുത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത നഷ്ടവും നിലവിലെ നിയന്ത്രണങ്ങളും മറികടക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾക്ക് നോട്ട് പിൻവലിക്കൽ നടപടിയെത്തുടർന്ന് നഷ്ടം സംഭവിച്ചിട്ടുണ്ട്.

(ബി) സാധ്യമായ കറൻസി ഉപയോഗിച്ച് നാമമാത്രമായ ഇടപാടുകൾ മാത്രമേ സംഘങ്ങളിൽ നടന്നുള്ളൂ. സംഘങ്ങളുടെ പ്രധാന പ്രവർത്തനമായ വായ്പാ വിതരണവും തിരിച്ചടവും നിക്ഷേപവുമുൾപ്പെടെയുള്ള ഇടപാടുകാർ തടസ്സപ്പെട്ടു. ആവശ്യമായ നിക്ഷേപ തുക പിൻവലിക്കുവാൻ കഴിയാതെ വന്നത് സാധാരണക്കാരുടെ ദുരിതം വർദ്ധിപ്പിച്ചു. ദൈനംദിന സാമ്പത്തിക ആവശ്യങ്ങൾക്ക് സഹകരണ ബാങ്കുകളെ ആശ്രയിച്ചിരുന്ന ഗ്രാമീണ ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ കഴിയാതിരുന്നത് ജനജീവിതം ദുരിതപൂർണ്ണമാക്കി. സഹകരണ ബാങ്കുകൾ/സംഘങ്ങളുടെ വായ്പാകുടിശ്ശിക വർദ്ധിപ്പിച്ചു. ജില്ലാ സഹകരണ ബാങ്കുകളുടെ മൂലധന പര്യാപ്തതയെ നോട്ട് പിൻവലിക്കൽ മൂലമുണ്ടായ പ്രതിസന്ധി പ്രതികൂലമായി ബാധിച്ചു.

(സി) പ്രാഥമിക സഹകരണ സംഘത്തിൽ/ബാങ്കിൽ അക്കൗണ്ടുള്ള ഇടപാടുകാരന് കെ.വൈ.സി. (ഇടപാടുകാരെ അറിയൽ) മാനദണ്ഡം പാലിച്ച് അടുത്തുള്ള ജില്ലാ സഹകരണ ബാങ്കിന്റെ ശാഖയിൽ (പ്രാഥമിക സഹകരണ സംഘത്തിന് അക്കൗണ്ടുള്ള ശാഖയിൽ) സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കാൻ അനുവദിക്കുന്നതിനും പ്രാഥമിക സഹകരണ സംഘത്തിൽ ഇടപാടുകാരനുള്ള അക്കൗണ്ടിൽനിന്നും അക്കൗണ്ട് ഉടമ ആവശ്യപ്പെടുന്ന തുക ജില്ലാ സഹകരണ ബാങ്കിലുള്ള അയാളുടെ അക്കൗണ്ടിലേയ്ക്ക് നൽകി ആഴ്ചയിൽ

24,000 രൂപയോ റിസർവ് ബാങ്ക് നിഷ്കർഷിക്കുന്ന പരിധിയിലുള്ള തുകയോ ഇടപാടുകാരന് പിൻവലിക്കാവുന്നതും ചെക്ക്, ഡ്രാഫ്റ്റ് ഇടപാടുകളും ഇലക്ട്രോണിക് ട്രാൻസ്ഫർ സംവിധാനങ്ങളായ ആർ.ടി.ജി.എസ്., എൻ.ഇ.എഫ്.റ്റി. എന്നിവ ഉപയോഗിച്ച് ആവശ്യമായ തുക ഇടപാടുകാർ നിർദ്ദേശിക്കുന്ന വ്യക്തിക്ക്/ സ്ഥാപനങ്ങൾക്ക് നൽകുന്നതിനും കർഷകർക്ക് ആവശ്യമായ കാർഷിക വായ്പകൾ തുടർന്നും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേന അനുവദിക്കുന്നതിനും കർഷകർക്ക് അനുവദിക്കുന്ന വായ്പാതുക മേൽ വിവരിച്ച രീതിയിൽ ആരംഭിച്ചിട്ടുള്ള ജില്ലാ സഹകരണ ബാങ്കിലുള്ള പ്രാഥമിക സംഘത്തിലെ അംഗങ്ങളുടെ/കർഷകരുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തുനൽകുന്നതിനും അംഗങ്ങളെ/കർഷകരെ അതിൽ നിന്നും പിൻവലിക്കുന്നതിന് അനുവദിക്കുന്നതിനും നിർദ്ദേശങ്ങൾ നൽകി. ഇത്തരത്തിൽ സഹകരണ സംഘങ്ങൾക്കും ഇടപാടുകാർക്കും കഴിയുന്നത്ര ആവശ്യങ്ങൾ നിറവേറ്റുവാനും നോട്ട് നിരോധനം മൂലമുണ്ടായ ദുരിതങ്ങൾ കുറയ്ക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

നോട്ട് അസാധുവാക്കിയതുമൂലം ജനങ്ങൾക്കുണ്ടായ അസൗകര്യം ലഘൂകരിക്കുന്നതിനായി 2017 മാർച്ച് 31 വരെ റവന്യൂ റിക്കവറി/ജപ്തി ഉൾപ്പെടെയുള്ള നിർബന്ധിത നടപടികൾക്ക് സർക്കാർ മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്.

2016-17 സാമ്പത്തിക വർഷം വായ്പ ക്രമപ്രകാരം തീർപ്പാക്കുന്ന ഇടപാടുകാർക്ക് പ്രസ്തുത സാമ്പത്തിക വർഷം തിരിച്ചടച്ച പലിശ തുകയുടെ 10% ഇളവ് അനുവദിക്കുകയും കുടിശ്ശിക വായ്പക്കാർക്ക് ഇളവുകൾ നൽകുകയും ചെയ്യുന്ന "നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതി 2017" നടപ്പാക്കുകയുണ്ടായി. ഇത് സഹകരണ മേഖലയുടെ വിശ്വാസ്യത വർദ്ധിപ്പിക്കുന്നതിനും കൂടുതൽ ബാങ്കിടപാടുകൾ സാധ്യമാക്കുന്നതിനും ഉപകരിച്ചിട്ടുണ്ട്.

**നോട്ട് പിൻവലിക്കൽമൂലം സഹകരണ മേഖലയിലുണ്ടായ പ്രതിസന്ധി**

313 (716) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ അഞ്ഞൂറ്, ആയിരം രൂപ നോട്ടുകൾ പിൻവലിച്ചതിനു ശേഷം ഈ സർക്കാർ സഹകരണമേഖലയെ സംരക്ഷിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) നോട്ട് പിൻവലിച്ച ശേഷം സഹകരണ മേഖലയിലെ ഇടപാടുകാർ നേരിട്ട ആശങ്ക പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(സി) ന്യൂ ജനറേഷൻ ബാങ്കുകളിലേയ്ക്ക് സഹകരണ മേഖലയിലെ നിക്ഷേപങ്ങൾ പിൻവലിച്ച് കൊണ്ടുപോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) സഹകരണ മേഖലയോടുള്ള സമീപനം തിരുത്തണമെന്ന് പ്രത്യേക നിയമസഭാ സമ്മേളനം ചേർന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുകയും സർവ്വകക്ഷി നിവേദക സംഘത്തെ കേന്ദ്രത്തിലേയ്ക്ക് അയയ്ക്കുന്നതിന് തീരുമാനിക്കുകയും ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സെൻട്രൽ ബാങ്ക് കോൺഫറൻസ് ചേർന്ന് സഹകരണ മേഖലയിൽ സ്വീകരിക്കേണ്ട നടപടികൾ തീരുമാനിക്കുകയും ചെയ്തു. നിക്ഷേപകരുടെ വിശ്വാസം ആർജ്ജിക്കുന്നതിനും നിക്ഷേപം സമാഹരിക്കുന്നതിനുമായി 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 10 വരെയുള്ള ഒരു മാസക്കാലം സഹകരണ മേഖല സംരക്ഷണ ക്യാമ്പയിൻ സംഘടിപ്പിച്ചു. 2016 ഡിസംബർ 18 സഹകരണ മേഖലാ സംരക്ഷണ ദിനമായി ആചരിച്ചു. ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാന തലത്തിലും ജില്ലാതലത്തിലും താലൂക്ക് തലത്തിലും സംഘം തലത്തിലും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചു. ക്യാമ്പയിന്റെ ഭാഗമായി സഹകാരികൾ കേരളത്തിലെ 17,20,682 ഭവനങ്ങൾ സന്ദർശിച്ചു. 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 31 വരെ നിക്ഷേപ സമാഹരണ യജ്ഞം നടത്തി.

(ബി) നോട്ട് പിൻവലിച്ചശേഷം സഹകരണ മേഖലയിലെ ഇടപാടുകാർ നേരിട്ട ആശങ്ക പരിഹരിക്കുന്നതിലേയ്ക്കായി സഹകരണ മേഖലയിലെ നിക്ഷേപകർക്ക് സുരക്ഷിതത്വം ഉറപ്പാക്കുന്ന നടപടി സ്വീകരിച്ചു. 500, 1,000 രൂപ നോട്ടുകൾ അസാധുവാക്കിയതുമായി ബന്ധപ്പെട്ട് സഹകരണ മേഖലയിൽ ഉടലെടുത്തിട്ടുള്ള പ്രതിസന്ധി കറൻസി ലഭ്യതയുമായി മാത്രം ബന്ധപ്പെട്ടുള്ളതും താല്ക്കാലികം മാത്രമാണെന്നും നിക്ഷേപ തുക യാതൊരു കാരണവശാലും നഷ്ടമാകില്ലെന്നും ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളിലെ നിക്ഷേപങ്ങൾക്ക് റിസർവ് ബാങ്കിന്റെ കീഴിലുള്ള ഡെപ്പോസിറ്റ് ഇൻഷ്വറൻസ് ആന്റ് ക്രെഡിറ്റ് ഗ്യാരന്റി കോർപ്പറേഷന്റെ നിക്ഷേപ സുരക്ഷാ സ്കീം ബാധകമാണെന്നും പ്രാഥമിക സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് കേരള സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ നിക്ഷേപ സുരക്ഷാ സ്കീം ബാധകമാണെന്നും ആയതിനാൽ കറൻസി അസാധുവാക്കിയതു മുഖേന സമ്പദ്ഘടനയുടെ പ്രത്യേകിച്ച് കാർഷിക, ചെറുകിട വ്യാപാര

മേഖലയിലുണ്ടായ മാന്ദ്യം മറികടക്കുന്നതിന് കേരള സർക്കാർ ബദൽ മാർഗ്ഗങ്ങൾ ആലോചിക്കുകയും കറൻസി അസാധുവാക്കൽമൂലമുണ്ടായ പ്രതിസന്ധി മറികടക്കുന്നതിന് സഹകരണ പ്രസ്ഥാനത്തോടൊപ്പം ഉറച്ചുനിൽക്കണമെന്ന് സഹകരണ മേഖലയിലെ ഇടപാടുകാരുടെ ശ്രദ്ധക്കായി പത്രപ്പരസ്യം നൽകിയിരുന്നു.

നോട്ട് അസാധുവാക്കിയതുമൂലം ജനങ്ങൾക്കുണ്ടായ അസൗകര്യം ലഘൂകരിക്കുന്നതിനായി 2017 മാർച്ച് 31 വരെ റവന്യൂ റിക്കവറി/ജപ്തി ഉൾപ്പെടെയുള്ള നിർബന്ധിത നടപടികൾക്ക് സർക്കാർ മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്.

2016-17 സാമ്പത്തിക വർഷം വായ്പ ക്രമപ്രകാരം തീർപ്പാക്കുന്ന ഇടപാടുകാർക്ക് പ്രസ്തുത സാമ്പത്തിക വർഷം തിരിച്ചടച്ച പലിശ തുകയുടെ 10% ഇളവ് അനുവദിക്കുകയും കുടിശ്ശിക വായ്പക്കാർക്ക് ഇളവുകൾ നൽകുകയും ചെയ്യുന്ന "നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതി 2017" നടപ്പിലാക്കുകയുണ്ടായി. ഇത് സഹകരണ മേഖലയുടെ വിശ്വാസ്യത വർദ്ധിപ്പിക്കുന്നതിനും കൂടുതൽ ബാങ്കിടപാടുകൾ സാധ്യമാക്കുന്നതിനും ഉപകരിച്ചിട്ടുണ്ട്.

(സി) അസാധുവാക്കപ്പെട്ട 500, 1,000 രൂപാ നോട്ടുകൾ നിക്ഷേപിക്കുന്നതിലേയ്ക്കായി ന്യൂജനറേഷൻ ബാങ്കുകളെ നോട്ട് നിരോധന കാലയളവിൽ സമീപിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**കറൻസി നിരോധനംമൂലം സഹകരണ മേഖലയിലുള്ള പ്രശ്നങ്ങൾ**

314 (717) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കറൻസി നിരോധനവും, നിയന്ത്രണവും സംസ്ഥാനത്തിന്റെ സഹകരണ മേഖലയെ ഏതെല്ലാം തരത്തിൽ ബാധിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ബി) നിരോധനത്തിനുശേഷം സഹകരണ മേഖലയിലെ നിക്ഷേപ സമാഹരണത്തിന്റെ പുരോഗതി വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 8-11-2016 അർദ്ധരാത്രി മുതൽ സഹകരണ സംഘങ്ങൾക്ക് അവരുടെ പക്കലുള്ള 500, 1,000 രൂപ കറൻസികൾ കൈമാറ്റം ചെയ്യാൻ സാധിക്കാത്ത അവസ്ഥ സംജാതമായി. 9-11-2016-ന് സഹകരണ സംഘങ്ങളിൽ സാമ്പത്തിക

ഇടപാടുകൾ നടന്നിട്ടില്ല. 10-11-2016 മുതൽ 14-11-2017 വരെ മേല്പറഞ്ഞ പ്രാഥമിക സഹകരണ സംഘങ്ങൾ സ്വീകരിച്ച 500, 1,000 കറൻസികൾ ജില്ലാ സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കാൻ കഴിയാത്ത അവസ്ഥയുണ്ടായി. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ജില്ലാ സഹകരണ ബാങ്കുകളിൽനിന്നും ഒരാഴ്ചയിൽ 24,000 രൂപ മാത്രമേ ഒരു അക്കൗണ്ടിൽനിന്നും പിൻവലിക്കാൻ കഴിഞ്ഞുള്ളൂ. സഹകരണ മേഖലയിലെ 1.90 കോടി ഇടപാടുകാരുടെ ദൈനംദിന ആവശ്യങ്ങൾ നിറവേറ്റുന്നതിന് തുച്ഛമായ ഈ തുക തികച്ചും അപര്യാപ്തമായിരുന്നു. ഒരു പ്രാഥമിക സംഘത്തിൽ ശരാശരി 10000 ത്തോളം ഇടപാടുകാരുണ്ട്. സാധുവായ കറൻസി ഉപയോഗിച്ച് (പുതിയ 2000 നോട്ടുൾപ്പെടെ) നാമമാത്രമായ ഇടപാടുകൾ മാത്രമേ സംഘങ്ങളിൽ നടന്നുള്ളൂ. സംഘങ്ങളുടെ പ്രധാന ബിസിനസ്സായ വായ്പാ വിതരണവും തിരിച്ചടവും നിക്ഷേപവുമുൾപ്പെടെയുള്ള ഇടപാടുകൾ തടസ്സപ്പെട്ടു. വായ്പേതര പ്രവർത്തനങ്ങൾ (കൺസ്യൂമർ സ്റ്റോർ, നീതി സ്റ്റോർ, നീതി മെഡിക്കൽ സ്റ്റോർ, വളം ഡിപ്പോ ക്ലിനിക്കൽ ലാബ് തുടങ്ങിയവ) പ്രാഥമിക സംഘങ്ങൾ നടത്തുന്ന ദൈനംദിന പ്രവർത്തനങ്ങൾ എല്ലാം മുടങ്ങി. വിവാഹം, ചികിത്സ തുടങ്ങിയ ആവശ്യങ്ങൾക്ക് സഹകരണ ബാങ്കുകളിൽനിന്നും വായ്പയെടുത്ത ആളുകൾക്ക് വായ്പാ തുക യഥാസമയം നൽകുവാൻ സാധിച്ചിട്ടില്ല. കെട്ടിടനിർമ്മാണം, വിദ്യാഭ്യാസം എന്നീ ആവശ്യങ്ങൾക്കായി സംഘങ്ങളിൽ നിന്നും നിക്ഷേപ തുക പിൻവലിക്കാനാകാതെവരുന്നത് സാധാരണക്കാരുടെ ദുരിതം വർദ്ധിപ്പിച്ചു. കാർഷിക വായ്പാ വിതരണവും തിരിച്ചടവും പൂർണ്ണമായും നിലച്ചത് കർഷകരെയും ദുരിതത്തിലാഴ്ത്തി. പ്രാഥമിക സഹകരണ സംഘങ്ങളിൽ അക്കൗണ്ടുള്ള അംഗങ്ങൾ അവരുടെ എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ച നിരോധിച്ച കറൻസി തുക ജില്ലാ സഹകരണ ബാങ്കിലെ കറന്റ് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ട സാഹചര്യം വന്നു. ഇത് പ്രാഥമിക സംഘങ്ങൾക്ക് നഷ്ടത്തിന് കാരണമായി. സഹകരണബാങ്കിലെ സ്വർണ്ണപ്പണയം ഉൾപ്പെടെയുള്ള വായ്പകൾക്ക് പണം നൽകാൻ സഹകരണ സംഘങ്ങൾക്ക് കഴിഞ്ഞില്ല. ദൈനംദിന സാമ്പത്തിക ആവശ്യങ്ങൾക്ക് സഹകരണ ബാങ്കുകളെ ആശ്രയിച്ചിരുന്ന ഗ്രാമീണ ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ കഴിയാത്തതിനാൽ ജനജീവിതം ദുരിതപൂർണ്ണ മായിത്തീർന്നു.

(ബി) നോട്ട് നിരോധനത്തിനുശേഷം 6386.16 കോടി രൂപ അറ്റനിക്ഷേപത്തിൽ കുറവുണ്ടായിട്ടുണ്ട്.

## കറൻസി നിരോധനവും തുടർന്നുള്ള നിയന്ത്രണവും

315 (718) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കറൻസി നിരോധനവും പിന്നാലെ വന്ന നിയന്ത്രണവും സഹകരണ മേഖലയ്ക്ക് കനത്ത ആഘാതമേൽപ്പിച്ചതായി സർക്കാർ കരുതുന്നുണ്ടോ;

(ബി) കൂടുതൽ നിക്ഷേപം ആകർഷിക്കാൻ നടത്തിയ സമാഹരണ യജ്ഞം ഉദ്ദേശിച്ച ലക്ഷ്യം കാണാത്ത സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) മാത്രമല്ല, സമാഹരണയജ്ഞ കാലയളവിൽ 4,000 കോടി രൂപയോളം അധികമായി ബാങ്കുകളിൽ നിന്ന് പിൻവലിക്കപ്പെട്ട കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ നിക്ഷേപകരുടെ ആശങ്ക അകറ്റി സഹകരണ മേഖലയെ കൂടുതൽ ശക്തിപ്പെടുത്താൻ സർക്കാർ എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) കറൻസി നിരോധനവും പിന്നാലെ വന്ന നിയന്ത്രണവും സഹകരണ മേഖലയിൽ താൽക്കാലിക പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്.

(ബി) കറൻസി നിരോധനംമൂലമുണ്ടായ താൽക്കാലിക പ്രതിസന്ധി തരണം ചെയ്യുന്നതിനായി സഹകരണ മേഖലയിൽ സഹകരണ സംരക്ഷണ ക്യാമ്പയിൻ സംഘടിപ്പിച്ചിരുന്നു. ഈ ക്യാമ്പയിന്റെ ഭാഗമായി നടത്തിയ നിക്ഷേപ സമാഹരണ യജ്ഞത്തിൽ പ്രത്യേക ലക്ഷ്യം (ടാർജറ്റ്) നിശ്ചയിച്ചിട്ടില്ലായിരുന്നു. ആയതിനാൽ ഇക്കാര്യം പരിശോധിച്ചിട്ടില്ല.

(സി) നോട്ട് നിരോധനത്തിനുശേഷം അറ്റ നിക്ഷേപത്തിൽ 6386.18 കോടി രൂപ കുറവു വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) നിക്ഷേപകരുടെ ആശങ്ക അകറ്റി സഹകരണ മേഖലയെ കൂടുതൽ ശക്തിപ്പെടുത്താനായി 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 10 വരെയുള്ള ഒരു മാസക്കാലം സഹകരണ മേഖല സംരക്ഷണ ക്യാമ്പയിൻ സംഘടിപ്പിച്ചു. 2016 ഡിസംബർ 18-ന് സഹകരണ മേഖല സംരക്ഷണ ദിനമായി ആചരിച്ചു. ക്യാമ്പയിന്റെ ഭാഗമായി സഹകാരികൾ കേരളത്തിലെ 17,20,682 ഭവനങ്ങൾ സന്ദർശിക്കുകയുണ്ടായി. നിക്ഷേപങ്ങൾ സുരക്ഷിതമാണെന്നും നിക്ഷേപകർക്ക് ആശങ്ക വേണ്ടെന്നുമുള്ള സന്ദേശം പത്രപ്പരസ്യമുൾപ്പെടെയുള്ള പ്രചരണ പ്രവർത്തനത്തിലൂടെ ജനങ്ങളിൽ എത്തിച്ചു. ഇനിയും ഇത്തരത്തിലുള്ള തുടർ പ്രവർത്തനങ്ങൾ നടത്തുന്നതാണ്.

## കാസർഗോഡ് ജില്ലാ സഹകരണ ബാങ്കിൽ ക്ലാർക്ക് തസ്തിക നിയമനം

316 (719) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോഡ് ജില്ലാ സഹകരണ ബാങ്കിൽ മാനദണ്ഡങ്ങൾ മറികടന്ന് പ്യൂൺ തസ്തികയിൽനിന്നും സ്ഥാനകയറ്റം നൽകി ക്ലാർക്ക് തസ്തികയിൽ നിയമനം നൽകിയതുമായി ബന്ധപ്പെട്ട വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ക്ലാർക്ക്/ ക്യാഷ്യർ തസ്തികയിൽ നിയമനത്തിനായി പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലനിൽക്കെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാതെ ഇത്തരത്തിൽ പ്രൊമോഷൻ നൽകിയ നടപടി റദ്ദ് ചെയ്യാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഇത്തരം തസ്തികയിൽ പി.എസ്.സി. മുഖേന തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽനിന്ന് നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലാ സഹകരണ ബാങ്കിൽ പി.എസ്.സി. മുഖേന 54 ക്ലാർക്കുമാരെ നിയമിച്ചിട്ടുണ്ട്. പ്യൂൺ തസ്തികയിൽനിന്നും പുതുതായി 10 പേർക്ക് ഉദ്യോഗക്കയറ്റം നൽകിയിട്ടുണ്ട്. റേഷ്യോ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടും ജില്ലാ സഹകരണ ബാങ്ക് റിക്രൂട്ട്മെന്റ് റൂൾസ് പ്രകാരവുമാണ് പ്രൊമോഷൻ നൽകിയിട്ടുള്ളത്. 5:1 എന്ന റേഷ്യോ പ്രകാരം യഥാസമയം പ്യൂൺമാർക്ക് പ്രൊമോഷൻ നൽകാതെ പിന്നീട് 10 പേരെ ഒന്നിച്ച് പ്രൊമോഷൻ നൽകുകയാണ് ചെയ്തിട്ടുള്ളത്.

(ബി) കാസർഗോഡ് ജില്ലാ സഹകരണ ബാങ്ക്, നിലവിൽ ക്ലാർക്ക് തസ്തികയിലെ 26 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റേഷ്യോ മാനദണ്ഡങ്ങൾ പ്രകാരമുള്ള നിയമനങ്ങളിൽ അപാകത കാണുകയാണെങ്കിൽ അത്തരം നിയമനങ്ങൾ റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത തസ്തികകളിൽ മറ്റ് രീതികളിൽ നിയമനം നടത്താൻ പാടില്ലെന്ന് ബാങ്കിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**ശീതീകരിച്ച ഗോഡൗണുകൾ**

317 (720) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ ശീതീകരിച്ച ഗോഡൗണുകൾ ആരംഭിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) നിലവിൽ എത്ര ശീതീകരിച്ച ഗോഡൗണുകൾ കൺസ്യൂമർഫെഡിന് കീഴിൽ ഉണ്ടെന്നും ഇതിന്റെ പ്രവർത്തനരീതി എങ്ങനെയെന്നും വിശദമാക്കുമോ?

ഉത്തരം

(എ) കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ ശീതീകരിച്ച ഗോഡൗണുകൾ ആരംഭിക്കുന്നതിന് പദ്ധതി ഇല്ല.

(ബി) നിലവിൽ ശീതീകരിച്ച ഗോഡൗണുകൾ കൺസ്യൂമർഫെഡിന് കീഴിൽ ഇല്ല.

**താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിലെ നിക്ഷേപകർക്ക് പണം മടക്കി നൽകുന്നതിന് സ്വീകരിച്ച നടപടികൾ**

318 (721) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെടുന്ന താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിലെ നിക്ഷേപകർക്ക് പണം മടക്കി നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ബാങ്കിന് വായ്പ കുടിശിക വരുത്തിയവരിൽനിന്നും പണം തിരികെ ഈടാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുടിശ്ശിക ഇനത്തിൽ എത്ര തുക ഈടാക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കുടിശ്ശികയായ എല്ലാ വായ്പകൾക്കും ആർബിട്രേഷൻ കേസ് ഫയൽ ചെയ്ത് വിധി സമ്പാദിക്കുകയും ആയതിൻമേൽ ജപ്തി ഉൾപ്പെടെയുള്ള

തുടർനടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. ടി ബാങ്കിൽ ഉണ്ടായ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് നഷ്ടപ്പെട്ട പണം തിരികെ ഈടാക്കുന്നതിന് സഹകരണ നിയമം വകുപ്പ് 68 പ്രകാരമുള്ള സർചാർജ് നടപടികൾ സ്വീകരിച്ചു വരുന്നു. അപ്രകാരം തുക ലഭ്യമാകുന്ന മുറയ്ക്ക് നിക്ഷേപകർക്ക് പണം മടക്കി നൽകുവാൻ കഴിയുന്നതാണ്.

(ബി) സഹകരണ നിയമപ്രകാരമുള്ള ആർബിട്രേഷൻ, എക്സിക്യൂഷൻ നടപടികൾ സ്വീകരിച്ചും ജപ്തി ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിച്ചും വായ്പാ കുടിശ്ശിക ഈടാക്കിവരുന്നു. നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതി പ്രകാരം അദാലത്ത് നടത്തിയും കുടിശ്ശിക തുക ഈടാക്കാൻ നടപടികൾ സ്വീകരിച്ച് വരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 92,94,700 രൂപ (തൊണ്ണൂറ്റി രണ്ട് ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി എഴുന്നൂറ് രൂപ) കുടിശ്ശിക ഈടാക്കുവാൻ സാധിച്ചിട്ടുണ്ട്.

## കൺസ്യൂമർഫെഡിന്റെ മദ്യവിൽപ്പന കേന്ദ്രങ്ങൾ

319 (722) ശ്രീ. സണ്ണി ജോസഫ്:

ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയോരത്തും സംസ്ഥാന പാതയോരത്തും പ്രവർത്തിക്കുന്ന മദ്യവിൽപ്പന കേന്ദ്രങ്ങൾ അടച്ചുപൂട്ടണമെന്ന സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ കൺസ്യൂമർഫെഡിന്റെ എത്ര മദ്യവില്പനശാലകൾ ഇതുവരെ മാറ്റി സ്ഥാപിച്ചുവെന്ന് വിശദമാക്കുമോ;

(ബി) കൺസ്യൂമർഫെഡിന്റെ മദ്യവില്പന ശാലകൾ പുതിയ സ്ഥലത്തേക്ക് മാറ്റുന്ന വേളയിൽ ഏതൊക്കെ സ്ഥലങ്ങളിൽ പൊതുജനങ്ങളിൽനിന്നും എതിർപ്പുണ്ടായിയെന്നും എതിർപ്പിനെ തുടർന്ന് മാറ്റി സ്ഥാപിച്ച ഏതെങ്കിലും മദ്യവില്പന ശാലകൾ അടച്ചുപൂട്ടേണ്ട സാഹചര്യമുണ്ടായോയെന്നും വിശദമാക്കുമോ;

(സി) മദ്യവർജ്ജനമാണ് സർക്കാരിന്റെ നയമെന്നിരിക്കെ മദ്യവില്പനശാലകൾ പുതിയ സ്ഥലത്ത് തുറക്കാതെ അടച്ചുപൂട്ടുന്നതിനുള്ള നടപടി കൈക്കൊള്ളുമോയെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) ദേശീയപാതയോരത്തും സംസ്ഥാന പാതയോരത്തും പ്രവർത്തിക്കുന്ന മദ്യവിൽപ്പന കേന്ദ്രങ്ങൾ അടച്ചു പൂട്ടണമെന്ന സുപ്രീംകോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ കൺസ്യൂമർഫെഡിന്റെ എറണാകുളം ജില്ലയിലെ കൂത്താട്ടുകുളത്തെ ഒരു മദ്യ ഷോപ്പ് മാറ്റി സ്ഥാപിച്ചു.

(ബി) പൊതുജനങ്ങളുടെ എതിർപ്പിനെത്തുടർന്ന് ഇടുക്കി ജില്ലയിലെ തൊടുപുഴ, അടിമാലി എന്നീ ഷോപ്പുകളും, തിരുവനന്തപുരം ജില്ലയിലെ പേരൂർക്കട ഷോപ്പും മാറ്റി സ്ഥാപിച്ച സ്ഥലങ്ങളിൽ പ്രവർത്തിക്കാൻ സാധിച്ചിട്ടില്ല.

(സി) സർക്കാരിന്റെ മദ്യനയത്തിനനുസൃതമായി ഇക്കാര്യത്തിൽ യഥാസമയം ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

**നിക്ഷേപ സമാഹരണ യജ്ഞം**

320 (723) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൽ 2016-17-ൽ നിക്ഷേപസമാഹരണ യജ്ഞം നടപ്പിലാക്കിയിരുന്നോ; ഇതിലൂടെ എത്ര കോടി രൂപ സമാഹരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്;

(ബി) ലക്ഷ്യമിട്ടിരുന്ന തുക സമാഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ എന്നും എത്ര കോടി രൂപ സമാഹരിച്ചു എന്നും വ്യക്തമാക്കുമോ; സമാഹരണ യജ്ഞം പരാജയമാണെന്ന് അഭിപ്രായമുണ്ടോ?

<u>ഉത്തരം</u>

(എ&ബി) 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 31 വരെ നിക്ഷേപസമാഹരണ യജ്ഞം നടത്തി. ഇപ്രകാരം നടത്തിയ നിക്ഷേപ സമാഹരണ യജ്ഞത്തിൽ നിക്ഷേപം സമാഹരിക്കുന്നതിനുള്ള ലക്ഷ്യതുക (ടാർജറ്റ്) നിശ്ചയിച്ചിരുന്നില്ല.

നിക്ഷേപ സമാഹരണ കാലയളവിൽ നിക്ഷേപ വർദ്ധനവ് ഉണ്ടായിട്ടില്ല. എന്നാൽ അറ്റ നിക്ഷേപത്തിൽ സംസ്ഥാനത്ത് ആകെ 6386.18 കോടി രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്. 500, 1,000 രൂപ നോട്ടുകൾ അസാധുവാക്കിയത് മുഖേന സഹകരണ മേഖല നേരിട്ട പ്രതിസന്ധി കാലയളവിൽ നടന്ന നിക്ഷേപ സമാഹരണ യജ്ഞം ആയതിനാലാണ് നിക്ഷേപ വർദ്ധനവ് ഉണ്ടാകാത്തത്.

**സൂപ്രണ്ടുമാരുടെ സ്ഥലം മാറ്റം**

321 (724) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേപ്പ്-ൽ 20-1-2017-ൽ നടന്ന ജൂനിയർ സൂപ്രണ്ടുമാരുടെ സ്ഥലം മാറ്റ ഉത്തരവിൽ 28-3-2016-ലെ സർക്കുലറിലെ നിബന്ധനകൾ 1,2,3,7 എന്നിവ പാലിച്ചിരുന്നോ ;

(ബി) പുന്നപ്ര എഞ്ചിനിയറിംഗ് കോളേജിലേയ്ക്ക് സ്ഥലം മാറ്റപ്പെട്ട ജൂനിയർ സൂപ്രണ്ട് ഇത് സംബന്ധിച്ച് കേപ്പ് ചെയർമാനും വൈസ് ചെയർമാനും നൽകിയ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) 28-3-2016-ലെ സർക്കുലർ നിബന്ധനകൾ പാലിച്ചിരുന്നില്ല. കാരണം 28-3-2016-ലെ സർക്കുലർ 2016 വർഷത്തെ പൊതുസ്ഥലമാറ്റം സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തി പുറപ്പെടുവിച്ചിട്ടുള്ളതാണ്. അത് 2016-ലെ സ്ഥലമാറ്റത്തിന് മാത്രം ബാധകമായിട്ടുള്ളതാണ്. 2017 വർഷത്തേക്ക് ബാധകമല്ല. കൂടാതെ 20-1-2017-ൽ നടത്തിയ സ്ഥലമാറ്റം പൊതുസ്ഥലമാറ്റം ആയിരുന്നില്ല. ഭരണ പരമായ സൗകര്യാർത്ഥം 2017-ൽ നടത്തിയ സ്ഥലംമാറ്റമായിരുന്നു.

(ബി) അപേക്ഷകൾ പരിശോധിച്ച് വരികയാണ്.

**കൺസ്യൂമർഫെഡ് ഔട്ട്ലെറ്റുകൾ**

322 (725) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡിന്റെ മദ്യം വിൽക്കുന്ന ഔട്ട്ലെറ്റുകൾ പ്രീമിയം ബ്രാന്റുകൾ ലഭ്യമാകുന്ന സ്വയംസേവന കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) നിലവിൽ കൺസ്യൂമർഫെഡിന്റെ എത്ര ഔട്ട്ലെറ്റുകൾ സ്വയം സേവന കേന്ദ്രങ്ങളായി പ്രവർത്തിക്കുന്നുണ്ടെന്നും ഇതുമൂലം കൺസ്യൂമർഫെഡിന്റെ വിറ്റുവരവിൽ 2016-17 കാലയളവിൽ ഇതുവരെ ശരാശരി എത്ര കോടി രൂപയുടെ വരുമാന വർദ്ധനവാണ് ഉണ്ടായിട്ടുള്ളതെന്നും അറിയിക്കാമോ;

(സി) ഇത്തരം സ്വയംസേവന കേന്ദ്രങ്ങൾ മദ്യ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് ഇടയാക്കും എന്ന ആക്ഷേപം ശരിയാണോ; എങ്കിൽ ഇത്തരം പുതിയ സ്റ്റോറുകൾ അനുവദിക്കാതിരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിദേശ മദ്യഷോപ്പുകളുടെ മുന്നിൽ ജനം കൂടി നിൽക്കുന്നത് പൊതുജനങ്ങൾക്കും ട്രാഫിക്കിനും തടസ്സമുണ്ടാകുന്നതായി മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ സ്ഥല സൗകര്യങ്ങളുള്ള ഷോപ്പുകൾ രൂപീകരിച്ച്, ഉപഭോക്താക്കൾക്ക് നേരിട്ട് സാധനങ്ങൾ തിരഞ്ഞെടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുവാൻ കൺസ്യൂമർഫെഡ് തീരുമാനിച്ചിട്ടുണ്ട്. ഇത്തരം കൗണ്ടറുകളിൽ പ്രീമിയം ഇനങ്ങൾ ഉൾപ്പെടുത്തി സെൽഫ് സർവ്വീസ് കൗണ്ടർ ആരംഭിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(ബി) നിലവിൽ കൺസ്യൂമർഫെഡിന്റെ 7 ഔട്ട്ലെറ്റുകൾ സ്വയം സേവന കേന്ദ്രങ്ങളാക്കി പ്രവർത്തിക്കുന്നുണ്ട്. കൺസ്യൂമർഫെഡിന്റെ 2016-17 കാലയളവിലെ വിറ്റുവരവിൽ മുൻ വർഷത്തെക്കാൾ ശരാശരി 60.33 കോടി രൂപയുടെ വിൽപ്പന വർദ്ധനവും 7.04 കോടി രൂപയുടെ വരുമാന വർദ്ധനവും ഉണ്ടായിട്ടുണ്ട്.

(സി) വിദേശ മദ്യ ഷോപ്പുകളിലെ സ്ഥലപരിമിതിമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനാണ് സ്വയം സേവന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുള്ളത്.

## കൺസ്യൂമർഫെഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ

323 (726) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൺസ്യൂമർഫെഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കൺസ്യൂമർഫെഡിന്റെ നഷ്ടം എത്രയായിരുന്നു എന്ന് അറിയിക്കുമോ;

(സി) പ്രസ്തുത നഷ്ടം നികത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(ഡി) കൺസ്യൂമർഫെഡിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കൺസ്യൂമർഫെഡിന്റെ പ്രവർത്തനം സുതാര്യമാക്കുന്നതിന്റെ ഭാഗമായി ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയോഗിച്ചു. ധൂർത്തും അഴിമതിയും ഒഴിവാക്കുന്നതിന് കർശനമായ നടപടികൾ സ്വീകരിച്ചു. ഇതിലൂടെ ചെലവുകൾ വൻതോതിൽ കുറച്ചു. കൺസ്യൂമർഫെഡിന്റെ പ്രവർത്തനം നിരന്തരമായി വിലയിരുത്തുന്നു.

സർക്കാർ സബ്സിഡി ഇനത്തിൽ 35 കോടി രൂപ ഇതിനകം നൽകി. 15 കോടി രൂപ കൂടി അനുവദിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചു വരികയാണ്.

(ബി) 31-3-2016-ന്റെ താൽക്കാലിക ബാലൻസ്ഷീറ്റ് പ്രകാരമുള്ള സഞ്ചിത നഷ്ടം 418.11 കോടി രൂപയാണ്.

(സി) നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങൾ നിർത്തലാക്കി. അധികമുള്ള ജീവനക്കാരെ ഒഴിവാക്കി, പലിശയിലുള്ള നഷ്ടം ഒഴിവാക്കുന്നതിന് വായ്പകൾ പുനഃക്രമീകരിച്ച് പ്രതിമാസ പലിശ ചെലവ് 6.50 കോടിയിൽനിന്നും 3.25 കോടിയായി കുറച്ചു. പ്രവർത്തന ചെലവുകൾ ചുരുക്കി. വിദേശമദ്യത്തിലെ ഇൻസെന്റീവ് കൺസ്യൂമർഫെഡിന് നേരിട്ട് ലഭ്യമാക്കി, പ്രതിമാസ ഭരണ ചെലവ് വിറ്റുവരവിന്റെ 7.25%-ൽ നിന്നും 6.75 ആയി ചുരുക്കി.

(ഡി) സാമ്പത്തിക ബാധ്യത സംബന്ധിച്ച വിവരങ്ങൾ പ്രത്യേകം ഉള്ളടക്കം ചെയ്യുന്നു. (അനുബന്ധം*)

## നവകേരളീയം കുടിശ്ശിക നിവാരണം 2017

324 (727) ശ്രീ. അൻവർ സാദത്ത്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിലെ സ്ഥാപനങ്ങളിലെ വായ്പാ കുടിശ്ശിക കുറയ്ക്കുന്നതിന് 'നവകേരളീയം കുടിശ്ശിക നിവാരണം 2017' എന്ന പേരിൽ ആരംഭിച്ച പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ; ഈ പദ്ധതി പ്രകാരം 2017 ജനവരി 31 വരെ എത്ര കോടി രൂപയുടെ കുടിശ്ശിക തിരിച്ചടയ്ക്കപ്പെട്ടുവെന്ന് വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇത്തരത്തിൽ കുടിശ്ശിക തുക അടയ്ക്കുന്നവർക്ക് പലിശ ഇൻസെന്റീവ് ലഭ്യമാക്കിയിട്ടുണ്ടോ; ഈ പദ്ധതിയുടെ ആനുകൂല്യം എന്നുവരെയാണ് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സഹകരണ സംഘങ്ങളുടെ/ബാങ്കുകളുടെ വായ്പാ കുടിശ്ശിക കുറയ്ക്കുക, വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിക്കുക, സഹകാരികൾക്ക് അവരുടെ കടബാധ്യതയിൽനിന്നും ഒഴിവാകുന്നതിന് അവസരമൊരുക്കുക എന്നീ ലക്ഷ്യത്തോടെയാണ് സംസ്ഥാനത്ത് സഹകരണ മേഖലയിൽ `നവകേരളീയം കുടിശ്ശിക നിവാരണം 2017' നടപ്പിലാക്കി വരുന്നത്. ഈ പദ്ധതി 2017 ഫെബ്രുവരി 1 മുതൽ മാർച്ച് 31 വരെയാണ് നടപ്പിലാക്കുന്നത്.

(ബി) വായ്പാ തുക ഈ പദ്ധതി കാലാവധിയ്ക്കുള്ളിൽ ക്രമമായി അടച്ചു തീർക്കുന്നവർക്ക് ആകെ ടി വായ്പയിലേക്ക് 2016-17 സാമ്പത്തിക വർഷം അടച്ച പലിശ തുകയുടെ 10% തുക വരെ അവസാനത്തെ തവണ അടയ്ക്കുമ്പോൾ ഇളവ് നൽകുന്നതാണ്. ഈ പദ്ധതിയുടെ ആനുകൂല്യം 2017 മാർച്ച് 31 വരെ ആയിരിക്കും.

**നവകേരളീയം കുടിശ്ശിക നിവാരണം 2017**

325 (728) ശ്രീ. രാജു എബ്രഹാം:
ശ്രീമതി യു. പ്രതിഭ ഹരി:
ശ്രീ. കെ. ബാബു:
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്ത് കുടിശ്ശിക വരുത്തിയവർക്ക് ഇളവുകളോടെ വായ്പ തീർപ്പാക്കുന്നതിനായി നവകേരളീയം കുടിശ്ശിക നിവാരണം 2017 എന്ന പേരിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ;

(സി) ഏത് കാലയളവിലുള്ള വായ്പകളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) വായ്പ എടുത്തശേഷം മരിച്ചവരുടെ ആശ്രിതർ, മാരകരോഗം ബാധിച്ചവർ, കിടപ്പ് രോഗികൾ എന്നിവരുടെ വായ്പകൾ ഇതിന്റെ പരിധിയിൽപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സഹകരണ സ്ഥാപനങ്ങളിൽനിന്നും വായ്പ എടുത്ത് കടിശ്ശിക വരുത്തിയവർക്ക് ഇളവുകളോടെ വായ്പ തീർപ്പാക്കുന്നതിനായി `നവകേരളീയം കുടിശ്ശിക നിവാരണം 2017' എന്ന പേരിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി വരുന്നു.

(ബി) സഹകരണ സംഘങ്ങളുടെ/ബാങ്കുകളുടെ വായ്പാ കുടിശ്ശിക കുറയ്ക്കുക, വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിക്കുക, സഹകാരികൾക്ക് അവരുടെ കടബാധ്യതയിൽ നിന്നും ഒഴിവാകുന്നതിന് അവസരമൊരുക്കുക എന്നീ ലക്ഷ്യത്തോടെയാണ് സംസ്ഥാനത്ത് സഹകരണ മേഖലയിൽ `നവകേരളീയം കുടിശ്ശിക നിവാരണം 2017' നടപ്പിലാക്കി വരുന്നത്.

(സി) 2016 ഡിസംബർ 31 വരെ കുടിശ്ശികയായ വായ്പകളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(ഡി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെയും ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള മരണപ്പെട്ടവരുടെയും വായ്പകളും അപകടം പറ്റി ശയ്യാവലംബരായവർ, മാരക രോഗങ്ങൾ ബാധിച്ചവരുടെ കുടുംബാംഗങ്ങളായിട്ടുള്ളവർ, അവരുടെ ചികിത്സ വായ്പക്കാരന്റെ സംരക്ഷണത്തിൽ ആയിരിക്കുന്നവർ, മാതാപിതാക്കൾ മരണപ്പെടുകയും മാതാപിതാക്കൾ എടുത്ത വായ്പ തങ്ങളുടെ ബാധ്യതയായി നിലനിൽക്കുന്ന വിദ്യാർത്ഥികൾ/അനാഥർ തുടങ്ങിയവരുടെ വായ്പകളും ഈ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**നിലമ്പൂർ എ.ആർ. ഓഫീസിന്റെ കീഴിലുള്ള റൂറൽ സഹകരണ സംഘങ്ങൾ**

326 (729) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ എ.ആർ. ഓഫീസിന്റെ കീഴിൽ 14 (പതിനാല്) റൂറൽ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ച് വരുന്നതിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തവും പദ്ധതിവിഹിതവും ഇതുവരെ ലഭ്യമായിട്ടില്ലാത്തതിനാൽ ആയതു ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) നല്ല രീതിയിൽ പ്രവർത്തിച്ചിരുന്ന നിലമ്പൂർ പട്ടികവർഗ്ഗ സഹകരണ സംഘത്തിന് വരുമാനമാർഗ്ഗമൊന്നുമില്ലാത്ത നിലവിലെ അവസ്ഥയിൽ പുനരുദ്ധാരണ പദ്ധതി നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) നിലമ്പൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിന്റെ കീഴിൽ 14 (പതിനാല്) റൂറൽ സഹകരണ സംഘങ്ങൾ പ്രവർത്തിച്ച് വരുന്നതിൽ 11 എണ്ണം പലവക വിഭാഗത്തിൽപ്പെട്ടതും 3 എണ്ണം ക്രെഡിറ്റ് വിഭാഗത്തിൽപ്പെട്ടതുമാണ്. ടി സംഘങ്ങളിൽനിന്നും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അതാത് വിഭാഗത്തിൽ ഉൾപ്പെടുത്തി ധനസഹായം നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി) നിലമ്പൂർ പട്ടികവർഗ്ഗ സഹകരണ സംഘത്തിന് പുനരുദ്ധാരണ പദ്ധതി പ്രകാരം 2014-2015 സാമ്പത്തിക വർഷത്തിൽ 3 ലക്ഷം രൂപയും (സർക്കാർ ഓഹരി-1,20,000 രൂപ + സബ്സിഡി - 1,80,000 രൂപ) 2016-2017 സാമ്പത്തിക വർഷത്തിൽ 3 ലക്ഷം രൂപയും (സർക്കാർ ഓഹരി -1,20,000 രൂപ + സബ്സിഡി-1,80,000 രൂപ) ഉൾപ്പെടെ 6 ലക്ഷം രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. പുനരുദ്ധാരണ പദ്ധതി പ്രകാരം ഒരു സംഘത്തിന് പരമാവധി 6 ലക്ഷം രൂപ നൽകുന്നതിനാണ് നിലവിൽ വ്യവസ്ഥയുള്ളത്. പ്രസ്തുത തുക ടി സംഘത്തിന് നൽകിയിട്ടുണ്ട്.

കൂടാതെ സംഘം പുനരുദ്ധാരണത്തിന് കെട്ടിട പുനരുദ്ധാരണ ഗ്രാന്റിനത്തിൽ പരമാവധി തുകയായ 5 ലക്ഷം രൂപയും 2016-2017 സാമ്പത്തിക വർഷത്തിൽ ടി സംഘത്തിന് സർക്കാർ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

**പരിസ്ഥിതി സൗഹൃദ ടൂറിസം പാക്കേജ്**

327 (730) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പരിസ്ഥിതി സൗഹൃദ ടൂറിസം പാക്കേജിന്റെ ഭാഗമായി വടക്കേ മലബാറിന്റെ ടൂറിസം മുന്നേറ്റത്തിന് ഏതെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതികൾ എപ്പോൾ നടപ്പിലാക്കാൻ കഴിയുമെന്നും ഇത് മുഖേന പ്രത്യക്ഷമായും പരോക്ഷമായും എത്ര പേർക്ക് തൊഴിൽ ലഭ്യമാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) കാസർഗോഡ്, കണ്ണൂർ ജില്ലകളിലെയും കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിലെയും പ്രധാന ടൂറിസം ഡെസ്റ്റിനേഷനുകളെ കോർത്തിണക്കി

"നോർത്ത് മലബാർ ടൂറിസം ഡെവലപ്മെന്റ് ഇനിഷിയേറ്റീവ് " എന്ന പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. കൂടാതെ ഉത്തര മലബാറിലെ നദികളെ കേന്ദ്രീകരിച്ചു കൊണ്ട് ഒരു റിവർ ക്രൂയിസ് സർക്യൂട്ട് നടപ്പിലാക്കാനും ഉദ്ദേശിക്കുന്നു.

(ബി) വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ശാസ്താംപാറ ടൂറിസം വികസനം**

328 (731) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ ശാസ്താംപാറ ടൂറിസം വികസനം സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ശാസ്താപാറ ടൂറിസത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കും സഹായകമായ നടപടി സ്വീകരിയ്ക്കാമോ; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതു സംബന്ധിച്ച പദ്ധതി നിർദ്ദേശങ്ങൾ പരിശോധിച്ചു വരുന്നു.

**ബി.ആർ.ഡി.സി.-യുടെ കൈവശമുള്ള റിസോർട്ടുകൾ**

329 (732) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബി.ആർ.ഡി.സി.-യുടെ കൈവശം എത്ര റിസോർട്ടുകൾ ഉണ്ട്;

(ബി) ഇവ ആർക്കൊക്കെയാണ് ലീസിന് നൽകിയിട്ടുള്ളതെന്നും ലീസിനത്തിൽ ബി.ആർ.ഡി.സി.-ക്ക് ഓരോ റിസോർട്ട് സൈറ്റിൽ നിന്നും ഓരോ വർഷവും എത്ര തുക വരുമാനമായി ലഭിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ;

(സി) ഈ ലീസിനത്തിൽ ഓരോ സൈറ്റ് ഉടമയും കുടിശ്ശിക വരുത്തിയിട്ടുണ്ടോ; എങ്കിൽ കുടിശ്ശിക എത്രയാണെന്ന് ഇനം തിരിച്ച് വിശദമാക്കുമോ;

(ഡി) കുടിശ്ശിക നൽകുന്നതിൽനിന്നും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് റിസോർട്ട് ഉടമകൾക്കായി എന്തെങ്കിലും തരത്തിലുള്ള ഇളവ് അനുവദിച്ചിരുന്നുവോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ ബി.ആർ.ഡി.സി.-യുടെ കൈവശം 6 റിസോർട്ട് സൈറ്റുകളാണുള്ളത്. ഈ സൈറ്റുകൾ റിസോർട്ടുകൾ പണിയുന്നതിനും നടത്തുന്നതിനും പാട്ടക്കരാർ വ്യവസ്ഥയിൽ സ്വകാര്യ സംരംഭകർക്ക് നൽകിയിട്ടുള്ളതാണ്.

(ബി) 1. സൈറ്റ് നമ്പർ 1- ജോയ്സ് എന്റർപ്രൈസസ് - 34,00,000 രൂപ

2. സൈറ്റ് നമ്പർ 2-ഗ്രീൻ ഗേറ്റ് വേ ലിഷർ ലിമിറ്റഡ്- 85,30,063 രൂപ

3. സൈറ്റ് നമ്പർ 4-ഗ്ലോബ് ലിങ്ക് ഹോട്ടൽസ് & എന്റർടെയ്ൻമെന്റ്സ് പ്രൈവറ്റ് ലിമിറ്റഡ് - 32,93,806 രൂപ

4. സൈറ്റ് നമ്പർ 5-ഖന്ന ഹോട്ടൽസ് പ്രൈവറ്റ് ലിമിറ്റഡ് -65,24,675 രൂപ

5. സൈറ്റ് നമ്പർ 6-ഭാരത് ഹോട്ടൽസ് ലിമിറ്റഡ് - 65,10,862 രൂപ

6. സൈറ്റ് നമ്പർ 7-ഹോളിഡേ ബേക്കൽ റിസോർട്സ് പ്രൈവറ്റ് ലിമിറ്റഡ് - 69,39,768 രൂപ

(സി) 1. സൈറ്റ് നമ്പർ 1- ജോയ്സ് എന്റർപ്രൈസസ് - 1,58,03,490 രൂപ

2. സൈറ്റ് നമ്പർ 2- ഗ്രീൻ ഗേറ്റ് വേ ലിഷർ ലിമിറ്റഡ് -4,50,57,981 രൂപ

3. സൈറ്റ് നമ്പർ 4-ഗ്ലോബ് ലിങ്ക് ഹോട്ടൽസ് &എന്റർടെയ്ൻമെന്റ്സ് പ്രൈവറ്റ് ലിമിറ്റഡ് -1,61,73,228 രൂപ

4. സൈറ്റ് നമ്പർ 5-ഖന്ന ഹോട്ടൽസ് പ്രൈവറ്റ് ലിമിറ്റഡ് - കുടിശ്ശിക ഇല്ല.

5. സൈറ്റ് നമ്പർ 6-ഭാരത് ഹോട്ടൽസ് ലിമിറ്റഡ് - 65,10,862 രൂപ

6. സൈറ്റ് നമ്പർ 7-ഹോളിഡേ ബേക്കൽ റിസോർട്സ് പ്രൈവറ്റ് ലിമിറ്റഡ്-1,67,73,069 രൂപ

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് റിസോർട്ട് ഉടമകൾക്കായി കുടിശ്ശിക നൽകുന്നതിന് ഇളവ് അനുവദിച്ചിട്ടില്ല.

**മംഗലം ഡാം ടൂറിസം**

330 (733) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മംഗലം ഡാം ടൂറിസം നവീകരണത്തിനുവേണ്ടി പ്രഖ്യാപിച്ച പദ്ധതി പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ സമഗ്രമായ പുതിയ ടൂറിസം പദ്ധതി മംഗലം ഡാമിൽ തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇറിഗേഷൻ വകുപ്പിന്റെ ഭൂമിയിൽ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ നടത്തിപ്പ് ചുമതല സർക്കാർ അംഗീകൃത ഏജൻസികളിലൂടെ നടപ്പാക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള നിയമതടസ്സം നിലവിലുണ്ടോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉദ്യാന നവീകരണവുമായി ബന്ധപ്പെട്ട് സമഗ്രമായ പുതിയ വിനോദ സഞ്ചാര പദ്ധതി തയ്യാറാക്കിവരുന്നു.

(സി) നിയമതടസ്സം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ചെറായി ബീച്ചിനെ മദർ ബീച്ചായി വികസിപ്പിച്ചുകൊണ്ടുള്ള ടൂറിസം പദ്ധതി**

331 (734) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറായി ബീച്ചിനെ മദർ ബീച്ചായി വികസിപ്പിച്ച് ഇതര ബീച്ചുകളെ കോർത്തിണക്കിക്കൊണ്ടുള്ള ടൂറിസം പ്രോജക്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) തീരദേശ മണ്ഡലമായ വൈപ്പിനിലെ സമഗ്രവികസനത്തിന് ഉതകുന്ന ഈ പ്രോജക്ട് നടപ്പാക്കുന്നതിനായി സ്വീകരിച്ച തുടർനടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പ്രോജക്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ടൂറിസം മേഖലയുടെ ഉന്നമനം

332 (735) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ 2015-ലെ റിപ്പോർട്ടിൽ കൂടുതൽ വിനോദസഞ്ചാരികളെത്താത്ത സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളത്തിന് ഏഴാം സ്ഥാനമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആഭ്യന്തര സഞ്ചാരികളുടെ എണ്ണത്തിൽ കേരളത്തിന്റേത് 18-ാം സ്ഥാനമാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) റിപ്പോർട്ടിൽ കേരളത്തിന്റെ ടൂറിസം മേഖലയുടെ ഉന്നമനത്തിനായി എന്തെങ്കിലും നിർദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) ഇല്ലെങ്കിൽ വിദേശ-ആഭ്യന്തര സഞ്ചാരികളെ സംസ്ഥാനത്തേക്കാകർഷിക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല. വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ കേരളം രാജ്യത്ത് ഏഴാം സ്ഥാനത്താണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) റിപ്പോർട്ടിൽ കേരളത്തിന്റെ ടൂറിസം മേഖലയുടെ ഉന്നമനത്തിനായുള്ള നിർദ്ദേശങ്ങൾ ഒന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) വിദേശ ആഭ്യന്തര സഞ്ചാരികളെ സംസ്ഥാനത്തേക്ക് ആകർഷിക്കാൻ വിവിധ പ്രവർത്തനങ്ങൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്.

## കക്കയം തോണിക്കടവ് ടൂറിസം പദ്ധതി

333 (736) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ കക്കയം തോണിക്കടവ് ടൂറിസം പദ്ധതി പൂർത്തിയാക്കുന്നതിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ ആയത് വ്യക്തമാക്കുമോ;

(ബി) ഈ പ്രവൃത്തി എന്നാണ് ആരംഭിച്ചതെന്നും ഇനി ഏതൊക്കെ പ്രവൃത്തി പൂർത്തീകരിക്കാൻ ബാക്കിയുണ്ടെന്നും അറിയിക്കാമോ?

ഉത്തരം

(എ) വിഷയവുമായി ബന്ധപ്പെട്ട് നിലവിൽ തടസ്സങ്ങളൊന്നുമില്ല. വനം വകുപ്പിന്റെ അനുമതി ആവശ്യമായതിനാലാണ് ഇതുവരെയും പദ്ധതി നടപ്പിൽ വരുത്താൻ വൈകിയത്. ആയത് ഇപ്പോൾ ലഭിച്ചതിനാൽ തുടർന്നുള്ള പ്രവൃത്തി ആരംഭിക്കുമെന്ന് ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് അറിയിച്ചിട്ടുണ്ട്.

(ബി) 2014 സെപ്റ്റംബറിലാണ് പ്രവൃത്തി ആരംഭിച്ചത്. ഷോപ്പ് കഫറ്റേരിയ, വാച്ച് ടവർ, വാട്ടർ ടാങ്ക്, വാക്ക് വേ എന്നിവയുടെ നിർമ്മാണ പ്രവൃത്തി ബാക്കിയുണ്ട്. ടിക്കറ്റ് കൗണ്ടർ, സെക്യൂരിറ്റി ക്യാബിൻ, ടോയ്‌ലറ്റ് ബ്ലോക്ക് എന്നിവ പൂർത്തിയായി.

**നോട്ട് പിൻവലിക്കൽ നയവും ടൂറിസം വ്യവസായവും**

334 (737) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ നോട്ട് പിൻവലിക്കൽ നയം ടൂറിസം വ്യവസായത്തെ ബാധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കഴിഞ്ഞ വർഷത്തെക്കാൾ എത്ര ശതമാനം കുറവാണ് വിദേശ, ആഭ്യന്തര ടൂറിസ്റ്റുകളുടെ വരവിൽ ഉണ്ടായതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ബാധിച്ചിട്ടുണ്ട്.

(ബി) മുൻ വർഷത്തേക്കാൾ വിദേശ-ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കുറവ് സംഭവിച്ചിട്ടില്ല. എന്നാൽ പ്രതീക്ഷിച്ച വളർച്ചാനിരക്ക് കൈവരിക്കാൻ സാധിച്ചിട്ടില്ല. വിദേശ-ആഭ്യന്തര വിനോദ സഞ്ചാരികളുടെ വളർച്ചാനിരക്ക് യഥാക്രമം 6.23%-ഉം 5.67%-ഉം ആണ് കണക്കാക്കിയിട്ടുള്ളത്. ഇത് മുൻവർഷം യഥാക്രമം 6.59%-ഉം 5.86%-ഉം ആയിരുന്നു. ആകെ വിനോദ സഞ്ചാരികളുടെ വരവിന്റെ വളർച്ചാ നിരക്കിലും കുറവ് സംഭവിച്ചിട്ടുണ്ട്. ആയത് 2015-ൽ 6.53% ആയിരുന്നത് 2016-ൽ 5.71% ആയി കുറഞ്ഞു.

## താനൂർ കനോലി കനാൽ നവീകരണം

335 (738) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ തീരപ്രദേശത്ത് ഗതാഗതത്തിനും ടൂറിസത്തിനും ഏറെ സാദ്ധ്യതയുള്ള കനോലി കനാലിന്റെ നവീകരണത്തിനായി എന്തെങ്കിലും പദ്ധതികൾ ടൂറിസം വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ആയതിനായി പൊന്നാനിയെയും ബേപ്പൂരിനെയും ബന്ധിപ്പിച്ച് കനോലി കനാലിലൂടെ ജലപാത നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) കനോലി കനാലിനെ മാലിന്യമുക്തമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) കനോലി കനാൽ പരിസരം നവീകരിച്ച് ടൂറിസം സാദ്ധ്യതകൾ പ്രയോജനപ്പെടുത്താൻ നിലവിൽ എന്തെങ്കിലും പദ്ധതിയുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഇല്ല.

(സി) ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(ഡി) ടൂറിസം വകുപ്പിന് നിലവിൽ പദ്ധതികൾ ഇല്ല.

## ഫിഷറീസ് ടൂറിസവുമായി ബന്ധപ്പെട്ട പദ്ധതികൾ

336 (739) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖലയിൽ ഫിഷറീസ് ടൂറിസവുമായി ബന്ധപ്പെട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) ഫിഷറീസ് ടൂറിസം, ഫിഷറീസ് അഡ്വഞ്ചർ ടൂറിസം മേഖലയിൽ എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത് എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ & ബി) ടൂറിസം വകുപ്പിൽ ഫിഷറീസുമായി ബന്ധപ്പെട്ട് പദ്ധതികളൊന്നും നിലവിലില്ല.

**മണിയാർ ഡാം ടൂറിസം പദ്ധതി**

337 (740) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിയാർ ഡാം കേന്ദ്രീകരിച്ചുള്ള പുതിയ ടൂറിസം പദ്ധതിക്കായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്നും പ്രോജക്ട് റിപ്പോർട്ട് ലഭ്യമായോ എന്നും വിശദമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) പദ്ധതിയുടെ നടത്തിപ്പിനായി എന്തൊക്കെ തുടർ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ & ബി) മണിയാർ ഡാം കേന്ദ്രീകരിച്ച് പുതിയ ടൂറിസം പദ്ധതിക്കായുള്ള രൂപരേഖ (ഡി.പി.ആർ.) പരിശോധിച്ചു വരുന്നു. കേരള ഇലക്ട്രിക്കൽസ് & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനത്തെയാണ് ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്.

(സി) താഴെപ്പറയുന്ന ഘടകങ്ങൾ ഉൾപ്പെടുത്തിയാണ് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത്. സെക്യൂരിറ്റി ക്യാബിൻ, യൂറ്റിലിറ്റി സ്പെയ്സ്, ടിക്കറ്റ് കൗണ്ടർ, മണ്ഡപം, വാച്ച് ടവർ പെയിന്റ്, ബാൾ ഏരിയ, സയൻസ് പാർക്ക്, ചിൽഡ്രൻസ് പ്ലേ ഏരിയ, പാർക്കിംഗ്, ഒ.എ.റ്റി. മ്യൂസിക്കൽ ഫൗണ്ടൻ, ബൊട്ടാണിക്കൽ ഗാർഡൻ & ബട്ടർഫ്ലൈ ഗാർഡൻ, എൻട്രൻസ് ബ്രിഡ്ജ്, നിലവിലുള്ള കെട്ടിടങ്ങളുടെ പുനരുദ്ധാരണം, റോപ്പ് കോഴ്സ്, ട്രക്കിംഗ് കേബിൾ കാർ, ട്രീ ഹൗസ്, ആർച്ചറി & ഗോൾഫ് ഏരിയ, വേസ്റ്റ് ഡിസ്പോസൽ സിസ്റ്റം, റസ്റ്റാറന്റ് കം അഡ്മിൻ കം അക്കോമൊഡേഷൻ ഡ്രൈവ് ഇൻ അക്വേറിയം തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു.

(ഡി) ഈ പദ്ധതി പ്രൊപ്പോസൽ കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## തലശ്ശേരി ടൂറിസം പ്രോജക്ട്

338 (741) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി ടൂറിസം പ്രോജക്ടിൽ ഉൾപ്പെടുത്തി എത്ര പ്രവൃത്തികൾ തലശ്ശേരി മണ്ഡലത്തിൽ പൂർത്തീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ;

(ബി) ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം തലശ്ശേരി ഹെറിട്ടേജ് ടൂറിസം പ്രോജക്ട് (THTP) പ്രകാരം എത്ര പ്രവൃത്തികൾ തലശ്ശേരി മണ്ഡലത്തിൽ നിർദ്ദേശിച്ചിട്ടുണ്ട് എന്നും ഇവയുടെ നിർവ്വഹണപുരോഗതി വിലയിരുത്തിയിട്ടുണ്ടോ എന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) തലശ്ശേരി ടൂറിസം പ്രോജക്ടിൽ ഉൾപ്പെടുത്തി തലശ്ശേരി മണ്ഡലത്തിൽ പൂർത്തീകരിച്ച പദ്ധതികൾ താഴെ പറയുന്നവയാണ്:

1. കൊടുവള്ളി ജംഗ്ഷൻ - മാഹി ബ്രിഡ്ജ് എന്നിവ തലശ്ശേരി ഠൗണിൽ ബന്ധിപ്പിക്കുന്ന ബൈപ്പാസ് റോഡിന്റെ നിർമ്മാണം.

2. കണ്ണൂർ ഹോളോ വേ റോഡിന്റെ പുനരുദ്ധാരണം.

3. കൊടുവള്ളി ജംഗ്ഷൻ മുതൽ വമാൽ ക്ഷേത്രം വരെയുള്ള റോഡിന്റെ പുനരുദ്ധാരണം.

4. നാരങ്ങാപുരം-കീഴാത്തിൻമുക്ക്-മഞ്ഞോടി റോഡിന്റെയും ചിറക്കര-കീഴാത്തിൻമുക്ക് റോഡിന്റെയും പുനരുദ്ധാരണം.

5. സെയിദാർപ്പള്ളി - ടെമ്പിൾ ഗേറ്റ് - കണ്ണിച്ചിറ റോഡിന്റെ പുനരുദ്ധാരണം.

6. വെന്നൂസ് ജംഗ്ഷൻ - റെയിൽവേ സ്റ്റേഷൻ - സംഗമം റോഡിന്റെ പുനരുദ്ധാരണം.

7. (ബി) തലശ്ശേരിയിലുള്ള പാണ്ടിക ശാലകളും ഗോഡൗണുകളും പോർട്ട് ഓഫീസ് ഉൾപ്പെടെയുള്ള കെട്ടിടങ്ങൾ അതേ പോലെ നിലനിർത്തി സംരക്ഷിക്കാനും ഷോപ്പിംഗ് ഏരിയ, കഫേ, റസ്റ്റോറന്റ്, പൈതൃക ഹോട്ടൽ എന്നിവ ഒരുക്കാനും സ്വകാര്യ സംരംഭകരെക്കൂടി ഉൾപ്പെടുത്തി പദ്ധതി പൂർത്തീകരിക്കാനും അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു മ്യൂസിയം ആരംഭിക്കുവാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കായംകുളം കായലോര ടൂറിസം പദ്ധതി**

339 (742) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗ്രീൻ കാർപ്പറ്റ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള കായംകുളം കായലോര ടൂറിസം പദ്ധതിയിൽ എന്തെല്ലാം പ്രവൃത്തികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്നും, ഈ പദ്ധതിയുടെ നിലവിലുള്ള അവസ്ഥകൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

ഉത്തരം

താഴെ പറയുന്ന പ്രവൃത്തികളാണ് കായംകുളം കായലോര ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്:

1. ടൂറിസ്റ്റ് അറൈവൽ സെന്റർ
2. ടൂറിസ്റ്റ് ഇന്റർപ്രിട്ടേഷൻ സെന്റർ
3. ബേർഡ് വാക്ക് & വ്യൂ പോയിന്റ്
4. പെർമനന്റ് ഹൗസ് ബോട്ട് ജെട്ടി
5. ഇംപ്രൂവിംഗ് നാവിഗബിലിറ്റി
6. ലാന്റ് സ്കേപ്പിംഗ്
7. ഇലക്ട്രിഫിക്കേഷൻ & യാർഡ് ലൈറ്റിംഗ്

ഈ പ്രവൃത്തികളിൽ ഇംപ്രൂവിംഗ് നാവിഗബിലിറ്റി പ്രവൃത്തി ഒഴികെ മറ്റ് പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്.

**ബേപ്പൂർ ടൂറിസം പദ്ധതി**

340 (743) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ബേപ്പൂർ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ബേപ്പൂറിൽ ടൂറിസം പരിപോഷിപ്പിക്കുന്നതിന് സഹായകരമാകുന്ന വിവിധ കെട്ടിടങ്ങൾ നാശോന്മുഖമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ബേപ്പൂരിലെ ടൂറിസം വികസനവുമായി ബന്ധപ്പെട്ട് നിലവിലുള്ള കെട്ടിടങ്ങളുടേയും മറ്റും പുനരുദ്ധാരണ പ്രവർത്തികൾ നടന്നുകൊണ്ടിരിക്കുകയാണ്.

**ബേപ്പൂർ ബീച്ചിൽ ലൈഫ് ഗാർഡുകൾ**

341 (744) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ ബീച്ചിൽ ലൈഫ് ഗാർഡുകൾ കുറവാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആവശ്യമായ ലൈഫ് ഗാർഡുകളെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധിക്കാവുന്നതാണ്.

**കാസർഗോഡ് ബീച്ചിൽ ടൂറിസം പദ്ധതികൾ**

342 (745) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിരമണീയതകൊണ്ടും ടൂറിസം സാധ്യതകൊണ്ടും സവിശേഷത അറിയിക്കുന്ന കാസർകോട് ബീച്ചിൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് ഇതുവരെ പദ്ധതികൾ ആവിഷ്കരിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ദിശയിൽ ഗൗരവമായ ആലോചന നടത്തി കാസർകോട് ബീച്ചിൽ ടൂറിസം പദ്ധതികൾ ആവിഷ്കരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) ജില്ലാ ടൂറിസം അധികൃതർ കാസർകോട് ജില്ലയിൽ ടൂറിസം വികസിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്നും ഇതിൽ നടപ്പിലാക്കിയതും നടപ്പിലാക്കാത്തതുമായ പദ്ധതികൾ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ & ബി) 2010-ൽ അനുവദിച്ച കാസർഗോഡ് ബീച്ച് വികസന പദ്ധതി ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് മുഖേന നടപ്പിലാക്കിവരുന്നു. പ്രദേശവാസികളുടെ എതിർപ്പിനെ തുടർന്ന് ഈ പദ്ധതി നാളിതുവരെ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. കൂടാതെ പ്രസ്തുത സ്ഥലം കോസ്റ്റൽ റെഗുലേറ്ററി സോണിന്റെ (CRZ) പരിധിയിൽപ്പെടുന്നതാണ്.

(സി) അഴിത്തല ടൂറിസം പ്രോജക്ട് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

**കൊണ്ടോട്ടി കേന്ദ്രീകരിച്ച് പൈതൃക ടൂറിസം പദ്ധതി**

343 (746) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി കേന്ദ്രീകരിച്ച് പൈതൃക ടൂറിസം പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ഇതുവരെ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പരിഗണനയിലില്ല.

(ബി) ബാധകമല്ല.

**പോത്തുണ്ടി - നെല്ലിയാമ്പതി ടൂറിസം പദ്ധതി**

344 (747) <u>ശ്രീ. കെ. ബാബു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ പോത്തുണ്ടി-നെല്ലിയാമ്പതി ടൂറിസം പദ്ധതിയുടെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ടൂറിസം രംഗത്ത് ഏറെ സാധ്യതയുള്ള പോത്തുണ്ടി-നെല്ലിയാമ്പതി പദ്ധതിക്ക് ആവശ്യമായ ഫണ്ട് അനുവദിച്ച് പദ്ധതി തുടങ്ങാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) വനം, ജലസേചനം എന്നീ വകുപ്പുകളുമായി ചേർന്ന് പദ്ധതി രൂപരേഖ തയ്യാറാക്കി വരുന്നു.

**ഹരിപ്പാട്ടെ ടേക്ക് എ ബ്രേക്ക് വഴിയോര വിശ്രമകേന്ദ്രം**

345 (748) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് ബസ് സ്റ്റാന്റിന് സമീപമുള്ള ഡി.റ്റി.പി.സി.യുടെ 'ടേക് എ ബ്രേക്ക് എന്ന വഴിയോര വിശ്രമ കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ കൂടി ഇതിന്റെ പ്രവർത്തനത്തിനായി ഇനി സജ്ജീകരിക്കേണ്ടതുണ്ട്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രോജക്ട് പ്രവർത്തനസജ്ജമാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ചതുപ്പുപ്രദേശത്തുള്ള നിർമ്മിതിയായതിനാൽ ചില തകരാറുകൾ കാരണം ഇതിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

(ബി&സി) ചതുപ്പ് പ്രദേശമായതിനാൽ അടിസ്ഥാന സൗകര്യങ്ങളടക്കം പുതുതായി ചില കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. ആയതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

## ചെത്തിപ്പുഴ കടവ് ടൂറിസം പദ്ധതി

346 (749) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ചെത്തിപ്പുഴ കടവ് ടൂറിസം പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ചെത്തിപ്പുഴ കടവ് ടൂറിസം പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരികയാണ്. ഇത് സത്വരമായി പൂർത്തിയാക്കാൻ നിർവ്വഹണ ഏജൻസിയായ M/s. കിറ്റ്കോ (KITCO) യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## വള്ളികുന്നം ചിറയിൽ ടൂറിസം പദ്ധതി

347 (750) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര വള്ളികുന്നം ചിറയിൽ ടൂറിസം പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) വള്ളികുന്നം ചിറ നവീകരണ പദ്ധതിയുമായി ബന്ധപ്പെട്ട് ഭരണാനുമതി ലഭിച്ചിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ & ബി) മാവേലിക്കര വള്ളികുന്നം ചിറയിൽ ടൂറിസം പദ്ധതി ആരംഭിക്കുന്നതിനായി പ്രൊപ്പോസലുകൾ ഒന്നും നിലവിലില്ല.

## കുട്ടനാടിന്റെ ടൂറിസം വികസനം

348 (751) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാടിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി ടൂറിസത്തിന് പുതിയ പദ്ധതികൾ ആരംഭിക്കാൻ നടപടികൾ ഉണ്ടാകുമോ;

(ബി) കായൽ ടൂറിസം, ഫാം ടൂറിസം എന്നിവ പ്രോത്സാഹിപ്പിക്കാൻ എന്തൊക്കെ നടപടികൾ ഉണ്ടാകും എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പദ്ധതി നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് സാദ്ധ്യതാ പഠനം നടത്തി ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ബി) വിനോദസഞ്ചാര മേഖലയിൽ ടൂറിസം വികസനം ലക്ഷ്യമിട്ട് സാധ്യമായ മേഖലകളിൽ വിപുലമായ അടിസ്ഥാന സൗകര്യങ്ങളും പ്രചരണവും വകുപ്പ് ഏർപ്പെടുത്തി വരുന്നു. ഹൗസ്ബോട്ടുകളുടെ ക്ലാസിഫിക്കേഷൻ, സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തൽ എന്നിവയും ഇതിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രമുഖ കായൽ ശൃംഖല എന്ന നിലയിൽ ആലപ്പുഴ കായലോരം ടൂറിസം പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും ധനസഹായത്തോടുകൂടി പ്രവർത്തികൾ നടന്നു വരുന്നു.

കായംകുളം മുതൽ അരൂക്കുറ്റി വരെയുള്ള കായൽ ശൃംഖലയിൽ നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ വടായിക്കനാൽ, വാണിജ്യ കനാൽഭാഗം എന്നിവയുടെ പുതുക്കി പണി, ചരിത്ര പൈതൃക തെരുവുകൾ കനാലുകൾ എന്നിവയുടെ പുനരുദ്ധാരണം, അരുക്കുറ്റി തണ്ണീർമുക്കം, പുന്നമട, പള്ളാത്തുരുത്തി, നെടുമുടി കഞ്ചിപ്പാടം, തോട്ടപ്പള്ളി, കായംകുളം എന്നിവിടങ്ങളിൽ ബോട്ട് ടെർമിനൽ. വട്ടക്കായൽ, കരുമാടി, വിളക്കുമരം എന്നിവിടങ്ങളിൽ ഉപ ടൂറിസ്റ്റ് കേന്ദ്രങ്ങൾ, ആർത്തുങ്കൽ, തോട്ടപ്പള്ളി ബീച്ചുകളുടെ വികസനം തുടങ്ങി ടൂറിസം വികസനത്തിനുതകുന്ന നിരവധി പ്രവൃത്തികൾ ചെയ്തു വരുന്നു.

ഫാം ടൂറിസത്തിനെ പ്രോത്സാഹിപ്പിക്കുന്നതിനായി ടൂറിസം വകുപ്പ് ഗ്രീൻ ഫാം കേരള എന്ന ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

**തിരുവനന്തപുരം ജില്ലയിലെ ടൂറിസം പദ്ധതികൾ**

349 (752) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം പദ്ധതികൾക്കാണ് ടൂറിസം വകുപ്പ് ഭരണാനുമതി നല്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്ന് അറിയിക്കുമോ ;

(സി) ഏതെല്ലാം പ്രവൃത്തികളാണ് ഡി.റ്റി.പി.സി.-ക്ക് കൈമാറിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) മറുപടി അനുബന്ധം ആയി ഉള്ളടക്കം ചെയ്തിരിക്കുന്നു.*

(സി) മറുപടി അനുബന്ധം ആയി ഉള്ളടക്കം ചെയ്തിരിക്കുന്നു.*

**മീൻപിടിപ്പാറ, പൊങ്ങൻപാറ ടൂറിസം പദ്ധതികൾ**

350 (753) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന മീൻപിടിപ്പാറ, പൊങ്ങൻപാറ ടൂറിസം പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) മുട്ടറ മരുതിമല ഇക്കോ ടൂറിസം പദ്ധതിയുടെ രണ്ടാം ഘട്ട നിർമ്മാണത്തിനുള്ള പദ്ധതി തയ്യാറായിട്ടുണ്ടോയെന്നും ഒന്നാം ഘട്ട നിർമ്മാണത്തിൽ പ്രവൃത്തികൾ അവശേഷിക്കുന്നുണ്ടോയെന്നുമുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മീൻപിടിപ്പാറ പദ്ധതി അന്തിമഘട്ടത്തിലാണ്. പൊങ്ങൻപാറ ടൂറിസം പദ്ധതി പൂർത്തീകരിച്ചുവരുന്നു.

(ബി) മുട്ടറ മരുതിമല ഇക്കോ ടൂറിസം പദ്ധതിയുടെ രണ്ടാം ഘട്ട നിർമ്മാണ പ്രവൃത്തിക്കുള്ള പദ്ധതി രൂപരേഖ ലഭിച്ചിട്ടില്ല. ഒന്നാം ഘട്ട നിർമ്മാണത്തിൽ പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണ്.

**കൊല്ലമ്പുഴയിൽ ആരംഭിച്ച ബോട്ടിംഗ് പദ്ധതി**

351 (754) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഠിനംകുളം ബാക്ക്‌വാട്ടർ പ്രോജക്റ്റിനോടനുബന്ധിപ്പിച്ച് ആറ്റിങ്ങൽ നഗരസഭയിലെ കൊല്ലമ്പുഴയിൽ ആരംഭിച്ച ബോട്ടിംഗ് പദ്ധതി, നിർമ്മാണത്തിലെ അപാകത നിമിത്തം പ്രയോജനപ്പെടാതെ പോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; പദ്ധതിയുടെ ചുമതല ഡി.റ്റി.പി.സി.യ്ക്കോ ടൂറിസം വകുപ്പിനോ നൽകിയിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഡി.റ്റി.പി.സി.കളെ ശക്തിപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) തിരുവനന്തപുരം ഡി.റ്റി.പി.സി.യിൽ മുൻ ഗവൺമെന്റിന്റെ കാലത്ത് അഴിമതിയോ ക്രമക്കേടോ നടന്നതായി പരാതിയുണ്ടോ; സെക്രട്ടറിക്കെതിരായി പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പരാതിയിന്മേൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

ആയതു പരിഹരിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. പദ്ധതിയുടെ പ്രവർത്തികൾ നിർവ്വഹിക്കുന്നത് പൊതുമേഖലാ സ്ഥാപനമായ സിഡ്കോ ആണ്. മേൽ പദ്ധതിയിലെ അപാകതകൾ പരിഹരിച്ച് പൂർണ്ണമായി പ്രവർത്തന സജ്ജമാക്കാൻ സിഡ്കോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ 14 ഡി.റ്റി.പി.സി.കളെയും ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഡി.റ്റി.പി.സി.കളിൽ പ്രൊഫഷണലിസം കൊണ്ടു വരുന്നതിനായി സർക്കാർ ഉത്തരവ് G.O.(Rt.)No.461/2016/TSM തീയതി 26-12-2016 പ്രകാരം പുതിയ ഡി.റ്റി.പി.സി. സെക്രട്ടറിമാരെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നു വരുന്നു.

(സി) ഉണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടന്ന ആക്കുളം ടൂറിസ്റ്റ് വില്ലേജിന്റെ നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ചും ഡി.റ്റി.പി.സി. യൂണിറ്റുകളിലേക്ക് 1.5 കോടി രൂപയ്ക്ക് ബോട്ട് വാങ്ങിയത് (വിജിലൻസ് വകുപ്പ് സൂചന: QV 6/16/SRT) സംബന്ധിച്ചും വിജിലൻസ് അന്വേഷണം നടന്നുവരുന്നുണ്ട്. കൂടാതെ ഓണാഘോഷത്തോടനുബന്ധിച്ച് ശംഖുമുഖത്ത് 2012 ഡിസംബർ മാസത്തിൽ നിർമ്മിച്ച സുനാമി പാർക്ക് ഇടിച്ചു പൊളിച്ച് 'കടലോളം ഓണം' എന്ന പരിപാടി നടത്തിയത് സംബന്ധിച്ച് മുൻ ഡി.റ്റി.പി.സി. സെക്രട്ടറി ശ്രീ. ഒ.റ്റി. പ്രകാശിന്റെ പേരിൽ അന്വേഷണം നടത്തിവരുന്നു. കൂടാതെ ഡി.റ്റി.പി.സിയുടെ പുതിയ എക്സിക്യൂട്ടിവ് കമ്മിറ്റി കഴിഞ്ഞ കൗൺസിലിന്റെ കാലത്ത് നടത്തിയ നിർമ്മാണ പ്രവർത്തനങ്ങളിലും മറ്റും വന്ന ക്രമക്കേടുകളെക്കുറിച്ച് വിശദമായ അന്വേഷണം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

**നെയ്യാറ്റിൻകരയിലെ ടൂറിസം പദ്ധതികൾ**

352 (755) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ഈരാറ്റിൻപുറം ടൂറിസം പദ്ധതിയുടെ തുടർനടപടികൾ എന്തായി എന്ന് വ്യക്തമാക്കുമോ ;

(ബി) ശ്രീനാരായണ ഗുരുവിന്റെ കർമ്മകേന്ദ്രമായിരുന്ന അരുവിപ്പുറം കൊടിതൂക്കിമലയിൽ ടൂറിസം പദ്ധതിക്ക് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) പൊഴിയൂർ, പൂവ്വാർ പൊഴിക്കരയിൽ ടൂറിസം പദ്ധതി ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

(ഡി) ചരിത്രപ്രാധാന്യമുള്ള നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിന്റെ നവീകരണ പ്രവർത്തനങ്ങൾക്ക് ടൂറിസം വകുപ്പ് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പദ്ധതി രൂപരേഖ തയ്യാറാക്കി വരുന്നു.

(ബി & സി) പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

(ഡി) പരിഗണനയിലില്ല.

**വിനോദസഞ്ചാര മേഖലയിലെ പ്രതിസന്ധി**

353 (756) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീമതി ഗീതാ ഗോപി:
ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ട് അസാധുവാക്കൽ തീരുമാനം വിനോദസഞ്ചാരമേഖലയെ എത്രത്തോളം ബാധിച്ചുവെന്ന് വിശദമാക്കുമോ;

(ബി) ടൂറിസം മേഖലയിൽ നിന്നുള്ള വരുമാനത്തിൽ അതിനുശേഷം എത്രത്തോളം കുറവ് വന്നുവെന്ന് വ്യക്തമാക്കുമോ;

(സി) നോട്ട് നിരോധനത്തിന് ശേഷം വിദേശ സഞ്ചാരികളുടെയും ആഭ്യന്തര സഞ്ചാരികളുടെയും വരവിൽ ഗണ്യമായ കുറവ് ഉണ്ടായിട്ടുണ്ടോ;

(ഡി) പ്രസ്തുത പ്രതിസന്ധി മറികടക്കുന്നതിന് എന്തൊക്കെ മാർഗ്ഗങ്ങളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2016 നവംബർ 8 അർദ്ധരാത്രി മുതൽ നിലവിൽ വന്ന 500-ന്റെയും 1000-ന്റെയും നോട്ട് അസാധുവാക്കൽ നടപടി ടൂറിസം മേഖലയെ എത്രത്തോളം ബാധിച്ചു എന്നു മനസ്സിലാക്കുന്നതിലേക്കായി ഒരു "ക്വിക്ക് സർവേ" 2016 ഡിസംബർ 1-ന് വകുപ്പ് തലത്തിൽ നട<u>ത്തു</u>കയുണ്ടായി. പ്രസ്തുത സർവ്വേയിൽ ഹോട്ടൽ, ഹൗസ് ബോട്ട്, ടൂർ ഓപ്പറേറ്റർ എന്നിവർ ഉൾപ്പെട്ട സാമ്പിളുകളിൽ നിന്നും വിവരശേഖരണം നട<u>ത്തു</u>കയുണ്ടായി. പ്രസ്തുത പഠനത്തിന്റെ കണ്ടെത്തലുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) നോട്ട് അസാധുവാക്കൽ തീരുമാനത്തിനുശേഷമുള്ള ടൂറിസം വരുമാനം കണക്കാക്കിയിട്ടില്ല.

(സി) നോട്ട് നിരോധനത്തിനുശേഷം വിദേശ സഞ്ചാരികളുടെ എണ്ണത്തിൽ കുറവ് സംഭവിച്ചിട്ടില്ല. എന്നാൽ പ്രതീക്ഷിച്ച വളർച്ചാ നിരക്ക് കൈവരിക്കാൻ സാധിച്ചില്ല. ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ നവംബർ മാസത്തിൽ മുൻവർഷത്തെക്കാൾ കുറവ് സംഭവിച്ചിട്ടുണ്ട്.

(ഡി) നോട്ട് നിരോധനം വിനോദസഞ്ചാരികൾക്ക് സൃഷ്ടിച്ച പ്രതിസന്ധി മറികടക്കാനായി ടൂറിസം വകുപ്പ് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു:

- ടൂർ ഓപ്പറേറ്റർമാരുമായി സഹകരിച്ച് വിദേശസഞ്ചാരികൾക്ക് പണലഭ്യത ഉറപ്പുവരുത്താൻ ശ്രമം നടത്തി.
- ഹോട്ടലിയേഴ്സിനെയും മറ്റും ഇക്കാര്യത്തിൽ ബോധവൽക്കരണം നടത്തി.
- ടൂറിസവുമായി ബന്ധപ്പെട്ട കൗണ്ടറുകളിൽ ക്യാഷ് ലെസ് പണമിടപാടുകൾക്ക് സൗകര്യങ്ങൾ ഒരുക്കാൻ നടപടി ആരംഭിച്ചു.
- ടൂറിസം ഇൻഫർമേഷൻ സെന്ററുകളിൽ ഹെൽപ്പ് ഡെസ്ക് സ്ഥാപിച്ചു

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**വിനോദസഞ്ചാര കേന്ദ്രങ്ങളുടെ നവീകരണം**

354 (757) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിലും ബീച്ചുകളിലും എത്തുന്ന ടൂറിസ്റ്റുകൾക്ക് കിട്ടുന്ന സംരക്ഷണം തൃപ്തികരമല്ലാത്തതിനാൽ അവർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തിരുവനന്തപുരം ശംഖുമുഖം ബീച്ചിലും കോവളം ബീച്ചിലും ആവശ്യത്തിന് ലൈറ്റ് ഇല്ലാത്തകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിയ്ക്കാൻ എന്തെല്ലാം നടപടികൾ അടിയന്തരമായി സ്വീകരിയ്ക്കാൻ സാധിക്കുമെന്ന് വിശദമാക്കുമോ;

(സി) സർക്കാരിന്റെ കീഴിലുള്ള വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളും ബീച്ചുകളും ആധുനികരീതിയിൽ നവീകരിച്ച് കൂടുതൽ വിദേശ-സ്വദേശ ടൂറിസ്റ്റുകളെ ആകർഷിയ്ക്കുവാൻ വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവളം, ശംഖുമുഖം ബീച്ചുകളിൽ വിനോദസഞ്ചാര വികസനത്തിന്റെ ഭാഗമായി ആവശ്യമായ വെളിച്ചം നൽകുന്നതിലേക്കായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റിന്റെ സേവനം ഉപയോഗപ്പെടുത്തി ശംഖുമുഖം ബീച്ച് ഏരിയ ഡെവലപ്മെന്റ് പദ്ധതി, ഹൈമാസ്റ്റ് ലൈറ്റ് നൽകുന്ന പദ്ധതി എന്നിവയുടെ പ്രവർത്തനം പുരോഗമിച്ചു വരുന്നു. കോവളം ബീച്ച് മേഖലയിൽ തിരുവനന്തപുരം ഡി.റ്റി.പി.സി. മുഖേന 'റീവാംബിംഗ് ഓഫ് കോവളം ലൈറ്റിംഗ് സിസ്റ്റം' നടപ്പിലാക്കുന്ന പ്രവർത്തനം അന്തിമഘട്ടത്തിലാണ്.

(സി) ടൂറിസം വികസനത്തിനായി ആവിഷ്കരിച്ച ഗ്രീൻ കാർപ്പറ്റ് പദ്ധതി മുഖേന ഇതിനാവശ്യമായ കാര്യങ്ങൾ നടപ്പിലാക്കി വരികയാണ്.

**ശബരിമല സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്**

355 (758) <u>ശ്രീ. കെ. മുരളീധരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ സ്ഥാപിച്ച സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തനക്ഷമ മല്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്ലാന്റ് പ്രവർത്തനക്ഷമമല്ലെന്നുള്ള ചീഫ് ടെക്നിക്കൽ എക്സാമിനറുടെ റിപ്പോർട്ടിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) സർക്കാർ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തനക്ഷമമല്ലാതായതിന് കാരണക്കാരായവരിൽനിന്നും നിർമ്മാണത്തിന് ചെലവായ തുക തിരിച്ച് പിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ശബരിമലയിൽ സ്ഥാപിച്ച സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തനക്ഷമമാണ് എന്ന് ഹൈപ്പവർ കമ്മിറ്റി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) പ്ലാന്റിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥാപിച്ചിട്ടുള്ള ഏതാനും പൈപ്പ് ലൈനുകളുടെ പോരായ്മ പരിഹരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

(സി) ബാധകമല്ല.

**ശബരിമല മാസ്റ്റർപ്ലാൻ**

356 (759) <u>ശ്രീ. വി. എസ്. ശിവകുമാർ</u>:

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>:

<u>ശ്രീ. വി. ഡി. സതീശൻ</u>:

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല മാസ്റ്റർപ്ലാൻ നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാർ ഇതേവരെ എത്ര കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്; വർഷം തിരിച്ച് കണക്ക് വ്യക്തമാക്കുമോ;

(ബി) സർക്കാർ ഫണ്ടുപയോഗിച്ച് നടപ്പിലാക്കിയ മാസ്റ്റർ പ്ലാൻ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(സി) അടുത്ത സീസണ് മുമ്പ് എന്തെല്ലാം പ്രധാന പദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്;

(ഡി) ഇതിനുവേണ്ടി എത്ര കോടി രൂപയാണ് സർക്കാർ നൽകാനുദ്ദേശിക്കുന്നത് ?

<u>ഉത്തരം</u>

(എ) ശബരിമല മാസ്റ്റർപ്ലാൻ നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാർ ഇതേവരെ 77.50 കോടി രൂപ അനുവദിച്ചിട്ടുണ്ട്. വർഷം തിരിച്ചുള്ള കണക്ക് അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

(ബി) സർക്കാർ ഫണ്ടുപയോഗിച്ച് നടപ്പിലാക്കിയ മാസ്റ്റർ പ്ലാൻ പദ്ധതികൾ പൂർത്തിയായതും നടന്നുകൊണ്ടിരിക്കുന്നതുമായ പദ്ധതികൾ അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

(സി) അടുത്ത സീസണ് മുമ്പ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രധാന പദ്ധതികളുടെ വിവരം അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

(ഡി) സർക്കാർ ഇതിനുവേണ്ടി 2016-17 ബഡ്ജറ്റിൽ 25 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.

**മലബാർ ദേവസ്വം ബോർഡ്**

357 (760) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിന് ഇപ്പോൾ എന്ത് തുകയാണ് വർഷം തോറും ഗ്രാന്റായി നൽകുന്നത്; ഈ തുക മുഴുവനായി യഥാസമയം നൽകുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗ്രാന്റ് തുക മുഴുവനായും കൃത്യസമയത്ത് തന്നെ റിലീസ് ചെയ്യുന്നതിനുള്ള നടപടി സർക്കാർ തലത്തിൽ കൈക്കൊള്ളുമോ;

(സി) മലബാറിലെ ക്ഷേത്ര ജീവനക്കാരുടെ വേതന വർദ്ധനവിനും ശമ്പളം കൃത്യമായി അവർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് മുൻ സർക്കാരിന്റെ കാലത്ത് എടുത്ത മന്ത്രിസഭാ തീരുമാനം നടപ്പിലാക്കുന്നതിന്റെ പുരോഗതി വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ & ബി) കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷത്തിൽ മലബാർ ദേവസ്വം ബോർഡിന് സർക്കാരിൽ നിന്ന് ലഭിച്ച ഗ്രാന്റിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു:

| സാമ്പത്തിക വർഷം | ബഡ്ജറ്റിൽ വകയിരുത്തിയ തുക | അനുവദിച്ച തുക |
|---|---|---|
| 2014-15 | 30.46 കോടി | 1 കോടി രൂപ ആചാരസ്ഥാനികർ, കോലധാരികൾ ധനസഹായം 2,62,97,000/- കുളം- കാവ്- ആൽത്തറ നവീകരണം |
| 2015-16 | 33.96 കോടി | 2014-15 വർഷത്തേക്ക്ഇ.എൽ.എ. ആയി അനുവദിച്ച 12 കോടിയും 2015-16 വർഷത്തേക്ക് ആചാരസ്ഥാനികർ-കോലധാരി കൾക്കുള്ള സാമ്പത്തിക സഹായത്തിനുള്ള 1 കോടിയും ഉൾപ്പെടെ ആകെ 13 കോടി രൂപ. |
| 2016-17 | 36.35 കോടി | 2016-17 സാമ്പത്തിക വർഷത്തേക്ക് 10.905 കോടി രൂപയും 2015-16 സാമ്പത്തിക വർഷത്തേക്ക് ഇ.എൽ.എ. ആയി അനുവദിച്ച 19.9685 കോടി രൂപയും അനുവദിച്ചു. 2016-17 വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ ബാക്കിയുള്ള 25.445 കോടി രൂപ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

(സി&ഡി) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം അതാത് ക്ഷേത്രങ്ങളുടെ വരുമാനത്തിൽ നിന്നുമാണ് വിതരണം ചെയ്യേണ്ടത്. ക്ഷേത്ര വരുമാനത്തിന്റെ 50% ജീവനക്കാരുടെ ശമ്പളത്തിന് ചെലവഴിച്ചിട്ടും തികയാതെ വരുന്ന തുകയാണ് മലബാർ ദേവസ്വം ബോർഡ് മാനേജ്മെന്റ് ഫണ്ടിൽനിന്നും അനുവദിക്കുന്നത്. മലബാർ ദേവസ്വം ബോർഡ് മാനേജ്മെന്റ് ഫണ്ടിൽനിന്നും ക്ഷേത്ര ജീവനക്കാർക്ക് ശമ്പള ധനസഹായം അനുവദിക്കുന്നതിനുള്ള അപേക്ഷയും, കൃത്യമായ വരവ്, ചെലവ് കണക്കുകളും യഥാസമയം സമർപ്പിക്കുന്ന മുറയ്ക്ക് ശമ്പള ധനസഹായം അനുവദിച്ചു വരുന്നു. ഇതുമായി ബന്ധപ്പെട്ട് മുൻ സർക്കാരിന്റെ കാലത്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതായി കാണുന്നില്ല.

**മലബാർ ദേവസ്വം ജീവനക്കാരുടെ ശമ്പളം**

358 (761) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്ര ജീവനക്കാർക്ക് കൃത്യമായി ശമ്പളം നൽകാത്തതിന്റെ കാരണം എന്താണ്എന്ന് വെളിപ്പെടുത്താമോ;

(ബി) കെ. ജയകുമാർ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കിയിട്ടുണ്ടോ ;

(സി) എങ്കിൽ കോടതിവിധിയുടെയും മേൽപ്പറഞ്ഞ കമ്മീഷൻ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ക്ഷേത്ര ജീവനക്കാർക്ക് കൃത്യമായി ശമ്പളം ലഭ്യമാക്കുവാൻ വേണ്ട നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങൾ ഓരോന്നും ഓരോ സ്വതന്ത്ര യൂണിറ്റുകളാണ്. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ വരുമാനം കൈകാര്യം ചെയ്യുന്നതും ദൈനംദിന ക്ഷേത്ര ഭരണം നടത്തുന്നതും അതത് ക്ഷേത്ര ഭരണാധികാരികളാണ്. ക്ഷേത്ര ജീവനക്കാർക്കുള്ള ശമ്പളം പ്രധാനമായും അതാത് ക്ഷേത്രങ്ങളുടെ വരുമാനത്തിൽ നിന്നാണ് ചെലവ് ചെയ്യേണ്ടത്. ക്ഷേത്രവരുമാനത്തിന്റെ 50% ശമ്പളത്തിനായി തികയാതെ വരുമ്പോൾ, ക്ഷേത്ര ഭരണാധികാരികൾ സമർപ്പിക്കുന്ന കണക്കുകൾ പരിശോധിച്ച് ബോർഡിന്റെ മാനേജ്മെന്റ് ഫണ്ടിൽ നിന്നും തുക അനുവദിച്ച് വരുന്നു. ക്ഷേത്ര ഭരണാധികാരികൾ യഥാസമയം അപേക്ഷ സമർപ്പിക്കാത്തതും ക്ഷേത്രം കണക്കുകളിൽ ക്രമക്കേടുകൾ കണ്ടെത്തുന്നതുമായ സാഹചര്യത്തിൽ ക്ഷേത്ര ജീവനക്കാർക്കുള്ള ശമ്പളധനസഹായം കൃത്യമായി അനുവദിക്കുന്നതിൽ തടസ്സം നേരിടുന്നുണ്ട്.

(ബി)ഇല്ല.

(സി) ക്ഷേത്ര ഭരണാധികാരികൾ കൃത്യമായി കണക്കുകൾ തയ്യാറാക്കി ശമ്പള ധനസഹായത്തിന് അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് ശമ്പള ധനസഹായം അനുവദിക്കുന്നതാണ്.

**ദേവസ്വം ബോർഡിന് കീഴിൽ ആർട്സ് & സയൻസ് കോളേജ്**

359 (762) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേവസ്വം ബോർഡിന് കീഴിൽ ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നതിനുള്ള അനുവാദത്തിനായി അപേക്ഷ ഏതെങ്കിലും സർവ്വകലാശാലയ്ക്ക് സമർപ്പിച്ചിട്ടുണ്ടോ ?

ഉത്തരം

തിരുവിതാംകൂർ ദേവസ്വം ബോർഡ് തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കട താലൂക്കിൽ തൃക്കാഞ്ഞിരപുരത്തും, കൊല്ലം ജില്ലയിൽ കുന്നത്തൂർ താലൂക്കിൽ കുമരൻ ചിറയിലും ഓരോ എയ്ഡഡ് കോളേജുകൾ 2017-18 അദ്ധ്യയന വർഷത്തിൽ തുടങ്ങുന്നതിനായി കേരള സർവ്വകലാശാലയിൽ അപേക്ഷ നൽകിയിട്ടുണ്ട്.

**കാവുകളും കുളങ്ങളും സംരക്ഷിക്കുന്നതിന് ഫണ്ട്**

360 (763) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളും കുളങ്ങളും ആൽത്തറകളും സംരക്ഷിക്കുന്നതിന് 2016-17 സാമ്പത്തിക വർഷത്തിൽ ഓരോ ദേവസ്വങ്ങൾക്കും സ്വകാര്യ ക്ഷേത്രങ്ങൾക്കും എത്ര രൂപ വീതം അനുവദിച്ചു നൽകിയിട്ടുണ്ട് ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) മുൻ വർഷങ്ങളിൽ അനുവദിച്ച തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയ ദേവസ്വം ബോർഡിന് ബഡ്ജറ്റ് വിഹിതമായ ഒരു കോടി രൂപ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ബഡ്ജറ്റ് വിഹിതത്തിനുപുറമേ തുക വകയിരുത്തുന്ന കാര്യം സർക്കാരിന്റെ പരിശോധനയിലാണ്.

**കാവുകളും കുളങ്ങളും സംരക്ഷിക്കുന്നതിനുള്ള പദ്ധതി**

361 (764) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാവുകളും കുളങ്ങളും സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ;

(ബി) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള എളവള്ളി കടവല്ലൂർ ശ്രീരാമ സ്വാമി ക്ഷേത്രക്കുളം നവീകരിക്കുന്നതിന് ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ക്ഷേത്രങ്ങളോട് അനുബന്ധിച്ചുള്ള കാവുകളും, കുളങ്ങളും, ആൽത്തറകളും സംരക്ഷിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന് സർക്കാർ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിച്ചുവരുന്നു. ഇതു സംബന്ധിച്ചുള്ള നിബന്ധനകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) മുൻവർഷം അനുവദിച്ച തുകയ്ക്കുള്ള വിനിയോഗ സർട്ടിഫിക്കറ്റ് സഹിതം ദേവസ്വം ബോർഡ് പ്രൊപ്പോസൽ ലഭ്യമാക്കുന്നതനുസരിച്ച് ബഡ്ജറ്റ് വിഹിതത്തിന്റെ ലഭ്യതക്കനുസൃതമായി ഇക്കാര്യം പരിശോധിക്കുന്നതാണ്.

**കായംകുളം-തിരുവല്ല ദേശീയപാതയിൽ നടപ്പാത ഒരുക്കുന്നതിനാവശ്യമായ നടപടി**

362 (765) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലക്ഷക്കണക്കിനു ഭക്തജനങ്ങൾ എത്തിച്ചേരുന്ന കുംഭഭരണി മഹോത്സവം നടക്കുന്ന, ചെട്ടിക്കുളങ്ങര ദേവീക്ഷേത്രത്തിന്റെ പടിഞ്ഞാറെ നടയിൽ കായംകുളം-തിരുവല്ല ദേശീയപാതയുടെ ഓരത്തുള്ള തോടിന്റെ മുകളിൽ കോൺക്രീറ്റ് സ്ലാബ് സ്ഥാപിച്ച് നടപ്പാത ഒരുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ശബരിമലയിൽ നിർമ്മിച്ച മാലിന്യ നിർമ്മാർജ്ജന പ്ലാന്റ്

363 (766) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി ശബരിമലയിൽ നിർമ്മിച്ച മാലിന്യ നിർമ്മാർജ്ജന പ്ലാന്റിന് എത്ര കോടി രൂപയാണ് ചെലവഴിച്ചിട്ടുള്ളത്; ഈ പ്ലാന്റിന്റെ സ്ഥാപിതശേഷി എത്രയാണ്;

(ബി) പ്ലാന്റിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോയെന്നും ഇതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ ;

(സി) ഈ വർഷത്തെ ശബരിമല ഉത്സവ സീസണിൽ ഈ പ്ലാൻറ് ഉപയോഗപ്പെടുത്താൻ കഴിഞ്ഞിരുന്നോ;

(ഡി) മാലിന്യ നിർമ്മാർജ്ജനപ്ലാന്റിന്റെ പ്രവർത്തനം സംബന്ധിച്ച് നിരവധി ആക്ഷേപങ്ങൾ പത്രങ്ങളിൽ വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; നിർമ്മാണം സംബന്ധിച്ച് എന്തെങ്കിലും പാകപ്പിഴകൾ ഉള്ളതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി ശബരിമലയിൽ നിർമ്മിച്ച മാലിന്യ നിർമ്മാർജ്ജന പ്ലാന്റിന് നാളിതുവരെ 20,31,61,499 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്ലാന്റിന്റെ സ്ഥാപിതശേഷി ഒരു ദിവസം അഞ്ച് ദശലക്ഷം ലിറ്റർ ആണ്.

(ബി) ആരംഭിച്ചിട്ടുണ്ട്.

(സി) ഉപയോഗപ്പെടുത്താൻ കഴിഞ്ഞിരുന്നു

(ഡി) ഉണ്ട്. നിർമ്മാണം സംബന്ധിച്ച് എന്തെങ്കിലും പാകപ്പിഴകൾ ഉള്ളതായി റിപ്പോർട്ട് ലഭിച്ചിട്ടില്ല. ആധികാരിക റിപ്പോർട്ട് ലഭിച്ചാൽ നടപടി സ്വീകരിക്കുന്നതാണ്.

## തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഉദ്യോഗസ്ഥ പുനർവിന്യാസത്തിനുള്ള നടപടികൾ

364 (767) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഉദ്യോഗസ്ഥ പുനർവിന്യാസത്തിനുള്ള നടപടികൾ ആലോചിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിയമനങ്ങൾക്കായി രൂപീകരിച്ച റിക്രൂട്ട്മെന്റ് ബോർഡ് സ്വീകരിച്ച നിയമന നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഉദ്യോഗസ്ഥ പുനർവിന്യാസത്തിനുള്ള ഉത്തരവ് ദേവസ്വം ബോർഡ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ പാർട്ട് ടൈം ശാന്തി, രണ്ടാം ആനശേവുകം എന്നീ തസ്തികകളിലേയ്ക്കുള്ള പരീക്ഷാ നടപടികൾ മാർച്ച് മാസം നടത്തുന്നതിനുള്ള നടപടികൾ റിക്രൂട്ട്മെന്റ് ബോർഡ് സ്വീകരിച്ച് വരികയാണ്.

## ക്ഷേത്രേശന്മാർക്കും കോലധാരികൾക്കുമുള്ള പെൻഷൻ

365 (768) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേത്രേശന്മാർക്കും കോലധാരികൾക്കുമുള്ള പെൻഷൻ തുക പലർക്കും കിട്ടാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പുതിയ അപേക്ഷകർക്ക് പെൻഷൻ നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ ;

(സി) പെൻഷൻ തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ആചാരസ്ഥാനികൾക്കും കോലധാരികൾക്കുമുള്ള ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ആകെ 1666 പുതിയ അപേക്ഷകൾ മലബാർ ദേവസ്വം ബോർഡിൽ ലഭിച്ചിട്ടുണ്ട്. ഈ അപേക്ഷയിന്മേൽ ബോർഡിന്റെ പരിശോധനാ നടപടിക്രമങ്ങൾ പൂർത്തിയായി വരികയാണ്.

(സി) പെൻഷൻ തുക വർദ്ധിപ്പിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 603 എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

9.30 A.M.]

## II അടിയന്തരപ്രമേയം

### ഗുണ്ടാമാഫിയ അക്രമം

മി. സ്പീക്കർ: സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ഗുണ്ടാ-മാഫിയാ സംഘത്തിന്റെയും ലഹരി മാഫിയയുടെയും അതിക്രമങ്ങളും അഴിഞ്ഞാട്ടവും നിയന്ത്രിക്കാൻ സർക്കാർ പരാജയപ്പെട്ട പശ്ചാത്തലത്തിലും ശിക്ഷിക്കപ്പെട്ട് ജയിലിൽ കഴിയുന്ന അനർഹരായ കുറ്റവാളികൾക്ക് ശിക്ഷ ഇളവ് ചെയ്യാൻ നടക്കുന്ന നീക്കങ്ങൾ സൃഷ്ടിച്ചിട്ടുള്ള ഗൗരവതരമായ അവസ്ഥയും നിയമ സമാധാനത്തകർച്ചയും സംബന്ധിച്ച സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണ മെന്നാവശ്യപ്പെട്ട് സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, എം. ഉമ്മർ, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അടിയന്തരപ്രമേയ നോട്ടീസിൽ പ്രതിപാദിക്കുന്നതുപോലുള്ള ഗുണ്ടാ-ക്വട്ടേഷൻ-മാഫിയാ പ്രവർത്തനം സംസ്ഥാനത്ത് നിലനിൽക്കുന്നില്ല. സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട ചില സംഭവങ്ങളിൽ ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് 1-11-2016-മുതൽ ഗുണ്ടാ-ക്വട്ടേഷൻ സംഘങ്ങളെ അമർച്ചചെയ്യുന്നതിന് പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ സ്റ്റേറ്റ് ആന്റി ഗുണ്ടാ സ്ക്വാഡും എല്ലാ ജില്ലകളിലും ഗുണ്ടാവിരുദ്ധ സ്ക്വാഡും പ്രവർത്തിച്ചുവരുന്നുണ്ട്. സാമൂഹ്യവിരുദ്ധരെപ്പറ്റിയുള്ള വിവരങ്ങൾ ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവികളെയും ജില്ലാ കളക്ടർമാരെയും റേഞ്ച് ഐ.ജി.-മാരെയും അറിയിച്ചും റൗഡി ഹിസ്റ്ററി ഷീറ്റുകൾ ഓപ്പൺ ചെയ്തും ഇവരുടെ പേരിൽ ക്രിമിനൽ നടപടി നിയമത്തിലെ സുരക്ഷാ നടപടിക്രമങ്ങൾപ്രകാരം ബോണ്ടുകൾ വയ്പിച്ചും 'കാപ്പ' ആക്ട് ഉൾപ്പെടെയുള്ള കർശനമായ നിയമാനുസൃത മാർഗ്ഗങ്ങൾ അവലംബിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന് 9 മാസം പിന്നിടുമ്പോൾ 'കാപ്പ' ആക്ട് പ്രകാരം 171 പേർക്കെതിരെ നടപടിയാരംഭിച്ചതിൽ 114 പേർക്കെതിരെ വകുപ്പ് 3 പ്രകാരം ജില്ലാ കളക്ടർമാർക്കും 57 പേർക്കെതിരെ വകുപ്പ് 15 പ്രകാരം റേഞ്ച് ഐ.ജി.-മാർക്കും റിപ്പോർട്ടുകളയച്ചിട്ടുണ്ട്. വകുപ്പ് 3 പ്രകാരം 29 ഡിറ്റെൻഷൻ ഉത്തരവുകളും വകുപ്പ് 15 പ്രകാരം 18 റെസ്ട്രിക്ഷൻ ഉത്തരവുകളും നടപ്പാക്കിയിട്ടുണ്ട്. 19-2-2017 മുതൽ 27-2-2017 വരെയുള്ള

ഒരാഴ്ചക്കാലയളവിൽ രഹസ്യാന്വേഷണ വിഭാഗം തയ്യാറാക്കി ജില്ലാ പോലീസ് മേധാവികൾക്ക് അയച്ചുകൊടുത്ത പട്ടികപ്രകാരം ജില്ലാ പോലീസ് മേധാവികൾ നടപടി സ്വീകരിച്ചുകഴിഞ്ഞു. പുതുതായി 60 പേരുടെ റൗഡി ഹിസ്റ്ററി ഷീറ്റ് ഓപ്പൺ ചെയ്യുകയും സി.ആർ.പി.സി. 151 പ്രകാരം 1065 പേരെ കരുതൽ അറസ്റ്റ് ചെയ്യുകയും സി.ആർ.പി.സി. 107 (നല്ല നടപ്പിനുള്ള ബോണ്ട് വയ്ക്കൽ) പ്രകാരം 148 പേർക്കെതിരെയും സി.ആർ.പി.സി. 110 (സ്ഥിരം കുറ്റവാളികൾക്കുള്ള ബോണ്ട് വയ്ക്കൽ) പ്രകാരം 2 പേർക്കെതിരെയും നല്ല നടപ്പിന് ബോണ്ട് എക്സിക്യൂട്ട് ചെയ്തും 'കാപ്പ' ആക്ട് പ്രകാരം 7 പേർക്കെതിരെയും നടപടിയാരംഭിച്ചിട്ടുണ്ട്. വരുംദിവസങ്ങളിലും ഇത്തരം നടപടികൾ തുടരുന്നതാണ്. മുൻകാലത്ത് ജനകീയ സമരങ്ങളിൽ പങ്കെടുത്തവർക്കെതിരെയാണ് 'കാപ്പ' ചുമത്തിയിരുന്നത്. ഇപ്പോൾ അങ്ങനെയൊരു ആക്ഷേപത്തിന് യാതൊരു പഴുതുമില്ല. സംസ്ഥാനത്ത് പിടിച്ചുപറി, കയ്യേറ്റങ്ങൾ, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ, രാഷ്ട്രീയ കൊലപാതകങ്ങൾ എന്നിവയ്ക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പോലീസും പൊതുജനങ്ങളുമായുള്ള ബന്ധം മെച്ചപ്പെട്ടതിനാൽ ജനങ്ങൾ നിർഭയരായി പോലീസ് സ്റ്റേഷനുകളിലെത്തുകയും മുമ്പ് നിസ്സാരമായി കണ്ട് പോലീസിൽ പരാതിപ്പെടാതിരുന്ന ചെറിയ സംഭവങ്ങൾപോലും പരാതിപ്പെടാനും തുടങ്ങിയിട്ടുണ്ട്. ഇത് സംസ്ഥാനത്ത് കേസുകൾ റിപ്പോർട്ട് ചെയ്യുന്നതിന് ഒരു ഘടകമായി തീർന്നിട്ടുണ്ട്. നർക്കോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപിക് സബ്സ്റ്റൻസസ് (എൻ.ഡി.പി.എസ്.) ആക്ട് പ്രകാരമുള്ള കേസുകളിൽ പോലീസ്/എക്സൈസ് വകുപ്പ് ശക്തമായ നടപടി സ്വീകരിച്ചതുകൊണ്ടാണ് കേസുകളുടെ എണ്ണത്തിലും കണ്ടെടുത്ത ലഹരി വസ്തുക്കളിലും വർദ്ധനവുണ്ടായത്. സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുണ്ടാകുന്ന അതിക്രമങ്ങൾക്കെതിരെ ദ്രുതഗതിയിൽ ശക്തമായ നടപടികളാണ് സംസ്ഥാന പോലീസ് സ്വീകരിച്ചുവരുന്നത്. സമീപകാലത്ത് സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുണ്ടായ സംഭവങ്ങളിൽ പോലീസ് ശ്ലാഘനീയമായ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. ഉയർന്നുവന്ന പരാതികളിലെല്ലാം ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ കേസുകളി ലെല്ലാംതന്നെ പ്രതികളെ വളരെ പെട്ടെന്ന് അറസ്റ്റ് ചെയ്ത് നിയമത്തിനുമുമ്പിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം സ്ത്രീ സുരക്ഷയ്ക്ക് മുൻഗണന നൽകുന്ന നിരവധി പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. സ്ത്രീകളെ കാണാതാകുന്ന കേസുകളിലും ഗുരുതരമായ ലൈംഗിക കുറ്റകൃത്യങ്ങൾ സംബന്ധിച്ച കേസുകളിലും പ്രത്യേക അന്വേഷണസംഘത്തെ നിയോഗിച്ച് ഫലപ്രദമായ അന്വേഷണത്തിന് നടപടികൾ സ്വീകരിച്ചുവരുന്നു. ലൈംഗിക കുറ്റവാളികളെ തിരിച്ചറിയാനുള്ള എല്ലാ വിവരങ്ങളും അടങ്ങുന്ന ഒരു രജിസ്റ്റർ എല്ലാ പോലീസ് സ്റ്റേഷനുകളിലും തയ്യാറാക്കി സൂക്ഷിക്കുന്നതിന്

തീരുമാനിച്ച വിവരം ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിലുള്ളതാണ്. അതുപ്രകാരം കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ലൈംഗിക കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടവരുടെ വിവരം ശേഖരിക്കുന്നതിന് എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം ഇത്തരം കുറ്റകൃത്യങ്ങൾ ആവർത്തിക്കുന്നത് ഒരു പരിധിവരെ ഒഴിവാക്കാനിടയാക്കും. ജയിൽ ശിക്ഷ അനുഭവിക്കുന്നവർക്ക് പ്രത്യേക ശിക്ഷയിളവ് പ്രഖ്യാപിക്കുന്ന കീഴ്വഴക്കം സംസ്ഥാനത്ത് നിലവിലുണ്ട്. ഇത് ഗുണ്ടകളെ സംരക്ഷിക്കുന്ന നടപടിയെന്ന് വ്യാഖ്യാനിക്കുന്നത് ശരിയല്ല. ഭരണഘടനയുടെ 161-ാം അനുച്ഛേദ പ്രകാരമുള്ള സവിശേഷ അധികാരമുപയോഗിച്ച് പ്രത്യേക അവസരങ്ങളിൽ ശിക്ഷയിളവ് നൽകുന്നതിന് സംസ്ഥാനത്തിന് വിവേചനാധികാരമുണ്ട്. പരോളുകളും ഇളവുകളും ലീവും ശിക്ഷയുടെ മൂന്നിലൊന്ന് കവിയാൻ പാടില്ല. ഇപ്രകാരം പരിഗണിക്കുമ്പോൾ സി.ആർ.പി.സി. 432, 433 (എ) പ്രകാരം ജീവപര്യന്തം ശിക്ഷയനുഭവിക്കുന്ന തടവുകാർക്ക് ശിക്ഷയിളവ് നൽകുന്നതിന് 14 വർഷം യഥാർത്ഥ ശിക്ഷ പൂർത്തിയാക്കണമെന്ന് നിബന്ധനയുണ്ട്. സർക്കാർ ഏറ്റവും അവസാനമായി തടവുകാർക്ക് ശിക്ഷയിളവ് പ്രഖ്യാപിച്ചത് 29-10-2012-ലാണ്. ഇത്തരം നടപടികളുടെ തുടർച്ച എന്ന നിലയിലാണ് 2016-ൽ കേരളപ്പിറവിയുടെ വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായി പ്രത്യേക ശിക്ഷയിളവ് നൽകുന്നതിന് സർക്കാർ തീരുമാനിച്ചത്. യു.ഡി.എഫ്. സർക്കാർ മാനദണ്ഡങ്ങളനുസരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കാത്തതു കൊണ്ടാണ് നേരത്തെ അനുമതി ലഭിക്കാതെ പോയത്. നേരത്തെയുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഈ ലിസ്റ്റ് തയ്യാറാക്കാനുള്ള വ്യക്തമായ നടപടിക്രമങ്ങളാണ് ഇപ്പോഴത്തെ സർക്കാർ സ്വീകരിച്ചത്. താഴെപ്പറയുന്ന വിഭാഗങ്ങളെ ഇതിൽനിന്നും ഒഴിവാക്കുകയും ചെയ്തു:

1. വാടകക്കൊലയാളികൾ, കൊലപാതകം തൊഴിലാക്കിയവർ;

2. ജാതിമത വർഗ്ഗീയ കാരണങ്ങളാൽ കൊലപാതകം നടത്തിയവർ, രാജ്യ സുരക്ഷയ്ക്ക് ഭീക്ഷണിയുണ്ടാക്കിയവർ, രാജ്യ സുരക്ഷയ്ക്കെതിരായി കുറ്റം ചെയ്ത് ജീവപര്യന്തം തടവുശിക്ഷ അനുഭവിക്കുന്നവർ;

3. കള്ളക്കടത്ത് നടത്തുമ്പോൾ കൊലപാതകം ചെയ്തവർ, ജയിൽ ഉദ്യോഗസ്ഥർ, ജയിൽ സന്ദർശകർ, ഔദ്യോഗിക കൃത്യനിർവ്വഹണത്തിലേർപ്പെട്ടിരുന്ന സർക്കാർ ഉദ്യോഗസ്ഥർ എന്നിവരെ വധിച്ചവർ;

4. സ്ത്രീകളെയും കുട്ടികളെയും ലൈംഗികമായി പീഡിപ്പിച്ച് കൊന്നവർ, മുൻവിധിയോടുകൂടി സ്ത്രീകളെയും കുട്ടികളെയും 65 വയസ്സിനുമേൽ പ്രായമുള്ള മുതിർന്ന പൗരന്മാരെയും വധിച്ചവർ;

5. നർക്കോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപിക് സബ്സ്റ്റൻസസ് (എൻ.ഡി.പി.എസ്.) ആക്ട് പ്രകാരം ശിക്ഷിക്കപ്പെട്ടവർ;

6. അയൽ സംസ്ഥാനത്തെ കോടതികളാൽ ശിക്ഷിക്കപ്പെട്ടവർ, വിദേശികൾ.

മേൽപ്പറഞ്ഞ മാനദണ്ഡങ്ങളനുസരിച്ച് വിവിധ ജയിലുകളിൽനിന്നും 2,262 തടവുകാരുടെ പ്രൊപ്പോസൽ ജയിൽ വകുപ്പ് സർക്കാരിന് സമർപ്പിക്കുകയും ഇത് പരിശോധിക്കുന്നതിന് ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. ഈ കമ്മിറ്റിയുടെ സ്കൂട്ടിണിയുടെ അടിസ്ഥാനത്തിൽ അർഹരെന്ന് കണ്ടെത്തിയവരുടെ ഒരു ലിസ്റ്റാണ് സർക്കാർ പരിഗണിച്ചത്. സർക്കാർ പ്രത്യേക ശിക്ഷായിളവ് പ്രഖ്യാപിക്കുമ്പോൾ 1,880 തടവുകാർ ജയിലിൽനിന്ന് മോചിതരാകുമെന്ന വിധത്തിലുള്ള പ്രചരണം വസ്തുതാപരമല്ല. മയക്കുമരുന്ന് കേസിലും ഗുണ്ടാ ലിസ്റ്റിലും ഉൾപ്പെട്ട തടവുകാർക്ക് ശിക്ഷയിളവ് നൽകുന്നുവെന്ന പ്രചരണവും യാഥാർത്ഥ്യങ്ങൾക്ക് നിരക്കുന്നതല്ല. ഇതിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയ നോട്ടീസിൽ ഉന്നയിക്കുന്നതു പോലുള്ള യാതൊരു അടിയന്തര സാഹചര്യവുമുണ്ടായിട്ടില്ല. അതുകൊണ്ട് ഈ വിഷയം പ്രത്യേകമായി ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, നാലഞ്ച് വിഭാഗത്തിൽപ്പെട്ടവർക്ക് റിസംപ്ഷൻ നൽകാൻ കഴിയില്ലെന്നതാണ് അങ്ങയുടെ ആദ്യത്തെ വാദം. ടി. പി. ചന്ദ്രശേഖരൻ വധക്കേസ്സിൽ വാടകക്കൊലയാളികളാണെന്ന് കോടതി വിധിയിൽ പറഞ്ഞിട്ടുള്ളവരുടെ പേരുകൾ റിസംപ്ഷനുവേണ്ടി തയ്യാറാക്കിയ 1850 പേരടങ്ങുന്ന ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അക്കാര്യം സഭയെ അറിയിക്കണം. ഇപ്പോൾ എല്ലാ സ്ഥലത്തും ക്രിമിനൽ ആക്ടിവിറ്റീസ് കൂടുകയാണ്. "കാലൊച്ച കേൾക്കവെ വാതിൽ തുറക്കണം" എന്നാണ് 2016-ലെ ഗവർണ്ണറുടെ ആദ്യ നയപ്രഖ്യാപന പ്രസംഗത്തിൽ പരാമർശിച്ചത്. ഇപ്പോൾ കാലൊച്ച കേൾക്കവെ കതക് പൂട്ടി വീടിനകത്തേയ്ക്ക് വലിയുന്ന നിലയിലായി. എട്ട് മാസക്കാലത്തിനുള്ളിൽ 3200 അക്രമങ്ങൾ സ്ത്രീകൾക്കെതിരെ ഉണ്ടായിട്ടുണ്ട്. മൊത്തം കേസ്സുകൾ 175000. അതിൽ കുട്ടികൾക്കെതിരെയുള്ള അതിക്രമം-680, സ്ത്രീപീഡന കേസുകൾ - 1100, ലഹരി കേസ്സുകൾ - 4200, ദളിതർക്കെതിരെയുള്ള അക്രമം -7200. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ ആദ്യത്തെ 8 മാസവും ഇപ്പോഴത്തെ സർക്കാരിന്റെ ആദ്യത്തെ 8 മാസവും തമ്മിൽ താരതമ്യം ചെയ്താൽ പഴയ കാലഘട്ടത്തെക്കാൾ 61000 കേസ്സുകളുടെ വർദ്ധനവുണ്ടായിട്ടുണ്ട്. ഇതൊരു അസാധാരണ വർദ്ധനവല്ലേ? ഈ കേസ്സുകളിലെ പ്രതികളെല്ലാം അഴിഞ്ഞാടുകയാണ്. ഞാനിവിടെ അഞ്ച് കേസ്സുകൾ അങ്ങയെ ബോധ്യപ്പെടുത്താം. ഈ അഞ്ച് കേസ്സുകളിലെ പ്രതികളെ എന്തുകൊണ്ട് പോലീസ് പിടിച്ചില്ല? മുളവുകാട് കേസിലെ

പ്രതികൾക്ക് ജാമ്യം നിഷേധിച്ചതാണ്. അവസാനം അവർ കോടതിയിൽപ്പോയി സറണ്ടർ ചെയ്യുകയാണുണ്ടായത്. കോടതിയിൽ പോയി സറണ്ടർ ചെയ്യുന്നതുവരെ പോലീസ് കാത്തിരുന്നു. എന്തിനാണവർക്ക് സാവകാശം നൽകിയത്? എട്ട് വയസ്സുള്ള ഒരു പെൺകുട്ടിയെ ബലാത്സംഗം ചെയ്ത കേസിലെ പ്രതിയാണ് മുളവുകാട് കേസിലെ പ്രതി. ആ പ്രതിയെ 16 ദിവസമായിട്ടും പോലീസ് കസ്റ്റഡിയിലെടുക്കാത്തതിനെതിരെ ജനങ്ങൾ മാർച്ച് നടത്തുകയും റോഡ് ഉപരോധിക്കുകയും ചെയ്തു. അവരുടെ തല തല്ലിപ്പൊട്ടിച്ചില്ലേ; പാവപ്പെട്ടവർക്കെതിരെ പോലീസ് നടപടിയുണ്ടായില്ലേ? ഇത്തരം പ്രതികൾക്ക് കോടതിയിൽ പോയി സറണ്ടർ ചെയ്യാനുള്ള സാവകാശമൊരുക്കിയത് എന്തടിസ്ഥാനത്തിലാണ്? ഷിജിൽ എന്നാണ് ആ പ്രതിയുടെ പേര്. അതുപോലെ xxx* കീഴടങ്ങുന്നതിനുള്ള സാവകാശമൊരുക്കിക്കൊടുത്തു. അയാൾ കോടതിയിൽ കീഴടങ്ങി. കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ ഫെസ്റ്റിവലിൽ ഈ പറയുന്ന xxx* സ്വാഗത സംഘത്തിന്റെ ചെയർമാനായി. സ്വാഗതസംഘം യോഗത്തിന് പോലീസ് അവിടെ കാവൽ നിൽക്കുകയായിരുന്നു. പോലീസിന്റെ സാന്നിദ്ധ്യത്തിൽ അയാൾ സ്വാഗതസംഘം ചെയർമാനായി, രാജാവായി വിരാജിക്കുകയാണ്. സി.ബി.ഐ. അന്വേഷിച്ചു കൊണ്ടിരിക്കുന്ന കേസ്സാണ് രാമഭദ്രൻ കേസ്. രാമഭദ്രനെ കൊലചെയ്ത കേസ്സിലെ പ്രതി പി. എ. സുമൻ സി.പി.ഐ. (എം)-ന്റെ ഏരിയ കമ്മിറ്റി സെക്രട്ടറിയല്ലേ? ആ ഏരിയ കമ്മിറ്റി സെക്രട്ടറി അവസാനം കോടതിയിൽ സറണ്ടർ ചെയ്തില്ലേ? 2016 ആഗസ്റ്റ് മാസം 8-ാം തീയതി ഈരാറ്റുപേട്ടയിൽ സി.പി.ഐ.(എം)-ന്റെ മുൻ ലോക്കൽ കമ്മിറ്റി സെക്രട്ടറി കെ. എം. നസീറിനെ കൊലചെയ്ത കേസ്സിലെ പ്രതികൾ കോടതിയിൽ കീഴടങ്ങിയവരാണ്. മാർക്സിസ്റ്റ് പാർട്ടിയുടെ ഏരിയ കമ്മിറ്റി സെക്രട്ടറിയെ കൊന്ന കേസ്സിൽപ്പോലും പ്രതികൾക്ക് കോടതിയിൽ പോകാനുള്ള സാവകാശം നൽകുകയാണ് ചെയ്തത്. പ്രതികളാകുന്നവർക്ക് ഇതുപോലെയുള്ള സാവകാശം പോലീസ് നൽകുന്നു; അവർ കോടതിയിൽ പോയി കീഴടങ്ങുന്നു; അവിടെനിന്ന് അവർ രക്ഷപ്പെടുന്നു. ഇൻവെസ്റ്റിഗേഷൻ ഒഴിവാക്കാനല്ലേ ഇവർ കോടതിയിൽ കീഴടങ്ങുന്നത്. ഇൻവെസ്റ്റിഗേഷൻ ഒഴിവാക്കി രക്ഷപ്പെടുന്നതിനുവേണ്ടി നടത്തുന്ന നടപടിയോട് ആർക്കെങ്കിലും യോജിക്കാൻ കഴിയുമോ? ഇവിടെ ഗുണ്ടകൾ അഴിഞ്ഞാടുകയല്ലേ? മണ്ണാർക്കാട് ഗുണ്ടാ സംഘത്തിൽപ്പെട്ട ആളുകൾ പഞ്ചായത്ത് പ്രസിഡന്റിനെ അടിച്ച് പരിക്കേൽപ്പിച്ചു. എന്തെങ്കിലും നടപടിയുണ്ടായോ? ഗുണ്ടാസംഘം മണ്ണാർക്കാട് മുനിസിപ്പൽ കൗൺസിലറുടെ കാറിന് ബോംബ് വച്ചു. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ ചോദ്യത്തിന് അങ്ങ് ഉത്തരമായി പറഞ്ഞത്, ഇതുപോലുള്ള

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം സഭാരേഖയിൽനിന്നും നീക്കം ചെയ്തു. (ഫയൽ നമ്പർ 900/ഇ.ബി. 2017/നി.സെ. തീയതി 28-2-2017)

അക്രമങ്ങളൊന്നും ഈയടുത്തകാലത്ത് റിപ്പോർട്ട് ചെയ്തിട്ടില്ലായെന്നാണ്. എന്നാൽ അത്തരം കേസ്സുകൾ ഇപ്പോൾ വന്നിട്ടുണ്ട്. ഗുണ്ടാസംഘങ്ങൾക്കെതിരെ പോലീസ് എന്തെങ്കിലും നടപടിയെടുത്തോ? കഴിഞ്ഞയാഴ്ച ഗുണ്ടകൾ കണ്ടമംഗലത്ത് വീട് തകർത്ത് ഗൃഹനാഥനെ കൊല്ലാൻ ശ്രമിച്ചു. അവർക്കെതിരെ എന്തെങ്കിലും നടപടിയെടുത്തോ? ഒരു നടപടിയും പോലീസിന്റെ ഭാഗത്തുനിന്നുമുണ്ടായില്ലെന്ന് മാത്രമല്ല ഗുണ്ടകൾക്കനുകൂലമായി പ്രവർത്തിക്കുകയും ചെയ്തു. മഹാരാജാസ് കോളേജ് പ്രിൻസിപ്പാളിന്റെ കസേര കത്തിച്ചിട്ട് എന്ത് നടപടിയുണ്ടായി; പാലക്കാട് വിക്ടോറിയ കോളേജിൽ അക്രമം നടത്തിയ ഗുണ്ടകൾക്കെതിരെ എന്ത് നടപടി സ്വീകരിച്ചു? നീതി നടപ്പാക്കിയ പ്രിൻസിപ്പാളിന്റെ പ്രതീകാത്മക ശവസംസ്കാരച്ചടങ്ങ് നടത്തുകയല്ലേ ചെയ്തത്; അവർക്കെതിരെ എന്ത് നടപടിയുണ്ടായി? ഏറ്റവും അവസാനം ഡി.ജി.പി. ഡോ. ടി. പി. സെൻകുമാറിനെതിരെ സുരക്ഷാ ഭീഷണി വന്നിരിക്കുന്നു, അദ്ദേഹത്തിന്റെ വീടിന് പോലീസ് കാവൽ നിൽക്കുന്നുവെന്നാണ് ഇപ്പോൾ ദൃശ്യമാധ്യമങ്ങളിൽ കാണുന്നത്. ഇവിടെ ഡി.ജി.പി.-ക്കുപോലും രക്ഷയില്ല? അദ്ദേഹത്തിന്റെ വീട്ടിലേയ്ക്ക് മാർച്ച് നടത്താൻ പോകുന്നു എന്നാണ് വാർത്ത. അദ്ദേഹത്തിനും സംരക്ഷണമില്ലാത്ത ഒരവസ്ഥ ഉണ്ടായിരിക്കുകയാണ്. ജിഷ്ണു പ്രണോയിയുടെ അമ്മ മകന്റെ മരണവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിക്ക് ഒരു കത്തയച്ചിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. " 28-ാം തീയതി വരെ കാത്തിരിക്കും, എന്നിട്ടും പ്രതികളെ അറസ്റ്റ് ചെയ്യുന്നില്ലെങ്കിൽ നാട്ടുകാരെയും കൂട്ടി ഞങ്ങൾ സെക്രട്ടേറിയറ്റ് നടയിലേയ്ക്ക് വരും" എന്നാണ് ജിഷ്ണു പ്രണോയിയുടെ അമ്മ പറഞ്ഞിട്ടുള്ളത്. പ്രതികളെ അറസ്റ്റ് ചെയ്യാതെ മുഖ്യമന്ത്രി എന്റെ വീട്ടിലേയ്ക്ക് വരികയേ വേണ്ട എന്ന് അവർ പരസ്യമായി പറഞ്ഞിട്ടുണ്ട്. എസ്.എഫ്.ഐ.-ക്കാരനായിരുന്ന ഈ കുട്ടിയുടെ മരണത്തിൽ എന്തെങ്കിലും നടപടിയെടുക്കണ്ടേ?

ഇപ്പോൾ സദാചാര ഗുണ്ടകൾ അഴിഞ്ഞാടുകയാണ്. മുഖ്യമന്ത്രിയുടെ ഓഫീസിന് തൊട്ടടുത്തുള്ള യൂണിവേഴ്സിറ്റി കോളേജിൽ ഒരു പെൺകുട്ടിയെയും സുഹൃത്തിനെയും സദാചാര ഗുണ്ട ചമഞ്ഞ 13 എസ്.എഫ്.ഐ.ക്കാരാണ് ആക്രമിച്ചത്. അവർക്കെതിരെ എന്തെങ്കിലും നടപടിയെടുത്തോ? പരാതിയുണ്ടായിട്ടും എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാൻ മടികാണിച്ചുവെന്നു പറഞ്ഞ് പെൺകുട്ടി ദേശീയ വനിതാ കമ്മീഷനും മുഖ്യമന്ത്രിക്കും പരാതി നൽകി. മുഖ്യമന്ത്രിയെക്കണ്ട് പരാതിപ്പെട്ടിട്ടും യാതൊരു നടപടിയുമെടുക്കാതെ പരാതിക്കാർക്കെതിരെ കേസ്സെടുക്കുകയാണ് ചെയ്യുന്നത്. ഇതെന്ത് നടപടിയാണ്? കൊല്ലം അഴീക്കലിൽ സദാചാര ഗുണ്ടായിസത്തിന് ഇരയായ അനീഷ് ആത്മഹത്യ ചെയ്യുന്നതിനുമുമ്പ്

സ്വന്തം അമ്മയ്ക്കെഴുതിയ കത്ത് ഇന്ന് പത്രങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. "അമ്മയ്ക്ക് കണ്ണുനീർ മാത്രമേ തന്നിട്ടുള്ളൂ. ഇനിയൊരു ജീവിതം എനിക്കില്ല. ലോകം മുഴുവൻ ഞാൻ തെറ്റുകാരനാണെന്ന് പറഞ്ഞിട്ടും അമ്മ എന്നെ ചേർത്തുപിടിച്ചു. ഇനിയൊരു ജന്മമുണ്ടെങ്കിൽ ഞാൻ അമ്മയുടെ മകനായി ജനിക്കണം. ഞാൻ പോയിക്കഴിഞ്ഞാൽ എന്റെ മുറി അമ്മയ്ക്കു മാത്രം സ്വന്തം. ഏട്ടനെ എന്തുപറഞ്ഞ് സമാധാനിപ്പിക്കണമെന്ന് എനിക്കറിയില്ല. സോറി, വാക്ക് പാലിക്കാൻ പറ്റിയില്ല." സദാചാര ഗുണ്ടായിസത്തിന് വിധേയനായി ജീവനൊടുക്കിയ ഒരു കുട്ടിയുടെ കത്താണിത്. സർക്കാർ ഒരു നടപടിയുമെടുത്തില്ല. ഇവിടെ ഗുണ്ടായിസം വിളയാടുകയാണ്. കേരളത്തിലെ പ്രമുഖ മാധ്യമങ്ങൾ ഇതിനെക്കുറിച്ചെല്ലാം സർവ്വേ നടത്തി. മലയാള മനോരമ, മാതൃഭൂമി, ദീപിക തുടങ്ങിയ എല്ലാ പത്രങ്ങളും കേരളത്തിൽ നടന്ന അഴിഞ്ഞാട്ടത്തെക്കുറിച്ചും ഗുണ്ടാവിളയാട്ടത്തെക്കുറിച്ചും ഇവിടെ പറഞ്ഞില്ലേ? സർക്കാരിന്റെ കണ്ണു തുറക്കണ്ടേ; ഇതിൻമേൽ എന്തെങ്കിലും നടപടിയെടുക്കാൻ തയ്യാറാകണ്ടേ?

ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും നിങ്ങൾക്കെല്ലാവർക്കും പരിചയമുള്ള ശ്രീമതി ഭാഗ്യലക്ഷ്മിയുടെ ഇന്റർവ്യൂ ഒരു മലയാളം വാരികയിലുണ്ട്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ ജയിപ്പിക്കുന്നതിന്; പ്രതിപക്ഷ ബെഞ്ചിലിരുന്ന നിങ്ങളെ ട്രഷറി ബെഞ്ചിലെത്തിക്കുന്നതിന് ശ്രമിച്ചിട്ടുള്ള ശ്രീമതി ഭാഗ്യലക്ഷ്മി ചോദിക്കുന്നു-മുഖ്യമന്ത്രിക്ക് എന്തുകൊണ്ട് ഇതിനൊന്നും സമയമില്ലായെന്ന്. അവരുടെ ചോദ്യത്തിന് ഉത്തരമുണ്ടോ? അവർക്കൊരുത്തരവും കിട്ടുന്നില്ല. അവരെല്ലാം ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കുവേണ്ടി പ്രയത്നിച്ചവരാണ്. അവിടെനിന്ന് ശബ്ദമുണ്ടാക്കുന്നയാളുകളോട് എനിക്കൊരു വാക്കേ പറയാനുള്ളൂ. നിങ്ങളോർക്കുക, നിങ്ങളെങ്ങനെയാണ് നിങ്ങളായതെന്ന്. അതാണ് പ്രധാനപ്പെട്ട ചോദ്യം. ആ ചോദ്യത്തിന് ഒരുത്തരവുമില്ല. കാഞ്ഞിരപ്പള്ളിയിൽ പോലീസിന്റെ കണ്ണു കുത്തിപൊട്ടിച്ചില്ലേ, മണിമല പോലീസ് സ്റ്റേഷനിൽ പോലീസുകാരെ തല്ലി. പൊൻകുന്നം പോലീസ് സ്റ്റേഷൻ ആക്രമിച്ചു. തൊട്ടടുത്ത മറ്റൊരു പോലീസ് സ്റ്റേഷനും ആക്രമിച്ചു. എന്ത് നടപടിയുണ്ടായി? നടപടിയെടുത്ത ഡിവൈ.എസ്.പി.-യെ അവിടെനിന്നും സ്ഥലംമാറ്റി. ഇത്തരം സംഭവങ്ങൾ കേരളത്തിന്റെ ക്രമസമാധാന രംഗത്ത് ആഴത്തിൽ മുറിവേൽപ്പിച്ചിരിക്കുന്നതുകൊണ്ടാണ് അതിനെക്കുറിച്ച് ഇവിടെ ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നത്. അതുകൊണ്ട് പിടിവാശി ഉപേക്ഷിച്ച് സാധാരണഗതിയിൽ പറയുന്ന മറുപടി പറയാതെ, ഈ കാര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ സംസ്ഥാനത്തെ ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്തിരുന്ന വ്യക്തിയാണ്. അദ്ദേഹം ഇവിടെ ഉന്നയിച്ചതിൽ പലതും ശരിയായ വസ്തുതകളല്ല. സർക്കാർ സ്വീകരിക്കുന്ന നടപടികൾ മറച്ചുവയ്ക്കാനാണ് അദ്ദേഹം വലിയ താല്പര്യം കാണിച്ചത്. അദ്ദേഹം ഉന്നയിച്ച ഒരു കാര്യം, ജയിലിലുള്ളവരുടെ പട്ടിക തയ്യാറാക്കുമ്പോൾ അതിനകത്ത് വാടകക്കൊലയാളികളെ ഒഴിവാക്കിയിട്ടുണ്ടോ എന്നതാണ്. ഞാൻ ആദ്യം മറുപടി പറഞ്ഞപ്പോൾ മാനദണ്ഡങ്ങൾ പറഞ്ഞതാണ്, അതിൽ വാടകക്കൊലയാളികളാണ് ആദ്യമുള്ളത്. യഥാർത്ഥത്തിൽ ഇത്തവണ ശിക്ഷയിളവ് നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചപ്പോൾ ആദ്യം സ്വീകരിച്ചത്, മുൻ സർക്കാർ പൂർത്തിയാക്കാതെ വച്ച നടപടികളായിരുന്നു. അവിടെ നിന്നാണ് ഞങ്ങൾ തുടങ്ങുന്നത്. മുൻ സർക്കാരിന്റെ 5-8-2015-ലെ മന്ത്രിസഭായോഗം സ്വാതന്ത്ര്യദിനത്തിൽ സംസ്ഥാനത്തെ ജയിലുകളിൽ ജീവപര്യന്തം തടവുശിക്ഷ അനുഭവിക്കുന്നവർക്ക് ശിക്ഷയിളവ് നൽകി വിട്ടുതൽ നൽകുന്നത് സംബന്ധിച്ച് ഒരു തീരുമാനമെടുത്തു. അതിങ്ങനെയാണ് - "കുറിപ്പിലെ നിർദ്ദേശങ്ങൾ പരിഗണിച്ചു. സംസ്ഥാനത്തെ ജയിലുകളിൽ ജീവപര്യന്തം തടവ് അനുഭവിക്കുന്നവരിൽ യഥാർത്ഥ ശിക്ഷാ കാലയളവായ പതിനാലോ അതിൽ കൂടുതൽ വർഷങ്ങളോ ശിക്ഷ അനുഭവിച്ചവർ, 75 വയസ്സ് പൂർത്തിയായവർ, ക്യാൻസർ, വൃക്ക സംബന്ധമായ ഗുരുതരമായ അസുഖം ബാധിച്ചവർ എന്നിവരെ ഈ സ്വാതന്ത്ര്യദിനത്തിൽ ശിക്ഷ ഇളവുചെയ്ത് വിട്ടുതൽ ചെയ്യുന്നതിന് പരിഗണിക്കുവാൻ തീരുമാനിച്ചു. ഓരോ കേസും പ്രത്യേകം പ്രത്യേകം പരിശോധിച്ച് ബഹുമാനപ്പെട്ട ഗവർണ്ണർക്ക് ശിപാർശ സമർപ്പിക്കാൻ അഭ്യന്തര വകുപ്പിനെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു. സൽസ്വഭാവം കാഴ്ചവച്ച തടവുകാർക്ക് സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് ശിക്ഷ ഇളവ് ചെയ്യുന്നതിനുള്ള പ്രൊപ്പോസലും ആഭ്യന്തര വകുപ്പ് 12-8-2015-ൽ കൂടുന്ന മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതാണ്". ഇതാണ് 5-8-2015-ലെ തീരുമാനം. അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തല അംഗീകരിച്ച കുറിപ്പോടെ ഇത് 12-8-2015-ലെ മന്ത്രിസഭായോഗത്തിന് മുന്നിൽ വന്നു. ആ യോഗത്തിൽ ചില മാനദണ്ഡങ്ങൾ തീരുമാനിച്ചിട്ടുണ്ടായിരുന്നു. അതിലും ഏറെക്കുറെ ഇതേ മാനദണ്ഡങ്ങൾ തന്നെയാണുള്ളത്. സർക്കാർ അംഗീകരിച്ച് ഇളവ് നൽകാൻ തീരുമാനിച്ചതിൽനിന്ന് പ്രത്യേകിച്ച് ഒരു തരത്തിലുള്ള മാനദണ്ഡവ്യതിയാനവും ഞങ്ങളുടെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. ടി. പി. ചന്ദ്രശേഖരൻ വധക്കേസിൽപ്പെട്ടവർ ഇതിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്നാണ് അദ്ദേഹം ചോദിച്ചത്. അക്കാര്യം എനിക്ക് കൃത്യമായി പറയാൻ കഴിയുന്നതല്ല. സി.ആർ.പി.സി. 432, 433(A) പ്രകാരം ജീവപര്യന്തം ശിക്ഷയനുഭവിക്കുന്ന തടവുകാർക്ക് ശിക്ഷയിളവ് നൽകുന്നതിന് 14 വർഷത്തെ യഥാർത്ഥ ശിക്ഷ

പൂർത്തിയാക്കണമെന്ന നിബന്ധനയുണ്ട്. ടി.പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികൾക്ക് ഈ ഇളവ് ലഭിക്കണമെങ്കിൽ 14 വർഷം പൂർത്തിയാകണ്ടേ? 14 വർഷം ഇതുവരെ പൂർത്തിയാക്കപ്പെട്ടിട്ടില്ലല്ലോ. ഈ കാലയളവ് പൂർത്തിയാക്കു ന്നില്ലെന്നതാണ് വസ്തുത. പ്രസ്തുത ലിസ്റ്റ് ഞാൻ ഓർക്കുന്നില്ല. എന്നാൽ പൊതുന്യായമെന്ന നിലയ്ക്ക് ഞാൻ പറയുന്നത് ഇതുമാത്രമാണ്.

സ്ത്രീപീഡനക്കേസിന്റെ കാര്യത്തിൽ ഒരു തരത്തിലുള്ള വിട്ടുവീഴ്ചയും സർക്കാരിനില്ല. ഇത് പഴയ കാലമല്ല. പഴയ കാലത്തിൽനിന്നും വ്യത്യാസം വന്നിട്ടുണ്ട്. ശ്രീമതി ശ്വേതാമേനോനെ ഓർമ്മയില്ലേ? അവരുടെ മൊഴിയെന്താ യിരുന്നു? ഈ സമൂഹം അംഗീകരിക്കുന്ന, നല്ലതുപോലെ അറിയാവുന്ന ഒരു നടിയല്ലേ അവർ? കൈ പോകുന്നത് പരസ്യമായി ദൃശ്യമാധ്യമങ്ങളിലൂടെ ആളുകൾ കാണുകയല്ലേ. അന്ന് എന്തെങ്കിലും നടപടിയെടുക്കാൻ തയ്യാറായോ. ശ്രീമതി ശ്വേതാമേനോന് എതിരെയല്ലേ യൂത്ത് കോൺഗ്രസുകാർ പ്രകടനം നടത്തിയത്. എന്തൊരു അപമാനകരമായ സംഭവമാണ്. അതൊന്നുമല്ല ഈ കാലം. ഈ കാലത്ത് ശക്തമായ നടപടി സർക്കാർ സ്വീകരിക്കുന്നുണ്ടെന്നതാണ് വസ്തുത. ഒരു തരത്തിലുമുള്ള ഇളവും അക്കാര്യത്തിലുണ്ടാകില്ല.

10.00 AM]

ഇവിടെ അദ്ദേഹം വിവിധ കാര്യങ്ങൾ ഉദ്ധരിക്കുകയുണ്ടായി. എല്ലാ കേസുകളിലും ശക്തമായ നടപടിയാണെടുക്കുന്നത്. മഹാരാജാസ് കോളേജിൽ പ്രിൻസിപ്പാളിന്റെ കസേര കത്തിച്ച സംഭവം അതീവ ഗൗരവമായാണ് സർക്കാർ കണ്ടിട്ടുള്ളത്. അതിനെതിരെ ശക്തമായ നടപടിയും സ്വീകരിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കോളേജിന്റെ അന്തരീക്ഷം നിലനിർത്തുക എന്നത് ഏറ്റവും പ്രധാനമാണ്. ആ നിലപാട് തന്നെയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇത്തരം ആളുകളെ അംഗീകരിക്കാൻ ഒരു സംഘടനയും തയ്യാറായിട്ടില്ല. ആ സംഭവത്തിന് ഉത്തരവാദികളായവരെ ഉത്തരവാദപ്പെട്ട വിദ്യാർത്ഥി സംഘടനകൾ തന്നെ പുറത്താക്കാൻ തയ്യാറായി. അവരെ സംരക്ഷിക്കാൻ പ്രകടനം നടത്തുകയല്ല ചെയ്തത്. ഡി.ജി.പി. ഡോ. ടി. പി. സെൻകുമാറിന്റെ വീട്ടിലേയ്ക്ക് മാർച്ച് നടത്തുന്ന കാര്യം അദ്ദേഹം പറഞ്ഞതായി എനിക്ക് തോന്നി.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇന്ന് രാവിലെ എല്ലാ ദൃശ്യ-മാധ്യമങ്ങളിലും ഡി.ജി.പി. ഡോ. ടി. പി. സെൻകുമാറിന്റെ ജീവന് സുരക്ഷാ ഭീഷണിയുണ്ടെന്നുള്ള വാർത്ത വന്നതാണ്. അങ്ങ് അക്കാര്യം പരിശോധിച്ചാൽമതി.

ശ്രീ. പിണറായി വിജയൻ: ഡോ. ടി. പി. സെൻകുമാർ പഴയ പിടിയിലില്ല, വിട്ടുപോയി. ഇപ്പോൾ ഇങ്ങോട്ടായി പിടിത്തം. അതോർമ്മ വേണം. പഴയ നില തന്നെ ഡോ. ടി. പി. സെൻകുമാർ സ്വീകരിക്കുകയാണെന്ന ധാരണയിൽ

നിൽക്കരുത്. ആ നില മാറി. അദ്ദേഹം പുതിയ താവളം നോക്കുകയാണ്. അത് മറക്കേണ്ട. സംസ്ഥാനത്തെ ഡി.ജി.പി. എന്ന നിലയിലല്ല അദ്ദേഹം സംസാരിക്കുന്നതും പ്രവർത്തിക്കുന്നതും. സർക്കാരിനെ അപകീർത്തിപ്പെടുത്തുന്ന രീതിയിലുള്ള തെറ്റായ കാര്യങ്ങൾ സംസാരിക്കുകയാണ്. നിങ്ങൾ ആരെങ്കിലും പറഞ്ഞാൽ അത് രാഷ്ട്രീയമായി പറയുന്നതാണെന്ന് കണക്കാക്കാം. അദ്ദേഹം ഒരു ഉദ്യോഗസ്ഥനാണ്. നിങ്ങൾക്ക് വേണ്ടിയല്ല ഇപ്പോഴുള്ളത്; നിങ്ങളുടെ കയ്യിലല്ല ഇപ്പോൾ നിൽക്കുന്നത്; മറ്റാളുകളുടെ കയ്യിലായി; അത് ഓർമ്മിക്കണമെന്ന് മാത്രമേ ഞാൻ പറയുന്നുള്ളൂ. ഡി.ജി.പി. എന്ന നിലയിൽ അദ്ദേഹത്തിന് മാന്യമായ സ്ഥാനം കൊടുത്തിട്ടുണ്ട്. നേരത്തേ ഡി.ജി.പി.-ക്ക് ഇവർ കൊടുത്ത മാന്യമായ ചില സ്ഥാനങ്ങളുണ്ട്. അതുപോലെയുള്ള മാന്യമായ സ്ഥാനം തന്നെയാണ് ഞങ്ങളും കൊടുക്കാൻ തയ്യാറായിട്ടുള്ളത്.

ജിഷ്ണു പ്രണോയിയുടെ കാര്യത്തിൽ ഈ സർക്കാർ എത്ര വേഗത്തിലാണ് കാര്യങ്ങൾ നടത്തിയതെന്ന് ആലോചിക്കണം. ആ സംഭവം നടന്ന ഉടൻ, ആരുടെയും നിർദ്ദേശം വരുന്നതിന് മുമ്പ്, ഒരു പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചു. ആ പ്രത്യേക അന്വേഷണ സംഘം കാര്യങ്ങൾ അന്വേഷിക്കാൻ പുറപ്പെട്ടു. ആ കുടുംബത്തിന് പറ്റിയത് വലിയ നഷ്ടം തന്നെയാണ്. അത് ആരാലും നികത്താൻ കഴിയുന്നതല്ലെന്നുള്ളത് ഉറപ്പാണ്. പക്ഷെ, ആ സംഭവമുണ്ടായ ഉടനെ സർക്കാരിന്റെ താൽക്കാലിക സമാശ്വാസം എന്ന നിലയിൽ, ഒന്നും പകരമല്ലെന്നുള്ള ധാരണയിൽത്തന്നെ, ആ കുടുംബത്തിന് പത്ത് ലക്ഷം രൂപ നൽകാൻ തീരുമാനിച്ചു. അതും ആരും ആവശ്യപ്പെട്ടിട്ടില്ല. ആ ദൗർഭാഗ്യകരമായ സംഭവമുണ്ടായതിന്റെ തൊട്ടടുത്ത ദിവസമാണ് തുക കൊടുക്കാൻ ഞങ്ങൾ തീരുമാനിക്കുന്നത്. കോഴിക്കോട് ജില്ലയിലുള്ള എക്സൈസ് വകുപ്പുമന്ത്രി ശ്രീ. റ്റി. പി. രാമകൃഷ്ണൻ അവിടെ പോയി തുക കൊടുക്കുകയും ചെയ്തു. അവർക്ക് സ്വാഭാവികമായുള്ള മനോവേദനയുണ്ട്. ആ വേദന അത്ര പെട്ടെന്ന് മാറുന്നതല്ല. അവരുടെ വേദനയുടെ ഭാഗമായി പല കാര്യങ്ങളും പറയുന്നുണ്ട്. ആവശ്യമായ നടപടികളാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഒരു ഘട്ടത്തിൽ സ്പെഷ്യൽ പ്രോസിക്യൂട്ടറുടെ സേവനം വേണമെന്ന് അവർ ആവശ്യപ്പെട്ടു. സാധാരണ നിലയിൽ വിചാരണ തുടങ്ങുന്ന സമയത്താണ് സ്പെഷ്യൽ പ്രോസിക്യൂട്ടറുടെ സേവനം കൊടുക്കുന്നതെന്ന് എല്ലാവർക്കുമറിയാം. ഇത് ആവശ്യപ്പെട്ട ഉടനെ, നാല് ദിവസം കഴിഞ്ഞപ്പോഴാണ് ഞങ്ങളുടെ മുമ്പിൽ പേപ്പർ വരുന്നത്. അപ്പോൾത്തന്നെ അനുവദിച്ചുകൊടുത്തു. ഇതൊക്കെ ചെറിയ കാര്യമാണോ? എത്ര വേഗത്തിലാണ് കാര്യങ്ങൾ നീങ്ങിയത്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, പാർലമെന്ററികാര്യ വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ പറഞ്ഞുതരുന്നത് കേട്ട് അങ്ങ് പരിശോധിക്കാതെ കാര്യങ്ങൾ പറയരുത്. ഞങ്ങൾ ശ്രീ. ഉദയഭാനുവിന് എത്ര കേസ്സുകൾ കൊടുത്തിട്ടുണ്ട്. ശ്രീ. വി. എസ്. സുനിൽ കുമാർ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ പബ്ലിക് പ്രോസിക്യൂട്ടറായി എത്ര ദിവസം മുമ്പ് നിയമിച്ചിട്ടുള്ളതാണ്. ഇതൊന്നും പുതിയ കാര്യമല്ല.

ശ്രീ. പിണറായി വിജയൻ: സർ, ഞാൻ പറഞ്ഞത് അദ്ദേഹം തെറ്റിദ്ധരിച്ചതാണ്. സ്പെഷ്യൽ പ്രോസിക്യൂട്ടറെ നിയമിക്കുന്നത് പുതിയ കാര്യമല്ല. സ്പെഷ്യൽ പ്രോസിക്യൂട്ടറെ സാധാരണ എത്രയോ കേസ്സുകളിൽ നിയമിക്കാറുണ്ട്, മുമ്പും നിയമിച്ചിട്ടുണ്ട്, എൽ.ഡി.എഫ്.-ന്റെ ഭരണകാലത്തും യു.ഡി.എഫ്.-ന്റെ ഭരണ കാലത്തും നിയമിച്ചിട്ടുണ്ട്. കേസിന്റെ ആരംഭഘട്ടത്തിൽ തന്നെ സ്പെഷ്യൽ പ്രോസിക്യൂട്ടറെ നിയമിച്ചതിനെക്കുറിച്ചാണ് ഞാൻ പരാമർശിച്ചത്. സാധാരണ നിലയിൽ ഒരു പെറ്റീഷൻ വന്നാൽ, ആ പെറ്റീഷന്റെ കാര്യത്തിൽ സ്വീകരിക്കേണ്ട നടപടികൾ ബഹുമാനപ്പെട്ട മുൻ ആഭ്യന്തര വകുപ്പുമന്ത്രിക്കറിയാം. ഇക്കാര്യത്തിൽ അഭിപ്രായം അറിയാനായി ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന് പെറ്റീഷൻ അയച്ചുകൊടുക്കും. അതിനുശേഷം അതിന്റെ റിപ്പോർട്ട് തരണം. ഇതെല്ലാം കാലതാമസമുള്ള കാര്യമാണ്. എല്ലാവർക്കും ഈ കേസിനെപ്പറ്റി അറിയാം. ഇതിനൊന്നും കാത്തുനിൽക്കാതെ അതിവേഗത്തിൽ ചെയ്തുകൊടുക്കുകയാണ് ചെയ്തത്. അത് ഈ കേസിന്റെ പ്രത്യേകത കൊണ്ടാണ്. ആ പ്രത്യേകതയ്ക്കനുസരിച്ച് ഞങ്ങൾ കാര്യങ്ങൾ ചെയ്തുവെന്നുള്ളതാണ് വസ്തുത.

സദാചാരഗുണ്ട ചമഞ്ഞ് സ്വീകരിക്കുന്ന നടപടികൾ സർക്കാർ ഗൗരവമായി തന്നെയാണ് കാണുന്നത്. അനീഷ് ആത്മഹത്യ ചെയ്യാനിടയായ സംഭവം ദൗർഭാഗ്യകരമാണ്. അതിലും ഫലപ്രദമായ നടപടിയാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. ഒരുതരത്തിലുള്ള അലംഭാവവും അക്കാര്യത്തിലുണ്ടായിട്ടില്ല. കർക്കശമായ നടപടി ഇത്തരം ആളുകൾക്കെതിരെ സ്വീകരിക്കും.

നിങ്ങളെങ്ങനെയാണ് നിങ്ങളായതെന്ന് ഓർമ്മ വേണമെന്ന് അദ്ദേഹം പറയുകയുണ്ടായി. ഞങ്ങൾ എങ്ങനെയാണ് ഞങ്ങളായതെന്ന് നല്ലതുപോലെ ഓർത്തുകൊണ്ടാണ് ഞങ്ങളിരിക്കുന്നത്. ഞങ്ങളെ ഞങ്ങളാക്കിയവരെ ഒരിക്കലും മറന്നുകൊണ്ടുള്ള നിലപാട് ഈ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകില്ല. അത് പൂർണ്ണമായും ഉൾക്കൊണ്ടുതന്നെയാണ് ഞങ്ങൾ നടപടികൾ സ്വീകരിക്കുന്നത്. അതുകൊണ്ട് തന്നെ സ്ത്രീകൾക്കെതിരെയുള്ള അതിക്രമം, ഗുണ്ടാ പ്രവർത്തനം, മറ്റ് തരത്തിലുള്ള അതിക്രമങ്ങൾ തുടങ്ങിയവയ്ക്കെതിരെ അതിശക്തമായ നടപടി ഈ സർക്കാർ സ്വീകരിക്കുകയാണ്. അതിൽ ഒരുതരത്തിലുള്ള വിട്ടുവീഴ്ചയുമുണ്ടാകില്ല.

കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ധാരാളം ആക്ഷേപങ്ങൾ 'കാപ്പ ആക്ട് ' ചുമത്തുന്ന കാര്യത്തിലുണ്ടായതാണ്. എന്നാൽ ഇപ്പോൾ 'കാപ്പ' ചുമത്തുന്നതിനെപ്പറ്റി വലിയ ആക്ഷേപങ്ങളൊന്നും ഉയർന്നുവന്നിട്ടില്ല. കാരണം, രാഷ്ട്രീയ കേസ്സുകൾക്ക് ഇത് ബാധകമാക്കാൻ പാടില്ലെന്ന് ആ നിയമത്തിൽ തന്നെ വ്യക്തമായി പറഞ്ഞിരിക്കുകയാണ്. എന്നാൽ രാഷ്ട്രീയ കേസുകൾക്കായിരുന്നു നേരത്തെ ഇത് ബാധകമാക്കിയിരുന്നത്. അങ്ങനെയുള്ള നടപടി ഞങ്ങൾ സ്വീകരിക്കുന്നില്ല. യഥാർത്ഥ ഗുണ്ടകളെ ഗുണ്ടകളായി കണ്ടുകൊണ്ടുള്ള കടുത്ത നടപടി ഈ സർക്കാർ സ്വീകരിക്കുകതന്നെ ചെയ്യും. അതുകൊണ്ടുതന്നെ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ദൈവത്തിന്റെ സ്വന്തം നാടായ കേരളം ഗുണ്ടകളുടെ സ്വന്തം നാടായി മാറിയിരിക്കുകയാണ്. കേരളത്തിൽ ഗുണ്ടാരാജാണ് നടക്കുന്നത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ ഉന്നയിച്ച പ്രധാനപ്പെട്ട ഒരു വിഷയത്തിനും മുഖ്യമന്ത്രി മറുപടി പറഞ്ഞില്ല. കേരളത്തിലെ പ്രമുഖ ദിനപത്രങ്ങളെല്ലാം വായിച്ചുനോക്കിയാൽ കേരളത്തിൽ ഗുണ്ടകൾ, സദാചാര ഗുണ്ടകൾ, സാമൂഹ്യ വിരുദ്ധന്മാർ, ക്വട്ടേഷൻ സംഘങ്ങൾ ഇവരെല്ലാം ജനങ്ങളുടെ ജീവിതത്തെ പന്താടുന്നതായി നമുക്ക് കാണാൻ കഴിയും. എട്ട് മാസത്തിനിടയിൽ 1.75 ലക്ഷം ക്രിമിനൽ കേസുകൾ കേരളത്തിൽ രജിസ്റ്റർ ചെയ്തുവെന്നാണ് മലയാള മനോരമ പത്രം പറയുന്നത്.

ഈ ഗവൺമെന്റിന്റെ കാലത്ത് പോലീസ് സ്റ്റേഷനിൽ ആളുകൾക്ക് പോകാമെന്നും അതുകൊണ്ടാണ് കേസ് രജിസ്റ്റർ ചെയ്യുന്നതെന്നുമാണ് മുഖ്യമന്ത്രി പറയുന്നത്. എറണാകുളത്ത് രണ്ട് ചെറുപ്പക്കാരെ പിടിച്ചുകൊണ്ടുപോയി അവരുടെ വസ്ത്രങ്ങൾ മുഴുവൻ മാറ്റി ലോക്കപ്പിലിട്ട് മർദ്ദിച്ച സംഭവത്തിൽ ശ്രീ. ഹൈബി ഈഡൻ, എം.എൽ.എ.-യ്ക്ക് പോലീസ് സ്റ്റേഷനുമുന്നിൽ സത്യാഗ്രഹം ഇരിക്കേണ്ടിവന്നു. ആളുകൾക്ക് പോലീസ് സ്റ്റേഷനിൽ പോകാൻ യാതൊരു പ്രയാസവുമില്ലെന്നും സൗഹൃദപരമായി പോകാമെന്നുമാണ് മുഖ്യമന്ത്രി പറയുന്നത്. പിടിച്ചുകൊണ്ടുപോകുന്ന പ്രതികളെപ്പോലും ലോക്കപ്പിലിട്ട് ഭീകരമായി മർദ്ദിക്കുന്ന സ്ഥിതിയുണ്ടായി. പോലീസ് കംപ്ലെയിന്റ് അതോറിറ്റി ചെയർമാൻ ജസ്റ്റിസ് ശ്രീ. നാരായണക്കുറുപ്പിന് പോലീസ് സ്റ്റേഷൻ സന്ദർശിക്കേണ്ടിവന്നു. ഇതാണോ പോലീസ് സ്റ്റേഷനിൽ സൗഹൃദമായ അന്തരീക്ഷമെന്ന് മുഖ്യമന്ത്രി പറയുന്നത്.

ഒൻപത് മാസത്തിനുള്ളിൽ 175000 കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. 18 കൊലപാതകങ്ങളുണ്ടായി. സ്ത്രീ സുരക്ഷയെപ്പറ്റി മുഖ്യമന്ത്രി പറഞ്ഞു. സ്ത്രീകൾക്ക് ഇന്ന് രക്ഷയില്ലാത്ത അവസ്ഥയാണ്. അതിക്രമങ്ങൾ വർദ്ധിക്കുന്നു. ബലാത്സംഗങ്ങൾ-1085, പ്രായപൂർത്തിയാകാത്ത കുട്ടികളെ പീഡിപ്പിച്ചത്-620, സ്ത്രീകളെ അപമാനിക്കൽ-2690 എന്നിങ്ങനെ കണക്കുകൾ പോകുന്നു. സംസ്ഥാനത്തിന്റെ ക്രമസമാധാനനില അനുദിനം വഷളാവുകയാണ്. എന്റെ മണ്ഡലത്തിൽ മാത്രം ക്വട്ടേഷൻ സംഘങ്ങൾ രണ്ട് കൊലപാതകങ്ങൾ നടത്തി. എന്റെ മണ്ഡലവുമായി ചേർന്നുകിടക്കുന്ന കായംകുളത്തും ഒരു ക്വട്ടേഷൻ കൊലപാതകം നടന്നു. കാർത്തികപ്പള്ളി താലൂക്കിൽ മാത്രം ഒന്നര ആഴ്ചയ്ക്കുള്ളിൽ മൂന്ന് കൊലപാതകങ്ങൾ നടന്നു. ഇതെല്ലാം ക്വട്ടേഷൻ സംഘങ്ങൾ നടത്തുന്നതാണ്. ഇവിടെ പോലീസ് ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോ?

ഗുണ്ടാവിളയാട്ടത്തെപ്പറ്റി പറഞ്ഞു. കൊച്ചിയിലുണ്ടായ ഗുണ്ടാ വിളയാട്ടം സംബന്ധിച്ച് ബഹുമാന്യനായ മുഖ്യമന്ത്രിക്കുവേണ്ടി ശ്രീ. എ. കെ. ബാലൻ അന്ന് പറഞ്ഞത് പ്രതികളാരാണെങ്കിലും അവർക്കെതിരെ നടപടിയെടുക്കുമെന്നാണ്. സക്കീർ ഹുസൈന്റെയും കറുകപ്പള്ളി സിദ്ദിഖിന്റെയും കാര്യം ഇവിടെ പറഞ്ഞു. കേരളത്തിൽ ഗുണ്ടാ-മാഫിയ സംഘങ്ങൾ അരങ്ങേറുന്നതിന്റെ നേർക്കാഴ്ചയാണ് നാം എറണാകുളത്ത് കണ്ടുകൊണ്ടിരിക്കുന്നത്. വെള്ളറടയിൽ കടയടച്ച് വീട്ടിലേയ്ക്ക് പോകുകയായിരുന്ന വ്യാപാരിയെയും ബന്ധുവിനെയും പതിനെട്ടംഗ സംഘം വെട്ടി പരിക്കേല്പിച്ചിട്ട് യാതൊരു നടപടിയുമില്ല. സദാചാര ഗുണ്ടകൾ ഇവിടെ അരങ്ങ് തകർക്കുകയാണ്. യൂണിവേഴ്സിറ്റി കോളേജിൽ തന്റെ സുഹൃത്തിനെ കാണാനെത്തിയ വിജേഷ് എന്ന യുവാവിനെ എസ്.എഫ്.ഐ. പ്രവർത്തകർ ക്രൂരമായി മർദ്ദിച്ചു. സുഹൃത്തുക്കളായ പെൺകുട്ടികളെയും മർദ്ദിച്ചു. മർദ്ദനമേറ്റവർക്കെതിരെ ജാമ്യമില്ലാ വകുപ്പനുസരിച്ച് കേസ്സെടുത്തു. കുറ്റവാളികൾക്ക് സ്വൈര്യമായി വിഹരിക്കാനുള്ള അവസരമുണ്ടാക്കി. കോഴിക്കോട് മടപ്പള്ളി കോളേജിൽ എസ്.എഫ്.ഐ. പ്രവർത്തകർ സദാചാര ഗുണ്ടകളായി മാറി. അതിലും നടപടിയില്ല. നിലമ്പൂരിൽ മാതൃഭൂമി മാധ്യമ പ്രവർത്തകനെയും സഹോദരനെയും സുഹൃത്തിനെയും സദാചാര ഗുണ്ടകൾ ആക്രമിച്ചു. പോലീസിൽ പരാതിപ്പെട്ടപ്പോൾ ബലാത്സംഗം ചെയ്തിട്ടുണ്ടെങ്കിൽ കേസ്സെടുക്കാമെന്നാണ് പോലീസ് പറയുന്നത്. ഇതാണോ സൗഹൃദമായ പോലീസ് എന്ന് മുഖ്യമന്ത്രി പറഞ്ഞത്; ആർക്കും പരാതി കൊടുക്കാമെന്ന് പറഞ്ഞത് ഇതാണോ?

കൊല്ലം അഴീക്കലിൽ നടന്നത് കേരളത്തെ ഞെട്ടിച്ച സംഭവമാണ്. വാലന്റൈൻസ് ഡേയിൽ അട്ടപ്പാടിയിൽ ഒരു യുവാവും യുവതിയും ഒരുമിച്ചിരുന്ന സമയത്താണ് അവിടെ ഒരുകൂട്ടം ആളുകൾ അവരെ ഭീഷണിപ്പെടുത്തി

ഫോട്ടോ എടുത്ത് പീഡിപ്പിക്കാൻ ശ്രമിച്ചത്. അതിൽ മനംനൊന്താണ് ആ യുവാവ് ആത്മഹത്യ ചെയ്തത്. തിരുവനന്തപുരത്ത് കനകക്കുന്നിൽ ഒരു യുവതിയുടെ തോളിൽ ഒരു യുവാവ് കൈ ഇട്ടുവെന്ന് പറഞ്ഞ് പിങ്ക് പോലീസ് അവരെ പീഡിപ്പിക്കാൻ ശ്രമിച്ചു. അവർ പരാതി കൊടുത്തിട്ട് ഒരു നടപടിയുമുണ്ടായില്ല. കൊഴിഞ്ഞാംപാറയിൽ പത്തൊമ്പതുകാരിയായ ദളിത് യുവതിയെ സദാചാര പോലീസ് ചമഞ്ഞ് തട്ടിക്കൊണ്ടുപോയി പീഡിപ്പിച്ചു. ആലപ്പുഴയിൽ ഭൂട്ടാൻ സ്വദേശിയായ ഒരു യുവതിയെ പീഡിപ്പിച്ചു. ആ കേസ്സിലും ഒരു നടപടിയുമുണ്ടായില്ല. ആലപ്പുഴയിൽ ഒരു സിനിമാനടിക്കുനേരെ ഒരു ഹോട്ടലിലുണ്ടായ സംഭവം മാധ്യമങ്ങളിൽ വന്നു. നടപടിയുണ്ടാകുന്നില്ല. ഇതുപോലെ നിരവധി കേസുകളുണ്ട്.

യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കോട്ടയത്തെ എസ്.എം.ഇ.-യിൽ വച്ച് പട്ടാപ്പകൽ പെട്രോളൊഴിച്ച് ഒരു പെൺകുട്ടിയെ തീ കൊളുത്തിക്കൊന്ന നിഷ്ഠൂര സംഭവമുണ്ടായി. ആ കുട്ടി എന്റെ നിയോജകമണ്ഡലത്തിലുള്ളതാണ്. നിരപരാധിയായ ആ കുട്ടിക്കുനേരെയുണ്ടായ അക്രമം ഈ സംസ്ഥാനത്തല്ലേ നടന്നത്? സ്ത്രീകൾക്കും കുട്ടികൾക്കും സ്വൈരമായി നടക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. ഇതാണ് യാതൊരു പ്രശ്നവുമില്ലെന്നും മുൻകാലങ്ങളെപ്പോലെയല്ലെന്നും മുഖ്യമന്ത്രി പറഞ്ഞത്. അത് പൂർണ്ണമായും ഞാൻ അംഗീകരിക്കുന്നു. പണ്ടുണ്ടായതിനേക്കാൾ ഇരട്ടി അക്രമസംഭവങ്ങളും കൊലപാതകങ്ങളും സ്ത്രീ പീഡനങ്ങളും കേരളത്തിൽ നടക്കുകയാണ്. അങ്ങ് ശ്രദ്ധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ഫോർട്ട് കൊച്ചി കടപ്പുറത്ത് കുടുംബത്തോടൊപ്പം വന്ന യുവാവിനെ പോലീസ് ഭീകരമായി മർദ്ദിച്ചു. എറണാകുളത്തെ സി.പി.ഐ. (എം)-ന്റെ ബ്രാഞ്ച് കമ്മിറ്റി സെക്രട്ടറിയാണദ്ദേഹം. പോലീസിന്റെ മനോവീര്യം തകർക്കുന്ന നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകില്ലെന്ന് മുഖ്യമന്ത്രി പറഞ്ഞു. പോലീസിന്റെ മനോവീര്യം നിലനിർത്താൻ പാവപ്പെട്ട ജനങ്ങളെ ഭീതിയിലാഴ്ത്തരുതെന്നാണ് ശ്രീ. വി. എസ്. അച്യുതാനന്ദൻ പറഞ്ഞത്. സംസ്ഥാനത്ത് ക്വട്ടേഷൻ സംഘങ്ങൾ അഴിഞ്ഞാടുകയാണ്.

ഓപ്പറേഷൻ സുരക്ഷ കഴിഞ്ഞ സർക്കാർ നടപ്പാക്കിയെന്നുള്ളതുകൊണ്ട് ഈ സർക്കാർ അത് നിർത്തിവയ്ക്കേണ്ട ആവശ്യമില്ലായിരുന്നു. രണ്ട് ലക്ഷത്തിലധികം ഗുണ്ടകളെയും സാമൂഹ്യ വിരുദ്ധന്മാരെയും അറസ്റ്റുചെയ്ത കേരള പോലീസിന്റെ നല്ലൊരു പദ്ധതിയായിരുന്നു അത്. ജനങ്ങളെ ഭീഷണിപ്പെടുത്തുന്ന ഗുണ്ടകളെയും സാമൂഹ്യ വിരുദ്ധന്മാരെയും അമർച്ച ചെയ്യാൻ അത്തരം പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകേണ്ടതായിരുന്നു.

ജില്ലാ പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഒരു സമിതി രൂപീകരിച്ചിട്ടുണ്ടെന്ന് അങ്ങ് പറഞ്ഞു. ആ സമിതികൾക്ക് പ്രവർത്തിക്കാൻ കഴിയുന്നില്ല. 'ഗുണ്ടകൾക്കുമുമ്പിൽ വാല് ചുരുട്ടി പോലീസ് ' എന്ന തലക്കെട്ടോടുകൂടി കേരള കൗമുദി ദിനപത്രത്തിൽ വാർത്ത വന്നു. ജില്ലയിൽ നിത്യേന ഇരുപതിലേറെ ഗുണ്ടാ മാഫിയാ ആക്രമണ കേസുകൾ റിപ്പോർട്ട് ചെയ്യുന്നുണ്ട്. അതെല്ലാം പോലീസ് ഒതുക്കുകയാണെന്നാണ് പറയുന്നത്. ജില്ലാ-സംസ്ഥാന തലങ്ങളിൽ എസ്.പി.-മാരെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് അങ്ങ് പറഞ്ഞല്ലോ; പക്ഷെ യഥാർത്ഥത്തിൽ ഇവർക്കൊന്നും ഫലപ്രദമായി യാതൊരു പ്രവർത്തനവും നടത്താൻ കഴിയുന്നില്ല. ഒന്നുകിൽ മുഖ്യമന്ത്രി ഇതൊന്നും അറിയുന്നില്ല; അല്ലെങ്കിൽ മുഖ്യമന്ത്രിയെ ഇക്കാര്യങ്ങൾ അറിയിക്കുന്നില്ല. കേരളാ പോലീസിന്റെ ഭരണത്തിൽ മുഖ്യമന്ത്രിയുടെ പിടി അയയുന്നു എന്നുള്ളതിന്റെ ഉദാഹരണമാണ് ഓരോ ദിവസവും ഉണ്ടായിക്കൊണ്ടിരിക്കുന്ന സംഭവങ്ങൾ. പോലീസ് വകുപ്പിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഇത്രയും ഗുരുതരമായ അവസ്ഥ അങ്ങ് കണ്ടില്ലെന്ന് നടിച്ചത് ദുഃഖകരമായിപ്പോയി. അങ്ങ് ശ്രീമതി ശ്വേത മേനോനെപ്പറ്റിയൊക്കെ പറഞ്ഞു. നിയമസഭയിലെ ഒരു എം.എൽ.എ.-യ്ക്കുണ്ടായ അനുഭവം കൈരളി ടി.വി-യിൽ വന്നതൊന്നും ഞാനിവിടെ പറയാൻ ആഗ്രഹിക്കുന്നില്ല.

സ്ത്രീ സുരക്ഷയ്ക്കുവേണ്ടി നിലകൊണ്ടിട്ടുള്ള സംസ്ഥാനമാണ് കേരളം. സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുണ്ടാകുന്ന അതിക്രമങ്ങൾ, സാമൂഹ്യവിരുദ്ധന്മാരുടെ അഴിഞ്ഞാട്ടങ്ങൾ, സദാചാര ഗുണ്ടകളുടെ അഴിഞ്ഞാട്ടങ്ങൾ, ക്വട്ടേഷൻ സംഘങ്ങളുടെ അരങ്ങ് തകർക്കൽ എന്നിവയൊന്നും കണ്ടില്ലെന്ന് നടിക്കുന്ന സർക്കാരിന്റെ നടപടിക്കെതിരെ അതിശക്തമായ പ്രതിഷേധം ഞാൻ രേഖപ്പെടുത്തുകയാണ്. ജനങ്ങൾക്ക് ജീവിക്കാൻ കഴിയാത്ത അവസ്ഥയാണ് ഇന്ന് കേരളത്തിലുള്ളത്. ഈ അവസ്ഥയ്ക്ക് മാറ്റമുണ്ടാകണം. ഇതിനെ നിയന്ത്രിക്കാൻ സർക്കാർ തയ്യാറാകണം. പോലീസിന്റെ നിഷ്ക്രിയത്വത്തെ മുഖ്യമന്ത്രി ന്യായീകരിക്കുകയാണ്. മുഖ്യമന്ത്രി പ്രതികളെ സംരക്ഷിക്കാൻ ശ്രമിക്കുന്നു. തടവുകാരിൽ അനാവശ്യമായി 'കാപ്പ' ചുമത്തുന്നില്ലെന്ന് മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. അത് ശരിയാണ്. കണ്ണൂർ ജില്ലയിലൊന്നും ഇപ്പോൾ 'കാപ്പ' പോയിട്ട് അവരുടെ പേരിൽ കേസ് പോലും എടുക്കുന്നില്ല. ഇത് അപകടകരമാണ്. രാഷ്ട്രീയ സംരക്ഷണം സാമൂഹ്യവിരുദ്ധർക്കും ക്വട്ടേഷൻ സംഘങ്ങൾക്കും നൽകിയാൽ അതിന്റെ ഫലം ദുരന്തമായിരിക്കും. 'കാപ്പ' ചുമത്തുന്നതിന് നിയമങ്ങളുണ്ട്. കേരളത്തിൽ ഏത് സർക്കാർ ഭരിച്ചാലും രാഷ്ട്രീയ പ്രവർത്തകരുടെ പേരിൽ അനാവശ്യമായി 'കാപ്പ' ചുമത്തുകയില്ലെന്ന് ഞാൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നപ്പോൾ ഈ സഭയിൽ പറഞ്ഞു. പക്ഷേ 'കാപ്പ' ചുമത്തേണ്ട

സാമൂഹ്യവിരുദ്ധരുടെ പേരിൽ അന്ന് 'കാപ്പ' ചുമത്തിയിട്ടുണ്ട്. അതുകൊണ്ടാണ് കേരളത്തിലെ ക്രമസമാധാനം നിലനിന്നത്. അങ്ങയുടെ ഈ പ്രസ്താവന കേരളത്തിലെ ഗുണ്ടകൾക്കും സാമൂഹ്യവിരുദ്ധർക്കും പ്രേരണയാകുമോയെന്ന് ഞാൻ ഭയപ്പെടുകയാണ്. കുറ്റകൃത്യങ്ങൾ ചെയ്താൽ അവരുടെ പേരിൽ 'കാപ്പ' ചുമത്തില്ലെന്ന നിലപാട് സർക്കാർ എടുക്കാൻ പാടില്ല. അത് കേരളത്തിന് അപകടകരമാണ്. നമ്മളൊക്കെ രാഷ്ട്രീയ പ്രവർത്തകരാണ്. രാഷ്ട്രീയത്തിൽ ക്രിമിനൽ സ്വഭാവമുള്ളവരുണ്ടാകും. അവരെ രാഷ്ട്രീയത്തിന്റെ കണ്ണാടിയിലൂടെ കാണാതെ കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ മാതൃകാപരമായി ശിക്ഷിക്കാനുള്ള ഉത്തരവാദിത്തം സർക്കാരിനും പോലീസിനുമുണ്ട്. അവർക്ക് രാഷ്ട്രീയ സംരക്ഷണം കൊടുക്കുന്ന നടപടിയായിപ്പോയി ഇന്ന് മുഖ്യമന്ത്രിയുടെ പ്രസംഗമെന്ന് പറയുന്നതിൽ എനിക്ക് അതിയായ ഖേദമുണ്ട്. സംസ്ഥാനം ഗുണ്ടകളുടേയും സാമൂഹ്യവിരുദ്ധരുടേയും കേന്ദ്രമായി മാറുമ്പോഴും സർക്കാർ അനങ്ങാതിരിക്കുന്നു, നിഷ്ക്രിയമായിരിക്കുന്നു. കേരളത്തിലെ ക്രമസമാധാനനില അനുദിനം വഷളായി വരുന്നു. ഈ വിഷയം ചർച്ച ചെയ്യാൻപോലും തയ്യാറാകാത്ത സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി).

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, അതീവഗുരുതരമായ ഒരു സാഹചര്യമാണ് സംസ്ഥാനത്ത് നിലവിലുള്ളത്. ഇന്നലെയും ഇന്നും ഇവിടെ ചർച്ച ചെയ്ത പ്രമേയങ്ങൾ സംഭ്രമജനകമായ ഒരു സാമൂഹിക അന്തരീക്ഷമാണ് അനാവരണം ചെയ്തിട്ടുള്ളത്. ഇത് ഏതെങ്കിലും ഒരു മുന്നണിയുടെ പ്രശ്നമാണെന്ന മട്ടിൽ മുഖ്യമന്ത്രി ഇന്നലെയും ഇന്നും മറുപടി പറഞ്ഞത് നിർഭാഗ്യകരമാണ്. സ്ത്രീസുരക്ഷ നമ്മുടെ അഭിമാനവുമായി ബന്ധപ്പെട്ട വിഷയമാണ്. സ്ത്രീകൾക്ക് നേരെയുള്ള കുറ്റകൃത്യങ്ങൾ ഗുണ്ടാസംഘങ്ങൾ ഏറ്റെടുക്കുന്ന ഭയാനകമായ ഒരു സാഹചര്യം വരുമ്പോൾ ഇത്രയധികം കക്ഷിരാഷ്ട്രീയം കുത്തിനിറയ്ക്കാൻ എങ്ങനെയാണ് മുഖ്യമന്ത്രിക്ക് കഴിഞ്ഞതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. സത്യത്തിൽ കുറ്റവാളികൾക്ക് അനുകൂലമായൊരു സാഹചര്യം വന്നു എന്ന തോന്നലാണ് ഇപ്പോഴുണ്ടായിരിക്കുന്നത്. കുറ്റവാളികൾക്ക് അനുകൂലമായി ഉയരുന്ന സ്വരം ഈ സംസ്ഥാനത്തിന് എങ്ങനെ സ്വീകരിക്കാനാകും? ഇരകൾക്കുവേണ്ടിയല്ല വാദിക്കുന്നത്. ഗുണ്ടാസംഘങ്ങളുടെ എണ്ണം നാൾക്കുനാൾ പെരുകുന്നു. ഭീതിദമായ ഒരന്തരീക്ഷമാണ് സംസ്ഥാനത്ത് നിലനിൽക്കുന്നത്. സംസ്കാരസമ്പന്നമെന്നും വിദ്യാഭ്യാസപരമായി മുന്നിൽ നിൽക്കുന്ന സംസ്ഥാനമെന്നും പറയുന്ന നമ്മുടെ നാട്ടിലാണ് നിർഭാഗ്യകരമായ

രീതിയിൽ ഇത്തരം കാര്യങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നത്. ട്രെയിനിൽ അക്രമമുണ്ടായി, പെരുമ്പാവൂരിൽ അക്രമമുണ്ടായി, സിനിമാനടിക്ക് നേരെയും അക്രമമുണ്ടായി. ഇതെന്താണ്? പ്രധാനപ്പെട്ട വീഥികളിലാണ് ഇത്തരം സംഭവങ്ങളുണ്ടാകുന്നത്. ഇത് സർക്കാരിനെതിരായ അന്ധമായ കുറ്റപത്രമല്ല; മറിച്ച്, ഈ രംഗത്ത് വീഴ്ചവരുത്തിയിരിക്കുന്നുവെന്ന് വ്യക്തമായിരിക്കുകയാണ്. മുഖ്യമന്ത്രി ഇന്നലെ സംസാരിച്ചപ്പോൾ ഡൽഹിയിലെ സംഭവം പരാമർശിച്ചു. സത്യം പറഞ്ഞാൽ ഞങ്ങൾക്ക് അപമാനം തോന്നി. ഇവിടെ സ്ത്രീസുരക്ഷയെപ്പറ്റിയും അക്രമങ്ങൾക്കെതിരായും സംസാരിക്കുമ്പോൾ അത് മറച്ചുപിടിക്കാൻ പണ്ട് നടന്ന സംഭവങ്ങളാണോ പറയേണ്ടത്? ഇവിടെ ഭീതിദമായൊരു അന്തരീക്ഷ മുണ്ടായിരിക്കുകയാണ്. അതിനൊരു പ്രധാന കാരണം, കൊലപാതകം നടക്കുമ്പോൾ അതിന് പിന്നിൽ, പ്രത്യേകിച്ച് രാഷ്ട്രീയ കൊലപാതകങ്ങളാണെങ്കിൽ, ഒരു ഭാഗത്ത് മാർക്സിസ്റ്റ് പാർട്ടിയാണ്. സ്വാഭാവികമായും എത്ര സമർത്ഥരായ പോലീസ് ഓഫീസർമാരാണെങ്കിലും സംഭവിക്കാൻ പോകുന്നത്, ഒരു ഭാഗത്ത് സി.പി.ഐ.(എം)-ന്റെ ആളുകളാകുമ്പോൾ പോലീസ് ഈ രീതിയിൽ പെരുമാറുന്നതിൽ നമ്മളെല്ലാവരും ഭീതിയിലാണ്; ആശങ്കപ്പെടേണ്ട സാഹചര്യമാണ്. ആ സമയത്ത് പക്ഷപാതപരമായ നിലപാടിന് സഹായകമായ രീതിയിൽ അങ്ങയിൽ നിന്ന് ചില പരാമർശങ്ങൾ വന്നത് സൂചിപ്പിക്കേണ്ടിവന്നതിൽ എനിക്ക് വളരെയധികം വേദനയുണ്ട്. സത്യത്തിൽ സംസ്ഥാനത്ത് ഇങ്ങനെ സംഭവിക്കാൻ പാടില്ലാത്തതാണ്. കുറ്റകൃത്യങ്ങൾ പാടെ അവസാനിപ്പിച്ച് ഇത് ഹരിശ്ചന്ദ്രന്മാരുടെ സംസ്ഥാനമാക്കി മാറ്റാൻ കഴിയുമെന്നല്ല ഞാൻ പറയുന്നത്. ഇവിടെ കൊലപാതകങ്ങൾ വർദ്ധിക്കുന്നുവെന്ന യാഥാർത്ഥ്യം അങ്ങ് എന്തിനാണ് മറച്ചുപിടിക്കുന്നത്? സാന്റിയാഗോ മാർട്ടിനെപ്പോലെയുള്ള ആളുകൾ വീണ്ടും രംഗത്തുവരുന്നുവെന്ന യാഥാർത്ഥ്യം ആർക്കാണ് മറച്ചുപിടിക്കാൻ കഴിയുന്നത്? കുറ്റവാളികൾക്ക് സംരക്ഷണം ലഭിക്കുമെന്നൊരു തോന്നൽ അറിഞ്ഞോ അറിയാതെയോ സർക്കാർ നയത്തിന്റെ ഭാഗമായിട്ടാണെങ്കിലും അല്ലെങ്കിലും വന്നിട്ടുണ്ടോയെന്ന് പരിശോധിക്കാൻ ഉത്തരവാദപ്പെട്ട ഒരു പ്രതിപക്ഷം ഭരണപക്ഷത്തോടു പറയുന്നത് ഈ സംസ്ഥാന നന്മയെ കരുതിയാണ്. അല്ലാതെ ഞങ്ങൾക്ക് രാഷ്ട്രീയം പറയാൻ വേണ്ടിയല്ല. അതുകൊണ്ടാണ് ഈ വിഷയം ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടത്. അങ്ങയുടെ ഇന്നലത്തെയും ഇന്നത്തെയും മറുപടി രേഖകളിലുണ്ട്. ആ രേഖകൾ ഇവിടെ ഉയർത്തിയ ശബ്ദത്തിന് അനുകൂലമല്ല; അത് നിർഭാഗ്യകരമാണ്; ഇവിടെയും ചർച്ച ചെയ്യേണ്ടതായിരുന്നു. മറ്റ് സംസ്ഥാനങ്ങളെ ആക്ഷേപിക്കേണ്ട കാര്യമില്ല. മറ്റ് സംസ്ഥാനങ്ങളെക്കാൾ ഭിന്നമായി അന്തസ്സായി ജീവിക്കാൻ പരിശ്രമിക്കുന്ന ഒരു സംസ്ഥാനമാണിത്. എല്ലാ കക്ഷികളും നേതാക്കളും അതിന് പരിശ്രമിച്ചിട്ടുണ്ട്.

എന്റെ മണ്ഡലത്തിലെ ഒരു കാര്യം പറയാം. നിർഭാഗ്യവശാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് ഓഫീസർമാർ നിലപാട് മാറ്റുകയാണ്. എന്തിനാണ് നിലപാട് മാറുന്നത്? ഞങ്ങളെപ്പോലെയുള്ളവർ ഒരിക്കലും തെറ്റായ കാര്യത്തിന് കൂട്ടുനിൽക്കാറില്ല. ഞങ്ങളൊരിക്കലും അനാവശ്യമായി പോലീസിൽ ഇടപെടാറില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒരു ഭാഗത്ത് സി.പി.ഐ.(എം.) ആണെങ്കിൽ മറുഭാഗത്ത് അന്യായം അനുഭവിക്കണമെന്ന രീതിയിലാണ് കാര്യങ്ങൾ പോകുന്നത്. ഇത് അങ്ങ് തിരുത്തണം. അങ്ങേയ്ക്ക് ഞാനൊരു കത്ത് തന്നിരുന്നു. രണ്ടുവട്ടം ഒരേ വിഷയത്തെക്കുറിച്ച് കത്ത് തരേണ്ടിവന്നു; ഇതുവരെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. കക്ഷിരാഷ്ട്രീയം വല്ലാതെ നമ്മളെ സ്വാധീനിക്കുന്നു. എനിക്ക് കക്ഷിയുണ്ട്, ഞാൻ മുസ്ലീം ലീഗിന്റെ പ്രവർത്തകനാണ്. എന്നാൽ എന്റെ കക്ഷിയെക്കാൾ വലുതാണ് എന്റെ സംസ്ഥാനം, എന്റെ രാജ്യം. അതുകൊണ്ട് ഈ കക്ഷി രാഷ്ട്രീയത്തിന്റെ ഇടുങ്ങിയ ചിന്തകൾക്കപ്പുറം സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ അവസാനിപ്പിക്കാനും ഗുണ്ടായിസം പെരുകിവരുന്ന സാഹചര്യം ഒഴിവാക്കുന്നതിനും നമുക്ക് ഒരുമിച്ച് പോകേണ്ടതുണ്ട്. താങ്കളുടെ ഇന്നലെത്തെയും ഇന്നത്തെയും മറുപടി നിർഭാഗ്യകരമാണ്. സ്ത്രീത്വം അപമാനിക്കപ്പെടുന്ന മഹാകെടുതിയും ഭീഷണിയും ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയിലെ അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ടി. എ. അഹമ്മദ് കബീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, സംസ്ഥാനത്ത് ഗുണ്ടാസംഘങ്ങൾ പെരുകുന്നുവെന്നത് യാഥാർത്ഥ്യമാണ്. എത്ര ന്യായീകരിച്ചാലും ആ യാഥാർത്ഥ്യ ത്തിൽ നിന്ന് നമുക്ക് ഒളിച്ചോടാൻ കഴിയില്ല. ക്വട്ടേഷൻ സംഘങ്ങൾ അവരുടെ പ്രവർത്തനങ്ങൾ നടത്തുന്നത് ഏതെങ്കിലും പ്രത്യേക നഗരം കേന്ദ്രീകരിച്ചല്ല. ഇന്ന് ഗ്രാമപ്രദേശങ്ങളിൽപ്പോലും ക്വട്ടേഷൻ സംഘങ്ങളും ഗുണ്ടാ മാഫിയകളും ശക്തമായ സാന്നിദ്ധ്യം അറിയിച്ചുകൊണ്ടിരിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 175000-ത്തോളം കേസുകൾ രജിസ്റ്റർ ചെയ്തുവെന്നുള്ള റിപ്പോർട്ടുകൾ പുറത്തുവന്നുകൊണ്ടിരിക്കുന്നു. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളിൽ മാത്രം മൂവായിരത്തിൽപ്പരം കേസുകൾ ഔദ്യോഗികമായി രേഖപ്പെടുത്തിയിരിക്കുന്നു. സർക്കാർ ഒരു ഭാഗത്ത് നടപടികളെടുക്കുന്നുവെന്ന് പറയുമ്പോൾ മറുഭാഗത്ത് ഇത്തരത്തിലുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നുവെന്നത് ഒരു വസ്തുതയാണ്. ശ്രീ. വി. എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയായിരുന്ന സമയത്ത് ക്വട്ടേഷൻ സംഘങ്ങളുടെ ശക്തമായ വേരോട്ടം ഹൈവേകളിലുണ്ടായതും പോൾ മുത്തൂറ്റ് വധക്കേസിൽ 'S' കത്തി ഉൾപ്പെടെയുള്ള വിവാദങ്ങൾ ഈ സഭ ചർച്ച ചെയ്ത

സന്ദർഭങ്ങളുമുണ്ടായിട്ടുണ്ട്. കഴിഞ്ഞ ദിവസം ഒരു പ്രമുഖ നടിക്ക് ഹൈവേയിൽ തന്നെ അത്തരത്തിലുള്ള ഒരു അപമാനം വീണ്ടും ഏൽക്കേണ്ടിവന്നുവെന്ന് പറയുമ്പോൾ നിരത്തുകൾ പോലും സുരക്ഷിതമല്ലാത്ത സാഹചര്യത്തിലേയ്ക്ക് മാറിക്കൊണ്ടിരിക്കുന്നു എന്ന് കാണാൻ കഴിയും. സദാചാര ഗുണ്ടായിസത്തിന്റെ വിഭാഗത്തിൽ പോലീസും ഭാഗമായി എന്ന ചില റിപ്പോർട്ടുകളും പോസ്റ്റുകളുമൊക്കെ ഫെയ്സ് ബുക്കിൽ ഉയർന്നുവരികയാണ്. പോലീസുകാർപോലും സദാചാര ഗുണ്ടായിസത്തിന് മുതിരുന്ന സാഹചര്യമുണ്ടെന്ന് പറയുമ്പോൾ ഇത്തരത്തിലുള്ള കാര്യങ്ങളിൽ സർക്കാർ ഗൗരവമായി ഇടപെടണം. പ്രതികളെ വിട്ടയയ്ക്കാനുള്ള തീരുമാനം സർക്കാരിന്റെ വിവേചനാധികാരമാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചു. ആ വിവേചനാധികാരം അതിന്റെ അർത്ഥത്തിൽ വിനിയോഗിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. എന്തായാലും ഈ വിഷയം ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും വാക്കൗട്ടിൽ പങ്കുചേരുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.)

ശ്രീ. കെ. എം. മാണി: സർ, സംസ്ഥാനം ക്രിമനലുകളുടെ താവളമായി മാറുന്നത് ഒട്ടും അഭിമാനകരമല്ല. ഇന്ന് ക്രിമിനലുകൾ വിഹരിക്കുകയാണ്. അത് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചില്ലെങ്കിൽ അപകടത്തിലേയ്ക്ക് നീങ്ങുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. സ്ത്രീകൾക്കുപോലും രക്ഷയില്ല. അടുത്തകാലത്ത് സിനിമാനടിയെ ആക്രമിച്ച സംഭവങ്ങളൊക്കെ നമുക്കറിയാം. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ക്രമസമാധാനനില തകർന്നുകൊണ്ടിരിക്കുന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കാണണമെന്നാണ് എനിക്ക് പറയാനുള്ളത്. വാസ്തവത്തിൽ ഗവർണ്ണറാണ് സംസ്ഥാനത്തെ രക്ഷിച്ചത്. 880 തടവുകാരെക്കൂടി പുറത്തേയ്ക്ക് വിട്ടിരുന്നുവെങ്കിൽ നമ്മുടെ അവസ്ഥ എന്താകുമായിരുന്നു? അനർഹർ കടന്നുകൂടിയെന്ന് പറഞ്ഞാണ് ഗവർണ്ണർ ആ ഫയൽ മടക്കിയത്. സർക്കാരിന് നാണക്കേടല്ലേ അത്? തടവുകാരെ പുറത്തേയ്ക്ക് വിടുന്നത് വിവേചനാധികാരമാണെന്ന് മുഖ്യമന്ത്രി പറയുന്നു. സുപ്രീംകോടതി നിർദ്ദേശിച്ചിട്ടുള്ള നോംസ് ലംഘിച്ചുകൊണ്ട് ഇടതുപക്ഷ മാർക്സിസ്റ്റ് സഹയാത്രികരെ രക്ഷിക്കുന്നതിനുവേണ്ടി അനർഹരായ ആളുകളെ ഉൾപ്പെടുത്തിക്കൊണ്ട് ഗവർണ്ണർക്ക് ഫയൽ അയച്ചപ്പോൾ ഗവർണ്ണർ അത് മടക്കി അയച്ചു. നീതിനിഷ്ഠയുള്ളൊരു സർക്കാരാണോ സംസ്ഥാനം ഭരിക്കുന്നത്? നീതി നടപ്പിലാക്കണം. ആർക്കും നീതി നിഷേധിക്കാൻ പാടില്ല. ഇന്ന് നടക്കുന്ന ഗുണ്ടാരാജിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. ഒ. രാജഗോപാൽ: ബഹുമാനപ്പെട്ട സ്പീക്കർ, നമ്മുടെ സംസ്ഥാനത്തിന്റെ നിയമസമാധാന പ്രശ്നം ഗുരുതരമാകുന്നുവെന്നത് കേരളത്തിലെ സാഹചര്യത്തെ വിലയിരുത്തുന്ന നിഷ്പക്ഷമതികളായ ആർക്കും പകൽപോലെ വ്യക്തമാകുന്നതാണ്. ക്രിമിനലുകളെ വിട്ടയയ്ക്കുകയെന്നത് മാത്രമല്ല, ഞങ്ങളെ ഞങ്ങളാക്കിയവർക്ക് പരിഗണന നൽകുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതിന്റെ അർത്ഥം ഞങ്ങൾക്ക് വോട്ട് ചെയ്തിട്ടുള്ള ആൾക്കാർക്ക് എന്തും ചെയ്യാം, നിയമം അവർക്ക് ബാധകമല്ല, അവർക്കെതിരായി പോലീസ് മേധാവികൾ എന്തെങ്കിലും നിയമ നടപടിയെടുത്താൽ അവരെപ്പോലും ഞങ്ങൾ വിടില്ലെന്ന് തെളിയിക്കുന്ന തരത്തിലുള്ള പ്രസ്താവനയാണ്. പോലീസ് വകുപ്പിൽ ഉന്നതസ്ഥാനം വഹിക്കുന്ന ഡോ. ടി. പി. സെൻകുമാർ സുപ്രീംകോടതിയിൽ കൊടുത്ത പരാതിയിൽ പറഞ്ഞിരിക്കുന്നത്, മാർക്സിസ്റ്റുകളായ ചില ക്രിമിനലുകൾക്കെതിരെ നടപടിയെടുക്കാൻ മുന്നോട്ട് വന്നതിന്റെ പേരിൽ പകപോക്കാൻ വേണ്ടിയാണ് ഇങ്ങനെ ചെയ്യുന്നതെന്നാണ്. വളരെ ഗൗരവതരമായ കാര്യമാണത്. സർക്കാരിന്റെ ഭാഗത്തുനിന്നും പോലീസ് നിഷ്ക്രിയരാണെന്ന് ആരും പറയുകയില്ല. മാർക്സിസ്റ്റ് പാർട്ടിയെ എതിർക്കുന്നവരെ പ്രതിപക്ഷത്തിരിക്കുന്നവർ മാത്രമല്ല ഭരണമുന്നണി യിൽപ്പെട്ട ആൾക്കാർ, സി.പി.ഐ. ആകട്ടെ, മറ്റ് പാർട്ടികളാകട്ടെ, അവർക്കെതിരായിട്ടും ഇത്തരത്തിലുള്ള പക്ഷപാതപരമായ, വിവേചനപരമായ ഒരു സമീപനമാണ് സ്വീകരിക്കുന്നതെന്ന് അവർക്ക് പരസ്യമായി പറയാൻ വിഷമമുണ്ടെങ്കിലും എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. സാഹചര്യങ്ങൾ വളരെ ഗുരുതരമാണ്. ഗുരുതരമായിട്ടുള്ള മറ്റൊരു കാര്യം, പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളുകളാണ് ഇതിന് ഇരകളായി മാറുന്നതെങ്കിൽ അവർക്ക് അനുഭവിക്കേണ്ടി വരുന്ന ദുരിതം ഏറെയാണ്. അവരെ വസ്ത്രമഴിച്ച് പോലീസ് സ്റ്റേഷനിലിട്ട് മർദ്ദിക്കുന്ന സാഹചര്യം പോലുമുണ്ടായി. അതുപോലെതന്നെ രണ്ട് ഫസ്റ്റ് ഗ്രേഡ് കോളേജ് പ്രിൻസിപ്പാൾമാർക്കുണ്ടായ അനുഭവത്തെപ്പറ്റിയും സൂചിപ്പിക്കുക യുണ്ടായി. മഹാരാജാസ് കോളേജിന്റെ കാര്യത്തെ സംബന്ധിച്ച് ആക്ഷനെടുത്തുവെന്ന് വിശദീകരണത്തിൽ പറഞ്ഞു. പാലക്കാട് വിക്ടോറിയ കോളേജിൽ 25 കൊല്ലം സർവ്വീസിലുണ്ടായിരുന്ന പട്ടികജാതി വിഭാഗക്കാരിയായ സ്ത്രീ റിട്ടയർ ചെയ്യുന്ന ദിവസം ശവമഞ്ചം സൃഷ്ടിച്ച് അവരെ അപമാനിക്കുന്ന സംഭവമുണ്ടായി. അതിനെപ്പറ്റി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരാമർശിച്ചില്ല. ഇതിൽ പ്രകടമായിട്ടുള്ള ഒരു വിവേചനമുണ്ടായി. എന്റെ മണ്ഡലത്തിലെ മുടവൻമുഗളിൽ ആയിഷ എന്ന ഒരു മുസ്ലീം സ്ത്രീ ബി.ജെ.പി.-യുമായി സഹകരിച്ച് പ്രവർത്തിക്കാൻ തയ്യാറായി യെന്നുള്ളതിന്റെ പേരിൽ മാർക്സിസ്റ്റുകാർ അവരുടെ വീട് ആക്രമിച്ചു. അതിനെപ്പറ്റി

ഞാൻ പോലീസ് ഉദ്യോഗസ്ഥരോട് പറയുകയുണ്ടായി. അതിന്റെ ഫലമായി അന്ന് രാത്രി വീട്ടിൽ കല്ലേറുണ്ടായി. ഞങ്ങളെ അധികാരത്തിൽ കയറ്റിയവരെ സംരക്ഷിക്കാൻ നിലകൊള്ളുന്നുവെന്ന് പറയുന്നത് തികച്ചും അപമാനകരമാണ്. എല്ലാവർക്കും ഒരുപോലെ നീതി നൽകാൻ സർക്കാർ ബാദ്ധ്യസ്ഥമാണ്, അത് ചെയ്യുന്നില്ലെന്നത് അപമാനകരമായ കാര്യമാണ്. എന്നിട്ടും ഇതിനെ ന്യായീകരിക്കുന്നത് നിർഭാഗ്യകരമാണ്. ഈ വിഷയം ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭവിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരിച്ചെത്തി.)

മി. സ്പീക്കർ: സമയനിഷ്ഠ പാലിക്കുന്നതിനായി ശ്രദ്ധ ക്ഷണിക്കലിനും സബ്മിഷനും സമയം നിശ്ചയിച്ചിരുന്നു. മറുപടിക്കും അവതരണത്തിനുമായി ശ്രദ്ധ ക്ഷണിക്കലിന് അഞ്ച് മിനിട്ടും സബ്മിഷന് രണ്ട് മിനിട്ടുമാണ് നേരത്തെ നിശ്ചയിച്ചിരുന്നതെന്ന് ചെയർ ഒന്നുകൂടി ഓർമിപ്പിക്കുകയാണ്.

ശ്രീ. എം. സ്വരാജ്: സർ, പോയിന്റ് ഓഫ് ഓർഡർ. റൂൾ 50 അനുസരിച്ചുള്ള ചർച്ചയിൽ നടത്തിയിട്ടുള്ള ചില പരാമർശങ്ങൾ സംബന്ധിച്ചാണ്. പ്രമേയത്തിൽ വാദങ്ങളോ അഭ്യൂഹങ്ങളോ വ്യാജോക്തികളോ ആരോപണങ്ങളോ അപകീർത്തി കരമായ പ്രസ്താവനകളോ ഉണ്ടായിരിക്കാൻ പാടില്ലെന്ന് റൂൾ 52 (5)-ൽ വളരെ വ്യക്തമായി പറയുന്നുണ്ട്. ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ അടിയന്തര പ്രമേയാവതരണത്തിന് അനുമതിതേടി സംസാരിച്ചപ്പോൾ കൊച്ചിൻ യൂണിവേഴ്സിറ്റി കലോൽസവത്തിന്റെ സംഘാടക സമിതി ചെയർമാനായി xxxx* വിലസി നടക്കുകയാണെന്നും ഈ കേസ് ഉള്ള സമയത്ത് പോലീസ് അറസ്റ്റ് ചെയ്തില്ലെന്നും പരാമർശിക്കുകയുണ്ടായി. അത് തീർത്തും വാസ്തവവിരുദ്ധമാണ്. കൊച്ചിൻ സർവ്വകലാശാലയുടെ ഭരണസമിതിയംഗമാണ് ഞാൻ. ഞങ്ങളുടെ യൂണിവേഴ്സിറ്റിയുടെ കലോൽസവം അടുത്തമാസം നടക്കാൻ പോകുന്നതേയുള്ളൂ. വസ്തുത ഇതായിരിക്കെ സഭയെ തെറ്റിദ്ധരിപ്പിക്കുന്ന രൂപത്തിലുള്ള തെറ്റായ പ്രസ്താവനകളാണ് അദ്ദേഹം ഇവിടെ നടത്തിയിട്ടുള്ളത്. അത് സഭാ രേഖകളിൽനിന്നും നീക്കം ചെയ്യണം.

മി. സ്പീക്കർ: പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം.

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം (ഫയൽ നമ്പർ 900/ഇ.ബി. 2017/നി.സെ. തീയതി 28-2-2017) രേഖയിൽനിന്നും നീക്കംചെയ്തു.

# III ശ്രദ്ധ ക്ഷണിക്കൽ

## (1) വിദ്യാർത്ഥി വിരുദ്ധ നടപടികൾ തടയൽ

ശ്രീ. എം. സ്വരാജ്: സർ, ഇന്ന് സഭ മുമ്പാകെ അവതരിപ്പിക്കുന്ന ഈ സുപ്രധാന വിഷയം കേരളമാകെ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ലോകത്തിനാകെ മാതൃകയായ കേരളീയ വിദ്യാഭ്യാസ രംഗത്ത് കളങ്കത്തിന്റെ കറുത്തപാട് സൃഷ്ടിക്കുന്നതുപോലെയാണ് ഒട്ടുമിക്ക സ്വകാര്യ-സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിലേയ്ക്ക് സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കുത്തൊഴുക്കിന് കാരണമായ നിലപാട് സ്വീകരിച്ച അന്നത്തെ സർക്കാരിന് നേതൃത്വം കൊടുത്തിരുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി 50:50 എന്ന അനുപാതം ഈ സ്ഥാപനങ്ങൾ വരുന്നതോടുകൂടി നടപ്പിലാകുമെന്നായിരുന്നു പറഞ്ഞത്. രണ്ട് സ്വകാര്യ-സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുമ്പോൾ ഒരു സർക്കാർ കോളേജിന് തുല്യമായ രീതിയിൽ വിദ്യാർത്ഥികൾക്ക് പഠിക്കാൻ അവസരം ലഭിക്കുമായിരുന്നു. അതിന്റെ ഭാഗമായി വളരെ ഉദാരമായ സമീപനമാണ് അന്നത്തെ അപേക്ഷകളിന്മേൽ സർക്കാർ സ്വീകരിച്ചത്. വളരെ വിചിത്രമായ ചില നടപടികളും അന്നുണ്ടായി. ഒരു മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനുവേണ്ടി അപേക്ഷ സമർപ്പിച്ച എം.ഇ.എസ്.-ന്റെ മാനേജുമെന്റിന് അന്ന് രണ്ട് മെഡിക്കൽ കോളേജ് തുടങ്ങാനുള്ള അനുവാദം ലഭിച്ച വിചിത്രമായ സ്ഥിതിയുണ്ടായി. എല്ലാ കരാറുകളും വാഗ്ദാനങ്ങളും ലംഘിച്ചുകൊണ്ട് സ്വകാര്യ-സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അപകടകരമായി വളരുന്ന കാഴ്ചയാണ് നമ്മൾ കണ്ടത്. അന്നത്തെ ബഹുമാന്യനായ മുഖ്യമന്ത്രിതന്നെ പിൽക്കാലത്ത് ഈ മാനേജുമെന്റുകൾ എന്നെ വഞ്ചിച്ചുവെന്ന് പറഞ്ഞ് വിലപിക്കുന്നതിനും നമ്മൾ സാക്ഷികളായി. പിൽക്കാലത്തുണ്ടായ ചില കോടതി വിധികൾ, സംശയാസ്പദവും ദുരൂഹവുമായ വിധികൾ ഉൾപ്പെടെ ഈ സ്വകാര്യ-സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ തെറ്റായ ദിശയിലുള്ള പോക്കിന് പ്രോൽസാഹനം കൊടുക്കുന്നതായി മാറിയ അനുഭവവുമുണ്ട്. തലവരി വാങ്ങുന്നതും മെരിറ്റ് അട്ടിമറിക്കപ്പെടുന്നതുമായ പരാതികളും നിയമത്തിന്റെ പഴുതുകളുപയോഗിച്ച് നിയമവിരുദ്ധമായ കാര്യങ്ങൾ നടക്കുന്നതായിട്ടുള്ള വാർത്തകളും ഈ രംഗത്തുനിന്നും ഉയർന്നുവരികയുണ്ടായി. എന്നാൽ ഇപ്പോൾ കേരളത്തിൽ ഏറ്റവും ഗൗരവമായി ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത് സ്വകാര്യ-സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും പുറത്തുവരുന്ന മനുഷ്യാവകാശ ലംഘനങ്ങളുടെയും വിദ്യാർത്ഥി പീഡനങ്ങളുടെയും വാർത്തകളാണ്. അക്ഷരാർത്ഥത്തിൽ വിദ്യാർത്ഥികളെ പൂട്ടിയിട്ട് കോൺസൻട്രേഷൻ ക്യാമ്പുകളായി കേരളത്തിലെ ചില സ്വകാര്യ-സ്വാശ്രയ കോളേജുകൾ മാറുന്നുവെന്നതാണ് വസ്തുത. അനധികൃതവും

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

അന്യായവുമായ ഫീസും ഫൈനും ഈടാക്കിക്കൊണ്ടിരിക്കുകയാണ്. കോളേജ് ക്യാമ്പസിനകത്ത് ഒരു വിദ്യാർത്ഥി ചിരിച്ചാലോ മറ്റൊരു വിദ്യാർത്ഥിയോട് സംസാരിച്ചാലോ ക്ലാസ് മുറിക്ക് പുറത്ത് എവിടെയെങ്കിലും ഇരുന്നാലോ ആൺകുട്ടികൾ താടിയോ മുടിയോ വളർത്തിയാലോ ഫൈൻ ഈടാക്കുകയാണ്. ഇതെല്ലാം കേരളത്തിലെ പല കോളേജുകളിലും ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇന്റേണൽ മാർക്ക് എന്ന ആയുധം കാണിച്ചുകൊണ്ട് വിദ്യാർത്ഥികളെ ഭീഷണിപ്പെടുത്തുന്നതും ഇന്റേണൽ മാർക്കിലെ സുതാര്യതയില്ലായ്മയും വിവിധ കോളേജുകളിൽ നടക്കുന്നതായ പരാതി ഉയർന്നു വന്നുകൊണ്ടിരിക്കുന്നു. ചില സ്വകാര്യ സ്വാശ്രയ കോളേജുകളിൽ ഡിസിപ്ലിനറി ഓഫീസർ തസ്തികയുണ്ടെന്നും മാനേജ്മെന്റിന് ഹിതകരമല്ലാത്ത അഭിപ്രായം പറയുന്ന വിദ്യാർത്ഥികളെ കായികമായി അടിച്ചൊതുക്കാൻ കഴിയുന്ന നല്ല തടിമിടുക്കുള്ള ഗുണ്ടകളെയാണ് ഡിസിപ്ലിനറി ഓഫീസർമാരായി നിയമിക്കുന്നതെന്നുമാണ് വാർത്തകളിൽനിന്നും അറിയാൻ കഴിയുന്നത്. ഒരു വിദ്യാർത്ഥിയുടെ ആത്മഹത്യയിലേയ്ക്ക് നയിച്ച സംഭവത്തെത്തുടർന്ന് മാധ്യമങ്ങളിലൂടെ പുറത്തുവന്ന വാർത്തകളിൽനിന്നും അവിടെ ഇടിമുറികളുണ്ടെന്ന് മനസ്സിലാക്കാൻ സാധിച്ചു. പല സ്വകാര്യ-സ്വാശ്രയ കോളേജുകളിലും ഇത്തരം ഇടിമുറികൾ പ്രവർത്തിക്കുന്നുണ്ട്. ചില സ്വകാര്യ സ്വാശ്രയ കോളേജുകളിൽ മാനേജ്മെന്റിന്റെ നിലപാടുകളിൽ പ്രതിഷേധിക്കുകയോ എതിർക്കുകയോ ചെയ്യുന്ന വിദ്യാർത്ഥികളെ ഇടിമുറികളിൽ കൊണ്ടുപോയി അടിച്ചൊതുക്കുമെന്നാണ് ഇപ്പോൾ പുറത്തുവന്നുകൊണ്ടിരിക്കുന്ന വാർത്ത. പെൺകുട്ടികളുടെ ഹോസ്റ്റലിൽ സ്ഥിരതാമസമാക്കിയ മാനേജരെക്കുറിച്ചും ജീവനക്കാരെക്കുറിച്ചുമുള്ള വാർത്തകളും വിദ്യാർത്ഥിനികളുടെ സ്വകാര്യതയെ ബാധിക്കുന്ന വിധത്തിൽ ക്യാമറകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട വാർത്തകളും പുറത്തുവന്നിട്ടുണ്ട്. വൻതോതിലുള്ള മാനസിക സംഘർഷങ്ങളിലേയ്ക്ക് വിദ്യാർത്ഥികളെ നയിക്കുന്ന ഇത്തരം വിഷയങ്ങൾ നിലനിൽക്കുകയാണ്. ഇത്തരം സ്ഥാപനങ്ങളിൽ നടക്കുന്ന സാമ്പത്തിക കുറ്റകൃത്യങ്ങളും മനുഷ്യാവകാശ ലംഘനങ്ങളും കായികമായ ആക്രമണങ്ങളും മാനസിക പീഡനങ്ങളും തടയേണ്ടതുണ്ട്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ പേരിലാണ് ഇവിടെ ഒരു കോളേജ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. വിദ്യാർത്ഥികളോടും കുട്ടികളോടും സൗഹാർദ്ദപരമായി പെരുമാറിയ സ്റ്റേറ്റ്സ്മാനാ യിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെ അപമാനിക്കുന്ന വിധത്തിലാണ് മോശപ്പെട്ട കോളേജുകൾക്ക് അദ്ദേഹത്തിന്റെ പേരിട്ടിരിക്കുന്നത്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഉയർത്തിപ്പിടിച്ച രാഷ്ട്രീയം മുറുകെപ്പിടിക്കുന്നയാളാണ് ഈ കോളേജിന്റെയും

മാനേജർ എന്നാണ് കേൾക്കുന്നത്. അദ്ധ്യാപകനായ മുൻമന്ത്രിയുടെ മകന്റെ നേതൃത്വത്തിലാണ് അവിടെ പല മനുഷ്യാവകാശ ലംഘനങ്ങളും ആക്രമണങ്ങളും നടക്കുന്നതെന്നാണ് പുറത്തുവരുന്ന വാർത്തകൾ സൂചിപ്പിക്കുന്നത്. നാടിന്റെ ഭാവി എന്താകണമെന്ന് നിർണ്ണയിക്കേണ്ടതും നാളത്തെ ലോകത്തിന് രൂപഭാവങ്ങൾ നൽകേണ്ടതും ഇന്നത്തെ വിദ്യാർത്ഥികളാണ്. അവരെ ഭാവിയുടെ വിധാതാക്കളായി വാർത്തെടുക്കേണ്ട കലാലയങ്ങൾ കോൺസൻട്രേഷൻ ക്യാമ്പുകളായി മാറുന്നുവെന്നത് അപകടകരമായ യാഥാർത്ഥ്യമാണ്. ഇത് തടഞ്ഞ്, വിദ്യാർത്ഥികളുടെ സർവ്വതോന്മുഖമായ വളർച്ചയ്ക്ക് സഹായകരമാകുംവിധം വിദ്യാഭ്യാസ നിലവാരം ഒട്ടും ചോർന്നുപോകാതെ മാതൃകാപരമായ അദ്ധ്യയനം നടക്കുന്നവയായി സ്വകാര്യ സ്വാശ്രയ കോളേജുകളെ മാറ്റുന്നതിന് ശക്തമായ നടപടി സ്വീകരിക്കണം. ആവശ്യമെങ്കിൽ നിയമനിർമ്മാണം നടത്തുന്ന തുൾപ്പെടെയുള്ള കാര്യങ്ങളിൽ ബഹുമുഖമായ ഇടപെടലുമുണ്ടാകണമെന്നതാണ് ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ അവതരിപ്പിക്കാനുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, സംസ്ഥാനത്തെ ചില സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർത്ഥിദ്രോഹ നടപടികൾ നടക്കുന്നുവെന്ന പരാതി ലഭിച്ചതിനെത്തുടർന്ന് സർക്കാർ അടിയന്തരമായി ഇടപെടുകയും കർശന നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇന്റേണൽ അസസ്മെന്റുമായി ബന്ധപ്പെട്ട് ധാരാളം പരാതികൾ ലഭിക്കുന്നുണ്ട്. വിദ്യാർത്ഥികളെ നിയന്ത്രിച്ചുനിർത്തുന്നതിന് ഇന്റേണൽ അസസ്മെന്റ് സംവിധാനം ദുരുപയോഗപ്പെടുത്തുവെന്ന് പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ മഹാത്മാഗാന്ധി സർവ്വകലാശാല വൈസ് ചാൻസലറുടെ നേതൃത്വത്തിൽ നാല് വൈസ് ചാൻസലർമാരുടെ ഒരു കമ്മിറ്റിയെ ഈ വിഷയം വിശദമായി പഠിച്ച് റിപ്പോർട്ട് ചെയ്യാനായി നിയോഗിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ ശിപാർശകളുടെ വെളിച്ചത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ഇയർ ഔട്ട് സംവിധാനം ഏർപ്പെടുത്തി വിദ്യാർത്ഥികൾക്കുണ്ടായ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് പ്രായോഗിക നിർദ്ദേശങ്ങൾ സമർപ്പിക്കാൻ സാങ്കേതിക സർവ്വകലാശാലയോട് ആവശ്യപ്പെട്ടിട്ടുണ്ട്. പാമ്പാടി നെഹ്റു കോളേജ്, കോട്ടയം മറ്റക്കര ടോംസ് കോളേജ്, കൊല്ലം ഓയൂർ ട്രാവൻകൂർ കോളേജ് ഓഫ് എഞ്ചിനീയറിംഗ് എന്നീ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളിൽനിന്നും രക്ഷകർത്താക്കളിൽനിന്നും ലഭിച്ച പരാതികളിന്മേൽ സ്ഥാപനങ്ങളിൽ നേരിട്ടെത്തി അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് സാങ്കേതിക സർവ്വകലാശാലയോടും അധികാരികളോടും ബന്ധപ്പെട്ട ജില്ലാ ഭരണകൂടത്തിനോടും പോലീസിനോടും സർക്കാർ ആവശ്യപ്പെടുകയും അവരിൽനിന്നും ലഭിച്ച റിപ്പോർട്ടുകളുടെ

അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. നെഹ്റു കോളേജിൽ പഠനം പുനരാരംഭിച്ചിട്ടുണ്ട്. ടോംസ് കോളേജിന്റെ അഫിലിയേഷൻ പുതുക്കേണ്ടതില്ലെന്ന് സാങ്കേതിക സർവ്വകലാശാല തീരുമാനിച്ചിട്ടുണ്ട്. സ്വാശ്രയ സ്ഥാപനങ്ങളെ സംബന്ധിച്ച് നേരത്തെ പറഞ്ഞതുൾപ്പെടെയുള്ള എല്ലാ പരാതികളും സമഗ്രമായി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ജസ്റ്റിസ് കെ.കെ. ദിനേശൻ, ഡോ. കെ.കെ.എൻ. കുറുപ്പ്, ഡോ. ആർ.വി.ജി. മേനോൻ എന്നിവരടങ്ങുന്ന മൂന്നംഗ കമ്മീഷനെ 4-2-2017-ലെ ഉത്തരവുപ്രകാരം സർക്കാർ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത കമ്മീഷന്റെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. റിപ്പോർട്ടിലെ ശിപാർശകൾ പരിശോധിച്ച് സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. മിക്ക സ്വാശ്രയ സ്ഥാപനങ്ങളിലും രക്ഷാകർതൃ സമിതികൾ പ്രവർത്തിക്കുന്നില്ലെന്ന് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് എല്ലാ വിദ്യാഭ്യാസ സ്ഥാപങ്ങളിലും പി.ടി.എ.-കൾ അടിയന്തരമായി രൂപീകരിക്കണമെന്നും ഓരോ സെമസ്റ്ററിലേയും ക്ലാസുകൾ തുടങ്ങുന്നതിനുമുമ്പായി പി.ടി.എ. നിർബന്ധമായും വിളിച്ചുചേർക്കണമെന്നും ഉത്തരവ് പുറപ്പെടുവിക്കുകയും നിർബന്ധമാക്കുകയും ചെയ്തിട്ടുണ്ട്. വിദ്യാർത്ഥികളുടെ എല്ലാ പരാതികളും പരിശോധിച്ച് നടപടി സ്വീകരിക്കാൻ ഓംബുഡ്സ്മാനെ നിയമിക്കാനും സർവ്വകലാശാലയ്ക്ക് നിർദ്ദേശവും ഉത്തരവും നൽകിയിട്ടുണ്ട്.

റാഗിംഗ് ഇല്ലാതാക്കുന്നതിന് നിയമാനുസൃതമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്താത്ത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കും. സ്വാശ്രയ മേഖലയിൽ നിലനിൽക്കുന്ന വിദ്യാർത്ഥി വിരുദ്ധ നീക്കങ്ങൾക്ക് കടിഞ്ഞാണിടാൻ സാദ്ധ്യമായ എല്ലാ ശ്രമങ്ങളും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായിരിക്കും.

ശ്രീ. എം. സ്വരാജ്: സർ, ബഹുമാന്യനായ മന്ത്രി സൂചിപ്പിച്ച കാര്യങ്ങളെ സ്വാഗതം ചെയ്യുന്നു. ഇത്തരം സ്വകാര്യ സ്വാശ്രയ കോളേജുകളിൽ തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥി യൂണിയന്റെ സാന്നിദ്ധ്യവും പ്രവർത്തനവും ഉറപ്പുവരുത്തുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുമോ; ക്ലാസ്സെടുക്കുന്ന അദ്ധ്യാപകരെ വിലയിരുത്തുന്നതിന് വിദ്യാർത്ഥികൾക്കുകൂടി അവസരം നൽകുന്ന പുതിയ സമ്പ്രദായം ഏർപ്പെടുത്തുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: കേരളത്തിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും ജനാധിപത്യവത്ക്കരണം എന്നുള്ളതാണ് വിദ്യാഭ്യാസ രംഗത്ത് സർക്കാർ എടുത്ത നയത്തിന്റെ കാതലായ വശം. അത് സ്വാശ്രയ സ്ഥാപനങ്ങൾക്കും ബാധകമാണ്. ബഹുമാന്യനായ മുഖ്യമന്ത്രി വിളിച്ചുചേർത്ത

സർവ്വകലാശാല വൈസ് ചാൻസലർമാരുടെ യോഗത്തിൽ ഈ നയത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. അതിന്റെ ഭാഗമായി വിദ്യാർത്ഥി യൂണിയനുകൾക്കും മറ്റ് വിദ്യാർത്ഥികൾക്കും അനുകൂലമായ എല്ലാ നടപടികളും സ്വീകരിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. അത് സർക്കാരിന്റെ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമാണ്.

## (2) കസ്തൂരിരംഗൻ റിപ്പോർട്ട്

ശ്രീ. കെ. സി. ജോസഫ്: സർ, കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ ഫൈനൽ നോട്ടിഫിക്കേഷൻ വരേണ്ടത് മാർച്ച് 4-ാം തീയതിയാണ്. ഇതുവരെ അതിനുള്ള നടപടികൾ കേന്ദ്ര സർക്കാർ സ്വീകരിക്കുന്നില്ലെന്ന് മാത്രമല്ല തീയതി നീട്ടിക്കൊണ്ടുപോകാൻ ശ്രമിച്ചുകൊണ്ടിരിക്കുകയുമാണ്. ഫൈനൽ നോട്ടിഫിക്കേഷൻ വരുന്ന കാര്യത്തിൽ പ്രത്യക്ഷമായ അനാസ്ഥയാണ് കേന്ദ്ര സർക്കാർ കാണിക്കുന്നത്. 2014 മാർച്ച് 10-നും തുടർന്ന് 2015 സെപ്റ്റംബർ 4-നുമാണ് ഈ കാര്യത്തിൽ ഡ്രാഫ്റ്റ് നോട്ടിഫിക്കേഷനുണ്ടായത്. അഞ്ച് സംസ്ഥാനങ്ങളെ ബാധിക്കുന്ന കസ്തൂരിരംഗൻ റിപ്പോർട്ടിൽ ഏറ്റവും ആദ്യം സമഗ്രമായൊരു റിപ്പോർട്ടാണ് കേരള സർക്കാർ കൊടുത്തത്. അന്നത്തെ സർക്കാർ നിയോഗിച്ച ഉമ്മൻ വി. ഉമ്മൻ കമ്മിറ്റി പഞ്ചായത്ത് തലത്തിൽ കമ്മിറ്റികളുണ്ടാക്കി, പഞ്ചായത്ത് പ്രസിഡന്റ് കൺവീനറും പഞ്ചായത്ത് സെക്രട്ടറി, കൃഷി ഓഫീസർ, ഫോറസ്റ്റ് ഓഫീസർ, വില്ലേജ് ഓഫീസർ എന്നിവർ അംഗങ്ങളുമായ കമ്മിറ്റി രൂപീകരിച്ച് പഠനം നടത്തി തയ്യാറാക്കിയ കഡസ്ട്രൽ മാപ്പ് അടക്കം 123 വില്ലേജുകളിലെ ജനവാസ കേന്ദ്രങ്ങളും കൃഷിയിടങ്ങളും തോട്ടങ്ങളും ഒഴിവാക്കി ഇ.എസ്.എ. മേഖലയിലെ അതിർത്തി പുനർനിർണ്ണയിച്ചുകൊണ്ട് റിപ്പോർട്ട് കൊടുക്കുകയും പ്രത്യേക നിയമസഭാ സമ്മേളനം നടത്തി ഇക്കാര്യം ചർച്ച ചെയ്യുകയും ചെയ്തു. കോട്ടയം ജില്ലയിലെ നാല് വില്ലേജുകളെ ഇതിൽനിന്നും പൂർണ്ണമായി ഒഴിവാക്കി. ഇതിനുശേഷം അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയും കേരളത്തിലെ എം.പി.-മാരും പ്രധാനമന്ത്രിയേയും കേന്ദ്ര പരിസ്ഥിതി മന്ത്രിയേയും കണ്ട് കേരളത്തിന്റെ ആവശ്യങ്ങൾ ആവർത്തിച്ചുന്നയിച്ചെങ്കിലും ഇപ്പോഴും അന്തിമ നോട്ടിഫിക്കേഷനുണ്ടായിട്ടില്ല. 10-3-2014-ലെ കരട് നോട്ടിഫിക്കേഷൻ അനുസരിച്ച് കേരളത്തിന്റെ നിലപാട് കേന്ദ്രം അംഗീകരിച്ചതാണ്. വിജ്ഞാപനത്തിന് മുമ്പായി, 20-12-2013-നും 4-3-2014-നുമുള്ള ഓഫീസ് മെമ്മോറാണ്ടത്തിലും കേരളത്തിന്റെ നിലപാട് അവർ അംഗീകരിച്ചിരുന്നു. ഈ സാഹചര്യത്തിലാണ് കേരളത്തിലെ 123 വില്ലേജുകളിലെ പരിസ്ഥിതി ദുർബല പ്രദേശങ്ങൾ 9107 ചതുരശ്ര കിലോമീറ്ററായി നിജപ്പെടുത്തുവാനുള്ള നിർദ്ദേശം അംഗീകരിക്കപ്പെട്ടത്. ഇ.എസ്.എ. പരിധിയിൽ ഉൾപ്പെടുത്തപ്പെട്ട

886.7 ചതുരശ്ര കിലോമീറ്റർ പ്രദേശം ഇ.എസ്.എ. പരിധിയിൽനിന്നും ഒഴിവാക്കി അന്തിമവിജ്ഞാപനം പുറപ്പെടുവിക്കുന്നതിലുണ്ടായിട്ടുള്ള കാലതാമസം കേരളത്തിലെ മലയോരമേഖലയെ ആകെ ഇന്ന് ആശങ്കയിലാഴ്ത്തിയിരിക്കുകയാണ്. മാർച്ച് 2-ാം തീയതി ഡൽഹിയിൽ ഇടുക്കി ഡി.സി.സി. സമരം നടത്തുകയാണ്. നിയമസഭാംഗമായ ശ്രീ. റോഷി അഗസ്റ്റിൻ ഇടുക്കിയിൽനിന്നും തിരുവനന്തപുരത്തേയ്ക്ക് കാൽനടയാത്ര ആരംഭിച്ചിരിക്കുകയാണ്. മുഖ്യമന്ത്രി പല പ്രാവശ്യം ഡൽഹിയിൽ പോയെങ്കിലും ഇക്കാര്യത്തിൽ വേണ്ടത്ര മുന്നൊരുക്കം നടത്തുകയോ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുകയോ ചെയ്തിട്ടില്ല. ഞാൻ മനസ്സിലാക്കിയിടത്തോളം മുഖ്യമന്ത്രിയോടും പ്രധാനമന്ത്രിയോടും ഇക്കാര്യം ഉന്നയിച്ചിട്ടില്ല. കഴിഞ്ഞ ഫെബ്രുവരി 22-ന് ചേർന്ന കാബിനറ്റ് യോഗത്തിലാണ് ഈ കാര്യത്തിൽ നടപടി സ്വീകരിക്കുന്നത്. കേരളത്തെ ബാധിക്കുന്ന അതീവ ഗൗരവതരമായ വിഷയത്തിൽ സർക്കാർ വേണ്ടത്ര ജാഗ്രത കാണിച്ചിട്ടില്ല. ഇനിയെങ്കിലും ഇക്കാര്യത്തിൽ ഇടപെടണം. അന്തിമ വിജ്ഞാപനം മാർച്ച് 4-നുണ്ടായില്ലെങ്കിൽ ഡ്രാഫ്റ്റ് നോട്ടിഫിക്കേഷൻ അസാധുവാകും. അത് വലിയ ആശങ്കയുണ്ടാക്കും. അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കാൻ കേരളത്തിന്റെ റിപ്പോർട്ട് തടസ്സമാണെന്ന് കേന്ദ്രമന്ത്രിയായിരുന്ന അനിൽ മാധവ് ധാവെ പറഞ്ഞതായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്. അതൊരു പുതിയ വാദമാണ്. ഇതുവരെ പറഞ്ഞിരുന്നത് കേരളത്തിന്റെ കഡസ്ട്രൽ മാപ്പ് അംഗീകരിച്ചുവെന്നാണ്. ഇപ്പോൾ കേന്ദ്രം കൈക്കൊള്ളുന്ന നിലപാട് ശരിയല്ല. 5 സംസ്ഥാനങ്ങളും റിപ്പോർട്ട് കൊടുത്താൽ മാത്രമേ നടപടി സ്വീകരിക്കാനാവൂ എന്നാണ് ഇപ്പോൾ പറയുന്നത്. ഒരു സംസ്ഥാനം മാത്രമായി നിലപാടെടുക്കാൻ പാടില്ലെന്നാണ് കേന്ദ്ര സർക്കാർ പറയുന്നത്. 2014 സെപ്റ്റംബർ 25-ന് ഗോവ ഫൗണ്ടേഷൻ കേസ്സിൽ നാഷണൽ ഗ്രീൻ ട്രൈബ്യൂണലിന്റെ വിധിയിൽ പറയുന്നത്, " We may also notice that on behalf of the State of Kerala it was specifically contended before us that they have already submitted not only their objections but even their physical measurements of the area that could be declared as Eco-sensitive area and matter is pending with the MoEF now for a considerable time. All that we can direct is that this matter should also be dealt with by the Ministry of Environment with utmost expeditiousness. It will be obviously open to the MoEF to declare the ecologically sensitive areas state wise or collectively for the entire Western Ghats region which is related to the all six states indicated. I repeat 'state wise or collectively.' നാഷണൽ ഗ്രീൻ ട്രൈബ്യൂണൽ പറയുന്നത് കേരളത്തിന് മാത്രമായി നോട്ടിഫൈ ചെയ്യുന്നതിന് തടസ്സമില്ലെന്നാണ്. അക്കാര്യത്തിൽ സംസ്ഥാന സർക്കാർ ജാഗ്രത കാണിക്കണം.

കേരളത്തിൽനിന്നും അഖിലകക്ഷി നിവേദക സംഘം പ്രധാനമന്ത്രിയെ കാണുമ്പോൾ ഇക്കാര്യംകൂടി ഉന്നയിക്കണം. ഭക്ഷ്യപ്രശ്നംപോലെ ഗൗരവമാണ് കസ്തൂരിരംഗൻ വിഷയം. ഇക്കാര്യത്തിൽ ജാഗ്രതയുണ്ടാകണം. സംസ്ഥാന സർക്കാർ സമ്മർദ്ദം ചെലുത്തിയില്ലെങ്കിൽ കേരളത്തിലെ മലയോര മേഖലയാകെ വലിയ ആശങ്കയിലാകും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ ഗൗരവമായി ഇടപെടണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഈ സർക്കാർ അധികാരമേറ്റതിനുശേഷം കസ്തൂരിരംഗൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട വിഷയങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയില്ല എന്നത് ബഹുമാന്യനായ അംഗത്തിന്റെ തെറ്റിദ്ധാരണയാണ്. നേരത്തേതന്നെ ഈ വിഷയവുമായി ബന്ധപ്പെട്ട് കേന്ദ്ര പരിസ്ഥിതി വകുപ്പുമന്ത്രിയുമായി വിശദമായി ചർച്ച ചെയ്തിട്ടുള്ളതാണ്. കസ്തൂരിരംഗൻ റിപ്പോർട്ടിൽ കേരളത്തിലെ 123 വില്ലേജുകളിലായി 13108 ചതുരശ്ര കിലോമീറ്റർ പ്രദേശം പരിസ്ഥിതിലോലമായി കണക്കാക്കിയിട്ടുണ്ട്. ജനസാന്ദ്രത കൂടുതലും ഭൂമിയുടെ ലഭ്യത കുറവുമായ കേരളത്തിലെ ഇ.എസ്.എ.-യുടെ വിസ്തൃതി വർദ്ധിക്കുന്നത് ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുമെന്നതുകൊണ്ട് ജനവാസ കേന്ദ്രങ്ങളെയും കൃഷിസ്ഥലങ്ങളെയും പൂർണ്ണമായും ഇ.എസ്.എ. പരിധിയിൽനിന്നും ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കേരള നിയമസഭ 30-1-2014-ന് ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കിയതാണ്. വിദഗ്ദ്ധ സമിതി സമർപ്പിച്ച റിപ്പോർട്ട് പ്രകാരം കേന്ദ്ര സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൽ സംസ്ഥാനത്തെ ആകെ പരിസ്ഥിതിലോല പ്രദേശങ്ങളുടെ വിസ്തൃതി 9993.7 ചതുരശ്ര കിലോമീറ്ററായിരുന്നു എന്നാണ്. സംസ്ഥാന സർക്കാരിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ 10-3-2014-ൽ പുറപ്പെടുവിച്ച കരട് വിജ്ഞാപനത്തിൽ 9107 ചതുരശ്ര കിലോമീറ്റർ വനപ്രദേശമായും 886.7 ചതുരശ്ര കിലോമീറ്റർ വനേതര പ്രദേശമായും കാണിച്ചിരുന്നു. 4-9-2015-ലെ വിജ്ഞാപനത്തിൽ വിസ്തീർണ്ണം അതുതന്നെയാണ് കാണിച്ചിരുന്നത്. ഈ വിജ്ഞാപനത്തിൽ റിസർവ് ഫോറസ്റ്റ്, പ്രൊട്ടക്റ്റഡ് ഏരിയ, വേൾഡ് ഹെറിറ്റേജ് സൈറ്റ് എന്നിവ മാത്രമായി ചുരുക്കുവാൻ കേരള സർക്കാർ ആവശ്യപ്പെടുകയുണ്ടായി. കേന്ദ്ര പരിസ്ഥിതി വകുപ്പ് സഹമന്ത്രി 23-6-2016-ൽ കേരളം സന്ദർശിച്ച അവസരത്തിൽ എത്രയുംവേഗം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതുണ്ട് എന്നാവശ്യപ്പെട്ട് മെമ്മോറാണ്ടം സമർപ്പിച്ചിരുന്നു. തമിഴ്നാട് സർക്കാർ ഇതുവരെ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലാത്തതുകൊണ്ടാണ് അന്തിമ വിജ്ഞാപനം വൈകുന്നത്. പശ്ചിമഘട്ട സംസ്ഥാനങ്ങൾക്ക് പൊതുവിൽ

ഒരു വിജ്ഞാപനം പുറപ്പെടുവിക്കുകയാണ് എന്നതാണ് കേന്ദ്രസർക്കാർ എടുത്തിരിക്കുന്ന നിലപാട്. 2017 മാർച്ച് 4-ാം തീയതി കരട് വിജ്ഞാപനത്തിന്റെ കാലാവധി അവസാനിക്കും. നേരത്തേ കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ സമർപ്പിച്ച 9993 ചതുരശ്ര കിലോമീറ്റർ വനപ്രദേശങ്ങളിൽനിന്നും 886.7 ചതുരശ്ര കിലോമീറ്റർ വനേതര പ്രദേശം വേർതിരിച്ച് 9107 ചതുരശ്ര കിലോമീറ്റർ മാത്രം ഇ.എസ്.എ. ആയി തിട്ടപ്പെടുത്താനും ബാക്കി വരുന്നത് ഇ.എസ്.എ.-യുടെ പരിധിയിൽനിന്നും ഒഴിവാക്കി സംസ്ഥാന നിയമങ്ങളും ചട്ടങ്ങളും കർശനമായി പാലിച്ചുകൊണ്ട് സംരക്ഷിക്കുവാനും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചുകൊണ്ട് 23-2-2017-ന് കത്തയയ്ക്കുകയും ചെയ്തിട്ടുണ്ട്. വനേതര മേഖലയായ 886.7 ചതുരശ്ര കിലോമീറ്റർ പ്രദേശം സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്വത്തിൽ സംരക്ഷിക്കുന്നതിനായി ശക്തമായ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്ഥാപനങ്ങൾക്കും പഞ്ചായത്തുതല ജൈവവൈവിധ്യ മാനേജ്മെന്റ് സമിതികൾക്കും പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചുകഴിഞ്ഞു. തമിഴ്നാട് സർക്കാർ റിപ്പോർട്ട് നൽകാത്തതുകൊണ്ടാണ് അന്തിമ വിജ്ഞാപനം വൈകുന്നത്. എങ്കിലും സംസ്ഥാന സർക്കാർ തുടർന്നും 9107 ചതുരശ്ര കിലോമീറ്റർ പ്രദേശം മാത്രം ഇ.എസ്.എ. പരിധിയിൽ നിർത്താൻ ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങ് പറഞ്ഞതുപോലെ കരട് വിജ്ഞാപനം മാർച്ച് 4-ന് അസാധുവാകാൻ പോകുകയാണ്. എല്ലാ സംസ്ഥാനങ്ങളും ഒന്നിച്ചുവേണ്ട, സ്പെസിഫിക്കായി ചെയ്യാൻ സാധിക്കുമെന്നാണ് നാഷണൽ ഗ്രീൻ ട്രൈബ്യൂണൽ പറയുന്നത്. ഒരു സംസ്ഥാനത്തിന് പ്രത്യേകമായിട്ടോ ഒന്നിച്ചോ ചെയ്യാൻ സാധിക്കുമെന്ന് അവരുടെ വിധിയിൽ പറയുന്നുണ്ട്. തമിഴ്നാട് സർക്കാർ അവരെ ചലഞ്ച് ചെയ്യുകയാണ്. അവർ കൊടുക്കാൻ പോകുന്നില്ല. തമിഴ്നാട് സർക്കാരിന്റെ നിലപാടുകൊണ്ട് കേരളത്തിന് ദോഷമാണുണ്ടാകാൻ പോകുന്നത്. അതുകൊണ്ട് ഇക്കാര്യം ഗൗരവമായി ശ്രദ്ധയിൽപ്പെടുത്തി, കേന്ദ്ര സർക്കാർ രണ്ടുപ്രാവശ്യം അംഗീകരിച്ച ഡ്രാഫ്റ്റിൽ പറയുന്നതുപോലെ 9107 ചതുരശ്ര കിലോമീറ്റർ മാത്രം ഇ.എസ്.എ.-യിൽ നിലനിർത്തിക്കൊണ്ടുള്ള നടപടി സ്വീകരിക്കാൻ അങ്ങ് പ്രധാനമന്ത്രിയുമായി ചർച്ച നടത്തുമോ; ആൾപാർട്ടി സംഘത്തിന്റെ നിവേദനത്തിൽ ഇക്കാര്യം ഉൾപ്പെടുത്താമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇക്കാര്യത്തിൽ ഇപ്പോൾത്തന്നെ ചർച്ച നടത്തിയിട്ടുണ്ട്. തുടർന്നും ചർച്ചകൾ നടത്താൻ സർക്കാർ സന്നദ്ധമാണ്.

# IV സബ്മിഷൻ

## (1) വന നശീകരണം

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, വേനൽ കനത്തതോടു കൂടി സംസ്ഥാനത്തിന്റെ പശ്ചിമഘട്ട മലനിരകളിലാകെ തീ പടർന്നുപിടിക്കുകയാണ്. വയനാട്ടിലെ ചേമ്പ്ര മലയിൽ 500 ഏക്കർ ഭൂമി കത്തി നശിക്കുകയും വയനാട് വന്യജീവി സങ്കേതത്തിൽ രണ്ടുമൂന്നിടങ്ങളിൽ തീ പടരുകയും തിരുവനന്തപുരത്ത് മൂക്കുന്നിമലയിലും പട്ടാളക്കാരുടെ വെടിവയ്പ്പ് പരിശീലനം നടക്കുന്ന ഭാഗത്തും റഡാർ സ്ഥാപിച്ച ഭാഗത്തും തീപിടിത്തമുണ്ടാകുകയും ചെയ്തു. ശ്രീ. ഐ.സി. ബാലകൃഷ്ണൻ, എം.എൽ.എ. ഇതിന്റെ വിശദമായ വിവരം എനിക്ക് നൽകുകയുണ്ടായി. വയനാട് വന്യജീവി സംരക്ഷണ കേന്ദ്രം വലിയ ഭീഷണിയിലാണ്. ആ സംരക്ഷണ കേന്ദ്രത്തിന് ചുറ്റുമുള്ള തമിഴ്നാട്-കർണ്ണാടക സംസ്ഥാന പരിധിയിൽ വരുന്ന വനമേഖല തീപിടുത്ത ഭീഷണി നേരിടുകയാണ്. തമിഴ്നാട്ടിലെ മുതുമല, കർണ്ണാടകയിലെ ബന്ദിപ്പൂർ എന്നീ മേഖലകളിലാണ് വ്യാപകമായി തീ പടരുന്നത്. ഏതാണ്ട് 20000 ഹെക്ടർ ഭൂമിയാണ് ബന്ദിപ്പൂരിൽ കത്തിനശിച്ചത്. ഒരു ഫോറസ്റ്റ് ഗാർഡ് മരിച്ചു. തീപ്പൊരി പടർന്നാൽ കത്തിയമരാൻ പാകത്തിൽ ചൂട്ടുകറ്റപോലെ ഉണങ്ങിയ മുളങ്കാടുകൾ നിൽക്കുന്നത് ഈ പ്രദേശത്താണ്. ഈ വർഷം ജനുവരി 1 മുതൽ 299.75 ഹെക്ടർ വനഭൂമിയാണ് സംസ്ഥാനത്ത് വിവിധ ഭാഗങ്ങളിലായി ചാമ്പലായത്. നെന്മാറ ഡിവിഷനുകീഴിൽ മാത്രം 73.28 ഹെക്ടർ കത്തിനശിച്ചു. കാട്ടുതീയുടെ എണ്ണത്തിൽ ദക്ഷിണേന്ത്യയിൽ രണ്ടാം സ്ഥാനമാണ് കേരളത്തിനുള്ളതെന്ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് കീഴിലുള്ള ഡെറാഡൂൺ ആസ്ഥാനമായ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ വ്യക്തമാക്കിയിരുന്നു. വളരെ ഗുരുതരമായ ഒരു പ്രശ്നമാണിത്. ഇന്ന് എല്ലാ ദിനപത്രങ്ങളിലും ഇതുസംബന്ധിച്ച വാർത്തയുണ്ട്. മലയാള മനോരമയിൽ എഡിറ്റോറിയലുമുണ്ട്. കഴിഞ്ഞ വർഷം സംസ്ഥാനത്ത് 165 സ്ഥലത്ത് കാട്ടുതീയുണ്ടായി. 2015-ൽ 91 സ്ഥലത്തും 2014-ൽ 114 സ്ഥലത്തുമാണ് കാട്ടുതീയുണ്ടായത്. ഇതാണ് വനം വകുപ്പിന്റെ കണക്കായി മാധ്യമങ്ങളിൽ വരുന്നത്. ഓരോ വർഷവും 15 കോടി രൂപ വനം വകുപ്പ് ഇതിനുവേണ്ടി ചെലവഴിക്കുന്നുവെന്നാണ് അറിയുന്നത്. പക്ഷേ ഇത്തവണത്തെ വരൾച്ച കണക്കിലെടുത്തുകൊണ്ട് കാട്ടുതീ തടയാനുള്ള മുന്നൊരുക്കങ്ങൾ വനം വകുപ്പ് നടത്തിയിട്ടില്ലെന്നുള്ള പരാതിയാണ് ഇപ്പോൾ ഉയർന്നുവന്നിട്ടുള്ളത്. ബ്രിട്ടീഷുകാരുടെ കാലത്ത് കമ്പും കോലും കല്ലുമൊക്കെ ഉപയോഗിച്ച് തീ കെടുത്തിയിരുന്നു. അതേ മാർഗ്ഗം ഇന്നും പലയവസരങ്ങളിലും പിന്തുടരുന്നു. വനം കത്തി നശിക്കുന്നുവെന്നുള്ള ഗുരുതരമായ അവസ്ഥ കണക്കിലെടുത്ത് വനത്തിലെ ജൈവസമ്പത്തിനെ സംരക്ഷിക്കാനും

ജൈവവൈവിധ്യങ്ങളെ നിലനിർത്താനും മുൻകരുതലുകൾ വേണം. അതിനായി കൂടുതൽ സന്നാഹങ്ങൾ ആവശ്യമാണ്. കാട്ടിലേയ്ക്ക് കടന്നുപോകത്തക്ക നിലയിലുള്ള ചെറിയ ഫയർ സ്റ്റേഷനുകൾ അനിവാര്യമാണ്. ഇക്കാര്യത്തിൽ സർക്കാർ അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

11.00 A.M.]

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉന്നയിച്ചിട്ടുള്ളത്. 2016-ലെ കാലവർഷത്തിലും തുലാവർഷത്തിലും കാര്യമായ കുറവ് വന്നിട്ടുണ്ട്. ഇതുവരെ വേനൽ മഴ ലഭിച്ചിട്ടില്ല. കടുത്ത വേനലും വരൾച്ചയും ആരംഭിച്ചുകഴിഞ്ഞു. ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ വനമേഖലയിൽ തീപിടുത്തമുണ്ടാകാനുള്ള സാധ്യത കൂടുതലാണ്. ഇത് മുന്നിൽ കണ്ടുകൊണ്ട് വനം വകുപ്പ് മുൻകരുതൽ നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്. ഓരോ ഫോറസ്റ്റ് ഡിവിഷനുകീഴിലും വരുന്ന വനമേഖലയുടെ സ്വഭാവം, മുൻ വർഷങ്ങളിലെ അനുഭവം, തീപിടിക്കാനുള്ള സാധ്യത എന്നിവ കണക്കിലെടുത്ത് വനമേഖലയെ ഹൈ, മോഡറേറ്റ്, ലോ എന്നിങ്ങനെ വിവിധ സാധ്യതാ മേഖലകളായി തരംതിരിക്കുകയും ഹോട്ട്സ്പോട്ടുകൾ അടയാളപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഓരോ ഡിവിഷൻ തലത്തിലും കാട്ടുതീ ഫലപ്രദമായി നേരിടാനുള്ള പ്രവൃത്തികൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഫയർ മാനേജ്മെന്റ് പ്ലാനുകൾ തയ്യാറാക്കുകയും സർക്കിൾ തലവന്മാർ ഇത് പരിശോധിച്ച് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഓരോ വനമേഖലയിലെയും കാട്ടുതീ സാധ്യതയും സ്ഥലത്തിന്റെ പ്രത്യേകതയും കണക്കിലെടുത്ത് കാട്ടുതീ നേരിടാനുള്ള തന്ത്രം ആവിഷ്കരിച്ചിട്ടുണ്ട്. വിവിധ സ്കീമുകളിലും പദ്ധതികളിലും ലഭ്യമായ തുക ക്രോഡീകരിച്ച് വിനിയോഗിച്ചുവരുന്നു. തീ പടർന്നുപിടിക്കാനുള്ള മുൻകരുതലെന്ന നിലയിൽ ഫയർ ലൈനുകൾ ജനുവരി മാസത്തോടെതന്നെ തെളിച്ചുകഴിഞ്ഞു. ഏതെങ്കിലും വനമേഖലയിൽ കാട്ടുതീ ഉണ്ടാകുകയാണെങ്കിൽ ആയത് ഉപഗ്രഹത്തിന്റെ സഹായത്തോടുകൂടി കണ്ടെത്തി ബന്ധപ്പെട്ട വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് വിവരം ലഭിക്കത്തക്കവിധം ഡെറാഡൂൺ ആസ്ഥാനമായ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ ഒരുക്കിയ ഫോറസ്റ്റ് ഫയർ അലർട്ട് സംവിധാനം ഉപയോഗപ്പെടുത്തുന്നുണ്ട്. ഇതിലേയ്ക്കായി സംസ്ഥാനത്തെ എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരും വൈൽഡ് ലൈഫ് വാർഡന്മാരും റേഞ്ച് ഫോറസ്റ്റ് ഓഫീസർമാരും ഫോറസ്റ്റ് സ്റ്റേഷന്റെ ചാർജ്ജുള്ള ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർമാരും പേര് രജിസ്റ്റർ ചെയ്ത് പ്രസ്തുത സംവിധാനം ഉപയോഗപ്പെടുത്തിവരികയാണ്. അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനായി സംസ്ഥാനതലത്തിൽ വനം വകുപ്പ് ആസ്ഥാനത്ത്

ഒരു ഫയർ മോണിറ്ററിംഗ് സെൽ പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമെ എല്ലാ വനം ഡിവിഷനുകളിലും ഫയർ കൺട്രോൾ റൂമും അടിയന്തര സാഹചര്യങ്ങൾ നേരിടാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ക്രൈസിസ് മാനേജ്മെന്റ് ടീമും പ്രവർത്തിച്ചുവരുന്നു. കാട്ടുതീയുടെ സാന്നിദ്ധ്യം വേഗം കണ്ടെത്താനും ബന്ധപ്പെട്ട ജീവനക്കാർക്ക് ആയത് നിയന്ത്രിക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകുന്നതിനും സംസ്ഥാന വ്യാപകമായി സ്ഥിരം/താൽക്കാലിക വാച്ച് ടവറുകൾ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. കാട്ടുതീ ഫലപ്രദമായി നിയന്ത്രിക്കാനായി ഫയർ മസ്ദൂർമാരെയും പ്രായേണ വലിയ തീ നേരിടാൻ ഫയർ ഗ്യാംഗുകളെയും നിയോഗിച്ചിട്ടുണ്ട്. വനസംരക്ഷണ സമിതിയുടെയോ ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളുടെയോ നേതൃത്വത്തിൽ ജനവാസ മേഖലയോടടുത്ത വന മേഖലകളിൽ കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങളും ബോധവൽക്കരണ പ്രവർത്തനങ്ങളും നടന്നുവരുന്നുണ്ട്. കഠിനമായ വെയിലിലുണ്ടാകുന്ന കാട്ടുതീ ഫലപ്രദമായി നേരിടുന്നതിനുള്ള നൈപുണ്യം ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പുമായി സഹകരിച്ച് വനം വകുപ്പ് ജീവനക്കാർക്ക് നൽകിവരുന്നുണ്ട്. കാട്ടുതീ പ്രതിരോധി-ക്കുന്നതിനാവശ്യമായ ഉപകരണങ്ങളും പ്രത്യേക ബൂട്ട്സ്, ഹെൽമെറ്റ്, വസ്ത്രങ്ങൾ എന്നിവയും ആവശ്യാനുസരണം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. വനത്തിനകത്തുതന്നെ മഴവെള്ളം സംഭരിച്ചുനിർത്താനും അതുവഴി വനത്തിനകത്ത് ആർദ്രത നിലനിർത്താനും കാട്ടുതീയുടെ സാധ്യത കുറയ്ക്കാനും ആവശ്യമായ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി നിലവിലുള്ള ജലാശയങ്ങളുടെ ആഴം കൂട്ടുകയും മണ്ണ് നീക്കം ചെയ്യുകയും പുതുതായി ചെക്ക്ഡാമുകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തി തുടരുന്നതാണ്. ഈ വർഷം കാട്ടുതീ മൂലമുണ്ടാകുന്ന ആപത്തിനെക്കുറിച്ച് പൊതുജനങ്ങളെ ബോധവാന്മാരാക്കുന്നതിനും പ്രതിരോധ പ്രവർത്തനങ്ങളിൽ അവരെക്കൂടി ഭാഗമാക്കുന്നതിനുമായി പോസ്റ്ററുകൾ, ബാനറുകൾ, റാലികൾ, തിയേറ്ററുകളിൽ സ്ലൈഡുകൾ, തെരുവുനാടകങ്ങൾ തുടങ്ങിയവ സംഘടിപ്പിച്ചുവരുന്നു. ഈ വർഷത്തെ മഴക്കുറവും കടുത്ത ജലദൗർലഭ്യവും കടുത്ത വേനലുംമൂലമുണ്ടാകാനിടയുള്ള കാട്ടുതീയെ ഫലപ്രദമായി നിയന്ത്രിക്കാൻ നടപടികളെടുത്തിട്ടുണ്ട്.

കേന്ദ്ര സർക്കാരിന്റെ നിർദ്ദേശപ്രകാരം എല്ലാ വകുപ്പുകളെയും ഉൾപ്പെടുത്തി ഒരു സ്റ്റേറ്റ് ഫോറസ്റ്റ് ഫയർ ക്രൈസിസ് മാനേജ്മെന്റ് സെൽ രൂപീകരിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതാണ്. ഈ വർഷം കാട്ടുതീയിലുണ്ടായ വർദ്ധനവ് ആശങ്കാജനകമല്ല. മേൽപ്പറഞ്ഞ മുൻകരുതലുകളിലൂടെയും പ്രവൃത്തികളിലൂടെയും വൻതോതിലുള്ള കാട്ടുതീയുണ്ടാകാതെ വനം സംരക്ഷിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇക്കാര്യത്തിൽ വനം വകുപ്പ് തുടർന്നും കർശനമായ ജാഗ്രത പുലർത്തുന്നതാണ്.

എല്ലാ വകുപ്പുകളുടെയും വനത്തിനോട് ചേർന്ന് ജീവിക്കുന്ന പൊതുജനങ്ങളുടെയും സഹകരണത്തോടെ കാട്ടുതീ നിയന്ത്രിച്ചുനിർത്താനാകുമെന്ന് പ്രതീക്ഷിക്കുന്നു. കർണ്ണാടകയിലെ ബന്ദിപ്പൂർ കടുവ സങ്കേതം പൂർണ്ണമായി കത്തിനശിച്ചതായി പത്രത്തിൽ വാർത്തയുണ്ടായിരുന്നു. തീ നിയന്ത്രണവിധേയമാക്കുന്നതിന് കേരളത്തിലെ സേന അവരെ സഹായിച്ചിരുന്നു. വനംവകുപ്പിന്റെ ഫലപ്രദമായ ഇടപെടലുകൾ മൂലമാണ് കേരളത്തിൽ അത്തരത്തിലുള്ള സംഭവങ്ങളുണ്ടാകാത്തത്. കഴിഞ്ഞ വർഷം ഇതേ സീസണിൽ തീ പടർന്നുപിടിച്ച മേഖലകളെ സംബന്ധിച്ചുള്ള വിവരങ്ങളെല്ലാം എന്റെ കൈവശമുണ്ട്. പൊതുസ്വത്തെന്നുള്ള രീതിയിൽ വനം സംരക്ഷിക്കുന്നതിനാവശ്യമായ ജാഗ്രതാപൂർവ്വമായ നടപടികൾ തീർച്ചയായും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകും.

## (2) അതിവേഗ റെയിൽപ്പാത

ശ്രീ. എം. രാജഗോപാലൻ: സർ, കേരളത്തിൽ സാധ്യതാ പഠന റിപ്പോർട്ട് തയ്യാറാക്കിയ അതിവേഗ റെയിൽപ്പാത പദ്ധതിയിൽ കാസർഗോഡ് ജില്ലയെക്കൂടി ഉൾപ്പെടുത്തണം. പിന്നോക്കാവസ്ഥ അഭിമുഖീകരിക്കുന്ന കാസർഗോഡ് ജില്ലയെ ഒഴിവാക്കിക്കൊണ്ടുള്ള ഒരു സാധ്യതാപഠന റിപ്പോർട്ടാണ് പ്രോജക്ട് കൺസൾട്ടൻസി തയ്യാറാക്കിയിട്ടുള്ളത്. വിപുലമായ ആശുപത്രി ശൃംഖലയുള്ള മംഗലാപുരംവരെ പാത ദീർഘിപ്പിച്ചാൽ മാത്രമേ ഇതിന്റെ പൂർണ്ണമായ പ്രയോജനം നമുക്ക് ലഭ്യമാകുകയുള്ളൂ. കാസർഗോഡ്, കണ്ണൂർ, കോഴിക്കോട് ജില്ലകളിൽനിന്ന് നൂറുകണക്കിനാളുകളാണ് നിത്യേന മംഗലാപുരത്തുള്ള ആശുപത്രികളെയും എയർപോർട്ടിനെയും ആശ്രയിക്കുന്നത്. പക്ഷെ തലപ്പാടി - മംഗലാപുരം റൂട്ടിൽ ഈ പാത പ്രായോഗികമാകണമെങ്കിൽ കർണ്ണാടക സർക്കാർ മുൻകയ്യെടുക്കണം. അതിന് വേണ്ടത്ര താൽപ്പര്യം കർണ്ണാടക സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകാത്ത സാഹചര്യത്തിൽ കർണ്ണാടക സർക്കാരുമായി സംസ്ഥാന സർക്കാർ ഈ പ്രശ്നം ചർച്ച ചെയ്യാൻ തയ്യാറാകണം. കേരളത്തിന്റെ സമഗ്രമായ വികസനത്തിനുവേണ്ടി ശക്തമായ ഇടപെടൽ നടത്തിക്കൊണ്ടിരിക്കുന്ന സർക്കാർ ഇതിന്റെ പ്രസക്തി ഉൾക്കൊണ്ട് കാസർഗോഡ് ജില്ലയെക്കൂടി അതിവേഗ റെയിൽപ്പാത പദ്ധതിയിൽ ഉൾപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ 526 കിലോമീറ്റർ ദൈർഘ്യമുള്ള ഒരു ഹൈസ്പീഡ് റെയിൽ കോറിഡോർ പദ്ധതിക്ക് 2010-ൽ അംഗീകാരം നൽകുകയും ഡി.എം.ആർ.സി. ഇതിന്റെ സാധ്യതാപഠനം നടത്തുകയും ചെയ്തു. ഇതിന്റെ മേൽനോട്ടം പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ള കേരള ഹൈസ്പീഡ് റെയിൽ കോർപ്പറേഷനാണ്.

പദ്ധതിയുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് കോർപ്പറേഷന് ഡി.എം.ആർ.സി. 1-7-2016-ൽ കൈമാറി. പ്രാഥമിക പഠന റിപ്പോർട്ടിൽ കാസർഗോഡ് ജില്ലയെ ഉൾപ്പെടുത്തിയിരുന്നെങ്കിലും ഡി.എം.ആർ.സി. സമർപ്പിച്ച പദ്ധതി രൂപരേഖയിൽ ജില്ലയെ ഒഴിവാക്കി. പ്രസ്തുത റിപ്പോർട്ടുപ്രകാരം കണ്ണൂർ മുതൽ കാസർഗോഡ് വരെയുള്ള സഞ്ചാരികളുടെ എണ്ണം പ്രതിദിനം 200-ൽ താഴെയാണ്. ഏകദേശം 100 കിലോമീറ്റർ ദൈർഘ്യമുള്ള പാതയുടെ അതിഭീമമായ ചെലവ് നീതിയുക്ത-മല്ലാത്തതിനാൽ തിരുവനന്തപുരം മുതൽ കണ്ണൂർ വരെയായി റെയിൽപ്പാത നിജപ്പെടുത്തിയാണ് ശിപാർശ ചെയ്തിട്ടുള്ളത്. മംഗലാപുരം വരെ പാത നീട്ടുന്നതിന് കർണ്ണാടക സർക്കാരിന്റെ അനുമതിയാണ് ആവശ്യം. ഇതിന് കേരള ഹൈസ്പീഡ് റെയിൽ കോർപ്പറേഷൻ കർണ്ണാടക സർക്കാരിന് കത്തെഴുതിയിട്ടുണ്ട്. മംഗലാപുരം വരെ നീട്ടിയാൽ വളരെയധികം ആദായകരമായി ഈ പദ്ധതി നടപ്പാക്കാനാകും. അതിനായി എല്ലാവിധ ശ്രമങ്ങളും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകും. പൊതുവെ പിന്നോക്കം നിൽക്കുന്ന കാസർഗോഡ് ജില്ലയെ ഈ പദ്ധതിയുടെ ഭാഗമാക്കി മാറ്റുന്ന കാര്യത്തിൽ തുറന്ന സമീപനമാണ് സർക്കാരിനുള്ളത്.

## (3) പെരിയാറിന്റെ സംരക്ഷണം

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, സബ്മിഷൻ അവതരിപ്പിക്കുന്നതിനുമുമ്പ് ഒരു കാര്യം സൂചിപ്പിക്കുന്നു. ഇന്നലെ ഞാനൊരു കത്ത് ബഹുമാനപ്പെട്ട സ്പീക്കർക്ക് നൽകിയിരുന്നു. ഈ സബ്മിഷൻ അവതരിപ്പിക്കാൻ 28-ാം തീയതിയാണ് എനിക്ക് അനുമതി നൽകിയതെങ്കിലും 26-ാം തീയതി രാത്രി 11.22-ന് ഫെയ്സ്ബുക്കിലൂടെ ഈ സബ്മിഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ വച്ചുകൊണ്ട് ഒരു തുറന്ന കത്ത് എനിക്ക് ലഭിക്കുകയുണ്ടായി. ധാരാളം ആളുകൾ അതുമായി ബന്ധപ്പെട്ട് കമന്റുകളും രേഖപ്പെടുത്തിയിരുന്നു. ഒരു നിയമസഭാംഗമെന്ന നിലയിലുള്ള എന്റെ അവകാശങ്ങൾ സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് ബഹുമാനപ്പെട്ട സ്പീക്കർക്ക് ഇന്നലെ ഒരു കത്ത് കൊടുത്തത്. ഞാൻ വിഷയത്തിലേയ്ക്ക് കടക്കുകയാണ്.

വളരെ പ്രധാനപ്പെട്ടതും എറണാകുളം ജില്ലയിലെ ജനങ്ങൾ വ്യവസായ, കാർഷിക, മത്സ്യബന്ധന മേഖലകളുടെ നിലനിൽപ്പിനായി ആശ്രയിക്കുന്ന നദിയാണ് പെരിയാർ. എറണാകുളം ജില്ലയിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ എഫ്.എ.സി.റ്റി., കൊച്ചിൻ റിഫൈനറി, ഐ.ആർ.ഇ., എച്ച്.ഐ.എൽ. തുടങ്ങിയവയും സ്വകാര്യ സ്ഥാപനങ്ങളായ ഹിൻഡാൽകോ, അപ്പോളോ ടയേഴ്സ്, സി.എം.ആർ.എൽ. തുടങ്ങിയ 250-ഓളം വ്യവസായശാലകളും കർഷകരും പതിനായിരക്കണക്കിന് മത്സ്യത്തൊഴിലാളികളും പെരിയാറിനെ

ആശ്രയിച്ചാണ് ജീവിക്കുന്നത്. പെരിയാറിന്റെ ജലനിരപ്പ് കാത്തുസൂക്ഷിക്കേണ്ടതും വെള്ളം മലിനപ്പെടാതെ സംരക്ഷിക്കപ്പെടേണ്ടതും എറണാകുളം ജില്ലയിലെ കുടിവെള്ള വിതരണത്തിനും പെരിയാറിന്റെ തീരപ്രദേശത്തുള്ള കാർഷിക മേഖലയുടെ സംരക്ഷണത്തിനും ആവശ്യമാണ്. പെരിയാറിന്റെ ജലനിരപ്പ് നിശ്ചിത ലെവലിൽ നിലനിർത്തുന്നതിനായി പുറപ്പള്ളിക്കാവിലും പാതാളത്തും കൊച്ചിൻ റിഫൈനറിയുടെ സഹായത്തോടെ റെഗുലേറ്റർ-കം-ബ്രിഡ്ജ് സ്ഥാപിച്ചിട്ടുണ്ട്. സമീപ ദിവസങ്ങളിൽ പെരിയാറിലെ ജലത്തിന്റെ നിറം കറുക്കുകയും മാലിന്യങ്ങൾ അടിഞ്ഞുകൂടുകയും ചെയ്തു. പരിസ്ഥിതി സംരക്ഷണത്തിന്റെയും മലിനീകരണത്തിന്റെയും പേരിൽ ചിലർ പാതാളം ബണ്ടിലെ ഷട്ടറിന്റെ പ്രവർത്തനം തടസ്സപ്പെടുത്തിയിരിക്കുകയാണ്. ഇത് എറണാകുളം ജില്ലയിലെ കുടിവെള്ള വിതരണത്തെയും പൊതുമേഖലാ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങളെയും ബാധിച്ചിരിക്കുകയാണ്. പെരിയാറിലെ ജലനിരപ്പ് വൻതോതിൽ താഴ്ന്നിരിക്കുന്നതിനാൽ വെള്ളത്തിൽ ഓക്സിജന്റെ അളവ് കുറയുകയും ഈ സ്ഥിതി തുടർന്നാൽ കുടിവെള്ള ലഭ്യത പ്രതിസന്ധിയിലാവുകയും മത്സ്യസമ്പത്ത് നശിക്കുകയും ചെയ്യും. ഭൂതത്താൻകെട്ട് അണക്കെട്ടിൽനിന്നും വെള്ളം തുറന്നുവിട്ട് പ്രശ്നത്തിന് പരിഹാരം കാണേണ്ട അടിയന്തര സാഹചര്യമാണ് നിലനിൽക്കുന്നത്. ആയതിനാൽ എറണാകുളം ജില്ലയിലെ ജനങ്ങളും വ്യവസായ സ്ഥാപനങ്ങളും കാർഷികമേഖലയും കുടിവെള്ളത്തിനും വ്യാവസായികാവശ്യത്തിനും ജലസേചനത്തിനും ആശ്രയിക്കുന്ന പെരിയാർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി അടിയന്തര നടപടി സ്വീകരിക്കാൻ ജലവിഭവ, വ്യവസായ, തൊഴിൽ, പഞ്ചായത്ത് വകുപ്പധികൃതർക്ക് ആവശ്യമായ നിർദ്ദേശം നൽകണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പെരിയാറിൽ പള്ളിവാസൽ, ചെങ്കുളം, ഇടുക്കി, പന്നിയാർ, നേര്യമംഗലം, ഇടമലയാർ, ലോവർ പെരിയാർ എന്നീ ജലവൈദ്യുത പദ്ധതികളുള്ളതുകൊണ്ടും വ്യാവസായികാവശ്യങ്ങൾക്ക് ജലം നദിയിൽനിന്നും എടുക്കുന്നതുമൂലവും വേനൽക്കാലത്ത് പെരിയാറിലെ നീരൊഴുക്ക് കുറയുന്നതിനാൽ വേമ്പനാട് കായലിൽനിന്നും ഉപ്പുവെള്ളം കയറുന്നതിന് ഇടയാകുന്നുണ്ട്. ഇത് പെരിയാറിലെ ആവാസ വ്യവസ്ഥയെ സാരമായി ബാധിക്കുന്നു. ഏലൂരിൽ പാതാളത്തും മഞ്ഞുമ്മലും പുറപ്പള്ളിക്കാവിലും റെഗുലേറ്റർ-കം-ബ്രിഡ്ജ് സ്ഥാപിച്ച് ഉപ്പുവെള്ളം കയറുന്നത് നിയന്ത്രിക്കും. കേരളത്തിൽ ലഭിക്കേണ്ട ശരാശരി മഴയുടെ അളവിലുണ്ടായ കുറവ് പെരിയാറിന്റെ നീരൊഴുക്കിനെയും ബാധിച്ചിട്ടുണ്ട്. ഭൂതത്താൻകെട്ട് ബാരേജിൽനിന്ന് ജലം തുറന്നുവിടണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഭൂതത്താൻകെട്ട് ബാരേജിൽ ജലമെത്തുന്നത് ഇടമലയാർ

ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിൽനിന്നാണ്. എങ്കിലും അത്യാവശ്യഘട്ടമുണ്ടായാൽ കൂടുതൽ വെള്ളം ഭൂതത്താൻകെട്ട് ബാരേജിൽനിന്നും തുറന്നുവിടാൻ കഴിയും. ഉയർന്ന അളവിൽ നൈട്രേറ്റുകളും മറ്റ് ലവണ പദാർത്ഥങ്ങളും നദീജലത്തിൽ കടന്നുകൂടിയതും സ്വാഭാവിക ഓക്സിജന്റെ അളവിനെയും മറ്റ് ജലജീവികളുടെ സാന്നിദ്ധ്യത്തേയും സാരമായി ബാധിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. അത്യാവശ്യ ഘട്ടമുണ്ടായാൽ കൂടുതൽ ശുദ്ധജലമെത്തിക്കുന്നതിനാവശ്യമായ കരുതൽ നടപടികൾ കൈക്കൊള്ളണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. കുടിവെള്ളത്തിന്റെ ലഭ്യത ഉറപ്പാക്കണമെന്ന് ജില്ലാകളക്ടർക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകുന്നതാണ്. പെരിയാർ നദിയിൽ മലിനീകരണം തടയുന്നതിനും നിയന്ത്രിക്കുന്നതിനുമായി മലിനീകരണ നിയന്ത്രണ ബോർഡ് നിരവധി നടപടികൾ സ്വീകരിച്ചുവരുന്നു. മലിനീകരണത്തിന്റെ തോത് നിർണ്ണയിക്കുന്നതിനായി സർവെയലൻസ് വാൻ 24 മണിക്കൂറും പ്രവർത്തനസജ്ജമാണ്. കൂടാതെ പെരിയാറിന്റെ ഇരുകരകളിലും ക്യാമറകൾ സ്ഥാപിച്ച് കൺട്രോൾ റൂം വഴി നിരീക്ഷിക്കുന്നുണ്ട്. വ്യവസായ ശാലകളിൽനിന്നും പുറംതള്ളുന്ന പാഴ്ജലത്തിന്റെ ഗുണനിലവാരം തൽസമയം പരിശോധിച്ച് രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം പ്രധാന വ്യവസായശാലകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. പെരിയാറിൽനിന്നും വ്യാവസായികാവശ്യത്തിന് ജലമെടുക്കുന്നത് കുറയ്ക്കുന്നതിന്റെ ഭാഗമായി വ്യവസായശാലകളിൽ ശുദ്ധീകരിച്ച പാഴ്ജലത്തിന്റെ പുനരുപയോഗം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഹരിത കേരളം മിഷനിൽ പെരിയാറുമായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി പദ്ധതി രൂപീകരിച്ച് പെരിയാറിന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശ്രമിക്കാവുന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ ജോൺ ഫെർണാണ്ടസ് ഇവിടെ ഉന്നയിച്ച സബ്മിഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഫേസ്ബുക്കിൽ വന്നത് സംബന്ധിച്ച് പരിശോധിച്ച് പിന്നീട് റൂളിംഗ് നൽകുന്നതാണ്.

### (4) ജിഷ്ണു പ്രണോയിയുടെ മരണം

ശ്രീ. ഇ. കെ. വിജയൻ : സർ, പാമ്പാടി നെഹ്റു കോളേജിലെ ഒന്നാം വർഷ കമ്പ്യൂട്ടർ സയൻസ് വിദ്യാർത്ഥി ജിഷ്ണു പ്രണോയ് മരിക്കാനിടയായ സാഹചര്യം സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. പാമ്പാടി നെഹ്റു കോളേജിലെ ജിഷ്ണു പ്രണോയ് എന്ന വിദ്യാർത്ഥി അടിയുറച്ച എസ്.എഫ്.ഐ. പ്രവർത്തകനാണ്. ഏറ്റവുമൊടുവിൽ നോട്ട് നിരോധനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്കെതിരെ എൽ.ഡി.എഫ്. നടത്തിയ മനുഷ്യച്ചങ്ങലയിലും ജിഷ്ണു പ്രണോയ് പങ്കാളിയായിരുന്നു. ആ കോളേജിൽ നടക്കുന്ന അനീതികൾക്കെതിരെ ശക്തമായി പ്രതികരിക്കുന്ന

വിദ്യാർത്ഥിയായിരുന്നു. മാനസികവും ശാരീരികവുമായ പീഡനത്തെത്തുടർന്നാണ് ജിഷ്ണു പ്രണോയ് മരിക്കാനിടയായത്. സർക്കാർ സത്വരമായി ഈ വിഷയത്തിൽ ഇടപെടുകയും ശ്രീ. റ്റി. പി. രാമകൃഷ്ണനും മറ്റ് മന്ത്രിമാരും ആ വീട് സന്ദർശിക്കുകയും സമാശ്വാസ നടപടികൾ സ്വീകരിക്കുകയും പ്രത്യേക അന്വേഷണ സംഘത്തെയും സ്പെഷ്യൽ പ്രോസിക്യൂട്ടറെയും ചുമതലപ്പെടുത്തുകയും ചെയ്തു. ഈ കേസ്സിൽ ഒന്നാം പ്രതിയായ ചെയർമാൻ കൃഷ്ണദാസിനെ കൂടാതെ പി.ആർ.ഒ. സംജിത് വിശ്വനാഥൻ (മുൻമന്ത്രി കെ. പി. വിശ്വനാഥന്റെ മകൻ) വൈസ് പ്രിൻസിപ്പാൾ ശക്തിവേൽ, അദ്ധ്യാപകൻ പ്രവീൺ, പരീക്ഷാ ചുമതലക്കാരൻ ബിപിൻ എന്നിവരെയും പ്രതിയാക്കി കേസ്സെടുത്തിട്ടുണ്ട്. എന്നാൽ ഇതിനകം അവരെ അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ലാത്തതിനാൽ എത്രയുംവേഗം അവരെ അറസ്റ്റ് ചെയ്യുന്നതിനുള്ള നടപടിയുണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. അതോടൊപ്പം ജവഹർലാൽ നെഹ്റുവിന്റെ പേരാണ് ഈ അൺ-എയിഡഡ് സ്ഥാപനത്തിന് നൽകിയിട്ടുള്ളത്. ബഹുമാന്യരായ നേതാക്കന്മാരുടെ പേര് ഇത്തരം സ്ഥാപനങ്ങൾക്ക് നൽകുന്നതിന്റെ സാങ്കേതികത്വവും ഇതുമായി ബന്ധപ്പെട്ട് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്. ഇന്ത്യയിൽ കുട്ടികളെ സ്നേഹിക്കുന്ന അറിയപ്പെടുന്ന ഒരാളായാണ് നെഹ്റുവിനെ കാണുന്നത്. അദ്ദേഹത്തിന്റെ പേര് നൽകിക്കൊണ്ട് ഇടിമുറയുൾപ്പെടെയുള്ള ഭീകരവും മാനസികവും ശാരീരികവുമായ പീഡനം നടത്തുന്ന ഒരു സ്ഥാപനമാണിതെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിലുണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, തൃശ്ശൂർ പാമ്പാടി നെഹ്റു എഞ്ചിനീയറിംഗ് കോളേജിൽ ഒന്നാം വർഷ കമ്പ്യൂട്ടർ സയൻസ് വിദ്യാർത്ഥി യായിരുന്ന ജിഷ്ണു പ്രണോയിയെ 16-1-2017-ന് വൈകിട്ട് കോളേജ് മെൻസ് ഹോസ്റ്റൽ ബാത്റൂമിൽ തൂങ്ങിയ നിലയിൽ കാണപ്പെടുകയും സഹവാസികൾ ചേർന്ന് ഒറ്റപ്പാലം താലൂക്കാശുപത്രിയിൽ കൊണ്ടുപോയെങ്കിലും കുട്ടി മരണപ്പെട്ട നിലയിലായിരുന്നു. അസ്വാഭാവികമായ മരണം സംബന്ധിച്ച് തൃശ്ശൂർ പഴയന്നൂർ പോലീസ് സ്റ്റേഷനിൽ സെക്ഷൻ 174 സി.ആർ.പി.സി. ആയി പോലീസ് കേസ് രജിസ്റ്റർ ചെയ്തു. കേസ്സിന്റെ വിശദമായ അന്വേഷണത്തിന് ഇരിങ്ങാലക്കുട എ.എസ്.പി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ജിഷ്ണുവിന്റെ മരണം കോളേജ് അധികാരികളുടേയും അദ്ധ്യാപകരുടേയും മാനസിക പീഡനംമൂലമാണെന്ന് ആരോപിച്ച് ജിഷ്ണുവിന്റെ ബന്ധുക്കളുടെ പരാതി ലഭിച്ചിട്ടുള്ളതും ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നതുമാണ്. അന്വേഷണത്തിൽ കോളേജിന്റെ ചെയർമാൻ അഡ്വക്കേറ്റ് കൃഷ്ണദാസ്, ഉദ്യോഗസ്ഥനായ സംജിത്, വൈസ് പ്രിൻസിപ്പാൾ ശക്തിവേൽ, അസിസ്റ്റന്റ് പ്രൊഫസർമാരായ പ്രവീൺ, ബിപിൻ എന്നിവർ മരണത്തിന് കാരണക്കാരാണെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ സെക്ഷൻ 174 സി.ആർ.പി.സി. കുറവ് ചെയ്ത് 120B, 384, 306, 323, 465, 468,

471, 201 & 34 ഐ.പി.സി. വകുപ്പുകൾപ്രകാരം പ്രതികൾ കുറ്റം ചെയ്തതായി കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. ഒന്നാം പ്രതി കൃഷ്ണദാസിന് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽനിന്നും ഇടക്കാല ജാമ്യം ലഭിച്ചിട്ടുണ്ട്. പി.ആർ.ഒ. സംജിത്, വൈസ് പ്രിൻസിപ്പാൾ ശക്തിവേൽ, ഡിസിപ്ലിനറി ഓഫീസർ ഗോവിന്ദൻ കുട്ടി എന്നിവർക്കെതിരെ ഒരു കേസ്സും രക്ഷിതാക്കളെ ഭീഷണിപ്പെടുത്തിയതിന് നെഹ്റു ഗ്രൂപ്പ് ചെയർമാൻ അഡ്വക്കേറ്റ് കൃഷ്ണദാസിനെതിരെ മറ്റൊരു കേസ്സും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## (5) ജൻറം വാട്ടർ സപ്ലൈ പ്രോജക്ടും സ്വീവറേജ് പ്രോജക്ടും നടപ്പാക്കൽ

ശ്രീ. കെ. മുരളീധരൻ: സർ, തലസ്ഥാനനഗരിയിലെ കുടിവെള്ള പദ്ധതിക്കായി രൂപീകരിച്ച ജൻറം വാട്ടർ സപ്ലൈ പ്രോജക്ട് നടപ്പിലാക്കുന്നതിലേയ്ക്കായി ഈ വർഷം അനുവദിച്ച 87.16 കോടി രൂപയിൽ 49.90 കോടി രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. എന്റെ നിയോജകമണ്ഡലത്തിലെ പേരൂർക്കട-കുടപ്പനക്കുന്ന്, അമ്പലംമുക്ക്-പേരൂർക്കട, കണ്ണമ്മൂല-കലാകൗമുദി റോഡ്, അവിട്ടം റോഡ്-കോയിക്കൽ ലൈൻ, മുളവന ബാർട്ടൺഹിൽ കോളനി, മുളവന ജംഗ്ഷൻ-ഗൗരീശപട്ടം, തേക്കുംമൂട് ജംഗ്ഷൻ-പൊട്ടക്കുഴി റോഡ്, കുന്നുകുഴി ജംഗ്ഷൻ-കലാവിഹാർ, പി.എം.ജി. റോഡ്-വികാസ് ലൈൻ തുടങ്ങിയ പല സ്ഥലങ്ങളിലും സ്ഥാപിച്ച പൈപ്പ് ലൈനുകൾ റെഗുലർ ലൈനുമായി കൂട്ടിയോജിപ്പിക്കാനോ ഇല്ലാത്ത സ്ഥലത്ത് പൈപ്പ് ലൈനിടാനോ സാധിച്ചിട്ടില്ല. അതുപോലെ ജൻറം സ്വീവറേജ് സ്കീം നടപ്പാക്കുന്നതിന് ഒന്നാം ഘട്ടമായി 215 കോടി രൂപയും രണ്ടാം ഘട്ടമായി 121 കോടി രൂപയും അനുവദിച്ചിരുന്നു. ഇതിൽ ചെലവായത് യഥാക്രമം 77 കോടി രൂപയും 38 കോടി രൂപയും മാത്രമാണ്. പല സ്ഥലങ്ങളിലും സ്വീവറേജ് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. എന്റെ നിയോജകമണ്ഡലത്തിലെ മരുതൻകുഴി-കുട്ടാൻവിള സ്വീവറേജ് പദ്ധതിക്കായി ലൈൻ സ്ഥാപിച്ചിട്ട് ഏകദേശം 30 വർഷത്തോളമായി. ഇത് ജൻറം പദ്ധതിയിൽ ഉൾപ്പെടുത്തി കമ്മീഷൻ ചെയ്യുന്നതിന് നാളിതുവരെയായി യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ജൻറം വാട്ടർ സപ്ലൈ സ്കീമും ജൻറം സ്വീവറേജ് സ്കീമും നടപ്പാക്കുന്നതിന് അനുവദിച്ച തുക വിനിയോഗിച്ച് അടിയന്തരമായി ഈ പദ്ധതികൾ പൂർത്തീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, തലസ്ഥാന നഗരിയിലെ കുടിവെള്ള പദ്ധതിക്കായി രൂപീകരിച്ച ജൻറം വാട്ടർ സപ്ലൈ പ്രോജക്ടിൽ വട്ടിയൂർക്കാവ് മണ്ഡലത്തിലെ പേരൂർക്കട-കുടപ്പനക്കുന്ന്, അമ്പലംമുക്ക്-പേരൂർക്കട എന്നീ സ്ഥലങ്ങൾ WP6 പേരൂർക്കട സോൺ എന്ന പാക്കേജിലും കണ്ണമ്മൂല-കലാകൗമുദി റോഡ്, അവിട്ടം റോഡ്-കോയിക്കൽ ലൈൻ,

മുളവന ബാർട്ടൺഹിൽ കോളനി, മുളവന ജംഗ്ഷൻ-ഗൗരീശപട്ടം, തേക്കുംമൂട് ജംഗ്ഷൻ-പൊട്ടക്കുഴി റോഡ്, കുന്നുകുഴി ജംഗ്ഷൻ-കലാവിഹാർ, പി.എം.ജി. റോഡ്-വികാസ് ലൈൻ എന്നീ സ്ഥലങ്ങൾ WP2 New Central Zone എന്ന പാക്കേജിലും ഉൾപ്പെടുത്തി കരാർ ചെയ്തിരുന്നു. എന്നാൽ കരാറുകാർ സമയബന്ധിതമായി പൈപ്പ് ലൈനുകൾ കൂട്ടിയോജിപ്പിക്കാത്തതുകാരണം പ്രസ്തുത വാട്ടർ സപ്ലൈ ലൈനുകൾ കമ്മീഷൻ ചെയ്യാൻ സാധിച്ചിട്ടില്ല. WP2-ന്റെ ബാക്കി പണി പൂർത്തീകരിക്കുന്നതിനുവേണ്ടി ഇപ്പോൾ സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽനിന്നും പണം കണ്ടെത്തി പണി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരികയാണ്. WP6 ഇപ്പോഴുള്ള കോൺട്രാക്ടറെ കൊണ്ടുതന്നെ പണി ചെയ്യിപ്പിക്കുന്നതിനുവേണ്ടി കാലാവധി നീട്ടിക്കൊടുക്കാൻ 23-2-2017-ൽ കൂടിയ എംപവേർഡ് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. അതിലേയ്ക്കായി നിലവിലുള്ള ജൻറം ഫണ്ടും ജൻറം പദ്ധതിയിൽ കോർപ്പറേഷൻ അക്കൗണ്ടിലുള്ള 28.81 കോടി രൂപ വക മാറ്റുന്നതിന് 18-11-2016-ൽ കൂടിയ തിരുവനന്തപുരം കോർപ്പറേഷൻ കൗൺസിൽ യോഗവും തീരുമാനമെടുത്തിട്ടുണ്ട്. സ്വീവറേജ് പമ്പ് ഹൗസുകൾ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലങ്ങൾ കാലാവധിക്കുള്ളിൽ ഏറ്റെടുത്ത് കേരള വാട്ടർ അതോറിറ്റിയെ ഏൽപ്പിക്കാൻ കോർപ്പറേഷന് കഴിയാതെ വന്നതിനാൽ പല പണികളും തുടങ്ങാൻ കഴിഞ്ഞില്ല. സ്ഥലം ലഭിച്ച മുറയ്ക്ക് പണികളാരംഭിച്ചിട്ടുണ്ട്. വട്ടിയൂർക്കാവ് മണ്ഡലത്തിൽ മരുതൻകുഴി-കൂട്ടാൻവിള സ്വീവറേജ് പദ്ധതിക്കായി സ്ഥാപിച്ചിട്ടുള്ള ലൈൻ ജൻറം പദ്ധതിയിൽ ഉൾപ്പെടുന്നതല്ല. ജൻറം പദ്ധതിയുടെ കാലാവധി കഴിഞ്ഞതിനാൽ പ്രസ്തുത സ്വീവറേജ് ലൈൻ അതിൽ ഉൾപ്പെടുത്താൻ സാധിക്കുകയില്ലെന്ന വിവരം ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുകയാണ്.

### (6) നഷ്ടപരിഹാരം

<u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, സംസ്ഥാനം കടുത്ത വരൾച്ച അഭിമുഖീകരിക്കുകയാണ്. ഇതിന്റെ ഭാഗമായി ഏറ്റവും വലിയ കെടുതി നെൽകൃഷി മേഖലയിലാണ് സംഭവിച്ചിരിക്കുന്നത്. കേരളത്തിലെ നെല്ലറകളായ കുട്ടനാടിനോടും പാലക്കാടിനോടുമൊപ്പം നിൽക്കുന്ന തൃശ്ശൂർ ജില്ലയിൽ എന്റെ മണ്ഡലമുൾപ്പെടെ ആറ് ബ്ലോക്കുകളിലായി 1500 ഹെക്ടർ നെൽകൃഷി പൂർണ്ണമായി നശിച്ചിരിക്കുകയാണ്. ഇടതുപക്ഷ സർക്കാരിന്റെ ശക്തമായ ഇടപെടൽമൂലം ഉൽപ്പാദനരംഗത്ത് വലിയ മുന്നേറ്റം കൃഷിക്കാർ പ്രതീക്ഷിച്ചിരിക്കുന്ന സമയത്ത് അവരുടെ തലയിൽ തീമഴ പെയ്ത പ്രതീതിയാണ് വരൾച്ചമൂലം സംഭവിച്ചിരിക്കുന്നത്. വരൾച്ചബാധിത പ്രദേശങ്ങൾ കാലതാമസം കൂടാതെ സന്ദർശിച്ച് കൃഷിക്കാർക്ക് ആശ്വാസം പകരാൻ കൃഷി വകുപ്പുമന്ത്രി എത്തിയെന്നുള്ള കാര്യത്തിൽ ജില്ലയിലെ

കൃഷിക്കാർക്ക് സംതൃപ്തിയാണ്. സംസ്ഥാനത്ത് വരൾച്ച വലിയ കെടുതി വിതച്ചിട്ടുണ്ട്. വിള നാശത്തിന് നഷ്ടപരിഹാരം നൽകുന്നതിനുള്ള മാനദണ്ഡം തീർത്തും നിരാശാജനകമാണ്. ആ കുറഞ്ഞ സംഖ്യപോലും മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിൽ നഷ്ടപരിഹാരമായി നൽകിയിരുന്നില്ലെന്നുള്ളത് വസ്തുതയാണ്. വരൾച്ചമൂലം വെള്ളം ലഭിക്കാതിരുന്നതിന്റെ ഭാഗമായി നെല്ല് പതിരായി മാറി. പതിരടക്കമുള്ള വയ്ക്കോൽ സംഭരിച്ച് കാലിത്തീറ്റയായി പ്രയോജനപ്പെടുത്താൻ കഴിയുന്നതാണ്. ഈ സന്ദർഭത്തിൽ കൃഷിനാശം സംഭവിച്ച മുഴുവൻ കൃഷിക്കാർക്കും നിലവിലെ മാനദണ്ഡങ്ങൾ മാറ്റിവച്ചുകൊണ്ട് ന്യായമായ സഹായമെത്തിക്കാനാവശ്യമായ നടപടിയുണ്ടാകണമെന്നാണ് സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, കേരളത്തിൽ കടുത്ത വരൾച്ചയാണ് നാം നേരിട്ടുകൊണ്ടിരിക്കുന്നത്. വരൾച്ചയെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം തൃശ്ശൂർ ജില്ലയിലെ കാര്യങ്ങളാണ് പറഞ്ഞതെങ്കിലും കേരളത്തിൽ പൊതുവായി ഇതുവരെയുള്ള കണക്കുപ്രകാരം 30353 ഹെക്ടർ സ്ഥലത്ത് വരൾച്ചമൂലം കൃഷിനാശം സംഭവിച്ചതായിട്ടാണ് ചൂണ്ടിക്കാണിക്കുന്നത്. നെൽകൃഷിക്ക് ഏറ്റവുമധികം നാശം സംഭവിച്ചിരിക്കുന്നത് പാലക്കാട് ജില്ലയിലാണ്. തൃശ്ശൂർ ജില്ലയുമായി ബന്ധപ്പെട്ട് ഒല്ലൂക്കര, കൊടകര, മുല്ലശ്ശേരി, പുഴക്കൽ, വടക്കാഞ്ചേരി, പഴയന്നൂർ എന്നീ ബ്ലോക്കുകളിലായി 1071.48 ഹെക്ടർ പ്രദേശത്ത് ഈ വർഷത്തെ രൂക്ഷമായ വരൾച്ചമൂലവും ഉപ്പുവെള്ളം കയറിയും കൃഷിനാശം സംഭവിച്ചതായി കണക്കാക്കിയിട്ടുണ്ട്. കൃഷിനാശം സംഭവിച്ച കർഷകർക്ക് അടിയന്തര നഷ്ടപരിഹാരം നൽകുന്നതിനായി ഹെക്ടറിന് 13500 രൂപ നൽകുന്നതിലേയ്ക്ക് 144.6498 ലക്ഷം രൂപ അനുവദിച്ച് നൽകിക്കഴിഞ്ഞു. നഷ്ടം സംഭവിച്ച കൃഷിക്കാർക്ക് നഷ്ടപരിഹാരത്തുക ഇന്നും നാളെയുമായി വിതരണം ചെയ്യും. ഇതുകൂടാതെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ ചേർന്നിട്ടുള്ള കർഷകർക്ക് നഷ്ടപരിഹാരത്തുകയായി ഹെക്ടർ ഒന്നിന് 12,500 രൂപകൂടി ലഭിക്കുന്നതാണ്. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഈ തുക ഉടനടി വിതരണം ചെയ്യുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 2012 മുതൽ 2016 വരെയുള്ള നാല് വർഷക്കാലത്ത് പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകിയിരുന്നില്ല. ഈ ഇനത്തിൽ മാത്രം 143.987 കോടി രൂപയാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കർഷകർക്ക് കുടിശ്ശികയായി നൽകാനുണ്ടായിരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുടിശ്ശികയിനത്തിൽ 102 കോടി രൂപ നൽകിക്കഴിഞ്ഞു. തൃശ്ശൂർ ജില്ലയിലെ കുടിശ്ശിക തുകയ്ക്കായി 2.07 കോടി രൂപ അനുവദിച്ചിരുന്നു. ഇപ്പോഴത്തെ കൃഷിനാശത്തിനും മുൻകുടിശ്ശികയും ചേർത്ത് 3 കോടി 51 ലക്ഷം രൂപ അനുവദിക്കുകയും വിതരണം ഇന്നുമുതൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

## (7) ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റിന്റെ സ്വകാര്യവൽക്കരണം

<u>ശ്രീമതി സി. കെ. ആശ</u>: സർ, കോട്ടയം ജില്ലയിലെ ഏക കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എച്ച്.എൻ.എൽ. സ്വകാര്യവൽക്കരിക്കാൻ കേന്ദ്ര സർക്കാർ തീരുമാനമെടുത്തിരിക്കുകയാണ്. ഇതിനെതിരെ സ്ഥാപനത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ സംഘടനകളും ചേർന്ന് എച്ച്.എൻ.എൽ. സംരക്ഷണ സമിതി രൂപീകരിച്ച് 95 ദിവസത്തിലധികമായി പ്രക്ഷോഭത്തിലാണ്. വൈക്കം മണ്ഡലത്തിലെ വെള്ളൂർ പഞ്ചായത്തിൽ 1982-ലാണ് 100 കോടി രൂപ മുതൽമുടക്കി കേന്ദ്ര സർക്കാർ ഈ സ്ഥാപനം ആരംഭിച്ചത്. അന്ന് മുതൽ ഇന്നോളം ഉൽപ്പാദന ലക്ഷ്യത്തിനുമുകളിൽ ഉൽപ്പാദനം നടത്തിക്കൊണ്ട് "മിനി രത്ന കമ്പനി" എന്ന സ്ഥാനവും നേടിക്കൊണ്ടാണ് ഈ സ്ഥാപനം പ്രവർത്തിച്ചുവരുന്നത്. ആരംഭകാലം മുതൽ 2013 വരെയുള്ള വർഷങ്ങളിൽ തുടർച്ചയായി ലാഭം നേടിക്കൊണ്ടിരുന്ന ഈ സ്ഥാപനം ലാഭവിഹിതമായി മാത്രം 117 കോടി രൂപ ഇതിനകം കേന്ദ്ര സർക്കാരിന് നൽകിക്കഴിഞ്ഞു. കൂടാതെ വിവിധ നികുതികൾ വഴി കോടിക്കണക്കിന് രൂപ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കും നൽകുന്നുണ്ട്. എന്നാൽ കേന്ദ്ര സർക്കാർ ന്യൂസ് പ്രിന്റിന്റെ ഇറക്കുമതിച്ചുങ്കം പൂർണ്ണമായി എടുത്തുകളഞ്ഞതും വൈവിധ്യ-വൽക്കരണം യഥാസമയം നടത്താൻ വേണ്ട സഹായമോ പിന്തുണയോ നൽകാതിരുന്നതുകൊണ്ടുമാണ് 2013 മുതൽ 2015 വരെ കമ്പനിക്ക് നഷ്ടമുണ്ടായി-ട്ടുള്ളത്. എന്നാൽ 2015-16-ൽ 1.42 കോടി രൂപ ലാഭമുണ്ടാക്കാൻ ഈ കമ്പനിക്ക് കഴിഞ്ഞിട്ടുണ്ട്. എച്ച്.എൻ.എൽ.-ന് മെച്ചപ്പെട്ട രീതിയിൽ തുടർന്നും മുന്നോട്ടുപോകുന്നതിനുള്ള ശക്തിയും സാധ്യതയുമുണ്ടെന്നാണ് ഇത് തെളിയിക്കുന്നത്. എച്ച്.എൻ.എൽ.-നുള്ള അസംസ്കൃത വസ്തുക്കളായ ഈറ്റ, മുള, യൂക്കാലിപ്റ്റസ് തുടങ്ങിവയുടെ വില ഒരു മെട്രിക് ടണ്ണിന് ആയിരം രൂപ നിരക്കിൽ നൽകുവാൻ മന്ത്രിസഭ തീരുമാനിച്ച നടപടിയെ സ്വാഗതം ചെയ്യുന്നു. 500-ൽ താഴെ സ്ഥിരം ജീവനക്കാരും അറുന്നൂറോളം കരാർത്തൊഴിലാളികളും 350-ഓളം ട്രെയിനികളും അസംസ്കൃത വസ്തുശേഖരണം മുതലായ വിവിധ മേഖലയിൽ പണിയെടുക്കുന്ന-വരുമുൾപ്പെടെ ആയിരക്കണക്കിന് തൊഴിലാളികളുടെയും അവരെ ആശ്രയിക്കുന്ന കുടുംബങ്ങളുടേയും ജീവിതാശ്രയമാണ് എച്ച്.എൻ.എൽ. കൂടാതെ വെള്ളൂർ പോലെയുള്ള ഉൾനാടൻ ഗ്രാമങ്ങളുടെ വികസനത്തിനും പുരോഗതിക്കും അടിത്തറ പാകുന്നതിനും എച്ച്.എൻ.എൽ.-ന് കഴിഞ്ഞിട്ടുണ്ട്. സാമൂഹിക പ്രതിബദ്ധതയുള്ള ഒട്ടേറെ പ്രവർത്തനങ്ങളും ഈ പ്രദേശത്ത് എച്ച്.എൻ.എൽ. നടത്തുന്നുണ്ട്. മൂവാറ്റുപുഴയാറിന്റെ തീരത്ത് 600 ഏക്കറോളം വരുന്ന ഈ മഹത്തായ സ്ഥാപനം സ്വകാര്യവൽക്കരിക്കപ്പെട്ടാൽ ഇവിടെ തൊഴിലെടുക്കുന്നവർക്കും നാടിനാകെയും അത് വലിയ ദുരന്തമായിരിക്കും. കഴിഞ്ഞ നിയമസഭാ സമ്മേളന സമയത്തും

അതിനുശേഷവും എച്ച്.എൻ.എൽ. സ്വകാര്യവൽക്കരിക്കുന്നതിനെതിരെ ചർച്ചകൾ നടത്തുകയും വിഷയത്തിൽ സർക്കാർ ഇടപെടുകയും ചെയ്തുവെങ്കിലും അവയെല്ലാം അവഗണിച്ചുകൊണ്ട് എച്ച്.എൻ.എൽ.-ന്റെ മൂല്യനിർണ്ണയം നടത്താനുള്ള ഏജൻസിയെ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം നടത്തുകവഴി ഈ പ്രക്ഷോഭങ്ങൾക്കിടയിലും സ്വകാര്യവൽക്കരണ നീക്കവുമായി കേന്ദ്ര സർക്കാർ മുന്നോട്ടുപോകുകയാണ്. ഈ അവസരത്തിൽ സ്വകാര്യവൽക്കരണ നീക്കം ഉപേക്ഷിക്കാൻ കൂടുതൽ ഫലപ്രദവും ശക്തവുമായ രീതിയിൽ കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ നേരിട്ടും കേരളത്തിൽ നിന്നുള്ള എം.പി.-മാർ മുഖേനയും വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ് കേന്ദ്ര ഖന വ്യവസായ മന്ത്രാലയത്തിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷൻ ലിമിറ്റഡിന്റെ അനുബന്ധ കമ്പനിയായിട്ടാണ് പ്രവർത്തിച്ചു വരുന്നത്. ലാഭകരമായി പ്രവർത്തിച്ചുവന്നിരുന്ന ഈ സ്ഥാപനം സമീപ കാലത്തായി ഒട്ടേറെ പ്രതിസന്ധികൾ നേരിടുകയാണ്. ന്യൂസ് പ്രിന്റിന്റെ വൻതോതിലുള്ള ഇറക്കുമതി, വർദ്ധിച്ച നിർമ്മാണച്ചെലവ്, മെഷിനറിയുടെയും പ്ലാന്റിന്റെയും ആധുനികവത്ക്കരണമില്ലായ്മ, വൈവിധ്യവത്ക്കരണത്തിന്റെ അഭാവം തുടങ്ങിയവ ഈ പ്രതിസന്ധിക്ക് ആക്കം കൂട്ടിയിട്ടുണ്ട്. കമ്പനിയുടെ നവീകരണത്തിനും ഉല്പന്നങ്ങളുടെ വൈവിധ്യവത്ക്കരണത്തിനുംകൂടി ഏകദേശം 450 കോടി രൂപ ചെലവ് വരുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്. എച്ച്.എൻ.എൽ.-ന്റെ ഓഹരികൾ വിറ്റഴിക്കുന്നതിന് കേന്ദ്ര ധനമന്ത്രാലയത്തിന്റെ കീഴിലുള്ള ഡിപ്പാർട്ടുമെന്റ് ഓഫ് ഇൻവെസ്റ്റ് ആന്റ് പബ്ലിക് അസറ്റ് മാനേജ്മെന്റ് തീരുമാനിച്ചിട്ടുണ്ടെന്നും അതിനനുസരിച്ചുള്ള തുടർനടപടികൾ നടന്നുവരികയാണെന്നും കമ്പനി അറിയിച്ചിട്ടുണ്ട്. എന്നാൽ കേന്ദ്ര സർക്കാരിൽനിന്നും ഇതുസംബന്ധിച്ചുള്ള ഔദ്യോഗിക അറിയിപ്പൊന്നും ഇതുവരെ ലഭിച്ചിട്ടില്ല. എച്ച്.എൻ.എൽ.-നെ അതിന്റെ മാതൃസ്ഥാപനത്തിൽനിന്നും വേർപെടുത്തി കേന്ദ്ര സർക്കാരിന്റെ ഖന വ്യവസായ വകുപ്പിനുകീഴിലുള്ള ഒരു സ്വതന്ത്ര സ്ഥാപനമാക്കി നിലനിർത്തണമെന്നും കമ്പനിയുടെ കടബാധ്യത തീർക്കാൻ 100 കോടി രൂപ റവന്യൂ ഗ്രാന്റായോ ലോണായോ അനുവദിക്കണമെന്നും കമ്പനിയുടെ സ്വകാര്യവത്ക്കരണ ഓഹരി വിറ്റഴിക്കൽ നീക്കത്തിൽനിന്നും പിന്മാറി ഈ സ്ഥാപനത്തെ സംരക്ഷിക്കണമെന്നും ബഹുമാനപ്പെട്ട പ്രധാനമന്ത്രി ഈ വിഷയത്തിൽ ഇടപെടണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. ഇവിടെ ഉന്നയിച്ച വിഷയത്തിന്റെ അടിസ്ഥാനത്തിൽ ഈ സ്ഥാപനത്തിന്റെ

ഓഹരി വിറ്റഴിക്കരുതെന്നും പൊതുമേഖലാ സ്ഥാപനമായും സ്വതന്ത്ര യൂണിറ്റായും നിലനിർത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടു കൊണ്ട് വീണ്ടും കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതാണ്.

## (8) വനിത ആർട്സ് ആന്റ് സയൻസ് കോളേജ്

ശ്രീ. പി. ഉബൈദുള്ള : സർ, 2015-16 അദ്ധ്യയനവർഷം മലപ്പുറത്ത് ആരംഭിച്ച സർക്കാർ വനിതാ ആർട്സ് ആന്റ് സയൻസ് കോളേജിന് സ്ഥിരം കെട്ടിടം നിർമ്മിക്കാനുള്ള സ്ഥലമെടുപ്പ് നടപടികൾ ത്വരിതപ്പെടുത്തേണ്ടതിന്റെയും തസ്തിക സൃഷ്ടിക്കേണ്ടതിന്റെയും ആവശ്യകത സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്ന തിനാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്.

14-1-2015-ലെ സർക്കാർ ഉത്തരവ് (എംഎസ്.)നമ്പർ 13/2015/ഉ.വി.വ. പ്രകാരം അനുവദിച്ച കോളേജ് ഇപ്പോൾ മലപ്പുറം കോട്ടപ്പടിയിലുള്ള ഗവൺമെന്റ് ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളിലാണ് താല്ക്കാലികമായി പ്രവർത്തിക്കുന്നത്. കോളേജിന് സ്ഥിരം കെട്ടിടം നിർമ്മിക്കുന്നതിന് വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഇൻകെൽ എഡ്യൂസിറ്റിയിൽ അഞ്ചേക്കർ ഭൂമി അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ട് ഒരു വർഷം പിന്നിട്ടു. 3-2-2016-ലെ ജി.ഒ.ആർടി.നമ്പർ 132/2016 ഉത്തരവനുസരിച്ചാണ് അഞ്ചേക്കർ സ്ഥലം വിട്ടുകൊടുത്തത്. എന്നാൽ ഒരു വർഷം പിന്നിട്ടിട്ടും വ്യവസായ വകുപ്പിൽനിന്നും ഭൂമി വിട്ടുകൊടുത്തുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ഭൂമി അളന്ന് തിട്ടപ്പെടുത്തി സർവ്വേ നടപടികൾ പൂർത്തീകരിച്ച് ആവശ്യമായ രേഖകൾ സഹിതം ബന്ധപ്പെട്ട പ്രൊപ്പോസലുകൾ ജില്ലാ കളക്ടർ ലാന്റ് റവന്യൂ കമ്മീഷണർ വഴി സർക്കാരിന് സമർപ്പിക്കണം. ഒരു വർഷം പിന്നിട്ടിട്ടും ഇക്കാര്യത്തിൽ യാതൊരു ചലനവുമുണ്ടായിട്ടില്ല. ഓരോ ഓഫീസിലും ചുവപ്പു നാടക്കുള്ളിൽ ഫയലുകൾ കുടുങ്ങിക്കിടക്കുകയാണ്. ഉന്നത വിദ്യാഭ്യാസ വകുപ്പിന് ഭൂമി കൈമാറിയാൽ മാത്രമേ നടപടികൾ പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. 2015-16 വർഷം എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 3 കോടി രൂപ അനുവദിച്ചെങ്കിലും ഇതുവരെ എസ്റ്റിമേറ്റ് തയ്യാറാക്കാൻപോലും സാധ്യമായിട്ടില്ല. ബി.എ. (ഇംഗ്ലീഷ്), ബി.എ. (ഇസ്ലാമിക് ഹിസ്റ്ററി), ബി.എസ്.സി. (ബോട്ടണി), ബി.എസ്.സി. (കെമിസ്ട്രി) എന്നീ നാലു കോഴ്സുകളാണ് നേരത്തെ അനുവദിച്ചത്. ലാബ് സൗകര്യം താല്ക്കാലിക ക്യാമ്പസിലില്ല. അതിന്റെ പ്രയാസം കൃത്യമായി മനസ്സിലാകുന്നയാളാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി. കോളേജിൽ പ്രൊഫസറായിരുന്നതുകൊണ്ട് ലാബ് സൗകര്യമില്ലാതെ ഒരു കോളേജിൽ സയൻസ് വിഷയങ്ങൾ എങ്ങനെയാണ് പഠിപ്പിക്കുന്നതെന്ന് അദ്ദേഹത്തിന്

നല്ലതുപോലെ അറിയാവുന്നതാണ്. ഇപ്പോൾ രണ്ടു ബാച്ചുകളിലായി ഇവിടെ 289 കുട്ടികൾ പഠിക്കുന്നുണ്ട്. ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിക്കപ്പെട്ട ഒരു സ്പെഷ്യൽ ഓഫീസറും ഒരു ക്ലാർക്കും 13 വകുപ്പുകളിലായി കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട 15 താല്ക്കാലിക അദ്ധ്യാപകരും ഇവിടെ ജോലി ചെയ്യുകയാണ്. ഇവിടെ പ്രിൻസിപ്പാളിന്റെ തസ്തികപോലും സൃഷ്ടിച്ചിട്ടില്ല. ഈ സർക്കാർ ഒരു കൊല്ലമായിട്ടും ഇതുമായി ബന്ധപ്പെട്ട് ഒരു നടപടിയുമുണ്ടായിട്ടില്ല. ഇതുമൂലം കുട്ടികളുടെ പഠന-പാഠ്യേതര പ്രവർത്തനങ്ങളിൽ വളരെയധികം പ്രയാസങ്ങൾ അനുഭവിക്കുകയാണ്. ആയതിനാൽ അടിയന്തരമായി കോളേജിന് അനുവദിച്ച അഞ്ചേക്കർ ഭൂമി ഉന്നത വിദ്യാഭ്യാസവകുപ്പിന് കൈമാറാനും ആവശ്യമായ തസ്തിക സൃഷ്ടിക്കാനും അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, 2015-16 അദ്ധ്യയനവർഷം മലപ്പുറത്ത് ആരംഭിച്ച സർക്കാർ വനിതാ ആർട്സ് ആന്റ് സയൻസ് കോളേജിന് പാണക്കാട് വില്ലേജിലെ ഇൻകെൽ എഡ്യുസിറ്റിയിൽ വ്യവസായ വകുപ്പിന്റെ അഞ്ചേക്കർ ഭൂമി 3-2-2016-ലെ ജി.ഒ. പ്രകാരം സൗജന്യമായി നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം കോളേജ് ആരംഭിക്കുന്നതിന് അനുയോജ്യമാണെന്ന് കോളേജ് വിദ്യാഭ്യാസ വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. ഈ ഭൂമി കോളേജ് വിദ്യാഭ്യാസ വകുപ്പിന് വിട്ടു നൽകുന്നതിനുള്ള നടപടികൾ മലപ്പുറം ജില്ലാകളക്ടർ സ്വീകരിച്ചുവരികയാണ്. പ്രസ്തുത കോളേജിൽ പ്രിൻസിപ്പാൾ ഉൾപ്പെടെയുള്ള അദ്ധ്യാപക/അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

### (9) എൽ.എസ്.എസ്./യു.എസ്.എസ്. തുക വർദ്ധിപ്പിക്കൽ

ശ്രീ. എം. ഉമ്മർ : സർ, എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പ് പരീക്ഷകൾ വ്യവസ്ഥാപിതമായി നന്നായി നടത്തപ്പെടുന്നു. Catch the young - ചെറുപ്രായത്തിൽത്തന്നെ പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിന് കൃത്യവും വ്യക്തവുമായി നടത്തപ്പെടുന്ന പരീക്ഷയാണിത്. പക്ഷേ, അതിൽ വിജയിക്കുന്ന കുട്ടികൾക്ക് നൽകുന്ന സ്കോളർഷിപ്പ് തുക നാമമാത്രമാണ്. 30 വർഷം മുമ്പ് ഇതിന് നൽകിയിരുന്നത് 100 രൂപയാണ്. എൽ.എസ്.എസ്.-ന് ഇപ്പോഴും നൽകുന്നത് 100 രൂപയാണ്. യു.എസ്.എസ്. പാസ്സായി വന്നാൽ നൽകുന്നത് 150 രൂപയാണ്. കാലാനുസൃതമായി എല്ലാ സ്കോളർഷിപ്പുകൾക്കും

വർദ്ധനവുണ്ടായിട്ടും ഈ സ്കോളർഷിപ്പ് തുകയിൽ ഒരു വർദ്ധനവുമുണ്ടായിട്ടില്ല. ഈ പരീക്ഷ പാസ്സായാൽ കുട്ടികൾക്ക് തുക നൽകുന്നത് ചെക്കായിട്ടാണ്. രക്ഷിതാക്കളുമായി കുട്ടി സ്കോളർഷിപ്പ് തുക വാങ്ങാൻ പോയാൽ 100 രൂപയുടെ ചെക്ക് കിട്ടും. അത് ബാങ്കിൽ കൊടുക്കുന്നതിന് ഓട്ടോറിക്ഷ പിടിക്കാൻപോലും ആ തുക തികയുകയില്ല. കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി നല്ല രീതിയിൽ തുടങ്ങിയിട്ടുള്ളതാണെങ്കിൽപോലും ഇത് അപമാനിക്കലാണ്. ഇതേ കാര്യം ഉന്നയിച്ചുകൊണ്ട് മുൻ സർക്കാരിന്റെ കാലത്തും സബ്മിഷൻ അവതരിപ്പിച്ചിട്ടുണ്ട്. അന്ന് നല്ല മറുപടി ലഭിച്ചെങ്കിലും ഇപ്പോഴും 100 രൂപയാണ് നൽകുന്നത്. ഇതിൽ കക്ഷി രാഷ്ട്രീയ വ്യത്യാസമില്ല. മാറിമാറി വരുന്ന സർക്കാരുകൾക്ക് ഇക്കാര്യത്തിൽ അനാസ്ഥയുണ്ടായിട്ടുണ്ട്. അതുകൊണ്ട് അങ്ങ് ഇക്കാര്യത്തിൽ മുൻകയ്യെടുത്ത്, കക്ഷി രാഷ്ട്രീയം നോക്കാതെ, 1000 രൂപയിൽ കുറയാതെയുള്ള തുക സ്കോളർഷിപ്പായി കൊടുക്കത്തക്കവിധത്തിലുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, പൊതു വിദ്യാലയങ്ങളിലെ ലോവർ പ്രൈമറി/അപ്പർ പ്രൈമറി വിഭാഗത്തിൽ അക്കാദമിക് മേഖലയിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന കുട്ടികളെ കണ്ടെത്തുകയും അനുമോദിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് എൽ.എസ്.എസ്./ യു.എസ്.എസ്. പരീക്ഷകൾ നടത്തിവരുന്നത്. അരനൂറ്റാണ്ടിലധികം ചരിത്രമുള്ള ഈ പരീക്ഷകൾ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്. കഴിഞ്ഞ ഏതാനും വർഷമായി ഈ പരീക്ഷകളിൽ ഓർമ്മ പരിശോധിക്കുന്ന തരത്തിലുള്ള ചോദ്യങ്ങൾ മാത്രമാണ് ഉൾപ്പെടുത്തുന്നതെന്ന വ്യാപകമായ പരാതിയുണ്ട്. അതുകൊണ്ട് ഉയർന്ന ചിന്താശേഷികൂടി പരിശോധിക്കുന്ന വിധത്തിൽ ചോദ്യങ്ങളുടെ നിലവാരം ഉയർത്താൻ നടപടി-യുണ്ടാകേണ്ടതുണ്ട്. അത്തരത്തിൽ മാറ്റം വരുത്തിയ സാമ്പിൾ ചോദ്യപേപ്പറുകൾ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കി അടുത്ത അദ്ധ്യയന വർഷത്തിൽ നല്കുന്നതാണ്. നിലവിൽ എൽ.എസ്.എസ്. സ്കോളർഷിപ്പ് തുക 200 രൂപയും യു.എസ്.എസ്. സ്കോളർഷിപ്പ് തുക 300 രൂപയും വീതം മൂന്നു വർഷത്തേയ്ക്കാണ് അനുവദിച്ചിരുന്നത്. ഈ തുക വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

## (10) വന്യമൃഗശല്യം

ശ്രീ. ഡി. കെ. മുരളി : സർ, വന്യമൃഗശല്യം സഭയുടെയും ബഹുമാനപ്പെട്ട മന്ത്രിയുടെയും ശ്രദ്ധയിൽ വന്നിട്ടുള്ള കാര്യമാണ്. വരൾച്ച രൂക്ഷമായ സന്ദർഭത്തിൽ തിരുവനന്തപുരം ജില്ലയിലെ മലയോര മേഖലയിലാകെ വന്യമൃഗങ്ങൾ കൂട്ടത്തോടെ വന്ന് കൃഷി നശിപ്പിക്കലും കൃഷിക്കാരെ ഉപദ്രവിക്കലും പതിവാക്കിയിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ അടുത്ത ദിവസം സോമശേഖരൻ നായർ എന്നൊരു കൃഷിക്കാരനെ രാവിലെ ഇറങ്ങിയ കാട്ടുപന്നി ആക്രമിച്ചു. അദ്ദേഹം ഇപ്പോൾ ചികിത്സയിൽ കഴിയുകയാണ്. പാലോട് റെയിഞ്ചിൽത്തന്നെ ഏകദേശം പന്ത്രണ്ടോളം കൃഷിക്കാരെ വന്യമൃഗങ്ങൾ ആക്രമിച്ചിട്ടുണ്ട്. കഴിഞ്ഞ മൂന്നുനാലു വർഷത്തെ കണക്കെടുത്താൽ വന്യമൃഗ ആക്രമണത്തിന് വിധേയരായവരുടെ സംഖ്യ ഇതിലും കൂടുതലാണ്. വരൾച്ച രൂക്ഷമായ സ്ഥിതിക്ക് കാട്ടുപന്നി, കുരങ്ങ്, പാമ്പ്, മ്ലാവ്, ആന തുടങ്ങിയ മൃഗങ്ങൾ കൃഷി നശിപ്പിക്കുകയും കൃഷിക്കാരെ ഉപദ്രവിക്കുകയും ചെയ്യുന്ന സംഭവം സ്ഥിരമായി വാർത്തകളിൽ വന്നുകൊണ്ടിരിക്കുകയാണ്. 'വെള്ളം തേടി ഇറങ്ങിയ കൊമ്പൻ ചെളിക്കുളത്തിൽ പെട്ടുപോയി' എന്ന വാർത്ത ഇന്നത്തെ പത്രത്തിൽ വന്നിട്ടുണ്ട്. ഇതിന് സത്വരമായ പരിഹാരമുണ്ടാകണം. വരൾച്ച സമയത്ത് കൂടുതൽ മൃഗങ്ങൾ പുറത്തേയ്ക്കിറങ്ങുന്നത് എങ്ങനെ തടയാമെന്നത് സംബന്ധിച്ച് അടിയന്തരമായി ആലോചിച്ച് ശാശ്വത പരിഹാരമുണ്ടാക്കണം. നിലവിൽ കൃഷിനശിപ്പിച്ചാലും കൃഷിക്കാരെ ഉപദ്രവിച്ചാലും നഷ്ടപരിഹാരം നൽകുന്നുണ്ടെങ്കിലും ആ തുക അപര്യാപ്തമാണ്. പ്രകൃതിദുരന്തത്തിന്റെ പട്ടികയിൽപ്പെടുത്തി കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകണം. പരിക്കേൽക്കുന്നവർക്ക് ചികിത്സാ സഹായം മാത്രമാണ് ഇപ്പോൾ നൽകുന്നത്. അവർക്ക് പിന്നീട് ജോലിക്ക് പോകാൻ കഴിയാത്ത അവസ്ഥയുണ്ട്. അതിന് നഷ്ടപരിഹാരം നൽകാൻ തയ്യാറാകണം. ഈ വിഷയം ഉന്നയിച്ചുകൊണ്ട് തിരുവനന്തപുരം ജില്ലയിൽ പാലോട്, നെടുമങ്ങാട്, ചുള്ളിമാനൂർ തുടങ്ങിയ ഭാഗങ്ങളിൽ കേരള കർഷക സംഘത്തിന്റെ നേതൃത്വത്തിൽ കൃഷിക്കാർ പ്രക്ഷോഭത്തിലാണെന്നുള്ള വിവരംകൂടി ഈയവസരത്തിൽ സൂചിപ്പിക്കുന്നു.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, തിരുവനന്തപുരം ജില്ലയിൽ വന്യജീവി ആക്രമണം രൂക്ഷമായ സാഹചര്യത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന്റെ ഭാഗമായി വനമേഖലകളുമായി അതിർത്തി പങ്കിടുന്ന പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് ജനജാഗ്രതാ സമിതികൾ രൂപീകരിക്കാനും ജില്ലയിൽ റാപ്പിഡ് റെസ്പോൺസ് ടീമിന് പ്രത്യേക പരിഗണന

നൽകി പ്രവർത്തനം ശക്തമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ വനമേഖലയുമായി ബന്ധപ്പെട്ടുള്ള പഞ്ചായത്തുകളിലെ പ്രസിഡന്റുമാർ, മറ്റ് ജനപ്രതിനിധികൾ, എം.എൽ.എ.-മാർ എന്നിവരുടെ ഒരു യോഗം തിരുവനന്തപുരം കളക്ടേറ്റിൽ വിളിച്ചുചേർത്തിരുന്നു. ബഹുമാനപ്പെട്ട മെമ്പറും അതിൽ പങ്കെടുത്തിരുന്നു. അവിടെ സ്വീകരിക്കേണ്ട വിഷയങ്ങളെ സംബന്ധിച്ച് ആ യോഗത്തിൽ ആലോചിക്കുകയുണ്ടായി. വന്യമൃഗങ്ങൾക്ക് അവരുടെ സ്വാഭാവിക ആവാസ മേഖലയിൽത്തന്നെ ആവശ്യത്തിന് ജലം ലഭ്യമാക്കുന്നതിനുവേണ്ടി വനത്തിനുള്ളിൽ നിലവിലുള്ള കുളങ്ങളിലെ ചെളിയും കളകളും മാറ്റി വൃത്തിയാക്കുന്നതിനും പുതിയതായി കുളങ്ങൾ നിർമ്മിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജനവാസകേന്ദ്രങ്ങളിലേയ്ക്ക് അവയുടെ പലായനം തടയുന്നതിനുവേണ്ടി അതിർത്തികളിൽ സോളാർ വേലി സ്ഥാപിക്കുന്നതിനും കിടങ്ങുകൾ കുഴിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ട്രാപ് കേജ് നിർമ്മിച്ച് കുരങ്ങുശല്യം വ്യാപകമായിട്ടുള്ള സ്ഥലത്ത് വിന്യസിക്കുകയും അവയെ പിടിച്ച് തിരികെ കാട്ടിലേയ്ക്ക് വിടുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വന്യജീവിശല്യം ഉണ്ടാകാനിടയുള്ള സാഹചര്യം മുൻകൂട്ടി മനസ്സിലാക്കി കർഷകരെ അറിയിക്കുന്നതിന് എസ്.എം.എസ്. അലെർട്ട് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിശോധിച്ചുവരികയാണ്. തിരുവനന്തപുരം ജില്ലയിൽ വന്യമൃഗങ്ങളും മനുഷ്യരും തമ്മിലുള്ള സംഘർഷം കുറയ്ക്കുന്നതിനായി ഈ സാമ്പത്തിക വർഷം 20 ലക്ഷം രൂപ സോളാർ ഫെൻസിംഗിനായും 12 ലക്ഷം രൂപ നഷ്ടപരിഹാര ഇനത്തിലും ആർ.ആർ.ടി.-യുടെ സുഗമമായ പ്രവർത്തനത്തിന് 3 ലക്ഷം രൂപയും ബന്ധപ്പെട്ട മറ്റ് പ്രവർത്തനങ്ങൾക്കായി 4 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ പ്രത്യേക നിക്ഷേപ പദ്ധതിയായ കിഫ്ബിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിൽ 57 കിലോമീറ്റർ സൗരോർജ്ജ കമ്പിവേലി നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്. ബഹുജന പങ്കാളിത്തം ഈ പ്രവർത്തനങ്ങൾക്കെല്ലാം ആവശ്യമാണെന്നത് കണക്കിലെടുത്തുകൊണ്ട് 7-2-2017-ൽ വനം വകുപ്പിന്റെ പ്രത്യേക ഉത്തരവുപ്രകാരം ജനജാഗ്രതാ സമിതികൾ രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആ ഉത്തരവുപ്രകാരം വനാതിർത്തി പങ്കുവയ്ക്കുന്ന പഞ്ചായത്തുകളിലെല്ലാം ജനജാഗ്രതാ സമിതികൾ അടിയന്തരമായി നിലവിൽ വരുന്നതാണ്. ആ സമിതികളിൽ ആലോചിച്ച് ബഹുജന പങ്കാളിത്തത്തോടുകൂടി മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ കഴിയും. ഈ ഉത്തരവിന്റെ പകർപ്പ് വനമേഖലയുമായി ബന്ധപ്പെട്ടുള്ള എം.എൽ.എ.-മാർക്ക് എത്തിക്കുന്നതാണ്.

## V മേശപ്പുറത്തുവച്ച കടലാസുകൾ

I. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

(i) ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ :

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 2 | 3 | 4 | 5 |
| 1 | 652/2016 | ജി. ഒ. (എംഎസ്.)നമ്പർ 268/2016/ഹോം. | 20-10-2016 | അല്ല |
| 2 | 670/2016 | ജി. ഒ. (ആർറ്റി.) നമ്പർ 3067/2016/ഹോം. | 15-10-2016 | അല്ല |
| 3 | 674/2016 | ജി. ഒ. (ആർറ്റി.) നമ്പർ 3066/2016/ഹോം. | 15-10-2016 | അല്ല |
| 4 | 676/2016 | ജി. ഒ. (ആർറ്റി.) നമ്പർ 3285/2016/ഹോം. | 1-11-2016 | അല്ല |
| 5 | 678/2016 | ജി. ഒ. (ആർറ്റി.) നമ്പർ 3308/2016/ഹോം. | 4-11-2016 | അല്ല |
| 6 | 679/2016 | ജി. ഒ. (എംഎസ്.)നമ്പർ 278/2016/ഹോം. | 4-11-2016 | അല്ല |
| 7 | 680/2016 | ജി. ഒ. (എംഎസ്.)നമ്പർ 279/2016/ഹോം. | 4-11-2016 | അല്ല |
| 8 | 681/2016 | ജി. ഒ. (എംഎസ്.)നമ്പർ 280/2016/ഹോം. | 4-11-2016 | അല്ല |
| 9 | 682/2016 | ജി. ഒ. (പി) നമ്പർ 284/2016/ഹോം. | 9-11-2016 | അല്ല |
| 10 | 683/2016 | ജി. ഒ. (പി) നമ്പർ 33/2016/ വിജ്. | 8-11-2016 | അല്ല |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 11 | 686/2016 | നമ്പർ 60903/എസ്.എസ്.എ 2/2016/ഹോം | 8-11-2016 | അല്ല |
| 12 | 700/2016 | ജി. ഒ. (എംഎസ്.)നമ്പർ 286/2016/ഹോം | 18-11-2016 | അല്ല |
| 13 | 701/2016 | ജി. ഒ. (എംഎസ്.) നമ്പർ287/2016/ ഹോം | 18-11-2016 | അല്ല |
| 14 | 702/2016 | ജി. ഒ. (എംഎസ്.)നമ്പർ 288/2016/ഹോം | 18-11-2016 | അല്ല |
| 15 | 703/2016 | ജി. ഒ. (എംഎസ്.) നമ്പർ 289/2016/ ഹോം | 18-11-2016 | അല്ല |
| 16 | 704/2016 | ജി. ഒ. (എംഎസ്.)നമ്പർ 290/2016/ ഹോം | 18-11-2016 | അല്ല |
| 17 | 705/2016 | ജി. ഒ. (എംഎസ്.)നമ്പർ 291/2016/ ഹോം | 18-11-2016 | അല്ല |
| 18 | 706/2016 | ജി. ഒ. (എംഎസ്.) നമ്പർ 292/2016/ഹോം | 18-11-2016 | അല്ല |
| 19 | 707/2016 | ജി. ഒ. (എംഎസ്.)നമ്പർ 293/2016/ഹോം | 18-11-2016 | അല്ല |
| 20 | 708/2016 | ജി. ഒ. (എംഎസ്.) നമ്പർ 294/2016/ഹോം | 18-11-2016 | അല്ല |
| 21 | 712/2016 | ജി. ഒ. (എംഎസ്.)നമ്പർ 265/2016/ഹോം. | 20-10-2016 | അല്ല |
| 22 | 713/2016 | ജി. ഒ. (എംഎസ്.)നമ്പർ 269/2016/ഹോം | 24-10-2016 | അല്ല |
| 23 | 715/2016 | ജി. ഒ. (ആർറ്റി.) നമ്പർ 3391/2016/ഹോം. | 11-11-2016 | അല്ല |
| 24 | 716/2016 | ജി. ഒ. (ആർറ്റി.) നമ്പർ 3451/2016/ഹോം | 17-11-2016 | അല്ല |
| 25 | 717/2016 | ജി. ഒ. (എംഎസ്.)നമ്പർ 161/2016/ ജി.എ.ഡി. | 18-11-2016 | അല്ല |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 26 | 733/2016 | ജി. ഒ. (എംഎസ്.)നമ്പർ 165/2016/ ജിഎഡി. | 2-12-2016 | അല്ല |
| 27 | 745/2016 | ജി. ഒ. (എംഎസ്.)നമ്പർ 304/2016/ ഹോം | 1-12-2016 | അല്ല |
| 28 | 749/2016 | ജി. ഒ. (എംഎസ്.)നമ്പർ 305/2016/ ഹോം | 2-12-2016 | അല്ല |
| 29 | 755/2016 | ജി. ഒ. (ആർറ്റി.) നമ്പർ 3587/2016/ഹോം | 5-12-2016 | അല്ല |
| 30 | 763/2016 | ജി. ഒ. (പി) നമ്പർ 31/2016/ പി&എ.ആർ.ഡി. | 15-12-2016 | അല്ല |
| 31 | 764/2016 | ജി. ഒ. (പി) നമ്പർ 04/2016/പരി. | 17-12-2016 | അല്ല |
| 32 | 765/2016 | ജി. ഒ. (പി) നമ്പർ 58/2016/പി &ഇഎഡി. | 16-12-2016 | അല്ല |
| 33 | 771/2016 | ജി.ഒ.(എംഎസ്.) നമ്പർ 312/2016/ ഹോം | 9-12-2016 | അല്ല |
| 34 | 774/2016 | ജി. ഒ. (പി) നമ്പർ 5/2016/പരി. | 20-12-2016 | അല്ല |
| 35 | 797/2016 | ജി.ഒ.(എംഎസ്.) നമ്പർ 321/2016/ഹോം | 29-12-2016 | അല്ല |
| 36 | 799/2016 | ജി. ഒ. (ആർറ്റി.) നമ്പർ 3714/2016/ഹോം | 23-12-2016 | അല്ല |
| 37 | 2/2017 | നമ്പർ 32725/ എസ്.എസ്.എ 2/2016/ ഹോം. | 3-1-2017 | അല്ല |
| 38 | 12/2017 | ജി. ഒ. (എംഎസ്.)നമ്പർ 323/2016/ഹോം | 29-12-2016 | അല്ല |
| 39 | 13/2017 | ജി. ഒ. (ആർറ്റി.) നമ്പർ 18/2017/ഹോം | 5-1-2017 | അല്ല |
| 40 | 14/2017 | ജി. ഒ. (ആർറ്റി.) നമ്പർ 3745/2016/ഹോം | 29-12-2016 | അല്ല |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 41 | 21/2017 | ജി. ഒ. (എംഎസ്.)നമ്പർ 299/2016/ഹോം | 24-11-2016 | അല്ല |
| 42 | 22/2017 | ജി. ഒ. (എംഎസ്.)നമ്പർ 300/2016/ഹോം | 25-11-2016 | അല്ല |
| 43 | 23/2017 | ജി. ഒ. (എംഎസ്.)നമ്പർ 301/2016/ഹോം | 25-11-2016 | അല്ല |
| 44 | 24/2017 | ജി.ഒ.(എംഎസ്.) നമ്പർ 302/2016/ഹോം | 25-11-2016 | അല്ല |
| 45 | 25/2017 | ജി. ഒ. (എംഎസ്.)നമ്പർ 311/2016/ഹോം | 8-12-2016 | അല്ല |
| 46 | 29/2017 | ജി. ഒ. (ആർറ്റി.) നമ്പർ 83/2017/ഹോം | 12-1-2017 | അല്ല |
| 47 | 32/2017 | ജി. ഒ. (ആർറ്റി.) നമ്പർ 100/2017/ഹോം | 13-1-2017 | അല്ല |
| 48 | 73/2017 | നമ്പർ32725/ എസ്എസ്എ. 2/2016/ഹോം | 13-2-2017 | അല്ല |

*(ii) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ* :

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രികസഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | 2 | 3 | 4 | 5 |
| 1 | ഇലക്ട്രോണിക്സ് ടെക്നോളജി പാർക്ക്(ടെക്നോ പാർക്ക്) | 2009-10 | ഭരണ റിപ്പോർട്ട് | അതെ |
| 2 | ഇലക്ട്രോണിക്സ് ടെക്നോളജിപാർക്ക് (ടെക്നോ പാർക്ക്) | 2012-13 | ഭരണ റിപ്പോർട്ട് | അതെ |
| 3 | ഇലക്ട്രോണിക്സ് ടെക്നോളജി പാർക്ക് (ടെക്നോപാർക്ക്) | 2014-15 | ഭരണ റിപ്പോർട്ട് | അതെ |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 4 | ഇലക്ട്രോണിക്സ് ടെക്നോളജി പാർക്ക് (ടെക്നോപാർക്ക്) | 2015-16 | ഭരണ റിപ്പോർട്ട് | അല്ല |
| 5 | ടെക്നോ പാർക്ക് | 2009-10 | വാർഷിക റിപ്പോർട്ട് | അതെ |
| 6 | ടെക്നോ പാർക്ക് | 2011-12 | വാർഷിക റിപ്പോർട്ട് | അതെ |
| 7 | ടെക്നോ പാർക്ക് | 2012-13 | വാർഷിക റിപ്പോർട്ട് | അതെ |
| 8 | ടെക്നോ പാർക്ക് | 2013-14 | വാർഷിക റിപ്പോർട്ട് | അതെ |
| 9 | ടെക്നോ പാർക്ക് | 2014-15 | വാർഷിക റിപ്പോർട്ട് | അതെ |
| 10 | ടെക്നോ പാർക്ക് | 2015-16 | വാർഷിക റിപ്പോർട്ട് | അല്ല |
| 11 | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ്- കേരള | 2013-14 | വാർഷിക റിപ്പോർട്ട് | അതെ |
| 12 | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ്- കേരള | 2014-15 | വാർഷിക റിപ്പോർട്ട് | അതെ |
| 13 | തൃശ്ശൂർ എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജിയുടെ കാര്യാലയം | 2015-16 | പ്രവർത്തന റിപ്പോർട്ട് | അല്ല |
| 14 | അന്താരാഷ്ട്ര സ്വതന്ത്ര സോഫ്റ്റ്വെയർ കേന്ദ്രം (ഐ.സി.ഫോസ്) | 2015-16 | ഭരണ റിപ്പോർട്ട് | അല്ല |
| 15 | അന്താരാഷ്ട്ര സ്വതന്ത്ര സോഫ്റ്റ്വെയർ കേന്ദ്രം (ഐ.സി.ഫോസ്) | 2015-16 | വാർഷിക റിപ്പോർട്ട് | അല്ല |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 16 | രാജീവ് ഗാന്ധി അക്കാഡമി ഫോർ ഏവിയേഷൻ ടെക്നോളജി | 2013-14 | ഭരണ റിപ്പോർട്ട് | അതെ |
| 17 | കൊച്ചിഇൻഫോ പാർക്ക് | 2015-16 | ഭരണ റിപ്പോർട്ട് | അല്ല |
| 18 | കൊച്ചി ഇൻഫോ പാർക്ക് | 2015-16 | വാർഷിക റിപ്പോർട്ട് | അല്ല |
| 19 | കൊച്ചി ഇൻഫോ പാർക്ക് | 2015-16 | വാർഷിക ആഡിറ്റ് റിപ്പോർട്ട് | അല്ല |
| 20 | കേരള സ്റ്റാർട്ടപ്പ് മിഷൻ | 2014-15 | വാർഷിക ഭരണ റിപ്പോർട്ട് | അതെ |
| 21 | കേരള സ്റ്റാർട്ടപ്പ് മിഷൻ | 2015-16 | വാർഷിക ഭരണ റിപ്പോർട്ട് | അല്ല |
| 22 | കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ | 2013-14 | ആഡിറ്റ് റിപ്പോർട്ട് | അതെ |
| 23 | കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ | 2014-15 | ആഡിറ്റ് റിപ്പോർട്ട് | അതെ |
| 24 | കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ | 2015-16 | വാർഷിക ഭരണ റിപ്പോർട്ട് | അല്ല |
| 25 | കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് | 2015-16 | വാർഷിക റിപ്പോർട്ട് | അല്ല |
| 26 | കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ | 2011-12 | വാർഷിക റിപ്പോർട്ട് | അതെ |

*വീണ്ടും മേശപ്പുറത്തുവയ്ക്കുന്ന* :

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 589/2016 | ജി.ഒ.(പി) നമ്പർ 217/2016/ഹോം | 16-8-2016 |
| 2 | 591/2016 | ജി.ഒ.(ആർറ്റി.)നമ്പർ2649/2016/ഹോം | 27-8-2016 |
| 3 | 609/2016 | ജി.ഒ.(ആർറ്റി.) നമ്പർ 2887/2016/ഹോം | 19-9-2016 |
| 4 | 618/2016 | ജി.ഒ.(എംഎസ്.)നമ്പർ 249/2016/ഹോം. | 29-9-2016 |
| 5 | 621/2016 | ജി.ഒ.(ആർറ്റി.) നമ്പർ 2975/2016/ഹോം. | 27-9-2016 |
| 6 | 622/2016 | ജി.ഒ.(എംഎസ്.) നമ്പർ 253/2016/ഹോം | 4-10-2016 |
| 7 | 631/2016 | ജി.ഒ.(ആർറ്റി.) നമ്പർ 2916/2016/ഹോം | 20-9-2016 |
| 8 | 633/2016 | ജി.ഒ.(പി) നമ്പർ 21/2016/ജിഎഡി | 5-10-2016 |
| 9 | 634/2016 | ജി.ഒ.(പി) നമ്പർ 22/2016/ജിഎഡി | 5-10-2016 |
| 10 | 635/2016 | ജി.ഒ.(പി) നമ്പർ 23/2016/ജിഎഡി | 5-10-2016 |
| 11 | 636/2016 | ജി.ഒ.(പി) നമ്പർ 24/2016/ജിഎഡി | 5-10-2016 |
| 12 | 637/2016 | ജി.ഒ.(പി) നമ്പർ 25/2016/ജിഎഡി | 5-10-2016 |
| 13 | 638/2016 | ജി.ഒ.(പി) നമ്പർ 26/2016/ജിഎഡി | 5-10-2016 |
| 14 | 640/2016 | ജി.ഒ.(ആർറ്റി.) നമ്പർ 3013/2016/ഹോം | 1-10-2016 |
| 15 | 641/2016 | ജി.ഒ.(എംഎസ്.) നമ്പർ 254/2016/ഹോം | 4-10-2016 |
| 16 | 642/2016 | ജി.ഒ.(എംഎസ്.) നമ്പർ 255/2016/ഹോം | 4-10-2016 |
| 17 | 644/2016 | ജി.ഒ.(എംഎസ്.) നമ്പർ 257/2016/ഹോം | 14-10-2016 |
| 18 | 646/2016 | നമ്പർ77989/എസ്എസ്.എ 2/ 2013/ഹോം | 14-10-2016 |
| 19 | 655/2016 | ജി.ഒ.(എംഎസ്.) നമ്പർ 258/2016/ഹോം | 18-10-2016 |
| 20 | 656/2016 | ജി.ഒ.(എംഎസ്.) നമ്പർ 259/2016/ഹോം | 18-10-2016 |
| 21 | 657/2016 | ജി.ഒ.(എംഎസ്.) നമ്പർ 260/2016/ഹോം | 18-10-2016 |
| 22 | 658/2016 | ജി.ഒ.(എംഎസ്.) നമ്പർ 261/2016/ഹോം | 18-10-2016 |

II. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

*(i) ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ* :

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 466/2016 | ജി. ഒ. (എംഎസ്.) നമ്പർ 3/2016/പിഎഡി. | 9-6-2016 | അതെ |
| 2 | 585/2016 | ജി. ഒ. (എംഎസ്.) നമ്പർ 150/2016/നിയമം | 6-9-2016 | അതെ |
| 3 | 665/2016 | സ. ഉ. (കയ്യെഴുത്ത്) നമ്പർ 18/2016/സാം. കാ. വ. | 18-10-2016 | അല്ല |
| 4 | 677/2016 | ജി. ഒ. (എംഎസ്.) നമ്പർ 168/2016/നിയമം | 4-11-2016 | അല്ല |
| 5 | 722/2016 | ജി. ഒ. (ആർറ്റി.) നമ്പർ 1287/2016/നിയമം | 11-11-2016 | അല്ല |
| 6 | 723/2016 | ജി. ഒ. (ആർറ്റി.) നമ്പർ 1288/2016/നിയമം | 11-11-2016 | അല്ല |
| 7 | 724/2016 | ജി. ഒ. (എംഎസ്.) നമ്പർ 196/2016/നിയമം | 25-11-2016 | അല്ല |
| 8 | 767/2016 | സ. ഉ. (കയ്യെഴുത്ത്) നമ്പർ 22/2016/സാം. കാ. വ. | 3-12-2016 | അല്ല |
| 9 | 791/2016 | സ. ഉ. (കയ്യെഴുത്ത്) നമ്പർ 23/2016/സാം. കാ. വ. | 9-12-2016 | അല്ല |
| 10 | 792/2016 | സ. ഉ. (കയ്യെഴുത്ത്) നമ്പർ 24/2016/സാം. കാ. വ. | 9-12-2016 | അല്ല |
| 11 | 796/2016 | ജി. ഒ. (പി) നമ്പർ 18/2016/ നിയമം | 28-12-2016 | അല്ല |
| 12 | 33/2017 | ജി. ഒ. (പി) നമ്പർ 1/2017/ നിയമം | 16-1-2017 | അല്ല |
| 13 | 60/2017 | ജി. ഒ. (പി) നമ്പർ 02/2017/ പിഎഡി. | 4-2-2017 | അല്ല |

*(ii) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ* :

| ക്രമ നമ്പർ | നമ്പർ | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | ഉണ്ണായിവാരിയർ സ്മാരക കലാനിലയം | 2015-16 | വാർഷിക റിപ്പോർട്ട് | അല്ല |
| 2 | കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ | 2014-15 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അതെ |
| 3 | ജില്ലാ ലീഗൽ സർവീസ് അതോറിറ്റി, ഇടുക്കി | 2014-15 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അതെ |
| 4 | കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2010-11 | വാർഷിക റിപ്പോർട്ട്, അക്കൗണ്ട്സ് | അതെ |
| 5 | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് | 2013-14 | വാർഷിക ഭരണ റിപ്പോർട്ട് | അതെ |
| 6 | കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ | 2015-16 | വാർഷിക റിപ്പോർട്ട് | അല്ല |

III. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

*(i) ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ* :

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 2 | 3 | 4 | 5 |
| 1 | 436/2015 | ജി.ഒ.(പി) നമ്പർ 217/2015/ ആർഡി. | 1-6-2015 | അതെ |
| 2 | 650/2016 | ജി.ഒ.(പി) നമ്പർ 542/2016/ ആർഡി. | 19-10-2016 | അല്ല |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 3 | 684/2016 | ജി.ഒ.(പി)നമ്പർ 560/2016/ ആർഡി. | 3-11-2016 | അല്ല |
| 4 | 781/2016 | ജി.ഒ.(എംഎസ്.) നമ്പർ 37/2016/ ഹൗസിംഗ് | 23-12-2016 | അല്ല |
| 5 | 09/2017 | ജി.ഒ.(പി) നമ്പർ 01/2017/ ആർഡി. | 3-1-2017 | അല്ല |
| 6 | 30/2017 | ജി.ഒ.(എംഎസ്.) നമ്പർ 3/2017/ഹൗസിംഗ് | 11-1-2017 | അല്ല |

*(ii) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ* :

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് | 2012-13 | ഭരണ റിപ്പോർട്ട് | അതെ |
| 2 | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് | 2013-14 | ഭരണ റിപ്പോർട്ട് | അതെ |

IV. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

*(i) ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ* :

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 2 | 3 | 4 | 5 |
| 1 | 472/2016 | ജി.ഒ.(എംഎസ്.) നമ്പർ 79/2016/എൽഎസ്ജിഡി. | 30-6-2016 | അതെ |
| 2 | 649/2016 | സ.ഉ.(അച്ചടി) നമ്പർ 33/ 2016/ ത.സ്വ.ഭ.വ. | 18-8-2016 | അതെ |
| 3 | 672/2016 | ജി.ഒ.(പി) നമ്പർ 39/2016/എൽഎസ്ജിഡി. | 1-11-2016 | അല്ല |
| 4 | 721/2016 | ജി.ഒ.(പി) നമ്പർ 36/2016/എൽഎസ്ജിഡി. | 22-10-2016 | അല്ല |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 5 | 730/2016 | സ.ഉ.(അച്ചടി) നമ്പർ 43/ 2016/ ത.സ്വ.ഭ.വ. | 30-11-2016 | അല്ല |
| 6 | 732/2016 | സ.ഉ.(അച്ചടി) നമ്പർ 42/ 2016/ത.സ്വ.ഭ.വ. | 24-11-2016 | അല്ല |
| 7 | 756/2016 | ജി.ഒ.(പി) നമ്പർ 47/ 2016/എൽഎസ്ജിഡി. | 16-12-2016 | അല്ല |
| 8 | 757/2016 | ജി.ഒ.(പി) നമ്പർ 48/2016/എൽഎസ്ജിഡി. | 16-12-2016 | അല്ല |
| 9 | 758/2016 | ജി.ഒ.(പി) നമ്പർ 48/2016/എൽഎസ്ജിഡി. | 16-12-2016 | അല്ല |
| 10 | 759/2016 | ജി.ഒ.(പി) നമ്പർ 48/2016/എൽഎസ്ജിഡി. | 16-12-2016 | അല്ല |
| 11 | 776/2016 | സ.ഉ.(അച്ചടി) നമ്പർ 46/ 2016/ത.സ്വ.ഭ.വ. | 13-12-2016 | അല്ല |
| 12 | 5/2017 | ജി.ഒ.(പി) നമ്പർ 01/2017/എൽഎസ്ജിഡി. | 6-1-2017 | അല്ല |
| 13 | 6/2017 | ജി.ഒ.(പി) നമ്പർ 02/2017/എൽഎസ്ജിഡി. | 6-1-2017 | അല്ല |
| 14 | 7/2017 | ജി.ഒ.(പി) നമ്പർ 02/2017/എൽഎസ്ജിഡി. | 6-1-2017 | അല്ല |
| 15 | 8/2017 | ജി.ഒ.(പി) നമ്പർ 02/2017/എൽഎസ്ജിഡി. | 6-1-2017 | അല്ല |

*(ii) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ* :

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സ്റ്റേറ്റ് വഖഫ് ബോർഡ് | 2015-16 | വാർഷിക റിപ്പോർട്ട് | അല്ല |

V. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

*(i) ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ :*

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 2 | 3 | 4 | 5 |
| 1 | 222/2016 | ജി.ഒ.(പി) നമ്പർ 23/2016/ കോ-ഓപ്. | 20-2-2016 | അതെ |
| 2 | 246/2016 | ജി.ഒ.(പി) നമ്പർ 22/2016/ കോ-ഓപ്. | 20-2-2016 | അതെ |
| 3 | 473/2016 | ജി.ഒ.(പി) നമ്പർ 70/2016/ കോ-ഓപ്. | 5-7-2016 | അതെ |
| 4 | 647/2016 | ജി.ഒ.(പി) നമ്പർ 543/ 2016/ ആർഡി. | 19-10-2016 | അല്ല |
| 5 | 648/2016 | ജി.ഒ.(പി) നമ്പർ 544/ 2016/ആർഡി. | 19-10-2016 | അല്ല |
| 6 | 685/2016 | ജി.ഒ.(പി) നമ്പർ 567/ 2016/ആർഡി. | 10-11-2016 | അല്ല |
| 7 | 691/2016 | ജി.ഒ.(പി) നമ്പർ 102/ 2016/കോ-ഓപ്. | 9-11-2016 | അല്ല |
| 8 | 692/2016 | ജി.ഒ.(പി) നമ്പർ 103/ 2016/കോ-ഓപ്. | 9-11-2016 | അല്ല |
| 9 | 710/2016 | ജി.ഒ.(പി) നമ്പർ 105/ 2016/കോ-ഓപ്. | 10-11-2016 | അല്ല |
| 10 | 714/2016 | ജി.ഒ.(പി) നമ്പർ 104/ 2016/കോ-ഓപ്. | 22-11-2016 | അല്ല |
| 11 | 718/2016 | ജി.ഒ.(ആർറ്റി.)നമ്പർ 5017/ 2016/ആർഡി. | 25-11-2016 | അല്ല |
| 12 | 719/2016 | ജി.ഒ.(ആർറ്റി.)നമ്പർ 5018/ 2016/ആർഡി. | 25-11-2016 | അല്ല |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 13 | 728/2016 | ജി.ഒ.(പി) നമ്പർ 106/ 2016/കോ-ഓപ്. | 10-11-2016 | അല്ല |
| 14 | 731/2016 | ജി.ഒ.(പി) നമ്പർ 109/ 2016/കോ-ഓപ്. | 26-11-2016 | അല്ല |
| 15 | 737/2016 | ജി.ഒ.(പി) നമ്പർ 110/ 2016/കോ-ഓപ്. | 28-11-2016 | അല്ല |
| 16 | 766/2016 | ജി.ഒ.(പി) നമ്പർ 111/ 2016/കോ-ഓപ്. | 30-11-2016 | അല്ല |
| 17 | 780/2016 | ജി.ഒ.(പി) നമ്പർ 117/ 2016/കോ-ഓപ്. | 22-12-2016 | അല്ല |
| 18 | 794/2016 | ജി.ഒ.(പി) നമ്പർ 113/ 2016/കോ-ഓപ്. | 17-12-2016 | അല്ല |
| 19 | 795/2016 | ജി.ഒ.(പി) നമ്പർ 118/ 2016/കോ-ഓപ്. | 23-12-2016 | അല്ല |
| 20 | 42/2017 | ജി.ഒ.(പി) നമ്പർ 3/2017/ കോ-ഓപ്. | 12-1-2017 | അല്ല |
| 21 | 52/2017 | ജി.ഒ.(പി) നമ്പർ 01/2017/ കോ-ഓപ്. | 4-1-2017 | അല്ല |
| 22 | 59/2017 | ജി.ഒ.(പി) നമ്പർ 116/ 2016/കോ-ഓപ്. | 21-12-2016 | അല്ല |

*(ii) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ* :

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | ഗുരുവായൂർ ദേവസ്വം | 2011 | ഭരണ റിപ്പോർട്ട് | അതെ |
| 2 | ഗുരുവായൂർ ദേവസ്വം | 2014 | ഭരണ റിപ്പോർട്ട് | അതെ |
| 3 | മലബാർ ദേവസ്വം ബോർഡ് | 2014-15 | ഭരണ റിപ്പോർട്ട് | അതെ |
| 4 | മലബാർ ദേവസ്വം ബോർഡ് | 2015-16 | ഭരണ റിപ്പോർട്ട് | അല്ല |

*വീണ്ടും മേശപ്പുറത്തുവയ്ക്കുന്ന :*

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 587/2016 | ജി.ഒ.(പി) നമ്പർ 90/2016/കോ-ഓപ്. | 29-8-2016 |
| 2 | 604/2016 | ജി.ഒ.(പി) നമ്പർ 93/2016/കോ-ഓപ്. | 1-9-2016 |
| 3 | 613/2016 | ജി.ഒ.(പി) നമ്പർ 97/2016/കോ-ഓപ്. | 20-9-2016 |
| 4 | 632/2016 | ജി.ഒ.(പി) നമ്പർ 99/2016/കോ-ഓപ്. | 7-10-2016 |
| 5 | 643/2016 | ജി.ഒ.(പി) നമ്പർ 100/2016/കോ-ഓപ്. | 15-10-2016 |
| 6 | 654/2016 | ജി.ഒ.(പി) നമ്പർ 101/2016/കോ-ഓപ്. | 20-10-2016 |

VI. വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

*(i) ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ :*

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | - | നമ്പർ 1504/ഡിഡി(റ്റി)/ സപ്ലൈ കോഡ്/ 2016/ കെ.എസ്.ഇ.ആർ.സി. | 26-10-2016 | അല്ല |

*(ii) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ :*

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് | 2014-15 | വാർഷിക ഭരണ റിപ്പോർട്ട് | അതെ |
| 2 | എനർജി മാനേജ്മെന്റ് സെന്റർ, കേരള | 2014-15 | വാർഷിക റിപ്പോർട്ട് | അതെ |

VII. ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

*(i) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ* :

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള വാട്ടർ അതോറിറ്റി | 2012-13 | വാർഷിക കണക്കുകൾ | അതെ |

VIII. മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

*(i) ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ* :

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 746/2016 | സ.ഉ.(അച്ചടി) നമ്പർ 20/2016/ മ.തു.വ. | 23-11-2016 | അല്ല |

*(ii) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ* :

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ജലകൃഷി വികസന ഏജൻസി, കേരള (അഡാക്ക്) | 2013-14 | സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് റിപ്പോർട്ട് | അതെ |
| 2 | കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാല | 2011-2015 | സമാഹൃത വാർഷിക റിപ്പോർട്ട് | അതെ |

IX. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

*(i) ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:*

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 697/2016 | ജി. ഒ. (പി) നമ്പർ 22/2016/ഐ.ഡി. | 1-11-2016 | അല്ല |
| 2 | 48/2017 | സ. ഉ. (അച്ചടി) നമ്പർ 01/2017/ കാ.യു.വ. | 30-1-2017 | അല്ല |

*(ii) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ:*

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | 2 | 3 | 4 | 6 |
| 1 | കേരള കരകൗശല വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2012-13<br>2013-14<br>2014-15 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 2 | കേരള സംസ്ഥാന യുവജന കമ്മീഷൻ | 2015-16 | വാർഷിക റിപ്പോർട്ട് | അല്ല |
| 3 | സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ് | 2014-15 | വാർഷിക റിപ്പോർട്ട് | അതെ |
| 4 | ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് | 2014-15 | വാർഷിക റിപ്പോർട്ട് | അതെ |
| 5 | കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് | 2014-15 | വാർഷിക റിപ്പോർട്ട്/ കണക്കുകൾ | അതെ |
| 6 | കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2014-15 | വാർഷിക റിപ്പോർട്ട് | അതെ |

| 1 | 2 | 3 | 4 | 6 |
|---|---|---|---|---|
| 7 | കേരള സംസ്ഥാന യുവജന കമ്മീഷൻ | 2014-15 | വാർഷിക റിപ്പോർട്ട് | അതെ |
| 8 | കേരള സംസ്ഥാന മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2014-15 | വാർഷിക റിപ്പോർട്ട് ആഡിറ്റഡ് അക്കൗണ്ട്സ് | അതെ |
| 9 | കേരള സംസ്ഥാന ബാംബു കോർപ്പറേഷൻ ലിമിറ്റഡ് | 2011-12 | വാർഷിക റിപ്പോർട്ട് | അതെ |
| 10 | സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് | 2014-15 | വാർഷിക റിപ്പോർട്ട്/ കണക്കുകൾ | അതെ |
| 11 | കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ് | 2014-15 | വാർഷിക റിപ്പോർട്ട്/ കണക്കുകൾ | അതെ |

*വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:*

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 40/2016 | സ. ഉ. (അച്ചടി) നമ്പർ 2/2016/കാ.യു.വ. | 7-1-2016 |
| 2 | 645/2016 | സ. ഉ. (അച്ചടി) നമ്പർ 48/2016/കാ.യു.വ. | 14-10-2016 |

X. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

*(i) ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:*

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 693/2016 | ജി. ഒ. (പി) നമ്പർ 13/2016/ എഫ്. ആന്റ് ഡബ്ല്യൂ.എൽ.ഡി. | 11-11-2016 | അല്ല |
| 2 | 783/2016 | ജി. ഒ. (പി) നമ്പർ 5/ 2016/ഡിഡി. | 24-11-2016 | അല്ല |

*(ii) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ:*

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് ലിമിറ്റഡ് | 2012-13 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |

*വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:*

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 435/2016 | ജി. ഒ. (പി) നമ്പർ 3/2016/ഡി.ഡി. | 19-5-2016 |

XI. തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു:

*(i) ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:*

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 139/2016 | ജി. ഒ. (പി) നമ്പർ 2/2016/ സിഎഡി. | 30-1-2016 | അതെ |
| 2 | 156/2016 | ജി. ഒ. (പി) നമ്പർ 03/2016/ സിഎഡി. | 3-1-2016 | അതെ |

XII. തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

*(i) ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:*

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 2 | 3 | 4 | 5 |
| 1 | 671/2016 | സ. ഉ. (അച്ചടി) നമ്പർ 173/2016/ തൊഴിൽ | 31-10-2016 | അല്ല |
| 2 | 709/2016 | ജി. ഒ. (പി) നമ്പർ 183/2016/ എൽബിആർ. | 18-11-2016 | അല്ല |
| 3 | 725/2016 | ജി. ഒ. (പി) നമ്പർ 184/2016/ എൽബിആർ. | 23-11-2016 | അല്ല |
| 4 | 726/2016 | ജി. ഒ. (പി) നമ്പർ 187/2016/ എൽബിആർ. | 25-11-2016 | അല്ല |
| 5 | 768/2016 | ജി. ഒ. (പി) നമ്പർ 189/2016/ എൽബിആർ. | 3-12-2016 | അല്ല |
| 6 | 769/2016 | ജി. ഒ. (പി) നമ്പർ 189/2016/ എൽബിആർ. | 3-12-2016 | അല്ല |
| 7 | 777/2016 | സ. ഉ. (അച്ചടി) നമ്പർ 194/2016/ തൊഴിൽ | 19-12-2016 | അല്ല |
| 8 | 778/2016 | ജി. ഒ. (പി) നമ്പർ 110/2016/ റ്റിഡി. | 22-12-2016 | അല്ല |
| 9 | 779/2016 | ജി. ഒ. (പി) നമ്പർ 111/2016/റ്റി.ഡി. | 22-12-2016 | അല്ല |
| 10 | 785/2016 | ജി. ഒ. (പി) നമ്പർ 196/2016/ എൽബിആർ. | 21-12-2016 | അല്ല |
| 11 | 787/2016 | സ. ഉ. (അച്ചടി) നമ്പർ 193/2016/ തൊഴിൽ | 9-12-2016 | അല്ല |
| 12 | 788/2016 | ജി. ഒ. (പി) നമ്പർ 112/2016/ റ്റിഡി. | 27-12-2016 | അല്ല |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 13 | 789/2016 | ജി. ഒ. (പി) നമ്പർ 191/2016/ എൽബിആർ. | 8-12-2016 | അല്ല |
| 14 | 790/2016 | ജി. ഒ. (പി) നമ്പർ 192/2016/ എൽബിആർ. | 8-12-2016 | അല്ല |
| 15 | 802/2016 | ജി. ഒ. (പി) നമ്പർ 195/2016/ എൽബിആർ. | 20-12-2016 | അല്ല |
| 16 | 1/2017 | ജി. ഒ. (പി) നമ്പർ 201/2016/ എൽബിആർ. | 29-12-2016 | അല്ല |
| 17 | 4/2017 | ജി. ഒ. (പി) നമ്പർ 1/2017/ എൽബിആർ. | 5-1-2017 | അല്ല |
| 18 | 16/2017 | ജി. ഒ. (പി) നമ്പർ 199/2016/ എൽബിആർ. | 24-12-2016 | അല്ല |
| 19 | 17/2017 | ജി. ഒ. (പി) നമ്പർ 199/2016/ എൽബിആർ. | 24-12-2016 | അല്ല |
| 20 | 20/2017 | ജി. ഒ. (പി) നമ്പർ 202/2016/ എൽബിആർ. | 29-12-2016 | അല്ല |
| 21 | 44/2017 | സ. ഉ. (അച്ചടി) നമ്പർ 3/2017/ തൊഴിൽ | 19-1-2017 | അല്ല |
| 22 | 47/2017 | ജി. ഒ. (പി) നമ്പർ 4/2017/റ്റിഡി. | 27-1-2017 | അല്ല |

*(ii) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ:*

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | 2 | 3 | 4 | 5 |
| 1 | കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് | 2011-12 | ഭരണ റിപ്പോർട്ട് | അതെ |
| 2 | കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് | 2012-13 | ഭരണ റിപ്പോർട്ട് ആഡിറ്റ് റിപ്പോർട്ട് | അതെ |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 3 | കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് | 2013-14 | ഭരണ റിപ്പോർട്ട് ആഡിറ്റ് റിപ്പോർട്ട് | അതെ |
| 4 | കേരള ആട്ടോറിക്ഷ തൊഴിലാളി ക്ഷേമനിധി ബോർഡ് | 2009-10<br>2010-11<br>2011-12 | ഭരണ-ആഡിറ്റ് റിപ്പോർട്ട് | അതെ |
| 5 | കേരള ആട്ടോമൊബൈൽ വർക്ക്ഷോപ്പ് ക്ഷേമനിധി പദ്ധതി | 2009-10<br>2010-11<br>2011-12 | ഭരണ-ആഡിറ്റ് റിപ്പോർട്ട് | അതെ |
| 6 | ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡ് | 2015-16 | വാർഷിക റിപ്പോർട്ട് വാർഷിക ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് | അതെ |
| 7 | കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് | 2015-16 | ഭരണ റിപ്പോർട്ട് | അല്ല |
| 8 | മലബാർ ഡിസ്റ്റിലറീസ് ലിമിറ്റഡ് | 2014-15 | വാർഷിക റിപ്പോർട്ട്/ കണക്കുകൾ | അതെ |
| 9 | റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡ് | 2015-16 | വാർഷിക റിപ്പോർട്ട് | അല്ല |

*വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:*

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 2 | 3 | 4 |
| 1 | 447/2016 | ജി. ഒ. (പി) നമ്പർ 102/2016/ എൽബി ആർ. | 27-6-2016 |
| 2 | 623/2016 | ജി. ഒ. (പി) നമ്പർ156/2016/ എൽബിആർ. | 24-9-2016 |
| 3 | 624/2016 | സ. ഉ. (അച്ചടി) നമ്പർ 157/2016/ തൊഴിൽ | 4-10-2016 |
| 4 | 626/2016 | ജി. ഒ. (പി) നമ്പർ 90/2016/റ്റിഡി. | 6-10-2016 |
| 5 | 653/2016 | ജി. ഒ. (എംഎസ്.) നമ്പർ 96/2016/ റ്റിഡി. | 21-10-2016 |

| 1 | 2 | 3 | 4 |
|---|---|---|---|
| 6 | 660/2016 | സ. ഉ. (അച്ചടി) നമ്പർ 165/2016/ തൊഴിൽ | 26-10-2016 |
| 7 | 661/2016 | സ. ഉ. (അച്ചടി) നമ്പർ 166/2016/ തൊഴിൽ | 26-10-2016 |
| 8 | 662/2016 | സ. ഉ. (അച്ചടി) നമ്പർ 167/2016/ തൊഴിൽ | 26-10-2016 |
| 9 | 663/2016 | ജി. ഒ. (പി) നമ്പർ 168/2016/എൽബി ആർ. | 26-10-2016 |

XIII. വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

*(i) ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:*

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 752/2016 | ജി. ഒ. (പി) നമ്പർ 199/2016/ ജി.ഇഡിഎൻ. | 3-12-2016 | അല്ല |
| 2 | 31/2017 | ജി. ഒ. (പി) നമ്പർ 01/2017/ ജി.ഇഡിഎൻ. | 13-1-2017 | അല്ല |

*(ii) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ* :

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ | 2015-16 | വാർഷിക റിപ്പോർട്ട് | അല്ല |

XIV. ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

*(i) ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:*

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 2 | 3 | 4 | 5 |
| 1 | 698/2016 | ജി. ഒ. (പി) നമ്പർ 60/2016/ ട്രാൻ. | 14-11-2016 | അല്ല |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 2 | 743/2016 | ജി. ഒ. (പി) നമ്പർ 61/2016/ ട്രാൻ. | 30-11-2016 | അല്ല |
| 3 | 744/2016 | ജി. ഒ. (പി) നമ്പർ 62/2016/ ട്രാൻ. | 21-11-2016 | അല്ല |
| 4 | 762/2016 | ജി. ഒ. (പി) നമ്പർ 67/2016/ ട്രാൻ. | 16-12-2016 | അല്ല |
| 5 | 775/2016 | ജി. ഒ. (പി) നമ്പർ 68/2016/ ട്രാൻ. | 21-12-2016 | അല്ല |

*വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:*

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 667/2016 | ജി. ഒ. (പി) നമ്പർ 59/2016/ട്രാൻ. | 25-10-2016 |

XV. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

*(i) ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ* :

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 474/2016 | ജി.ഒ.(പി) തീയതി 08/2016/ എസ്.ജെ.ഡി. | 13-7-2016 | അതെ |
| 2 | 738/2016 | ജി.ഒ.(പി) നമ്പർ 39/2016/ എച്ച് ആന്റ് എഫ്ഡബ്ല്യൂഡി. | 1-12-2016 | അല്ല |

*(ii) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ* :

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ് | 2015-16 | ഭരണ റിപ്പോർട്ട് | അല്ല |
| 2 | കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മിഷൻ | 2014-15 | വാർഷിക റിപ്പോർട്ട് | അതെ |
| 3 | കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല | 2010-11<br>2011-12 | ആഡിറ്റ് റിപ്പോർട്ട്, ആക്ഷൻ ടേക്കൺ റിപ്പോർട്ട് | അതെ |

*വീണ്ടും മേശപ്പുറത്തുവയ്ക്കുന്ന* :

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 568/2015 | ജി.ഒ.(പി) നമ്പർ 53/2015/എസ്.ജെ.ഡി. | 25-8-2015 |

XVI. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

*(i) ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ* :

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 753/2016 | ജി.ഒ.(പി) നമ്പർ 107/2016/ റ്റിഡി. | 14-12-2016 | അല്ല |
| 2 | 754/2016 | ജി.ഒ.(പി) നമ്പർ 108/2016/നിവ. | 15-12-2016 | അല്ല |
| 3 | 34/2017 | ജി.ഒ.(എംഎസ്.) നമ്പർ 01/2017/ പി.ഡബ്ല്യൂ.ഡി. | 19-1-2017 | അല്ല |
| 4 | 35/2017 | ജി.ഒ.(എംഎസ്.) നമ്പർ 02/2017/ പി.ഡബ്ല്യൂ.ഡി. | 19-1-2017 | അല്ല |

*(ii) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ* :

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് | 2013-14 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 2 | ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ് | 2014-15 | വാർഷിക റിപ്പോർട്ട് | അതെ |

*വീണ്ടും മേശപ്പുറത്തുവയ്ക്കുന്ന* :

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 630/2016 | ജി.ഒ.(പി) നമ്പർ 59/2016/പി.ഡബ്ല്യൂ.ഡി. | 1-10-2016 |

XVII. കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

*(i) ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ* :

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 727/2016 | ജി.ഒ.(പി) നമ്പർ 14/2016/ എഡി. | 26-11-2016 | അല്ല |
| 2 | 784/2016 | ജി.ഒ.(പി) നമ്പർ 17/2016/എഡി. | 21-12-2016 | അല്ല |

*(ii) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ* :

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് | 2015-16 | വാർഷിക റിപ്പോർട്ട് | അല്ല |
| 2 | സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് | 2015-16 | വാർഷിക റിപ്പോർട്ട് | അല്ല |

XVIII. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു:

*(i) ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ* :

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 460/2015 | ജി.ഒ.(എംഎസ്.) നമ്പർ 4/2015/ സിഎഡി. | 13-7-2015 | അതെ |
| 2 | 83/2016 | ജി.ഒ.(എംഎസ്.) നമ്പർ 2/2016/ സിഎഡി. | 23-1-2016 | അതെ |
| 3 | 467/2016 | ജി.ഒ.(എംഎസ്.) നമ്പർ 8/2016/ സിഎഡി. | 30-6-2016 | അതെ |
| 4 | | നമ്പർ920049/ ഡി1/2016/എഫ് & സിഎസ്ഡി. | 14-11-2016 | അല്ല |

*വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു* :

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 830/2015 | ജി.ഒ.(പി) നമ്പർ 38/2015/എഫ് & സിഎസ്ഡി. | 5-12-2015 |
| 2 | 831/2015 | ജി.ഒ.(പി) നമ്പർ 39/2015/എഫ് & സിഎസ്ഡി. | 5-12-2015 |

XIX. ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

*(i) ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ* :

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 2 | 3 | 4 | 5 |
| 1 | 627/2016 | ജി.ഒ.(പി) നമ്പർ 91/2016/റ്റിഡി. | 7-10-2016 | അല്ല |
| 2 | 628/2016 | ജി.ഒ.(പി) നമ്പർ 92/2016/റ്റിഡി. | 7-10-2016 | അല്ല |
| 3 | 629/2016 | ജി.ഒ.(പി) നമ്പർ 93/2016/റ്റിഡി. | 7-10-2016 | അല്ല |
| 4 | 673/2016 | ജി.ഒ.(പി) നമ്പർ 168/2016/ഫിൻ. | 4-11-2016 | അല്ല |
| 5 | 687/2016 | ജി.ഒ.(പി) നമ്പർ 99/2016/റ്റിഡി. | 11-11-2016 | അല്ല |
| 6 | 688/2016 | ജി.ഒ.(പി) നമ്പർ 100/2016/റ്റിഡി. | 15-11-2016 | അല്ല |
| 7 | 689/2016 | ജി.ഒ.(പി) നമ്പർ 101/2016/റ്റിഡി. | 15-11-2016 | അല്ല |
| 8 | 747/2016 | ജി.ഒ.(പി) നമ്പർ 176/2016/ഫിൻ. | 8-12-2016 | അല്ല |
| 9 | 748/2016 | ജി.ഒ.(പി) നമ്പർ 177/2016/ഫിൻ. | 8-12-2016 | അല്ല |
| 10 | 750/2016 | ജി.ഒ.(പി) നമ്പർ 105/2016/റ്റിഡി. | 14-12-2016 | അല്ല |
| 11 | 751/2016 | ജി.ഒ.(പി) നമ്പർ 106/2016/റ്റിഡി. | 14-12-2016 | അല്ല |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 12 | 782/2016 | ജി.ഒ.(പി) നമ്പർ 188/2016/ഫിൻ. | 22-12-2016 | അല്ല |
| 13 | 786/2016 | ജി.ഒ.(പി) നമ്പർ 189/2016/ഫിൻ. | 26-12-2016 | അല്ല |
| 14 | 3/2017 | ജി.ഒ.(പി) നമ്പർ 26/2016/ ഐഡി. | 23-12-2016 | അല്ല |
| 15 | 11/2017 | ജി.ഒ.(പി) നമ്പർ 1/2017/ഐഡി. | 3-1-2017 | അല്ല |
| 16 | 28/2017 | ജി.ഒ.(പി) നമ്പർ 27/2016/ഐഡി. | 28-12-2016 | അല്ല |
| 17 | 43/2017 | ജി.ഒ.(പി) നമ്പർ 01/2017/റ്റിഡി. | 24-1-2017 | അല്ല |

*(ii) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ* :

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യ | 2015-16 | കേരള സംസ്ഥാന സമ്പദ് വ്യവസ്ഥയെക്കുറിച്ച് സി. ആന്റ് എ.ജി. റിപ്പോർട്ട് | അല്ല |
| 2 | കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യ | 2015-16 | ഫിനാൻസ് അക്കൗണ്ട്സ് (വാല്യം I & II) അപ്രോപ്രിയേഷൻ അക്കൗണ്ട്സ് | അല്ല |
| 3 | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് | 2015-16 | സമാഹൃത ആഡിറ്റ് റിപ്പോർട്ട് | |
| 4 | കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ | 2015-16 | സി. ആന്റ് എ.ജി. യുടെ പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അല്ല |
| 5 | കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ് | 2013-14 | വാർഷിക റിപ്പോർട്ട് | അതെ |

XX. നിയമസഭാ സെക്രട്ടറി (ശ്രീ. വി. കെ. ബാബുപ്രകാശ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | ആക്റ്റിന്റെ | | |
|---|---|---|---|
| | വർഷം | നമ്പർ | പേര് |
| 1 | 2016 | 14 | 2016-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ആക്റ്റ്. |
| 2 | 2016 | 15 | 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ആക്റ്റ്. |
| 3 | 2016 | 16 | 2016-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ആക്റ്റ്. |
| 4 | 2016 | 17 | ദി ഹിന്ദു സക്സഷൻ (കേരള അമെന്റ്മെന്റ്) ആക്റ്റ്, 2015. |
| 5 | 2016 | 18 | ദി കേരള ഫിനാൻസ് ആക്റ്റ്, 2016 ആന്റ് ഇറ്റ്സ് ഇറാറ്റം. |
| 6 | 2016 | 19 | 2016-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്റ്റ്. |
| 7 | 2016 | 20 | ദി കേരള കോർട്ട്- ഫീസ് ആന്റ് സ്യൂട്ട്സ് വാല്യുവേഷൻ (അമെന്റ്മെന്റ്) ആക്റ്റ്, 2016. |
| 8 | 2016 | 21 | ദി കേരള അഡ്വക്കേറ്റ്സ് വെൽഫെയർ ഫണ്ട് (അമെന്റ്മെന്റ്) ആക്റ്റ്, 2016. |
| 9 | 2016 | 22 | 2016-ലെ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ആക്റ്റ്. |

## VI അറിയിപ്പ്

ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന മാറ്റിവയ്ക്കുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: ഇന്നത്തെ കാര്യവിവരപ്പട്ടികയിൽ ഉൾപ്പെടുത്തിയിരുന്ന ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന മറ്റൊരു ദിവസത്തേയ്ക്ക് മാറ്റാൻ അനുവദിക്കണമെന്ന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി അഭ്യർത്ഥിച്ചിട്ടുണ്ട്. സഭയുടെ അനുമതിയോടെ പ്രസ്തുത പ്രസ്താവന നടത്തുന്നത് ഇന്നത്തെ കാര്യവിവരപ്പട്ടികയിൽനിന്നും ഒഴിവാക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കേരളം നേരിടുന്ന രൂക്ഷമായ വരൾച്ചയെ സംബന്ധിച്ച പ്രസ്താവനയാണ് നടത്താനിരുന്നത്. ബന്ധപ്പെട്ട വകുപ്പുമന്ത്രി സഭയിലുള്ള സാഹചര്യത്തിൽ പ്രസ്താവന എന്ന് നടത്തുമെന്ന് വ്യക്തമാക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, ചൂണ്ടിക്കാണിച്ചതുപോലെ കേരളം നേരിടുന്ന രൂക്ഷമായ വരൾച്ചയുടെ പ്രശ്നം സംബന്ധിച്ച് വിശദമായ പ്രസ്താവന നടത്താനാണ് തയ്യാറായിട്ടുള്ളത്. വളരെ വൈകിക്കിട്ടിയ ചില വിവരങ്ങൾകൂടി പ്രസ്താവനയിൽ ഉൾപ്പെടുത്തേണ്ട സാഹചര്യത്തിലാണ് മറ്റൊരവസരത്തിലേയ്ക്ക് മാറ്റാൻ ആവശ്യപ്പെട്ടത്. ആയത് നാളെ നടത്തുന്നതാണ്.

## VII റിപ്പോർട്ട് സമർപ്പണം

### കാര്യോപദേശക സമിതിയുടെ നാലാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):സർ, കാര്യോപദേശക സമിതിയുടെ നാലാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: കാര്യോപദേശക സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## VIII റിപ്പോർട്ട് പരിഗണന

### കാര്യോപദേശക സമിതിയുടെ നാലാമത് റിപ്പോർട്ട് പരിഗണന

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാര്യോപദേശക സമിതിയുടെ നാലാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: കാര്യോപദേശക സമിതിയുടെ നാലാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

## IX ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെ കുറിച്ചുള്ള ചർച്ച-(തുടർച്ച)

ശ്രീ. വി. എസ്. അച്ച്യുതാനന്ദൻ: സർ, ബഹുമാനപ്പെട്ട ഗവർണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തെ ഞാൻ സ്വാഗതം ചെയ്യുകയാണ്. നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി പ്രകാശിപ്പിച്ചുകൊണ്ട് ശ്രീ. എ. പ്രദീപ്കുമാർ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. കേരളത്തിന്റെ വർത്തമാനകാല സാമൂഹ്യ സാഹചര്യങ്ങൾ അതിന്റെ സാഫല്യാവസ്ഥയിൽ ദീർഘവീക്ഷണത്തോടെയാണ് ഈ നയപ്രഖ്യാപനം അവതരിപ്പിച്ചിരിക്കുന്നത്. മോദി സർക്കാർ അടിച്ചേൽപ്പിച്ച നോട്ടുനിരോധനം സൃഷ്ടിച്ച പ്രതിസന്ധികൾ വിട്ടൊഴിയാത്ത സാഹചര്യത്തിലാണ് നയപ്രഖ്യാപനം എന്നത് ശ്രദ്ധേയമാണ്. ഇതുമൂലമുളവായ പ്രതിസന്ധികൾ പരിഹരിക്കാനും കേരളീയ ജീവിതം മുന്നോട്ടുകൊണ്ടുപോകാനും സഹായകരമായ

നിർദ്ദേശങ്ങളും പദ്ധതികളുമാണ് നയപ്രഖ്യാപനത്തിൽ തെളിഞ്ഞുനിൽക്കുന്നത്. നയപ്രഖ്യാപനത്തിനെതിരെ യു.ഡി.എഫ്. ഓരോ കാര്യങ്ങൾ പറയുന്നത് മറ്റൊന്നും അവർക്ക് പറയാനില്ലാത്തതുകൊണ്ടാണ്. കടമ്മനിട്ട രാമകൃഷ്ണൻ പറഞ്ഞതുപോലെ ഞങ്ങളും അത്ര മോശക്കാരല്ല എന്നുവരുത്താനുള്ള പാഴ്‌വേല മാത്രമാണ് അപ്പുറത്തിരിക്കുന്ന എന്റെ മാന്യസ്നേഹിതൻമാർ കാട്ടിക്കൂട്ടുന്നത്. സ്ത്രീ സുരക്ഷ അപകടപ്പെട്ടിരിക്കുന്നു എന്ന് വലിയവായിൽ നിലവിളിച്ചുകൊണ്ടാണ് പ്രതിപക്ഷാംഗങ്ങൾ ഇന്നലെ സഭയിൽനിന്നും ഇറങ്ങിപ്പോയത്. ഒരു നടി ആക്രമിക്കപ്പെട്ട കേസാണ് അവർ ആയുധമാക്കിയത്. നടിക്കുനേരെയുള്ള ആക്രമണവുമായി ബന്ധപ്പെട്ടവരെല്ലാം അറസ്റ്റിലായത് എല്ലാവർക്കും അറിയാമല്ലോ. അവരെ പോലീസ് ചോദ്യം ചെയ്തുവരികയാണ്. ചോദ്യം ചെയ്യലിൽ പുതിയ തെളിവുകൾ ലഭിച്ചാൽ അതിന്റെ അടിസ്ഥാനത്തിലുള്ള അന്വേഷണവും നടപടികളുമുണ്ടാകും. കേസ് സംബന്ധിച്ച് നിയമനടപടികൾ അൽപ്പംപോലും സമയം പാഴാക്കാതെ കുറ്റമറ്റ രീതിയിൽ നടക്കുന്നു എന്നതാണ് വസ്തുത.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. വി. അബ്ദുൾ ഖാദർ)

ഇതൊന്നും അറിയാത്തവരാണോ യു.ഡി.എഫ്? എന്തിനാണ് അവർ ഇങ്ങനെയുള്ള കലാപരിപാടികൾ കാട്ടുന്നത്? ഒരു കേസ്സുണ്ടായാൽ അപ്പോൾത്തന്നെ അത് അട്ടിമറിക്കണം അല്ലെങ്കിൽ തേച്ചുമായ്ച്ചു കളയണം എന്നതാണ് യു.ഡി.എഫ്.-ന്റെ മനസ്സിലിരിപ്പ്. അധികാരത്തിലിരുന്നപ്പോഴൊക്കെ അവരത് ജോറായി ചെയ്തിട്ടുണ്ട്. സോളാർ അഴിമതിയും ബാർ കോഴയുമൊക്കെ അരങ്ങുതകർത്തപ്പോൾ അന്നത്തെ യു.ഡി.എഫ്. സർക്കാരും മന്ത്രിമാരും എന്തൊക്കെയാണ് പറഞ്ഞതും ചെയ്തതുമെന്ന് കേരളം കണ്ടതല്ലേ; സേഫ് സേഫ് എന്ന് പുരപ്പുറത്ത് കയറി വിളിച്ചുകൂവിയ ആളുകളാണ് അപ്പുറത്തിരിക്കുന്നത്. ഇതുപറഞ്ഞപ്പോഴാണ് ശ്രീ. കെ. എം. മാണിയുടെ കാര്യം ഓർമ്മ വരുന്നത്. ഇന്നലെ അദ്ദേഹം സെക്രട്ടേറിയറ്റ് പടിക്കൽ ഉപവസിച്ചു എന്നൊരു വാർത്ത കണ്ടു. കാരുണ്യ പദ്ധതി അട്ടിമറിക്കുന്നുവെന്ന് പറഞ്ഞാണ് അദ്ദേഹം ഉപവാസം നടത്തിയത്. കാരുണ്യ പദ്ധതി തുടരുകയാണെന്ന് മാത്രമല്ല അതുൾപ്പെടെയുള്ള സമഗ്ര ആരോഗ്യ പദ്ധതികളുമായി സർക്കാർ മുന്നോട്ടുപോകുന്നുവെന്ന് ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് പരസ്യമായി പറഞ്ഞിട്ടുള്ളതാണ്. പിന്നെ എന്തിനാണ് ശ്രീ. കെ. എം. മാണി വെറുതെ പോയി പട്ടിണികിടന്ന് ശരീരം ക്ഷീണിപ്പിച്ചതെന്ന് മനസ്സിലാകുന്നില്ല. സ്ത്രീ സുരക്ഷയാണല്ലോ പ്രധാന പ്രശ്നം. ഇന്നലെ ബഹുമാന്യനായ പ്രതിപക്ഷ നേതാവ് അതുസംബന്ധിച്ച് പറയുന്നതുകേട്ടു. സ്ത്രീ സുരക്ഷയുടെ കാര്യത്തിൽ ശ്രീ. രമേശ് ചെന്നിത്തലയും മറ്റും മന്ത്രിയായിരുന്ന ഘട്ടത്തിൽ എന്തൊക്കെയാണ് ചെയ്തതെന്ന് ഞാൻ പറയേണ്ടതുണ്ടോ; അന്ന് ചില ഡയറിക്കുറിപ്പുകളൊക്കെ

പുറത്തുവന്നില്ലേ, അതുസംബന്ധിച്ച് ഞാൻ പറയേണ്ടതുണ്ടോ. 'ന പ്രിയാത് സത്യം അപ്രിയം' എന്നല്ലേ പറയുന്നത്. സ്ത്രീകളെ പീഡിപ്പിക്കുന്നവരുടെ രജിസ്റ്ററുണ്ടാക്കുമെന്ന് നയപ്രഖ്യാപനത്തിൽ പറയുന്നുണ്ട്. അക്കാര്യം ഇന്നലെ ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞപ്പോൾ പ്രതിപക്ഷ നേതാവ് അതിനെ പരിഹസിക്കുന്ന മട്ടിൽ പ്രതികരിക്കുന്നത് കേട്ടു. എന്റെ സംശയം ശ്രീ. രമേശ് ചെന്നിത്തല ഇത്തരമൊരു രജിസ്റ്റർ വരുന്നതിനെ പേടിക്കുന്നുണ്ടോയെന്നാണ്. അത്തരമൊരു രജിസ്റ്ററിൽ തങ്ങളുടെ കൂട്ടത്തിലുള്ള ആരെങ്കിലും സ്ഥാനം പിടിക്കുമോയെന്ന ഭയമാണ് അദ്ദേഹത്തിനുള്ളത്. കാരണം, കൂടെ കിടക്കുന്നവനല്ലേ രാപ്പനി അറിയൂ. ശ്രീ. രമേശ് ചെന്നിത്തല കുറച്ചുകാലം ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ആളല്ലേ; അന്നല്ലേ ജിഷ വധക്കേസുണ്ടായത്. അന്ന് ആ കേസ് കൈകാര്യം ചെയ്തത് എങ്ങനെയാണെന്ന് പറയേണ്ടതുണ്ടോ? കേസിലെ പ്രതികളെന്നുപറഞ്ഞ് രണ്ട് പോലീസുകാരെത്തന്നെ മുഖം മൂടിയിട്ട് പ്രദർശിപ്പിച്ചു. അവസാനം കേസിന് തുമ്പുണ്ടായത് എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷമല്ലേ? നടിയെ ആക്രമിച്ച കേസുമായി ബന്ധപ്പെട്ട് ഒരു പ്രതി കുറ്റകൃത്യം അയാളുടെ ഭാവനയിൽ പ്ലാൻ ചെയ്യുമെന്നും അതനുസരിച്ചായിരിക്കും പ്രവർത്തിക്കുകയെന്നും മുഖ്യമന്ത്രി പറഞ്ഞിരുന്നു. എന്നാൽ മുഖ്യമന്ത്രി ഒരാളെ പ്രതിയായി തീരുമാനിച്ച് പറയുന്നു എന്നാണ് പ്രതിപക്ഷ നേതാവ് ഇന്നലെ ഇവിടെ പറഞ്ഞത്. അതിനായി അദ്ദേഹം ഏഷ്യാനെറ്റ് ന്യൂസിന്റെ ഒരു സി.ഡി.യും കൊണ്ടുവന്നു. മുഖ്യമന്ത്രി എന്താണ് പറഞ്ഞത്, ശ്രീ. രമേശ് ചെന്നിത്തല എന്താണ് കേട്ടത്;

'നമ്പിയാരെന്ന് ചോദിച്ചു, നമ്പ്യാരെന്നു ചൊല്ലിനേൻ

നമ്പി കേട്ടഥ കോപിച്ചു, തമ്പുരാനേ ക്ഷമിക്കണേ'

എന്ന കുഞ്ചൻ നമ്പ്യാരുടെ കവിതാശകലമാണ് ശ്രീ. രമേശ് ചെന്നിത്തലയുടെ സംസാരം കേട്ടപ്പോൾ എനിക്ക് ഓർമ്മ വന്നത്. ശ്രീ. കുമ്മനം രാജശേഖരന്റെയും ശ്രീ. വി. എം. സുധീരന്റെയും സ്വരം പലപ്പോഴും ഒരുപോലിരിക്കുന്നു എന്ന് ഇന്നലെ മുഖ്യമന്ത്രി പറയുകയുണ്ടായി. ആർ.എസ്.എസ്.-നെപ്പറ്റി പറയുമ്പോൾ അവർക്ക് വേദനിക്കുമോയെന്ന സംശയമാണ് കോൺഗ്രസിനുള്ളതെന്ന് നയപ്രഖ്യാപന പ്രസംഗത്തിന് നന്ദിപ്രമേയം അവതരിപ്പിച്ചുകൊണ്ട് ശ്രീ. എ. പ്രദീപ്കുമാർ പറഞ്ഞു. രണ്ടും ശരിയല്ലേ; ശ്രീ. കുമ്മനം രാജശേഖരനും ശ്രീ. വി. എം. സുധീരനും മച്ചമ്പിമാരെപ്പോലെയാണ്. ശ്രീ. കുമ്മനം രാജശേഖരൻ എന്തുപറഞ്ഞാലും അത് ശ്രീ. വി. എം. സുധീരൻ പിന്താങ്ങും. ശ്രീ. വി. എം. സുധീരൻ എന്തുപറഞ്ഞാലും ശ്രീ. കുമ്മനം രാജശേഖരൻ അതിന് മേലൊപ്പ് ചാർത്തും. അവർ തമ്മിലുള്ള ഇരിപ്പുവശമതാണ്. സന്ധ്യയാകുമ്പോൾ ഇരുട്ടാണല്ലോ, എന്നാൽ സന്ധ്യയായാൽ പല കോൺഗ്രസ് നേതാക്കളുടെയും ഖദർ കുപ്പായത്തിൽ കാവിനിറം വ്യാപിച്ചുതുടങ്ങും. ഇതൊരു

പരസ്പരസഹായ സംഘമല്ലേ, കോലീബി സഖ്യം. കോൺഗ്രസ്സും ആർ.എസ്.എസും തമ്മിലുള്ള പരസ്പര സഹായത്തിന്റെ മൂർത്തിമത്ഭാവമല്ലേ ശ്രീ. ഒ. രാജഗോപാൽ. പിന്നെ എങ്ങനെ കോൺഗ്രസ്സുകാർ ആർ.എസ്.എസ്.-കാരെ തൊടും? ഉദ്ദിഷ്ടകാര്യത്തിന് ഉപകാരസ്മരണ എന്നല്ലാതെ എന്തുപറയാൻ.

കേരളത്തിന്റെ വർത്തമാനകാല ജീവിത യാഥാർത്ഥ്യങ്ങളെ ഉൾക്കൊള്ളുകയും അതിന് പരിഹാരം തേടാൻ ശ്രമിക്കുകയും ചെയ്യുന്ന സമീപനമാണ് ഈ നയപ്രഖ്യാപനത്തിൽ തെളിയുന്നത്. കൃഷി, വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ളം, പരിസ്ഥിതി, വ്യവസായം, സമ്പദ്ഘടന മെച്ചപ്പെടുത്തൽ, സഹകരണ പ്രസ്ഥാനം ചിട്ടപ്പെടുത്തൽ, സ്ത്രീ സുരക്ഷ എന്നിങ്ങനെ സർവ്വതല സ്പർശിയാണിത്. ഗവർണ്ണറുടെ നയപ്രഖ്യാപനം അങ്ങേയറ്റം സ്വാഗതാർഹമാണ്.

12.00 Noon]

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. കേരളീയ സമൂഹത്തെയാകെ നിരാശരാക്കിയ ഒരു സർക്കാരിന്റെ നയപ്രഖ്യാപനമാണ് ഗവർണർ നടത്തിയത്. ഈ പ്രസംഗം ആവർത്തനവിരസമാണ്. പ്രസംഗത്തിൽ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കാനുള്ള താല്പര്യം സർക്കാർ കാണിക്കാറില്ല. ഇനിയെങ്കിലും നയപ്രഖ്യാപനം നടത്തുമ്പോൾ തൊട്ടുമുമ്പുള്ള നയപ്രഖ്യാപനത്തിന്റെ ആക്ഷൻ ടേക്കൺ റിപ്പോർട്ടുകൂടി അവതരിപ്പിക്കണം. ഇവിടെ എനിക്കുമുമ്പ് സംസാരിച്ച ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ സ്വരത്തിൽ നല്ല മാറ്റമുണ്ടായിട്ടുണ്ട്. അദ്ദേഹം മുഖ്യമന്ത്രിയുടെ വിനീതവിധേയനായി മാറിയിരിക്കുന്നു. അദ്ദേഹം മുഖ്യമന്ത്രിയുടെ മുന്നിൽ പഞ്ചപുച്ഛമടക്കി നിൽക്കുന്നത് കാണുമ്പോൾ സന്തോഷമുണ്ട്. ഈ മാറ്റത്തോടുകൂടി ശ്രീ. വി. എസ്. അച്ചുതാനന്ദന് സെക്രട്ടേറിയറ്റിൽ മുറി കിട്ടുമെങ്കിൽ നല്ലകാര്യം. അദ്ദേഹം ഞങ്ങളെ ആക്രമിക്കാൻ ശ്രമിക്കുമ്പോൾ ഒരു കാര്യം മറക്കരുത്. ഭരണപരിഷ്കാര കമ്മീഷൻ ചെയർമാന് ഇതുവരെ സെക്രട്ടേറിയറ്റിൽ ഒരു മുറിയോ ശമ്പളമോ കിട്ടിയോ? ശ്രീ. ഉമ്മൻ ചാണ്ടിയേയും ശ്രീ. കെ. എം. മാണിയേയും ചീത്ത വിളിച്ചാൽ ഒരു മുറി കിട്ടുമെങ്കിൽ അത് നല്ലകാര്യം.

ഈ സർക്കാരിന്റെ ഭരണത്തിൽ തൃപ്തിയുള്ള ആരെങ്കിലുമുണ്ടോ? ഘടകകക്ഷികൾക്കോ മന്ത്രിമാർക്കോ തൃപ്തിയില്ല. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്. വരും എല്ലാം ശരിയാകുമെന്നാണ് പറഞ്ഞത്. എൽ.ഡി.എഫ്. വന്നെങ്കിലും ഒന്നും ശരിയാകാൻ പോകുന്നില്ലെന്ന് ശ്രീമതി കെ. കെ. ശൈലജ ടീച്ചർ പറഞ്ഞതായി വായിക്കാനിടയായി. ഭരണം 9 മാസം തികയുമ്പോൾ തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്-നെ സഹായിച്ചവർപോലും ഇന്ന് നിരാശയിലാണ്. ഭരണം മുന്നോട്ടുപോകുന്നില്ല, സെക്രട്ടേറിയറ്റ് നിശ്ചലമാണ്. ഇംഗ്ലീഷിൽ ഒരു

ചൊല്ലുണ്ട്, well begun is half done. നിങ്ങൾക്ക് ഏതെങ്കിലും ഒരു കാര്യം നന്നായി ആരംഭിക്കാൻ സാധിച്ചിട്ടുണ്ടോ? First impression is the best impression എന്നും പറയാറുണ്ട്. ഞങ്ങളാരംഭിച്ച ഫ്ലാഗ്ഷിപ് പ്രോഗ്രാമുകൾ പോലും ഇന്ന് മന്ദഗതിയിലാണ്. കൊച്ചി മെട്രോ റെയിൽ, കണ്ണൂർ വിമാനത്താവളം തുടങ്ങിയവയെല്ലാം ഒച്ചിന്റെ വേഗതയിലാണ് മുന്നോട്ടുപോകുന്നത്. സെക്രട്ടേറിയറ്റിൽ ഫയലുകളൊന്നും അനങ്ങുന്നില്ല. ഡോ. ടി. എം. തോമസ് ഐസക്കിന്റെ ഒരു ഇന്റർവ്യൂ ഈയിടെ കാണാനിടയായി. കഴിഞ്ഞ ബഡ്ജറ്റിൽ നിങ്ങൾ കൊട്ടിഘോഷിച്ച അലാവുദീന്റെ അത്ഭുതവിളക്കായ കിഫ്ബിക്ക് 12,000 കോടി രൂപയാണ് ബഡ്ജറ്റിൽ ധനകാര്യ വകുപ്പുമന്ത്രി നടപ്പുസാമ്പത്തിക വർഷം പദ്ധതിയായി പ്രഖ്യാപിച്ചത്. ഞാനത് വായിക്കാം, 'Now I am declaring a package of Rs. 12,000 crores. This package will only include capital outlays for projects like large roads, bridges, buildings and infrastructure parks and others. It is expected that in the current year the expenditure will be Rs.2,500 crore'. ഈ സാമ്പത്തിക വർഷം ഒരു പൈസയെങ്കിലും കിഫ്ബിയുടെ പേരിൽ ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് അദ്ദേഹം പറയണം. ഇപ്പോൾ പറയുന്നത് പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കുന്നുവെന്നാണ്. ഇതാണ് ഈ സർക്കാരിന്റെ സമീപനം. ഇങ്ങനെ എന്തെങ്കിലും പറഞ്ഞ് മുന്നോട്ട് പോകുന്നതല്ലാതെ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. ശ്രീ. ഉമ്മൻ ചാണ്ടി സർക്കാരിന്റെ 2016 ജനുവരി, ഫെബ്രുവരി മാസങ്ങളിലെ ക്യാബിനറ്റ് യോഗ തീരുമാനങ്ങൾ പുനഃപരിശോധിക്കാൻ ഈ സർക്കാരിന്റെ ആദ്യ ക്യാബിനറ്റ് യോഗം തീരുമാനിച്ചു. അതിനായി, ശ്രീ. എ. കെ. ബാലൻ കൺവീനറായും സർവ്വശ്രീ വി. എസ്. സുനിൽ കുമാർ, എ. കെ. ശശീന്ദ്രൻ, രാമചന്ദ്രൻ കടന്നപ്പള്ളി, മാത്യു ടി. തോമസ്, ഡോ. ടി. എം. തോമസ് ഐസക് എന്നിവർ അംഗങ്ങളായുമുള്ള കമ്മിറ്റിയെ നിയോഗിച്ചിട്ട് 9 മാസമായി. ആകെ പരിശോധിക്കാനുള്ളത് രണ്ടുമാസത്തെ 9 ക്യാബിനറ്റ് യോഗങ്ങളാണ്. ആ റിപ്പോർട്ട് ദയവായി സഭയുടെ മേശപ്പുറത്ത് വയ്ക്കണം. കഴിഞ്ഞ സർക്കാരിന് എന്ത് വീഴ്ചയാണുണ്ടായതെന്ന് ഞങ്ങൾക്ക് മനസ്സിലാകണം. കഴിഞ്ഞ സർക്കാരിന്റെ എല്ലാ പദ്ധതികളും ഇന്ന് തകരാറിലാവുകയാണ്. ആരോഗ്യവകുപ്പിലെ എല്ലാ ക്ഷേമപദ്ധതികളും ഇല്ലാതാക്കുന്നതിനെതിരെ ശ്രീ. വി. എസ്. ശിവകുമാർ നിരാഹാരം കിടന്നു. കാരുണ്യ പദ്ധതി ഇല്ലാതാക്കുന്നതിനെതിരെ ഇന്നലെ ശ്രീ. കെ. എം. മാണി നിരാഹാരം കിടന്നു. കാരുണ്യ പദ്ധതി യു.ഡി.എഫ്.-ന്റെ പ്രധാനപ്പെട്ട സാമൂഹിക സുരക്ഷാപദ്ധതിയാണ്. നാലുകൊല്ലം കൊണ്ട് 149 ലക്ഷം പേർക്ക് 1200 കോടി രൂപയുടെ സഹായമാണ് കൊടുത്തത്. ഇന്നലെ ശ്രീ. മോൻസ് ജോസഫിന്റെ സബ്മിഷന് ഡോ. ടി. എം. തോമസ് ഐസക് മറുപടി പറഞ്ഞത്, കാരുണ്യ

പദ്ധതി താൽക്കാലികമായി നിർത്തുന്നില്ലെന്നാണ്. എന്നാൽ, ഈ വർഷം കഴിഞ്ഞാൽ ആർദ്രം പദ്ധതിയിൽ ലയിപ്പിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. കാരുണ്യ പദ്ധതി, ക്യാൻസർ രോഗികൾ, ഹൃദ്രോഗികൾ, വൃക്കരോഗികൾ, ഹീമോഫീലിയ രോഗികൾ തുടങ്ങിയവർക്കെല്ലാം വലിയ സഹായമായിരുന്നു. നിങ്ങൾ ആ പദ്ധതിയെ കൊല്ലാക്കൊല ചെയ്യുകയല്ലേ? കേരളത്തിലെ സാധാരണക്കാരായ, മരുന്ന് വാങ്ങാൻ നിവൃത്തിയില്ലാത്ത അർദ്ധ പട്ടിണിക്കാരായ ജനങ്ങളോടുള്ള അവഗണനയാണിത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയായ CMDRF-ൽ നിന്ന് യു.ഡി.എഫ്. ഭരിച്ച അഞ്ച് വർഷം 897 കോടി രൂപ സഹായമായി നൽകി. ഇപ്പോഴത് ഇല്ലാതായി. അപേക്ഷ കൊടുത്ത് തീരുമാനം വരുമ്പോൾ ആ രോഗി ജീവിച്ചിരിക്കണമെന്നില്ല. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ സഹായത്തിനായി സർട്ടിഫിക്കറ്റടക്കം ഉള്ളടക്കം ചെയ്ത് അപേക്ഷിക്കുന്നവരോട് അന്വേഷണ സമയത്ത് ബന്ധപ്പെട്ട വില്ലേജ് ആഫീസർമാർ വീണ്ടും സർട്ടിഫിക്കറ്റ് കൊണ്ടുവരാൻ ആവശ്യപ്പെട്ട് ബുദ്ധിമുട്ടിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന ശ്രീ. പുരുഷൻ കടലുണ്ടി, ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ തുടങ്ങിയവർ ഉന്നയിച്ച 102-ാം നമ്പർ ചോദ്യം ഞാൻ കാണാനിടയായി. അപേക്ഷ കൊടുത്താൽ അപേക്ഷകൾക്ക് തീരുമാനമുണ്ടാകുന്നില്ല. മുഖ്യമന്ത്രിക്ക് പരാതി കൊടുത്താൽ അദ്ദേഹം അത് വില്ലേജ് ആഫീസർക്ക് അയച്ചുകൊടുക്കും. അതിന്റെ റിപ്പോർട്ട് വരുമ്പോൾ 8-9 മാസമാകും. ഇങ്ങനെയാണോ കാര്യങ്ങൾ പോകേണ്ടത്? സാമൂഹ്യ സുരക്ഷാപദ്ധതികൾ ജനങ്ങളുടെ പ്രതീക്ഷയാണ്. ഇന്ന് ആ പദ്ധതികൾക്കെല്ലാം തുരങ്കം വയ്ക്കുകയാണ്. ഇവിടെ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം പൂർണ്ണമായും സ്തംഭിച്ചു. കേരളത്തിന്റെ ചരിത്രത്തിലാദ്യമായി ആറാഴ്ചക്കാലം റേഷനിംഗ് സമ്പ്രദായം സ്തംഭിച്ചു. അതിനുശേഷമാണ് ഡൽഹിയിൽ പോയി നിവേദനം കൊടുക്കുന്നത്. യഥാസമയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ കഴിയാത്തതുമൂലം കേരളത്തിലെ റേഷനിംഗ് സമ്പ്രദായം മുഴുവൻ തകരാറിലായി. കഴിഞ്ഞയാഴ്ച ബഹുമാനപ്പെട്ട ഹൈക്കോടതി കേരളത്തിലെ വിജിലൻസ് ആരാണെന്ന് ചോദിച്ചു. ആക്ടിംഗ് ചീഫ് ജസ്റ്റിസിനോട് ഇക്കാര്യത്തിൽ കൂടുതൽ വ്യക്തത വരുത്താൻ ആവശ്യപ്പെടുമെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. ഒരു ജനാധിപത്യ ഭരണക്രമത്തിൽ സുപ്രീം അതോറിറ്റി നിയമസഭയും നിയമസഭയോട് ഉത്തരവാദിത്വമുള്ളത് ക്യാബിനറ്റുമാണ്. ക്യാബിനറ്റിന്റെ തീരുമാനങ്ങൾ പോലും വിജിലൻസിന് അയയ്ക്കുന്ന നടപടി ശരിയാണോ; വിജിലൻസ് സുപ്രീം അതോറിറ്റിയാണോ? ഒരു മന്ത്രിസഭ കൈക്കൊള്ളുന്ന തീരുമാനങ്ങളിൽ മന്ത്രിസഭയ്ക്ക് നിയമപരമായി അവകാശമുണ്ട്. ആ തീരുമാനങ്ങൾപോലും വിജിലൻസിന് അയയ്ക്കുന്ന നടപടി തെറ്റായ കീഴ്വഴക്കമുണ്ടാക്കും. ഇന്ന് രാവിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഡി.ജി.പി. ഡോ. ടി. പി. സെൻകുമാറിനെക്കുറിച്ച് പറയുകയുണ്ടായി.

ഇന്ന് രാവിലെ ചാനലിൽ ഡോ. ടി. പി. സെൻകുമാറിന് സുരക്ഷാ ഭീഷണിയെന്ന വാർത്ത കണ്ടു. മാർക്സിസ്റ്റ് പാർട്ടിയും ഡി.വൈ.എഫ്.ഐ.-യും മാർച്ച് നടത്താൻ പോകുന്ന കാര്യം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ ഉന്നയിച്ചു. ഡോ. ടി. പി. സെൻകുമാറിന്റെ ചായ്‌വ് മാറുന്നുവെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. അദ്ദേഹം കോൺഗ്രസുകാരനല്ല. ഉദ്യോഗസ്ഥരുടെ രാഷ്ട്രീയചായ്‌വിനെപ്പറ്റി മുഖ്യമന്ത്രി പറയാൻ പാടില്ലായിരുന്നു. ഡോ. ടി. പി. സെൻകുമാർ സുപ്രീം കോടതിയിൽ നൽകിയ കേസിലെ പരാമർശങ്ങൾ ഉദ്ധരിച്ചുകൊണ്ട് അദ്ദേഹത്തിന്റെ ചായ്‌വ് മാറി എന്നുപറയുന്നത് ഒരു മുഖ്യമന്ത്രിക്ക് ചേർന്ന നടപടിയല്ല.

അതുപോലെ രാവിലെ അനീഷിന്റെ ആത്മഹത്യാക്കുറിപ്പിനെപ്പറ്റി പറഞ്ഞു. അനീഷിനെതിരെ അഴീക്കൽ ബീച്ചിൽ 14-ാം തീയതിയാണ് ആക്രമണമുണ്ടായത്. ആത്മഹത്യ ചെയ്യുന്നത് 29-ാം തീയതിയാണ്. അനീഷിന്റെ പരാതിയിൽ നടപടി സ്വീകരിച്ചിരുന്നുവെങ്കിൽ ആ ജീവൻ രക്ഷിക്കാൻ സാധിക്കുമായിരുന്നു. യഥാസമയം നടപടികളുണ്ടാകുന്നില്ല, നിയമവാഴ്ച തകരാറിലാകുകയാണ്. വാഗ്ദാനങ്ങൾ പാലിക്കാത്ത, കേരളീയ സമൂഹത്തെ നിരാശയിലാഴ്ത്തിയ ഒരു സർക്കാരാണിത്.

<u>ശ്രീ. കെ. രാജൻ</u>: സർ, നന്ദിപ്രമേയത്തെ പിന്താങ്ങുന്നു. വളരെ രസകരമായ ചില കാര്യങ്ങളാണ് ഇവിടെ നടന്ന ചർച്ചകളിൽ കാണാൻ കഴിഞ്ഞത്. ഇന്ന് ബഹുമാനപ്പെട്ട ഒ. രാജഗോപാൽ നടത്തിയ പ്രസംഗത്തിൽ പട്ടികജാതിക്കാരോടുള്ള അദ്ദേഹത്തിന്റെയും ബി.ജെ.പി.-യുടെയും സ്നേഹം കണ്ടു, വളരെ സന്തോഷമുണ്ട്. രോഹിത് വെമുലയും ഗോവിന്ദ പൻസാരയും നരേന്ദ്ര നപോൽക്കറും കെ. എസ്. ഗുൽബർഗിയുമൊക്കെ വധിക്കപ്പെട്ട രാജ്യത്തിന്റെ ഭരണകേന്ദ്രത്തിൽ പ്രവർത്തിക്കുന്നവർ, ഗുജറാത്തിന്റെ മണ്ണിൽ എണ്ണമറ്റ പട്ടികജാതി കോളിനകളെ തീവച്ച് കൊന്നവർ ഇപ്പോൾ നമ്മുടെ നാട്ടിൽ പട്ടികജാതിക്കാർക്ക് അനുകൂലമായി ഒരു പ്രസംഗം നടത്താൻ തീരുമാനിച്ചത് സന്തോഷകരമാണ്. അദ്ദേഹം മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നടത്തിയ പ്രസംഗത്തെക്കുറിച്ച് സൂചിപ്പിച്ചു. ഞങ്ങളെ അധികാരത്തിൽ കയറ്റിയവരെ ഞങ്ങൾ സംരക്ഷിക്കുമെന്ന് കേരളത്തിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞുവെന്നതാണ് വലിയൊരബദ്ധമായി അദ്ദേഹം സൂചിപ്പിച്ചത്. തീർച്ചയായും ഞങ്ങൾ ഉറപ്പുപറയുന്നു, ഞങ്ങളെ അധികാരത്തിലേറ്റിയത് കഴിഞ്ഞ അഞ്ചുവർഷ ക്കാലം യു.ഡി.എഫ്. ഭരണത്തിന്റെ ജനദ്രോഹ നടപടികളിൽ ഹൃദയം നൊന്ത് മരിച്ചവരുടെ പിൻതലമുറക്കാരും സമൂഹത്തിന്റെ ഓരങ്ങളിലേയ്ക്ക് മാറ്റിനിർത്തപ്പെട്ട ജനവിഭാഗവുമാണ്. അവരെ സംരക്ഷിക്കേണ്ട ചുമതല ഇടതുപക്ഷ ജനാധിപത്യ മുന്നണി നിറവേറ്റുമെന്ന കാര്യത്തിൽ തർക്കം വേണ്ട.

പെൺവാണിഭത്തെക്കുറിച്ചും വനിതകൾക്ക് നേരെ നടക്കുന്ന അക്രമങ്ങളെക്കുറിച്ചും യു.ഡി.എഫ്. അംഗങ്ങളുടെ പ്രസംഗം കേട്ടപ്പോൾ എനിക്കത്ഭുതം തോന്നി. സൂര്യനെല്ലിയും ഐസ്ക്രീം നുണഞ്ഞ് ആസ്വദിച്ചവർക്കും ജിഷയുടെ കുടുംബത്തിന്റെ കരച്ചിൽ വീണാനാദമായി കേട്ടവർക്കും കേരളത്തിൽ സ്ത്രീകൾക്കുനേരെയുള്ള അതിക്രമങ്ങളെക്കുറിച്ച് പറയുവാനുള്ള യാതൊരവകാശവുമില്ലെന്ന് കേരളത്തിന് നല്ല ബോധ്യമുണ്ട്. 2011-നും 2016-നുമിടയിലെ കണക്കനുസരിച്ച് കേരളത്തിൽ ബലാൽസംഗത്തിന് വിധേയരായവരുടെ എണ്ണം 12,938 ആണ്. മുഖ്യമന്ത്രിയെ ഒറ്റതിരിഞ്ഞ് ആക്രമിക്കാനുള്ള നിങ്ങളുടെ പരിശ്രമങ്ങൾ സഭയ്ക്കകത്ത് ഞങ്ങൾ കാണുന്നുണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണി മാത്രമല്ല, കേരള ജനതയാകെ ശ്രീ. പിണറായി വിജയനെ സംരക്ഷിക്കാനുള്ള പരിശ്രമത്തിൽ കൂട്ടായി നിൽക്കുമെന്ന കാര്യത്തിൽ ആർക്കും തർക്കം വേണ്ട. ഇന്നലെ പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തല വേട്ടക്കാരുടെ രജിസ്റ്റർ ആർക്കുവേണമെന്നു ചോദിച്ചു. സത്യമാണ്. കാരണം, ശ്രീ. രമേശ് ചെന്നിത്തലയ്ക്ക് വേട്ടക്കാരുടെ രജിസ്റ്ററിന്റെ ആവശ്യമില്ല. അത് കെ.പി.സി.സി. ഓഫീസിലുണ്ട്. ആ രജിസ്റ്റർ പരിശോധിച്ചാൽ അത് വേട്ടക്കാരുടെ രജിസ്റ്റർ തന്നെയാണ്. അതുവേണ്ടായെന്ന് നിങ്ങൾ പറഞ്ഞതിന്റെ പ്രത്യേകത ഞങ്ങൾക്ക് ബോധ്യമുണ്ട്.

ശ്രീ. എം. വിൻസെന്റ്: (മൈക്ക് ഓഫ്) സർ, പോയിന്റ് ഓഫ് ഓർഡർ.

മി. ചെയർമാൻ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. എം. വിൻസെന്റ്: (മൈക്ക് ഓഫ്) സർ, കെ.പി.സി.സി. ഓഫീസിൽ വേട്ടക്കാരുടെ ലിസ്റ്റുണ്ടെന്ന് പറഞ്ഞത് സഭാരേഖയിൽനിന്ന് നീക്കം ചെയ്യണം.

മി. ചെയർമാൻ: അതിൽ പ്രത്യേകമായി ഒന്നുമില്ല, ശ്രീ. കെ. രാജൻ അങ്ങേയ്ക്ക് തുടരാം.

ശ്രീ. കെ. രാജൻ: സർ, ഗവർണറുടെ നയപ്രഖ്യാപന പ്രസംഗം നടക്കുമ്പോൾ യു.ഡി.എഫ്. അംഗങ്ങൾ ചില ബാനറുകൾ ഉയർത്തിപ്പിടിച്ചിരുന്നു. അരിയില്ല, പണമില്ല, പണിയില്ല, വെള്ളവുമില്ല എന്നതാണ് പ്രശ്നം. അരി മുടങ്ങാൻ ആരാണ് കാരണക്കാർ? 2013-ൽ ഭക്ഷ്യ ഭദ്രതാ നിയമം പാസ്സാക്കുമ്പോൾ കേന്ദ്രത്തിലെ ഭക്ഷ്യവകുപ്പുമന്ത്രി പ്രൊഫ. കെ. വി. തോമസ് ആയിരുന്നില്ലേ; അന്ന് യു.ഡി.എഫ്. ഭരിച്ചപ്പോൾ ഇക്കാര്യത്തിൽ ഇടപെടാൻ നിങ്ങൾ തയ്യാറായില്ലല്ലോ. ഈ രാജ്യത്ത് അരി കിട്ടാത്തതിന്റെ ഉത്തരവാദിത്വം കോൺഗ്രസ്സിനാണ്, അന്ന് കേരളം ഭരിച്ച യു.ഡി.എഫ്.-നാണ്. 16.01 ലക്ഷം മെട്രിക് ടൺ അരിയുണ്ടായിരുന്ന കേരളത്തിൽ 14.25 ലക്ഷം മെട്രിക് ടൺ അരിയായി കുറയാനുള്ള കാരണമെന്താണ്; ഗ്രാമീണ മേഖലയിൽ 52.63 ശതമാനം ആളുകളെയും നഗരപ്രദേശങ്ങളിൽ 39.50 ശതമാനം

ആളുകളെയും മാത്രമേ മുൻഗണനാപ്പട്ടികയിൽ കൊണ്ടുവരാവൂ. അങ്ങനെ കേരളത്തിൽ അർഹതപ്പെട്ടവർ 1 കോടി 54 ലക്ഷം പേർ മാത്രമാണ്. 2013-ൽ ഭക്ഷ്യ ഭദ്രതാനിയമം അവതരിപ്പിച്ചുകൊണ്ട് പ്രൊഫ. കെ. വി. തോമസ് കേരളത്തിന്റെ ജനങ്ങളോട് നടത്തിയ ചതിമൂലമാണ് ഇന്ന് കേരളത്തിൽ അരി ലഭിക്കാത്തത്. ഭക്ഷ്യ ഭദ്രതാനിയമത്തിന്റെ 3 (1) പ്രകാരമുള്ള പട്ടിക 4 അനുസരിച്ച് കേരളത്തിന്റെ പ്രതിവർഷ ധാന്യവിഹിതം 14.25 ലക്ഷം മെട്രിക് ടൺ മാത്രമേ പാടുള്ളൂവെന്ന് നിങ്ങൾ തീരുമാനിച്ചു. അന്ന് ഇടപെടാൻ ആളുണ്ടായോ; ഈ രാജ്യത്ത് 75 ശതമാനം ഗ്രാമീണർക്കും 50 ശതമാനം നഗരവാസികൾക്കും ഭക്ഷ്യ ഭദ്രതാ നിയമം ഉറപ്പുവരുത്തണമെന്ന് പറയുമ്പോൾ കേരളത്തിൽ മാത്രം 52.63 ശതമാനം ഗ്രാമീണർക്കും നഗരങ്ങളിൽ 39.50 ശതമാനം പേർക്കും ലഭിച്ചു; അന്ന് ഇടപെടാൻ ആരുമുണ്ടായില്ല. ഇതിന്റെ പൂർണ്ണ ഉത്തരവാദിത്വം കേന്ദ്രഗവൺമെന്റിനും അന്ന് കേരളം ഭരിച്ച യു.ഡി.എഫ്.-നുമാണെന്ന യാഥാർത്ഥ്യം മനസ്സിലാക്കണം. അന്ന് ത്രിപുരയിലെയും ബംഗാളിലെയും സർക്കാരുകൾ എന്തുചെയ്തുവെന്ന് ഇവിടെ ചിലർ ചോദിച്ചു; ത്രിപുര സർക്കാർ 74.75 ശതമാനം ഗ്രാമീണർക്കും 49.54 ശതമാനം നാഗരികർക്കും നൽകി, ബംഗാളിൽ 74.47 ശതമാനം ഗ്രാമീണർക്കും 47.55 ശതമാനം നാഗരികർക്കും നൽകി. അന്ന് കേരളത്തിലെ യു.ഡി.എഫ്. സർക്കാർ നോക്കുകുത്തിയായതിന്റെ ഭാഗമായാണ് കേരളത്തിനാവശ്യമായ അരി ലഭിക്കാത്തത്. മൂന്നുവർഷക്കാലം വാതിൽപ്പടി റേഷൻ വിതരണം ചെയ്താൽ മൊത്ത വിതരണക്കാരിൽനിന്ന് കിട്ടുന്ന പണം നഷ്ടപ്പെടുമെന്ന് പേടിച്ച് മിണ്ടാതിരുന്നതിന്റെ ഉത്തരവാദിത്വം ഭക്ഷ്യ വകുപ്പുമന്ത്രി ശ്രീ. പി. തിലോത്തമന്റെയും എൽ.ഡി.എഫ്.-ന്റെയും തലയിൽ കെട്ടിവയ്ക്കാൻ തീരുമാനിച്ചാൽ ഈ നാട്ടിലെ ജനങ്ങൾ അതെല്ലാം തിരിച്ചറിയും. പൂർണ്ണ ഉത്തരവാദിത്വം നിങ്ങളുടെ കൈകളിൽ മാത്രമാണെന്ന ധാരണ നിങ്ങൾക്കുണ്ടാകണം.

നമുക്കെല്ലാവർക്കും പരിചിതമായ ഒ.എൻ.വി.കുറിപ്പിന്റെ "ഭൂമിക്കൊരു ചരമഗീതം" എന്ന കവിതയിൽ ഇങ്ങനെ പറയുന്നുണ്ട്.

"ആടിമുകിൽമാല കുടിനീര് തിരയുന്നു

ആതിരകൾ കുളിരു തിരയുന്നു

ആവണികളൊരു കുഞ്ഞുപൂവ് തിരയുന്നു!

ആറുകളൊഴുക്ക് തിരയുന്നു

സർഗലയതാളങ്ങൾ തെറ്റുന്നു, ജീവരഥ-

ചക്രങ്ങൾ ചാലിലുറയുന്നു!"

ഇത്രയും വരൾച്ച നേരിടുമ്പോൾ സർക്കാരിനെ കുറ്റംപറയുന്ന നാണംകെട്ട നിലപാടാണ് യു.ഡി.എഫ്. സ്വീകരിക്കുന്നത്. വൈക്കം മുഹമ്മദ് ബഷീറിന്റെ "ഭൂമിയുടെ അവകാശികൾ" എന്ന കഥ നിങ്ങൾ വായിക്കണം. മനുഷ്യനെ മണ്ണിൽനിന്ന് മാറ്റി നിർത്തപ്പെടുന്നതിന്റെയും കുടിനീർ വറ്റിച്ചതിന്റെയും ഉത്തരവാദിത്വം നിങ്ങൾക്കാണെന്ന് അപ്പോൾ ബോധ്യപ്പെടും. മധുരയിൽ കടുത്ത വേനലുണ്ടായപ്പോൾ കലപ്പ കെട്ടിവലിച്ച് പുതിയ പുഴയുണ്ടാക്കിയ ബലരാമനെപ്പോലെയാണ് കൃഷിനാശമുണ്ടായപ്പോൾ കേരളത്തെ കൃഷി സമൃദ്ധിയിലേയ്ക്ക് നയിച്ച കേരളത്തിന്റെ ബലരാമനായ മന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാർ. അഞ്ചുകൊല്ലം നിങ്ങൾ കേരളത്തിന്റെ തണ്ണീർത്തട നിയമത്തെ ലംഘിച്ചുകൊണ്ട് പാടങ്ങളില്ലാതാക്കി, കുളങ്ങൾ വറ്റിക്കാൻ അനുമതി നൽകി, ജനങ്ങൾക്ക് സൗധങ്ങൾ കെട്ടാൻ അവസരം കൊടുത്തു. അതുകൊണ്ടാണ് കേരളത്തിൽ തരിശുനിലങ്ങൾ സൃഷ്ടിക്കപ്പെട്ടത്. 389.15 ആർ ഹെക്ടർ സ്ഥലത്താണ് കേരളത്തിന്റെ കൃഷിവകുപ്പ് തരിശുനിലം കൃഷി നടത്തിയത് എന്ന ധാരണ നിങ്ങൾക്കുണ്ടാകണം. റാണിക്കായലിലും ആറന്മുള വിമാനത്താവളത്തിന്റെ സമീപപ്രദേശങ്ങളിലും മെത്രാൻ കായലിലും കോഴിക്കോട് ആവളപ്പാണ്ടിയിലും കൃഷി നടത്തി. കൃഷി മേഖലയിൽ സർക്കാർ നടത്തിയ അത്ഭുതകരമായ മാറ്റം യു.ഡി.എഫ്-ന് ബോധ്യപ്പെടേണ്ടതാണ്. കേരളത്തിലെ പച്ചക്കറിരംഗം ഈ സർക്കാർ സ്വയംപര്യാപ്തമാക്കി. കുമ്മായത്തിന്റെ സബ്സിഡി വർദ്ധിപ്പിക്കുകയും അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിക്കുകയും പ്രകൃതിക്ഷോഭത്തിനുള്ള ധനസഹായങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. കഴിഞ്ഞ വർഷം നിങ്ങൾ കൊടുക്കേണ്ടിയിരുന്ന സഹായ ഇനത്തിൽമാത്രം 77 കോടി രൂപ പുതിയതായി അനുവദിച്ചു. വട്ടവട, കാന്തല്ലൂർ എന്നിവിടങ്ങളിൽ പ്രത്യേക കാർഷിക മേഖല രൂപീകരിച്ചു. അത്ഭുതകരമായ മാറ്റങ്ങളാണ് ഈ കാലയളവിൽ കൃഷി വകുപ്പുണ്ടാക്കിയത്.

ഗവർണർ അവതരിപ്പിച്ച നയപ്രഖ്യാപനത്തിൽ 1977-നുമുമ്പ് വനഭൂമി കൈവശമുണ്ടായിരുന്ന അർഹരായ മുഴുവൻ പേർക്കും ഭൂമി നൽകുമെന്ന പ്രഖ്യാപനം നടത്തി. കേരളത്തിലെ മലയോര മേഖലയിലെ ജനങ്ങൾക്ക് ഇതിനേക്കാൾ വലിയ സന്തോഷമുണ്ടാകാനില്ല. എത്രയോ വർഷങ്ങളായി മനഃപൂർവ്വം പട്ടയം കൊടുക്കാതിരുന്ന കേരളത്തിലെ മലയോര മേഖലയിലെ കർഷകർക്ക് പട്ടയം കൊടുക്കാനുള്ള നടപടികളുടെ അപൂർവ്വമായ പ്രഖ്യാപനത്തിന് വേഗത കൂട്ടണമെന്ന് സവിനയം ഈ അവസരത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്. കേരളത്തിന്റെ വ്യാവസായിക മേഖലയിൽ അത്ഭുതകരമായ മുന്നേറ്റമാണ് ഇക്കാലത്തുണ്ടായത്. യു.ഡി.എഫ്. ഭരണകാലത്ത് പൂട്ടിക്കിടന്നിരുന്ന ടെക്സ്റ്റൈൽ വ്യവസായ മേഖലയിൽ അത്യുജ്ജ്വലമായ മുന്നോട്ടുപോക്ക് കേരളത്തിലുണ്ടാക്കി എന്നത് യാഥാർത്ഥ്യമാണ്. വ്യാവസായിക രംഗത്ത് എൽ.ഡി.എഫ്. അത്ഭുതകരമായ പരിവർത്തനമുണ്ടാക്കി. പൊതുമേഖലാ സ്ഥാപനങ്ങളിൽ പുതിയ പുനരുദ്ധാരണ നടപടികൾ ആരംഭിച്ചു. എല്ലാ ജില്ലാ കേന്ദ്രങ്ങളിലും പുതിയ സ്പോർട്സ് കൗൺസിലുകൾ ആരംഭിക്കാൻ തീരുമാനിച്ചു.

പൊതുമരാമത്ത് വകുപ്പിനെ അഴിമതിരഹിതമാക്കാൻ കഴിഞ്ഞു. 141 എം.എൽ.എ.-മാർക്കും പി.ഡബ്ല്യു.ഡി. റോഡുകളിൽ ആവശ്യമായ മെയിന്റനൻസ് നടത്താനുള്ള തുക കിട്ടി. കഴിഞ്ഞ തവണ ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് പൊതുമരാമത്ത് വകുപ്പുമന്ത്രിയായിരുന്നപ്പോൾ സ്വതന്ത്രമായി വാങ്ങിയ ചില സ്വകാര്യ ഇടപാടുകളുണ്ടായിരുന്നു. എന്നാൽ ഇന്ന് വളരെ സുതാര്യമാണ്. 1200 കി.മീറ്ററാണ് മലയോര ഹൈവേ. തീരദേശ ഹൈവേ എവിടെയാണ്? 700 കി.മീ. തീരദേശ ഹൈവേ കേരളത്തിലാണ് നടപ്പിലാക്കാൻ പോകുന്നത്. കേരളത്തിന്റെ പൊതുമരാമത്ത് രംഗത്ത് അത്യുജ്ജ്വലമായ പുതിയൊരു സംവിധാനമേർപ്പെടുത്താൻ പോകുകയാണ്. പ്ലാസ്റ്റിക് അതിഭീകരമായ വിപത്തായിരുന്ന സ്ഥാനത്ത് റോഡ് നിർമ്മാണത്തിന് പ്ലാസ്റ്റിക് ഉപയോഗിക്കാമെന്ന് തെളിയിച്ചു; കയർ ഭൂവസ്ത്രം, ജിയോടെക്സ് എന്നിവ കേരളത്തിലെ റോഡുകളിൽ ഉപയോഗിക്കാമെന്ന് പ്രഖ്യാപിച്ചു; കേരളത്തിൽ സ്വാഭാവിക റബ്ബർ കൊണ്ടുവന്ന് റോഡുപണി നടത്താമെന്ന് പ്രഖ്യാപിച്ചില്ലേ? ഇതിലൂടെ കേരളത്തിലെ രണ്ട് മേഖലകളിലെ ആളുകളെയാണ് സംരക്ഷിച്ചത്. കഴിഞ്ഞ അഞ്ചുവർഷക്കാലം കേരളത്തിൽ റബ്ബർ കർഷകരെ ആക്രമിച്ചുവെങ്കിൽ ഇപ്പോൾ ഞങ്ങൾ റോഡുപണിക്കുൾപ്പെടെ സ്വാഭാവിക റബ്ബറുപയോഗിച്ച് കേരളത്തിലെ റബ്ബർ കർഷകരെ രക്ഷപ്പെടുത്താൻ തീരുമാനിച്ചിരിക്കുകയാണ്.

ഇടതുപക്ഷ ജനാധിപത്യമുന്നണി "എൽ.ഡി.എഫ്. വരും എല്ലാം ശരിയാകുമെന്ന്" പ്രഖ്യാപിച്ചു. ശരിയുടെ വഴികളിലൂടെ സർക്കാരിന് കഴിഞ്ഞ ഒൻപത് മാസക്കാലം പോകാൻ കഴിഞ്ഞു. അരിയില്ല, പണിയില്ല, പണമില്ല, വെള്ളവുമില്ല എന്ന് നിങ്ങൾ സൂചിപ്പിച്ചു. പണമില്ലാതായത് ആരുടെ കുഴപ്പം കൊണ്ടാണ്? കേന്ദ്ര സർക്കാർ ഡീമോണിറ്റൈസേഷന്റെ ഭാഗമായി അതിഭീകരമായ തരത്തിലുള്ള സാമ്പത്തിക അടിയന്തരാവസ്ഥയുണ്ടാക്കുന്ന നടപടികൾ തുടങ്ങി. കേന്ദ്ര സർക്കാരിനെതിരെ നടപടികളെടുക്കുന്നതിനുപകരം നിങ്ങൾ നമ്മുടെ നാട്ടിൽ അതിഭീകരമായ സാമ്പത്തിക അടിയന്തരാവസ്ഥ സൃഷ്ടിച്ചു. കേരളത്തെ സാമ്പത്തിക അടിയന്തരാവസ്ഥയിൽനിന്നും രക്ഷപ്പെടുത്താൻ സർക്കാർ നടത്തിയ നടപടികൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിക്കാതെ സർക്കാരിനെതിരായ നിലപാടാണ് നിങ്ങൾ സ്വീകരിച്ചത്.

ഈ നയപ്രഖ്യാപനത്തിൽ 13-ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി "ഹരിത കേരളം, ആർദ്രം, ലൈഫ്, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം" എന്നീ 4 പ്രധാനപ്പെട്ട മിഷനുകൾ പ്രഖ്യാപിച്ചു. ഇവ നാലും കേരളത്തിലെ ജനങ്ങൾ ഹൃദയത്തിലേറ്റി സ്വീകരിക്കുമെന്ന കാര്യത്തിൽ സംശയമില്ല. അതിലേറ്റവും പ്രധാനപ്പെട്ടതാണ് ഹരിത കേരളം. കൃഷി സംരക്ഷിക്കാനും മാലിന്യം ഇല്ലാതാക്കാനും

ജലസേചനം സജീവമാക്കാനും വേണ്ടിയുള്ള പദ്ധതിയാണ് ഹരിത കേരളം. കേരളത്തിൽ വീടില്ലാത്തവർക്ക് മുഴുവൻ വീട് നൽകാൻ കഴിയുന്ന ലൈഫ് പദ്ധതിയും പാവപ്പെട്ടവരുടെ ആരോഗ്യം സംരക്ഷിക്കാനുള്ള 'ആർദ്രം' പദ്ധതിയും ആരംഭിക്കാൻ കഴിഞ്ഞു. കേരളത്തിലെ ആദ്യത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രൊഫ. ജോസഫ് മുണ്ടശ്ശേരി തൃശ്ശൂരിൽനിന്നാണ് വന്നത്. അദ്ദേഹത്തിനുശേഷം കേരളത്തെ ശരിയായ തരത്തിൽ നയിക്കാൻ കഴിയുന്ന ഒരു വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് ഇതാ നവകേരളത്തിനുണ്ടായിരിക്കുന്നു. പാവപ്പെട്ടവന്റെ പള്ളിക്കൂടങ്ങളെ ഹൃദയത്തിലേറ്റാൻ കഴിയുന്ന വിദ്യാഭ്യാസ വകുപ്പുമന്ത്രിയാണ് അദ്ദേഹം. ഈ നന്ദിപ്രമേയത്തെ പിന്താങ്ങിക്കൊണ്ട് നിർത്തുന്നു.

<u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u>: സർ, നന്ദിപ്രമേയത്തെ ഞാൻ എതിർക്കുന്നു. കഴിഞ്ഞ ഒമ്പത് മാസക്കാലമായി നിറംമങ്ങിയ കടലാസുപൂവുപോലെ ജനങ്ങളുടെ മുമ്പിൽ അപമാനിതരായി നിൽക്കുന്ന ഒരു സർക്കാരിനുവേണ്ടി ഗവർണ്ണർ നടത്തിയ പ്രസംഗം അനാവൃതമാക്കിയത് ഒറ്റ കാര്യമാണ് - പകച്ചുനിൽക്കുന്ന ഒരു സർക്കാർ. ഒമ്പത് മാസക്കാലം അടിസ്ഥാനപരവും ഗൗരവതരവുമായ മാറ്റങ്ങൾ കൊണ്ടുവരുമെന്ന് പുരപ്പുറത്ത് കയറി പ്രസംഗിച്ചു. ധാരാളം അവകാശവാദങ്ങളുടെ പെരുമ്പറമുഴക്കം ഈ സഭയിൽ പ്രതിധ്വനിക്കുന്നുണ്ട്. പക്ഷേ ഈ നയപ്രഖ്യാപന രേഖയിൽ അനാവൃതമായ ഭരണനേട്ടങ്ങളുടെ പെരുമ്പറ മുഴങ്ങുമ്പോൾ അത് ചീവീടിന്റെ ശബ്ദംപോലെ അനാകർഷകവും നേർത്തതുമായിരുന്നുവെന്ന് ഈ ചർച്ചയിൽ പങ്കെടുക്കുന്ന എല്ലാവർക്കും ബോദ്ധ്യം വരുന്ന കാര്യമാണ്. നമ്മുടെ സംസ്ഥാനം ഒരു ഉപഭോഗ സംസ്ഥാനമാണ്. വിഭവലഭ്യതയിൽ ധാരാളം പരിമിതികളുണ്ടെന്നത് നമുക്ക് ബോധ്യമാണ്. പക്ഷേ നേതൃവൈഭവമെവിടെ? വിഭവലഭ്യതയെക്കുറിച്ച് ഇന്ന് നിങ്ങൾ പരാതി പറയുകയാണ്. വിഭവലഭ്യതയെക്കുറിച്ച് മലയാളിക്ക് ആരും പുതുതായി പറഞ്ഞുകൊടുക്കേണ്ടതില്ല. പക്ഷേ ഇവിടെയൊരു നേതൃവൈഭവമുള്ള ഭരണകൂടമുണ്ടായിരുന്നുവെന്നതാണ് കഴിഞ്ഞ അഞ്ചുകൊല്ലത്തെ പ്രത്യേകത. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് മന്ത്രിമാർ പ്രവർത്തനനിരതരായിരുന്നു. തങ്ങളുടെ മേഖലകളിൽ അവർ സ്തുത്യർഹമായ സേവനങ്ങളാണ് ചെയ്തത്. അവരെയെല്ലാം ഏകോപിപ്പിക്കാൻ പ്രാപ്തിയുള്ള ഒരു മുഖ്യമന്ത്രിയുണ്ടായിരുന്നു. ഹാർഡ് വർക്കും ടീം വർക്കുംകൊണ്ട് ഈ സംസ്ഥാനത്ത് വലിയ മാറ്റം കൊണ്ടുവന്ന യു.ഡി.എഫ്. സർക്കാരിന്റെ കാലത്തെ ഭരണമികവ് ഈ ഒമ്പത് മാസങ്ങളിൽ നമുക്ക് കാണാൻ കഴിയുന്നില്ലെന്ന പച്ചയായ യാഥാർത്ഥ്യം ഇവിടെ ഒച്ച വച്ചാൽ മാറ്റിയെടുക്കാൻ കഴിയുമെന്ന് വിശ്വസിക്കുന്നില്ല.

നർമ്മ കഥകൾ ധാരാളമായി മലയാളിക്ക് നൽകിയ സഞ്ജയനെ പഴയ തലമുറയെങ്കിലും ഓർക്കുന്നുണ്ടാകും. സഞ്ജയന്റെ ഒരു കഥാപാത്രമുണ്ട്-വാസു നമ്പി. വാസുനമ്പിയുടെ ചെല്ലപ്പെട്ടിയുടെ കഥ. വാസുനമ്പിക്ക് ഒരു സിവിൽ കേസിന്റെ സാക്ഷിപ്പട്ടികയിൽ നിർബന്ധിക്കപ്പെട്ട് ഉൾപ്പെടേണ്ടിവന്നു. സമൻസ് വന്നതിന്റെ അടിസ്ഥാനത്തിൽ നമ്പി കോടതിയിലെത്തി. വക്കീലിന്റെ വിസ്താരത്തിന്റെ ഭാഗമായി അദ്ദേഹത്തിന്റെ സ്വത്തിനെക്കുറിച്ച് ചോദ്യമുണ്ടായി. സ്ഥാവരജംഗമ സ്വത്തുക്കളുണ്ടോ എന്നത് പച്ച മലയാളത്തിൽ ഇളകുന്ന മുതലോ ഇളകാത്ത മുതലോ ഉണ്ടോ എന്ന് വക്കീൽ ചോദിച്ചു. ഇളക്കിയാൽ ഇളകുന്ന സ്വത്തുണ്ടെന്നായിരുന്നു നമ്പിയുടെ മറുപടി. എന്ത് വില വരുമെന്ന് വക്കീൽ ചോദിച്ചു. തിട്ടപ്പെടുത്തി പറയാനാവില്ലെന്ന് നമ്പി. സുമാർ പറഞ്ഞാൽ മതിയെന്ന് വക്കീൽ, വയ്യ എന്ന് നമ്പി. എന്താ കാരണമെന്ന് വക്കീൽ. പലരുടെയും മതിപ്പ് വില പലതായിരിക്കുമെന്ന് നമ്പി. മുൻസിഫ് ഇടപെട്ട് നിങ്ങളുടെ മതിപ്പ് വില പറയൂ എന്ന് പറഞ്ഞു. നമ്പി കൂസലില്ലാതെ പറഞ്ഞു, പന്തീരായിരം രൂപ. അദ്ദേഹത്തെ കൊണ്ടുവന്ന കക്ഷിയും അവരുടെ വക്കീലും ഞെട്ടി. അർദ്ധപട്ടിണിക്കാരനായ നമ്പിക്ക് പന്തീരായിരം രൂപയുടെ സ്വത്തുണ്ടോ? ഇത്രയും വിലയുള്ള സാധനങ്ങൾ കയ്യിലുണ്ടോ എന്ന ചോദ്യമുയർന്നു. ഉണ്ടെന്ന് നമ്പി തറപ്പിച്ചുപറഞ്ഞു. കോടതിയെ അത് ബോദ്ധ്യപ്പെടുത്തണമെന്ന ആവശ്യമുയർന്നു. അദ്ദേഹം തന്റെ ചെല്ലപ്പെട്ടി എടുത്തു. ആറിഞ്ച് നീളമുള്ള ചെറിയൊരു മുറുക്കാൻ പെട്ടി. എന്താണ് അതിന്റെ അകത്തുള്ളതെന്നായി ചോദ്യം. പെട്ടി തുറന്നു നോക്കിയപ്പോൾ മുറുക്കി തുപ്പാനുള്ള ഇനങ്ങൾ സൂക്ഷിച്ച ഒരു പെട്ടിയാണ്. അതുകണ്ട് ഞെട്ടിയത് സാക്ഷാൽ മുൻസിഫാണ്. ഇതിനാണോ പന്തീരായിരം രൂപ വില എന്ന് മുൻസിഫ് ചോദിച്ചു. നമ്പി തന്റെ നിലപാട് വ്യക്തമാക്കി. ഞാനാദ്യം തന്നെ പറഞ്ഞതല്ലേ, ഓരോരുത്തർക്കും മതിപ്പുവില വ്യത്യസ്തമായിരിക്കുമെന്ന്. 11999 രൂപയും പതിനഞ്ച് അണയും 11 പൈയും തന്നാലും ഈ പെട്ടി ഞാൻ ആർക്കും കൊടുക്കില്ല. മുൻസിഫ് വിയർത്തുപോയി. അയാളെ സാക്ഷിക്കൂട്ടിൽ നിന്ന് ഇറക്കിവിടാൻ ഉത്തരവിട്ടു. ജനങ്ങളുടെ കോടതിയിൽ നിന്ന് നാളെ ഇടതുമുന്നണിയുടെ അവകാശവാദങ്ങൾ കേട്ട് ജനങ്ങൾ അവരെ ഇറക്കി വിടുന്ന അവസ്ഥ വരാനിരിക്കുകയാണ്.

ഇവിടെ ഗവർണറുടെ പ്രസംഗം വായിച്ചുകേട്ടപ്പോൾ സത്യത്തിൽ വാസു നമ്പിയുടെ ചെല്ലപ്പെട്ടിയുടെ കഥയാണ് ഓർമ്മ വന്നത്. യു.ഡി.എഫ്.-ന്റെ ഭരണ വിജയത്തിന്റെ കഥ ജനങ്ങളുടെ മുമ്പിൽ അവതരിപ്പിക്കാനുള്ളപ്പോൾ, ഗവർണറുടെ പ്രസംഗത്തിൽ കേട്ടത് വളരെ ദുർബലമായ ഭരണപക്ഷത്തിന്റെ വിലാപകാവ്യമാണ്. ഒമ്പത് മാസക്കാലത്തെ നേട്ടമെന്താണ്; ഇവിടെ ഏത് രംഗത്താണ് നിങ്ങൾ ഭരണം തുടങ്ങിയത്; ഏത് മേഖലയിലാണ് വികസനമുണ്ടായത്; ഏത് മേഖലയിലാണ് മാറ്റമുണ്ടായത്? എൽ.ഡി.എഫ്. വന്നാൽ എല്ലാം ശരിയാകുമെന്ന്

പറഞ്ഞ് അധികാരത്തിൽ വന്നിട്ട് ഒമ്പത് മാസത്തെ നേട്ടങ്ങളുടെ ബാലൻസ് ഷീറ്റ് നിങ്ങൾക്ക് ഇവിടെ അവതരിപ്പിക്കാൻ കഴിയുമോ? നിങ്ങൾ വായ തുറന്നാൽ പറയുന്നതെല്ലാം ഞങ്ങളുടെ കുറ്റങ്ങളാണ്. യു.ഡി.എഫ്. അധികാരമൊഴിയുമ്പോൾ അരിയുടെ വില എത്ര രൂപയായിരുന്നു? ഇന്നത് 60 രൂപയായി മാറി. ഇവിടെ പ്രസംഗിച്ച് പുറത്തേക്കിറങ്ങുമ്പോൾ അരിക്ക് ഒരു രൂപ വില കൂടും. ജനങ്ങൾക്ക് ഏറ്റവും ആവശ്യമുള്ള സാധനമാണ് അരി. അരിയുടെ വില പിടിച്ചുനിർത്താൻ കഴിയുന്ന അവസ്ഥ ഇന്നുണ്ടോ? ആരോടും രാഷ്ട്രീയപ്പകയുള്ള ആളല്ല ഞാൻ. മാവേലി സ്റ്റോറിൽ അഞ്ച് കിലോഗ്രാം അരിയാണ് സാധാരണ വിലയ്ക്ക് നൽകുന്നത്. അതിൽ കൂടുതൽ അരി വേണമെങ്കിൽ മാർക്കറ്റ് വില കൊടുക്കേണ്ട സ്ഥിതിയാണ്. മലയാളിക്ക് അഞ്ചുകിലോ അരി മതിയോ? എല്ലാ രംഗങ്ങളിലും പരിപൂർണ്ണ പരാജയമായ നിങ്ങൾ ഗവർണറുടെ പ്രസംഗത്തിൽ പറയുന്നത് ഡീമോണിറ്റൈസേഷനാണ്. ഇന്ത്യ കണ്ട ഏറ്റവും വിവരംകെട്ടതും ദുരഭിമാനിയും ദുർബ്ബലനുമായ ഒരു പ്രധാനമന്ത്രിയുടെ കീഴിൽ ജനങ്ങൾ വീർപ്പുമുട്ടുകയാണ്. ശ്രീ. മൻമോഹൻ സിംഗ് ഇന്ത്യയിൽ അടിയന്തരമായ സാമ്പത്തിക മാറ്റങ്ങളാണ് കൊണ്ടുവന്നത്. വേണുഗോപാൽ എന്ന സാമ്പത്തിക വിദഗ്ധനോ ഡോ. അമർത്യാസെന്നോ വിമർശിച്ചത് ശ്രീ. മൻമോഹൻ സിംഗിനെയല്ല, ശ്രീ. നരേന്ദ്ര മോദിയെയായിരുന്നു. ശ്രീ. മൻമോഹൻ സിംഗ് സഭയിൽ ഇക്കാര്യം പറഞ്ഞപ്പോൾ ആരും ഒരക്ഷരം ഉരിയാടിയിട്ടില്ല. യു.പി.എ. സർക്കാർ അവരെക്കൊണ്ടാകുന്നവിധം എല്ലാ രംഗത്തും മെച്ചപ്പെട്ട പ്രകടനങ്ങളുമായി മുന്നോട്ടുപോകുകയാണ് ചെയ്തത്. ശ്രീ. മൻമോഹൻ സിംഗിനെപ്പോലെയുള്ള ആളുകൾ ഡീമോണിറ്റൈസേഷനെ എതിർത്തുകൊണ്ട് നടത്തിയ പ്രസംഗങ്ങൾ നമുക്കാർക്കും നിരാകരിക്കാൻ കഴിയില്ല. ഞങ്ങളുടെ കാലത്ത് നടന്ന ഇല്ലാത്ത അഴിമതിയെക്കുറിച്ച് മാത്രം പറഞ്ഞ് പുകമറ സൃഷ്ടിച്ച് ഈ സർക്കാർ എത്രകാലം മുന്നോട്ടുപോകും?

കൈരളി ചാനലും ദേശാഭിമാനിയുമൊക്കെ എങ്ങനെയാണ് വന്നതെന്ന് നിങ്ങളാലോചിച്ചാൽ മതി. യു.ഡി.എഫ്.-നെതിരെ അഴിമതിയുടെ പുകമറ സൃഷ്ടിക്കാനുള്ള നിങ്ങളുടെ ശ്രമങ്ങൾ ജനങ്ങൾ തള്ളിക്കളഞ്ഞിരിക്കുന്നുവെന്നും ഞങ്ങൾ ഈ സഭയിൽ പറയുന്ന കാര്യങ്ങൾ ജനങ്ങൾ ഏറ്റെടുത്തുവെന്നുള്ളതും ഞങ്ങൾ നടത്തിയ മേഖലാജാഥകൾ പരിശോധിച്ചാലറിയാം. ഞങ്ങളുടെ മുൻനിര നേതാക്കന്മാർ മാറിനിന്ന് യുവനേതാക്കന്മാർ കേരളത്തിലെ അഞ്ചുമേഖലകളിലായി ജാഥ നടത്തിയപ്പോൾ തിങ്ങിക്കൂടിയ ജനക്കൂട്ടം, സി.പി.ഐ.(എം)-ന് നൽകുന്ന മുന്നറിയിപ്പാണ്. സി.പി.ഐ.(എം)-നുള്ള ഒരു ഭീഷണിയാണ് ഇവിടെ ഉയർന്നുവരുന്നത്. ജനകീയ അടിത്തറയുള്ള ഒരു മുന്നണിയായി കേരളത്തിലെ

ഐക്യജനാധിപത്യ മുന്നണി തിരിച്ചുവരികയാണെന്നതാണ് ആ ഭീഷണി. ജനാധിപത്യ സംവിധാനത്തിൽ പരിപൂർണ്ണമായി വിശ്വസിക്കുന്ന ഒരു സംഘടനാ സംവിധാനമാണ് യു.ഡി.എഫ്. ഒരുപക്ഷേ മാർച്ച് 11-നുശേഷം ഇന്ത്യാരാജ്യത്ത് വരാനിരിക്കുന്ന മാറ്റം, യു.ഡി.എഫ്.-ന് അനുകൂലമായി; യു.പി.എ.-യ്ക്ക് അനുകൂലമായി ഇന്ത്യ സടകുടഞ്ഞെണീക്കാൻ പോകുകയാണ്. താൽക്കാലികമായി കേരളത്തിലും ഇന്ത്യയിലും വന്ന മാറ്റങ്ങളെ സ്ഥിരമായ ഒരു ഭാവമായി ഞങ്ങളാരും കാണുന്നില്ല. മറിച്ച് ഈ താൽക്കാലിക പ്രതിഭാസത്തെ തടഞ്ഞുനിർത്തി, വെല്ലുവിളിച്ച് ഞങ്ങൾ മുന്നോട്ടുവരും. ജനകീയ ഐക്യത്തിലൂടെ; ജനകീയ ശക്തിയിലൂടെ ഞങ്ങൾ പറയുന്ന കാര്യങ്ങൾ ജനങ്ങളെക്കൊണ്ട് സമ്മതിപ്പിച്ച് കേരള രാഷ്ട്രീയത്തിൽ അതീവ ശക്തിസാന്ദ്രമായ, പ്രസാദാത്മകമായ ഒരു രാഷ്ട്രീയ തിരിച്ചുവരവിലേയ്ക്ക് ഐക്യജനാധിപത്യ മുന്നണി മുന്നോട്ടുവരുന്നതുകണ്ട് അന്ധാളിച്ചുനിൽക്കുന്ന എൽ.ഡി.എഫ്.-ന് തങ്ങളുടെ ഭരണപരാജയം മറച്ചുപിടിക്കാൻ ഗവർണറുടെ പ്രസംഗം സഹായകമാകേണ്ടിവന്നതിൽ ഞങ്ങൾക്ക് വേദനയുണ്ട്. എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, ഗവർണറുടെ പ്രസംഗത്തിന്മേൽ ശ്രീ. എ. പ്രദീപ്കുമാർ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. സാംസ്കാരിക ദേശീയതയെ ഹിന്ദുത്വ ദേശീയതയിലേയ്ക്ക് ചുരുക്കാനുള്ള ശ്രമങ്ങളാണ് ഇവിടെ നടക്കുന്നത്. മാനവജാഗ്രത ആവശ്യപ്പെടുന്ന വർത്തമാനകാലത്താണ് നമ്മൾ ജീവിക്കുന്നതെന്നാണ് ഇപ്പോൾ പ്രതിപക്ഷത്തുനിന്ന് ഉയർന്നുവന്ന ഓരോ പ്രതിഷേധ ശബ്ദങ്ങളും നമ്മളെ ബോദ്ധ്യപ്പെടുത്തുന്നത്. അതുപോലുള്ള സംഹാരതാണ്ഡവമാണ് മോദി സർക്കാർ സമ്മാനിക്കുന്നത്. 130 കോടി ജനങ്ങളുടെ മുഴുവൻ ആരാച്ചാരായി മാറുന്ന സ്ഥിതിയിലാണ് കേന്ദ്രം ഭരണം നടത്തുന്നത്. ആയിരം തൊഴിലാളി തെരുവാധാരമായാലും ഒരു മുതലാളിപോലും വേദനിക്കരുതെന്ന നിലപാടുള്ള ഭരണകൂട വ്യവസ്ഥയോടുള്ള വെറുപ്പും വർഗ്ഗീയതയോടുള്ള അറപ്പുമാണ് എവിടെയും പ്രകടമാകുന്നത്. ഭരണഘടനയ്ക്ക് പകരംവയ്ക്കാൻ മനുസ്മൃതി തേടിപ്പോകുന്ന കിരാത ഭരണകൂടത്തിന്റെ ഭ്രാന്തിളകിയ പോക്ക് ജനം തിരിച്ചറിഞ്ഞിരിക്കുന്നു-വെന്നതിന്റെ തെളിവാണ് ഇന്ന് ഫാസിസ്റ്റ് ആക്രോശത്തിനെതിരെ ജനം സ്വയം പ്രതിരോധനിര സൃഷ്ടിക്കുന്നത്. പ്രതിഷേധ ശബ്ദങ്ങളാണ് എവിടെയും ദൃശ്യമാകുന്നത്. ദേശസ്നേഹം ഏതെങ്കിലുമൊരു രാഷ്ട്രീയ പാർട്ടിയുടെ കുത്തകാവകാശമല്ലെന്ന് ഉറക്കെ വിളിച്ചുപറയാൻ സാംസ്കാരിക പ്രവർത്തനവും സാംസ്കാരിക രംഗവും ഉണർന്നിരിക്കുന്നുവെന്ന് വ്യക്തമാക്കുന്ന സ്ഥിതിയാണ് ഇന്ന് കേരളത്തിൽ സംജാതമായിട്ടുള്ളത്. അസഹിഷ്ണുതയ്ക്കെതിരെ പോരാടാനും പ്രതികരിക്കാനും

ഒരു നാഥനുണ്ടായിരിക്കുന്നുവെന്ന യാഥാർത്ഥ്യമാണ് ഈ ഉണർവിന് ആധാരം. അഭിപ്രായപ്രകടനത്തിനും ആവിഷ്കാര സ്വാതന്ത്ര്യത്തിനുമുള്ള നമ്മുടെ ശക്തിയെ സംഘപരിവാറിന് മുന്നിൽ അടിയറവ് വയ്ക്കാൻ തയ്യാറല്ലെന്ന പ്രഖ്യാപനമാണ് ബാംഗ്ലൂരിൽ നമ്മൾ കേട്ടത്. ധീരനായ മുഖ്യമന്ത്രിയുടെ ഇച്ഛാശക്തിയാണ് മലയാളികളുടെ അഭിമാനം രക്ഷിച്ചത്. എൻ. വി. കൃഷ്ണവാര്യർ രചിച്ച 'ആഫ്രിക്കയിൽ' ഇങ്ങനെ പറയുന്നു....

'എങ്ങുമനുഷ്യൻ ചങ്ങല കൈകളിലങ്ങെൻ

കയ്യുകൾ നൊന്തീടുകയാണ്

എങ്ങോ മർദ്ദനമെവിടെ പ്രഹരം

വീഴുവതെന്റെ പുറത്താകുന്നു'.

ആ വികാരമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ മതനിരപേക്ഷതയുടെ കൊടിയുമായി അവിടെ എത്തിച്ചത്. ഇവിടെയിത് പറയാൻ ആർക്കും ചങ്കുറ്റമില്ല. രാജ്യസ്നേഹികളാൽ കൊല ചെയ്യപ്പെട്ട രാഷ്ട്രപിതാവുള്ള ഏക രാജ്യമാണ് ഇന്ത്യയെന്ന് ഓർക്കണം. പരസ്പര സ്നേഹത്തിനും സൗഹാർദ്ദത്തിനുംവേണ്ടി ഉഴിഞ്ഞുവച്ച ജീവിതമാണ് മതഭ്രാന്തന്മാർ നാടകീയമായി ഇല്ലാതാക്കിയത്. എഴുത്തുകാർ ചിന്തകൊണ്ടും ഭാഷകൊണ്ടും ലോകത്തെ പുനർനിർമ്മിക്കുന്നവരാണ്. സ്നേഹത്തിനെന്നപോലെ ആവിഷ്കാരത്തിനും മതിലുകൾ തടസ്സമാകില്ലെന്ന് അവർ ഉച്ചൈസ്തരം പറഞ്ഞിട്ടുണ്ട്, പാടിയിട്ടുണ്ട്. ഫാസിസ്റ്റുകളെ ഓർമ്മപ്പെടുത്തുന്ന സംഭവങ്ങളും പ്രതിഷേധങ്ങളുമാണ് ഉയർന്നുവരുന്നതെന്ന് ഫാസിസ്റ്റുകളും അവരുടെ കൂടെ നിൽക്കുന്നവരും തിരിച്ചറിയാൻ തയ്യാറാകണം.

കറൻസി അസാധുവാക്കിയതിനെത്തുടർന്നുള്ള സാമ്പത്തിക പ്രതിസന്ധി മാറിയിട്ടില്ലെന്നും ജനങ്ങൾ ഇപ്പോഴും ദുരിതത്തിലാണെന്നും ഡെബിറ്റ് കാർഡ്, പ്ലാസ്റ്റിക് മണി ഇവയൊന്നും എന്നെപ്പോലുള്ള തലമുറയ്ക്ക് അറിയില്ലെന്നുമാണ് ശ്രീ. എം. ടി. വാസുദേവൻ നായർ പറഞ്ഞത്. വിശ്വസാഹിത്യകാരനായ ശ്രീ. എം. ടി. വാസുദേവൻനായർ ഇതിനോട് പ്രതികരിച്ചതിനാണ് ഫാസിസ്റ്റ് ശക്തികൾ അദ്ദേഹത്തെ ഭീഷണിപ്പെടുത്തിയത്. ഇത് മലയാളത്തെ സ്നേഹിക്കുന്ന ജനങ്ങളിലാണ് മുറിവുണ്ടാക്കിയത്. കോഴിക്കോട് ദേശാഭിമാനി സംഘടിപ്പിച്ച 'സ്നേഹപൂർവ്വം എം.ടി., എന്ന പരിപാടി ഇത് തെളിയിക്കുന്നതാണ്. അക്കാര്യത്തിൽ ഇവിടെയുള്ള സുഹൃത്തുക്കൾ രോഷംകൊണ്ടിട്ട് കാര്യമില്ല. ജനങ്ങളിൽ ജനാധിപത്യ-മതനിരപേക്ഷ മൂല്യങ്ങൾ ഉയർത്തിക്കൊണ്ടുമാത്രമേ ജനജീവിതം സ്വൈരജീവിതമാകൂ എന്ന് തെളിയിക്കുന്നതായിരുന്നു ഒഴാഴ്ചയോളം നീണ്ടുനിന്ന

എം.ടി. സാംസ്കാരികോത്സവവും അതിനെത്തുടർന്ന് ശ്രീ. എം. ടി. വാസുദേവൻ നായർക്ക് മുഖ്യമന്ത്രി നൽകിയ അവാർഡ് സമർപ്പണവും. ദേശാഭിമാനിയുടെ പ്രഥമ പുരസ്കാര സമർപ്പണം കക്ഷിരാഷ്ട്രീയത്തിനതീതമായ സമ്മേളനമായി മാറിയത് ദേശാഭിമാനിയുടെ ഉയർന്ന ചിന്തയും മനുഷ്യപ്പറ്റുംകൊണ്ടാണ്. അതുകൊണ്ടാണ് അത്രയും വലിയ ജനസാഗരം ആ ഉപഹാര സമർപ്പണത്തിനെത്തിച്ചേർന്നത്. സാഗരവും മനുഷ്യ സാഗരവും സാക്ഷിനിർത്തിയാണ് മുഖ്യമന്ത്രി പുരസ്കാര സമർപ്പണം നടത്തിയത്. ജനസാഗരം ഉയർത്തിയ ഇരമ്പൽ മതനിരപേക്ഷതയുടെ സംഗീതമായിരുന്നു. പാർശ്വവൽക്കരിക്കപ്പെട്ടുപോയവരെ ഒപ്പംചേർത്ത് നടത്തിയ നവോത്ഥാന വിപ്ലവങ്ങളാണ് കേരളത്തെ രാജ്യത്തിന്റെ മുൻനിരയിലേയ്ക്കെത്തിച്ചത്. 'വിദ്യകൊണ്ട് പ്രബുദ്ധരാകുക, സംഘടനകൊണ്ട് ശക്തരാകുക' എന്നുപറഞ്ഞത് ശ്രീനാരായണ ഗുരുവായിരുന്നു. നവോത്ഥാന കാലഘട്ടത്തിലെ പ്രധാന മുദ്രാവാക്യ-മായിരുന്ന ശ്രീനാരായണ ഗുരുവിന്റെ ഈ സന്ദേശം. അതെല്ലാം തകർത്തില്ലേ; അയ്യങ്കാളിയും ഡോ. അംബേദ്കറും ഈ രംഗത്ത് നടത്തിയ ഇടപെടലുകൾ നമുക്കെന്നും ആവേശകരമല്ലേ? 2017-ൽ സംസ്ഥാനത്തെ 13,000 സ്കൂളുകളിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂൾ തുറക്കുന്നതിനു മുമ്പേ പാഠപുസ്തകങ്ങൾ എത്തിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കി. എട്ട് മുതൽ പന്ത്രണ്ട് വരെയുള്ള എല്ലാ ക്ലാസ് മുറികളും 2017-ഓടുകൂടി സ്മാർട്ട് ക്ലാസ് മുറികളായി മാറ്റുന്നതാണ്. രണ്ട് വർഷത്തിനുള്ളിൽ എല്ലാ ലോവർ പ്രൈമറി സ്കൂളുകളിലും കമ്പ്യൂട്ടർ ലാബുകൾ സ്ഥാപിക്കുമെന്നുള്ളത് പ്രഖ്യാപനം മാത്രമല്ല, അത് നടന്നുവരികയാണ്. ബാലുശ്ശേരിയിലെ ഒരു എൽ. പി. സ്കൂളിൽ ഡിജിറ്റൽ ക്ലാസ് മുറികളുടെ നിർമ്മാണം പൂർത്തീകരിക്കുകയും അതിന്റെ ഉദ്ഘാടനം വിദ്യാഭ്യാസ വകുപ്പുമന്ത്രി നിർവ്വഹിക്കുകയും ചെയ്തു. 130-ഓളം സ്കൂളുകളിൽ ഡിജിറ്റൽ സ്മാർട്ട് ക്ലാസ് മുറികൾ തുടങ്ങിക്കഴിഞ്ഞു.

ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി ശ്രീ. ടി. പി. രാമകൃഷ്ണൻ പുതിയ തലമുറയെ രക്ഷിക്കാൻ 'വിമുക്തി' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. അതെല്ലാ സ്കൂളുകളും വളരെ ആവേശത്തോടുകൂടിയാണ് സ്വീകരിച്ചത്. പുതിയ തലമുറയെ എങ്ങനെ ചിന്തിപ്പിക്കണം, അവരെ എങ്ങനെ സംരക്ഷിക്കണം എന്നതിനെക്കുറിച്ച് വളരെ വ്യക്തമായ കാഴ്ചപ്പാടും ധാരണയുമുള്ള സർക്കാരാണ് സംസ്ഥാനം ഭരിക്കുന്നതെന്ന് ഓർക്കണം.

ഭൂപരിഷ്കരണം, സമ്പൂർണ്ണ സാക്ഷരത, വിദ്യാഭ്യാസ പരിഷ്കാരങ്ങൾ, അധികാര വികേന്ദ്രീകരണം തുടങ്ങിയ നിരവധി സാമൂഹിക സാമ്പത്തിക പരിഷ്കാരങ്ങൾക്ക് സാക്ഷ്യംവഹിച്ച നാടാണ് കേരളം. കേരളം മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. സമ്പന്നമായ ചരിത്ര പാരമ്പര്യവും വളർച്ചയുമാണ് വിപ്ലവകരമായ മാറ്റങ്ങളുണ്ടാക്കാൻ കാരണമായത്. കഴിഞ്ഞ കാലങ്ങളിൽ വിവിധ വികസന

ഉദ്യമങ്ങളിൽനിന്ന് ഒഴിവാക്കപ്പെട്ടവരെക്കൂടി ലക്ഷ്യമിട്ടുകൊണ്ടാണ് നവകേരള മിഷൻ പ്രഖ്യാപിച്ചത്. നവകേരള മിഷൻ പ്രഖ്യാപിച്ചതും മതനിരപേക്ഷതയുടെ അന്തരീക്ഷത്തിലാണ്. അവിടെ ഇടതുപക്ഷത്തിന്റെ കൂടെ എല്ലാ കക്ഷികളും ചേർന്നുകൊണ്ട്, കല, സാംസ്കാരിക, സാഹിത്യ, സിനിമാ രംഗത്തുള്ളവരും ശാസ്ത്രജ്ഞരും അടങ്ങുന്ന 60 പേരാണ് ചിരാതുകൾക്ക് തിരികൊളുത്തിയത്. ആ മിഷന് ഒരു വിഷനുണ്ടെന്ന് വലതുപക്ഷത്തിരിക്കുന്നവർ മനസ്സിലാക്കണം.

സാംസ്കാരികരംഗത്ത് വലിയ മുന്നേറ്റമാണ് ഇപ്പോൾ നടക്കുന്നത്. കേരള സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ കീഴിലുള്ള 1300 ലൈബ്രറികൾ കമ്പ്യൂട്ടർവൽക്കരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളത് പ്രാവർത്തികമാക്കും. വൈ-ഫൈ സൗകര്യം ഏർപ്പെടുത്തും. ഇത് കേരളത്തെ സംബന്ധിച്ച് അക്ഷരസ്നേഹികൾക്ക് വലിയൊരനുഗ്രഹമാണ്, അവരെ ആവേശം കൊള്ളിക്കുന്നതാണ്.

കുട്ടികളുടെ ഫിലിം ഫെസ്റ്റിവൽ സംഘടിപ്പിക്കുമെന്ന പ്രഖ്യാപനം പുതിയ തലമുറയെ എങ്ങനെ കാണുന്നുവെന്നതിന്റെ തെളിവാണ്. ലോകോത്തര ക്ലാസ്സിക്കൽ സിനിമകളെ പരിചയപ്പെടുത്തിക്കൊണ്ട് IFFK മോഡൽ കേരള ഫിലിം ഫെസ്റ്റിവൽ നടക്കുന്നുണ്ട്. ITFOK (ഇന്റർനാഷണൽ തിയേറ്റർ ഫെസ്റ്റിവൽ ഓഫ് കേരള)-യുടെ ഇന്റർനാഷണൽ തിയേറ്റർ ഫെസ്റ്റിവലിന് അഭൂതപൂർവ്വമായ ജനതയാണ് തൃശ്ശൂരിലേയ്ക്കെത്തുന്നത്. തൃശ്ശൂരിലുള്ള ആളുകൾ മാത്രമല്ല, കേരളത്തിന് പുറത്തുള്ള ആളുകളും തിയേറ്റർ ഫെസ്റ്റിവൽ കാണാനെത്തുന്നു. എവിടെയും ആവേശകരമായ ജനമുന്നേറ്റവും ജനപങ്കാളിത്തവുമാണ് കാണപ്പെടുന്നത്. സാഹിത്യ അക്കാദമി, സംഗീത-നാടക അക്കാദമി, ഫോക്‌ലോർ അക്കാദമി, ലളിതകലാ അക്കാദമി, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ സാംസ്കാരിക സ്ഥാപനങ്ങളെല്ലാം ഇന്ന് വളരെയധികം പരിപാടികൾ നടത്തുകയും അത് ജനങ്ങളുടെ പങ്കാളിത്തത്തോടുകൂടി വിജയിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്.

ഏറ്റവും വലിയ സാംസ്കാരിക പരിപാടിയാണ് 'ഗദ്ദിക'. പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗത കലാരൂപങ്ങളുടെയും ഉത്പന്നങ്ങളുടെയും പ്രദർശനമാണ് അതിലൂടെ നടന്നത്. ഇത് കേരളത്തിൽ മാത്രമല്ല, മറ്റ് സംസ്ഥാനങ്ങളിലും നടക്കുന്നുണ്ട്. അത്തരം സംസ്ഥാനങ്ങളിലെ കലാരൂപങ്ങൾ കേരളത്തിലേയ്ക്ക് വരികയും ഒരു കൊടുക്കൽ-വാങ്ങൽ പ്രവർത്തനം സാംസ്കാരിക രംഗത്തും കലാരംഗത്തും നടക്കുന്നത് അഭൂതപൂർവ്വമായ ഉണർവ്വാണ് നമ്മുടെ രാജ്യത്തിനുണ്ടാക്കിയത്. ഇത് മറ്റ് സംസ്ഥാനങ്ങളിലും വമ്പിച്ച വിജയമാണെന്നാണ് കലാകാരന്മാർ പറയുന്നത്.

ടൂറിസം രംഗത്ത് വലിയ കുതിപ്പാണുണ്ടായിരിക്കുന്നത്. ഓരോ ടൂറിസ്റ്റ് കേന്ദ്രങ്ങളെയുംകുറിച്ചുള്ള റിപ്പോർട്ടുകൾ പത്രങ്ങളിൽ കാണുകയും ടൂറിസ്റ്റുകൾ അവിടെ സന്ദർശിക്കുകയും ചെയ്യും. എന്നാൽ നാട്ടിൻപുറത്ത് സാധാരണക്കാരന് കാണാൻ കഴിയുന്ന ഭംഗിയുള്ള കേന്ദ്രങ്ങളെല്ലാംതന്നെ ടൂറിസ്റ്റ് കേന്ദ്രങ്ങളായി മാറാൻപോകുന്ന അവസ്ഥയുണ്ടായിരിക്കുന്നു. ടൂറിസംവഴി 4 ലക്ഷത്തിലധികം തൊഴിലവസരങ്ങളുണ്ടാക്കാൻ കഴിയുന്നുവെന്നതാണ് പ്രത്യേകത. ടൂറിസം വകുപ്പ് ആരംഭിച്ച 'ഗ്രീൻ കാർപ്പെറ്റ്' സംരംഭങ്ങൾ വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എല്ലാ വകുപ്പുകളുടെയും ഏകോപനത്തിൽ ഒരു കൺസോർഷ്യം എന്ന രൂപത്തിലാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. വിമർശനങ്ങളുണ്ടാകും; കുറവുണ്ടെങ്കിൽ അത് തിരുത്തി മുന്നോട്ടുപോകും. നന്ദിപ്രമേയത്തെ അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, ഈ സഭയിൽ ഗവർണ്ണർ നടത്തിയ പ്രസംഗത്തെ അനുകൂലിച്ചുകൊണ്ട് ശ്രീ. എ. പ്രദീപ്കുമാർ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്തുണയ്ക്കുകയാണ്.

നമ്മുടെ സംസ്ഥാനവും രാജ്യവും നേരിടുന്ന ഏറ്റവും ഭീകരമായൊരു സാമ്പത്തികാവസ്ഥയിലൂടെയാണ് ഈ സർക്കാർ കടന്നുപോകുന്നത്. ഇന്ത്യയിലെ ജനങ്ങളോട് സ്നേഹമില്ലാത്ത, ഏകാധിപതിയായ ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി ജനങ്ങളിൽ അടിച്ചേല്പിച്ച നോട്ട് നിരോധനത്തിലൂടെ രാജ്യത്തെ പാവപ്പെട്ടവനോട് ചെയ്ത ക്രൂരതയുടെ പ്രതിഫലനമാണ് കഴിഞ്ഞ കുറേ മാസങ്ങളായി ജനങ്ങൾ അനുഭവിക്കുന്നത്. ഗോൾഡ് കാർഡും ക്രെഡിറ്റ് കാർഡും ഡെബിറ്റ് കാർഡുമുള്ളവൻ മാത്രമാണ് ഇന്ത്യയിലെ പൗരനെന്ന് ധരിക്കുന്ന പ്രധാനമന്ത്രിയുടെ തന്നിഷ്ടപ്രകാരമുള്ള ഏകാധിപത്യത്തോടെയുള്ള തീരുമാനം ഈ രാജ്യത്തിന്റേയും സംസ്ഥാന സർക്കാരിന്റേയും ഇന്ത്യ ഒന്നടങ്കമുള്ള പാവപ്പെട്ട കർഷകന്റെയും നട്ടെല്ലൊടിച്ചിരിക്കുകയാണ്. ഈ സന്ദർഭത്തിലും ഏറ്റവും നല്ല പ്രതീക്ഷ നൽകുന്ന ഒരു നയപ്രഖ്യാപന പ്രസംഗമാണ് ഇവിടെ നടന്നത്.

നയപ്രഖ്യാപന പ്രസംഗങ്ങളെക്കുറിച്ച് പറയുമ്പോൾ പ്രതിപക്ഷത്തിരിക്കുന്നവർക്കും അഭിപ്രായവ്യത്യാസമുണ്ടാകില്ല. കഴിഞ്ഞ വർഷങ്ങളിലെ എല്ലാ നയപ്രഖ്യാപന പ്രസംഗങ്ങളും ഏതാണ്ട് ഒരുപോലെയാണ്, കഴിഞ്ഞ 15 വർഷത്തെ നയപ്രഖ്യാപന പ്രസംഗങ്ങളും ബഡ്ജറ്റ് പ്രസംഗങ്ങളും ഞാൻ സൂക്ഷിച്ച് വച്ചിട്ടുണ്ട്. കാരണം, ഇത് തയ്യാറാക്കുന്നത് ഒരേ ഉദ്യോഗസ്ഥനായതുകൊണ്ട് ഏതാണ്ട് ഒരുപോലെതന്നെയാണ് കാര്യങ്ങൾ എഴുതുന്നത്. നിഷ്പക്ഷമായ ഒരഭിപ്രായം എനിക്ക് പറയാനുണ്ട്. ബഹുമാനപ്പെട്ട ചെയർക്കുടി ശ്രദ്ധിക്കാനാണ് ഞാനിത്

പറയുന്നത്. ഗവർണറുടെ പ്രസംഗം അല്പം ചുരുക്കുന്നതുകൊണ്ട് തെറ്റില്ലെന്ന് എനിക്ക് തോന്നുന്നു. രണ്ടേമുക്കാൽ മണിക്കൂറോളം ഗവർണറുടെ പ്രസംഗം നീണ്ടുപോകുന്നുണ്ട്. മുൻ മുഖ്യമന്ത്രിയും മന്ത്രിമാരും ഇപ്പോഴത്തെ മുഖ്യമന്ത്രിയും മന്ത്രിമാരും ഇവിടെയുണ്ട്. പ്രസംഗം എഴുതിക്കൊടുക്കുമ്പോൾ അല്പം ചുരുക്കുന്നതു കൊണ്ട് തെറ്റില്ല. ഗവർണർ ധാരാളം വെള്ളം കുടിച്ചു. ബഹുമാനപ്പെട്ട സ്പീക്കറും ആറ് ഗ്ലാസ് വെള്ളം കുടിച്ചു. അതുകൊണ്ട് പ്രസംഗം അല്പം ചുരുക്കിയാൽ ജനങ്ങൾക്കും ചാനലുകാർക്കും പത്രക്കാർക്കും അംഗങ്ങൾക്കും ഇത് ശ്രദ്ധിക്കാൻ അവസരം ലഭിക്കും. ധാരാളം കാര്യങ്ങൾ പറഞ്ഞിട്ട് കാര്യമില്ല. ചെയ്യാൻ പോകുന്ന കാര്യങ്ങളെക്കുറിച്ചുള്ള കരട് അറിയാനാണ് ജനങ്ങൾ കാത്തിരിക്കുന്നത്. നല്ല പ്രതീക്ഷ നൽകുന്ന ഒരു പ്രസംഗമാണ് ഇവിടെ അവതരിപ്പിച്ചത്. ആ പ്രതീക്ഷ സാദ്ധ്യമാക്കാൻ കഴിയണം. അതിന് കഠിനമായ ശ്രമം നടത്തേണ്ടതുണ്ട്.

എന്റെ സുഹൃത്ത് ശ്രീ. ടി. എ. അഹമ്മദ് കബീറിനെ എനിക്ക് വളരെ ഇഷ്ടമാണ്. കാരണം അഴിമതിക്കെതിരെ പ്രതികരിക്കുന്ന മനുഷ്യനാണ് അദ്ദേഹമെന്ന് എനിക്ക് പലപ്പോഴും തോന്നിയിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രസംഗങ്ങളിലും പ്രവൃത്തിയിലും അത് വ്യക്തമാണ്. പക്ഷേ അദ്ദേഹം സംസാരിച്ചപ്പോൾ വാക്ക് തെറ്റിയതാണെന്ന് തോന്നുന്നു, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ അഴിമതി ഒരു പുകമറയാക്കരുതെന്നാണ് അദ്ദേഹം പറഞ്ഞത്. അപ്പോൾ അഴിമതിയുണ്ടെന്ന് സമ്മതിക്കുകയും അത് പുകമറയാക്കരുതെന്ന് അദ്ദേഹം പറയുകയും ചെയ്തു. അതുകഴിഞ്ഞ് അദ്ദേഹം പറഞ്ഞത്, ഞങ്ങളൊരു ജാഥ നടത്തിയെന്നും അതിന് രണ്ടാംകിട നേതാക്കളെ അയച്ചു എന്നുമാണ്. മുസ്ലീം ലീഗിലെ സി. എച്ച്. മുഹമ്മദ് കോയയുടെ മകനായ ഡോ. എം. കെ. മുനീർ രണ്ടാംകിട നേതാവായതെന്നാണ്?

ശ്രീ. പി. ടി. തോമസ്: സർ, രണ്ടാംനിര നേതാക്കൾ എന്നാണ് അദ്ദേഹം പറഞ്ഞത്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഡോ. എം. കെ. മുനീറിനെ രണ്ടാം നിരയിൽ തള്ളേണ്ട കാര്യമില്ല. കാരണം, സി. എച്ച്. മുഹമ്മദ് കോയയുടെ മകനായ ഡോ. എം. കെ. മുനീർ കേരളത്തിലെ ജനങ്ങൾക്ക് രാഷ്ട്രീയ വ്യത്യാസമില്ലാതെ വളരെ താല്പര്യമുള്ള ഒരു ചെറുപ്പക്കാരനാണ്. എന്റെ സുഹൃത്തായ ശ്രീ. വി. ഡി. സതീശനാണ് ഞങ്ങളുടെ നാട്ടിൽ ജാഥ നയിച്ചത്. അദ്ദേഹം രണ്ടാംനിര നേതാവാണെന്ന് എനിക്ക് തോന്നിയിട്ടില്ല. ഇവിടെയിരിക്കുന്ന പലരേക്കാളും ഒന്നാന്തരം നേതാവിന്റെ പ്രകടനമാണ് അദ്ദേഹം കാഴ്ചവച്ചിട്ടുള്ളതെന്നാണ് എനിക്ക് തോന്നുന്നത്. ജനങ്ങൾ പ്രതീക്ഷയോടെ കാണുന്ന, അഴിമതിയില്ലാത്ത

ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിനെ നേരിടാൻ ധൈര്യമില്ലാത്തതു കൊണ്ടായിരിക്കും മുൻനിര നേതാക്കൾ ഇറങ്ങാത്തത്. കാരണം, മുൻനിര നേതാക്കളിറങ്ങിയാൽ ജനങ്ങളുടെ വിരൽ അവരുടെനേരെ ചൂണ്ടും. ഈ സർക്കാരി നെതിരെ ഒരു വിരൽ പ്രതിപക്ഷം ചൂണ്ടിയാൽ മുൻനിര നേതാക്കളിറങ്ങിയാൽ നാല് വിരൽ അവരുടെ നേരെയായിരിക്കുമെന്ന് അറിയാവുന്നതുകൊണ്ടാണ് അവരിറങ്ങാത്തത്. അതിൽ തെറ്റില്ല.

നവകേരള കർമ്മ പദ്ധതികളെക്കുറിച്ച് ഈ പ്രസംഗത്തിൽ പറയുന്നുണ്ട്. അതിൽ പ്രധാനമായും വൈദ്യുതിയെക്കുറിച്ചാണ് പറയുന്നത്. മാർച്ച് 31-നുമുമ്പ് എല്ലാവർക്കും വൈദ്യുതി കൊടുക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതുപോലെ അടുത്ത നടപടി ഭൂമിയും ഭവനവുമാണ്. എല്ലാവർക്കും ഭവനം എന്നുപറഞ്ഞാൽ പ്രതീക്ഷയ്ക്ക് വകയുണ്ട്. കാരണം കഴിഞ്ഞ അഞ്ച് വർഷം പഞ്ചായത്തുവഴി ഒരു വീടും വച്ചുകൊടുത്തിട്ടില്ല. ഇന്ദിരാ ആവാസ് യോജനയിലും മറ്റും ഉൾപ്പെടുത്തിയ വീടുകൾ മാത്രമേയുള്ളൂ. കഴിഞ്ഞ ഇടതുമുന്നണി സർക്കാർ ലക്ഷക്കണക്കിന് വീടുകൾ വച്ചുകൊടുക്കുമെന്ന് പറയുകയും ഇ.എം.എസ്. ഭവന പദ്ധതിയിലൂടെ അത് നടപ്പിലാക്കുകയും ചെയ്തതുകൊണ്ട് ഇടതുമുന്നണി സർക്കാർ ഭവനം നിർമ്മിച്ചു കൊടുക്കുമെന്ന് കേരളത്തിലെ ജനങ്ങൾക്ക് പ്രതീക്ഷയും വിശ്വാസവുമുണ്ട്. പഞ്ചായത്തുകൾക്ക് സാധാരണയായി കിട്ടുന്ന ഫണ്ട് എന്നുള്ളതിനപ്പുറം വീടുവച്ചുകൊടുക്കാൻവേണ്ടി കഴിഞ്ഞ അഞ്ച് വർഷം എത്ര തുക മാറ്റിവച്ചു? കഴിഞ്ഞ അഞ്ച് വർഷം പഞ്ചായത്ത് മെമ്പറായിരുന്നവർക്ക് എത്ര വീടുകൾ വച്ചുകൊടുക്കാൻ കഴിഞ്ഞുവെന്ന് പറയണം. ഇ.എം.എസ്. ഭവന പദ്ധതിയുള്ള കാലത്ത് ഒരു വാർഡിൽ 20 വീടുകൾവരെ വച്ചുകൊടുക്കാൻ അന്നത്തെ യു.ഡി.എഫ്.-ലേയും എൽ.ഡി.എഫ്.-ലേയും അംഗങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. ആ ഭവന പദ്ധതി മടങ്ങിവരുമെന്ന് ജനങ്ങൾ പ്രതീക്ഷിക്കുകയാണ്. കഴിഞ്ഞ പ്രാവശ്യം 5 വീടുപോലും കിട്ടിയില്ലെന്നാണ് മെമ്പർമാരുടെ പരാതി. 5 വർഷത്തെ ഭരണം പിന്നിട്ടപ്പോൾ ഭവനം വച്ചതും പണമുണ്ടാക്കിയതും വേറെ ആളുകളാണ്. ശ്രീ. ടി. എ. അഹമ്മദ് കബീർ ദേശാഭിമാനിയുടെയും കൈരളിയുടേയുമൊക്കെ കാര്യം പറഞ്ഞു. ചുമട്ടുതൊഴിലാളികളുടെയും കർഷകന്റേയുമൊക്കെ പണം പിരിച്ച് തുടങ്ങിയ ഒരു സ്ഥാപനമാണ് കൈരളി. ദേശാഭിമാനി പത്രവും വീക്ഷണം പത്രവുമൊക്കെ പാർട്ടിക്കാർ പൈസ പിരിച്ച് വാങ്ങിച്ചു. 'ചന്ദ്രിക' എങ്ങനെയാണോ പൈസയുണ്ടാക്കിയത് അതുപോലെ പൈസയുണ്ടാക്കി എന്നുവിചാരിച്ചാൽ മതി. ചന്ദ്രികയ്ക്ക് മാത്രം വിദേശത്തുനിന്നും പണം വരും. മറ്റുള്ളവയ്ക്ക് ഇവിടെനിന്നും കിട്ടുമെന്നേയുള്ളൂ. രാഷ്ട്രീയ പാർട്ടികൾ 2,000 രൂപയിൽക്കൂടുതൽ സംഭാവന വാങ്ങാൻ പാടില്ലെന്നാണ് ശ്രീ. നരേന്ദ്ര മോദി പറയുന്നത്. ബി.ജെ.പി.-ക്ക് ഇത് ബാധകമല്ല. കാരണം അവർ ഗുരുദക്ഷിണയാണ് വാങ്ങുന്നത്.

ഉണ്ടായിസത്തെ സർക്കാർ തടയണം. എന്റെ മണ്ഡലത്തിൽ ഓർത്തഡോക്സ് സഭ നടത്തുന്ന ഒരു വിദ്യാഭ്യാസ സ്ഥാപനത്തിൽ കയറി ഹോസ്റ്റൽ മുറികൾ അടിച്ചുതകർത്ത ബി.ജെ.പി. ഗുണ്ടകളെ ഈ നാട്ടിലെ ജനം തിരിച്ചറിയണം. അതൊരു സ്വാശ്രയ സ്ഥാപനമല്ല. എയ്ഡഡ് കോളേജാണ്. ലാ അക്കാഡമിയുടെ മുമ്പിലും കൃഷ്ണദാസിന്റെ കോളേജിലും നടക്കുന്നതുപോലെയുള്ള സമരമല്ല. ബി.ജെ.പി. രംഗത്തുവന്ന് നടത്തുന്ന സമരമാണിത്. നല്ല വിദ്യാഭ്യാസം നൽകാൻ ഓർത്തഡോക്സ് സഭ പത്തനാപുരത്ത് സ്ഥാപിച്ച സ്ഥാപനമാണിത്. ഇന്നലെ അവിടെ കയറി അടിച്ചുതകർത്ത ഗുണ്ടകളെ നേരിടാൻ ഈ സർക്കാരിന് കഴിയുമെന്ന വിശ്വാസം എനിക്കുണ്ട്. അതിൽ കർശന നിലപാടെടുക്കണം. കാരണം, വർഗ്ഗീയ ശക്തികളുടെ തള്ളിക്കയറ്റം നമ്മുടെ നാടിന് ദോഷം ചെയ്യും. ഈ രാജ്യത്ത് മതനിരപേക്ഷത നിലനിർത്തിക്കൊണ്ട് പാവപ്പെട്ടവന്റെ മക്കൾ പഠിക്കുന്ന കോളേജുകൾ അടിച്ചുതകർക്കുന്നത് ശരിയല്ല.

ചാക്കീരി അഹമ്മദ്കുട്ടിയുടെ കാലത്ത് തകർന്ന പൊതു വിദ്യാഭ്യാസരംഗം ഇന്ന് പുനരുദ്ധരിക്കപ്പെടുകയാണ്. പാവപ്പെട്ടവന്റെ മക്കൾക്ക് നല്ല വിദ്യാഭ്യാസം നൽകണമെന്ന് ഈ സഭയിലും ഞാൻ പറഞ്ഞിട്ടുണ്ട്. നമുക്ക് വേണ്ടത് quantity of education അല്ല, quality of education ആണ്. പാവപ്പെട്ടവരുടെയും പട്ടികജാതിക്കാരുടെയും മക്കൾ പഠിക്കുന്ന സർക്കാർ/സർക്കാർ എയ്ഡഡ് പള്ളിക്കൂടങ്ങളിൽ നല്ല വിദ്യാഭ്യാസം ലഭിക്കണം. അതിന് ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. 2017 ഡിസംബർ ആകുന്നതിനുമുമ്പ് കേരളത്തിലെ എല്ലാ സർക്കാർ എയ്ഡഡ് സ്കൂളുകളിലും സർക്കാർ സ്കൂളുകളിലും ഡിജിറ്റൽ ക്ലാസ് റൂമുകൾ തുടങ്ങുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളത് നടപ്പിലാക്കും. അതോടുകൂടി പാവപ്പെട്ടവരുടെ മക്കൾ പഠിക്കുന്ന സ്കൂളുകളും കേരളത്തിലെ പൊതു വിദ്യാഭ്യാസ രംഗവും രക്ഷപ്പെടും.

മറ്റൊന്ന്, മാലിന്യ സംസ്കരണമാണ്. ശുചിത്വമിഷൻ പറയുന്ന ആശയങ്ങളൊന്നും നമ്മുടെ നാട്ടിൽ നടപ്പിലാകുമെന്ന് മുൻകാല അനുഭവത്തിന്റെ വെളിച്ചത്തിൽ ഞാൻ വിശ്വസിക്കുന്നില്ല. കാരണം, യു.ഡി.എഫ്.-ഉം എൽ.ഡി.എഫ്.-ഉം ഭരിച്ചപ്പോഴൊക്കെ ശുചിത്വ മിഷൻ കുറേ ആശയങ്ങൾ പറഞ്ഞിരുന്നു. എല്ലാ മാലിന്യങ്ങളും അഴുക്കിക്കളയണം. എല്ലാ വീടുകളിലേയും വീട്ടമ്മമാർ പാചകം ചെയ്യുന്നതിനേക്കാൾ കൂടുതൽ സമയം ചവർ അഴുക്കാൻവേണ്ടി ചെലവഴിക്കണം. പക്ഷെ ഇതൊന്നും നടക്കില്ല. ശുചിത്വമിഷൻ പറയുന്ന ആശയങ്ങളെക്കുറിച്ച് എനിക്ക് അഭിപ്രായം പറയാനില്ല.

മറ്റൊരു കാര്യം എനിക്ക് പറയാനുള്ളത് കേരളത്തിലെ റോഡുകളെ ക്കുറിച്ചാണ് ശ്രീ. ജി. സുധാകരൻ, എനിക്ക് വളരെ ബഹുമാനമുള്ള ആളാണ്. അഴിമതിയില്ലെന്നുമാത്രമല്ല അഴിമതിക്കാരെ വച്ചുപൊറുപ്പിക്കാത്ത ആളാണ്. സംസ്ഥാനത്തെ പി.ഡബ്ല്യു.ഡി. റോഡുകൾക്കുവേണ്ടി കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ചെലവാക്കിയ അത്രയും പണം മന്ത്രിയെന്ന നിലയിൽ ശ്രീ. ജി. സുധാകരനാണ് ചെലവഴിക്കുന്നതെങ്കിൽ അന്ന് പണിതതിന്റെ മൂന്നിരട്ടി വർക്ക് ഈ സംസ്ഥാനത്ത് നടക്കും. കാരണം അന്ന് മൂന്നിൽ രണ്ട് ശതമാനവും അഴിമതിയായിരുന്നു.

കിഫ്ബി എന്ന പദ്ധതിയെ നമ്മൾ കുറച്ച് കാണണ്ട. ശ്രീ. വി. ഡി. സതീശൻ പ്രസംഗിച്ചപ്പോൾ കിഫ്ബിയിൽ പണം കിട്ടുമോയെന്ന് ഞാൻ ആശങ്കപ്പെട്ടിട്ടുണ്ട്. ഇന്ന് 24,000 കോടി രൂപ കിഫ്ബിയിൽ കൊടുക്കാൻ സന്നദ്ധരായ സ്ഥാപനങ്ങളുണ്ട്. പ്രമുഖനായ ഒരു സർക്കാർ ഉദ്യോഗസ്ഥനോട് ഞാൻ സംസാരിച്ചു കൊണ്ടിരുന്നപ്പോൾ അവിടെ ഒരു ഫോൺകാൾ വന്നു. എന്താണെന്ന് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത്, സൗത്ത് ഇന്ത്യൻ ബാങ്ക് 800 കോടി രൂപ ഓഫർ ചെയ്യുന്നു എന്നാണ്. ഈ അവസരം കേരളം നന്നായി ഉപയോഗിക്കണം. ഇന്ത്യയിലെ ബാങ്കുകളിൽ കോടിക്കണക്കിന് രൂപയുണ്ട്.

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട മെമ്പർ ഈ സർക്കാരിന്റെ നേട്ടങ്ങളെപ്പറ്റി പറയുകയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മൂന്ന് വർഷം മന്ത്രിയായിരുന്ന അങ്ങ് അക്കാര്യം മറന്ന് സംസാരിക്കരുത്. ഞാൻ പറഞ്ഞുവരുന്നത്, കിഫ്ബിയിൽ 2,500 കോടി രൂപയാണ് ബഡ്ജറ്റിൽ മാറ്റിവച്ചത്. അടുത്ത ബഡ്ജറ്റ് അവതരിപ്പിക്കാൻ പോകുമ്പോൾ അതിൽ നിന്ന് നയാ പൈസപോലും ചെലവഴിച്ചിട്ടില്ലെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

1.00 P.M.]

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, നോട്ട് നിരോധനം കിഫ്ബിയിലെ നിക്ഷേപത്തെ ബാധിച്ചിട്ടുണ്ട്. നോട്ട് നിരോധനത്തിലൂടെ ബാങ്കുകളിൽ കുമിഞ്ഞു കൂടിയിരിക്കുന്ന പണം നമ്മൾ ശ്രമിച്ചാൽ കിഫ്ബിയിലേയ്ക്ക് കൊണ്ടുവരാനും 48,000 കോടി രൂപ സമാഹരിക്കുമെന്ന ഡോ. ടി. എം. തോമസ് ഐസക്കിന്റെ പ്രഖ്യാപനം യാഥാർത്ഥ്യമാക്കാനും അത് നാടിന്റെ വികസനത്തിനുപയോഗി ക്കാനും കഴിയും. 2500 കോടി രൂപ വന്നുവെന്നാണ് അദ്ദേഹം പറഞ്ഞത്. അത് ഉപയോഗിക്കാൻ ചില വ്യവസ്ഥകളുണ്ട്. അന്തർദ്ദേശീയ നിലവാരത്തിലുള്ള റോഡ് പണിയുമെന്ന് ശ്രീ. ജി. സുധാകരൻ പറഞ്ഞിട്ടുണ്ട്. അതിന് ശരിയായ ടെക്നോളജി ഉപയോഗിക്കണം, സർവ്വേ നടത്തണം, എവിടെയൊക്കെ കലുങ്ക്

വേണം, എവിടെയൊക്കെ ഓട വേണം, എവിടെയൊക്കെ കേബിളിടണം തുടങ്ങിയ കാര്യങ്ങളെല്ലാം പഠിക്കാൻ സമയം വേണം. അല്ലാതെ പണമെടുത്ത് ആരുടെയെങ്കിലും കയ്യിൽ കൊടുത്ത് അത് മോഷ്ടിക്കുന്നതിന് കൂട്ടുനിൽക്കാൻ ഈ സർക്കാരിന് കഴിയില്ലായെന്നുള്ളതുകൊണ്ടാണ് കാലതാമസമുണ്ടാകുന്നത്. അഴിമതിയുടെ സിസ്റ്റത്തിൽ നിന്ന് അഴിമതിയില്ലാത്ത ഒരു സിസ്റ്റത്തിലേയ്ക്ക് മാറ്റുമ്പോൾ കാലതാമസവും ചില തടസ്സങ്ങളും വീഴ്ചകളുമൊക്കെയുണ്ടാകും. അത് പരിഹരിച്ച് ഈ സർക്കാർ അഴിമതിയില്ലാതെ മുന്നോട്ടുപോകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. സർക്കാരിന്റെ പ്രവർത്തനങ്ങളിൽ വേഗത കൈവരിക്കാൻ സർക്കാർ ഉദ്യോഗസ്ഥരുടെ സഹകരണം വേണം, അവരെ വിശ്വാസത്തിലെടുക്കണം. ചില കുഴപ്പക്കാർ ഇതിനിടയിലുണ്ട്. അവർ കാര്യങ്ങൾ വച്ചുതാമസിപ്പിക്കുന്നുണ്ട്. പ്രത്യേകിച്ച് സെക്രട്ടേറിയറ്റിൽ ഫയലുകൾ താമസിപ്പിക്കുന്ന ഒരു കൊള്ളസംഘം തന്നെയുണ്ട്. ശ്രീ. ജി. സുധാകരൻ ഒരിക്കൽ സെക്രട്ടേറിയറ്റിനെ 'ഗുഹ' എന്നുപറഞ്ഞു. ഒരു പന്ത് കളിക്കാരന്റെ രീതിയിലാണ് ഉദ്യോഗസ്ഥർ പല ഫയലുകളും കൈകാര്യം ചെയ്യുന്നത്. പന്തുകളിക്കാരൻ തന്റെ കാലിൽ വന്നുപെടുന്ന പന്ത് ഗോളടിക്കാതെ പാസ് ചെയ്ത് കൊണ്ടുപോകുന്നതുപോലെ സമയം കളയുന്ന ഒരു പരിപാടിയാണിത്. ഇത് സർക്കാർ തിരിച്ചറിയുകയും അതിനെതിരെ ശക്തമായ നടപടിയുണ്ടാകണമെന്നുമാണ് ഒരു നിയമസഭാംഗം എന്ന നിലയിൽ എനിക്ക് പറയാനുള്ളത്. ഞാനും ഈ സംസ്ഥാനത്ത് മന്ത്രിയായിരുന്ന ആളാണ്. ഫയലുകൾ അനാവശ്യമായ സ്ഥലങ്ങളിലേയ്ക്ക് അടിക്കുന്ന ആളുകളുടെ ഉദ്ദേശ്യം ഗോളടിക്കുക എന്നുള്ളതല്ല; സമയം കളയുക എന്നുള്ളതാണ്. അക്കാര്യം ശ്രദ്ധിച്ചാൽ സർക്കാരിന് നല്ല നിലയിൽ പ്രവർത്തിക്കാനും ഈ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞ കാര്യങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കാനും സാധിക്കും. ഈ അഴിമതിയൊക്കെ മാറുന്നതുകാണാൻ നിങ്ങൾ വേവുവോളം കാത്തിരുന്നു, ഇനി ആറുവോളം കാത്തിരിക്കുക. എല്ലാ കാര്യങ്ങളും സുതാര്യമായി നടക്കുമെന്ന വിശ്വാസം എനിക്കും ഈ സഭയിലിരിക്കുന്ന എല്ലാവർക്കുമുണ്ടെന്ന് പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. കെ. എം. മാണി:</u> സർ, ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തെ ഞാൻ സ്വാഗതം ചെയ്യുന്നു; with certain corrections. ഗവർണ്ണറുടെ പ്രസംഗത്തിലെ ചില തെറ്റുകൾ തിരുത്തിയാൽ, നയപ്രഖ്യാപന പ്രസംഗത്തെ പൊതുവെ ഞാൻ സ്വാഗതം ചെയ്യുന്നു. 'കേരളത്തെ ക്രമസമാധാന പാലനത്തിൽ ഏറ്റവും മികച്ച സംസ്ഥാനമായി ഇന്ത്യാ ടുഡേ തെരഞ്ഞെടുത്തുവെങ്കിലും എന്റെ സർക്കാർ ഇതിൽ സംതൃപ്തിയടയാതെ ക്രമസമാധാനനില കൂടുതൽ മെച്ചപ്പെടുത്തുവാൻ ശ്രമിക്കും' എന്നതിനുള്ള മറുപടി ഇന്നത്തെ മലയാള മനോരമ പത്രത്തിൽ വന്നിട്ടുണ്ട്. (പത്രം ഉയർത്തിക്കാട്ടുന്നു.) അത് പരാമർശ വിഷയമായതുകൊണ്ട് അതിലേയ്ക്ക് ഞാൻ

കൂടുതൽ കടക്കുന്നില്ല. '8 മാസത്തിനിടെ ഒന്നേമുക്കാൽ ലക്ഷം ക്രിമിനൽ കേസുകൾ' നടന്നിട്ടുണ്ടെന്ന റിപ്പോർട്ടാണ് പത്രത്തിൽ വന്നിട്ടുള്ളത്. ഇവിടെ ക്രിമിനൽ കേസുകൾ വർദ്ധിച്ചിരിക്കുകയാണ്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്തുള്ളതിനേക്കാൾ 61,000 കേസുകളാണ് രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നത്. ക്രിമിനലുകൾ വിഹരിക്കുന്ന നിലയിൽ സംസ്ഥാനം മാറിയിരിക്കുകയാണ്. കേരളം ക്രമസമാധാന പരിപാലനത്തിന് മികച്ച സംസ്ഥാനമായി മാറിയിരിക്കുന്നുവെന്ന് പറഞ്ഞത് വിരോധാഭാസമാണ്. എട്ട് മാസത്തിനിടെ എന്റെ സർക്കാരിനെതിരെ അഴിമതി യാരോപണങ്ങൾ ഒന്നുമില്ലായെന്ന് പറയുന്നതെന്തിനാണ്? ഈ സർക്കാർ അഴിമതി സർക്കാരാണെന്ന് ഞാൻ പറയുന്നില്ല. 'എന്റെ സർക്കാരിനെതിരെ യാതൊരു അഴിമതിയാരോപണങ്ങളും ഇല്ലായെന്നത് ശ്രദ്ധാർഹമാണെന്ന് പറയിപ്പിച്ചിരിക്കുന്നത് ശരിയാണോയെന്ന് ശ്രീ. ജി. സുധാകരൻതന്നെ സത്യസന്ധമായി പറയണം. ഇവിടെ പകൽപോലെ വ്യക്തമായിട്ടുള്ളൊരു കാര്യം, ശ്രീ. ഇ. പി. ജയരാജൻ സ്വജനപക്ഷപാതത്തിനെതിരെ രാജിവച്ചു എന്നതാണ്. വിജിലൻസ് എഫ്.ഐ.ആർ. എടുത്ത് അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. ശ്രീ. കടകംപള്ളി സുരേന്ദ്രനെതിരെയും ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മയ്ക്കെതിരെയും വിജിലൻസ് കോടതി ക്വിക്ക് വെരിഫിക്കേഷൻ നടത്തിക്കൊണ്ടിരിക്കുകയാണ്; എന്റെ സർക്കാരിനെതിരെ ആരോപണങ്ങളില്ല; എന്റെ മന്ത്രിമാർക്കെതിരെ ആരോപണങ്ങളില്ല എന്ന് ഗവർണറെക്കൊണ്ട് പറയിപ്പിച്ചത് ശരിയായില്ല.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>): സർ, ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മയുടെ കേസ് അന്വേഷിച്ച് തള്ളിയെന്ന് പത്രത്തിലുണ്ടായിരുന്നു.

<u>ശ്രീ. കെ. എം. മാണി</u>: സർ, അതൊഴിച്ച് മറ്റുള്ളതെല്ലാം ഞാൻ പറഞ്ഞത് ശരിയാണല്ലോ. ഞാൻ പറഞ്ഞത് ഗവർണറെക്കൊണ്ട് ഇങ്ങനെ പറയിപ്പിക്കണോ എന്നാണ്.

പ്രതിപക്ഷ നേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, വിജിലൻസ് റിപ്പോർട്ട് കൊടുത്തുവെന്നേയുള്ളൂ. ഇനി കോടതിയിൽ പെറ്റീഷൻ കൊടുത്ത ആളിന് അത് വാദിക്കാം. വാദിച്ച് ഈ റിപ്പോർട്ട് തെറ്റാണെന്ന് സമർത്ഥിക്കാം. കേസ് ക്ലോസ് ചെയ്തിട്ടില്ല.

<u>ശ്രീ. കെ. എം. മാണി</u>: സർ, ബഡ്ജറ്റ് തയ്യാറാക്കുന്ന ഡോ. ടി. എം. തോമസ് ഐസക് തന്നെയാണ് ഗവർണറുടെ പ്രസംഗവും തയ്യാറാക്കിയതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഗവർണ്ണറുടെ പ്രസംഗം തയ്യാറാക്കുന്ന സമിതിയുടെ അദ്ധ്യക്ഷൻ ഡോ. ടി. എം. തോമസ് ഐസക് ആയിരുന്നുവെന്നാണ് ഞാൻ പത്ര റിപ്പോർട്ടുകളിൽനിന്ന് അറിഞ്ഞത്. കഴിഞ്ഞ ബഡ്ജറ്റിൽ കിഫ്ബിയെപ്പറ്റി

പരാമർശിച്ചു. 20,000 കോടി രൂപയുടെ അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങൾ നടത്തുമെന്ന് പറഞ്ഞു. ഇപ്പോൾ നയപ്രഖ്യാപന പ്രസംഗത്തിൽ പറയുന്നത്, ആദ്യയോഗത്തിൽ നാലായിരത്തിലധികം കോടി രൂപയുടെ അധിക പദ്ധതിക്ക് അംഗീകാരം നൽകി, 2017 മാർച്ചിന് മുമ്പ് പതിനായിരത്തിലധികം കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി നൽകുവാൻ കഴിയുമെന്ന് വിശ്വസിക്കുന്നു, ആദ്യ ബാച്ച് ദർഘാസുകൾ ഏപ്രിൽ മാസത്തോടുകൂടി കൊടുക്കുവാൻ കഴിയുമെന്നൊക്കെയാണ്. ഇതെന്തൊരു പ്രായോഗികതയില്ലായ്മയാണ്? കിഫ്ബി ബോർഡ് ഇതുവരെ നോട്ടിഫൈ ചെയ്തിട്ടില്ല. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ഞാൻ ചോദിച്ചപ്പോൾ രണ്ട് മെമ്പർമാരെക്കൂടി നോമിനേറ്റ് ചെയ്യാനുണ്ട്, അതിനുശേഷം കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുമെന്ന് പറയുകയുണ്ടായി. ഇപ്പോൾ കോൺസ്റ്റിറ്റ്യൂട്ട് ചെയ്തിട്ടുണ്ടോ എന്ന് പറയണം. കോൺസ്റ്റിറ്റ്യൂട്ട് ചെയ്യാത്ത കിഫ്ബി വഴിയാണ് തുക ശേഖരിക്കുമെന്ന് പറയുന്നത്. ഇതൊക്കെ വിടുവാക്കുകളാണ്. കിഫ്ബി പദ്ധതി അംഗീകരിക്കണമെങ്കിൽ അതിൽ നോട്ടിഫിക്കേഷൻ ഇറക്കി അതനുസരിച്ച് ചട്ടങ്ങളും പദ്ധതികളും ഉണ്ടാക്കണമെന്നാണ് നിയമവ്യവസ്ഥ. അത് ഇതുവരെ നടന്നിട്ടില്ല. കിഫ്ബി വഴി തുക സ്വരൂപിക്കുന്നത് എങ്ങനെയാണെന്ന് ഞാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ചോദിച്ചപ്പോൾ, കെ.എസ്.എഫ്.ഇ.-യ്ക്ക് പ്രവാസി ചിട്ടികൾ തുടങ്ങുവാൻ ആദ്യം അംഗീകാരം കിട്ടിയെന്നും ഇരുപത്തയ്യായിരം കോടി രൂപയുടെ പ്രവാസി ചിട്ടികൾ ഉടനെ ആരംഭിക്കുമെന്നും ഇപ്രകാരം ചിട്ടികൾ ആരംഭിക്കുമ്പോൾ ഇരുപത്തയ്യായിരം കോടി രൂപ സെക്യൂരിറ്റി തുക കിട്ടുമെന്നും അത് കെ.എസ്.എഫ്.ഇ.-യ്ക്ക് കിട്ടിയാൽ കിഫ്ബിയിൽ നിക്ഷേപിക്കുമെന്നും അതുവച്ച് പദ്ധതികൾ തുടങ്ങുമെന്നുമാണ് പറഞ്ഞത്. ഇതെല്ലാം മലർപ്പൊടിക്കാരന്റെ സ്വപ്നം പോലെയാണ്. ഇതെല്ലാം നടക്കണമെങ്കിൽ പാർലമെന്റ് പാസ്സാക്കിയ ചിട്ടി നിയമത്തിൽ ഭേദഗതി വരുത്തണം. അങ്ങനെ ഭേദഗതി വരുത്തിയിട്ടുണ്ടോ; അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? അത് ചെയ്തിട്ടില്ല. കിഫ്ബി-യ്ക്ക് കഴിഞ്ഞ വർഷം വകമാറ്റിക്കൊടുത്ത 849 കോടി രൂപ മാത്രമേയുള്ളൂ. അതും സി &എ.ജി. ഒബ്ജക്ട് ചെയ്തിരിക്കുകയാണ്. കിഫ്ബി വഴി നടത്തുമെന്ന് പ്രഖ്യാപിച്ച ഒരു പദ്ധതിയും നടത്തുവാൻ സാധിക്കുകയില്ലെന്ന് ധനകാര്യ വകുപ്പുമന്ത്രിക്കറിയാം. സംസ്ഥാനത്തിന്റെ ക്രമസമാധാന ചുമതലയുള്ള ഒരുദ്യോഗസ്ഥൻ സുപ്രീംകോടതിയിൽ ഉന്നയിച്ചിട്ടുള്ള ആരോപണങ്ങൾ നമുക്ക് ഭൂഷണമാണോ? സർക്കാരിന് അത് നാണക്കേടാണ്. ഞാനിന്നലെ കാരുണ്യ പദ്ധതി നിർത്തലാക്കുന്നതിനെതിരെ നിരാഹാര സത്യാഗ്രഹം ഇരുന്നു. ഇക്കാര്യത്തിൽ പൊതുജനങ്ങളും സർക്കാരിന് എതിരാണെന്ന് കണ്ടപ്പോൾ ഇപ്പോൾ ഈ പദ്ധതി നിർത്തുന്നില്ല, കുറേക്കാലം മുന്നോട്ട് പോകട്ടെയെന്നും പിന്നീട് ഇത് വേറെ പദ്ധതികളുമായി സംയോജിപ്പിക്കുമെന്നും പറഞ്ഞു. വളരെ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്ന ഒരു പദ്ധതിയെ എന്തിനാണ്

വേറൊരു പദ്ധതിയുമായി സംയോജിപ്പിക്കുന്നത്; പൊൻമുട്ടയിടുന്ന താറാവിനെ എന്തിനാണ് കൊല്ലുന്നത്? യു.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന ഒരു പദ്ധതിയായതു കൊണ്ട് അതിനെ നശിപ്പിക്കുന്നതെന്തിനാണ്? അങ്ങനെയാണെങ്കിൽ നിങ്ങളുടെ സർക്കാരിന്റെ കാലത്ത് കൊണ്ടുവന്ന പദ്ധതികളെല്ലാം ഞങ്ങൾ റദ്ദ് ചെയ്യണ മായിരുന്നോ? സർക്കാരുകൾ മാറിമാറി വരും. ഒരു സർക്കാർ കൊണ്ടുവന്ന പദ്ധതികൾ നല്ലതാണെങ്കിൽ അത് നശിപ്പിക്കാൻ പാടില്ലെന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ.

ഞാൻ ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ ലോട്ടറി വരുമാനം 587 കോടി രൂപയായിരുന്നു. യു.ഡി.എഫ്. സർക്കാർ അധികാരമൊഴിയുമ്പോൾ അത് 6350 കോടി രൂപയായി വർദ്ധിച്ചു. അന്യസംസ്ഥാന ലോട്ടറി ബാൻ ചെയ്തതുകൊണ്ടാണ് വരുമാന വർദ്ധനവുണ്ടായത്. സർക്കാർതന്നെ പുതിയൊരു ലോട്ടറി നടത്താൻ തുടങ്ങി. അതിൽ നിന്നുള്ള വരുമാനമാണ് വാസ്തവത്തിൽ കാരുണ്യ പദ്ധതിക്കായി ഉപയോഗപ്പെടുത്തിയത്. കർഷകത്തൊഴിലാളി പെൻഷൻ മുടങ്ങിക്കിടക്കുന്നു. റബ്ബർ മേഖലയ്ക്കായി അമുൽ മോഡൽ സഹകരണ സംവിധാനം സ്ഥാപിക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. അത് നടപ്പിലാകുന്നതുവരെ വിലസ്ഥിരതാ ഫണ്ട് തുടരണമെന്നാണ് എന്റെ അഭിപ്രായം. 85 രൂപയായിരുന്നപ്പോഴാണ്, ഞാൻ ധനകാര്യ വകുപ്പുമന്ത്രിയായിരിക്കുമ്പോൾ വില സ്ഥിരതാ ഫണ്ട് 180 രൂപയായി ഉറപ്പുവരുത്താനുള്ള പദ്ധതി കൊണ്ടുവന്നത്. ഓരോ കിലോഗ്രാമിനും 65 രൂപയാണ് സബ്സിഡി നൽകിക്കൊണ്ടിരുന്നത്. ഒരു കിലോഗ്രാമിന് 200 രൂപ വച്ച് റബ്ബർ സംഭരിക്കുക എന്നതാണ് മാറിയ സാഹചര്യത്തിൽ ആവശ്യമായിട്ടുള്ളതെന്ന് ഞാൻ പ്രത്യേകം പറയുകയാണ്. ഇത്രയും പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു. എല്ലാവർക്കും നന്ദി.

<u>ശ്രീമതി ഗീതാ ഗോപി</u>: സർ, ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ടുള്ള പ്രമേയത്തെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. ഏകദേശം 115 വർഷത്തിനിടയിൽ കേരളം കണ്ടിട്ടില്ലാത്ത രൂക്ഷമായ കൊടും ചൂടിനാണ് നമ്മൾ സാക്ഷ്യം വഹിക്കുന്നത്. ഈയവസരത്തിൽ സുഗതകുമാരി ടീച്ചറിന്റെ കവിതയിലെ രണ്ടുവരി ഞാൻ ഇവിടെ പ്രതിപാദിക്കുകയാണ്;

"ഇരുളിൽ തിളങ്ങുമീ പാട്ടുകേൾക്കാൻ

കൂടെ മരമുണ്ട്, മഴയുണ്ട്, കുളിരുമുണ്ട്

നിഴലുണ്ട്, പുഴയുണ്ട്, തലയാട്ടുവാൻ താഴെ

വഴിമരച്ചോട്ടിലെ പുല്ലുമുണ്ട്."

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിന്റെ ഇന്നത്തെ അവസ്ഥ എവിടെ എത്തിനിൽക്കുന്നുവെന്ന് നമ്മൾ തിരിച്ചറിയണം. ശ്രീ. പിണറായി വിജയൻ നയിക്കുന്ന സർക്കാർ വിഭാവന ചെയ്ത് നടപ്പിലാക്കിവരുന്ന ഹരിതകേരളം പദ്ധതിയെ ഈയവസരത്തിൽ സ്മരിക്കുകയാണ്. ഭൂമിയിൽ മനുഷ്യന്റെ ആവാസ വ്യവസ്ഥയുടെ നിലനിൽപ്പിനുവേണ്ടിയുള്ള പദ്ധതിയാണ് ഹരിത കേരളം പദ്ധതി. രണ്ടു വർഷം മുൻപ് കേന്ദ്രം ഭരിച്ച കോൺഗ്രസ് രാജ്യത്തെ നശിപ്പിച്ച് മോദിക്ക് നൽകിയശേഷം കേന്ദ്ര ഭരണത്തിൽ ഇക്കഴിഞ്ഞ കാലയളവിൽ നമ്മൾ കണ്ട ചിത്രം എന്തായിരുന്നു; സമ്പന്നനും ദരിദ്രനും തമ്മിലുള്ള അന്തരം വർദ്ധിച്ചുവരിക യാണെന്നുള്ള വസ്തുത നമ്മൾ തിരിച്ചറിഞ്ഞില്ലേ; കഴിഞ്ഞ രണ്ടു വർഷം കൊണ്ട് സമ്പന്നരുടെ ഉപഭോഗം എത്രകണ്ടു വർദ്ധിച്ചുവെന്ന് നമ്മൾ തിരിച്ചറിഞ്ഞില്ലേ; 12 ഇരട്ടിയാണ് വർദ്ധിച്ചിരിക്കുന്നത്. അവരുടെ വരുമാനത്തിലുണ്ടായ വർദ്ധനവ് 15 ഇരട്ടിയാണ്. കേന്ദ്രം ഭരിക്കുന്ന ശ്രീ. നരേന്ദ്ര മോദി സർക്കാരും രണ്ടുവർഷം മുൻപ് കേന്ദ്രം ഭരിച്ചിരുന്ന ഡോ. മൻമോഹൻ സിംഗ് സർക്കാരും എന്നും സമ്പന്നരുടെ കൂടെയാണ്. ഞാനൊരുദാഹരണം പറയാം, നോട്ട് നിരോധനത്തിൽ ഏതെങ്കിലും വൻകിടക്കാരൻ വ്യാപാരം തകർന്ന് ആത്മഹത്യ ചെയ്തിട്ടുണ്ടോയെന്ന് പരിശോധി ക്കണം. എന്നാൽ നോട്ട് നിരോധനത്തിൽ പാവപ്പെട്ട കച്ചവടക്കാരൻ ആത്മഹത്യ ചെയ്തു, മകളുടെ കല്യാണം മുടങ്ങിയതിൽ മനംനൊന്ത് അമ്മ ആത്മഹത്യ ചെയ്തു, ചികിത്സകൾ മുടങ്ങി പാവപ്പെട്ട കർഷകർ നട്ടം തിരിയുന്ന സന്ദർഭമുണ്ടായി. കർഷകൻ തന്റെ കൃഷിയിടത്തിൽ ജോലി ചെയ്താൽ കിട്ടുന്ന വേതനംപോലും ബാങ്ക് വഴിയും എ.ടി.എം. വഴിയും കിട്ടുന്ന സാഹചര്യത്തിലേയ്ക്കെത്തി. സമൂഹത്തിലെ സമ്പന്നരെ മാത്രം സംരക്ഷിക്കുകയെന്ന മോദിജിയുടെയും അന്ന് കോൺഗ്രസ് ഭരിച്ചിരുന്ന യു.പി.എ. സർക്കാരിന്റെയും യഥാർത്ഥ മുഖം നമ്മൾ കണ്ടില്ലേ? ഇവിടെ സാധാരണക്കാരുടെയും തൊഴിലാളികളുടെയും പക്ഷത്തുനിന്നുമാത്രമേ ചിന്തിക്കാനാകൂവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വാക്കുകളിൽനിന്ന് പ്രകടമായില്ലേ? ഏത് രീതിയിലൂടെയാണ് വന്നതെന്ന വ്യക്തമായ അവബോധം ഞങ്ങൾക്കുണ്ടെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ വ്യക്തമാക്കി; പാവപ്പെട്ടവന്റെയും സാധാരണക്കാരന്റെയും പക്ഷത്തുനിന്നു കൊണ്ടുമാത്രമേ ഈ സർക്കാരിന് മുന്നോട്ടുപോകാൻ കഴിയുകയുള്ളൂവെന്ന കാര്യം പ്രതിപക്ഷംകൂടി ഉൾക്കൊള്ളണ മെന്നാണ് എനിക്ക് പറയാനുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വെറും ഒൻപത് മാസത്തിനുള്ളിൽ ധാരാളം ജനകീയ പ്രവർത്തനങ്ങൾ നടപ്പിലാക്കി. ഈ സർക്കാർ ഒന്നും ചെയ്തില്ലെന്ന് പറയുന്ന പ്രതിപക്ഷം കഴിഞ്ഞ അഞ്ചുവർഷം എവിടെയായിരുന്നു? സുതാര്യതയുടെ അർത്ഥം

എന്താണെന്നാണ് മനസ്സിലാക്കേണ്ടത്; സുതാര്യതയെന്നാൽ, മുഖ്യമന്ത്രിയുടെ ഓഫീസിൽ വളരെ കൃത്യതയോടും അടുക്കും ചിട്ടയോടെയും നയപരമായും ഏത് തരത്തിലുള്ള ക്രമപ്രശ്നങ്ങളും ഉന്നയിക്കാൻ സധൈര്യത്തോടുകൂടി ഏതൊരു ജനപ്രതിനിധിക്കും കടന്നുകയറാൻ സാധിക്കുമെന്നുള്ളതാണ്. കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഓഫീസിൽ നടന്നത് എന്തായിരുന്നു? ആ സുതാര്യത ഇടതുപക്ഷ നേതാക്കന്മാരെയോ ഭരിക്കുന്ന ജനപ്രതിനിധികളെയോ മുഖ്യമന്ത്രിയെയോ ബോധ്യപ്പെടുത്താൻ പ്രതിപക്ഷത്തിനാകില്ല. അവർ സ്വയം പരിശോധിക്കണം. വരും വർഷങ്ങളിൽ ഏത് രീതിയിലാണ് കേരളത്തിന്റെ ഭരണകേന്ദ്രങ്ങൾ സുതാര്യമായി മുന്നോട്ട് കൊണ്ടുപോകുന്നതെന്ന് കാണാൻ സാധിക്കും. വെറും ഒൻപത് മാസം തികഞ്ഞ സർക്കാരിനെ കൊഞ്ഞനം കുത്തുന്ന രീതിയിലുള്ള വിമർശനങ്ങളുന്നയിക്കുന്നത് ഒരു ജനാധിപത്യ സംവിധാനത്തിന് നിരക്കാത്തതാണ്. ലോകം മുഴുവൻ കാണാൻ സാധിച്ചിരുന്ന മുൻ മുഖ്യമന്ത്രിയുടെ ഓഫീസിൽ എന്താണ് സംഭവിച്ചതെന്ന് എല്ലാവർക്കും അറിയാമല്ലോ; സരിതയും ജിക്കുമോനും ജോപ്പനും ആരാണെന്ന് ചോദിച്ചാൽ അംഗൻവാടിയിലെ കുട്ടികൾവരെ പറയും. ഇടതുപക്ഷ സർക്കാർ വാക്കിൽ മാത്രമല്ല, പ്രവൃത്തിയിലും സുതാര്യത ഉറപ്പിക്കുന്നു. തെറ്റുപറ്റിയാൽ തിരുത്താനുള്ള ചങ്കൂറ്റം ഈ സർക്കാരിനുണ്ട്. സത്യം തുറന്നുപറയാനുള്ള ആർജ്ജവമുള്ള സർക്കാരാണ് ഒൻപത് മാസങ്ങൾക്കുള്ളിൽ കേരളത്തിൽ ഭരണത്തിലേറി മുന്നോട്ടുപോകുന്നത്. ജനകീയമായും ജനക്ഷേമകരവുമായിട്ടുള്ള വികസനകാര്യങ്ങളിൽ വളരെ തൽപ്പരതയോടുകൂടി മുന്നോട്ടുപോകാൻ ഈ സർക്കാരിന് പ്രതിബദ്ധതയുണ്ട്. ഈ സർക്കാർ എല്ലാ സ്ത്രീകളെയും സമഭാവന യോടുകൂടിയാണ് കാണുന്നത്. കലാകാരിയുടെയും വിദ്യാർത്ഥിനിയുടേയും വീട്ടമ്മയുടേയും ദളിത് ന്യൂനപക്ഷങ്ങളുടേയും മാനാഭിമാനങ്ങളെ തുല്യനീതിയോടെയാണ് പരിഗണിക്കുന്നതെന്ന് കഴിഞ്ഞ ദിവസം ഒരു പ്രശസ്ത നടിക്കുണ്ടായ ആക്രമണത്തിന് കാരണക്കാരനായ കുറ്റവാളിയെ പിടിക്കാൻ ആഭ്യന്തര വകുപ്പിന്റെയും മുഖ്യമന്ത്രിയുടെയും സത്യസന്ധമായ പ്രവർത്തനത്തിൽനിന്നും കേരളം കണ്ടതല്ലേ? കഴിഞ്ഞ രണ്ട് വർഷം മുമ്പ് കോൺഗ്രസ്സ് ഓഫീസിലെ തൂപ്പുകാരിയായ രാധ എന്ന പാവപ്പെട്ട സ്ത്രീ കോൺഗ്രസ് ഓഫീസിൽ വച്ച് ദാരുണ പീഡനത്തിന് ഇരയായപ്പോൾ എവിടെയായിരുന്നു അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന, ഇന്നത്തെ പ്രതിപക്ഷ നേതാവ്, ശ്രീ. രമേശ് ചെന്നിത്തല? ഇത്തരം കാര്യങ്ങൾ പ്രതിപാദിക്കാൻ ഇവർക്ക് എന്ത് ന്യായമുണ്ട്? ഈ കാര്യത്തിൽ സത്യസന്ധവും നീതിപൂർവ്വവും വ്യക്തതയോടും ദിശാബോധത്തോടെയും നിശ്ചയദാർഢ്യത്തോടെയുമുള്ള ഒരു സർക്കാരിന്റെ പ്രവർത്തനങ്ങളെ പൂർണ്ണമായി പിന്തുണയ്ക്കുകയാണ് വേണ്ടത്. പുരുഷൻ സ്ത്രീയെ മാനഭംഗപ്പെടുത്തി വരുതിക്ക് നിർത്താൻ ശ്രമിക്കുന്നതിന് ഭാരത ചരിത്രത്തോളം

പഴക്കമുണ്ട്. ഉദാഹരണത്തിന്, സഹോദര പതിയായ ദ്രൗപദിയെ വിവസ്ത്രയാക്കാൻ ശ്രമിച്ച കൗരവ സഹോദരന്മാരുടെ രക്തം സിരയിലുള്ള ബി.ജെ.പി.-ക്കാർ കാർഗിൽ യുദ്ധത്തിൽ രക്തസാക്ഷിയായി വീരമൃത്യു വരിച്ച ജവാന്റെ മകളായ ഗുർമെഹർ കൗറിനെതിരെ ഇന്ന് മാനഭംഗ ഭീഷണി മുഴക്കിയിരിക്കുകയാണ്. ആ കുട്ടി എന്ത് കുറ്റം ചെയ്തുവെന്ന് വ്യക്തമാക്കണം; ബി.ജെ.പി.-യുടെ തെറ്റായ നയങ്ങളെ വിമർശിച്ചതിന് മാനഭംഗപ്പെടുത്തുമെന്ന് എഴുതി പോസ്റ്റ് ചെയ്യാൻ പാകത്തിന് ഒരു ബി.ജെ.പി.ക്കാരന്റെ സംസ്കാരം വളർന്നിരിക്കുന്നുവെന്ന വസ്തുത ബഹുമാനപ്പെട്ട അംഗങ്ങൾ മനസ്സിലാക്കുന്നതിനാണ് ഈ കാര്യങ്ങൾ ഞാൻ ഉദ്ധരിച്ചത്.

വളരെ ദീർഘമായ വികസന കാഴ്ചപ്പാടാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ഏറ്റെടുത്തിട്ടുള്ളത്. മത്സ്യബന്ധനം, വിദ്യാഭ്യാസം, ആരോഗ്യം, കൃഷി, വ്യവസായം, സഹകരണം, ടൂറിസം, കുടിവെള്ളം, തൊഴിൽ, സ്ത്രീ സുരക്ഷ എന്നീ മേഖലകളിലെല്ലാം ജനകീയ മാറ്റങ്ങൾ വരുത്തി ഈ സർക്കാർ മുന്നോട്ടുപോകുകയാണ്. കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ മൂന്നരക്കോടി ജനങ്ങളുള്ള കേരളത്തിന്റെ വികസനത്തിനായി എന്തെങ്കിലും പദ്ധതികൾ വിഭാവന ചെയ്തുവെന്ന് പറയാൻ യു.ഡി.എഫ്. സർക്കാരിന് സാധിച്ചിട്ടുണ്ടോ? ഓരോ വിദ്യാർത്ഥിയും മനുഷ്യനാകുന്നത് അവന്റെ വിദ്യാഭ്യാസത്തിലൂടെയാണ്. ആയിരം സ്കൂളുകൾ മികവിന്റെ പാതയിലെത്തിക്കുമെന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് പറഞ്ഞു. അദ്ദേഹത്തിന്റെ നിശ്ചയദാർഢ്യമുള്ള വാക്കുകൾ വെറും കടലാസിലൊതുങ്ങുന്നതല്ല. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ ഇവിടെ എന്താണ് ചെയ്തത്; എന്നാണ് കുട്ടികൾക്ക് യൂണിഫോമും പാഠപുസ്തകങ്ങളും കിട്ടിയിരുന്നത്; ഉച്ചഭക്ഷണംപോലും നിലനിർത്താൻ കഴിയാത്ത യു.ഡി.എഫ്. സർക്കാർ എന്ത് നേട്ടത്തിന്റെ പേരിലാണ് ഈ ഒൻപത് മാസം തികഞ്ഞ സർക്കാരിനെ നിശിതമായി വിമർശിക്കുന്നത്. കേരളത്തിലെ 140 മണ്ഡലങ്ങളിലേയും വിദ്യാലയങ്ങളിൽ ചലനമുണ്ടായി എന്ന വസ്തുത പറയാതിരിക്കാൻ സാധിക്കില്ല, എല്ലാ സ്കൂളുകളേയും അന്തർദ്ദേശീയ നിലവാരത്തിലെത്തിക്കാൻ കഴിയും. എല്ലാ എം.എൽ.എ.- മാരുടെയും എം.പി.-മാരുടെയും സാമ്പത്തിക ഫണ്ട് വിനിയോഗിച്ച് അവരവരുടെ മണ്ഡലങ്ങളിലെ സ്കൂളുകളെ മികവിന്റെ പാതയിലേയ്ക്കെത്തിക്കാൻ, അന്തർദ്ദേശീയ നിലവാരത്തിലേയ്ക്കെത്തിക്കാൻ ആയിരം സ്കൂളുകൾ ഹൈടെക് സ്കൂളുകളാക്കാൻ കഴിയുമെന്ന വസ്തുത പ്രസ്താവനയിലൊതുക്കാതെ അത് പ്രാവർത്തികമാക്കി എന്നുള്ള വസ്തുത നമ്മൾ തിരിച്ചറിയണം. അത് തിരിച്ചറിയാതെ പോകുന്ന പ്രതിപക്ഷത്തിന്റെ ഇത്തരം ഗൂഢനിലപാടുകളെല്ലാം വെറും പ്രഹസനമാണ്. ഈ സർക്കാർ സത്യസന്ധമായും നീതിപൂർവ്വമായും പ്രതിബദ്ധതയോടെയും

മുന്നോട്ടുപോകുകയാണ്. അദ്ധ്വാനിക്കുന്ന തൊഴിലാളി പ്രസ്ഥാനത്തിന്റെയും പാവപ്പെട്ട കൃഷിക്കാരുടെയും ചുമട്ടുതൊഴിലാളികളുടെയും വിയർപ്പു തൊട്ടറിഞ്ഞ വ്യക്തിത്വത്തിനുടമയാണ് സഖാവ് പിണറായി വിജയൻ. ഈ സർക്കാരിന്റെ വികസന നയങ്ങളായ, ആർദ്രം, എല്ലാവർക്കും വീട്, എല്ലാവർക്കും വൈദ്യുതി, എല്ലാവർക്കും ഭക്ഷണം, എല്ലാവർക്കും വിദ്യാഭ്യാസം തുടങ്ങിയ പദ്ധതികൾ ഏറ്റെടുത്ത് അവരവരുടെ മണ്ഡലങ്ങളിൽ ശക്തിയുക്തം പ്രതീകാത്മകമായി സത്യസന്ധതയോടും നീതിയോടുംകൂടി പ്രവർത്തിക്കാനും ഈ സർക്കാരിന് ശക്തി പകരാനും ഞങ്ങൾ പ്രതിജ്ഞാബദ്ധരാണെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. വി. ടി. ബൽറാം: സർ, ഞാൻ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. ബഹുമാന്യനായ ഗവർണർ ഇവിടെ രണ്ടര മണിക്കൂർ നീണ്ട ഒരു പ്രസംഗം നടത്തി. അത് നയപ്രഖ്യാപന പ്രസംഗമാണോ ബഡ്ജറ്റ് പ്രസംഗമാണോയെന്ന സംശയം സ്വാഭാവികമായി നമ്മുടെ എല്ലാവരുടെയും മനസ്സിലുണ്ടായി. നയപ്രഖ്യാപന പ്രസംഗത്തിനുവേണ്ട ഒരു ബ്രോഡ് പോളിസി ഔട്ട്‌ലൈനല്ല അതിൽ കാണാൻ സാധിച്ചത്. വളരെ സ്പെസിഫിക്കായി ചില പ്രോജക്ടുകളുടെ പേര് പറയുന്നു, ചില കാര്യങ്ങളിൽ തുകയുൾപ്പെടെ പറയുന്നു. ഒരു ബഡ്ജറ്റ് അവതരിപ്പിക്കപ്പെട്ടതു പോലെയാണ് തോന്നിയത്. ഇവിടെ പറഞ്ഞ കാര്യങ്ങളിൽ ഒട്ടും ആത്മാർത്ഥത കാണാൻ സാധിക്കുന്നില്ല. കഴിഞ്ഞ വർഷം ഇതേ രീതിയിൽ ഒരു പ്രസംഗം നടത്തി, അന്നും ഇതുപോലെ നീണ്ട പ്രസംഗമായിരുന്നു. പക്ഷേ ആ പ്രസംഗത്തിനു ശേഷം ബഡ്ജറ്റ് വന്നു, അതിനുശേഷം ഒരു വർഷത്തെ ഈ സർക്കാരിന്റെ പ്രവർത്തനം വിലയിരുത്താൻ അവസരം ലഭിച്ചു, ഇപ്പോഴും ആ പഴയ പ്രഖ്യാപനങ്ങൾ പ്രഖ്യാപനങ്ങളായി തന്നെ നിൽക്കുകയാണ്. ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച കഴിഞ്ഞ ബഡ്ജറ്റിൽ കിഫ്ബിയെക്കുറിച്ചും അതിൽ നടത്തുന്ന 20,000 കോടി രൂപയുടെ വികസനപ്രവർത്തനങ്ങളെക്കുറിച്ചും പറഞ്ഞപ്പോൾ എവിടെനിന്നാണ് ഈ തുക വരുന്നത്; ഒരുവർഷം കൊണ്ട് ഇതെങ്ങനെയാണ് നടപ്പിലാക്കുന്നത്; അടുത്ത വർഷം തികയുന്നതിനുമുമ്പ് ഇതിൽ എത്ര ശതമാനം പദ്ധതികൾ യാഥാർത്ഥ്യമാക്കാൻ സാധിക്കും തുടങ്ങി സ്വാഭാവികമായും ഉണ്ടാകാവുന്ന സംശയങ്ങൾ ഞങ്ങളെപ്പോലുള്ള ചില ആളുകൾ ഉന്നയിച്ചപ്പോൾ ഞങ്ങളെ സാമ്പത്തിക കുറ്റവാളികളെന്നാണ് ഭരണപക്ഷത്തെ ചില വനിതാ മെമ്പർമാർ വിശേഷിപ്പിച്ചത്. ഞാൻ ചോദിക്കട്ടെ, ഈ സർക്കാരിന്റെ ഭരണം ഒരു വർഷം പൂർത്തീകരിച്ചല്ലോ, കിഫ്ബിയിൽ പ്രഖ്യാപിച്ച 20,000 കോടി രൂപയിൽ എത്ര കോടി രൂപയുടെ എ.എസ്. കൊടുക്കാൻ സാധിച്ചിട്ടുണ്ട്; എത്ര കോടി രൂപയുടെ വർക്ക് ടെണ്ടർ ചെയ്തിട്ടുണ്ട്? അഞ്ചുവർഷത്തെ പദ്ധതികൾ ഒറ്റയടിക്ക് ഒരു ബഡ്ജറ്റിലൂടെയാണ് അവതരിപ്പിക്കുന്നത്. സ്വാഭാവികമായും ആ പദ്ധതികളുടെ ലിസ്റ്റിന് നീളം കൂടും. ഒരു വർഷം കഴിഞ്ഞാൽ ഇതിന്റെ കണക്കെടുപ്പ് വരുമെന്ന ഓർമ്മ നിങ്ങൾക്ക് വേണമായിരുന്നു. കഴിഞ്ഞ

ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട ഏത് പദ്ധതി ഏതളവുവരെ മുന്നോട്ടുപോയെന്ന് വ്യക്തമാക്കാനുള്ള ഉത്തരവാദിത്തം ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനുമുമ്പ് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഏറ്റെടുക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. എല്ലാം ശരിയാകുമെന്ന കപടമുദ്രാവാക്യം ഉയർത്തിക്കൊണ്ടാണ് ഈ സർക്കാർ അധികാരത്തിലേറിയത്. എല്ലാം ശരിയാക്കുന്നതിനുപകരം എല്ലാം കുളമാക്കുന്ന അവസ്ഥയാണ് ഒരുവർഷത്തിനകം നമുക്ക് കാണാൻ സാധിച്ചത്.

അരിവില ഹാഫ് സെഞ്ച്വറിയിൽ നിൽക്കുകയാണ്. ബഹുമാന്യനായ ഉമ്മൻചാണ്ടി ഭരിച്ചിരുന്ന സമയത്ത് ഒരു രൂപയ്ക്ക് ഒരു കിലോ അരി കിട്ടുമായിരുന്നു. ഇപ്പോൾ ഒരു ഡോളറിന് ഒരു കിലോ അരി കിട്ടുന്ന അവസ്ഥയിലേയ്ക്ക് കേരളം മാറിയിരിക്കുകയാണ്. ഒരു വർഷം കൊണ്ട് കേരളത്തെ അമേരിക്കയാക്കുകയാണ് ഈ സർക്കാർ. ബഹുമാന്യനായ ഭക്ഷ്യവകുപ്പുമന്ത്രി അരിക്കട തുടങ്ങുമെന്ന് പറയുന്നത് കേൾക്കുമ്പോൾ നമ്മളെല്ലാം വിചാരിക്കും ആ പ്രശ്നം അതോടുകൂടി പരിഹരിക്കപ്പെടുമെന്ന്. എത്ര അരിക്കടയാണ് തുടങ്ങുന്നത്? തിരുവനന്തപുരത്തും കൊച്ചിയിലും കോഴിക്കോട്ടുമായി മൂന്ന് അരിക്കടയാണ് തുടങ്ങുന്നത്. ഒരു കോടി ആളുകൾക്ക് ഒരു അരിക്കട എന്ന രീതിയിൽ മൂന്ന് കോടി ജനങ്ങളുള്ള കേരളത്തിൽ മൂന്ന് അരിക്കട തുടങ്ങുകയാണ്. ആ അരിക്കടയിൽ മറ്റ് മാർക്കറ്റിൽനിന്നും എന്തെങ്കിലും വിലക്കുറവുണ്ടോ? ഒരു വിലക്കുറവുമില്ല എന്നതാണ് സത്യം. ഇവിടെ പൊതുവിതരണ സമ്പ്രദായത്തെ പൂർണ്ണമായി തകർത്തു. നവംബർ-ഡിസംബർ മാസത്തിൽ കേന്ദ്രത്തിൽനിന്നും ലഭ്യമായ അരിപോലും വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല. അതാണ് ഈ പ്രതിസന്ധിയുണ്ടാക്കിയത്. ഞാനോർക്കുകയാണ് കഴിഞ്ഞ സഭാ സമ്മേളനത്തിന്റെ അവസാനദിവസം അടിയന്തരപ്രമേയാവതരണ ത്തിന് അനുമതി തേടിക്കൊണ്ട് ഞാൻ സംസാരിക്കവെ സർക്കാർ ഈ വിഷയം ഗൗരവമായി എടുക്കണമെന്നും മുഖ്യമന്ത്രി കേന്ദ്രത്തിൽ പോയി പ്രധാനമന്ത്രിയെ കാണണമെന്നും പറഞ്ഞതാണ്. നവംബറിൽ പറഞ്ഞ കാര്യത്തിനുവേണ്ടി മുഖ്യമന്ത്രി കേന്ദ്രത്തിൽ പോയത് ഈ ഫെബ്രുവരി മാസമാണ്. കേന്ദ്രമന്ത്രിക്ക് അദ്ദേഹത്തെ തിരിച്ചറിയാൻപോലും സാധിച്ചില്ല. കേന്ദ്രമന്ത്രിയുടെ ഫെയ്സ്ബുക്ക് കുറിപ്പിൽ ശ്രീ. പനീർ സെൽവം എന്നാണിട്ടത്. അത് കേന്ദ്രമന്ത്രിക്ക് പറ്റിയ തെറ്റാണ്. ഞാൻ മുഖ്യമന്ത്രിയെ കുറ്റംപറയുന്നില്ല. ആ അവസ്ഥ മാറണം.

ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ പെൻഷൻ എല്ലാ മാസവും വീട്ടിലെത്തിച്ചുകൊടുക്കുമെന്ന് പറഞ്ഞു. ആദ്യത്തെ തവണ ഓണത്തിന് പെൻഷൻ നൽകി. ഫെയ്സ്ബുക്കിലൊക്കെ വലിയ പ്രചരണമായിരുന്നു. ഏരിയ സെക്രട്ടറിമാരും ഡി.വൈ.എഫ്.ഐ.-യുടെ നേതാക്കളും നേരിട്ടുപോയാണ് നൽകിയത്. അതിനു ശേഷം എല്ലാ മാസവും വീട്ടിൽ പെൻഷൻ എത്തിച്ചുകൊടുക്കാൻ സാധിക്കുന്നുണ്ടോ? ജനങ്ങൾക്കുമുമ്പിൽ ചില കപട വാഗ്ദാനങ്ങൾ വയ്ക്കുകയാണ്. ചില കാര്യങ്ങൾ പ്രതീകാത്മകമായി ചെയ്ത് അതിന്റെ ഭാഗമായി ഞങ്ങളെല്ലാം ശരിയാക്കുന്നുവെന്ന്

പറയുകയാണ്. ഒരു സ്കൂൾ ഏറ്റെടുത്തതിന്റെ പേരിൽ വിദ്യാഭ്യാസം ഞങ്ങൾ പൂർണ്ണമായി സംരക്ഷിച്ചുവെന്ന് പറയുന്നു. ഈയൊരു വർഷംകൊണ്ട് എത്ര ഹൈടെക് സ്കൂളുകൾ ഉണ്ടായിട്ടുണ്ട്; ഇന്റർനാഷണൽ സ്കൂളുകൾ ഉണ്ടായിട്ടുണ്ട്? ഞങ്ങളൊക്കെ മീറ്റിംഗ് നടത്തി പേരുകൾ നിർദ്ദേശിച്ചു. അതൊക്കെ അവിടെത്തന്നെ നിൽക്കുകയാണ്. എല്ലാ പദ്ധതികളും പ്രഖ്യാപന രൂപത്തിൽ നിൽക്കുന്നതുകൊണ്ടാണ് ഞങ്ങൾക്ക് അങ്ങനെ പറയേണ്ടിവന്നത്. ഇതൊന്നും ഒരു വർഷം കൊണ്ട് യാഥാർത്ഥ്യമാകുന്നതല്ല. പ്രഖ്യാപനങ്ങളിലെ പദ്ധതികളുടെ ലിസ്റ്റ് കണ്ട് നിങ്ങൾ അമിതമായി ആഹ്ലാദിക്കരുത്. യാഥാർത്ഥ്യബോധത്തോടുകൂടി കാര്യങ്ങൾ കാണാമെന്ന് ഞങ്ങൾ അന്ന് പറഞ്ഞപ്പോൾ ഞങ്ങളെ ആക്ഷേപിക്കുകയായിരുന്നു.

ഇവിടെ അഴിമതിയെക്കുറിച്ച് പറഞ്ഞു. ബഹുമാനപ്പെട്ട കെ. ബി. ഗണേഷ് കുമാർ പ്രധാനപ്പെട്ട ഒരു കാര്യമാണ് പറഞ്ഞത്. അഴിമതി അന്വേഷിക്കണം. അങ്ങോട്ടുമിങ്ങോട്ടും വിരൽ ചൂണ്ടുകയല്ല വേണ്ടത്. ഭരണപക്ഷത്തിനെതിരെ ഒരു വിരൽ ചൂണ്ടിയാൽ പ്രതിപക്ഷത്തിന് നേരെ നാല് വിരലുകൾ ചൂണ്ടപ്പെടുമെന്ന് അദ്ദേഹം പറഞ്ഞു. നാലും ഒന്നും അഞ്ച് വിരലും ഏതൊക്കെ ദിശയിലേയ്ക്കാണ് ചൂണ്ടപ്പെടുന്നതെന്ന് അന്വേഷിക്കാനുള്ള ഉത്തരവാദിത്വം നിങ്ങൾക്കുണ്ട്. നിങ്ങൾ അവിടത്തെ ഒരു വിരലിന്റെയും ഇവിടത്തെ നാലുവിരലുകളുടെയും ദിശ അന്വേഷിക്കണം. ഒരു പ്രശ്നവുമില്ല. അഴിമതിക്കാരൊക്കെ നിയമത്തിന്റെ മുന്നിൽ വരട്ടെ. കഴിഞ്ഞ സർക്കാരിന്റെ അവസാനത്തെ ക്യാബിനറ്റ് യോഗ തീരുമാനങ്ങൾ മുഴുവൻ അബദ്ധമായിരുന്നു, അതൊക്കെ പുനഃപരിശോധിക്കാനായി ശ്രീ. എ. കെ. ബാലനെ കൺവീനറാക്കി ഒരു കമ്മിറ്റി രൂപീകരിച്ചുവെന്നാണ് മനസ്സിലാക്കുന്നത്. എത്ര തീരുമാനങ്ങളാണ് അതിന്റെ ഭാഗമായി അങ്ങ് റദ്ദാക്കാൻ തയ്യാറായത്; ആരൊക്കെയാണ് തെറ്റായ തീരുമാനങ്ങളെടുത്തത്; അതിൽ എത്ര പേർക്കെതിരെ കേസ്സെടുത്തു; യാതൊന്നും ചെയ്തില്ല. വെറുതെ ആക്ഷേപങ്ങൾ ഉന്നയിക്കുക എന്നല്ലാതെ ഒട്ടും ആത്മാർത്ഥതയില്ലാത്ത സമീപനമാണ് അഴിമതിയുടെ കാര്യത്തിലടക്കമുണ്ടായത്. അധികാരത്തിലേറി 150 ദിവസം തികയുന്നതിനുമുമ്പ് ഒരു മന്ത്രിക്ക് അഴിമതിക്കേസ്സിൽ രാജിവയ്ക്കേണ്ട സാഹചര്യം നിൽക്കുമ്പോഴാണ് ഈ പ്രശ്നങ്ങളൊക്കെ ഉണ്ടാകുന്നതെന്ന് പറയാൻ ഞാനാഗ്രഹിക്കുകയാണ്.

വരൾച്ചയെക്കുറിച്ച് നയപ്രഖ്യാപന പ്രസംഗത്തിൽ പറയുന്നുണ്ട്. ഇവിടെ വരൾച്ച രൂക്ഷമാണ്. കേരളത്തിലെ വരൾച്ചാ ബാധിതപ്രദേശമായ പാലക്കാടിന് വെറും 50 ലക്ഷം രൂപയാണ് പുതിയ പദ്ധതികൾക്കുവേണ്ടി അനുവദിക്കപ്പെട്ടത്. പഴയ ബില്ലുകളിലെ തുകകൾ കുറച്ച് കൊടുക്കാനുണ്ട്. ഇപ്പോൾ 2 കോടി രൂപയോളം ടാങ്കർ ലോറിക്കുവേണ്ടി അനുവദിക്കപ്പെട്ടുവെന്ന് പറഞ്ഞു. ഗുരുതരമായ ഈ അവസ്ഥയ്ക്ക് പരിഹാരം കാണാനുള്ള ശ്രമങ്ങൾ അടിയന്തരമായി സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ക്രമസമാധാനത്തെക്കുറിച്ച് ഇന്ന് രാവിലെ മുതൽ ഇവിടെ ചർച്ച നടക്കുകയാണ്. ഞാനതിലേയ്ക്ക് കടക്കുന്നില്ല. പോലീസിനകത്തെ ക്രിമിനൽവൽക്കരണം ഗൗരവത്തോടുകൂടി കാണണം. ഈ സർക്കാരിന്റെ മാത്രം പ്രശ്നമാണെന്നുള്ള സങ്കുചിതമായ കാഴ്ചപ്പാടോടുകൂടി ആക്ഷേപമുന്നയിക്കുകയല്ല. പോലീസ് തന്നെ സദാചാര പോലീസാകുന്ന അനുഭവങ്ങളാണുണ്ടാകുന്നത്. അതൊരിക്കലും ആധുനിക സമൂഹത്തിന് അംഗീകരിക്കാൻ സാധിക്കില്ല. പിങ്ക് പോലീസ് രൂപീകരിച്ചപ്പോൾ നമ്മളൊക്കെ പ്രതീക്ഷിച്ചത് സ്ത്രീകൾ അസമയത്ത്, അത്യാവശ്യഘട്ടത്തിൽ അവരെ സമീപിച്ചാൽ സഹായകരമായ സമീപനമെടുക്കുമെന്നായിരുന്നു. പക്ഷേ അവർതന്നെ സദാചാര പോലീസാകുന്ന സ്ഥിതിയാണുള്ളത്. അതിന്റെ ഭാഗമായാണ് ഒരു ചെറുപ്പക്കാരന് ആത്മഹത്യ ചെയ്യേണ്ടിവന്നത്. മംഗലാപുരത്തെ സംഭവത്തെക്കുറിച്ചും ഈ സർക്കാരിന്റെ ഫാസിസ്റ്റ് വിരുദ്ധ നിലപാടുകളെക്കുറിച്ചുമൊക്കെ പറഞ്ഞു. നല്ല കാര്യമാണ്. സംഘ്പരിവാറിനെതിരെ അതിശക്തമായ നിലപാടുകൾ നമുക്ക് സ്വീകരിക്കേണ്ടതായി വരുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അക്കാര്യത്തിൽ കക്ഷി രാഷ്ട്രീയത്തിനതീതമായി ഈ സർക്കാർ സ്വീകരിക്കുന്ന എല്ലാ നല്ല നടപടികൾക്കും പിന്തുണ നൽകാനാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. പക്ഷേ ഇത് രാഷ്ട്രീയ ആയുധമാക്കി നിങ്ങൾ പരിവർത്തിപ്പിക്കുന്നുവെന്നുള്ളതാണ് പ്രശ്നം. അവിടെയാണ് നിങ്ങളുടെ ആത്മാർത്ഥത ചോദ്യം ചെയ്യപ്പെടുന്നത്. കേരളത്തിലെ മുഖ്യമന്ത്രിയായി ശ്രീ. പിണറായി വിജയൻ വന്നപ്പോൾ അദ്ദേഹത്തിന്റെ ആരാധകരും ഭക്തരും വിശേഷിപ്പിച്ചത് ഇരട്ടച്ചങ്കൻ എന്നാണ്. ഒരുപക്ഷേ ഇരട്ടി ചങ്കൂറ്റത്തോടുകൂടി ആർ.എസ്.എസ്.-നെതിരെ നടപടിയെടുക്കുമെന്നുള്ള പ്രതീക്ഷയിലായിരിക്കും അത്തരത്തിലുള്ള വിശേഷണം അദ്ദേഹത്തിന് നൽകിയത്. പക്ഷേ ഈ കാലയളവിലെ പ്രവർത്തനം എടുത്തു നോക്കിയാൽ എന്ത് തരത്തിലുള്ള നടപടികളാണ് സംഘ്പരിവാറിന്റെ വിഷലിപ്ത രാഷ്ട്രീയത്തെ തകർക്കുന്നതിനുവേണ്ടി നിയമപരമായ അധികാരമുപയോഗിച്ച് മുഖ്യമന്ത്രി സ്ഥാനത്തിരുന്നുകൊണ്ട് ബഹുമാനപ്പെട്ട പിണറായി വിജയന് ഈ സംസ്ഥാനത്ത് നടപ്പാക്കാൻ സാധിച്ചത്? ഒന്നും നടപ്പാക്കിയിട്ടില്ലെന്ന് മാത്രമല്ല, അദ്ദേഹം നേതൃത്വം നൽകുന്ന പോലീസ് വകുപ്പ് പൂർണ്ണമായും സംഘ്പരിവാർ അജണ്ടയ്ക്ക് കീഴ്പ്പെടുന്നുവെന്നുള്ള ആരോപണങ്ങൾ ഇവിടെ ഉയരുകയാണ്. ഞാൻ ഓരോന്നായി എടുത്തുപറയുന്നില്ല. ശ്രീമതി ശശികല, ഡോ. ഗോപാലകൃഷ്ണൻ എന്നിവർക്കെതിരെ കേസ്സെടുത്തുവെങ്കിലും തുടർനടപടിയുണ്ടായില്ല. ശ്രീ. സുരേന്ദ്രനെതിരെ കേസ്സെടുക്കണമെന്ന് ശ്രീ. എം. സ്വരാജ് പറഞ്ഞു; അത് ഞങ്ങൾ പിന്തുണയ്ക്കുകയാണ്. ആ വാർത്തയറിഞ്ഞപ്പോൾ ആദ്യം ഞാനും ആ പ്രതികരണമാണ് കൈരളി ചാനലിലൂടെ പറഞ്ഞത്. ശ്രീ. സുരേന്ദ്രനെതിരെ കേസ്സെടുക്കണം. സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറി ശ്രീ. കോടിയേരി ബാലകൃഷ്ണൻ പങ്കെടുത്ത പൊതുയോഗവേദിയിലേയ്ക്ക് ആർ.എസ്.എസ്. പ്രവർത്തകർ ബോംബെറിഞ്ഞുവെന്ന് പറയുകയാണ്. ഒരു പ്രതിയെയും പിടിച്ചിട്ടില്ല.

ഇത്തരത്തിലുള്ള സാഹചര്യം നിലനിൽക്കുന്നതുകൊണ്ടാണ് വാചകമടിയിൽ മാത്രമേ ആർ.എസ്.എസ്. വിരുദ്ധതയുള്ളൂവെന്ന് ഇവിടെ ഞങ്ങൾക്ക് പറയേണ്ടിവരുന്നത്. ആർ.എസ്.എസ്. ശക്തിപ്പെടണമെന്ന് സി.പി.ഐ.(എം).-ഉം സി.പി.ഐ.(എം). ശക്തിപ്പെടണമെന്ന് ആർ.എസ്.എസ്.-ഉം ആഗ്രഹിക്കുന്നു. ഈ കൂട്ടുകച്ചവടമാണ് ഇവിടത്തെ പ്രശ്നം. അതുകൊണ്ടാണ് ഞങ്ങൾക്ക് എതിർക്കേണ്ടി വരുന്നത്. മംഗലാപുരത്ത് ബഹുമാനപ്പെട്ട പിണറായി വിജയൻ പോകണമെന്ന് ആഗ്രഹിച്ചവരാണ് ഞങ്ങൾ. അദ്ദേഹം പോയതിൽ സന്തോഷിക്കുന്നവരാണ് ഞങ്ങൾ. അദ്ദേഹത്തിന് ഭോപ്പാലിൽ നിന്ന് ഒരനുഭവമുണ്ടായി. ഞങ്ങളും അക്കാര്യത്തിൽ പ്രതിഷേധിച്ചതാണ്. കേരളത്തിലെ മുഖ്യമന്ത്രിയാണ് അപമാനിതനാകുന്നത്. കേരളത്തിലെ മുഴുവൻ ആളുകളുടെയും അപമാനമായി അത് മാറുകയാണ്. അതുകൊണ്ട് കേരളം മുഴുവൻ അദ്ദേഹത്തോടൊപ്പം ഒറ്റക്കെട്ടായി നിന്നു. അദ്ദേഹവും ആ ഘട്ടത്തിൽ പ്രതികരിച്ചു. അത് നല്ല കാര്യമാണ്. പക്ഷേ ഒരു മാസം തികയുന്നതിനുമുമ്പ് ഡൽഹിയിൽ ആവർത്തിച്ചു. അപ്പോൾ ബഹുമാനപ്പെട്ട പിണറായി വിജയന് ഒരു പ്രതികരണവുമില്ല. കേരളത്തിന്റെ മുഖ്യമന്ത്രിക്ക് രാജ്യ തലസ്ഥാനത്ത് ഒരു പരിപാടിയിൽ പങ്കെടുക്കാൻ കഴിയാതെ തിരിച്ചുവരേണ്ട സാഹചര്യം വന്നപ്പോൾ മുഖ്യമന്ത്രിയും സർക്കാരും പാർട്ടിയും പ്രതികരിക്കുന്നില്ല. ഈ മൗനമാണ് മംഗലാപുരത്തും സമാനമായിട്ടുള്ള ഒരു ഭീഷണി ഉയർത്താൻ സംഘ്പരിവാറിനെ ശാക്തീകരിച്ചതെന്ന യാഥാർത്ഥ്യം നാം മനസ്സിലാക്കണം. അതുകൊണ്ടാണ് അദ്ദേഹം ഒരു ഹാസ്യ കഥാപാത്രമായി മാറുന്നത്. 'കോൺഗ്രസ് മുക്ത് ഭാരത്' എന്ന സംഘികളുടെ ഇപ്പോഴത്തെ മുദ്രാവാക്യത്തിന്റെ തുടക്കം ഇ.എം.എസ്.-ന്റെ പഴയ മുദ്രാവാക്യമാണ്. കോൺഗ്രസ്സിനെ തകർക്കാൻ ഏത് ചെകുത്താനുമായും കൂട്ടുകൂടുമെന്നുള്ള ഇ.എം.എസ്.-ന്റെ പഴയ മുദ്രാവാക്യത്തിന്റെ തുടർച്ചയാണ് ശ്രീ. അമിത് ഷാ ഇപ്പോൾ പറയുന്ന 'കോൺഗ്രസ് മുക്ത് ഭാരത്' എന്ന മുദ്രാവാക്യം. ആ മുദ്രാവാക്യം പറയുമ്പോൾ ഉള്ളുകൊണ്ട് ആഹ്ലാദിക്കുന്ന കുറെയാളുകളുണ്ട്. അവർക്ക് കാര്യം മനസ്സിലാക്കാൻ സാധിക്കണം; കോൺഗ്രസ്സുണ്ടെങ്കിൽ മാത്രമേ ഈ അതിർത്തിക്കപ്പുറത്ത്, കേരളത്തിനപ്പുറത്ത് ഈ ആളുകൾക്ക് പോകാൻ സാധിക്കുകയുള്ളൂ എന്ന യാഥാർത്ഥ്യം മനസ്സിലാക്കണം.

ഉത്തർപ്രദേശിൽ തെരഞ്ഞെടുപ്പ് നടക്കുകയാണ്. കർണ്ണാടകയിലെപ്പോലെ ഒരു മതേതര മുഖ്യമന്ത്രി ഉത്തർപ്രദേശിലുണ്ടാകണം. ഭാവിയിൽ ലഖ്നൗവിൽ ഒരു പരിപാടിയിൽ പങ്കെടുക്കാൻ കേരളത്തിലെ മുഖ്യമന്ത്രിക്ക് പോകേണ്ട സാഹചര്യമുണ്ടാകുമ്പോൾ അവിടെ സംരക്ഷണം നൽകാൻ ഒരു ബി.ജെ.പി. മുഖ്യമന്ത്രിയല്ല ഉണ്ടാകേണ്ടത്, അവിടെയൊരു മതേതര മുഖ്യമന്ത്രിയുണ്ടാകണം. അതുകൊണ്ടാണ് ഞങ്ങൾ ശ്രീ. അഖിലേഷ് യാദവിനെ പിന്തുണയ്ക്കുന്നത്. ഞങ്ങൾക്ക് അക്കാര്യത്തിൽ ഒരു ദുരഭിമാനവുമില്ല. ഞങ്ങൾ അവിടെ

മോശക്കാരാണ്. ഞങ്ങൾ ഇപ്പോൾ ക്ഷീണത്തിലാണ്. ഇന്ത്യയുടെ മതേതരത്വം സംരക്ഷിക്കാൻ വേണ്ടിയാണ് ഞങ്ങൾ ആ ഉത്തരവാദിത്വം നിർവ്വഹിക്കുന്നത്. ഇവിടെ സി.പി.ഐ(എം) നടത്തിക്കൊണ്ടിരിക്കുന്ന വഞ്ചനാപരമായ നിലപാട് ഇന്ത്യയെ ഏതവസ്ഥയിലേയ്ക്കാണ് കൊണ്ടുപോകുക എന്നുള്ള കാര്യംകൂടി ഈ അനുഭവത്തിന്റെയടിസ്ഥാനത്തിൽ സർക്കാരും മുഖ്യമന്ത്രിയും മനസ്സിലാക്കണം. അതിന്റെയടിസ്ഥാനത്തിലുള്ള തിരുത്തലുകൾ വരുത്തണം. കോൺഗ്രസ്സിലൂടെ മാത്രമേ ഇന്ത്യയുടെ മതേതരത്വം മുന്നോട്ടുപോകുകയുള്ളൂ എന്നുള്ള യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് സ്വന്തം പ്രവൃത്തികളിലും സ്വന്തം പാർട്ടിയുടെ നയസമീപനങ്ങളിലും മാറ്റങ്ങൾ വരുത്താൻ സർക്കാർ തയ്യാറാകണമെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. കെ. ആൻസലൻ</u>: സർ, ഞാൻ നന്ദിപ്രമേയത്തെ പൂർണ്ണമായി പിന്താങ്ങുന്നു.

അറുപത് വർഷത്തിലേറെയുള്ള കേരളത്തിന്റെ ജനാധിപത്യ സർക്കാരുകളിൽ പതിനാലാമത്തേതാണ് ശ്രീ. പിണറായി വിജയൻ സർക്കാർ. 1957-ലെ ഒന്നാമത്തെ ഇ.എം.എസ്. സർക്കാർ രാജ്യത്തിന് മാതൃകയായി. ഫ്യൂഡൽ ഭൂപ്രഭുത്വത്തിന് കടുത്ത പ്രഹരമേൽപ്പിച്ച് പ്രഖ്യാപിച്ച കുടിയിറക്ക് നിരോധനം, മാനേജ്മെന്റ് സ്കൂളുകളിലെ അദ്ധ്യാപകർക്കും ഇതര ജീവനക്കാർക്കും സർക്കാർ ശമ്പളം കൊടുക്കാൻ എടുത്ത തീരുമാനം, സൗജന്യമായ വിദ്യാഭ്യാസ പരിഷ്കാരം തുടങ്ങി ഒട്ടനവധി മാറ്റങ്ങൾക്കിടയാക്കിയ വിദ്യാഭ്യാസ ബിൽ, പോലീസ് നയം, ആരോഗ്യ നയം, വ്യവസായ-കാർഷിക പരിഷ്കാരങ്ങൾ തുടങ്ങി എണ്ണമറ്റ പ്രഖ്യാപനങ്ങളും ജനപക്ഷ തീരുമാനങ്ങളുമെടുത്ത ഇന്ത്യയിലെ ഇതര സംസ്ഥാന ഗവൺമെന്റുകളെയും നെഹ്റു ഗവൺമെന്റിനെയും അത്ഭുതപ്പെടുത്തിയ ആദ്യ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിനെയാണ് ഭരണഘടന ദുരുപയോഗപ്പെടുത്തിക്കൊണ്ട് ജനാധിപത്യക്കുരുതി നടത്തി കോൺഗ്രസ് സർക്കാർ പിരിച്ചുവിട്ടത്. അതിനുശേഷം വന്ന 1967, 1980, 1987, 1996, 2006, 2016-ലെ ഈ ഗവൺമെന്റടക്കം 60 വർഷത്തിനകത്ത് കമ്മ്യൂണിസ്റ്റ് ഇടതുപക്ഷ ഗവൺമെന്റുകൾ അധികാരത്തിലിരുന്നത് കേവലം 20 വർഷക്കാലം മാത്രമാണ്. ഇന്ത്യയ്ക്കും ലോകത്തിനും അഭിമാനകരമായ സാമൂഹ്യവികസനത്തിന് കേരളം മാതൃകയായി നടന്നുനീങ്ങി. പലപ്പോഴും ജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് തെരഞ്ഞെടുപ്പുകളിൽ തുടർ ഇടതുപക്ഷ ഭരണത്തിന്റെ സാദ്ധ്യതയില്ലാതെ, എൽ.ഡി.എഫ്. ഗവൺമെന്റുകൾ തുടങ്ങിവച്ച പ്രവർത്തനങ്ങളെ തുടർന്നുവന്നിട്ടുള്ള യു.ഡി.എഫ്. ഗവൺമെന്റുകൾ ദുർബ്ബലപ്പെടുത്തുന്ന സമീപനമാണ് കേരളം കണ്ടത്. എല്ലാ വീടുകൾക്കും വൈദ്യുതി എത്തിച്ചുകൊടുത്തുകൊണ്ട് ഏപ്രിൽ മാസം ഒന്നാം തീയതിയോടുകൂടി ലോകത്തിന്റെ

കണ്ണിൽ, ഇന്ത്യയിൽ ഒരു വ്യത്യസ്ത സംസ്ഥാനമായി, സമ്പൂർണ്ണ വൈദ്യുതീകരണം നടക്കുന്ന സംസ്ഥാനമായി കേരളം മാറുകയെന്നത് അഭിമാനിക്കാൻ കഴിയുന്ന ഒരു പ്രഖ്യാപനമാണ്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ വൈദ്യുതി വകുപ്പിനെ അഴിമതിയുടെ ഭാഗമാക്കി മാറ്റിയിരുന്നു. ധാരാളം വികസന പ്രവർത്തനങ്ങൾ നടത്തിയെന്ന് അവർ അവകാശപ്പെടുകയാണ്. ചില കണക്കുകൾ ഞാൻ ഉദ്ധരിക്കാം. 1991-ലെയും 2001-ലെയും 2011-ലെയും യു.ഡി.എഫ്. സർക്കാരുകളുടെ കാലഘട്ടത്തിൽ 1991-ൽ 17 മെഗാവാട്ടും 2001-ൽ 27 മെഗാവാട്ടും 2011-ൽ 19 മെഗാവാട്ട് വൈദ്യുതിയും മാത്രമാണ് ഉത്പാദിപ്പിച്ചിരുന്നത്. കഴിഞ്ഞ മൂന്ന് യു.ഡി.എഫ്. സർക്കാരുകൾ 15 വർഷക്കാലത്തെ ഭരണത്തിൽ ആകെ ഉത്പാദിപ്പിച്ചത് 63 മെഗാവാട്ട് വൈദ്യുതി മാത്രമാണ്. എന്തായിരുന്നു 1991-96 കാലഘട്ടത്തിൽ കേരളത്തിലെ വൈദ്യുതി രംഗത്തിന്റെ സ്ഥിതി? 1991-96 കാലഘട്ടത്തിൽ കെ. കരുണാകരന്റെ നേതൃത്വത്തിലുള്ള സർക്കാർ ഭരണം നടത്തുമ്പോൾ 100 ശതമാനവും പവർകട്ടായിരുന്നു. മൂന്നര മണിക്കൂറിലധികം ലോഡ്ഷെഡ്ഡിംഗും അപ്രഖ്യാപിത പവർകട്ടും ഏർപ്പെടുത്തി. ചെറിയ വ്യവസായ സ്ഥാപനങ്ങൾപോലും പ്രവർത്തിക്കാൻ അനുവദിച്ചിരുന്നില്ല. വ്യാപാര സ്ഥാപനങ്ങളിൽ 7 മണിക്ക് പോലും ഒന്നിൽക്കൂടുതൽ വിളക്കുകൾ പ്രകാശിപ്പിച്ചാൽ വൈദ്യുതി വിച്ഛേദിക്കുന്ന സംസ്ഥാനമായിരുന്നു കേരളം. ആ ഘട്ടത്തിലാണ് 1996-ൽ അധികാരത്തിൽ വന്ന ഇ. കെ. നായരുടെ നേതൃത്വത്തിലുള്ള സർക്കാരിൽ ഇന്നത്തെ മുഖ്യമന്ത്രിയായ ശ്രീ. പിണറായി വിജയൻ വൈദ്യുതി വകുപ്പുമന്ത്രി യായിരുന്നപ്പോൾ 1058 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിച്ചുകൊണ്ട് ദക്ഷിണേന്ത്യയിൽ വൈദ്യുതി ഉത്പാദനത്തിൽ സ്വയംപര്യാപ്തതയിലെത്താൻ കഴിയുന്ന ഒരു സംസ്ഥാനമായി കേരളം മാറിയത്. അതിനുശേഷം ആ വകുപ്പ് കൈകാര്യം ചെയ്ത ശ്രീ. എസ്. ശർമ്മയുടെയും ശ്രീ. എ. കെ. ബാലന്റെയും നേതൃത്വത്തിൽ നടപ്പിലാക്കിയ മുന്നേറ്റങ്ങളെ തകർക്കുന്ന സമീപനമാണ് യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചത്. 2006-ലെ ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ നേതൃത്വത്തിലുള്ള സർക്കാർ ഇതര സംസ്ഥാനങ്ങളിൽ നിന്നും 350 മെഗാവാട്ട് വൈദ്യുതി എത്തിക്കുന്നതിന് വിവിധ പദ്ധതികൾ നടപ്പാക്കിയിരുന്നു. യു.ഡി.എഫ്. സർക്കാർ ആ പദ്ധതി ഉപേക്ഷിച്ചു. ത്രീ ഫേസുകളിലും സിംഗിൾ ഫേസുകളിലുമായി 6,45,712 എനർജി മീറ്ററുകൾ മാറ്റി സ്ഥാപിക്കാനുള്ള നടപടി സ്വീകരിച്ചിരുന്നില്ല. കഴിഞ്ഞ അഞ്ച് വർഷക്കാലത്ത് കേവലം 45 സബ് സ്റ്റേഷനുകൾ മാത്രമാണ് കമ്മീഷൻ ചെയ്തത്. ട്രാൻസ്മിഷൻ ലൈനുകൾ വർദ്ധിപ്പിച്ചത് ആകെ 522.83 മീറ്റർ മാത്രമാണ്. മുൻ യു.ഡി.എഫ്. സർക്കാർ വൈദ്യുതി വാങ്ങുന്നതിന് പ്രതിമാസം 750 കോടി രൂപ നൽകുന്ന നടപടിയുമായാണ് മുന്നോട്ടുപോയത്. 2011-12-ൽ 4376 കോടി രൂപയും 2013-14-ൽ 6903 കോടി രൂപയും 2014-15-ൽ 6783 കോടി രൂപയുമായി

കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ആകെ 29285 കോടി രൂപയ്ക്ക് 6,41,073 മെഗാവാട്ട് വൈദ്യുതി വാങ്ങി. ഉയർന്ന വിലയ്ക്ക് വൈദ്യുതി വാങ്ങിയതിലൂടെ കഴിഞ്ഞ സർക്കാർ ടാറ്റായ്ക്കും റിലയൻസിനും അദാനിക്കും ലാഭം കൂട്ടിക്കൊടുത്ത് കമ്മീഷൻ വാങ്ങി അഴിമതി നടത്തിയത് നമുക്കറിയാവുന്നതാണ്. ഈ അഴിമതിയെത്തുടർന്ന് സംസ്ഥാനത്തിനുണ്ടായ സാമ്പത്തിക നഷ്ടം 1522 കോടി രൂപയാണ്. സി. ആന്റ് എ.ജി. റിപ്പോർട്ടിലൂടെ ഇക്കാര്യം വ്യക്തമാകുന്നതാണ്. കുത്തക കമ്പനികൾക്ക് സാധാരണക്കാരുടെ കാശ് കൊള്ളയടിച്ചെത്തിക്കുന്നതിനുവേണ്ടിയുള്ള നിലപാടാണ് വൈദ്യുതിനിരക്ക് വർദ്ധനവിൽക്കൂടി മുൻ യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചത്. ഗാർഹിക-ചെറുകിട-കാർഷിക മേഖലയിൽ വൈദ്യുതി ചാർജ് വർദ്ധനവിൽക്കൂടി 1676.84 കോടി രൂപയാണ് അധികം ശേഖരിച്ചത്. കേരളത്തിലെ ഇടതുപക്ഷ സർക്കാർ വൈദ്യുതി മേഖലയിൽ കൈവരിച്ച ആശാവഹമായ മുന്നേറ്റത്തിന്റെ തുടർച്ചയാണ് ഗവർണ്ണറുടെ നയപ്രഖ്യാപനം. പതിറ്റാണ്ടുകളായി മെഴുകുതിരി വെട്ടത്തിലും മണ്ണെണ്ണ വിളക്കിന്റെ വെളിച്ചത്തിലും കഴിഞ്ഞുകൂടിയ കുട്ടികൾ മുതൽ വൃദ്ധ ജനങ്ങൾ വരെയുള്ള ലക്ഷക്കണക്കിന് കുടുംബങ്ങൾക്ക് വൈദ്യുതി എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംസ്ഥാനത്ത് പൂർത്തീകരിക്കപ്പെടുകയാണ്. ഇതൊന്നും മാറ്റമായി കാണാൻ യു.ഡി.എഫ്. അംഗങ്ങൾ തയ്യാറാകുന്നില്ല. തൊട്ടടുത്ത വീട്ടിൽ ടെലിവിഷനും ഇലക്ട്രിക് മാധ്യമങ്ങളും പ്രവർത്തിക്കുമ്പോൾ സാധാരണക്കാരായ, പാവപ്പെട്ട ആബാലവൃദ്ധം ജനങ്ങളും സ്വന്തം വീട്ടിൽ മണ്ണെണ്ണ വിളക്കിലും മെഴുകുതിരി വെളിച്ചത്തിലുമാണ് നിരവധി വർഷങ്ങൾ കഴിഞ്ഞുകൂടിയത്. 200 കോടി രൂപയിലധികം ചെലവഴിച്ച് ഉൾപ്രദേശങ്ങളിലുൾപ്പെടെ വൈദ്യുതി എത്തിക്കാനുള്ള പ്രത്യേക നിലപാട് സ്വീകരിച്ചുകൊണ്ട് ഇന്ത്യയ്ക്കാകെ മാതൃകയായി കേരളം സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ പ്രഖ്യാപനത്തിലേയ്ക്ക് പോകുകയാണ്. കഴിഞ്ഞ 9 മാസക്കാലത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ ശക്തമായ നിലപാടിന്റെ ഭാഗമായി ഈ സംസ്ഥാനം ഇന്ത്യയ്ക്ക് അഭിമാനമായി മാറാൻ പോകുന്ന കാഴ്ച പ്രതിപക്ഷത്തിന് കാണാൻ കഴിയുന്നില്ലെന്നത് നാം മനസ്സിലാക്കേണ്ടതായിട്ടുണ്ട്.

എൽ.ഡി.എഫ്. സർക്കാർ നയപ്രഖ്യാപന പ്രസംഗത്തിൽ ഒട്ടനവധി കാര്യങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ നേതൃത്വത്തിലുള്ള സർക്കാരിന്റെ കാലത്ത് തുടങ്ങിവച്ച നിരവധി പദ്ധതികളുണ്ട്. പള്ളിവാസൽ എക്സ്റ്റൻഷൻ, തോട്ടിയാർ, ചാത്തൻകോട്ട് നട തുടങ്ങിയ പദ്ധതികൾവഴി ഏകദേശം 106 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. പക്ഷെ കുത്തക മുതലാളിമാരിൽനിന്നും വൈദ്യുതി വാങ്ങി

കമ്മീഷൻ പറ്റുന്നതിനുവേണ്ടി ആ പദ്ധതികളാകെത്തന്നെ ഉപേക്ഷിക്കുന്ന നിലപാടാണ് മുൻ യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചത്. പള്ളിവാസൽ എക്സ്റ്റൻഷൻ (60 മെഗാവാട്ട്), തോട്ടിയാർ (40 മെഗാവാട്ട്), ചാത്തൻകോട്ട് നട (6 മെഗാവാട്ട്), ചെറുകിട വൈദ്യുത പദ്ധതികളിലൂടെ 105 മെഗാവാട്ട്, കാസർഗോഡുള്ള സോളാർ പദ്ധതി വഴി 200 മെഗാവാട്ട്, സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള മറ്റൊരു സോളാർ പദ്ധതി വഴി 200 മെഗാവാട്ട്, കാറ്റാടി യന്ത്രങ്ങളിൽനിന്ന് 100 മെഗാവാട്ട് എന്നിങ്ങനെ ആകെ 711 മെഗാവാട്ട് വൈദ്യുതി സംസ്ഥാനത്ത് പുതുതായി ഉത്പാദിപ്പിക്കുന്നതിനാവശ്യമായ നിലപാട് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരും വൈദ്യുതി വകുപ്പുമന്ത്രിയും സ്വീകരിക്കുമെന്നാണ് ഗവർണ്ണറുടെ നയപ്രഖ്യാപനത്തിൽ പ്രഖ്യാപിച്ചത്. കൂടാതെ വൈദ്യുതി പ്രസരണരംഗം ശക്തിപ്പെടുത്തുന്നതിന് ട്രാൻസ്ഗ്രിഡ് 2.0-യുടെ ഒന്നാംഘട്ടം ആരംഭിച്ചിട്ടുണ്ട്. വൈദ്യുതി കണക്ഷന് ഏകജാലകം, എൽ.ഇ.ഡി. ലൈറ്റുകൾ, എനർജി എഫിഷ്യന്റ് ഫാനുകൾ, മറ്റ് ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവ വിതരണം ചെയ്ത് വൈദ്യുതി കരുതിവയ്ക്കാൻ കഴിയുന്ന രൂപത്തിലുള്ള വിവിധങ്ങളായ പദ്ധതികൾ ഈ സർക്കാർ സ്വീകരിക്കുകയാണ്.

വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. എം. എം. മണി നിയമസഭയിൽ വന്ന ചോദ്യങ്ങൾക്ക് പക്വതയോടെ കൃത്യമായി മറുപടി പറഞ്ഞു. വൈദ്യുതി വകുപ്പുമന്ത്രിക്കെതിരായി ഈ സഭയിലെ ഒരംഗം കഴിഞ്ഞ ദിവസം ആക്ഷേപം ഉന്നയിക്കുകയുണ്ടായി. അദ്ദേഹത്തിന് ഇംഗ്ലീഷ് അറിയില്ലെന്നും വൺ, ടു, ത്രീ മാത്രമേ അറിയാവൂവെന്നുമായിരുന്നു ആക്ഷേപം. ശ്രീ. എം. എം. മണിയെക്കുറിച്ച് അദ്ദേഹം മന്ത്രിയാകുന്നതിന് മുമ്പും നമ്മൾ കേട്ടിട്ടുണ്ട്. സാധാരണ കർഷക ത്തൊഴിലാളി കുടുംബത്തിൽ ജനിച്ച അദ്ദേഹത്തിന് വിദ്യാഭ്യാസം ചെയ്യുന്നതിനുള്ള ശേഷിയില്ലായിരുന്നു. സ്വർണ്ണക്കരണ്ടിയോടെയല്ല ശ്രീ. എം. എം. മണി ജനിച്ചത്. സാധാരണക്കാരുടെ ഇടയിൽ ജനിച്ച്, കഷ്ടപ്പാടുകളും വേദനകളും പ്രയാസങ്ങളും വിശപ്പും അനുഭവിച്ച് മുന്നോട്ടുവന്ന ഒരാളാണദ്ദേഹം. തൊഴിലാളികളെയും കർഷകരെയും സംഘടിപ്പിക്കുവാനും ഭൂമിയില്ലാത്തവന് ഭൂമിയുണ്ടാക്കിക്കൊടുക്കാനും പാർപ്പിടം കെട്ടിക്കൊടുക്കാനും തൊഴിലാളികൾക്ക് ജോലിക്കനുസൃതമായി ന്യായമായ കൂലി വാങ്ങി നൽകുന്നതിനുമാവശ്യമായ ഒട്ടനവധി സമര പോരാട്ടങ്ങളിൽ പ്രവർത്തിച്ചയാളാണ് അദ്ദേഹം. ആറ് പതിറ്റാണ്ടുകാലത്തെ സംശുദ്ധ രാഷ്ട്രീയത്തിന്റെ ഇച്ഛാശക്തിയും കരുത്തുംകൊണ്ടാണ് അദ്ദേഹം കേരളത്തിലെ മന്ത്രിയായത്. ഇടതുപക്ഷ പ്രസ്ഥാനത്തിന് മാത്രമെ അങ്ങനെയൊരാളിന്റെ കൈകളിലേയ്ക്ക് ആ ഉത്തരവാദിത്തം ഏൽപ്പിക്കാൻ കഴിയുകയുള്ളൂ. തീർച്ചയായും ആ ഉത്തരവാദിത്തം നിർവ്വഹിക്കപ്പെടുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

ഭരണപക്ഷം പകച്ചുനിൽക്കുകയാണെന്ന് ശ്രീ. ടി. എ. അഹമ്മദ് കബീർ ഇവിടെ പറയുകയുണ്ടായി. പകച്ചുനിൽക്കുന്നത് പ്രതിപക്ഷമാണ്. പ്രതിപക്ഷം അന്തംവിട്ടുനിൽക്കുകയാണ്. എന്തൊക്കെ പുലഭ്യമാണ് പറയുന്നത്. കുറെ കാര്യങ്ങൾ പറഞ്ഞ് രണ്ട് ദിവസമായി ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിക്കുകയാണ്. ഒരു കോടിയലധികം കുടുംബങ്ങളുള്ള സംസ്ഥാനമാണ് കേരളം. കേരളത്തിൽ ക്രൈം കേസ്സുകളുടെ എണ്ണം കൂടും. ചെറിയ തർക്കങ്ങൾ വന്നാൽപ്പോലും ആളുകൾ പോലീസ് സ്റ്റേഷനിൽ പോയി കേസ് രജിസ്റ്റർ ചെയ്യും. അത് കേരളത്തിലെ സാഹചര്യമാണ്. അതിന് പോലീസ് കേസ്സെടുക്കും. ചീത്ത വിളിച്ചാൽപ്പോലും ക്രൈം കേസ്സെടുക്കുന്ന സംസ്ഥാനമാണ് കേരളം. ക്രൈം കേസ്സുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ ക്രമസമാധാനനില തകർന്നുപോയെന്ന് ഇവിടെ നിങ്ങൾ അട്ടഹസിക്കേണ്ട കാര്യമില്ല. ഈ സംസ്ഥാനത്ത് സുശക്തമായ ഒരു പോലീസ് സംവിധാനം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുണ്ട്. ചില പോലീസ് മേധാവികൾക്ക് ഇതൊന്നും ഉൾക്കൊള്ളാനാകുന്നില്ല. കഴിഞ്ഞ കാലങ്ങളിൽ എല്ലാ കൊള്ളയ്ക്കും കൊള്ളിവയ്പ്പിനും കള്ളത്തരത്തിനും കൂട്ടുനിന്നത് ഭരണാധികാരികളുടെ ഭാഗമായ പോലീസ് സംവിധാനമായിരുന്നു. ക്രിമിനൽവത്ക്കരിക്കപ്പെട്ട കഴിഞ്ഞ യു.ഡി.എഫ്. ഭരണത്തിലെ അഴിമതിരാജാക്കന്മാർക്ക് സംരക്ഷണം നൽകുന്ന ഉദ്യോഗസ്ഥ പ്രമാണിമാരെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചല്ലോ; ഒരുദാഹരണം പറയാം, എന്റെ നിയോജകമണ്ഡലത്തിലെ ഹോസ്പിറ്റലിനകത്ത് കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നിർമ്മിച്ച ഒരു കെട്ടിടത്തിൽ വൈദ്യുതി കണക്ഷനുണ്ടായിരുന്നില്ല. ഹൈ റെയ്സ്ഡ് ബിൽഡിംഗായതുകൊണ്ട് ഹൈ ടെൻഷൻ വൈദ്യുതി വേണം. വൈദ്യുതി കണക്ഷനുമായി ബന്ധപ്പെട്ട് വിശദമായ പ്രോജക്ട് തയ്യാറാക്കാൻ പറഞ്ഞിരുന്നു. സെക്രട്ടേറിയറ്റ് കോമ്പൗണ്ടിനുള്ളിൽ വാഹനത്തിനകത്ത് വച്ച് കൈക്കൂലി വാങ്ങിയ ഇലക്ട്രിക് സെക്ഷനിലെ ഒരു എഞ്ചിനീയറാണ് പ്രോജക്ട് തയ്യാറാക്കിയത്. പ്രോജക്ട് തയ്യാറാക്കിയപ്പോൾ ഒരു കോടി അമ്പത്തിയെട്ട് ലക്ഷം രൂപയാകുമെന്ന് പറഞ്ഞു. മറ്റൊരുദ്യോഗസ്ഥനെ ഏൽപ്പിച്ചപ്പോൾ ആ പ്രോജക്ട് 38 ലക്ഷം രൂപയ്ക്ക് പൂർത്തീകരിക്കാമെന്നാണ് പറഞ്ഞത്. അങ്ങനെയുള്ള ഒരു വനിതയെയാണ് കൈക്കൂലി കേസ്സിൽ പിടികൂടിയത്. കേരളത്തിലെ ഭരണരംഗം, നിർമ്മാണരംഗം, പൊതുവിതരണരംഗം തുടങ്ങിയ എല്ലാ മേഖലകളിലും അഴിമതിയുടെ വേതാളങ്ങളെ കുടിയിരുത്തി തങ്ങൾക്ക് കാശുണ്ടാക്കുന്നതിനുള്ള മാർഗ്ഗമായി കേരളത്തിലെ ഭരണ രംഗത്തെ ഉപയോഗപ്പെടുത്തുന്നു. അഴിമതിയുടെ പേരിൽ മുഖ്യമന്ത്രിയടക്കം പതിമൂന്ന് മന്ത്രിമാരാണ് നിരന്ന് നിന്നിരുന്നത്. മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി മുതൽ ഏറ്റവും അവസാനം ശ്രീ. കെ. ബാബു വരെയുള്ളവർ അഴിമതിക്കേസ്സുകളിൽപെട്ടിരിക്കുന്നു. ഈ രാജ്യത്ത് സൽഭരണം

നടത്തിയതിന്റെ ഭാഗമായാണോ ഇങ്ങനെയുണ്ടായത്? അമ്മപെങ്ങൻമാരെപ്പോലും തിരിച്ചറിയാൻ കഴിയാത്ത തരത്തിലുള്ള പീഡന കേസ്സുകളിൽ മുൻ യു.ഡി.എഫ്. എം.എൽ.എ-മാർ പ്രതിയാകുന്ന ചരിത്രമാണ് കേരളത്തിലുണ്ടായിട്ടുള്ളത്.

ഇടതുപക്ഷ ജനാതിപത്യമുന്നണി സാമുദായിക പ്രമാണിമാരുടേയും മതമൗലിക ശക്തികളുടേയും അടിത്തറയിൽ കെട്ടിയുയർത്തിയ പ്രസ്ഥാനമല്ല. കേരളത്തിലെ തൊഴിലാളി വർഗ്ഗത്തിന്റേയും മതനിരപേക്ഷ ശക്തികളുടെയും ശ്രമഫലമായി ഉയർന്നുവന്നതാണ് ഇടതുപക്ഷ ജനാതിപത്യമുന്നണി സർക്കാർ. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിയെ തകർക്കുന്നതിനു വേണ്ടി കൂട്ടുകെട്ടുണ്ടാക്കി. എന്നിട്ടും 91 സീറ്റുകളിൽ ലക്ഷക്കണക്കിന് വോട്ടിന്റെ വ്യത്യാസത്തിൽ കേരളത്തിലെ ജനങ്ങൾ ഇടതുപക്ഷ ജനാതിപത്യമുന്നണിക്കനുകൂലമായി ചരിത്രപരമായ തീരുമാനമെടുത്തു. ഇന്ത്യയിലെ ബി.ജെ.പി. സർക്കാരിനെതിരായി, അവരുടെ നയങ്ങൾക്കെതിരായി വർഗ്ഗീയ ഫാസിസ്റ്റ് സമീപനത്തിനെതിരായി ഈ രാജ്യത്ത് ഉയർന്നുവരാൻപോകുന്ന ജനാധിപത്യ പോരാട്ടത്തിന്റെ കേന്ദ്രമായി കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ രാജ്യത്തിന് മാതൃകയാകാൻ പോകുകയാണ്. ഭരണരംഗത്ത് മാത്രമല്ല, ഈ രാജ്യത്തെ ഭരണാധികാരികൾക്കെതിരെയും വലതുപക്ഷ നയത്തിനെതിരെയും വർഗ്ഗീയ ഫാസിസത്തിനെതിരെയും കുടപിടിക്കുന്ന ശക്തിയാകുകയാണ്. ശ്രീ. എ. കെ. ആന്റണിയുടെ ഭാഷ കടമെടുത്താൽ പകൽ കോൺഗ്രസ്സുകാരനും രാത്രി ആർ.എസ്.എസ്-ന് വിടുപണി ചെയ്യുന്ന, ബി.ജെ.പി.-യെ കണ്ട് ഒളിച്ചോടുന്ന ഈ രാജ്യത്തിലെ പല യു.ഡി.എഫ്. നേതാക്കളുടേയും തനിനിറം പുറത്തുവരാൻ പോകുകയാണ്. മതനിരപേക്ഷത ഉയർത്തിപ്പിടിച്ചുകൊണ്ട് രാജ്യത്ത് ഉയർന്നു വരാൻ പോകുന്ന ജനാധിപത്യപോരാട്ടങ്ങളുടെ ഭാഗമായി ഈ സർക്കാർ മാറാൻ പോകുകയാണ്. ഈ സർക്കാരിന്റെ പ്രവർത്തനങ്ങളെ കാത്തിരുന്ന് കാണണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. സി. ജോർജ്: സർ, ബഹുമാനപ്പെട്ട ഗവർണർ ജസ്റ്റിസ് പി. സദാശിവം അഞ്ച് ഗ്ലാസ്സ് വെള്ളം കുടിച്ച് രണ്ടരമണിക്കൂർ കൊണ്ട് പൂർത്തിയാക്കിയ ഈ പ്രസംഗം വായിച്ച ഒരാൾക്കുപോലും കുറ്റം പറയാൻ കഴിയില്ല. അതുകൊണ്ട് നന്ദിപ്രമേയം ശരിയല്ലെന്ന് പറയുന്നതിൽ അർത്ഥമില്ലെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇന്നലെയും ഇന്നും ബഹുമാനപ്പെട്ട പി. ടി. തോമസും തിരുവഞ്ചൂർ രാധാകൃഷ്ണനും രണ്ട് അടിയന്തരപ്രമേയങ്ങൾ കൊണ്ടുവന്നു. അടിയന്തരപ്രമേയ വിഷയം കേട്ടാൽ രാജ്യത്ത് ഇത്രമാത്രം ഗുണ്ടകളും

കൊലപാതകികളും പെണ്ണുപിടിത്തക്കാരുമുണ്ടോയെന്ന് തോന്നിപ്പോകും. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയാണ് ആദ്യം കേൾക്കുന്നതെങ്കിൽ ശ്രീ. രമേശ് ചെന്നിത്തലയും ഇവിടത്തെ കോൺഗ്രസ്സുകാരും ഇതേ ടൈപ്പാണല്ലോയെന്ന് തോന്നിപ്പോകും. ഇതിന്റെയൊക്കെ അർത്ഥമെന്താണ്? ഈ രണ്ട് കൂട്ടരുംകൂടി കഴിഞ്ഞ അറുപത് കൊല്ലമായി മാറിമാറി ഭരണം നടത്തുകയാണ്. നിങ്ങൾ അങ്ങോട്ടുമിങ്ങോട്ടും കുറ്റം പറഞ്ഞാൽ എങ്ങനെയാണ് ശരിയാകുന്നത്? ഇടതുപക്ഷം ബി.ജെ.പി.-യുടെ കൂടെയാണ്; ഇടതുപക്ഷമാണ് ബി.ജെ.പി.-യെ വളർത്തുന്നതെന്ന് ശ്രീ. വി. ടി. ബൽറാം പറഞ്ഞു. ശ്രീ. കെ. ആൻസലൻ പറഞ്ഞുനിർത്തിയത് കോൺഗ്രസ്സുകാരാണ് ബി.ജെ.പി.-യെ വളർത്തുന്നതെന്നാണ്. നിങ്ങൾ രണ്ടുകൂട്ടരുംകൂടി ഇങ്ങനെ പറഞ്ഞുപറഞ്ഞ് കേരളത്തിലെ ജനങ്ങളെ വെള്ളത്തിലാക്കുകയാണെന്ന് പറയാതിരിക്കാൻ കഴിയില്ല. എനിക്ക് പ്രിയപ്പെട്ട പിണറായി സഖാവിനോട് പറയാനുള്ളത്, നിങ്ങൾ ഒന്നുരണ്ടു നല്ല കാര്യങ്ങൾ ചെയ്യണമെന്നാണ്. കാര്യങ്ങൾ ചെയ്യാൻ കഴിവുള്ള ആളാണ് അദ്ദേഹമെന്ന് പല പ്രാവശ്യം പറഞ്ഞിട്ടുണ്ട്. ഞാൻ പറയുന്നത് സുഖിപ്പിക്കാൻ വേണ്ടിയല്ല; ഇതിനായി എനിക്ക് ഒരാനുകൂല്യവും നിങ്ങൾ ചെയ്തുതരേണ്ട. പക്ഷേ അങ്ങ് കഴിവുള്ള ആളാണെങ്കിൽ ഞാൻ ഇന്നലെ ചോദ്യം ചോദിച്ചപ്പോൾ പറഞ്ഞു, ഒരു അസ്വാരസ്യം അങ്ങേയ്ക്ക് പറ്റിയിട്ടുണ്ടെന്ന്. ഇവിടെ പ്രതിപക്ഷവും ചോദിക്കുന്നത് മുഖ്യമന്ത്രി എന്തുകൊണ്ടാണ് ആക്ട് ചെയ്യാത്തതെന്നാണ്. മുഖ്യമന്ത്രി സ്ട്രോംഗായി ആക്ട് ചെയ്യണം. അതുതന്നെയാണ് എന്റെയും ആവശ്യം. ഞാൻ യു.ഡി.എഫ്.-ഉം ആയി പിണങ്ങാനുണ്ടായ സാഹചര്യം വിശ്വകർമ്മജരുടെ വിഷയമാണ്. ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. രമേശ് ചെന്നിത്തലയും ശ്രീ. കെ.എം. മാണിയും ശ്രീ. കുഞ്ഞാലിക്കുട്ടി സാഹിബും പറഞ്ഞതനുസരിച്ച് അവരുടെ വിഷയം പഠിക്കാൻ ശങ്കർ കമ്മീഷനെ നിയമിച്ചു. ആ കമ്മീഷൻ 2014 ഡിസംബർ 31-ന് റിപ്പോർട്ട് സമർപ്പിച്ചു. ശ്രീ. കെ. എം. മാണിയും ശ്രീ. ഉമ്മൻ ചാണ്ടിയും പറഞ്ഞത് ബഡ്ജറ്റിൽ അവർക്ക് ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുമെന്നാണ്. ബഡ്ജറ്റ് അവതരിപ്പിച്ച സമയത്ത് പാവപ്പെട്ട വിശ്വകർമ്മജർക്ക് അനുകൂലമായി ഒരക്ഷരം മിണ്ടിയില്ല. അവരോട് മര്യാദ കാണിക്കാത്തതിനാൽ ഞാൻ അവരെ വഴക്ക് പറഞ്ഞു. അതാണ് ഞാനുമായുള്ള അവരുടെ പിണക്കത്തിന്റെ കാരണം. ഈ സർക്കാരെങ്കിലും ആ വിഭാഗത്തോട് നീതി കാണിക്കാൻ തയ്യാറാകണം. ശങ്കർ കമ്മീഷൻ റിപ്പോർട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ആഫീസിലുണ്ടാകും. അതങ്ങ് വായിക്കണം. ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ ആ വിഭാഗത്തിന് എന്തെങ്കിലും ചെയ്യാനുള്ള സന്മനസ്സ് ബഹുമാനപ്പെട്ട ഡോ. തോമസ് ഐസക് കാണിക്കണമെന്ന് അങ്ങ് പറയണം.

മറ്റൊന്ന്, തിരുവനന്തപുരം ജില്ലയിലെ ഏഴ് നിയോജകമണ്ഡലങ്ങളിൽ നിർണ്ണായക സ്വാധീനം ചെലുത്താൻ കഴിയുന്ന ഒരു വിഭാഗമാണ് നാടാർ സമുദായം. നാടാർ സമുദായത്തെ രക്ഷിക്കുന്നതിനുള്ള പതിനൊന്നോളം കാര്യങ്ങൾ നേതാക്കന്മാർ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഞാൻ എഴുതിക്കൊടുത്തിരുന്നു. ഒരു കാര്യംപോലും അവർക്കുവേണ്ടി ചെയ്യാത്തതിനാൽ അതൊരു വഞ്ചനയാണെന്ന് ഞാൻ പറഞ്ഞു. എന്നെ പുറത്താക്കാനുള്ള മറ്റൊരു കാരണം അതാണ്. നാടാർ സമുദായം അങ്ങേയറ്റം ബഹുമാനിക്കുന്ന അവരുടെ കൺകണ്ട ദൈവമാണ് അയ്യാ വൈകുണ്ഠസ്വാമികൾ. ആ സ്വാമിയുടെ പേരിലുള്ള സ്മാരകം പണിയുന്നതിന് പത്ത് ലക്ഷം രൂപ അനുവദിക്കുമെന്ന് പറഞ്ഞിട്ട് ഒരു രൂപപോലും അനുവദിച്ചില്ല. അവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്ത് എത്രയുംവേഗം പരിഹരിക്കുന്നതിനുള്ള നടപടിയുണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്.

അതുപോലെ കേരളത്തിൽ വേദന അനുഭവിക്കുന്ന മറ്റൊരു വിഭാഗമാണ് മത്സ്യത്തൊഴിലാളികൾ. അവരുടെ അവസ്ഥ വളരെ ദയനീയമാണ്. ഒരാൾ മത്സ്യബന്ധനത്തിനിടെ കടലിൽവച്ച് മരണപ്പെട്ടാൽ അയാൾ മരിച്ചുവെന്ന് തെളിയിക്കുന്നതെങ്ങനെയാണ്? ജഡം ഹാജരാക്കണമെന്നാണ് പറയുന്നത്. അങ്ങനെ കാണിക്കാൻ കഴിയുമോ? കൊല്ലം കടപ്പുറത്ത് മത്സ്യബന്ധനത്തിനായി പോയപ്പോൾ വള്ളം മറിഞ്ഞ് 22 വയസ്സുള്ള ആൻഡ്രൂസ് എന്ന ചെറുപ്പക്കാരൻ മരണപ്പെട്ടു. രണ്ടുപേരെ രക്ഷപ്പെടുത്താൻ കഴിഞ്ഞു. മരണപ്പെട്ട വ്യക്തിയുടെ അച്ഛൻ ഒരു മാനസികരോഗിയും അമ്മ ക്യാൻസർ ബാധിച്ച് ചികിത്സയിലുമാണ്. ആ കുടുംബത്തെ സഹായിക്കാനുള്ള സന്മനസ്സ് കാണിച്ച് ആ മത്സ്യത്തൊഴിലാളി കുടുംബത്തോടുള്ള പ്രതിബദ്ധത പുലർത്താൻ കഴിയണം.

അതുപോലെ മറ്റൊരു കാര്യം, ക്യാബിനറ്റിന്റെ അംഗീകാരം ലഭിച്ച ഗ്രീൻഫീൽഡ് വിമാനത്താവളത്തിന്റെ നിർമ്മാണം സംബന്ധിച്ച് ബഡ്ജറ്റിൽ എന്തെങ്കിലും ഉണ്ടാകുമോയെന്ന് അറിയാനുള്ള ആഗ്രഹമുണ്ട്. ഈ നാടിനുവേണ്ടി അങ്ങനെയുള്ള കുറെ നല്ല കാര്യങ്ങൾ ചെയ്താൽ നല്ലതാണ്.

ഒരു ചെറിയ കാര്യംകൂടി പറഞ്ഞ് നിർത്താം. കാരുണ്യ ചികിത്സാപദ്ധതി എന്റെ നാട്ടിൽ ഒരിടത്തും നിർത്തിയിട്ടില്ല. ആ പദ്ധതി നിർത്തിയെന്ന് പറഞ്ഞ് സമരം ചെയ്യുന്നത് മാന്യതയല്ലെന്ന് ബഹുമാനപുരസ്സരം ഓർമ്മപ്പെടുത്തിക്കൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീമതി യു. പ്രതിഭ ഹരി : സർ, നന്ദിപ്രമേയത്തെ പൂർണ്ണമായി പിന്താങ്ങുന്നു. എനിക്ക് മുമ്പ് സംസാരിച്ച ബഹുമാന്യനായ അംഗം, ഇടതുപക്ഷം കോൺഗ്രസ്സിനേയും കോൺഗ്രസ് ഇടതുപക്ഷത്തേയും പഴിചാരുന്നുവെന്ന് പറയുന്നതുകേട്ടു. അതിനോട്

എനിക്കൊരു തരത്തിലും യോജിക്കാൻ കഴിയില്ല. ഇടതുപക്ഷത്തിനെ കോൺഗ്രസ്സിനോട് താരതമ്യം ചെയ്യുന്ന നടപടി തന്നെ തെറ്റാണെന്ന് പറയാൻ ഞാനാഗ്രഹിക്കുന്നു. കാരണം, ഞാൻ താമസിക്കുന്ന തകഴി പഞ്ചായത്ത് ഭരിക്കുന്നത് ഇടതുപക്ഷമാണ്. ആ പഞ്ചായത്തിലെ ഒരു സ്റ്റാൻഡിംഗ് കമ്മിറ്റി മുന്നോട്ടുകൊണ്ടുപോകുന്നത് ബി.ജെ.പി.-യും കോൺഗ്രസ്സും തമ്മിലുള്ള അവിശുദ്ധ കൂട്ടുകെട്ടിന്റെ ഭാഗമായിട്ടാണ്. ഇതുപോലെ ഒട്ടേറെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ കോൺഗ്രസും ബി.ജെ.പി.-യും തമ്മിലുള്ള അവിശുദ്ധ കൂട്ടുകെട്ടിന്റെ ഫലമായി എത്ര സ്റ്റാൻഡിംഗ് കമ്മിറ്റികളിൽ അവർ ചേർന്ന് പ്രവർത്തിക്കുന്നുവെന്ന് പരിശോധിക്കാനുള്ള ധൈര്യം വലതുപക്ഷത്ത് നിന്നുണ്ടാകണമെന്ന ഒരഭ്യർത്ഥന മുന്നോട്ട് വയ്ക്കുകയാണ്.

2.00 P.M.]

ഒരു രാജ്യത്തെ സ്ത്രീകളുടെ നിലവാരത്തിൽ നിന്നാണ് ആ രാജ്യത്തെ അവസ്ഥ മനസ്സിലാക്കാൻ സാധിക്കുന്നത്. ഇന്ത്യാ മഹാരാജ്യത്തിന്റെ ഇന്നത്തെ അവസ്ഥ എന്താണെന്ന് മനസ്സിലാക്കാൻ അധികമൊന്നും ആലോചിക്കേണ്ടി വരില്ല. കാരണം, ഒരിക്കലും ഇന്ത്യ കണ്ടിട്ടും കേട്ടിട്ടുമില്ലാത്ത തരത്തിലുള്ള പുതിയ ചില വികൃതമായ മുദ്രാവാക്യങ്ങൾ, അതിലേറ്റവും പൊരുത്തക്കേടുള്ള മുദ്രാവാക്യമെന്ന് എനിക്ക് തോന്നുന്നത്, "ബേട്ടീ ബച്ചാവോ ബേട്ടീ പഠാവോ" എന്നതാണ്, 'മനുഷ്യ സ്ത്രീകളെക്കാൾ ഈ രാജ്യത്ത് പ്രാധാന്യമുള്ളത് ഗോമാതാവിനാണെന്നും' സാധാരണക്കാരായ സ്ത്രീകൾ ദളിതരാണെന്നും പിന്നോക്ക വിഭാഗമാണെന്നും പറഞ്ഞുകൊണ്ട് ക്രൂരമായി മർദ്ദിക്കുന്ന ഫാസിസ്റ്റ് ആശയങ്ങൾക്ക് വലിയ രീതിയിൽ വിത്ത് പാകാൻ ശ്രമിക്കുന്ന പ്രധാനമന്ത്രിയാണ് ഇന്ത്യ ഭരിക്കുന്നത്. ബഹുഭൂരിപക്ഷം സംസ്ഥാനങ്ങളും, വലതുപക്ഷ രാഷ്ട്രീയത്തിന്റെ കാൽച്ചുവട്ടിലായിരുന്ന ബീഹാറും ഉത്തർപ്രദേശുമൊക്കെ നിങ്ങളെ വേണ്ടെന്ന് വച്ചത് എന്തുകൊണ്ടാണ്? നിങ്ങളുടെ മതനിരപേക്ഷമൂല്യം ജനങ്ങൾക്ക് മനസ്സിലാകാത്തതുകൊണ്ടാണോ? നിങ്ങളാണ് ബി.ജെ.പി.-യെപ്പോലുള്ള ഒരു വർഗ്ഗീയശക്തിയെ അധികാരത്തിൽ കൊണ്ടുവരാൻ കാരണമായത്, നിങ്ങളുടെ ആശയങ്ങളുടെ ദാരിദ്ര്യമാണ്. നിങ്ങൾ മതനിരപേക്ഷതയിൽ വെള്ളം ചേർത്തതിനാലാണ് അവരിന്ന് ഇന്ത്യാരാജ്യത്ത് അധികാരത്തിൽ വരാൻ കാരണമായതെന്ന് ഇനിയെങ്കിലും നിങ്ങൾ വിലയിരുത്തണം. ഏഴ് സംസ്ഥാനങ്ങളിൽ നിന്നുപോലും ഇനി നിങ്ങൾ തുടച്ചു നീക്കപ്പെടുമെന്ന അപകടം തിരിച്ചറിയാൻ തയ്യാറാകണമെന്ന് ഈ അവസരത്തിൽ നിങ്ങളോട് അഭ്യർത്ഥിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. വി. ഡി. സതീശൻ ഉൾപ്പടെയുള്ള ബഹുമാന്യരായ പല എം.എൽ.എ.-മാരും നെഹ്റുവിയൻ സോഷ്യലിസത്തെക്കുറിച്ച് പറയാറുണ്ട്. പക്ഷെ നിങ്ങൾ അധികാരത്തിൽ വരുമ്പോൾ എന്തുകൊണ്ടാണ് സോഷ്യലിസ്റ്റ് ആശയവും നെഹ്റുവിയൻ സോഷ്യലിസവും കാറ്റിൽ പറത്തുന്നത്? കഴിഞ്ഞ ദിവസം നയപ്രഖ്യാപനത്തിനുശേഷം നിങ്ങൾ ഈ അസംബ്ലിയിൽ നടത്തിയ ചില നാടകങ്ങൾ കണ്ടതുകൊണ്ടു മാത്രമാണ് ഞാനിത് പറയുന്നത്. ഇവിടെ വലിയ ബാനർ ഉയർത്തിയിരുന്നു. ബാനർ പിടിച്ച് സ്പീക്കറുടെ മുഖം മറച്ചുകൊണ്ട് നിങ്ങൾ ചില നാടകങ്ങൾ ഇവിടെ കാണിക്കുന്നു. നിങ്ങൾ പറയുന്നുണ്ടായിരുന്നു സ്ത്രീകൾക്ക് രക്ഷയില്ലാത്ത നാടായി കേരളം മാറിയിരിക്കുന്നു എന്ന്. ഈ പത്രത്താളുകളിലൂടെ കടന്നുപോയാൽ, (പത്രങ്ങൾ ഉയർത്തിക്കാട്ടി) 28-12-2014-ൽ മാതൃഭൂമി പത്രത്തിൽ ചില കാര്യങ്ങൾ വന്നിട്ടുണ്ട്. ഐക്യജനാധിപത്യ മുന്നണി കേരളം ഭരിക്കുമ്പോൾ സ്ത്രീകളുടെ വസ്ത്രമുരിഞ്ഞ് പരിശോധന നടത്തിയ നാടായിരുന്നു കേരളം. എന്തുകൊണ്ടാണ് സ്ത്രീ സുരക്ഷയെക്കുറിച്ച് നിങ്ങൾ ചർച്ച ചെയ്യാതിരുന്നത്? സുരക്ഷിത കേരളം പദ്ധതി എന്ന് കൊട്ടിഘോഷിച്ചിട്ട് സ്ത്രീകൾക്ക് രക്ഷയില്ലാത്ത നാടായിരുന്നു കേരളം. കട്ടപ്പനയിൽ 16 കാരിയെ പീഡിപ്പിച്ച നാടായിരുന്നു കേരളം. ഇന്ത്യൻ എക്സ്പ്രസ്സ് പോലുള്ള പത്രങ്ങൾ അത് റിപ്പോർട്ട് ചെയ്തിട്ടുണ്ട് "Major bias against minor girls in State. On an average 21 minor girls are killed in atrocities every year" എന്ന് പറഞ്ഞിട്ടുണ്ട്. അത്രയും ലജ്ജാകരമായ അവസ്ഥയുള്ള നാടായി നിങ്ങൾ കേരളത്തെ മാറ്റിയില്ലേ? തെരുവിൽ സ്വന്തം അമ്മയോടൊപ്പം അന്തിയുറങ്ങിയ പാവം നാടോടി ബാലികയെ ബലാൽസംഗത്തിനിരയാക്കിയ നാടായി ആ കാലഘട്ടത്തിൽ കേരളം മാറിയിരുന്നില്ലെ? ഈ ബോർഡും ബാനറും എന്തുകൊണ്ട് അന്ന് നിങ്ങൾ ഉയർത്തിക്കാണിച്ചില്ല? ഈ സർക്കാർ അധികാരത്തിൽവന്ന് 9 മാസക്കാലമായപ്പോഴേയ്ക്കും വലിയ തരത്തിലുള്ള ആരോപണം നിങ്ങൾ നടത്തുന്നത് നിങ്ങളുടെ ലജ്ജ മറച്ചുവയ്ക്കാനാണെന്ന് ആർക്കാണ് മനസ്സിലാകാത്തത്?

ഇവിടെ ക്രിമിനലുകളുടെ കാര്യം പറഞ്ഞു. 9 മാസം കൊണ്ട് ഞങ്ങൾ വളർത്തിയ ക്രിമിനലുകളാണോ? തെരുവുനായ്ക്കളെ വളർത്തുന്നതുപോല ക്രിമിനലുകളെ വെള്ളവും ആഹാരവും നൽകി നിങ്ങൾ ഇവിടെ താമസിപ്പിച്ചിട്ടുണ്ട്. ശ്രീ. എം. സ്വരാജ് ഇന്നലെ പറഞ്ഞതുപോലെ ബണ്ടിചോർ-നെപ്പോലെയുള്ള ഹൈടെക് കള്ളന്മാർക്ക് ഇവിടെ വന്ന് വിളയാടാനുള്ള അവസരം കൊടുത്തത് യു.ഡി.എഫ്. സർക്കാരാണ്. അവരുടെയൊക്കെ അവശിഷ്ടങ്ങൾ ഇപ്പോഴുമുണ്ട്. ഞങ്ങൾക്ക്

ഇനിയും പ്രതീക്ഷയുണ്ട്, സ്ത്രീകൾക്ക് അങ്ങേയറ്റം സുരക്ഷ നൽകുന്നുവെന്ന് ഉറപ്പ് നൽകിക്കൊണ്ടാണ് ബഹുമാനപ്പെട്ട ഗവർണ്ണർ നയപ്രഖ്യാപന പ്രസംഗം നടത്തിയത്. അവരുടെ ജീവന് സുരക്ഷിതത്വവും ഭദ്രതയും നൽകുന്നതിനാവശ്യമായ എല്ലാ നടപടികളുമെടുക്കുമെന്ന് പറഞ്ഞിട്ടുണ്ട്. കേരളത്തിലെ ഇടതുപക്ഷ സർക്കാർ അവരുടെ അന്തസ്സിന് യാതൊരു കോട്ടവും വരുത്തില്ലെന്നും സ്ത്രീകൾക്ക് അധിക്ഷേപമായി കരുതാവുന്ന ഏത് നടപടി ആരിൽ നിന്നുണ്ടായാലും മാപ്പ് കൊടുക്കില്ലെന്നും പറഞ്ഞതിന്റെ തെളിവല്ലേ നടി ആക്രമിക്കപ്പെട്ട് ഏതാനും ദിവസങ്ങൾക്കകം കൃത്യമായ അറസ്റ്റ് രേഖപ്പെടുത്തിക്കൊണ്ട് അതിലിടപെട്ടത്.

ഇവിടെ വർഷങ്ങളായി കോൺഗ്രസ്സ് ഇന്ത്യ ഭരിച്ചിട്ട്, നിങ്ങൾ ബി.ജെ.പി.-ക്ക് അധികാരം കൈമാറിയപ്പോൾ എത്ര ദാരുണമായ സംഭവങ്ങളാണ് അടുത്ത കാലത്ത് ഇന്ത്യാ മഹാരാജ്യത്ത് നടന്നത്? മറക്കാൻ കഴിയുമോ നിങ്ങൾക്ക് പൂനെ ഇൻഫോസിസിലെ രസീല രാജുവിനെ? ആ പേര് മറന്നുകൊണ്ട് നമുക്ക് സ്ത്രീ സുരക്ഷയെപ്പറ്റി ചർച്ച ചെയ്യാൻ സാധിക്കുമോ? കോഴിക്കോട്ടുകാരിയായ രസീല രാജു ഒരു കുടുംബത്തിന്റെ ആശ്രയമായിരുന്നു. അതിദാരുണമായി പൂനെ ഇൻഫോസിസിൽ വച്ച് കൊല്ലപ്പെട്ടു. ആ വിഷയം എന്തുകൊണ്ട് നമ്മൾ ചർച്ച ചെയ്യുന്നില്ല? ദേവേന്ദ്ര ഭട്ട്നാവിസിനെപ്പോലെയുള്ള ഒരു മുഖ്യമന്ത്രിയല്ലേ അവിടെ അധികാരത്തിലിരിക്കുന്നത്? ആദ്യത്തെ കൊലപാതകമാണോ അത്? 2014-ൽ ചെന്നൈയിൽ ഉമാമഹേശ്വരി എന്ന സ്ത്രീ അതിദാരുണമായി തൊഴിൽ സ്ഥലത്ത് കൊലചെയ്യപ്പെട്ടില്ലേ? 2015 ഫെബ്രുവരിയിൽ അന്ധരാ ദാസ് എന്ന പെൺകുട്ടി കൊലചെയ്യപ്പെട്ടില്ലേ? കേരളത്തിലെ മാത്രമല്ല, ഇന്ത്യയിലെ സ്ത്രീകളുടെ സുരക്ഷിതത്വമാണ് ഞങ്ങളെപ്പോലെയുള്ളവർ ആഗ്രഹിക്കുന്നത്. കേരളത്തെ കണ്ട് ഇന്ത്യയിലെ ഭരണാധികാരികൾ പഠിക്കട്ടെ എന്ന് ആഗ്രഹിച്ചുകൊണ്ടുള്ള നയപ്രഖ്യാപനമാണ് ഇവിടെ നടത്തിയിരിക്കുന്നത്.

പുതിയ തലമുറയുടെ ആശാ കേന്ദ്രമാണ് ഐ.ടി. പാർക്കുകൾ. ലക്ഷക്കണക്കിന് ചെറുപ്പക്കാരാണ് ആ മേഖലയിൽ തൊഴിൽ ചെയ്യാൻ വരുന്നത്. പക്ഷെ അവരുടെ സുരക്ഷയുടെ കാര്യത്തിൽ ഗുരുതരമായ വീഴ്ചയാണ് ഇന്ത്യൻ ഭരണാധികാരികളുടെ ഭാഗത്തുനിന്നുണ്ടായിരിക്കുന്നത്. ശ്രീ. ഒ. രാജഗോപാൽ സ്ത്രീകൾക്ക് സുരക്ഷയില്ലെന്ന് പറഞ്ഞ് വാക്കൗട്ട് നടത്തി പുറത്തേയ്ക്ക് പോയപ്പോൾ അക്ഷരാർത്ഥത്തിൽ ഞാൻ ഞെട്ടിപ്പോയി. ബംഗാളിൽ തൊട്ടടുത്ത ദിവസം മായാസാന്ദ്ര എന്ന പാവപ്പെട്ട മൂന്ന് മാസം ഗർഭിണിയായ ഒരു യുവതിയെ, അവരുടെ ബന്ധുക്കളായ കുട്ടികളെ ആരോ വഴക്ക് പറയുന്നത് കണ്ട് അതിലിടപെടാൻ ചെന്നപ്പോൾ, ബി.ജെ.പി.-യുടെ ഒരു പ്രാദേശിക നേതാവ് ആ സ്ത്രീയുടെ വയറിന് തൊഴിച്ച് ഭ്രൂണത്തെ ഇല്ലായ്മ ചെയ്തു. മേനകാ ഗാന്ധിയും

നിങ്ങളും പറയുന്നത് ഒരേ അഭിപ്രായമാണെന്നുള്ളതാണ് ഞങ്ങളെ ഏറ്റവും കൂടുതൽ ആശങ്കപ്പെടുത്തുന്നത്. കഴിഞ്ഞ ദിവസം ശ്രീമതി മേനകാ ഗാന്ധി പറഞ്ഞു "കേരളം ദൈവത്തിന്റെ സ്വന്തം നാടോ, കേരളത്തിൽ ഇത്രയധികം അതിക്രമങ്ങൾ നടക്കുന്നോ" എന്ന്. സ്ത്രീകളെയും കുഞ്ഞുങ്ങളെയുമല്ല; അവർ സ്നേഹിക്കുന്നത് നായ്ക്കളെയാണ്. നടിക്ക് നേരെ ആക്രമമണമുണ്ടായെന്ന് കേട്ടയുടനെ അവർ ഞെട്ടൽ രേഖപ്പെടുത്തുകയാണ്. അവരുടെ മൂക്കിനുതാഴെ നന്ദിനി എന്ന ദളിത് പെൺകുട്ടിയെ ക്രൂരമായി ബലാൽസംഗം ചെയ്ത് കൊന്നിട്ട് അവർ കണ്ടിട്ടില്ല; എത്ര കുഞ്ഞുങ്ങൾ ഗ്യാംഗ് റേപ്പിന് വിധേയരായി ഹരിയാനയിലും മറ്റും വീഴുമ്പോൾ അവിടെ രാഷ്ട്രപതിഭരണം ഏർപ്പെടുത്തണമെന്ന് എന്തുകൊണ്ട് അവർ പറയുന്നില്ല; പക്ഷെ മേനകാ ഗാന്ധിയുടെ അതേ സ്വരം പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്ന് കേൾക്കുമ്പോൾ ഞങ്ങൾ ഭയപ്പെടുന്നു. അതുകൊണ്ടാണ് ശ്രീ. പി. സി. ജോർജിനോട് ഒരിക്കലും ഇടതുപക്ഷ രാഷ്ട്രീയത്തെ വലതുപക്ഷ രാഷ്ട്രീയവുമായി താരതമ്യം ചെയ്യാൻ പാടില്ലെന്ന് പറയുന്നത്. ഇവർ വ്യക്തമായ തെളിവോടുകൂടി തന്നെ കൂട്ടുകെട്ട് നടത്തുന്നുണ്ട്. അതിന്റെ ഭാഗമായാണ് ശ്രീമതി മേനകാ ഗാന്ധിയുടെ ശബ്ദമായി ഈ സഭയിലെ പ്രതിപക്ഷ നേതാവടക്കമുള്ളവർ സ്ത്രീസുരക്ഷയില്ലായെന്ന് പറഞ്ഞത്. എൽ.ഡി.എഫ്. അധികാരത്തിൽ വന്നിട്ട് 9 മാസമേ ആയിട്ടുള്ളൂ. മുഴുവൻ ഗുണ്ടകളേയും പിടിക്കുമെന്നും ഗുണ്ടാ ലിസ്റ്റ് പ്രസിദ്ധീകരിക്കുമെന്നും പറഞ്ഞിട്ടുണ്ട്. അതിന് സമയം വേണം. കേരളത്തെ ആകെ താറുമാറാക്കിയിട്ടിരിക്കുകയല്ലേ? ആകെ നശിപ്പിച്ചിട്ടിരിക്കുകയാണ്. അത് വൃത്തിയാക്കിയെടുക്കേണ്ടേ? ഞങ്ങൾ ഉഴുതുമറിക്കുകയാണ്. ഇനി ഞങ്ങൾ വിത്തിടും, വെള്ളവും വളവും ഉപയോഗിച്ച് ഇവിടെ നന്മ വിതയ്ക്കും. നന്മ വിതച്ച് നന്മ കൊയ്യാൻ പോകുകയാണ്. നന്മ വിതച്ച നയപ്രഖ്യാപനമാണ് ഇതിലുള്ളത്. ആ നന്മയുടെ വിളവ് നിങ്ങൾക്ക് കൂടിയുള്ളതാണ്, ഈ നാട്ടിലെ മുഴുവൻ ജനങ്ങൾക്കുമുള്ളതാണ്. പക്ഷെ ഇതൊക്കെ പറയുമ്പോഴും അതീവദയനീയമായ സ്ഥിതി ഇന്ത്യയിൽ തുടരുകയാണ്. അതിനെതിരെ യോജിച്ച പ്രക്ഷോഭമാണ് നിങ്ങളിൽ നിന്നും ഞങ്ങളാഗ്രഹിക്കുന്നത്. ഈ നാട്ടിലെ മുഴുവൻ സ്ത്രീകൾക്കും വേണ്ടിയാണ്. നിങ്ങളെപ്പോലെ മുതലക്കണ്ണീരല്ല ഞങ്ങളൊഴുക്കുന്നത്. സ്ത്രീകൾക്കു വേണ്ടി വ്യക്തമായ ദിശാബോധത്തോടുകൂടിയ പദ്ധതികളാണ് ആവിഷ്കരിക്കുന്നത്. പോലീസ് സേനയിൽ സ്ത്രീകളുടെ എണ്ണം കൂട്ടുമെന്ന് പറഞ്ഞിട്ടുണ്ട്. നിങ്ങൾക്ക് കഴിഞ്ഞ അഞ്ച് വർഷക്കാലം വനിതാ പോലീസിന്റെ എണ്ണം കൂട്ടാമായിരുന്നല്ലോ? ഒരോ പഞ്ചായത്തിലും ഒരു വനിതാ പോലീസ് ഓഫീസർ സന്ദർശനം നടത്തുമെന്ന് പറയാനുള്ള ധൈര്യം ഈ സർക്കാർ കാണിച്ചിരിക്കുകയാണ്. അപ്പോഴാണ് ഞങ്ങൾ പണമില്ലാതെ സ്വപ്നം കാണുന്നവരാണെന്ന് പറയുന്നത്. നിങ്ങൾക്ക് സ്വപ്നംപോലും കാണാൻ കഴിഞ്ഞില്ലെന്നുള്ളതാണ് ഞങ്ങളെ ഏറ്റവും കൂടുതൽ

അതിശയിപ്പിക്കുന്നത്. ഞങ്ങൾ സ്വപ്നം കണ്ട് കൃത്യമായ പരിപാടികൾ ആവിഷ്കരിച്ചുകൊണ്ട് മുന്നോട്ടുപോകുകയാണ്. പ്രഥമ വനിതാ ബറ്റാലിയന് ഈ വർഷം തുടക്കമിട്ടിരിക്കുകയാണ്. വനിതാ നിയമസഭാ സാമാജിക എന്ന നിലയിൽ വലിയ പ്രതീക്ഷയോടെയും ഏറെ സന്തോഷത്തോടെയും ആത്മവിശ്വാസത്തോടെയുമാണ് ഞാനതിനെ നോക്കിക്കാണുന്നത്. സേനയിൽ 15 ശതമാനം വനിതകളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നതിന് പ്രതിജ്ഞാബദ്ധമാണെന്ന് പറയാനുള്ള ധൈര്യം സർക്കാർ കാണിച്ചിരിക്കുന്നു എന്നുള്ളത് അഭിമാനത്തോടെ ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്. തീർച്ചയായും ബഹുമാനപ്പെട്ട ഗവർണ്ണർ പറഞ്ഞതുപോലെ അത് 50 ശതമാനത്തിലേയ്ക്ക് എത്തിക്കാനുള്ള വലിയ ഇടപെടലായിരിക്കും 5 വർഷക്കാലം കൊണ്ട് സർക്കാർ സ്വീകരിക്കാൻ പോകുന്നതെന്നുള്ളത് ഈ അവസരത്തിൽ വളരെ പ്രതീക്ഷയോടുകൂടി ഞാൻ പറയുകയാണ്.

സദാചാര പോലീസിനെപ്പറ്റി പലരും പറയുകയുണ്ടായി. കേരളം ഇതിന് മുൻപ് സദാചാര പോലീസിനെ കണ്ടിട്ടില്ലേ? ബഹുമാന്യനായ പ്രതിപക്ഷ നേതാവ് ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നപ്പോൾ നാട്ടിൽ സദാചാര പോലീസ് ഉണ്ടായിരുന്നില്ലേ? മനുസ്മൃതിയുടെ വക്താക്കളാണ് ഇന്ത്യാ മഹാരാജ്യം ഭരിക്കുന്നത്. മനുസ്മൃതിയുടെ ക്രോഡീകരണമായിട്ടുള്ള ശാങ്കരസ്മൃതിയുടെ അനുരണനങ്ങൾ കേരളത്തിൽ ഇന്നുമുണ്ട് എന്നതിനുള്ള തെളിവാണ് അനീഷിന്റെ മരണം. ശാങ്കരസ്മൃതിയിൽ പറയുന്നത് സ്ത്രീകൾ വെള്ള വസ്ത്രം ധരിച്ചിറങ്ങണം, സ്ത്രീകൾ മൂക്കുത്തിയിടാൻ പാടില്ല, സ്ത്രീകൾ രാത്രിയിൽ യാത്ര ചെയ്യാൻ പാടില്ല എന്നാണ്. ഇത്തരം കാര്യങ്ങൾ പറയുന്ന ശാങ്കരസ്മൃതിയുടെ വക്താക്കളെയാണ് നിങ്ങൾ തിരിച്ചറിയേണ്ടത്. സർക്കാരിനെ കുറ്റപ്പെടുത്തിക്കൊണ്ട് ഞങ്ങളുടെ നേരെ കൊഞ്ഞനംകുത്താൻ ശ്രമിക്കുമ്പോൾ നിങ്ങൾ ഓർത്തുകൊള്ളുക നിങ്ങൾതന്നെയാണ് അപകടത്തിലാകുന്നത്. സോഷ്യലിസ്റ്റ് ആശയങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് ഇടതുപക്ഷ പ്രസ്ഥാനം എപ്പോഴെല്ലാം കേരളത്തിൽ അധികാരത്തിൽ വന്നിട്ടുണ്ടോ അന്നൊക്കെ നടന്നിട്ടുള്ള കാര്യങ്ങൾ തെളിവുസഹിതം പറയാനുണ്ട്. 50 ശതമാനം സംവരണത്തിലൂടെ സ്ത്രീകളെ അധികാരത്തിലേയ്ക്ക് കൊണ്ടുവന്നതും കുടുംബശ്രീ സംരംഭത്തെ ഏഷ്യയിലെ മികച്ച സംഘടനാ സംവിധാനമാക്കിയതും വനിതാ കമ്മീഷൻ കൊണ്ടുവരുന്നതിന് നേതൃത്വം കൊടുത്തതും ഇടതുപക്ഷ സർക്കാരല്ലേ? കൂടാതെ എല്ലാവർക്കും വിദ്യാഭ്യാസം നൽകുന്നതിനുവേണ്ടി ഇവിടെ എന്നും പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത് ഇടതുപക്ഷ സർക്കാരല്ലേ?

പ്രതിപക്ഷത്തിനോട് ഒരഭ്യർത്ഥന കൂടിയുണ്ട്. കുറച്ചുകൂടി സഹിഷ്ണുതയോടുകൂടി സഭയെ കാണണം. പ്രതിപക്ഷത്തിന് രാഷ്ട്രീയം പറയാം; എന്തും ചെയ്യാം. പക്ഷേ നിങ്ങളുയർത്തിയ ആ ബാനർ കാണുമ്പോഴും നിങ്ങൾ പറയുന്ന ചില കാര്യങ്ങൾ

കേൾക്കുമ്പോഴും ചിരിക്കാതിരിക്കാൻ നിവൃത്തിയില്ല. ഒരു ദിവസം മാത്രമേ ബാനർ കണ്ടുള്ളൂ. പിറ്റേ ദിവസം ആ ബാനർ കൊണ്ടുവരേണ്ട എന്ന് പ്രതിപക്ഷ നേതാവടക്കം തീരുമാനിച്ചത് ആ ബാനറിലെ ചോദ്യങ്ങൾ നിങ്ങൾക്കുതന്നെ നേരിടേണ്ടി വരുമെന്നുള്ളതുകൊണ്ടാണ്. അരി എവിടെ? പ്രൊഫ. കെ.വി. തോമസ് മാഷിനോട് ചോദിക്കണം. കുടിവെള്ളം എവിടെ? നിങ്ങളാണ് ഈ നാട്ടിലെ മുഴുവൻ നിലങ്ങളും നികത്താൻ ഉത്തരവ് കൊടുത്തത്. അത് ചോദിച്ചതിനുശേഷം ആ ബാനർ കൊണ്ടു വന്നിട്ടില്ല. നിങ്ങളുടെ മുദ്രാവാക്യത്തിലെ തട്ടിപ്പ് ഞങ്ങൾക്ക് മനസ്സിലാകുന്നുണ്ടെന്ന് നിങ്ങൾക്ക് ബോദ്ധ്യമാകുന്നുണ്ട്. നിങ്ങൾ സഹകരിക്കുക. കേരളത്തിൽ ഞങ്ങൾ നന്മ വിതയ്ക്കുകയാണ്. ആ നന്മ കൊയ്യാൻ, അതിന്റെ ഭാഗഭാക്കാകാൻ നിങ്ങളെല്ലാവരും ഞങ്ങളോടൊപ്പം ഉണ്ടാകണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുന്നു. സ്ത്രീസുരക്ഷയെന്ന പ്രധാനപ്പെട്ട വിഷയത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ ഗൗരവമായി പുതിയ പരിപാടികൾ ആവിഷ്കരിച്ച് മുന്നോട്ടുപോകുമ്പോൾ അതിന്റെ നന്മ ഈ നാട്ടിലെ മുഴുവൻ സ്ത്രീകൾക്കും രാഷ്ട്രീയ ഭേദമെന്യേ കിട്ടണമെന്ന് ആഗ്രഹിക്കുന്നവരാണ് ഞങ്ങളെന്നുപറഞ്ഞുകൊണ്ട് നിർത്തുന്നു. നന്ദി.

<u>ശ്രീ. എം. ഉമ്മർ</u> : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു. ബഹുമാനപ്പെട്ട ഗവർണർ നയപ്രഖ്യാപന പ്രസംഗത്തിന്റെ 257-ാം ഖണ്ഡികയിൽ ഒൻപത് കാര്യങ്ങളെപ്പറ്റി പറയുന്നുണ്ട്. ഒൻപത് കൽപ്പനകളാണ് ഇവിടെ പുറപ്പെടുവിച്ചിട്ടുള്ളത്. "എല്ലാവർക്കും ഭക്ഷണം, എല്ലാവർക്കും വസ്ത്രം, എല്ലാവർക്കും പാർപ്പിടം, എല്ലാവർക്കും ഇന്റർനെറ്റ്, എല്ലാവർക്കും വിദ്യാഭ്യാസം, എല്ലാവർക്കും ആരോഗ്യ സംരക്ഷണം, ലിംഗസമത്വം, എല്ലാവർക്കും നീതി, എല്ലാവരും തമ്മിൽ ഒത്തൊരുമ എന്നീ ആശയങ്ങളിൽ എന്റെ സർക്കാർ വിശ്വസിക്കുകയും അതിനായി ഒത്തൊരുമയോടെ കഠിനമായി പ്രയത്നിക്കുകയും ചെയ്യുന്നതാണ് " എന്നാണ് പറഞ്ഞിരിക്കുന്നത്. ഈ ഒത്തൊരുമ ആദ്യം പാർട്ടിക്കകത്തും മുന്നണിക്കകത്തും ഉണ്ടാകണ്ടേ? ഇതുസംബന്ധിച്ച് എനിക്ക് ചില കാര്യങ്ങൾ ചോദിക്കാനുണ്ട്. ഒന്ന്, ഇപ്പോഴും നമ്പൂതിരിയുടെ വെളിച്ചത്തിലാണോ വാര്യരുടെ ഊണ് എന്നത് സംബന്ധിച്ച് തീരുമാനമായിട്ടുണ്ടോ എന്നാണ്. രണ്ട്, മാവോയിസ്റ്റ് വേട്ട സംബന്ധിച്ച തർക്കത്തിൽ സി.പി.ഐ(എം)-ന്റെ സെക്രട്ടറി ശ്രീ. സുധാകര റെഡ്ഡിയും ശ്രീ. കാനം രാജേന്ദ്രനും പറഞ്ഞ കാര്യത്തെ സംബന്ധിച്ച് ഇടതുപക്ഷ ജനാധിപത്യ മുന്നണിയിൽ ഒത്തൊരുമ ഉണ്ടായിട്ടുണ്ടോ; ശ്രീ. സുധാകര റെഡ്ഡിയുടെയും ശ്രീ. കാനം രാജേന്ദ്രന്റെയും അഭിപ്രായങ്ങളെ മാനിച്ചുകൊണ്ടുള്ള ഒരു തീരുമാനം ഇടതുപക്ഷ സർക്കാർ എടുത്തിട്ടുണ്ടോ? ഉണ്ടെങ്കിൽ അത്

ജനങ്ങളറിയണം. ഇത് പാർട്ടികൾ തമ്മിലുള്ള അഭിപ്രായവ്യത്യാസമല്ല. ജനകീയ പ്രശ്നങ്ങൾ ചില പാർട്ടി നേതാക്കൾ ഉയർത്തിക്കൊണ്ടു വരുമ്പോൾ തീരുമാനങ്ങൾ അറിയാനുള്ള അവകാശം ജനങ്ങൾക്കുണ്ട് എന്നുള്ളതുകൊണ്ടാണ് ചോദിക്കുന്നത്. അല്ലാതെ നിങ്ങളുടെ ആഭ്യന്തര കാര്യമല്ല. മൂന്ന്, ക്യാബിനറ്റ് തീരുമാനം വിവരാവകാശ നിയമപ്രകാരം വെളിപ്പെടുത്തുന്ന കാര്യത്തിൽ സി.പി.ഐ. സംസ്ഥാന സെക്രട്ടറി ശ്രീ. കാനം രാജേന്ദ്രനുമായുള്ള തർക്കം ഇപ്പോൾ അവസാനിച്ചിട്ടുണ്ടോ? ഇപ്പോൾ അത് വെളിപ്പെടുത്താമെന്നാണോ, വെളിപ്പെടുത്തേണ്ടെന്നാണോ; അതോ സി.പി.ഐ. അതിൽ നിന്ന് പിൻമാറിയോ? അതുപോലെ ലാ അക്കാദമിയുടെ ഭൂമി വിട്ടുനൽകുന്ന കാര്യത്തിൽ സി.പി.ഐ. -യും സി.പി.ഐ.(എം)-ഉം ശ്രീ. വി.എസ്. അച്യുതാനന്ദൻ അടക്കമുള്ളവരും ഉന്നയിച്ച അഭിപ്രായങ്ങൾ സംബന്ധിച്ച് തീരുമാനമായിട്ടുണ്ടോ; മുന്നണി ഏകസ്വരത്തിൽ തീരുമാനിച്ചത് പിടിച്ചെടുക്കണമെന്നാണോ, എടുക്കേണ്ട എന്നാണോ? അതുപോലെ ലാ അക്കാദമിയിലെ സമരത്തിൽനിന്നും എസ്.എഫ്.ഐ. പിൻമാറിയതു സംബന്ധിച്ച് എസ്.എഫ്.ഐ.- യുമായുണ്ടായിട്ടുള്ള അഭിപ്രായങ്ങളും അഭിപ്രായ ഐക്യപെടലുകളും ഈ ഒത്തൊരുമയുടെ ഭാഗമായി തീർന്നിട്ടുണ്ടോ? ഗവർണ്ണറുടെ പ്രസംഗത്തിന്റെ അടിസ്ഥാനത്തിലാണ് ഇതൊക്കെ ചോദിക്കുന്നത്. ഒത്തൊരുമയിൽ കൂടി പോകണമെന്നു പറഞ്ഞതുകൊണ്ടാണ് ഇതൊക്കെ ചോദിക്കുന്നത്. അല്ലെങ്കിൽ ഞാനിതൊന്നും ചോദിക്കില്ല. നിങ്ങളുടെ ആഭ്യന്തര കാര്യമാണ്. ഞങ്ങൾക്ക് ചോദിക്കേണ്ട കാര്യമില്ല. ഗവർണർ നയപ്രഖ്യാപന പ്രസംഗത്തിന്റെ അവസാനം ഒത്തൊരുമയോടുകൂടി പോകണമെന്നു പറഞ്ഞതുകൊണ്ടാണ് ഞാൻ ചർച്ചയിൽ പങ്കെടുത്തത്. കോട്ടിട്ട മോദിയും മുണ്ടുടുത്ത മോദിയും തമ്മിലുള്ള അകലം കുറഞ്ഞിട്ടുണ്ടോ? ഇതെന്റെ അഭിപ്രായമല്ല. കോട്ടിട്ട മോദിയും കോട്ടിടാത്ത മോദിയും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടെന്ന് പാർട്ടിക്കുള്ളിൽ നടന്ന ചർച്ച പത്രത്തിൽ വന്നതാണ്. ഈ കാര്യത്തെ സംബന്ധിച്ച് നിങ്ങൾ ധാരണയിലായിട്ടുണ്ടോ? അതോ നിയമസഭയുടെ പകൽ വെളിച്ചത്തിൽ മാത്രമാണോ ഈ ധാരണ; ഇതുകഴിഞ്ഞാൽ വീണ്ടും തുടങ്ങുമോ? ഈ പതിനഞ്ചു ദിവസം ഞങ്ങളെ കബളിപ്പിക്കാൻ വേണ്ടിയിട്ടുള്ള ഒരു ധാരണ മാത്രമാണോ? അതുപോലെ സി.പി.ഐ.(എം.)-ന്റെ യുവനേതാവിന് നാട്ടിൽ നിന്ന് തൃശ്ശൂർവരെ വന്നാൽ മാത്രമേ സി.പി.ഐ.-ക്കാരെ കാണാൻ കഴിയുകയുള്ളോ? നിലമ്പൂർ മുതൽ തൃശ്ശൂർ വരെ സി.പി.ഐ.-ക്കാരിൽ ആരെയെങ്കിലും എട്ടു മാസത്തിനുള്ളിൽ കാണാൻ ഇടയായിട്ടുണ്ടോ, ഇങ്ങനെയുള്ള വലിയ വലിയ പ്രശ്നങ്ങൾ നമ്മുടെ സംസ്ഥാനത്തിന്റെ പ്രശ്നമാണ്. നിങ്ങളുടെ ആഭ്യന്തര കാര്യമായിരുന്നെങ്കിൽ ഞങ്ങൾ ഇടപെടുകയില്ല.

ബഹുമാനപ്പെട്ട ഗവർണർ ആയിരത്തിന്റെ പ്രാസം ഒപ്പിക്കുന്ന കളിയെപ്പോലെ തോന്നിക്കുന്ന കുറെ കാര്യങ്ങളെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ഇത് മുഴുവനും വായിച്ചു നോക്കാൻ കഴിഞ്ഞില്ല. രണ്ടര മണിക്കൂർ നീണ്ട പ്രസംഗമാണ്. ഖണ്ഡിക 42-ൽ ഗവർണർ പറയുന്നത് ആയിരം ലക്ഷം തൊഴിൽ ദിനങ്ങൾ കൊടുക്കുമെന്നാണ്. കഴിഞ്ഞ വർഷം പറഞ്ഞത് 25 ലക്ഷം തൊഴിൽ ദിനങ്ങൾ കൊടുക്കുമെന്നാണ്. അപ്പോൾ എട്ടു മാസംകൊണ്ട് ഒറ്റ കുതിപ്പാണ്. 25 ലക്ഷത്തിൽ നിന്ന് 1000 ലക്ഷത്തിലേയ്ക്ക് എത്തി. 25 ലക്ഷം പേർക്കും തൊഴിൽ കൊടുത്തോ? എട്ടു മാസംകൊണ്ട് 25 ലക്ഷം പേർക്ക് തൊഴിൽ കൊടുത്തു കഴിഞ്ഞെങ്കിൽ ബാക്കിയുള്ളവരുടെ കാര്യം ആലോചിച്ചാൽ മതിയല്ലോ? ബഹുമാനപ്പെട്ട മന്ത്രിമാർ മറുപടി പറയുന്നതിൽ വ്യക്തത വേണം. 1000 ലക്ഷം തൊഴിൽ ദിനങ്ങൾ കൊടുക്കുമെന്ന് പറഞ്ഞത് എനിക്ക് മനസ്സിലായിട്ടില്ല. എത്ര വയസ്സായവർക്കാണ് തൊഴിൽ കൊടുക്കുന്നത്; കേരളത്തിൽ എത്ര പേർ തൊഴിലില്ലാത്തവരായുണ്ട്. 1000 ലക്ഷം തൊഴിൽ ദിനങ്ങളാണ്. 10 കോടി ലക്ഷം തൊഴിൽ ദിനങ്ങൾ കൊടുക്കുന്നുണ്ടെങ്കിൽ എല്ലാവർക്കും കൊടുക്കേണ്ടിവരും. മരിച്ചവർക്കും കൊടുക്കേണ്ടിവരും. നിങ്ങളിത് എണ്ണി നോക്കിയിട്ടുണ്ടോ? അതുപോലെ ഖണ്ഡിക 49- ൽ - ആയിരം വൈ-ഫൈ ഹോട്ട്സ്പോട്ടുകൾ സ്ഥാപിക്കും. ആയിരത്തിൽ താഴെയുള്ള കാര്യമില്ല. ഖണ്ഡിക 58-ൽ പറയുന്നത് '1000 നൂതന ആശയങ്ങൾ' ഞങ്ങൾ കൊണ്ടുവരും. 1001 -ഉം ഇല്ല 999-ഉം ഇല്ല. '1000 നൂതന ആശയങ്ങൾ' ഞങ്ങൾ കൊണ്ടുവരുമെന്നാണ്. ഖണ്ഡിക 149 -1000 കി.മീറ്റർ റോഡ്. 1000 കോടി രൂപ കൊണ്ട് 1000 കി.മീറ്റർ റോഡുണ്ടാക്കും. അതിൽ ഞങ്ങളുടെ മണ്ഡലത്തിലെ റോഡ് ഉൾപ്പെട്ടിട്ടുണ്ടോ; എന്റെ മണ്ഡലത്തിലുള്ള രണ്ടു റോഡ് 1000 കി.മീറ്ററിൽ ഉൾപ്പെടുത്തണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ബഹുമാനപ്പെട്ട മുരളി പെരുനെല്ലി ചോദിച്ച ചോദ്യത്തിന് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി (സി) പിരിവിന് ഒരുത്തരം പറഞ്ഞിട്ടുണ്ട്. കേരള ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് ബോർഡ് പ്രവർത്തനക്ഷമമായാൽ റോഡ് നിർമ്മാണത്തിന് പൊതുമരാമത്ത് വകുപ്പിന്റെ പങ്കെന്തായിരിക്കുമെന്ന് അറിയിക്കാമോ? മറുപടിയിലെ പ്രസക്തമായ രണ്ടുവരി ഞാൻ വായിക്കുകയാണ്. 'പൊതുമരാമത്ത് വകുപ്പ് ഒരു ദേശീയ സംസ്ഥാന വകുപ്പാണ്, രാജവാഴ്ചകാലം മുതൽക്കുള്ള വകുപ്പാണ്. അതിനെ ഒഴിവാക്കാൻ ആർക്കും സാധ്യമല്ല. അതിനെ ബഹുമാനിക്കാതെ എടുത്തുചാടുന്ന ആരും രക്ഷപ്പെടുകയില്ല എന്നുള്ള അന്ത്യശാസനം കൊടുത്തിട്ടുണ്ട്.' ആരാണ് പൊതുമരാമത്ത് വകുപ്പിനെ രക്ഷപ്പെടുത്താതെ മുന്നോട്ടു ചാടുന്നത്. ആ കാര്യം സംബന്ധിച്ചും ഐക്യമുണ്ടോ; ഒത്തൊരുമയുണ്ടോ? ഇതൊക്കെയാണ് ഇവിടെ

പ്രസക്തമായ കാര്യം. രണ്ടര മണിക്കൂർ ഗവർണ്ണറെക്കൊണ്ട് പ്രസംഗിപ്പിച്ചത് വളരെ നന്നായിട്ടുണ്ട്. അതുപോലെ ഗോത്ര വർഗ്ഗക്കാർക്കായുള്ള പദ്ധതികളെക്കുറിച്ച് ഖണ്ഡിക 198-ൽ സൂചിപ്പിച്ചിട്ടുണ്ട്. ഗോത്രവർഗ്ഗക്കാരുടെ വാസസ്ഥലങ്ങളെ സംബന്ധിച്ച് 'സ്വതന്ത്രമായി ജീവിക്കുക' - 'Live with freedom എന്നതായിരിക്കും സർക്കാരിന്റെ നയം' എന്ന് പറഞ്ഞിട്ടുണ്ട്. യാതൊരു തടസ്സവുമുണ്ടാകില്ല. അവർക്ക് ഇഷ്ടംപോലെ ജീവിക്കാം. എന്റെ മണ്ഡലത്തിൽ മഞ്ചേരി മെഡിക്കൽ കോളേജിൽ ഒരു ആദിവാസി സ്ത്രീയെ പ്രസവത്തിന് അഡ്മിറ്റ് ചെയ്തു. സ്വതന്ത്രമായാണ് പ്രസവിക്കാൻ അനുവദിച്ചത്. അവർ പ്രസവിച്ചത് ക്ലോസറ്റിലാണ്. ഇക്കാര്യം അന്വേഷിച്ച് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് പറഞ്ഞു. അന്വേഷിച്ച് അവിടത്തെ ഒരു സ്വീപ്പറെ സസ്പെൻഡ് ചെയ്തു. സ്വീപ്പറാണോ മെഡിക്കൽ കോളേജിൽ പ്രസവം എടുക്കുന്നത്? അതാണോ തുല്യനീതി? ലിംഗ സമത്വമെന്നാൽ ഇതാണോ? ലിംഗസമത്വത്തെ സംബന്ധിച്ച് വീര്യത്തോടുകൂടി എനിക്കുമുമ്പ് പ്രസംഗിച്ച ബഹുമാനപ്പെട്ട മെമ്പർ ആലോചിക്കേണ്ടത് ഒരു ആദിവാസി യുവതിക്ക് മഞ്ചേരി മെഡിക്കൽ കോളേജിലുണ്ടായ സ്ഥിതിയാണ്.

29-2-2017-ലെ മാധ്യമം പത്രത്തിൽ 'ആദിവാസി വിദ്യാർത്ഥികൾക്ക് ഭക്ഷണം നിഷേധിച്ചു' എന്ന വാർത്ത വരികയുണ്ടായി. എറണാകുളം മഹാരാജാസ് കോളേജ് ഹോസ്റ്റലിൽ താമസിക്കുന്ന നാല് ആദിവാസി വിദ്യാർത്ഥികൾക്കാണ് ഭക്ഷണം നൽകാത്തത്. കാരണമെന്താണ്? ഗോത്രവർഗ്ഗക്കാരുടെ വാസസ്ഥാനങ്ങളെ സംബന്ധിച്ച് പറയുന്നുണ്ട്, 'സ്വതന്ത്രമായി ജീവിക്കുക' (Live with freedom). ആദിവാസികൾക്ക് മനസ്സിലായില്ലെങ്കിലോ എന്നുകരുതി ഇംഗ്ലീഷിലും കൊടുത്തിട്ടുണ്ട്. വേണമെങ്കിൽ കാട്ടിൽ താമസിക്കാം പക്ഷേ നാട്ടിലേയ്ക്ക് വരരുത്. നാട്ടിലേയ്ക്ക് വന്നാൽ ഇതാണ് സ്ഥിതി എന്നാണ് കാണിക്കുന്നത്.

'കൈക്കൂലി നൽകാൻ പണമില്ല, ആദിവാസി യുവതിയുടെ ശസ്ത്രക്രിയ മാറ്റി'. 4-8-2017-ലെ മംഗളത്തിലും മറ്റു പത്രങ്ങളിലും ഈ വാർത്ത വരികയുണ്ടായി. ഗർഭപാത്രം പുറത്തേയ്ക്ക് തള്ളിനിൽക്കുന്ന ഒരു സ്ത്രീ പ്രസവത്തിനുവേണ്ടി കാസർഗോഡ് ജനറൽ ആശുപത്രിയിൽ വരികയുണ്ടായി. ആയിരം രൂപ വച്ച് രണ്ട് ഡോക്ടർമാർക്കുംകൂടി രണ്ടായിരം രൂപ കൊടുക്കണമെന്ന് ആ സ്ത്രീയോട് പറഞ്ഞു. രണ്ടായിരം രൂപ കൊടുക്കാനില്ലാത്തതുകൊണ്ട് ആ സ്ത്രീയെ ഡിസ്ചാർജ്ജ് ചെയ്യുകയുണ്ടായി. ഇതും പത്രങ്ങളിൽ വന്ന വാർത്തയാണ്. ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ? ഗവർണ്ണറുടെ പ്രസംഗത്തിൽ ആദിവാസികൾക്കുവേണ്ടി ധാരാളം സംഗതികൾ പ്രഖ്യാപിക്കുമ്പോൾ ഇക്കാര്യങ്ങളിൽ സർക്കാരിന്റെ നിലപാടെന്താണെന്ന് വ്യക്തമാക്കണം. 'ആദിവാസി വിദ്യാർത്ഥികൾക്ക് കോളേജിൽ

മർദ്ദനം'-30-7-2016-ലെ മാതൃഭൂമി പത്രത്തിൽ വന്ന വാർത്തയാണ്. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ ആദിവാസി വിദ്യാർത്ഥികൾക്ക് മർദ്ദനം എന്ന വാർത്തയും വരികയുണ്ടായി. ഇങ്ങനെ മർദ്ദിക്കാൻ കാരണമെന്താണെന്ന് അന്വേഷിച്ചപ്പോൾ എസ്.എഫ്.ഐ.-യിൽ ചേരാത്തതുകൊണ്ടാണെന്നാണ് പറഞ്ഞത്. എസ്.എഫ്.ഐ.-യിൽ ചേർന്നില്ലെങ്കിൽ മർദ്ദനം എന്നതാണ് ഇവിടത്തെ തുല്യനീതി. അതാണ് 'Live with freedom' .

വിജിലൻസിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ്? ഭസ്മാസുരന് വരം കൊടുത്തതുപോലെയാണ് ഇപ്പോൾ വിജിലൻസിന്റെ സ്ഥിതി. ഭസ്മാസുരന് വരം കൊടുത്ത കഥ സമയക്കുറവുകാരണം ഞാൻ പറയുന്നില്ല. ഇപ്പോൾ വിജിലൻസിനായി വേറൊരു പദ്ധതി ഗവർണറുടെ പ്രസംഗത്തിൽ പറയുന്നുണ്ട്. താഴെത്തട്ടിലുള്ള ആൾക്കാരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു പങ്കാളിത്ത അഴിമതി വിരുദ്ധ മാതൃകയായ, വിജിലൻസ് കേരള എന്ന പരിപാടി ആരംഭിച്ചിട്ടുണ്ട്. ഈ ശ്രമങ്ങളുടെ ഭാഗമായി 'എറൈസിംഗ് കേരള', 'വിസിൽ നൗ' എന്നീ രണ്ട് മൊബൈൽ ആപ്പുകൾ അഴിമതി റിപ്പോർട്ട് ചെയ്യുന്നതിനായി ആരംഭിച്ചിട്ടുണ്ട്. വിജിലൻസ് രാഷ്ട്രീയം കളിക്കാനുള്ള വേദിയല്ലെന്നാണ് ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞിരിക്കുന്നത്. സർക്കാർ മാറുമ്പോൾ വിജിലൻസിന്റെ നിലപാട് മാറാമോ; സംസ്ഥാനം വിജിലൻസ് രാജിലാണോ; ഇതാണോ ഈ സർക്കാരിന്റെ നയം? ഞാനും എന്റെ ഭർത്താവും പിന്നെ ഒരു തട്ടാനും എന്ന് ഒരു സ്ത്രീ പറയുകയുണ്ടായി. ഇതുപോലെയാണോ നിങ്ങളുടെ നയം? ഞാനും വിജിലൻസും പിന്നീടൊരു സർക്കാരും ഉണ്ടായാൽ പ്രശ്നമില്ല എന്നുള്ളതാണോ നിങ്ങളുടെ ഭാവം? എങ്കിൽ വിജിലൻസ് ഭസ്മാസുരനെപ്പോലെ നിങ്ങളേയും കൊണ്ടേ പോകുകയുള്ളൂ. അതുകൊണ്ട് 'വിസിൽ നൗ' എന്നുപറഞ്ഞുകൊണ്ട് മഞ്ഞ കാർഡ് കാണിക്കാനുള്ള സമയമായിട്ടുണ്ടോ ഇല്ലയോ എന്നുള്ളത് പരിശോധിക്കണം.

നീതി സംബന്ധിച്ച് എല്ലാവരും സൂചിപ്പിക്കുകയുണ്ടായി. ചീഫ് സെക്രട്ടറിക്ക് കൊടുക്കുന്ന നീതി ഇവിടത്തെ ഒരു സാധാരണക്കാരന് ലഭിക്കുമോ? ചീഫ് സെക്രട്ടറി എന്ന് പറയണമെങ്കിൽ ഗവർണറുടെ കൂടെ വരികയും സഭയുടെ മുന്നിലിരിക്കുകയും ചെയ്യുന്ന ഒരാളാണ്. അദ്ദേഹത്തിന്റെ പദവി എന്താണ്? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സ്പീക്കറും ചീഫ് സെക്രട്ടറിയെ ആനയിച്ച് കൊണ്ടുവന്ന് സഭയുടെ മുന്നിൽ സീറ്റ് കൊടുത്ത ആളുകളാണ്. ചീഫ് സെക്രട്ടറിക്കും മുൻ ഡി.ജി.പി.-ക്കും അഡീഷണൽ ഡി.ജി.പി.-ക്കും രക്ഷയില്ല. ഇതൊന്നും ഞാൻ പറയുന്നതല്ല. പത്രങ്ങളിൽ വരുന്ന വാർത്തകളാണ്. ഭരിക്കുന്ന മുതിർന്ന ഉദ്യോഗസ്ഥർക്കുപോലും രക്ഷയില്ലാത്ത സ്ഥിതിയാണിന്നുള്ളതെങ്കിൽ പിന്നെ എങ്ങനെയാണ് ഭരണം മുന്നോട്ടുകൊണ്ടുപോകുന്നത്?

തുല്യനീതിയെ സംബന്ധിച്ച് പറയുകയാണെങ്കിൽ, സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകൾക്കും തുല്യ പരിഗണന നൽകുമെന്നാണ് ഞാൻ വിചാരിച്ചത്. ഇതിൽ 5 മെഡിക്കൽ കോളേജുകളുടെ കാര്യം മാത്രമേ പറയുന്നുള്ളൂ. കാരണം, 40-50 വർഷം പഴക്കമുള്ള മെഡിക്കൽ കോളേജുകൾക്ക് ധാരാളം കാര്യങ്ങൾ കൊടുത്തുകൊണ്ടിരിക്കുകയാണ്. മഞ്ചേരിയിലും ഇടുക്കിയിലും മെഡിക്കൽ കോളേജുകളുണ്ട്. അതുസംബന്ധിച്ച് ഒന്നും പരാമർശിച്ചിട്ടില്ല. ഒന്നുകിൽ പുതിയ മെഡിക്കൽ കോളേജുകൾക്ക് ഇന്ന കാര്യങ്ങൾ ചെയ്യുമെന്നും പഴയ മെഡിക്കൽ കോളേജുകൾക്ക് ഇന്നയിന്ന കാര്യങ്ങൾ ചെയ്യുമെന്നും പറയണം. ഇതിലൊന്നും ഉൾപ്പെടുത്താതെ പോയത് ശരിയല്ല. ജനറൽ ആശുപത്രിയിലും മെഡിക്കൽ കോളേജിലും ഉൾപ്പെടുത്തിയിട്ടില്ല. കേരളത്തിലെ ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന ഈ നിലപാട് ശരിയല്ലെന്നാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ട് ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞ കാര്യങ്ങളോട് എനിക്ക് യോജിപ്പില്ല. ഇവിടെ നടക്കുന്നതിൽ ഒന്ന് - ഗുണ്ടായിസം, രണ്ട് - Nepotism (സ്വജനപക്ഷപാതം), മൂന്ന്- Red Tapism - ചുവപ്പുനാടയാണ്. ഫയലുകൾ നീങ്ങുന്നില്ല. അതുപോലെ ഫാസിസം; എന്നുപറഞ്ഞാൽ മറ്റ് സംഘടനകളെ പ്രവർത്തിക്കാൻ അയയ്ക്കാതിരിക്കുക, മറ്റൊന്ന്, പാർഷ്യാലിസം- എന്നുപറഞ്ഞാൽ വിഭാഗീയത നടക്കുകയാണ്. റോബോട്ടിസം - റോബോട്ടുകൾ കുറേ സ്ഥാപിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. കോഴിക്കോട് ഒരു റോബോട്ട് ഫാക്ടറി ജപ്പാന്റെ സഹായത്തോടെ ആരംഭിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. കമ്പ്യൂട്ടറിനെ എതിർത്ത ആളുകൾ ഇപ്പോൾ റോബോട്ടുകളെ കൊണ്ടുവരാൻ പോകുന്നുവെന്നുള്ളതാണ്. അടുത്തത് Vandalism ആണ്. അതാണ് മഹാരാജാസ് കോളേജിൽ പ്രിൻസിപ്പലിന്റെ കസേര തീയിട്ട സംഭവം. കിഡ്നാപ്പിംഗാണ് ഇപ്പോൾ രാജ്യത്താകെ നടന്നുകൊണ്ടിരിക്കുന്നത്. പെൺകുട്ടികളെ തട്ടിക്കൊണ്ടുപോകുക, സിനിമാനടിമാരെ തട്ടിക്കൊണ്ടുപോകുക ഇതൊക്കെയാണ് ഇപ്പോൾ നടക്കുന്നത്. ബഹുമാനപ്പെട്ട അംഗങ്ങൾ സംസാരിക്കുന്നതുകേട്ടാൽ ഇതൊക്കെ നോക്കേണ്ടത് മുൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ശ്രീ. രമേശ് ചെന്നിത്തലയുടെ പണിയാണെന്ന് തോന്നും. ഇപ്പോൾ നടക്കുന്ന കാര്യങ്ങളാകുമ്പോൾ ഇപ്പോൾ ആഭ്യന്തരം കൈകാര്യം ചെയ്യുന്ന മന്ത്രിയല്ലേ നോക്കേണ്ടത്. ഈ പ്രസംഗത്തിന്റെ അവസാനം പറഞ്ഞിരിക്കുന്ന 9 ആശയങ്ങൾക്ക് പകരം ഇവിടെ നടക്കുന്നത് a farrago of legendary nonsense, നിരർത്ഥകമായ പുരാവൃത്തികളുടെ ഒരു മിശ്രിതമെന്ന് പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

திரு. எஸ். ராஜேந்திரன்: சர்,

'என்று தணியும் இந்த சுதந்திர தாகம்

என்று மடியும் இந்த சுதந்திர மோகம்' இது சுதந்திர இந்தியாவிற்க்கு முன்பு பாரதியார் பாடிய பாடல். பின்னீட் அദ്ദേഹം പറഞ്ഞു.

'தனி ஒருவனுக்கு உணவில்லை எனில்

ஜகத்தினை அழித்திடுவோம்'. இதுவும் பாரதியார் பாடிய பாடல்.

ഗവർണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. ഈ സർക്കാരിനെ ഞാൻ അനുമോദിക്കുന്നു. പ്രിയപ്പെട്ട എം. ഉമ്മർ കുറേ കാര്യങ്ങൾ ഇവിടെ പറയുകയുണ്ടായി. എനിക്കൊന്നും മനസ്സിലായില്ല. മുൻ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. പി. കെ. അബ്ദു റബ്ബ് പഠിപ്പിച്ച പള്ളിക്കൂടത്തിലാണോ ഇതൊക്കെ പഠിച്ചതെന്നുള്ള സംശയം എനിക്കുണ്ട്. ഇപ്പോൾ കുട്ടികൾ പറയുന്നത് - ഭരണം മാറി, പഠിക്കണം, പരീക്ഷയിൽ പാസ്സാകണം എന്നൊക്കെയാണ്. കഴിഞ്ഞ സർക്കാരിനെപ്പോലെയല്ല, പഠിച്ചാൽ മാത്രമേ പാസ്സാകാൻ പറ്റുകയുള്ളൂ. കഴിഞ്ഞ അഞ്ചുവർഷക്കാലം കേരളത്തിൽ പത്താം ക്ലാസ്സ് പാസ്സായ ആരെയെങ്കിലും മറ്റ് സംസ്ഥാനങ്ങളിൽ പ്ലസ് വൺ -ന് ചേർക്കാൻ പറ്റുമോ? ഞാനൊരു മാസത്തെ സമയം നൽകാം. പ്രിയപ്പെട്ട സുഹൃത്ത് എം. ഉമ്മർ, ഇതെല്ലാം അന്വേഷിച്ച് മനസ്സിലാക്കി ഒരു കുട്ടിക്ക് അടുത്ത സംസ്ഥാനത്ത് അഡ്മിഷൻ വാങ്ങിച്ചുകൊടുത്തശേഷം എന്നോട് മറുപടി പറയണം. ഈ സർക്കാരിനെ സംബന്ധിച്ച് നിങ്ങൾ കുറേ കാര്യങ്ങൾ പറയുകയുണ്ടായി. അതിലൊന്ന്, തൊഴിലുറപ്പ് പദ്ധതി വഴി മരിച്ചുപോയവരെല്ലാം കാശ് വാങ്ങിയെന്ന് അദ്ദേഹം പറയുകയുണ്ടായി. ഈ സർക്കാർ ബാങ്കുകളിലൂടെ പെൻഷൻ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കുകയുണ്ടായി. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് മരിച്ചുപോയ ആളുകളെല്ലാം ഒപ്പിട്ട് പഞ്ചായത്തുകളിൽനിന്ന് പെൻഷൻ തുക വാങ്ങിക്കൊണ്ടിരിക്കുകയായിരുന്നു. ഈ സർക്കാർ ഇങ്ങനെയൊരു തീരുമാനമെടുത്തപ്പോൾ മരിച്ചുപോയ ആളുകളുടെ അക്കൗണ്ടിലുള്ള പൈസയെല്ലാം സർക്കാരിലേയ്ക്ക് തിരിച്ച് വരികയായിരുന്നു. ഓരോ വിഷയത്തിലും ഈ സർക്കാർ വളരെ ശ്രദ്ധയോടുകൂടിയാണ് നിലപാട് സ്വീകരിക്കുന്നതും ജനക്ഷേമകരമായ പദ്ധതികൾ നടപ്പിലാക്കുന്നതും. കഴിഞ്ഞ സർക്കാരിന്റെ കാലത്തുണ്ടായിരുന്ന പ്രശ്നങ്ങളെല്ലാം അവസാനിപ്പിക്കാനാവശ്യമായ നടപടികൾ ഈ സർക്കാർ സ്വീകരിക്കുന്നതാണെന്ന് ഞാൻ ഈ അവസരത്തിൽ പറയാൻ ആഗ്രഹിക്കുന്നു.

ബി.ജെ.പി.-യും യു.ഡി.എഫ്.-ഉം ചേർന്ന് എൽ.ഡി.എഫ്.-നെതിരെ പൊതുവായൊരു കാര്യം പറയുകയുണ്ടായി. 1957 മുതൽ ഇപ്പോൾ സഖാവ് ശ്രീ. പിണറായി വിജയൻ സർക്കാർ വരെ ഇന്ത്യയിൽ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാണ് എൽ.ഡി.എഫ്. സർക്കാർ. ഏത് തരത്തിൽ നോക്കിയാലും കേരളത്തിലെ എം.എൽ.എ.-മാർക്ക് സ്വതന്ത്രമായി നടക്കാൻ സാധിക്കുന്നതു പോലെ മറ്റെവിടെയെങ്കിലും നടക്കാൻ സാധിക്കുമോ? കേരളത്തിൽ ഇത്തരത്തിലുള്ള സാംസ്കാരിക സാഹചര്യം രാഷ്ട്രീയമായി നിലനിൽക്കുന്നത് എൽ.ഡി.എഫ്. കേരളത്തിൽ സംഭാവന ചെയ്തതാണെന്ന് മനസ്സിലാക്കാൻ എല്ലാവർക്കും സാധിക്കണമെന്നുള്ള വസ്തുത പറയാനാണ് ഞാനിക്കാര്യം ചൂണ്ടിക്കാണിച്ചത്.

പാർപ്പിട പദ്ധതിയെ സംബന്ധിച്ച് പറയുകയാണെങ്കിൽ, കഴിഞ്ഞ അഞ്ചുവർഷക്കാലം ഒരു വീടുപോലും കൊടുക്കാത്ത സർക്കാരാണ് യു.ഡി.എഫ്. എന്ന് ശ്രീ. കെ. ബി. ഗണേഷ് കുമാർ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. വിദ്യാഭ്യാസ മേഖലയിൽ വളരെ ഫലപ്രദമായി ഈ സർക്കാർ ഇടപെടുന്നുണ്ട്. വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. എം. എം. മണി വളരെ വ്യക്തമായി രാവിലെ സഭയിൽ മറുപടി പറയുകയുണ്ടായി; അതിന് ചില കമന്റുകളും അഭിപ്രായങ്ങളും ചിലർ സഭയ്ക്ക് പുറത്ത് പറഞ്ഞത് ഞാൻ കേൾക്കാനിടയായി. സഖാവ് എം. എം. മണിയെ പോലുള്ള ആളുകൾ കടന്നുവന്ന രാഷ്ട്രീയപാതയിലൂടെ കമന്റ് പറയുന്നവർക്ക് 5 ശതമാനംപോലും കടക്കാൻ ഇന്നുവരെ സാധിച്ചിട്ടില്ലെന്നുള്ള കാര്യം ഓർക്കണം. അദ്ദേഹത്തിന്റെ ജീവിതചരിത്രം മനസ്സിലാക്കിയാൽ അവർക്കത് ബോദ്ധ്യപ്പെടും. എല്ലാം സ്വയം കിട്ടി ഉയർന്നുവന്ന ഒരാളല്ല സഖാവ് എം. എം. മണി. ഏതൊരംഗത്തെ സംബന്ധിച്ചായാലും സഭയ്ക്ക് പുറത്തും അകത്തും ഇത്തരത്തിലുള്ള പരാമർശങ്ങളും അഭിപ്രായങ്ങളും ഇനിയെങ്കിലും ഒഴിവാക്കണമെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. മാർച്ച് 31-നുള്ളിൽ കേരള സംസ്ഥാനത്തുടനീളം എല്ലാവീടുകളിലും വൈദ്യുതി എത്തിയിരിക്കുമെന്ന് അദ്ദേഹം വളരെ വ്യക്തമായി പറയുകയുണ്ടായി. എന്തുകൊണ്ടാണ് ഇത്തരത്തിലുള്ള കാര്യങ്ങളിൽ വ്യക്തമായ നിലപാടുകളും അഭിപ്രായങ്ങളും നിങ്ങളുടെ ഭരണകാലത്ത് പറയാൻ നാധിക്കാത്തത്?

1964-ലെ സ്റ്റാറ്റ്യൂട്ടറി നിയമം എന്തിനാണ് വന്നതെന്നുപോലും കോൺഗ്രസിലെ പ്രമുഖരായ ആളുകൾക്ക് വായിച്ച് മനസ്സിലാക്കാൻ സാധിച്ചില്ലെന്ന കാര്യം എന്റെ സഹപ്രവർത്തക ഇവിടെ വളരെ വ്യക്തമായി ചൂണ്ടിക്കാണിക്കുക യുണ്ടായി. അരിയുടെ പ്രശ്നം, വിലക്കയറ്റം തുടങ്ങിയവയുൾപ്പെടെ പൊതുവായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കേന്ദ്രത്തിൽ അധികാരത്തിലിരുന്ന കോൺഗ്രസും ബി.ജെ.പി.-യും ഇക്കാലമത്രയും സ്വീകരിച്ച നിലപാടുകളാണ് കേരളത്തിന്

ഭവിഷ്യത്തായി മാറിയിട്ടുള്ളതെന്നത് വസ്തുതയാണ്. സൗജന്യ ചികിത്സാസഹായം ഇല്ലാതാക്കിയതുൾപ്പെടെ ജനങ്ങൾക്ക് ലഭ്യമാകേണ്ട അവകാശങ്ങൾ ഇല്ലാതാക്കിയതിന് പിന്നിൽ കോൺഗ്രസിന്റെയും ബി.ജെ.പി.-യുടെയും കേന്ദ്ര സർക്കാരുകളാണെന്ന കാര്യം ആർക്കും മറക്കാൻ കഴിയില്ല. ഈ സർക്കാർ കസ്തൂരിരംഗൻ റിപ്പോർട്ടിൽ വ്യക്തമായൊരു നിലപാട് സ്വീകരിച്ചു. ഇനി അക്കാര്യത്തിൽ കേന്ദ്ര സർക്കാരാണ് നിലപാട് സ്വീകരിക്കേണ്ടത്. കേരളത്തിലും കേന്ദ്രത്തിലും യു.ഡി.എഫ്. സർക്കാരുകൾ അധികാരത്തിലിരുന്നപ്പോഴെല്ലാം സമരമായിരുന്നു. എന്തുകൊണ്ടാണ് എൽ.ഡി.എഫ്. സർക്കാർ സ്വീകരിച്ചതു പോലെയുള്ള നിലപാട് സ്വീകരിക്കാൻ യു.ഡി.എഫ്. സർക്കാരിന് സാധിക്കാതിരുന്നതെന്ന കാര്യം അവർ ആലോചിക്കേണ്ടതാണ്.

പി.ഡബ്ല്യു.ഡി.-യെ സംബന്ധിച്ച് പറഞ്ഞു, ഏതുകാലത്താണ് ഇതുപോലെ ഉദാരമായി, എല്ലാവരുമായി സഹകരിച്ച് നടപടി സ്വീകരിച്ചിട്ടുള്ളത്. അതുപോലെ തന്നെയാണ് കൃഷി വകുപ്പും. ഇങ്ങനെ എല്ലാ വകുപ്പുകളെ സംബന്ധിച്ചുമുള്ള കാര്യങ്ങൾ പ്രത്യേകം എടുത്തുപറയാൻ സാധിക്കും. ഇടുക്കിയിലെ പട്ടയ വിതരണ പ്രശ്നം വളരെ പ്രധാനമാണ്. അക്കാര്യത്തിൽ സർക്കാർ വ്യക്തമായ നിലപാടുകൾ സ്വീകരിച്ചാണ് മുന്നോട്ടുപോകുന്നത്. ഇങ്ങനെയൊക്കെയാണെങ്കിലും ഇടുക്കി ജില്ലയിൽ പ്രയാസമുളവാക്കുന്ന ചില പ്രശ്നങ്ങൾ നിലനിൽക്കുന്നു എന്നത് വസ്തുതയാണ്. കഴിഞ്ഞ ദിവസം യു.ഡി.എഫ്.-ന്റെ ഒരു പൊതുയോഗത്തിൽ റവന്യൂ വകുപ്പുമന്ത്രിയെക്കുറിച്ച് വളരെ മോശമായി പ്രസംഗിക്കുന്നത് കേട്ടു. സർക്കാർ ഉത്തരവുകൾ പാലിക്കാതെ ചില ഐ.എ.എസ്. ഉദ്യോഗസ്ഥർ തന്നിഷ്ടപ്രകാരം സ്വീകരിക്കുന്ന നിലപാടുകളുടെ ഭാഗമായി ഈ സർക്കാരിനെതിരെ ചില അപസ്വരങ്ങൾ ഇടുക്കിയിൽ കേൾക്കുന്നുണ്ട്. എല്ലാ രാഷ്ട്രീയപാർട്ടികളും സമരത്തിലാണ്. ഇന്നലെ കർഷകസംഘമുൾപ്പെടെ ദേവികുളം ആർ. ഡി. ഓഫീസിനുമുന്നിൽ സമരത്തിലായിരുന്നു. കേരളത്തിൽ എൽ.എ. പട്ടയത്തിന്റെ വ്യവസ്ഥകളെല്ലാം ഒന്നാണ്. നിയമസഭ അംഗീകരിച്ച നിയമത്തിന്റെ ഭാഗമായാണ് എൽ.എ. പട്ടയങ്ങൾ കൊടുത്തിട്ടുള്ളത്. എൽ.എ. പട്ടയത്തിന്റെ കാര്യത്തിൽ ഇതുവരെയില്ലാത്ത എന്ത് ന്യൂനതയാണ് സബ്കളക്ടർ ശ്രീ. ശ്രീറാം വെങ്കിട്ടരാമൻ ഇപ്പോൾ കണ്ടുപിടിച്ചത്. അദ്ദേഹം മന്ത്രി പറഞ്ഞാൽ അനുസരിക്കില്ല. പക്ഷേ ഇന്നലെ കോൺഗ്രസുകാർ പ്രസംഗിച്ചത്, മന്ത്രിക്ക് ഇതൊന്നും അറിയില്ല, അദ്ദേഹത്തിന് ഇതൊന്നും ബോധ്യപ്പെടാൻ സാധിക്കുന്നില്ല, നിയന്ത്രിക്കാൻ കഴിയുന്നില്ല, എന്ത് ഭരണമാണ് ഇവിടെ നടക്കുന്നത് എന്നൊക്കെയാണ്. ഇങ്ങനെയൊരു അപസ്വരം മാത്രമാണ് ഈ സർക്കാരിനെ സംബന്ധിച്ച് കേൾക്കുന്നത്. അത് ഈ സർക്കാർ തിരുത്തുമെന്ന കാര്യത്തിൽ സംശയമില്ല. നമ്മുടെ നിയമസഭയും സെക്രട്ടേറിയറ്റും ആർ. ഡി. ഓഫീസും ഹൈക്കോടതിയുമൊക്കെ സ്ഥിതി ചെയ്യുന്ന ഭൂമിയുടെ വ്യവസ്ഥകളനുസരിച്ച് ലഭ്യമാക്കിയ

ഭൂമിയിൽത്തന്നെയാണ് മനുഷ്യർ താമസിക്കുന്നത്. മനുഷ്യരുടെ ജീവിതത്തിന് അനുബന്ധമായ നടപടികൾ സ്വീകരിക്കുന്ന സർക്കാർ കാര്യാലയങ്ങളുൾപ്പെടെ ഏത് വ്യവസ്ഥയിലാണോ അതേ വ്യവസ്ഥയനുസരിച്ചുള്ള ഭൂമിയിലാണ് മനുഷ്യരും താമസിക്കുന്നത്. അതിൽ ഇത്രയും കാലമില്ലാത്ത പുതിയ ന്യൂനതകൾ കണ്ടുപിടിക്കുകയും 2010-ൽ വന്നിട്ടുള്ള പുതിയ ഉത്തരവ് അനുസരിച്ചാണെന്നും പറയുന്നുണ്ട്. 2016- ൽ യു.ഡി.എഫ്. ഭരണകാലംവരെ ഒരു പ്രശ്നവുമില്ലായിരുന്നു. അതുകൊണ്ടാണ് ആ ഐ.എ.എസ്. ഓഫീസറുടെ പേരിൽ ഞങ്ങൾക്ക് സംശയമുണ്ടാകുന്നത്. 2016-ൽ ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാർ അധികാരത്തിൽ വന്നപ്പോൾ പുതിയ നിയമങ്ങൾ കോടതി പറഞ്ഞെന്നും പട്ടയത്തിൽ വ്യവസ്ഥകളില്ലെന്നും എൽ.എ. പട്ടയങ്ങളെല്ലാം അസാധുവാണെന്നും പറഞ്ഞാൽ അത് കേരളത്തിൽ എല്ലായിടത്തും നടപ്പിലാകണ്ടേ? ഇടുക്കിയിൽ മാത്രം എന്താണ് പ്രത്യേകത? 22-2-2014-ലെയും 16-4-2015-ലെയും സർക്കാർ ഉത്തരവുകളിൽ പട്ടയമില്ലെങ്കിലും ദീർഘകാലമായി താമസിക്കുന്നവർക്ക് പഞ്ചായത്ത് ഭവനപദ്ധതികൾ നടപ്പിലാക്കുന്നതിന് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ വില്ലേജ് ഓഫീസർക്ക് കൈവശരേഖ നൽകാവുന്നതാണെന്ന് പറഞ്ഞിട്ടുണ്ട്. ഈ ഐ.എ.എസ്. ഓഫീസർ ഉത്തരവിട്ടത് മറ്റൊരു ഐ.എ.എസ്. ഓഫീസർ ഉൾക്കൊള്ളില്ല എന്നുപറയുന്നത് എന്തടിസ്ഥാനത്തിലാണെന്ന് മനസ്സിലാകുന്നില്ല. ആ ഉത്തരവ് 2010-നുശേഷമാണെങ്കിൽ അതിനുമുമ്പ് പെർമിറ്റ് കിട്ടിയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റേണ്ടതാണ്. ഞാൻ താമസിക്കുന്ന വീട് മെയിന്റനൻസ് ചെയ്യാൻ കഴിയില്ല. അതുപോലെ ഞാൻ ജനിക്കുന്നതിനുമുമ്പ് അവിടെയുണ്ടായിരുന്ന അയ്യർ ഹോട്ടൽ പൊളിക്കാനും അവകാശമില്ല. ഇതിനെല്ലാമുള്ള അധികാരം ഐ.എ.എസ്. ഓഫീസറായ സബ്കളക്ടർക്ക് ആരാണ് തീറെഴുതിക്കൊടുത്തത്? റവന്യൂ വകുപ്പിന് അദ്ദേഹത്തെ നിയന്ത്രിക്കാൻ കഴിയണം. ഇത്തരത്തിലുള്ള പ്രശ്നങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്ത് അവസാനിപ്പിക്കണമെന്ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയോട് ഞാൻ കഴിഞ്ഞ പ്രാവശ്യം ആവശ്യപ്പെട്ടിരുന്നു. ഈ സർക്കാരിനെതിരെ ദോഷകരമായ പ്രശ്നങ്ങളും ചർച്ചകളും വരാതിരിക്കണമെങ്കിൽ ഇത്തരത്തിലുള്ള ഉദ്യോഗസ്ഥരുടെ നടപടി പൊതുജനങ്ങളെ ബാധിക്കുന്ന വകുപ്പുകളിലാകരുത്. അവരെ ആ സ്ഥാനത്തുനിന്ന് മാറ്റുകയും പൊതുജനവുമായി ബന്ധമില്ലാത്ത ഏതെങ്കിലും മേഖലകളിൽ നിയമിക്കണമെന്നുമാണ് ഈ അവസരത്തിൽ എനിക്ക് പറയാനുള്ളത്. അതുകൊണ്ട് നിയമസഭ അംഗീകരിച്ചിട്ടുള്ള എൽ.എ. പട്ടയത്തിന്റെ വസ്തുതകളിൽ എന്തെങ്കിലും മാറ്റമുണ്ടെങ്കിൽ ഉടനടി സർക്കാർ നിലപാട് സ്വീകരിക്കണം; ആവശ്യമെങ്കിൽ ഓർഡിനൻസ് ഇറക്കണം. ഐ.എ.എസ്.- കാർ പറയുന്നതാണോ നിയമസഭ അംഗീകരിച്ച പട്ടയമാണോ ശരി എന്നതുസംബന്ധിച്ച് റവന്യൂ വകുപ്പ് തീരുമാനമെടുക്കണം. അതുപോലെ മറയൂർ,

കാന്തല്ലൂർ, വട്ടവട പ്രദേശങ്ങളിൽ പൊസഷൻ സർട്ടിഫിക്കറ്റ്, റീ-സർവ്വേ, നിജസ്ഥിതി സർട്ടിഫിക്കറ്റ് എന്നിവ കൊടുക്കേണ്ടത് തഹസീൽദാരാണ്. അത് കളക്ടർ കൊടുക്കണമെന്ന് കോടതി പറഞ്ഞാൽ ഗവൺമെന്റ് പ്ലീഡർ അതംഗീകരിച്ച് എന്താണ് അവിടെ പറഞ്ഞത്; തഹസീൽദാർ ചെയ്യേണ്ട ജോലി കളക്ടർ എങ്ങനെ ചെയ്യും; അതിന് എന്ത് നിയമമാണുള്ളത്? യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് എന്തുമാകാം. എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്താണ് പിശകുണ്ടായതെന്ന് വരുത്തിത്തീർക്കാൻ ഒരു ഗൂഢാലോചനയുണ്ട്. അതിനെതിരെ സർക്കാർ നിലപാട് സ്വീകരിക്കണമെന്നുമാത്രം ഈ അവസരത്തിൽ അഭ്യർത്ഥിച്ചുകൊണ്ട് സർക്കാരിന് എല്ലാവിധ പിന്തുണയും അനുമോദനവും നൽകിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു. ഇന്നലെ ഇടതുപക്ഷ ജനാധിപത്യമുന്നണി എം.എൽ.എ.-മാരുടെ പാർലമെന്ററി പാർട്ടി യോഗത്തിൽ മുഖ്യമന്ത്രി പറഞ്ഞതായി ചില ചാനലിൽ കണ്ടത്, നയപരമായ കാര്യങ്ങൾ സർക്കാർ പ്രഖ്യാപിക്കുമ്പോൾ ഭരണകക്ഷി എം.എൽ.എ.-മാർ കയ്യടിച്ച് പ്രോത്സാഹിപ്പിക്കുന്നില്ലെന്നാണ്. എങ്ങനെയാണ് കയ്യടിക്കാൻ കഴിയുന്നത്? 9 മാസക്കാലം എന്തെങ്കിലും നടന്നാലല്ലേ കയ്യടിക്കാൻ സാധിക്കുകയുള്ളൂ. ആത്മാർത്ഥമായി നെഞ്ചത്ത് കൈവച്ചുകൊണ്ട് ആർക്കാണ് കയ്യടിക്കാൻ സാധിക്കുന്നത്. ഇന്നലെ ഞങ്ങളുടെ അഭാവത്തിൽ നന്ദിപ്രമേയ ചർച്ചയിൽ പങ്കെടുത്ത ഭരണകക്ഷിയിൽപ്പെട്ട അംഗങ്ങളിൽ ഒരാളും കഴിഞ്ഞ 9 മാസം എന്തെങ്കിലും നേട്ടമുണ്ടായതായി പറഞ്ഞില്ല. യു.ഡി.എഫ്.-നെക്കുറിച്ച് പുലഭ്യം പറയുകയും അഞ്ച് വർഷത്തെ ഭരണത്തെ വിമർശിക്കുകയും ചെയ്തതല്ലാതെ ഞങ്ങൾ കഴിഞ്ഞ 9 മാസം എന്തെങ്കിലും ചെയ്തുവെന്ന് പറയാൻ ഭരണപക്ഷത്തിന് സാധിച്ചിട്ടില്ലെന്നാണ് രേഖകളും പത്രങ്ങളും പരിശോധിച്ചപ്പോൾ എനിക്ക് മനസ്സിലായത്. മാത്രമല്ല, കഴിഞ്ഞ 5 വർഷക്കാലം നടത്തിയ വികസന പ്രവർത്തനങ്ങൾ സ്തംഭിപ്പിക്കുന്ന രീതിയിലല്ലേ ഇപ്പോൾ കാര്യങ്ങൾ മുന്നോട്ടു പോകുന്നത്. യു.ഡി.എഫ്-ന്റെ കാലത്ത് തുടങ്ങിവച്ച പല പദ്ധതികളും ഇന്ന് പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ടോ? യു.ഡി.എഫ്.-ന്റെ ഏറ്റവും വലിയ സംഭാവന-യായിരുന്നു തിരുവനന്തപുരത്തുള്ള കരമന-കളിയിക്കാവിള റോഡ്. ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്നപ്പോൾ പ്രാവച്ചമ്പലം വരെയുള്ള സെക്ഷൻ പൂർത്തീകരിച്ച-തിനുശേഷം ഒരിഞ്ച് മുന്നോട്ടുപോകാനോ, ഒരു സെന്റ് ഭൂമി അക്വയർ ചെയ്യാനോ സാധിച്ചിട്ടുണ്ടോ; കൊച്ചി മെട്രോ റെയിൽ നിർമ്മിക്കുകയും കോച്ച് വാങ്ങുകയും ചെയ്തിട്ടും കോച്ച് റെയിലിൽ വയ്ക്കാൻ 9 മാസമായിട്ടും കഴിഞ്ഞിട്ടില്ല. അന്ന് ട്രയൽ റൺ ഉദ്ഘാടനം നടത്തിയതാണ്. ഔപചാരികമായ ഉദ്ഘാടനം നടന്നിട്ടില്ല.

കഴിഞ്ഞ നവംബർ 1-ാം തീയതി ഉദ്ഘാടനം ചെയ്യുമെന്ന് പ്രഖ്യാപിച്ച കൊച്ചി മെട്രോയുടെ ഇന്നത്തെ സ്ഥിതി എന്താണ്? അനുമതി ലഭിക്കുന്ന കാര്യം പ്രയാസമാണെന്ന നിലയിലാണ് വളരെ പ്രതീക്ഷയുണ്ടായിരുന്ന ട്രിവാൻഡ്രം ലൈറ്റ് മെട്രോയെക്കുറിച്ച് ഇന്ന് മാധ്യമങ്ങളിൽ വന്ന വാർത്ത. ഇന്നിവിടെ കാരുണ്യ പദ്ധതിയെക്കുറിച്ച് പറഞ്ഞു. കഴിഞ്ഞ 9 മാസം നിയമസഭാ സാമാജികൻ എന്ന നിലയിൽ പാവപ്പെട്ട രോഗികൾക്ക് കാരുണ്യ ഫണ്ട് അനുവദിച്ചു കിട്ടുന്നതിനുവേണ്ടി നൽകിയ അപേക്ഷകളിൽ ഒരെണ്ണംപോലും ഇതുവരെ പാസ്സാക്കിക്കിട്ടിയിട്ടില്ല. അതുപോലെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിനെക്കുറിച്ച് ശ്രീ. കെ. ബി. ഗണേഷ് കുമാർ ടെലിവിഷനിൽ പറയുന്നതും ഞാൻ കണ്ടു. ഞാൻ എന്റെ നിയോജകമണ്ഡലത്തിലെ കാര്യം മാത്രമേ പറയാറുള്ളൂ. കക്ഷിരാഷ്ട്രീയം നോക്കാത്തതുകൊണ്ടാണ് ജനപ്രതിനിധിയായി സഭയിൽ എനിക്ക് വീണ്ടും വരാൻ കഴിഞ്ഞത്. പാവപ്പെട്ട ക്യാൻസർ രോഗികളും ബൈപ്പാസ് സർജറി വേണ്ടവരും സമർപ്പിച്ച അപേക്ഷ മുഖ്യമന്ത്രിക്ക് നൽകിയിട്ട് കഴിഞ്ഞ 9 മാസത്തിനിടയ്ക്ക് ഏതെങ്കിലും ഫണ്ട് പാസ്സായി വന്നതായി എനിക്കറിയില്ല. സാധാരണഗതിയിൽ ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽനിന്നും സഹായം നൽകുമ്പോൾ കത്ത് കൊടുത്ത എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ തുക കൈമാറണമെന്നാണ്. എം.എൽ.എ.-യെ അറിയിച്ചാൽ മാത്രം മതിയാകും. കഴിഞ്ഞ 9 മാസമായി അക്കാര്യത്തിൽപ്പോലും ഒരു നിലപാട് സ്വീകരിച്ചിട്ടില്ല. എനിക്കിതുവരെയും ഒരു ഫണ്ടും ലഭിച്ചിട്ടില്ല. അതുപോലെ തന്നെയാണ് എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട്. അക്കാര്യം അങ്ങേയ്ക്കും അറിയാവുന്നതാണ്. കഴിഞ്ഞ 5 വർഷം എം.എൽ.എ.-മാർക്ക് ഏറ്റവുമധികം വികസനം നടത്താൻ കഴിഞ്ഞത് ആസ്തി വികസന ഫണ്ടുപയോഗിച്ചാണ്. സ്പെഷ്യൽ ഫണ്ട് ഒരു കോടി രൂപയും ആസ്തി വികസന ഫണ്ട് 5 കോടി രൂപയുമാണ്. ഫുൾ പ്രൊപ്പോസൽ കൊടുത്തിട്ടുപോലും ഒരു ഫണ്ടും ഇതുവരെ ലഭിച്ചിട്ടില്ല. ഞാൻ ഇക്കാര്യം ഇന്ന് ധനകാര്യ വകുപ്പുമന്ത്രിയോട് പറഞ്ഞു. ഒരു ഫണ്ടിനും ഭരണാനുമതി നൽകാതെ എന്ത് വികസനം നടന്നുവെന്നാണ് പറയുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പറ്റിയ പാളിച്ചയാണിത്. സർക്കാർ ഒരു തീരുമാനമെടുത്താൽ അത് നടപ്പാക്കേണ്ടത് ഉദ്യോഗസ്ഥരാണ്. ഉദ്യോഗസ്ഥരെ വിശ്വാസത്തിലെടുത്ത് അവരെക്കൊണ്ട് ജോലി ചെയ്യിക്കേണ്ട ചുമതലയാണ് സർക്കാരിനുള്ളത്. കഴിഞ്ഞ 9 മാസത്തിനിടയിൽ ചില ഉദ്യോഗസ്ഥരെമാത്രം പ്രീണിപ്പിക്കുകയും അതിന്റെ പേരിൽ മഹാഭൂരിപക്ഷം ഉദ്യോഗസ്ഥരെയും ശത്രുക്കളാക്കുകയും ചെയ്തതിന്റെ പരിണിതഫലമാണ് ഇന്ന് സെക്രട്ടേറിയറ്റിൽ ഒരു ഫയൽപോലും നീങ്ങാത്ത അവസ്ഥയിലെത്തിയത്.

കഴിഞ്ഞ ദിവസം ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഐ.എ.എസ്. ഉദ്യോഗസ്ഥർ മുഖ്യമന്ത്രിയോട് പരാതി പറയാൻ പോയെന്നും അവരെ മുഖ്യമന്ത്രി ശാസിച്ച് വിട്ടുവെന്നും പത്രത്തിൽ വാർത്ത കണ്ടു. എന്റെ സർക്കാരിനെ ദുർബ്ബലപ്പെടുത്താനാണോ നിങ്ങൾ ശ്രമിക്കുന്നതെന്ന് മുഖ്യമന്ത്രി അവരോട് ചോദിച്ചുവെന്നാണ് അറിയാൻ കഴിഞ്ഞത്. 2021 വരെ ഇവിടെ ഒരുത്ഭുതവും സംഭവിക്കില്ലെന്ന് പ്രതിപക്ഷത്തുള്ള ഞങ്ങൾക്കറിയാം. 5 വർഷം പ്രതിപക്ഷത്ത് ഇരിക്കുമെന്ന് എല്ലാവരെക്കാളും നന്നായി ഞങ്ങൾക്കറിയാം. ഞങ്ങൾപോലും ദുർബ്ബലപ്പെടുത്താൻ ശ്രമിക്കാത്ത സർക്കാരിനെ എങ്ങനെയാണ് ഐ.എ.എസ്.-കാർ ദുർബ്ബലപ്പെടുത്താൻ ശ്രമിക്കുന്നത്. ചീഫ് സെക്രട്ടറിമാർക്ക് എന്തെങ്കിലും രാഷ്ട്രീയമുണ്ടോ; സീനിയോറിറ്റി അനുസരിച്ച് ചീഫ് സെക്രട്ടറിയും ഡി.ജി.പി.-യും ആകുന്നു. ഇവിടെ ഒരു ഡി.ജി.പി.-യെ മാറ്റി അങ്ങേയ്ക്ക് ഇഷ്ടമുള്ള ഡി.ജി.പി.-യെ നിയമിച്ചു. ഇതുവരെ എത്ര ഗുണ്ടകളെ പിടിക്കാൻ സാധിച്ചിട്ടുണ്ട്? തിരുവനന്തപുരത്തു നിന്നും പ്രസിദ്ധീകരിക്കുന്ന, ഇടതുപക്ഷത്തിനോട് ആഭിമുഖ്യമുള്ള ഒരു ദേശീയ പത്രത്തിൽ വന്നത് "ഗുണ്ടാവിളയാട്ടം, പോലീസ് കയ്യുംകെട്ടി നോക്കിനിൽക്കുന്നു" എന്നാണ്. എന്തുപറഞ്ഞാലും ഇപ്പോൾ ശരിയാക്കുമെന്ന് ഡി.ജി.പി. പറയുന്നതല്ലാതെ ഒന്നും ശരിയാകുന്നില്ല. കഴിഞ്ഞ രണ്ടുദിവസത്തെ അടിയന്തരപ്രമേയത്തിൽ, അറിയപ്പെടുന്ന ഒരു സിനിമാ നടിക്കുണ്ടായ സംഭവങ്ങളെക്കുറിച്ച് നമ്മൾ ചർച്ച ചെയ്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ അഭിമാനത്തോടെ പറഞ്ഞത്, കോടതിയിൽ കീഴടങ്ങാൻ വന്ന പ്രതിയെ സധൈര്യം പോലീസ് അറസ്റ്റുചെയ്ത് കസ്റ്റഡിയിൽ വാങ്ങിയെന്നാണ്. ഞാൻ ഉച്ചയ്ക്ക് എം.എൽ.എ. ക്വാർട്ടേഴ്സിൽ എത്തി ടി.വി. വച്ചുനോക്കിയപ്പോൾ ആ പ്രതി വലിച്ചെറിഞ്ഞ മൊബൈൽ ഫോൺ ഗോശ്രീ പാലത്തിനുസമീപം പോലീസ് പരതിക്കൊണ്ടിരിക്കുന്നതാണ് കാണാൻ കഴിഞ്ഞത്. കാരണം, മൊബൈൽ കളയേണ്ട സ്ഥലത്ത് കളഞ്ഞിട്ടാണ് അയാൾ പോയത്. കീഴടങ്ങാൻ വന്ന ഒരു പ്രതിയെ അറസ്റ്റുചെയ്തിട്ട് ഫുൾ ഡോക്യുമെന്റുള്ള, നാലര മണിക്കൂർ നടിയുമായുള്ള കാര്യങ്ങൾ റിക്കോർഡ് ചെയ്ത മൊബൈൽ ഫോൺ ഇതുവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഫോൺ കളയാനുള്ള, അല്ലെങ്കിൽ ഏൽപ്പിക്കേണ്ട സ്ഥലത്ത് ഏൽപ്പിക്കാനുള്ള അവസരം പ്രതിക്ക് ലഭിച്ചുവെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഒരു പ്രതിയെ സംബന്ധിച്ച് ഒരു മണിക്കൂർ കിട്ടുന്ന ആനുകൂല്യം കേസ്സിലെ തെളിവ് നശിപ്പിക്കാൻ സഹായിക്കുമെന്നുള്ളത് നിയമത്തിന്റെ സമീപത്തുകൂടി പോയിട്ടുള്ളവർക്കെല്ലാം അറിയാവുന്ന കാര്യമാണ്. ഈ കേസ്സിലെ മുഖ്യ തെളിവായ മൊബൈൽ ഫോണിനുവേണ്ടി, പ്രതി ഫോൺ കളഞ്ഞു എന്നുപറയുന്ന എല്ലാ സ്ഥലവും പരിശോധിച്ചതിനുശേഷം ഗോശ്രീ പാലത്തിന്റെ അടിയിൽ പോലീസ് പരിശോധിക്കുന്ന കാഴ്ചയാണ് എല്ലാ ചാനലുകളിലും കാണാൻ കഴിയുന്നത്. ഇവിടെ

ഗുണ്ടകൾ കാര്യങ്ങൾ തീരുമാനിക്കുന്ന സ്ഥിതിയിലെത്തിയിരിക്കുകയാണ്. എന്തുകൊണ്ട് പോലീസുകാർക്ക് ഇത്തരം ഗുണ്ടകളെ പിടിക്കാൻ കഴിയുന്നില്ല; സത്യസന്ധമായി ജോലിചെയ്യുന്ന ഉദ്യോഗസ്ഥർക്ക് പ്രൊമോഷനല്ല, സ്ഥലംമാറ്റമാണ് ഇന്ന് ലഭിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഇന്ന് എല്ലാ ഉദ്യോഗസ്ഥരും ഭയപ്പാടിലാണ്. ഉദ്യോഗസ്ഥരുടെ സഹകരണമില്ലെങ്കിൽ ഒരു സർക്കാരിന് എങ്ങനെയാണ് മുന്നോട്ടുപോകാൻ കഴിയുന്നത്?

മറ്റൊന്ന്, വിജിലൻസിന്റെ കാര്യം. വിജിലൻസ് ഡയറക്ടറെ ഏറ്റവുമധികം പിന്തുണയ്ക്കുന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ്. വിജിലൻസ് ഡയറക്ടറുടെ പോക്ക് ശരിയല്ല, അദ്ദേഹത്തെ നിയന്ത്രിക്കണം, വിജിലൻസാണോ ഇവിടെ ഭരിക്കുന്നതെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ചോദിച്ചപ്പോൾ, വലിയ വലിയ കേസുകൾ ഇനി അന്വേഷിക്കുന്നതല്ലെന്ന് വിജിലൻസ് ആസ്ഥാനത്തല്ലേ നോട്ടീസ് ബോർഡിൽ എഴുതിവച്ചത്? കോടതിയോടാണോ കളി? ഒരു ഐ.പി.എസ്. ഉദ്യോഗസ്ഥൻ ഇത്ര ചങ്കൂറ്റത്തോടും ധിക്കാരത്തോടുംകൂടി ഞാൻ ഹൈക്കോടതിയുടെ മുകളിലാണെന്ന് പറയുമ്പോൾ അങ്ങനെയുള്ള ഉദ്യോഗസ്ഥരെ നിയന്ത്രിക്കേണ്ട ചുമതല ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കില്ലേ? ഇപ്പോൾ എന്തുപറഞ്ഞാലും ബി.ജെ.പി.-യും കോൺഗ്രസ്സുമായി സഖ്യമെന്നാണ് നിങ്ങൾ പറയുന്നത്. ബി.ജെ.പി.-ക്കാരെ കുറ്റം പറഞ്ഞാൽ അവർ പറയുന്നത് കോൺഗ്രസ്സുകാരും മാർക്സിസ്റ്റുകാരും തമ്മിൽ സഖ്യമാണെന്നാണ്. എൽ.ഡി.എഫ്.-നെ വിമർശിച്ചാൽ പറയുന്നത് ഞങ്ങൾ ബി.ജെ.പി.-യുമായി സഖ്യമാണെന്നാണ്. ഞങ്ങൾക്ക് ഇപ്പോൾ ആരേയും കുറ്റംപറയാൻ പറ്റാത്ത സ്ഥിതിയാണ്. ഒരു കാര്യം ഞാൻ തറപ്പിച്ചുപറയാം, ഏത് കാലത്തും വർഗ്ഗീയതയ്ക്കെതിരെ അതിശക്തമായ നിലപാട് ഇന്ത്യൻ നാഷണൽ കോൺഗ്രസ് സ്വീകരിച്ചിട്ടുണ്ട്. ഞാനൊരു കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിക്കുകയാണ്, നാളെ മറുപടിയിൽ പറഞ്ഞാൽ മതി. അങ്ങ് കഴിഞ്ഞ 11-ാം തീയതി വൈകുന്നേരം മസ്കറ്റ് ഹോട്ടലിൽവച്ച് ബി.ജെ.പി.-യുടെ സംസ്ഥാന അദ്ധ്യക്ഷൻ ശ്രീ. കുമ്മനം രാജശേഖരനുമായി നടത്തിയ ചർച്ച എന്തായിരുന്നു വെന്ന് അറിയാൻ ഞങ്ങൾക്കൊക്കെ താൽപ്പര്യമുണ്ട്. രണ്ടുപേരും തമ്മിൽ മുറി അടച്ചിരുന്ന് സംസാരിച്ചു എന്നാണ് ലഭിച്ച വിവരം. അതിന്റെ സത്യാവസ്ഥ അറിയാൻ ഞങ്ങൾക്ക് താൽപ്പര്യമുണ്ട്. അദ്ദേഹം വിദേശത്തുനിന്നും വന്ന ദിവസമാണ് ചർച്ച നടത്തിയത്. ബഹറിനിൽ മഴ പെയ്യാത്തതിനെക്കുറിച്ചാണോ കേരളത്തിലെ കാലാവസ്ഥയെക്കുറിച്ചാണോ ചർച്ച നടത്തിയതെന്നറിയില്ല. ഇതുസംബന്ധിച്ച് അങ്ങയുടെ ഭാഗത്തുനിന്നും ഒരു വിശദീകരണമുണ്ടാകണം. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അന്നത്തെ മുഖ്യമന്ത്രിയെക്കുറിച്ചും മുഖ്യമന്ത്രിയുടെ കുടുംബത്തെക്കുറിച്ചും ഈ സഭയിൽ അധിക്ഷേപിക്കുന്ന രീതിയിൽ

എന്തെല്ലാം കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. എന്നിട്ടാണ് ഒരു മന്ത്രിക്ക് ഇംഗ്ലീഷ് അറിയാത്തതിനെക്കുറിച്ച് പറഞ്ഞപ്പോൾ ഇവിടെ ചിലർക്കൊക്കെ പ്രയാസം തോന്നിയത്. ഇംഗ്ലീഷ് അറിയാത്ത ഒരു മന്ത്രി മറ്റ് സംസ്ഥാനങ്ങളിൽ പോയി അവിടത്തെ മന്ത്രിമാരുമായി എങ്ങനെ സംസാരിച്ച് കറണ്ട് വാങ്ങുമെന്ന് ഞാനൊരു ചോദ്യം ചോദിച്ചുവെന്ന് മാത്രമേയുള്ളൂ. ഒരു മുഖ്യമന്ത്രിയുടെ കുടുംബാംഗങ്ങളെക്കുറിച്ച് ഈ സഭയിൽ വിമർശിച്ചവർ അതിന് ഇത്രയധികം ബഹളമുണ്ടാക്കേണ്ട കാര്യമുണ്ടോ? മുൻമുഖ്യമന്ത്രിയെക്കുറിച്ച് പറഞ്ഞ കാര്യങ്ങളൊക്കെ രേഖകളിലുണ്ട്. വിമർശനത്തെ വിമർശനമായി കാണുന്നതിനുപകരം മുൻപ് അഞ്ചുവർഷം ഭരിച്ചവരെക്കുറിച്ച് കുറ്റം പറഞ്ഞുകൊണ്ട് മുന്നോട്ടുപോകാനാണ് ഭാവിക്കുന്നതെങ്കിൽ ജനങ്ങൾ എല്ലാം കാണുന്നുണ്ടെന്നും നിങ്ങളുടെ ഭരണം അധികകാലമുണ്ടാകില്ലെന്നും പറഞ്ഞുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. എ. എം. ആരിഫ്</u>: സർ, ഈ നന്ദിപ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. നയപ്രഖ്യാപനവുമായി ബന്ധപ്പെട്ട വിഷയത്തെ സംബന്ധിച്ച് ഇവിടെ പരാമർശിച്ച കാര്യങ്ങൾക്ക് മറുപടി പറയാൻ ധാരാളമുണ്ടെങ്കിലും സമയക്കുറവുകാരണം അതിലേയ്ക്കൊന്നും കടക്കുന്നില്ല. ബഹുമാനപ്പെട്ട കെ. മുരളീധരൻ ഐ.എ.എസ്.-കാരുടെ യോജിപ്പിനെ സംബന്ധിച്ചും അവരെ വിശ്വാസത്തിലെടുക്കുന്നത് സംബന്ധിച്ചും നല്ല ഉപദേശങ്ങളൊക്കെ നൽകിയിരുന്നു. പക്ഷെ അതുപറയുമ്പോൾ കഴിഞ്ഞ സർക്കാരിന്റെ കാലത്തുണ്ടായിരുന്ന സ്ഥിതിവിശേഷം അങ്ങ് ഓർക്കുന്നത് നന്നായിരിക്കുമെന്ന് തോന്നുന്നു. 2014 ജൂൺ 20-ന് ശ്രീ. മാത്യു ടി. തോമസ് ഉൾപ്പെടെയുള്ളവർ ഇവിടെ അവതരിപ്പിച്ച അടിയന്തരപ്രമേയം ഭരണസ്തംഭനത്തെക്കുറിച്ചായിരുന്നു. അതിന് ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി നൽകിയ മറുപടി ഞാൻ വായിക്കാം. "സംസ്ഥാനത്തെ ഐ.എ.എസ്. ഉദ്യോഗസ്ഥർക്കിടയിലെ ചേരിതിരിവ് കാരണം ഭരണസ്തംഭനം നിലനിൽക്കുന്നുവെന്ന രീതിയിൽ മാധ്യമങ്ങളിൽ വന്ന തെറ്റായ വാർത്തയെക്കുറിച്ചന്വേഷിക്കാൻ അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്; ഉത്തരവാദിത്വത്തോടുകൂടി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് സ്വാതന്ത്ര്യവും പ്രൊട്ടക്ഷനും നൽകുന്നതാണ്. പ്ലാനിംഗ് ബോർഡിന്റെ വൈസ് ചെയർമാനും മുൻ കേന്ദ്ര ക്യാബിനറ്റ് സെക്രട്ടറിയുമായ ശ്രീ. കെ. എം. ചന്ദ്രശേഖരനോട് ഈ പ്രശ്നത്തിലിടപ്പെട്ട് പരിഹാരമുണ്ടാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഐ.എ.എസ്. ഉദ്യോഗസ്ഥർക്ക് കേരളത്തിൽ ജോലി ചെയ്യാൻ സാധിക്കില്ല" ഇതാണ് പ്രസക്തഭാഗം. ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ യോഗത്തിൽ കസേരയെടുത്ത് അങ്ങോട്ടുമിങ്ങോട്ടും തല്ലാൻ നടന്ന കാലഘട്ടമാണ് പിന്നിട്ടുപോയതെന്ന് നിങ്ങൾ മറന്നുപോകരുത്. ബഹുമാനപ്പെട്ട കെ. മുരളീധരന്റെ ഉപദേശത്തെയൊന്നും ഞങ്ങൾ കുറച്ചുകാണുന്നില്ല. പക്ഷെ, അക്കാലത്ത് ചീഫ് സെക്രട്ടറിയും ഉദ്യോഗസ്ഥരും തമ്മിൽ നടന്ന സംഭവങ്ങൾ ചെറുതായിരുന്നില്ല. അവരിലുള്ള

ആ ശീലം കുറച്ചുകൊണ്ടുവരാനുള്ള ഇടപെടലാണ് ഇപ്പോൾ നടക്കുന്നത്. ബി.ജെ.പി.-ക്കെതിരെയുള്ള സമരത്തിൽ കോൺഗ്രസ് വഹിച്ച പങ്കിനെക്കുറിച്ചൊക്കെ അദ്ദേഹം ഊറ്റംകൊണ്ട് പറയുന്നത് കേട്ടു. 540 പാർലമെന്റ് സീറ്റുള്ളതിൽ 440 (നാലിൽ മൂന്ന്) സീറ്റിന്റെ ഭൂരിപക്ഷം വരെ ഒരു കാലത്തുണ്ടായിരുന്ന ഒരു പാർട്ടിയുടെ ഇന്നത്തെ സീറ്റ് 44 ആണ്. രാഹുൽ ഗാന്ധിയുടെ പ്രായം 44, കോൺഗ്രസിന് ഇൻഡ്യൻ പാർലമെന്റിലുള്ള സീറ്റിന്റെ എണ്ണം 44. നിങ്ങൾ ബി.ജെ.പി.-യുടെ 'ബി' ടീം ആയി മാറിയതുകൊണ്ടുണ്ടാകുന്ന ദുരവസ്ഥ ഞാൻ പറഞ്ഞുവെന്നേയുള്ളൂ. ബി.ജെ.പി.-ക്കെതിരായി നിങ്ങൾ ഫൈറ്റ് ചെയ്യുവെന്ന് പറഞ്ഞു. ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി പൊതുകമ്പോളത്തിൽ ഒരു രൂപയ്ക്ക് അരി കൊടുത്തുവെന്ന് ശ്രീ. വി. ടി. ബൽറാം പറഞ്ഞു. ശ്രീ. വി.ടി. ബൽറാമിന് ബഡായി ബൽറാം എന്ന് ആരെങ്കിലും പേരിട്ടാൽ ഒന്നും പറയാൻ സാധിക്കുകയില്ല. ആർ.എസ്.എസ്.-ന്റെ മുഖപത്രമായ 'കേസരി' പത്രത്തിൽ "മഹാത്മാഗാന്ധിയെ അല്ലായിരുന്നു വെടിവച്ച് കൊല്ലേണ്ടിയിരുന്നത്, നെഹ്റുവിനെയാണ് കൊല്ലേണ്ടിയിരുന്നത്" എന്ന് മുഖപ്രസംഗമെഴുതി. ഒരു മണിക്കൂർ ഉപവസിക്കാൻ ഈ കേരളത്തിലെ ഒറ്റ കോൺഗ്രസുകാരനെ കിട്ടിയോ; ശ്രീ. എം. ഉമ്മർ ഒത്തൊരുമയെക്കുറിച്ച് എന്തെല്ലാമാണ് പ്രസംഗിച്ച് നമ്മളെ പഠിപ്പിക്കാൻ ശ്രമിച്ചത്. ഇപ്പോൾ യു.ഡി.എഫ്.-ലെ ഘടകകക്ഷികളെല്ലാം അതുപോലെയാണോ; മാണി സാർ എവിടെയാണ്; ഇപ്പോൾ യു.ഡി.എഫ്.-ലുണ്ടോ? അതുപോലെതന്നെ യു.ഡി.എഫ്.-ന് ശക്തി പോരെന്നാണ് ശ്രീ. കെ. പി. എ. മജീദിന്റെ അഭിപ്രായം. ശക്തി പോരാ എന്നാണ്; ശക്തി വന്നോ? സമരം നടത്താൻ കോൺഗ്രസിന് കഴിയുകയില്ലെന്നാണ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി പറഞ്ഞത്, ഓർമ്മയുണ്ടോ; ശ്രീ. എം. ഉമ്മർ അതിൽ ഉറച്ചുനിൽക്കുന്നുണ്ടോയെന്ന് പറഞ്ഞാൽ മതി. പകൽ കോൺഗ്രസ്, രാത്രി ആർ.എസ്.എസ്. എന്ന് ബഹുമാനപ്പെട്ട എ. കെ. ആന്റണിയെക്കൊണ്ട് പറയിപ്പിച്ചതിന്റെ കാരണമെന്താണ്; അതിനെക്കുറിച്ച് നിങ്ങളുടെ അഭിപ്രായമെന്താണ്?

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട അംഗം ഇവിടെ സംസാരിച്ചപ്പോൾ പകൽ കോൺഗ്രസും രാത്രി ആർ.എസ്.എസ്.-ഉം എന്ന് ശ്രീ. എ. കെ. ആന്റണി പറഞ്ഞുവെന്ന് പറഞ്ഞു. അദ്ദേഹം അങ്ങനെ പറഞ്ഞിട്ടില്ല. ശ്രീ. എ. കെ. ആന്റണിയെപ്പോലെ ഒരു മുൻ മുഖ്യമന്ത്രിയെക്കുറിച്ച്, അദ്ദേഹം അങ്ങനെ പറഞ്ഞുവെന്ന് തെറ്റായി ഇവിടെ ഉദ്ധരിക്കുന്നത് ഓർഡറിലാണോ? അദ്ദേഹം അങ്ങനെ പറഞ്ഞിട്ടില്ല. അദ്ദേഹം അത് നിഷേധിച്ചിട്ടുണ്ട്. ഞങ്ങളുടെ പാർട്ടി യോഗത്തിൽ ശ്രീ. എ. എം. ആരിഫ് ഉണ്ടായിരുന്നില്ലല്ലോ; ഞങ്ങളുടെ പാർട്ടിയോഗത്തിൽ ശ്രീ. എ. കെ. ആന്റണി സംസാരിച്ചത് ശ്രീ. ആരിഫ് കേട്ടിട്ടില്ലല്ലോ? വെറുതെ അസംബന്ധം പറയരുത്.

മി. സ്പീക്കർ: ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.*

ശ്രീ. എ. എം. ആരിഫ്: സർ, പത്രങ്ങളിൽ വന്ന കാര്യമാണ് ഇവിടെ പലരും ചർച്ച ചെയ്തത്. ഞാനും പത്രങ്ങളിൽ വായിച്ചുള്ള അറിവിന്റെ അടിസ്ഥാനത്തിലാണ് പറഞ്ഞിട്ടുള്ളത്. എന്തായാലും അത്തരം അഭിപ്രായം വന്നുവെന്ന് പറയുകയും അദ്ദേഹമത് നിഷേധിക്കാതിരിക്കുകയും ചെയ്യുന്നിടത്തോളം കാലം, അത് അദ്ദേഹം നിഷേധിച്ചിട്ടില്ല. അക്കാര്യത്തിൽ ശ്രീ. എം. ഉമ്മറിന്റെ അഭിപ്രായമെന്താണ്? എന്തായാലും തങ്ങൾ തങ്ങളുടെ വഴിനോക്കി പോകുമെന്ന് ലീഗ് പറഞ്ഞില്ലേ; അതിനെക്കുറിച്ചെന്താണ് പറയാനുള്ളത്? ഇങ്ങനെയുള്ള ഒരവസ്ഥയിൽപ്പെട്ടിരിക്കുന്ന ആളുകൾ ഒത്തൊരുമയെക്കുറിച്ച് ഞങ്ങൾക്ക് ക്ലാസ്സെടുക്കാൻ വരുന്നത് കാണുമ്പോൾ സഹതാപമാണ് തോന്നുന്നത്. ഞാനതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും പോകുന്നില്ല.

ഇവിടെ ശ്രീ. എം. ഉമ്മർ, ഒരു യുവതി ക്ലോസറ്റിൽ പ്രസവിച്ചതിനെക്കുറിച്ച് പറഞ്ഞു. 3-9-2015-ന് കൽപ്പറ്റ മാനന്തവാടി ജില്ലാ ആശുപത്രിയിൽ ചികിത്സ നിഷേധിച്ച ആദിവാസി യുവതിയായ അനിത യാത്രാമധ്യേ മൂന്നുഘട്ടങ്ങളിലായി മൂന്ന് കുട്ടികളെ പ്രസവിക്കുകയും മൂന്നു കുട്ടികളും മരണപ്പെടുകയും ചെയ്തു. 2015-ലാണ് സംഭവിച്ചത്. യാത്രയ്ക്കിടയിൽ ആംബുലൻസിനകത്തും കൽപ്പറ്റ ജനറൽ ആശുപത്രിയിലുമാണ് പ്രസവിച്ചത്. മന്ത്രിയായിരുന്ന ശ്രീമതി പി. കെ. ജയലക്ഷ്മിയുടെ മണ്ഡലത്തിലാണ് ഇത് നടന്നത്. ഇത്തരം കാര്യങ്ങൾ വെറുതെ പെരുപ്പിച്ച് പറയരുത്. ഞങ്ങൾ അത്തരം സംഭവങ്ങളെ നിസ്സാരമായി കാണുന്നില്ല. പക്ഷെ, അതെല്ലാം സർക്കാരിന്റെ ബോധപൂർവ്വമായ വീഴ്ചയാണെന്ന നിലയിൽ അവതരിപ്പിക്കരുതെന്ന് മാത്രമേ പറഞ്ഞുള്ളൂ.

ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇന്നലെയും ഇന്നുമായി സ്ത്രീപീഡനങ്ങളുടെ കഥ പറഞ്ഞു. ശ്രീ. രമേശ് ചെന്നിത്തല, ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി യായിരിക്കുമ്പോൾ, ഇപ്പോഴത്തെ റവന്യൂ വകുപ്പുമന്ത്രി എം.എൽ.എ. ആയിരുന്നപ്പോൾ 16-2-2016-ലെ നക്ഷത്രചിഹ്നമിടാത്ത 1945-ാം നമ്പർ ചോദ്യത്തിന്, "ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്താകെ എത്ര സ്ത്രീ പീഡന കേസ്സുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; വർഷം, ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കാമോ" എന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ഇന്നത്തെ പ്രതിപക്ഷ നേതാവ് നൽകിയ മറുപടി, "ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്താകെ 61,867 സ്ത്രീ പീഡന കേസ്സുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇതിൽ അറസ്റ്റ് ചെയ്യപ്പെട്ടവരുടെ എണ്ണം 70,458, ശിക്ഷിക്കപ്പെട്ടവരുടെ എണ്ണം 1,563." ഇത്രയും സംഭവങ്ങൾ

* സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം (ഫ.നം.911/ഇ,ബി/ലെജി., തീയതി ) രേഖയിൽ നിലനിർത്തി

നടത്തിയിട്ടുണ്ട്. ഇതെല്ലാം നിങ്ങൾ നടത്തിയതാണെന്ന് ഞാൻ പറയുന്നില്ല. പക്ഷെ, നിങ്ങൾ കാര്യങ്ങൾ പറയുമ്പോൾ മര്യാദ വേണം. ഇവിടെ ഗുണ്ടാ ആക്രമണങ്ങളെക്കുറിച്ചാണ് പറയുന്നത്. 9 മാസം കൊണ്ടാണോ കേരളത്തിൽ ഗുണ്ടകൾ പൊട്ടിപ്പുറപ്പെട്ടത്? അതുവരെ ഗുണ്ടകളില്ലാത്ത നാടായിരുന്നോ കേരളം. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ആഭ്യന്തര വകുപ്പുമന്ത്രിയായിരിക്കുമ്പോൾ 24-2-2016-ൽ സഭയ്ക്ക് നൽകിയ മറുപടിയിൽ ബഹുമാനപ്പെട്ട അന്നത്തെ എം.എൽ.എ. സഖാവ് കെ. എസ്. സലീഖ ചോദിച്ച ചോദ്യത്തിനുള്ള ഉത്തരമിതാണ്. സമയമില്ലാത്തതുകൊണ്ട് ഉത്തരം മാത്രമേ വായിക്കുന്നുള്ളൂ. "ഈ സർക്കാർ കാലയളവിൽ നാളിതുവരെ ക്വട്ടേഷൻ സംഘങ്ങളുടെ ആക്രമണം സംബന്ധിച്ച് 21 കേസുകളും അനധികൃത മണൽകടത്ത് സംബന്ധിച്ച് 25,897 കേസുകളും പെൺവാണിഭം സംബന്ധിച്ച് 43 കേസുകളും അനധികൃത ക്വാറി നടത്തിപ്പ് സംബന്ധിച്ച് 146 കേസുകളും സ്പിരിറ്റ് വിപണനം സംബന്ധിച്ച് 53 കേസുകളും..., തുടങ്ങി കേസുകളുടെ പട്ടിക നീണ്ടുവരികയാണ്. അങ്ങനെ ക്വട്ടേഷൻ സംഘങ്ങളുടെ ആക്രമണത്തിൽ 6 പേരും ഇതര സംസ്ഥാന തൊഴിലാളികളുടെ ആക്രമണത്തിൽ 54 പേരും ഈ സർക്കാരിന്റെ കാലയളവിൽ കൊല്ലപ്പെട്ടിട്ടുണ്ട്." ബഹുമാനപ്പെട്ട രമേശ് ചെന്നിത്തല നൽകിയ മറുപടിയാണ്. ഇങ്ങനെ ക്വട്ടേഷൻ സംഘങ്ങളെ മുഴുവൻ വളർത്തി വലുതാക്കി അതിനെയെല്ലാം പർവ്വതസമാനമാക്കിവച്ചിട്ട് 9 മാസംകൊണ്ട് എന്ത് ചെയ്തുവെന്ന് ചോദിക്കുമ്പോൾ അതിനെല്ലാമുള്ള മറുപടി, കുറ്റവാളികളെ ഒന്നൊന്നായി പിടിച്ചുകൊണ്ടിരിക്കുകയാണ്. പ്രമുഖ നടിയെ ആക്രമിച്ചവരെ പിടിച്ചതിലുള്ള വിഷമമാണ് നിങ്ങൾക്കുള്ളതെന്ന് നിങ്ങളുടെ വിലാപം കണ്ടാലറിയാം.

3.00 P.M.]

നയപ്രഖ്യാപനവുമായി ബന്ധപ്പെട്ട് എന്ത് ചെയ്തു, എന്ത് ചെയ്തില്ല എന്നൊക്കെ ശ്രീ. കെ. മുരളീധരൻ സംസാരിച്ചപ്പോൾ പറയുന്നതുകേട്ടു. ധാരാളം കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞിട്ടില്ല. കാരണം, നോട്ട് പ്രതിസന്ധിയുണ്ടായപ്പോഴും നിങ്ങളുണ്ടാക്കിവച്ച കടബാദ്ധ്യതയുടെ പ്രതിസന്ധിയിൽ നിന്നുകൊണ്ടും ഈ സംസ്ഥാനം ഇന്ത്യയ്ക്കാകെ മാതൃകയായിക്കൊണ്ടാണ് ആദ്യം വെളിയിടവിസർജ്ജ്യ വിമുക്ത സംസ്ഥാനമായി പ്രഖ്യാപിച്ചത്. കേന്ദ്ര സർക്കാർ നൽകിയ തുകയ്ക്കുപുറമെ സംസ്ഥാന സർക്കാർ സമാഹരിച്ചുനൽകിയ പണംകൂടി ചേർത്താണ് അവിടെ എത്തിയത്. ശ്രീ. കെ. മുരളീധരന്റെ മണ്ഡലമുൾപ്പെടെ ഈ മാർച്ച് മാസം 31-ാം തീയതിയാകുമ്പോൾ സമ്പൂർണ്ണ വൈദ്യുതീകരണ മണ്ഡലമായി സംസ്ഥാനം പ്രഖ്യാപിക്കപ്പെടും. ഇതൊക്കെ അന്തരീക്ഷത്തിൽനിന്ന് രൂപപ്പെട്ടുവന്നതാണോ? ഈ സർക്കാരിന്റെ ശ്രമഫലമായിട്ടാണ്......

മി. സ്പീക്കർ : ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അദ്ദേഹം വഴങ്ങുന്നില്ല. പ്ലീസ്...പ്ലീസ്.

ശ്രീ. എ. എം. ആരിഫ് : സർ, അങ്ങേയ്ക്കുവേണ്ടി പറയാൻ എന്റെ കൈവശം മറുപടിയുണ്ട്. അങ്ങ് എഴുന്നേറ്റത് നന്നായി. അങ്ങ് രാവിലെ ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ച ആളാണല്ലോ. അങ്ങ് ആഭ്യന്തര വകുപ്പുമന്ത്രി യായിരുന്നപ്പോൾ നടന്ന കൊലപാതകം-317, കൊലപാതകശ്രമം-441, ബലാത്സംഗം-1055, സ്ത്രീപീഡന മരണം-23, ........(ബഹളം)....... അങ്ങിവിടെ സ്ത്രീകളുടെയൊക്കെ പേരുപറഞ്ഞ് കൊട്ടിഘോഷിച്ചല്ലോ. അങ്ങയുടെ കാലത്തെ ലൈംഗിക അതിക്രമങ്ങളുടെ എണ്ണം, rape, rape with murder 356 IPC, 550 IPC എല്ലാംകൂടിച്ചേർത്ത് 5226 കേസ്സുകൾ. ലൈംഗിക അതിക്രമങ്ങളിലുള്ള മരണം-3, കൊള്ള-267, മോഷണം- 6397. ഇതെല്ലാം അങ്ങ് 11 മാസം മന്ത്രിയായിരുന്ന കാലത്തുണ്ടായതാണ്. ആദ്യത്തെ 11 മാസത്തെ റെക്കോർഡാണിത്. അങ്ങ് വിഷമിക്കണ്ട, അങ്ങയുടെ തുടർച്ചക്കാരനായി വന്ന ശ്രീ. ഉമ്മൻ ചാണ്ടി ഒന്നരക്കൊല്ലം ആഭ്യന്തര വകുപ്പിന്റെ ചുമതല വഹിച്ചിരുന്നു. ......(ബഹളം).... സഭാരേഖയാണ് ഞാൻ പറയുന്നത്. ഒന്നരവർഷം കൊണ്ട് ശ്രീ. ഉമ്മൻ ചാണ്ടി കൊണ്ടെത്തിച്ചത്, കൊലപാതകം-626, അങ്ങയുടെ കാലത്തുള്ളതിന്റെ ഇരട്ടിയാണ്. കൊലപാതകശ്രമം-940, രണ്ടിരട്ടിയാക്കി. ബലാത്സംഗം-1905, സ്ത്രീപീഡന മരണം-36, മൂന്നിരട്ടിയാക്കി. .......(ബഹളം)...

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ : എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഇവിടെ നിയമസഭാ രേഖകൾ എന്നുപറഞ്ഞ് അദ്ദേഹം ചില കാര്യങ്ങൾ പറയുന്നുണ്ട്. പറയുന്നത് വസ്തുതയ്ക്ക് വിരുദ്ധമാണ്. ഞാൻ 11 മാസമല്ല, 21 മാസം കേരളത്തിൽ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നു. രേഖകൾ വച്ച് നോക്കുമ്പോൾ ....

മി. സ്പീക്കർ : പോയിന്റ് ഓഫ് ഓർഡർ എന്താണെന്ന് പറയൂ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ആദ്യത്തെ പോയിന്റ് തന്നെയാണ് ഞാൻ പറഞ്ഞത്. ഇത് 307 അനുസരിച്ച് അങ്ങ് Expunge ചെയ്യണം. അദ്ദേഹം വളരെ അബദ്ധജഡിലമായിട്ടുള്ള കാര്യങ്ങളാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. അത് സഭാരേഖകൾക്കും നമ്മുടെ യാഥാർത്ഥ്യങ്ങൾക്കും പൊരുത്തപ്പെടുന്നതല്ല. അതുകൊണ്ട് സഭാരേഖയിൽനിന്നും മാറ്റണം. മാത്രമല്ല, ആളുകളെ അവഹേളിക്കുന്ന രൂപത്തിലുള്ള നടപടിയുമുണ്ടാകരുത്.

മി. സ്പീക്കർ : പരിശോധിച്ച് നടപടി സ്വീകരിക്കാം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ആദ്യത്തെ 11 മാസത്തെ കണക്കാണ് ശ്രീ. എ. എം. ആരിഫ് ഇവിടെ പറഞ്ഞത്. ബാക്കിയുള്ള കണക്കുകൾ അദ്ദേഹത്തിന്റെ കയ്യിലുണ്ട്. അതുവേണമെങ്കിൽ അദ്ദേഹം മേശപ്പുറത്തുവയ്ക്കും.. ......(ബഹളം)......

മി. സ്പീക്കർ : ശ്രീ. എ. എം. ആരിഫ്, അങ്ങേയ്ക്ക് മേശപ്പുറത്തുവയ്ക്കണോ?

ശ്രീ. എ. എം. ആരിഫ് : സർ, ഞാൻ മേശപ്പുറത്ത് വയ്ക്കാൻ തയ്യാറാണ്. മേശപ്പുറത്ത് വയ്ക്കാം.

മി. സ്പീക്കർ : ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അദ്ദേഹം സഭാരേഖകൾ മേശപ്പുറത്തുവയ്ക്കാൻ തയ്യാറാണ്. മേശപ്പുറത്തുവയ്ക്കാൻ അനുവദിച്ചിരിക്കുന്നു.

ശ്രീ. എ. എം. ആരിഫ് : സർ, കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ 18-5-2011 മുതൽ 11-4-2012 വരെയുള്ള ഒരു വർഷത്തെ കണക്കാണ് ഞാനിവിടെ സൂചിപ്പിച്ചത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന 12-4-2012 മുതൽ 31-12-2013 വരെയുള്ള കാലയളവിലെ കണക്ക് പറയാനുള്ള സമയക്കുറവ് കാരണം ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.* ഇത് സഭാരേഖയുടെ ഭാഗമാക്കേണ്ടതാണ്. ആക്ഷേപമുണ്ടെങ്കിൽ ഈ മറുപടി തന്ന ആൾക്കാർക്കെതിരെ ബഹുമാനപ്പെട്ട തിരുവഞ്ചൂരിന് അവകാശലംഘനം കൊടുക്കാം. ഞാൻ ഈ രേഖകൾ മേശപ്പുറത്തുവയ്ക്കുന്നു. (രേഖകൾ മേശപ്പുറത്ത് വച്ചു.) അങ്ങ് പരിശോധിച്ച് കൊടുത്താൽ മതി.

മി. സ്പീക്കർ: പരിശോധിക്കാം.

ശ്രീ. എ. എം. ആരിഫ് : സർ, സർവ്വകാല റെക്കോർഡുകൾ ഭേദിച്ച് മുഴുവൻ കൊള്ളസംഘങ്ങളേയും തുറന്നുവിട്ടിട്ട് 9 മാസക്കാലംകൊണ്ട് എല്ലാപേരെയും പിടിക്കുമെന്ന് പറഞ്ഞിട്ട് നിങ്ങൾ എന്തുകൊണ്ട് പിടിച്ചില്ലെന്നാണ് ഇപ്പോൾ ചോദിക്കുന്നത്. ഇങ്ങനെയുള്ള മര്യാദകേട് ചോദിക്കാമോ? കുറച്ച് സമയം തരാൻ പാടില്ലേ? എല്ലാപേരും അതാണ് ചോദിക്കുന്നത്. ഞങ്ങൾ 2006-ൽ ഭരണത്തിൽ വരുമ്പോഴും ഇതുതന്നെയായിരുന്നു സ്ഥിതി. പക്ഷെ 2010 ആയപ്പോൾ ഇന്ത്യയിലെ ഏറ്റവും മികച്ച ക്രമസമാധാന പരിപാലനത്തിനുള്ള അവാർഡ് ശ്രീ. കോടിയേരി ബാലകൃഷ്ണന് അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. പ്രണബ് കുമാർ മുഖർജി

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

ഡൽഹിയിൽവച്ച് കൊടുത്തു. ആ അവാർഡ് ഇപ്പോഴും ഞങ്ങളുടെ കൈവശമുണ്ട്. ഞങ്ങളിപ്പോൾ അധികാരത്തിൽ കയറിയതേയുള്ളു. നാലുകൊല്ലം കഴിയുമ്പോൾ ഞങ്ങൾ അവിടേയ്ക്കെത്തും. അതിനുള്ള കഴിവ് ഞങ്ങൾക്കുണ്ട്. അതാണ് ഞങ്ങൾ തെളിയിച്ചുകൊണ്ടിരിക്കുന്നത്. പ്രതിയെ കിട്ടിയില്ല, പിടിച്ചില്ല, തെളിവ് നശിപ്പിക്കുന്ന സംഘത്തെ അഴിച്ചുവിടുക ഇതൊക്കെയാണ് നിങ്ങൾ ചെയ്തുകൊണ്ടിരുന്നത്.

അരിയുടെ പ്രശ്നം ഇവിടെ പറഞ്ഞു. ശ്രീ. അൻവർ സാദത്തും ശ്രീ. ഹൈബി ഈഡനും എറണാകുളം ജില്ലയിലെ എം.എൽ.എ.-മാരും ഇവിടെയുണ്ട്. 2014-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ എഫ്.എം. റേഡിയോയിൽ വന്ന കെ. വി. തോമസ് മാഷിന്റെ ഒരു പരസ്യമാണ് ഞാനിപ്പോൾ ഓർക്കുന്നത്. പണ്ടൊക്കെ സ്കൂളിൽ പഠിച്ചിട്ടുള്ള ഒരു ഇംഗ്ലീഷ് കഥയാണ്. അതിൽ ഒരു കൊച്ചുകുട്ടി ചായക്കടയിൽനിന്ന് അപ്പം മോഷ്ടിച്ചുകൊണ്ടുപോകുമ്പോൾ ആ കുട്ടിയെ പിന്തുടർന്ന് കുറച്ചുപേർ ഓടിച്ചിട്ട് പിടിച്ച് തല്ലുന്നു. അപ്പോൾ മാഷും കൂട്ടരുംകൂടി ഓടിവന്ന് പറയുന്നു, അയ്യോ തല്ലല്ലേ.. തല്ലല്ലേ.. ഇനി ആരും ഇവിടെ ഭക്ഷണസാധനങ്ങൾ മോഷ്ടിക്കില്ല. കാരണം, ഭക്ഷ്യസുരക്ഷാ നിയമം വന്നുകഴിഞ്ഞിരിക്കുന്നു. അതിന്റെ ശില്പിയായ കെ. വി. തോമസ് മാഷിന് കൈപ്പത്തി ചിഹ്നത്തിൽ വോട്ടുചെയ്യുക എന്നുള്ള പരസ്യമാണ് എഫ്.എം. റേഡിയോയിലൂടെ വന്നത്. ഭക്ഷ്യസുരക്ഷാ നിയമം അവതരിപ്പിച്ച കെ.വി.തോമസ് മാഷ് വരുത്തിവച്ച വിന കാരണം അരിയില്ല, പണിയില്ല എന്നുപറഞ്ഞ് ശ്രീ. വി. ഡി. സതീശനെപ്പോലുള്ളവർ ഇറങ്ങിത്തിരിക്കുമ്പോൾ 'അരിയുംതിന്ന് ആശാരിയെയും കടിച്ച്, എന്നിട്ടും നായയ്ക്ക് മുറുമുറുപ്പ്" എന്ന് ഞങ്ങളുടെ നാട്ടിലെ അമ്മൂമ്മ പറഞ്ഞതുപോലെയായി. എല്ലാം നശിപ്പിച്ചില്ലാതാക്കിയിട്ട് നിങ്ങൾ ഒരിടത്തെങ്കിലും ഇതിനെതിരെ പ്രസംഗിച്ചോ? ഞാൻ ശ്രീ. വി. ഡി. സതീശന്റെ പ്രസംഗം ശ്രദ്ധിച്ചു. അരി വിഹിതം വെട്ടിക്കുറയ്ക്കുന്ന ബി.ജെ.പി. ഗവൺമെന്റിനെതിരായി ഒരക്ഷരം ഉരിയാടിയോ? അരിയില്ലെങ്കിൽ പിണറായി. ..........(ബഹളം).......

<u>ശ്രീ. വി. ഡി. സതീശൻ</u> : പോയിന്റ് ഓഫ് ഓർഡർ

<u>മി. സ്പീക്കർ</u> : എന്താണ് പോയിന്റ് ഓഫ് ഓർഡർ ?

<u>ശ്രീ. വി. ഡി. സതീശൻ</u> : സർ, ഞാൻ നടത്തിയ ജാഥയിൽ അരി തരാത്തതിനെക്കുറിച്ച് ബി.ജെ.പി. ഗവൺമെന്റിനെതിരായി ഒരു പരാമർശവും നടത്തിയിട്ടില്ല എന്നാണ് അദ്ദേഹം ഇവിടെ പറഞ്ഞത്. ഞാൻ ജാഥയിൽ ഇക്കാര്യം പറഞ്ഞു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനെ പ്രതിനിധീകരിച്ച് സർവ്വ കക്ഷിയോഗത്തിൽ പങ്കെടുത്ത ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും

മന്ത്രിമാരുടെയും സാന്നിദ്ധ്യത്തിൽ ആദ്യം പറഞ്ഞത് അരി പ്രശ്നത്തെക്കുറിച്ചാണ്. കേന്ദ്രത്തിൽനിന്നും തരേണ്ട രണ്ട് ലക്ഷം ടൺ അരി തരേണ്ടതാണ്, നിയമപരമായി അതിന് പിൻബലമുണ്ട്, അതിന് സർക്കാരിന്റെ കൂടെ ഞങ്ങൾ ഉറച്ചുനിൽക്കുമെന്നും സർവ്വകക്ഷി സംഘവുമായി ഡൽഹിയിൽ പോകാൻ ഞങ്ങൾ തയ്യാറാണെന്നും പറഞ്ഞു. പിന്നെ ശ്രീ. എ. എം. ആരിഫ് എവിടെനിന്ന് കേട്ടിട്ടാണ് ഇങ്ങനെ പറയുന്നത്; വായിൽ തോന്നുന്നത് കോതയ്ക്ക് പാട്ട് എന്നപോലെ അസംബ്ലിയിൽ വന്ന് തോന്നിയതു പറയുകയാണോ?

<u>മി. സ്പീക്കർ</u> : ശ്രീ. വി. ഡി. സതീശൻ, ഇത് പോയിന്റ് ഓഫ് ഓർഡറിന്റെ ഭാഗമാണോ; ഇത് ശരിയാണോ? പോയിന്റ് ഓഫ് ഓർഡർ എന്നുപറഞ്ഞിട്ട് വിളിച്ച് ചോദിക്കുന്നതാണോ ശരി.

<u>ശ്രീ. എ. എം. ആരിഫ്</u> : സർ, ശ്രീ. വി. ടി. ബൽറാമിനെപ്പോലെയുള്ളവർ ബി.ജെ.പി.-ക്കെതിരായി ഫൈറ്റ് ചെയ്യുകയാണ്, ബി.ജെ.പി.-യുമായി സന്ധി ചെയ്യുകയാണെന്നുള്ള രീതിയിലൊക്കെ അഭിപ്രായം പറഞ്ഞാൽ അത് മര്യാദകേടല്ലെ. .......(ബഹളം).....

<u>മി. സ്പീക്കർ</u> : ഇനി പോയിന്റ് ഓഫ് ഓർഡർ ഇല്ല. അത് കഴിഞ്ഞു. പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നത് തമാശയല്ല. ഇടയ്ക്കിടയ്ക്ക് എഴുന്നേറ്റ് പോയിന്റ് ഓഫ് ഓർഡർ എന്ന് പറയുന്നത് ശരിയല്ല....(ബഹളം)....അദ്ദേഹം പ്രസംഗം പൂർത്തീകരിക്കട്ടെ. എന്തെങ്കിലുമുണ്ടെങ്കിൽ എഴുതിത്തന്നാൽ മതി. എഴുതിത്തന്നാൽ പരിശോധിക്കാം.

<u>ശ്രീ. എ. എം. ആരിഫ്</u> : സർ, ഞാൻ ശ്രീ. അൻവർ സാദത്തിനെ ഒന്നും പറഞ്ഞിട്ടില്ല. അദ്ദേഹം എഫ്.എം റേഡിയോയിലൂടെയുള്ള ഈ പരസ്യമൊക്കെ കേട്ടുകാണുമെന്നാണ് പറഞ്ഞത്. ഇവിടെ സ്ത്രീപീഡന കേസ്സുകളെക്കുറിച്ചൊക്കെ പറയുമ്പോൾ, നിലമ്പൂർ ബ്ലോക്ക് കോൺഗ്രസ്സ് കമ്മിറ്റി ഓഫീസിലെ സംഭവങ്ങളൊക്കെ പരാമർശിക്കുമ്പോൾ ........(ബഹളം)..... നിലമ്പൂർ എന്ന് കേൾക്കുമ്പോൾ പണ്ട് ശ്രീനിവാസൻ പറഞ്ഞതുപോലെ ' നിലമ്പൂരിനെക്കുറിച്ച് ഒരക്ഷരം മിണ്ടിപ്പോകരുത്'' എന്നാണ് പറയുന്നത്. അതെന്തുകൊണ്ടാണ് അങ്ങനെ പറയുന്നത്; ഇവർ മറന്നുപോയൊരു കാര്യം ഓർമ്മപ്പെടുത്താനാണ് പറയുന്നത്. രാധയുടെ സഹോദരൻ ഭാസ്കരൻ പലവട്ടം പത്രസമ്മേളനം നടത്തിയിട്ട് പറഞ്ഞു, രാധയുടെ കൊലപാതകത്തിൽ ഉന്നതർക്ക് പങ്കുണ്ട്, സി.ബി.ഐ. അന്വേഷിക്കണമെന്ന്. ഇലക്ഷൻ അടുക്കുമ്പോൾ കഴിഞ്ഞുപോയ കേസ്സുകളിൽ സി.ബി.ഐ.-യ്ക്ക് വല്ല സാധ്യതകളുമുണ്ടോയെന്ന് ചികഞ്ഞ് നോക്കി ഇത്തരത്തിലുള്ള നാടകങ്ങളൊക്കെ നടത്തുന്ന ഇവർ എന്തുകൊണ്ടാണ് ഭാസ്കരന്റെ ആരോപണത്തിൽ

രേഖാമൂലം എഴുതിത്തന്നിട്ടും സി.ബി.ഐ.-യെക്കൊണ്ട് അന്വേഷിപ്പിക്കാത്തത്? അപ്പോൾ ഉന്നതൻമാർ കുടുങ്ങുമെന്നുള്ളതുകൊണ്ടല്ലേ? ഈ 9 മാസത്തിനിടയ്ക്ക് എൽ.ഡി.എഫ്-ലെ, ഭരണരംഗത്തുള്ള ആരുടെയെങ്കിലും സ്റ്റാഫിനെയോ ബന്ധുമിത്രാദികളെയോ ബന്ധപ്പെടുത്തി ഒരാക്ഷേപത്തിനുപോലും ഇടവന്നിട്ടില്ല. പക്ഷെ അതായിരുന്നോ ഇവിടത്തെ സ്ഥിതി? മുൻ മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽപ്പെട്ടവർ, ഉറ്റവർ, ഉടയവർ, ഗാർഡുകൾ എല്ലാവരും ചേർന്നല്ലേ ഇവിടെ കൊള്ളയും വിളയാട്ടവുമെല്ലാം നടത്തിയത്? ഇത്തരത്തിൽ ഭരണനേതൃത്വത്തിന്റെ തണലിൽ നിന്നുകൊണ്ട് ഗുണ്ടാവിളയാട്ടവും അതിക്രമങ്ങളും നടത്തി കേരളത്തെ ചുടലക്കളമാക്കി മാറ്റിയ ആളുകളാണ് ഇവിടെനിന്ന് പ്രഭാഷണം നടത്തുന്നത്. ഇവരോട് ലജ്ജയാണ് തോന്നുന്നത്. ഈ നാടിനെ അപകീർത്തികരമായ സ്ഥിതിയിലെത്തിച്ച ഇവരുടെ നയങ്ങൾക്കെതിരെയുള്ള ജനവികാരമാണ് ഞങ്ങൾ 91 പേർ ജയിച്ച് ഇവിടെ വന്നിരിക്കുന്നത്. തീർച്ചയായും ജനവികാരം മാനിച്ച് ഈ സർക്കാർ മുന്നോട്ടുപോകുമെന്നതിന്റെ പ്രഖ്യാപനമാണ് ഗവർണറുടെ നയപ്രഖ്യാപനം. അതിനെ അനുകൂലിച്ച് ശ്രീ. എ. പ്രദീപ് കുമാർ നടത്തിയ നന്ദിപ്രമേയത്തെ പിന്താങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു. .....(ബഹളം)......

മി. സ്പീക്കർ: ശ്രീ. അൻവർ സാദത്ത്, അങ്ങ് എഴുതിത്തന്നാൽ മതി. ... (ബഹളം) ... ചർച്ച അവസാനിച്ചു. എഴുതിത്തന്നാൽ പരിശോധിച്ച് നാളെ പറയാം.

ഓർഡർ, ഓർഡർ, സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2017 മാർച്ച് മാസം 1-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 3.13- ന് പിരിഞ്ഞു.)

## അനുബന്ധം

നന്ദിപ്രമേയ ചർച്ചയിൽ ശ്രീ. എ. എം. ആരിഫ് മേശപ്പുറത്തുവച്ച രേഖ

12-4-2012 മുതൽ 31-12-2013 വരെയുള്ള കണക്ക്

| | | |
|---|---|---|
| കൊലപാതകം | - | 626 |
| കൊലപാതകശ്രമം | - | 940 |
| ബലാത്സംഗം | - | 1905 |
| സ്ത്രീപീഡന മരണം | - | 36 |
| ലൈംഗിക അതിക്രമങ്ങളുടെ എണ്ണം (rape, rape with murder, 354 IPC, 509 IPC, 377 IPC, PoCSO) | - | 10153 |
| ലൈംഗിക അതിക്രമങ്ങളിലൂടെയുള്ള മരണം | - | 7 |
| കൊള്ള (Dacoity) | - | 514 |
| മോഷണം | - | 10427 |
| കലാപങ്ങൾ | - | 0 |
| ബ്ലേഡ് മാഫിയ ആക്രമണം | - | 47 |
| ബ്ലേഡ് മാഫിയ ആക്രമണത്തിലൂടെയുള്ള മരണം | - | 0 |
| ബ്ലേഡ് മാഫിയ ആക്രമണത്തിലൂടെ വീടും സ്ഥലവും നഷ്ടപ്പെട്ടവരുടെ എണ്ണം | - | 0 |
| മണൽ മാഫിയ ആക്രമണം | - | 41 |
| മണൽ മാഫിയ ആക്രമണത്തിലൂടെയുള്ള മരണം | - | 0 |
| കുട്ടികൾക്ക് നേരെയുള്ള ആക്രമണം | - | 2470 |
| വൃദ്ധർക്ക് നേരെയുള്ള ആക്രമണം | - | 325 |
| മറ്റ് മാഫിയ ആക്രമണം | - | 0 |
| മറ്റ് മാഫിയ ആക്രമണത്തിലൂടെയുള്ള മരണം | - | 0 |